(3) ഈ അനുച്ഛേദത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം—

(ക) ''നിയമം'' എന്നതിൽ ഭാരതത്തിന്റെ ഭൂപ്രദേശത്ത് നിയമത്തിന്റെ പ്രഭാവമുള്ള ഏതൊരു ഓർഡിനൻസും ഉത്തരവും ബൈലായും ചട്ടവും റെഗുലേഷനും വിജ്ഞാപനവും ആചാരവും വഴക്കവും ഉൾപ്പെടുന്നതാണ്;

(ഖ) ''പ്രാബല്യത്തിലുള്ള നിയമങ്ങൾ'' എന്നതിൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപ് ഭാരതത്തിന്റെ ഭൂപ്രദേശത്തെ ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുൻപ് റദ്ദാക്കിയിട്ടില്ലാത്തതും ആയ നിയമങ്ങൾ, അങ്ങനെയുള്ള ഏതെങ്കിലും നിയമമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒട്ടും തന്നെയോ അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിലോ അപ്പോൾ നിലവിൽ ഇല്ലെന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

[1] [(4) ഈ അനുച്ഛേദത്തിലെ യാതൊന്നും 368-ാം അനുച്ഛേദപ്രകാരം ഉണ്ടാക്കിയ ഈ ഭരണഘടനയുടെ ഏതെങ്കിലും ഭേദഗതിക്ക് ബാധകമാകുന്നതല്ല.]

സമത്വത്തിനുള്ള അവകാശം

14. നിയമത്തിനു മുൻപാകെ സമത്വം.— രാഷ്ട്രം, ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുൻപാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കുവാൻ പാടുള്ളതല്ല.

1. 1971-ലെ ഭരണഘടന (ഇരുപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

15. Prohibition of discrimination on grounds of religion, race, caste, sex or place of birth.—(1) The State shall not discriminate against any citizen on grounds only of religion, race, caste, sex, place of birth or any of them.

(2) No citizen shall, on grounds only of religion, race, caste, sex, place of birth or any of them, be subject to any disability, liability, restriction or condition with regard to—

(a) access to shops, public restaurants, hotels and places of public entertainment; or

(b) the use of wells, tanks, bathing ghats, roads and places of public resort maintained wholly or partly out of State funds or dedicated to the use of the general public.

(3) Nothing in this article shall prevent the State from making any special provision for women and children.

[1][(4) Nothing in this article or in clause (2) of article 29 shall prevent the State from making any special provision for the advancement of any socially and educationally backward classes of citizens or for the Scheduled Castes and the Scheduled Tribes.]

[2][(5) Nothing in this article or in sub-clause (g) of clause (1) of article 19 shall prevent the State from making any special provision, by law, for the advancement of any socially and educationally backward classes of citizens or for the Scheduled Castes or the Scheduled Tribes in so far as such special provisions relate to their admission to educational institutions including private educational institutions, whether aided or unaided by the State, other than the minority educational institutions referred to in clause (1) of article 30.]

[3][(6) Nothing in this article or sub-clause *(g)* of clause (1) of article 19 or clause (2) of article 29 shall prevent the State from making,—

(a) any special provision for the advancement of any economically weaker sections of citizens other than the classes mentioned in clauses (4) and (5); and

1. Added by the Constitution (First Amendment) Act, 1951, s.2.
2. Ins. by the Constitution (Ninety-third Amendment) Act, 2005, s.2 (w.e.f. 20-1-2006).
3. Ins. by the Constitution (One Hundred and Third Amendment) Act, 2019, s.2 (w.e.f. 14-1-2019).

15. മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം.— (1) മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം അല്ലെങ്കിൽ അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.

(2) യാതൊരു പൗരനും മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയോ, അവയിൽ ഏതെങ്കിലുമോ, മാത്രം കാരണമാക്കി—

(ക) കടകൾ, പൊതുഭോജനശാലകൾ, ഹോട്ടലുകൾ, പൊതുവിനോദസ്ഥലങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം; അല്ലെങ്കിൽ

(ഖ) പൂർണ്ണമായോ ഭാഗികമായോ രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കുന്നവയോ പൊതുജനങ്ങളുടെ ഉപയോഗത്തിനായി സമർപ്പിച്ചിട്ടുള്ളവയോ ആയ കിണറുകൾ, കുളങ്ങൾ, സ്നാനഘട്ടങ്ങൾ, നിരത്തുകൾ, പൊതുവിശ്രമസ്ഥലങ്ങൾ എന്നിവയുടെ ഉപയോഗം,

സംബന്ധിച്ച് യാതൊരു അവശതയ്ക്കും ബാദ്ധ്യതയ്ക്കും നിയന്ത്രണത്തിനും ഉപാധിക്കും വിധേയനാകുന്നതല്ല.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

[1][(4) ഈ അനുച്ഛേദത്തിലോ, 29-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരൻമാരുടെ ഉന്നമനത്തിനു വേണ്ടിയോ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയോ ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.]

[2][(5) ഈ അനുച്ഛേദത്തിലോ, 19-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഛ) ഉപഖണ്ഡത്തിലോ ഉള്ള യാതൊന്നും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരൻമാരുടെ ഉന്നമനത്തിനുവേണ്ടിയോ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയോ, നിയമം വഴി, ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്നും രാഷ്ട്രത്തെ, അത്തരം പ്രത്യേക വ്യവസ്ഥകൾ, 30-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ, രാഷ്ട്രം ധനസഹായം നൽകുന്നതോ, ധനസഹായം നൽകാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അവരുടെ പ്രവേശനത്തെ സംബന്ധിക്കുന്നിടത്തോളം, തടയുന്നതല്ല.]

[3][(6) ഈ അനുച്ഛേദത്തിലോ, 19-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഛ) ഉപഖണ്ഡത്തിലോ 29-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും,—

(ക) (4)-ഉം (5)-ഉം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെയുള്ള സാമ്പത്തികമായി ദുർബ്ബലമായ ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള ഏതെങ്കിലും പ്രത്യേക വ്യവസ്ഥയും;

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.
2. 2005-ലെ ഭരണഘടന (തൊണ്ണൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-1-2006 മുതൽ പ്രാബല്യം).
3. 2019-ലെ ഭരണഘടന (നൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (14-1-2019 മുതൽ പ്രാബല്യം).

(b) any special provision for the advancement of any economically weaker sections of citizens other than the classes mentioned in clauses (4) and (5) in so far as such special provisions relate to their admission to educational institutions including private educational institutions, whether aided or unaided by the State, other than the minority educational institutions referred to in clause (1) of article 30, which in the case of reservation would be in addition to the existing reservations and subject to a maximum of ten percent. of the total seats in each category.

Explanation.—For the purposes of this article and article 16, "economically weaker sections" shall be such as may be notified by the State from time to time on the basis of family income and other indicators of economic disadvantage.]

16. Equality of opportunity in matters of public employment.—(1) There shall be equality of opportunity for all citizens in matters relating to employment or appointment to any office under the State.

(2) No citizen shall, on grounds only of religion, race, caste, sex, descent, place of birth, residence or any of them, be ineligible for, or discriminated against in respect of, any employment or office under the State.

(3) Nothing in this article shall prevent Parliament from making any law prescribing, in regard to a class or classes of employment or appointment to an office [1][under the Government of, or any local or other authority within, a State or Union territory, any requirement as to residence within that State or Union territory] prior to such employment or appointment.

(4) Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the State.

1. Subs. by the Constitution (Seventh Amendment) Act, 1956, s.29 and Sch., for "under any State specified in the First Schedule or any local or other authority within its territory, any requirement as to residence within that State".

(ഖ) (4)-ഉം (5)-ഉം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെയുള്ള സാമ്പത്തികമായി ദുർബ്ബലമായ ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിനു വേണ്ടിയുള്ള ഏതെങ്കിലും പ്രത്യേക വ്യവസ്ഥ, 30-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ, രാഷ്ട്രം ധനസഹായം നൽകുന്നതോ, ധനസഹായം നൽകാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അവരുടെ പ്രവേശനത്തെ സംബന്ധിക്കുന്നിടത്തോളം, ആയത് സംവരണത്തിന്റെ സംഗതിയിൽ നിലവിലുള്ള സംവരണങ്ങൾക്ക് പുറമേയും ഓരോ വിഭാഗത്തിലേയും ആകെ സീറ്റുകളുടെ പരമാവധി പത്ത് ശതമാനത്തിന് വിധേയമായും, അങ്ങനെയുള്ള പ്രത്യേക വ്യവസ്ഥകൾ,

ഉണ്ടാക്കുന്നതിൽ നിന്നും രാഷ്ട്രത്തെ തടയുന്നതല്ല.

വിശദീകരണം.— ഈ അനുച്ഛേദത്തിന്റെയും 16-ാം അനുച്ഛേദത്തിന്റെയും ആവശ്യങ്ങൾക്കായി, ''സാമ്പത്തികമായി ദുർബ്ബലമായ വിഭാഗങ്ങൾ'' എന്നത് കുടുംബവരുമാനത്തിന്റെയും മറ്റ് പ്രതികൂല സാമ്പത്തിക സൂചകങ്ങളുടെയും അടിസ്ഥാനത്തിൽ, രാഷ്ട്രം അപ്പോഴപ്പോൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.]

16. പൊതുജീവനം സംബന്ധിച്ച വിഷയങ്ങളിൽ അവസരസമത്വം.— (1) എല്ലാ പൗരന്മാർക്കും രാഷ്ട്രത്തിന്റെ കീഴിലുള്ള ജീവനത്തെയോ അഥവാ ഏതെങ്കിലും ഉദ്യോഗത്തിലുള്ള നിയമനത്തെയോ സംബന്ധിച്ച വിഷയങ്ങളിൽ അവസരസമത്വം ഉണ്ടായിരിക്കുന്നതാണ്.

(2) രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തെയോ ഉദ്യോഗത്തെയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി, ലിംഗം, വംശം, ജനനസ്ഥലം, വാസസ്ഥലം എന്നിവയോ, അവയിൽ ഏതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യനാവുകയോ വിവേചനത്തിന് വിധേയനാകുകയോ ചെയ്യുന്നതല്ല.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും [1][ഒരു സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ സർക്കാരിന്റെ അല്ലെങ്കിൽ അതിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനത്തിന്റെ കീഴിലുള്ള ജീവനത്തിന്റെയോ ഒരു ഉദ്യോഗത്തിലേക്കുള്ള നിയമനത്തിന്റെയോ തരത്തെയോ തരങ്ങളെയോ സംബന്ധിച്ച് അങ്ങനെയുള്ള ജീവനത്തിനോ നിയമനത്തിനോ മുൻപ് ആ സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ ഉള്ള താമസത്തിന്റെ ആവശ്യകതയെ] നിർണ്ണയിക്കുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന് പാർലമെന്റിനെ തടയുന്നതല്ല.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നാക്ക വിഭാഗത്തിൽപ്പെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ അതിന്റെ ഭൂപ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനത്തിന്റെയോ കീഴിലുള്ള, ആ സംസ്ഥാനത്തുള്ള താമസത്തിന്റെ ഏതെങ്കിലും ആവശ്യകതയെ'' എന്നതിന് പകരം ചേർത്തത്.

[1][(4A) Nothing in this article shall prevent the State from making any provision for reservation [2][in matters of promotion with consequential seniority to any class] or classes of posts in the services under the State in favour of the Scheduled Castes and the Scheduled Tribes which, in the opinion of the State, are not adequately represented in the services under the State.]

[3][(4B) Nothing in this article shall prevent the State from considering any unfilled vacancies of a year which are reserved for being filled up in that year in accordance with any provision for reservation made under clause (4) or clause (4A) as a separate class of vacancies to be filled in any succeeding year or years and such class of vacancies shall not be considered together with the vacancies of the year in which they are being filled up for determing the ceiling of fifty percent. reservation on total number of vacancies of that year.]

(5) Nothing in this article shall affect the operation of any law which provides that the incumbent of an office in connection with the affairs of any religious or denominational institution or any member of the governing body thereof shall be a person professing a particular religion or belonging to a particular denomination.

[4][(6) Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any economically weaker sections of citizens other than the classes mentioned in clause (4), in addition to the existing reservation and subject to a maximum of ten percent. of the posts in each category.]

17. Abolition of Untouchability.—"Untouchability" is abolished and its practice in any form is forbidden. The enforcement of any disability arising out of "Untouchability" shall be an offence punishable in accordance with law.

18. Abolition of titles.—(1) No title, not being a military or academic distinction, shall be conferred by the State.

(2) No citizen of India shall accept any title from any foreign State.

(3) No person who is not a citizen of India shall, while he holds any office of profit or trust under the State, accept without the consent of the President any title from any foreign State.

---

1. Ins. by the Constitution (Seventy-seventh Amendment) Act, 1995, s.2.
2. Sub. by the Constitution (Eighty-fifth Amendment) Act, 2001, s.2 (w.r.e.f. 17-6-1995).
3. Ins. by the Constitution (Eighty-first Amendment) Act, 2000, s.2.
4. Ins. by the Constitution (One Hundred and Third Amendment) Act, 2019, s.3 (w.e.f. 14-1-2019).

[1] [(4ക) ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിലെ ഏതെങ്കിലും തരത്തിലോ തരങ്ങളിലോ ഉള്ള തസ്തികകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ [2][ഉദ്യോഗക്കയറ്റത്തിന്റെ സംഗതിയിൽ, അനന്തരഫലമായുള്ള സീനിയോറിറ്റി സഹിതം] സംവരണത്തിനുവേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.]

[3] [(4ഖ) ഈ അനുച്ഛേദത്തിലെ യാതൊന്നും (4)-ാം ഖണ്ഡമോ (4ക) ഖണ്ഡമോ പ്രകാരം സംവരണത്തിനുവേണ്ടി ഉണ്ടാക്കുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്ക് അനുസൃതമായി ഒരു വർഷം നികത്തുന്നതിനുവേണ്ടി സംവരണം ചെയ്യപ്പെട്ട ആ വർഷത്തെ ഏതെങ്കിലും നികത്താത്ത ഒഴിവുകൾ, ഏതെങ്കിലും തുടർന്നുവരുന്ന വർഷമോ, വർഷങ്ങളിലോ നികത്തേണ്ട ഒഴിവുകളുടെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ലാത്തതും, ആ വർഷത്തെ ഒഴിവുകളുടെ ആകെ എണ്ണത്തിന്റെ അൻപതു ശതമാനം സംവരണപരിധി നിശ്ചയിക്കുന്നതിനുവേണ്ടി അങ്ങനെയുള്ള ഒഴിവുകളുടെ വിഭാഗത്തെ അവ നികത്തിക്കൊണ്ടിരിക്കുന്ന ആ വർഷത്തെ ഒഴിവുകളോടൊപ്പം കണക്കാക്കുവാൻ പാടില്ലാത്തതും ആകുന്നു.]

(5) ഈ അനുച്ഛേദത്തിലെ യാതൊന്നും മതപരമോ മതവിഭാഗപരമോ ആയ ഏതെങ്കിലും സ്ഥാപനത്തിന്റെ കാര്യങ്ങളെ സംബന്ധിക്കുന്ന ഒരു ഉദ്യോഗം വഹിക്കുന്ന ആളോ അതിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗമോ ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുകയോ ഒരു പ്രത്യേക മതവിഭാഗത്തിൽ ഉൾപ്പെടുകയോ ചെയ്യുന്ന ആൾ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമം നടപ്പാക്കുന്നതിനെ ബാധിക്കുന്നതല്ല.

[4] [(6) ഈ അനുച്ഛേദത്തിലെ യാതൊന്നും, നിലവിലുള്ള സംവരണത്തിന് പുറമെയും ഓരോ വിഭാഗത്തിലെയും പരമാവധി പത്ത് ശതമാനം തസ്തികകൾക്ക് വിധേയമായും, (4)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെ, സാമ്പത്തികമായി ദുർബ്ബലമായ ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.]

17. തൊട്ടുകൂടായ്മ നിറുത്തലാക്കൽ.—''തൊട്ടുകൂടായ്മ'' നിറുത്തലാക്കുകയും അതിന്റെ ഏതുരൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. ''തൊട്ടുകൂടായ്മ''യിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ചേൽപ്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതാണ്.

18. സ്ഥാനപ്പേരുകൾ നിറുത്തലാക്കൽ.—(1) സൈനികമോ വിദ്യാസംബന്ധമോ ആയ പ്രാഗൽഭ്യത്തിനല്ലാതെ യാതൊരു സ്ഥാനപ്പേരും രാഷ്ട്രം നൽകുവാൻ പാടുള്ളതല്ല.

(2) ഭാരതത്തിലെ യാതൊരു പൗരനും ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽ നിന്നും ഏതെങ്കിലും സ്ഥാനപ്പേര് സ്വീകരിക്കുവാൻ പാടുള്ളതല്ല.

(3) ഭാരതത്തിലെ ഒരു പൗരനല്ലാത്ത യാതൊരാളും, അയാൾ രാഷ്ട്രത്തിൻകീഴിൽ ആദായകരമോ വിശ്വാസാധിഷ്ഠിതമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുമ്പോൾ, രാഷ്ട്രപതിയുടെ സമ്മതം കൂടാതെ ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽനിന്ന് ഏതെങ്കിലും സ്ഥാനപ്പേര് സ്വീകരിക്കുവാൻ പാടുള്ളതല്ല.

---

1. 1995-ലെ ഭരണഘടന (എഴുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 2001-ലെ ഭരണഘടന (എൺപത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (17-6-1995 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി).
3. 2000-ലെ ഭരണഘടന (എൺപത്തിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 2019-ലെ ഭരണഘടന (നൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (14-1-2019 മുതൽ പ്രാബല്യം).

(4) No person holding any office of profit or trust under the State shall, without the consent of the President, accept any present, emolument, or office of any kind from or under any foreign State.

Right to Freedom

19. Protection of certain rights regarding freedom of speech, etc.—(1) All citizens shall have the right—

(a) to freedom of speech and expression;

(b) to assemble peaceably and without arms;

(c) to form associations or unions [1][or co-operative societies];

(d) to move freely throughout the territory of India;

(e) to reside and settle in any part of the territory of India; [2][and]

(f) [3][*****]

(g) to practise any profession, or to carry on any occupation, trade or business.

[4][(2) Nothing in sub-clause (a) of clause (1) shall affect the operation of any existing law, or prevent the State from making any law, in so far as such law imposes reasonable restrictions on the exercise of the right conferred by the said sub-clause in the interests of [5][the sovereignty and integrity of India,] the security of the State, friendly relations with foreign States, public order, decency or morality, or in relation to contempt of court, defamation or incitement to an offence.]

(3) Nothing in sub-clause (b) of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of [5][the sovereignty and integrity of India] or public order, reasonable restrictions on the exercise of the right conferred by the said sub-clause.

1. Ins. by the Constitution (Ninety-seventh Amendment) Act, 2011, s. 2 (w.e.f. 12-1-2012).
2. Ins. by the Constitution (Forty-fourth Amendment) Act, 1978, s. 2 (w.e.f. 20-6-1979).
3. Sub-clause (f) omitted by s. 2, (w.e.f. 20-6-1979), ibid.
4. Subs. by the Constitution (First Amendment) Act, 1951, s. 3 for cl. (2) (with retrospective effect).
5. Ins. by the Constitution (Sixteenth Amendment) Act, 1963, s. 2.

(4) രാഷ്ട്രത്തിൻ കീഴിൽ ആദായകരമോ വിശ്വാസാധിഷ്ഠിതമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്ന യാതൊരാളും രാഷ്ട്രപതിയുടെ സമ്മതം കൂടാതെ ഏതെങ്കിലും വിദേശ രാഷ്ട്രത്തിൽ നിന്ന് അല്ലെങ്കിൽ അതിന്റെ കീഴിലുള്ള ഏതെങ്കിലും സമ്മാനമോ ശമ്പളമോ ഏതെങ്കിലും തരത്തിലുള്ള ഉദ്യോഗമോ സ്വീകരിക്കുവാൻ പാടുള്ളതല്ല.

സ്വാതന്ത്ര്യത്തിനുള്ള അവകാശം

19. സംസാര സ്വാതന്ത്ര്യം മുതലായവ സംബന്ധിച്ചുള്ള ചില അവകാശങ്ങളുടെ സംരക്ഷണം.— (1) എല്ലാ പൗരന്മാർക്കും—

(ക) സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനും;

(ഖ) സമാധാനപരമായും ആയുധങ്ങൾ കൂടാതെയും സമ്മേളിക്കുവാനും;

(ഗ) സമാജങ്ങളോ യൂണിയനുകളോ [1][സഹകരണ സംഘങ്ങളോ] രൂപീകരിക്കുവാനും;

(ഘ) ഭാരതത്തിന്റെ ഭൂപ്രദേശത്ത് എവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനും;

(ങ) ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഏതുഭാഗത്തും താമസിക്കുവാനും സ്ഥിരവാസമാക്കുവാനും; [2][കൂടാതെ]

(ച) [3] [*****]

(ഛ) ഏതെങ്കിലും വൃത്തിയിൽ ഏർപ്പെടുകയോ, ഏതെങ്കിലും തൊഴിലോ വ്യാപാരമോ ബിസിനസോ നടത്തുകയോ ചെയ്യുവാനും,

അവകാശം ഉണ്ടായിരിക്കുന്നതാണ്.

[4][(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിലുള്ള യാതൊന്നും, നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, അങ്ങനെയുള്ള നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ [5][ഭാരതത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിന്റെയോ വിദേശ രാഷ്ട്രങ്ങളുമായുള്ള സുഹൃത്ബന്ധങ്ങളുടെയോ പൊതു സമാധാനത്തിന്റെയോ സഭ്യതയുടെയോ സാൻമാർഗ്ഗികതയുടെയോ താൽപര്യങ്ങൾക്കു വേണ്ടിയോ അല്ലെങ്കിൽ കോടതിയലക്ഷ്യത്തെയോ അപകീർത്തിയെയോ കുറ്റത്തിനുള്ള പ്രേരണയെയോ സംബന്ധിച്ചോ, ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.]

(3) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡത്തിലുള്ള യാതൊന്നും, നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ [5][ഭാരതത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] പൊതു സമാധാനത്തിന്റെയോ താൽപര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

---

1. 2011-ലെ ഭരണഘടന (തൊണ്ണൂറ്റിയേഴാം) ഭേദഗതി ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (12-1-2012 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം) ഭേദഗതി ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (ച) ഉപഖണ്ഡം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).
4. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിനു പകരം ചേർത്തത് (പൂർവ്വകാല പ്രാബല്യത്തോടുകൂടി).
5. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) Nothing in sub-clause *(c)* of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of [1][the sovereignty and integrity of India or] public order or morality, reasonable restrictions on the exercise of the right conferred by the said sub-clause.

(5) Nothing in [2][sub-clauses *(d)* and (e)] of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, reasonable restrictions on the exercise of any of the rights conferred by the said sub-clauses either in the interests of the general public or for the protection of the interests of any Scheduled Tribe.

(6) Nothing in sub-clause *(g)* of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of the general public, reasonable restrictions on the exercise of the right conferred by the said sub-clause, and, in particular, [3][nothing in the said sub-clause shall affect the operation of any existing law in so far as it relates to, or prevent the State from making any law relating to,—

(i) the professional or technical qualifications necessary for practising any profession or carrying on any occupation, trade or business, or

(ii) the carrying on by the State, or by a corporation owned or controlled by the State, of any trade, business, industry or service, whether to the exclusion, complete or partial, of citizens or otherwise.]

20. Protection in respect of conviction for offences.—(1) No person shall be convicted of any offence except for violation of a law in force at the time of the commission of the act charged as an offence, nor be subjected to a penalty greater than that which might have been inflicted under the law in force at the time of the commission of the offence.

(2) No person shall be prosecuted and punished for the same offence more than once.

(3) No person accused of any offence shall be compelled to be a witness against himself.

---

1. Ins. by the Constitution (Sixteenth Amendment) Act, 1963, s.2.

2. Subs. by the Constitution (Forty-fourth Amendment) Act, 1978, s.2, for "sub-clauses (d), (e) and (f)" (w.e.f. 20-6-1979).

3. Subs. by the Constitution (First Amendment) Act, 1951, s.3, for certain words.

(4) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ [1][ഭാരതത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ] പൊതുസമാധാനത്തിന്റെയോ സാൻമാർഗികതയുടെയോ താത്പര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

(5) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ [2][(ഘ), (ങ) എന്നീ ഉപഖണ്ഡങ്ങളിലുള്ള] യാതൊന്നും, നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡങ്ങളാൽ നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കുന്നതിൽ, പൊതുജന താത്പര്യങ്ങൾക്കുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിന്റെ താത്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയോ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

(6) മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഛ) ഉപഖണ്ഡത്തിലുള്ള യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, ആ നിയമം മേൽപ്പറഞ്ഞ ഉപഖണ്ഡത്താൽ നൽകിയിട്ടുള്ള അവകാശം പ്രയോഗിക്കുന്നതിൽ പൊതുജന താത്പര്യങ്ങൾക്കുവേണ്ടി ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നിടത്തോളം, ബാധിക്കുകയോ, അങ്ങനെയുള്ള നിയന്ത്രണങ്ങൾ ചുമത്തുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ലാത്തതും, പ്രത്യേകിച്ചും [3][മേൽപ്പറഞ്ഞ ഉപഖണ്ഡത്തിലെ യാതൊന്നും,—

(i) ഏതെങ്കിലും തൊഴിലിലോ ജീവനത്തിലോ ഏർപ്പെടുന്നതിനോ ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ നടത്തുന്നതിനോ ആവശ്യമുള്ള തൊഴിൽ സംബന്ധമോ സാങ്കേതികമോ ആയ യോഗ്യതകളേയോ,

(ii) രാഷ്ട്രമോ രാഷ്ട്രത്തിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷനോ ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ വ്യവസായമോ സർവ്വീസോ പൗരൻമാരെ മുഴുവനായോ ഭാഗികമായോ ഒഴിവാക്കിക്കൊണ്ടോ മറ്റുവിധത്തിലോ നടത്തുന്നതിനെയോ,

സംബന്ധിച്ചിടത്തോളം നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയോ അവയെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ലാത്തതും ആകുന്നു.]

20. കുറ്റങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച സംരക്ഷണം.—(1) ഒരു കുറ്റമായി ആരോപിക്കപ്പെടുന്ന കൃത്യം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ, യാതൊരാളുടെമേലും ഏതെങ്കിലും കുറ്റം സ്ഥാപിക്കുകയോ, ആ കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് ആ ആളെ വിധേയനാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) യാതൊരാളെയും ഒരേ കുറ്റത്തിന് ഒന്നിലധികം പ്രാവശ്യം പ്രോസിക്യൂട്ട് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ട യാതൊരാളെയും അയാൾക്കുതന്നെ എതിരായി സാക്ഷിയാകുന്നതിന് നിർബന്ധിക്കുവാൻ പാടുള്ളതല്ല.

---

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "(ഘ), (ങ), (ച) എന്നീ ഉപഖണ്ഡങ്ങൾക്ക്" പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത്.

21. Protection of life and personal liberty.—No person shall be deprived of his life or personal liberty except according to procedure established by law.

[1][**21A. Right to Education.**—The States shall provide free and compulsory education to all children of the age of six to fourteen years in such manner as the State may, by law, determine.]

[2]**22. Protection against arrest and detention in certain cases.**—(1) No person who is arrested shall be detained in custody without being informed, as soon as may be, of the grounds for such arrest nor shall he be denied the right to consult, and to be defended by, a legal practitioner of his choice.

(2) Every person who is arrested and detained in custody shall be produced before the nearest magistrate within a period of twenty-four hours of such arrest excluding the time necessary for the journey from the place of arrest to the court of the magistrate and no such person shall be detained in custody beyond the said period without the authority of a magistrate.

(3) Nothing in clauses (1) and (2) shall apply—

(a) to any person who for the time being is an enemy alien; or

(b) to any person who is arrested or detained under any law providing for preventive detention.

(4) No law providing for preventive detention shall authorise the detention of a person for a longer period than three months unless—

(a) an Advisory Board consisting of persons who are, or have been, or are qualified to be appointed as, Judges of a High Court has reported before the expiration of the said period of three months that there is in its opinion sufficient cause for such detention:

Provided that nothing in this sub-clause shall authorise the detention of any person beyond the maximum period prescribed by any law made by Parliament under sub-clause *(b)* of clause (7); or

(b) such person is detained in accordance with the provisions of any law made by Parliament under sub-clauses *(a)* and *(b)* of clause (7).

---

1. Ins. by the Constitution (Eighty-sixth Amendment) Act, 2002, s. 2 .
2. On the enforcement of s.3 of the Constitution (Forty-fourth Amendment) Act, 1978 art. 22 shall stand amended as directed in s.3 of that Act.

21. ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം.—നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ യാതൊരാളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കുവാൻ പാടുള്ളതല്ല.

[1][**21ക. വിദ്യാഭ്യാസത്തിനുള്ള അവകാശം.**— ആറു മുതൽ പതിനാലു വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും, രാഷ്ട്രം, നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിൽ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.]

[2]**22. ചില സംഗതികളിൽ അറസ്റ്റിനും തടങ്കലിനും എതിരായി സംരക്ഷണം.**—(1) അറസ്റ്റ് ചെയ്ത യാതൊരാളെയും ആ അറസ്റ്റിനുള്ള കാരണങ്ങൾ കഴിയുന്നത്ര വേഗം അറിയിക്കാതെ തടങ്കലിൽ സൂക്ഷിക്കുകയോ അയാൾക്കിഷ്ടമുള്ള ഒരു അഭിഭാഷകനുമായി ആലോചിക്കുവാനും അദ്ദേഹം മുഖേന പ്രതിവാദിക്കാനും ഉള്ള അവകാശം നിഷേധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) അറസ്റ്റ് ചെയ്യുകയും തടങ്കലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ള ഏതൊരാളെയും, ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുൻപാകെ അറസ്റ്റ് ചെയ്ത സ്ഥലത്തുനിന്ന് ആ മജിസ്ട്രേറ്റിന്റെ കോടതിയിലേയ്ക്കുള്ള യാത്രയ്ക്ക് വേണ്ട സമയം ഒഴിച്ച്, ആ അറസ്റ്റിനുശേഷം ഇരുപത്തിനാല് മണിക്കൂർ സമയത്തിനുള്ളിൽ ഹാജരാക്കേണ്ടതും, അങ്ങനെയുള്ള യാതൊരാളെയും ഒരു മജിസ്ട്രേറ്റിന്റെ അധികാരം കൂടാതെ മേൽപ്പറഞ്ഞ കാലാവധിക്കുശേഷം തടങ്കലിൽ സൂക്ഷിക്കുവാൻ പാടില്ലാത്തതും ആകുന്നു.

(3) (1), (2) എന്നീ ഖണ്ഡങ്ങളിലുള്ള യാതൊന്നും—

(ക) ആ സമയത്ത് അന്യദേശീയ ശത്രുവായിരിക്കുന്ന ഏതെങ്കിലും ആൾക്കോ, അല്ലെങ്കിൽ

(ഖ) നിവാരണ തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം അറസ്റ്റ് ചെയ്യുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾക്കോ,

ബാധകമാകുന്നതല്ല.

(4) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന യാതൊരു നിയമത്തിനും ഒരാളെ മൂന്നു മാസത്തിലധികമുള്ള കാലത്തേയ്ക്ക് തടങ്കലിൽ വയ്ക്കുവാൻ—

(ക) ഒരു ഹൈക്കോടതിയിലെ ജഡ്ജിമാരായി ഇരിക്കുന്നവരോ ഇരുന്നിട്ടുള്ളവരോ നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരോ ആയ ആളുകൾ അടങ്ങുന്ന ഒരു ഉപദേശക ബോർഡ്, മേൽപ്പറഞ്ഞ മൂന്നു മാസക്കാലം അവസാനിക്കുന്നതിനു മുൻപ്, അതിന്റെ അഭിപ്രായത്തിൽ അങ്ങനെയുള്ള തടങ്കലിന് മതിയായ കാരണം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലല്ലാതെ:

എന്നാൽ, ഈ ഉപഖണ്ഡത്തിലെ യാതൊന്നും (7)-ാം ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡം അനുസരിച്ച് പാർലമെന്റ് നിർമ്മിക്കുന്ന ഏതെങ്കിലും നിയമം വഴി നിർണ്ണയിക്കുന്ന പരമാവധി കാലത്തിനുശേഷം യാതൊരു ആളെയും തടങ്കലിൽ വയ്ക്കുവാൻ അധികാരം നൽകുന്നതല്ല; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളെ തടങ്കലിൽ വച്ചിരിക്കുന്നത് (7)-ാം ഖണ്ഡത്തിലെ (ക) യും (ഖ) യും ഉപഖണ്ഡങ്ങൾ പ്രകാരം പാർലമെന്റ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമാണെങ്കിലല്ലാതെ,

അധികാരം നൽകുന്നതല്ല.

---

1. 2002-ലെ ഭരണഘടന (എൺപത്തിയാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

2. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് നടപ്പിലാക്കുമ്പോൾ ആ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ 22-ാം അനുച്ഛേദം ഭേദഗതി ചെയ്യപ്പെട്ടതായിത്തീരുന്നതാണ്.

(5) When any person is detained in pursuance of an order made under any law providing for preventive detention, the authority making the order shall, as soon as may be, communicate to such person the grounds on which the order has been made and shall afford him the earliest opportunity of making a representation against the order.

(6) Nothing in clause (5) shall require the authority making any such order as is referred to in that clause to disclose facts which such authority considers to be against the public interest to disclose.

(7) Parliament may by law prescribe—

(a) the circumstances under which, and the class or classes of cases in which, a person may be detained for a period longer than three months under any law providing for preventive detention without obtaining the opinion of an Advisory Board in accordance with the provisions of sub-clause *(a)* of clause (4);

(b) the maximum period for which any person may in any class or classes of cases be detained under any law providing for preventive detention; and

(c) the procedure to be followed by an Advisory Board in an inquiry under sub-clause *(a)* of clause (4).

Right against Exploitation

23. Prohibition of traffic in human beings and forced labour.—(1) Traffic in human beings and *begar* and other similar forms of forced labour are prohibited and any contravention of this provision shall be an offence punishable in accordance with law.

(2) Nothing in this article shall prevent the State from imposing compulsory service for public purposes, and in imposing such service the State shall not make any discrimination on grounds only of religion, race, caste or class or any of them.

24. Prohibition of employment of children in factories, etc.—No child below the age of fourteen years shall be employed to work in any factory or mine or engaged in any other hazardous employment.

(5) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം നൽകിയിട്ടുള്ള ഒരു ഉത്തരവിന് അനുസൃതമായി ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കുമ്പോൾ, അങ്ങനെ ഒരു ഉത്തരവ് നൽകുന്ന അധികാരസ്ഥാനം, എന്തു കാരണങ്ങളിൻമേലാണ് ആ ഉത്തരവ് നൽകിയിട്ടുള്ളതെന്ന് കഴിയുന്നതും വേഗം അറിയിക്കേണ്ടതും ആ ഉത്തരവിനെതിരായി നിവേദനം നടത്തുവാൻ ഏറ്റവും നേരത്തെയുള്ള അവസരം അയാൾക്ക് കൊടുക്കേണ്ടതും ആകുന്നു.

(6) (5)-ാം ഖണ്ഡത്തിലുള്ള യാതൊന്നും ആ ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട വിധത്തിലുള്ള ഏതെങ്കിലും ഉത്തരവ് നൽകുന്ന അധികാരസ്ഥാനത്തോട്, ഏത് വസ്തുതകൾ വെളിപ്പെടുത്തുന്നതാണ് പൊതുതാത്പര്യങ്ങൾക്ക് എതിരെന്ന് അങ്ങനെയുള്ള അധികാരസ്ഥാനം കരുതുന്നത് അവ വെളിപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതല്ല.

(7) പാർലമെന്റിന് നിയമം മുഖേന—

(ക) (4)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഉപദേശക ബോർഡിന്റെ അഭിപ്രായം നേടാതെ നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം മൂന്നുമാസക്കാലത്തിൽ കൂടുതൽ ഒരാളെ തടങ്കലിൽ വയ്ക്കാവുന്നത് ഏതെല്ലാം സാഹചര്യങ്ങളിലും ഏതെല്ലാം സംഗതികളുടെ തരത്തിലോ തരങ്ങളിലോ ആണെന്നും;

(ഖ) നിവാരണത്തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമപ്രകാരം ഏതെങ്കിലും തരത്തിൽ അല്ലെങ്കിൽ തരങ്ങളിൽപ്പെട്ട സംഗതികളിൽ ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലവും;

(ഗ) (4)-ാം ഖണ്ഡം (ക) ഉപഖണ്ഡപ്രകാരം ഉള്ള ഒരു അന്വേഷണവിചാരണയിൽ ഒരു ഉപദേശക ബോർഡ് അനുവർത്തിക്കേണ്ട നടപടിക്രമവും,

നിർണ്ണയിക്കാവുന്നതാണ്.

ചൂഷണത്തിനെതിരായുള്ള അവകാശം

23. മനുഷ്യക്കച്ചവടത്തിന്റെയും നിർബന്ധിച്ച് പണി ചെയ്യിക്കലിന്റെയും നിരോധനം.—(1) മനുഷ്യക്കച്ചവടവും, ബേഗാറും അതുപോലുള്ള നിർബന്ധിച്ച് പണി ചെയ്യിക്കലിന്റെ മറ്റു രൂപങ്ങളും നിരോധിച്ചിരിക്കുന്നതും, ഈ വ്യവസ്ഥയുടെ ഏത് ലംഘനവും നിയമം അനുസരിച്ച് ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതും ആകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും പൊതു ആവശ്യങ്ങൾക്കായി നിർബന്ധിച്ച് സേവനം അനുഷ്ഠിപ്പിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ലാത്തതും, അങ്ങനെ സേവനം അനുഷ്ഠിപ്പിക്കുന്നതിൽ മതം, വർഗ്ഗം, ജാതി, വിഭാഗം എന്നിവയെയോ അവയിൽ ഏതെങ്കിലും ഒന്നിനെയോ മാത്രം അടിസ്ഥാനമാക്കി രാഷ്ട്രം യാതൊരു വിവേചനവും കാണിക്കുവാൻ പാടില്ലാത്തതും ആകുന്നു.

24. വ്യവസായശാലകൾ മുതലായവയിൽ കുട്ടികളുടെ ജീവനം നിരോധിക്കൽ.—പതിന്നാല് വയസ്സിന് താഴെയുള്ള ഒരു കുട്ടിയെയും ഏതെങ്കിലും വ്യവസായശാലയിലോ ഖനിയിലോ ജോലി ചെയ്യുവാൻ ഏർപ്പെടുത്തുകയോ അപായ സാദ്ധ്യതയുള്ള മറ്റേതെങ്കിലും ജീവനത്തിന് ഏർപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

Right to Freedom of Religion

25. Freedom of conscience and free profession, practice and propagation of religion.—(1) Subject to public order, morality and health and to the other provisions of this Part, all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion.

(2) Nothing in this article shall affect the operation of any existing law or prevent the State from making any law—

(a) regulating or restricting any economic, financial, political or other secular activity which may be associated with religious practice;

(b) providing for social welfare and reform or the throwing open of Hindu religious institutions of a public character to all classes and sections of Hindus.

Explanation I—The wearing and carrying of *kirpans* shall be deemed to be included in the profession of the Sikh religion.

Explanation II—In sub-clause *(b)* of clause (2), the reference to Hindus shall be construed as including a reference to persons professing the Sikh, Jaina or Buddhist religion, and the reference to Hindu religious institutions shall be construed accordingly.

26. Freedom to manage religious affairs.—Subject to public order, morality and health, every religious denomination or any section thereof shall have the right

(a) to establish and maintain institutions for religious and charitable purposes;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property; and

(d) to administer such property in accordance with law.

27. Freedom as to payment of taxes for promotion of any particular religion.—No person shall be compelled to pay any taxes, the proceeds of which are specifically appropriated in payment of expenses for the promotion or maintenance of any particular religion or religious denomination.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

25. മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മതപ്രചരണത്തിനും ഉള്ള സ്വാതന്ത്ര്യം.—(1) പൊതു സമാധാനത്തിനും സാൻമാർഗ്ഗികതയ്ക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി, എല്ലാ ആളുകളും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉള്ള അവകാശത്തിനും ഒരുപോലെ അവകാശം ഉള്ളവരാകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും—

(ക) മതാചരണത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതേതരമായ മറ്റ് ഏതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ;

(ഖ) സാമൂഹ്യക്ഷേമത്തിനും, സാമൂഹ്യപരിഷ്ക്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമത സ്ഥാപനങ്ങൾ എല്ലാ ഇനത്തിലും വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്ക് തുറന്നുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതോ,

ആയ നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയോ അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുകയോ, ചെയ്യുന്നതല്ല.

വിശദീകരണം I—കൃപാണുകൾ ധരിക്കുന്നതും കൊണ്ടുനടക്കുന്നതും സിക്കുമത വിശ്വാസത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്.

വിശദീകരണം II—(2)-ാം ഖണ്ഡത്തിലെ (ഖ) ഉപഖണ്ഡത്തിൽ ഹിന്ദുക്കളെപ്പറ്റിയുള്ള പരാമർശത്തിന് അതിൽ സിക്കുമതത്തിലോ ജൈനമതത്തിലോ ബുദ്ധമതത്തിലോ വിശ്വസിക്കുന്ന ആളുകളെപ്പറ്റിയുള്ള ഒരു പരാമർശം ഉൾപ്പെടുന്നതായി അർത്ഥം കൽപ്പിക്കേണ്ടതും, ഹിന്ദുമത സ്ഥാപനങ്ങളെപ്പറ്റിയുള്ള പരാമർശത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതും ആകുന്നു.

26. മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം.—പൊതുസമാധാനത്തിനും സാൻമാർഗ്ഗികതയ്ക്കും ആരോഗ്യത്തിനും വിധേയമായി, ഓരോ മതവിഭാഗത്തിനും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനും—

(ക) മതപരവും ധർമ്മപരവുമായ ആവശ്യങ്ങൾക്കുവേണ്ടി സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും;

(ഖ) മതപരമായ വിഷയങ്ങളിൽ അതിന്റേതായ കാര്യങ്ങൾ നടത്തുന്നതിനും;

(ഗ) സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ഉടമയിൽ വയ്ക്കുന്നതിനും ആർജ്ജിക്കുന്നതിനും;

(ഘ) അങ്ങനെയുള്ള വസ്തുവിന്റെ ഭരണം നിയമാനുസൃതമായി നടത്തുന്നതിനും,

അവകാശമുണ്ടായിരിക്കുന്നതാണ്.

27. ഏതെങ്കിലും പ്രത്യേക മതത്തിന്റെ പോഷണത്തിനുവേണ്ടി നികുതികൾ കൊടുക്കുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം.—ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെയോ മതവിഭാഗത്തിന്റെയോ പോഷണത്തിനോ സംരക്ഷണത്തിനോ വേണ്ട ചെലവിലേക്ക് വരവ് തിരിച്ച് വകകൊള്ളിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നികുതികൾ കൊടുക്കുവാൻ യാതൊരാളെയും നിർബന്ധിക്കുവാൻ പാടുള്ളതല്ല.

28. Freedom as to attendance at religious instruction or religious worship in certain educational institutions.—(1) No religious instruction shall be provided in any educational institution wholly maintained out of State funds.

(2) Nothing in clause (1) shall apply to an educational institution which is administered by the State but has been established under any endowment or trust which requires that religious instruction shall be imparted in such institution.

(3) No person attending any educational institution recognised by the State or receiving aid out of State funds shall be required to take part in any religious instruction that may be imparted in such institution or to attend any religious worship that may be conducted in such institution or in any premises attached thereto unless such person or, if such person is a minor, his guardian has given his consent thereto.

Cultural and Educational Rights

29. Protection of interests of minorities.—(1) Any section of the citizens residing in the territory of India or any part thereof having a distinct language, script or culture of its own shall have the right to conserve the same.

(2) No citizen shall be denied admission into any educational institution maintained by the State or receiving aid out of State funds on grounds only of religion, race, caste, language or any of them.

30. Right of minorities to establish and administer educational institutions.—(1) All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice.

[1][(1A) In making any law providing for the compulsory acquisition of any property of an educational institution established and administered by a minority, referred to in clause (1), the State shall ensure that the amount fixed by or determined under such law for the acquisition of such property is such as would not restrict or abrogate the right guaranteed under that clause.]

1. Ins. by the Constitution (Forty-fourth Amendment) Act, 1978, s.4. (w.e.f. 20-6-1979).

28. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാകുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം.—(1) പൂർണ്ണമായും രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, രാഷ്ട്രം ഭരണം നടത്തുന്നതും എന്നാൽ മതപരമായ ബോധനം ആ സ്ഥാപനത്തിൽ നൽകണമെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും എൻഡോവ് മെന്റിന്റെയോ ട്രസ്റ്റിന്റെയോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതും ആയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ബാധകമാകുന്നതല്ല.

(3) രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹാജരാകുന്ന യാതൊരു ആളോടും, അങ്ങനെയുള്ള സ്ഥാപനത്തിൽ നൽകുന്ന മതപരമായ ഏതെങ്കിലും ബോധനത്തിൽ പങ്കുകൊള്ളുവാനോ, ആ സ്ഥാപനത്തിലോ അതിനോടു ചേർന്ന പരിസരങ്ങളിലോ നടത്തുന്ന മതപരമായ ഏതെങ്കിലും ആരാധനയ്ക്ക് ഹാജരാകുവാനോ, ആ ആളോ, ആ ആൾ മൈനറാണെങ്കിൽ അയാളുടെ രക്ഷാകർത്താവോ അതിന് അയാളുടെ സമ്മതം നൽകിയിട്ടില്ലാത്തപക്ഷം ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

29. ന്യൂനപക്ഷതാത്പര്യങ്ങളുടെ സംരക്ഷണം.—(1) ഭാരതത്തിന്റെ ഭൂപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ താമസിച്ചുവരുന്ന പൗരൻമാരിൽ, ഭിന്നമായ ഒരു ഭാഷയോ ലിപിയോ സംസ്കാരമോ സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) രാഷ്ട്രം സംരക്ഷിക്കുന്നതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്ന് സഹായം സ്വീകരിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ മതം, വർഗ്ഗം, ജാതി, ഭാഷ എന്നിവയേയോ, അവയിൽ ഏതെങ്കിലും ഒന്നിനേയോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും പ്രവേശനം നിഷേധിക്കപ്പെടുവാൻ പാടുള്ളതല്ല.

30. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം.—(1) എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവ മതമോ ഭാഷയോ അടിസ്ഥാനമായുള്ളവയായാലും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

[1][(1ക) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ന്യൂനപക്ഷം സ്ഥാപിക്കുകയും ഭരണം നടത്തുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഏതെങ്കിലും വസ്തുവിന്റെ നിർബന്ധപൂർവ്വമായ ആർജ്ജനത്തിനു വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും നിയമം നിർമ്മിക്കുമ്പോൾ അങ്ങനെയുള്ള വസ്തുവിന്റെ ആർജ്ജനത്തിനുവേണ്ടി അങ്ങനെയുള്ള നിയമപ്രകാരം നിജപ്പെടുത്തുന്നതോ നിശ്ചയിക്കുന്നതോ ആയ സംഖ്യ ആ ഖണ്ഡപ്രകാരം ഉറപ്പു നൽകിയിട്ടുള്ള അവകാശം നിയന്ത്രിക്കുന്നതോ ഇല്ലാതാക്കുന്നതോ അല്ലാത്തതാണെന്ന് രാഷ്ട്രം ഉറപ്പുവരുത്തേണ്ടതാണ്.]

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) The State shall not, in granting aid to educational institutions, discriminate against any educational institution on the ground that it is under the management of a minority, whether based on religion or language.

[1][***]

[2]31. [***]

[3][Saving of Certain Laws]

[4][31A. Saving of laws providing for acquisition of estates, etc.— [5][(1) Notwithstanding anything contained in article 13, no law providing for—

(a) the acquisition by the State of any estate or of any rights therein or the extinguishment or modification of any such rights, or

(b) the taking over of the management of any property by the State for a limited period either in the public interest or in order to secure the proper management of the property, or

(c) the amalgamation of two or more corporations either in the public interest or in order to secure the proper management of any of the corporations, or

(d) the extinguishment or modification of any rights of managing agents, secretaries and treasurers, managing directors, directors or managers of corporations, or of any voting rights of shareholders thereof, or

(e) the extinguishment or modification of any rights accruing by virtue of any agreement, lease or licence for the purpose of searching for, or winning, any mineral or mineral oil, or the premature termination or cancellation of any such agreement, lease or licence,

shall be deemed to be void on the ground that it is inconsistent with, or takes away or abridges any of the rights conferred by [6][article 14 or article 19]:

Provided that where such law is a law made by the Legislature of a State, the provisions of this article shall not apply thereto unless such law, having been reserved for the consideration of the President, has received his assent]:

---

1. The sub-heading *"Right to Property"* omitted by the Constitution (Forty-fourth Amendment) Act, 1978, s.5 (w.e.f. 20-6-1979).
2. Article 31 omitted by ibid.
3. Ins. by the Constitution (Forty-second Amendment) Act, 1976, s.3 (w.e.f. 3-1-1977).
4. Ins. by the Constitution (First Amendment) Act, 1951, s.4 (with retrospective effect).
5. Subs. by Constitution (Fourth Amendment) Act, 1955, s.3 for clause (1) (with retrospective effect).
6. Subs. by the Constitution (Forty-fourth Amendment) Act, 1978, s.7, for "article 14, article 19 or article 31" (w.e.f. 20-6-1979).

(2) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിൽ ഒരു ന്യൂനപക്ഷത്തിന്റെ, അത് മതമോ ഭാഷയോ അടിസ്ഥാനമായുള്ളതായാലും, നടത്തിപ്പിൻകീഴിലാണെന്നുള്ളതിന്റെ കാരണത്തിന്മേൽ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനെതിരായി രാഷ്ട്രം വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.

[1][***]

[2]**31.** [***]

[3][ചില നിയമങ്ങൾ ഒഴിവാക്കൽ]

[4][**31ക. എസ്റ്റേറ്റുകളുടെ ആർജ്ജനം മുതലായവയ്ക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെ ഒഴിവാക്കൽ.**—[5][(1) 13-ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഏതെങ്കിലും എസ്റ്റേറ്റോ അതിലെ ഏതെങ്കിലും അവകാശങ്ങളോ രാഷ്ട്രം ആർജ്ജിക്കുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങൾ ഇല്ലാതാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്നതിനോ,

(ഖ) ഏതെങ്കിലും വസ്തുവിന്റെ നടത്തിപ്പ് പൊതുതാത്പര്യത്തിനോ ആ വസ്തുവിന്റെ ഉചിതമായ നടത്തിപ്പ് സംപ്രാപ്തമാക്കുവാനോ വേണ്ടി ഒരു ക്ലിപ്തകാലത്തേക്ക് രാഷ്ട്രം ഏറ്റെടുക്കുന്നതിനോ,

(ഗ) രണ്ടോ അതിലധികമോ കോർപ്പറേഷനുകളെ പൊതുതാത്പര്യത്തിനോ അല്ലെങ്കിൽ ആ കോർപ്പറേഷനുകളിൽ ഏതിന്റെയെങ്കിലും ഉചിതമായ നടത്തിപ്പ് സംപ്രാപ്തമാക്കുവാനോ വേണ്ടി സംയോജിപ്പിക്കുന്നതിനോ,

(ഘ) കോർപ്പറേഷനുകളുടെ മാനേജിംഗ് ഏജന്റുമാരുടെയോ സെക്രട്ടറിമാരുടെയോ ട്രഷറർമാരുടെയോ മാനേജിംഗ് ഡയറക്ടർമാരുടെയോ ഡയറക്ടർമാരുടെയോ മാനേജർമാരുടെയോ ഏതെങ്കിലും അവകാശങ്ങളെയോ, അവയിലെ ഓഹരിയുടമകളുടെ ഏതെങ്കിലും വോട്ടവകാശത്തെയോ ഇല്ലാതാക്കുന്നതിനോ രൂപഭേദപ്പെടുത്തുന്നതിനോ,

(ങ) ഏതെങ്കിലും ഖനിജമോ ഖനിജതൈലമോ തേടുന്നതിനോ ഖനനം ചെയ്തെടുക്കുന്നതിനോ ഉള്ള ആവശ്യത്തിന് ഏതെങ്കിലും കരാറിന്റെയോ പാട്ടത്തിന്റെയോ ലൈസൻസിന്റെയോ ബലത്തിൽ കിട്ടിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങൾ ഇല്ലാതാക്കുകയോ രൂപഭേദപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കരാറോ പാട്ടമോ ലൈസൻസോ കാലം കഴിയുന്നതിനുമുൻപ് പര്യവസാനിപ്പിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനോ,

വ്യവസ്ഥ ചെയ്യുന്ന യാതൊരു നിയമവും [6][14-ാം അനുച്ഛേദത്താലോ 19-ാം അനുച്ഛേദത്താലോ] നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതിനോടെങ്കിലും പൊരുത്തപ്പെടാത്തതാണെന്നോ അല്ലെങ്കിൽ അവയിൽ ഏതിനെയെങ്കിലും എടുത്തുകളയുന്നു എന്നോ കുറയ്ക്കുന്നു എന്നോ ഉള്ള കാരണത്തിന്മേൽ അസാധുവാണെന്ന് കരുതപ്പെടാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള നിയമം ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഒരു നിയമമാണെങ്കിൽ അങ്ങനെയുള്ള നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ട് അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തപക്ഷം ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അതിന് ബാധകമാക്കുന്നതല്ല]:

---

1. "വസ്തുവിനുള്ള അവകാശം" എന്ന ഉപശീർഷകം 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു. (20-6-1979 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം 31-ാം അനുച്ഛേദം വിട്ടുകളഞ്ഞു.
3. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.
5. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിന് പകരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.
6. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം "14-ാം അനുച്ഛേദം, 19-ാം അനുച്ഛേദം അല്ലെങ്കിൽ 31-ാം അനുച്ഛേദം" എന്നിവയ്ക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

[1][Provided further that where any law makes any provision for the acquisition by the State of any estate and where any land comprised therein is held by a person under his personal cultivation, it shall not be lawful for the State to acquire any portion of such land as is within the ceiling limit applicable to him under any law for the time being in force or any building or structure standing thereon or appurtenant thereto, unless the law relating to the acquisition of such land, building or structure, provides for payment of compensation at a rate which shall not be less than the market value thereof.]

(2) In this article,—

[2][*(a)* the expression "estate" shall, in relation to any local area, have the same meaning as that expression or its local equivalent has in the existing law relating to land tenures in force in that area and shall also include—

(i) any *jagir, inam* or *muafi* or other similar grant and in the States of [3][Tamil Nadu] and Kerala, any *janmam* right;

(ii) any land held under ryotwari settlement;

(iii) any land held or let for purposes of agriculture or for purposes ancillary thereto, including waste land, forest land, land for pasture or sites of buildings and other structures occupied by cultivators of land, agricultural labourers and village artisans;]

(b) the expression "rights", in relation to an estate, shall include any rights vesting in a proprietor, sub-proprietor, under-proprietor, tenure-holder, [4]*[raiyat, under-raiyat]* or other intermediary and any rights or privileges in respect of land revenue.]

[5]**[31B. Validation of certain Acts and Regulations.**—Without prejudice to the generality of the provisions contained in article 31A, none of the Acts and Regulations specified in the Ninth Schedule nor any of the provisions thereof shall be deemed to be void, or ever to have become void, on the ground that such Act, Regulation or provision is inconsistent with, or takes away or abridges any of the rights conferred by, any provisions of this Part, and notwithstanding any judgment, decree or order of any court or Tribunal to the contrary, each of the said Acts and Regulations shall, subject to the power of any competent Legislature to repeal or amend it, continue in force.]

1· Ins. by the Constitution (Seventeenth Amendment) Act, 1964, s. 2.

2· Subs. by s. 2, ibid, for sub-clause (a) (with retrospective effect).

3· Subs. by the Madras State (Alteration of Name) Act, 1968 (53 of 1968) s. 4. for "Madras" (w.e.f. 14-1-1969).

4. Ins. by the Constitution (Fourth Amendment) Act, 1955, s. 3 (with retrospective effect).

5· Ins. by the Constitution (First Amendment) Act, 1951, s. 5.

[1][എന്നുമാത്രമല്ല, ഏതെങ്കിലും നിയമം, ഏതെങ്കിലും സ്വത്ത് രാഷ്ട്രം ആർജ്ജിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അതിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭൂമി ഒരാൾ തന്റെ നേരിട്ടുള്ള കൃഷിയിൽ വച്ചുകൊണ്ടിരിക്കുകയും ആണെങ്കിൽ, ആ ഭൂമിയിൽ, ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം അയാൾക്ക് ബാധകമാകുന്ന പരമാവധി പരിധിക്കുള്ളിലുള്ള ഏതെങ്കിലും ഭാഗമോ, അതിൽ നിൽക്കുന്നതോ അതിനോട് ചേർന്നുള്ളതോ ആയ ഏതെങ്കിലും കെട്ടിടമോ പണിപ്പാടോ രാഷ്ട്രം ആർജ്ജിക്കുന്നത്, അതിന്റെ കമ്പോളവിലയേക്കാൾ കുറയുവാൻ പാടില്ലാത്ത ഒരു നിരക്കിൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് അങ്ങനെയുള്ള ഭൂമിയോ കെട്ടിടമോ പണിപ്പാടോ ആർജ്ജിക്കുന്നത് സംബന്ധിച്ചുള്ള നിയമം വ്യവസ്ഥചെയ്യാത്തപക്ഷം, നിയമാനുസൃതം ആയിരിക്കുന്നതല്ല.]

(2) ഈ അനുച്ഛേദത്തിൽ—

[2][(ക) "സ്വത്ത്" എന്ന പദത്തിന്, ഏതെങ്കിലും തദ്ദേശ പ്രദേശത്തെ സംബന്ധിച്ച്, ആ പദത്തിനോ അതിന്റെ തദ്ദേശ തുല്യപദത്തിനോ ആ പ്രദേശത്തിൽ പ്രാബല്യത്തിലുള്ള ഭൂനടപ്പവകാശങ്ങളെ സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതും, അതിൽ—

(i) ഏതെങ്കിലും ജാഗീറും, ഇനാമും, മുആഫിയും അല്ലെങ്കിൽ അതുപോലെയുള്ള മറ്റ് സഹായധനവും [3][തമിഴ്നാട്], കേരളം എന്നീ സംസ്ഥാനങ്ങളിലെ ഏതൊരു ജന്മം അവകാശവും;

(ii) റയ്ട്ടുവാരി സെറ്റിൽമെന്റ് പ്രകാരം ധാരണം ചെയ്യപ്പെട്ട ഏത് ഭൂമിയും;

(iii) തരിശുഭൂമി, വനഭൂമി, മേച്ചിലിനുള്ള ഭൂമി അല്ലെങ്കിൽ ഭൂമി കൃഷി ചെയ്യുന്നവരുടെയും കർഷകതൊഴിലാളികളുടെയും ഗ്രാമീണ കൈത്തൊഴിലുകാരുടെയും കൈവശമുള്ള കെട്ടിടങ്ങളും മറ്റ് പണിപ്പാടുകളും നിൽക്കുന്ന സ്ഥലങ്ങൾ എന്നിവ ഉൾപ്പെടെ കൃഷിയാവശ്യങ്ങൾക്കോ അവയ്ക്ക് സഹായകമായ ആവശ്യങ്ങൾക്കോ ധാരണം ചെയ്യുന്നതോ പാട്ടത്തിനു കൊടുത്തിട്ടുള്ളതോ ആയ ഏത് ഭൂമിയും,

കൂടി ഉൾപ്പെടുന്നതും ആകുന്നു.]

(ഖ) ഒരു സ്വത്തിനെ സംബന്ധിച്ച്, "അവകാശങ്ങൾ" എന്ന പദത്തിൽ ഒരു ഉടമസ്ഥനിലോ ഉപഉടമസ്ഥനിലോ കീഴ്ഉടമസ്ഥനിലോ നടപ്പവകാശക്കാരനിലോ [4][റയ്ട്ടിലോ, കീഴ്റയ്ട്ടിലോ] മറ്റ് മദ്ധ്യവർത്തിയിലോ നിക്ഷിപ്തമായ ഏത് അവകാശങ്ങളും, ഭൂമിക്കരം സംബന്ധിച്ച ഏത് അവകാശങ്ങളും വിശേഷാവകാശങ്ങളും ഉൾപ്പെടുന്നതാണ്.]

[5][**31ഖ. ചില ആക്റ്റുകളും റെഗുലേഷനുകളും സാധൂകരിക്കൽ.**—31ക അനുച്ഛേദത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം ഒൻപതാം പട്ടികയിൽ നൽകിയിട്ടുള്ള ആക്റ്റുകളിലും റെഗുലേഷനുകളിലും ഏതെങ്കിലുമോ, അവയിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ, അങ്ങനെയുള്ള ആക്റ്റോ റെഗുലേഷനോ വ്യവസ്ഥയോ ഈ ഭാഗത്തിലെ ഏതെങ്കിലും വ്യവസ്ഥകളാൽ നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങളോട് പൊരുത്തപ്പെടാത്തതാണെന്നോ അവയെ എടുത്തുകളയുന്നു എന്നോ കുറയ്ക്കുന്നു എന്നോ ഉള്ള കാരണത്തിൻമേൽ അസാധുവാണെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നിട്ടുണ്ടെന്നോ കരുതപ്പെടുവാൻ പാടില്ലാത്തതും, അതിനു വിപരീതമായി ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ ഉണ്ടായിരുന്നാൽ തന്നെയും മേൽപ്പറഞ്ഞ ഓരോ ആക്റ്റും റെഗുലേഷനും, ക്ഷമതയുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തിന് അതിനെ റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ ഉള്ള അധികാരത്തിന് വിധേയമായി, പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.]

---

1. 1964-ലെ ഭരണഘടന (പതിനേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (ക) ഉപഖണ്ഡത്തിനു പകരം (പൂർവ്വകാല പ്രാബല്യത്തോടെ) ചേർത്തത്.
3. 1968-ലെ മദ്രാസ് സംസ്ഥാനം (പേര് മാറ്റൽ) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "മദ്രാസ്" എന്ന വാക്കിനു പകരം ചേർത്ത് (14-1-1969 മുതൽ പ്രാബല്യം).
4. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടെ) ചേർത്തത്.
5. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.

[1]**[31C. Saving of laws giving effect to certain directive principles.—**Notwithstanding anything contained in article 13, no law giving effect to the policy of the State towards securing [2][all or any of the principles laid down in Part IV] shall be deemed to be void on the ground that it is inconsistent with, or takes away or abridges any of the rights conferred by [3][article 14 or article 19]; **and no law containing* a *declaration that it is for giving effect to such policy shall be called in question in any court on the ground that it does not give effect to such policy:*

Provided that where such law is made by the Legislature of a State, the provisions of this article shall not apply thereto unless such law, having been reserved for the consideration of the President, has received his assent.]

[4]**31D**. *[Saving of laws in respect of anti-national activities.] Omitted by the Constitution (Forty-third Amendment) Act, 1977, s. 2 (w.e.f 13-4-1978).*

Right to Constitutional Remedies

32. Remedies for enforcement of rights conferred by this Part.—(1) The right to move the Supreme Court by appropriate proceedings for the enforcement of the rights conferred by this Part is guaranteed.

(2) The Supreme Court shall have power to issue directions or orders or writs, including writs in the nature of *habeas corpus, mandamus,* prohibition, *quo warranto* and *certiorari,* whichever may be appropriate, for the enforcement of any of the rights conferred by this Part.

(3) Without prejudice to the powers conferred on the Supreme Court by clauses (1) and (2), Parliament may by law empower any other court to exercise within the local limits of its jurisdiction all or any of the powers exercisable by the Supreme Court under clause (2).

(4) The right guaranteed by this article shall not be suspended except as otherwise provided for by this Constitution.

---

1. Ins. by the Constitution (Twenty-fifth Amendment) Act, 1971, s. 3, (w.e.f. 20-4-1972).
2. Subs. by the Constitution (Forty-second Amendment) Act, 1976, s. 4, for "the principles specified in clause (b) or clause (c) of article 39" (w.e.f. 3-1-1977). Section 4 has been declared invalid by the Supreme Court in Minerva Mills Ltd. and Others Vs. Union of India and Others (1980) 2 SCC 591.
3. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 8, for "article 14, article 19 or article 31" (w.e.f. 20-6-1979).

★ In Kesavananda Bharati vs. The State of Kerala, (1973) Supp. S. C. R. 1.,the Supreme Court held the provision in italics to be invalid.

4. Ins. by the Constitution (Forty-second Amendment) Act, 1976, s. 5, (w.e.f. 3-1-1977).

[1][**31ഗ. ചില നിർദ്ദേശക തത്ത്വങ്ങൾ നടപ്പിൽ വരുത്തുന്ന നിയമങ്ങളെ ഒഴിവാക്കൽ.**—13-ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [2][IV-ാം ഭാഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തത്ത്വങ്ങളിൽ എല്ലാമോ അവയിൽ ഏതെങ്കിലുമോ] സംപ്രാപ്തമാക്കുന്നതിനുള്ള രാഷ്ട്രനയം നടപ്പിൽ വരുത്തുന്ന യാതൊരു നിയമവും, അത് [3][14-ാം അനുച്ഛേദത്താലോ 19-ാം അനുച്ഛേദത്താലോ] നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങളോട് പൊരുത്തപ്പെടാത്തതാണെന്നോ അവ എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്നുവെന്നോ ഉള്ള കാരണത്താൽ അസാധുവാണെന്ന് കരുതപ്പെടുവാൻ പാടില്ലാത്തതും; ******എന്നാൽ അങ്ങനെയുള്ള നയം നടപ്പിൽ വരുത്തുവാനുള്ളതാണെന്ന ഒരു പ്രഖ്യാപനം അടങ്ങിയ യാതൊരു നിയമവും, അത് അങ്ങനെയുള്ള നയം നടപ്പിൽ വരുത്തുന്നില്ല എന്ന കാരണത്താൽ ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല:*

എന്നാൽ, അങ്ങനെയുള്ള നിയമം ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയതാണെങ്കിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് ആ നിയമം സമർപ്പിച്ചിട്ട് അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കാത്തപക്ഷം ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതല്ല.]

[4]*31ഘ. [രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച നിയമങ്ങൾ ഒഴിവാക്കൽ.] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം 13-4-1978 മുതൽ പ്രാബല്യത്തോടെ വിട്ടുകളഞ്ഞു.*

ഭരണഘടനാസംബന്ധമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശം

32. ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.—(1) ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സുപ്രീം കോടതിയിൽ സമുചിതമായ നടപടികൾ മുഖേന അപേക്ഷിക്കുവാനുള്ള അവകാശത്തിന് ഉറപ്പ് നൽകിയിരിക്കുന്നു.

(2) ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രാവർത്തികമാക്കുന്നതിന് നിർദ്ദേശങ്ങൾ അല്ലെങ്കിൽ ഉത്തരവുകൾ അല്ലെങ്കിൽ *ഹേബിയസ്കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, കോവാറന്റോ, സെർഷ്യോറൈ* എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകൾ ഉൾപ്പെടെയുള്ള റിട്ടുകളിൽ സമുചിതമായത് ഏതോ അത് പുറപ്പെടുവിക്കുന്നതിന് സുപ്രീംകോടതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങൾ വഴി സുപ്രീംകോടതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് ഭംഗം വരാത്ത വിധം (2)-ാം ഖണ്ഡപ്രകാരം സുപ്രീംകോടതിക്കു പ്രയോഗിക്കാവുന്ന എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ, മറ്റേതൊരു കോടതിയേയും അതിന്റെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ പ്രയോഗിക്കുന്നതിന് നിയമം മുഖേന പാർലമെന്റിന് അധികാരപ്പെടുത്താവുന്നതാണ്.

(4) ഈ ഭരണഘടനയിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ ഈ അനുച്ഛേദം വഴി ഉറപ്പുനൽകിയിട്ടുള്ള അവകാശം നിറുത്തിവയ്ക്കുവാൻ പാടുള്ളതല്ല.

---

1. 1971-ലെ ഭരണഘടന (ഇരുപത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (20-4-1972 മുതൽ പ്രാബല്യം).
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "39-ാം അനുച്ഛേദത്തിന്റെ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള തത്ത്വങ്ങൾ" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം). സുപ്രീംകോടതി മിനർവ മിൽസ് ലിമിറ്റഡ് മുതൽപേർ Vs യൂണിയൻ ഓഫ് ഇൻഡ്യ മുതൽപേർ (1980) 2 എസ്. സി. സി. 591 എന്ന കേസിൽ 4-ാം വകുപ്പ് അസാധുവായി പ്രഖ്യാപിച്ചു.
3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം "14-ാം അനുച്ഛേദം, 19-ാം അനുച്ഛേദം അല്ലെങ്കിൽ 31-ാം അനുച്ഛേദം", എന്നതിന് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

* കേശവാനന്ദ ഭാരതി Vs ദി സ്റ്റേറ്റ് ഓഫ് കേരള (1973) സപ്ലിമെന്റ് എസ്. സി. ആർ. 1, എന്ന കേസിൽ അടിവരയിട്ട വ്യവസ്ഥ സുപ്രീംകോടതി അസാധുവായി പ്രഖ്യാപിച്ചു.

4. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1][**32A.** *Constitutional validity of State laws not to be considered in proceedings under article 32.] Omitted by the Constitution (Forty-third Amendment) Act, 1977, s.3 (w.e.f.13-4-1978).*

[2][**33. Power of Parliament to modify the rights conferred by this Part in their application to Forces, etc.—**Parliament may, by law, determine to what extent any of the rights conferred by this Part shall, in their application to,—

(a) the members of the Armed Forces; or

(b) the members of the Forces charged with the maintenance of public order; or

(c) persons employed in any bureau or other organisation established by the State for purposes of intelligence or counter intelligence; or

(d) persons employed in, or in connection with, the telecommunication systems set up for the purposes of any Force, bureau or organisation referred to in clauses *(a)* to *(c),*

be restricted or abrogated so as to ensure the proper discharge of their duties and the maintenance of discipline among them.]

34. Restriction on rights conferred by this Part while martial law is in force in any area.—Notwithstanding anything in the foregoing provisions of this Part, Parliament may by law indemnify any person in the service of the Union or of a State or any other person in respect of any act done by him in connection with the maintenance or restoration of order in any area within the territory of India where martial law was in force or validate any sentence passed, punishment inflicted, forfeiture ordered or other act done under martial law in such area.

35. Legislation to give effect to the provisions of this Part.— Notwithstanding anything in this Constitution,—

(a) Parliament shall have, and the Legislature of a State shall not have, power to make laws—

(i) with respect to any of the matters which under clause (3) of article 16, clause (3) of article 32, article 33 and article 34 may be provided for by law made by Parliament; and

1. Ins. by the Constitution (Forty-second Amendment) Act, 1976, s.6, (w.e.f. 1-2-1977).

2 . Subs. by the Constitution (Fiftieth Amendment) Act, 1984, s.2, for article 33.

[1][**32ക**. *32-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികളിൽ സംസ്ഥാന നിയമങ്ങളുടെ ഭരണഘടനാ സാധുത പരിഗണിക്കേണ്ടതില്ലെന്ന്.] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം (13-4-1978 മുതൽ പ്രാബല്യത്തോടെ) വിട്ടുകളഞ്ഞു.*

[2][**33. ഈ ഭാഗം വഴി സേനകൾക്കും മറ്റും നൽകിയിട്ടുള്ള അവകാശങ്ങൾ അവയുടെ ബാധകതയിൽ, രൂപഭേദപ്പെടുത്തുവാൻ പാർലമെന്റിനുള്ള അധികാരം**.—ഈ ഭാഗം വഴി നൽകിയിട്ടുള്ള ഏതെങ്കിലും അവകാശങ്ങൾ,—

(ക) സായുധസേനയിലെ അംഗങ്ങൾക്കോ;

(ഖ) പൊതുസമാധാനം സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട സേനകളിലെ അംഗങ്ങൾക്കോ;

(ഗ) രഹസ്യവാർത്തകൾ ശേഖരിക്കുന്നതിനും രഹസ്യങ്ങൾ ചോർന്നുപോകുന്നതു തടയുന്നതിനുമായി രാഷ്ട്രം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കാര്യാലയത്തിലോ മറ്റു സംഘടനയിലോ ഏർപ്പെടുത്തിയിട്ടുള്ള ആളുകൾക്കോ;

(ഘ) (ക) മുതൽ (ഗ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സേനകൾക്കോ കാര്യാലയത്തിനോ സംഘടനയ്ക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ള വാർത്താവിനിമയ പദ്ധതികളിലോ പദ്ധതികൾ സംബന്ധിച്ചോ ഏർപ്പെടുത്തിയിട്ടുള്ള ആളുകൾക്കോ,

ബാധകമാകുമ്പോൾ അവരുടെ ചുമതലകൾ വേണ്ടവിധം നിർവ്വഹിക്കുന്നതും അവരുടെ ഇടയിൽ അച്ചടക്കം നിലനിറുത്തുന്നതും ഉറപ്പുവരുത്തുന്നതിന് ആ അവകാശങ്ങൾ എത്രമാത്രം പരിമിതപ്പെടുത്തണമെന്നും റദ്ദാക്കണമെന്നും പാർലമെന്റിന് നിയമം വഴി നിശ്ചയിക്കാവുന്നതാണ്.]

34. ഏതെങ്കിലും പ്രദേശത്ത് പട്ടാള നിയമം പ്രാബല്യത്തിലിരിക്കുമ്പോൾ ഈ ഭാഗം വഴി നൽകിയിട്ടുള്ള അവകാശങ്ങളിൻമേലുള്ള നിയന്ത്രണം.— ഈ ഭാഗത്ത്, ഇതിനു മുൻപുള്ള വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന് നിയമം മുഖേന യൂണിയന്റേയോ ഒരു സംസ്ഥാനത്തിന്റേയോ സേവനത്തിലിരിക്കുന്ന ഏതൊരു ആളേയും മറ്റേതെങ്കിലും ആളേയും ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ പട്ടാളനിയമം പ്രാബല്യത്തിലിരുന്ന ഏതെങ്കിലും പ്രദേശങ്ങളിൽ സമാധാനത്തിന്റെ സംരക്ഷണത്തിനോടോ പുനഃസ്ഥാപനത്തോടോ ബന്ധപ്പെട്ടതായി, അയാൾ ചെയ്തിട്ടുള്ള ഏതൊരു കൃത്യത്തെയും സംബന്ധിച്ച ബാദ്ധ്യതയിൽ നിന്ന് വിമുക്തനാക്കുകയോ, പട്ടാള നിയമപ്രകാരം അങ്ങനെയുള്ള പ്രദേശത്ത് പുറപ്പെടുവിച്ച ഏതെങ്കിലും ശിക്ഷാ വിധിയേയും ഏൽപ്പിച്ച ശിക്ഷയേയും ഉത്തരവിട്ട കണ്ടുകെട്ടലിനെയും ചെയ്ത മറ്റ് പ്രവൃത്തിയേയും സാധൂകരിക്കുകയോ ചെയ്യാവുന്നതാണ്.

35. ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുവാനുള്ള നിയമനിർമ്മാണം.—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) (i) 16-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം, 32-ാം അനുച്ഛേദത്തിലെ (3)-ാം ഖണ്ഡം, 33-ാം അനുച്ഛേദം, 34-ാം അനുച്ഛേദം എന്നിവ പ്രകാരം പാർലമെന്റ് ഉണ്ടാക്കുന്ന നിയമം മുഖേന വ്യവസ്ഥ ചെയ്യുന്ന വിഷയങ്ങളിൽ ഏതിനെ സംബന്ധിച്ചും;

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1984-ലെ ഭരണഘടന (അൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം 33-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(ii) for prescribing punishment for those acts which are declared to be offences under this Part,

and Parliament shall, as soon as may be after the commencement of this Constitution, make laws for prescribing punishment for the acts referred to in sub-clause *(ii);*

(b) any law in force immediately before the commencement of this Constitution in the territory of India with respect to any of the matters referred to in sub-clause *(i)* of clause *(a)* or providing for punishment for any act referred to in sub-clause *(ii)* of that clause shall, subject to the terms thereof and to any adaptations and modifications that may be made therein under article 372, continue in force until altered or repealed or amended by Parliament.

Explanation.—In this article, the expression "law in force" has the same meaning as in article 372.

(ii) ഈ ഭാഗം വഴി കുറ്റങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൃത്യങ്ങൾക്ക് ശിക്ഷ നിർണ്ണയിക്കുവാനും,

നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതും ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് അധികാരമുണ്ടായിരിക്കുന്നതല്ലാത്തതും; (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കൃത്യങ്ങൾക്ക് ശിക്ഷ നിർണ്ണയിക്കുവാനുള്ള നിയമങ്ങൾ ഈ ഭരണഘടന പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നതും വേഗത്തിൽ പാർലമെന്റ് ഉണ്ടാക്കേണ്ടതും;

(ഖ) ഭാരതത്തിന്റെ ഭൂപ്രദേശത്തിന് (ക) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ചോ ആ ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കുള്ള ശിക്ഷ വ്യവസ്ഥപ്പെടുത്തിക്കൊണ്ടോ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് നിലവിലിരുന്ന ഏതൊരു നിയമവും അതിലെ നിബന്ധനകളും, 372-ാം അനുച്ഛേദപ്രകാരം അതിൽ വരുത്താവുന്ന ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പാർലമെന്റ് വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്.

വിശദീകരണം.— ഈ അനുച്ഛേദത്തിൽ ''പ്രാബല്യത്തിലുള്ള നിയമം'' എന്ന പ്രയോഗത്തിന് 372-ാം അനുച്ഛേദത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

PART IV

DIRECTIVE PRINCIPLES OF STATE POLICY

36. Definition.—In this Part, unless the context otherwise requires, "the State" has the same meaning as in Part III.

37. Application of the principles contained in this Part.—The provisions contained in this Part shall not be enforceable by any court, but the principles therein laid down are nevertheless fundamental in the governance of the country and it shall be the duty of the State to apply these principles in making laws.

38. State to secure a social order for the promotion of welfare of the people.—[1][(1)] The State shall strive to promote the welfare of the people by securing and protecting as effectively as it may a social order in which justice, social, economic and political, shall inform all the institutions of the national life.

[2][(2) The State shall, in particular, strive to minimise the inequalities in income, and endeavour to eliminate inequalities in status, facilities and opportunities, not only amongst individuals but also amongst groups of people residing in different areas or engaged in different vocations.]

39. Certain principles of policy to be followed by the State.—The State shall, in particular, direct its policy towards securing-

(a) that the citizens, men and women equally, have the right to an adequate means of livelihood;

(b) that the ownership and control of the material resources of the community are so distributed as best to subserve the common good;

(c) that the operation of the economic system does not result in the concentration of wealth and means of production to the common detriment;

(d) that there is equal pay for equal work for both men and women;

(e) that the health and strength of workers, men and women, and the tender age of children are not abused and that citizens are not forced by economic necessity to enter avocations unsuited to their age or strength;

[3][*(f)* that children are given opportunities and facilities to develop in a healthy manner and in conditions of freedom and dignity and that childhood and youth are protected against exploitation and against moral and material abandonment.]

1. Art. 38 renumbered as cl. (1) thereof by the Constitution (Forty-fourth Amendment) Act, 1978, s.9 (w.e.f. 20-6-1979).
2. Ins. by s.9, ibid. (w.e.f. 20-6-1979).
3. Subs. by the Constitution (Forty-second Amendment) Act, 1976, s.7, for cl. (f) (w.e.f. 3-1-1977).

ഭാഗം IV

രാഷ്ട്ര നയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ

36. നിർവ്വചനം.— ഈ ഭാഗത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, ''രാഷ്ട്രം'' എന്നതിന് III-ാം ഭാഗത്തിലുള്ള അർത്ഥംതന്നെ ഉണ്ടായിരിക്കുന്നതാണ്.

37. ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വങ്ങളുടെ പ്രയോഗം.— ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഏതെങ്കിലും കോടതിക്ക് നടപ്പാക്കാവുന്നതല്ല, എന്നിരുന്നാലും അതിൽ പ്രതിപാദിച്ചിട്ടുള്ള തത്ത്വങ്ങൾ രാജ്യഭരണത്തിൽ മൗലികമായിരിക്കുന്നതും നിയമനിർമ്മാണത്തിൽ ഈ തത്ത്വങ്ങൾ പ്രയോഗിക്കുന്നത് രാഷ്ട്രത്തിന്റെ കർത്തവ്യം ആയിരിക്കുന്നതും ആകുന്നു.

38. ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതി രാഷ്ട്രം സംപ്രാപ്തമാക്കണമെന്ന്.— [1][(1)] സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ദേശീയ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളുടെയും അന്തസത്തയായിത്തീരുമാറുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി കഴിയുന്നത്ര ഫലപ്രദമാകുംവണ്ണം സംപ്രാപ്തമാക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.

[2][(2) വ്യക്തികളുടെ ഇടയിൽ മാത്രമല്ല വിഭിന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരും വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ജനവിഭാഗങ്ങളുടെ ഇടയിലും അവരുടെ വരുമാനത്തിലുള്ള അസമത്വങ്ങൾ കുറയ്ക്കുവാനും, പദവിയിലും സൗകര്യങ്ങളിലും അവസരങ്ങളിലും ഉള്ള അസമത്വങ്ങൾ ഇല്ലായ്മ ചെയ്യുവാനും രാഷ്ട്രം പ്രത്യേകിച്ച് യത്നിക്കേണ്ടതാണ്.]

39. രാഷ്ട്രം അനുവർത്തിക്കേണ്ട ചില നയതത്ത്വങ്ങൾ.— രാഷ്ട്രം, പ്രത്യേകിച്ച്—

(ക) പൗരന്മാർക്ക്, പുരുഷൻമാർക്കും സ്ത്രീകൾക്കും ഒരുപോലെ, മതിയായ ഉപജീവനോപായങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുക;

(ഖ) സമൂഹത്തിന്റെ ഭൗതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുനന്മയ്ക്ക് ഏറ്റവും ഉതകുന്ന വിധത്തിൽ വിതരണം ചെയ്യുക;

(ഗ) സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനം പൊതുഹാനിക്കിടയാകത്തക്കവണ്ണം സ്വത്തിന്റെയും ഉൽപ്പാദനോപാധികളുടെയും കേന്ദ്രീകരണം ഉണ്ടാകാതിരിക്കുക;

(ഘ) തുല്യ ജോലിക്ക് പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യമായ വേതനം ഉണ്ടായിരിക്കുക;

(ങ) തൊഴിലാളികളായ പുരുഷൻമാരുടെയും സ്ത്രീകളുടെയും ആരോഗ്യവും ശക്തിയും കുട്ടികളുടെ ഇളംപ്രായവും ദുർവിനിയോഗിക്കപ്പെടാതിരിക്കുകയും, പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത പണികളിൽ പ്രവേശിക്കുവാൻ സാമ്പത്തികാവശ്യത്താൽ പൗരന്മാർ നിർബന്ധിതരാകാതിരിക്കുകയും ചെയ്യുക;

[3][(ച) കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിലും സ്വാതന്ത്ര്യവും അന്തസ്സും ഉള്ള പരിതസ്ഥിതികളിലും വളരുവാൻ അവസരങ്ങളും സൗകര്യങ്ങളും നൽകുകയും, ചൂഷണത്തിൽ നിന്നും സാൻമാർഗ്ഗികവും ഭൗതികവുമായ പരിത്യജനത്തിൽ നിന്നും ബാല്യത്തെയും യൗവ്വനത്തേയും രക്ഷിക്കുകയും ചെയ്യുക,]

എന്നിവ സംപ്രാപ്തമാക്കുന്നത് അതിന്റെ നയത്തിന്റെ ലക്ഷ്യമാക്കേണ്ടതാണ്.

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം 38-ാം അനുച്ഛേദം ആ അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡമായി പുനരക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 9-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പു പ്രകാരം (ച) ഖണ്ഡത്തിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1][**39A. Equal justice and free legal aid.—**The State shall secure that the operation of the legal system promotes justice, on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way, to ensure that opportunities for securing justice are not denied to any citizen by reason of economic or other disabilities.]

40. Organisation of village panchayats.—The State shall take steps to organise village panchayats and endow them with such powers and authority as may be necessary to enable them to function as units of self-government.

41. Right to work, to education and to public assistance in certain cases.—The State shall, within the limits of its economic capacity and development, make effective provision for securing the right to work, to education and to public assistance in cases of unemployment, old age, sickness and disablement, and in other cases of undeserved want.

42. Provision for just and humane conditions of work and maternity relief.—The State shall make provision for securing just and humane conditions of work and for maternity relief.

43. Living wage, etc., for workers.—The State shall endeavour to secure, by suitable legislation or economic organisation or in any other way, to all workers, agricultural, industrial or otherwise, work, a living wage, conditions of work ensuring a decent standard of life and full enjoyment of leisure and social and cultural opportunities and, in particular, the State shall endeavour to promote cottage industries on an individual or co-operative basis in rural areas.

[2][**43A. Participation of workers in management of industries.—**The State shall take steps, by suitable legislation or in any other way, to secure the participation of workers in the management of undertakings, establishments or other organisations engaged in any industry.]

[3][**43B. Promotion of Co-operative Societies.—**The State shall endeavour to promote voluntary formation, autonomous functioning, democratic control and professional management of Co-operative societies.]

44. Uniform civil code for the citizens.—The State shall endeavour to secure for the citizens a uniform civil code throughout the territory of India.

[4][**45. Provision for early childhood care and education to children below the age of six years.—**The State shall endeavour to provide early childhood care and education for all children until they complete the age of six years.]

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s.8 (w.e.f. 3-1-1977).
2. Ins. by s. 9, ibid (w.e.f. 3-1-1977).
3. Ins. by the Constitution (Ninety seventh Amendment) Act, 2011, s.3.
4. Subs. by the Constitution (Eighty-sixth Amendment) Act, 2002, s.3.

[1][**39ക. തുല്യനീതിയും സൗജന്യ നിയമസഹായവും.**—നിയമവ്യവസ്ഥയുടെ പ്രവർത്തനം തുല്യാവസരത്തിന്റെ അടിസ്ഥാനത്തിൽ നീതി പുലർത്തുന്നു എന്ന് രാഷ്ട്രം ഉറപ്പുവരുത്തേണ്ടതും, പ്രത്യേകിച്ചും, നീതി ലഭിക്കുന്നതിനുള്ള അവസരങ്ങൾ സാമ്പത്തികമോ മറ്റോ ആയ അവശതകൾ കാരണം ഏതെങ്കിലും പൗരന് നിഷേധിക്കപ്പെടുന്നില്ലെന്ന് സുനിശ്ചിതമാക്കുവാൻ, തക്കതായ നിയമനിർമ്മാണം വഴിയോ പദ്ധതി വഴിയോ മറ്റേതെങ്കിലും വഴിയോ, സൗജന്യ നിയമ സഹായം ഏർപ്പെടുത്തേണ്ടതും ആകുന്നു.]

40. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കൽ.—ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാൻ രാഷ്ട്രം നടപടി എടുക്കേണ്ടതും സ്വയംഭരണത്തിന്റെ ഘടകങ്ങളായി അവയെ പ്രവർത്തനക്ഷമമാക്കുന്നതിലേക്ക് ആവശ്യമാകാവുന്ന അങ്ങനെയുള്ള കഴിവുകളും അധികാരവും അവയ്ക്ക് നൽകേണ്ടതും ആകുന്നു.

41. ചില അവസ്ഥകളിൽ ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനുമുള്ള അവകാശം.—തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, അംഗവൈകല്യം എന്നീ അവസ്ഥകളിലും അനർഹമായ ദാരിദ്ര്യം ഉണ്ടാകുന്ന മറ്റ് അവസ്ഥകളിലും ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനുമുള്ള അവകാശം ഉറപ്പ് വരുത്തുവാൻ രാഷ്ട്രം അതിന്റെ സാമ്പത്തികമായ കഴിവിന്റെയും വികസനത്തിന്റെയും പരിധിക്കുള്ളിൽ ഫലപ്രദമായ വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

42. ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾക്കും, പ്രസവസംബന്ധമായ ആശ്വാസത്തിനും വ്യവസ്ഥ.—ജോലിക്ക് നീതിപൂർവ്വകവും മനുഷ്യോചിതവുമായ നിബന്ധനകൾ ഉറപ്പുവരുത്തുന്നതിനും പ്രസവ സംബന്ധമായ ആശ്വാസത്തിനും രാഷ്ട്രം വ്യവസ്ഥ ചെയ്യേണ്ടതാണ്.

43. തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം മുതലായവ.—രാഷ്ട്രം, അനുയോജ്യമായ നിയമനിർമ്മാണം വഴിയോ സാമ്പത്തിക സംവിധാനം വഴിയോ മറ്റേതെങ്കിലും വിധത്തിലോ കാർഷിക തൊഴിലാളികളോ വ്യാവസായിക തൊഴിലാളികളോ മറ്റ് തരത്തിലുള്ള തൊഴിലാളികളോ ആയ എല്ലാ തൊഴിലാളികൾക്കും ജോലി, ഉപജീവനക്ഷമമായ വേതനം, മാന്യമായ ജീവിത നിലവാരവും വിശ്രമവേളയുടെ പൂർണ്ണാനുഭവവും ഉറപ്പുവരുത്തുന്ന സേവനവ്യവസ്ഥകൾ, സാമൂഹികവും സാംസ്കാരികവുമായ അവസരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് യത്നിക്കേണ്ടതും, പ്രത്യേകിച്ചും രാഷ്ട്രം ഗ്രാമ പ്രദേശങ്ങളിൽ കുടിൽ വ്യവസായങ്ങളെ ഒറ്റയ്ക്കും സഹകരണാടിസ്ഥാനത്തിലും അഭിവൃദ്ധിപ്പെടുത്തുവാൻ യത്നിക്കേണ്ടതും ആകുന്നു.

[2][**43ക. വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം.**—ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളുടെയോ സ്ഥാപനങ്ങളുടെയോ മറ്റു സംഘടനകളുടെയോ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം സംപ്രാപ്തമാക്കുവാൻ രാഷ്ട്രം തക്കതായ നിയമനിർമ്മാണം വഴിയോ, മറ്റേതെങ്കിലും വഴിയോ, നടപടികൾ എടുക്കേണ്ടതാണ്.]

[3][**43ഖ. സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ.**—സഹകരണ സംഘങ്ങളുടെ സ്വമേധയായുള്ള രൂപീകരണവും സ്വയംഭരണാവകാശത്തോടുകൂടിയുള്ള പ്രവർത്തനവും ജനാധിപത്യപരമായ നിയന്ത്രണവും വൈദഗ്ദ്ധ്യപൂർവ്വമായ നടത്തിപ്പും പ്രോൽസാഹിപ്പിക്കുന്നതിനായി രാഷ്ട്രം യത്നിക്കേണ്ടതാണ്.]

44. പൗരൻമാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത.—പൗരൻമാർക്ക് ഭാരതത്തിന്റെ ഭൂപ്രദേശം ഒട്ടാകെ ഏകരൂപമായ ഒരു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.

[4][**45. ആറ് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ശൈശവാരംഭത്തിൽത്തന്നെ പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള വ്യവസ്ഥ.**—എല്ലാ കുട്ടികൾക്കും, അവർക്ക് ആറ് വയസ്തികയുന്നതുവരെ ശൈശവാരംഭത്തിൽത്തന്നെ പരിചരണവും വിദ്യാഭ്യാസവും വ്യവസ്ഥ ചെയ്യുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.]

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 9-ാം വകുപ്പു പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 2011-ലെ ഭരണഘടന (തൊണ്ണൂറ്റിയേഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 2002-ലെ ഭരണഘടന (എൺപത്തിയാറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം പകരം ചേർത്തത്.

46. Promotion of educational and economic interests of Scheduled Castes, Scheduled Tribes and other weaker sections.—The State shall promote with special care the educational and economic interests of the weaker sections of the people, and, in particular, of the Scheduled Castes and the Scheduled Tribes, and shall protect them from social injustice and all forms of exploitation.

47. Duty of the State to raise the level of nutrition and the standard of living and to improve public health.—The State shall regard the raising of the level of nutrition and the standard of living of its people and the improvement of public health as among its primary duties and, in particular, the State shall endeavour to bring about prohibition of the consumption except for medicinal purposes of intoxicating drinks and of drugs which are injurious to health.

48. Organisation of agriculture and animal husbandry.—The State shall endeavour to organise agriculture and animal husbandry on modern and scientific lines and shall, in particular, take steps for preserving and improving the breeds, and prohibiting the slaughter, of cows and calves and other milch and draught cattle.

[1]**[48A. Protection and improvement of environment and safeguarding of forests and wildlife.—**The State shall endeavour to protect and improve the environment and to safeguard the forests and wildlife of the country.]

49.Protection of monuments and places and objects of national importance.— It shall be the obligation of the State to protect every monument or place or object of artistic or historic interest, [2][declared by or under law made by Parliament] to be of national importance, from spoilation, disfigurement, destruction, removal, disposal or export, as the case may be.

50. Separation of judiciary from executive.—The State shall take steps to separate the judiciary from the executive in the public services of the State.

51. Promotion of international peace and security.—The State shall endeavour to—

(a) promote international peace and security;

(b) maintain just and honourable relations between nations;

(c) foster respect for international law and treaty obligations in the dealings of organised peoples with one another; and

(d) encourage settlement of international disputes by arbitration.

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s.10, (w.e.f. 3-1-1977).
2. Subs. by the Constitution (Seventh Amendment) Act, 1956, s.27, for "declared by Parliament by law".

46. പട്ടികജാതികളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ.—രാഷ്ട്രം, ജനങ്ങളിൽ ദുർബ്ബലവിഭാഗങ്ങളുടെ, പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താത്പര്യങ്ങളെ പ്രത്യേക ശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അവരെ സാമൂഹികമായ അനീതിയിൽ നിന്നും എല്ലാവിധത്തിലുമുള്ള ചൂഷണത്തിൽ നിന്നും രക്ഷിക്കേണ്ടതും ആകുന്നു.

47. പോഷകാഹാരത്തിന്റെ നിലവാരവും ജീവിതത്തോതും ഉയർത്തുവാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും രാഷ്ട്രത്തിനുള്ള കർത്തവ്യം.—രാഷ്ട്രം, അതിലെ ജനങ്ങളുടെ പോഷകാഹാരത്തിന്റെ നിലവാരവും ജീവിതത്തോതും ഉയർത്തുന്നതും, പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതും അതിന്റെ പ്രാഥമിക കർത്തവ്യങ്ങളിൽപ്പെടുന്നവയായി പരിഗണിക്കേണ്ടതും, പ്രത്യേകിച്ച് ഔഷധീയാവശ്യങ്ങൾക്കായല്ലാതെ ലഹരി പിടിപ്പിക്കുന്ന പാനീയങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളുടെയും ഉപഭോഗത്തിന്റെ നിരോധനം നടപ്പിൽ കൊണ്ടുവരുവാൻ, രാഷ്ട്രം യത്നിക്കേണ്ടതും ആകുന്നു.

48. കൃഷിയും മൃഗസംരക്ഷണവും സംഘടിപ്പിക്കൽ.—രാഷ്ട്രം, കൃഷിയും മൃഗസംരക്ഷണവും ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ സംഘടിപ്പിക്കുവാൻ യത്നിക്കേണ്ടതും, പ്രത്യേകിച്ച്, പശുക്കളുടെയും, കിടാങ്ങളുടെയും, കറക്കുന്നതോ ഭാരം വലിക്കുന്നതോ ആയ മറ്റ് കന്നുകാലികളുടെയും ഇനങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവയുടെ കശാപ്പ് നിരോധിക്കുന്നതിനും നടപടികൾ എടുക്കേണ്ടതും ആകുന്നു.

[1] [**48ക. പരിസ്ഥിതി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും വനങ്ങളുടെയും വന്യജീവികളുടെയും പരിരക്ഷയും.**—പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവാനും, രാജ്യത്തിലെ വനങ്ങളെയും വന്യജീവികളെയും പരിരക്ഷിക്കുവാനും രാഷ്ട്രം യത്നിക്കേണ്ടതാണ്.]

49. ദേശീയ പ്രാധാന്യമുള്ള സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും വസ്തുക്കളുടെയും സംരക്ഷണം.—കലാപരമായോ ചരിത്രപരമായോ താൽപര്യം ഉളവാക്കുന്നതും ദേശീയ പ്രാധാന്യമുള്ളതായി [2] [പാർലമെന്റ് നിർമ്മിച്ചിട്ടുള്ള നിയമത്താലോ നിയമപ്രകാരമോ പ്രഖ്യാപിച്ചിട്ടുള്ളതും] ആയ ഓരോ സ്മാരകത്തെയും സ്ഥലത്തെയും വസ്തുവിനെയും, അതതു സംഗതിപോലെ, കൊള്ളയടിക്കുകയോ വിരൂപപ്പെടുത്തുകയോ നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ വിക്രയം ചെയ്യുകയോ കയറ്റുമതി ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാകുന്നു.

50. നീതിന്യായമണ്ഡലത്തെ നിർവ്വാഹകമണ്ഡലത്തിൽ നിന്ന് വേർതിരിക്കൽ.—രാഷ്ട്രത്തിന്റെ പബ്ലിക് സർവ്വീസുകളിൽ നീതിന്യായ മണ്ഡലത്തെ നിർവ്വാഹക മണ്ഡലത്തിൽ നിന്ന് വേർതിരിക്കാൻ രാഷ്ട്രം നടപടി എടുക്കേണ്ടതാണ്.

51. അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തൽ.—രാഷ്ട്രം—

(ക) അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തുന്നതിനും;

(ഖ) രാഷ്ട്രങ്ങൾ തമ്മിൽ നീതിപൂർവ്വകവും ബഹുമാന്യവുമായ ബന്ധങ്ങൾ നിലനിർത്തുന്നതിനും;

(ഗ) സംഘടിത ജനതകൾ പരസ്പരമുള്ള ഇടപാടുകളിൽ അന്താരാഷ്ട്ര നിയമത്തോടും സന്ധിബാദ്ധ്യതകളോടും ആദരവ് പുലർത്തുന്നതിനും;

(ഘ) അന്താരാഷ്ട്ര തർക്കങ്ങൾ മാദ്ധ്യസ്ഥം വഴി ഒത്തുതീർപ്പാക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും,

യത്നിക്കേണ്ടതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പുപ്രകാരം "പാർലമെന്റ് നിയമം വഴി പ്രഖ്യാപിച്ച്" എന്നതിനുപകരം ചേർത്തത്.

[1][PART IV A

FUNDAMENTAL DUTIES

51A. Fundamental Duties.—It shall be the duty of every citizen of India—

(a) to abide by the Constitution and respect its ideals and institutions, the National Flag and the National Anthem;

(b) to cherish and follow the noble ideals which inspired our national struggle for freedom;

(c) to uphold and protect the sovereignty, unity and integrity of India;

(d) to defend the country and render national service when called upon to do so;

(e) to promote harmony and the spirit of common brotherhood amongst all the people of India transcending religious, linguistic and regional or sectional diversities; to renounce practices derogatory to the dignity of women;

(f) to value and preserve the rich heritage of our composite culture;

(g) to protect and improve the natural environment including forests, lakes, rivers and wildlife, and to have compassion for living creatures;

(h) to develop the scientific temper, humanism and the spirit of inquiry and reform;

(i) to safeguard public property and to abjure violence;

(j) to strive towards excellence in all spheres of individual and collective activity so that the nation constantly rises to higher levels of endeavour and achievement.]

[2][(k)who is a parent or guardian to provide opportunities for education to his child or, as the case may be, ward between age of six and fourteen years.]

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s.11 (w.e.f. 3-1-1977).

2. Ins. by the Constitution (Eighty-sixth Amendment) Act, 2002, s.4.

[1] [ഭാഗം IVക

മൗലിക കർത്തവ്യങ്ങൾ

51ക. മൗലിക കർത്തവ്യങ്ങൾ.—താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്—

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.]

[2] [(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതുസംഗതിപോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.]

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2. 2002-ലെ ഭരണഘടന (എൺപത്തിയാറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

PART V

THE UNION

CHAPTER I—THE EXECUTIVE

The President and Vice-President

52. The President of India.—There shall be a President of India.

53. Executive power of the Union.—(1) The executive power of the Union shall be vested in the President and shall be exercised by him either directly or through officers subordinate to him in accordance with this Constitution.

(2) Without prejudice to the generality of the foregoing provision, the supreme command of the Defence Forces of the Union shall be vested in the President and the exercise thereof shall be regulated by law.

(3) Nothing in this article shall—

(a) be deemed to transfer to the President any functions conferred by any existing law on the Government of any State or other authority; or

(b) prevent Parliament from conferring by law functions on authorities other than the President.

54. Election of President.—The President shall be elected by the members of an electoral college consisting of—

(a) the elected members of both Houses of Parliament; and

(b) the elected members of the Legislative Assemblies of the States.

[1][*Explanation.*—In this article and in article 55, "State" includes the National Capital Territory of Delhi and the Union Territory of [2][Puducherry].]

55. Manner of election of President.—(1) As far as practicable, there shall be uniformity in the scale of representation of the different States at the election of the President.

(2) For the purpose of securing such uniformity among the States *inter se* as well as parity between the States as a whole and the Union, the number of votes which each elected member of Parliament and of the Legislative Assembly of each State is entitled to cast at such election shall be determined in the following manner:—

1. Ins. by the Constitution (Seventieth Amendment) Act, 1992, (w.e.f. 1-6-1995).
2. Subs. by the Pondicherry (Alteration of Name) Act, 2006 (44 of 2006) s.3, for "Pondicherry" (w.e.f. 1-10-2006).

ഭാഗം V

യൂണിയൻ

അദ്ധ്യായം I—നിർവ്വാഹക മണ്ഡലം

രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും

52. ഭാരതത്തിന്റെ രാഷ്ട്രപതി.—ഭാരതത്തിന് ഒരു രാഷ്ട്രപതി ഉണ്ടായിരിക്കേണ്ടതാകുന്നു.

53. യൂണിയന്റെ നിർവ്വാഹകാധികാരം.—(1) യൂണിയന്റെ നിർവ്വാഹകാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ ഭരണഘടനയനുസരിച്ച്, അദ്ദേഹം, നേരിട്ടോ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ വഴിയോ പ്രയോഗിക്കേണ്ടതും ആകുന്നു.

(2) മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം യൂണിയന്റെ പ്രതിരോധസേനകളുടെ പരമാധിപത്യം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നതും അതിന്റെ പ്രയോഗം നിയമം വഴി ക്രമപ്പെടുത്തേണ്ടതുമാകുന്നു.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും—

(ക) ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരിനോ മറ്റ് അധികാരസ്ഥാനത്തിനോ നിലവിലുള്ള ഏതെങ്കിലും നിയമം വഴി നൽകിയിട്ടുള്ള ഏതെങ്കിലും ചുമതലകൾ രാഷ്ട്രപതിക്ക് കൈമാറുന്നതോ;

(ഖ) രാഷ്ട്രപതിയല്ലാതെയുള്ള അധികാരസ്ഥാനങ്ങൾക്ക് നിയമം വഴി ചുമതലകൾ നൽകുന്നതിൽ നിന്ന് പാർലമെന്റിനെ തടയുന്നതോ,

ആയി കരുതപ്പെടാൻ പാടുള്ളതല്ല.

54. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്.— രാഷ്ട്രപതിയെ—

(ക) പാർലമെന്റിന്റെ ഇരു സഭകളിലേക്കും തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളും;

(ഖ) സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്ക് തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളും,

അടങ്ങിയ ഒരു സമ്മതിദായക ഗണത്തിലെ അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.

[1] [*വിശദീകരണം.*—ഈ അനുച്ഛേദത്തിലും 55-ാം അനുച്ഛേദത്തിലും "സംസ്ഥാനം" എന്നതിൽ ദേശീയ തലസ്ഥാനപ്രദേശമായ ഡൽഹിയും യൂണിയൻ പ്രദേശമായ [2] [പുതുച്ചേരി]യും ഉൾപ്പെടുന്നു.]

55. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന രീതി.—(1) വിവിധ സംസ്ഥാനങ്ങൾക്ക് രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പിലുള്ള പ്രാതിനിധ്യത്തിന്റെ തോതിന് പ്രായോഗികമാകുന്നിടത്തോളം ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതാണ്.

(2) സംസ്ഥാനങ്ങൾക്കിടയിൽ അങ്ങനെയുള്ള ഐകരൂപ്യവും, അതുപോലെതന്നെ, മുഴുവൻ സംസ്ഥാനങ്ങളും യൂണിയനും തമ്മിൽ തുല്യതയും സംപ്രാപ്തമാക്കുന്നതിന്, പാർലമെന്റിലെയും ഓരോ സംസ്ഥാന നിയമസഭയിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്താൻ അവകാശപ്പെട്ട വോട്ടുകളുടെ സംഖ്യ താഴെ ചേർത്തിരിക്കുന്ന രീതിയിൽ നിശ്ചയിക്കേണ്ടതാണ്:—

1. 1992-ലെ ഭരണഘടന (എഴുപതാം ഭേദഗതി) ആക്റ്റ് പ്രകാരം ചേർത്തത് (1-6-1995 മുതൽ പ്രാബല്യം).
2. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ്, (2006-ലെ 44) 3-ാം വകുപ്പുപ്രകാരം "പോണ്ടിച്ചേരി" എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).

(a) every elected member of the Legislative Assembly of a State shall have as many votes as there are multiples of one thousand in the quotient obtained by dividing the population of the State by the total number of the elected members of the Assembly;

(b) if, after taking the said multiples of one thousand, the remainder is not less than five hundred, then the vote of each member referred to in sub-clause *(a)* shall be further increased by one;

(c) each elected member of either House of Parliament shall have such number of votes as may be obtained by dividing the total number of votes assigned to the members of the Legislative Assemblies of the States under sub-clauses *(a)* and *(b)* by the total number of the elected members of both Houses of Parliament, fractions exceeding one-half being counted as one and other fractions being disregarded.

(3) The election of the President shall be held in accordance with the system of proportional representation by means of the single transferable vote and the voting at such election shall be by secret ballot.

[1][*Explanation.*—In this article, the expression "population" means the population as ascertained at the last preceding census of which the relevant figures have been published:

Provided that the reference in this *Explanation* to the last preceding census of which the relevant figures have been published shall, until the relevant figures for the first census taken after the year [2][2026] have been published, be construed as a reference to the 1971 census.]

56. Term of office of President.—(1) The President shall hold office for a term of five years from the date on which he enters upon his office:

Provided that—

(a) the President may, by writing under his hand addressed to the Vice-President, resign his office;

(b) the President may, for violation of the Constitution, be removed from office by impeachment in the manner provided in article 61;

(c) the President shall, notwithstanding the expiration of his term, continue to hold office until his successor enters upon his office.

(2) Any resignation addressed to the Vice-President under clause *(a)* of the proviso to clause (1) shall forthwith be communicated by him to the Speaker of the House of the People.

57. Eligibility for re-election.—A person who holds, or who has held, office as President shall, subject to the other provisions of this Constitution, be eligible for re-election to that office.

---

1. Subs. by the Constitution (Forty-second Amendment) Act, 1976, s.12, for the explanation (w.e.f. 3-1-1977).

2. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 2, for "2000".

(ക) ഒരു സംസ്ഥാന നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനും ആ സംസ്ഥാനത്തെ ജനസംഖ്യയെ, സഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ സംഖ്യകൊണ്ട് ഹരിച്ചുകിട്ടുന്ന ഹരണഫലത്തിൽ ആയിരത്തിന്റെ ഗുണിതങ്ങൾ എത്രയുണ്ടോ അത്രയും വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ്;

(ഖ) മേൽപ്പറഞ്ഞ ആയിരത്തിന്റെ ഗുണിതങ്ങൾ എടുത്തതിനുശേഷം വരുന്ന ശിഷ്ടം അഞ്ഞൂറിൽ കുറവല്ലെങ്കിൽ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിന്റെയും വോട്ടുകളോട് ഒന്ന് കൂടി വർദ്ധിപ്പിക്കേണ്ടതാണ്;

(ഗ) പാർലമെന്റിന്റെ ഇരുസഭകളിൽ ഒന്നിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും (ക)-യും (ഖ)-യും ഉപഖണ്ഡങ്ങൾ പ്രകാരം സംസ്ഥാനങ്ങളിലെ നിയമസഭകളിലെ അംഗങ്ങൾക്ക് തിരിച്ചുവച്ചിട്ടുള്ള വോട്ടുകളുടെ ആകെ സംഖ്യയെ പാർലമെന്റിന്റെ ഇരുസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ സംഖ്യകൊണ്ട് ഹരിക്കുമ്പോൾ പകുതിയിൽ കൂടുതലുള്ള ഭിന്നസംഖ്യകളെ ഒന്ന് എന്ന് എണ്ണുകയും മറ്റു ഭിന്നസംഖ്യകളെ വിഗണിക്കുകയും ചെയ്താൽ കിട്ടുന്നിടത്തോളം എണ്ണം വോട്ടുകൾ ഉണ്ടായിരിക്കുന്നതാണ്.

(3) രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്, കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടുവഴി, ആനുപാതിക പ്രാതിനിധ്യസമ്പ്രദായം അനുസരിച്ച് നടത്തപ്പെടേണ്ടതും, അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നത് രഹസ്യബാലറ്റ് വഴി ആയിരിക്കേണ്ടതും ആകുന്നു.

[1] [*വിശദീകരണം*.—ഈ അനുച്ഛേദത്തിൽ "ജനസംഖ്യ" എന്ന പദത്തിന്, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം, [2] [2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിയുടെ പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, 1971-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കരുതേണ്ടതാണ്.]

56. രാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി.—(1) രാഷ്ട്രപതി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ—

(ക) രാഷ്ട്രപതിക്ക്, ഉപരാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ്;

(ഖ) രാഷ്ട്രപതിയെ, ഭരണഘടനയുടെ ലംഘനത്തിന് 61-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ആക്ഷേപവിചാരണ നടത്തി ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്;

(ഗ) രാഷ്ട്രപതി, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിന്റെ പിൻഗാമി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം ഉപരാഷ്ട്രപതിയെ സംബോധനം ചെയ്തുകൊണ്ടുള്ള ഏതെങ്കിലും രാജി അദ്ദേഹം ഉടനടി ലോകസഭയുടെ സ്പീക്കറെ അറിയിക്കേണ്ടതാണ്.

57. വീണ്ടും തെരഞ്ഞെടുക്കപ്പെടുവാനുള്ള അർഹത.—രാഷ്ട്രപതിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ആൾക്ക്, ഈ ഭരണഘടനയിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, വീണ്ടും ആ ഉദ്യോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം വിശദീകരണത്തിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "2000" എന്നതിന് പകരം ചേർത്തത്.

58. Qualifications for election as President.—(1) No person shall be eligible for election as President unless he—

(a) is a citizen of India,

(b) has completed the age of thirty-five years, and

(c) is qualified for election as a member of the House of the People.

(2) A person shall not be eligible for election as President if he holds any office of profit under the Government of India or the Government of any State or under any local or other authority subject to the control of any of the said Governments.

Explanation.— For the purposes of this article, a person shall not be deemed to hold any office of profit by reason only that he is the President or Vice-President of the Union or the Governor [1][***] of any State or is a Minister either for the Union or for any State.

59. Conditions of President's office.—(1) The President shall not be a member of either House of Parliament or of a House of the Legislature of any State, and if a member of either House of Parliament or of a House of the Legislature of any State be elected President, he shall be deemed to have vacated his seat in that House on the date on which he enters upon his office as President.

(2) The President shall not hold any other office of profit.

(3) The President shall be entitled without payment of rent to the use of his official residences and shall be also entitled to such emoluments, allowances and privileges as may be determined by Parliament by law and, until provision in that behalf is so made, such emoluments, allowances and privileges as are specified in the Second Schedule.

(4) The emoluments and allowances of the President shall not be diminished during his term of office.

60. Oath or affirmation by the President.—Every President and every person acting as President or discharging the functions of the President shall, before entering upon his office, make and subscribe in the presence of the Chief Justice of India or, in his absence, the senior most Judge of the Supreme Court available, an oath or affirmation in the following form, that is to say—

"I, A.B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will faithfully execute the office of President (or discharge the functions of the President) of India and will to the best of my ability preserve, protect and defend the Constitution and the law and that I will devote myself to the service and well-being of the people of India.".

1. The words "or Rajpramukh or Uparajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

58. രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ.—(1) യാതൊരാളും, ആ ആൾ,

(ക) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയും,

(ഖ) മുപ്പത്തിയഞ്ച് വയസ്സ് തികഞ്ഞിട്ടില്ലാത്തവനായിരിക്കുകയും,

(ഗ) ലോകസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയില്ലാത്തവനായിരിക്കുകയും,

ചെയ്യുന്നപക്ഷം, രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

(2) ഒരാൾ, ആ ആൾ ഭാരത സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിലോ മേൽപ്പറഞ്ഞ സർക്കാരുകളിൽ ഏതിന്റെയെങ്കിലും നിയന്ത്രണത്തിന് വിധേയമായ ഏതെങ്കിലും തദ്ദേശ്യമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കീഴിൽ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നുവെങ്കിൽ, രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

വിശദീകരണം.—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഒരാൾ, ആ ആൾ യൂണിയന്റെ രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറോ [1][***] യൂണിയനിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ ഒരു മന്ത്രിയോ ആയിരിക്കുന്നു എന്ന കാരണത്താൽ മാത്രം, ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

59. രാഷ്ട്രപതിസ്ഥാനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ.—(1) രാഷ്ട്രപതി പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയോ അംഗമായിരിക്കുവാൻ പാടില്ലാത്തതും പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയോ ഒരു അംഗം രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ അദ്ദേഹം രാഷ്ട്രപതിയായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിയിൽ ആ സഭയിലെ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(2) രാഷ്ട്രപതി ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതിക്ക് വാടക കൊടുക്കാതെ തന്റെ ഔദ്യോഗിക വസതികൾ ഉപയോഗിക്കുന്നതിനു അവകാശമുണ്ടായിരിക്കുന്നതും, കൂടാതെ പാർലമെന്റ് നിയമം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദേശിച്ചിട്ടുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4) രാഷ്ട്രപതിയുടെ വേതനവും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധിക്കിടയിൽ കുറവു ചെയ്യുവാൻ പാടുള്ളതല്ല.

60. രാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ.—ഓരോ രാഷ്ട്രപതിയും രാഷ്ട്രപതിയായി പകരം ജോലി നോക്കുകയോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന ഓരോ ആളും, ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുൻപ് ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെയോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ സുപ്രീംകോടതിയിൽ ലഭ്യമാകുന്ന പദവിയിൽ ഏറ്റവും മുതിർന്ന ജഡ്ജിയുടേയോ സാന്നിദ്ധ്യത്തിൽ താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ്, അതായത്—

"ക. ഖ. എന്ന ഞാൻ വിശ്വസ്തതയോടെ ഭാരതത്തിന്റെ രാഷ്ട്രപതിയുടെ ഉദ്യോഗം നിർവ്വഹിക്കും (അല്ലെങ്കിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കും) എന്നും എന്റെ കഴിവിന്റെ പരമാവധി ഭരണഘടനയും നിയമവും നിലനിറുത്തുകയും രക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ഭാരതത്തിലെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.".

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "രാജപ്രമുഖൻ അല്ലെങ്കിൽ ഉപരാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

61. Procedure for impeachment of the President.—(1) When a President is to be impeached for violation of the Constitution, the charge shall be preferred by either House of Parliament.

(2) No such charge shall be preferred unless—

(a) the proposal to prefer such charge is contained in a resolution which has been moved after at least fourteen days' notice in writing signed by not less than one-fourth of the total number of members of the House has been given of their intention to move the resolution; and

(b) such resolution has been passed by a majority of not less than two-thirds of the total membership of the House.

(3) When a charge has been so preferred by either House of Parliament, the other House shall investigate the charge or cause the charge to be investigated and the President shall have the right to appear and to be represented at such investigation.

(4) If as a result of the investigation a resolution is passed by a majority of not less than two-thirds of the total membership of the House by which the charge was investigated or caused to be investigated, declaring that the charge preferred against the President has been sustained, such resolution shall have the effect of removing the President from his office as from the date on which the resolution is so passed.

62. Time of holding election to fill vacancy in the office of President and the term of office of person elected to fill casual vacancy.—(1) An election to fill a vacancy caused by the expiration of the term of office of President shall be completed before the expiration of the term.

(2) An election to fill a vacancy in the office of President occurring by reason of his death, resignation or removal, or otherwise shall be held as soon as possible after, and in no case later than six months from, the date of occurrence of the vacancy; and the person elected to fill the vacancy shall, subject to the provisions of article 56, be entitled to hold office for the full term of five years from the date on which he enters upon his office.

63. The Vice-President of India.—There shall be a Vice-President of India.

64. The Vice-President to be *ex officio* Chairman of the Council of States.—The Vice-President shall be *ex officio* Chairman of the Council of States and shall not hold any other office of profit:

Provided that during any period when the Vice-President acts as President or discharges the functions of the President under article 65, he shall not perform the duties of the office of Chairman of the Council of States and shall not be entitled to any salary or allowance payable to the Chairman of the Council of States under article 97.

61. രാഷ്ട്രപതിയുടെ ആക്ഷേപവിചാരണയ്ക്കുള്ള നടപടിക്രമം.—(1) ഒരു രാഷ്ട്രപതിയെ ഭരണഘടന ലംഘിച്ചതിന് ആക്ഷേപവിചാരണ നടത്തേണ്ടിവരുമ്പോൾ അതിനുള്ള ആരോപണം പാർലമെന്റിന്റെ ഇരു സഭകളിൽ ഏതെങ്കിലും ഒന്നിൽ ഉന്നയിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള യാതൊരു ആരോപണവും—

(ക) ആ ആരോപണം ഉന്നയിക്കുന്നതിനുള്ള നിർദ്ദേശം ഒരു പ്രമേയത്തിൽ അടങ്ങിയിരിക്കുകയും ആ പ്രമേയം അവതരിപ്പിക്കുവാനുള്ള തങ്ങളുടെ ഉദ്ദേശ്യത്തെക്കുറിച്ച് ആ സഭയുടെ ആകെയുള്ള അംഗസംഖ്യയുടെ നാലിൽ ഒന്നിൽ കുറയാതെയുള്ള അംഗങ്ങൾ ഒപ്പിട്ട് കുറഞ്ഞത് പതിന്നാല് ദിവസത്തെ രേഖാമൂലമായ നോട്ടീസ് കൊടുത്തതിനുശേഷം അവതരിപ്പിക്കുകയും;

(ഖ) ആ സഭയുടെ ആകെ അംഗസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാതെയുള്ള ഭൂരിപക്ഷത്തോടുകൂടി ആ പ്രമേയം പാസ്സാക്കുകയും,

ചെയ്യാത്തപക്ഷം ഉന്നയിക്കാവുന്നതല്ല.

(3) ഒരു ആരോപണം പാർലമെന്റിന്റെ ഇരു സഭകളിൽ ഏതെങ്കിലും ഒന്നിൽ അപ്രകാരം ഉന്നയിച്ചിട്ടുള്ളപ്പോൾ മറ്റേ സഭ ആ ആരോപണത്തെപ്പറ്റി അന്വേഷിക്കുകയോ അന്വേഷിപ്പിക്കുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള അന്വേഷണത്തിൽ സന്നിഹിതനാകുന്നതിനും പ്രതിനിധാനം ചെയ്യപ്പെടുന്നതിനും രാഷ്ട്രപതിക്ക് അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4) ആ അന്വേഷണത്തിന്റെ ഫലമായി, ആ ആരോപണം അന്വേഷിച്ചതോ അന്വേഷിപ്പിച്ചതോ ആയ സഭയുടെ ആകെ അംഗസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷം രാഷ്ട്രപതിക്ക് എതിരായി ഉന്നയിച്ചിട്ടുള്ള ആ ആരോപണം നിലനിർത്തിയിട്ടുള്ളതായി പ്രഖ്യാപിക്കുന്ന ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ, അങ്ങനെയുള്ള പ്രമേയത്തിന്, ആ പ്രമേയം അപ്രകാരം പാസ്സാക്കുന്ന തീയതി മുതൽ, രാഷ്ട്രപതിയെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുക എന്ന ഫലം ഉണ്ടായിരിക്കുന്നതാണ്.

62. രാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗ കാലാവധിയും.—(1) രാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി അവസാനിക്കുക നിമിത്തം ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ്, ആ കാലാവധി അവസാനിക്കുന്നതിനു മുൻപ് പൂർത്തിയാക്കേണ്ടതാകുന്നു.

(2) രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ, അദ്ദേഹത്തിന്റെ മരണമോ രാജിയോ അല്ലെങ്കിൽ നീക്കം ചെയ്യപ്പെടലോ നിമിത്തമോ അല്ലെങ്കിൽ മറ്റുവിധത്തിലോ, ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ് ആ ഒഴിവ് ഉണ്ടായ തീയതിക്കുശേഷം, കഴിയുന്നതും വേഗം, യാതൊരു കാരണവശാലും ആറുമാസത്തിലധികം കഴിയാതെ, നടത്തേണ്ടതും, ആ ഒഴിവ് നികത്തുവാൻ തെരഞ്ഞെടുക്കപ്പെടുന്ന ആൾക്ക്, 56-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പൂർണ്ണകാലാവധിയായ അഞ്ചുവർഷത്തേക്ക് ഉദ്യോഗം വഹിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

63. ഭാരതത്തിന്റെ ഉപരാഷ്ട്രപതി.—ഭാരതത്തിന് ഒരു ഉപരാഷ്ട്രപതി ഉണ്ടായിരിക്കേണ്ടതാകുന്നു.

64. ഉപരാഷ്ട്രപതി ഔദ്യോഗിക നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷൻ ആയിരിക്കുമെന്ന്.—ഉപരാഷ്ട്രപതി ഔദ്യോഗികനിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും അദ്ദേഹം ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ, ഉപരാഷ്ട്രപതി, 65-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയായി ജോലിനോക്കുകയോ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന ഏതെങ്കിലും കാലത്ത്, രാജ്യസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ അദ്ദേഹം നിർവ്വഹിക്കുവാൻ പാടില്ലാത്തതും, 97-ാം അനുച്ഛേദപ്രകാരം രാജ്യസഭയുടെ അദ്ധ്യക്ഷന് നൽകേണ്ട ഏതെങ്കിലും ശമ്പളത്തിനോ ബത്തകൾക്കോ അദ്ദേഹത്തിന് അവകാശം ഇല്ലാത്തതുമാകുന്നു.

65. The Vice-President to act as President or to discharge his functions during casual vacancies in the office, or during the absence, of President.—(1) In the event of the occurrence of any vacancy in the office of the President by reason of his death, resignation or removal, or otherwise, the Vice-President shall act as President until the date on which a new President elected in accordance with the provisions of this Chapter to fill such vacancy enters upon his office.

(2) When the President is unable to discharge his functions owing to absence, illness or any other cause, the Vice-President shall discharge his functions until the date on which the President resumes his duties.

(3) The Vice-President shall, during, and in respect of, the period while he is so acting as, or discharging the functions of, President, have all the powers and immunities of the President and be entitled to such emoluments, allowances and privileges as may be determined by Parliament by law and, until provision in that behalf is so made, such emoluments, allowances and privileges as are specified in the Second Schedule.

66. Election of Vice-President.—(1) The Vice-President shall be elected by the [1][members of an electoral college consisting of the members of both Houses of Parliament] in accordance with the system of proportional representation by means of the single transferable vote and the voting at such election shall be by secret ballot.

(2) The Vice-President shall not be a member of either House of Parliament or of a House of the Legislature of any State, and if a member of either House of Parliament or of a House of the Legislature of any State be elected Vice-President, he shall be deemed to have vacated his seat in that House on the date on which he enters upon his office as Vice- President.

(3) No person shall be eligible for election as Vice-President unless he—

(a) is a citizen of India;

(b) has completed the age of thirty-five years; and

(c) is qualified for election as a member of the Council of States.

(4) A person shall not be eligible for election as Vice-President if he holds any office of profit under the Government of India or the Government of any State or under any local or other authority subject to the control of any of the said Governments.

1. Subs. by the Constitution (Eleventh Amendment) Act, 1961, s. 2 for "members of both Houses of Parliament assembled at a joint meeting".

65. രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ യാദൃശ്ചികമായി ഉണ്ടാകുന്ന ഒഴിവുകളിലോ രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിലോ ഉപരാഷ്ട്രപതി രാഷ്ട്രപതിയായി ജോലി നോക്കുകയോ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യണമെന്ന്.—(1) രാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ, അദ്ദേഹത്തിന്റെ മരണമോ രാജിയോ നിമിത്തമോ അദ്ദേഹത്തെ നീക്കം ചെയ്യുന്നത് നിമിത്തമോ മറ്റുവിധത്തിലോ ഏതെങ്കിലും ഒഴിവുണ്ടാകുന്ന സന്ദർഭത്തിൽ ആ ഒഴിവ് നികത്തുവാൻ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ രാഷ്ട്രപതി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിവരെ ഉപരാഷ്ട്രപതി രാഷ്ട്രപതിയായി ജോലി നോക്കേണ്ടതാണ്.

(2) അസാന്നിദ്ധ്യത്താലോ രോഗത്താലോ മറ്റേതെങ്കിലും കാരണത്താലോ രാഷ്ട്രപതിക്ക് തന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതെ വരുമ്പോൾ, രാഷ്ട്രപതി തന്റെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്ന തീയതിവരെ, അദ്ദേഹത്തിന്റെ ചുമതലകൾ ഉപരാഷ്ട്രപതി നിർവ്വഹിക്കേണ്ടതാണ്.

(3) ഉപരാഷ്ട്രപതിക്ക്, അദ്ദേഹം അപ്രകാരം രാഷ്ട്രപതിയായി ജോലിനോക്കുകയോ, രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന കാലത്തും ആ കാലത്തെ സംബന്ധിച്ചും രാഷ്ട്രപതിയുടെ എല്ലാ അധികാരങ്ങളും ബാദ്ധ്യതയില്ലായ്മകളും ഉണ്ടായിരിക്കുന്നതും, പാർലമെന്റ് നിയമം വഴി നിശ്ചയിക്കുന്ന വിധത്തിലുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വേതനത്തിനും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

66. ഉപരാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്.—(1) ഉപരാഷ്ട്രപതിയെ [1] [പാർലമെന്റിന്റെ ഇരു സഭകളിലെയും അംഗങ്ങൾ അടങ്ങിയ ഒരു സമ്മതിദായകഗണത്തിലെ അംഗങ്ങൾ] കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടുവഴി ആനുപാതിക പ്രാതിനിധ്യസമ്പ്രദായമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതും അങ്ങനെയുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നത് രഹസ്യബാലറ്റ് വഴി ആയിരിക്കേണ്ടതും ആകുന്നു.

(2) ഉപരാഷ്ട്രപതി, പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലോ അംഗമായിരിക്കുവാൻ പാടില്ലാത്തും, പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലുമോ ഏതെങ്കിലും സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയോ ഒരംഗം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ, അദ്ദേഹം ഉപരാഷ്ട്രപതിയായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതിയിൽ ആ സഭയിലെ അംഗത്വം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(3) യാതൊരാളും, അയാൾ—

(ക) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയും;

(ഖ) മുപ്പത്തിയഞ്ച് വയസ്സ് തികഞ്ഞിട്ടില്ലാത്ത ആളായിരിക്കുകയും;

(ഗ) രാജ്യസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയില്ലാത്ത ആളായിരിക്കുകയും,

ചെയ്യുന്നപക്ഷം ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

(4) ഒരാൾ, ആ ആൾ ഭാരത സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിലോ മേൽപ്പറഞ്ഞ സർക്കാരുകളിൽ ഏതിന്റെയെങ്കിലും നിയന്ത്രണത്തിനു വിധേയമായ ഏതെങ്കിലും തദ്ദേശ്യമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കീഴിലോ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നുവെങ്കിൽ, ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

---

1. 1961-ലെ ഭരണഘടന (പതിനൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പാർലമെന്റിന്റെ ഇരു സഭകളുടെയും ഒരു സംയുക്തയോഗത്തിൽ സമ്മേളിച്ചിട്ടുള്ള അംഗങ്ങൾ" എന്നതിനു പകരം ചേർത്തത്.

Explanation.—For the purposes of this article, a person shall not be deemed to hold any office of profit by reason only that he is the President or Vice-President of the Union or the Governor [1][***] of any State or is a Minister either for the Union or for any State.

67. Term of office of Vice-President.—The Vice-President shall hold office for a term of five years from the date on which he enters upon his office:

Provided that—

(a) a Vice-President may, by writing under his hand addressed to the President, resign his office;

(b) a Vice-President may be removed from his office by a resolution of the Council of States passed by a majority of all the then members of the Council and agreed to by the House of the People; but no resolution for the purpose of this clause shall be moved unless at least fourteen days' notice has been given of the intention to move the resolution;

(c) a Vice-President shall, notwithstanding the expiration of his term, continue to hold office until his successor enters upon his office.

68. Time of holding election to fill vacancy in the office of Vice-President and the term of office of person elected to fill casual vacancy.—(1) An election to fill a vacancy caused by the expiration of the term of office of Vice-President shall be completed before the expiration of the term.

(2) An election to fill a vacancy in the office of Vice-President occurring by reason of his death, resignation or removal, or otherwise shall be held as soon as possible after the occurrence of the vacancy, and the person elected to fill the vacancy shall, subject to the provisions of article 67, be entitled to hold office for the full term of five years from the date on which he enters upon his office.

69. Oath or affirmation by the Vice-President.—Every Vice-President shall, before entering upon his office, make and subscribe before the President, or some person appointed in that behalf by him, an oath or affirmation in the following form, that is to say—

"I, A.B.,do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established and that I will faithfully discharge the duty upon which I am about to enter.".

---

[1] The words "or Rajpramukh or Uparajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

വിശദീകരണം.—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഒരാൾ, ആ ആൾ യൂണിയന്റെ രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറോ [1] [***] യൂണിയനിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ ഒരു മന്ത്രിയോ ആയിരിക്കുന്നു എന്ന കാരണത്താൽ മാത്രം, ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

67. ഉപരാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി.—ഉപരാഷ്ട്രപതി, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ—

(ക) ഉപരാഷ്ട്രപതിക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഖ) ഉപരാഷ്ട്രപതിയെ, രാജ്യസഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷ ത്തോടുകൂടി പാസ്സാക്കുകയും ലോകസഭ അനുകൂലിക്കുകയും ചെയ്തിട്ടുള്ള ആ സഭയുടെ ഒരു പ്രമേയം വഴി അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്; എന്നാൽ ഈ ഖണ്ഡത്തിന്റെ ആവശ്യത്തിന് യാതൊരു പ്രമേയവും ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലു ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കാൻ പാടുള്ളതല്ല;

(ഗ) ഉപരാഷ്ട്രപതി, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിന്റെ പിൻഗാമി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

68. ഉപരാഷ്ട്രപതിയുടെ ഉദ്യോഗത്തിലുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടത്തുവാ നുള്ള സമയവും യാദൃശ്ചികമായുള്ള ഒഴിവ് നികത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ആളുടെ ഉദ്യോഗ കാലാവധിയും.—(1) ഉപരാഷ്ട്രപതിയുടെ ഉദ്യോഗ കാലാവധി അവസാനിക്കുക നിമിത്തം ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ് ആ കാലാവധി അവസാനിക്കുന്നതിനുമുൻപ് പൂർത്തിയാക്കേണ്ടതാണ്.

(2) ഉപരാഷ്ട്രപതിയുടെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണമോ രാജിയോ അല്ലെങ്കിൽ നീക്കം ചെയ്യപ്പെടലോ നിമിത്തമോ അല്ലെങ്കിൽ മറ്റു വിധത്തിലോ ഉണ്ടാകുന്ന ഒഴിവ് നികത്തുവാനുള്ള തെരഞ്ഞെടുപ്പ്, ആ ഒഴിവ് ഉണ്ടായതിനുശേഷം കഴിയുന്നതും വേഗം നടത്തേണ്ടതും, ആ ഒഴിവ് നികത്തുവാൻ തിരഞ്ഞെടുക്കപ്പെടുന്ന ആൾക്ക്, 67-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പൂർണ്ണ കാലാവധിയായ അഞ്ചുവർഷത്തേക്ക് ഉദ്യോഗം വഹിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

69. ഉപരാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ.—ഓരോ ഉപരാഷ്ട്രപതിയും അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുൻപാകെ താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാകുന്നു, അതായത്—

"ക. ഖ., എന്ന ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഇപ്പോൾ ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം വിശ്വസ്തതയോടെ നിർവ്വഹിക്കുമെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.".

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "രാജപ്രമുഖൻ അല്ലെങ്കിൽ ഉപരാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

70. Discharge of President's functions in other contingencies.— Parliament may make such provision as it thinks fit for the discharge of the functions of the President in any contingency not provided for in this Chapter.

[1][**71. Matters relating to, or connected with, the election of a President or Vice-President.—**(1) All doubts and disputes arising out of or in connection with the election of a President or Vice-President shall be inquired into and decided by the Supreme Court whose decision shall be final.

(2) If the election of a person as President or Vice-President is declared void by the Supreme Court, acts done by him in the exercise and performance of the powers and duties of the office of President or Vice-President, as the case may be, on or before the date of the decision of the Supreme Court shall not be invalidated by reason of that declaration.

(3) Subject to the provisions of this Constitution, Parliament may by law regulate any matter relating to or connected with the election of a President or Vice-President.

(4) The election of a person as President or Vice-President shall not be called in question on the ground of the existence of any vacancy for whatever reason among the members of the electoral college electing him.]

72. Power of President to grant pardons, etc., and to suspend, remit or commute sentences in certain cases.—(1) The President shall have the power to grant pardons, reprieves, respites or remissions of punishment or to suspend, remit or commute the sentence of any person convicted of any offence—

(a) in all cases where the punishment or sentence is by a Court Martial;

(b) in all cases where the punishment or sentence is for an offence against any law relating to a matter to which the executive power of the Union extends;

(c) in all cases where the sentence is a sentence of death.

(2) Nothing in sub-clause *(a)* of clause (1) shall affect the power conferred by law on any officer of the Armed Forces of the Union to suspend, remit or commute a sentence passed by a Court Martial.

---

1. Art. 71 has been successively subs. by the Constitution (Thirty-ninth Amendment) Act, 1975, s. 2 (w.e.f. 10-8-1975) and the Constitution (Forty-fourth Amendment) Act, 1978, s. 10, to read as above (w.e.f. 20-6-1979).

70. മറ്റ് അപ്രതീക്ഷിത സന്ദർഭങ്ങളിൽ രാഷ്ട്രപതിയുടെ ചുമതലകളുടെ നിർവ്വഹണം.—ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും അപ്രതീക്ഷിത സന്ദർഭങ്ങളിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന്, പാർലമെന്റിന് യുക്തമെന്നു അത് കരുതുന്ന അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

[1][**71. രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പ് സംബന്ധിച്ചതോ, അതിനോട് ബന്ധപ്പെട്ടതോ ആയ വിഷയങ്ങൾ.**—(1) രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉത്ഭവിക്കുന്ന എല്ലാ സംശയങ്ങളും തർക്കങ്ങളും സുപ്രീംകോടതി അന്വേഷണവിചാരണനടത്തി തീരുമാനിക്കേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ആയുള്ള ഒരാളുടെ തെരഞ്ഞെടുപ്പ് അസാധുവാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കുന്നുവെങ്കിൽ, സുപ്രീംകോടതിയുടെ ആ തീരുമാനത്തിന്റെ തീയതിയിലോ അതിനുമുൻപോ രാഷ്ട്രപതിയുടെയോ, ഉപരാഷ്ട്രപതിയുടെയോ, അതതുസംഗതിപോലെ, ഉദ്യോഗത്തിന്റെ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തിലും നിർവ്വഹണത്തിലും അദ്ദേഹം ചെയ്തിട്ടുള്ള കൃത്യങ്ങൾ ആ പ്രഖ്യാപനം നിമിത്തം അസാധുവാകുന്നതല്ല.

(3) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പു സംബന്ധിച്ചതോ അതിനോട് ബന്ധപ്പെട്ടതോ ആയ ഏതു വിഷയവും പാർലമെന്റിന് നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(4) രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ആയുള്ള ഒരാളുടെ തെരഞ്ഞെടുപ്പ്, അദ്ദേഹത്തെ തെരഞ്ഞെടുക്കുന്ന സമ്മതിദായകഗണത്തിലെ അംഗങ്ങളുടെ ഇടയിൽ ഏതെങ്കിലും ഒഴിവുണ്ട് എന്ന കാരണത്തിൻമേൽ, അതിന് കാരണം എന്തുതന്നെ ആയാലും ചോദ്യം ചെയ്യാവുന്നതല്ല.]

72. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധികൾ നിറുത്തിവയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും രാഷ്ട്രപതിക്കുള്ള അധികാരം.—(1) രാഷ്ട്രപതിക്ക്—

(ക) ശിക്ഷയോ ശിക്ഷാവിധിയോ ഒരു പട്ടാളക്കോടതിയുടേത് ആയിരിക്കുന്ന എല്ലാ സംഗതികളിലും;

(ഖ) ശിക്ഷയോ ശിക്ഷാവിധിയോ യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തിയിലുള്ള ഒരു വിഷയത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്തിന് എതിരായുള്ള ഒരു കുറ്റത്തിന് ആയിരിക്കുന്ന എല്ലാ സംഗതികളിലും;

(ഗ) ശിക്ഷാവിധി ഒരു മരണശിക്ഷാവിധി ആയിരിക്കുന്ന എല്ലാ സംഗതികളിലും;

കുറ്റത്തിന് മാപ്പു നൽകുന്നതിനും ശിക്ഷ താൽക്കാലികമായി നിറുത്തിവയ്ക്കുന്നതിനും വിളംബപ്പെടുത്തുന്നതിനും ഇളവു ചെയ്യുന്നതിനും അല്ലെങ്കിൽ ഏതെങ്കിലും കുറ്റം സ്ഥാപിക്കപ്പെട്ട ഒരാളുടെ ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനും ഇളവ് ചെയ്യുന്നതിനും ലഘൂകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിലുള്ള യാതൊന്നും ഒരു പട്ടാളക്കോടതി പ്രസ്താവിച്ച ഒരു ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനോ ഇളവ് ചെയ്യുന്നതിനോ ലഘൂകരിക്കുന്നതിനോ യൂണിയന്റെ സായുധസേനകളിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് നിയമം വഴി നൽകിയിട്ടുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

---

1. 1975-ലെ ഭരണഘടന (മുപ്പത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പും (10-8-1975 മുതൽ പ്രാബല്യം). 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പും (20-6-1979 മുതൽ പ്രാബല്യം) പ്രകാരം 71-ാം അനുച്ഛേദം മേൽപ്പറഞ്ഞ പ്രകാരം വായിക്കത്തക്കവിധം അനുക്രമമായി പകരം ചേർത്തത്.

(3) Nothing in sub-clause *(c)* of clause (1) shall affect the power to suspend, remit or commute a sentence of death exercisable by the Governor [1][***] of a State under any law for the time being in force.

73. Extent of executive power of the Union.—(1) Subject to the provisions of this Constitution, the executive power of the Union shall extend—

(a) to the matters with respect to which Parliament has power to make laws; and

(b) to the exercise of such rights, authority and jurisdiction as are exercisable by the Government of India by virtue of any treaty or agreement:

Provided that the executive power referred to in sub-clause *(a)* shall not, save as expressly provided in this Constitution or in any law made by Parliament, extend in any State [2][***] to matters with respect to which the Legislature of the State has also power to make laws.

(2) Until otherwise provided by Parliament, a State and any officer or authority of a State may, notwithstanding anything in this article, continue to exercise in matters with respect to which Parliament has power to make laws for that State such executive power or functions as the State or officer or authority thereof could exercise immediately before the commencement of this Constitution.

Council of Ministers

74. Council of Ministers to aid and advise President.—[3][(1) There shall be a Council of Ministers with the Prime Minister at the head to aid and advise the President who shall, in the exercise of his functions, act in accordance with such advice:]

[4][Provided that the President may require the Council of Ministers to reconsider such advice, either generally or otherwise, and the President shall act in accordance with the advice tendered after such reconsideration.]

---

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. The words and letters "specified in Part A or Part B of the First Schedule" omitted by s. 29 and Sch., ibid.
3. Subs. by the Constitution (Forty-second Amendment) Act, 1976, s.13, for cl.(1) (w.e.f. 3-1-1977).
4. Ins. by the Constitution (Forty-fourth Amendment) Act, 1978, s.11 (w.e.f. 20-6-1979).

(3) (1)-ാം ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിലുള്ള യാതൊന്നും, ഒരു മരണശിക്ഷാ വിധിയെ നിറുത്തിവയ്ക്കുവാനോ ഇളവുചെയ്യുവാനോ ലഘൂകരിക്കുവാനോ ഒരു സംസ്ഥാന ഗവർണ്ണർക്ക് [1] [***] ആ സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പ്രയോഗിക്കാവുന്ന അധികാരത്തെ ബാധിക്കുന്നതല്ല.

73. യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തി.—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി യൂണിയന്റെ നിർവ്വാഹകാധികാരം—

(ക) പാർലമെന്റിന് നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളവും;

(ഖ) ഏതെങ്കിലും സന്ധിയുടെയോ ഉടമ്പടിയുടെയോ ബലത്തിൽ ഭാരത സർക്കാരിന് പ്രയോഗിക്കാവുന്ന അവകാശങ്ങളുടെയും അധികാരത്തിന്റെയും അധികാരിതയുടെയും പ്രയോഗത്തോളവും,

വ്യാപിക്കുന്നതാണ്:

എന്നാൽ, (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള നിർവ്വാഹകാധികാരം [2] [***] ഏതെങ്കിലും സംസ്ഥാനത്ത് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിനുകൂടി നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരമുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം, ഈ ഭരണഘടനയിലോ പാർലമെന്റ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിലോ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ വ്യാപിക്കുന്നതല്ല.

(2) പാർലമെന്റ് മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ ഒരു സംസ്ഥാനത്തിനും സംസ്ഥാനത്തെ ഏതൊരു ഉദ്യോഗസ്ഥനും അധികാരസ്ഥാനത്തിനും, ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, ആ സംസ്ഥാനത്തിനുവേണ്ടി നിയമങ്ങൾ നിർമ്മിക്കുവാൻ പാർലമെന്റിന് അധികാരമുള്ള വിഷയങ്ങളിൽ, ആ സംസ്ഥാനത്തിനോ അതിലെ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ ഈ ഭരണഘടന പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുൻപ് പ്രയോഗിക്കാമായിരുന്ന നിർവ്വാഹകാധികാരവും ചുമതലകളും തുടർന്നും പ്രയോഗിക്കാവുന്നതാണ്.

മന്ത്രിസഭ

74. രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും ഉള്ള മന്ത്രിസഭ.—[3] [(1) രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനും പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതും രാഷ്ട്രപതി, തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, അങ്ങനെയുള്ള ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു:]

[4] [എന്നാൽ, രാഷ്ട്രപതിക്ക് അങ്ങനെയുള്ള ഉപദേശം പൊതുവായോ അല്ലാതെയോ പുനരാലോചിക്കുവാൻ മന്ത്രിസഭയോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള പുനരാലോചനയ്ക്കുശേഷം നൽകിയ ഉപദേശമനുസരിച്ച് രാഷ്ട്രപതി പ്രവർത്തിക്കേണ്ടതും ആകുന്നു.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗം അല്ലെങ്കിൽ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പു പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) The question whether any, and if so what, advice was tendered by Ministers to the President shall not be inquired into in any court.

75. Other provisions as to Ministers.—(1) The Prime Minister shall be appointed by the President and the other Ministers shall be appointed by the President on the advice of the Prime Minister.

[1][(1A) The total number of Ministers, including the Prime Minister, in the Council of Ministers shall not exceed fifteen percent. of the total number of members of the House of the People.

(1B) A member of either House of Parliament belonging to any political party who is disqualified for being a member of that House under paragraph 2 of the Tenth Schedule shall also be disqualified to be appointed as a Minister under clause (1) for duration of the period commencing from the date of his disqualification till the date on which the term of his office as such member would expire or where he contests any election to either House of Parliament before the expiry of such period, till the date on which he is declared elected, whichever is earlier.]

(2) The Ministers shall hold office during the pleasure of the President.

(3) The Council of Ministers shall be collectively responsible to the House of the People.

(4) Before a Minister enters upon his office, the President shall administer to him the oaths of office and of secrecy according to the forms set out for the purpose in the Third Schedule.

(5) A Minister who for any period of six consecutive months is not a member of either House of Parliament shall at the expiration of that period cease to be a Minister.

(6) The salaries and allowances of Ministers shall be such as Parliament may from time to time by law determine and, until Parliament so determines, shall be as specified in the Second Schedule.

The Attorney-General for India

76. Attorney-General for India.—(1) The President shall appoint a person who is qualified to be appointed a Judge of the Supreme Court to be Attorney-General for India.

(2) It shall be the duty of the Attorney-General to give advice to the Government of India upon such legal matters, and to perform such other duties of a legal character, as may from time to time be referred or assigned to him by the President, and to discharge the functions conferred on him by or under this Constitution or any other law for the time being in force.

---

1. Ins. by the Constitution (Ninety-first Amendment) Act, 2003, s. 2.

(2) മന്ത്രിമാർ രാഷ്ട്രപതിക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്ത് ഉപദേശമാണ് നൽകിയത് എന്നുമുള്ള കാര്യം ഏതെങ്കിലും കോടതിയിൽ അന്വേഷണ വിചാരണ ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

75. മന്ത്രിമാരെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ.—(1) പ്രധാനമന്ത്രിയെ രാഷ്ട്രപതി നിയമിക്കേണ്ടതും, മറ്റു മന്ത്രിമാരെ പ്രധാനമന്ത്രിയുടെ ഉപദേശത്തിൻമേൽ രാഷ്ട്രപതി നിയമിക്കേണ്ടതും ആകുന്നു.

[1] [(1ക) മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം, പ്രധാനമന്ത്രി ഉൾപ്പെടെ, ലോകസഭയിലെ ആകെ അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

(1ഖ) പാർലമെന്റിന്റെ ഇരു സഭകളിലേതിലെങ്കിലും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെടുന്ന ഒരംഗം, പത്താം പട്ടികയിൽ രണ്ടാം ഖണ്ഡികയിൻ കീഴിൽ ആ സഭയിൽ ഒരു അംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ആ ആൾ, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ, അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതിന് മുൻപ് പാർലമെന്റിന്റെ ഇരുസഭകളിലേതിലേയ്ക്കെങ്കിലും ഏതെങ്കിലും തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുന്നപക്ഷം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന തീയതിവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവ് വരെ, (1)-ാം ഖണ്ഡത്തിൻകീഴിൽ മന്ത്രിയായി നിയമിക്കപ്പെടുന്നതിനും കൂടി അയോഗ്യനായിരിക്കുന്നതാണ്.]

(2) മന്ത്രിമാർ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാണ്.

(3) മന്ത്രിസഭ ലോകസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കേണ്ടതാകുന്നു.

(4) ഒരു മന്ത്രി, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് രാഷ്ട്രപതി, അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തെയും രഹസ്യപാലനത്തെയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങളനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു.

(5) തുടർച്ചയായുള്ള ഏതെങ്കിലും ആറുമാസക്കാലം പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും അംഗമല്ലാതിരിക്കുന്ന ഒരു മന്ത്രി ആ കാലാവധിയുടെ അവസാനം മന്ത്രി അല്ലാതായിത്തീരുന്നതാണ്.

(6) മന്ത്രിമാരുടെ ശമ്പളവും ബത്തകളും പാർലമെന്റ് അപ്പോഴപ്പോൾ നിയമം വഴി നിശ്ചയിക്കുന്ന പ്രകാരത്തിലായിരിക്കുന്നതും, പാർലമെന്റ് അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതും ആകുന്നു.

ഭാരതത്തിന്റെ അറ്റോർണി-ജനറൽ

76. ഭാരതത്തിന്റെ അറ്റോർണി-ജനറൽ.—(1) സുപ്രീംകോടതിയിലെ ജഡ്ജിയായി നിയമിക്കുവാൻ യോഗ്യതയുള്ള ഒരാളെ ഭാരതത്തിന്റെ അറ്റോർണി-ജനറലായി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(2) രാഷ്ട്രപതി, അറ്റോർണി-ജനറലിന് അപ്പോഴപ്പോൾ അയച്ചുകൊടുക്കുകയോ ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുന്ന നിയമപരമായ വിഷയങ്ങളെക്കുറിച്ച് ഭാരത സർക്കാരിന് ഉപദേശം കൊടുക്കുകയും നിയമസ്വഭാവമുള്ള അത്തരം മറ്റ് കർത്തവ്യങ്ങൾ അനുഷ്ഠിക്കുകയും, ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന മറ്റ് ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ തന്നെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നത് അറ്റോർണി-ജനറലിന്റെ കർത്തവ്യം ആയിരിക്കുന്നതാണ്.

---

1. 2003-ലെ ഭരണഘടന (തൊണ്ണൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(3) In the performance of his duties the Attorney-General shall have right of audience in all courts in the territory of India.

(4) The Attorney-General shall hold office during the pleasure of the President, and shall receive such remuneration as the President may determine.

Conduct of Government Business

77. Conduct of business of the Government of India.—(1) All executive action of the Government of India shall be expressed to be taken in the name of the President.

(2) Orders and other instruments made and executed in the name of the President shall be authenticated in such manner as may be specified in rules *to be made by the President, and the validity of an order or instrument which is so authenticated shall not be called in question on the ground that it is not an order or instrument made or executed by the President.

(3) The President shall make rules for the more convenient transaction of the business of the Government of India, and for the allocation among Ministers of the said business.

[1][***]

78. Duties of Prime Minister as respects the furnishing of information to the President, etc..— It shall be the duty of the Prime Minister—

(a) to communicate to the President all decisions of the Council of Ministers relating to the administration of the affairs of the Union and proposals for legislation;

(b) to furnish such information relating to the administration of the affairs of the Union and proposals for legislation as the President may call for; and

(c) if the President so requires, to submit for the consideration of the Council of Ministers any matter on which a decision has been taken by a Minister but which has not been considered by the Council.

---

* See Notification No. S.O. 2297, dated the 3rd November, 1958 Gazette of India, Extraordinary, 1958, Pt. II, s.3(ii), p.1315, as amended from time to time.

1. Cl. (4) was ins. by the Constitution (Forty-second Amendment) Act, 1976, s.14 (w.e.f. 3-1-1977) and omitted by the Constitution (Forty-fourth Amendment) Act, 1978, s.12 (w.e.f. 20-6-1979).

(3) അറ്റോർണി-ജനറലിന് തന്റെ കർത്തവ്യങ്ങളുടെ അനുഷ്ഠാനത്തിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള എല്ലാ കോടതികളിലും കേൾക്കപ്പെടാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(4) അറ്റോർണി-ജനറൽ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും, അദ്ദേഹത്തിന് രാഷ്ട്രപതി നിശ്ചയിക്കുന്ന വേതനം ലഭിക്കുന്നതും ആകുന്നു.

സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്

77. ഭാരത സർക്കാരിന്റെ കാര്യങ്ങളുടെ നടത്തിപ്പ്.— (1) ഭാരത സർക്കാരിന്റെ എല്ലാ നിർവ്വാഹക പ്രവൃത്തിയും രാഷ്ട്രപതിയുടെ നാമത്തിൽ നടത്തുന്നതായി പ്രസ്താവിക്കേണ്ടതാണ്.

(2) രാഷ്ട്രപതിയുടെ നാമത്തിൽ ഉണ്ടാക്കുന്നതും ഒപ്പിട്ട് പൂർത്തീകരിക്കുന്നതുമായ ഉത്തരവുകളും മറ്റ് പ്രമാണങ്ങളും രാഷ്ട്രപതി *ഉണ്ടാക്കേണ്ട ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ പ്രമാണീകരിക്കേണ്ടതും അങ്ങനെ പ്രമാണീകരിച്ച ഒരു ഉത്തരവിന്റെയോ പ്രമാണത്തിന്റെയോ സാധുത, അത് രാഷ്ട്രപതി ഉണ്ടാക്കിയതോ ഒപ്പിട്ട് പൂർത്തീകരിച്ചതോ ആയ ഒരു ഉത്തരവോ പ്രമാണമോ അല്ലെന്നുള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതും ആകുന്നു.

(3) ഭാരത സർക്കാരിന്റെ കാര്യങ്ങളുടെ കൂടുതൽ സുകരമായ നടത്തിപ്പിനും ആ കാര്യങ്ങൾ മന്ത്രിമാർക്കിടയിൽ വിഭജിച്ചുകൊടുക്കുന്നതിനും രാഷ്ട്രപതി ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

[1] [***]

78. രാഷ്ട്രപതിയ്ക്ക് വിവരം നൽകുക മുതലായവ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ കർത്തവ്യങ്ങൾ.— താഴെപ്പറയുന്നവ പ്രധാനമന്ത്രിയുടെ കർത്തവ്യങ്ങളായിരിക്കുന്നതാണ്—

(ക) യൂണിയന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ചുള്ള മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും രാഷ്ട്രപതിയെ അറിയിക്കുക;

(ഖ) യൂണിയന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക;

(ഗ) രാഷ്ട്രപതി ആവശ്യപ്പെടുന്നുവെങ്കിൽ, ഒരു മന്ത്രി തീരുമാനിച്ചതും എന്നാൽ മന്ത്രിസഭ പരിഗണിച്ചിട്ടില്ലാത്തതും ആയ ഏതൊരു വിഷയവും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

---

* 1958-ലെ ഭാരത ഗസറ്റ്, അസാധാരണം ഭാഗം II, വകുപ്പ് 3 (ii), പേജ് 1315-ലെ, അപ്പോഴപ്പോൾ ഭേദഗതി ചെയ്ത പ്രകാരമുള്ള 1958 നവംബർ 3-ാം തീയതിയിലെ വിജ്ഞാപനം നമ്പർ എസ്. ഒ. 2297 കാണുക.

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരം (4)-ാം ഖണ്ഡം ചേർക്കുകയും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

CHAPTER II—PARLIAMENT

General

79. Constitution of Parliament.—There shall be a Parliament for the Union which shall consist of the President and two Houses to be known respectively as the Council of States and the House of the People.

80. Composition of the Council of States.—(1) [1][2][***] The Council of States] shall consist of—

(a) twelve members to be nominated by the President in accordance with the provisions of clause (3); and

(b) not more than two hundred and thirty-eight representatives of the States [3][and of the Union territories.]

(2) The allocation of seats in the Council of States to be filled by representatives of the States [3][and of the Union territories] shall be in accordance with the provisions in that behalf contained in the Fourth Schedule.

(3) The members to be nominated by the President under sub-clause *(a)* of clause (1) shall consist of persons having special knowledge or practical experience in respect of such matters as the following, namely:—

Literature, science, art and social service.

(4) The representatives of each State [4][***] in the Council of States shall be elected by the elected members of the Legislative Assembly of the State in accordance with the system of proportional representation by means of the single transferable vote.

(5) The representatives of the [5][Union territories] in the Council of States shall be chosen in such manner as Parliament may by law prescribe.

---

1. Subs. by the Constitution (Thirty-fifth Amendment) Act, 1974, s. 3 for "The Council of States" (w.e.f. 1-3-1975).
2. The words "Subject to the provisions of paragraph 4 of the Tenth Schedule" omitted by the Constitution (Thirty-sixth Amendment) Act, 1975, s.5 (w.e.f. 26-4-1975).
3. Added by the Constitution (Seventh Amendment) Act, 1956, s. 3.
4. The words and letters "specified in Part A or Part B of the First Schedule" omitted by s. 3, ibid.
5. Subs. by s. 3, ibid, for "States specified in Part C of the First Schedule".

അദ്ധ്യായം II—പാർലമെന്റ്

സാമാന്യം

79. പാർലമെന്റിന്റെ രൂപീകരണം.—യൂണിയന്, രാഷ്ട്രപതിയും യഥാക്രമം രാജ്യസഭയെന്നും ലോകസഭയെന്നും അറിയപ്പെടുന്ന രണ്ടു സഭകളും അടങ്ങുന്ന ഒരു പാർലമെന്റ് ഉണ്ടായിരിക്കേണ്ടതാകുന്നു.

80. രാജ്യസഭയുടെ ഘടന.—(1) [1] [[2] [***] രാജ്യസഭ—]

(ക) (3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന പന്ത്രണ്ട് അംഗങ്ങളും;

(ഖ) സംസ്ഥാനങ്ങളുടെയും [3] [യൂണിയൻ പ്രദേശങ്ങളുടെയും] ഇരുന്നൂറ്റി മുപ്പത്തിയെട്ടിൽ കവിയാത്ത പ്രതിനിധികളും,

അടങ്ങിയതായിരിക്കുന്നതാണ്.

(2) രാജ്യസഭയിൽ, സംസ്ഥാനങ്ങളുടെയും [3] [യൂണിയൻ പ്രദേശങ്ങളുടെയും] പ്രതിനിധികളാൽ നികത്തപ്പെടേണ്ട സ്ഥാനങ്ങൾ വിഭജിച്ചു കൊടുക്കുന്നത് അതിനുവേണ്ടി നാലാം പട്ടികയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചായിരിക്കേണ്ടതാണ്.

(3) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡം അനുസരിച്ച് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ താഴെ ചേർത്തിട്ടുള്ളതുപോലെയുള്ള വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക ജ്ഞാനമോ പ്രായോഗികപരിചയമോ ഉള്ള ആളുകൾ ആയിരിക്കേണ്ടതാണ്, അതായത്:—

സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം എന്നിവ.

(4) [4] [***] ഓരോ സംസ്ഥാനത്തിന്റെയും രാജ്യസഭയിലെ പ്രതിനിധികളെ, ആ സംസ്ഥാനത്തെ നിയമനിർമ്മാണസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടു വഴി ആനുപാതിക പ്രാതിനിധ്യസമ്പ്രദായമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

(5) [5] [യൂണിയൻ പ്രദേശങ്ങളുടെ] രാജ്യസഭയിലെ പ്രതിനിധികളെ പാർലമെന്റ് നിയമം വഴി നിർണ്ണയിക്കുന്ന വിധത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

---

1. 1974-ലെ ഭരണഘടന (മുപ്പത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം "രാജ്യസഭ" എന്നതിനു പകരം ചേർത്തത് (1-3-1975 മുതൽ പ്രാബല്യം).
2. 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം "പത്താം പട്ടിക 4-ാം ഖണ്ഡികയുടെ വ്യവസ്ഥകൾക്കു വിധേയമായി" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (26-4-1975 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം കൂട്ടി ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിൽ അല്ലെങ്കിൽ ഖ ഭാഗത്തിൽ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
5. മേൽപ്പറഞ്ഞ ആക്റ്റ് 3-ാം വകുപ്പ് പ്രകാരം "ഒന്നാം പട്ടികയിലെ ഗ ഭാഗത്തിൽ പറഞ്ഞിട്ടുള്ള സംസ്ഥാനങ്ങൾ" എന്നതിനു പകരം ചേർത്തത്.

[1]**[81. Composition of the House of the People.—**(1) [2][Subject to the provisions of article 331, [3][***]] the House of the People shall consist of—

(a) not more than [4][five hundred and thirty members] chosen by direct election from territorial constituencies in the States, and

(b) not more than [5][twenty members] to represent the Union territories, chosen in such manner as Parliament may by law provide.

(2) For the purposes of sub-clause *(a)* of clause (1),—

(a) there shall be allotted to each State a number of seats in the House of the People in such manner that the ratio between that number and the population of the State is, so far as practicable, the same for all States; and

(b) each State shall be divided into territorial constituencies in such manner that the ratio between the population of each constituency and the number of seats allotted to it is, so far as practicable, the same throughout the State:

[6][Provided that the provisions of sub-clause *(a)* of this clause shall not be applicable for the purpose of allotment of seats in the House of the People to any State so long as the population of that State does not exceed six millions.]

(3) In this article, the expression "population" means the population as ascertained at the last preceding census of which the relevant figures have been published:

[7][Provided that the reference in this clause to the last preceding census of which the relevant figures have been published shall, until the relevant figures for the first census taken after the year [8][2026] have been published, [8][be construed,—

(i) for the purposes of sub-clause *(a)* of clause (2) and the proviso to that clause, as a reference to the 1971 census; and

(ii) for the purposes of sub-clause *(b)* of clause (2) as a reference to the [9][2001] census.]]

---

1. Subs. by the Constitution (Seventh Amendment) Act, 1956, s. 4, for arts. 81 and 82.
2. The words and figures "Subject to the provisions of article 331 and Paragraph 4 of the Tenth Schedule" were sub. by the Constitution (Thirty-fifth Amendment) Act, 1974, s. 4, for "Subject to the provisions of article 331" (w.e.f. 1-3-1975).
3. The words and figure "and paragraph 4 of the Tenth Schedule" omitted by the Constitution (Thirty-sixth Amendment) Act, 1975, s. 5 (w.e.f. 26-4-1975).
4. Subs. by the Goa, Daman and Diu Reorganisation Act, 1987 (18 of 1987), s. 63, for "five hundred and twenty-five members" (w.e.f. 30-5-1987).
5. Subs. by the Constitution (Thirty-first Amendment) Act, 1973, s. 2, for "twenty-five members".
6. Ins. by s. 2, ibid.
7. Ins. by the Constitution (Forty-second Amendment) Act, 1976, s.15 (w.e.f. 3-1-1977).
8. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 3.
9. Subs. by the Constitution (Eighty-seventh Amendment) Act, 2003, s. 2.

[1] [**81. ലോകസഭയുടെ ഘടന.**—(1) [2] [331-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് [3] [****] വിധേയമായി,] ലോകസഭ—

(ക) സംസ്ഥാനങ്ങളിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കുന്ന [4] [അഞ്ഞൂറ്റി മുപ്പതിൽ] കവിയാതെയുള്ള അംഗങ്ങളും;

(ഖ) യൂണിയൻ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യുന്ന രീതിയിൽ തെരഞ്ഞെടുക്കുന്ന [5] [ഇരുപതിൽ കവിയാതെ]യുള്ള അംഗങ്ങളും,

അടങ്ങിയിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്,—

(ക) ഒരു സംസ്ഥാനത്തിനു തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും ആ സംസ്ഥാനത്തെ ജനസംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം, എല്ലാ സംസ്ഥാനങ്ങൾക്കും ഒന്നു തന്നെ ആകത്തക്കവിധം അത്രയും സ്ഥാനങ്ങൾ ഓരോ സംസ്ഥാനത്തിനും ലോകസഭയിൽ തിരിച്ചു വയ്ക്കേണ്ടതും;

(ഖ) ഒരു നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചു വയ്ക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം, ആ സംസ്ഥാനത്ത് ഒട്ടാകെ ഒന്നുതന്നെയാകത്തക്കവിധം ഓരോ സംസ്ഥാനത്തെയും പ്രാദേശിക നിയോജകമണ്ഡലങ്ങളിലായി വിഭജിക്കേണ്ടതും,

ആകുന്നു:

[6] [എന്നാൽ, ഈ ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും സംസ്ഥാനത്തിന് സ്ഥാനങ്ങൾ തിരിച്ചു വയ്ക്കുന്ന ആവശ്യത്തിലേക്ക് ആ സംസ്ഥാനത്തെ ജനസംഖ്യ ആറുദശലക്ഷത്തിൽ കവിയാത്തിടത്തോളം കാലം ബാധകമാകുന്നതല്ല.]

(3) ഈ അനുച്ഛേദത്തിൽ ''ജനസംഖ്യ'' എന്ന പദത്തിന് പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

[7] [എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ ഖണ്ഡത്തിലെ പരാമർശം [8] [2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിയെക്കുറിച്ചുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ,—

[8] [(i) (2)-ാം ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡത്തിനും ആ ഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥയുടെയും ആവശ്യങ്ങൾക്ക്, 1971-ലെ കാനേഷുമാരിയെക്കുറിച്ചുള്ള ഒരു പരാമർശമായും;

(ii) (2)-ാം ഖണ്ഡത്തിന്റെ (ഖ) ഉപഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് [9] [2001]-ലെ കാനേഷുമാരിയുടെ ഒരു പരാമർശമായും, കണക്കാക്കേണ്ടതാണ്.]]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പു പ്രകാരം 81-ം, 82-ം അനുച്ഛേദങ്ങൾക്ക് പകരം ചേർത്തത്.,
2. 1974-ലെ ഭരണഘടന (മുപ്പത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ''331-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി'' എന്നതിനു പകരം ''331-ാം അനുച്ഛേദത്തിലേയും പത്താം പട്ടിക 4-ാം ഖണ്ഡികയിലേയും വ്യവസ്ഥകൾക്കു വിധേയമായി''എന്ന വാക്കുകളും അക്കങ്ങളും ചേർത്തിരിക്കുന്നു (1-3-1975 മുതൽ പ്രാബല്യം).
3. 1975-ലെ ഭരണഘടന (മുപ്പത്തിയാറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ''പത്താം പട്ടികയുടെ 4-ാം ഖണ്ഡികയും'' എന്നീ വാക്കുകളും അക്കവും വിട്ടുകളഞ്ഞു (26-4-1975 മുതൽ പ്രാബല്യം).
4. 1987-ലെ ഗോവ, ദാമൻ, ദിയു പുനഃസംഘടനാ ആക്റ്റ് (1987-ലെ 18) 63-ാം വകുപ്പുപ്രകാരം ''അഞ്ഞൂറ്റി ഇരുപത്തിയഞ്ച് അംഗങ്ങൾ'' എന്നതിനുപകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
5. 1973-ലെ ഭരണഘടന (മുപ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ''ഇരുപത്തഞ്ച് അംഗങ്ങൾ'' എന്നതിനുപകരം ചേർത്തത്.
6. മേൽപ്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പ് പ്രകാരം ചേർത്തത്.
7. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
8. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
9. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

82. Readjustment after each census.—Upon the completion of each census, the allocation of seats in the House of the People to the States and the division of each State into territorial constituencies shall be readjusted by such authority and in such manner as Parliament may by law determine:

Provided that such readjustment shall not affect representation in the House of the People until the dissolution of the then existing House:]

[1][Provided further that such readjustment shall take effect from such date as the President may, by order, specify and until such readjustment takes effect, any election to the House may be held on the basis of the territorial constituencies existing before such readjustment:

Provided also that until the relevant figures for the first census taken after the year [2][2026] have been published, it shall not be necessary to [2][readjust—

(i) the allocation of seats in the House of the People to the States as readjusted on the basis of the 1971 census; and

(ii) the division of each State into territorial constituencies as may be readjusted on the basis of the [3][2001] census,

under this article.]].

83. Duration of Houses of Parliament.—(1) The Council of States shall not be subject to dissolution, but as nearly as possible one-third of the members thereof shall retire as soon as may be on the expiration of every second year in accordance with the provisions made in that behalf by Parliament by law.

(2) The House of the People, unless sooner dissolved, shall continue for [4][five years] from the date appointed for its first meeting and no longer and the expiration of the said period of [4][five years] shall operate as a dissolution of the House:

Provided that the said period may, while a Proclamation of Emergency is in operation, be extended by Parliament by law for a period not exceeding one year at a time and not extending in any case beyond a period of six months after the Proclamation has ceased to operate.

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s.16 (w.e.f. 3-1-1977).
2. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 4.
3. Subs. by the Constitution (Eighty-seventh Amendment) Act, 2003, s. 3.
4. Subs. by the Constitution (Forty-fourth Amendment) Act, 1978, s.13, for "Six years" (w.e.f. 20-6-1979). The words "six years" were subs. for the original words "five years by the Constitution (Forty-second Amendment) Act, 1976, s.17 (w.e.f. 3-1-1977).

82. ഓരോ കാനേഷുമാരിക്കുശേഷവും പുനഃക്രമീകരണം.—ഓരോ കാനേഷുമാരിയും പൂർത്തിയാകുമ്പോൾ, ലോകസഭയിൽ സംസ്ഥാനങ്ങൾക്കുള്ള സ്ഥാനങ്ങളുടെ വിഭജനവും പ്രാദേശിക നിയോജകമണ്ഡലങ്ങളായി ഓരോ സംസ്ഥാനത്തിന്റെ വിഭജനവും പാർലമെന്റ്, നിയമം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും, പുനഃക്രമീകരിക്കപ്പെടേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള പുനഃക്രമീകരണം അപ്പോൾ നിലവിലുള്ള സഭയുടെ പിരിച്ചുവിടൽ വരെ ലോകസഭയിലെ പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല:]

[1] [എന്നുമാത്രമല്ല, അങ്ങനെയുള്ള പുനഃക്രമീകരണം രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും, അങ്ങനെയുള്ള പുനഃക്രമീകരണം പ്രാബല്യത്തിൽ വരുന്നതുവരെ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ്, അങ്ങനെയുള്ള പുനഃക്രമീകരണത്തിനു മുൻപ് നിലവിലിരുന്ന പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതുമാകുന്നു:

കൂടാതെ, [2] [ഈ അനുച്ഛേദപ്രകാരമുള്ള—

(i) 1971-ലെ കാനേഷുമാരി അടിസ്ഥാനമായി പുനഃക്രമീകരിച്ചിട്ടുള്ള ലോകസഭയിൽ സംസ്ഥാനങ്ങൾക്കുള്ള സ്ഥാനങ്ങളുടെ വിഭജനവും;

(ii) [3] [2001]-ലെ കാനേഷുമാരി അടിസ്ഥാനമാക്കി പുനഃക്രമീകരിച്ചേക്കാവുന്ന പ്രാദേശിക നിയോജക മണ്ഡലങ്ങളായി ഓരോ സംസ്ഥാനത്തിന്റെ വിഭജനവും]

[2] [2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, പുനഃക്രമീകരിക്കേണ്ട ആവശ്യമില്ലാത്തതുമാകുന്നു.]

83. പാർലമെന്റിന്റെ സഭകളുടെ കാലാവധി.—(1) രാജ്യസഭ പിരിച്ചുവിടലിനു വിധേയമാകുന്നതല്ലാത്തതും, എന്നാൽ ഓരോ രണ്ടാം വർഷവും അവസാനിച്ച് എത്രയും വേഗം അതിലെ അംഗങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, പാർലമെന്റ് നിയമം വഴി അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച്, സ്ഥാനം ഒഴിയേണ്ടതും ആകുന്നു.

(2) ലോകസഭ, നേരത്തേ പിരിച്ചുവിട്ടിട്ടില്ലാത്തപക്ഷം അതിന്റെ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിരുന്ന തീയതി മുതൽ [4] [അഞ്ചുവർഷത്തേക്ക്], എന്നാൽ ഒരിക്കലും അതിൽ കവിയാതെ, തുടരുന്നതും, മേൽപ്പറഞ്ഞ [4] [അഞ്ചുവർഷക്കാലം] അവസാനിക്കുന്നത് സഭയുടെ ഒരു പിരിച്ചുവിടൽ ആയിത്തീരുന്നതും ആകുന്നു:

എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, മേൽപ്പറഞ്ഞ കാലാവധി ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കും, യാതൊരു സംഗതിയിലും ആ വിളംബരം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലത്തിൽ കവിയാതെയും, നിയമം വഴി പാർലമെന്റിന് ദീർഘിപ്പിക്കാവുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.
3. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം "ആറുവർഷത്തേയ്ക്ക്" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പുപ്രകാരം ആദ്യമുണ്ടായിരുന്ന "അഞ്ചു വർഷത്തേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "ആറു വർഷത്തേയ്ക്ക്" എന്ന വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

84. Qualification for membership of Parliament.—A person shall not be qualified to be chosen to fill a seat in Parliament unless he—

[1][*(a)* is a citizen of India, and makes and subscribes before some person authorized in that behalf by the Election Commission an oath or affirmation according to the form set out for the purpose in the Third Schedule;]

(b) is, in the case of a seat in the Council of States, not less than thirty years of age and, in the case of a seat in the House of the People, not less than twenty-five years of age; and

(c) possesses such other qualifications as may be prescribed in that behalf by or under any law made by Parliament.

[2][**85. Sessions of Parliament, prorogation and dissolution.—**(1) The President shall from time to time summon each House of Parliament to meet at such time and place as he thinks fit, but six months shall not intervene between its last sitting in one session and the date appointed for its first sitting in the next session.

(2) The President may from time to time—

(a) prorogue the House or either House;

(b) dissolve the House of the People.]

86. Right of President to address and send messages to Houses.— (1) The President may address either House of Parliament or both Houses assembled together, and for that purpose require the attendance of members.

(2) The President may send messages to either House of Parliament, whether with respect to a Bill then pending in Parliament or otherwise, and a House to which any message is so sent shall with all convenient despatch consider any matter required by the message to be taken into consideration.

87. Special address by the President.—(1) At the commencement of [3][the first session after each general election to the House of the People and at the commencement of the first session of each year] the President shall address both Houses of Parliament assembled together and inform Parliament of the causes of its summons.

---

1. Subs. by the Constitution (Sixteenth Amendment) Act, 1963, s. 3, for cl.(a).
2. Subs. by the Constitution (First Amendment) Act, 1951, s. 6 for art. 85.
3. Subs. by s.7, ibid., for "every session".

84. പാർലമെന്റിലെ അംഗത്വത്തിനു വേണ്ട യോഗ്യത.—ഒരാൾ, പാർലമെന്റിലെ ഒരു സ്ഥാനം നികത്തുന്നതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, ആ ആൾ—

[1] [(ക) ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും തെരഞ്ഞെടുപ്പ് കമ്മിഷൻ അതിലേക്ക് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളുടെ മുൻപാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പു വയ്ക്കുകയും;]

(ഖ) രാജ്യസഭയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ മുപ്പത് വയസ്സിൽ കുറയാത്ത ആളും ലോകസഭയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ ഇരുപത്തഞ്ച് വയസ്സിൽ കുറയാത്ത ആളും ആയിരിക്കുകയും;

(ഗ) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള വേറെ യോഗ്യതകൾ ഉള്ള ആളായിരിക്കുകയും,

ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

[2] [**85. പാർലമെന്റിന്റെ സമ്മേളനങ്ങൾ നിറുത്തിവയ്ക്കലും പിരിച്ചുവിടലും.**—(1) രാഷ്ട്രപതി, പാർലമെന്റിന്റെ ഓരോ സഭയേയും അപ്പോഴപ്പോൾ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന സമയത്തും സ്ഥലത്തും യോഗം ചേരുന്നതിന് വിളിച്ചുകൂട്ടേണ്ടതും, എന്നാൽ അതിന്റെ ഒരു സമ്മേളനത്തിന്റെ അവസാനത്തെ ഉപവേശനത്തിനും അതിന്റെ അടുത്ത സമ്മേളനത്തിന്റെ ഒന്നാമത്തെ ഉപവേശനത്തിന് നിശ്ചയിക്കപ്പെടുന്ന തീയതിക്കും മദ്ധ്യേ ആറുമാസക്കാലത്തെ ഇട ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു.

(2) രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ—

(ക) സഭകളുടേയോ ഇരു സഭകളിൽ ഏതിന്റെയെങ്കിലുമോ സമ്മേളനം അവസാനിപ്പിക്കാവുന്നതും;

(ഖ) ലോകസഭ പിരിച്ചുവിടാവുന്നതും,

ആകുന്നു.]

86. സഭകളെ അഭിസംബോധനം ചെയ്യുന്നതിനും അവയ്ക്ക് സന്ദേശം അയയ്ക്കുന്നതിനും രാഷ്ട്രപതിക്കുള്ള അവകാശം.—(1) രാഷ്ട്രപതിക്ക് പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിനെയെങ്കിലുമോ ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരുസഭകളേയുമോ അഭിസംബോധനം ചെയ്യാവുന്നതും അതിനുവേണ്ടി അംഗങ്ങളോട് ഹാജരാകുവാൻ ആവശ്യപ്പെടാവുന്നതും ആകുന്നു.

(2) രാഷ്ട്രപതിക്ക് പാർലമെന്റിൽ അപ്പോൾ നിലവിലിരിക്കുന്ന ഒരു ബില്ലിനെ സംബന്ധിച്ചോ അല്ലാതെയോ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിനെങ്കിലും സന്ദേശങ്ങൾ അയയ്ക്കാവുന്നതും, ഏത് സഭയ്ക്കാണോ അപ്രകാരം ഏതെങ്കിലും സന്ദേശം അയയ്ക്കുന്നത് ആ സഭ ആ സന്ദേശം വഴി പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെടുന്ന ഏത് വിഷയവും സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ പരിഗണിക്കേണ്ടതും ആകുന്നു.

87. രാഷ്ട്രപതിയുടെ വിശേഷാൽ അഭിസംബോധനം.—(1) [3] [ലോകസഭയിലേക്കുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനും ശേഷമുള്ള ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിലും, ഓരോ വർഷത്തെയും ഒന്നാമത്തെ സമ്മേളനത്തിന്റെ] തുടക്കത്തിലും രാഷ്ട്രപതി, ഒന്നിച്ചു സമ്മേളിച്ചിട്ടുള്ള പാർലമെന്റിന്റെ ഇരു സഭകളേയും അഭിസംബോധനം ചെയ്യേണ്ടതും പാർലമെന്റ് വിളിച്ചുകൂട്ടിയതിനുള്ള കാരണങ്ങൾ അതിനെ അറിയിക്കേണ്ടതും ആകുന്നു.

---

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (ക) ഖണ്ഡത്തിനു പകരം ചേർത്തത്.
2. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം 85-ാം അനുച്ഛേദത്തിന് പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പുപ്രകാരം "ഓരോ സമ്മേളനത്തിന്റെ" എന്നതിനു പകരം ചേർത്തത്.

(2) Provision shall be made by the rules regulating the procedure of either House for the allotment of time for discussion of the matters referred to in such address[1][***].

88. Rights of Ministers and Attorney-General as respects Houses.—Every Minister and the Attorney-General of India shall have the right to speak in, and otherwise to take part in the proceedings of, either House, any joint sitting of the Houses, and any committee of Parliament of which he may be named a member, but shall not by virtue of this article be entitled to vote.

Officers of Parliament

89. The Chairman and Deputy Chairman of the Council of States.— (1) The Vice- President of India shall be *ex officio* Chairman of the Council of States.

(2) The Council of States shall, as soon as may be, choose a member of the Council to be Deputy Chairman thereof and, so often as the office of Deputy Chairman becomes vacant, the Council shall choose another member to be Deputy Chairman thereof.

90. Vacation and resignation of, and removal from, the office of Deputy Chairman.—A member holding office as Deputy Chairman of the Council of States—

(a) shall vacate his office if he ceases to be a member of the Council;

(b) may at any time, by writing under his hand addressed to the Chairman, resign his office; and

(c) may be removed from his office by a resolution of the Council passed by a majority of all the then members of the Council:

Provided that no resolution for the purpose of clause *(c)* shall be moved unless at least fourteen days' notice has been given of the intention to move the resolution.

91. Power of the Deputy Chairman or other person to perform the duties of the office of, or to act as, Chairman.—(1) While the office of Chairman is vacant, or during any period when the Vice-President is acting as, or discharging the functions of, President, the duties of the office shall be performed by the Deputy Chairman, or, if the office of Deputy Chairman is also vacant, by such member of the Council of States as the President may appoint for the purpose.

(2) During the absence of the Chairman from any sitting of the Council of States the Deputy Chairman, or, if he is also absent, such person as may be determined by the rules of procedure of the Council, or, if no such person is present, such other person as may be determined by the Council, shall act as Chairman.

1· The words "and for the precedence of such discussion over other business of the House" omitted by the Constitution (First Amendment) Act, 1951, s 7.

(2) അങ്ങനെയുള്ള അഭിസംബോധനത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സമയം മാറ്റിവയ്ക്കുന്നതിന് [1] [***] ഇരു സഭകളിൽ ഓരോന്നിന്റെയും നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾ വഴി വ്യവസ്ഥ ചെയ്യേണ്ടതാണ്.

88. സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അറ്റോർണി-ജനറലിന്റെയും അവകാശങ്ങൾ.— ഓരോ മന്ത്രിക്കും ഭാരതത്തിന്റെ അറ്റോർണി-ജനറലിനും, ഇരു സഭകളിൽ ഏതിലും, സഭകളുടെ സംയുക്ത ഉപവേശനത്തിലും, അദ്ദേഹത്തെ അംഗമാക്കി പേരു പറഞ്ഞിട്ടുള്ള പാർലമെന്റിന്റെ ഏത് സമിതിയിലും സംസാരിക്കുവാനും അവയുടെ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുവാനും അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ വോട്ടുചെയ്യുന്നതിന് ഈ അനുച്ഛേദത്തിന്റെ ബലത്തിൽ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

പാർലമെന്റിലെ ഉദ്യോഗസ്ഥൻമാർ

89. രാജ്യസഭയിലെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും.—(1) ഭാരതത്തിന്റെ ഉപരാഷ്ട്രപതി ഔദ്യോഗിക നിലയിൽ രാജ്യസഭയുടെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

(2) രാജ്യസഭ, കഴിയുന്നതും വേഗം, ആ സഭയിലെ ഒരംഗത്തെ അതിന്റെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതും, ഉപാദ്ധ്യക്ഷന്റെ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം സഭ മറ്റൊരംഗത്തെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

90. ഉപാദ്ധ്യക്ഷൻ ഉദ്യോഗത്തിൽനിന്ന് ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും.—രാജ്യസഭയിൽ ഉപാദ്ധ്യക്ഷനായി ഉദ്യോഗം വഹിക്കുന്ന ഒരു അംഗം—

(ക) അദ്ദേഹം ആ സഭയിലെ ഒരംഗം അല്ലാതായിത്തീരുന്നുവെങ്കിൽ തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ്;

(ഖ) അദ്ദേഹത്തിന് ഏത് സമയത്തും അദ്ധ്യക്ഷനെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സഭയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാല് ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

91. ഉപാദ്ധ്യക്ഷനോ മറ്റൊരാൾക്കോ അദ്ധ്യക്ഷന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം.—(1) അദ്ധ്യക്ഷന്റെ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴും, ഉപരാഷ്ട്രപതി രാഷ്ട്രപതിയായി പകരം ജോലി നോക്കുകയോ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്ന കാലത്തും, ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഉപാദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷന്റെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് രാഷ്ട്രപതി നിയമിക്കുന്ന അങ്ങനെയുള്ള രാജ്യസഭാംഗവും നിർവ്വഹിക്കേണ്ടതാണ്.

(2) രാജ്യസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, അദ്ധ്യക്ഷൻ സന്നിഹിതനല്ലെങ്കിൽ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കാവുന്ന മറ്റൊരാളോ, അദ്ധ്യക്ഷനായി പകരം ജോലി നോക്കേണ്ടതാണ്.

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം "സഭയുടെ മറ്റു കാര്യങ്ങളേക്കാൾ അങ്ങനെയുള്ള ചർച്ചയ്ക്ക് മുൻഗണന നൽകുന്നതിനും" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

92. The Chairman or the Deputy Chairman not to preside while a resolution for his removal from office is under consideration.—(1) At any sitting of the Council of States, while any resolution for the removal of the Vice-President from his office is under consideration, the Chairman, or while any resolution for the removal of the Deputy Chairman from his office is under consideration, the Deputy Chairman, shall not, though he is present, preside, and the provisions of clause (2) of article 91 shall apply in relation to every such sitting as they apply in relation to a sitting from which the Chairman, or, as the case may be, the Deputy Chairman, is absent.

(2) The Chairman shall have the right to speak in, and otherwise to take part in the proceedings of, the Council of States while any resolution for the removal of the Vice-President from his office is under consideration in the Council, but, notwithstanding anything in article 100, shall not be entitled to vote at all on such resolution or on any other matter during such proceedings.

93. The Speaker and Deputy Speaker of the House of the People.—The House of the People shall, as soon as may be, choose two members of the House to be respectively Speaker and Deputy Speaker thereof and, so often as the office of Speaker or Deputy Speaker becomes vacant, the House shall choose another member to be Speaker or Deputy Speaker, as the case may be.

94. Vacation and resignation of, and removal from, the offices of Speaker and Deputy Speaker.— A member holding office as Speaker or Deputy Speaker of the House of the People—

(a) shall vacate his office if he ceases to be a member of the House of the People;

(b) may at any time, by writing under his hand addressed, if such member is the Speaker, to the Deputy Speaker, and if such member is the Deputy Speaker, to the Speaker, resign his office; and

(c) may be removed from his office by a resolution of the House of the People passed by a majority of all the then members of the House:

Provided that no resolution for the purpose of clause *(c)* shall be moved unless at least fourteen days' notice has been given of the intention to move the resolution:

Provided further that, whenever the House of the People is dissolved, the Speaker shall not vacate his office until immediately before the first meeting of the House of the People after the dissolution.

95. Power of the Deputy Speaker or other person to perform the duties of the office of, or to act as, Speaker.—(1) While the office of Speaker is vacant, the duties of the office shall be performed by the Deputy Speaker or, if the office of Deputy Speaker is also vacant, by such member of the House of the People as the President may appoint for the purpose.

92. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷത വഹിച്ചു കൂടെന്ന്.—(1) രാജ്യസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, ഉപരാഷ്ട്രപതിയെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 91-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, അതതുസംഗതി പോലെ, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) ഉപരാഷ്ട്രപതിയെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം രാജ്യസഭയിൽ പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷന് ആ സഭയിൽ സംസാരിക്കുന്നതിനും മറ്റുവിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ 100-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറ്റേതെങ്കിലും വിഷയത്തിൻമേലോ വോട്ടു ചെയ്യുവാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

93. ലോകസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും.—ലോകസഭ, കഴിയുന്നതും വേഗം, ആ സഭയിലെ രണ്ട് അംഗങ്ങളെ യഥാക്രമം അതിന്റെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ആയി തെരഞ്ഞെടുക്കേണ്ടതും, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം ആ സഭ മറ്റൊരു അംഗത്തെ, സ്പീക്കറോ ഡെപ്യൂട്ടി സ്പീക്കറോ ആയി, അതതുസംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

94. സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽ നിന്ന് ഒഴിഞ്ഞു പോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും.—ലോകസഭയുടെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ ഉദ്യോഗം വഹിക്കുന്ന ഒരു അംഗം—

(ക) അദ്ദേഹം ലോകസഭയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ്;

(ഖ) അദ്ദേഹത്തിന് ഏത് സമയത്തും ആ അംഗം സ്പീക്കറാണെങ്കിൽ ഡെപ്യൂട്ടി സ്പീക്കറെയും, ആ അംഗം ഡെപ്യൂട്ടി സ്പീക്കറാണെങ്കിൽ സ്പീക്കറെയും, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ലോകസഭയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാല് ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം അവതരിപ്പിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ലോകസഭ പിരിച്ചുവിടുമ്പോഴെല്ലാം, ആ പിരിച്ചുവിടലിനുശേഷമുള്ള ലോകസഭയുടെ ഒന്നാമത്തെ യോഗം ചേരുന്നതിന് തൊട്ടു മുൻപുവരെ സ്പീക്കർ തന്റെ ഉദ്യോഗം ഒഴിയുവാൻ പാടുള്ളതല്ല.

95. ഡെപ്യൂട്ടി സ്പീക്കർക്കോ മറ്റൊരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം.—(1) സ്പീക്കറുടെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഡെപ്യൂട്ടി സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറുടെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് രാഷ്ട്രപതി നിയമിക്കുന്ന ലോകസഭയിലെ അങ്ങനെയുള്ള അംഗമോ, നിർവ്വഹിക്കേണ്ടതാണ്.

(2) During the absence of the Speaker from any sitting of the House of the People the Deputy Speaker or, if he is also absent, such person as may be determined by the rules of procedure of the House, or, if no such person is present, such other person as may be determined by the House, shall act as Speaker.

96. The Speaker or the Deputy Speaker not to preside while a resolution for his removal from office is under consideration.—(1) At any sitting of the House of the People, while any resolution for the removal of the Speaker from his office is under consideration, the Speaker, or while any resolution for the removal of the Deputy Speaker from his office is under consideration, the Deputy Speaker, shall not, though he is present, preside, and the provisions of clause (2) of article 95 shall apply in relation to every such sitting as they apply in relation to a sitting from which the Speaker, or, as the case may be, the Deputy Speaker, is absent.

(2) The Speaker shall have the right to speak in, and otherwise to take part in the proceedings of, the House of the People while any resolution for his removal from office is under consideration in the House and shall, notwithstanding anything in article 100, be entitled to vote only in the first instance on such resolution or on any other matter during such proceedings but not in the case of an equality of votes.

97. Salaries and allowances of the Chairman and Deputy Chairman and the Speaker and Deputy Speaker.—There shall be paid to the Chairman and the Deputy Chairman of the Council of States, and to the Speaker and the Deputy Speaker of the House of the People, such salaries and allowances as may be respectively fixed by Parliament by law and, until provision in that behalf is so made, such salaries and allowances as are specified in the Second Schedule.

98. Secretariat of Parliament.—(1) Each House of Parliament shall have a separate secretarial staff:

Provided that nothing in this clause shall be construed as preventing the creation of posts common to both Houses of Parliament.

(2) Parliament may by law regulate the recruitment, and the conditions of service of persons appointed, to the secretarial staff of either House of Parliament.

(3) Until provision is made by Parliament under clause (2), the President may, after consultation with the Speaker of the House of the People or the Chairman of the Council of States, as the case may be, make rules regulating the recruitment, and the conditions of service of persons appointed, to the secretarial staff of the House of the People or the Council of States, and any rules so made shall have effect subject to the provisions of any law made under the said clause.

(2) ലോകസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കർ സന്നിഹിതനല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കാവുന്ന മറ്റൊരാളോ സ്പീക്കറായി പകരം ജോലി നോക്കേണ്ടതാണ്.

96. സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചു കൂടെന്ന്.—(1) ലോകസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 95-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ, അതതുസംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതു പോലെ, ബാധകമാകുന്നതും ആകുന്നു.

(2) സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം ലോകസഭയിൽ പരിഗണനയിലിരിക്കുമ്പോൾ ആ സഭയിൽ സംസാരിക്കുന്നതിനും മറ്റു വിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും സ്പീക്കർക്ക് അവകാശമുണ്ടായിരിക്കുന്നതും, 100-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറ്റേതെങ്കിലും വിഷയത്തിൻമേലോ വോട്ടുചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

97. അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളങ്ങളും ബത്തകളും.—രാജ്യസഭയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ലോകസഭയുടെ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും യഥാക്രമം പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും, കൊടുക്കേണ്ടതാണ്.

98. പാർലമെന്റിന്റെ സെക്രട്ടേറിയറ്റ്.—(1)പാർലമെന്റിന്റെ ഓരോ സഭയ്ക്കും വെവ്വേറെ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിന്റെ ഇരു സഭകൾക്കും പൊതുവായി തസ്തികകൾ സൃഷ്ടിക്കുന്നതു തടയുന്നതായി വ്യഖ്യാനിക്കാവുന്നതല്ല.

(2) പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിന്റെയും സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും, അതിലേക്കു നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും പാർലമെന്റിനു നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(3) പാർലമെന്റ് (2)-ാം ഖണ്ഡപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ലോകസഭയുടെ സ്പീക്കറോട് അല്ലെങ്കിൽ രാജ്യസഭയുടെ അദ്ധ്യക്ഷനോട്, അതതുസംഗതിപോലെ, ആലോചിച്ചതിനുശേഷം രാഷ്ട്രപതിക്ക് ലോകസഭയുടെയോ രാജ്യസഭയുടെയോ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും അതിലേക്കു നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അങ്ങനെയുണ്ടാക്കുന്ന ഏതു ചട്ടത്തിനും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

Conduct of Business

99. Oath or affirmation by members.—Every member of either House of Parliament shall, before taking his seat, make and subscribe before the President, or some person appointed in that behalf by him, an oath or affirmation according to the form set out for the purpose in the Third Schedule.

100. Voting in Houses, power of Houses to act notwithstanding vacancies and quorum.—(1) Save as otherwise provided in this Constitution, all questions at any sitting of either House or joint sitting of the Houses shall be determined by a majority of votes of the members present and voting, other than the Speaker or person acting as Chairman or Speaker. The Chairman or Speaker, or person acting as such, shall not vote in the first instance, but shall have and exercise a casting vote in the case of an equality of votes.

(2) Either House of Parliament shall have power to act notwithstanding any vacancy in the membership thereof, and any proceedings in Parliament shall be valid notwithstanding that it is discovered subsequently that some person who was not entitled so to do sat or voted or otherwise took part in the proceedings.

(3) Until Parliament by law otherwise provides, the quorum to constitute a meeting of either House of Parliament shall be one-tenth of the total number of members of the House.

(4) If at any time during a meeting of a House there is no quorum, it shall be the duty of the Chairman or Speaker, or person acting as such, either to adjourn the House or to suspend the meeting until there is a quorum.

Disqualifications of Members

101. Vacation of seats.—(1) No person shall be a member of both Houses of Parliament and provision shall be made by Parliament by law for the vacation by a person who is chosen a member of both Houses of his seat in one House or the other.

(2) No person shall be a member both of Parliament and of a House of the Legislature of a State [1][***] and if a person is chosen a member both of Parliament and of a House of the Legislature of [2][a State,] then, at the expiration of such period as may be specified in rules* made by the President, that person's seat in Parliament shall become vacant, unless he has previously resigned his seat in the Legislature of the State.

---

1. The words and letters "specified in Part A or Part B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.

2. Subs. by s.29 and Sch., ibid., for "such a State".

★ See the Prohibition of Simultaneous Membership Rules, 1950, published with the Ministry of Law Notification No. F. 46/50-C, dated the 26th January, 1950, Gazette of India, Extraordinary, P. 678.

കാര്യങ്ങളുടെ നടത്തിപ്പ്

99. അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ.—പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിലെയും ഓരോ അംഗവും തന്റെ സ്ഥാനം സ്വീകരിക്കുന്നതിനുമുൻപ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ഏതെങ്കിലും ആളുടെയോ മുൻപാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാണ്.

100. സഭകളിൽ വോട്ടുചെയ്യലും, ഒഴിവുകൾ ഉണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭകൾക്കുള്ള അധികാരവും കോറവും.—(1) ഈ ഭരണഘടനയിൽ മറ്റുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ ഒഴികെ, ഇരു സഭകളിൽ ഓരോന്നിന്റെയും ഏതു ഉപവേശനത്തിലും അല്ലെങ്കിൽ സഭകളുടെ സംയുക്ത ഉപവേശനത്തിലും വരുന്ന എല്ലാ പ്രശ്നങ്ങളും സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷൻ അഥവാ സ്പീക്കറായി പകരം ജോലി നോക്കുന്ന ആളോ അല്ലാതെ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷം കൊണ്ട് തീരുമാനിക്കേണ്ടതാണ്. അദ്ധ്യക്ഷനോ സ്പീക്കറോ അല്ലെങ്കിൽ അങ്ങനെ പകരം ജോലി നോക്കുന്ന ആളോ ആദ്യ അവസരത്തിൽ വോട്ടു ചെയ്യുവാൻ പാടില്ലാത്തതും, എന്നാൽ വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ ഒരു നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അത് അദ്ദേഹം പ്രയോഗിക്കേണ്ടതും ആകുന്നു.

(2) പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിലും അതിലെ അംഗങ്ങളുടെ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒഴിവ് ഉണ്ടായിരുന്നാൽ തന്നെയും പ്രവർത്തിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും പാർലമെന്റിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു.

(3) പാർലമെന്റ് നിയമം വഴി മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിനും യോഗം ചേരുന്നതിനാവശ്യമായ കോറം ആ സഭയിലെ അംഗങ്ങളുടെ ആകെ സംഖ്യയുടെ പത്തിലൊന്ന് ആയിരിക്കുന്നതാണ്.

(4) ഒരു സഭയുടെ ഒരു യോഗത്തിനിടയ്ക്ക് ഏതെങ്കിലും സമയത്ത് കോറം ഇല്ലാതെ വന്നാൽ, സഭ നീട്ടിവയ്ക്കുകയോ കോറം ഉണ്ടാകുന്നതുവരെ ആ യോഗം നിറുത്തിവയ്ക്കുകയോ ചെയ്യുന്നത് അദ്ധ്യക്ഷന്റെയോ സ്പീക്കറുടെയോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലി നോക്കുന്ന ആളുടെയോ കർത്തവ്യമായിരിക്കുന്നതാണ്.

അംഗങ്ങളുടെ അയോഗ്യതകൾ

101. സ്ഥാനങ്ങൾ ഒഴിവാക്കൽ.—(1) യാതൊരാളും പാർലമെന്റിന്റെ ഇരു സഭകളിലും അംഗമായിരിക്കുവാൻ പാടില്ലാത്തതും ഇരു സഭകളിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഒരു സഭയിൽ അല്ലെങ്കിൽ മറ്റേതിൽ ഉള്ള അയാളുടെ സ്ഥാനം ഒഴിയുന്നതിന് പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

(2) യാതൊരാളും പാർലമെന്റിലും [1] [***] ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലും കൂടി അംഗമായിരിക്കുവാ�ൻ പാടില്ലാത്തതും, ഒരാൾ പാർലമെന്റിലെയും [2] [ഒരു സംസ്ഥാനത്തെ] നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ *നിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനം, ആ ആൾ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൽ നിന്ന് തന്റെ സ്ഥാനം അതിന് മുൻപ് രാജിവച്ചിട്ടില്ലാത്തപക്ഷം, പാർലമെന്റിൽ ആ ആളുടെ സ്ഥാനം ഒഴിവാകുന്നതും ആകുന്നു.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അങ്ങനെയുള്ള ഒരു സംസ്ഥാനത്തെ" എന്നതിന് പകരം ചേർത്തത്.

* 1950 ജനുവരി 26-ാം തീയതിയിലെ നിയമ മന്ത്രാലയത്തിന്റെ വിജ്ഞാപനം നമ്പർ എഫ്. 46/50-സി, ഭാരത ഗസറ്റ്, അസാധാരണം, പേജ് 678-ൽ പ്രസിദ്ധീകരിച്ച 1950-ലെ ഏകകാലിക അംഗത്വ നിരോധന ചട്ടങ്ങൾ കാണുക.

(3) If a member of either House of Parliament—

(a) becomes subject to any of the disqualifications mentioned in [1][clause (1) or clause (2) of article 102], or

[2][*(b)* resigns his seat by writing under his hand addressed to the Chairman or the Speaker, as the case may be, and his resignation is accepted by the Chairman or the Speaker, as the case may be,]

his seat shall thereupon become vacant:

[3][Provided that in the case of any resignation referred to in sub-clause *(b),* if from information received or otherwise and after making such inquiry as he thinks fit, the Chairman or the Speaker, as the case may be, is satisfied that such resignation is not voluntary or genuine, he shall not accept such resignation.]

(4) If for a period of sixty days a member of either House of Parliament is without permission of the House absent from all meetings thereof, the House may declare his seat vacant:

Provided that in computing the said period of sixty days no account shall be taken of any period during which the House is prorogued or is adjourned for more than four consecutive days.

102. Disqualifications for membership.—(1) A person shall be disqualified for being chosen as, and for being, a member of either House of Parliament—

(a) if he holds any office of profit under the Government of India or the Government of any State, other than an office declared by Parliament by law not to disqualify its holder;

(b) if he is of unsound mind and stands so declared by a competent court;

(c) if he is an undischarged insolvent;

(d) if he is not a citizen of India or has voluntarily acquired the citizenship of a foreign State, or is under any acknowledgment of allegiance or adherence to a foreign State;

(e) if he is so disqualified by or under any law made by Parliament.

---

1. Subs. by the Constitution (Fifty-second Amendment) Act, 1985, s.2 for "clause (1) of article 102" (w.e.f. 1-3-1985).

2. Subs. by the Constitution (Thirty-third Amendment) Act, 1974, s.2, for sub-clause (b).

3. Ins. by s.2, ibid.

(3) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരംഗം—

(ക) [1][102-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (2)-ാം ഖണ്ഡത്തിലോ] പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാകുകയോ;

[2][(ഖ) അദ്ധ്യക്ഷനെയോ സ്പീക്കറെയോ, അതതുസംഗതിപോലെ, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ സ്ഥാനം രാജിവയ്ക്കുകയും ആ ആളുടെ രാജി അദ്ധ്യക്ഷനോ സ്പീക്കറോ, അതതുസംഗതിപോലെ, സ്വീകരിക്കുകയും ചെയ്യുകയോ,]

ചെയ്താൽ, ആ ആളുടെ സ്ഥാനം അപ്പോൾ ഒഴിവാകുന്നതാണ്:

[3][എന്നാൽ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാജിയുടെ സംഗതിയിൽ, കിട്ടിയ വിവരത്തിൽ നിന്നോ മറ്റുവിധത്തിലോ, തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണ വിചാരണ ചെയ്തതിനുശേഷവും, അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യഥാർത്ഥമായതോ അല്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ധ്യക്ഷനോ സ്പീക്കറോ, അതതുസംഗതിപോലെ, അങ്ങനെയുള്ള രാജി സ്വീകരിക്കാൻ പാടുള്ളതല്ല.]

(4) പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെയെങ്കിലും ഒരംഗം ആ സഭയുടെ അനുവാദം കൂടാതെ അതിന്റെ എല്ലാ യോഗങ്ങളിലും അറുപത് ദിവസക്കാലത്തേയ്ക്ക് അസന്നിഹിതനായിരുന്നാൽ ആ സഭയ്ക്ക് ആ ആളുടെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, മേൽപ്പറഞ്ഞ അറുപത് ദിവസക്കാലം കണക്കാക്കുമ്പോൾ ആ സഭയുടെ സമ്മേളനം അവസാനിപ്പിച്ചിരുന്നതോ തുടർച്ചയായി നാലു ദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ കാലയളവ് കണക്കിലെടുക്കാൻ പാടുള്ളതല്ല.

102. അംഗത്വത്തിനുള്ള അയോഗ്യതകൾ.— (1) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുവാനും, ഒരു അംഗമായി ഇരിക്കുവാനും—

(ക) ഭാരത സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിൽ ഏതു ഉദ്യോഗം വഹിക്കുന്ന ആളെയാണോ അയോഗ്യനാക്കുകയില്ലെന്ന് പാർലമെന്റ് നിയമം വഴി പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ;

(ഖ) ചിത്തഭ്രമം ഉള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയും ചെയ്യുകയോ;

(ഗ) ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ;

(ഘ) ഭാരതത്തിലെ ഒരു പൗരൻ അല്ലാതിരിക്കുകയോ, ഒരു വിദേശ രാജ്യത്തിൽ പൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിരിക്കുകയോ ഒരു വിദേശ രാഷ്ട്രത്തിൽ കൂറോ വിധേയത്വമോ ഏതെങ്കിലും തരത്തിൽ അംഗീകരിച്ചിരിക്കുകയോ;

(ങ) പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അപ്രകാരം അയോഗ്യനാക്കിയിരിക്കുകയോ,

ചെയ്യുന്ന ഒരാൾ അയോഗ്യനാകുന്നതാണ്.

---

1. 1985-ലെ ഭരണഘടന (അൻപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "102-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡം" എന്നതിനു പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. 1974-ലെ ഭരണഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (ഖ) ഉപഖണ്ഡം എന്നതിനു പകരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

[1][*Explanation.*—For the purposes of this clause] a person shall not be deemed to hold an office of profit under the Government of India or the Government of any State by reason only that he is a Minister either for the Union or for such State.

[2][(2) A person shall be disqualified for being a member of either House of Parliament if he is so disqualified under the Tenth Schedule.]

[3][**103. Decision on questions as to disqualifications of members.—**(1) If any question arises as to whether a member of either House of Parliament has become subject to any of the disqualifications mentioned in clause (1) of article 102, the question shall be referred for the decision of the President and his decision shall be final.

(2) Before giving any decision on any such question, the President shall obtain the opinion of the Election Commission and shall act according to such opinion.]

104. Penalty for sitting and voting before making oath or affirmation under article 99 or when not qualified or when disqualified.—If a person sits or votes as a member of either House of Parliament before he has complied with the requirements of article 99, or when he knows that he is not qualified or that he is disqualified for membership thereof, or that he is prohibited from so doing by the provisions of any law made by Parliament, he shall be liable in respect of each day on which he so sits or votes to a penalty of five hundred rupees to be recovered as a debt due to the Union.

Powers, Privileges and Immunities of Parliament and its Members

105. Powers, privileges, etc., of the Houses of Parliament and of the members and committees thereof.—(1) Subject to the provisions of this Constitution and to the rules and standing orders regulating the procedure of Parliament, there shall be freedom of speech in Parliament.

---

1. Subs. by the Constitution (Fifty-second Amendment) Act, 1985, s.3, for "(2) For the purposes of this article" (w.e.f. 1-3-1985).

2. Ins. by s.3, ibid., (w.e.f. 1-3-1985).

3. Art. 103 has been successively subs. by the Constitution (Forty-second Amendment) Act, 1976, s.20 (w.e.f. 3-1-1977) and the Constitution (Forty-fourth Amendment) Act, 1978, s.14 to read as above (w.e.f. 20-6-1979).

[1][*വിശദീകരണം.*—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്] യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ ഒരു മന്ത്രിയാണെന്നുള്ള കാരണത്താൽമാത്രം ഒരാൾ ഭാരത സർക്കാരിന്റെയോ അഥവാ അങ്ങനെയുള്ള സംസ്ഥാനസർക്കാരിന്റെയോ കീഴിൽ ആദായകരമായ ഒരു ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

[2][(2) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗമായിരിക്കുന്നതിന് പത്താം പട്ടിക പ്രകാരം അയോഗ്യത കൽപ്പിച്ചിട്ടുള്ള ഒരാൾക്ക് അപ്രകാരം അംഗമായിരിക്കുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.]

[3][**103. അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം.**— (1) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും ഒരു അംഗം 102-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉൽഭവിക്കുന്നു എങ്കിൽ, ആ പ്രശ്നം രാഷ്ട്രപതിയുടെ തീരുമാനത്തിന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നൽകുന്നതിനു മുൻപ് രാഷ്ട്രപതി തെരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായം നേടേണ്ടതും അങ്ങനെയുള്ള അഭിപ്രായമനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.]

104. 99-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനുമുൻപോ യോഗ്യത ഇല്ലാതിരിക്കുമ്പോഴോ അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടു ചെയ്യുന്നതിനുമുള്ള ശിക്ഷ.—ഒരാൾ 99-ാം അനുച്ഛേദത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതിന് മുൻപായോ, താൻ പാർലമെന്റിലെ അംഗത്വത്തിന് യോഗ്യനല്ലെന്നോ അയോഗ്യനാണെന്നോ പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ വഴിതന്നെ അങ്ങനെയുള്ള അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്നതിൽ നിന്നും നിരോധിച്ചിട്ടുണ്ടെന്നോ അറിഞ്ഞിരിക്കുമ്പോഴോ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെയെങ്കിലും അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്നു എങ്കിൽ, അപ്രകാരം താൻ ഉപവേശിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്ന ഓരോ ദിവസത്തേക്കും യൂണിയന് ചെല്ലേണ്ട കടമെന്ന നിലയിൽ വസൂലാക്കേണ്ട അഞ്ഞൂറുരൂപ പിഴയ്ക്ക് ആ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

പാർലമെന്റിന്റെയും അതിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും

105. പാർലമെന്റിന്റെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷാവകാശങ്ങൾ മുതലായവ.—(1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും പാർലമെന്റിന്റെ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിലവിലുള്ള ഉത്തരവുകൾക്കും വിധേയമായി പാർലമെന്റിൽ സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

---

1. 1985-ലെ ഭരണഘടന (അൻപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം "(2) ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്" എന്നതിന് പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ് 3-ാം വകുപ്പ് പ്രകാരം ചേർത്തത്. (1-3-1985 മുതൽ പ്രാബല്യം).

3. 103-ാം അനുച്ഛേദം അനുക്രമമായി 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 20-ാം വകുപ്പു പ്രകാരവും 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരവും പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) No member of Parliament shall be liable to any proceedings in any court in respect of anything said or any vote given by him in Parliament or any committee thereof, and no person shall be so liable in respect of the publication by or under the authority of either House of Parliament of any report, paper, votes or proceedings.

(3) In other respects, the powers, privileges and immunities of each House of Parliament, and of the members and the committees of each House, shall be such as may from time to time be defined by Parliament by law, and, until so defined, [1][shall be those of that House and of its members and committees immediately before the coming into force of section 15 of the Constitution (Forty-fourth Amendment) Act, 1978.]

(4) The provisions of clauses (1), (2) and (3) shall apply in relation to persons who by virtue of this Constitution have the right to speak in, and otherwise to take part in the proceedings of, a House of Parliament or any committee thereof as they apply in relation to members of Parliament.

106. Salaries and allowances of members.—Members of either House of Parliament shall be entitled to receive such salaries and allowances as may from time to time be determined by Parliament by law and, until provision in that respect is so made, allowances at such rates and upon such conditions as were immediately before the commencement of this Constitution applicable in the case of members of the Constituent Assembly of the Dominion of India.

Legislative Procedure

107. Provisions as to introduction and passing of Bills.—(1) Subject to the provisions of articles 109 and 117 with respect to Money Bills and other financial Bills, a Bill may originate in either House of Parliament.

(2) Subject to the provisions of articles 108 and 109, a Bill shall not be deemed to have been passed by the Houses of Parliament unless it has been agreed to by both Houses, either without amendment or with such amendments only as are agreed to by both Houses.

(3) A Bill pending in Parliament shall not lapse by reason of the prorogation of the Houses.

(4) A Bill pending in the Council of States which has not been passed by the House of the People shall not lapse on a dissolution of the House of the People.

(5) A Bill which is pending in the House of the People, or which having been passed by the House of the People is pending in the Council of States, shall, subject to the provisions of article 108, lapse on a dissolution of the House of the People.

---

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s.15. for certain words (w.e.f. 20-6-1979).

(2) പാർലമെന്റിലെ യാതൊരംഗവും, ആ ആൾ പാർലമെന്റിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ പറഞ്ഞിട്ടുള്ള എന്തിനെയെങ്കിലുമോ നൽകിയിട്ടുള്ള ഏതെങ്കിലും വോട്ടിനെയോ സംബന്ധിച്ച് യാതൊരു കോടതി നടപടികൾക്കും വിധേയനല്ലാത്തതും, പാർലമെന്റിന്റെ ഇരു സഭകളിൽ ഏതെങ്കിലും ഒന്നിന്റെ അധികാരത്താലോ അധികാരത്തിൻ കീഴിലോ ഏതെങ്കിലും റിപ്പോർട്ടോ, പത്രമോ, വോട്ടുകളോ, നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് യാതൊരാളും അപ്രകാരം വിധേയനാകുന്നതല്ലാത്തതും ആകുന്നു.

(3) മറ്റ് കാര്യങ്ങളിൽ, പാർലമെന്റിന്റെ ഓരോ സഭയ്ക്കും ഓരോ സഭയിലെയും അംഗങ്ങൾക്കും സമിതികൾക്കും ഉള്ള അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും അപ്പോഴപ്പോൾ പാർലമെന്റ് നിയമം വഴി നിർവ്വചിക്കുന്ന വിധം ഉള്ളവ ആയിരിക്കുന്നതും, അങ്ങനെ നിർവ്വചിക്കുന്നതുവരെ [1] [1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് ആ സഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും ഉണ്ടായിരുന്നവ ആയിരിക്കുന്നതും ആകുന്നു.]

(4) പാർലമെന്റിന്റെ ഒരു സഭയിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ സംസാരിക്കുന്നതിനും അതിന്റെ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുന്നതിനും ഈ ഭരണഘടനയുടെ ബലത്തിൽ അവകാശമുള്ള ആളുകളെ സംബന്ധിച്ച് (1)-ം (2)-ം (3)-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ പാർലമെന്റിലെ അംഗങ്ങളെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

106. അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും.—പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിലെയും അംഗങ്ങൾക്ക്, പാർലമെന്റ് നിയമം വഴി അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ശമ്പളങ്ങളും ബത്തകളും, അതുസംബന്ധിച്ച് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഇൻഡ്യാ ഡൊമിനിയന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ അംഗങ്ങളുടെ സംഗതിയിൽ ബാധകമായിരുന്ന അങ്ങനെയുള്ള നിരക്കുകൾ അനുസരിച്ചും അങ്ങനെയുള്ള ഉപാധികളിൻമേലും ഉള്ള ബത്തകളും ലഭിക്കുന്നതിന്, അവകാശമുണ്ടായിരിക്കുന്നതാണ്.

നിയമനിർമ്മാണ നടപടിക്രമം

107. ബില്ലുകളുടെ അവതരണവും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ.—(1) പണ ബില്ലുകളെയും മറ്റ് ധനകാര്യ ബില്ലുകളെയും സംബന്ധിച്ച 109-ം 117-ം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

(2) 108-ം 109-ം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ, ഭേദഗതി കൂടാതെയോ ഇരു സഭകളും അനുകൂലിക്കുന്ന അങ്ങനെയുള്ള ഭേദഗതികളോടുകൂടിയോ മാത്രം ഇരു സഭകളും അനുകൂലിച്ചിട്ടില്ലാത്തപക്ഷം, പാർലമെന്റിൽ സഭകൾ പാസ്സാക്കിയതായി കരുതുവാൻ പാടുള്ളതല്ല.

(3) പാർലമെന്റിൽ നിലവിലിരിക്കുന്ന ഒരു ബിൽ, സഭകളുടെ സമ്മേളനം അവസാനിപ്പിക്കൽ നിമിത്തം ലാപ്സാകുന്നതല്ല.

(4) ലോകസഭ പാസ്സാക്കാതെ രാജ്യസഭയിൽ നിലവിലിരിക്കുന്ന ഒരു ബിൽ ലോകസഭ പിരിച്ചുവിടുന്നതിൻമേൽ ലാപ്സാകുന്നതല്ല.

(5) ലോകസഭയിൽ നിലവിലിരിക്കുന്നതോ, ലോകസഭ പാസ്സാക്കി രാജ്യസഭയിൽ നിലവിലിരിക്കുന്നതോ ആയ ഒരു ബിൽ, 108-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ലോകസഭ പിരിച്ചുവിടുന്നതിൻമേൽ ലാപ്സാകുന്നതാണ്.

---

1. 1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

108. Joint sitting of both Houses in certain cases.—(1) If after a Bill has been passed by one House and transmitted to the other House—

(a) the Bill is rejected by the other House; or

(b) the Houses have finally disagreed as to the amendments to be made in the Bill; or

(c) more than six months elapse from the date of the reception of the Bill by the other House without the Bill being passed by it,

the President may, unless the Bill has elapsed by reason of a dissolution of the House of the People, notify to the Houses by message if they are sitting or by public notification if they are not sitting, his intention to summon them to meet in a joint sitting for the purpose of deliberating and voting on the Bill:

Provided that nothing in this clause shall apply to a Money Bill.

(2) In reckoning any such period of six months as is referred to in clause (1), no account shall be taken of any period during which the House referred to in sub-clause *(c)* of that clause is prorogued or adjourned for more than four consecutive days.

(3) Where the President has under clause (1) notified his intention of summoning the Houses to meet in a joint sitting, neither House shall proceed further with the Bill, but the President may at any time after the date of his notification summon the Houses to meet in a joint sitting for the purpose specified in the notification and, if he does so, the Houses shall meet accordingly.

(4) If at the joint sitting of the two Houses the Bill, with such amendments, if any, as are agreed to in joint sitting, is passed by a majority of the total number of members of both Houses present and voting, it shall be deemed for the purposes of this Constitution to have been passed by both Houses:

Provided that at a joint sitting—

(a) if the Bill, having been passed by one House, has not been passed by the other House with amendments and returned to the House in which it originated, no amendment shall be proposed to the Bill other than such amendments (if any) as are made necessary by the delay in the passage of the Bill;

(b) if the Bill has been so passed and returned, only such amendments as aforesaid shall be proposed to the Bill and such other amendments as are relevant to the matters with respect to which the Houses have not agreed,

and the decision of the person presiding as to the amendments which are admissible under this clause shall be final.

108. ചില സംഗതികളിൽ ഇരു സഭകളുടെയും സംയുക്ത ഉപവേശനം.—(1) ഒരു ബിൽ ഒരു സഭ പാസ്സാക്കുകയും മറ്റേ സഭയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ മറ്റേ സഭ തിരസ്ക്കരിക്കുകയോ;

(ഖ) ആ ബില്ലിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റി സഭകൾ അവസാനം വിയോജിക്കുകയോ;

(ഗ) മറ്റേ സഭയ്ക്ക് ആ ബിൽ കിട്ടിയ തീയതി മുതൽ ആ സഭയിൽ പാസ്സാക്കാതെ ആറുമാസത്തിലധികം കഴിഞ്ഞു പോവുകയോ,

ചെയ്താൽ, ലോകസഭ പിരിച്ചുവിടുന്നത് നിമിത്തം ആ ബില്ല് ലാപ്സായിട്ടില്ലാത്തപക്ഷം രാഷ്ട്രപതിക്ക്, സഭകൾ ഉപവേശനത്തിലാണെങ്കിൽ സന്ദേശം മുഖേനയും ഉപവേശനത്തിലല്ലെങ്കിൽ പൊതുവിജ്ഞാപനം മുഖേനയും, ആ ബില്ലിനെപ്പറ്റി പര്യാലോചിക്കുന്നതിനും അതിൻമേൽ വോട്ടുചെയ്യുന്നതിനും ഉള്ള ആവശ്യത്തിന് ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് അവയെ വിളിച്ചുകൂട്ടുവാനുള്ള തന്റെ ഉദ്ദേശ്യം അവയെ അറിയിക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും ഒരു പണബില്ലിന് ബാധകമാകുന്നതല്ല.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധം ഏതെങ്കിലും അങ്ങനെയുള്ള ആറുമാസക്കാലം കണക്കാക്കുന്നതിൽ, ആ ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സഭ സമ്മേളനം അവസാനിപ്പിച്ചിരുന്നതോ തുടർച്ചയായി നാലു ദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ ഏതെങ്കിലും കാലയളവ് കണക്കിലെടുക്കുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതി, സഭകളെ, ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് (1)-ാം ഖണ്ഡപ്രകാരം വിജ്ഞാപനം നൽകിയിരിക്കുമ്പോൾ, ഇരു സഭകളിൽ ഒന്നും ആ ബില്ലിനെപ്പറ്റിയുള്ള നടപടി തുടരുവാൻ പാടില്ലാത്തതും, എന്നാൽ രാഷ്ട്രപതിക്ക് തന്റെ വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്കുശേഷം ഏതു സമയത്തും, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യത്തിന്, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുന്നതിന് വിളിച്ചുകൂട്ടാവുന്നതും അദ്ദേഹം അപ്രകാരം ചെയ്യുന്നു എങ്കിൽ, സഭകൾ അതനുസരിച്ച് യോഗം ചേരേണ്ടതും ആകുന്നു.

(4) രണ്ട് സഭകളുടെയും ആ സംയുക്ത ഉപവേശനത്തിൽ സമ്മതിച്ച ഭേദഗതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയോടുകൂടി ഇരു സഭകളിലെയും ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ആകെ സംഖ്യയുടെ ഒരു ഭൂരിപക്ഷത്തോടുകൂടി ആ ബിൽ പാസ്സാക്കുകയാണെങ്കിൽ, ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് അത് ഇരു സഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്:

എന്നാൽ, ഒരു സംയുക്ത ഉപവേശനത്തിൽ—

(ക) ആ ബിൽ ഒരു സഭ പാസ്സാക്കിയിരിക്കുകയും മറ്റേ സഭ ഭേദഗതികളോടുകൂടി പാസ്സാക്കാതിരിക്കുകയും അത് ആരംഭിച്ച സഭയിലേക്ക് തിരച്ച് അയയ്ക്കാതിരിക്കുകയും ചെയ്താൽ, അത് പാസ്സാക്കുന്നതിനുള്ള താമസത്താൽ ആവശ്യമായിത്തീർന്ന ഭേദഗതികൾ (ഏതെങ്കിലും ഉണ്ടെങ്കിൽ) അല്ലാതെ യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാൻ പാടില്ലാത്തതും;

(ഖ) ആ ബിൽ അപ്രകാരം പാസ്സാക്കിയിരിക്കുകയും തിരിച്ച് അയച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മുൻപറഞ്ഞ അങ്ങനെയുള്ള ഭേദഗതികളും സഭകൾ യോജിപ്പിലെത്തിയിട്ടില്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് പ്രസക്തമായ അങ്ങനെയുള്ള മറ്റ് ഭേദഗതികളും മാത്രം നിർദ്ദേശിക്കേണ്ടതും,

ഈ ഖണ്ഡപ്രകാരം ഏത് ഭേദഗതികൾ അനുവദിക്കാമെന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

(5) A joint sitting may be held under this article and a Bill passed thereat, notwithstanding that a dissolution of the House of the People has intervened since the President notified his intention to summon the Houses to meet therein.

109. Special procedure in respect of Money Bills.—(1) A Money Bill shall not be introduced in the Council of States.

(2) After a Money Bill has been passed by the House of the People it shall be transmitted to the Council of States for its recommendations and the Council of States shall within a period of fourteen days from the date of its receipt of the Bill return the Bill to the House of the People with its recommendations and the House of the People may thereupon either accept or reject all or any of the recommendations of the Council of States.

(3) If the House of the People accepts any of the recommendations of the Council of States, the Money Bill shall be deemed to have been passed by both Houses with the amendments recommended by the Council of States and accepted by the House of the People.

(4) If the House of the People does not accept any of the recommendations of the Council of States, the Money Bill shall be deemed to have been passed by both Houses in the form in which it was passed by the House of the People without any of the amendments recommended by the Council of States.

(5) If a Money Bill passed by the House of the People and transmitted to the Council of States for its recommendations is not returned to the House of the People within the said period of fourteen days, it shall be deemed to have been passed by both Houses at the expiration of the said period in the form in which it was passed by the House of the People.

110. Definition of "Money Bills".—(1) For the purposes of this Chapter, a Bill shall be deemed to be a Money Bill if it contains only provisions dealing with all or any of the following matters, namely:—

(a) the imposition, abolition, remission, alteration or regulation of any tax;

(b) the regulation of the borrowing of money or the giving of any guarantee by the Government of India, or the amendment of the law with respect to any financial obligations undertaken or to be undertaken by the Government of India;

(c) the custody of the Consolidated Fund or the Contingency Fund of India, the payment of moneys into or the withdrawal of moneys from any such Fund;

(d) the appropriation of moneys out of the Consolidated Fund of India;

(e) the declaring of any expenditure to be expenditure charged on the Consolidated Fund of India or the increasing of the amount of any such expenditure;

(f) the receipt of money on account of the Consolidated Fund of India or the public account of India or the custody or issue of such money or the audit of the accounts of the Union or of a State; or

(5) രാഷ്ട്രപതി, സഭകളെ ഒരു സംയുക്ത ഉപവേശനമായി യോഗം ചേരുവാൻ വിളിച്ചുകൂട്ടുവാനുള്ള അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ലോകസഭയുടെ പിരിച്ചുവിടൽ ഇടയ്ക്ക് സംഭവിച്ചാലും ഈ അനുച്ഛേദപ്രകാരം ഒരു സംയുക്ത ഉപവേശനം നടത്താവുന്നതും അതിൽവച്ച് ഒരു ബിൽ പാസ്സാക്കാവുന്നതും ആകുന്നു.

109. പണബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമം.—(1) ഒരു പണബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഒരു പണബിൽ ലോകസഭ പാസ്സാക്കിയതിനുശേഷം അത് രാജ്യസഭയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കേണ്ടതും, രാജ്യസഭ, അതിന് ആ ബിൽ കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസക്കാലത്തിനുള്ളിൽ അതിന്റെ ശിപാർശകളോടുകൂടി ലോകസഭയിലേക്ക് തിരിച്ചയയ്ക്കേണ്ടതും, അപ്പോൾ ലോകസഭയ്ക്ക് രാജ്യസഭയുടെ ശിപാർശകൾ എല്ലാമോ അവയിൽ ഏതെങ്കിലുമോ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്ക്കരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3) ലോകസഭ, രാജ്യസഭയുടെ ശിപാർശകളിൽ ഏതെങ്കിലും സ്വീകരിക്കുന്നു എങ്കിൽ, രാജ്യസഭ ശിപാർശ ചെയ്തതും ലോകസഭ സ്വീകരിച്ചതുമായ ഭേദഗതികളോടുകൂടി ആ പണബിൽ ഇരു സഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(4) രാജ്യസഭയുടെ ശിപാർശകളിൽ യാതൊന്നും ലോകസഭ സ്വീകരിക്കുന്നില്ലെങ്കിൽ, അത് ലോകസഭ പാസ്സാക്കിയ രൂപത്തിൽ, രാജ്യസഭ ശിപാർശ ചെയ്ത ഭേദഗതികൾ ഒന്നും കൂടാതെ, ആ പണബിൽ ഇരു സഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(5) ലോകസഭ പാസ്സാക്കുകയും രാജ്യസഭയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കുകയും ചെയ്ത ഒരു പണബിൽ, മേൽപ്പറഞ്ഞ പതിന്നാല് ദിവസക്കാലത്തിനുള്ളിൽ ലോകസഭയിലേക്ക് തിരിച്ചയയ്ക്കുന്നില്ലെങ്കിൽ, അത് ലോകസഭ പാസ്സാക്കിയ രൂപത്തിൽ മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം, ഇരു സഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

110. "പണബില്ല്" കളുടെ നിർവ്വചനം.—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു ബിൽ, അത്, താഴെ ചേർത്തിട്ടുള്ള എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതാണെങ്കിൽ, ഒരു പണബില്ലായി കരുതപ്പെടേണ്ടതാണ്, അതായത്:—

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ, അല്ലെങ്കിൽ ക്രമപ്പെടുത്തൽ;

(ഖ) ഭാരത സർക്കാർ പണം കടം വാങ്ങുന്നതിന്റെയോ ഏതെങ്കിലും ഉറപ്പുകൊടുക്കുന്നതിന്റെയോ ക്രമപ്പെടുത്തൽ, അല്ലെങ്കിൽ ഭാരത സർക്കാർ ഏറ്റെടുത്തിട്ടുള്ളതോ ഏറ്റെടുക്കുവാനുള്ളതോ ആയ ഏതെങ്കിലും ധനപരമായ ബാദ്ധ്യതകൾ സംബന്ധിച്ചുള്ള നിയമം ഭേദഗതി ചെയ്യൽ;

(ഗ) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയോ ആകസ്മികനിധിയുടെയോ സൂക്ഷിപ്പ്, അങ്ങനെയുള്ള ഏതെങ്കിലും നിധിയിൽ പണം അടയ്ക്കൽ അല്ലെങ്കിൽ അതിൽനിന്ന് പണം തിരിച്ചെടുക്കൽ;

(ഘ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം;

(ങ) ഏതെങ്കിലും ചെലവ് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവാണെന്ന് പ്രഖ്യാപിക്കൽ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെലവിന്റെ തുക വർദ്ധിപ്പിക്കൽ;

(ച) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയോ ഭാരതത്തിന്റെ പൊതുക്കണക്കിന്റെയോ വകയിൽ പണം സ്വീകരിക്കൽ, അങ്ങനെയുള്ള പണം സൂക്ഷിക്കൽ, അല്ലെങ്കിൽ കൊടുക്കൽ, അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കണക്കുകൾ ആഡിറ്റ് ചെയ്യൽ;

(g) any matter incidental to any of the matters specified in sub-clauses *(a)* to *(f)*.

(2) A Bill shall not be deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licences or fees for services rendered, or by reason that it provides for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes.

(3) If any question arises whether a Bill is a Money Bill or not, the decision of the Speaker of the House of the People thereon shall be final.

(4) There shall be endorsed on every Money Bill when it is transmitted to the Council of States under article 109, and when it is presented to the President for assent under article 111, the certificate of the Speaker of the House of the People signed by him that it is a Money Bill.

111. Assent to Bills.—When a Bill has been passed by the Houses of Parliament, it shall be presented to the President, and the President shall declare either that he assents to the Bill, or that he withholds assent therefrom:

Provided that the President may, as soon as possible after the presentation to him of a Bill for assent, return the Bill if it is not a Money Bill to the Houses with a message requesting that they will reconsider the Bill or any specified provisions thereof and, in particular, will consider the desirability of introducing any such amendments as he may recommend in his message, and when a Bill is so returned, the Houses shall reconsider the Bill accordingly, and if the Bill is passed again by the Houses with or without amendment and presented to the President for assent, the President shall not withhold assent therefrom.

Procedure in Financial Matters

112. Annual financial statement.—(1) The President shall in respect of every financial year cause to be laid before both the Houses of Parliament a statement of the estimated receipts and expenditure of the Government of India for that year, in this Part referred to as the "annual financial statement".

(2) The estimates of expenditure embodied in the annual financial statement shall show separately—

(a) the sums required to meet expenditure described by this Constitution as expenditure charged upon the Consolidated Fund of India; and

(b) the sums required to meet other expenditure proposed to be made from the Consolidated Fund of India,

and shall distinguish expenditure on revenue account from other expenditure.

(ഛ) (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനോടെങ്കിലും ബന്ധപ്പെട്ട ഏതെങ്കിലും വിഷയം.

(2) ഒരു ബിൽ അത് പിഴകളോ പണം നൽകേണ്ട മറ്റു ശിക്ഷകളോ ചുമത്തുവാനോ, ലൈസൻസുകൾക്കുവേണ്ടിയുള്ള ഫീസോ ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്ന് മാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ, ഇളവുചെയ്യുവാനോ, ഭേദപ്പെടുത്തുവാനോ, ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ ഒരു പണബില്ലായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ ഒരു പണബില്ലാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, ലോകസഭയുടെ സ്പീക്കറുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4) ഓരോ പണബില്ലിൻമേലും, അത് 109-ാം അനുച്ഛേദപ്രകാരം രാജ്യസഭയിലേക്ക് അയച്ചുകൊടുക്കുമ്പോഴും 111-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കുമ്പോഴും ലോകസഭയുടെ സ്പീക്കറുടെ അത് ഒരു പണബില്ലാണെന്ന്, അദ്ദേഹം ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റ്, ദൃഢീകരിക്കേണ്ടതാണ്.

111. ബില്ലുകൾക്ക് അനുമതി.—ഒരു ബിൽ പാർലമെന്റിന്റെ സഭകൾ പാസ്സാക്കിയാൽ അത് രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും, ആ ബില്ലിന് അദ്ദേഹം അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് അദ്ദേഹം അനുമതി നൽകുന്നില്ലെന്നോ രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതും ആകുന്നു:

എന്നാൽ, രാഷ്ട്രപതിക്ക്, ഒരു ബിൽ അത് ഒരു പണബിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അനുമതിക്കായി സമർപ്പിച്ചതിനുശേഷം കഴിയുന്നതുംവേഗം, സഭകൾ ആ ബില്ലിനെയോ അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ വീണ്ടും പരിഗണിക്കണമെന്നും, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സന്ദേശത്തിൽ ശിപാർശ ചെയ്യുന്ന ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും ഉള്ള ഒരു സന്ദേശത്തോടുകൂടി സഭകളിലേക്ക് ആ ബിൽ തിരിച്ച് അയയ്ക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയച്ചാൽ സഭകൾ അതിൻപ്രകാരം വീണ്ടും പരിഗണിക്കേണ്ടതും, ഭേദഗതികളോടുകൂടിയോ അല്ലാതെയോ ആ സഭകൾ വീണ്ടും ആ ബിൽ പാസ്സാക്കുകയും രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ രാഷ്ട്രപതി അതിന് അനുമതി നൽകാതിരിക്കുവാൻ പാടില്ലാത്തതും ആകുന്നു.

ധനപരമായ വിഷയങ്ങളിലെ നടപടിക്രമം

112. വാർഷിക ധനവിവരപ്പത്രിക.—(1) രാഷ്ട്രപതി, ഓരോ സാമ്പത്തികവർഷം സംബന്ധിച്ചും, ഈ ഭാഗത്തിൽ, "വാർഷിക ധനവിവരപ്പത്രിക" എന്ന് പരാമർശിച്ചിട്ടുള്ള, ഭാരത സർക്കാരിന്റെ ആ വർഷത്തെ വരവ് ചെലവ് അടങ്കൽ പത്രിക പാർലമെന്റിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്.

(2) വാർഷിക ധനവിവരപ്പത്രികയിൽ കൊള്ളിച്ചിട്ടുള്ള ചെലവിന്റെ അടങ്കലുകൾ—

(ക) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവാണെന്ന് ഈ ഭരണഘടനയിൽ വിവരിച്ചിട്ടുള്ള ചെലവ് നടത്താൻ ആവശ്യമായ തുകകളും;

(ഖ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മറ്റ് ചെലവ് നേരിടുന്നതിന് ആവശ്യമായ തുകകളും,

വെവ്വേറെ കാണിക്കേണ്ടതും, റവന്യൂ കണക്കിൽപ്പെടുന്ന ചെലവ് മറ്റ് ചെലവിൽ നിന്ന് വേർതിരിച്ച് കാണിക്കേണ്ടതും ആകുന്നു.

(3) The following expenditure shall be expenditure charged on the Consolidated Fund of India—

(a) the emoluments and allowances of the President and other expenditure relating to his office;

(b) the salaries and allowances of the Chairman and the Deputy Chairman of the Council of States and the Speaker and the Deputy Speaker of the House of the People;

(c) debt charges for which the Government of India is liable including interest, sinking fund charges and redemption charges, and other expenditure relating to the raising of loans and the service and redemption of debt;

(d) (i) the salaries, allowances and pensions payable to or in respect of Judges of the Supreme Court;

(ii) the pensions payable to or in respect of Judges of the Federal Court;

(iii) the pensions payable to or in respect of Judges of any High Court which exercises jurisdiction in relation to any area included in the territory of India or which at any time before the commencement of this Constitution exercised jurisdiction in relation to any area included in [1][a Governor's Province of the Dominion of India];

(e) the salary, allowances and pension payable to or in respect of the Comptroller and Auditor-General of India;

(f) any sums required to satisfy any judgment, decree or award of any court or arbitral tribunal;

(g) any other expenditure declared by this Constitution or by Parliament by law to be so charged.

113. Procedure in Parliament with respect to estimates.—(1) So much of the estimates as relates to expenditure charged upon the Consolidated Fund of India shall not be submitted to the vote of Parliament, but nothing in this clause shall be construed as preventing the discussion in either House of Parliament of any of those estimates.

(2) So much of the said estimates as relates to other expenditure shall be submitted in the form of demands for grants to the House of the People, and the House of the People shall have power to assent, or to refuse to assent, to any demand, or to assent to any demand subject to a reduction of the amount specified therein.

(3) No demand for a grant shall be made except on the recommendation of the President.

1. Subs. by the Constitution (Seventh Amendment) Act, 1956, s.29 and Sch., for ''a Province corresponding to a State specified in Part A of the First Schedule''.

(3) താഴെ ചേർത്തിട്ടുള്ള ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവുകൾ ആയിരിക്കുന്നതാണ്—

(ക) രാഷ്ട്രപതിയുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളും;

(ഖ) രാജ്യസഭയുടെ അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും ലോകസഭാ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളങ്ങളും ബത്തകളും;

(ഗ) പലിശയും നിക്ഷേപനിധി സംബന്ധിച്ച ചെലവുകളും, കടം വീട്ടുന്നതു സംബന്ധിച്ച ചെലവുകളും, കടമെടുപ്പിനെയും മുതലും പലിശയും അടച്ചുതീർക്കുന്നതിനുള്ള ഏർപ്പാടിനെയും കടം വീട്ടുന്നതിനെയും സംബന്ധിച്ച മറ്റു ചെലവുകളും ഉൾപ്പെടെ ഭാരത സർക്കാരിന് ബാദ്ധ്യതയുള്ള കടസംബന്ധമായ ചെലവുകൾ;

(ഘ) *(i)* സുപ്രീം കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട ശമ്പളങ്ങളും ബത്തകളും പെൻഷനുകളും;

(ii) ഫെഡറൽ കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനുകൾ;

(iii) ഭാരതത്തിന്റെ ഭൂപ്രദേശത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്നതോ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും സമയത്ത് [1] [ഇൻഡ്യാ ഡൊമിനിയനിലെ ഒരു ഗവർണ്ണറുടെ പ്രവിശ്യയിൽ] ഉൾപ്പെട്ടിരുന്ന ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിച്ചിരുന്നതോ ആയ ഏതെങ്കിലും ഹൈക്കോടതിയിലെ ജഡ്ജിമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനുകൾ;

(ങ) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനോ അദ്ദേഹത്തെ സംബന്ധിച്ചോ കൊടുക്കേണ്ട ശമ്പളവും ബത്തകളും പെൻഷനും;

(ച) ഏതെങ്കിലും കോടതിയുടെയോ മാദ്ധ്യസ്ഥ ട്രിബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ മാദ്ധ്യസ്ഥ തീരുമാനമോ അനുസരിച്ചുള്ള ബാദ്ധ്യത തീർക്കുന്നതിന് ആവശ്യമായ ഏതെങ്കിലും തുകകൾ;

(ഛ) ഈ ഭരണഘടനയോ നിയമം വഴി പാർലമെന്റോ അങ്ങനെ നടത്തേണ്ട ചെലവായി പ്രഖ്യാപിച്ചിട്ടുള്ള മറ്റേതെങ്കിലും ചെലവ്.

113. അടങ്കലുകൾ സംബന്ധിച്ച പാർലമെന്റിലെ നടപടിക്രമം.—(1)അടങ്കലുകളിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ പാർലമെന്റിന്റെ വോട്ടിന് സമർപ്പിക്കാൻ പാടില്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെങ്കിലും ആ അടങ്കലുകളിൽ ഏതിനെയെങ്കിലും പറ്റിയുള്ള ചർച്ച തടയുന്നതായി വ്യാഖ്യാനിക്കുവാൻ പാടില്ലാത്തതും ആകുന്നു.

(2) മേൽപ്പറഞ്ഞ അടങ്കലുകളിൽ, മറ്റ് ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ, സഹായധനങ്ങൾക്കുള്ള അഭ്യർത്ഥനകളുടെ രൂപത്തിൽ ലോകസഭയിൽ സമർപ്പിക്കേണ്ടതും, ലോകസഭയ്ക്ക് ഏത് ധനാഭ്യർത്ഥനയ്ക്കും അനുമതി നൽകുവാനും അല്ലെങ്കിൽ അനുമതി നിഷേധിക്കുവാനും, അല്ലെങ്കിൽ ഒരു ധനാഭ്യർത്ഥനയിൽ നിർദ്ദേശിച്ചിട്ടുള്ള തുകയിൽ കുറവ് ചെയ്തുകൊണ്ട് അനുമതി നൽകുവാനും അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.

(3) രാഷ്ട്രപതിയുടെ ശിപാർശയിൻമേലല്ലാതെ ഒരു സഹായധനത്തിനുള്ള യാതൊരു അഭ്യർത്ഥനയും നടത്തുവാൻ പാടുള്ളതല്ല.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്ത് പറഞ്ഞിട്ടുള്ള ആ സംസ്ഥാനത്തിന് സദൃശമായ ഒരു പ്രവിശ്യ" എന്നതിനു പകരം ചേർത്തത്.

114. Appropriation Bills.—(1) As soon as may be after the grants under article 113 have been made by the House of the People, there shall be introduced a Bill to provide for the appropriation out of the Consolidated Fund of India of all moneys required to meet—

(a) the grants so made by the House of the People; and

(b) the expenditure charged on the Consolidated Fund of India but not exceeding in any case the amount shown in the statement previously laid before Parliament.

(2) No amendment shall be proposed to any such Bill in either House of Parliament which will have the effect of varying the amount or altering the destination of any grant so made or of varying the amount of any expenditure charged on the Consolidated Fund of India, and the decision of the person presiding as to whether an amendment is inadmissible under this clause shall be final.

(3) Subject to the provisions of articles 115 and 116, no money shall be withdrawn from the Consolidated Fund of India except under appropriation made by law passed in accordance with the provisions of this article.

115. Supplementary, additional or excess grants.—(1) The President shall—

(a) if the amount authorised by any law made in accordance with the provisions of article 114 to be expended for a particular service for the current financial year is found to be insufficient for the purposes of that year or when a need has arisen during the current financial year for supplementary or additional expenditure upon some new service not contemplated in the annual financial statement for that year, or

(b) if any money has been spent on any service during a financial year in excess of the amount granted for that service and for that year,

cause to be laid before both the Houses of Parliament another statement showing the estimated amount of that expenditure or cause to be presented to the House of the People a demand for such excess, as the case may be.

(2) The provisions of articles 112, 113 and 114 shall have effect in relation to any such statement and expenditure or demand and also to any law to be made authorising the appropriation of moneys out of the Consolidated Fund of India to meet such expenditure or the grant in respect of such demand as they have effect in relation to the annual financial statement and the expenditure mentioned therein or to a demand for a grant and the law to be made for the authorisation of appropriation of moneys out of the Consolidated Fund of India to meet such expenditure or grant.

114. ധനവിനിയോഗ ബില്ലുകൾ.—(1) ലോകസഭ, 113-ാം അനുച്ഛേദപ്രകാരം സഹായധനങ്ങൾ നൽകിയതിനുശേഷം, കഴിയുന്നതുംവേഗം, ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന്—

(ക) ലോകസഭ അപ്രകാരം നൽകിയിട്ടുള്ള സഹായധനങ്ങളും;

(ഖ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതും, എന്നാൽ പാർലമെന്റിന്റെ മുൻപാകെ അതിനുമുൻപ് സമർപ്പിച്ചിട്ടുള്ള വിവരപ്പത്രികയിൽ കാണിച്ചിട്ടുള്ള തുകയിൽ ഒരു സംഗതിയിലും കവിയാത്തതും ആയ ചെലവും,

നേരിടുവാൻ വേണ്ടിവരുന്ന എല്ലാ പണത്തിന്റെയും വിനിയോഗത്തിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ അവതരിപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ബില്ലിന് പാർലമെന്റിന്റെ ഇരു സഭകളിൽ ഒന്നിലും അപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും സഹായധനത്തിന്റെ തുക വ്യത്യാസപ്പെടുത്തുന്നതോ, ലക്ഷ്യം ഭേദപ്പെടുത്തുന്നതോ, അല്ലെങ്കിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നു നടത്തേണ്ട ഏതെങ്കിലും ചെലവിന്റെ തുക വ്യത്യാസപ്പെടുത്തുന്നതോ ആയ ഫലമുണ്ടാക്കുന്ന യാതൊരു ഭേദഗതിയും നിർദ്ദേശിക്കാൻ പാടില്ലാത്തതും, ഈ ഖണ്ഡപ്രകാരം ഒരു ഭേദഗതി അനുവദനീയമാണോ എന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(3) 115-ഉം 116-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പാസ്സാക്കിയ നിയമം വഴി ചെയ്തിട്ടുള്ള വിനിയോഗപ്രകാരമല്ലാതെ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് യാതൊരു പണവും പിൻവലിക്കാൻ പാടുള്ളതല്ല.

115. അനുപൂരകമായതോ കൂടുതലായുള്ളതോ അധികച്ചെലവിനുള്ളതോ ആയ സഹായധനങ്ങൾ.—(1) രാഷ്ട്രപതി—

(ക) 114-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴി, നടപ്പു സാമ്പത്തിക വർഷത്തിലെ ഒരു പ്രത്യേക സേവനത്തിന് ചെലവു ചെയ്യുവാൻ അധികാരപ്പെടുത്തിയ സംഖ്യ ആ വർഷത്തെ ആവശ്യങ്ങൾക്ക് തികയാതെ വരുമ്പോഴോ, ആ വർഷത്തെ വാർഷിക ധനവിവരപ്പത്രികയിൽ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും പുതിയ സേവനത്തിന്റെയും ആവശ്യത്തിലേയ്ക്ക് നടപ്പു സാമ്പത്തികവർഷം അനുപൂരകമോ കൂടുതലോ ആയ ചെലവിന്റെ ആവശ്യം ഉത്ഭവിച്ചിരിക്കുമ്പോഴോ;

(ഖ) ഏതെങ്കിലും സേവനത്തിന് ഒരു സാമ്പത്തിക വർഷം ആ സേവനത്തിന് ആ വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ളതിലും അധികമായ ഏതെങ്കിലും പണം ചെലവാക്കിയിട്ടുണ്ടെങ്കിലോ,

ആ ചെലവിന്റെ അടങ്കൽതുക കാണിക്കുന്ന മറ്റൊരു വിവരപ്പത്രിക പാർലമെന്റിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്പിക്കുകയോ അങ്ങനെയുള്ള അധികച്ചെലവിലേയ്ക്കുള്ള ഒരു ധനാഭ്യർത്ഥന ലോകസഭയിൽ സമർപ്പിക്കുകയോ, അതതുസംഗതിപോലെ, ചെയ്യേണ്ടതാണ്.

(2) 112-ഉം, 113-ഉം, 114-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, അങ്ങനെയുള്ള ഏതെങ്കിലും വിവരപ്പത്രികയും, ചെലവും അല്ലെങ്കിൽ ധനാഭ്യർത്ഥനയും, കൂടാതെ ഭാരതത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ, അങ്ങനെയുള്ള ധനാഭ്യർത്ഥന അനുസരിച്ചുള്ള സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന ഏതെങ്കിലും നിയമവും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയ്ക്കും അതിൽ പ്രസ്താവിച്ചിട്ടുള്ള ചെലവിന് അല്ലെങ്കിൽ ഒരു സഹായധനത്തിന് വേണ്ടിയുള്ള ധനാഭ്യർത്ഥനയ്ക്കും കൂടാതെ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമവും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

116. Votes on account, votes of credit and exceptional grants.—(1) Notwithstanding anything in the foregoing provisions of this Chapter, the House of the People shall have power—

(a) to make any grant in advance in respect of the estimated expenditure for a part of any financial year pending the completion of the procedure prescribed in article 113 for the voting of such grant and the passing of the law in accordance with the provisions of article 114 in relation to that expenditure;

(b) to make a grant for meeting an unexpected demand upon the resources of India when on account of the magnitude or the indefinite character of the service the demand cannot be stated with the details ordinarily given in an annual financial statement;

(c) to make an exceptional grant which forms no part of the current service of any financial year,

and Parliament shall have power to authorise by law the withdrawal of moneys from the Consolidated Fund of India for the purposes for which the said grants are made.

(2) The provisions of articles 113 and 114 shall have effect in relation to the making of any grant under clause (1) and to any law to be made under that clause as they have effect in relation to the making of a grant with regard to any expenditure mentioned in the annual financial statement and the law to be made for the authorisation of appropriation of moneys out of the Consolidated Fund of India to meet such expenditure.

117. Special provisions as to financial Bills.—(1) A Bill or amendment making provision for any of the matters specified in sub-clauses *(a)* to *(f)* of clause (1) of article 110 shall not be introduced or moved except on the recommendation of the President and a Bill making such provision shall not be introduced in the Council of States:

Provided that no recommendation shall be required under this clause for the moving of an amendment making provision for the reduction or abolition of any tax.

(2) A Bill or amendment shall not be deemed to make provision for any of the matters aforesaid by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licences or fees for services rendered, or by reason that it provides for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes.

(3) A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of India shall not be passed by either House of Parliament unless the President has recommended to that House the consideration of the Bill.

116. കണക്കിൻമേലുള്ള വോട്ടുകളും ക്രെഡിറ്റ് വോട്ടുകളും വിശേഷാൽ സഹായധനങ്ങളും.—(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, ലോകസഭയ്ക്ക്—

(ക) ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവ് സംബന്ധിച്ച് ഏതെങ്കിലും സഹായധനത്തിനുള്ള വോട്ടുചെയ്യലിന് 113-ാം അനുച്ഛേദത്തിൽ നിർണ്ണയിച്ചിട്ടുള്ള നടപടിയുടെ പൂർത്തീകരണവും ആ ചെലവ് സംബന്ധിച്ച് 114-ാം അനുച്ഛേദം അനുസരിച്ചുള്ള നിയമത്തിന്റെ പാസ്സാക്കലും നിലവിലിരിക്കുമ്പോൾ ആ സഹായധനം മുൻകൂറായി നൽകുവാനും;

(ഖ) സേവനത്തിന്റെ വലിപ്പമോ അനിശ്ചിത സ്വഭാവമോ നിമിത്തം ഒരു വാർഷിക ധനവിവരപ്പത്രികയിൽ സാധാരണ നൽകുന്ന വിശദാംശങ്ങളോടുകൂടി ധനാഭ്യർത്ഥന വിവരിക്കാൻ കഴിയാതെ വരുമ്പോൾ, ഭാരതത്തിന്റെ വിഭവങ്ങളിൻമേലുള്ള അപ്രതീക്ഷിതമായ ഒരു ബാദ്ധ്യത നേരിടുന്നതിനുള്ള ഒരു സഹായധനം നൽകുവാനും;

(ഗ) ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ നടപ്പുസേവനത്തിന്റെ ഭാഗമാകാത്ത ഒരു വിശേഷാൽ സഹായധനം നൽകുവാനും,

അധികാരം ഉണ്ടായിരിക്കുന്നതും, പാർലമെന്റിന് മേൽപ്പറഞ്ഞ സഹായധനങ്ങൾ ഏത് ആവശ്യങ്ങൾക്കാണോ നൽകിയിട്ടുള്ളത് ആ ആവശ്യങ്ങൾക്ക് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പണം പിൻവലിക്കുന്നത് നിയമം വഴി അധികാരപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) 113-ഉം 114-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സഹായധനം നൽകുന്നതിനെയും ആ ഖണ്ഡപ്രകാരം നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തെയും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും ചെലവ് സംബന്ധിച്ചുള്ള ഒരു സഹായധനം നൽകുന്നതിനെയും, അങ്ങനെയുള്ള ചെലവ് നേരിടുന്നതിന് ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നുള്ള പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമത്തെയും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

117. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.—(1) 110-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ ശിപാർശയിൻ മേലല്ലാതെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടില്ലാത്തും അങ്ങനെ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തും ആകുന്നു:

എന്നാൽ, ഏതെങ്കിലും നികുതി കുറവുചെയ്യുന്നതിനോ നിറുത്തൽ ചെയ്യുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ഒരു ഭേദഗതി ഉന്നയിക്കുന്നതിന് യാതൊരു ശിപാർശയും ഈ ഖണ്ഡപ്രകാരം ആവശ്യമാകുന്നതല്ല.

(2) ഒരു ബില്ലോ ഭേദഗതിയോ, അത് പിഴകളോ പണം നൽകേണ്ട മറ്റ് ശിക്ഷയോ ചുമത്തുവാനോ, ലൈസൻസിനുവേണ്ടിയുള്ള ഫീസോ, ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുമാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ നികായമോ തദ്ദേശാവശ്യങ്ങൾക്ക് ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ ഇളവു ചെയ്യുവാനോ മാറ്റം വരുത്തുവാനോ ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ, മുൻപറഞ്ഞ വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്നതായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ ഭാരതത്തിന്റെ സഞ്ചിത നിധിയിൽ നിന്നു ചെലവു നടത്തേണ്ടതായി വരുന്നിടത്ത്, പാർലമെന്റിന്റെ ഇരുസഭകളിൽ ഒന്നും, രാഷ്ട്രപതി ബില്ലിന്റെ പരിഗണന ആ സഭയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ, പാസ്സാക്കുവാൻ പാടുള്ളതല്ല.

Procedure Generally

118. Rules of procedure.—(1) Each House of Parliament may make rules for regulating, subject to the provisions of this Constitution, its procedure and the conduct of its business.

(2) Until rules are made under clause (1), the rules of procedure and standing orders in force immediately before the commencement of this Constitution with respect to the Legislature of the Dominion of India shall have effect in relation to Parliament subject to such modifications and adaptations as may be made therein by the Chairman of the Council of States or the Speaker of the House of the People, as the case may be.

(3) The President, after consultation with the Chairman of the Council of States and the Speaker of the House of the People, may make rules as to the procedure with respect to joint sittings of, and communications between, the two Houses.

(4) At a joint sitting of the two Houses the Speaker of the House of the People, or in his absence such person as may be determined by rules of procedure made under clause (3), shall preside.

119. Regulation by law of procedure in Parliament in relation to financial business.—Parliament may, for the purpose of the timely completion of financial business, regulate by law the procedure of, and the conduct of business in, each House of Parliament in relation to any financial matter or to any Bill for the appropriation of moneys out of the Consolidated Fund of India, and, if and so far as any provision of any law so made is inconsistent with any rule made by a House of Parliament under clause (1) of article 118 or with any rule or standing order having effect in relation to Parliament under clause (2) of that article, such provision shall prevail.

120. Language to be used in Parliament.—(1) Notwithstanding anything in Part XVII, but subject to the provisions of article 348, business in Parliament shall be transacted in Hindi or in English:

Provided that the Chairman of the Council of States or Speaker of the House of the People, or person acting as such, as the case may be, may permit any member who cannot adequately express himself in Hindi or in English to address the House in his mother-tongue.

(2) Unless Parliament by law otherwise provides, this article shall, after the expiration of a period of fifteen years from the commencement of this Constitution, have effect as if the words “or in English” were omitted therefrom.

നടപടിക്രമം സാമാന്യമായി

118. നടപടിക്രമത്തിന്റെ ചട്ടങ്ങൾ.—(1) പാർലമെന്റിന്റെ ഓരോ സഭയ്ക്കും അതിന്റെ നടപടിക്രമവും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പും ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് ഇൻഡ്യാ ഡൊമിനിയന്റെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രാബല്യത്തിലുണ്ടായിരുന്ന നടപടിക്രമത്തിന്റെ ചട്ടങ്ങൾക്കും നിലവിലിരുന്ന ഉത്തരവുകൾക്കും, അവയിൽ, രാജ്യസഭയുടെ അദ്ധ്യക്ഷനോ ലോകസഭയുടെ സ്പീക്കറോ, അതതുസംഗതിപോലെ, വരുത്തുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കും അനുയോജനങ്ങൾക്കും വിധേയമായി പാർലമെന്റിനെ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) രാഷ്ട്രപതിക്ക്, രാജ്യസഭയുടെ അദ്ധ്യക്ഷനോടും ലോകസഭയുടേ സ്പീക്കറോടും ആലോചിച്ചതിനുശേഷം ഇരുസഭകളുടെയും സംയുക്ത ഉപവേശനങ്ങളെയും പരസ്പരമുള്ള ആശയവിനിമയങ്ങളെയും സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(4) ഇരുസഭകളുടെയും ഒരു സംയുക്ത ഉപവേശനത്തിൽ ലോകസഭയുടെ സ്പീക്കറോ, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ (3)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കിയിട്ടുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

119. പാർലമെന്റിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമം വഴി ക്രമപ്പെടുത്തൽ.—പാർലമെന്റിന്, ധനപരമായ കാര്യങ്ങളുടെ യഥാസമയപൂർത്തീകരണത്തിന്റെ ആവശ്യത്തിന്, ധനപരമായ ഏതെങ്കിലും വിഷയമോ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പണം വിനിയോഗിക്കുന്നതിനുള്ള ഏതെങ്കിലും ബില്ലോ സംബന്ധിച്ച് പാർലമെന്റിന്റെ ഓരോ സഭയിലുമുള്ള നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും, നിയമം വഴി ക്രമപ്പെടുത്താവുന്നതും, അപ്രകാരം ഉണ്ടാകുന്ന ഏതെങ്കിലും നിയമത്തിലെ എതെങ്കിലും വ്യവസ്ഥ, 118-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പാർലമെന്റിന്റെ ഒരു സഭ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തോടോ ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡപ്രകാരം പാർലമെന്റിനെ സംബന്ധിച്ച് പ്രഭാവമുള്ള ഏതെങ്കിലും ചട്ടത്തോടോ നിലവിലുള്ള ഉത്തരവിനോടോ പൊരുത്തപ്പെടാത്തിടത്തോളം അങ്ങനെയുള്ള വ്യവസ്ഥയ്ക്ക് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

120. പാർലമെന്റിൽ ഉപയോഗിക്കേണ്ട ഭാഷ.—(1) XVII-ാം ഭാഗത്തിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 348-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെന്റിലെ കാര്യങ്ങൾ ഹിന്ദിയിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ നടത്തേണ്ടതാകുന്നു:

എന്നാൽ, രാജ്യസഭയുടെ അദ്ധ്യക്ഷനോ ലോകസഭയുടെ സ്പീക്കർക്കോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലിനോക്കുന്ന ആൾക്കോ, അതതുസംഗതിപോലെ, ഹിന്ദിയിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ തന്റെ ആശയം വേണ്ടവിധം പ്രകടിപ്പിക്കുവാൻ കഴിവില്ലാത്ത ഏതെങ്കിലും അംഗത്തെ അയാളുടെ മാതൃഭാഷയിൽ സഭയെ അഭിസംബോധനം ചെയ്യുവാൻ അനുവദിക്കാവുന്നതാണ്.

(2) പാർലമെന്റ് നിയമം വഴി മറ്റുപ്രകാരം വ്യവസ്ഥ ചെയ്യാത്തപക്ഷം ഈ അനുച്ഛേദത്തിന്, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ച് വർഷക്കാലം അവസാനിച്ചശേഷം "അല്ലെങ്കിൽ ഇംഗ്ലീഷിൽ" എന്ന പദങ്ങൾ, അതിൽനിന്ന് വിട്ടുകളഞ്ഞാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

121. Restriction on discussion in Parliament.—No discussion shall take place in Parliament with respect to the conduct of any Judge of the Supreme Court or of a High Court in the discharge of his duties except upon a motion for presenting an address to the President praying for the removal of the Judge as hereinafter provided.

122. Courts not to inquire into proceedings of Parliament.—(1) The validity of any proceedings in Parliament shall not be called in question on the ground of any alleged irregularity of procedure.

(2) No officer or member of Parliament in whom powers are vested by or under this Constitution for regulating procedure or the conduct of business, or for maintaining order, in Parliament shall be subject to the jurisdiction of any court in respect of the exercise by him of those powers.

CHAPTER III—LEGISLATIVE POWERS OF THE PRESIDENT

123. Power of President to promulgate Ordinances during recess of Parliament.—(1) If at any time, except when both Houses of Parliament are in session, the President is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require.

(2) An Ordinance promulgated under this article shall have the same force and effect as an Act of Parliament, but every such Ordinance—

(a) shall be laid before both Houses of Parliament and shall cease to operate at the expiration of six weeks from the reassembly of Parliament, or, if before the expiration of that period resolutions disapproving it are passed by both Houses, upon the passing of the second of those resolutions; and

(b) may be withdrawn at any time by the President.

Explanation.— Where the Houses of Parliament are summoned to reassemble on different dates, the period of six weeks shall be reckoned from the later of those dates for the purposes of this clause.

(3) If and so far as an Ordinance under this article makes any provision which Parliament would not under this Constitution be competent to enact, it shall be void.

(4) [1][***]

1. Cl. (4) was ins. by the Constitution (Thirty-eighth Amendment) Act, 1975, s. 2 (w.r.e.f) and omitted by the Constitution (Forty-fourth Amendment) Act, 1978, s.16 (w.e.f. 20-6-1979).

121. പാർലമെന്റിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം.—സുപ്രീംകോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തെപ്പറ്റി, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് ആ ജഡ്ജിയെ നീക്കം ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ട് രാഷ്ട്രപതിക്ക് ഒരു നിവേദനം സമർപ്പിക്കുവാൻ വേണ്ടിയുള്ള ഒരു ഉപക്ഷേപത്തിൻമേലല്ലാതെ, പാർലമെന്റിൽ ചർച്ച ഉണ്ടാകുവാൻ പാടുള്ളതല്ല.

122. പാർലമെന്റിലെ നടപടികളെപ്പറ്റി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്.—(1) പാർലമെന്റിലെ ഏതെങ്കിലും നടപടികളുടെ സാധുത, നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും ക്രമക്കേട് കാരണം, ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ പാർലമെന്റ് നടപടിക്രമം നിർണ്ണയിക്കുന്നതിനോ കാര്യങ്ങളുടെ നടത്തിപ്പിനോ ക്രമസമാധാനം പാലിക്കുന്നതിനോ ഉള്ള അധികാരങ്ങൾ നിക്ഷിപ്തമായി ലഭിച്ചിട്ടുള്ള പാർലമെന്റിലെ യാതൊരു ഉദ്യോഗസ്ഥനും, അംഗവും, ആ അധികാരങ്ങൾ പ്രയോഗിക്കുന്നതുസംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്ക് വിധേയനായിരിക്കുന്നതല്ല.

അദ്ധ്യായം III—രാഷ്ട്രപതിയുടെ നിയമനിർമ്മാണാധികാരങ്ങൾ

123. പാർലമെന്റിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം.—(1) പാർലമെന്റിന്റെ ഇരു സഭകളും സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ, ഏതെങ്കിലും സമയത്ത് സത്വരനടപടിയെടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ ആ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ പ്രഖ്യാപിക്കാവുന്നതാണ്.

(2) ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസിന് പാർലമെന്റിന്റെ ഒരു ആക്റ്റിനുള്ള അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്, എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) പാർലമെന്റിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്ക്കേണ്ടതും, പാർലമെന്റിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിനുമുമ്പ് അതിനെ നിരാകരിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ ഇരു സഭകളും പാസ്സാക്കുന്നുവെങ്കിൽ ആ പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കുമ്പോഴോ പ്രവർത്തന രഹിതമാകുന്നതും;

(ഖ) രാഷ്ട്രപതിക്ക് ഏത് സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

വിശദീകരണം.— പാർലമെന്റിന്റെ സഭകൾ വ്യത്യസ്ത തീയതികളിൽ പുനഃസമ്മേളിക്കുവാൻ വിളിച്ചുകൂട്ടുന്നുവെങ്കിൽ, ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ആറ് ആഴ്ചക്കാലം ആ തീയതികളിൽ ഒടുവിലത്തേതു മുതൽ കണക്കാക്കേണ്ടതാകുന്നു.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഓർഡിനൻസ്, ഈ ഭരണഘടനപ്രകാരം ഉണ്ടാക്കാൻ പാർലമെന്റിന് ക്ഷമതയില്ലാത്ത ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നു എങ്കിൽ, അങ്ങനെ ചെയ്യുന്നിടത്തോളം അത് അസാധുവായിരിക്കുന്നതാണ്.

(4) [1] [***]

1. (4)-ാം ഖണ്ഡം, 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (മുൻകാല പ്രാബല്യത്തോടെ) ചേർക്കുകയും 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

CHAPTER IV—THE UNION JUDICIARY

124. Establishment and constitution of Supreme Court.—(1) There shall be a Supreme Court of India consisting of a Chief Justice of India and, until Parliament by law prescribes a larger number, of not more than *[seven] other Judges.

(2) Every Judge of the Supreme Court shall be appointed by the President by warrant under his hand and seal [1][on the recommendation of the National Judicial Appointments Commission referred to in article 124 A] and shall hold office until he attains the age of sixty five years:

[2][***]

[3][Provided that]–

(a) a Judge may, by writing under his hand addressed to the President, resign his office;

(b) a Judge may be removed from his office in the manner provided in clause (4).

[4][(2A) The age of a Judge of the Supreme Court shall be determined by such authority and in such manner as Parliament may by law provide.]

(3) A person shall not be qualified for appointment as a Judge of the Supreme Court unless he is a citizen of India and—

(a) has been for at least five years a Judge of a High Court or of two or more such Courts in succession; or

(b) has been for at least ten years an advocate of a High Court or of two or more such Courts in succession; or

(c) is, in the opinion of the President, a distinguished jurist.

Explanation I.— In this clause "High Court" means a High Court which exercises, or which at any time before the commencement of this Constitution exercised, jurisdiction in any part of the territory of India.

Explanation II.——In computing for the purpose of this clause the period during which a person has been an advocate, any period during which a person has held judicial office not inferior to that of a district judge after he became an advocate shall be included.

---

* Now "thirty-three" vide the Supreme Court (Number of Judges) Amendment Act, 2019 (37 of 2019), s.2 (w.e.f. 9-8-2019).

1. Subs. by the Constitution (Ninety-ninth Amendment) Act, 2014, clause (a) of s.2 (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16th October, 2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.
2. First proviso omitted by clause (b) of s. 2 ibid.
3. Subs. by the Constitution (Ninety-ninth Amendment) Act, 2014, clause (c) of s. 2 (w.e.f 13-4-2015).
4. Subs. by the Constitution (Fifteenth Amendment) Act, 1963, s. 2.

അദ്ധ്യായം IV—യൂണിയൻ നീതിന്യായമണ്ഡലം

124. സുപ്രീംകോടതിയുടെ സ്ഥാപനവും സംവിധാനവും.—(1) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസും പാർലമെന്റ് നിയമം വഴി ഒരു അധികസംഖ്യ നിശ്ചയിക്കുന്നതുവരെ [ഏഴിൽ]* കവിയാത്ത മറ്റ് ജഡ്ജിമാരും അടങ്ങുന്ന ഒരു സുപ്രീംകോടതി ഭാരതത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

(2) സുപ്രീംകോടതിയിലെ ഓരോ ജഡ്ജിയെയും, [1] [124ക അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന്റെ ശിപാർശയിന്മേൽ], തന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതും അറുപത്തിയഞ്ചു വയസ്സ് തികയുന്നതുവരെ അദ്ദേഹം ഉദ്യോഗം വഹിക്കുന്നതും ആകുന്നു:

[2] [***]

[3] [എന്നാൽ]—

(ക) ഒരു ജഡ്ജിക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഖ) ഒരു ജഡ്ജിയെ (4)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്.

[4] [(2ക) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയുടെ വയസ്സ്, പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും നിശ്ചയിക്കപ്പെടേണ്ടതാണ്.]

(3) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെടുന്ന ഒരാൾ ഭാരതത്തിലെ പൗരനായിരിക്കുകയും—

(ക) ചുരുങ്ങിയത് അഞ്ചുവർഷം ഒരു ഹൈക്കോടതിയിലോ തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലോ ഒരു ജഡ്ജിയായിരിക്കുകയോ;

(ഖ) ചുരുങ്ങിയത് പത്തുവർഷം ഒരു ഹൈക്കോടതിയിലോ തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലോ ഒരു അഭിഭാഷകനായിരിക്കുകയോ;

(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ വിശിഷ്ടനായ ഒരു നിയമജ്ഞനായിരിക്കുകയോ,

അല്ലാത്തപക്ഷം യോഗ്യനായിരിക്കുന്നതല്ല.

വിശദീകരണം I.—ഈ ഖണ്ഡത്തിൽ "ഹൈക്കോടതി" എന്നാൽ ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഏതെങ്കിലും അധികാരിത പ്രയോഗിക്കുന്നതോ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുൻപ് ഏതെങ്കിലും സമയത്ത് അധികാരിത പ്രയോഗിച്ചിരുന്നതോ ആയ ഒരു ഹൈക്കോടതി എന്നർത്ഥമാകുന്നു.

വിശദീകരണം II.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിന് ഒരാൾ അഭിഭാഷകനായിരുന്നിട്ടുള്ള കാലം കണക്കാക്കുന്നതിൽ ഒരു അഭിഭാഷകനായതിനുശേഷം അയാൾ ജില്ലാ ജഡ്ജിയുടേതിൽ താഴെയല്ലാത്ത ഒരു ന്യായാധിപന്റെ ഉദ്യോഗം വഹിച്ചിട്ടുള്ള ഏതെങ്കിലും കാലയളവും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

---

* ഇപ്പോൾ "മുപ്പത്തിമൂന്ന്", 2019-ലെ സുപ്രീംകോർട്ട് (നമ്പർ ഓഫ് ജഡ്ജസ്) ഭേദഗതി ആക്റ്റ്, (2019-ലെ 37) 2-ാം വകുപ്പ് പ്രകാരം (9-8-2019 മുതൽ പ്രാബല്യം).

1. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് (ക) ഖണ്ഡം പ്രകാരം പകരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി. 1 എന്ന കേസിൽ സുപ്രീംകോടതിയുടെ 2015 ഒക്ടോബർ 16-ാം തീയതിയിലെ ഉത്തരവുപ്രകാരം ഈ ഭേദഗതി അസാധുവാക്കി.

2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം ഒന്നാം ക്ലിപ്തനിബന്ധന വിട്ടുകളഞ്ഞു.

3. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരം പകരം ചേർത്തത്, (13-4-2015 മുതൽ പ്രാബല്യം).

4. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) A Judge of the Supreme Court shall not be removed from his office except by an order of the President passed after an address by each House of Parliament supported by a majority of the total membership of that House and by a majority of not less than two-thirds of the members of that House present and voting has been presented to the President in the same session for such removal on the ground of proved misbehaviour or incapacity.

(5) Parliament may by law regulate the procedure for the presentation of an address and for the investigation and proof of the misbehaviour or incapacity of a Judge under clause (4).

(6) Every person appointed to be a Judge of the Supreme Court shall, before he enters upon his office, make and subscribe before the President, or some person appointed in that behalf by him, an oath or affirmation according to the form set out for the purpose in the Third Schedule.

(7) No person who has held office as a Judge of the Supreme Court shall plead or act in any court or before any authority within the territory of India.

[1][**124A**. **National Judicial Appointments Commission**.—(1) There shall be a Commission to be known as the National Judicial Appointments Commission consisting of the following, namely:—

(a) the Chief Justice of India, Chairperson, *ex officio*;

(b) two other senior Judges of the Supreme Court next to the Chief Justice of India —Members, *ex officio*;

(c) the Union Minister in charge of Law and Justice—Member, *ex officio*;

(d) two eminent persons to be nominated by the committee consisting of the Prime Minister, the Chief Justice of India and the Leader of Opposition in the House of the People or where there is no such Leader of Opposition, then, the Leader of single largest Opposition Party in the House of the People — Members:

Provided that one of the eminent persons shall be nominated from amongst the persons belonging to the Scheduled Castes, the Scheduled Tribes, Other Backward Classes, Minorities or Women:

Provided further that an eminent person shall be nominated for a period of three years and shall not be eligible for renomination.

(2) No act or proceedings of the National Judicial Appointments Commission shall be questioned or be invalidated, merely on the ground of the existence of any vacancy or defect in the constitution of the Commission.

124B. Functions of Commission.—It shall be the duty of the National Judicial Appointments Commission to—

(*a*) recommend persons for appointment as Chief Justice of India, Judges of the Supreme Court, Chief Justices of High Courts and other Judges of High Courts;

1. Ins. by the Constitution (Ninety-ninth Amendment) Act, 2014, s.3 (w.e.f. 13-4-2015) This amendment has been struck down by the Supreme Court's order dated 16th October, 2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.

(4) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ, തെളിയിച്ചിട്ടുള്ള ദുർവ്യത്തിയോ അപ്രാപ്തിയോ കാരണമായി, പാർലമെന്റിന്റെ ഓരോ സഭയിലെയും ആകെ അംഗങ്ങളുടെ ഭൂരിപക്ഷവും ആ സഭയിൽ ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷവും പിൻതാങ്ങുന്നതും ആയ ഒരു നിവേദനം ഓരോ സഭയും അതേ സമ്മേളനത്തിൽതന്നെ രാഷ്ട്രപതിക്ക് സമർപ്പിച്ചശേഷം രാഷ്ട്രപതി പാസ്സാക്കുന്ന ഒരു ഉത്തരവിനാൽ അല്ലാതെ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(5) (4)-ാം ഖണ്ഡപ്രകാരം ഉള്ള ഒരു നിവേദനത്തിന്റെ സമർപ്പണത്തിനും ഒരു ജഡ്ജിയുടെ ദുർവ്യത്തിയുടെയോ അപ്രാപ്തിയുടെയോ അന്വേഷണത്തിനും തെളിയിക്കലിനും വേണ്ട നടപടിക്രമം പാർലമെന്റിന് നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(6) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെടുന്ന ഓരോ ആളും, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുൻപാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാണ്.

(7) സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള യാതൊരാളും ഭാരതത്തിന്റ ഭൂപ്രദേശത്തിനകത്ത് ഏതെങ്കിലും കോടതിയിലോ, ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ മുൻപാകെയോ, വാദിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1] [**124ക. ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ.**—(1) താഴെ പറയുന്നവർ ഉൾപ്പെടുന്ന ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ്-ചെയർപേഴ്സൺ, *എക്സ് ഒഫിഷ്യോ*;

(ഖ) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന് തൊട്ടുതാഴെയുള്ള, സുപ്രീംകോടതിയിലെ മറ്റ് രണ്ട് മുതിർന്ന ജഡ്ജിമാർ-അംഗങ്ങൾ, *എക്സ് ഒഫിഷ്യോ*;

(ഗ) നിയമ നീതിന്യായ കാര്യങ്ങളുടെ ചുമതലയുള്ള കേന്ദ്ര മന്ത്രി-അംഗം, *എക്സ് ഒഫിഷ്യോ;*

(ഘ) പ്രധാനമന്ത്രിയും ഭാരതത്തിന്റെ ചീഫ് ജസ്റ്റിസും ലോകസഭയിലെ പ്രതിപക്ഷ നേതാവും അല്ലെങ്കിൽ അങ്ങനെയുള്ള പ്രതിപക്ഷ നേതാവ് ഇല്ലാത്തിടത്ത്, ലോകസഭയിലെ പ്രതിപക്ഷത്തെ ഏറ്റവും വലിയ ഒറ്റകക്ഷിയുടെ നേതാവോ അടങ്ങുന്ന കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന ശ്രേഷ്ഠരായ രണ്ട് ആളുകൾ—അംഗങ്ങൾ:

എന്നാൽ ശ്രേഷ്ഠരായ ആളുകളിൽ ഒരാൾ പട്ടികജാതിക്കാരുടെയോ പട്ടികഗോത്ര വർഗ്ഗക്കാരുടെയോ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയോ ന്യൂനപക്ഷങ്ങളുടെയോ വനിതകളുടെയോ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾ ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ശ്രേഷ്ഠനായ ഒരാളെ മൂന്ന് വർഷക്കാലത്തേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം പുനർനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതല്ലാത്തും ആകുന്നു.

(2) ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അതിന്റെ രൂപീകരണത്തിൽ ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം കമ്മീഷന്റെ യാതൊരു പ്രവൃത്തിയോ നടപടികളോ ചോദ്യം ചെയ്യപ്പെടാനോ അസാധുവാക്കുവാനോ പാടുള്ളതല്ല.

124ഖ. കമ്മീഷന്റെ ചുമതലകൾ.— ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന്റെ കർത്തവ്യങ്ങൾ താഴെപ്പറയുന്നവയാണ്—

(ക) ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെയും സുപ്രീംകോടതിയിലെ ജഡ്ജിമാരുടെയും ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരുടെയും ഹൈക്കോടതികളിലെ മറ്റ് ജഡ്ജിമാരുടെയും നിയമനത്തിനായി ആളുകളെ ശിപാർശ ചെയ്യുക;

1. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊമ്പതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി.1 എന്ന കേസിൽ സുപ്രീംകോടതിയുടെ 2015 ഒക്ടോബർ 16-ാം തീയതിയിലെ ഉത്തരവു പ്രകാരം ഈ ഭേദഗതി അസാധുവാക്കി.

(*b*) recommend transfer of Chief Justices and other Judges of High Courts from one High Court to any other High Court; and

(*c*) ensure that the person recommended is of ability and integrity.

124C. Power of Parliament to make law.—Parliament may, by law, regulate the procedure for the appointment of Chief Justice of India and other Judges of the Supreme Court and Chief Justices and other Judges of High Courts and empower the Commission to lay down by regulations the procedure for the discharge of its functions, the manner of selection of persons for appointment and such other matters as may be considered necessary by it.]

125. Salaries, etc., of Judges.—[1][(1) There shall be paid to the Judges of the Supreme Court such salaries as may be determined by Parliament by law and, until provision in that behalf is so made, such salaries as are specified in the Second Schedule.]

(2) Every Judge shall be entitled to such privileges and allowances and to such rights in respect of leave of absence and pension as may from time to time be determined by or under law made by Parliament and, until so determined, to such privileges, allowances and rights as are specified in the Second Schedule:

Provided that neither the privileges nor the allowances of a Judge nor his rights in respect of leave of absence or pension shall be varied to his disadvantage after his appointment.

126. Appointment of acting Chief Justice.—When the office of Chief Justice of India is vacant or when the Chief Justice is by reason of absence or otherwise unable to perform the duties of his office, the duties of the office shall be performed by such one of the other Judges of the Court as the President may appoint for the purpose.

127. Appointment of *ad hoc* Judges.—(1) If at any time there should not be a quorum of the Judges of the Supreme Court available to hold or continue any session of the Court [2][the National Judicial Appointments Commission on a reference made to it by the Chief Justice of India, may with the previous consent of the President] and after consultation with the Chief Justice of the High Court concerned, request in writing the attendance at the sittings of the Court, as an *ad hoc* Judge, for such period as may be necessary, of a Judge of a High Court duly qualified for appointment as a Judge of the Supreme Court to be designated by the Chief Justice of India.

(2) It shall be the duty of the Judge who has been so designated, in priority to other duties of his office, to attend the sittings of the Supreme Court at the time and for the period for which his attendance is required, and while so attending he shall have all the jurisdiction, powers and privileges, and shall discharge the duties, of a Judge of the Supreme Court.

1. Subs. by the Constitution (Fifty-fourth Amendment) Act, 1986, s.2 for clause (1) (w.e.f. 1-4-1986).

2. Subs. by the Constitution (Ninety-ninth Amendment) Act, 2014, s.4 (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16th October, 2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.

(ഖ) ഒരു ഹൈക്കോടതിയിൽ നിന്നും മറ്റ് ഏതെങ്കിലും ഹൈക്കോടതിയിലേക്ക് ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരുടെയും മറ്റ് ജഡ്ജിമാരുടെയും സ്ഥലംമാറ്റം ശിപാർശ ചെയ്യുക;

(ഗ) ശിപാർശ ചെയ്യപ്പെടുന്ന ആളിന് കഴിവും സ്വഭാവദാർഢ്യവും ഉണ്ടെന്ന് ഉറപ്പുവരുത്തുക.

124ഗ. നിയമം നിർമ്മിക്കുന്നതിന് പാർലമെന്റിനുള്ള അധികാരം.—പാർലമെന്റിന്, നിയമം വഴി, ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെയും സുപ്രീം കേടതിയിലെ മറ്റ് ജഡ്ജിമാരുടെയും ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരുടെയും മറ്റ് ജഡ്ജിമാരുടെയും നിയമനത്തിനുള്ള നടപടിക്രമം ക്രമീകരിക്കാവുന്നതും കമ്മീഷനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള നട പടിക്രമവും നിയമനത്തിനുള്ള ആളുകളുടെ തിരഞ്ഞെടുപ്പ് രീതിയും അത് ആവശ്യമെന്ന് കരുതാവുന്ന മറ്റ് കാര്യങ്ങളും റെഗുലേഷനുകളാൽ നിശ്ചയിക്കുവാൻ അധികാരപ്പെടുത്താവുന്നതുമാണ്.]

125. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ.—[1] [(1) സുപ്രീംകോടതിയിലെ ജഡ്ജിമാർക്ക് പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും അതിലേയ്ക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതുമാകുന്നു.]

(2) ഓരോ ജഡ്ജിക്കും, അപ്പോഴപ്പോൾ പാർലമെന്റ് ഉണ്ടാക്കുന്ന നിയമം വഴിയോ നിയമ പ്രകാരമോ നിശ്ചയിക്കാവുന്ന വിധത്തിലുള്ള അങ്ങനെയുള്ള വിശേഷാവകാശങ്ങൾക്കും ബത്ത കൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങൾക്കും, അപ്രകാരം നിശ്ചയിക്കുന്നതു വരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള വിശേഷാവകാശങ്ങൾക്കും, ബത്ത കൾക്കും, അവകാശങ്ങൾക്കും, അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ഒരു ജഡ്ജിയുടെ വിശേഷാവകാശങ്ങളോ, ബത്തകളോ, അവധിയോ, പെൻഷനോ സംബന്ധിച്ച അദ്ദേഹത്തിന്റെ അവകാശങ്ങളോ, അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹ ത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

126. പകരം ജോലിനോക്കുന്ന ചീഫ് ജസ്റ്റിസിന്റെ നിയമനം.—ഭാരതത്തിന്റെ ചീഫ് ജസ്റ്റിസിന്റെ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴോ അസാന്നിദ്ധ്യം നിമിത്തമോ മറ്റോ തന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ ചീഫ് ജസ്റ്റിസിന് കഴിയാതെ വരുമ്പോഴോ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ അതിനുവേണ്ടി രാഷ്ട്രപതി ആ കോടതിയിലെ മറ്റ് ജഡ്ജിമാരിൽനിന്ന് നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.

127. അഡ്ഹോക്ക് ജഡ്ജിമാരുടെ നിയമനം.—(1) ഏതെങ്കിലും സമയം സുപ്രീം കോടതി ജഡ്ജിമാരുടെ ഒരു കോറം ആ കോടതിയുടെ ഏതെങ്കിലും സെഷൻ കൂടുന്നതിനോ തുടരുന്നതിനോ ലഭ്യമല്ലെന്നുണ്ടെങ്കിൽ [2] [ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന് നൽകിയ ഒരു റഫറൻസിന്മേൽ] സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിന് യഥാവിധി യോഗ്യതയുള്ളതും ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യുന്നതുമായ ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജി ഒരു അഡ്ഹോക്ക് ജഡ്ജിയായി കോടതിയുടെ ഉപവേശനങ്ങളിൽ അവശ്യമാകാവുന്ന അങ്ങനെയുള്ള കാലത്തേക്ക് സന്നിഹിതനാകുന്നതിന്, രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടും ബന്ധപ്പെട്ട ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസിനോട് ആലോചിച്ചതിനുശേഷവും, രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

(2) തന്റെ ഉദ്യോഗത്തിന്റെ മറ്റ് കർത്തവ്യങ്ങളെക്കാൾ മുൻഗണന നൽകി, സുപ്രീംകോടതി യുടെ ഉപവേശനങ്ങളിൽ തന്റെ സാന്നിദ്ധ്യം ആവശ്യപ്പെടുന്ന സമയത്തും കാലത്തോളവും സന്നിഹിതനാകുന്നത് അപ്രകാരം നാമനിർദ്ദേശം ചെയ്ത ഒരു ജഡ്ജിയുടെ കർത്തവ്യമായിരിക്കുന്നതും, അങ്ങനെ സന്നിഹിതനാകുമ്പോൾ അദ്ദേഹത്തിന് സുപ്രീംകോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള ജഡ്ജിയുടെ കർത്തവ്യങ്ങൾ അദ്ദേഹം നിർവ്വഹിക്കേണ്ടതും ആകുന്നു.

1. 1986-ലെ ഭരണഘടന (അൻപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിനു പകരം ചേർത്തത് (1-4-1986 മുതൽ പ്രാബല്യം).

2. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.എസ്.സി.1 എന്ന കേസിൽ സുപ്രീംകോടതിയുടെ 2015 ഒക്ടോബർ 16-ാം തീയതിയിലെ ഉത്തരവു പ്രകാരം ഈ ഭേദഗതി അസാധുവാക്കി.

128. Attendance of retired Judges at sittings of the Supreme Court.— Notwithstanding anything in this Chapter, [1][the National Judicial Appointments Commission] may at any time, with the previous consent of the President, request any person who has held the office of a Judge of the Supreme Court or of the Federal Court [2][or who has held the office of a Judge of a High Court and is duly qualified for appointment as a Judge of the Supreme Court] to sit and act as a Judge of the Supreme Court, and every such person so requested shall, while so sitting and acting, be entitled to such allowances as the President may by order determine and have all the jurisdiction, powers and privileges of, but shall not otherwise be deemed to be a Judge of that Court:

Provided that nothing in this article shall be deemed to require any such person as aforesaid to sit and act as a Judge of that Court unless he consents so to do.

129. Supreme Court to be a court of record.—The Supreme Court shall be a court of record and shall have all the powers of such a court including the power to punish for contempt of itself.

130. Seat of Supreme Court.—The Supreme Court shall sit in Delhi or in such other place or places, as the Chief Justice of India may, with the approval of the President, from time to time, appoint.

131. Original jurisdiction of the Supreme Court.—Subject to the provisions of this Constitution, the Supreme Court shall, to the exclusion of any other court, have original jurisdiction in any dispute—

(a) between the Government of India and one or more States; or

(b) between the Government of India and any State or States on one side and one or more other States on the other; or

(c) between two or more States,

if and in so far as the dispute involves any question (whether of law or fact) on which the existence or extent of a legal right depends:

[3][Provided that the said jurisdiction shall not extend to a dispute arising out of any treaty, agreement, covenant, engagement, *sanad* or other similar instrument which, having been entered into or executed before the commencement of this Constitution, continues in operation after such commencement, or which provides that the said jurisdiction shall not extend to such a dispute.]

1. Subs. by the Constitution (Ninety-ninth Amendment) Act, 2014, s.5 (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16th October, 2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.

2. Ins. by the Constitution (Fifteenth Amendment) Act, 1963, s.3.

3. Subs. by the Constitution (Seventh Amendment) Act, 1956, s.5, for the proviso.

128. സുപ്രീംകോടതിയുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ച ജഡ്ജിമാരുടെ സാന്നിദ്ധ്യം.—ഈ അദ്ധ്യായത്തിൽ എന്തുതന്നെയായിരുന്നാലും, [1] [ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന്] ഏതുസമയത്തും രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി സുപ്രീം കോടതിയിലെയോ ഫെഡറൽ കോടതിയിലെയോ ഒരു ജഡ്ജിയുടെ ഉദ്യോഗം വഹിച്ചിട്ടുള്ള [2] [അല്ലെങ്കിൽ ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ ഉദ്യോഗം വഹിച്ചിരിക്കുകയും സുപ്രീം കോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിന് യഥാവിധി യോഗ്യത ഉണ്ടായിരിക്കുകയും ചെയ്യുന്ന] ഏതെങ്കിലും ആളോട് സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം ആവശ്യപ്പെടുന്ന അങ്ങനെയുള്ള ഓരോ ആൾക്കും, ആ ആൾ അപ്രകാരം ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, രാഷ്ട്രപതി ഉത്തരവുവഴി നിശ്ചയിക്കാവുന്ന ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതും, ആ കോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും എന്നാൽ മറ്റുവിധത്തിൽ അദ്ദേഹം ആ കോടതിയിലെ ഒരു ജഡ്ജിയായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു:

എന്നാൽ ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളോട് ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അദ്ദേഹം സമ്മതിക്കാത്തപക്ഷം, അങ്ങനെ ചെയ്യുന്നതിന് ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

129. സുപ്രീംകോടതി ഒരു റിക്കാർഡ് കോടതി ആയിരിക്കണമെന്ന്.—സുപ്രീംകോടതി ഒരു റിക്കാർഡ് കോടതി ആയിരിക്കേണ്ടതും അതിനുതന്നെ എതിരായുള്ള അലക്ഷ്യത്തിന് ശിക്ഷിക്കുവാനുള്ള അധികാരം ഉൾപ്പെടെ, അങ്ങനെയുള്ള ഒരു കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

130. സുപ്രീംകോടതിയുടെ ആസ്ഥാനം.—സുപ്രീംകോടതി ഡൽഹിയിലോ രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് അപ്പോഴപ്പോൾ നിശ്ചയിക്കുന്ന സ്ഥലത്തോ സ്ഥലങ്ങളിലോ ഉപവേശിക്കേണ്ടതാണ്.

131. സുപ്രീംകോടതിയുടെ ആദ്യാധികാരിത.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി—

(ക) ഭാരത സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുമോ;

(ഖ) ഭാരത സർക്കാരും ഏതെങ്കിലും സംസ്ഥാനമോ സംസ്ഥാനങ്ങളോ ഒരു ഭാഗത്തും ഒന്നോ അതിലധികമോ മറ്റ് സംസ്ഥാനങ്ങൾ മറുഭാഗത്തും ആയോ;

(ഗ) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുമോ,

ഉണ്ടാകുന്ന ഏതുതർക്കത്തിലും ആ തർക്കം നിയമസംബന്ധമായ ഒരു അവകാശത്തിന്റെ അസ്തിത്വത്തെയോ വ്യാപ്തിയെയോ സംബന്ധിച്ച ഒരു പ്രശ്നം, (അത് നിയമസംബന്ധമോ വസ്തുതാസംബന്ധമോ ആയാലും) ഉൾക്കൊള്ളുന്നുവെങ്കിൽ അത് ഉൾക്കൊള്ളുന്നിടത്തോളം സുപ്രീംകോടതിക്ക് മറ്റേതു കോടതിയേയും ഒഴിവാക്കിക്കൊണ്ടുള്ള ആദ്യാധികാരിത ഉണ്ടായിരിക്കുന്നതാണ്:

[3] [എന്നാൽ മേൽപ്പറഞ്ഞ അധികാരിത, ഏതെങ്കിലും സന്ധിയിലോ കാരാറിലോ സന്ധി നിയമത്തിലോ ഉടമ്പടിയിലോ *സന്ദിലോ* അതുപോലെയുള്ള മറ്റു രേഖയിലോ നിന്ന് ഉത്ഭവിക്കുന്ന ഒരു തർക്കത്തിലേക്ക് അത്, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുൻപ് ഏർപ്പെട്ടതോ ഒപ്പിട്ടു പൂർത്തീകരിച്ചതോ ആയതും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം, പ്രവർത്തനത്തിൽ തുടരുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു തർക്കത്തിലേക്ക് മേൽപ്പറഞ്ഞ അധികാരിത വ്യാപിക്കുന്നതല്ലെന്ന് അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതോ ആണെങ്കിൽ, വ്യാപിക്കുന്നതല്ല.]

---

1. 2014-ലെ ഭാരതത്തിന്റെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി.1 എന്ന കേസിൽ സുപ്രീംകോടതിയുടെ 2015 ഒക്ടോബർ 16-ാം തീയതിയിലെ ഉത്തരവുപ്രകാരം ഈ ഭേദഗതി അസാധുവാക്കി.

2. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം പരിമിതിവ്യവസ്ഥയ്ക്ക് പകരം ചേർത്തത്.

[1][*131A. Exclusive jurisdiction of the Supreme Court in regard to questions as to constitutional validity of Central laws.] Omitted by the Constitution (Forty-third Amendment) Act, 1977, s. 4 (w.e.f. 13-4-1978).*

132. Appellate jurisdiction of Supreme Court in appeals from High Courts in certain cases.—(1) An appeal shall lie to the Supreme Court from any judgment, decree or final order of a High Court in the territory of India, whether in a civil, criminal or other proceeding, [2][if the High Court certifies under article 134A] that the case involves a substantial question of law as to the interpretation of this Constitution.

(2) [3][****]

(3) Where such a certificate is given, [4][***] any party in the case may appeal to the Supreme Court on the ground that any such question as aforesaid has been wrongly decided. [4][***]

Explanation.— For the purposes of this article, the expression "final order" includes an order deciding an issue which, if decided in favour of the appellant, would be sufficient for the final disposal of the case.

133. Appellate jurisdiction of Supreme Court in appeals from High Courts in regard to civil matters.—[5][(1) An appeal shall lie to the Supreme Court from any judgment, decree or final order in a civil proceeding of a High Court in the territory of India [6][if the High Court certifies under article 134A—]

(a) that the case involves a substantial question of law of general importance; and

(b) that in the opinion of the High Court the said question needs to be decided by the Supreme Court.]

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s. 23 (w.e.f. 1-2-1977).
2. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 17 for "if the High Court certifies" (w.e.f. 1-8-1979).
3. Cl. (2) omitted by s. 17, ibid. (w.e.f. 1-8-1979).
4. Certain words omitted by s. 17, ibid. (w.e.f. 1-8-1979).
5. Subs. by the Constitution (Thirtieth Amendment) Act, 1972, s.2, for cl. (1) (w.e.f. 27-2-1973).
6. Subs. by the Constitution (Forty-fourth Amendment) Act, 1978, s.18, for "if the High Court certifies—" (w.e.f.1-8-1979).

[1] [**131ക.** *കേന്ദ്ര നിയമങ്ങളുടെ ഭരണഘടനാസാധുത സംബന്ധിച്ച പ്രശ്നങ്ങളിൻമേൽ സുപ്രീംകോടതിക്കുള്ള നിർവ്വാഹകാധികാരിത.*] *1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം 13-4-1978 മുതൽ പ്രാബല്യത്തോടെ വിട്ടുകളഞ്ഞു.*

132. ചില കേസ്സുകളിൽ ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ സുപ്രീം കോടതിയുടെ അപ്പീൽ അധികാരിത.—(1) ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ നിന്നോ ഡിക്രിയിൽ നിന്നോ അന്തിമ ഉത്തരവിൽ നിന്നോ, അത് സിവിലോ ക്രിമിനലോ അല്ലെങ്കിൽ മറ്റു നടപടിയിലുള്ളതോ ആയാലും, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച സാരവത്തായ ഒരു നിയമപ്രശ്നം ആ കേസ്സ് ഉൾക്കൊള്ളുന്നു എന്ന് [2] [134ക അനുച്ഛേദപ്രകാരം ആ ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ] സുപ്രീം കോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്.

(2) [3] [****]

(3) അങ്ങനെയുള്ള ഒരു സാക്ഷ്യപത്രം കൊടുക്കുന്നിടത്ത്, [4] [***] ആ കേസ്സിലെ ഏതു കക്ഷിക്കും മുൻ പറഞ്ഞ തരത്തിലുള്ള ഏതെങ്കിലും പ്രശ്നം തെറ്റായി തീരുമാനിച്ചിട്ടുണ്ടെന്നുള്ള [4] [***] കാരണത്തിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

വിശദീകരണം.— ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, "അന്തിമ ഉത്തരവ്" എന്ന പ്രയോഗത്തിൽ, ഒരു വിവാദവിഷയം അപ്പീൽവാദിക്ക് അനുകൂലമായി തീരുമാനിക്കുന്നതു കേസ്സിന്റെ അവസാന തീർപ്പിന് പര്യാപ്തമാകുന്നതായാൽ, ആ വിവാദവിഷയം തീരുമാനിക്കുന്ന ഒരു ഉത്തരവ് ഉൾപ്പെടുന്നതാണ്.

133. സിവിൽ വിഷയങ്ങൾ സംബന്ധിച്ച് ഹൈക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ സുപ്രീംകോടതിയുടെ അപ്പീൽ അധികാരിത.—[5] [(1) ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു സിവിൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ അന്തിമ ഉത്തരവിലോ നിന്ന്, ആ ഹൈക്കോടതി—

(ക) ആ കേസ്സ് പൊതുപ്രാധാന്യമുള്ളതും സാരവത്തായതുമായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുവെന്നും;

(ഖ) ഹൈക്കോടതിയുടെ അഭിപ്രായത്തിൽ മേൽപ്പറഞ്ഞ പ്രശ്നം സുപ്രീംകോടതി തീരുമാനിക്കേണ്ടത് ആവശ്യമാണെന്നും,

[6] [134ക അനുച്ഛേദപ്രകാരം സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ] സുപ്രീംകോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്.]

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 23-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പുപ്രകാരം "ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ" എന്നതിനു പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

3. മേൽപ്പറഞ്ഞ ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം (2)-ാം ഖണ്ഡം വിട്ടുകളഞ്ഞു (1-8-1979 മുതൽ പ്രാബല്യം).

4. മേൽപ്പറഞ്ഞ ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (1-8-1979 മുതൽ പ്രാബല്യം).

5. 1972-ലെ ഭരണഘടന (മുപ്പതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം 1-ാം ഖണ്ഡത്തിനു പകരം ചേർത്തത് (27-2-1973 മുതൽ പ്രാബല്യം).

6. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 18-ാം വകുപ്പുപ്രകാരം "ഹൈക്കോടതി സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ" എന്നതിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

(2) Notwithstanding anything in article 132, any party appealing to the Supreme Court under clause (1) may urge as one of the grounds in such appeal that a substantial question of law as to the interpretation of this Constitution has been wrongly decided.

(3) Notwithstanding anything in this article, no appeal shall, unless Parliament by law otherwise provides, lie to the Supreme Court from the judgment, decree or final order of one Judge of a High Court.

134. Appellate jurisdiction of Supreme Court in regard to criminal matters.—(1) An appeal shall lie to the Supreme Court from any judgment, final order or sentence in a criminal proceeding of a High Court in the territory of India if the High Court—

(a) has on appeal reversed an order of acquittal of an accused person and sentenced him to death; or

(b) has withdrawn for trial before itself any case from any court subordinate to its authority and has in such trial convicted the accused person and sentenced him to death; or

(c) [1][certifies under article 134A] that the case is a fit one for appeal to the Supreme Court.

Provided that an appeal under sub-clause *(c)* shall lie subject to such provisions as may be made in that behalf under clause (1) of article 145 and to such conditions as the High Court may establish or require.

(2) Parliament may by law confer on the Supreme Court any further powers to entertain and hear appeals from any judgment, final order or sentence in a criminal proceeding of a High Court in the territory of India subject to such conditions and limitations as may be specified in such law.

[2]**[134A. Certificate for appeal to the Supreme Court.—** Every High Court, passing or making a judgment, decree, final order, or sentence, referred to in clause (1) of article 132 or clause (1) of article 133, or clause (1) of article 134,—

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 19 for "certifies" (w.e.f. 1-8-1979).
2. Ins. by s. 20, ibid. (w.e.f. 1-8-1979).

(2) 132-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, (1)-ാം ഖണ്ഡപ്രകാരം സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്ന ഏതെങ്കിലും കക്ഷിക്ക്, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം തെറ്റായി തീരുമാനിച്ചിട്ടുണ്ടെന്ന് അങ്ങനെയുള്ള അപ്പീലിൽ കാരണങ്ങളിൽ ഒന്നായി ഉന്നയിക്കാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം, ഒരു ഹൈക്കോടതിയിലെ ഒരൊറ്റ ജഡ്ജിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ അന്തിമ ഉത്തരവിലോ നിന്നോ യാതൊരു അപ്പീലും സുപ്രീംകോടതിയിൽ കൊടുക്കാവുന്നതല്ല.

134. ക്രിമിനൽ വിഷയങ്ങൾ സംബന്ധിച്ച് സുപ്രീംകോടതിയുടെ അപ്പീൽ അധികാരിത.— (1) ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു ക്രിമിനൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ അന്തിമ ഉത്തരവിലോ അല്ലെങ്കിൽ ശിക്ഷാവിധിയിലോ നിന്ന് ആ ഹൈക്കോടതി—

(ക) അപ്പീലിൻമേൽ, കുറ്റാരോപണം ചെയ്തിട്ടുള്ള ഒരാളെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് മറിച്ചു വിധിക്കുകയും അയാൾക്ക് മരണശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഖ) അതിന്റെ അധികാരിതയിൻകീഴിലുള്ള ഏതെങ്കിലും കോടതിയിൽ നിന്ന് ഏതെങ്കിലും കേസ്സ് അതിന്റെ തന്നെ മുമ്പാകെ വിചാരണ ചെയ്യുന്നതിനായി പിൻവലിക്കുകയും അങ്ങനെയുള്ള വിചാരണയിൽ കുറ്റാരോപണം ചെയ്തിട്ടുള്ള ആളുടെമേൽ കുറ്റസ്ഥാപനം ചെയ്ത് അയാൾക്ക് മരണശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഗ) ആ കേസ്സ് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്നതിന് തക്കതായ ഒന്നാണെന്ന്, [1] [134ക അനുച്ഛേദപ്രകാരം സാക്ഷ്യപ്പെടുത്തുന്നുവെങ്കിലോ,]

സുപ്രീംകോടതിയിൽ ഒരു അപ്പീൽ കൊടുക്കാവുന്നതാണ്:

എന്നാൽ, (ഗ) ഉപഖണ്ഡപ്രകാരമുള്ള ഒരു അപ്പീൽ, അതിലേയ്ക്ക് 145-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കും ഹൈക്കോടതി ഏർപ്പെടുത്തുകയോ ആവശ്യപ്പെടുകയോ ചെയ്യാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും വിധേയമായി, കൊടുക്കാവുന്നതാണ്.

(2) പാർലമെന്റിന് നിയമം വഴി, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഒരു ഹൈക്കോടതിയുടെ ഒരു ക്രിമിനൽ നടപടിയിലെ ഏതെങ്കിലും വിധിന്യായത്തിലോ അവസാന ഉത്തരവിലോ അല്ലെങ്കിൽ ശിക്ഷാവിധിയിലോ നിന്ന് അപ്പീലുകൾ സ്വീകരിക്കുന്നതിനും കേൾക്കുന്നതിനും ഏതെങ്കിലും കൂടുതൽ അധികാരങ്ങൾ സുപ്രീംകോടതിക്ക് നൽകാവുന്നതാണ്.

[2] [**134ക. സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുവാനുള്ള സാക്ഷ്യപത്രം.**—132-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ 133-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ 134-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ളവിധം ഒരു വിധിന്യായമോ, ഡിക്രിയോ, അവസാന ഉത്തരവോ, അല്ലെങ്കിൽ ശിക്ഷാവിധിയോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന ഏതൊരു ഹൈക്കോടതിയും,—

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 19-ാം വകുപ്പുപ്രകാരം "സാക്ഷ്യപ്പെടുത്തുന്നു" എന്നതിനുപകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 20-ാം വകുപ്പുപ്രകാരം ചേർത്തത്. (1-8-1979 മുതൽ പ്രാബല്യം).

(a) may, if it deems fit so to do, on its own motion; and

(b) shall, if an oral application is made, by or on behalf of the party aggrieved, immediately after the passing or making of such judgment, decree, final order or sentence,

determine, as soon as may be after such passing or making, the question whether a certificate of the nature referred to in clause (1) of article 132, or clause (1) of article 133 or, as the case may be, sub-clause *(c)* of clause (1) of article 134, may be given in respect of that case.]

135. Jurisdiction and powers of the Federal Court under existing law to be exercisable by the Supreme Court.—Until Parliament by law otherwise provides, the Supreme Court shall also have jurisdiction and powers with respect to any matter to which the provisions of article 133 or article 134 do not apply if jurisdiction and powers in relation to that matter were exercisable by the Federal Court immediately before the commencement of this Constitution under any existing law.

136. Special leave to appeal by the Supreme Court.—(1) Notwithstanding anything in this Chapter, the Supreme Court may, in its discretion, grant special leave to appeal from any judgment, decree, determination, sentence or order in any cause or matter passed or made by any court or tribunal in the territory of India.

(2) Nothing in clause (1) shall apply to any judgment, determination, sentence or order passed or made by any court or tribunal constituted by or under any law relating to the Armed Forces.

137. Review of judgments or orders by the Supreme Court.— Subject to the provisions of any law made by Parliament or any rules made under article 145, the Supreme Court shall have power to review any judgment pronounced or order made by it.

138. Enlargement of the jurisdiction of the Supreme Court.— (1) The Supreme Court shall have such further jurisdiction and powers with respect to any of the matters in the Union List as Parliament may by law confer.

(2) The Supreme Court shall have such further jurisdiction and powers with respect to any matter as the Government of India and the Government of any State may by special agreement confer, if Parliament by law provides for the exercise of such jurisdiction and powers by the Supreme Court.

139. Conferment on the Supreme Court of powers to issue certain writs.—Parliament may by law confer on the Supreme Court power to issue directions, orders or writs, including writs in the nature of *habeas corpus, mandamus, prohibition, quo warranto* and *certiorari,* or any of them, for any purposes other than those mentioned in clause (2) of article 32.

(ക) സ്വമേധയാ അങ്ങനെ ചെയ്യുന്നത് യുക്തമെന്ന് അതു കരുതുമ്പോഴും;

(ഖ) അങ്ങനെയുള്ള വിധിന്യായമോ, ഡിക്രിയോ, അന്തിമ ഉത്തരവോ അല്ലെങ്കിൽ ശിക്ഷാവിധിയോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തതിനുശേഷം ഉടനെ സങ്കടകക്ഷി നേരിട്ടോ അയാൾക്ക് വേണ്ടിയോ വാക്കാൽ അപേക്ഷിച്ചിട്ടുണ്ടെങ്കിലും,

132-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ, 133-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ, 134-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിലോ, അതതുസംഗതിപോലെ, പരാമർശിച്ചിരിക്കുന്ന രീതിയിലുള്ള ഒരു സാക്ഷ്യപത്രം ആ കേസ്സിനെ സംബന്ധിച്ച് നൽകാവുന്നതാണോ എന്ന പ്രശ്നം, അങ്ങനെ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്തശേഷം കഴിയുന്നത്ര വേഗം, തീർപ്പാക്കേണ്ടതാണ്.]

135. നിലവിലിരിക്കുന്ന നിയമപ്രകാരം ഫെഡറൽ കോടതിക്കുള്ള അധികാരിതയും അധികാരങ്ങളും സുപ്രീംകോടതിക്ക് പ്രയോഗിക്കാമെന്ന്.— പാർലമെന്റ് നിയമം വഴി, മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, 133-ാം അനുച്ഛേദത്തിലെയോ 134-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ ബാധകമാകാത്ത ഏതെങ്കിലും വിഷയം സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ആ വിഷയം സംബന്ധിച്ചുള്ള അധികാരിതയും അധികാരങ്ങളും പ്രയോഗിക്കേണ്ടിയിരുന്നത് ഫെഡറൽ കോടതി ആയിരുന്നുവെങ്കിൽ, ആ അധികാരിതയും അധികാരങ്ങളും കൂടി സുപ്രീംകോടതിക്ക് ഉണ്ടായിരിക്കുന്നതാണ്.

136. അപ്പീലിന് സുപ്രീംകോടതിയുടെ പ്രത്യേകാനുമതി.—(1) ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ ഏതെങ്കിലും കാരണത്തിലോ വിഷയത്തിലോ പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ തീരുമാനത്തിലോ ശിക്ഷാവിധിയിലോ അല്ലെങ്കിൽ ഉത്തരവിലോ നിന്ന് അപ്പീൽ കൊടുക്കുന്നതിന്, സുപ്രീംകോടതിക്ക് സ്വവിവേകം ഉപയോഗിച്ച് പ്രത്യേകാനുമതി നൽകാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും സായുധസേനകളെ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിലോ നിയമപ്രകാരമോ രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും വിധിന്യായത്തിനോ തീരുമാനത്തിനോ ശിക്ഷാവിധിക്കോ ഉത്തരവിനോ ബാധകമാകുന്നതല്ല.

137. സുപ്രീംകോടതിയുടെ വിധിന്യായങ്ങളുടെയും ഉത്തരവുകളുടെയും റിവ്യൂ.— പാർലമെന്റ് നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കോ 145-ാം അനുച്ഛേദപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കോ വിധേയമായി, സുപ്രീംകോടതിക്ക് അത് പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായമോ അല്ലെങ്കിൽ പുറപ്പെടുവിച്ച ഉത്തരവോ റിവ്യൂ ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

138. സുപ്രീംകോടതിയുടെ അധികാരിതയുടെ വിപുലീകരണം.—(1) സുപ്രീംകോടതിക്ക്, യൂണിയൻ ലിസ്റ്റിലെ ഏതെങ്കിലും വിഷയങ്ങളെ സംബന്ധിച്ച്, പാർലമെന്റ് നിയമം വഴി നൽകാവുന്ന അങ്ങനെയുള്ള കൂടുതൽ അധികാരിതയും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(2) സുപ്രീംകോടതിയ്ക്ക്, ഏതെങ്കിലും വിഷയം സംബന്ധിച്ച് ഭാരത സർക്കാരും ഏതെങ്കിലും സംസ്ഥാന സർക്കാരും പ്രത്യേക കരാർ വഴി നൽകാവുന്ന അങ്ങനെയുള്ള കൂടുതൽ അധികാരിതയും അധികാരങ്ങളും അങ്ങനെയുള്ള അധികാരിതയും അധികാരങ്ങളും സുപ്രീംകോടതി പ്രയോഗിക്കുന്നതിന് പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, ഉണ്ടായിരിക്കുന്നതാണ്.

139. ചില റിട്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരങ്ങൾ സുപ്രീംകോടതിക്ക് നൽകൽ.— പാർലമെന്റിന്, നിർദ്ദേശങ്ങളോ ഉത്തരവുകളോ അല്ലെങ്കിൽ *ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, കോവാറന്റോ, സെർഷ്യോറേരൈ* എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകൾ ഉൾപ്പെടെയുള്ള റിട്ടുകളോ, അവയിൽ ഏതെങ്കിലുമോ 32-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ളവയല്ലാത്ത ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി പുറപ്പെടുവിക്കുവാൻ, നിയമം വഴി, സുപ്രീംകോടതിയ്ക്ക് അധികാരം നൽകാവുന്നതാണ്.

[1][**139A. Transfer of certain cases.**— [2][(1) Where cases involving the same or substantially the same questions of law are pending before the Supreme Court and one or more High Courts or before two or more High Courts and the Supreme Court is satisfied on its own motion or on an application made by the Attorney-General of India or by a party to any such case that such questions are substantial questions of general importance, the Supreme Court may withdraw the case or cases pending before the High Court or the High Courts and dispose of all the cases itself:

Provided that the Supreme Court may after determining the said questions of law return any case so withdrawn together with a copy of its judgment on such questions to the High Court from which the case has been withdrawn, and the High Court shall on receipt thereof, proceed to dispose of the case in conformity with such judgment.]

(2) The Supreme Court may, if it deems it expedient so to do for the ends of justice, transfer any case, appeal or other proceedings pending before any High Court to any other High Court.]

140. Ancillary powers of Supreme Court.—Parliament may by law make provision for conferring upon the Supreme Court such supplemental powers not inconsistent with any of the provisions of this Constitution as may appear to be necessary or desirable for the purpose of enabling the Court more effectively to exercise the jurisdiction conferred upon it by or under this Constitution.

141. Law declared by Supreme Court to be binding on all courts.—The law declared by the Supreme Court shall be binding on all courts within the territory of India.

142. Enforcement of decrees and orders of Supreme Court and orders as to discovery, etc.—(1) The Supreme Court in the exercise of its jurisdiction may pass such decree or make such order as is necessary for doing complete justice in any cause or matter pending before it, and any decree so passed or order so made shall be enforceable throughout the territory of India in such manner as may be prescribed by or under any law made by Parliament and, until provision in that behalf is so made, in such manner as the President may by order* prescribe.

(2) Subject to the provisions of any law made in this behalf by Parliament, the Supreme Court shall, as respects the whole of the territory of India, have all and every power to make any order for the purpose of securing the attendance of any person, the discovery or production of any documents, or the investigation or punishment of any contempt of itself.

1· Ins. by the Constitution (Forty-second Amendment) Act, 1976, s. 24 (w. e. f. 1-2-1977).

2. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 21, for cl. (1) (w.e.f. 1-8-1979).

⋆ See the Supreme Court (Decrees and Orders) Enforcement Order, 1954 (C.O. 47).

[1] [**139ക. ചില കേസ്സുകൾ മാറ്റുന്നത്.**— [2] [(1) സുപ്രീംകോടതിയുടെയും ഒന്നോ അതിലധികമോ ഹൈക്കോടതികളുടെയും മുമ്പാകെയും, അല്ലെങ്കിൽ രണ്ടോ അതിലധികമോ ഹൈക്കോടതികളുടെ മുമ്പാകെയും, ഒരുപോലെയുള്ളതോ മിക്കവാറും ഒരുപോലെയുള്ളതോ ആയ നിയമപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന കേസ്സുകൾ നിലവിലുണ്ടെങ്കിൽ, സ്വാഭിപ്രായം അനുസരിച്ചോ അല്ലെങ്കിൽ ഭാരതത്തിന്റെ അറ്റോർണി-ജനറലോ അങ്ങനെയുള്ള ഏതെങ്കിലും കേസ്സിലെ ഒരു കക്ഷിയോ സമർപ്പിക്കുന്ന അപേക്ഷയിൻമേലോ അങ്ങനെയുള്ള പ്രശ്നങ്ങൾ പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളാണെന്ന് സുപ്രീംകോടതിയ്ക്ക് ബോദ്ധ്യമാകുന്നപക്ഷം, ഹൈക്കോടതിയിലോ ഹൈക്കോടതികളിലോ നിലവിലിരിക്കുന്ന കേസ്സോ കേസ്സുകളോ പിൻവലിച്ച് ആ കേസ്സുകളെല്ലാം സുപ്രീംകോടതി തന്നെ തീർപ്പാക്കാവുന്നതാണ്:

എന്നാൽ, മേൽ പ്രസ്താവിച്ച നിയമപ്രശ്നങ്ങളിൻമേൽ സുപ്രീംകോടതി എടുത്ത തീർപ്പ് അടങ്ങിയ വിധിന്യായത്തിന്റെ ഒരു പകർപ്പ് സഹിതം അങ്ങനെ പിൻവലിച്ച കേസ്സ് ഏത് ഹൈക്കോടതിയിൽ നിന്നാണോ അത് പിൻവലിച്ചത് ആ ഹൈക്കോടതിക്ക് സുപ്രീംകോടതി തിരിച്ചയയ്ക്കേണ്ടതും, ഹൈക്കോടതി അത് കിട്ടുന്ന മുറയ്ക്ക് ആ വിധിന്യായത്തിന് അനുസൃതമായി ആ കേസ്സ് തീർപ്പാക്കേണ്ടതും ആകുന്നു.]

(2) സുപ്രീംകോടതിക്ക്, അങ്ങനെ ചെയ്യുന്നത് നീതിയുടെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് ഉചിതമെന്ന് അത് കരുതുന്നപക്ഷം, ഏതെങ്കിലും ഹൈക്കോടതിയുടെ മുമ്പാകെ നിലിവിലിരിക്കുന്ന കേസ്സോ അപ്പീലോ മറ്റു നടപടികളോ മറ്റേതെങ്കിലും ഹൈക്കോടതിയിലേക്ക് മാറ്റാവുന്നതാണ്.]

140. സുപ്രീംകോടതിക്കുള്ള സഹായകാധികാരങ്ങൾ.—പാർലമെന്റിന്, ഈ ഭരണഘടനയാലോ ഭരണഘടനാപ്രകാരമോ സുപ്രീംകോടതിക്ക് നൽകിയിട്ടുള്ള അധികാരിത കൂടുതൽ ഫലപ്രദമായി പ്രയോഗിക്കുവാൻ അതിനെ ശക്തമാക്കുന്നതിന് ആവശ്യമാണെന്നോ അഭിലഷണീയമാണെന്നോ തോന്നുന്നതും ഈ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതുമായ അനുപൂരകാധികാരങ്ങൾ, സുപ്രീംകോടതിക്ക് നൽകുവാൻ, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

141. സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം എല്ലാ കോടതികൾക്കും ബാധകമാകുമെന്ന്.—സുപ്രീംകോടതി പ്രഖ്യാപിക്കുന്ന നിയമം ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള എല്ലാ കോടതികൾക്കും ബാധകമാകുന്നതാണ്.

142. സുപ്രീംകോടതിയുടെ ഡിക്രികളും ഉത്തരവുകളും പ്രാവർത്തികമാക്കലും, വെളിപ്പെടുത്തൽ സംബന്ധിച്ച ഉത്തരവുകളും, മുതലായവ.—(1) സുപ്രീംകോടതിക്ക്, അതിന്റെ അധികാരികതയുടെ പ്രയോഗത്തിൽ, അതിന്റെ മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കാരണത്തിലോ വിഷയത്തിലോ, പൂർണ്ണമായും നീതി നടത്തുന്നതിന് ആവശ്യമായ അങ്ങനെയുള്ള ഡിക്രി പാസ്സാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും, അപ്രകാരം പാസ്സാക്കിയ ഏതെങ്കിലും ഡിക്രിയോ അപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ അല്ലെങ്കിൽ നിയമപ്രകാരമോ നിർണ്ണയിക്കുന്ന വിധത്തിലും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രാഷ്ട്രപതി ഉത്തരവു* വഴി നിർണ്ണയിക്കുന്ന വിധത്തിലും, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ എവിടെയും പ്രാവർത്തികമാക്കാവുന്നതും ആകുന്നു.

(2) പാർലമെന്റ് ഇതിലേക്ക് ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭാരതത്തിന്റെ ഭൂപ്രദേശത്തെ മുഴുവൻ സംബന്ധിച്ച്, സുപ്രീംകോടതിക്ക്, ഏതെങ്കിലും ആളെ ഹാജരാക്കുവാനും ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയോ ഹാജരാക്കുകയോ ചെയ്യുവാനും, അതിന്റെ തന്നെ ഏതെങ്കിലും അലക്ഷ്യത്തെപ്പറ്റി അന്വേഷണ വിചാരണ ചെയ്യുവാനും ശിക്ഷിക്കുവാനും വേണ്ടി ഏത് ഉത്തരവും പുറപ്പെടുവിക്കുന്നതിന് സമസ്തവും പ്രത്യേകവുമായ അധികാരം ഉണ്ടായിരിക്കുന്നതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 24-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 21-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

* 1954-ലെ സുപ്രീംകോടതി (ഡിക്രികളും ഉത്തരവുകളും) നടപ്പാക്കൽ ഉത്തരവ് (സി. ഒ. 47) കാണുക.

143. Power of President to consult Supreme Court.—(1) If at any time it appears to the President that a question of law or fact has arisen, or is likely to arise, which is of such a nature and of such public importance that it is expedient to obtain the opinion of the Supreme Court upon it, he may refer the question to that Court for consideration and the Court may, after such hearing as it thinks fit, report to the President its opinion thereon.

(2) The President may, notwithstanding anything in [1][***] the proviso to article 131, refer a dispute of the kind mentioned in the [2][said proviso] to the Supreme Court for opinion and the Supreme Court shall, after such hearing as it thinks fit, report to the President its opinion thereon.

144. Civil and judicial authorities to act in aid of the Supreme Court.—All authorities, civil and judicial, in the territory of India shall act in aid of the Supreme Court.

[3][144A. [Special provisions as to disposal of questions relating to constitutional validity of Laws.] Omitted by the Constitution (Forty-third Amendment)Act, 1977, s. 5 (w.e.f. 13-4-1978).]

145. Rules of Court, etc.—(1) Subject to the provisions of any law made by Parliament, the Supreme Court may from time to time, with the approval of the President, make rules for regulating generally the practice and procedure of the Court including—

(a) rules as to the persons practising before the Court;

(b) rules as to the procedure for hearing appeals and other mattters pertaining to appeals including the time within which appeals to the Court are to be entered;

(c) rules as to the proceedings in the Court for the enforcement of any of the rights conferred by Part III;

[4][(cc) rules as to the proceedings in the Court under [5][article 139A];]

1. The words, brackets and figure "clause (i) of" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. Subs. by s. 29 and Sch., ibid., for "said clause".
3. Ins. by the Constitution (Forty-second Amendment) Act, 1976, s. 25 (w.e.f. 1-2-1977).
4. Ins. by s. 26, ibid. (w.e.f. 1-2-1977).
5. Subs. by the Constitution (Forty-third Amendment) Act, 1977, s.6, for "articles 131A and 139A" (w.e.f. 13-4-1978).

143. സുപ്രീംകോടതിയുമായി ആലോചിക്കുവാനുള്ള രാഷ്ട്രപതിയുടെ അധികാരം.—(1) നിയമത്തെയോ വസ്തുതയെയോ സംബന്ധിച്ച ഒരു പ്രശ്നം, അതിൻമേൽ സുപ്രീംകോടതിയുടെ അഭിപ്രായം ലഭിക്കുന്നത് ഉചിതമായിട്ടുള്ള അങ്ങനെയുള്ള സ്വഭാവത്തോടും അങ്ങനെയുള്ള പൊതുപ്രാധാന്യത്തോടും കൂടിയത്, ഉത്ഭവിച്ചിട്ടുണ്ടെന്നോ ഉത്ഭവിക്കാൻ ഇടയുണ്ടെന്നോ ഏതെങ്കിലും സമയം രാഷ്ട്രപതിക്ക് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന് ആ പ്രശ്നം ആ കോടതിയുടെ പരിഗണനയ്ക്ക് അഭിപ്രായം ആരാഞ്ഞുകൊണ്ട് അയയ്ക്കാവുന്നതും, കോടതിയുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള വാദം കേൾക്കലിനുശേഷം, അതിന്മേലുള്ള അതിന്റെ അഭിപ്രായം രാഷ്ട്രപതിയെ അറിയിക്കാവുന്നതും ആകുന്നു.

(2) 131-ാം അനുച്ഛേദത്തിന്റെ [1] [***] പരിമിതി വ്യവസ്ഥയിൽ എന്തുതന്നെ ആയിരുന്നാലും, [2] [പ്രസ്തുത പരിമിതി വ്യവസ്ഥയിൽ] പറഞ്ഞ തരത്തിലുള്ള ഏതൊരു തർക്കവും രാഷ്ട്രപതിക്ക് സുപ്രീംകോടതിയുടെ അഭിപ്രായത്തിന് അയയ്ക്കാവുന്നതും, സുപ്രീംകോടതി യുക്തമെന്നു തോന്നുന്ന വാദം കേൾക്കലിനുശേഷം അതിൻമേലുള്ള അതിന്റെ അഭിപ്രായം രാഷ്ട്രപതിയെ അറിയിക്കേണ്ടതും ആകുന്നു.

144. സിവിലും ജുഡീഷ്യലും ആയ അധികാരസ്ഥാനങ്ങൾ സുപ്രീംകോടതിക്ക് സഹായകമായി പ്രവർത്തിക്കണമെന്ന്.— ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള സിവിലും ജുഡീഷ്യലും ആയ എല്ലാ അധികാരസ്ഥാനങ്ങളും സുപ്രീംകോടതിക്ക് സഹായകമായി പ്രവർത്തിക്കേണ്ടതാണ്.

[3][*144ക. [നിയമങ്ങളുടെ ഭരണഘടനാ സാധുത സംബന്ധിച്ച പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പു പ്രകാരം (13-4-1978 മുതൽ പ്രാബല്യം) വിട്ടുകളഞ്ഞു.*]

145. കോടതിയുടെ ചട്ടങ്ങൾ മുതലായവ.— (1) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, സുപ്രീംകോടതിക്ക് രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി, അപ്പോഴപ്പോൾ ആ കോടതിയുടെ പ്രവർത്തനരീതിയും നടപടിക്രമവും സാമാന്യമായി ക്രമപ്പെടുത്തുന്നതിന്—

(ക) ആ കോടതി മുമ്പാകെ അഭിഭാഷകവൃത്തിയിൽ ഏർപ്പെടുന്ന ആളുകളെക്കുറിച്ചുള്ള ചട്ടങ്ങൾ;

(ഖ) അപ്പീലുകളുടെ വാദംകേൾക്കലിനുള്ള നടപടിക്രമത്തെക്കുറിച്ചും, അപ്പീലുകൾ ആ കോടതിയിൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി ഉൾപ്പെടെ അപ്പീലുകളെ സംബന്ധിച്ചുള്ള മറ്റു കാര്യങ്ങളെക്കുറിച്ചും ഉള്ള ചട്ടങ്ങൾ;

(ഗ) III-ാം ഭാഗത്തിൽ നൽകിയിട്ടുള്ള അവകാശങ്ങളിലേതെങ്കിലും പ്രാവർത്തികമാക്കുന്നതിന് ആ കോടതിയിലെ നടപടികളെക്കുറിച്ചുള്ള ചട്ടങ്ങൾ;

[4] [(ഗഗ) [5] [139ക അനുച്ഛേദ] പ്രകാരമുള്ള കോടതിയിലെ നടപടികൾ സംബന്ധിച്ചുള്ള ചട്ടങ്ങൾ;]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "(1)-ാം ഖണ്ഡത്തിലെ" എന്നീ വാക്കുകളും ബ്രാക്കറ്റുകളും അക്കവും വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "പ്രസ്തുത ഖണ്ഡം" എന്നതിനുപകരം ചേർത്തത്.
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 26-ാം വകുപ്പു പ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
5. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "131ക യും 139ക യും അനുച്ഛേദങ്ങൾ"ക്കുപകരം ചേർത്തത് (13-4-1978 മുതൽ പ്രാബല്യം).

(d) rules as to the entertainment of appeals under sub-clause *(c)* of clause (1) of article 134;

(e) rules as to the conditions subject to which any judgment pronounced or order made by the Court may be reviewed and the procedure for such review including the time within which applications to the Court for such review are to be entered;

(f) rules as to the costs of and incidental to any proceedings in the Court and as to the fees to be charged in respect of proceedings therein;

(g) rules as to the granting of bail;

(h) rules as to stay of proceedings;

(i) rules providing for the summary determination of any appeal which appears to the Court to be frivolous or vexatious or brought for the purpose of delay;

(j) rules as to the procedure for inquiries referred to in clause (1) of article 317.

(2) Subject to the [1][provisions of [3][***]clause (3)], rules made under this article may fix the minimum number of Judges who are to sit for any purpose, and may provide for the powers of single Judges and Division Courts.

(3) [2] [[3][***]The minimum number] of Judges who are to sit for the purpose of deciding any case involving a substantial question of law as to the interpretation of this Constitution or for the purpose of hearing any reference under article 143 shall be five:

Provided that, where the Court hearing an appeal under any of the provisions of this Chapter other than article 132 consists of less than five Judges and in the course of the hearing of the appeal the Court is satisfied that the appeal involves a substantial question of law as to the interpretation of this Constitution the determination of which is necessary for the disposal of the appeal, such Court shall refer the question for opinion to a Court constituted as required by this clause for the purpose of deciding any case involving such a question and shall on receipt of the opinion dispose of the appeal in conformity with such opinion.

1. Subs. by the Constitution (Forty-second Amendment) Act, 1976, s. 26, for "provisions of clause (3)" (w.e.f. 1-2-1977).
2. The words, figures and letter "Subject to the provisions of article 144A, the minimum number" subs. by the Constitution (Forty-second Amendment) Act, 1976, s. 26, for "The minimum number" (w.e.f. 1-2-1977).
3. The words, figures and letter "subject to the provisons of article 144A," omitted by the Constitution (Forty-third Amendment) Act, 1977, s. 6 (w.e.f. 13-4-1978).

(ഘ) 134-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഗ) ഉപഖണ്ഡപ്രകാരം അപ്പീലുകൾ സ്വീകരിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ;

(ങ) ആ കോടതി പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായമോ പുറപ്പെടുവിച്ച ഉത്തരവോ, റിവ്യൂ ചെയ്യാവുന്നത് ഏത് ഉപാധികൾക്ക് വിധേയമായാണെന്നും അങ്ങനെയുള്ള റിവ്യൂവിനുവേണ്ട അപേക്ഷകൾ, കോടതിയിൽ ഏത് സമയത്തിനുള്ളിൽ കൊടുത്തിരിക്കണമെന്നതുൾപ്പെടെ അങ്ങനെയുള്ള റിവ്യൂവിന്റെ നടപടിക്രമത്തെയും കുറിച്ചുള്ള ചട്ടങ്ങൾ;

(ച) കോടതിയിലെ ഏതെങ്കിലും നടപടികളുടെയോ അവയുമായി ബന്ധപ്പെട്ടതോ ആയ ചെലവുകളെയും അതിലുള്ള നടപടികൾ സംബന്ധിച്ച് ചുമത്തുന്ന ഫീസുകളെയും കുറിച്ചുള്ള ചട്ടങ്ങൾ;

(ഛ) ജാമ്യം അനുവദിക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ;

(ജ) നടപടികൾ നിറുത്തിവയ്ക്കുന്നതു സംബന്ധിച്ച ചട്ടങ്ങൾ;

(ഝ) നിസ്സാരമോ ശല്യമുണ്ടാക്കുന്നതോ കാലവിളംബത്തിനുവേണ്ടി കൊണ്ടുവന്നതോ ആണെന്ന് കോടതിക്ക് തോന്നുന്ന ഏതെങ്കിലും അപ്പീലിന്റെ സമ്മറി തീർപ്പിന് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ;

(ഞ) 317-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അന്വേഷണവിചാരണകളുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ,

എന്നിവ ഉൾപ്പെടെ ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) [1] [(3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് [3] [***] വിധേയമായി ഈ അനുച്ഛേദപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളിൽ, ഏതെങ്കിലും ആവശ്യത്തിന് ഉപവിഷ്ടരാകേണ്ട ജഡ്ജിമാരുടെ ഏറ്റവും ചുരുങ്ങിയ എണ്ണം നിജപ്പെടുത്തുകയും സിംഗിൾ ജഡ്ജിമാരുടെയും ഡിവിഷൻ കോടതികളുടെയും അധികാരങ്ങൾക്ക് വ്യവസ്ഥ ചെയ്യുകയും ചെയ്യാവുന്നതാണ്.

(3) ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ച് സാരവത്തായ ഒരു പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസ്സ് തീരുമാനിക്കുന്ന ആവശ്യത്തിനായോ 143-ാം അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും അഭിപ്രായമാരായലിന്റെ വാദംകേൾക്കുന്ന ആവശ്യത്തിനായോ ഉപവിഷ്ടരാകേണ്ട ജഡ്ജിമാരുടെ [2] [[3] [***]ഏറ്റവും കുറഞ്ഞ എണ്ണം] അഞ്ച് ആയിരിക്കുന്നതാണ്:

എന്നാൽ, ഈ അദ്ധ്യായത്തിലെ, 132-ാം അനുച്ഛേദത്തിലല്ലാത്ത, ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഒരു അപ്പീൽ കേൾക്കുന്ന കോടതി അഞ്ചിൽ കുറവായ ജഡ്ജിമാർ അടങ്ങിയതായിരിക്കുകയും, ആ അപ്പീലിന്റെ വാദം കേൾക്കലിനിടയിൽ ആ അപ്പീൽ ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നും അതിന്റെ തീർപ്പ് ആ അപ്പീലിന്റെ തീർച്ചയ്ക്ക് ആവശ്യമാണെന്നും ആ കോടതിയ്ക്ക് ബോദ്ധ്യമാവുകയും ചെയ്താൽ, അങ്ങനെയുള്ള കോടതി അങ്ങനെയുള്ള ഒരു പ്രശ്നം ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസ്സ് തീരുമാനിക്കേണ്ട ആവശ്യത്തിലേക്ക് ഈ ഖണ്ഡത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിധത്തിൽ രൂപീകരിച്ച ഒരു കോടതിയ്ക്ക് ആ പ്രശ്നം അഭിപ്രായത്തിന് അയയ്ക്കേണ്ടതും ആ അഭിപ്രായം കിട്ടുന്നതിൻമേൽ അങ്ങനെയുള്ള അഭിപ്രായത്തിന് അനുരൂപമായി ആ അപ്പീൽ തീർച്ച ചെയ്യേണ്ടതും ആകുന്നു.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം "(3)-ാം ഖണ്ഡത്തിന്റെ വ്യവസ്ഥകൾ" എന്നതിനു പകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം "ഏറ്റവും കുറഞ്ഞ എണ്ണം" എന്നതിനു പകരം "144 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏറ്റവും കുറഞ്ഞ എണ്ണം" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

3. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "144 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും വിട്ടുകളഞ്ഞു. (13-4-1978 മുതൽ പ്രാബല്യം).

(4) No judgment shall be delivered by the Supreme Court save in open Court, and no report shall be made under article 143 save in accordance with an opinion also delivered in open Court.

(5) No judgment and no such opinion shall be delivered by the Supreme Court save with the concurrence of a majority of the Judges present at the hearing of the case, but nothing in this clause shall be deemed to prevent a Judge who does not concur from delivering a dissenting judgment or opinion.

146. Officers and servants and the expenses of the Supreme Court.— (1) Appointments of officers and servants of the Supreme Court shall be made by the Chief Justice of India or such other Judge or officer of the Court as he may direct:

Provided that the President may by rule require that in such cases as may be specified in the rule, no person not already attached to the Court shall be appointed to any office connected with the Court, save after consultation with the Union Public Service Commission.

(2) Subject to the provisions of any law made by Parliament, the conditions of service of officers and servants of the Supreme Court shall be such as may be prescribed by rules made by the Chief Justice of India or by some other Judge or officer of the Court authorised by the Chief Justice of India to make rules for the purpose:

Provided that the rules made under this clause shall, so far as they relate to salaries, allowances, leave or pensions, require the approval of the President.

(3) The administrative expenses of the Supreme Court, including all salaries, allowances and pensions payable to or in respect of the officers and servants of the Court, shall be charged upon the Consolidated Fund of India, and any fees or other moneys taken by the Court shall form part of that Fund.

147. Interpretation.— In this Chapter and in Chapter V of Part VI, references to any substantial question of law as to the interpretation of this Constitution shall be construed as including references to any substantial question of law as to the interpretation of the Government of India Act, 1935 (including any enactment amending or supplementing that Act), or of any Order in Council or Order made thereunder, or of the Indian Independence Act, 1947, or of any Order made thereunder.

(4) യാതൊരു വിധിന്യായവും തുറന്ന കോടതിയിൽ വച്ചല്ലാതെ സുപ്രീംകോടതിയിൽ പ്രസ്താവിക്കുവാൻ പാടില്ലാത്തതും, തുറന്ന കോടതിയിൽ വച്ചുതന്നെ പ്രസ്താവിച്ച ഒരഭിപ്രായം അനുസരിച്ചല്ലാതെ 143-ാം അനുച്ഛേദപ്രകാരം യാതൊരു റിപ്പോർട്ടും കൊടുക്കാൻ പാടില്ലാത്തതും ആകുന്നു.

(5) യാതൊരു വിധിന്യായവും അങ്ങനെയുള്ള യാതൊരു അഭിപ്രായവും കേസ്സിന്റെ വാദം കേൾക്കലിന് സന്നിഹിതരായിട്ടുള്ള ജഡ്ജിമാരിൽ ഭൂരിപക്ഷത്തിന്റെ യോജിപ്പോടുകൂടിയല്ലാതെ സുപ്രീംകോടതി പ്രസ്താവിക്കുവാൻ പാടില്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും, വിയോജിക്കുന്ന ഒരു ജഡ്ജിയെ, വിസമ്മതിച്ചുകൊണ്ടുള്ള ഒരു വിധിന്യായമോ അഭിപ്രായമോ പ്രസ്താവിക്കുന്നതിൽ നിന്ന് തടയുന്നതായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.

146. സുപ്രീംകോടതിയിലെ ഉദ്യോഗസ്ഥൻമാരും കീഴ്ജീവനക്കാരും ചെലവുകളും.—(1) സുപ്രീംകോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും നിയമനങ്ങൾ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസോ ആ കോടതിയിലെ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റു ജഡ്ജിയോ ഉദ്യോഗസ്ഥനോ നടത്തേണ്ടതാണ്:

എന്നാൽ, രാഷ്ട്രപതിക്ക്, ചട്ടം വഴി, ആ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികളിൽ ആ കോടതിയോട് ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗത്തിലേക്ക് ആ കോടതിയോട് മുമ്പുതന്നെ ബന്ധമില്ലാതിരുന്ന യാതൊരാളേയും യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചശേഷമല്ലാതെ നിയമിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, സുപ്രീംകോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസോ ആ ആവശ്യത്തിലേക്ക് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് അധികാരപ്പെടുത്തുന്ന ആ കോടതിയിലെ മറ്റൊരു ജഡ്ജിയോ ഉദ്യോഗസ്ഥനോ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന വിധം ആയിരിക്കേണ്ടതാണ്:

എന്നാൽ, ഈ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്, അവ ശമ്പളങ്ങളെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിക്കുന്നിടത്തോളം, രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമായിരിക്കുന്നതാണ്.

(3) സുപ്രീംകോടതിയുടെ ഭരണച്ചെലവുകൾ, ആ കോടതിയിലെ ഉദ്യോഗസ്ഥൻമാർക്കും കീഴ്ജീവനക്കാർക്കും കൊടുക്കേണ്ടതോ അവരെ സംബന്ധിച്ചതോ ആയ എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതും ആ കോടതി സ്വീകരിക്കുന്ന ഏതെങ്കിലും ഫീസോ മറ്റ് പണമോ ആ നിധിയുടെ ഭാഗമായി തീരുന്നതും ആകുന്നു.

147. വ്യാഖ്യാനം.— ഈ അദ്ധ്യായത്തിലും VI-ാം ഭാഗത്തിലെ V-ാം അദ്ധ്യായത്തിലും, ഈ ഭരണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച സാരവത്തായ ഏതെങ്കിലും നിയമപ്രശ്നത്തെക്കുറിച്ചുള്ള പാരാമർശങ്ങളിൽ 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റിന്റെയോ (ആ ആക്റ്റിനെ ഭേദഗതി ചെയ്യുന്നതോ അനുപൂരകമാക്കുന്നതോ ആയ ഏതെങ്കിലും നിയമം ഉൾപ്പെടെ) അല്ലെങ്കിൽ ഏതെങ്കിലും ഓർഡർ-ഇൻ-കൗൺസിലിന്റെയോ അതിൻകീഴിലുണ്ടാക്കിയ ഉത്തരവിന്റെയോ അല്ലെങ്കിൽ 1947-ലെ ഇൻഡ്യൻ ഇൻഡിപ്പെൻഡൻസ് ആക്റ്റിന്റെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ഉത്തരവിന്റെയോ വ്യാഖ്യാനം സംബന്ധിച്ച് സാരവത്തായ ഏതെങ്കിലും നിയമപ്രശ്നത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

CHAPTER V— COMPTROLLER AND AUDITOR – GENERAL OF INDIA

148. Comptroller and Auditor-General of India.—(1) There shall be a Comptroller and Auditor-General of India who shall be appointed by the President by warrant under his hand and seal and shall only be removed from office in like manner and on the like grounds as a Judge of the Supreme Court.

(2) Every person appointed to be the Comptroller and Auditor-General of India shall, before he enters upon his office, make and subscribe before the President, or some person appointed in that behalf by him, an oath or affirmation according to the form set out for the purpose in the Third Schedule.

(3) The salary and other conditions of service of the Comptroller and Auditor-General shall be such as may be determined by Parliament by law and, until they are so determined, shall be as specified in the Second Schedule:

Provided that neither the salary of a Comptroller and Auditor-General nor his rights in respect of leave of absence, pension or age of retirement shall be varied to his disadvantage after his appointment.

(4) The Comptroller and Auditor-General shall not be eligible for further office either under the Government of India or under the Government of any State after he has ceased to hold his office.

(5) Subject to the provisions of this Constitution and of any law made by Parliament, the conditions of service of persons serving in the Indian Audit and Accounts Department and the administrative powers of the Comptroller and Auditor-General shall be such as may be prescribed by rules made by the President after consultation with the Comptroller and Auditor-General.

(6) The administrative expenses of the office of the Comptroller and Auditor-General, including all salaries, allowances and pensions payable to or in respect of persons serving in that office, shall be charged upon the Consolidated Fund of India.

അദ്ധ്യായം V—ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ

148. ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ.— (1) രാഷ്ട്രപതി കൈയൊപ്പും മുദ്രയുംവച്ച അധികാരപത്രം വഴി നിയമിക്കുന്ന ഭാരതത്തിന്റെ ഒരു കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ ഉണ്ടായിരിക്കേണ്ടതും, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽനിന്ന് നീക്കംചെയ്യാവുന്ന അതേ വിധത്തിലും അതേ കാരണങ്ങൾക്കും മാത്രം അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കംചെയ്യാവുന്നതും ആകുന്നു.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലായി നിയമനം ലഭിക്കുന്ന ഓരോ ആളും തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് രാഷ്ട്രപതിയുടെയോ അദ്ദേഹം അതിലേക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാണ്.

(3) കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള വിധത്തിലായിരിക്കേണ്ടതും, അപ്രകാരം നിശ്ചയിക്കുന്നതുവരെ അവ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിലായിരിക്കുന്നതും ആകുന്നു:

എന്നാൽ, കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ ശമ്പളമോ, അവധി, പെൻഷൻ, ഉദ്യോഗത്തിൽനിന്നും വിരമിക്കാനുള്ള വയസ്സ് എന്നിവ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അവകാശങ്ങളോ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

(4) കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് ഉദ്യോഗത്തിൽ നിന്ന് വിരമിച്ചതിനുശേഷം ഭാരത സർക്കാരിന്റെ കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ കീഴിലോ വീണ്ടും ഉദ്യോഗത്തിൽ പ്രവേശിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(5) ഈ ഭരണഘടനയിലെയും പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ഇൻഡ്യാ ആഡിറ്റ് അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിക്കുന്ന ആളുകളുടെ സേവന വ്യവസ്ഥകളും കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ ഭരണാധികാരങ്ങളും കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലുമായി ആലോചിച്ചശേഷം രാഷ്ട്രപതി ഉണ്ടാക്കുന്ന അങ്ങനെയുള്ള ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്നവിധം ആയിരിക്കേണ്ടതാകുന്നു.

(6) കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ ആഫീസിൽ സേവനമനുഷ്ഠിക്കുന്ന ആളുകൾക്കോ അവരെ സംബന്ധിച്ചോ കൊടുക്കുന്ന എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ ആ ഓഫീസിന്റെ ഭരണച്ചെലവുകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നു നടത്തേണ്ടതാണ്.

149. Duties and powers of the Comptroller and Auditor-General.— The Comptroller and Auditor-General shall perform such duties and exercise such powers in relation to the accounts of the Union and of the States and of any other authority or body as may be prescribed by or under any law made by Parliament and, until provision in that behalf is so made, shall perform such duties and exercise such powers in relation to the accounts of the Union and of the States as were conferred on or exercisable by the Auditor-General of India immediately before the commencement of this Constitution in relation to the accounts of the Dominion of India and of the Provinces respectively.

[1][**150. Form of accounts of the Union and of the States.—** The accounts of the Union and of the States shall be kept in such form as the President may, [2][on the advice of] the Comptroller and Auditor-General of India, prescribe.]

151. Audit reports.—(1) The reports of the Comptroller and Auditor-General of India relating to the accounts of the Union shall be submitted to the President, who shall cause them to be laid before each House of Parliament.

(2) The reports of the Comptroller and Auditor-General of India relating to the accounts of a State shall be submitted to the Governor [3][***] of the State, who shall cause them to be laid before the Legislature of the State.

1. Subs. by the Constitution (Forty-second Amendment) Act, 1976, s. 27, for art. 150 (w.e.f. 1-4-1977).

2 Subs. by the Constitution (Forty-fourth Amendment) Act, 1978, s. 22, for "after consultation with" (w.e.f. 20-6-1979).

3 The words "or Rajpramukh", omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

149. കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ കർത്തവ്യങ്ങളും അധികാരങ്ങളും.— കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ, യൂണിയന്റെയും സംസ്ഥാനങ്ങളുടെയും മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയും അല്ലെങ്കിൽ നികായത്തിന്റെയും കണക്കുകൾ സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതും അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കണക്കുകൾ സംബന്ധിച്ച് ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് യഥാക്രമം ഇൻഡ്യാ ഡൊമിനിയന്റെയും പ്രവിശ്യകളുടെയും കണക്കുകൾ സംബന്ധിച്ച് ഭാരതത്തിന്റെ ആഡിറ്റർ-ജനറലിന് നൽകിയിരുന്ന അങ്ങനെയുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതും അല്ലെങ്കിൽ പ്രയോഗിക്കാമായിരുന്ന അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ആകുന്നു.

[1] [**150. യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കണക്കുകൾ സൂക്ഷിക്കേണ്ട രൂപം.**— യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കണക്കുകൾ, ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ [2] [ഉപദേശത്തിൻമേൽ] രാഷ്ട്രപതി നിർണ്ണയിക്കാവുന്ന രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്.]

151. ആഡിറ്റ് റിപ്പോർട്ടുകൾ.—(1) യൂണിയന്റെ കണക്കുകൾ സംബന്ധിച്ച ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ റിപ്പോർട്ടുകൾ രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അവ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാനത്തിന്റെ കണക്കുകൾ സംബന്ധിച്ച ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ റിപ്പോർട്ടുകൾ ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [3] [***] സമർപ്പിക്കേണ്ടതും അദ്ദേഹം അവ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പുപ്രകാരം 150-ാം അനുച്ഛേദത്തിനു പകരം ചേർത്തത് (1-4-1977 മുതൽ പ്രാബല്യം).

2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 22-ാം വകുപ്പുപ്രകാരം "കൂടിയാലോചനയ്ക്ക് ശേഷം" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

PART VI

THE STATES [1][***]

CHAPTER I—GENERAL

152. Definition.—In this Part, unless the context otherwise requires, the expression "State" [2][does not include the State of Jammu and Kashmir.]

CHAPTER II-THE EXECUTIVE

The Governor

153. Governors of States.—There shall be a Governor for each State:

[3][Provided that nothing in this article shall prevent the appointment of the same person as Governor for two or more States.]

154. Executive power of State.—(1) The executive power of the State shall be vested in the Governor and shall be exercised by him either directly or through officers subordinate to him in accordance with this Constitution.

(2) Nothing in this article shall—

(a) be deemed to transfer to the Governor any functions conferred by any existing law on any other authority; or

(b) prevent Parliament or the Legislature of the State from conferring by law functions on any authority subordinate to the Governor.

155. Appointment of Governor.—The Governor of a State shall be appointed by the President by warrant under his hand and seal.

156. Term of office of Governor.—(1) The Governor shall hold office during the pleasure of the President.

---

1 The words "IN PART A OF THE FIRST SCHEDULE" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. Subs. by s. 29 and Sch. ibid., for "means a State specified in Part A of the First Schedule".

3. Added by s. 6, ibid.

ഭാഗം VI

[1] [***]സംസ്ഥാനങ്ങൾ

അദ്ധ്യായം I—സാമാന്യം

152. നിർവ്വചനം.—ഈ ഭാഗത്തിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, "സംസ്ഥാനം" [2] [എന്ന പദത്തിൽ ജമ്മു-കാശ്മീർ സംസ്ഥാനം ഉൾപ്പെടുന്നതല്ല.]

അദ്ധ്യായം II—നിർവ്വാഹകമണ്ഡലം

ഗവർണ്ണർ

153. സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർ.—ഓരോ സംസ്ഥാനത്തിനും ഒരു ഗവർണ്ണർ ഉണ്ടായിരിക്കേണ്ടതാണ്:

[3] [എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരാളെത്തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ഗവർണ്ണറായി നിയമിക്കുന്നതിനെ തടയുന്നതല്ല.]

154. സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം.—(1) സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ ഭരണഘടനയനുസരിച്ച് അദ്ദേഹം നേരിട്ടോ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ മുഖേനയോ പ്രയോഗിക്കേണ്ടതും ആകുന്നു.

(2) ഈ അനുച്ഛേദത്തിലെ യാതൊന്നും—

(ക) മറ്റേതെങ്കിലും അധികാരസ്ഥാനത്തിന് നിലവിലുള്ള ഏതെങ്കിലും നിയമം വഴി നൽകിയിട്ടുള്ള ഏതെങ്കിലും ചുമതലകൾ ഗവർണ്ണർക്ക് കൈമാറുന്നതായി കരുതപ്പെടുവാൻ പാടുള്ളതോ;

(ഖ) ഗവർണ്ണറുടെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന് നിയമം വഴി ചുമതലകൾ നൽകുന്നതിൽനിന്ന് പാർലമെന്റിനെയോ ആ സംസ്ഥാത്തെ നിയമനിർമ്മാണ മണ്ഡലത്തെയോ തടയുന്നതോ,

അല്ല.

155. ഗവർണ്ണറുടെ നിയമനം.—ഒരു സംസ്ഥാനത്തെ ഗവർണ്ണറെ രാഷ്ട്രപതി, അദ്ദേഹത്തിന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി, നിയമിക്കേണ്ടതാണ്.

156. ഗവർണ്ണറുടെ ഉദ്യോഗ കാലാവധി.—(1) ഗവർണ്ണർ, രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനം എന്നർത്ഥമാകുന്ന" എന്നതിനു പകരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) The Governor may, by writing under his hand addressed to the President, resign his offifce.

(3) Subject to the foregoing provisions of this article, a Governor shall hold office for a term of five years from the date on which he enters upon his office:

Provided that a Governor shall, notwithstanding the expiration of his term, continue to hold office until his successor enters upon his office.

157. Qualifications for appointment as Governor.—No person shall be eligible for appointment as Governor unless he is a citizen of India and has completed the age of thirty-five years.

158. Conditions of Governor's office.—(1) The Governor shall not be a member of either House of Parliament or of a House of the Legislature of any State specified in the First Schedule, and if a member of either House of Parliament or of a House of the Legislature of any such State be appointed Governor, he shall be deemed to have vacated his seat in that House on the date on which he enters upon his office as Governor.

(2) The Governor shall not hold any other office of profit.

(3) The Governor shall be entitled without payment of rent to the use of his official residences and shall be also entitled to such emoluments, allowances and privileges as may be determined by Parliament by law and, until provision in that behalf is so made, such emoluments, allowances and privileges as are specified in the Second Schedule.

[1][(3A) Where the same person is appointed as Governor of two or more States, the emoluments and allowances payable to the Governor shall be allocated among the States in such proportion as the President may by order determine.]

(4) The emoluments and allowances of the Governor shall not be diminished during his term of office.

159. Oath or affirmation by the Governor.—Every Governor and every person discharging the functions of the Governor shall, before entering upon his office, make and subscribe in the presence of the Chief Justice of the High Court exercising jurisdiction in relation to the State, or, in his absence, the senior most Judge of that Court available, an oath or affirmation in the following form, that is to say—

"I, A. B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will faithfully execute the office of Governor (or discharge the functions of the Governor) of .....(name of the State) and will to the best of my ability preserve, protect and defend the Constitution and the law and that I will devote myself to the service and well-being of the people of *(name of the State).".*

1. Ins. by the Constitution (Seventh Amendment) Act, 1956, s.7.

(2) ഗവർണ്ണർക്ക് രാഷ്ട്രപതിയെ സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഗവർണ്ണർ അദ്ദേഹം തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലം ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ, ഒരു ഗവർണ്ണർ തന്റെ കാലാവധി അവസാനിച്ചാലും അദ്ദേഹത്തിന്റെ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗം തുടർന്നു വഹിക്കുന്നതാണ്.

157. ഗവർണ്ണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ.—യാതൊരാളും അയാൾ ഭാരത ത്തിലെ ഒരു പൗരനായിരിക്കുകയും അയാൾക്ക് മുപ്പത്തിയഞ്ചു വയസ്സ് പൂർത്തിയായിരിക്കുകയും ചെയ്യാത്തപക്ഷം, ഗവർണ്ണറായി നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല.

158. ഗവർണ്ണറുടെ ഉദ്യോഗത്തിന്റെ വ്യവസ്ഥകൾ.—(1) ഗവർണ്ണർ പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെങ്കിലുമോ, ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു സഭയിലെയോ അംഗമായിരിക്കുവാൻ പാടില്ലാത്തതും, പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെയെങ്കിലുമോ അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു സഭയിലെയോ ഒരംഗം ഗവർണ്ണറായി നിയമിക്കപ്പെടുന്നുവെങ്കിൽ, അദ്ദേഹം ഗവർണ്ണറായി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി ആ സഭയിലെ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

(2) ഗവർണ്ണർ ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(3) ഗവർണ്ണർക്ക്, വാടക കൊടുക്കാതെ തന്റെ ഔദ്യോഗിക വസതികൾ ഉപയോഗിക്കുന്ന തിന് അവകാശമുണ്ടായിരിക്കുന്നതും, കൂടാതെ പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള വേതനങ്ങൾക്കും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വേതനങ്ങൾക്കും ബത്തകൾക്കും വിശേഷാവകാശങ്ങൾക്കും, അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

[1] [(3ക) ഒരാൾ തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ഗവർണ്ണറായി നിയമിക്കപ്പെടുമ്പോൾ ആ ഗവർണ്ണർക്ക് കൊടുക്കേണ്ട വേതനങ്ങളും ബത്തകളും രാഷ്ട്രപതി ഉത്തരവു വഴി നിശ്ചയിക്കാവുന്ന അനുപാതത്തിൽ ആ സംസ്ഥാനങ്ങൾക്കിടയിൽ വിഭജിച്ചുകൊടുക്കേണ്ടതാണ്.]

(4) ഗവർണ്ണറുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധിക്കിടയിൽ കുറവു ചെയ്യുവാൻ പാടുള്ളതല്ല.

159. ഗവർണ്ണറുടെ ശപഥം അഥവാ പ്രതിജ്ഞ.—ഓരോ ഗവർണ്ണറും, ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഓരോ ആളും, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ്, ആ സംസ്ഥാനം സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിന്റെയോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആ കോടതിയിലെ ലഭ്യമായ ഏറ്റവും മുതിർന്ന ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ, താഴെപ്പറയുന്ന ഫാറത്തിൽ ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാകുന്നു, അതായത്—

"ക. ഖ., എന്ന ഞാൻ വിശ്വസ്തതയോടെ ..... (സംസ്ഥാനത്തിന്റെ പേര്) സംസ്ഥാനത്തെ ഗവർണ്ണറുടെ ഉദ്യോഗം നിർവ്വഹിക്കും (അല്ലെങ്കിൽ ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കും), എന്നും എന്റെ കഴിവിന്റെ പരമാവധി ഭരണഘടനയെയും നിയമത്തെയും നിലനിറുത്തുകയും സംരക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ..... (സംസ്ഥാന ത്തിന്റെ പേര്) സംസ്ഥാനത്തെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തു ന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ഞാൻ ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം ചേർത്തത്.

160. Discharge of the functions of the Governor in certain contingencies.—The President may make such provision as he thinks fit for the discharge of the functions of the Governor of a State in any contingency not provided for in this Chapter.

161. Power of Governor to grant pardons, etc., and to suspend, remit or commute sentences in certain cases.—The Governor of a State shall have the power to grant pardons, reprieves, respites or remissions of punishment or to suspend, remit or commute the sentence of any person convicted of any offence against any law relating to a matter to which the executive power of the State extends.

162. Extent of executive power of State.—Subject to the provisions of this Constitution, the executive power of a State shall extend to the matters with respect to which the Legislature of the State has power to make laws:

Provided that in any matter with respect to which the Legislature of a State and Parliament have power to make laws, the executive power of the State shall be subject to, and limited by, the executive power expressly conferred by this Constitution or by any law made by Parliament upon the Union or authorities thereof.

Council of Ministers

163. Council of Ministers to aid and advise Governor.—(1) There shall be a Council of Ministers with the Chief Minister at the head to aid and advise the Governor in the exercise of his functions, except in so far as he is by or under this Constitution required to exercise his functions or any of them in his discretion.

(2) If any question arises whether any matter is or is not a matter as respects which the Governor is by or under this Constitution required to act in his discretion, the decision of the Governor in his discretion shall be final, and the validity of anything done by the Governor shall not be called in question on the ground that he ought or ought not to have acted in his discretion.

(3) The question whether any, and if so what, advice was tendered by Ministers to the Governor shall not be inquired into in any court.

164. Other provisions as to Ministers.—(1) The Chief Minister shall be appointed by the Governor and the other Ministers shall be appointed by the Governor on the advice of the Chief Minister, and the Ministers shall hold office during the pleasure of the Governor:

160. ചില അപ്രതീക്ഷിത സന്ദർഭങ്ങളിൽ ഗവർണ്ണറുടെ ചുമതലകളുടെ നിർവ്വഹണം.—ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും അപ്രതീക്ഷിത സന്ദർഭത്തിൽ ഒരു സംസ്ഥാനത്തെ ഗവർണ്ണറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് രാഷ്ട്രപതിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

161. ചില സംഗതികളിൽ മാപ്പ് മുതലായവ നൽകുവാനും ശിക്ഷാവിധി നിറുത്തിവയ്ക്കുകയോ ഇളവുചെയ്യുകയോ ലഘൂകരിക്കുകയോ ചെയ്യുവാനും ഗവർണ്ണർക്കുള്ള അധികാരം.—ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, ആ സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തിയിലുള്ള ഒരു വിഷയം സംബന്ധിച്ച ഏതെങ്കിലും നിയമത്തിന് എതിരായി ഏതെങ്കിലും കുറ്റം സ്ഥാപിക്കപ്പെട്ട ഒരാളുടെ ശിക്ഷയ്ക്ക് മാപ്പ് നൽകുന്നതിനും ശിക്ഷ താൽക്കാലികമായി നിറുത്തിവയ്ക്കുന്നതിനും വിളംബപ്പെടുത്തുന്നതിനും ഇളവുചെയ്യുന്നതിനും അല്ലെങ്കിൽ ശിക്ഷാവിധി നിറുത്തിവയ്ക്കുന്നതിനും ഇളവുചെയ്യുന്നതിനും ലഘൂകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

162. സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തി.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം ഉണ്ടാക്കാൻ അധികാരമുള്ള വിഷയങ്ങളോളം വ്യാപിക്കുന്നതാണ്:

എന്നാൽ, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിനും പാർലമെന്റിനും നിയമങ്ങൾ ഉണ്ടാക്കാൻ അധികാരമുള്ള ഏതു വിഷയത്തിലും ആ സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം, ഈ ഭരണഘടനയിലോ പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലോ യൂണിയനോ അതിന്റെ അധികാരസ്ഥാനങ്ങൾക്കോ പ്രകടമായി നൽകിയിട്ടുള്ള നിർവ്വാഹകാധികാരത്തിന് വിധേയവും അതിന്റെ അധികാരത്താൽ ക്ലിപ്തവും, ആയിരിക്കുന്നതാണ്.

മന്ത്രിസഭ

163. ഗവർണ്ണറെ സഹായിക്കുവാനും ഉപദേശിക്കുവാനും മന്ത്രിസഭ.—(1) ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ചുമതലകളോ, അവയിൽ ഏതെങ്കിലുമോ ഒഴികെയുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുവാനും ഉപദേശിക്കുവാനും മുഖ്യമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും വിഷയം ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ഒരു വിഷയം ആണോ അല്ലയോ എന്നതു സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിച്ചാൽ, ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്യുന്ന എന്തിന്റെയെങ്കിലും സാധുത, അദ്ദേഹം സ്വവിവേകം ഉപയോഗിച്ച് ചെയ്യേണ്ടിയിരുന്നു എന്നോ ഇല്ലെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.

(3) മന്ത്രിമാർ, ഗവർണ്ണർക്ക് എന്തെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എന്ത് ഉപദേശമാണ് നൽകിയതെന്നും ഉള്ള പ്രശ്നം ഏതെങ്കിലും കോടതിയിൽ അന്വേഷണവിചാരണ ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

164. മന്ത്രിമാരെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ.—(1) മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും, മറ്റു മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ ഗവർണ്ണർ നിയമിക്കേണ്ടതും, മന്ത്രിമാർ ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും ആകുന്നു:

Provided that in the States of [1][Chhattisgarh, Jharkhand,] Madhya Pradesh and [2][Odisha] there shall be a Minister in charge of tribal welfare who may in addition be in charge of the welfare of the Scheduled Castes and backward classes or any other work.

[3][(1A) The total number of Ministers, including the Chief Minister, in the Council of Ministers in a State shall not exceed fifteen percent. of the total number of members of the Legislative Assembly of that State:

Provided that the number of Ministers, including the Chief Minister in a State shall not be less than twelve:

Provided further that where the total number of Ministers, including the Chief Minister, in the Council of Ministers in any State at the commencement of the Constitution (Ninety-first Amendment) Act, 2003 exceeds the said fifteen percent. or the number specified in the first proviso, as the case may be, then the total number of Ministers in that State shall be brought in conformity with the provisions of this clause within six months from such date * as the President may by public notification appoint.

(1B) A member of the Legislative Assembly of a State or either House of the Legislature of a State having Legislative Council belonging to any political party who is disqualified for being a member of that House under paragraph 2 of the Tenth Schedule shall also be disqualified to be appointed as a Minister under clause (1) for duration of the period commencing from the date of his disqualification till the date on which the term of his office as such member would expire or where he contests any election to the Legislative Assembly of a State or either House of the Legislature of a State having Legislative Council, as the case may be, before the expiry of such period, till the date on which he is declared elected, whichever is earlier.]

(2) The Council of Ministers shall be collectively responsible to the Legislative Assembly of the State.

(3) Before a Minister enters upon his office, the Governor shall administer to him the oaths of office and of secrecy according to the forms set out for the purpose in the Third Schedule.

(4) A Minister who for any period of six consecutive months is not a member of the Legislature of the State shall at the expiration of that period cease to be a Minister.

(5) The salaries and allowances of Ministers shall be such as the Legislature of the State may from time to time by law determine and, until the Legislature of the State so determines, shall be as specified in the Second Schedule.

1. Subs. by the Constitution (Ninety-fourth Amendment) Act, 2006, s. 2 for "Bihar".
2. Subs. by the Orissa (Alteration of Name) Act, 2011 (15 of 2011), S.4, for "Orissa".
3. Ins. by the Constitution (Ninety-first Amendment) Act, 2003, s. 3.

★ 7-1-2004: vide Notification No. S.O. 21 (E), dt. 7-1-2004.

എന്നാൽ, [1][ഛത്തീസ്ഗഡ്, ജാർഖണ്ഡ്,] മദ്ധ്യപ്രദേശ്, [2][ഒഡീഷ] എന്നീ സംസ്ഥാനങ്ങളിൽ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിന്റെ ചുമതല വഹിക്കുവാൻ ഒരു മന്ത്രി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന് പട്ടികജാതികളുടെയും പിന്നാക്കവിഭാഗങ്ങളുടെയും ക്ഷേമത്തിന്റെയോ മറ്റ് ഏതെങ്കിലും ജോലിയുടെയോ ചുമതലകൂടി വഹിക്കാവുന്നതും ആകുന്നു.

[3][(1ക) ഒരു സംസ്ഥാനത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, ആ സംസ്ഥാനത്തിന്റെ നിയമസഭയിലെ ആകെ അംഗങ്ങളുടെ പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല:

എന്നാൽ, ഒരു സംസ്ഥാനത്തെ മന്ത്രിമാരുടെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, പന്ത്രണ്ടിൽ കുറയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഭരണഘടന (തൊണ്ണൂറ്റി ഒന്നാം ഭേദഗതി) ആക്റ്റ്, 2003-ന്റെ പ്രാരംഭത്തിൽ ഏതെങ്കിലും സംസ്ഥാനത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ആകെ എണ്ണം മുഖ്യമന്ത്രി ഉൾപ്പെടെ, മേൽപ്പറഞ്ഞ പതിനഞ്ച് ശതമാനമോ അല്ലെങ്കിൽ ഒന്നാം പരിമിതി വ്യവസ്ഥയിൽ നിർദ്ദേശിച്ചിട്ടുള്ള എണ്ണത്തിലോ, അതതുസംഗതിപോലെ, കവിയുന്നിടത്ത് രാഷ്ട്രപതി പൊതുവിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി *മുതൽ ആറുമാസത്തിനുള്ളിൽ ആ സംസ്ഥാനത്തെ മന്ത്രിമാരുടെ ആകെ എണ്ണം ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് അനുരൂപമാക്കികൊണ്ടുവരേണ്ടതാണ്.

(1ഖ) ഒരു സംസ്ഥാനത്തെ നിയമസഭയിലെയോ അല്ലെങ്കിൽ നിയമസമിതി ഉള്ള ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ ഇരു സഭകളിലേതിലെങ്കിലും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെടുന്ന ഒരംഗം, പത്താം പട്ടികയിൽ 2-ാം ഖണ്ഡികയിൻകീഴിൽ ആ സഭയിലെ ഒരു അംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ആ ആൾ, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ നിയമസഭയിലേക്കോ അല്ലെങ്കിൽ നിയമസമിതി ഉള്ള സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ ഇരു സഭകളിലേതിലേക്കെങ്കിലും ഏതെങ്കിലും തെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുന്ന പക്ഷം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്ന തീയതിവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവ് വരെ, (1)-ാം ഖണ്ഡത്തിൻ കീഴിൽ മന്ത്രിയായി നിയമിക്കപ്പെടുന്നതിനുംകൂടി അയോഗ്യനായിരിക്കുന്നതാണ്.]

(2) മന്ത്രിസഭ സംസ്ഥാനത്തെ നിയമസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കേണ്ടതാണ്.

(3) ഒരു മന്ത്രി, തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഗവർണ്ണർ അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തെയും, രഹസ്യപാലനത്തെയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങളനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു.

(4) തുടർച്ചയായുള്ള ഏതെങ്കിലും ആറുമാസക്കാലം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ അംഗമല്ലാതിരിക്കുന്ന ഒരു മന്ത്രി ആ കാലത്തിന്റെ അവസാനം ഒരു മന്ത്രിയല്ലാതായിത്തീരുന്നതാണ്.

(5) മന്ത്രിമാരുടെ ശമ്പളങ്ങളും ബത്തകളും, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്പോഴപ്പോൾ നിയമം വഴി നിശ്ചയിക്കുന്ന പ്രകാരത്തിലുള്ളവ ആയിരിക്കുന്നതും, ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ആയിരിക്കുന്നതും ആകുന്നു.

---

1. 2006-ലെ ഭരണഘടന (തൊണ്ണൂറ്റിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ബീഹാർ" എന്നതിനു പകരം ചേർത്തത്.
2. 2011-ലെ ഒറീസ്സ (പേരുമാറ്റൽ) ആക്റ്റ് (2011-ലെ 15) 4-ാം വകുപ്പ് പ്രകാരം "ഒറീസ്സ" എന്നതിനു പകരം ചേർത്തത്.
3. 2003-ലെ ഭരണഘടന (തൊണ്ണൂറ്റിഒന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

*. 7-1-2004: 7-1-2004-ലെ എസ്. ഒ. 21 (ങ) നമ്പർ വിജ്ഞാപന പ്രകാരം.

The Advocate-General for the State

165. Advocate-General for the State.—(1) The Governor of each State shall appoint a person who is qualified to be appointed a Judge of a High Court to be Advocate-General for the State.

(2) It shall be the duty of the Advocate-General to give advice to the Government of the State upon such legal matters, and to perform such other duties of a legal character, as may from time to time be referred or assigned to him by the Governor, and to discharge the functions conferred on him by or under this Constitution or any other law for the time being in force.

(3) The Advocate-General shall hold office during the pleasure of the Governor, and shall receive such remuneration as the Governor may determine.

Conduct of Government Business

166. Conduct of business of the Government of a State.—(1) All executive action of the Government of a State shall be expressed to be taken in the name of the Governor.

(2) Orders and other instruments made and executed in the name of the Governor shall be authenticated in such manner as may be specified in rules to be made by the Governor, and the validity of an order or instrument which is so authenticated shall not be called in question on the ground that it is not an order or instrument made or executed by the Governor.

(3) The Governor shall make rules for the more convenient transaction of the business of the Government of the State, and for the allocation among Ministers of the said business in so far as it is not business with respect to which the Governor is by or under this Constitution required to act in his discretion.

(4)[1][***]

167. Duties of Chief Minister as respects the furnishing of information to Governor, etc.—It shall be the duty of the Chief Minister of each State—

(a) to communicate to the Governor of the State all decisions of the Council of Ministers relating to the administration of the affairs of the State and proposals for legislation;

(b) to furnish such information relating to the administration of the affairs of the State and proposals for legislation as the Governor may call for; and

(c) if the Governor so requires, to submit for the consideration of the Council of Ministers any matter on which a decision has been taken by a Minister but which has not been considered by the Council.

1. Cl. (4) was ins. by the Constitution (Forty-second Amendment) Act, 1976, s. 28 (w.e.f. 3-1-1977) and omitted by the Constitution (Forty-fourth Amendment) Act, 1978, s. 23 (w.e.f. 20-6-1979).

സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ്-ജനറൽ

165. സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ്-ജനറൽ.—(1) ഓരോ സംസ്ഥാനത്തിന്റെയും ഗവർണ്ണർ ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഓരാളെ, ആ സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ്-ജനറലായി നിയമിക്കേണ്ടതാണ്.

(2) അഡ്വക്കേറ്റ്-ജനറലിന് അപ്പോഴപ്പോൾ ഗവർണ്ണർ അയച്ചുകൊടുക്കുകയോ ഏൽപ്പിക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള നിയമപരമായ വിഷയങ്ങളെക്കുറിച്ച് ആ സംസ്ഥാനത്തിന്റെ സർക്കാരിന് ഉപദേശം കൊടുക്കുകയും, നിയമ സ്വഭാവമുള്ള അത്തരം മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ആ സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നത് അഡ്വക്കേറ്റ്-ജനറലിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) അഡ്വക്കേറ്റ്-ജനറൽ, ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതും, ഗവർണ്ണർ നിശ്ചയിക്കുന്ന അങ്ങനെയുള്ള വേതനം അദ്ദേഹത്തിന് ലഭിക്കുന്നതും ആകുന്നു.

സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്

166. ഒരു സംസ്ഥാനത്തിലെ സർക്കാരിന്റെ കാര്യങ്ങളുടെ നടത്തിപ്പ്—(1) ഒരു സംസ്ഥാനത്തിലെ സർക്കാരിന്റെ എല്ലാ നിർവ്വാഹകപ്രവൃത്തിയും ഗവർണ്ണറുടെ നാമത്തിൽ ചെയ്യുന്നതായി പ്രസ്താവിച്ചിരിക്കേണ്ടതാണ്.

(2) ഗവർണ്ണറുടെ നാമത്തിൽ ഉണ്ടാക്കുന്നതും ഒപ്പിട്ടു പൂർത്തീകരിക്കുന്നതുമായ ഉത്തരവുകളും മറ്റ് പ്രമാണങ്ങളും, ഗവർണ്ണർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പ്രമാണീകരിക്കേണ്ടതും, അങ്ങനെ പ്രമാണീകരിച്ച ഒരു ഉത്തരവിന്റെയോ പ്രമാണത്തിന്റെയോ സാധുതയെ, അത് ഗവർണ്ണർ ഉണ്ടാക്കിയതോ ഒപ്പിട്ട് പൂർത്തീകരിച്ചതോ ആയ ഒരു ഉത്തരവോ പ്രമാണമോ അല്ലെന്നുള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3) സംസ്ഥാന സർക്കാരിന്റെ കാര്യങ്ങൾ കൂടുതൽ സുകരമായി നടത്തുന്നതിനും, ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ അല്ലാത്തിടത്തോളം, മേൽപ്പറഞ്ഞ കാര്യങ്ങൾ മന്ത്രിമാർക്കിടയിൽ വിഭജിച്ചു കൊടുക്കുന്നതിനും, ഗവർണ്ണർ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

(4) [1] [***]

167. ഗവർണ്ണർക്ക് വിവരം നൽകുക മുതലായവ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കർത്തവ്യങ്ങൾ.—താഴെപ്പറയുന്നവ ഓരോ സംസ്ഥാനത്തിന്റെയും മുഖ്യമന്ത്രിയുടെ കർത്തവ്യങ്ങളായിരിക്കുന്നതാണ്—

(ക) സംസ്ഥാനത്തിന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ചുള്ള മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും സംസ്ഥാനത്തിന്റെ ഗവർണ്ണറെ അറിയിക്കുക;

(ഖ) സംസ്ഥാനത്തിന്റെ കാര്യങ്ങളുടെ നിർവ്വഹണത്തെയും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെയും സംബന്ധിച്ച് ഗവർണ്ണർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക;

(ഗ) ഗവർണ്ണർ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ, ഒരു മന്ത്രി തീരുമാനമെടുത്തതും എന്നാൽ മന്ത്രിസഭ പരിഗണിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

---

1. (4)-ാം ഖണ്ഡം, 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 28-ാം വകുപ്പുപ്രകാരം ഉൾപ്പെടുത്തുകയും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 23-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

CHAPTER III—THE STATE LEGISLATURE

General

168. Constitution of Legislatures in States.—(1) For every State there shall be a Legislature which shall consist of the Governor, and—

(a) in the States of [1][***] [2][Andhra Pradesh], Bihar, [3]*** [4][Madhya Pradesh], [5][***] [6][Maharashtra], [7][Karnataka], [8][***] [9][[10][Tamil Nadu, Telangana]] [11][and Uttar Pradesh], two Houses;

(b) in other States, one House.

(2) Where there are two Houses of the Legislature of a State, one shall be known as the Legislative Council and the other as the Legislative Assembly, and where there is only one House, it shall be known as the Legislative Assembly.

169. Abolition or creation of Legislative Councils in States.—(1) Notwithstanding anything in article 168, Parliament may by law provide for the abolition of the Legislative Council of a State having such a Council or for the creation of such a Council in a State having no such Council, if the Legislative Assembly of the State passes a resolution to that effect by a majority of the total membership of the Assembly and by a majority of not less than two-thirds of the members of the Assembly present and voting.

(2) Any law referred to in clause (1) shall contain such provisions for the amendment of this Constitution as may be necessary to give effect to the provisions of the law and may also contain such supplemental, incidental and consequential provisions as Parliament may deem necessary.

1. The words "Andhra Pradesh", omitted by the Andhra Pradesh Legislative Council (Abolition) Act,1985 (34 of 1985), s.4 (w.e.f. 1-6-1985).
2. Ins. by the Andhra Pradesh Legislative Council Act, 2005 (1 of 2006), s.3.
3. The words "Bombay" omitted by the Bombay Reorganisation Act, 1960 (11 of 1960), s. 20 (w.e.f. 1-5-1960).
4. No date has been appointed under s.8(2) of the Constitution (Seventh Amendment) Act, 1956 for the insertion of the words "Madhya Pradesh" in this sub-clause.
5. The words "Tamil Nadu" omitted by the Tamil Nadu Legislative Council (Abolition) Act, 1986 (40 of 1986), s. 4 (w.e.f. 1-11-1986).
6. Ins. by the Bombay Reorganisation Act, 1960 (11 of 1960), s. 20 (w.e.f. 1-5-1960).
7. Subs. by the Mysore State (Alteration of Name) Act, 1973 (31 of 1973) s. 4, for "Mysore" (w.e.f. 1-11-1973) which was inserted by the Constitution (Seventh Amendment) Act, 1956, s. 8 (1).
8. The word, "Punjab", omitted by the Punjab Legislative Council (Abolition) Act, 1969 (46 of 1969) s. 4. (w.e.f. 7-1-1970).
9. Ins. by the Tamil Nadu Legislative Council Act, 2010 (16 of 2010), s.3 (date to be notified).
10. Subs. by the Andhra Pradesh Reorganisation Act, 2014 (6 of 2014), s.96 for "Tamil Nadu".
11. Subs. by the West Bengal Legislative Council (Abolition) Act, 1969 (20 of 1969), s. 4, for "Uttar Pradesh and West Bengal" (w.e.f. 1-8-1969).

അദ്ധ്യായം III—സംസ്ഥാന നിയമനിർമ്മാണമണ്ഡലം

സാമാന്യം

168. സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളുടെ രൂപീകരണം.—(1) ഓരോ സംസ്ഥാനത്തിനും, ഗവർണ്ണറും,—

(ക) [1]*** [2][ആന്ധ്രാപ്രദേശ്], ബീഹാർ, [3]*** [4][മദ്ധ്യപ്രദേശ്], [5]*** [6][മഹാരാഷ്ട്ര], [7][കർണ്ണാടക], [8][***] [9][[10][തമിഴ്നാട്, തെലങ്കാന]], [11][ഉത്തർപ്രദേശ്] എന്നീ സംസ്ഥാനങ്ങളിൽ രണ്ടു സഭകളും;

(ഖ) മററു സംസ്ഥാനങ്ങളിൽ, ഒരു സഭയും,

അടങ്ങുന്ന ഒരു നിയമനിർമ്മാണമണ്ഡലം ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്ത് നിയമനിർമ്മാണമണ്ഡലത്തിന് രണ്ടു സഭകളുള്ളിടത്ത് ഒന്ന് നിയമസമിതിയെന്നും മറ്റേത് നിയമസഭയെന്നും അറിയപ്പെടേണ്ടതും ഒരു സഭ മാത്രമുള്ളിടത്ത്, അത് നിയമസഭയെന്ന് അറിയപ്പെടേണ്ടതും ആകുന്നു.

169. സംസ്ഥാനങ്ങളിൽ നിയമസമിതികൾ നിറുത്തലാക്കുകയോ സൃഷ്ടിക്കുകയോ ചെയ്യൽ.—(1) 168-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന്, അങ്ങനെയുള്ള നിയമസമിതിയുള്ള ഒരു സംസ്ഥാനത്ത് ആ നിയമസമിതി നിറുത്തലാക്കുന്നതിനോ, അങ്ങനെയുള്ള നിയമസമിതിയില്ലാത്ത ഒരു സംസ്ഥാനത്ത് അങ്ങനെയുള്ള ഒരു സമിതി സൃഷ്ടിക്കുന്നതിനോ, ആ സംസ്ഥാനത്ത് നിയമസഭ ആകെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷത്തോടും, ഹാജരാകുകയും, വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടും കൂടി ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നു എങ്കിൽ, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതു നിയമത്തിലും, ആ നിയമത്തിന്റെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുവാൻ വേണ്ടിടത്തോളം ഈ ഭരണഘടന ഭേദഗതി ചെയ്യേണ്ടതിലേക്കുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതും, പാർലമെന്റ് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അനുപൂരകവും സാന്ദർഭികവും അനന്തരഫലവും ആയ വ്യവസ്ഥകൾകൂടി അടങ്ങിയിരിക്കാവുന്നതും ആകുന്നു.

---

1. 1985-ലെ ആന്ധ്രാപ്രദേശ് നിയമസമിതി (നിറുത്തലാക്കൽ) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "ആന്ധ്രാപ്രദേശ്" എന്ന വാക്ക് വിട്ടുകളഞ്ഞു (1-6-1985 മുതൽ പ്രാബല്യം).
2. 2005-ലെ ആന്ധ്രാപ്രദേശ് നിയമസമിതി ആക്റ്റ് (2006-ലെ 1), 3-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. "ബോംബെ" എന്ന വാക്ക് 1960-ലെ ബോംബെ പുനഃസംഘടനാ ആക്റ്റ് (1960-ലെ 11) 20-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (1-5-1960 മുതൽ പ്രാബല്യം).
4. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 8(2) വകുപ്പ് പ്രകാരം "മദ്ധ്യപ്രദേശ്" എന്ന വാക്ക് ഈ ഉപഖണ്ഡത്തിൽ കൂട്ടിച്ചേർക്കുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല.
5. 1986-ലെ തമിഴ്നാട് നിയമസമിതി (നിറുത്തലാക്കൽ) ആക്റ്റ് (1986-ലെ 40), 4-ാം വകുപ്പുപ്രകാരം "തമിഴ്നാട്" എന്ന വാക്ക് വിട്ടുകളഞ്ഞു (1-11-1986 മുതൽ പ്രാബല്യം).
6. 1960-ലെ ബോംബെ പുനഃസംഘടന ആക്റ്റ് (1960-ലെ 11), 20-ാം വകുപ്പുപ്രകാരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).
7. 1973-ലെ മൈസൂർ സംസ്ഥാനം (പേരുമാറ്റൽ) ആക്റ്റ് (1973-ലെ 31) 4-ാം വകുപ്പ് പ്രകാരം. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 8(1) വകുപ്പുപ്രകാരം "മൈസൂർ" എന്നു ചേർത്തിരുന്നതിനു പകരം ചേർത്തത്. (1-11-1973 മുതൽ പ്രാബല്യം).
8. 1969-ലെ പഞ്ചാബ് നിയമസമിതി (നിറുത്തലാക്കൽ) ആക്റ്റ് (1969-ലെ 46), 4-ാം വകുപ്പുപ്രകാരം, "പഞ്ചാബ്" എന്ന വാക്ക് വിട്ടുകളഞ്ഞു (7-1-1970 മുതൽ പ്രാബല്യം).
9. 2010-ലെ തമിഴ്നാട് നിയമസമിതി ആക്റ്റ് (2010-ലെ 16), 3-ാം വകുപ്പ് പ്രകാരം ചേർത്തത് (തീയതി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്).
10. 2014-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ആക്റ്റ് (2014-ലെ 6), 96-ാം വകുപ്പ് പ്രകാരം "തമിഴ്നാട്" എന്നതിനു പകരം ചേർത്തത്.
11. 1969-ലെ പശ്ചിമ ബംഗാൾ നിയമസമിതി (നിറുത്തലാക്കൽ) ആക്റ്റ് (1969-ലെ 20), 4-ാം വകുപ്പുപ്രകാരം, "ഉത്തർപ്രദേശും പശ്ചിമ ബംഗാളും" എന്നിവയ്ക്ക് പകരം ചേർത്തത് (1-8-1969 മുതൽ പ്രാബല്യം).

(3) No such law as aforesaid shall be deemed to be an amendment of this Constitution for the purposes of article 368.

[1][**170. Composition of the Legislative Assemblies.**—(1) Subject to the provisions of article 333, the Legislative Assembly of each State shall consist of not more than five hundred, and not less than sixty, members chosen by direct election from territorial constituencies in the State.

(2) For the purposes of clause (1), each State shall be divided into territorial constituencies in such manner that the ratio between the population of each constituency and the number of seats allotted to it shall, so far as practicable, be the same throughout the State.

[2]*[Explanation.*—In this clause, the expression "population" means the population as ascertained at the last preceding census of which the relevant figures have been published:

Provided that the reference in this *Explanation* to the last preceding census of which the relevant figures have been published shall, until the relevant figures for the first census taken after the year [3][2026] have been published, be construed as a reference to the [4][2001] census.]

(3) Upon the completion of each census, the total number of seats in the Legislative Assembly of each State and the division of each State into territorial constituencies shall be readjusted by such authority and in such manner as Parliament may by law determine:

Provided that such readjustment shall not affect representation in the Legislative Assembly until the dissolution of the then existing Assembly:]

[5][Provided further that such readjustment shall take effect from such date as the President may, by order, specify and until such readjustment takes effect, any election to the Legislative Assembly may be held on the basis of the territorial constituencies existing before such readjustment:

Provided also that until the relevant figures for the first census taken after the year [3][2026] have been published, it shall not be necessary to [6][readjust—

(i) the total number of seats in the Legislative Assembly of each State as readjusted on the basis of the 1971 census; and

(ii) the division of such State into territorial constituencies as may be readjusted on the basis of the [4][2001] census,

under this clause.]]

---

1. Subs. by the Constitution (Seventh Amendment) Act, 1956, s. 9, for article 170.
2. Subs. by the Constitution (Forty-second Amendment) Act, 1976, s. 29, for the Explanation (w.e.f. 3-1-1977).
3. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 5.
4. Subs. by the Constitution (Eighty-seventh Amendment) Act, 2003, s. 4.
5. Ins. by the Constitution (Forty-second Amendment) Act, 1976, s. 29 (w.e.f. 3-1-1977).
6. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 5.

(3) മേൽപ്പറഞ്ഞ പ്രകാരമുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ല.

[1][**170. നിയമസഭകളുടെ ഘടന**.—(1) 333-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഓരോ സംസ്ഥാനത്തെയും നിയമസഭ ആ സംസ്ഥാനത്തിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കുന്ന അഞ്ഞൂറിൽ കവിയാതെയും അറുപതിൽ കുറയാതെയുമുള്ള, അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ഓരോ സംസ്ഥാനത്തെയും, ഓരോ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യയും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം ആ സംസ്ഥാനത്ത് ഒട്ടാകെ ഒന്നുതന്നെ ആകത്തക്കവിധത്തിൽ, പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതാണ്.

[2][*വിശദീകരണം*.—ഈ ഖണ്ഡത്തിൽ "ജനസംഖ്യ" എന്ന പദത്തിന്, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം [3][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, [4] [2001]-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കരുതേണ്ടതാണ്.]

(3) ഓരോ കാനേഷുമാരിയും പൂർത്തിയാകുമ്പോൾ ഓരോ സംസ്ഥാനത്തെയും നിയമസഭയിലെ ആകെയുള്ള സ്ഥാനങ്ങളുടെ എണ്ണവും, ഓരോ സംസ്ഥാനവും പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭജിച്ചിട്ടുള്ളതും, പാർലമെന്റ്, നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്താലും അങ്ങനെയുള്ള രീതിയിലും പുനഃക്രമീകരിക്കപ്പെടേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള പുനഃക്രമീകരണം അപ്പോൾ നിലവിലുള്ള സഭയുടെ പിരിച്ചുവിടൽ വരെ നിയമസഭയിലെ പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല:]

[5][എന്നുമാത്രമല്ല, അങ്ങനെയുള്ള പുനഃക്രമീകരണം, രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രഭാവത്തിൽ വരുന്നതും, അങ്ങനെയുള്ള പുനഃക്രമീകരണം പ്രഭാവത്തിൽ വരുന്നതുവരെ നിയമസഭയിലേക്കുള്ള ഏതു തെരഞ്ഞെടുപ്പും, അങ്ങനെയുള്ള പുനഃക്രമീകരണത്തിന് മുമ്പ് നിലവിലിരുന്ന പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതും ആകുന്നു:

എന്നിരുന്നാലും, [6][ഈ ഖണ്ഡപ്രകാരമുള്ള—

(i) 1971-ലെ കാനേഷുമാരി പുനഃക്രമീകരിച്ചിട്ടുള്ള ഓരോ സംസ്ഥാനത്തെയും നിയമസഭയിലെ ആകെയുള്ള സ്ഥാനങ്ങളുടെ എണ്ണവും;

(ii) [4][2001]-ലെ കാനേഷുമാരി അടിസ്ഥാനമാക്കി പുനഃക്രമീകരിച്ചേക്കാവുന്ന അങ്ങനെയുള്ള സംസ്ഥാനത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളായുള്ള വിഭജനവും] [3][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ,

പുനഃക്രമീകരിക്കേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം 170-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പുപ്രകാരം വിശദീകരണത്തിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 2003-ലെ ഭരണഘടന (എൺപത്തിഏഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.
5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
6. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

171. Composition of the Legislative Councils.—(1) The total number of members in the Legislative Council of a State having such a Council shall not exceed [1][one-third] of the total number of members in the Legislative Assembly of that State:

Provided that the total number of members in the Legislative Council of a State shall in no case be less than forty.

(2) Until Parliament by law otherwise provides, the composition of the Legislative Council of a State shall be as provided in clause (3).

(3) Of the total number of members of the Legislative Council of a State—

(a) as nearly as may be, one-third shall be elected by electorates consisting of members of municipalities, district boards and such other local authorities in the State as Parliament may by law specify;

(b) as nearly as may be, one-twelfth shall be elected by electorates consisting of persons residing in the State who have been for at least three years graduates of any university in the territory of India or have been for at least three years in possession of qualifications prescribed by or under any law made by Parliament as equivalent to that of a graduate of any such university;

(c) as nearly as may be, one-twelfth shall be elected by electorates consisting of persons who have been for at least three years engaged in teaching in such educational institutions within the State, not lower in standard than that of a secondary school, as may be prescribed by or under any law made by Parliament;

(d) as nearly as may be, one-third shall be elected by the members of the Legislative Assembly of the State from amongst persons who are not members of the Assembly;

(e) the remainder shall be nominated by the Governor in accordance with the provisions of clause (5).

(4) The members to be elected under sub-clauses (a), (b) and (c) of clause (3) shall be chosen in such territorial constituencies as may be prescribed by or under any law made by Parliament, and the elections under the said sub-clauses and under sub-clause (d) of the said clause shall be held in accordance with the system of proportional representation by means of the single transferable vote.

(5) The members to be nominated by the Governor under sub-clause (e) of clause (3) shall consist of persons having special knowledge or practical experience in respect of such matters as the following, namely:—

Literature, science, art, co-operative movement and social service.

1.Subs. by the Constitution (Seventh Amendment) Act, 1956. s. 10, for "One-fourth".

171. നിയമസമിതികളുടെ ഘടന.—(1) നിയമസമിതിയുള്ള ഒരു സംസ്ഥാനത്ത്, ആ സമിതിയിലെ അംഗങ്ങളുടെ ആകെയുള്ള സംഖ്യ ആ സംസ്ഥാനത്തെ നിയമസഭയിലെ അംഗങ്ങളുടെ ആകെയുള്ള സംഖ്യയുടെ [1][മൂന്നിലൊന്നിൽ] കവിയുവാൻ പാടുള്ളതല്ല:

എന്നാൽ, ഒരു സംസ്ഥാനത്തെ നിയമസമിതിയിലുള്ള അംഗങ്ങളുടെ ആകെ സംഖ്യ ഒരു സംഗതിയിലും നാൽപ്പതിൽ കുറയുവാൻ പാടുള്ളതല്ല.

(2) പാർലമെന്റ് നിയമം വഴി മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, ഒരു സംസ്ഥാനത്തിലെ നിയമസമിതിയുടെ ഘടന (3)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(3) ഒരു സംസ്ഥാനത്തിലെ നിയമസമിതിയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിൽ—

(ക) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും ജില്ലാ ബോർഡുകളിലെയും, പാർലമെന്റ് നിയമം വഴി നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റ് തദ്ദേശാധികാരസ്ഥാനങ്ങളിലെയും അംഗങ്ങൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും;

(ഖ) പന്ത്രണ്ടിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, ആ സംസ്ഥാനത്തു താമസിക്കുന്നവരും ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിലെ ബിരുദധാരിയായി കുറഞ്ഞത് മൂന്നുവർഷം കഴിയുകയോ, പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അങ്ങനെയുള്ള ഏതെങ്കിലും സർവ്വകലാശാലയിലെ ഒരു ബിരുദധാരിയുടേതിന് തുല്യമായി നിർണ്ണയിച്ചിട്ടുള്ള യോഗ്യത ഉള്ളവരായി കുറഞ്ഞത് മൂന്നുവർഷം കഴിയുകയോ ചെയ്തിട്ടുള്ളവരും ആയ ആളുകൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും;

(ഗ) പന്ത്രണ്ടിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം, പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിച്ചിട്ടുള്ള, ആ സംസ്ഥാനത്തെ ഒരു സെക്കൻഡറി വിദ്യാലയത്തേക്കാൾ താഴ്ന്ന നിലയിലുള്ളതല്ലാത്ത, അങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞതു മൂന്നു വർഷം അദ്ധ്യാപനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ അടങ്ങുന്ന സമ്മതിദായക സംഘങ്ങൾ തെരഞ്ഞെടുക്കേണ്ടതും;

(ഘ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം, ആ സംസ്ഥാനത്തെ നിയമസഭയിലെ അംഗങ്ങൾ ആ സഭയിലെ അംഗങ്ങളല്ലാത്ത ആളുകളുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കേണ്ടതും;

(ങ) ബാക്കി (5)-ാം ഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് ഗവർണ്ണർ നാമനിർദ്ദേശം ചെയ്യേണ്ടതും,

ആകുന്നു.

(4) (3)-ാം ഖണ്ഡത്തിലെ (ക) യും (ഖ) യും (ഗ) യും ഉപഖണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കേണ്ട അംഗങ്ങളെ പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമത്താലോ നിയമപ്രകാരമോ നിർണ്ണയിച്ചിട്ടുള്ള അങ്ങനെയുള്ള പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കേണ്ടതും മേൽപ്പറഞ്ഞ ഉപഖണ്ഡങ്ങൾ പ്രകാരവും മേൽപ്പറഞ്ഞ ഖണ്ഡത്തിലെ (ഘ) ഉപഖണ്ഡപ്രകാരവും ഉള്ള തെരഞ്ഞെടുപ്പുകൾ കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടു വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ച് നടത്തേണ്ടതും ആകുന്നു.

(5) (3)-ാം ഖണ്ഡം (ങ) ഉപഖണ്ഡപ്രകാരം ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ, താഴെ ചേർത്തിട്ടുള്ളതുപോലെയുള്ള വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക ജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ള ആളുകൾ ആയിരിക്കേണ്ടതാണ്, അതായത്:—

സാഹിത്യം, ശാസ്ത്രം, കല, സഹകരണപ്രസ്ഥാനം, സാമൂഹ്യസേവനം.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പു പ്രകാരം "നാലിലൊന്നിൽ" എന്നതിനു പകരം ചേർത്തത്.

172. Duration of State Legislatures.—(1) Every Legislative Assembly of every State, unless sooner dissolved, shall continue for [1][five years] from the date appointed for its first meeting and no longer and the expiration of the said period of [1][five years] shall operate as a dissolution of the Assembly:

Provided that the said period may, while a Proclamation of Emergency is in operation, be extended by Parliament by law for a period not exceeding one year at a time and not extending in any case beyond a period of six months after the Proclamation has ceased to operate.

(2) The Legislative Council of a State shall not be subject to dissolution, but as nearly as possible one-third of the members thereof shall retire as soon as may be on the expiration of every second year in accordance with the provisions made in that behalf by Parliament by law.

173. Qualification for membership of the State Legislature.—A person shall not be qualified to be chosen to fill a seat in the Legislature of a State unless he—

[2][*(a)* is a citizen of India, and makes and subscribes before some person authorised in that behalf by the Election Commission an oath or affirmation according to the form set out for the purpose in the Third Schedule;]

(b) is, in the case of a seat in the Legislative Assembly, not less than twenty-five years of age and, in the case of a seat in the Legislative Council, not less than thirty years of age; and

(c) possesses such other qualifications as may be prescribed in that behalf by or under any law made by Parliament.

[3][**174. Sessions of the State Legislature, prorogation and dissolution.**—(1) The Governor shall from time to time summon the House or each House of the Legislature of the State to meet at such time and place as he thinks fit, but six months shall not intervene between its last sitting in one session and the date appointed for its first sitting in the next session.

(2) The Governor may from time to time—

(a) prorogue the House or either House;

(b) dissolve the Legislative Assembly.]

---

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 24, for "six years" (w.e.f. 6-9-1979). The words "six years" were subs. for the original words "five years" by the Constitution (Forty-second Amendment) Act, 1976, s. 30 (w.e.f. 3-1-1977).
2. Subs. by the Constitution (Sixteenth Amendment) Act, 1963, s. 4, for cl. (a).
3. Subs. by the Constitution (First Amendment) Act, 1951, s. 8, for art. 174.

172. സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെ കാലാവധി.—(1) ഓരോ സംസ്ഥാനത്തെയും നിയമസഭ, നേരത്തെ പിരിച്ചുവിടാത്ത പക്ഷം, അതിന്റെ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ [1] [അഞ്ചുവർഷത്തേക്ക്] എന്നാൽ ഒരിക്കലും, അതിൽ കവിയാതെ, തുടരുന്നതും മേൽപ്പറഞ്ഞ [1] [അഞ്ചുവർഷക്കാലം] അവസാനിക്കുന്നത് സഭയുടെ ഒരു പിരിച്ചു വിടലായി തീരുന്നതും ആകുന്നു:

എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, മേൽപ്പറഞ്ഞ കാലാവധി ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത ഒരു കാലത്തേക്കും, യാതൊരു സംഗതിയിലും ആ വിളംബരം പ്രാബല്യത്തിൽ ഇല്ലാതായതിനുശേഷം ആറു മാസക്കാലത്തിൽ കവിയാതെയും നിയമം വഴി പാർലമെന്റിന് ദീർഘിപ്പിക്കാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തിലെ നിയമസമിതി പിരിച്ചുവിടലിനു വിധേയമാകുന്നതല്ലാത്തതും, എന്നാൽ ഓരോ രണ്ടാം വർഷത്തിന്റെയും അവസാനത്തിൽ കഴിയുന്നതും വേഗം അതിലെ മൂന്നിലൊന്നിനോടു കഴിയുന്നിടത്തോളം അടുത്തുവരുന്നത്ര അംഗങ്ങൾ, പാർലമെന്റ് നിയമം വഴി അതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ച്, സ്ഥാനം ഒഴിയേണ്ടതും ആകുന്നു.

173. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ അംഗത്വത്തിന് വേണ്ട യോഗ്യത.—ഒരാൾ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സ്ഥാനം നികത്തുന്നതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, ആ ആൾ—

[2][(ക) ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും, തെരഞ്ഞെടുപ്പു കമ്മീഷൻ അതിനുവേണ്ടി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളുടെ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥമോ പ്രതിജ്ഞയോ ചെയ്ത് ഒപ്പുവയ്ക്കുകയും;]

(ഖ) നിയമസഭയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ, ഇരുപത്തഞ്ച് വയസ്സിൽ കുറയാത്ത ആളും, നിയമസമിതിയിലെ ഒരു സ്ഥാനത്തിന്റെ സംഗതിയിൽ, മുപ്പത് വയസ്സിൽ കുറയാത്ത ആളും ആയിരിക്കുകയും;

(ഗ) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള വേറെ യോഗ്യതകൾ ഉള്ള ആളായിരിക്കുകയും,

ചെയ്യാത്തപക്ഷം യോഗ്യനായിരിക്കുന്നതല്ല.

[3][**174. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ സമ്മേളനങ്ങളും സമ്മേളനം അവസാനിപ്പിക്കലും പിരിച്ചുവിടലും.**—(1) ഗവർണ്ണർ, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ സഭയെയോ സഭകളിൽ ഓരോന്നിനെയുമോ അപ്പോഴപ്പോൾ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന സമയത്തും സ്ഥലത്തും യോഗം ചേരുന്നതിന് വിളിച്ചുകൂട്ടേണ്ടതും, എന്നാൽ അതിന്റെ ഒരു സമ്മേളനത്തിന്റെ അവസാനത്തെ ഉപവേശനത്തിനും അതിന്റെ അടുത്ത സമ്മേളനത്തിന്റെ ഒന്നാമത്തെ ഉപവേശനത്തിന് നിശ്ചയിക്കുന്ന തീയതിക്കും മദ്ധ്യേ ആറുമാസക്കാലത്തെ ഇട ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു.

(2) ഗവർണ്ണർക്ക് അപ്പോഴപ്പോൾ—

(ക) സഭയുടെയോ ഇരുസഭകളിൽ ഏതിന്റെയെങ്കിലുമോ സമ്മേളനം അവസാനിപ്പിക്കാവുന്നതും;

(ഖ) നിയമസഭ പിരിച്ചുവിടാവുന്നതും,

ആകുന്നു.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 24-ാം വകുപ്പുപ്രകാരം "ആറുവർഷം" എന്നതിനു പകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 30-ാം വകുപ്പു പ്രകാരം ആദ്യം ഉണ്ടായിരുന്ന "അഞ്ചുവർഷം" എന്ന വാക്കുകൾക്കു പകരം "ആറുവർഷം" എന്ന വാക്കുകൾ ചേർത്തു (3-1-1977 മുതൽ പ്രാബല്യം).

2. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (ക) ഖണ്ഡത്തിനു പകരം ചേർത്തത്.

3. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം 174-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

175. Right of Governor to address and send messages to the House or Houses.—(1) The Governor may address the Legislative Assembly or, in the case of a State having a Legislative Council, either House of the Legislature of the State, or both Houses assembled together, and may for that purpose require the attendance of members.

(2) The Governor may send messages to the House or Houses of the Legislature of the State, whether with respect to a Bill then pending in the Legislature or otherwise, and a House to which any message is so sent shall with all convenient despatch consider any matter required by the message to be taken into consideration.

176. Special address by the Governor.—(1) At the commencement of [1][the first session after each general election to the Legislative Assembly and at the commencement of the first session of each year], the Governor shall address the Legislative Assembly or, in the case of a State having a Legislative Council, both Houses assembled together and inform the Legislature of the causes of its summons.

(2) Provision shall be made by the rules regulating the procedure of the House or either House for the allotment of time for discussion of the matters referred to in such address [2][***]

177. Rights of Ministers and Advocate-General as respects the Houses.—Every Minister and the Advocate-General for a State shall have the right to speak in, and otherwise to take part in the proceedings of, the Legislative Assembly of the State or, in the case of a State having a Legislative Council, both Houses, and to speak in, and otherwise to take part in the proceedings of, any committee of the Legislature of which he may be named a member, but shall not, by virtue of this article, be entitled to vote.

Officers of the State Legislature

178. The Speaker and Deputy Speaker of the Legislative Assembly.—Every Legislative Assembly of a State shall, as soon as may be, choose two members of the Assembly to be respectively Speaker and Deputy Speaker thereof and, so often as the office of Speaker or Deputy Speaker becomes vacant, the Assembly shall choose another member to be Speaker or Deputy Speaker, as the case may be.

179. Vacation and resignation of, and removal from, the offices of Speaker and Deputy Speaker.—A member holding office as Speaker or Deputy Speaker of an Assembly—

(a) shall vacate his office if he ceases to be a member of the Assembly;

---

1. Subs. by the Constitution (First Amendment) Act, 1951, s. 9, for "every session".

2 The words "and for the precedence of such discussion over other business of the House" omitted by s. 9, ibid.

175. സഭയെയോ സഭകളെയോ അഭിസംബോധനം ചെയ്യുന്നതിനും അവയിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്നതിനും ഗവർണ്ണർക്കുള്ള അവകാശം.—(1) ഗവർണ്ണർക്ക് നിയമസഭയെയോ, ഒരു നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരു സഭകളിൽ ഏതിനെയെങ്കിലുമോ, ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരു സഭകളെയുമോ, അഭിസംബോധനം ചെയ്യാവുന്നതും, അതിനുവേണ്ടി അംഗങ്ങളോട് ഹാജരാകുവാൻ ആവശ്യപ്പെടാവുന്നതും ആകുന്നു.

(2) ഗവർണ്ണർക്ക്, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ അപ്പോൾ നിലവിലിരിക്കുന്ന ഒരു ബില്ലിനെ സംബന്ധിച്ചോ അല്ലാതെയോ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ സഭകളിലേക്കോ സന്ദേശങ്ങൾ അയയ്ക്കാവുന്നതും അപ്രകാരം ഏതെങ്കിലും സന്ദേശം ഏത് സഭയ്ക്കാണോ അയയ്ക്കുന്നത് ആ സഭ, ആ സന്ദേശം വഴി പരിഗണനയ്ക്ക് എടുക്കണമെന്ന് ആവശ്യപ്പെടുന്ന ഏതു വിഷയവും സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ പരിഗണിക്കേണ്ടതും ആകുന്നു.

176. ഗവർണ്ണറുടെ വിശേഷാൽ അഭിസംബോധനം.—(1) [1][നിയമസഭയിലേക്കുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനും ശേഷമുള്ള ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിലും, ഓരോ വർഷത്തെയും ഒന്നാമത്തെ സമ്മേളനത്തിന്റെ] തുടക്കത്തിലും, ഗവർണ്ണർ, നിയമസഭയേയോ, ഒരു നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, ഒന്നിച്ച് സമ്മേളിച്ചിട്ടുള്ള ഇരു സഭകളെയുമോ അഭിസംബോധനം ചെയ്യേണ്ടതും, നിയമനിർമ്മാണമണ്ഡലത്തെ, അതിനെ വിളിച്ചുകൂട്ടിയതിനുള്ള കാരണങ്ങൾ അറിയിക്കേണ്ടതും ആകുന്നു.

(2) അങ്ങനെയുള്ള അഭിസംബോധനത്തിൽ [2][***] പരാമർശിക്കുന്ന വിഷയങ്ങളുടെ ചർച്ചയ്ക്ക് സമയം തിരിച്ചുവയ്ക്കുന്നതിന് സഭയുടെയോ ഇരു സഭകളിൽ ഓരോന്നിന്റെയുമോ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾ വഴി വ്യവസ്ഥ ചെയ്യേണ്ടതാണ്.

177. സഭകളെ സംബന്ധിച്ച് മന്ത്രിമാരുടെയും അഡ്വക്കേറ്റ്-ജനറലിന്റെയും അവകാശങ്ങൾ.—ഓരോ മന്ത്രിക്കും ഒരു സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ്-ജനറലിനും സംസ്ഥാനത്തെ നിയമസഭയിലോ, ഒരു നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ സംഗതിയിൽ ഇരു സഭകളിലുമോ സംസാരിക്കുവാനും അതിന്റെയോ അവയുടെയോ നടപടികളിൽ മറ്റു വിധത്തിൽ പങ്കെടുക്കുവാനും, അദ്ദേഹം ഒരു അംഗമായി പേരു പറയപ്പെടാവുന്ന നിയമനിർമ്മാണ മണ്ഡലത്തിലെ ഏതെങ്കിലും സമിതിയിൽ, സംസാരിക്കുവാനും അതിന്റെ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുവാനും അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ടു ചെയ്യുന്നതിന് ഈ അനുച്ഛേദത്തിന്റെ ബലത്തിൽ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ ഉദ്യോഗസ്ഥൻമാർ

178. നിയമസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും.—ഒരു സംസ്ഥാനത്തിലെ ഓരോ നിയമസഭയും ആ സഭയിലെ രണ്ട് അംഗങ്ങളെ കഴിയുന്നതും വേഗം, യഥാക്രമം അതിന്റെ സ്പീക്കറായും ഡെപ്യൂട്ടി സ്പീക്കറായും തെരഞ്ഞെടുക്കേണ്ടതും സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം ആ സഭ മറ്റൊരംഗത്തെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ, അതതുസംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

179. സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ഉദ്യോഗത്തിൽ നിന്ന് ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും.—ഒരു നിയമസഭയുടെ സ്പീക്കറായോ ഡെപ്യൂട്ടി സ്പീക്കറായോ ഉദ്യോഗം വഹിക്കുന്ന ഒരംഗം—

(ക) അദ്ദേഹം ആ സഭയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ്;

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പു പ്രകാരം "ഓരോ സമ്മേളനത്തിനും" എന്നതിനു പകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 9-ാം വകുപ്പ് പ്രകാരം "സഭയുടെ മറ്റു നടപടികളിൻമേലുള്ള അങ്ങനെയുള്ള ചർച്ചയുടെ കീഴ്വഴക്കത്തിനുവേണ്ടിയും" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(b) may at any time by writing under his hand addressed, if such member is the Speaker, to the Deputy Speaker, and if such member is the Deputy Speaker, to the Speaker, resign his office; and

(c) may be removed from his office by a resolution of the Assembly passed by a majority of all the then members of the Assembly:

Provided that no resolution for the purpose of clause (c) shall be moved unless at least fourteen days' notice has been given of the intention to move the resolution:

Provided further that, whenever the Assembly is dissolved, the Speaker shall not vacate his office until immediately before the first meeting of the Assembly after the dissolution.

180. Power of the Deputy Speaker or other person to perform the duties of the office of, or to act as, Speaker.—(1) While the office of Speaker is vacant, the duties of the office shall be performed by the Deputy Speaker or, if the office of Deputy Speaker is also vacant, by such member of the Assembly as the Governor may appoint for the purpose.

(2) During the absence of the Speaker from any sitting of the Assembly the Deputy Speaker or, if he is also absent, such person as may be determined by the rules of procedure of the Assembly, or, if no such person is present, such other person as may be determined by the Assembly, shall act as Speaker.

181. The Speaker or the Deputy Speaker not to preside while a resolution for his removal from office is under consideration.—(1) At any sitting of the Legislative Assembly, while any resolution for the removal of the Speaker from his office is under consideration, the Speaker, or while any resolution for the removal of the Deputy Speaker from his office is under consideration, the Deputy Speaker, shall not, though he is present, preside, and the provisions of clause (2) of article 180 shall apply in relation to every such sitting as they apply in relation to a sitting from which the Speaker or, as the case may be, the Deputy Speaker, is absent.

(2) The Speaker shall have the right to speak in, and otherwise to take part in the proceedings of, the Legislative Assembly while any resolution for his removal from office is under consideration in the Assembly and shall, notwithstanding anything in article 189, be entitled to vote only in the first instance on such resolution or on any other matter during such proceedings but not in the case of an equality of votes.

182. The Chairman and Deputy Chairman of the Legislative Council.—The Legislative Council of every State having such Council shall, as soon as may be, choose two members of the Council to be respectively Chairman and Deputy Chairman thereof and, so often as the office of Chairman or Deputy Chairman becomes vacant, the Council shall choose another member to be Chairman or Deputy Chairman, as the case may be.

(ഖ) അദ്ദേഹത്തിന് ഏതു സമയത്തും ആ അംഗം സ്പീക്കറാണെങ്കിൽ ഡെപ്യൂട്ടി സ്പീക്കറെയും, ആ അംഗം ഡെപ്യൂട്ടി സ്പീക്കറാണെങ്കിൽ സ്പീക്കറെയും, സംബോധനം ചെയ്ത്, സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സഭയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സഭയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലുദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം, അവതരിപ്പിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ആ സഭ പിരിച്ചുവിടുമ്പോഴെല്ലാം, ആ പിരിച്ചുവിടലിനുശേഷമുള്ള നിയമസഭയുടെ ഒന്നാമത്തെ യോഗം ചേരുന്നതിന് തൊട്ടുമുമ്പുവരെ സ്പീക്കർ തന്റെ ഉദ്യോഗം ഒഴിയുവാൻ പാടുള്ളതല്ല.

180. ഡെപ്യൂട്ടി സ്പീക്കർക്കോ മറ്റൊരാൾക്കോ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ സ്പീക്കറായി പകരം ജോലി നോക്കുവാനോ ഉള്ള അധികാരം.— (1) സ്പീക്കറുടെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഡെപ്യൂട്ടി സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറുടെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് ഗവർണ്ണർ നിയമിക്കുന്ന നിയമസഭയിലെ അങ്ങനെയുള്ള അംഗമോ, നിർവ്വഹിക്കേണ്ടതാണ്.

(2) നിയമസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ സ്പീക്കർ സന്നിഹിതനല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സഭയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സഭ നിശ്ചയിക്കുന്ന മറ്റൊരാളോ സ്പീക്കറായി പകരം ജോലി നോക്കേണ്ടതാണ്.

181. സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി സ്പീക്കർ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചു കൂടെന്ന്.—(1) നിയമസഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കറോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 180-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ, സ്പീക്കറുടെയോ ഡെപ്യൂട്ടി സ്പീക്കറുടെയോ, അതതു സംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) സ്പീക്കറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം നിയമസഭയിൽ പരിഗണനയിലിരിക്കുമ്പോൾ, ആ സഭയിൽ സംസാരിക്കുന്നതിനും മറ്റു വിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, 189-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറ്റേതെങ്കിലും വിഷയത്തിൻമേലോ വോട്ടു ചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

182. നിയമസമിതിയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും.—നിയമസമിതി ഉള്ള ഓരോ സംസ്ഥാനത്തെയും അങ്ങനെയുള്ള സമിതി, കഴിയുന്നതും വേഗം, ആ സമിതിയിലെ രണ്ട് അംഗങ്ങളെ യഥാക്രമം അതിന്റെ അദ്ധ്യക്ഷനായും ഉപാദ്ധ്യക്ഷനായും തെരഞ്ഞെടുക്കേണ്ടതും, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ ഉദ്യോഗം ഒഴിവാകുമ്പോഴെല്ലാം സമിതി മറ്റൊരംഗത്തെ, അദ്ധ്യക്ഷനായോ ഉപാദ്ധ്യക്ഷനായോ, അതതുസംഗതിപോലെ, തെരഞ്ഞെടുക്കേണ്ടതും ആകുന്നു.

183. Vacation and resignation of, and removal from, the offices of Chairman and Deputy Chairman.—A member holding office as Chairman or Deputy Chairman of a Legislative Council—

(a) shall vacate his office if he ceases to be a member of the Council;

(b) may at any time by writing under his hand addressed, if such member is the Chairman, to the Deputy Chairman, and if such member is the Deputy Chairman, to the Chairman, resign his office; and

(c) may be removed from his office by a resolution of the Council passed by a majority of all the then members of the Council:

Provided that no resolution for the purpose of clause (c) shall be moved unless at least fourteen days' notice has been given of the intention to move the resolution.

184. Power of the Deputy Chairman or other person to perform the duties of the office of, or to act as, Chairman.—(1) While the office of Chairman is vacant, the duties of the office shall be performed by the Deputy Chairman or, if the office of Deputy Chairman is also vacant, by such member of the Council as the Governor may appoint for the purpose.

(2) During the absence of the Chairman from any sitting of the Council the Deputy Chairman or, if he is also absent, such person as may be determined by the rules of procedure of the Council, or, if no such person is present, such other person as may be determined by the Council, shall act as Chairman.

185. The Chairman or the Deputy Chairman not to preside while a resolution for his removal from office is under consideration.—(1) At any sitting of the Legislative Council, while any resolution for the removal of the Chairman from his office is under consideration, the Chairman, or while any resolution for the removal of the Deputy Chairman from his office is under consideration, the Deputy Chairman, shall not, though he is present, preside, and the provisions of clause (2) of article 184 shall apply in relation to every such sitting as they apply in relation to a sitting from which the Chairman or, as the case may be, the Deputy Chairman is absent.

(2) The Chairman shall have the right to speak in, and otherwise to take part in the proceedings of, the Legislative Council while any resolution for his removal from office is under consideration in the Council and shall, notwithstanding anything in article 189, be entitled to vote only in the first instance on such resolution or on any other matter during such proceedings but not in the case of an equality of votes.

183. അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഉദ്യോഗം ഒഴിഞ്ഞുപോകുന്നതും രാജിവയ്ക്കുന്നതും നീക്കം ചെയ്യപ്പെടുന്നതും.—ഒരു നിയമസമിതിയുടെ അദ്ധ്യക്ഷനായോ ഉപാദ്ധ്യക്ഷനായോ ഉദ്യോഗം വഹിക്കുന്ന ഒരംഗം—

(ക) അദ്ദേഹം ആ സമിതിയിലെ ഒരംഗമല്ലാതായിത്തീരുന്നുവെങ്കിൽ, തന്റെ ഉദ്യോഗം ഒഴിയേണ്ടതാണ്;

(ഖ) അദ്ദേഹത്തിന്, ഏത് സമയത്തും ആ അംഗം അദ്ധ്യക്ഷനാണെങ്കിൽ ഉപാദ്ധ്യക്ഷനെയും, ആ അംഗം ഉപാദ്ധ്യക്ഷനാണെങ്കിൽ അദ്ധ്യക്ഷനെയും, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഗ) അദ്ദേഹത്തെ ആ സമിതിയിലെ അപ്പോഴുള്ള എല്ലാ അംഗങ്ങളുടെയും ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്ന ആ സമിതിയുടെ ഒരു പ്രമേയം വഴി തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഗ) ഖണ്ഡത്തിന്റെ ആവശ്യത്തിനുള്ള യാതൊരു പ്രമേയവും, ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് പതിന്നാലു ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലാത്തപക്ഷം അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

184. ഉപാദ്ധ്യക്ഷനോ മറ്റൊരാൾക്കോ അദ്ധ്യക്ഷന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനോ അദ്ധ്യക്ഷനായി പകരം ജോലിനോക്കുവാനോ ഉള്ള അധികാരം.—(1) അദ്ധ്യക്ഷന്റെ ഉദ്യോഗം ഒഴിവായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഉപാദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷന്റെ ഉദ്യോഗവും ഒഴിവായിരിക്കുന്നുവെങ്കിൽ ആ ആവശ്യത്തിലേക്ക് ഗവർണ്ണർ നിയമിക്കുന്ന ആ നിയമസമിതിയിലെ അങ്ങനെയുള്ള അംഗമോ നിർവ്വഹിക്കേണ്ടതാണ്.

(2) നിയമസമിതിയുടെ ഏതെങ്കിലും ഉപവേശനത്തിൽ അദ്ധ്യക്ഷൻ സന്നിഹിതനല്ലെങ്കിൽ ഉപാദ്ധ്യക്ഷനോ, അദ്ദേഹവും സന്നിഹിതനല്ലെങ്കിൽ ആ സമിതിയുടെ നടപടിക്രമത്തെക്കുറിച്ചുള്ള ചട്ടങ്ങൾ വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള ആളോ, അങ്ങനെയുള്ള യാതൊരാളും സന്നിഹിതനല്ലെങ്കിൽ ആ സമിതി നിശ്ചയിക്കുന്ന മറ്റൊരാളോ, അദ്ധ്യക്ഷനായി പകരം ജോലി നോക്കേണ്ടതാണ്.

185. അദ്ധ്യക്ഷൻ അല്ലെങ്കിൽ ഉപാദ്ധ്യക്ഷൻ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം പരിഗണനയിലിരിക്കുമ്പോൾ, അദ്ധ്യക്ഷത വഹിച്ചുകൂടെന്ന്.—(1) നിയമസമിതിയുടെ ഏതെങ്കിലും ഉപവേശനത്തിൽ, അദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ അദ്ധ്യക്ഷനോ, ഉപാദ്ധ്യക്ഷനെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം പരിഗണനയിലിരിക്കുമ്പോൾ ഉപാദ്ധ്യക്ഷനോ, അദ്ദേഹം സന്നിഹിതനാണെങ്കിലും, അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഓരോ ഉപവേശനത്തിനും 184-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിലുള്ള വ്യവസ്ഥകൾ, അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ, അതതുസംഗതിപോലെ, അസാന്നിദ്ധ്യത്തിലുള്ള ഒരു ഉപവേശനം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതും ആകുന്നു.

(2) അദ്ധ്യക്ഷന്, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുവാനുള്ള ഏതെങ്കിലും പ്രമേയം നിയമസമിതിയിൽ പരിഗണനയിലിരിക്കുമ്പോൾ, ആ സമിതിയിൽ സംസാരിക്കുന്നതിനും മറ്റുവിധത്തിൽ അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും, 189-ാം അനുച്ഛേദത്തിൽ എന്തുതന്നെയായിരുന്നാലും അങ്ങനെയുള്ള പ്രമേയത്തിൻമേലോ അങ്ങനെയുള്ള നടപടികൾക്കിടയിൽ മറ്റേതെങ്കിലും വിഷയത്തിൻമേലോ വോട്ടുചെയ്യുവാനുള്ള അവകാശം, ആദ്യത്തെ പ്രാവശ്യം മാത്രം ഉണ്ടായിരിക്കുന്നതും, എന്നാൽ വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ഇല്ലാതിരിക്കുന്നതും ആകുന്നു.

186. Salaries and allowances of the Speaker and Deputy Speaker and the Chairman and Deputy Chairman.—There shall be paid to the Speaker and the Deputy Speaker of the legislative Assembly, and to the Chairman and the Deputy Chairman of the Legislative Council, such salaries and allowances as may be respectively fixed by the Legislature of the State by law and, until provision in that behalf is so made, such salaries and allowances as are specified in the Second Schedule.

187. Secretariat of State Legislature.—(1) The House or each House of the Legislature of a State shall have a separate secretarial staff:

Provided that nothing in this clause shall, in the case of the Legislature of a State having a Legislative Council, be construed as preventing the creation of posts common to both Houses of such Legislature.

(2) The Legislature of a State may by law regulate the recruitment, and the conditions of service of persons appointed, to the secretarial staff of the House or Houses of the Legislature of the State.

(3) Until provision is made by the Legislature of the State under clause (2), the Governor may, after consultation with the Speaker of the Legislative Assembly or the Chairman of the Legislative Council, as the case may be, make rules regulating the recruitment, and the conditions of service of persons appointed, to the secretarial staff of the Assembly or the Council, and any rules so made shall have effect subject to the provisions of any law made under the said clause.

Conduct of Business

188. Oath or affirmation by members.—Every member of the Legislative Assembly or the Legislative Council of a State shall, before taking his seat, make and subscribe before the Governor, or some person appointed in that behalf by him, an oath or affirmation according to the form set out for the purpose in the Third Schedule.

189. Voting in Houses, power of Houses to act notwithstanding vacancies and quorum.—(1) Save as otherwise provided in this Constitution, all questions at any sitting of a House of the Legislature of a State shall be determined by a majority of votes of the members present and voting, other than the Speaker or Chairman, or person acting as such.

The Speaker or Chairman, or person acting as such, shall not vote in the first instance, but shall have and exercise a casting vote in the case of an equality of votes.

186. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും ശമ്പളങ്ങളും ബത്തകളും.—നിയമസഭയുടെ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും നിയമ സമിതിയുടെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി യഥാക്രമം നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും, അതിലേക്ക് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങളും ബത്തകളും കൊടുക്കേണ്ടതാണ്.

187. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ സെക്രട്ടേറിയറ്റ്.—(1) ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയ്ക്കോ അഥവാ ഓരോ സഭയ്ക്കുമോ വെവ്വേറെ സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥഗണം ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരു സഭകൾക്കും പൊതുവായി തസ്തികകൾ സൃഷ്ടിക്കുന്നതിനെ തടയുന്നതായി കരുതാൻ പാടുള്ളതല്ല.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭയുടെയോ സഭകളുടെയോ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും, അതിലേക്ക് നിയമിക്കുന്നവരുടെ സേവനവ്യവസ്ഥകളും, നിയമം വഴി ക്രമപ്പെടുത്താവുന്നതാണ്.

(3) സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം (2)-ാം ഖണ്ഡപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, നിയമസഭയുടെ സ്പീക്കറോട് അല്ലെങ്കിൽ നിയമസമിതിയുടെ അദ്ധ്യക്ഷനോട്, അതതുസംഗതിപോലെ, ആലോചിച്ചതിനുശേഷം ഗവർണ്ണർക്ക് ആ സഭയുടെയോ ആ സമിതിയുടെയോ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥഗണത്തിലേക്ക് ആൾ ചേർക്കലും അതിലേക്ക് നിയമിക്കുന്നവരുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെ ഉണ്ടാക്കുന്ന ഏതു ചട്ടത്തിനും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

കാര്യങ്ങളുടെ നടത്തിപ്പ്

188. അംഗങ്ങളുടെ ശപഥം അഥവാ പ്രതിജ്ഞ.—ഒരു സംസ്ഥാനത്തിന്റെ നിയമ സഭയിലെയോ നിയമസമിതിയിലെയോ ഓരോ അംഗവും തന്റെ സ്ഥാനം സ്വീകരിക്കുന്നതിന് മുമ്പ് ഗവർണ്ണറുടെയോ അദ്ദേഹം അതിലേക്ക് നിയമിക്കുന്ന ആളുടെയോ മുമ്പാകെ മൂന്നാം പട്ടികയിൽ അതിനുവേണ്ടി കൊടുത്തിട്ടുള്ള ഫാറം അനുസരിച്ച് ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ്.

189. സഭകളിൽ വോട്ടു ചെയ്യലും ഒഴിവുകളുണ്ടായിരുന്നാലും പ്രവർത്തിക്കുവാൻ സഭയ്ക്കുള്ള അധികാരവും കോറവും.—(1) ഈ ഭരണഘടനയിൽ മറ്റുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ ഒഴികെ, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സഭയുടെ ഏതെങ്കിലും ഉപവേശനത്തിൽ, വരുന്ന എല്ലാ പ്രശ്നങ്ങളും, സ്പീക്കറോ അല്ലെങ്കിൽ അദ്ധ്യക്ഷനോ അഥവാ ആ നിലയിൽ പകരം ജോലിനോക്കുന്ന ആളോ അല്ലാതെ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷം കൊണ്ട് തീരുമാനിക്കേണ്ടതാണ്.

സ്പീക്കറോ അദ്ധ്യക്ഷനോ അല്ലെങ്കിൽ അങ്ങനെ പകരം ജോലിനോക്കുന്ന ആളോ ആദ്യവസരത്തിൽ വോട്ടു ചെയ്യുവാൻ പാടില്ലാത്തതും, എന്നാൽ വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ ഒരു നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അത് പ്രയോഗിക്കേണ്ടതും ആകുന്നു.

(2) A House of the Legislature of a State shall have power to act notwithstanding any vacancy in the membership thereof, and any proceedings in the Legislature of a State shall be valid notwithstanding that it is discovered subsequently that some person who was not entitled so to do sat or voted or otherwise took part in the proceedings.

(3) Until the Legislature of the State by law otherwise provides, the quorum to constitute a meeting of a House of the Legislature of a State shall be ten members or one-tenth of the total number of members of the House, whichever is greater.

(4) If at any time during a meeting of the Legislative Assembly or the Legislative Council of a State there is no quorum, it shall be the duty of the Speaker or Chairman, or person acting as such, either to adjourn the House or to suspend the meeting until there is a quorum.

Disqualifications of Members

190. Vacation of seats.—(1) No person shall be a member of both Houses of the Legislature of a State and provision shall be made by the Legislature of the State by law for the vacation by a person who is chosen a member of both Houses of his seat in one House or the other.

(2) No person shall be a member of the Legislatures of two or more States specified in the First Schedule and if a person is chosen a member of the Legislatures of two or more such States, then, at the expiration of such period as may be specified in rules* made by the President, that person's seat in the Legislatures of all such States shall become vacant, unless he has previously resigned his seat in the Legislatures of all but one of the States.

(3) If a member of a House of the Legislature of a State—

(a) becomes subject to any of the disqualifications mentioned in [1][clause (1) or clause (2) of article 191]; or

[2][(b) resigns his seat by writing under his hand addressed to the Speaker or the Chairman, as the case may be, and his resignation is accepted by the Speaker or the Chairman, as the case may be,]

his seat shall thereupon become vacant:

[3][Provided that in the case of any resignation referred to in sub-clause (b), if from information received or otherwise and after making such inquiry as he thinks fit, the Speaker or the Chairman, as the case may be, is satisfied that such resignation is not voluntary or genuine, he shall not accept such resignation.]

---

* See the Prohibition of Simultaneous Membership Rules, 1950 published by the Ministry of Law Notification No. F. 46/50-C, dated the 26th January, 1950, Gazette of India, Extraordinary, p. 678.

1. Subs. by the Constitution (Fifty-second Amendment) Act, 1985, s.4, for "clause (1) of articie 191" (w.e.f. 1-3-1985).

2. Subs. by the Constitution (Thirty-third Amendment) Act, 1974, s.3, for sub-clause (b).

3. Ins. by s.3, ibid.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ ഒരു സഭയ്ക്ക് അതിന്റെ അംഗങ്ങളുടെ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒഴിവ് ഉണ്ടായിരുന്നാൽ തന്നെയും പ്രവർത്തിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും, സഭയിൽ ഇരിക്കുകയോ വോട്ടു ചെയ്യുകയോ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട് വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏതു നടപടിയും സാധുവായിരിക്കുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ ആ സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയുടെ ഒരു യോഗം ചേരുന്നതിന് ആവശ്യമുള്ള കോറം, പത്ത് അംഗങ്ങൾ അല്ലെങ്കിൽ ആ സഭയിലെ അംഗങ്ങളുടെ ആകെ സംഖ്യയുടെ പത്തിലൊന്ന് ഇവയിൽ ഏതാണോ കൂടുതൽ അത് ആയിരിക്കുന്നതാണ്.

(4) ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെയോ നിയമസമിതിയുടെയോ ഒരു യോഗത്തിനിടയ്ക്ക് ഏതെങ്കിലും സമയത്ത് കോറം ഇല്ലാതെ വന്നാൽ സഭ നീട്ടിവയ്ക്കുകയോ കോറം ഉണ്ടാകുന്നതുവരെ ആ യോഗം നിറുത്തിവയ്ക്കുകയോ ചെയ്യുന്നത് സ്പീക്കറുടെയോ അദ്ധ്യക്ഷന്റെയോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലിനോക്കുന്ന ആളുടെയോ കർത്തവ്യമായിരിക്കുന്നതാണ്.

അംഗങ്ങളുടെ അയോഗ്യതകൾ

190. സ്ഥാനങ്ങൾ ഒഴിവാക്കൽ.—(1) യാതൊരാളും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരു സഭകളിലും അംഗമായിരിക്കുവാൻ പാടില്ലാത്തതും, ഇരുസഭകളിലെയും അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഒരു സഭയിൽ അല്ലെങ്കിൽ മറ്റേ സഭയിൽ ഉള്ള അയാളുടെ സ്ഥാനം ഒഴിയുന്നതിന് ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

(2) യാതൊരാളും ഒന്നാംപട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിൽ അംഗമായിരിക്കുവാൻ പാടില്ലാത്തതും, ഒരാൾ അങ്ങനെയുള്ള രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ*നിർദ്ദേശിച്ചിട്ടുള്ള കാലാവധിയുടെ അവസാനം ആ സംസ്ഥാനങ്ങളിൽ ഒന്നിലൊഴികെയുള്ള നിയമനിർമ്മാണ മണ്ഡലങ്ങളിലെ അയാളുടെ സ്ഥാനം അതിന് മുമ്പ് രാജിവച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള എല്ലാ സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളിലെയും ആ ആൾക്കുള്ള സ്ഥാനം ഒഴിവാകുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ ഒരംഗം—

(ക) [1] [191-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (2)-ാം ഖണ്ഡത്തിലോ] പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാകുകയോ;

[2] [(ഖ) സ്പീക്കറെയോ അദ്ധ്യക്ഷനെയോ, അതതുസംഗതിപോലെ, സംബോധനം ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ സ്ഥാനം രാജിവയ്ക്കുകയും, അദ്ദേഹത്തിന്റെ രാജി സ്പീക്കറോ അദ്ധ്യക്ഷനോ, അതതുസംഗതി പോലെ, സ്വീകരിക്കുകയും ചെയ്യുകയോ,]

ചെയ്താൽ, അദ്ദേഹത്തിന്റെ സ്ഥാനം അപ്പോൾ ഒഴിവാകുന്നതാണ്:

[3] [എന്നാൽ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും രാജിയുടെ സംഗതിയിൽ, കിട്ടിയ വിവരത്തിൽ നിന്നും മറ്റുവിധത്തിലും, തനിക്കു യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണ ചെയ്തതിനുശേഷവും, സ്പീക്കർക്കോ അദ്ധ്യക്ഷനോ, അതതുസംഗതിപോലെ, അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യഥാർത്ഥമായതോ അല്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള രാജി സ്വീകരിക്കാൻ പാടുള്ളതല്ല.]

---

*. നിയമമന്ത്രാലയത്തിന്റെ 1950 ജനുവരി 26-ാം തീയതിയിലെ എഫ്. 46/50-സി. നമ്പർ വിജ്ഞാപനം ഭാരത ഗസറ്റ്, അസാധാരണം, പേജ് 678-ൽ പ്രസിദ്ധീകരിച്ച 1950-ലെ ഒരേ സമയത്തുള്ള അംഗത്വം നിരോധിക്കൽ ചട്ടങ്ങൾ കാണുക.

1. 1985-ലെ ഭരണഘടന (അൻപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പു പ്രകാരം "191-ാം അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡത്തിനു" പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. 1974-ലെ ഭരണഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം (ഖ) ഖണ്ഡത്തിനു പകരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) If for a period of sixty days a member of a House of the Legislature of a State is without permission of the House absent from all meetings thereof, the House may declare his seat vacant:

Provided that in computing the said period of sixty days no account shall be taken of any period during which the House is prorogued or is adjourned for more than four consecutive days.

191. Disqualifications for membership.—(1) A person shall be disqualifed for being chosen as, and for being, a member of the Legislative Assembly or Legislative Council of a State—

(a) if he holds any office of profit under the Government of India or the Government of any State specified in the First Schedule, other than an office declared by the Legislature of the State by law not to disqualify its holder;

(b) if he is of unsound mind and stands so declared by a competent court;

(c) if he is an undischarged insolvent;

(d) if he is not a citizen of India, or has voluntarily acquired the citizenship of a foreign State, or is under any acknowledgment of allegiance or adherence to a foreign State;

(e) if he is so disqualified by or under any law made by Parliament.

[1][*Explanation.—For* the purposes of this clause], a person shall not be deemed to hold an office of profit under the Government of India or the Government of any State specified in the First Schedule by reason only that he is a Minister either for the Union or for such State.

[2][(2) A person shall be disqualified for being a member of the Legislative Assembly or Legislative Council of a State if he is so disqualified under the Tenth Schedule.]

[3]**[192. Decision on questions as to disqualifications of members.**—(1) If any question arises as to whether a member of a House of the Legislature of a State has become subject to any of the disqualifications mentioned in clause (1) of article 191, the question shall be referred for the decision of the Governor and his decision shall be final.

1. Subs. by the Constitution (Fifty-second Amendment) Act, 1985, s.5, for "(2) For the purposes of this article" (w.e.f. 1-3-1985).

2. Ins. by s.5, ibid. (w.e.f. 1-3-1985).

3. Art. 192 has been successively subs. by the Constitution (Forty-second Amendment) Act, 1976, s.33 (w.e.f. 3-1-1977) and the Constitution (Forty-fourth amendment) Act, 1978, s.25 to read as above (w.e.f. 20-6-1979).

(4) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ ഒരംഗം ആ സഭയുടെ അനുവാദം കൂടാതെ അതിന്റെ എല്ലാ യോഗങ്ങളിലും അറുപത് ദിവസക്കാലത്തേക്ക് അസന്നിഹിതനായിരുന്നാൽ ആ സഭയ്ക്ക് ആ ആളുടെ സ്ഥാനം ഒഴിവായതായി പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, മേൽപ്പറഞ്ഞ അറുപത് ദിവസക്കാലം കണക്കാക്കുമ്പോൾ ആ സഭയുടെ സമ്മേളനം അവസാനിച്ചിരുന്നതോ തുടർച്ചയായി നാലുദിവസത്തിലധികം നീട്ടിവച്ചിരുന്നതോ ആയ കാലം കണക്കിലെടുക്കുവാൻ പാടുള്ളതല്ല.

191. അംഗത്വത്തിനുള്ള അയോഗ്യതകൾ.— (1) ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയോ നിയമസമിതിയിലെയോ ഒരംഗമായി തെരഞ്ഞെടുക്കപ്പെടുവാനും ഒരംഗമായിരിക്കുവാനും—

(ക) ഭാരത സർക്കാരിന്റെയോ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരിന്റെയോ കീഴിൽ ഏതു ഉദ്യോഗം വഹിക്കുന്ന ആളെ ആണോ അയോഗ്യനാക്കുകയില്ലെന്ന് ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ;

(ഖ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും, ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയും ചെയ്യുകയോ;

(ഗ) ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ;

(ഘ) ഭാരതത്തിലെ ഒരു പൗരനല്ലാതിരിക്കുകയോ, ഒരു വിദേശരാഷ്ട്രത്തിൽ പൗരത്വം സ്വമേധയാ ആർജ്ജിച്ചിരിക്കുകയോ ഒരു വിദേശരാഷ്ട്രത്തോടു കൂറോ വിധേയത്വമോ ഏതെങ്കിലും തരത്തിൽ അംഗീകരിച്ചിരിക്കുകയോ;

(ങ) പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അപ്രകാരം അയോഗ്യനാക്കിയിരിക്കുകയോ,

ചെയ്യുന്ന ഒരാൾ അയോഗ്യനാകുന്നതാണ്.

[1] [*വിശദീകരണം*—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്], യൂണിയന്റെയോ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെയോ ഒരു മന്ത്രിയാണെന്നുള്ള കാരണത്താൽ മാത്രം ഒരാൾ ഭാരത സർക്കാരിന്റെയോ അഥവാ അങ്ങനെയുള്ള സംസ്ഥാന സർക്കാരിന്റെയോ കീഴിൽ ആദായകരമായ ഒരു ഉദ്യോഗം വഹിക്കുന്നതായി കരുതപ്പെടുന്നതല്ല.

[2] [(2) ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലോ നിയമസമിതിയിലോ ഒരു അംഗമായിരിക്കുന്നതിന് പത്താം പട്ടിക പ്രകാരം അയോഗ്യത കൽപ്പിച്ചിട്ടുള്ള ഒരാൾക്ക് അപ്രകാരം അംഗമായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.]

[3] [**192. അംഗങ്ങളുടെ അയോഗ്യതകൾ സംബന്ധിച്ച പ്രശ്നങ്ങളിൻമേലുള്ള തീരുമാനം.**— (1) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ ഒരംഗം 191-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയമായിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം ഗവർണ്ണറുടെ തീരുമാനത്തിന് അയച്ചുകൊടുക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

---

1. 1985-ലെ ഭരണഘടന (അൻപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം "(2) ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്" എന്നതിന് പകരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 5-ാംവകുപ്പ് പ്രകാരം ചേർത്തത് (1-3-1985 മുതൽ പ്രാബല്യം).

3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 33-ാം വകുപ്പും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പും പ്രകാരം 192-ാം അനുച്ഛേദം അനുക്രമമായി മുകളിൽ വായിക്കുന്ന പ്രകാരം പകരം ചേർത്തു (20-6-1979 മുതൽ പ്രാബല്യം).

(2) Before giving any decision on any such question, the Governor shall obtain the opinion of the Election Commission and shall act according to such opinion.]

193. Penalty for sitting and voting before making oath or affirmation under article 188 or when not qualified or when disqualified.—If a person sits or votes as a member of the Legislative Assembly or the Legislative Council of a State before he has complied with the requirements of article 188, or when he knows that he is not qualified or that he is disqualified for membership thereof, or that he is prohibited from so doing by the provisions of any law made by Parliament or the Legislature of the State, he shall be liable in respect of each day on which he so sits or votes to a penalty of five hundred rupees to be recovered as a debt due to the State.

Powers, Privileges and Immunities of *State Legislatures and their Members*

194. Powers, privileges, etc., of the Houses of Legislatures and of the members and committees thereof.—(1) Subject to the provisions of this Constitution and to the rules and standing orders regulating the procedure of the Legislature, there shall be freedom of speech in the Legislature of every State.

(2) No member of the Legislature of a State shall be liable to any proceedings in any court in respect of anything said or any vote given by him in the Legislature or any committee thereof, and no person shall be so liable in respect of the publication by or under the authority of a House of such a Legislature of any report, paper, votes or proceedings.

(3) In other respects, the powers, privileges and immunities of a House of the Legislature of a State, and of the members and the committees of a House of such Legislature, shall be such as may from time to time be defined by the Legislature by law, and, until so defined, [1][shall be those of that House and of its members and committees immediately before the coming into force of section 26 of the Constitution (Forty-fourth Amendment) Act, 1978.]

(4) The provisions of clauses (1), (2) and (3) shall apply in relation to persons who by virtue of this Constitution have the right to speak in, and otherwise to take part in the proceedings of, a House of the Legislature of a State or any committee thereof as they apply in relation to members of that Legislature.

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s.26, for certain words (w.e.f. 20-6-1979).

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നൽകുന്നതിനുമുമ്പ്, ഗവർണ്ണർ തെരഞ്ഞെടുപ്പു കമ്മീഷന്റെ അഭിപ്രായം നേടേണ്ടതും അങ്ങനെയുള്ള അഭിപ്രായം അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.]

193. 188-ാം അനുച്ഛേദപ്രകാരമുള്ള ശപഥമോ പ്രതിജ്ഞയോ ചെയ്യുന്നതിനു മുമ്പോ, യോഗ്യത ഇല്ലാതിരിക്കുമ്പോഴോ, അയോഗ്യനായിരിക്കുമ്പോഴോ ഉപവേശിക്കുന്നതിനും വോട്ടു ചെയ്യുന്നതിനുമുള്ള ശിക്ഷ.—ഒരാൾ 188-ാം അനുച്ഛേദത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതിനു മുമ്പായോ, ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയോ നിയമസമിതിയിലെയോ അംഗത്വത്തിന് താൻ യോഗ്യനല്ലെന്നോ അയോഗ്യനാണെന്നോ പാർലമെന്റോ ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ വഴി, തന്നെ അങ്ങനെയുള്ള അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്നതിൽനിന്ന് നിരോധിച്ചിട്ടുണ്ടെന്നോ അറിഞ്ഞിരിക്കുമ്പോഴോ, ആ സംസ്ഥാനത്തെ നിയമസഭയിലെയോ നിയമസമിതിയിലെയോ അംഗമെന്ന നിലയിൽ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അപ്രകാരം താൻ ഉപവേശിക്കുകയോ വോട്ടു ചെയ്യുകയോ ചെയ്യുന്ന ഓരോ ദിവസത്തേക്കും, ആ സംസ്ഥാനത്തിനു ചെല്ലേണ്ട കടമെന്ന നിലയിൽ വസൂലാക്കേണ്ട അഞ്ഞൂറ് രൂപ പിഴയ്ക്ക് ആ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും അവയിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും

194. നിയമനിർമ്മാണമണ്ഡലങ്ങളുടെ സഭകളുടെയും അവയിലെ അംഗങ്ങളുടെയും സമിതികളുടെയും അധികാരങ്ങൾ, വിശേഷാവകാശങ്ങൾ മുതലായവ.— (1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും നിയമനിർമ്മാണമണ്ഡലത്തിന്റെ നടപടിക്രമം നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിലവിലുള്ള ഉത്തരവുകൾക്കും വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലും സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ യാതൊരംഗവും, ആ ആൾ നിയമനിർമ്മാണമണ്ഡലത്തിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ പറഞ്ഞിട്ടുള്ള എന്തിനെയെങ്കിലുമോ നൽകിയിട്ടുള്ള ഏതെങ്കിലും വോട്ടിനെയോ സംബന്ധിച്ച് യാതൊരു കോടതി നടപടികൾക്കും വിധേയനല്ലാത്തതും, അങ്ങനെയുള്ള ഒരു നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയുടെ അധികാരത്താലോ അധികാരത്തിൻകീഴിലോ ഏതെങ്കിലും റിപ്പോർട്ടോ പത്രമോ വോട്ടുകളോ നടപടികളോ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്, യാതൊരാളും അപ്രകാരം വിധേയനാകുന്നതല്ലാത്തതും ആകുന്നു.

(3) മറ്റു കാര്യങ്ങളിൽ, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയ്ക്കും അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലെ അംഗങ്ങൾക്കും സമിതികൾക്കും ഉള്ള അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും അപ്പോഴപ്പോൾ ആ നിയമനിർമ്മാണമണ്ഡലം നിയമം വഴി നിർവ്വചിക്കുന്നവിധം ഉള്ളവ ആയിരിക്കുന്നതും, അങ്ങനെ നിർവ്വചിക്കുന്നതുവരെ [1][1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പ് ആ സഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും ഉണ്ടായിരുന്നവ ആയിരിക്കുന്നതും ആകുന്നു.]

(4) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയിലോ അതിന്റെ ഏതെങ്കിലും സമിതിയിലോ സംസാരിക്കുന്നതിനും അതിന്റെ നടപടികളിൽ മറ്റുവിധത്തിൽ പങ്കെടുക്കുന്നതിനും ഈ ഭരണഘടനയുടെ ബലത്തിൽ അവകാശമുള്ള ആളുകളെ സംബന്ധിച്ച് (1)-ഉം (2)-ഉം (3)-ഉം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ, ആ നിയമനിർമ്മാണമണ്ഡലത്തിലെ അംഗങ്ങളെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

1. 1978-ലെ ഭരണഘടന (നാല്പത്തിനാലാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

195. Salaries and allowances of members.—Members of the Legislative Assembly and the Legislative Council of a State shall be entitled to receive such salaries and allowances as may from time to time be determined, by the Legislature of the State by law and, until provision in that respect is so made, salaries and allowances at such rates and upon such conditions as were immediately before the commencement of this Constitution applicable in the case of members of the Legislative Assembly of the corresponding province.

Legislative Procedure

196. Provisions as to introduction and passing of Bills.—(1) Subject to the provisions of articles 198 and 207 with respect to Money Bills and other financial Bills, a Bill may originate in either House of the Legislature of a State which has a Legislative Council.

(2) Subject to the provisions of articles 197 and 198, a Bill shall not be deemed to have been passed by the Houses of the Legislature of a State having a Legislative Council unless it has been agreed to by both Houses, either without amendment or with such amendments only as are agreed to by both Houses.

(3) A Bill pending in the Legislature of a State shall not lapse by reason of the prorogation of the House or Houses thereof.

(4) A Bill pending in the Legislative Council of a State which has not been passed by the Legislative Assembly shall not lapse on a dissolution of the Assembly.

(5) A Bill which is pending in the Legislative Assembly of a State, or which having been passed by the Legislative Assembly is pending in the Legislative Council, shall lapse on a dissolution of the Assembly.

197. Restriction on powers of Legislative Council as to Bills other than Money Bills.—(1) If after a Bill has been passed by the Legislative Assembly of a State having a Legislative Council and transmitted to the Legislative Council—

(a) the Bill is rejected by the Council; or

(b) more than three months elapse from the date on which the Bill is laid before the Council without the Bill being passed by it; or

(c) the Bill is passed by the Council with amendments to which the Legislative Assembly does not agree,

the Legislative Assembly may, subject to the rules regulating its procedure, pass the Bill again in the same or in any subsequent session with or without such amendments, if any, as have been made, suggested or agreed to by the Legislative Council and then transmit the Bill as so passed to the Legislative Council.

195. അംഗങ്ങളുടെ ശമ്പളങ്ങളും ബത്തകളും.—ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയും നിയമസമിതിയിലെയും അംഗങ്ങൾക്ക് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം നിയമം വഴി അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ശമ്പളങ്ങളും ബത്തകളും, അതു സംബന്ധിച്ച് അപ്രകാരം വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് തൽസ്ഥാനത്തുണ്ടായിരുന്ന പ്രവിശ്യയുടെ നിയമസഭയിലെ അംഗങ്ങളുടെ സംഗതിയിൽ ബാധകമായിരുന്ന അങ്ങനെയുള്ള നിരക്കുകൾ അനുസരിച്ചും അങ്ങനെയുള്ള ഉപാധികളിൻമേലും ഉള്ള ശമ്പളങ്ങളും ബത്തകളും ലഭിക്കുന്നതിന്, അവകാശമുണ്ടായിരിക്കുന്നതാണ്.

നിയമനിർമ്മാണ നടപടിക്രമം

196. ബില്ലുകളുടെ അവതരിപ്പിക്കലും പാസ്സാക്കലും സംബന്ധിച്ച വ്യവസ്ഥകൾ.— (1) പണ ബില്ലുകളെയും മറ്റ് ധനകാര്യ ബില്ലുകളെയും സംബന്ധിച്ച 198-ഉം 207-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമ നിർമ്മാണമണ്ഡലത്തിന്റെ ഇരു സഭകളിൽ ഏതിലെങ്കിലും ആരംഭിക്കാവുന്നതാണ്.

(2) 197-ഉം 198-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ബിൽ ഭേദഗതി കൂടാതെയോ, ഇരു സഭകളും അനുകൂലിക്കുന്ന അങ്ങനെയുള്ള ഭേദഗതികളോടുകൂടിയോ മാത്രം, ഇരുസഭകളും അനുകൂലിക്കാത്തപക്ഷം നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭകൾ പാസ്സാക്കിയതായി കരുതുവാൻ പാടുള്ളതല്ല.

(3) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ നിലവിലിരിക്കുന്ന ഒരു ബിൽ, അതിന്റെ സഭയുടെയോ സഭകളുടെയോ സമ്മേളനം അവസാനിപ്പിക്കൽ നിമിത്തം ലാപ്സാകുന്നതല്ല.

(4) ഒരു സംസ്ഥാനത്തിന്റെ നിയമസഭ പാസ്സാക്കാതെ, നിയമസമിതിയിൽ നിലവിലിരിക്കുന്ന ഒരു ബിൽ ആ സഭ പിരിച്ചുവിടുന്നതിൻമേൽ, ലാപ്സാകുന്നതല്ല.

(5) ഒരു സംസ്ഥാനത്തിന്റെ നിയമസഭയിൽ നിലവിലിരിക്കുന്നതോ ആ നിയമസഭ പാസ്സാക്കി നിയമസമിതിയിൽ നിലവിലിരിക്കുന്നതോ ആയ ഒരു ബിൽ നിയമസഭ പിരിച്ചുവിടുന്നതിൻമേൽ, ലാപ്സാകുന്നതാണ്.

197. പണബില്ലുകൾ ഒഴികെയുള്ള ബില്ലുകൾ സംബന്ധിച്ച് നിയമസമിതിയുടെ അധികാരങ്ങളിൻമേലുള്ള നിയന്ത്രണം.— (1) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമസഭ ഒരു ബിൽ പാസ്സാക്കുകയും അത് നിയമസമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ സമിതി തിരസ്കരിക്കുകയോ;

(ഖ) ആ ബിൽ സമിതിയുടെ മുമ്പാകെ വച്ച തീയതി മുതൽ മൂന്നു മാസത്തിലധികം കാലം അത് ആ ബിൽ പാസ്സാക്കാതെ കഴിഞ്ഞുപോവുകയോ;

(ഗ) ആ ബിൽ നിയമസഭ അനുകൂലിക്കാത്ത ഭേദഗതികളോടുകൂടി സമിതി പാസ്സാക്കുകയോ,

ചെയ്താൽ നിയമസഭയ്ക്ക് അതിന്റെ നടപടിയെ ക്രമപ്പെടുത്തുന്ന ചട്ടങ്ങൾക്ക് വിധേയമായി, ആ ബിൽ ആ സമ്മേളനത്തിൽ തന്നെയോ പിന്നീടുള്ള ഏതെങ്കിലും സമ്മേളനത്തിലോ നിയമസമിതി വരുത്തിയിട്ടുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ അനുകൂലിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ അവയോടുകൂടിയോ അല്ലാതെയോ വീണ്ടും പാസ്സാക്കാവുന്നതും, അതിനുശേഷം അപ്രകാരം പാസ്സാക്കിയ നിലയിൽ ആ ബിൽ നിയമസമിതിക്ക് അയച്ചുകൊടുക്കാവുന്നതും ആകുന്നു.

(2) If after a Bill has been so passed for the second time by the Legislative Assembly and transmitted to the Legislative Council—

(a) the Bill is rejected by the Council; or

(b) more than one month elapses from the date on which the Bill is laid before the Council without the Bill being passed by it; or

(c) the Bill is passed by the Council with amendments to which the Legislative Assembly does not agree,

the Bill shall be deemed to have been passed by the Houses of the Legislature of the State in the form in which it was passed by the Legislative Assembly for the second time with such amendments, if any, as have been made or suggested by the Legislative Council and agreed to by the Legislative Assembly.

(3) Nothing in this article shall apply to a Money Bill.

198. Special procedure in respect of Money Bills.—(1) A Money Bill shall not be introduced in a Legislative Council.

(2) After a Money Bill has been passed by the Legislative Assembly of a State having a Legislative Council, it shall be transmitted to the Legislative Council for its recommendations, and the Legislative Council shall within a period of fourteen days from the date of its receipt of the Bill return the Bill to the Legislative Assembly with its recommendations, and the Legislative Assembly may thereupon either accept or reject all or any of the recommendations of the Legislative Council.

(3) If the Legislative Assembly accepts any of the recommendations of the Legislative Council, the Money Bill shall be deemed to have been passed by both Houses with the amendments recommended by the Legislative Council and accepted by the Legislative Assembly.

(4) If the Legislative Assembly does not accept any of the recommendations of the Legislative Council, the Money Bill shall be deemed to have been passed by both Houses in the form in which it was passed by the Legislative Assembly without any of the amendments recommended by the Legislative Council.

(5) If a Money Bill passed by the Legislative Assembly and transmitted to the Legislative Council for its recommendations is not returned to the Legislative Assembly within the said period of fourteen days, it shall be deemed to have been passed by both Houses at the expiration of the said period in the form in which it was passed by the Legislative Assembly.

199. Definition of "Money Bills".—(1) For the purposes of this Chapter, a Bill shall be deemed to be a Money Bill if it contains only provisions dealing with all or any of the following matters, namely:—

(a) the imposition, abolition, remission, alteration or regulation of any tax;

(2) ഒരു ബിൽ നിയമസഭ രണ്ടാം പ്രാവശ്യം അപ്രകാരം പാസ്സാക്കുകയും നിയമസമിതിക്ക് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം—

(ക) ആ ബിൽ സമിതി തിരസ്കരിക്കുകയോ;

(ഖ) ആ ബിൽ സമിതിയുടെ മുമ്പാകെ വച്ച തീയതി മുതൽ ഒരു മാസത്തിലധികം കാലം അത് ആ ബിൽ പാസ്സാക്കാതെ കഴിഞ്ഞുപോവുകയോ;

(ഗ) ആ ബിൽ നിയമസഭ അനുകൂലിക്കാത്ത ഭേദഗതികളോടുകൂടി സമിതി പാസ്സാക്കുകയോ,

ചെയ്താൽ, നിയമസഭ അത് രണ്ടാം പ്രാവശ്യം പാസ്സാക്കിയ രൂപത്തിൽ, നിയമസമിതി വരുത്തിയതോ നിർദ്ദേശിച്ചതോ ആയതും നിയമസഭ അനുകൂലിച്ചിട്ടുള്ളതും ആയ ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ അവയോടുകൂടി, ആ ബിൽ ആ സംസ്ഥാനത്തിന്റെ നിയമ നിർമ്മാണമണ്ഡലത്തിന്റെ സഭകൾ പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരു പണബില്ലിന് ബാധകമാകുന്നതല്ല.

198. പണബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമം.—(1) ഒരു പണബിൽ ഒരു നിയമസമിതിയിൽ അവതരിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഒരു പണബിൽ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ നിയമസഭ പാസ്സാക്കിയശേഷം, അത് നിയമസമിതിയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കേണ്ടതും, നിയമസമിതി ആ ബിൽ കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസക്കാലത്തിനുള്ളിൽ അതിന്റെ ശിപാർശകളോടുകൂടി നിയമസഭയിലേക്ക് തിരിച്ചയയ്ക്കേണ്ടതും, അപ്പോൾ നിയമസഭയ്ക്ക് നിയമ സമിതിയുടെ ശിപാർശകൾ എല്ലാമോ അവയിൽ ഏതെങ്കിലുമോ സ്വീകരിക്കുകയോ അല്ലെങ്കിൽ തിരസ്കരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(3) നിയമസഭ, നിയമസമിതിയുടെ ശിപാർശകളിൽ ഏതെങ്കിലും സ്വീകരിക്കുന്നുവെങ്കിൽ, നിയമസമിതി ശിപാർശ ചെയ്തതും നിയമസഭ സ്വീകരിച്ചതും ആയ ഭേദഗതികളോടുകൂടി ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(4) നിയമസമിതിയുടെ ശിപാർശകളിൽ യാതൊന്നും നിയമസഭ സ്വീകരിക്കുന്നില്ലെങ്കിൽ, അത് നിയമസഭ പാസ്സാക്കിയ രൂപത്തിൽ, നിയമസമിതി ശിപാർശ ചെയ്ത ഭേദഗതികൾ ഒന്നും കൂടാതെ, ആ പണബിൽ ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

(5) നിയമസഭ പാസ്സാക്കുകയും നിയമസമിതിയിലേക്ക് അതിന്റെ ശിപാർശകൾക്കുവേണ്ടി അയച്ചുകൊടുക്കുകയും ചെയ്ത ഒരു പണബിൽ, മേൽപ്പറഞ്ഞ പതിന്നാല് ദിവസക്കാലത്തിനുള്ളിൽ നിയമസഭയിലേക്ക് തിരിച്ചയയ്ക്കുന്നില്ലെങ്കിൽ, നിയമസഭ പാസ്സാക്കിയ രൂപത്തിൽ മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം അത് ഇരുസഭകളും പാസ്സാക്കിയതായി കരുതപ്പെടേണ്ടതാണ്.

199. "പണബില്ലു"കളുടെ നിർവ്വചനം.—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക്, ഒരു ബിൽ, അത് താഴെ ചേർത്തിട്ടുള്ള എല്ലാ വിഷയങ്ങളെയുമോ അവയിൽ ഏതിനെയെങ്കിലുമോ സംബന്ധിക്കുന്ന വ്യവസ്ഥകൾ മാത്രം അടങ്ങുന്നതാണെങ്കിൽ, ഒരു പണബില്ലായി കരുതപ്പെടേണ്ടതാണ്, അതായത്:—

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിറുത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ അല്ലെങ്കിൽ ക്രമപ്പെടുത്തൽ;

(b) the regulation of the borrowing of money or the giving of any guarantee by the State, or the amendment of the law with respect to any financial obligations undertaken or to be undertaken by the State;

(c) the custody of the Consolidated Fund or the Contingency Fund of the State, the payment of moneys into or the withdrawal of moneys from any such Fund;

(d) the appropriation of moneys out of the Consolidated Fund of the State;

(e) the declaring of any expenditure to be expenditure charged on the Consolidated Fund of the State, or the increasing of the amount of any such expenditure;

(f) the receipt of money on account of the Consolidated Fund of the State or the public account of the State or the custody or issue of such money; or

(g) any matter incidental to any of the matters specified in sub-clauses (a) to (f).

(2) A Bill shall not be deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licences or fees for services rendered, or by reason that it provides for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes.

(3) If any question arises whether a Bill introduced in the Legislature of a State which has a Legislative Council is a Money Bill or not, the decision of the Speaker of the Legislative Assembly of such State thereon shall be final.

(4) There shall be endorsed on every Money Bill when it is transmitted to the Legislative Council under article 198, and when it is presented to the Governor for assent under article 200, the certificate of the Speaker of the Legislative Assembly signed by him that it is a Money Bill.

(ഖ) സംസ്ഥാനം പണം കടം വാങ്ങുന്നതിന്റെയോ ഏതെങ്കിലും ഉറപ്പുകൊടുക്കുന്നതിന്റെയോ ക്രമപ്പെടുത്തൽ അല്ലെങ്കിൽ സംസ്ഥാനം ഏറ്റെടുത്തിട്ടുള്ളതോ ഏറ്റെടുക്കുവാനുള്ളതോ ആയ ഏതെങ്കിലും ധനപരമായ ബാദ്ധ്യതകൾ സംബന്ധിച്ചുള്ള നിയമം ഭേദഗതി ചെയ്യൽ;

(ഗ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെയോ ആകസ്മികനിധിയുടെയോ സൂക്ഷിപ്പ്, അങ്ങനെയുള്ള ഏതെങ്കിലും നിധിയിൽ പണം അടയ്ക്കൽ, അല്ലെങ്കിൽ അതിൽ നിന്നും പണം തിരിച്ചെടുക്കൽ;

(ഘ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം;

(ങ) ഏതെങ്കിലും ചെലവ് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവാണെന്ന് പ്രഖ്യാപിക്കൽ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെലവിന്റെ തുക വർദ്ധിപ്പിക്കൽ;

(ച) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെയോ, സംസ്ഥാനത്തിന്റെ പൊതുക്കണക്കിന്റെയോ വകയിൽ പണം സ്വീകരിക്കൽ, അങ്ങനെയുള്ള പണം സൂക്ഷിക്കൽ, അല്ലെങ്കിൽ കൊടുക്കൽ;

(ഛ) (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനോടെങ്കിലും ബന്ധപ്പെട്ട ഏതെങ്കിലും വിഷയം.

(2) ഒരു ബിൽ അതു പിഴകളോ പണം നൽകേണ്ട മറ്റു ശിക്ഷകളോ ചുമത്തുവാനോ, ലൈസൻസുകൾക്കുവേണ്ടിയുള്ള ഫീസോ ചെയ്ത സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസോ ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുമാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ തദ്ദേശനികായമോ തദ്ദേശാവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും നികുതി ചുമത്തുവാനോ, നിറുത്തലാക്കുവാനോ, ഇളവ് ചെയ്യുവാനോ, ഭേദപ്പെടുത്തുവാനോ, ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ ഒരു പണബില്ലായി കരുതുവാൻ പാടുള്ളതല്ല.

(3) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിച്ചിട്ടുള്ള ഒരു ബിൽ ഒരു പണബില്ലാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ അതിൻമേൽ അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമസഭയുടെ സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(4) ഓരോ പണബില്ലിൻമേലും, അത് 198-ാം അനുച്ഛേദപ്രകാരം നിയമസമിതിയിലേക്ക് അയച്ചുകൊടുക്കുമ്പോഴും, അത് 200-ാം അനുച്ഛേദപ്രകാരം ഗവർണ്ണറുടെ അനുമതിക്ക് സമർപ്പിക്കുമ്പോഴും, നിയമസഭയുടെ സ്പീക്കറുടെ, അത് ഒരു പണബില്ലാണെന്ന്, അദ്ദേഹം ഒപ്പിട്ട ഒരു സർട്ടിഫിക്കറ്റ്, ദൃഢീകരിക്കേണ്ടതാണ്.

200. Assent to Bills.—When a Bill has been passed by the Legislative Assembly of a State or, in the case of a State having a Legislative Council, has been passed by both Houses of the Legislature of the State, it shall be presented to the Governor and the Governor shall declare either that he assents to the Bill or that he withholds assent therefrom or that he reserves the Bill for the consideration of the President:

Provided that the Governor may, as soon as possible after the presentation to him of the Bill for assent, return the Bill if it is not a Money Bill together with a message requesting that the House or Houses will reconsider the Bill or any specified provisions thereof and, in particular, will consider the desirability of introducing any such amendments as he may recommend in his message and, when a Bill is so returned, the House or Houses shall reconsider the Bill accordingly, and if the Bill is passed again by the House or Houses with or without amendment and presented to the Governor for assent, the Governor shall not withhold assent therefrom:

Provided further that the Governor shall not assent to, but shall reserve for the consideration of the President, any Bill which in the opinion of the Governor would, if it became law, so derogate from the powers of the High Court as to endanger the position which that Court is by this Constitution designed to fill.

201. Bills reserved for consideration.—When a Bill is reserved by a Governor for the consideration of the President, the President shall declare either that he assents to the Bill or that he withholds assent therefrom:

Provided that, where the Bill is not a Money Bill, the President may direct the Governor to return the Bill to the House or, as the case may be, the Houses of the Legislature of the State together with such a message as is mentioned in the first proviso to article 200 and, when a Bill is so returned, the House or Houses shall reconsider it accordingly within a period of six months from the date of receipt of such message and, if it is again passed by the House or Houses with or without amendment, it shall be presented again to the President for his consideration.

200. ബില്ലുകൾക്ക് അനുമതി.— ഒരു ബിൽ സംസ്ഥാനത്തിന്റെ നിയമസഭ പാസ്സാക്കുകയോ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരുസഭകളും പാസ്സാക്കുകയോ ചെയ്താൽ, അത് ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും, ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് താൻ അനുമതി നൽകുന്നില്ലെന്നോ, അല്ലെങ്കിൽ ആ ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവച്ചിരിക്കുന്നുവെന്നോ ഗവർണ്ണർ പ്രഖ്യാപിക്കേണ്ടതും ആകുന്നു:

എന്നാൽ, ഗവർണ്ണർക്ക്, ഒരു ബിൽ, അത് ഒരു പണബിൽ അല്ലെങ്കിൽ, അദ്ദേഹത്തിന്റെ അനുമതിക്കായി സമർപ്പിച്ചതിനുശേഷം കഴിയുന്നതും വേഗം, സഭയോ സഭകളോ ആ ബില്ലിനെയോ അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ വീണ്ടും പരിഗണിക്കണമെന്നും, പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ സന്ദേശത്തിൽ ശിപാർശ ചെയ്യുന്ന ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും ഉള്ള ഒരു സന്ദേശത്തോടുകൂടി, ആ ബിൽ തിരിച്ചയക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയച്ചാൽ ആ സഭയോ സഭകളോ ആ ബിൽ അതനുസരിച്ച് വീണ്ടും പരിഗണിക്കേണ്ടതും, ആ ബിൽ ഭേദഗതിയോടുകൂടിയോ അല്ലാതെയോ ആ സഭയോ സഭകളോ വീണ്ടും പാസ്സാക്കുകയും ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ ഗവർണ്ണർ അതിന് അനുമതി നൽകാതിരിക്കുവാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, ഗവർണ്ണറുടെ അഭിപ്രായത്തിൽ ഏതെങ്കിലും ബിൽ, അത് നിയമമായിത്തീർന്നു എങ്കിൽ ഈ ഭരണഘടന ഏതു സ്ഥാനം നികത്തുവാനാണോ ഹൈക്കോടതിയെ രൂപപ്പെടുത്തിയിട്ടുള്ളത് അതിനെ അപകടത്തിലാക്കത്തക്കവിധം ആ കോടതിയുടെ അധികാരങ്ങളിൽ കുറവ് വരുത്തുന്നു എങ്കിൽ അതിന് അനുമതി നൽകുവാൻ പാടില്ലാത്തതും, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കേണ്ടതും ആകുന്നു.

201. പരിഗണനയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ബില്ലുകൾ.— ഒരു ബിൽ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഒരു ഗവർണ്ണർ നീക്കിവയ്ക്കുന്നതായാൽ രാഷ്ട്രപതി ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് താൻ അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണ്:

എന്നാൽ, ആ ബിൽ ഒരു പണബില്ലല്ലെങ്കിൽ, രാഷ്ട്രപതിക്ക് ഗവർണ്ണറോട്, ആ ബിൽ, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ, സഭയിലേക്കോ സഭകളിലേക്കോ, അതതു സംഗതിപോലെ, 200-ാം അനുച്ഛേദത്തിന്റെ ഒന്നാം പരിമിതിവ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി തിരിച്ചയയ്ക്കുവാൻ നിർദ്ദേശിക്കാവുന്നതും, ഒരു ബിൽ അപ്രകാരം തിരിച്ചയയ്ക്കുമ്പോൾ ആ സഭയോ സഭകളോ അതിനെ ആ സന്ദേശം കിട്ടിയ തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ, അതിൻപ്രകാരം വീണ്ടും പരിഗണിക്കേണ്ടതും, വീണ്ടും ആ സഭയോ സഭകളോ ഭേദഗതിയോടുകൂടിയോ അല്ലാതെയോ അത് പാസ്സാക്കുകയാണെങ്കിൽ രാഷ്ട്രപതിക്ക് അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി വീണ്ടും അത് സമർപ്പിക്കേണ്ടതും ആകുന്നു.

Procedure in Financial Matters

202. Annual financial statement.—(1) The Governor shall in respect of every financial year cause to be laid before the House or Houses of the Legislature of the State a statement of the estimated receipts and expenditure of the State for that year, in this Part referred to as the "annual financial statement".

(2) The estimates of expenditure embodied in the annual financial statement shall show separately—

(a) the sums required to meet expenditure described by this Constitution as expenditure charged upon the Consolidated Fund of the State; and

(b) the sums required to meet other expenditure proposed to be made from the Consolidated Fund of the State,

and shall distinguish expenditure on revenue account from other expenditure.

(3) The following expenditure shall be expenditure charged on the Consolidated Fund of each State—

(a) the emoluments and allowances of the Governor and other expenditure relating to his office;

(b) the salaries and allowances of the Speaker and the Deputy Speaker of the Legislative Assembly and, in the case of a State having a Legislative Council, also of the Chairman and the Deputy Chairman of the Legislative Council;

(c) debt charges for which the State is liable including interest, sinking fund charges and redemption charges, and other expenditure relating to the raising of loans and the service and redemption of debt;

(d) expenditure in respect of the salaries and allowances of Judges of any High Court;

(e) any sums required to satisfy any judgment, decree or award of any court or arbitral tribunal;

(f) any other expenditure declared by this Constitution, or by the Legislature of the State by law, to be so charged.

203. Procedure in Legislature with respect to estimates.—(1**)** So much of the estimates as relates to expenditure charged upon the Consolidated Fund of a State shall not be submitted to the vote of the Legislative Assembly, but nothing in this clause shall be construed as preventing the discussion in the Legislature of any of those estimates.

(2) So much of the said estimates as relates to other expenditure shall be submitted in the form of demands for grants to the Legislative Assembly, and the Legislative Assembly shall have power to assent, or to refuse to assent, to any demand, or to assent to any demand subject to a reduction of the amount specified therein.

ധനപരമായ വിഷയങ്ങളിലെ നടപടിക്രമം

202. വാർഷിക ധനവിവരപ്പത്രിക.—(1) ഗവർണ്ണർ, ഓരോ സാമ്പത്തികവർഷം സംബന്ധിച്ചും, ഈ ഭാഗത്തിൽ ''വാർഷിക ധനവിവരപ്പത്രിക'' എന്നു പരാമർശിച്ചിട്ടുള്ള, സംസ്ഥാനത്തിന്റെ ആ വർഷത്തെ വരവുചെലവു അടങ്കൽപ്പത്രിക സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയുടെയോ സഭകളുടെയോ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

(2) വർഷിക ധനവിവരപ്പത്രികയിൽ കൊള്ളിച്ചിട്ടുള്ള ചെലവിന്റെ അടങ്കലുകൾ—

(ക) ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ട ചെലവാണെന്ന് ഈ ഭരണഘടനയിൽ വിവരിച്ചിട്ടുള്ള ചെലവു നടത്താൻ ആവശ്യമായ തുകകളും;

(ഖ) ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മറ്റു ചെലവു നേരിടുന്നതിന് ആവശ്യമായ തുകകളും,

വെവ്വേറെ കാണിക്കേണ്ടതും, റവന്യൂ കണക്കിൽപ്പെടുന്ന ചെലവ് മറ്റ് ചെലവിൽ നിന്ന് വേർതിരിച്ച് കാണിക്കേണ്ടതും ആകുന്നു.

(3) താഴെ ചേർത്തിട്ടുള്ള ചെലവുകൾ ഓരോ സംസ്ഥാനത്തിന്റെയും സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവുകൾ ആയിരിക്കുന്നതാണ്—

(ക) ഗവർണ്ണറുടെ വേതനങ്ങളും ബത്തകളും അദ്ദേഹത്തിന്റെ ഉദ്യോഗവുമായി ബന്ധപ്പെട്ട മറ്റു ചെലവുകളും;

(ഖ) നിയമസഭയുടെ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും കൂടാതെ നിയമസമിതിയുള്ള ഒരു സംസ്ഥാനത്തിന്റെ സംഗതിയിൽ, ആ നിയമസമിതിയുടെ അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും ശമ്പളങ്ങളും ബത്തകളും;

(ഗ) പലിശയും നിക്ഷേപനിധി സംബന്ധിച്ച ചെലവുകളും കടം വീട്ടുന്നത് സംബന്ധിച്ച ചെലവുകളും, കടമെടുപ്പിനെയും മുതലും പലിശയും അടച്ചുതീർക്കുന്നതിനുള്ള ഏർപ്പാടിനെയും കടം വീട്ടുന്നതിനെയും സംബന്ധിച്ച മറ്റു ചെലവുകളും ഉൾപ്പെടെ ആ സംസ്ഥാനത്തിനു ബാദ്ധ്യതയുള്ള കടം സംബന്ധമായ ചെലവുകളും;

(ഘ) ഏതെങ്കിലും ഹൈക്കോടതിയിലെ ജഡ്ജിമാരുടെ ശമ്പളങ്ങളും ബത്തകളും സംബന്ധിച്ച ചെലവുകളും;

(ങ) ഏതെങ്കിലും കോടതിയുടെയോ മാദ്ധ്യസ്ഥ ട്രിബ്യൂണലിന്റെയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ മാദ്ധ്യസ്ഥതീരുമാനമോ അനുസരിച്ചുള്ള ബാദ്ധ്യതകൾ തീർക്കുന്നതിന് ആവശ്യമായ ഏതെങ്കിലും തുകകൾ;

(ച) ഈ ഭരണഘടനയോ നിയമം വഴി ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലമോ അങ്ങനെ നടത്തേണ്ട ചെലവായി പ്രഖ്യാപിച്ചിട്ടുള്ള മറ്റേതെങ്കിലും ചെലവുകൾ.

203. അടങ്കലുകൾ സംബന്ധിച്ച നിയമനിർമ്മാണമണ്ഡലത്തിലെ നടപടിക്രമം.—(1) അടങ്കലുകളിൽ ഒരു സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നു നടത്തേണ്ട ചെലവ് സംബന്ധിച്ചിടത്തോളമുള്ളവ, നിയമസഭയുടെ വോട്ടിന് സമർപ്പിക്കുവാൻ പാടില്ലാത്തതും, എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും നിയമനിർമ്മാണമണ്ഡലത്തിൽ ആ അടങ്കലുകളിൽ ഏതിനെയെങ്കിലും പറ്റിയുള്ള ചർച്ച തടയുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) മേൽപ്പറഞ്ഞ അടങ്കലുകളിൽ മറ്റു ചെലവു സംബന്ധിച്ചിടത്തോളമുള്ളവ, സഹായധനങ്ങൾക്കുള്ള അഭ്യർത്ഥനകളുടെ രൂപത്തിൽ നിയമസഭയിൽ സമർപ്പിക്കേണ്ടതും, നിയമസഭയ്ക്ക് ഏതു ധനാഭ്യർത്ഥനയ്ക്കും അനുമതി നൽകുവാനും അല്ലെങ്കിൽ അനുമതി നിഷേധിക്കുവാനും അല്ലെങ്കിൽ ഒരു ധനാഭ്യർത്ഥനയിൽ നിർദ്ദേശിച്ചിട്ടുള്ള തുകയിൽ കുറവു ചെയ്തുകൊണ്ട് അനുമതി നൽകുവാനും അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) No demand for a grant shall be made except on the recommendation of the Governor.

204. Appropriation Bills.—(1) As soon as may be after the grants under article 203 have been made by the Assembly, there shall be introduced a Bill to provide for the appropriation out of the Consolidated Fund of the State of all moneys required to meet—

(a) the grants so made by the Assembly; and

(b) the expenditure charged on the Consolidated Fund of the State but not exceeding in any case the amount shown in the statement previously laid before the House or Houses.

(2) No amendment shall be proposed to any such Bill in the House or either House of the Legislature of the State which will have the effect of varying the amount or altering the destination of any grant so made or of varying the amount of any expenditure charged on the Consolidated Fund of the State, and the decision of the person presiding as to whether an amendment is inadmissible under this clause shall be final.

(3) Subject to the provisions of articles 205 and 206, no money shall be withdrawn from the Consolidated Fund of the State except under appropriation made by law passed in accordance with the provisions of this article.

205. Supplementary, additional or excess grants.—(1) The Governor shall—

(a) if the amount authorised by any law made in accordance with the provisions of article 204 to be expended for a particular service for the current financial year is found to be insufficient for the purposes of that year or when a need has arisen during the current financial year for supplementary or additional expenditure upon some new service not contemplated in the annual financial statement for that year; or

(b) if any money has been spent on any service during a financial year in excess of the amount granted for that service and for that year,

cause to be laid before the House or the Houses of the Legislature of the State another statement showing the estimated amount of that expenditure or cause to be presented to the Legislative Assembly of the State a demand for such excess, as the case may be.

(3) ഗവർണ്ണറുടെ ശിപാർശയിൻമേലല്ലാതെ ഒരു സഹായധനത്തിനുള്ള യാതൊരു അഭ്യർത്ഥനയും നടത്തുവാൻ പാടുള്ളതല്ല.

204. ധനവിനിയോഗ ബില്ലുകൾ.—(1) നിയമസഭ, 203-ാം അനുച്ഛേദപ്രകാരം സഹായധനങ്ങൾ നൽകിയതിനുശേഷം കഴിയുന്നതും വേഗം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന്—

(ക) നിയമസഭ അപ്രകാരം നൽകിയിട്ടുള്ള സഹായധനങ്ങളും;

(ഖ) ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് നടത്തേണ്ടതും, എന്നാൽ ആ സഭയുടെയോ സഭകളുടെയോ മുമ്പാകെ അതിനു മുമ്പ് സമർപ്പിച്ചിട്ടുള്ള വിവരപ്പത്രികയിൽ കാണിച്ചിട്ടുള്ള തുകയിൽ ഒരു സംഗതിയിലും കവിയാത്തതും ആയ ചെലവും,

നേരിടുവാൻ വേണ്ടിവരുന്ന എല്ലാ പണത്തിന്റെയും വിനിയോഗത്തിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ അവതരിപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ബില്ലിന് സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലോ ഇരു സഭകളിൽ ഏതിലെങ്കിലുമോ അപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും സഹായ ധനത്തിന്റെ തുക വ്യത്യാസപ്പെടുത്തുന്നതോ, ലക്ഷ്യം ഭേദപ്പെടുത്തുന്നതോ, അല്ലെങ്കിൽ ആ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് നടത്തേണ്ട ഏതെങ്കിലും ചെലവിന്റെ തുക വ്യത്യാസപ്പെടുത്തുന്നതോ ആയ ഫലമുണ്ടാകുന്ന യാതൊരു ഭേദഗതിയും നിർദ്ദേശിക്കുവാൻ പാടില്ലാത്തതും, ഈ ഖണ്ഡപ്രകാരം ഒരു ഭേദഗതി അനുവദനീയമാണോ എന്നതിനെക്കുറിച്ച് അദ്ധ്യക്ഷത വഹിക്കുന്ന ആളുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(3) 205-ഉം 206-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പാസ്സാക്കിയ നിയമം വഴി ചെയ്തിട്ടുള്ള വിനിയോഗപ്രകാരമല്ലാതെ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് യാതൊരു പണവും പിൻവലിക്കാൻ പാടുള്ളതല്ല.

205. അനുപൂരകമായതോ കൂടുതലായുള്ളതോ അധികച്ചെലവിനുള്ളതോ ആയ സഹായധനങ്ങൾ.—(1) ഗവർണ്ണർ—

(ക) 204-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴി, നടപ്പു സാമ്പത്തികവർഷത്തിലെ ഒരു പ്രത്യേക സേവനത്തിന് ചെലവു ചെയ്യുവാൻ അധികാരപ്പെടുത്തിയ സംഖ്യ ആ വർഷത്തെ ആവശ്യങ്ങൾക്ക് തികയാതെ വരുമ്പോഴോ, ആ വർഷത്തെ വാർഷിക ധനവിവരപ്പത്രികയിൽ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും പുതിയ സേവനത്തിന്റെ ആവശ്യത്തിലേക്ക് നടപ്പു സാമ്പത്തിക വർഷം അനുപൂരകമോ കൂടുതലോ ആയ ചെലവിന്റെ ആവശ്യം ഉത്ഭവിച്ചിരിക്കുമ്പോഴോ;

(ഖ) ഏതെങ്കിലും സേവനത്തിന് ഒരു സാമ്പത്തികവർഷം ആ സേവനത്തിന് ആ വർഷത്തേക്ക് അനുവദിച്ചിട്ടുള്ളതിലും അധികമായ ഏതെങ്കിലും പണം ചെലവാക്കിയിട്ടുണ്ടെങ്കിലോ,

ആ ചെലവിന്റെ അടങ്കൽതുക കാണിക്കുന്ന മറ്റൊരു വിവരപ്പത്രിക ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയുടെയോ സഭകളുടെയോ മുമ്പാകെ വയ്പ്പിക്കുകയോ അങ്ങനെയുള്ള അധികച്ചെലവിലേക്കുള്ള ഒരു ധനാഭ്യർത്ഥന ആ സംസ്ഥാനത്തിന്റെ നിയമസഭയിൽ സമർപ്പിക്കുകയോ, അതതുസംഗതിപോലെ, ചെയ്യേണ്ടതാണ്.

(2) The provisions of articles 202, 203 and 204 shall have effect in relation to any such statement and expenditure or demand and also to any law to be made authorising the appropriation of moneys out of the Consolidated Fund of the State to meet such expenditure or the grant in respect of such demand as they have effect in relation to the annual financial statement and the expenditure mentioned therein or to a demand for a grant and the law to be made for the authorisation of appropriation of moneys out of the Consolidated Fund of the State to meet such expenditure or grant.

206. Votes on account, votes of credit and exceptional grants.—(1) Notwithstanding anything in the foregoing provisions of this Chapter, the Legislative Assembly of a State shall have power—

(a) to make any grant in advance in respect of the estimated expenditure for a part of any financial year pending the completion of the procedure prescribed in article 203 for the voting of such grant and the passing of the law in accordance with the provisions of article 204 in relation to that expenditure;

(b) to make a grant for meeting an unexpected demand upon the resources of the State when on account of the magnitude or the indefinite character of the service the demand cannot be stated with the details ordinarily given in an annual financial statement;

(c) to make an exceptional grant which forms no part of the current service of any financial year,

and the Legislature of the State shall have power to authorise by law the withdrawal of moneys from the Consolidated Fund of the State for the purposes for which the said grants are made.

(2) The provisions of articles 203 and 204 shall have effect in relation to the making of any grant under clause (1) and to any law to be made under that clause as they have effect in relation to the making of a grant with regard to any expenditure mentioned in the annual financial statement and the law to be made for the authorisation of appropriation of moneys out of the Consolidated Fund of the State to meet such expenditure.

207. Special provisions as to financial Bills.—(1) A Bill or amendment making provision for any of the matters specified in sub-clauses (a) to (f) of clause (1) of article 199 shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legisiative Council:

Provided that no recommendation shall be required under this clause for the moving of an amendment making provision for the reduction or abolition of any tax.

(2) 202-ഉം 203-ഉം 204-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് അങ്ങനെയുള്ള ഏതെങ്കിലും വിവരപ്പത്രികയും ചെലവും അല്ലെങ്കിൽ ധനാഭ്യർത്ഥനയും കൂടാതെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ, അങ്ങനെയുള്ള ധനാഭ്യർത്ഥന അനുസരിച്ചുള്ള സഹായധനമോ നേരിടുന്നതിന് വേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന ഏതെങ്കിലും നിയമവും സംബന്ധിച്ച്, അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയ്ക്കും അതിൽ പ്രസ്താവിച്ചിട്ടുള്ള ചെലവിന് അല്ലെങ്കിൽ ഒരു സഹായധനത്തിന് വേണ്ടിയുള്ള ഒരു ധനാഭ്യർത്ഥനയ്ക്കും കൂടാതെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് അങ്ങനെയുള്ള ചെലവോ സഹായധനമോ നേരിടുന്നതിനുവേണ്ട പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമവും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

206. കണക്കിൻമേലുള്ള വോട്ടുകളും ക്രെഡിറ്റ് വോട്ടുകളും വിശേഷാൽ സഹായധനങ്ങളും.—(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിന്റെ നിയമസഭയ്ക്ക്—

(ക) ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവു സംബന്ധിച്ച് ഏതെങ്കിലും സഹായധനത്തിനുള്ള വോട്ട് ചെയ്യലിന് 203-ാം അനുച്ഛേദത്തിൽ നിർണ്ണയിച്ചിട്ടുള്ള നടപടിയുടെ പൂർത്തീകരണവും ആ ചെലവ് സംബന്ധിച്ച് 204-ാം അനുച്ഛേദം അനുസരിച്ചുള്ള നിയമത്തിന്റെ പാസ്സാക്കലും നിലവിലിരിക്കുമ്പോൾ ആ സഹായധനം മുൻകൂറായി നൽകുവാനും;

(ഖ) സേവനത്തിന്റെ വലിപ്പമോ അനിശ്ചിത സ്വഭാവമോ നിമിത്തം ഒരു വാർഷിക ധനവിവരപ്പത്രികയിൽ സാധാരണ നൽകുന്ന വിശദാംശങ്ങളോടുകൂടി ധനാഭ്യർത്ഥന വിവരിക്കാൻ കഴിയാതെവരുമ്പോൾ, സംസ്ഥാനത്തിന്റെ വിഭവങ്ങളിൻമേലുള്ള അപ്രതീക്ഷിത മായ ഒരു ബാദ്ധ്യത നേരിടുന്നതിനുള്ള ഒരു സഹായധനം നൽകുവാനും;

(ഗ) ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ നടപ്പ് സേവനത്തിന്റെ ഭാഗമാകാത്ത ഒരു വിശേഷാൽ സഹായധനം നൽകുവാനും,

അധികാരം ഉണ്ടായിരിക്കുന്നതും, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് മേൽപ്പറഞ്ഞ സഹായധനങ്ങൾ ഏതു ആവശ്യങ്ങൾക്കാണോ നൽകിയിട്ടുള്ളത് ആ ആവശ്യങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പണം പിൻവലിക്കുന്നത് നിയമം വഴി അധികാരപ്പെടുത്തുന്നതിനും, അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) 203-ഉം 204-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക്, (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സഹായധനം നൽകുന്നതിനെയും ആ ഖണ്ഡപ്രകാരം നിർമ്മിക്കുന്ന ഏതെങ്കിലും നിയമത്തെയും സംബന്ധിച്ച് അവയ്ക്ക് വാർഷിക ധനവിവരപ്പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും ചെലവ് സംബന്ധിച്ചുള്ള ഒരു സഹായധനം നൽകുന്നതിനെയും, അങ്ങനെയുള്ള ചെലവ് നേരിടുന്നതിന് സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള പണത്തിന്റെ വിനിയോഗം അധികാരപ്പെടുത്തുവാൻ നിർമ്മിക്കുന്ന നിയമത്തെയും സംബന്ധിച്ച് പ്രഭാവമുള്ളതുപോലെ, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

207. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.—(1) 199-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ക) മുതൽ (ച) വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലോ ഭേദഗതിയോ ഗവർണ്ണറുടെ ശിപാർശയിൻ മേലല്ലാതെ അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടില്ലാത്തതും അങ്ങനെ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ നിയമസമിതിയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ, ഏതെങ്കിലും നികുതി കുറവുചെയ്യുന്നതിനോ നിറുത്തൽചെയ്യുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ഒരു ഭേദഗതി ഉന്നയിക്കുന്നതിന് യാതൊരു ശിപാർശയും ഈ ഖണ്ഡപ്രകാരം ആവശ്യമാകുന്നതല്ല.

(2) A Bill or amendment shall not be deemed to make provision for any of the matters aforesaid by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licences or fees for services rendered, or by reason that it provides for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes.

(3) A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill.

Procedure Generally

208. Rules of procedure.—(1) A House of the Legislature of a State may make rules for regulating, subject to the provisions of this Constitution, its procedure and the conduct of its business.

(2) Until rules are made under clause (1), the rules of procedure and standing orders in force immediately before the commencement of this Constitution with respect to the Legislature for the corresponding province shall have effect in relation to the Legislature of the State subject to such modifications and adaptations as may be made therein by the Speaker of the Legislative Assembly, or the Chairman of the Legislative Council, as the case may be.

(3) In a State having a Legislative Council the Governor, after consultation with the Speaker of the Legislative Assembly and the Chairman of the Legislative Council, may make rules as to the procedure with respect to communications between the two Houses.

209. Regulation by law of procedure in the Legislature of the State in relation to financial business.—The Legislature of a State may, for the purpose of the timely completion of financial business, regulate by law the procedure of, and the conduct of business in, the House or Houses of the Legislature of the State in relation to any financial matter or to any Bill for the appropriation of moneys out of the Consolidated Fund of the State, and, if and so far as any provision of any law so made is inconsistent with any rule made by the House or either House of the Legislature of the State under clause (1) of article 208 or with any rule or standing order having effect in relation to the Legislature of the State under clause (2) of that article, such provision shall prevail.

210. Language to be used in the Legislature.—(1) Notwithstanding anything in Part XVII, but subject to the provisions of article 348, business in the Legislature of a State shall be transacted in the official language or languages of the State or in Hindi or in English:

(2) ഒരു ബില്ലോ ഭേദഗതിയോ, അത് പിഴകളോ പണം നൽകേണ്ട മറ്റു ശിക്ഷയോ ചുമത്തുവാനോ, ലൈസൻസിനും ചെയ്ത സേവനങ്ങൾക്കും ഫീസ് ആവശ്യപ്പെടുവാനോ അടയ്ക്കുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നു മാത്രമുള്ള കാരണത്താലോ, അത് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ നികായമോ തദ്ദേശാവശ്യങ്ങൾക്ക് ഏതെങ്കിലും നികുതി ചുമത്തുവാനോ നിറുത്തലാക്കുവാനോ ഇളവ് ചെയ്യുവാനോ ഭേദപ്പെടുത്തുവാനോ ക്രമപ്പെടുത്തുവാനോ വ്യവസ്ഥ ചെയ്യുന്നു എന്നുള്ള കാരണത്താലോ, മുൻപറഞ്ഞ വിഷയങ്ങളിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യുന്നതായി കരുതാൻ പാടുള്ളതല്ല.

(3) ഒരു ബിൽ നിയമമാക്കി പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവ് നടത്തേണ്ടതായി വരുന്നിടത്ത്, സംസ്ഥാനത്തിന്റെ നിയമ നിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയും, ഗവർണ്ണർ ബില്ലിന്റെ പരിഗണന ആ സഭയ്ക്കു ശിപാർശ ചെയ്തിട്ടുണ്ടെങ്കിലല്ലാതെ പാസ്സാക്കുവാൻ പാടുള്ളതല്ല.

നടപടിക്രമം സാമാന്യമായി

208. നടപടിക്രമത്തിന്റെ ചട്ടങ്ങൾ.—(1) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയ്ക്ക് ഈ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി, അതിന്റെ നടപടിക്രമവും അതിന്റെ കാര്യങ്ങളുടെ നടത്തിപ്പും ക്രമപ്പെടുത്തുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് തൽസ്ഥാനത്തുണ്ടായിരുന്ന പ്രവിശ്യയുടെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രാബല്യത്തിലുണ്ടായിരുന്ന നടപടിക്രമത്തിന്റെ ചട്ടങ്ങൾക്കും നിലവിലിരുന്ന ഉത്തരവുകൾക്കും, അവയിൽ, നിയമസഭയുടെ സ്പീക്കറോ നിയമസമിതിയുടെ അദ്ധ്യക്ഷനോ, അതതുസംഗതിപോലെ, വരുത്തുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കും അനുയോജനങ്ങൾക്കും വിധേയമായി ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(3) നിയമസമിതിയുള്ള ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, നിയമസഭയുടെ സ്പീക്കറോടും നിയമസമിതിയുടെ അദ്ധ്യക്ഷനോടും ആലോചിച്ചതിനുശേഷം ഇരു സഭകളുടെയും പരസ്പരമുള്ള ആശയവിനിമയങ്ങൾ സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

209. സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിലെ ധനപരമായ കാര്യങ്ങൾ സംബന്ധിച്ച നടപടിക്രമം നിയമം വഴി ക്രമപ്പെടുത്തൽ.—ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്, ധനപരമായ കാര്യങ്ങളുടെ യഥാസമയ പൂർത്തീകരണത്തിന്റെ ആവശ്യത്തിന്, ധനപരമായ ഏതെങ്കിലും വിഷയമോ ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പണം വിനിയോഗിക്കുന്നതിനുള്ള ഏതെങ്കിലും ബില്ലോ സംബന്ധിച്ച് ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലെയോ സഭകളിലെയോ നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും നിയമം വഴി ക്രമപ്പെടുത്താവുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, 208-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയോ ഇരു സഭകളിൽ ഏതെങ്കിലുമോ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തോടോ ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡപ്രകാരം ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെ സംബന്ധിച്ച് പ്രഭാവമുള്ള ഏതെങ്കിലും ചട്ടത്തോടോ നിലവിലുള്ള ഉത്തരവിനോടോ പൊരുത്തപ്പെടാത്തിടത്തോളം അങ്ങനെയുള്ള വ്യവസ്ഥയ്ക്ക് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

210. നിയമനിർമ്മാണമണ്ഡലത്തിൽ ഉപയോഗിക്കേണ്ട ഭാഷ.—(1) XVII-ാം ഭാഗത്തിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 348-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ കാര്യങ്ങൾ ആ സംസ്ഥാനത്തെ ഔദ്യോഗിക ഭാഷയിലോ ഭാഷകളിലോ അല്ലെങ്കിൽ ഹിന്ദിയിലോ ഇംഗ്ലീഷിലോ നടത്തേണ്ടതാകുന്നു:

Provided that the Speaker of the Legislative Assembly or Chairman of the Legislative Council, or person acting as such, as the case may be, may permit any member who cannot adequately express himself in any of the languages aforesaid to address the House in his mother-tongue.

(2) Unless the Legislature of the State by law otherwise provides, this article shall, after the expiration of a period of fifteen years from the commencement of this Constitution, have effect as if the words "or in English" were omitted therefrom:

[1][Provided that in relation to the [2][Legislatures of the States of Himachal Pradesh, Manipur, Meghalaya and Tripura], this clause shall have effect as if for the words "fifteen years" occurring therein, the words "twenty-five years" were substituted:]

[3][Provided further that in relation to the [4][Legislatures of the States of [5][Arunachal Pradesh, Goa and Mizoram,]] this clause shall have effect as if for the words "fifteen years" occurring therein, the words "forty years" were substituted.]

211. Restriction on discussion in the Legislature.—No discussion shall take place in the Legislature of a State with respect to the conduct of any Judge of the Supreme Court or of a High Court in the discharge of his duties.

212. Courts not to inquire into proceedings of the Legislature.— (1) The validity of any proceedings in the Legislature of a State shall not be called in question on the ground of any alleged irregularity of procedure.

(2) No officer or member of the Legislature of a State in whom powers are vested by or under this Constitution for regulating procedure or the conduct of business, or for maintaining order, in the Legislature shall be subject to the jurisdiction of any court in respect of the exercise by him of those powers.

---

1. Ins. by the State of Himachal Pradesh Act, 1970 (53 of 1970), s.46 (w.e.f. 25-1-1971).
2. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71, for "Legislature of the State of Himachal Pradesh" (w.e.f. 21-1-1972).
3. Ins. by the State of Mizoram Act, 1986 (34 of 1986), s.39 (w.e.f. 20-2-1987).
4. Subs. by the State of Arunachal Pradesh Act, 1986 (69 of 1986), s.42, for "Legislature of the State of Mizoram" (w.e.f. 20-2-1987).
5. Subs. by the Goa, Daman and Diu Reorganisation Act, 1987, (18 of 1987), s. 63, for "Arunachal Pradesh and Mizoram" (w.e.f. 30-5-1987).

എന്നാൽ, നിയമസഭയുടെ സ്പീക്കർക്കോ നിയമസമിതിയുടെ അദ്ധ്യക്ഷനോ അല്ലെങ്കിൽ ആ നിലയിൽ പകരം ജോലി നോക്കുന്ന ആൾക്കോ, അതതുസംഗതിപോലെ, മേൽപ്പറഞ്ഞ ഭാഷകളിൽ ഒന്നിലും തന്റെ ആശയം വേണ്ടവിധം പ്രകടിപ്പിക്കുവാൻ കഴിവില്ലാത്ത ഏതെങ്കിലും അംഗത്തെ, അയാളുടെ മാതൃഭാഷയിൽ സഭയെ അഭിസംബോധനം ചെയ്യാൻ അനുവദിക്കാവുന്നതാണ്.

(2) സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി മറ്റു പ്രകാരം വ്യവസ്ഥ ചെയ്യാത്തപക്ഷം, ഈ അനുച്ഛേദത്തിന്, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ച് വർഷക്കാലം അവസാനിച്ചശേഷം ''ഇംഗ്ലീഷിലോ'' എന്ന പദം അതിൽ നിന്ന് വിട്ടുകളഞ്ഞാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

[1][എന്നാൽ, [2][ഹിമാചൽപ്രദേശ്, മണിപ്പൂർ, മേഘാലയ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങൾ] സംബന്ധിച്ച്, ഈ ഖണ്ഡത്തിന്, അതിൽ വരുന്ന ''പതിനഞ്ചു വർഷം'' എന്ന വാക്കുകൾക്കു പകരം ''ഇരുപത്തിയഞ്ചു വർഷം'' എന്ന വാക്കുകൾ ചേർത്തിരുന്നാൽ എന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:]

[3][എന്നുമാത്രമല്ല, [4][[5][അരുണാചൽപ്രദേശ്, ഗോവ, മിസ്സോറാം] എന്നീ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലം] സംബന്ധിച്ച് ഈ ഖണ്ഡത്തിന്, അതിൽ വരുന്ന ''പതിനഞ്ചു വർഷം'' എന്ന വാക്കുകൾക്കു പകരം ''നാല്പതു വർഷം'' എന്ന വാക്കുകൾ ചേർത്തിരുന്നാൽ എന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതാണ്.]

211. നിയമനിർമ്മാണമണ്ഡലത്തിലെ ചർച്ചയിൻമേലുള്ള നിയന്ത്രണം.— സുപ്രീം കോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തെപ്പറ്റി ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിൽ യാതൊരു ചർച്ചയും ഉണ്ടാകുവാൻ പാടുള്ളതല്ല.

212. നിയമനിർമ്മാണമണ്ഡലത്തിലെ നടപടികളെപ്പറ്റി കോടതികൾ അന്വേഷണ വിചാരണ നടത്താൻ പാടില്ലെന്ന്.— (1) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ ഏതെങ്കിലും നടപടികളുടെ സാധുത നടപടിക്രമത്തിൽ ആരോപിച്ചിട്ടുള്ള ഏതെങ്കിലും ക്രമക്കേട് കാരണം, ചോദ്യം ചെയ്യുവാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയാലോ ഭരണഘടന പ്രകാരമോ നിയമനിർമ്മാണമണ്ഡലത്തിൽ നടപടിക്രമം നിർണ്ണയിക്കുന്നതിനോ കാര്യങ്ങളുടെ നടത്തിപ്പിനോ ക്രമസമാധാനം പാലിക്കുന്നതിനോ ഉള്ള അധികാരങ്ങൾ നിക്ഷിപ്തമായിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ യാതൊരു ഉദ്യോഗസ്ഥനും അംഗവും ആ അധികാരങ്ങൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ അധികാരിതയ്ക്ക് വിധേയനായിരിക്കുന്നതല്ല.

---

1. 1970-ലെ ഹിമാചൽപ്രദേശ് സംസ്ഥാന ആക്റ്റ് (1970-ലെ 53), 46-ാം വകുപ്പുപ്രകാരം ചേർത്തത് (25-1-1971 മുതൽ പ്രാബല്യം).
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പു പ്രകാരം ''ഹിമാചൽപ്രദേശ് സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം'' എന്നതിനുപകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. 1986-ലെ മിസ്സോറം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
4. 1986-ലെ അരുണാചൽപ്രദേശ് സംസ്ഥാന ആക്റ്റ് (1986-ലെ 69), 42-ാം വകുപ്പുപ്രകാരം ''മിസ്സോറാം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം'' എന്നതിനുപകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
5. 1987-ലെ ഗോവ, ദാമൻ, ദിയു പുനഃസംഘടനാ ആക്റ്റ് (1987-ലെ 18), 63-ാം വകുപ്പുപ്രകാരം ''അരുണാചൽപ്രദേശ്, മിസ്സോറാം'' എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).

CHAPTER IV—LEGISLATIVE POWER OF THE GOVERNOR

213. Power of Governor to promulgate Ordinances during recess of Legislature.—(1) If at any time, except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require:

Provided that the Governor shall not, without instructions from the President, promulgate any such Ordinance if—

(a) a Bill containing the same provisions would under this Constitution have required the previous sanction of the President for the introduction thereof into the Legislature; or

(b) he would have deemed it necessary to reserve a Bill containing the same provisions for the consideration of the President; or

(c) an Act of the Legislature of the State containing the same provisions would under this Constitution have been invalid unless, having been reserved for the consideration of the President, it had received the assent of the President.

(2) An Ordinance promulgated under this article shall have the same force and effect as an Act of the Legislature of the State assented to by the Governor, but every such Ordinance—

(a) shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the Houses, and shall cease to operate at the expiration of six weeks from the reassembly of the Legislature, or if before the expiration of that period a resolution disapproving it is passed by the Legislative Assembly and agreed to by the Legislative Council, if any, upon the passing of the resolution or, as the case may be, on the resolution being agreed to by the Council; and

(b) may be withdrawn at any time by the Governor.

Explanation.—Where the Houses of the Legislature of a State having a Legislative Council are summoned to reassemble on different dates, the period of six weeks shall be reckoned from the later of those dates for the purposes of this clause.

(3) If and so far as an Ordinance under this article makes any provision which would not be valid if enacted in an Act of the Legislature of the State assented to by the Governor, it shall be void:

അദ്ധ്യായം IV—ഗവർണ്ണറുടെ നിയമനിർമ്മാണാധികാരം

213. നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് ഗവർണ്ണർക്കുള്ള അധികാരം.—(1) ഒരു സംസ്ഥാനത്തിന്റെ നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ, അല്ലെങ്കിൽ ഒരു സംസ്ഥാനത്ത് നിയമസമിതി ഉള്ളിടത്ത് നിയമനിർമ്മാണ മണ്ഡലത്തിന്റെ ഇരുസഭകളും സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ ഏതെങ്കിലും സമയത്ത് സത്വര നടപടിയെടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടെന്ന് ഗവർണ്ണർക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ പരിതഃസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് തനിക്ക് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ അദ്ദേഹത്തിന് പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, ഗവർണ്ണർ, രാഷ്ട്രപതിയുടെ നിർദ്ദേശം കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും ഓർഡിനൻസ്—

(ക) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബിൽ നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുവാൻ ഈ ഭരണഘടനപ്രകാരം രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിരുന്നുവെങ്കിലോ;

(ഖ) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവയ്ക്കുന്നത് ആവശ്യമാണെന്ന് അദ്ദേഹം കരുതുമായിരുന്നുവെങ്കിലോ;

(ഗ) അതേ വ്യവസ്ഥകൾ അടങ്ങിയിട്ടുള്ള ആ സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്റ്റ്, രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചിട്ട്, അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ ഭരണഘടനപ്രകാരം അസാധുവാകുമായിരുന്നുവെങ്കിലോ,

പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല.

(2) ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസിന് ഗവർണ്ണറുടെ അനുമതി സിദ്ധിച്ചിട്ടുള്ള സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റിനുള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്, എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) ആ സംസ്ഥാനത്തിന്റെ നിയമസഭയുടെ മുമ്പാകെയോ, അല്ലെങ്കിൽ ആ സംസ്ഥാനത്ത് ഒരു നിയമസമിതിയുണ്ടെങ്കിൽ ഇരു സഭകളുടെയും മുമ്പാകെയോ, വയ്ക്കേണ്ടതും നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അതിനെ നിരാകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം ആ നിയമസഭ പാസ്സാക്കുകയും, നിയമസമിതി ഉണ്ടെങ്കിൽ അത് അനുകൂലിക്കുകയും ചെയ്യുകയോ ചെയ്യുന്നപക്ഷം, ആ പ്രമേയം പാസ്സാക്കുമ്പോഴോ നിയമസമിതി ആ പ്രമേയം അനുകൂലിക്കുമ്പോഴോ, അതതുസംഗതിപോലെ, പ്രവർത്തനരഹിതമാകുന്നതും;

(ഖ) ഗവർണ്ണർക്ക് ഏതു സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

വിശദീകരണം.—ഒരു നിയമസമിതിയുള്ള സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭകൾ വ്യത്യസ്ത തീയതികളിൽ പുനഃസമ്മേളിക്കുവാൻ വിളിച്ചുകൂട്ടുന്നുവെങ്കിൽ, ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ആറാഴ്ചക്കാലം ആ തീയതികളിൽ ഒടുവിലത്തേത് മുതൽ കണക്കാക്കേണ്ടതാകുന്നു.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഓർഡിനൻസ് വഴി, സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കി ഗവർണ്ണർ അനുമതി നൽകുന്ന ഒരു നിയമത്തിൽ വ്യവസ്ഥ ചെയ്താൽ സാധുവാകാത്ത ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യുന്നിടത്തോളം ആ ഓർഡിനൻസ് അസാധുവായിരിക്കുന്നതാണ്:

Provided that, for the purposes of the provisions of this Constitution reláting to the effect of an Act of the Legislature of a State which is repugnant to an Act of Parliament or an existing law with respect to a matter enumerated in the Concurrent List, an Ordinance promulgated under this article in pursuance of instructions from the President shall be deemed to be an Act of the Legislature of the State which has been reserved for the consideration of the President and assented to by him.

[1][******]

CHAPTER V

THE HIGH COURTS IN THE STATES

214. High Courts for States.—[2][***]There shall be a High Court for each State.

[3][******]

215. High Courts to be courts of record.—Every High Court shall be a court of record and shall have all the powers of such a court including the power to punish for contempt of itself.

216. Constitution of High Courts.—Every High Court shall consist of a Chief Justice and such other Judges as the President may from time to time deem it necessary to appoint.

[4][******]

217. Appointment and conditions of the office of a Judge of a High Court.—(1) Every Judge of a High Court shall be appointed by the President by warrant under his hand and seal [5][on the recommendation of the National Judicial Appointments Commission referred to in article 124A] and [6][shall hold office, in the case of an additional or acting Judge, as provided in article 224, and in any other case, until he attains the age of [7][sixty-two years:]]

Provided that—

(a) a Judge may, by writing under his hand addressed to the President, resign his office;

1. Cl. (4) was ins. by the Constitution (Thirty-eighth Amendment) Act, 1975, s. 3 (w.r.e.f.) and omitted by the Constitution (Forty-fourth Amendment) Act, 1978, s. 27, (w.e.f. 20-6-1979).
2. The bracket and figure "(1)" omitted by the Constitution (Seventh Amendment) Act, 1956, s. 29 and sch.
3. Cls. (2) and (3) omitted by s. 29 and Sch., ibid.
4. Proviso omitted by s. 11, ibid.
5. Subs. by the Constitution (Ninety-ninth Amendment) Act, 2014, s.6 (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.
6. Subs. by the Constitution (Seventh Amendment) Act, 1956, s. 12, for "shall hold office until he attains the age of sixty years".
7. Subs. by the Constitution (Fifteenth Amendment) Act, 1963, s. 4, for "sixty years".

എന്നാൽ സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയം സംബന്ധിച്ച പാർലമെന്റിന്റെ ഒരു ആക്റ്റിനോ, നിലവിലുള്ള നിയമത്തിനോ വിരുദ്ധമായതും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റിന്റെ പ്രഭാവത്തെ സംബന്ധിച്ച ഈ ഭരണഘടനയിലെ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക്, രാഷ്ട്രപതിയുടെ നിർദ്ദേശം അനുസരിച്ച് ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസ് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചതും അദ്ദേഹം അനുമതി നൽകിയതുമായ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റായി കരുതപ്പെടുന്നതാണ്.

[1] [******]

അദ്ധ്യായം V—സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ

214. സംസ്ഥാനങ്ങൾക്കുള്ള ഹൈക്കോടതികൾ.—[2] [***] ഓരോ സംസ്ഥാനത്തിനും ഒരു ഹൈക്കോടതി ഉണ്ടായിരിക്കേണ്ടതാണ്.

[3] [******]

215. ഹൈക്കോടതികൾ റിക്കാർഡ് കോടതികൾ ആയിരിക്കണമെന്ന്.—ഓരോ ഹൈക്കോടതിയും ഒരു റിക്കാർഡ് കോടതി ആയിരിക്കേണ്ടതും അതിനുതന്നെ എതിരായുള്ള അലക്ഷ്യത്തിന് ശിക്ഷിക്കുവാനുള്ള അധികാരം ഉൾപ്പെടെ, അങ്ങനെയുള്ള ഒരു കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതും ആകുന്നു.

216. ഹൈക്കോടതികളുടെ സംവിധാനം.—ഓരോ ഹൈക്കോടതിയും, ഓരോ ചീഫ് ജസ്റ്റിസും, നിയമിക്കുന്നത് ആവശ്യമാണെന്ന് രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ തോന്നുന്ന മറ്റ് ജഡ്ജിമാരും അടങ്ങിയതായിരിക്കേണ്ടതാണ്.

[4] [******]

217. ഒരു ഹൈക്കോടതിയിലെ ജഡ്ജിയുടെ നിയമനവും ഉദ്യോഗ വ്യവസ്ഥകളും.—(1) ഒരു ഹൈക്കോടതിയിലെ ഓരോ ജഡ്ജിയേയും, [5] [124ക. അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന്റെ ശിപാർശയിന്മേൽ] തന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതും [6] [ഒരു അഡീഷണൽ ജഡ്ജിയുടെയോ പകരം ജോലി നോക്കുന്ന ജഡ്ജിയുടെയോ സംഗതിയിൽ 224-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരവും മറ്റ് ഏതു സംഗതിയിലും അദ്ദേഹത്തിന് [7] [അറുപത്തിരണ്ട് വയസ്സ്] തികയുന്നതുവരെയും അദ്ദേഹം ഉദ്യോഗം വഹിക്കേണ്ടതും ആകുന്നു:]

എന്നാൽ—

(ക) ഒരു ജഡ്ജിയ്ക്ക് രാഷ്ട്രപതിയെ സംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

---

1. 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (മുൻകാല പ്രാബല്യത്തോടെ) (4)-ാം ഖണ്ഡം ഉൾപ്പെടുത്തുകയും 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പ് പ്രകാരം വിട്ടുകളയുകയും ചെയ്തു. (20-6-1979 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ബ്രാക്കറ്റും "(1)" എന്ന അക്കവും വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (2)-ം (3)-ം ഖണ്ഡങ്ങൾ വിട്ടുകളഞ്ഞു.
4. മേൽപ്പറഞ്ഞ ആക്റ്റ്, 11-ാം വകുപ്പു പ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു.
5. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം പകരം ചേർത്തത്, (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസോസ്സിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി.1, എന്ന കേസിൽ സുപ്രീംകോടതിയുടെ 16-10-2015-ലെ ഉത്തരവ് പ്രകാരം ഈ ഭേദഗതി അസാധുവാക്കി.
6. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം "അറുപത് വയസ്സ് തികയുന്നതുവരെ അദ്ദേഹം ഉദ്യോഗം വഹിക്കേണ്ടതാകുന്നു" എന്നതിന് പകരം ചേർത്തത്.
7. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "അറുപത് വയസ്സ്" എന്നതിനു പകരം ചേർത്തത്.

(b) a Judge may be removed from his office by the President in the manner provided in clause (4) of article 124 for the removal of a Judge of the Supreme Court;

(c) the office of a Judge shall be vacated by his being appointed by the President to be a Judge of the Supreme Court or by his being transferred by the President to any other High Court within the territory of India.

(2) A person shall not be qualified for appointment as a Judge of a High Court unless he is a citizen of India and—

(a) has for at least ten years held a judicial office in the territory of India; or

(b) has for at least ten years been an advocate of a High Court [1][***] or of two or more such Courts in succession;[2][***]

[2][***]

Explanation.—For the purposes of this clause—

[3][(a) in computing the period during which a person has held judicial office in the territory of India, there shall be included any period, after he has held any judicial office, during which the person has been an advocate of a High Court or has held the office of a member of a tribunal or any post, under the Union or a State, requiring special knowledge of law;]

[4][(aa)] in computing the period during which a person has been an advocate of a High Court, there shall be included any period during which the person [5][has held judicial office or the office of a member of a tribunal or any post, under the Union or a State, requiring special knowledge of law] after he became an advocate;

---

1. The words "in any State specified in the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. The word "or" and sub-cl.(c) were ins. by the Constitution (Forty-second Amendment) Act, 1976, s.36 (w.e.f. 3-1-1977) and omitted by the Constitution (Forty-fourth Amendment) Act, 1978, s.28 (w.e.f. 20-6-1979).
3. Ins. by the Constitution (Forty-fourth Amendment) Act, 1978, s.28 (w.e.f. 20-6-1979).
4. Cl.(a) re-lettered as cl. (aa) by s.28, ibid. (w.e.f. 20-6-1979).
5. Subs. by the Constitution (Forty-second Amendment) Act, 1976, s.36, for "has held judicial Office" (w.e.f. 3-1-1977).

(ഖ) ഒരു ജഡ്ജിയെ തന്റെ ഉദ്യോഗത്തിൽ നിന്ന്, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന് 124-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം, രാഷ്ട്രപതിക്ക് നീക്കം ചെയ്യാവുന്നതാണ്;

(ഗ) ഒരു ജഡ്ജിയുടെ ഉദ്യോഗം അദ്ദേഹത്തെ രാഷ്ട്രപതി, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കുന്നതിനാലോ അല്ലെങ്കിൽ അദ്ദേഹത്തെ ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ മറ്റേതെങ്കിലും ഹൈക്കോടതിയിലേക്ക് രാഷ്ട്രപതി മാറ്റുന്നതിനാലോ ഒഴിവാകുന്നതാണ്.

(2) ഒരാൾ ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് ആ ആൾ ഭാരതത്തിലെ ഒരു പൗരനായിരിക്കുകയും—

(ക) ചുരുങ്ങിയത് പത്തുവർഷം ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഒരു ജുഡിഷ്യൽ ഉദ്യോഗം വഹിച്ചിട്ടുണ്ടായിരിക്കുകയോ;

(ഖ) ചുരുങ്ങിയത് പത്തുവർഷം [1][***] ഒരു ഹൈക്കോടതിയിലെയോ, തുടർച്ചയായി അങ്ങനെയുള്ള രണ്ടോ അതിലധികമോ കോടതികളിലെയോ ഒരു അഭിഭാഷകനായിരുന്നിരിക്കുകയോ,

[2][***]

ചെയ്യുകയും ചെയ്യാത്തപക്ഷം, യോഗ്യനായിരിക്കുന്നതല്ല.

വിശദീകരണം.— ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്—

[3][(ക) ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഒരാൾ ജുഡീഷ്യൽ ഉദ്യോഗം വഹിച്ചിരുന്ന കാലം കണക്കാക്കുന്നതിൽ, അദ്ദേഹം ഏതെങ്കിലും ജുഡീഷ്യൽ ഉദ്യോഗം വഹിച്ചതിനുശേഷം ഒരു ഹൈക്കോടതിയിൽ അദ്ദേഹം അഭിഭാഷകൻ ആയിരുന്നതോ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിലെ അംഗത്തിന്റെ ഉദ്യോഗമോ അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ നിയമത്തിൽ പ്രത്യേക ജ്ഞാനം ആവശ്യമായ ഏതെങ്കിലും തസ്തികയോ വഹിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാലവും ഉൾപ്പെടുത്തേണ്ടതാണ്;]

[4][(കക)]ഒരാൾ ഒരു ഹൈക്കോടതിയിലെ അഭിഭാഷകനായി ഇരുന്നിട്ടുള്ള കാലം കണക്കാക്കുന്നതിൽ അദ്ദേഹം ഒരു അഭിഭാഷകനായതിനുശേഷം അദ്ദേഹം [5][ജുഡിഷ്യലുദ്യോഗമോ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിലെ അംഗത്തിന്റെ ഉദ്യോഗമോ അല്ലെങ്കിൽ ഒരംഗമായോ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ നിയമത്തിൽ പ്രത്യേക ജ്ഞാനം ആവശ്യമായ ഏതെങ്കിലും തസ്തികയോ വഹിച്ചിട്ടുള്ള] ഏതെങ്കിലും കാലവും ഉൾപ്പെടുത്തേണ്ടതാണ്;

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 36-ാം വകുപ്പുപ്രകാരം "അല്ലെങ്കിൽ " എന്ന വാക്കും (ഗ) ഉപഖണ്ഡവും ഉൾപ്പെടുത്തുകയും (3-1-1977 മുതൽ പ്രാബല്യം), 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 28-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 28-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

4. മേൽപ്പറഞ്ഞ ആക്റ്റ്, 28-ാം വകുപ്പ് പ്രകാരം (ക) ഖണ്ഡം (കക) ഖണ്ഡമായി അക്ഷരം മാറ്റി (20-6-1979 മുതൽ പ്രാബല്യം).

5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 36-ാം വകുപ്പുപ്രകാരം "ജുഡീഷ്യൽ ഉദ്യോഗം വഹിച്ചിരിക്കുകയോ" എന്നതിനുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(b) in computing the period during which a person has held judicial office in the territory of India or been an advocate of a High Court, there shall be included any period before the commencement of this Constitution during which he has held judicial office in any area which was comprised before the fifteenth day of August, 1947, within India as defined by the Government of India Act, 1935, or has been an advocate of any High Court in any such area, as the case may be.

[1][(3) If any question arises as to the age of a Judge of a High Court, the question shall be decided by the President after consultation with the Chief Justice of India and the decision of the President shall be final.]

218. Application of certain provisions relating to Supreme Court to High Courts.—The provisions of clauses (4) and (5) of article 124 shall apply in relation to a High Court as they apply in relation to the Supreme Court with the substitution of references to the High Court for references to the Supreme Court.

219. Oath or affirmation by Judges of High Courts.—Every person appointed to be a Judge of a High Court [2][**] shall, before he enters upon his office, make and subscribe before the Governor of the State, or some person appointed in that behalf by him, an oath or affirmation according to the form set out for the purpose in the Third Schedule.

[3][**220. Restriction on practice after being a permanent Judge.—**No person who, after the commencement of this Constitution, has held office as a permanent Judge of a High Court shall plead or act in any court or before any authority in India except the Supreme Court and the other High Courts.

Exp/anation.—In this article, the expression "High Court" does not include a High Court for a State specified in Part B of the First Schedule as it existed before the commencement* of the Constitution (Seventh Amendment) Act, 1956.]

221. Salaries, etc., of Judges.—[4][(1) There shall be paid to the Judges of each High Court such salaries as may be determined by Parliament by law and, until provision in that behalf is so made, such salaries as are specified in the Second Schedule.]

(2) Every Judge shall be entitled to such allowances and to such rights in respect of leave of absence and pension as may from time to time be determined by or under law made by Parliament and, until so determined, to such allowances and rights as are specified in the Second Schedule:

1. Ins. by the Constitution (Fifteenth Amendment) Act, 1963, s.4 (with retrospective effect).
2. The words "in a State" omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.
3. Subs. by s.13, ibid., for art. 220.

* 1st November, 1956.

4. Subs. by the Constitution (Fifty-fourth Amendment) Act, 1986, s.3 for clause (1) (w.e.f. 1-4-1986).

(ഖ) ഒരാൾ ഭാരതത്തിന്റെ ഭൂപ്രദേശത്ത് ജുഡീഷ്യലുദ്യോഗം വഹിച്ചിട്ടുള്ളതോ ഒരു ഹൈക്കോടതിയിലെ അഭിഭാഷകനായിരുന്നിട്ടുള്ളതോ ആയ കാലം കണക്കാക്കുന്നതിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ്, 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ഭാരതത്തിനുള്ളിൽ 1947 ആഗസ്റ്റ് പതിനഞ്ചാം തീയതിക്കുമുമ്പ് ഉൾപ്പെട്ടിരുന്ന ഏതെങ്കിലും പ്രദേശത്ത് ജുഡീഷ്യലുദ്യോഗം വഹിച്ചിട്ടുള്ളതോ അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും ഹൈക്കോടതിയിൽ ഒരു അഭിഭാഷകനായി ഇരുന്നിട്ടുള്ളതോ ആയ ഏതെങ്കിലും കാലവും, അതതുസംഗതിപോലെ, ഉൾപ്പെടുത്തേണ്ടതാണ്.

[1][(3) ഒരു ഹൈക്കോടതിയിലെ ജഡ്ജിയുടെ വയസ്സിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം രാഷ്ട്രപതി ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായി ആലോചിച്ചശേഷം തീരുമാനിക്കേണ്ടതും രാഷ്ട്രപതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.]

218. സുപ്രീംകോടതിയെ സംബന്ധിക്കുന്ന ചില വ്യവസ്ഥകൾ ഹൈക്കോടതിക്ക് ബാധകമാക്കൽ.—124-ാം അനുച്ഛേദം (4)-ഉം (5)-ഉം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ അവ സുപ്രീംകോടതിയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, സുപ്രീംകോടതിയെപ്പറ്റിയുള്ള പരാമർശങ്ങൾക്കു പകരം ഹൈക്കോടതിയെപ്പറ്റിയുള്ള പരാമർശങ്ങൾ ചേർത്താൽ ഹൈക്കോടതിയെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

219. ഹൈക്കോടതികളിലെ ജഡ്ജിമാരുടെ ശപഥം അഥവാ പ്രതിജ്ഞ.—[2] [***]ഒരു ഹൈക്കോടതിയിലെ ജഡ്ജിയായി നിയമിക്കുന്ന ഓരോ ആളും ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് ആ സംസ്ഥാനത്തെ ഗവർണ്ണറുടെയോ അല്ലെങ്കിൽ അദ്ദേഹം അതിനായി നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളുടെയോ മുമ്പാകെ, മൂന്നാം പട്ടികയിൽ അതിനുവേണ്ടി ചേർത്തിട്ടുള്ള ഫാറത്തിൽ ഒരു ശപഥം അഥവാ പ്രതിജ്ഞ ചെയ്ത് ഒപ്പുവയ്ക്കേണ്ടതാണ്.

[3][**220. ഒരു സ്ഥിരം ജഡ്ജി ആയിരുന്ന ശേഷം അഭിഭാഷകവൃത്തിയിലേർപ്പെടുന്നതിൻമേൽ നിയന്ത്രണം.**—ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം, ഒരു ഹൈക്കോടതിയിലെ ഒരു സ്ഥിരം ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള യാതൊരാളും, സുപ്രീം കോടതിയിലും മറ്റു ഹൈക്കോടതികളിലും ഒഴികെ, ഭാരതത്തിലെ ഏതെങ്കിലും കോടതിയിലോ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ മുമ്പാകെയോ, വാദിക്കുകയോ പ്രതിനിധാനം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

വിശദീകരണം.— ഈ അനുച്ഛേദത്തിൽ "ഹൈക്കോടതി" എന്ന പ്രയോഗത്തിൽ 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റിന്റെ * പ്രാരംഭത്തിനു മുമ്പ് നിലവിലിരുന്ന പ്രകാരമുള്ള ഒന്നാം പട്ടികയിലെ ഖ ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടുന്നതല്ല.]

221. ജഡ്ജിമാരുടെ ശമ്പളങ്ങൾ മുതലായവ.—[4] [(1) ഓരോ ഹൈക്കോടതിയിലേയും ജഡ്ജിമാർക്ക് പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾ നൽകേണ്ടതും ആകുന്നു.]

(2) ഓരോ ജഡ്ജിക്കും, അപ്പോഴപ്പോൾ പാർലമെന്റ് ഉണ്ടാക്കുന്ന നിയമം വഴിയോ നിയമപ്രകാരമോ നിശ്ചയിക്കാവുന്ന വിധത്തിലുള്ള അങ്ങനെയുള്ള ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങൾക്കും, അപ്രകാരം നിശ്ചയിക്കുന്നതുവരെ, രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ബത്തകൾക്കും അവകാശങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണ്:

---

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒരു സംസ്ഥാനത്തിലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആക്റ്റ് 13-ാം വകുപ്പുപ്രകാരം 220-ാം അനുച്ഛേദത്തിന് പകരം ചേർത്തത്.
*. 1956 നവംബർ 1-ാം തീയതി.
4. 1986-ലെ ഭരണഘടന (അൻപത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (1)-ാം ഖണ്ഡത്തിനുപകരം ചേർത്തത് (1-4-1986 മുതൽ പ്രാബല്യം).

Provided that neither the allowances of a Judge nor his rights in respect of leave of absence or pension shall be varied to his disadvantage after his appointment.

222. Transfer of a Judge from one High Court to another.—(1) The President may, [1][on the recommendation of the National Judicial Appointments Commission referred to in article 124A] transfer a Judge from one High Court to any other High Court [2][****].

[3][(2) When a Judge has been or is so transferred, he shall, during the period he serves, after the commencement of the Constitution (Fifteenth Amendment) Act, 1963, as a Judge of the other High Court, be entitled to receive in addition to his salary such compensatory allowance as may be determined by Parliament by law and, until so determined, such compensatory allowance as the President may by order fix.]

223. Appointment of acting Chief Justice.—When the office of Chief Justice of a High Court is vacant or when any such Chief Justice is by reason of absence or otherwise, unable to perform the duties of his office, the duties of the office shall be performed by such one of the other Judges of the Court as the President may appoint for the purpose.

[4][**224. Appointment of additional and acting Judges.—**(1) If by reason of any temporary increase in the business of a High Court or by reason of arrears of work therein, it appears to the President that the number of the Judges of that Court should be for the time being increased, [5][the President may, in consultation with the National Judicial Appointments Commission, appoint] duly qualified persons to be additional Judges of the Court for such period not exceeding two years as he may specify.

(2) When any Judge of a High Court other than the Chief Justice is by reason of absence or for any other reason unable to perform the duties of his office or is appointed to act temporarily as Chief Justice, [6][the President may, in consultation with the National Judicial Appointments Commission, appoint] a duly qualified person to act as a Judge of that Court until the permanent Judge has resumed his duties.

(3) No person appointed as an additional or acting Judge of a High Court shall hold office after attaining the age of [7][sixty-two years.]]

[8][**224 A. Appointment of retired Judges at sittings of High Courts.**— Notwithstanding anything in this Chapter [9][the National Judicial Appointments Commission on a reference made to it by the Chief Justice of a High Court for any State, may with the previous consent of the President] request any person who has held the office of a Judge of that Court or of any other High Court to sit and act as a Judge of the

1. Subs. by the Constitution (Ninety-ninth Amendment) Act, 2014, s.7 (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC. 1.
2. The words "within the territory of India" omitted by the Constitution (Seventh Amendment) Act, 1956. s. 14.
3. Ins. by the Constitution (Fifteenth Amendment) Act, 1963, s. 5. Original cl. (2) was omitted by the Constitution (Seventh Amendment) Act, 1956, s. 14.
4. Subs. by the Constitution (Seventh Amendment) Act, 1956, s. 15, for art. 224.
5. Subs. by the Constitution (Ninety-ninth Amendment) Act, 2014, clause (a) of s.8, (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC. 1.
6. Subs. by cl. (b) s. 8 ibid.(w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC. 1.
7. Subs. by the Constitution (Fifteenth Amendment) Act, 1963, S.6 for "sixty years".
8. Ins. by S. 7, ibid.
9. Subs. by the Constitution (Ninety-ninth Amendment) Act, 2014, s. 9, (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC. 1.

എന്നാൽ ഒരു ജഡ്ജിയുടെ ബത്തകളോ അദ്ദേഹത്തിന്റെ അവധിയോ പെൻഷനോ സംബന്ധിച്ച അവകാശങ്ങളോ, അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

222. ഒരു ഹൈക്കോടതിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള ഒരു ജഡ്ജിയുടെ സ്ഥലം മാറ്റം.—(1) രാഷ്ട്രപതിക്ക്, [1] [124ക അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന്റെ ശിപാർശയിന്മേൽ] ഒരു ജഡ്ജിയെ ഒരു ഹൈക്കോടതിയിൽ നിന്ന് [2] [****] മറ്റേതെങ്കിലും ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റാവുന്നതാണ്.

[3] [(2) ഒരു ജഡ്ജിയെ അപ്രകാരം സ്ഥലംമാറ്റിയിട്ടുള്ളപ്പോഴോ സ്ഥലംമാറ്റുമ്പോഴോ, 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മറ്റേ ഹൈക്കോടതിയിലെ ജഡ്ജിയായി അദ്ദേഹം സേവനം അനുഷ്ഠിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ ശമ്പളത്തിന് പുറമേ, പാർലമെന്റ് നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നഷ്ടപരിഹാരബത്തയും, അപ്രകാരം നിശ്ചയിക്കുന്നതുവരെ രാഷ്ട്രപതി ഉത്തരവു വഴി നിജപ്പെടുത്താവുന്ന അങ്ങനെയുള്ള നഷ്ടപരിഹാരബത്തയും, ലഭിക്കുവാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.]

223. പകരം ജോലി നോക്കുന്ന ചീഫ് ജസ്റ്റിസിന്റെ നിയമനം.—ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിന്റെ ഉദ്യോഗം ഒഴിവായിരിക്കുമ്പോഴോ അസാന്നിദ്ധ്യം നിമിത്തമോ മറ്റോ തന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ ചീഫ് ജസ്റ്റിസിന് കഴിയാതെ വരുമ്പോഴോ, ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ അതിനുവേണ്ടി രാഷ്ട്രപതി ആ കോടതിയിലെ മറ്റു ജഡ്ജിമാരിൽ നിന്ന് നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.

[4] [**224. അഡീഷണൽ ജഡ്ജിമാരുടെയും പകരം ജോലിനോക്കുന്ന ജഡ്ജിമാരുടെയും നിയമനം.**—(1) ഒരു ഹൈക്കോടതിയുടെ കാര്യങ്ങളിലുള്ള ഏതെങ്കിലും താൽക്കാലികമായ വർദ്ധന കാരണമോ അല്ലെങ്കിൽ അതിലെ ജോലിക്കുടിശ്ശിക കാരണമോ, ആ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം താൽക്കാലത്തേയ്ക്ക് വർദ്ധിപ്പിക്കണമെന്ന് രാഷ്ട്രപതിക്ക് തോന്നുന്നുവെങ്കിൽ, യഥാവിധി യോഗ്യതയുള്ള ആളുകളെ [5] [രാഷ്ട്രപതിക്ക്, ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷനുമായി കൂടിയാലോചിച്ച്] അദ്ദേഹം നിർദ്ദേശിക്കാവുന്ന രണ്ടു വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലത്തേയ്ക്ക് അഡീഷണൽ ജഡ്ജിമാരായി നിയമിക്കാവുന്നതാണ്.

(2) ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് അല്ലാത്ത ഏതെങ്കിലും ജഡ്ജിക്ക് അസാന്നിദ്ധ്യത്താലോ മറ്റേതെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻ കഴിയാതെ വരികയോ അല്ലെങ്കിൽ അദ്ദേഹത്തെ തൽക്കാലത്തേക്ക് ചീഫ് ജസ്റ്റിസായി പകരം ജോലി ചെയ്യുന്നതിന് നിയമിച്ചിരിക്കുകയോ ചെയ്തിരിക്കുമ്പോൾ [6] [രാഷ്ട്രപതിക്ക്, ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷനുമായി കൂടിയാലോചിച്ച്] യഥാവിധി യോഗ്യതയുള്ള ഓരാളെ, സ്ഥിരം ജഡ്ജി തന്റെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്നതുവരെ, ആ കോടതിയിലെ ഒരു ജഡ്ജിയായി പകരം ജോലി നോക്കുവാൻ നിയമിക്കാവുന്നതാണ്.

(3) ഒരു ഹൈക്കോടതിയിലെ അഡീഷണൽ ജഡ്ജിയോ പകരം ജോലി നോക്കുന്ന ജഡ്ജിയോ ആയി നിയമിച്ചിട്ടുള്ള യാതൊരാളും [7] [അറുപത്തിരണ്ടു വയസ്സ്] തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.]

[8] [**224.ക. ഹൈക്കോടതികളുടെ ഉപവേശനങ്ങളിൽ ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ജഡ്ജിമാരുടെ നിയമനം.**— ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, [9] [ഏതെങ്കിലും സംസ്ഥാനത്തെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ദേശീയ ജുഡീഷ്യൽ നിയമന കമ്മീഷന് നൽകുന്ന ഒരു റഫറൻസിന്മേൽ രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയോടുകൂടി] ആ കോടതിയിലെയോ മറ്റ് ഏതെങ്കിലും ഹൈക്കോടതിയിലേയോ ഒരു ജഡ്ജിയായി ഉദ്യോഗം വഹിച്ചിട്ടുള്ള ഏതെങ്കിലും ആളോട്, ആ സംസ്ഥാനത്തെ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി

1. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). "സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി. 1 എന്ന കേസിൽ സുപ്രീം കോടതിയുടെ 16-10-2015-ലെ ഉത്തരവു പ്രകാരം ഈ ഭേദഗതി അസാധുവാക്കി.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരം "ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിലെ" എന്ന വാക്കുകൾ വിട്ടുകളഞ്ഞു.
3. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരം ആദ്യം ഉണ്ടായിരുന്ന (2)-ാം ഖണ്ഡം വിട്ടുകളഞ്ഞു.
4. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പുപ്രകാരം 224-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.
5. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം പകരം ചേർത്തത്, (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി. 1 എന്ന കേസിൽ സുപ്രീം കോടതിയുടെ 16-10-2015-ലെ ഉത്തരവുപ്രകാരം ഈ ഭേദഗതി അസാധുവാക്കി.
6. മേൽപ്പറഞ്ഞ ആക്റ്റ്, 8-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം പകരം ചേർത്തത് (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ, (2016) എസ്.സി.സി.1 എന്ന കേസിൽ സുപ്രീം കോടതിയുടെ 16-10-2015-ലെ ഉത്തരവുപ്രകാരം ഈ ഭേദഗതി അസാധുവാക്കി.
7. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "അറുപത് വയസ്" എന്നതിന് പകരം ചേർത്തത്.
8. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പുപ്രകാരം ചേർത്തത്.
9. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്. (13-4-2015 മുതൽ പ്രാബല്യം). സുപ്രീം കോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി. 1 എന്ന കേസിൽ സുപ്രീംകോടതിയുടെ 16-10-2015-ലെ ഉത്തരവുപ്രകാരം ഈ ഭേദഗതി അസാധുവാക്കി.

High Court for that State, and every such person so requested shall, while so sitting and acting, be entitled to such allowances as the President may by order determine and have all the jurisdiction, powers and privileges of, but shall not otherwise be deemed to be, a Judge of that High Court:

Provided that nothing in this article shall be deemed to require any such person as aforesaid to sit and act as a Judge of that High Court unless he consents so to do.]

225. Jurisdiction of existing High Courts.—Subject to the provisions of this Constitution and to the provisions of any law of the appropriate Legislature made by virtue of powers conferred on that Legislature by this Constitution, the jurisdiction of, and the law administered in, any existing High Court, and the respective powers of the Judges thereof in relation to the administration of justice in the Court, including any power to make rules of Court and to regulate the sittings of the Court and of members thereof sitting alone or in Division Courts, shall be the same as immediately before the commencement of this Constitution:

[1][Provided that any restriction to which the exercise of original jurisdiction by any of the High Courts with respect to any matter concerning the revenue or concerning any act ordered or done in the collection thereof was subject immediately before the commencement of this Constitution shall no longer apply to the exercise of such jurisdiction.]

[2]**[226. Power of High Courts to issue certain writs.—**(1) Notwithstanding anything in article 32 [3][***]every High Court shall have power, throughout the territories in relation to which it exercises jurisdiction, to issue to any person or authority, including in appropriate cases, any Government, within those territories directions, orders or writs, including [4][writs in the nature of *habeas corpus, mandamus, prohibition, quo warranto and certiorari,* or any of them, for the enforcement of any of the rights conferred by Part III and for any other purpose.]

1. Ins. by the Constitution (Forty-fourth Amendment) Act, 1978, s. 29 (w.e.f. 20-6-1979). Orginal proviso was omitted by the Constitution (Forty-second Amendment) Act, 1976, s. 37 (w.e.f. 1-2-1977).
2. Subs. by the Constitution (Forty-second Amendment) Act, 1976, s. 38. for art. 226 (w.e.f. 1-2-1977).
3. The words, figures and letters "but subject to the provisions of article 131A and article 226A" omitted by the Constitution (Forty-third Amendment) Act, 1977, s. 7 (w.e.f. 13-4-1978).
4. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 30, for the portion beginning with the words "writs in the nature of *habeas corpus, mandamus, prohibition, quo warranto and certiorari,* or any of them" and ending with the words "such illegality has resulted in substantial failure of Justice". (w.e.f. 1-8-1979).

ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ആവശ്യപ്പെടാവുന്നതും, അപ്രകാരം ആവശ്യപ്പെടുന്ന അങ്ങനെയുള്ള ഓരോ ആൾക്കും, ആ ആൾ അപ്രകാരം ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, രാഷ്ട്രപതി ഉത്തരവ് വഴി നിശ്ചയിക്കാവുന്ന ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതും, ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ എല്ലാ അധികാരിതയും അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും എന്നാൽ മറ്റുവിധത്തിൽ അദ്ദേഹം ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി കരുതപ്പെടുന്നതല്ലാത്തതുമാകുന്നു:

എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും ആളോട് ആ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി ഉപവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അദ്ദേഹം സമ്മതിക്കാത്തപക്ഷം അങ്ങനെ ചെയ്യുന്നതിന് ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.]

225. നിലവിലുള്ള ഹൈക്കോടതികളുടെ അധികാരിത.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും, സമുചിത നിയമനിർമ്മാണമണ്ഡലം ഈ ഭരണഘടന വഴി ആ നിയമനിർമ്മാണമണ്ഡലത്തിന് നൽകിയിട്ടുള്ള അധികാരങ്ങളുടെ ബലത്തിൽ ഉണ്ടാക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായി, നിലവിലുള്ള ഏതെങ്കിലും ഹൈക്കോടതിയുടെയും അധികാരിതയും അതു നടപ്പാക്കുന്ന നിയമവും, കോടതിയുടെ ചട്ടങ്ങൾ ഉണ്ടാക്കുവാനും ആ കോടതിയുടെയും ഒറ്റയ്ക്കോ ഡിവിഷൻ കോടതികളായോ ഉപവേശിക്കുന്ന അതിലെ അംഗങ്ങളുടെയും ഉപവേശനങ്ങൾ ക്രമപ്പെടുത്തുവാനും ഉള്ള ഏതെങ്കിലും അധികാരം ഉൾപ്പെടെ, നീതി നടത്തിപ്പ് സംബന്ധിച്ച് അതിലെ ജഡ്ജിമാർക്ക് യാഥാക്രമമുള്ള അധികാരങ്ങളും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഉണ്ടായിരുന്നവ തന്നെ ആയിരിക്കുന്നതാണ്:

[1][എന്നാൽ, റവന്യൂവുമായോ അത് പിരിക്കുന്നതു സംബന്ധിച്ച് ഉത്തരവായതോ ചെയ്തതോ ആയ ഏതെങ്കിലും പ്രവൃത്തിയുമായോ ബന്ധപ്പെട്ട ഏതെങ്കിലും വിഷയം സംബന്ധിച്ച് ഹൈക്കോടതികളിൽ ഏതിന്റെയെങ്കിലും ആദ്യാധികാരിതയുടെ പ്രയോഗം ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും നിയന്ത്രണത്തിന് വിധേയമായിരുന്നുവെങ്കിൽ ആ നിയന്ത്രണം അങ്ങനെയുള്ള അധികാരിതയുടെ പ്രയോഗത്തിന് മേലാൽ ബാധകമാകുന്നതല്ല.]

[2][**226. ചില റിട്ടുകൾ പുറപ്പെടുവിക്കുവാൻ ഹൈക്കോടതികൾക്കുള്ള അധികാരം.**—(1) 32-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും [3][***] ഓരോ ഹൈക്കോടതിക്കും ഏതെല്ലാം ഭൂപ്രദേശങ്ങൾ സംബന്ധിച്ച് അത് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെയെല്ലാം, III-ാം ഭാഗത്തിൽ നൽകിയിട്ടുള്ള അവകാശങ്ങളിൽ ഏതും പ്രാവർത്തികമാക്കുന്നതിനും, മറ്റേതെങ്കിലും ആവശ്യത്തിനുവേണ്ടിയും, ആ ഭൂപ്രദേശത്തുള്ള ഏതെങ്കിലും ആൾക്കും അധികാരസ്ഥാനത്തിനും സമുചിതമായ സംഗതികളിൽ ഏതെങ്കിലും സർക്കാരിനും ഉൾപ്പെടെ, നിർദ്ദേശങ്ങളോ ഉത്തരവുകളോ [4][*ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറന്റോ, സെർഷ്യോറേരൈ* എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകളോ അവയിൽ ഏതെങ്കിലുമോ] പുറപ്പെടുവിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം). ആദ്യം ഉണ്ടായിരുന്ന പരിമിതി വ്യവസ്ഥ 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 37-ാം വകുപ്പു പ്രകാരം വിട്ടുകളഞ്ഞു (1-2-1977 മുതൽ പ്രാബല്യം).

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 38-ാം വകുപ്പുപ്രകാരം, 226-ാം അനുച്ഛേദത്തിനു പകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

3. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം, "എന്നാൽ 131 ക യും 226 ക യും അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും വിട്ടുകളഞ്ഞു (13-4-1978 മുതൽ പ്രാബല്യം).

4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 30-ാം വകുപ്പുപ്രകാരം "*ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, ക്വോവാറന്റോ, സെർഷ്യോറേരൈ* അല്ലെങ്കിൽ അവയിൽ ഏതെങ്കിലുമോ" എന്നീ വാക്കുകളിൽ തുടങ്ങുന്നതും "അങ്ങനെയുള്ള നിയമസാധുതയില്ലായ്മ സാരവത്തായ നീതിയുടെ പരാജയത്തിൽ കലാശിച്ചു" എന്നീ വാക്കുകളിൽ അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).

(2) The power conferred by clause (1) to issue directions, orders or writs to any Government, authority or person may also be exercised by any High Court exercising jurisdiction in relation to the territories within which the cause of action, wholly or in part, arises for the exercise of such power, notwithstanding that the seat of such Government or authority or the residence of such person is not within those territories.

[1][(3) Where any party against whom an interim order, whether by way of injunction or stay or in any other manner, is made on, or in any proceedings relating to, a petition under clause (1), without—

(a) furnishing to such party copies of such petition and all documents in support of the plea for such interim order; and

(b) giving such party an opportunity of being heard, makes an application to the High Court for the vacation of such order and furnishes a copy of such application to the party in whose favour such order has been made or the counsel of such party, the High Court shall dispose of the application within a period of two weeks from the date on which it is received or from the date on which the copy of such application is so furnished, whichever is later, or where the High Court is closed on the last day of that period, before the expiry of the next day afterwards on which the High Court is open; and if the application is not so disposed of, the interim order shall, on the expiry of that period, or, as the case may be, the expiry of the said next day, stand vacated.]

[2][(4) The power conferred on a High Court by this article shall not be in derogation of the power conferred on the Supreme Court by clause (2) of article 32.]

[3][**226A.** *Constitutional Validity of Central laws not to be considered in proceedings under article 226.] Omitted by the Constitution (Forty-third Amendment) Act, 1977, s 8 (w.e.f 13-4-1978)*

227. Power of superintendence over all courts by the High Court.— [4][(1) Every High Court shall have superintendence over all courts and tribunals throughout the territories in relation to which it exercises jurisdiction.]

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 30, for Cls. (3), (4), (5) and (6) (w.e.f. 1-8-1979).
2. Cl. (7) renumbered as cl. (4) by s. 30,ibid., (w.e.f. 1-8-1979).
3. Ins. by the Constitution (Forty-second Amendment) Act, 1976, s. 39 (w.e.f. 1-2-1977).
4. Cl. (1) has been successively subs. by the Constitution (Forty-second Amendment) Act, 1976, s. 40 (w.e.f. 1-2-1977) and the Constitution (Forty-fourth Amendment) Act, 1978, s. 31 to read as above (w.e.f. 20-6-1979.)

(2) ഏതെങ്കിലും സർക്കാരിനോ അധികാരസ്ഥാനത്തിനോ ആൾക്കോ എതിരായി നിർദ്ദേശങ്ങളോ ഉത്തരവുകളോ റിട്ടുകളോ പുറപ്പെടുവിക്കുവാൻ (1)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള അധികാരം, ആ അധികാരം പ്രയോഗിക്കാൻ ഇടയാക്കുന്ന വ്യവഹാരകാരണം പൂർണ്ണമായോ ഭാഗികമായോ ഉൽഭവിച്ച ഭൂപ്രദേശത്ത്, ആ ഭൂപ്രദേശത്ത് അധികാരിത പ്രയോഗിക്കുന്ന ഏതൊരു ഹൈക്കോടതിക്കും ആ സർക്കാരിന്റെയോ അധികാരസ്ഥാനത്തിന്റെയോ ആസ്ഥാനം അഥവാ ആ ആളുടെ വാസസ്ഥലം ആ ഭൂപ്രദേശത്തിനുള്ളിൽ അല്ലെങ്കിൽത്തന്നെയും, പ്രയോഗിക്കാവുന്നതാണ്.

[1][(3) (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു ഹർജിയിൻമേലോ അതിനോടു ബന്ധപ്പെട്ട ഏതെങ്കിലും നടപടികളിലോ നിരോധനാജ്ഞയുടെയോ, നിർത്തിവയ്ക്കലിന്റെയോ രൂപത്തിലോ മറ്റേതെങ്കിലും രീതിയിലോ, ഒരു ഇടക്കാല ഉത്തരവ്,—

(ക) അങ്ങനെയുള്ള ഹർജിയുടെയും അങ്ങനെയുള്ള ഇടക്കാല ഉത്തരവിനു വേണ്ടിയുള്ള വാദത്തെ പിൻതാങ്ങുന്ന എല്ലാ രേഖകളുടെയും പകർപ്പുകൾ അങ്ങനെയുള്ള കക്ഷിക്ക് കൊടുക്കാതെയും;

(ഖ) അങ്ങനെയുള്ള കക്ഷിക്ക് കേൾക്കപ്പെടുവാനുള്ള അവസരം നൽകാതെയും,

ഏത് കക്ഷിക്കെതിരായിട്ടാണോ പുറപ്പെടുവിച്ചിട്ടുള്ളത്, ആ കക്ഷി അങ്ങനെയുള്ള ഉത്തരവ് ദുർബലപ്പെടുത്തുന്നതിനുവേണ്ടി ഹൈക്കോടതിക്ക് ഒരു അപേക്ഷ നൽകുകയും അങ്ങനെയുള്ള അപേക്ഷയുടെ ഒരു പകർപ്പ് ഏത് കക്ഷിക്ക് അനുകൂലമായിട്ടാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ആ കക്ഷിക്കോ അങ്ങനെയുള്ള കക്ഷിയുടെ വക്കീലിനോ നൽകുകയും ചെയ്യുന്നിടത്ത്, അപേക്ഷ ലഭിച്ച തീയതി അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷയുടെ പകർപ്പ് നൽകപ്പെട്ട തീയതി, അതിൽ ഏതാണോ ഒടുവിലത്തേത്, ആ തീയതി മുതൽ രണ്ടാഴ്ചക്കാലത്തിനകവും, അല്ലെങ്കിൽ ആ കാലാവധിയുടെ ഒടുവിലത്തെ ദിവസം ഹൈക്കോടതിക്ക് ഒഴിവു ദിവസം ആണെങ്കിൽ പിന്നീട് കോടതി തുറന്നു പ്രവർത്തിക്കുന്ന ദിവസം അവസാനിക്കുന്നതിനു മുമ്പും ഹൈക്കോടതി ആ അപേക്ഷ തീർപ്പാക്കേണ്ടതും അങ്ങനെ തീർപ്പാക്കാത്തപക്ഷം ആ ഇടക്കാല ഉത്തരവ് ആ കാലാവധിക്കുശേഷം അല്ലെങ്കിൽ, അതതുസംഗതിപോലെ, മേൽപ്പറഞ്ഞ പ്രകാരം പിന്നീട് കോടതി തുറന്നു പ്രവർത്തിക്കുന്ന ദിവസത്തിനുശേഷം ദുർബലപ്പെടുന്നതാണ്.]

[2][(4) ഈ അനുച്ഛേദത്താൽ ഒരു ഹൈക്കോടതിക്ക് നൽകുന്ന അധികാരം 32-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിൽ സുപ്രീംകോടതിക്ക് നൽകിയിരിക്കുന്ന അധികാരത്തിനു ന്യൂനത വരുത്തുന്നതല്ല.]

[3][**226 ക.** *226-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികളിൽ കേന്ദ്രനിയമങ്ങളുടെ ഭരണഘടനാസാധുത പരിഗണിക്കേണ്ടതില്ലെന്ന്*] 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (13-4-1978 മുതൽ പ്രാബല്യം).

227. ഹൈക്കോടതിക്ക് എല്ലാ കോടതികളുടെയും മേൽ മേൽനോട്ടത്തിനുള്ള അധികാരം.— [4][(1) ഓരോ ഹൈക്കോടതിക്കും, അത് ഏതെല്ലാം ഭൂപ്രദേശങ്ങളെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെയെല്ലാം ഉള്ള എല്ലാ കോടതികളുടെയും ട്രിബ്യൂണലുകളുടെയും മേൽ മേൽനോട്ടം ഉണ്ടായിരിക്കുന്നതാകുന്നു.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 30-ാം വകുപ്പുപ്രകാരം (3), (4), (5), (6) എന്നീ ഖണ്ഡങ്ങൾക്ക് പകരം ചേർത്തത് (1-8-1979 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 30-ാം വകുപ്പ് പ്രകാരം (7)-ാം ഖണ്ഡം (4)-ാം ഖണ്ഡമായി മാറ്റി അക്കമിട്ടു (1-8-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 39-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).
4. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പും (1-2-1977 മുതൽ പ്രാബല്യം) 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 31-ാം വകുപ്പുംപ്രകാരം (1)-ാം ഖണ്ഡം അനുക്രമമായി മുകളിൽ വായിക്കുന്ന പ്രകാരം പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(2) Without prejudice to the generality of the foregoing provision, the High Court may—

(a) call for returns from such courts;

(b) make and issue general rules and prescribe forms for regulating the practice and proceedings of such courts; and

(c) prescribe forms in which books, entries and accounts shall be kept by the officers of any such courts.

(3) The High Court may also settle tables of fees to be allowed to the sheriff and all clerks and officers of such courts and to attorneys, advocates and pleaders practising therein:

Provided that any rules made, forms prescribed or tables settled under clause (2) or clause (3) shall not be inconsistent with the provision of any law for the time being in force, and shall require the previous approval of the Governor.

(4) Nothing in this article shall be deemed to confer on a High Court powers of superintendence over any court or tribunal constituted by or under any law relating to the Armed Forces.

[1][***]

228. Transfer of certain cases to High Court.—If the High Court is satisfied that a case pending in a court subordinate to it involves a substantial question of law as to the interpretation of this Constitution the determination of which is necessary for the disposal of the case, [2][it shall withdraw the case and [3][***] may—]

(a) either dispose of the case itself, or

(b) determine the said question of law and return the case to the court from which the case has been so withdrawn together with a copy of its judgment on such question, and the said court shall on receipt thereof proceed to dispose of the case in conformity with such judgment.

---

1. Cl. (5) was ins. by the Constitution (Forty-second Amendment) Act, 1976, s. 40 (w.e.f. 1-2-1977) and omitted by the Constitution (Forty-fourth Amendment) Act, 1978, s. 31 (w.e.f. 20-6-1979).

2. Subs. by the Constitution (Forty-second Amendment) Act, 1976, s. 41, for "it shall withdraw the case and may-" (w.e.f. 1-2-1977).

3. The words, figures and letter, "subject to the provisions of article 131A", omitted by the Constitution (Forty-third Amendment) Act, 1977, s. 9. (w.e.f. 13-4-1978).

(2) മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധം, ഹൈക്കോടതിക്ക്—

(ക) അങ്ങനെയുള്ള കോടതികളിൽ നിന്ന് വിവരപ്പത്രിക ആവശ്യപ്പെടുകയും;

(ഖ) അങ്ങനെയുള്ള കോടതികളുടെ പ്രവർത്തനരീതിയും നടപടികളും ക്രമപ്പെടുത്തുന്നതിന് സാമാന്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും പുറപ്പെടുവിക്കുകയും ഫാറങ്ങൾ നിർണ്ണയിക്കുകയും;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും കോടതികളിലെ ഉദ്യോഗസ്ഥൻമാർ സൂക്ഷിക്കേണ്ട പുസ്തകങ്ങളും ഉൾക്കുറിപ്പുകളും കണക്കുകളും ഏത് ഫാറങ്ങളിലായിരിക്കണമെന്ന് നിർണ്ണയിക്കുകയും,

ചെയ്യാവുന്നതാണ്.

(3) അങ്ങനെയുള്ള കോടതികളിലെ ഷെറിഫിനും എല്ലാ ഗുമസ്തൻമാർക്കും ഉദ്യോഗസ്ഥൻമാർക്കും അവയിൽ വ്യവഹരിക്കുന്ന അറ്റോർണികൾക്കും അഭിഭാഷകർക്കും വക്കീലൻമാർക്കും അനുവദിക്കേണ്ട ഫീസിന്റെ പട്ടികയും ഹൈക്കോടതിക്ക് നിശ്ചയിക്കാവുന്നതാണ്:

എന്നാൽ, (2)-ാം ഖണ്ഡമോ (3)-ാം ഖണ്ഡമോ പ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളും നിർണ്ണയിക്കുന്ന ഫാറങ്ങളും നിശ്ചയിക്കുന്ന പട്ടികയും തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്തവ ആയിരിക്കാൻ പാടില്ലാത്തതും അവയ്ക്ക് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമായിരിക്കുന്നതും ആകുന്നു.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും, സായുധസേനകളെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ മേൽ ഒരു ഹൈക്കോടതിക്ക് മേൽനോട്ടത്തിനുള്ള അധികാരം നൽകുന്നതായി കരുതാൻ പാടുള്ളതല്ല.

[1] [***]

228. ചില കേസ്സുകൾ ഹൈക്കോടതിയിലേക്ക് മാറ്റുന്നത്.—ഹൈക്കോടതിക്ക് അതിന്റെ കീഴിലുള്ള ഒരു കോടതിയിൽ നിലവിലിരിക്കുന്ന ഒരു കേസ്സ് ഈ ഭരണഘടനയുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള സാരവത്തായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുണ്ടെന്നും അതിന്റെ തീർപ്പ് ആ കേസ്സിന്റെ തീർച്ചയ്ക്ക് ആവശ്യമാണെന്നും ബോദ്ധ്യമായാൽ, [2] [അത് ആ കേസ്സ് പിൻവലിക്കേണ്ടതും, [3] [***] അതിന്-]

(ക) സ്വയം ആ കേസ്സ് തീർച്ചചെയ്യാവുന്നതും; അല്ലെങ്കിൽ

(ഖ) മേൽപ്പറഞ്ഞ നിയമപ്രശ്നം തീർപ്പാക്കാവുന്നതും, ആ പ്രശ്നത്തിൻമേലുള്ള വിധിന്യായത്തിന്റെ ഒരു പകർപ്പുസഹിതം, ആ കേസ്സ് ഏത് കോടതിയിൽ നിന്നാണോ അപ്രകാരം പിൻവലിച്ചത് അതിലേക്ക് തിരിച്ചയയ്ക്കാവുന്നതും, പ്രസ്തുത കോടതി അത് കിട്ടുന്നതിൻമേൽ ആ വിധിന്യായത്തിന് അനുസൃതമായി ആ കേസ്സ് തീർച്ച ചെയ്യുവാൻ നടപടി എടുക്കേണ്ടതും,

ആകുന്നു.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡം ചേർക്കുകയും (1-2-1977 മുതൽ പ്രാബല്യം) 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേഗദതി) ആക്റ്റ്, 31-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (20-6-1979 മുതൽ പ്രാബല്യം).

2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 41-ാം വകുപ്പുപ്രകാരം "അത് ആ കേസ്സ് പിൻവലിക്കേണ്ടതും, അതിന്" പകരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

3. 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം "131 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും വിട്ടുകളഞ്ഞു. (13-4-1978 മുതൽ പ്രാബല്യം).

[1][**228A.** *Special provisions as to disposal of questions relating to constitutional validity of State laws.] Omitted by the Constitution (Forty-third Amendment) Act, 1977, s. 10 (w.e.f. 13-4-1978).*

229. Officers and servants and the expenses of High Courts.— (1) Appointments of officers and servants of a High Court shall be made by the Chief Justice of the Court or such other Judge or officer of the Court as he may direct:

Provided that the Governor of the State [2][***] may by rule require that in such cases as may be specified in the rule no person not already attached to the Court shall be appointed to any office connected with the Court save after consultation with the State Public Service Commission.

(2) Subject to the provisions of any law made by the Legislature of the State, the conditions of service of officers and servants of a High Court shall be such as may be prescribed by rules made by the Chief Justice of the Court or by some other Judge or officer of the Court authorised by the Chief Justice to make rules for the purpose:

Provided that the rules made under this clause shall, so far as they relate to salaries, allowances, leave or pensions, require the approval of the Governor of the State. [2] [***]

(3) The administrative expenses of a High Court, including all salaries, allowances and pensions payable to or in respect of the officers and servants of the Court, shall be charged upon the Consolidated Fund of the State, and any fees or other moneys taken by the Court shall form part of that Fund.

[3][**230. Extension of jurisdiction of High Courts to Union territories.—** (1) Parliament may by law extend the jurisdiction of a High Court to, or exclude the jurisdiction of a High Court from, any Union territory.

(2) Where the High Court of a State exercises jurisdiction in relation to a Union territory,—

(a) nothing in this Constitution shall be construed as empowering the Legislature of the State to increase, restrict or abolish that jurisdiction; and

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s.42 (w.e.f. 1-2-1977).
2. The words "in which the High Court has its principal seat" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
3. Subs. by the Constitution (Seventh Amendment) Act, 1956, s.16, for arts. 230, 231 and 232.

[1] [**228കെ.** *സംസ്ഥാന നിയമങ്ങളുടെ ഭരണഘടനാ സാധുത സംബന്ധിച്ച് പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ*] *1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു. (13-4-1978 മുതൽ പ്രാബല്യം).*

229. ഹൈക്കോടതികളിലെ ഉദ്യോഗസ്ഥന്മാരും കീഴ്ജീവനക്കാരും ചെലവുകളും.—(1) ഒരു ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരുടെയും കീഴ്ജീവനക്കാരുടെയും നിയമനങ്ങൾ ആ കോടതിയിലെ ചീഫ് ജസ്റ്റിസോ ആ കോടതിയിലെ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റ് ജഡ്ജിയോ ഉദ്യോഗസ്ഥനോ നടത്തേണ്ടതാണ്:

എന്നാൽ, [2] [***] ആ സംസ്ഥാനത്തെ ഗവർണ്ണർക്ക്, ചട്ടംവഴി, ആ ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികളിൽ ആ കോടതിയോട് ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗത്തിലേയ്ക്ക്, ആ കോടതിയോട് മുമ്പുതന്നെ ബന്ധമില്ലാതിരുന്ന യാതൊരാളെയും സംസ്ഥാനത്തെ പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച ശേഷമല്ലാതെ നിയമിക്കാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഹൈക്കോടതിയിലെ ഉദ്യോഗസ്ഥൻമാരുടെയും കീഴ്ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ, ആ കോടതിയിലെ ചീഫ് ജസ്റ്റിസോ ആ ആവശ്യത്തിലേയ്ക്ക് വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ ചീഫ് ജസ്റ്റിസ് അധികാരപ്പെടുത്തുന്ന ആ കോടതിയിലെ മറ്റൊരു ജഡ്ജിയോ ഉദ്യോഗസ്ഥനോ ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന വിധം ആയിരിക്കേണ്ടതാണ്:

എന്നാൽ, ഈ ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്, അവ ശമ്പളങ്ങളെയോ ബത്തകളെയോ അവധിയെയോ പെൻഷനുകളെയോ സംബന്ധിക്കുന്നിടത്തോളം, [2] [***] ആ സംസ്ഥാനത്തെ ഗവർണ്ണറുടെ അംഗീകാരം ആവശ്യമായിരിക്കുന്നതാണ്.

(3) ഒരു ഹൈക്കോടതിയുടെ ഭരണച്ചെലവുകൾ, ആ കോടതിയിലെ ഉദ്യോഗസ്ഥൻമാർക്കും കീഴ്ജീവനക്കാർക്കും കൊടുക്കേണ്ടതോ അവരെ സംബന്ധിച്ചതോ ആയ എല്ലാ ശമ്പളങ്ങളും ബത്തകളും പെൻഷനുകളും ഉൾപ്പെടെ, ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് നടത്തേണ്ടതും, ആ കോടതി സ്വീകരിക്കുന്ന ഏതെങ്കിലും ഫീസോ മറ്റു പണമോ ആ നിധിയുടെ ഭാഗമായിത്തീരുന്നതും ആകുന്നു.

[3] [**230. ഹൈക്കോടതികളുടെ അധികാരിത യൂണിയൻ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കൽ.**—(1) പാർലമെന്റിനു നിയമം വഴി ഒരു ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുകയോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തു നിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.

(2) ഒരു സംസ്ഥാനത്തെ ഹൈക്കോടതി ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുമ്പോൾ,—

(ക) ഈ ഭരണഘടനയിലെ യാതൊന്നും ആ അധികാരിത വർദ്ധിപ്പിക്കുവാനോ പരിമിതപ്പെടുത്തുവാനോ നിറുത്തലാക്കുവാനോ ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തെ അധികാരപ്പെടുത്തുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതും;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 42-ാം വകുപ്പുപ്രകാരം ചേർത്തത് (1-2-1977 മുതൽ പ്രാബല്യം).

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഹൈക്കോടതിയുടെ മുഖ്യസ്ഥാനം ഉള്ളിടത്ത്" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പുപ്രകാരം 230, 231, 232 എന്നീ അനുച്ഛേദങ്ങൾക്കു പകരം ചേർത്തത്.

(b) the reference in article 227 to the Governor shall, in relation to any rules, forms or tables for subordinate courts in that territory, be construed as a reference to the President.

231. Establishment of a common High Court for two or more States.—(1) Notwithstanding anything contained in the preceding provisions of this Chapter, Parliament may by law establish a common High Court for two or more States or for two or more States and a Union territory.

(2) In relation to any such High Court,—

[1][*****]

(b) the reference in article 227 to the Governor shall, in relation to any rules, forms or tables for subordinate courts, be construed as a reference to the Governor of the State in which the subordinate courts are situate; and

(c) the references in articles 219 and 229 to the State shall be construed as a reference to the State in which the High Court has its principal seat:

Provided that if such principal seat is in a Union territory, the references in articles 219 and 229 to the Governor, Public Service Commission, Legislature and Consolidated Fund of the State shall be construed respectively as references to the President, Union Public Service Commission, Parliament and Consolidated Fund of India.]

[2][****]

1. Clause (2), sub-clause (a) of art. 231 omitted by the Constitution (Ninety-ninth Amendment) Act, 2014, s.10. (w.e.f. 13-4-2015). This amendment has been struck down by the Supreme Court's order dated 16-10-2015 in the Supreme Court Advocates' on Record Association and another Vs. Union of India (2016) 5 SCC 1.

2. Art. 232 omitted by the Constitution (Seventh Amendment) Act, 1956, s.16.

(ഖ) 227-ാം അനുച്ഛേദത്തിലെ ഗവർണ്ണറെപ്പറ്റിയുള്ള പരാമർശം, ആ പ്രദേശത്തെ കീഴ്ക്കോടതികൾക്കുവേണ്ടിയുള്ള ഏതെങ്കിലും ചട്ടങ്ങളെയും ഫാറങ്ങളെയും പട്ടികകളെയും സംബന്ധിച്ചിടത്തോളം, രാഷ്ട്രപതിയെക്കുറിച്ചുള്ള ഒരു പരാമർശമായി വ്യാഖ്യാനിക്കേണ്ടതും,

ആകുന്നു.

231. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക് ഒരു പൊതു ഹൈക്കോടതി സ്ഥാപിക്കൽ.—(1) ഈ അദ്ധ്യായത്തിൽ ഇതിനു മുമ്പുള്ള വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പാർലമെന്റിന് നിയമം വഴി രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടിയോ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കും ഒരു യൂണിയൻ പ്രദേശത്തിനും വേണ്ടിയോ, ഒരു പൊതു ഹൈക്കോടതി സ്ഥാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും ഹൈക്കോടതിയെ സംബന്ധിച്ച്,—

[1][*****]

(ഖ) 227-ാം അനുച്ഛേദത്തിലെ ഗവർണ്ണറെപ്പറ്റിയുള്ള പരാമർശം കീഴ്ക്കോടതികൾക്കുള്ള ചട്ടങ്ങളെയും ഫാറങ്ങളെയും പട്ടികകളെയും സംബന്ധിച്ചിടത്തോളം ആ കീഴ്ക്കോടതികൾ സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ ഗവർണ്ണറെപ്പറ്റിയുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്.

(ഗ) 219-ഉം 229-ഉം അനുച്ഛേദങ്ങളിലെ സംസ്ഥാനത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ആ ഹൈക്കോടതിയുടെ മുഖ്യ ആസ്ഥാനം ഏത് സംസ്ഥാനത്താണോ ആ സംസ്ഥാനത്തെക്കുറിച്ചുള്ള പരാമർശമായി വ്യാഖ്യാനിക്കേണ്ടതാണ്:

എന്നാൽ ആ മുഖ്യ ആസ്ഥാനം ഒരു യൂണിയൻ പ്രദേശത്താണെങ്കിൽ, 219-ഉം, 229-ഉം അനുച്ഛേദങ്ങളിലെ ഗവർണ്ണറെയും പബ്ളിക് സർവ്വീസ് കമ്മീഷനെയും നിയമനിർമ്മാണമണ്ഡലത്തെയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയെയും പറ്റിയുള്ള പരാമർശങ്ങളെ യഥാക്രമം രാഷ്ട്രപതിയെയും യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെയും പാർലമെന്റിനെയും ഭാരതത്തിന്റെ സഞ്ചിതനിധിയെയും പറ്റിയുള്ള പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതാണ്.]

[2][****]

1. 2014-ലെ ഭരണഘടന (തൊണ്ണൂറ്റിയൊൻപതാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പ് പ്രകാരം 231-ാം അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡത്തിന്റെ (ക) ഉപഖണ്ഡം വിട്ടുകളഞ്ഞു (13-4-2015 മുതൽ പ്രാബല്യം). സുപ്രീംകോർട്ട് അഡ്വക്കേറ്റ്സ് ഓൺ റിക്കോഡ് അസ്സോസിയേഷനും മറ്റൊരാളും Vs. യൂണിയൻ ഓഫ് ഇന്ത്യ (2016) 5 എസ്.സി.സി. 1 എന്ന കേസിൽ സുപ്രീം കോടതിയുടെ 16-10-2015-ലെ ഉത്തരവു പ്രകാരം ഈ ഭേദഗതി അസാധുവാക്കി.

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 16-ാം വകുപ്പുപ്രകാരം 232-ാം അനുച്ഛേദം വിട്ടുകളഞ്ഞു.

CHAPTER VI—SUBORDINATE COURTS

233. Appointment of district judges.—(1) Appointments of persons to be, and the posting and promotion of, district judges in any State shall be made by the Governor of the State in consultation with the High Court exercising jurisdiction in relation to such State.

(2) A person not already in the service of the Union or of the State shall only be eligible to be appointed a district judge if he has been for not less than seven years an advocate or a pleader and is recommended by the High Court for appointment.

[1][**233A. Validation of appointments of, and judgments, etc., delivered by, certain district judges.**—Notwithstanding any judgment, decree or order of any court,—

(a) (i) no appointment of any person already in the judicial service of a State or of any person who has been for not less than seven years an advocate or a pleader, to be a district judge in that State, and

(ii) no posting, promotion or transfer of any such person as a district judge,

made at any time before the commencement of the Constitution (Twentieth Amendment) Act, 1966, otherwise than in accordance with the provisions of article 233 or article 235 shall be deemed to be illegal or void or ever to have become illegal or void by reason only of the fact that such appointment, posting, promotion or transfer was not made in accordance with the said provisions;

(b) no jurisdiction exercised, no judgment, decree, sentence or order passed or made, and no other act or proceeding done or taken, before the commencement of the Constitution (Twentieth Amendment) Act, 1966 by, or before, any person appointed, posted, promoted or transferred as a district judge in any State otherwise than in accordance with the provisions of article 233 or article 235 shall be deemed to be illegal or invalid or ever to have become illegal or invalid by reason only of the fact that such appointment, posting, promotion or transfer was not made in accordance with the said provisions.]

1. Ins. by the Constitution (Twentieth Amendment) Act, 1966, s.2.

അദ്ധ്യായം VI—കീഴ്ക്കോടതികൾ

233. ജില്ലാ ജഡ്ജിമാരുടെ നിയമനം.—(1) ഏതെങ്കിലും സംസ്ഥാനത്തെ ജില്ലാ ജഡ്ജിമാരായി ആളുകളുടെ നിയമനവും പോസ്റ്റിങ്ങും ഉദ്യോഗക്കയറ്റവും ആ സംസ്ഥാനത്തെ ഗവർണ്ണർ, അങ്ങനെയുള്ള സംസ്ഥാനം സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയുമായി ആലോചിച്ച് നടത്തേണ്ടതാണ്.

(2) മുമ്പുതന്നെ യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ സേവനത്തിലല്ലാതിരുന്ന ഒരാൾക്ക്, ഏഴു വർഷത്തിൽ കുറയാതെ ഒരു അഭിഭാഷകനോ പ്ളീഡറോ ആയിരുന്നിരിക്കുകയും നിയമനത്തിനായി ആ ആളെ ആ ഹൈക്കോടതി ശിപാർശ ചെയ്തിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ, ഒരു ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

[1][**233ക. ചില ജില്ലാ ജഡ്ജിമാരുടെ നിയമനങ്ങളുടെയും അവർ പ്രസ്താവിച്ച വിധിന്യായങ്ങൾ മുതലായവയുടെയും സാധൂകരണം.**—ഏതെങ്കിലും കോടതിയുടെ വിധിന്യായമോ വിധിയോ ഉത്തരവോ എന്തുതന്നെ ആയിരുന്നാലും,—

(ക) 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം 233-ാം അനുച്ഛേദത്തിലെയോ 235-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ മറ്റുവിധത്തിൽ ചെയ്തിട്ടുള്ള—

(i) ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽ മുമ്പുതന്നെയുള്ള ഏതെങ്കിലും ആളുടെയോ അല്ലെങ്കിൽ ഏഴു വർഷത്തിൽ കുറയാത്തകാലം ഒരു അഭിഭാഷകനോ പ്ലീഡറോ ആയിരുന്നിട്ടുള്ള ഏതെങ്കിലും ആളുടെയോ, ആ സംസ്ഥാനത്തെ ഒരു ജില്ലാ ജഡ്ജിയായുള്ള യാതൊരു നിയമനവും,

(ii) അങ്ങനെയുള്ള ഏതെങ്കിലും ആളുടെ ജില്ലാ ജഡ്ജിയായുള്ള പോസ്റ്റിങ്ങും ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും,

അങ്ങനെയുള്ള നിയമനവും പോസ്റ്റിങ്ങും ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന കാരണത്താൽ മാത്രം നിയമവിരുദ്ധമോ അസാധുവോ ആണെന്നോ, എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നുവെന്നോ കരുതപ്പെടുന്നതല്ല;

(ഖ) 233-ാം അനുച്ഛേദത്തിലെയോ 235-ാം അനുച്ഛേദത്തിലെയോ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ മറ്റുവിധത്തിൽ ഏതെങ്കിലും സംസ്ഥാനത്തെ ഒരു ജഡ്ജിയായി നിയമിച്ചിരിക്കുകയോ പോസ്റ്റ് ചെയ്തിരിക്കുകയോ ഉദ്യോഗക്കയറ്റം നൽകിയിരിക്കുകയോ സ്ഥലം മാറ്റിയിരിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആളോ ആ ആളുടെ മുമ്പാകെയോ 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് പ്രയോഗിച്ച യാതൊരു അധികാരിതയും പാസ്സാക്കിയതോ പുറപ്പെടുവിച്ചതോ ആയ യാതൊരു വിധിന്യായവും ഡിക്രിയും ശിക്ഷാവിധിയും ഉത്തരവും, ചെയ്ത യാതൊരു കൃത്യവും എടുത്ത യാതൊരു നടപടിയും, അങ്ങനെയുള്ള നിയമനമോ പോസ്റ്റിങ്ങോ ഉദ്യോഗക്കയറ്റമോ സ്ഥലം മാറ്റമോ മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചല്ല എന്ന കാരണത്താൽ മാത്രം, നിയമവിരുദ്ധമോ അസാധുവോ ആണെന്നോ എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നു എന്നോ കരുതപ്പെടുന്നതല്ല.]

1. 1966-ലെ ഭരണഘടന (ഇരുപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത്.

234. Recruitment of persons other than district judges to the judicial service.—Appointments of persons other than district judges to the judicial service of a State shall be made by the Governor of the State in accordance with rules made by him in that behalf after consultation with the State Public Service Commission and with the High Court exercising jurisdiction in relation to such State.

235. Control over subordinate courts.—The control over district courts and courts subordinate thereto including the posting and promotion of, and the grant of leave to, persons belonging to the judicial service of a State and holding any post inferior to the post of district judge shall be vested in the High Court, but nothing in this article shall be construed as taking away from any such person any right of appeal which he may have under the law regulating the conditions of his service or as authorising the High Court to deal with him otherwise than in accordance with the conditions of his service prescribed under such law.

236. Interpretation.—In this Chapter—

(a) the expression "District Judge" includes judge of a city Civil Court, Additional District Judge, Joint District Judge, Assistant District Judge, Chief Judge of a small cause court, Chief Presidency Magistrate, Additional Chief Presidency Magistrate, Sessions Judge, Additional Sessions Judge and Assistant Sessions Judge;

(b) the expression "judicial service" means a service consisting exclusively of persons intended to fill the post of District Judge and other civil judicial posts inferior to the post of District Judge.

237. Application of the provisions of this Chapter to certain class or classes of magistrates.—The Governor may by public notification direct that the foregoing provisions of this Chapter and any rules made thereunder shall with effect from such date as may be fixed by him in that behalf apply in relation to any class or classes of magistrates in the State as they apply in relation to persons appointed to the judicial service of the State subject to such exceptions and modifications as may be specified in the notification.

234. ജില്ലാ ജഡ്ജിമാരായല്ലാതെ ജുഡീഷ്യൽ സർവ്വീസിൽ ആൾ ചേർക്കൽ.—ജില്ലാ ജഡ്ജിമാരായല്ലാതെ ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിലേക്കുള്ള ആളുകളുടെ നിയമനം ആ സംസ്ഥാനത്തെ ഗവർണ്ണർ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനുമായും അങ്ങനെയുള്ള സംസ്ഥാനത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഹൈക്കോടതിയുമായും ആലോചിച്ച ശേഷം, അതിലേക്ക് അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച്, നടത്തേണ്ടതാണ്.

235. കീഴ്ക്കോടതികളുടെമേലുള്ള നിയന്ത്രണം.—ഒരു സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽപ്പെട്ടവരും ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള ഏതെങ്കിലും തസ്തിക വഹിക്കുന്നവരുമായ ആളുകളുടെ പോസ്റ്റിങ്ങും ഉദ്യോഗക്കയറ്റവും അവർക്ക് അവധി അനുവദിക്കലും ഉൾപ്പെടെ ജില്ലാ കോടതികളുടെയും അവയ്ക്ക് കീഴിലുള്ള കോടതികളുടെയും മേലുള്ള നിയന്ത്രണം ഹൈക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നതും, എന്നാൽ ഈ അനുച്ഛേദത്തിലെ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളിൽ നിന്ന് അദ്ദേഹത്തിന്റെ സേവനവ്യവസ്ഥകളെ ക്രമപ്പെടുത്തുന്ന നിയമപ്രകാരം അദ്ദേഹത്തിനുണ്ടായിരിക്കാവുന്ന ഏതെങ്കിലും അപ്പീലവകാശം എടുത്തുകളയുന്നതായോ അങ്ങനെയുള്ള നിയമപ്രകാരം നിർണ്ണയിച്ചിട്ടുള്ള സേവനവ്യവസ്ഥകൾ അനുസരിച്ചല്ലാതെ മറ്റുവിധത്തിൽ അദ്ദേഹത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഹൈക്കോടതിയെ അധികാരപ്പെടുത്തുന്നതായോ വ്യാഖ്യാനിക്കാൻ പാടില്ലാത്തതും ആകുന്നു.

236. വ്യാഖ്യാനം.— ഈ അദ്ധ്യായത്തിൽ—

(ക) ''ജില്ലാജഡ്ജി'' എന്ന പ്രയോഗം ഒരു സിറ്റി സിവിൽ കോടതിയിലെ ജഡ്ജിയും അഡീഷണൽ ജില്ലാ ജഡ്ജിയും ജോയിന്റ് ജില്ലാ ജഡ്ജിയും അസിസ്റ്റന്റ് ജില്ലാ ജഡ്ജിയും ഒരു സ്മാൾ കോസ് കോടതിയിലെ ചീഫ് ജഡ്ജിയും ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടും അഡീഷണൽ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടും സെഷൻസ് ജഡ്ജിയും അഡീഷണൽ സെഷൻസ് ജഡ്ജിയും അസിസ്റ്റന്റ് സെഷൻസ് ജഡ്ജിയും ഉൾപ്പെട്ടതാണ്.

(ഖ) ''ജുഡീഷ്യൽ സർവ്വീസ്'' എന്ന പ്രയോഗത്തിന് ജില്ലാ ജഡ്ജിയുടെ തസ്തികയും ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള മറ്റു സിവിൽ ജുഡീഷ്യൽ തസ്തികകളും നികത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ആളുകൾ മാത്രം ഉൾക്കൊള്ളുന്ന ഒരു സർവ്വീസ് എന്ന് അർത്ഥമാകുന്നു.

237. ചില വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ട മജിസ്ട്രേട്ടുമാർക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാക്കൽ.—ഗവർണ്ണർക്ക്, പൊതുവിജ്ഞാപനം വഴി, ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളും അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളും ആ സംസ്ഥാനത്തെ ജുഡീഷ്യൽ സർവ്വീസിൽ നിയമിച്ചിട്ടുള്ള ആളുകൾക്ക് ബാധകമാകുന്നതുപോലെ, അദ്ദേഹം അതിലേക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ, വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, സംസ്ഥാനത്തെ ഏതു വിഭാഗത്തിൽപ്പെട്ട മജിസ്ട്രേട്ടുമാർക്കും ബാധകമാകുമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

PART VII

238. [The States in Part B of the First Schedule]. Omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

ഭാഗം VII

238. [*ഒന്നാം പട്ടിക ഖ ഭാഗത്തിലെ സംസ്ഥാനങ്ങൾ*]. *1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.*

PART VIII

[1][THE UNION TERRITORIES]

[2][239. Administration of Union territories.—](1) Save as otherwise provided by Parliament by law, every Union territory shall be administered by the President acting, to such extent as he thinks fit, through an administrator to be appointed by him with such designation as he may specify.

(2) Notwithstanding anything contained in Part VI, the President may appoint the Governor of a State as the administrator of an adjoining Union territory, and where a Governor is so appointed, he shall exercise his functions as such administrator independently of his Council of Ministers.]

[3][239A. Creation of local Legislatures or Council of Ministers or both for certain Union territories.—(1) Parliament may by law create [4][for the Union territory of [5][*Puducherry]]—

(a) a body, whether elected or partly nominated and partly elected, to function as a Legislature for the Union territory, or

(b) a Council of Ministers,

or both with such constitution, powers and functions, in each case, as may be specified in the law.

(2) Any such law as is referred to in clause (1) shall not be deemed to be an amendment of this Constitution for the purposes of article 368 notwithstanding that it contains any provision which amends or has the effect of amending this Constitution.]

[6][239AA. Special provisions with respect to Delhi.—](1) As from the date of commencement of the Constitution (Sixty-ninth Amendment) Act, 1991, the Union territory of Delhi shall be called the National Capital Territory of Delhi (hereafter in this Part referred to as the National Capital Territory) and the administrator thereof appointed under article 239 shall be designated as the Lieutenant Governor.

---

1. Subs. by the Constitution (Seventh Amendment) Act, 1956, s.17, for the heading "THE STATES IN PART C OF THE FIRST SCHEDULE".
2. Subs. by s.17, ibid., for arts. 239 and 240.
3. Ins. by the Constitution (Fourteenth Amendment) Act, 1962, s.4.
4. Subs. by the Goa, Daman and Diu Reorganisation Act, 1987 (18 of 1987), s.63 "for any of the Union territories of Goa, Daman and Diu and Pondicherry" (w.e.f. 30-5-1987).
5. Subs. by the Pondicherry (Alteration of Name) Act, 2006(44 of 2006), s.4, for "Pondicherry" (w.e.f. 1-10-2006).
6. Ins. by the Constitution (Sixty-ninth Amendment) Act 1991, s.2 (w.e.f. 1-2-1992).

* Article 239A has been made applicable to Union territory of Jammu and Kashmir by the Jammu and Kashmir Reorganisation Act, 2019 (34 of 2019), s. 13.

ഭാഗം VIII

[1][യൂണിയൻ പ്രദേശങ്ങൾ]

[2][**239. യൂണിയൻ പ്രദേശങ്ങളുടെ ഭരണം.**—(1) പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തൊഴികെ, ഓരോ യൂണിയൻ പ്രദേശവും രാഷ്ട്രപതി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നിടത്തോളം അദ്ദേഹം നിർദ്ദേശിക്കാവുന്ന ഉദ്യോഗപ്പേരോടുകൂടി നിയമിക്കുന്ന ഒരു അഡ്മിനിസ്ട്രേറ്റർ വഴി പ്രവർത്തിച്ചുകൊണ്ട്, ഭരിക്കേണ്ടതാകുന്നു.

(2) VI-ാം ഭാഗത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രാഷ്ട്രപതിക്ക് ഒരു സംസ്ഥാനത്തെ ഗവർണ്ണറെ ആ സംസ്ഥാനത്തോട് ചേർന്നുകിടക്കുന്ന ഒരു യൂണിയൻ പ്രദേശത്തെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കാവുന്നതും ഒരു ഗവർണ്ണറെ അപ്രകാരം നിയമിക്കുന്നതായാൽ, അദ്ദേഹം, അങ്ങനെയുള്ള അഡ്മിനിസ്ട്രേറ്റർ എന്ന നിലയിലുള്ള തന്റെ ചുമതലകൾ തന്റെ മന്ത്രിസഭയെ ആശ്രയിക്കാതെ നിർവ്വഹിക്കേണ്ടതും ആകുന്നു.]

[3][**239ക. ചില യൂണിയൻ പ്രദേശങ്ങൾക്ക് തദ്ദേശ നിയമനിർമ്മാണമണ്ഡലങ്ങളോ മന്ത്രിസഭയോ അല്ലെങ്കിൽ രണ്ടുമോ സൃഷ്ടിക്കൽ.**— (1) പാർലമെന്റിന് നിയമം വഴി [4][5][*പുതുച്ചേരി] യൂണിയൻ പ്രദേശത്തിനുവേണ്ടി]—

(ക) ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുത്തതോ ഭാഗികമായി നാമനിർദ്ദേശം ചെയ്തതും ഭാഗികമായി തെരഞ്ഞെടുത്തതും ആയതോ, ആയ ഒരു നികായമോ, അല്ലെങ്കിൽ

(ഖ) ഒരു മന്ത്രിസഭയോ,

അല്ലെങ്കിൽ രണ്ടുമോ, ഓരോ സംഗതിയിലും, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സംവിധാനത്തോടും അധികാരങ്ങളോടും ചുമതലകളോടും കൂടി സൃഷ്ടിക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമം അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥ അടങ്ങിയിരുന്നാലും, 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാൻ പാടുള്ളതല്ല.]

[6][**239കക. ഡൽഹിയെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.**— (1) 1991-ലെ ഭരണഘടന (അറുപത്തിയൊൻപതാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ യൂണിയൻ പ്രദേശമായ ഡൽഹിയെ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹി (ഇതിനുശേഷം ഈ ഭാഗത്തിൽ ദേശീയ തലസ്ഥാനപ്രദേശമെന്നാണ് പരാമർശിക്കപ്പെടുക) എന്ന് പറയപ്പെടേണ്ടതും 239-ാം അനുച്ഛേദത്തിൻകീഴിൽ നിയമിക്കപ്പെടുന്ന അതിന്റെ അഡ്മിനിസ്ട്രേറ്ററെ ലഫ്റ്റനന്റ് ഗവർണ്ണർ എന്ന് പേർ പറയേണ്ടതുമാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പുപ്രകാരം ''ഒന്നാം പട്ടികയിലെ ഗ ഭാഗത്തിലെ സംസ്ഥാനങ്ങൾ''എന്ന ശീർഷകത്തിന് പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 17-ാം വകുപ്പുപ്രകാരം 239-ഉം 240-ഉം അനുച്ഛേദങ്ങൾക്കു പകരം ചേർത്തത്.
3. 1962-ലെ ഭരണഘടന (പതിനാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.
4. 1987-ലെ ഗോവ, ദാമൻ, ദിയു, പുനഃസംഘടന ആക്റ്റ് (1987-ലെ 18) 63-ാം വകുപ്പുപ്രകാരം ''ഗോവ, ദാമൻ, ദിയു, പോണ്ടിച്ചേരി എന്നീ യൂണിയൻ പ്രദേശങ്ങളിൽ ഏതെങ്കിലും'' എന്നതിന് പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
5. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ് (2006-ലെ 44), 4-ാം വകുപ്പുപ്രകാരം ''പോണ്ടിച്ചേരി'' എന്നതിന് പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).
6. 1991-ലെ ഭരണഘടന (അറുപത്തൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്, (1-2-1992 മുതൽ പ്രാബല്യം).

* 2019-ലെ ജമ്മു-കാശ്മീർ പുനഃസംഘടന ആക്റ്റ് (2019-ലെ 34) 13-ാം വകുപ്പ് പ്രകാരം 239ക അനുച്ഛേദം യൂണിയൻ പ്രദേശമായ ജമ്മു-കാശ്മീരിനു ബാധകമാക്കിയിട്ടുണ്ട്.

(2) (a) There shall be a Legislative Assembly for the National Capital Territory and the seats in such Assembly shall be filled by members chosen by direct election from territorial constituencies in the National Capital Territory.

(b) The total number of seats in the Legislative Assembly, the number of seats reserved for Scheduled Castes, the division of the National Capital Territory into territorial constituencies (including the basis for such division) and all other matters relating to the functioning of the Legislative Assembly shall be regulated by law made by Parliament.

[1][(ba) Seats shall be reserved for women in the Legislative Assembly of the National Capital Territory of Delhi.

(bb) As nearly as may be, one-third of the seats reserved for the Scheduled Castes in the Legislative Assembly of the National Capital Territory of Delhi shall be reserved for women.

(bc) As nearly as may be, one-third of the total number of seats to be filled by direct election in the Legislative Assembly of the National Capital Territory of Delhi (including the number of seats reserved for women belonging to the Scheduled Castes) shall be reserved for women in such manner as Parliament may by law determine.]

(c) The provisions of articles 324 to 327 and 329 shall apply in relation to the National Capital Territory, Legislative Assembly of the National Capital Territory and the members thereof as they apply, in relation to a State, the Legislative Assembly of a State and the members thereof respectively; and any reference in articles 326 and 329 to "appropriate Legislature" shall be deemed to be a reference to Parliament.

(3) (a) Subject to the provisions of this Constitution, the Legislative Assembly shall have power to make laws for the whole or any part of the National Capital Territory with respect to any of the matters enumerated in the State List or in the Concurrent List in so far as any such matter is applicable to Union territories except matters with respect to Entries 1, 2 and 18 of the State List and Entries 64, 65 and 66 of that List in so far as they relate to the said Entries 1, 2, and 18.

(b) Nothing in sub-clause (a) shall derogate from the powers of Parliament under this Constitution to make laws with respect to any matter for a Union territory or any part thereof.

(c) If any provision of a law made by the Legislative Assembly with respect to any matter is repugnant to any provision of a law made by Parliament with respect to that matter, whether passed before or after the law made by the Legislative Assembly, or of an earlier law, other than a law made by the Legislative Assembly, then, in either case, the law made by Parliament, or, as the case may be, such earlier law, shall prevail and the law made by the Legislative Assembly shall, to the extent of the repugnancy, be void:

Provided that if any such law made by the Legislative Assembly has been reserved for the consideration of the President and has received his assent, such law shall prevail in the National Capital Territory:

Provided further that nothing in this sub-clause shall prevent Parliament from enacting at any time any law with respect to the same matter including a law adding to, amending, varying or repealing the law so made by the Legislative Assembly.

1. Ins. by the Constitution (One Hundred and Sixth Amendment) Act, 2023, s.2.

(2) (ക) ദേശീയ തലസ്ഥാന പ്രദേശത്തിന് ഒരു നിയമസഭ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള സഭയിലെ സ്ഥാനങ്ങൾ ദേശീയ തലസ്ഥാന പ്രദേശത്തിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്നും നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി നികത്തേണ്ടതുമാണ്.

(ഖ) നിയമസഭയിലെ മൊത്തം സ്ഥാനങ്ങളുടെ എണ്ണവും പട്ടികജാതികൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ദേശീയതലസ്ഥാന പ്രദേശത്തിന്റെ പ്രാദേശിക നിയോജകമണ്ഡലങ്ങളായുള്ള വിഭജനവും (അങ്ങനെയുള്ള വിഭജനത്തിന്റെ അടിസ്ഥാനം ഉൾപ്പടെ) നിയമസഭയുടെ പ്രവർത്തനം സംബന്ധിച്ചുള്ള മറ്റെല്ലാ സംഗതികളും പാർലമെന്റ് ഉണ്ടാക്കുന്ന നിയമം വഴി ക്രമപ്പെടുത്തേണ്ടതാണ്.

[1][(ഖക) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(ഖഖ) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ പട്ടികജാതികൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(ഖഗ) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിൽപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണം ഉൾപ്പെടെ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിൽ, വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.]

(ഗ) 324 മുതൽ 327 വരെയും 329-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾ, ഒരു സംസ്ഥാനം സംബന്ധിച്ച് ഒരു സംസ്ഥാനത്തെ നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും ബാധകമാകുന്നതുപോലെ, യഥാക്രമം, ദേശീയതലസ്ഥാന പ്രദേശത്തിനും അവിടത്തെ നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും ബാധകമാകുന്നതും 326-ഉം 329-ഉം അനുച്ഛേദങ്ങളിലെ ''സമുചിത നിയമനിർമ്മാണമണ്ഡല''ത്തെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശം, പാർലമെന്റിനെക്കുറിച്ചുള്ള ഒരു പരാമർശമായി കരുതപ്പെടേണ്ടതുമാണ്.

(3) (ക) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിയമസഭയ്ക്ക് സംസ്ഥാന ലിസ്റ്റിലോ സമവർത്തി ലിസ്റ്റിലോ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിലേതെങ്കിലും സംബന്ധിച്ച്, സംസ്ഥാന ലിസ്റ്റിലെ 1,2,18 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിച്ചും പ്രസ്തുത 1, 2, 18 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിക്കുന്നിടത്തോളം 64, 65, 66 എന്നീ ഉൾക്കുറിപ്പുകളെ സംബന്ധിച്ചും ഉള്ള വിഷയങ്ങളൊഴികെ, യൂണിയൻ പ്രദേശങ്ങൾക്ക് അങ്ങനെയുള്ള സംഗതി ബാധകമാകാവുന്നിടത്തോളം ദേശീയ തലസ്ഥാന പ്രദേശം മുഴുവനുമോ അതിലെ ഏതെങ്കിലും ഭാഗത്തേയ്ക്കോ നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഖ) (ക) ഉപഖണ്ഡത്തിലെ യാതൊന്നും, ഈ ഭരണഘടനയിൻകീഴിൽ ഒരു യൂണിയൻ പ്രദേശത്തിനോ അതിലെ ഏതെങ്കിലും ഭാഗത്തിനോവേണ്ടി ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പാർലമെന്റിന്റെ അധികാരങ്ങൾക്ക് ഭംഗം വരുത്തുന്നതല്ല.

(ഗ) ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമസഭ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, ആ വിഷയം സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിലെയോ അത് പാസ്സാക്കിയത് നിയമസഭ ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും നിയമസഭ ഉണ്ടാക്കിയ നിയമമല്ലാത്ത നേരത്തെയുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, അപ്പോൾ രണ്ട് സംഗതിയിലും പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിനോ അല്ലെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെ നേരത്തെയുള്ള നിയമത്തിനോ പ്രാബല്യമുണ്ടായിരിക്കുന്നതും നിയമസഭ ഉണ്ടാക്കിയ നിയമം പൊരുത്തക്കേടിന്റെ വ്യാപ്തിയോളം അസാധുവായിരിക്കുന്നതുമാകുന്നു:

എന്നാൽ, നിയമസഭ ഉണ്ടാക്കിയ അങ്ങനെയുള്ള ഏതെങ്കിലും നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും അതിന് അദ്ദേഹത്തിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള നിയമത്തിന് ദേശീയ തലസ്ഥാന പ്രദേശത്ത് പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ ഉപഖണ്ഡത്തിലെ യാതൊന്നും, അതേ വിഷയം സംബന്ധിച്ച് നിയമസഭ അപ്രകാരം ഉണ്ടാക്കിയ നിയമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, അതു ഭേദഗതി ചെയ്യുകയോ, വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഒരു നിയമം ഉൾപ്പെടെ, ഏതെങ്കിലും നിയമം ഏതെങ്കിലും സമയം ഉണ്ടാക്കുന്നതിൽ നിന്ന് പാർലമെന്റിനെ തടയുന്നതല്ല.

1. 2023-ലെ ഭരണഘടന (നൂറ്റിആറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(4) There shall be a Council of Ministers consisting of not more than ten per cent. of the total number of members in the Legislative Assembly, with the Chief Minister at the head to aid and advise the Lieutenant Governor in the exercise of his functions in relation to matters with respect to which the Legislative Assembly has power to make laws, except in so far as he is, by or under any law, required to act in his discretion:

Provided that in the case of difference of opinion between the Lieutenant Governor and his Ministers on any matter, the Lieutenant Governor shall refer it to the President for decision and act according to the decision given thereon by the President and pending such decision it shall be competent for the Lieutenant Governor in any case where the matter, in his opinion, is so urgent that it is necessary for him to take immediate action, to take such action or to give such direction in the matter as he deems necessary.

(5) The Chief Minister shall be appointed by the President and the other Ministers shall be appointed by the President on the advice of the Chief Minister and the Ministers shall hold office during the pleasure of the President.

(6) The Council of Ministers shall be collectively responsible to the Legislative Assembly.

[1][(7) *(a)* Parliament may, by law, make provisions for giving effect to, or supplementing the provisions contained in the foregoing clauses and for all matters incidental or consequential thereto.

(b) Any such law as is referred to in sub-clause (a) shall not be deemed to be an amendment of this Constitution for the purposes of article 368 notwithstanding that it contains any provision which amends or has the effect of amending, this Constitution.]

(8) The provisions of article 239B shall, so far as may be, apply in relation to the National Capital Territory, the Lieutenant Governor and the Legislative Assembly, as they apply in relation to the Union territory of [2][Puducherry], the administrator and its Legislature, respectively; and any reference in that article to "clause (1) of article 239A" shall be deemed to be a reference to this article or article 239AB, as the case may be.

239AB. Provision in case of failure of constitutional machinery.—If the President, on receipt of a report from the Lieutenant Governor or otherwise, is satisfied—

(a) that a situation has arisen in which the administration of the National Capital Territory cannot be carried on in accordance with the provisions of article 239AA or of any law made in pursuance of that article; or

(b) that for the proper administration of the National Capital Territory it is necessary or expedient so to do,

the President may by order suspend the operation of any provision of article 239AA or of all or any of the provisions of any law made in pursuance of that article

1. Subs. by the Constitution (Seventieth Amendment) Act, 1992, s.3 for "(7)" (w.e.f. 21-12-1991).

2. Subs. by the Pondicherry (Alteration of Name) Act, 2006 (44 of 2006) s.4 for "Pondicherry" (w.e.f. 1-10-2006).

(4) ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ചാണോ നിയമം ഉണ്ടാക്കുവാൻ നിയമസഭയ്ക്ക് അധികാരമുള്ളത് ആ വിഷയങ്ങൾ സംബന്ധിച്ച് ലെഫ്റ്റനന്റ് ഗവർണ്ണറുടെ ചുമതലകൾ, ഏതെങ്കിലും നിയമത്താലോ, നിയമത്തിൻകീഴിലോ തന്റെ വിവേകം ഉപയോഗിച്ച് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളിടത്തോളമൊഴികെ, നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുവാനും ഉപദേശിക്കുവാനുമായി മുഖ്യമന്ത്രി തലവനായുള്ള നിയമസഭയിലെ മൊത്തം അംഗങ്ങളുടെ പത്ത് ശത മാനത്തിൽ കവിയാത്ത അംഗങ്ങളുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ലഫ്റ്റനന്റ് ഗവർണ്ണറും അദ്ദേഹത്തിന്റെ മന്ത്രിമാരും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന സംഗതിയിൽ, ലഫ്റ്റനന്റ് ഗവർണ്ണർ തീരുമാനത്തിനുവേണ്ടി അത് രാഷ്ട്രപതിക്ക് അഭിപ്രായമാരാഞ്ഞുകൊണ്ട് അയയ്ക്കേണ്ടതും, അതിൻമേൽ രാഷ്ട്രപതി എടുക്കുന്ന തീരുമാനത്തിനനുസൃതമായി പ്രവർത്തിക്കേണ്ടതും, അങ്ങനെ തീരുമാനിക്കുന്നതുവരെ ലഫ്റ്റനന്റ് ഗവർണ്ണർക്ക്, തന്റെ അഭിപ്രായത്തിൽ ഉടൻ നടപടി എടുക്കേണ്ട തരത്തിൽ സംഗതി അടിയന്തിരമായിരിക്കുന്നിടത്ത്, ഏതൊരു സംഗതിയിലും, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി എടുക്കുന്നതിനോ നിർദ്ദേശം നൽകുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) മുഖ്യമന്ത്രിയെ രാഷ്ട്രപതി നിയമിക്കേണ്ടതും മറ്റ് മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ രാഷ്ട്രപതി നിയമിക്കേണ്ടതും മന്ത്രിമാർ രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളംകാലം ഉദ്യോഗം വഹിക്കുന്നതുമാണ്.

(6) മന്ത്രിസഭ നിയമസഭയോട് കൂട്ടായി ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

[1][(7) (ക) പാർലമെന്റിന്, നിയമം വഴി മുൻപറഞ്ഞ ഖണ്ഡങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവ സ്ഥകൾക്കു പ്രഭാവം നൽകുന്നതിനോ അവയ്ക്ക് അനുപൂരകമോ അവയ്ക്ക് സാന്ദർഭികമോ അവ യുടെ അനന്തരഫലമായുള്ളതോ ആയ എല്ലാ സംഗതികൾക്കും വ്യവസ്ഥകൾ ഉണ്ടാക്കാവുന്ന താണ്.

(ഖ) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചതുപോലുള്ള ഏതെങ്കിലും നിയമം, അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥകൾ അടങ്ങിയിരുന്നാലും, 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാൻ പാടുള്ളതല്ല.]

(8) 239ഖ അനുച്ഛേദത്തിലെ വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, [2][പുതുച്ചേരി] യൂണിയൻ പ്രദേശവും, അഡ്മിനിസ്ട്രേറ്ററും അതിന്റെ നിയമസഭയും സംബന്ധിച്ച് അവ ബാധകമാകുന്നിടത്തോളം യഥാക്രമം ദേശീയ തലസ്ഥാനപ്രദേശവും ലഫ്റ്റനന്റ് ഗവർണ്ണറും നിയമസഭയും സംബന്ധിച്ച് ബാധകമാകുന്നതും, ആ അനുച്ഛേദത്തിലെ "239ക അനുച്ഛേദം(1)-ാം ഖണ്ഡ" ത്തെക്കുറിച്ചുള്ള ഏതൊരു പരാമർശവും, അതതുസംഗതിപോലെ, ഈ അനുച്ഛേദത്തെയോ അല്ലെങ്കിൽ 239ക ഖ അനു ച്ഛേദത്തെയോ കുറിച്ചുള്ള പരാമർശമായി കരുതപ്പെടേണ്ടതുമാണ്.

239ക ഖ. ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥകൾ.—ലഫ്റ്റനന്റ് ഗവർണ്ണറിൽ നിന്ന് ഒരു റിപ്പോർട്ട് കിട്ടിയതിൻമേലോ മറ്റുവിധത്തിലോ രാഷ്ട്രപതിക്ക്—

(ക) 239ക ക അനുച്ഛേദത്തിലെയോ ആ അനുച്ഛേദത്തിനനുസൃതമായി ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകളനുസരിച്ച് ദേശീയ തലസ്ഥാന പ്രദേശത്തിന്റെ ഭരണം നടത്തിക്കൊണ്ട് പോകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഉത്ഭവിച്ചിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(ഖ) ദേശീയ തലസ്ഥാന പ്രദേശത്തിന്റെ ശരിയായ ഭരണനിർവ്വഹ ണത്തിന് അങ്ങനെ ചെയ്യുന്നത് ആവശ്യമോ യുക്തമോ ആണെന്ന് ബോദ്ധ്യ പ്പെടുന്നപക്ഷം, രാഷ്ട്രപതിക്ക് ഉത്തരവുവഴി 239ക ക അനുച്ഛേദ ത്തിലെ ഏതെങ്കിലും വ്യവസ്ഥയുടെയോ ആ അനുച്ഛേദത്തിനനുസൃതമായി

1. 1992-ലെ ഭരണഘടന (എഴുപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം "(7)"നു പകരം ചേർത്തത് (21-12-1991 മുതൽ പ്രാബല്യം).
2. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ് (2006-ലെ 44), 4-ാം വകുപ്പ് പ്രകാരം "പോണ്ടിച്ചേരി" എന്നതിന് പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).

for such period and subject to such conditions as may be specified in such law and make such incidental and consequential provisions as may appear to him to be necessary or expedient for administering the National Capital Territory in accordance with the provisions of article 239 and article 239AA.]

[1][**239B. Power of administrator to promulgate Ordinances during recess of Legislature.—**(1) If at any time, except when the Legislature of [2][the Union territory of [3][Puducherry]] is in session, the administrator thereof is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require:

Provided that no such Ordinance shall be promulgated by the administrator except after obtaining instructions from the President in that behalf:

Provided further that whenever the said Legislature is dissolved, or its functioning remains suspended on account of any action taken under any such law as is referred to in clause (1) of article 239A, the administrator shall not promulgate any Ordinance during the period of such dissolution or suspension.

(2) An Ordinance promulgated under this article in pursuance of instructions from the President shall be deemed to be an Act of the Legislature of the Union territory which has been duly enacted after complying with the provisions in that behalf contained in any such law as is referred to in clause (1) of article 239A, but every such Ordinance—

(a) shall be laid before the Legislature of the Union territory and shall cease to operate at the expiration of six weeks from the reassembly of the Legislature or if, before the expiration of that period, a resolution disapproving it is passed by the Legislature, upon the passing of the resolution; and

(b) may be withdrawn at any time by the administrator after obtaining instructions from the President in that behalf.

(3) If and so far as an Ordinance under this article makes any provision which would not be valid if enacted in an Act of the Legislature of the Union territory made after complying with the provisions in that behalf contained in any such law as is referred to in clause (1) of article 239A, it shall be void.]

---

1. Ins. by the Constitution (Twenty-seventh Amendment) Act, 1971, s.3 (w.e.f. 30-12-1971).
2. Subs. by the Goa, Daman and Diu Reorganisation Act, 1987 (18 of 1987), s.63, for "a Union territory referred to in clause (1) of article 239A" (w.e.f. 30-5-1987).
3. Subs. by the Pondicherry (Alteration of Name) Act, 2006, (44 of 2006) s.4 for "Pondicherry" (w.e.f. 1-10-2006).

ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകളുടെയോ പ്രവർത്തനം അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന കാലയളവിലേയ്ക്കും, അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും, നിറുത്തിവയ്ക്കാവുന്നതും 239-ാം അനുച്ഛേദത്തിലെയും 239 ക അനുച്ഛേദത്തിലെയും വ്യവസ്ഥകൾക്കനുസൃതമായി ദേശീയ തലസ്ഥാനപ്രദേശത്തിന്റെ ഭരണം നടത്തുവാൻ ആവശ്യമോ യുക്തമോ എന്ന് അദ്ദേഹത്തിനു തോന്നുന്ന സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതുമാണ്.]

[1][**239ഖ. നിയമനിർമ്മാണമണ്ഡലത്തിന്റെ ഒഴിവുകാലത്ത് ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നതിന് അഡ്മിനിസ്ട്രേറ്റർക്കുള്ള അധികാരം.**—(1) [2][[3][പുതുച്ചേരി] യൂണിയൻ പ്രദേശത്തെ] നിയമനിർമ്മാണമണ്ഡലം സമ്മേളനത്തിലായിരിക്കുമ്പോളൊഴികെ, ഏതെങ്കിലും സമയം സത്വര നടപടി എടുക്കുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിതസ്ഥിതികൾ ഉണ്ടെന്ന് അഡ്മിനിസ്ട്രേറ്റർക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, ആ പരിതസ്ഥിതികൾ ആവശ്യപ്പെടുന്നുവെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഓർഡിനൻസുകൾ പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, രാഷ്ട്രപതിയിൽനിന്ന് അതിലേക്കുള്ള നിർദ്ദേശങ്ങൾ വാങ്ങിയശേഷമല്ലാതെ അങ്ങനെയുള്ള യാതൊരു ഓർഡിനൻസും അഡ്മിനിസ്ട്രേറ്റർ പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, മേൽപ്പറഞ്ഞ നിയമനിർമ്മാണമണ്ഡലം പിരിച്ചുവിടുകയോ, അതിന്റെ പ്രവർത്തനം 239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം എടുത്ത ഏതെങ്കിലും നടപടി കാരണം നിറുത്തി വച്ചിരിക്കുകയോ ചെയ്തിരിക്കുമ്പോൾ, അഡ്മിനിസ്ട്രേറ്റർ അങ്ങനെയുള്ള പിരിച്ചുവിടലിന്റെയോ നിറുത്തിവയ്ക്കലിന്റെയോ കാലത്ത് യാതൊരു ഓർഡിനൻസും പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല.

(2) രാഷ്ട്രപതിയിൽ നിന്നുള്ള നിർദ്ദേശത്തെത്തുടർന്ന് ഈ അനുച്ഛേദപ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസ്, ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം, 239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമത്തിൽ അടങ്ങിയിരിക്കുന്ന അതിലേക്കുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി യഥാവിധി ഉണ്ടാക്കിയിട്ടുള്ള ഒരു ആക്റ്റായി കരുതപ്പെടുന്നതും എന്നാൽ അങ്ങനെയുള്ള ഓരോ ഓർഡിനൻസും—

(ക) ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതും, നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച അവസാനിക്കുമ്പോഴോ, ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് അത് നിരാകരിച്ചു കൊണ്ടുള്ള ഒരു പ്രമേയം നിയമനിർമ്മാണമണ്ഡലം പാസ്സാക്കുന്നുവെങ്കിൽ ആ പ്രമേയം പാസ്സാക്കുമ്പോഴോ, പ്രവർത്തനരഹിതമാകുന്നതും;

(ഖ) രാഷ്ട്രപതിയിൽ നിന്ന് അതിലേക്കുള്ള നിർദ്ദേശങ്ങൾ വാങ്ങിയശേഷം അഡ്മിനിസ്ട്രേറ്റർക്ക് ഏതു സമയത്തും പിൻവലിക്കാവുന്നതും,

ആകുന്നു.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഓർഡിനൻസ്, ആ യൂണിയൻ പ്രദേശത്തെ നിയമനിർമ്മാണമണ്ഡലം 239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമത്തിൽ അടങ്ങിയിരിക്കുന്ന അതിലേക്കുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഉണ്ടാക്കിയ ഒരു ആക്റ്റിൽ നിയമമാക്കിയിരുന്നുവെങ്കിൽ സാധുവാകില്ലാതിരുന്ന എന്തിനെങ്കിലും വ്യവസ്ഥ ചെയ്യുന്നു എങ്കിൽ അങ്ങനെ ചെയ്യുന്നിടത്തോളം അത് അസാധുവായിരിക്കുന്നതാണ്.]

---

1. 1971-ലെ ഭരണഘടന (ഇരുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (30-12-1971 മുതൽ പ്രാബല്യം).
2. 1987-ലെ ഗോവ, ദാമൻ, ദിയു പുനസംഘടനാ ആക്റ്റ് (1987-ലെ 18), 63-ാം വകുപ്പുപ്രകാരം "239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു യൂണിയൻ പ്രദേശം" എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
3. 2006-ലെ പോണ്ടിച്ചേരി (പേര് മാറ്റൽ) ആക്റ്റ് (2006-ലെ 44), 4-ാം വകുപ്പുപ്രകാരം "പോണ്ടിച്ചേരി" എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).

[1](4) [***]

[2][240. Power of President to make regulations for certain Union territories.—(1) The President may make regulations for the peace, progress and good government of the Union territory of—

(a) the Andaman and Nicobar Islands;

[3][(b) Lakshadweep;]

[4][(c) Dadra and Nagar Haveli and Daman and Diu;]

[5][(d) ****]

[6][(e) [7][Puducherry];]

[8](f) ***

[9](g) ***

[10][Provided that when any body is created under article 239A to function as a Legislature for the [11][Union territory of [7][Puducherry]], the President shall not make any regulation for the peace, progress and good government of that Union territory with effect from the date appointed for the first meeting of the Legislature:]

[12][Provided further that whenever the body functioning as a Legislature for the Union territory of [7][Puducherry] is dissolved, or the functioning of that body as such Legislature remains suspended on account of any action taken under any such law as is referred to in clause (1) of article 239A, the President may, during the period of such dissolution or suspension, make regulations for the peace, progress and good government of that Union territory.]

---

1. Cl.(4) was ins. by the Constitution (Thirty-eighth Amendment) Act, 1975, s.4 (with retrospective effect) and omitted by the Constitution (Forty-fourth Amendment) Act, 1978, s.32 (w.e.f. 20-6-1979).
2. Subs. by the Constitution (Seventh Amendment) Act, 1956, s. 17 for articles 239 and 240.
3. Subs. by the Laccadive, Minicoy and Amindivi Islands (Alteration of Name) Act, 1973 (34 of 1973), s.4 for entry (b) (w.e.f. 1-11-1973).
4. Ins. by the Constitution (Tenth Amendment) Act, 1961, s.3 and subsequently subs. by the Dadra and Nagar Haveli and Daman and Diu (Merger of Union territories) Act, 2019 (44 of 2019) s. 4(i).
5. Omitted by the Dadra and Nagar Haveli and Daman and Diu (Merger of Union territories) Act, 2019 (44 of 2019) s. 4(ii).
6. Ins. by the Constitution (Fourteenth Amendment) Act, 1962, s. 5.
7. Subs. by the Pondicherry (Alteration of Name) Act, 2006 (44 of 2006) s.4 for "Pondicherry" (w.e.f. 1-10-2006).
8. The entry (f) relating to Mizoram omitted by the State of Mizoram Act, 1986 (34 of 1986), s.39 (w.e.f. 20-2-1987).
9. The entry (g) relating to Arunachal Pradesh omitted by the State of Arunachal Pradesh Act, 1986 (69 of 1986), s.42 (w.e.f. 20-2-1987).
10. Ins. by the Constitution (Fourteenth Amendment) Act, 1962, s.5.
11. Subs. by the Constitution (Twenty-seventh Amendment) Act, 1971, s.4, for "Union territory of Goa, Daman and Diu or Pondicherry" (w.e.f. 15-2-1972).
12. Ins. by the Constitution (Twenty-seventh Amendment) Act, 1971, s.4 (w.e.f. 15-2-1972).

[1](4) [***]

[2][**240. ചില യൂണിയൻ പ്രദേശങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം.**—(1) രാഷ്ട്രപതിക്ക് —

(ക) ആൻഡമാനും നിക്കോബാറും ദ്വീപുകൾ;

[3][(ഖ) ലക്ഷദ്വീപ്;]

[4][(ഗ) ദാദ്രാ-നഗർ ഹവേലിയും ദാമൻ-ദിയുവും;]

[5][(ഘ) ****]

[6][(ങ) [7][പുതുച്ചേരി],]

[8](ച) ***

[9](ഛ) ***

എന്നീ യൂണിയൻ പ്രദേശങ്ങളിൽ സമാധാനം, പുരോഗതി, സൽഭരണം എന്നിവ ലഭ്യമാക്കാൻ റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്:

[10][എന്നാൽ, [11][യൂണിയൻ പ്രദേശമായ [7][പുതുച്ചേരി]] ഒരു നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് 239ക അനുച്ഛേദപ്രകാരം ഒരു നികായം സൃഷ്ടിച്ചുകഴിഞ്ഞാൽ, ആ യൂണിയൻ പ്രദേശത്തിന്റെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനും ഉള്ള യാതൊരു റഗുലേഷനും രാഷ്ട്രപതി, ആ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒന്നാമത്തെ യോഗത്തിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ ഉണ്ടാക്കുവാൻ പാടുള്ളതല്ല:]

[12][എന്നുമാത്രമല്ല, യൂണിയൻ പ്രദേശമായ [7][പുതുച്ചേരി]യുടെ നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്ന നികായം പിരിച്ചു വിടുകയോ, അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലം എന്ന നിലയിലുള്ള ആ നികായത്തിന്റെ പ്രവർത്തനം 239ക അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിധത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം എടുത്ത ഏതെങ്കിലും നടപടി കാരണം നിറുത്തിവച്ചിരിക്കുകയോ ചെയ്യുമ്പോൾ, രാഷ്ട്രപതിക്ക് അങ്ങനെയുള്ള പിരിച്ചുവിടലിന്റെയോ നിറുത്തിവയ്ക്കലിന്റെയോ കാലത്ത് ആ യൂണിയൻ പ്രദേശത്തിന്റെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനും റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.]

---

1. 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (4)-ാം ഖണ്ഡം (മുൻകാല പ്രാബല്യത്തോടെ) ചേർത്തത് 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 32-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു(20-6-1979 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം 239, 240 എന്നീ അനുച്ഛേദങ്ങൾക്ക് പകരം ചേർത്തത്.
3. 1973-ലെ ലക്ഷദ്വീപ്, മിനിക്കോയ്, അമീൻദിവി ദ്വീപുകൾ (പേര് മാറ്റൽ) ആക്റ്റ് (1973-ലെ 34), 4-ാം വകുപ്പു പ്രകാരം(ഖ) ഉൾക്കുറിപ്പിനു പകരം ചേർത്തത് (1-11-1973 മുതൽ പ്രാബല്യം).
4. 1961-ലെ ഭരണഘടന (പത്താം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർക്കുകയും 2019-ലെ ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്റ്റ് (2019-ലെ 44), 4(i)-ാം വകുപ്പ് പ്രകാരം പിന്നീട് പകരം ചേർക്കുകയും ചെയ്തു.
5. 2019-ലെ ദാദ്ര-നഗർ ഹവേലിയും ദാമൻ-ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്റ്റ് (2019-ലെ 44), 4(ii)-ാം വകുപ്പ് പ്രകാരം വിട്ടുകളഞ്ഞു.
6. 1962-ലെ ഭരണഘടന (പതിനാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പ് പ്രകാരം ചേർത്തത്.
7. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ്, (2006-ലെ 44), 4-ാം വകുപ്പുപ്രകാരം ''പോണ്ടിച്ചേരി'' എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).
8. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34) 39-ാം വകുപ്പുപ്രകാരം മിസ്സോറാമിനെ സംബന്ധിച്ച (ച) ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു. (20-2-1987 മുതൽ പ്രാബല്യം).
9. 1986-ലെ അരുണാചൽപ്രദേശ് സംസ്ഥാന ആക്റ്റ് (1986-ലെ 69), 42-ാം വകുപ്പുപ്രകാരം അരുണാചൽപ്രദേശിനെ സംബന്ധിച്ച (ഛ) ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു. (20-2-1987 മുതൽ പ്രാബല്യം).
10. 1962-ലെ ഭരണഘടന (പതിനാലാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.
11. 1971-ലെ ഭരണഘടന (ഇരുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ''ഗോവ, ദാമൻ, ദിയു യൂണിയൻ പ്രദേശങ്ങൾ അല്ലെങ്കിൽ പോണ്ടിച്ചേരി'' എന്നതിനു പകരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).
12. 1971-ലെ ഭരണഘടന (ഇരുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).

(2) Any regulation so made may repeal or amend any Act made by Parliament or [1][any other law] which is for the time being applicable to the Union territory and, when promulgated by the President, shall have the same force and effect as an Act of Parliament which applies to that territory.]

241. High Courts for Union territories.—(1) Parliament may by law constitute a High Court for a [2][Union territory] or declare any court in any [3][such territory] to be a High Court for all or any of the purposes of this Constitution.

(2) The provisions of Chapter V of Part VI shall apply in relation to every High Court referred to in clause (1) as they apply in relation to a High Court referred to in article 214 subject to such modifications or exceptions as Parliament may by law provide.

[4][(3) Subject to the provisions of this Constitution and to the provisions of any law of the appropriate Legislature made by virtue of powers conferred on that Legislature by or under this Constitution, every High Court exercising jurisdiction immediately before the commencement of the Constitution (Seventh Amendment) Act, 1956, in relation to any Union territory shall continue to exercise such jurisdiction in relation to that territory after such commencement.

(4) Nothing in this article derogates from the power of Parliament to extend or exclude the jurisdiction of a High Court for a State to, or from, any Union territory or part thereof.]

242. [Coorg.] *Omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.*

---

1. Subs. by the Constitution (Twenty-seventh Amendment) Act, 1971, s.4, for "any existing law" (w.e.f. 15-2-1972).
2. Subs. by the Constitution (Seventh Amendment) Act, 1956, s.29 and Sch., for "State specified in Part C of the First Schedule".
3. Subs. by s.29 and Sch., ibid., for "such State".
4. Subs. by s.29 and Sch., ibid., for cls. (3) and (4).

(2) അപ്രകാരം ഉണ്ടാക്കിയ ഏതു റെഗുലേഷനും, ആ സമയം ആ യൂണിയൻ പ്രദേശത്തിന് ബാധകമായ, പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും ആക്റ്റിനെയോ [1][മറ്റേതെങ്കിലും നിയമത്തെയോ] റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും, രാഷ്ട്രപതി റെഗുലേഷൻ പ്രഖ്യാപിക്കുമ്പോൾ, അതിന് ആ പ്രദേശത്തിനു ബാധകമാകുന്ന പാർലമെന്റിന്റെ ഒരു ആക്റ്റിന്റെ അതേ പ്രാബല്യവും ഫലവും ഉണ്ടായിരിക്കുന്നതും ആകുന്നു.]

241. യൂണിയൻ പ്രദേശങ്ങൾക്കു ഹൈക്കോടതികൾ.—(1) പാർലമെന്റിന്, നിയമം വഴി, ഒരു [2][യൂണിയൻ പ്രദേശത്തിന്] ഒരു ഹൈക്കോടതി സംവിധാനം ചെയ്യുകയോ, [3][അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്തെ] ഏതെങ്കിലും കോടതിയെ ഈ ഭരണഘടനയുടെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഒരു ഹൈക്കോടതിയായി പ്രഖ്യാപിക്കുകയോ, ചെയ്യാവുന്നതാണ്.

(2) പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്കോ ഒഴിവാക്കലുകൾക്കോ വിധേയമായി, VI-ാം ഭാഗത്തിലെ V-ാം അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾ 214-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള ഒരു ഹൈക്കോടതിയെ സംബന്ധിച്ച് ബാധകമാകുന്നതുപോലെ, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഓരോ ഹൈക്കോടതിയെ സംബന്ധിച്ചും ബാധകമാകുന്നതാണ്.

[4][(3) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കും, സമുചിത നിയമനിർമ്മാണമണ്ഡലം, ആ നിയമനിർമ്മാണമണ്ഡലത്തിന് ഈ ഭരണഘടനയാലോ ഭരണഘടനപ്രകാരമോ നൽകിയിട്ടുള്ള അധികാരങ്ങളുടെ ബലത്തിൽ നിർമ്മിച്ച ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കും വിധേയമായി, 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഏതെങ്കിലും യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് അധികാരിത പ്രയോഗിച്ചിരുന്ന ഓരോ ഹൈക്കോടതിയും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷവും ആ പ്രദേശത്തെ സംബന്ധിച്ച് അങ്ങനെയുള്ള അധികാരിത പ്രയോഗിക്കുന്നത് തുടരേണ്ടതാണ്.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും ഒരു സംസ്ഥാനത്തെ ഹൈക്കോടതിയുടെ അധികാരിത ഏതെങ്കിലും യൂണിയൻ പ്രദേശത്തേക്കോ അതിന്റെ ഭാഗത്തേക്കോ വ്യാപിപ്പിക്കുവാനോ അതിനെ അധികാരിതയിൽ നിന്ന് ഒഴിവാക്കുവാനോ പാർലമെന്റിനുള്ള അധികാരത്തിന് ന്യൂനതവരുത്തുന്നതല്ല.]

242. [*കൂർഗ്.*] *1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.*

---

1. 1971-ലെ ഭരണഘടന (ഇരുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ"എന്നതിനു പകരം ചേർത്തത്, (15-2-1972 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ഗ ഭാഗത്ത് പറഞ്ഞിട്ടുള്ള സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ് 29-ാം വകുപ്പും പട്ടികയും പ്രകാരം "അങ്ങനെയുള്ള സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (3)-ം (4)-ം ഖണ്ഡങ്ങൾക്ക് പകരം ചേർത്തത്.

[1][PART IX

THE PANCHAYATS

243. Definitions.—In this Part, unless the context otherwise requires,—

(a) "district" means a district in a State;

(b) "Gram Sabha" means a body consisting of persons registered in the electoral rolls relating to a village comprised within the area of Panchayat at the village level;

(c) "intermediate level" means a level between the village and district levels specified by the Governor of a State by public notification to be the intermediate level for the purposes of this Part;

(d) "Panchayat" means an institution (by whatever name called) of self government constituted under article 243B, for the rural areas;

(e) "Panchayat area" means the territorial area of a Panchayat;

(f) "population" means the population as ascertained at the last preceding census of which the relevant figures have been published;

(g) "village" means a village specified by the Governor by public notification to be a village for the purposes of this Part and includes a group of villages so specified.

243A. Gram Sabha.—A Gram Sabha may exercise such powers and perform such functions at the village level as the Legislature of a State may, by law, provide.

243B. Constitution of Panchayats.—(1) There shall be constituted in every State, Panchayats at the village, intermediate and district levels in accordance with the provisions of this Part.

(2) Notwithstanding anything in clause (1), Panchayats at the intermediate level may not be constituted in a State having a population not exceeding twenty lakhs.

243C. Composition of Panchayats.—(1) Subject to the provisions of this Part, the Legislature of a State may, by law, make provisions with respect to the composition of Panchayats:

Provided that the ratio between the population of the territorial area of a Panchayat at any level and the number of seats in such Panchayat to be filled by election shall, so far as practicable, be the same throughout the State.

---

1. Ins. by the Constitution (Seventy-third Amendment) Act, 1992, s.2 (w.e.f. 24-4-1993). Original Part IX was omitted by the Constitution (Seventh Amendment) Act, 1956, s.29.

[1][ഭാഗം IX

പഞ്ചായത്തുകൾ

243. നിർവ്വചനങ്ങൾ.—ഈ ഭാഗത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ''ജില്ല'' എന്നാൽ ഒരു സംസ്ഥാനത്തിലെ ഒരു ജില്ല എന്നർത്ഥമാകുന്നു;

(ഖ) ''ഗ്രാമസഭ'' എന്നാൽ വില്ലേജുതല പഞ്ചായത്ത് പ്രദേശത്തിലുൾപ്പെട്ട ഒരു വില്ലേജ് സംബന്ധിച്ച സമ്മതിദായക പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾ ഉൾപ്പെട്ട നികായം എന്നർത്ഥമാകുന്നു;

(ഗ) ''മദ്ധ്യതലം'' എന്നാൽ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക്, വില്ലേജ് തലത്തിനും ജില്ലാ തലത്തിനുമിടയ്ക്ക് മദ്ധ്യതലമായി, പൊതു വിജ്ഞാപനം വഴി, നിർദ്ദേശിക്കുന്ന തലം എന്നർത്ഥമാകുന്നു;

(ഘ) ''പഞ്ചായത്ത്'' എന്നാൽ 243ഖ അനുച്ഛേദത്തിൻ കീഴിൽ ഗ്രാമപ്രദേശങ്ങൾക്കു വേണ്ടി രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണസ്ഥാപനം (എന്തു പേര് പറഞ്ഞാലും) എന്നർത്ഥമാകുന്നു;

(ങ) ''പഞ്ചായത്തു പ്രദേശം'' എന്നാൽ ഒരു പഞ്ചായത്തിന്റെ പ്രാദേശികാതിർത്തിയിൽപ്പെട്ട പ്രദേശം എന്നർത്ഥമാകുന്നു;

(ച) ''ജനസംഖ്യ'' എന്നാൽ തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തി തിട്ടപ്പെടുത്തിയ പ്രകാരമുള്ള ജനസംഖ്യ എന്നർത്ഥമാകുന്നു;

(ഛ) ''വില്ലേജ്'' എന്നാൽ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് ഗവർണ്ണർ പൊതു വിജ്ഞാപനം വഴി ഒരു വില്ലേജായി നിർദ്ദേശിക്കുന്ന ഒരു വില്ലേജ് എന്നർത്ഥമാകുന്നതും അതിൽ അപ്രകാരം നിർദ്ദേശിക്കുന്ന വില്ലേജുകളുടെ സമൂഹവും ഉൾപ്പെടുന്നതാകുന്നു.

243ക. ഗ്രാമസഭ.— ഒരു ഗ്രാമസഭയ്ക്ക് വില്ലേജ്തലത്തിൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നതുമാണ്.

243ഖ. പഞ്ചായത്തുകളുടെ രൂപീകരണം.— (1) ഓരോ സംസ്ഥാനത്തും വില്ലേജ് തലത്തിലും, മദ്ധ്യതലത്തിലും, ജില്ലാതലത്തിലും ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കനുസൃതമായി പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡത്തിലെന്തുതന്നെയായിരുന്നാലും, ഇരുപതു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള ഒരു സംസ്ഥാനത്ത് മദ്ധ്യതലത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല.

243ഗ. പഞ്ചായത്തുകളുടെ ഘടന.—(1) ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, പഞ്ചായത്തുകളുടെ ഘടന സംബന്ധിച്ച് വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്:

എന്നാൽ, ഏത് തലത്തിലും, ഒരു പ്രാദേശികാതിർത്തിയിൽപ്പെട്ട പ്രദേശത്തെ ജനസംഖ്യയും തെരഞ്ഞെടുപ്പു വഴി നികത്തേണ്ട അങ്ങനെയുള്ള പഞ്ചായത്തിലെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അംശബന്ധം, പ്രായോഗികമാകുന്നിടത്തോളം, സംസ്ഥാനത്തൊട്ടാകെ ഒരുപോലെയായിരിക്കേണ്ടതാണ്.

---

1. 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (24-4-1993 മുതൽ പ്രാബല്യം). 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പുപ്രകാരം ആദ്യം ഉണ്ടായിരുന്ന IX-ാം ഭാഗം വിട്ടുകളഞ്ഞു.

(2) All the seats in a Panchayat shall be filled by persons chosen by direct election from territorial constituencies in the Panchayat area and, for this purpose, each Panchayat area shall be divided into territorial constituencies in such manner that the ratio between the population of each constituency and the number of seats allotted to it shall, so far as practicable, be the same throughout the Panchayat area.

(3) The Legislature of a State may, by law, provide for the representation—

(a) of the Chairpersons of the Panchayats at the village level, in the Panchayats at the intermediate level or, in the case of a State not having Panchayats at the intermediate level, in the Panchayats at the district level;

(b) of the Chairpersons of the Panchayats at the intermediate level, in the Panchayats at the district level;

(c) of the members of the House of the People and the members of the Legislative Assembly of the State representing constituencies which comprise wholly or partly a Panchayat area at a level other than the village level, in such Panchayat;

(d) of the members of the Council of States and the members of the Legislative Council of the State, where they are registered as electors within-

(i) a Panchayat area at the intermediate level, in Panchayat at the intermediate level;

(ii) a Panchayat area at the district level, in Panchayat at the district level.

(4) The Chairperson of a Panchayat and other members of a Panchayat whether or not chosen by direct election from territorial constituencies in the Panchayat area shall have the right to vote in the meetings of the Panchayats.

(5) The Chairperson of-

(a) a Panchayat at the village level shall be elected in such manner as the Legislature of a State may, by law, provide; and

(b) a Panchayat at the intermediate level or district level shall be elected by, and from amongst, the elected members thereof.

243D. Reservation of seats.—(1) Seats shall be reserved for—

(a) the Scheduled Castes; and

(b) the Scheduled Tribes,

in every Panchayat and the number of seats so reserved shall bear, as nearly as may be, the same proportion to the total number of seats to be filled by direct election in that Panchayat as the population of the Scheduled Castes in that Panchayat area or of the Scheduled Tribes in that Panchayat area bears to the total population of that area and such seats may be allotted by rotation to different constituencies in a Panchayat.

(2) ഒരു പഞ്ചായത്തിലെ എല്ലാ സ്ഥാനങ്ങളും ആ പഞ്ചായത്തു പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി തെരഞ്ഞെടുക്കപ്പെട്ട ആളുകളെക്കൊണ്ട് നികത്തേണ്ടതും ഈ ആവശ്യത്തിന്, ഓരോ നിയോജകമണ്ഡലത്തിലെ ജനസംഖ്യയും അതിന് തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അംശബന്ധം, പ്രായോഗിക മാകുന്നിടത്തോളം, പഞ്ചായത്തു പ്രദേശമൊട്ടാകെ ഒരുപോലെയാകത്തക്കവിധം ഓരോ പഞ്ചായത്തു പ്രദേശത്തെയും പ്രാദേശികാടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതുമാണ്.

(3) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്—

(ക) മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളിൽ, വില്ലേജുതലത്തിലുള്ള പഞ്ചായത്തുകളുടെയും, അല്ലെങ്കിൽ, മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളില്ലാത്ത ഏതെങ്കിലും സംസ്ഥാനത്തിന്റെ സംഗതിയിൽ, ജില്ലാതലത്തിലുള്ള പഞ്ചായത്തുകളിലേയും ചെയർപേഴ്സൺമാരുടെയും;

(ഖ) ജില്ലാതലത്തിലുള്ള പഞ്ചായത്തുകളിൽ, മദ്ധ്യതലത്തിലുള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺമാരുടെയും;

(ഗ) വില്ലേജുതലമല്ലാത്ത തലത്തിലുള്ള പഞ്ചായത്തു പ്രദേശത്തിൽ മുഴുവനായോ ഭാഗികമായോ വ്യാപിക്കുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന അങ്ങനെയുള്ള പഞ്ചായത്തിലെ ലോകസഭയിലെ അംഗങ്ങളുടെയും സംസ്ഥാനത്തിന്റെ നിയമസഭയിലെ അംഗങ്ങളുടെയും;

(ഘ) രാജ്യസഭാംഗങ്ങളും സംസ്ഥാനത്തിന്റെ നിയമസമിതി അംഗങ്ങളും—

(i) മദ്ധ്യതലത്തിലുള്ള പഞ്ചായത്തിൽ, മദ്ധ്യതലത്തിലുള്ള ഒരു പഞ്ചായത്തു പ്രദേശത്തും;

(ii) ജില്ലാതലത്തിലുള്ള പഞ്ചായത്തിൽ, ജില്ലാതലത്തിലുള്ള പഞ്ചായത്തു പ്രദേശത്തും,

സമ്മതിദായകരായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളിടത്ത് അവരുടെയും പ്രാതിനിധ്യത്തിന്, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) ഒരു പഞ്ചായത്തിന്റെ ചെയർപേഴ്സണും പഞ്ചായത്തിന്റെ മറ്റംഗങ്ങൾക്കും, അവർ ആ പഞ്ചായത്തു പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി തെരഞ്ഞെടുക്കപ്പെട്ടവരായാലും അല്ലെങ്കിലും, ആ പഞ്ചായത്തുകളുടെ യോഗങ്ങളിൽ വോട്ട് രേഖപ്പെടുത്തുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(5) (ക) വില്ലേജ്തലത്തിലുള്ള പഞ്ചായത്തിന്റെ ചെയർപേഴ്സൺ, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രീതിയിൽ തെരഞ്ഞെടുക്കപ്പെടേണ്ടതും;

(ഖ) മദ്ധ്യതലത്തിലുള്ളതോ ജില്ലാതലത്തിലുള്ളതോ ആയ ഒരു പഞ്ചായത്തിന്റെ ചെയർപേഴ്സൺ, അതിന്റെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും, അവരുടെയിടയിൽനിന്നും തെരഞ്ഞെടുക്കപ്പെടേണ്ടതുമാണ്;

243ഘ. സ്ഥാനങ്ങൾ സംവരണം ചെയ്യൽ.—(1) ഓരോ പഞ്ചായത്തിലും—

(ക) പട്ടികജാതികൾക്കും;

(ഖ) പട്ടികഗോത്രവർഗ്ഗങ്ങൾക്കും,

സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണത്തിന് ആ പഞ്ചായത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, ആ പഞ്ചായത്തു പ്രദേശത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ ആ പഞ്ചായത്ത് പ്രദേശത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ജനസംഖ്യ, ആ പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ ഏത് അനുപാതത്തിലാണോ, കഴിയുന്നിടത്തോളം അടുത്തുവരുന്ന അതേ അനുപാതത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ആ പഞ്ചായത്തിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക്, ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(2) Not less than one-third of the total number of seats reserved under clause (1) shall be reserved for women belonging to the Scheduled Castes or, as the case may be, the Scheduled Tribes.

(3) Not less than one-third (including the number of seats reserved for women belonging to the Scheduled Castes and the Scheduled Tribes) of the total number of seats to be filled by direct election in every Panchayat shall be reserved for women and such seats may be allotted by rotation to different constituencies in a Panchayat.

(4) The offices of the Chairpersons in the Panchayats at the village or any other level shall be reserved for the Scheduled Castes, the Scheduled Tribes and women in such manner as the Legislature of a State may, by law, provide:

Provided that the number of offices of Chairpersons reserved for the Scheduled Castes and the Scheduled Tribes in the Panchayats at each level in any State shall bear, as nearly as may be, the same proportion to the total number of such offices in the Panchayats at each level as the population of the Scheduled Castes in the State or of the Scheduled Tribes in the State bears to the total population of the State:

Provided further that not less than one-third of the total number of offices of Chairpersons in the Panchayats at each level shall be reserved for women:

Provided also that the number of offices reserved under this clause shall be allotted by rotation to different Panchayats at each level.

(5) The reservation of seats under clauses (1) and (2) and the reservation of offices of Chairpersons (other than the reservation for women) under clause (4) shall cease to have effect on the expiration of the period specified in article 334.

(6) Nothing in this Part shall prevent the Legislature of a State from making any provision for reservation of seats in any Panchayat or offices of Chairpersons in the Panchayats at any level in favour of backward class of citizens.

243E. Duration of Panchayats, etc.—(1) Every Panchayat, unless sooner dissolved under any law for the time being in force, shall continue for five years from the date appointed for its first meeting and no longer.

(2) No amendment of any law for the time being in force shall have the effect of causing dissolution of a Panchayat at any level, which is functioning immediately before such amendment, till the expiration of its duration specified in clause (1).

(3) An election to constitute a Panchayat shall be completed—

(a) before the expiry of its duration specified in clause (1);

(2) (1)-ാം ഖണ്ഡത്തിൻ കീഴിൽ സംവരണം ചെയ്യുന്ന ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാതെ പട്ടികജാതികളിലോ, അതതുസംഗതിപോലെ, പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ പഞ്ചായത്തിലും നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി നികത്തേണ്ട സ്ഥാനങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാതെ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണമുൾപ്പടെ) സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു പഞ്ചായത്തിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക് ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(4) വില്ലേജുതലത്തിലോ, മറ്റേതെങ്കിലും തലത്തിലോ ഉള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺ പദവികൾ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും, സ്ത്രീകൾക്കും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സംവരണം ചെയ്യേണ്ടതാണ്:

എന്നാൽ, പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഏതെങ്കിലും സംസ്ഥാനത്ത് ഓരോ തലത്തിലുമുള്ള പഞ്ചായത്തിൽ സംവരണം ചെയ്യുന്ന ചെയർപേഴ്സൺ പദവികളുടെ എണ്ണത്തിന് ഓരോ തലത്തിലും ആ പഞ്ചായത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, സംസ്ഥാനത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗങ്ങളുടെ ജനസംഖ്യ, ആ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ ഏതനുപാതത്തിലാണോ, കഴിയുന്നിടത്തോളം അടുത്തു വരുന്ന അതേ അനുപാതത്തിലായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലെ ചെയർപേഴ്സൺ പദവികളുടെ ആകെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാത്തവ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്:

എന്നിരുന്നാലും, ഈ ഖണ്ഡത്തിൻ കീഴിൽ സംവരണം ചെയ്യുന്ന സ്ഥാനങ്ങൾ ഓരോ തലത്തിലുള്ള വിവിധ പഞ്ചായത്തുകൾക്ക് ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതാണ്.

(5) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്കുകീഴിൽ സ്ഥാനങ്ങളുടെ സംവരണവും (4)-ാം ഖണ്ഡത്തിൻ കീഴിൽ ചെയർപേഴ്സൺ പദവികളുടെ സംവരണവും (സ്ത്രീകൾക്കുള്ള സംവരണം അല്ലാത്തത്) 334-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതോടെ പ്രഭാവശൂന്യമായിത്തീരുന്നതാണ്.

(6) ഈ ഭാഗത്തിലെ യാതൊന്നും, പിന്നാക്ക വിഭാഗപൗരന്മാർക്കനുകൂലമായി ഏതെങ്കിലും പഞ്ചായത്തിൽ സ്ഥാനങ്ങളും ഏതു തലത്തിലുള്ള പഞ്ചായത്തുകളിലും ചെയർപേഴ്സൺ പദവികളും സംവരണം ചെയ്യുന്നതിനോ അല്ലെങ്കിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽ നിന്നോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെ തടയുന്നതല്ല.

243ങ. പഞ്ചായത്തുകളുടെ കാലദൈർഘ്യം മുതലായവ.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ നേരത്തെതന്നെ പിരിച്ചുവിടാത്തപക്ഷം ഓരോ പഞ്ചായത്തും, അതിന്റെ ആദ്യയോഗത്തിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷത്തേക്ക് തുടരുന്നതും അതിനപ്പുറം തുടരുന്നതല്ലാത്തതുമാകുന്നു.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിന്റെയും യാതൊരു ഭേദഗതിക്കും, അങ്ങനെയുള്ള ഭേദഗതിക്കു തൊട്ടുമുൻപ് പ്രവർത്തിച്ചിരുന്ന ഏതു തലത്തിലുള്ള പഞ്ചായത്തിന്റെയും (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ പിരിച്ചുവിടലിനു കാരണമാകുന്ന പ്രഭാവമുണ്ടായിരിക്കുന്നതല്ല.

(3) ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ്—

(ക) (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതിനുമുമ്പ്;

(b) before the expiration of a period of six months from the date of its dissolution:

Provided that where the remainder of the period for which the dissolved Panchayat would have continued is less than six months, it shall not be necessary to hold any election under this clause for constituting the Panchayat for such period.

(4) A Panchayat constituted upon the dissolution of a Panchayat before the expiration of its duration shall continue only for the remainder of the period for which the dissolved Panchayat would have continued under clause (1) had it not been so dissolved.

243F. Disqualifications for membership.—(1) A person shall be disqualified for being chosen as, and for being, a member of a Panchayat—

(a) if he is so disqualified by or under any law for the time being in force for the purposes of elections to the Legislature of the State concerned:

Provided that no person shall be disqualified on the ground that he is less than twenty-five years of age, if he has attained the age of twenty-one years;

(b) if he is so disqualified by or under any law made by the Legislature of the State.

(2) If any question arises as to whether a member of a Panchayat has become subject to any of the disqualifications mentioned in clause (1), the question shall be referred for the decision of such authority and in such manner as the Legislature of a State may, by law, provide.

243G. Powers, authority and responsibilities of Panchayats.—Subject to the provisions of this Constitution, the Legislature of a State may, by law, endow the Panchayats with such powers and authority as may be necessary to enable them to function as institutions of self-government and such law may contain provisions for the devolution of powers and responsibilities upon Panchayats at the appropriate level, subject to such conditions as may be specified therein, with respect to—

(a) the preparation of plans for economic development and social justice;

(b) the implementation of schemes for economic development and social justice as may be entrusted to them including those in relation to the matters listed in the Eleventh Schedule.

(ഖ) അതിന്റെ പിരിച്ചുവിടൽത്തീയതി മുതൽ ആറുമാസക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ്,

പൂർത്തീകരിക്കേണ്ടതാണ്:

എന്നാൽ, പിരിച്ചുവിടപ്പെട്ട പഞ്ചായത്ത് തുടരുമായിരുന്ന കാലയളവിന്റെ അവശേഷിക്കുന്ന ഭാഗം ആറുമാസത്തിൽ കുറവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള കാലയളവിലേക്ക് പഞ്ചായത്ത് രൂപീകരിക്കുന്നതിന് ഈ ഖണ്ഡത്തിൻ കീഴിൽ യാതൊരു തെരഞ്ഞെടുപ്പും നടത്തേണ്ടതില്ല.

(4) കാലദൈർഘ്യം അവസാനിക്കുന്നതിനുമുമ്പ് ഒരു പഞ്ചായത്ത് പിരിച്ചുവിട്ടതിൻമേൽ രൂപീകരിക്കപ്പെടുന്ന ഒരു പഞ്ചായത്ത് അപ്രകാരം പിരിച്ചുവിട്ടിട്ടില്ലായിരുന്നെങ്കിൽ, പിരിച്ചുവിടപ്പെട്ട പഞ്ചായത്ത് (1)-ാം ഖണ്ഡത്തിൻ കീഴിൽ ഏതു കാലയളവിലേക്ക് തുടരുമായിരുന്നുവോ, ആ കാലയളവിന്റെ അവശേഷിക്കുന്നിടത്തോളം മാത്രം തുടരുന്നതാണ്.

243ച. അംഗത്വത്തിനുള്ള അയോഗ്യതകൾ.—(1) ഏതൊരാളും—

(ക) ബന്ധപ്പെട്ട സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള ആവശ്യങ്ങൾക്ക് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെടുന്നപക്ഷം:

എന്നാൽ യാതൊരാളെയും, അയാൾക്ക് ഇരുപത്തിയൊന്നു വയസ്സു തികഞ്ഞിട്ടുണ്ടെങ്കിൽ അയാൾക്ക് ഇരുപത്തിയഞ്ചുവയസ്സിൽ കുറവേയുള്ളൂ എന്ന കാരണത്തിൻമേൽ അയോഗ്യനാക്കാവുന്നതല്ല;

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെട്ടിട്ടുള്ളപക്ഷം,

ഒരു പഞ്ചായത്തിന്റെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) ഒരു പഞ്ചായത്തിലെ ഏതെങ്കിലും അംഗം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്ന പ്രശ്നമുദിക്കുന്നപക്ഷം, ആ പ്രശ്നം ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനത്തിന്, അപ്രകാരം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വിടേണ്ടതാണ്.

243ഛ. പഞ്ചായത്തുകളുടെ അധികാരങ്ങളും, അധികാരശക്തിയും ഉത്തരവാദിത്വങ്ങളും.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, പഞ്ചായത്തുകൾ സ്വയംഭരണസ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിന്, നിയമം വഴി, ആവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും നൽകാവുന്നതും, അങ്ങനെയുള്ള നിയമത്തിൽ, അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കു വിധേയമായി—

(ക) സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതി തയ്യാറാക്കൽ;

(ഖ) അവയെ ഏൽപ്പിക്കാവുന്ന, പതിനൊന്നാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികളുൾപ്പെടെ, സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ നടപ്പാക്കൽ,

എന്നിവ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉചിതതലത്തിൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയിരിക്കാവുന്നതുമാണ്.

243H. Powers to impose taxes by, and Funds of, the Panchayats.—The Legislature of a State may, by law,—

(a) authorise a Panchayat to levy, collect and appropriate such taxes, duties, tolls and fees in accordance with such procedure and subject to such limits;

(b) assign to a Panchayat such taxes, duties, tolls and fees levied and collected by the State Government for such purposes and subject to such conditions and limits;

(c) provide for making such grants-in-aid to the Panchayats from the Consolidated Fund of the State; and

(d) provide for constitution of such Funds for crediting all moneys received, respectively, by or on behalf of the Panchayats and also for the with drawal of such moneys therefrom, as may be specified in the law.

243-I. Constitution of Finance Commission to review financial position.—(1) The Governor of a State shall, as soon as may be within one year from the commencement of the Constitution (Seventy-third Amendment) Act, 1992, and thereafter at the expiration of every fifth year, constitute a Finance Commission to review the financial position of the Panchayats and to make recommendations to the Governor as to—

(a) the principles which should govern—

(i) the distribution between the State and the Panchayats of the net proceeds of the taxes, duties, tolls and fees leviable by the State, which may be divided between them under this Part and the allocation between the Panchayats at all levels of their respective shares of such proceeds;

(ii) the determination of the taxes, duties, tolls and fees which may be assigned to, or appropriated by, the Panchayats;

(iii) the grants-in-aid to the Panchayats from the Consolidated Fund of the State;

(b) the measures needed to improve the financial position of the Panchayats;

(c) any other matter referred to the Finance Commission by the Governor in the interests of sound finance of the Panchayats.

(2) The Legislature of a State may, by law, provide for the composition of the Commission, the qualifications which shall be requisite for appointment as members thereof and the manner in which they shall be selected.

243ജ. പഞ്ചായത്തുകൾക്ക് നികുതി ചുമത്താനുള്ള അധികാരങ്ങളും പഞ്ചായത്തുകളുടെ നിധികളും.—ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന വിധം—

(ക) അങ്ങനെയുള്ള നടപടിക്രമമനുസരിച്ചും അങ്ങനെയുള്ള പരിമിതികൾക്കു വിധേയമായും അങ്ങനെയുള്ള നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഒരു പഞ്ചായത്തിനെ അധികാരപ്പെടുത്തുകയും;

(ഖ) അങ്ങനെയുള്ള ആവശ്യങ്ങൾക്കും അങ്ങനെയുള്ള നിബന്ധനകൾക്കും പരിമിതികൾക്കും വിധേയമായി പഞ്ചായത്തിന്, സംസ്ഥാന സർക്കാർ ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നീക്കിവയ്ക്കുകയും;

(ഗ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് പഞ്ചായത്തുകൾക്ക് അങ്ങനെയുള്ള ഔദ്യോഗിക സഹായധനങ്ങൾ നൽകുന്നതിനു വ്യവസ്ഥ ചെയ്യുകയും;

(ഘ) യഥാക്രമം, പഞ്ചായത്തുകളാലോ പഞ്ചായത്തുകൾക്ക് വേണ്ടിയോ സ്വീകരിക്കപ്പെടുന്ന എല്ലാ പണവും വരവ് വയ്ക്കുന്നതിന് അങ്ങനെയുള്ള നിധികൾ രൂപീകരിക്കുന്നതിനും അവയിൽ നിന്ന് അങ്ങനെയുള്ള പണം പിൻവലിക്കുന്നതിനും വ്യവസ്ഥ ചെയ്യുകയും,

ചെയ്യാവുന്നതാണ്.

243ഝ. സാമ്പത്തികസ്ഥിതി റിവ്യു ചെയ്യുന്നതിന് ധനകാര്യക്കമ്മീഷന്റെ രൂപീകരണം.—(1) ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ, ആകുന്നിടത്തോളം വേഗത്തിൽ, 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭം മുതൽ ഒരു വർഷത്തിനുള്ളിലും അതിനുശേഷം ഓരോ അഞ്ചുവർഷക്കാലം അവസാനിക്കുമ്പോഴും, പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി റിവ്യു ചെയ്യുന്നതിനും—

(ക) *(i)* സംസ്ഥാനം ചുമത്താവുന്നതും ഈ ഭാഗത്തിൻകീഴിൽ സംസ്ഥാനവും പഞ്ചായത്തുകളുമായി ഭാഗിക്കാവുന്നതുമായ നികുതികളുടെയും തീരുവകളുടെയും ചുങ്കങ്ങളുടെയും ഫീസിന്റെയും അറ്റവരവുകൾ അവ തമ്മിൽ വീതിക്കലും അങ്ങനെയുള്ള വരവുകളിൽ അതാതിനുള്ള വിഹിതങ്ങൾ എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾക്കിടയിൽ വിഭജിക്കലും;

(ii) പഞ്ചായത്തുകൾക്ക് നീക്കിവയ്ക്കാവുന്നതും അവയ്ക്ക് വിനിയോഗിക്കാവുന്നതുമായ നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നിശ്ചയിക്കലും;

(iii) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് പഞ്ചായത്തുകൾക്കുള്ള ഔദ്യോഗിക സഹായധനങ്ങളെ നിയന്ത്രിക്കുന്ന തത്വങ്ങളും;

(ഖ) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളും;

(ഗ) ഗവർണ്ണർ പഞ്ചായത്തുകളുടെ സാമ്പത്തിക ഭദ്രതയുടെ താത്പര്യങ്ങൾക്ക് ധനകാര്യക്കമ്മീഷന് വിടുന്ന മറ്റു ഏതുകാര്യവും,

സംബന്ധിച്ച് ഗവർണ്ണർക്ക് ശിപാർശകൾ സമർപ്പിക്കുന്നതിനും ധനകാര്യക്കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, കമ്മീഷന്റെ ഘടനയും അതിന്റെ അംഗങ്ങളായി നിയമിക്കപ്പെടുന്നതിനാവശ്യമായ യോഗ്യതകളും അവരെ തെരഞ്ഞെടുക്കുന്നതിനുള്ള രീതിയും സംബന്ധിച്ച് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) The Commission shall determine their procedure and shall have such powers in the performance of their functions as the Legislature of the State may, by law, confer on them.

(4) The Governor shall cause every recommendation made by the Commission under this article together with an explanatory memorandum as to the action taken thereon to be laid before the Legislature of the State.

243J. Audit of accounts of Panchayats.—The Legislature of a State may, by law, make provisions with respect to the maintenance of accounts by the Panchayats and the auditing of such accounts.

243K. Elections to the Panchayats.—(1) The superintendence, direction and control of the preparation of electoral rolls for, and the conduct of, all elections to the Panchayats shall be vested in a State Election Commission consisting of a State Election Commissioner to be appointed by the Governor.

(2) Subject to the provisions of any law made by the Legislature of a State, the conditions of service and tenure of office of the State Election Commissioner shall be such as the Governor may by rule determine:

Provided that the State Election Commissioner shall not be removed from his office except in like manner and on the like grounds as a Judge of a High Court and the conditions of service of the State Election Commissioner shall not be varied to his disadvantage after his appointment.

(3) The Governor of a State shall, when so requested by the State Election Commission, make available to the State Election Commission such staff as may be necessary for the discharge of the functions conferred on the State Election Commission by clause (1).

(4) Subject to the provisions of this Constitution, the Legislature of a State may, by law, make provision with respect to all matters relating to, or in connection with, elections to the Panchayats.

243L. Application to Union territories.—The provisions of this Part shall apply to the Union territories and shall, in their application to a Union territory, have effect as if the references to the Governor of a State were references to the Administrator of the Union territory appointed under article 239 and references to the Legislature or the Legislative Assembly of a State were references, in relation to a Union territory having a Legislative Assembly, to that Legislative Assembly:

Provided that the President may, by public notification, direct that the provisions of this Part shall apply to any Union territory or part thereof subject to such exceptions and modifications as he may specify in the notification.

(3) കമ്മീഷന് അതിന്റെ നടപടിക്രമം നിർണ്ണയിക്കാവുന്നതും അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ കമ്മീഷന് സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, അതിനു നൽകുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

(4) ഈ അനുച്ഛേദത്തിൻകീഴിൽ കമ്മീഷൻ നൽകുന്ന ഓരോ ശിപാർശയും അതിൻമേൽ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച വിശദീകരണ വിവരക്കുറിപ്പു സഹിതം ഗവർണ്ണർ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിനു മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

243ഞ. പഞ്ചായത്തുകളുടെ അക്കൗണ്ടുകളുടെ ആഡിറ്റ്.—പഞ്ചായത്തുകളുടെ അക്കൗണ്ടുകളുടെ പരിപാലനവും അങ്ങനെയുള്ള അക്കൗണ്ടുകളുടെ ആഡിറ്റും സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിയമ നിർമ്മാണമണ്ഡലത്തിന് നിയമം വഴി, വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

243ട. പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ.—(1) പഞ്ചായത്തുകളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കുമുള്ള സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിന്റെയും തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും, ഗവർണ്ണർ നിയമിക്കേണ്ട സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ അടങ്ങിയ ഒരു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവന വ്യവസ്ഥകളും ഉദ്യോഗ കാലാവധിയും ഗവർണ്ണർ ചട്ടം വഴി നിർണ്ണയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ, ഒരു ഹൈക്കോടതിയിലെ ജഡ്ജിയെ ഏതു രീതിയിലും ഏതു കാരണങ്ങളിൻമേലും ആണ് നീക്കം ചെയ്യാവുന്നത് അതേ രീതിയിലും കാരണങ്ങളിൻമേലുമല്ലാതെ, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറെ നീക്കം ചെയ്യാവുന്നതല്ലാത്തതും, നിയമനത്തിനുശേഷം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവനവ്യവസ്ഥകൾ അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്താവുന്നതല്ലാത്തതുമാകുന്നു.

(3) (1)-ാം ഖണ്ഡം സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനു നൽകുന്ന ചുമതലകളുടെ നിർവ്വഹണത്തിന്, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അഭ്യർത്ഥിക്കുമ്പോൾ, ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥഗണത്തെ ലഭ്യമാക്കേണ്ടതാണ്.

(4) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങൾക്കും, നിയമം വഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

243ഠ. യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത.— ഈ ഭാഗത്തിലെ വ്യവസ്ഥകൾ യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമാകുന്നതും ഒരു യൂണിയൻ പ്രദേശത്തിനുള്ള അവയുടെ ബാധകതയിൽ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറെക്കുറിച്ചുള്ള പരാമർശങ്ങൾ, 239-ാം അനുച്ഛേദത്തിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്ററെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെയോ നിയമസഭയെയോ സംബന്ധിച്ച പരാമർശങ്ങൾ, നിയമസഭയുള്ള ഒരു യൂണിയൻ പ്രദേശം സംബന്ധിച്ച്, ആ നിയമസഭയെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ആ വ്യവസ്ഥകൾക്കു പ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ രാഷ്ട്രപതി, പൊതുവിജ്ഞാപനം വഴി, ഈ ഭാഗത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും യൂണിയൻ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ അദ്ദേഹം പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി, ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

243M. Part not to apply to certain areas.—(1) Nothing in this Part shall apply to the Scheduled Areas referred to in clause (1), and the tribal areas referred to in clause (2), of article 244.

(2) Nothing in this Part shall apply to—

(a) the States of Nagaland, Meghalaya and Mizoram;

(b) the hill areas in the State of Manipur for which District Councils exist under any law for the time being in force.

(3) Nothing in this Part—

(a) relating to Panchayats at the district level shall apply to the hill areas of the District of Darjeeling in the State of West Bengal for which Darjeeling Gorkha Hill Council exists under any law for the time being in force;

(b) shall be construed to affect the functions and powers of the Darjeeling Gorkha Hill Council constituted under such law.

[1][(3A) Nothing in article 243D, relating to reservation of seats for the Scheduled Castes, shall apply to the State of Arunachal Pradesh.]

(4) Notwithstanding anything in this Constitution,—

(a) the Legislature of a State referred to in sub-clause (a) of clause (2) may, by law, extend this Part to that State, except the areas, if any, referred to in clause (1), if the Legislative Assembly of that State passes a resolution to that effect by a majority of the total membership of that House and by a majority of not less than two-thirds of the members of that House present and voting;

(b) Parliament may, by law, extend the provisions of this Part to the Scheduled Areas and the tribal areas referred to in clause (1) subject to such exceptions and modifications as may be specified in such law, and no such law shall be deemed to be an amendment of this Constitution for the purposes of article 368.

243N. Continuance of existing laws and Panchayats.—Notwithstanding anything in this Part, any provision of any law relating to Panchayats in force in a State immediately before the commencement of the Constitution (Seventy-third Amendment) Act, 1992, which is inconsistent with the provisions of this Part, shall continue to be in force until amended or repealed by a competent Legislature or other competent authority or until the expiration of one year from such commencement, whichever is earlier:

---

1. Ins. by the Constitution (Eighty-third Amendment) Act, 2000, s.2.

243ഡ. ചില പ്രദേശങ്ങൾക്ക് ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്.—(1) ഈ ഭാഗത്തിലെ യാതൊന്നും 244-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങൾക്കും (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങൾക്കും ബാധകമാകുന്നതല്ല.

(2) ഈ ഭാഗത്തിലെ യാതൊന്നും—

(ക) നാഗാലാൻഡ്, മേഘാലയ, മിസ്സോറാം സംസ്ഥാനങ്ങൾക്കും;

(ഖ) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ജില്ലാ കൗൺസിലുകൾ നിലവിലുള്ള മണിപ്പൂർ സംസ്ഥാനത്തെ മലമ്പ്രദേശങ്ങൾക്കും, ബാധകമാകുന്നതല്ല.

(3) ഈ ഭാഗത്തിലെ യാതൊന്നും—

(ക) ജില്ലാ തലത്തിലുള്ള പഞ്ചായത്തുകൾ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഡാർജിലിംഗ് ഗൂർഖാ ഹിൽ കൗൺസിൽ നിലവിലുള്ള പശ്ചിമബംഗാൾ സംസ്ഥാനത്തെ ഡാർജിലിംഗ് ജില്ലയിലെ മലമ്പ്രദേശങ്ങൾക്ക് ബാധകമാകുന്നതല്ല;

(ഖ) അങ്ങനെയുള്ള നിയമത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട ഡാർജിലിംഗ് ഗൂർഖാഹിൽ കൗൺസിലിന്റെ ചുമതലകളെയോ അധികാരങ്ങളെയോ ബാധിക്കുന്നതായി കരുതാൻ പാടുള്ളതല്ല.

[1][(3ക) 243ഘ അനുച്ഛേദത്തിലെ പട്ടികജാതികൾക്കുവേണ്ടിയുള്ള സ്ഥാനങ്ങളുടെ സംവരണത്തെ സംബന്ധിച്ച യാതൊന്നും അരുണാചൽ പ്രദേശ് സംസ്ഥാനത്തിന് ബാധകമാകുന്നതല്ല.]

(4) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) (2)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, ആ സംസ്ഥാനത്തിലേക്ക് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളൊഴികെ, വല്ലതുമുണ്ടെങ്കിൽ, ആ സംസ്ഥാനത്തെ നിയമസഭ, ആ സഭയുടെ ആകെ അംഗത്വത്തിൽ ഭൂരിപക്ഷത്തോടും, ആ സഭയിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടുംകൂടി ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നപക്ഷം, ഈ ഭാഗം വ്യാപിപ്പിക്കാവുന്നതാണ്;

(ഖ) പാർലമെന്റ്, നിയമം വഴി, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പ്രദേശങ്ങളിലേക്കും, ഈ ഭാഗത്തിലെ വ്യവസ്ഥകൾ, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി വ്യാപിപ്പിക്കാവുന്നതും, അങ്ങനെയുള്ള യാതൊരു നിയമവും, 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടാവുന്നതല്ല.

243ഢ. നിലവിലുള്ള നിയമങ്ങളും പഞ്ചായത്തുകളും തുടരുമെന്ന്.—ഈ ഭാഗത്തിലെന്തുതന്നെയായിരുന്നാലും, 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പഞ്ചായത്തുകളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതുമായ ഏതെങ്കിലും നിയമത്തിന്റെ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭംമുതൽ ഒരു വർഷം അവസാനിക്കുന്നതുവരെ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്:

1. 2000-ലെ ഭരണഘടന (എൺപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

Provided that all the Panchayats existing immediately before such commencement shall continue till the expiration of their duration, unless sooner dissolved by a resolution passed to that effect by the Legislative Assembly of that State or, in the case of a State having a Legislative Council, by each House of the Legislature of that State.

243-O. Bar to interference by courts in electoral matters.—Notwithstanding anything in this Constitution,—

(a) the validity of any law relating to the delimitation of constituencies or the allotment of seats to such constituencies, made or purporting to be made under article 243K, shall not be called in question in any court;

(b) no election to any Panchayat shall be called in question except by an election petition presented to such authority and in such manner as is provided for by or under any law made by the Legislature of a State.

[1][PART IXA

THE MUNICIPALITIES

243P. Definitions.—In this Part, unless the context otherwise requires,—

(a) "Committee" means a Committee constituted under article 243S;

(b) "district" means a district in a State;

(c) "Metropolitan area" means an area having a population of ten lakhs or more, comprised in one or more districts and consisting of two or more Municipalities or Panchayats or other contiguous areas, specified by the Governor by public notification to be a Metropolitan area for the purposes of this Part;

(d) "Municipal area" means the territorial area of a Municipality as is notified by the Governor;

(e) "Municipality" means an institution of self-government constituted under article 243Q;

(f) "Panchayat" means a Panchayat constituted under article 243B;

(g) "population" means the population as ascertained at the last preceding census of which the relevant figures have been published.

1. Ins. by the Constitution (Seventy-fourth Amendment) Act, 1992, s.2 (w.e.f. 1-6-1993).

എന്നാൽ, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുൻപ് നിലവിലുള്ള എല്ലാ പഞ്ചായത്തുകളും ആ സംസ്ഥാനത്തെ നിയമസഭയോ നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഓരോ സഭയും, ആ അർത്ഥത്തിൽ പാസ്സാക്കിയ പ്രമേയപ്രകാരം, നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം, അവയുടെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ തുടരുന്നതാണ്.

243ണ. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്.— ഈ ഭരണഘടനയിലെന്തുതന്നെയായിരുന്നാലും,—

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കലോ സംബന്ധിച്ച്, 243ട അനുച്ഛേദത്തിൻ കീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല;

(ഖ) ഏതെങ്കിലും പഞ്ചായത്തിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമുണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

[1] [ഭാഗം IXക

മുനിസിപ്പാലിറ്റികൾ

243ത. നിർവ്വചനങ്ങൾ.— ഈ ഭാഗത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''കമ്മിറ്റി'' എന്നാൽ 243ധ അനുച്ഛേദത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഖ) ''ജില്ല'' എന്നാൽ ഒരു സംസ്ഥാനത്തിലെ ഒരു ജില്ല എന്നർത്ഥമാകുന്നു;

(ഗ) ''മഹാനഗരപ്രദേശം'' എന്നാൽ പത്തുലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ളതും, ഒരു ജില്ലയിലോ കൂടുതൽ ജില്ലകളിലോ ഉൾപ്പെടുന്നതും, രണ്ടോ അതിൽ കൂടുതലോ മുനിസിപ്പാലിറ്റികളോ പഞ്ചായത്തുകളോ അടങ്ങിയതുമായ ഒരു പ്രദേശം അല്ലെങ്കിൽ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് ഗവർണ്ണർ, മഹാനഗരപ്രദേശമായി പൊതുവിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന മറ്റു സമീപപ്രദേശങ്ങൾ എന്നർത്ഥമാകുന്നു;

(ഘ) ''മുനിസിപ്പൽ പ്രദേശം'' എന്നാൽ ഒരു മുനിസിപ്പാലിറ്റിയുടെ, ഗവർണ്ണർ വിജ്ഞാപനം ചെയ്യുന്ന പ്രകാരമുള്ള, അധീനപ്രദേശമെന്നർത്ഥമാകുന്നു;

(ങ) ''മുനിസിപ്പാലിറ്റി'' എന്നാൽ 243ഥ അനുച്ഛേദത്തിൻകീഴിൽ രൂപീകരിക്കപ്പെടുന്നഒരു സ്വയംഭരണ സ്ഥാപനമെന്നർത്ഥമാകുന്നു;

(ച) ''പഞ്ചായത്ത്'' എന്നാൽ 243ഖ അനുച്ഛേദത്തിൻ കീഴിൽ രൂപീകരിക്കപ്പെടുന്ന ഒരു പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഛ) ''ജനസംഖ്യ'' എന്നാൽ തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ പ്രസക്ത കണക്കുകൾ പ്രസിദ്ധപ്പെടുത്തി തിട്ടപ്പെടുത്തിയ പ്രകാരമുള്ള ജനസംഖ്യ എന്നർത്ഥമാകുന്നു.

1. 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത് (1-6-1993 മുതൽ പ്രാബല്യം).

243Q. Constitution of Municipalities.—(1) There shall be constituted in every State,—

(a) a Nagar Panchayat (by whatever name called) for a transitional area, that is to say, an area in transition from a rural area to an urban area;

(b) a Municipal Council for a smaller urban area; and

(c) a Municipal Corporation for a larger urban area,

in accordance with the provisions of this Part:

Provided that a Municipality under this clause may not be constituted in such urban area or part thereof as the Governor may, having regard to the size of the area and the municipal services being provided or proposed to be provided by an industrial establishment in that area and such other factors as he may deem fit, by public notification, specify to be an industrial township.

(2) In this article, "a transitional area", "a smaller urban area" or "a larger urban area" means such area as the Governor may, having regard to the population of the area, the density of the population therein, the revenue generated for local administration, the percentage of employment in non-agricultural activities, the economic importance or such other factors as he may deem fit, specify by public notification for the purposes of this Part.

243R. Composition of Municipalities.—(1) Save as provided in clause (2), all the seats in a Municipality shall be filled by persons chosen by direct election from the territorial constituencies in the Municipal area and for this purpose each Municipal area shall be divided into territorial constituencies to be known as wards.

(2) The Legislature of a State may, by law, provide—

(a) for the representation in a Municipality of—

(i) persons having special knowledge or experience in Municipal administration;

(ii) the members of the House of the People and the members of the Legislative Assembly of the State representing constituencies which comprise wholly or partly the Municipal area;

(iii) the members of the Council of States and the members of the Legislative Council of the State registered as electors within the Municipal area;

(iv) the Chairpersons of the Committees constituted under clause (5) of article 243S:

Provided that the persons referred to in paragraph (i) shall not have the right to vote in the meetings of the Municipality;

(b) the manner of election of the Chairperson of a Municipality.

243ഥ. മുനിസിപ്പാലിറ്റികളുടെ രൂപീകരണം.—(1) ഓരോ സംസ്ഥാനത്തും,—

(ക) ഒരു പരിവർത്തക പ്രദേശത്തിന്, അതായത്, ഒരു ഗ്രാമപ്രദേശം എന്ന നിലയിൽ നിന്ന് ഒരു നഗരപ്രദേശമെന്ന നിലയിലേക്ക് പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശം, ഒരു നഗരപഞ്ചായത്തും (എന്തു പേര് പറഞ്ഞാലും);

(ഖ) ഒരു ചെറിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കൗൺസിലും;

(ഗ) ഒരു വലിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കോർപ്പറേഷനും,

ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, ഗവർണ്ണർ പൊതുവിജ്ഞാപനം വഴി, ഏതെങ്കിലും പ്രദേശത്തിന്റെ വ്യാപ്തിയും ആ പ്രദേശത്തുള്ള ഏതെങ്കിലും വ്യാവസായിക സ്ഥാപനം നല്കുന്നതോ നൽകാൻ ഉദ്ദേശിക്കുന്നതോ ആയ മുനിസിപ്പൽ സേവനങ്ങളും, അദ്ദേഹം യുക്തമെന്നു കരുതുന്ന മറ്റു സംഗതികളും കണക്കിലെടുത്തുകൊണ്ട്, ഒരു വ്യാവസായികപട്ടണമായി നിർദ്ദശിക്കാവുന്ന നഗരപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ ഖണ്ഡത്തിൻകീഴിൽ ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കാവുന്നതല്ല.

(2) ഈ അനുച്ഛേദത്തിൽ ഒരു ''പരിവർത്തക പ്രദേശം'', ''ഒരു ചെറിയ നഗരപ്രദേശം'' അല്ലെങ്കിൽ ''ഒരു വലിയ നഗരപ്രദേശം'' എന്നാൽ ആ പ്രദേശത്തെ ജനസംഖ്യയും അവിടത്തെ ജനസാന്ദ്രതയും തദ്ദേശസ്വയംഭരണത്തിന് ഉളവാകുന്ന റവന്യൂവും കാർഷികേതര പ്രവർത്തനങ്ങളിലുള്ള തൊഴിൽ ശതമാനവും, സാമ്പത്തിക പ്രാധാന്യവും അല്ലെങ്കിൽ യുക്തമെന്ന് അദ്ദേഹം കരുതുന്ന മറ്റു സംഗതികളും കണക്കിലെടുത്തുകൊണ്ട്, ഗവർണ്ണർ ഈ ഭാഗത്തിന്റെ ആവശ്യങ്ങൾക്ക് പൊതുവിജ്ഞാപനം വഴി, നിർദ്ദേശിക്കാവുന്ന പ്രദേശമെന്നർത്ഥമാകുന്നു.

243ദ മുനിസിപ്പാലിറ്റികളുടെ ഘടന.—(1) (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, മുനിസിപ്പാലിറ്റിയിലെ എല്ലാ സ്ഥാനങ്ങളും മുനിസിപ്പൽ പ്രദേശത്തെ പ്രാദേശിക നിയോജകമണ്ഡലങ്ങളിൽനിന്ന് നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി തെരഞ്ഞെടുക്കപ്പെടുന്ന ആളുകളെക്കൊണ്ട് നികത്തേണ്ടതും, ഈ ആവശ്യത്തിന് ഓരോ മുനിസിപ്പൽ പ്രദേശവും, വാർഡുകളെന്നറിയപ്പെടേണ്ട പ്രാദേശിക നിയോജകമണ്ഡലങ്ങളായി വിഭജിക്കേണ്ടതുമാണ്.

(2) ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി —

(ക) ഒരു മുനിസിപ്പാലിറ്റിയിൽ—

(i) മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമോ പരിചയമോ ഉള്ള ആളുകളുടെയും;

(ii) മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന ലോകസഭാംഗങ്ങളുടെയും നിയമസഭാംഗങ്ങളുടെയും;

(iii) മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ള രാജ്യസഭാംഗങ്ങളുടെയും സംസ്ഥാനത്തെ നിയമസമിതിയിലെ അംഗങ്ങളുടെയും;

(iv) 243ധ അനുച്ഛേദം (5)-ാം ഖണ്ഡത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികളിലെ ചെയർപേഴ്സൺമാരുടെയും പ്രാതിനിധ്യത്തിനും:

എന്നാൽ, (i)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളയാളുകൾക്ക് മുനിസിപ്പാലിറ്റിയുടെ യോഗങ്ങളിൽ വോട്ടു ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ല;

(ഖ) ഒരു മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സനെ തെരഞ്ഞെടുക്കുന്നതിനുള്ള രീതിക്കും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

243S. Constitution and composition of Wards Committees, etc.—(1) There shall be constituted Wards Committees, consisting of one or more wards, within the territorial area of a Municipality having a population of three lakhs or more.

(2) The Legislature of a State may, by law, make provision with respect to—

(a) the composition and the territorial area of a Wards Committee;

(b) the manner in which the seats in a Wards Committee shall be filled.

(3) A member of a Municipality representing a ward within the territorial area of the Wards Committee shall be a member of that Committee.

(4) Where a Wards Committee consists of—

(a) one ward, the member representing that ward in the Municipality; or

(b) two or more wards, one of the members representing such wards in the Municipality elected by the members of the Wards Committee, shall be the Chairperson of that Committee.

(5) Nothing in this article shall be deemed to prevent the Legislature of a State from making any provision for the constitution of Committees in addition to the Wards Committees.

243T. Reservation of seats.—(1) Seats shall be reserved for the Scheduled Castes and the Scheduled Tribes in every Municipality and the number of seats so reserved shall bear, as nearly as may be, the same proportion to the total number of seats to be filled by direct election in that Municipality as the population of the Scheduled Castes in the Municipal area or of the Scheduled Tribes in the Municipal area bears to the total population of that area and such seats may be allotted by rotation to different constituencies in a Municipality.

(2) Not less than one-third of the total number of seats reserved under clause (1) shall be reserved for women belonging to the Scheduled Castes or, as the case may be, the Scheduled Tribes.

(3) Not less than one-third (including the number of seats reserved for women belonging to the Scheduled Castes and the Scheduled Tribes) of the total number of seats to be filled by direct election in every Municipality shall be reserved for women and such seats may be allotted by rotation to different constituencies in a Municipality.

(4) The offices of Chairpersons in the Municipalities shall be reserved for the Scheduled Castes, the Scheduled Tribes and women in such manner as the Legislature of a State may, by law, provide.

(5) The reservation of seats under clauses (1) and (2) and the reservation of offices of Chairpersons (other than the reservation for women) under clause (4) shall cease to have effect on the expiration of the period specified in article 334.

243ധ. വാർഡുകമ്മിറ്റികൾ മുതലായവയുടെ രൂപീകരണവും ഘടനയും.—(1) മൂന്നുലക്ഷമോ അതിൽ കൂടതലോ ജനസംഖ്യയുള്ള ഒരു മുനിസിപ്പാലിറ്റിയുടെ അധീനപ്രദേശത്ത് ഒന്നോ അതിൽ കൂടുതലോ വാർഡുകൾ അടങ്ങിയ വാർഡുകമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം—

(ക) ഒരു വാർഡ്കമ്മിറ്റിയുടെ ഘടനയും അധീനപ്രദേശവും;

(ഖ) ഒരു വാർഡ്കമ്മിറ്റിയിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതിയും,

സംബന്ധിച്ച്, നിയമം വഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

(3) ഒരു വാർഡ്കമ്മിറ്റിയുടെ അധീനപ്രദേശത്തിനകത്തുള്ള ഒരു വാർഡിനെ പ്രതിനിധാനം ചെയ്യുന്ന ഒരു മുനിസിപ്പാലിറ്റിയിലെ ഒരംഗം, ആ കമ്മിറ്റിയിലെ അംഗമായിരിക്കുന്നതാണ്.

(4) ഒരു വാർഡുകമ്മിറ്റിയിൽ—

(ക) ഒരു വാർഡ് അടങ്ങിയിട്ടുള്ളിടത്ത്, മുനിസിപ്പാലിറ്റിയിൽ ആ വാർഡിനെ പ്രതിനിധാനം ചെയ്യുന്ന അംഗം; അല്ലെങ്കിൽ

(ഖ) രണ്ടോ അതിൽ കൂടുതലോ വാർഡുകളടങ്ങിയിട്ടുള്ളിടത്ത്, മുനിസിപ്പാലിറ്റിയിൽ അങ്ങനെയുള്ള വാർഡുകളെ പ്രതിനിധാനം ചെയ്യുന്നവരും വാർഡുകമ്മിറ്റിയംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരുമായ അംഗങ്ങളിലൊരാൾ,

ആ കമ്മിറ്റിയുടെ ചെയർപേഴ്സണായിരിക്കുന്നതാണ്.

(5) ഈ അനുച്ഛേദത്തിലെ യാതൊന്നും, വാർഡുകമ്മിറ്റികൾക്ക് പുറമെയുള്ള കമ്മിറ്റികൾ രൂപീകരിക്കാൻ ഏതെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽ നിന്ന് ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തെ തടസ്സപ്പെടുത്തുന്നതായി കരുതപ്പെടാവുന്നതല്ല.

243ന. സ്ഥാനങ്ങൾ സംവരണം ചെയ്യൽ.—(1) ഓരോ മുനിസിപ്പാലിറ്റിയിലും പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യണ്ടേതും അപ്രകാരം സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ എണ്ണത്തിന് ആ മുനിസിപ്പാലിറ്റിയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട ആകെ സ്ഥാനങ്ങളുടെ എണ്ണവുമായുള്ള അനുപാതം, ആ മുനിസിപ്പൽ പ്രദേശത്തെ പട്ടികജാതികളുടെ അല്ലെങ്കിൽ ആ മുനിസിപ്പൽ പ്രദേശത്തെ പട്ടികഗോത്ര വർഗ്ഗങ്ങളുടെ ജനസംഖ്യ, ആ പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ ഏത് അനുപാതത്തിലാണോ, കഴിയുന്നിടത്തോളം അടുത്തുവരുന്ന അതേ അനുപാതത്തിലായിരിക്കേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു മുനിസിപ്പാലിറ്റിയിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക്, ആവർത്തനക്രമമനുസരിച്ച് തിരിച്ചുവയ്ക്കേണ്ടതുമാകുന്നു.

(2) (1)-ാം ഖണ്ഡത്തിൻകീഴിൽ സംവരണം ചെയ്യുന്ന സ്ഥാനങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാത്തവ പട്ടികജാതികളിലോ, അതതുസംഗതിപോലെ, പട്ടികഗോത്ര വർഗ്ഗങ്ങളിലോ ഉൾപ്പെടുന്ന സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ മുനിസിപ്പാലിറ്റിയിലും നേരിട്ടുള്ള തെരഞ്ഞെടുപ്പുവഴി നികത്തേണ്ട സ്ഥാനങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കുറയാത്തവ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണമുൾപ്പെടെ) സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും അങ്ങനെയുള്ള സ്ഥാനങ്ങൾ ഒരു മുനിസിപ്പാലിറ്റിയിലെ വിവിധ നിയോജകമണ്ഡലങ്ങൾക്ക് ആവർത്തനക്രമത്തിൽ തിരിച്ചുവയ്ക്കേണ്ടതുമാണ്.

(4) മുനിസിപ്പാലിറ്റികളിൽ ചെയർപേഴ്സൺ പദവി പട്ടികജാതികൾക്കും പട്ടികഗോത്ര വർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള രീതിയിൽ സംവരണം ചെയ്യേണ്ടതാണ്.

(5) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്ക് കീഴിലുള്ള സ്ഥാനങ്ങളുടെ സംവരണവും (4)-ാം ഖണ്ഡത്തിൻകീഴിലുള്ള ചെയർപേഴ്സൺ പദവിയുടെ സംവരണവും (സ്ത്രീകൾക്കുള്ള സംവരണമല്ലാത്തത്) 334-ാം അനുച്ഛേദത്തിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതോടെ പ്രഭാവരഹിതമായിത്തീരുന്നതാണ്.

(6) Nothing in this Part shall prevent the Legislature of a State from making any provision for reservation of seats in any Municipality or offices of Chairpersons in the Municipalities in favour of backward class of citizens.

243U. Duration of Municipalities, etc.—(1) Every Municipality, unless sooner dissolved under any law for the time being in force, shall continue for five years from the date appointed for its first meeting and no longer:

Provided that a Municipality, shall be given a reasonable opportunity of being heard before its dissolution.

(2) No amendment of any law for the time being in force shall have the effect of causing dissolution of a Municipality at any level, which is functioning immediately before such amendment, till the expiration of its duration specified in clause (1).

(3) An election to constitute a Municipality shall be completed,—

(a) before the expiry of its duration specified in c!ause (1);

(b) before the expiration of a period of six months from the date of its dissolution:

Provided that where the remainder of the period for which the dissolved Municipality would have continued is less than six months, it shall not be necessary to hold any election under this clause for constituting the Municipality for such period.

(4) A Municipality constituted upon the dissolution of a Municipality before the expiration of its duration shall continue only for the remainder of the period for which the dissolved Municipality would have continued under clause (1) had it not been so dissolved.

243V. Disqualifications for membership.—(1) A person shall be disqualified for being chosen as, and for being, a member of a Municipality—

(a) if he is so disqualified by or under any law for the time being in force for the purposes of elections to the Legislature of the State concerned:

Provided that no person shall be disqualified on the ground that he is less than twenty-five years of age, if he has attained the age of twenty-one years;

(b) if he is so disqualified by or under any law made by the Legislature of the State.

(2) If any question arises as to whether a member of a Municipality has become subject to any of the disqualifications mentioned in clause (1), the question shall be referred for the decision of such authority and in such manner as the Legislature of a State may, by law, provide.

(6) ഈ ഭാഗത്തിലെ യാതൊന്നും, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പൗരന്മാർക്കനുകൂലമായി ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ സ്ഥാനങ്ങളും അല്ലെങ്കിൽ മുനിസിപ്പാലിറ്റികളിൽ ചെയർപേഴ്സൺ പദവിയും സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽനിന്ന് ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെ തടയുന്നതല്ല.

243പ. മുനിസിപ്പാലിറ്റികളുടെ കാലദൈർഘ്യം മുതലായവ.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം ഓരോ മുനിസിപ്പാലിറ്റിയും, അതിന്റെ ആദ്യ യോഗത്തിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷത്തേക്ക് തുടരുന്നതും അതിനപ്പുറം തുടരുന്നതല്ലാത്തതുമാകുന്നു:

എന്നാൽ, പിരിച്ചുവിടുന്നതിന് മുമ്പ് മുനിസിപ്പാലിറ്റിക്ക്, കേൾക്കപ്പെടുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിന്റെയും യാതൊരു ഭേദഗതിക്കും, അങ്ങനെയുള്ള ഭേദഗതിക്ക് തൊട്ടുമുമ്പ് പ്രവർത്തിച്ചിരുന്ന, ഏതു തലത്തിലുമുള്ള മുനിസിപ്പാലിറ്റിയുടെയും, (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ, പിരിച്ചുവിടലിന് കാരണമാകുന്ന പ്രഭാവമുണ്ടായിരിക്കുന്നതല്ല.

(3) ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ്,—

(ക) (1)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ കാലദൈർഘ്യം അവസാനിക്കുന്നതിന് മുമ്പ്;

(ഖ) അതിന്റെ പിരിച്ചുവിടൽ തീയതി മുതൽ ആറുമാസക്കാലയളവ് അവസാനിക്കുന്നതിന് മുമ്പ്,

പൂർത്തീകരിക്കേണ്ടതാണ്:

എന്നാൽ, പിരിച്ചുവിടപ്പെട്ട മുനിസിപ്പാലിറ്റി തുടരുമായിരുന്ന കാലയളവിന്റെ അവശേഷിക്കുന്ന ഭാഗം ആറുമാസത്തിൽ കുറവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള കാലയളവിലേക്ക് മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിന് ഈ ഖണ്ഡത്തിൻകീഴിൽ യാതൊരു തെരഞ്ഞെടുപ്പും നടത്തേണ്ടതില്ല.

(4) കാലദൈർഘ്യം അവസാനിക്കുന്നതിന് മുമ്പ് ഒരു മുനിസിപ്പാലിറ്റി പിരിച്ചുവിടപ്പെട്ടതിൻമേൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റി, അപ്രകാരം അതു പിരിച്ചുവിടപ്പെട്ടില്ലായിരുന്നുവെങ്കിൽ, പിരിച്ചുവിടപ്പെട്ട മുനിസിപ്പാലിറ്റി (1)-ാം ഖണ്ഡത്തിൻകീഴിൽ ഏതു കാലയളവിലേക്ക് തുടരുമായിരുന്നുവോ, ആ കാലയളവിന്റെ അവശേഷിക്കുന്നിടത്തോളം മാത്രം തുടരുന്നതാണ്.

243ഫ. അംഗത്വത്തിനുള്ള അയോഗ്യതകൾ.—(1) ഏതൊരാളും—

(ക) ബന്ധപ്പെട്ട സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള ആവശ്യങ്ങൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻ കീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെടുന്നപക്ഷം:

എന്നാൽ യാതൊരാളെയും, അയാൾക്ക് ഇരുപത്തിയൊന്ന് വയസ്സ് തികഞ്ഞിട്ടുണ്ടെങ്കിൽ, അയാൾക്ക് ഇരുപത്തിയഞ്ചു വയസ്സിൽ കുറവേയുള്ളു എന്ന കാരണത്തിൻമേൽ, അയോഗ്യനാക്കാവുന്നതല്ല;

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ അപ്രകാരം അയോഗ്യനാക്കപ്പെട്ടിട്ടുള്ള പക്ഷം, ഒരു മുനിസിപ്പാലിറ്റിയുടെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) ഒരു മുനിസിപ്പാലിറ്റിയിലെ ഏതെങ്കിലും അംഗം, (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിട്ടുണ്ടോ എന്ന പ്രശ്നമുദിക്കുന്നപക്ഷം, ആ പ്രശ്നം ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനത്തിന്, അപ്രകാരം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വിടേണ്ടതാണ്.

243W. Powers, authority and responsibilities of Municipalities, etc.— Subject to the provisions of this Constitution, the Legislature of a State may, by law, endow—

(a) the Municipalities with such powers and authority as may be necessary to enable them to function as institutions of self-government and such law may contain provisions for the devolution of powers and responsibilities upon Municipalities, subject to such conditions as may be specified therein, with respect to—

(i) the preparation of plans for economic development and social justice;

(ii) the performance of functions and the implementation of schemes as may be entrusted to them including those in relation to the matters listed in the Twelfth Schedule;

(b) the Committees with such powers and authority as may be necessary to enable them to carry out the responsibilities conferred upon them including those in relation to the matters listed in the Twelfth Schedule.

243X. Power to impose taxes by, and Funds of, the Municipalities.— The Legislature of a State may, by law,—

(a) authorise a Municipality to levy, collect and appropriate such taxes, duties, tolls and fees in accordance with such procedure and subject to such limits;

(b) assign to a Municipality such taxes, duties, tolls and fees levied and collected by the State Government for such purposes and subject to such conditions and limits;

(c) provide for making such grants-in-aid to the Municipalities from the Consolidated Fund of the State; and

(d) provide for constitution of such Funds for crediting all moneys received, respectively, by or on behalf of the Municipalities and also for the withdrawal of such moneys therefrom,

as may be specified in the law.

243Y. Finance Commission.—(1) The Finance Commission constituted under article 243-I shall also review the financial position of the Municipalities and make recommendations to the Governor as to—

(a) the principles which should govern—

(i) the distribution between the State and the Municipalities of the net proceeds of the taxes, duties, tolls and fees leviable by the State, which may be divided between them under this Part and the allocation between the Municipalities at all levels of their respective shares of such proceeds;

243ബ. മുനിസിപ്പാലിറ്റികൾ മുതലായവയുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്വങ്ങളും.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി—

(ക) മുനിസിപ്പാലിറ്റികൾ സ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ അവയെ പ്രാപ്തമാക്കുന്നതിനാവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും നൽകാവുന്നതും അങ്ങനെയുള്ള നിയമത്തിൽ, അതിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി—

(i) സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും പദ്ധതികൾ തയ്യാറാക്കലും;

(ii) അവയെ ഏൽപ്പിക്കാവുന്ന, പന്ത്രണ്ടാം പട്ടികയിൽ എണ്ണിപ്പറഞ്ഞിട്ടുള്ള സംഗതികൾ സംബന്ധിച്ചവയുൾപ്പെടെയുള്ള ചുമതലകളുടെ നിർവ്വഹണവും പദ്ധതികളുടെ നടപ്പാക്കലും,

സംബന്ധിച്ച് മുനിസിപ്പാലിറ്റികൾക്ക് അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതും;

(ഖ) പന്ത്രണ്ടാം പട്ടികയിൽ എണ്ണിപ്പറഞ്ഞിട്ടുള്ള സംഗതികൾ സംബന്ധിച്ചുള്ളവയുൾപ്പെടെ, കമ്മിറ്റികൾക്ക് നൽകപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് അവയെ പ്രാപ്തമാക്കുന്നതിനാവശ്യമായ അങ്ങനെയുള്ള അധികാരങ്ങളും അധികാരശക്തിയും കമ്മിറ്റികൾക്കു നൽകാവുന്നതും,

ആണ്.

243ഭ. മുനിസിപ്പാലിറ്റികൾക്ക് നികുതി ചുമത്താനുള്ള അധികാരവും മുനിസിപ്പാലിറ്റികളുടെ നിധികളും.—ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി, ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന—

(ക) അങ്ങനെയുള്ള നടപടിക്രമമനുസരിച്ചും അങ്ങനെയുള്ള പരിധികൾക്കു വിധേയമായും നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും ചുമത്തുന്നതിനും വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഒരു മുനിസിപ്പാലിറ്റിയെ അധികാരപ്പെടുത്തുകയും;

(ഖ) സംസ്ഥാന സർക്കാർ ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്ന അങ്ങനെയുള്ള നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും അങ്ങനെയുള്ള ആവശ്യങ്ങൾക്കും അങ്ങനെയുള്ള നിബന്ധനകൾക്കും പരിധികൾക്കും വിധേയമായും ഒരു മുനിസിപ്പാലിറ്റിക്ക് നീക്കിവയ്ക്കുകയും;

(ഗ) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് മുനിസിപ്പാലിറ്റികൾക്ക് അങ്ങനെയുള്ള ഔദ്യോഗിക സഹായധനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുകയും;

(ഘ) യഥാക്രമം, മുനിസിപ്പാലിറ്റികളാലോ മുനിസിപ്പാലിറ്റികൾക്കു വേണ്ടിയോ സ്വീകരിക്കപ്പെടുന്ന എല്ലാ തുകകളും വരവുവയ്ക്കുന്നതിന് നിധികൾ ഏർപ്പെടുത്തുന്നതിനും അവയിൽനിന്ന് അങ്ങനെയുള്ള തുകകൾ പിൻവലിക്കുന്നതിനുകൂടിയും വ്യവസ്ഥ ചെയ്യുകയും,

ചെയ്യാവുന്നതാണ്.

243മ. ധനകാര്യക്കമ്മീഷൻ.—(1) 243ഝ അനുച്ഛേദത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട ധനകാര്യക്കമ്മീഷൻ മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി കൂടി പുനഃപരിശോധിക്കേണ്ടതും—

(ക) (i) സംസ്ഥാനം ചുമത്താവുന്നതും ഈ ഭാഗത്തിൻകീഴിൽ സംസ്ഥാനവും മുനിസിപ്പാലിറ്റികളുമായി പങ്കിടാവുന്നതുമായ നികുതികളുടെയും തീരുവകളുടെയും ചുങ്കങ്ങളുടെയും ഫീസിന്റെയും അറ്റവരവുകൾ അവ തമ്മിൽ വീതിക്കലും അങ്ങനെയുള്ള വരവുകളിൽ അതാതിനുള്ള വിഹിതങ്ങൾ എല്ലാതലങ്ങളിലുമുള്ള മുനിസിപ്പാലിറ്റികൾക്കിടയിൽ വിഭജിക്കലും;

(ii) the determination of the taxes, duties, tolls and fees which may be assigned to, or appropriated by, the Municipalities;

(iii) the grants-in-aid to the Municipalities from the Consolidated Fund of the State;

(b) the measures needed to improve the financial position of the Municipalities;

(c) any other matter referred to the Finance Commission by the Governor in the interests of sound finance of the Municipalities.

(2) The Governor shall cause every recommendation made by the Commission under this article together with an explanatory memorandum as to the action taken thereon to be laid before the Legislature of the State.

243Z. Audit of Accounts of Municipalities.— The Legislature of a State may, by law, make provisions with respect to the maintenance of accounts by the Municipalities and the auditing of such accounts.

243ZA. Elections to the Municipalities.—(1) The superintendence, direction and control of the preparation of electoral rolls for, and the conduct of, all elections to the Municipalities shall be vested in the State Election Commission referred to in article 243K.

(2) Subject to the provisions of this Constitution, the Legislature of a State may, by law, make provision with respect to all matters relating to, or in connection with, elections to the Municipalities.

243ZB. Application to Union territories.—The provisions of this Part shall apply to the Union territories and shall, in their application to a Union territory, have effect as if the references to the Governor of a State were references to the Administrator of the Union territory appointed under article 239 and references to the Legislature or the Legislative Assembly of a State were references in relation to a Union territory having a Legislative Assembly, to that Legislative Assembly:

Provided that the President may, by public notification, direct that the provisions of this Part shall apply to any Union territory or part thereof subject to such exceptions and modifications as he may specify in the notification.

243ZC. Part not to apply to certain areas.—(1) Nothing in this Part shall apply to the Scheduled Areas referred to in clause (1), and the tribal areas referred to in clause (2), of article 244.

(2) Nothing in this Part shall be construed to affect the functions and powers of the Darjeeling Gorkha Hill Council constituted under any law for the time being in force for the Hill areas of the district of Darjeeling in the State of West Bengal.

(ii) മുനിസിപ്പാലിറ്റികൾക്ക് നീക്കിവയ്ക്കാവുന്നതും അവ വിനിയോഗിക്കാവുന്നതുമായ നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസും നിശ്ചയിക്കലും;

(iii) സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് മുനിസിപ്പാലിറ്റികൾക്കുള്ള ഔദ്യോഗിക സഹായധനങ്ങളും നിയന്ത്രിക്കുന്ന തത്വങ്ങളും;

(ഖ) മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ;

(ഗ) ഗവർണ്ണർ മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക ഭദ്രതയുടെ താത്പര്യങ്ങൾക്ക് ധനകാര്യക്കമ്മീഷനു വിടുന്ന മറ്റേതു കാര്യവും,

സംബന്ധിച്ച് ഗവർണ്ണർക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

(2) ഈ അനുച്ഛേദത്തിൻകീഴിൽ കമ്മീഷൻ നൽകുന്ന ഓരോ ശിപാർശയും അതിൻ മേലെടുത്തിട്ടുള്ള നടപടി സംബന്ധിച്ച് വിശദീകരണ വിവരക്കുറിപ്പ് സഹിതം, ഗവർണ്ണർ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിനു മുൻപാകെ വയ്പിക്കേണ്ടതാണ്.

243യ. മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ ആഡിറ്റ്.— മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ പരിപാലനവും അങ്ങനെയുള്ള അക്കൗണ്ടുകളുടെ ആഡിറ്റും സംബന്ധിച്ച് ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

243യ ക. മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ.—(1) മുനിസിപ്പാലിറ്റികളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കുമുള്ള സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിന്റെയും തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിന്റെയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും 243ട അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ കാര്യങ്ങൾക്കും, നിയമം വഴി, വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

243യ ഖ. യൂണിയൻ പ്രദേശങ്ങൾക്കുള്ള ബാധകത.— ഈ ഭാഗത്തിലെ വ്യവസ്ഥകൾ യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമാകുന്നതും ഒരു യൂണിയൻ പ്രദേശത്തിനുള്ള അവയുടെ ബാധകതയിൽ, ഒരു സംസ്ഥാനത്തെ ഗവർണ്ണറെക്കുറിച്ചുള്ള പരാമർശങ്ങൾ, 239-ാം അനുച്ഛേദത്തിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്ററെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തെയോ നിയമസഭയെയോ സംബന്ധിച്ച പരാമർശങ്ങൾ, നിയമസഭയുള്ള ഒരു യൂണിയൻ പ്രദേശം സംബന്ധിച്ച്, ആ നിയമസഭയെക്കുറിച്ചുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെയും, ആ വ്യവസ്ഥകൾക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, രാഷ്ട്രപതി, പൊതുവിജ്ഞാപനം വഴി, ഈ ഭാഗത്തിലെ വ്യവസ്ഥകൾ, ഏതെങ്കിലും യൂണിയൻ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ, അദ്ദേഹം പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും, രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി ബാധകമാകുന്നതാണെന്നു നിർദ്ദേശിക്കാവുന്നതാണ്.

243യ ഗ. ചില പ്രദേശങ്ങൾക്ക് ഈ ഭാഗം ബാധകമാകുന്നതല്ലെന്ന്.— (1) ഈ ഭാഗത്തിലെ യാതൊന്നും 244-ാം അനുച്ഛേദം, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങൾക്കും (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങൾക്കും ബാധകമാകുന്നതല്ല.

(2) ഈ ഭാഗത്തിലെ യാതൊന്നും പശ്ചിമ ബംഗാൾ സംസ്ഥാനത്തെ ഡാർജിലിംഗ് ജില്ലയിലെ മലമ്പ്രദേശങ്ങളിൽ തൽസമയം നിലവിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട ഡാർജിലിംഗ് ഗൂർഖാ ഹിൽ കൗൺസിലിന്റെ ചുമതലകളെയും അധികാരങ്ങളെയും ബാധിക്കുന്നതായി കണക്കാക്കാൻ പാടുള്ളതല്ല.

(3) Notwithstanding anything in this Constitution, Parliament may, by law, extend the provisions of this Part to the Scheduled Areas and the tribal areas referred to in clause (1) subject to such exceptions and modifications as may be specified in such law, and no such law shall be deemed to be an amendment of this Constitution for the purposes of article 368.

243ZD. Committee for District Planning.—(1) There shall be constituted in every State at the district level a District Planning Committee to consolidate the plans prepared by the Panchayats and the Municipalities in the district and to prepare a draft development plan for the district as a whole.

(2) The Legislature of a State may, by law, make provision with respect to—

(a) the composition of the District Planning Committees;

(b) the manner in which the seats in such Committees shall be filled:

Provided that not less than four-fifths of the total number of members of such Committee shall be elected by, and from amongst, the elected members of the Panchayat at the district level and of the Municipalities in the district in proportion to the ratio between the population of the rural areas and of the urban areas in the district;

(c) the functions relating to district planning which may be assigned to such Committees;

(d) the manner in which the Chairpersons of such Committees shall be chosen.

(3) Every District Planning Committee shall, in preparing the draft development plan,—

(a) have regard to—

(i) matters of common interest between the Panchayats and the Municipalities including spatial planning, sharing of water and other physical and natural resources, the integrated development of infrastructure and environmental conservation;

(ii) the extent and type of available resources whether financial or otherwise;

(b) consult such institutions and organisations as the Governor may, by order, specify.

(4) The Chairperson of every District Planning Committee shall forward the development plan, as recommended by such Committee, to the Government of the State.

***243ZE. Committee for Metropolitan planning.**—(1) There shall be constituted in every Metropolitan area a Metropolitan Planning Committee to prepare a draft development plan for the Metropolitan area as a whole.

(2) The Legislature of a State may, by law, make provision with respect to—

(a) the composition of the Metropolitan Planning Committees;

(b) the manner in which the seats in such Committees shall be filled:

* The provisions of article 243 ZE shall not apply to the National Capital Territory of Delhi, vide S. O. 1125 (E), dated 12th November, 2001.

(3) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റ് നിയമം വഴി, അങ്ങനെയുള്ള നിയമത്തിൽ നിർദ്ദേശിക്കാവുന്ന ഒഴിവാക്കലുകൾക്കും, രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി ഈ ഭാഗത്തിലെ വ്യവസ്ഥകൾ (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള പട്ടിക പ്രദേശങ്ങളിലേക്കും ഗോത്രവർഗ്ഗപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതും അങ്ങനെയുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതാൻ പാടില്ലാത്തതുമാകുന്നു.

243യ ഘ. ജില്ലാ ആസൂത്രണത്തിനുള്ള കമ്മിറ്റി.— (1) ഓരോ സംസ്ഥാനത്തും ജില്ലാതലത്തിൽ, ആ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്കു മുഴുവനായിട്ടുള്ള വികസന പദ്ധതിയുടെ ഒരു കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണക്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി,—

(ക) ജില്ലാ ആസൂത്രണക്കമ്മിറ്റികളുടെ ഘടന;

(ഖ) അങ്ങനെയുള്ള കമ്മിറ്റികളിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതി:

എന്നാൽ, അങ്ങനെയുള്ള കമ്മിറ്റിയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിൽ അഞ്ചിൽ നാലിൽ കുറയാത്ത അംഗങ്ങൾ ജില്ലാതലത്തിലുള്ള പഞ്ചായത്തിലെയും ജില്ലയിലെ മുനിസിപ്പാലിറ്റികളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും അവരുടെയിടയിൽനിന്നും ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും, ജനസംഖ്യകൾ തമ്മിലുള്ള അംശബന്ധത്തിന് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ഗ) അങ്ങനെയുള്ള കമ്മിറ്റികൾക്ക് നീക്കിവയ്ക്കാവുന്ന ജില്ലാ ആസൂത്രണം സംബന്ധിച്ച ചുമതലകൾ;

(ഘ) അങ്ങനെയുള്ള കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുക്കുന്നതിനുള്ള രീതി,

എന്നിവ സംബന്ധിച്ച വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

(3) ഓരോ ജില്ലാ ആസൂത്രണ കമ്മിറ്റിയും കരട് വികസന പദ്ധതി തയ്യാറാക്കുന്നതിൽ—

(ക) (i) സ്ഥലസൗകര്യം സംബന്ധിച്ച് ആസൂത്രണം, ജലവും മറ്റു ഭൗതികവും പ്രകൃതിജന്യവുമായ വിഭവങ്ങളും പങ്കിടുന്നത്, അടിസ്ഥാനസൗകര്യങ്ങളുടെ ഏകോപിത വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവയുൾപ്പെടെ, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പൊതു താൽപ്പര്യമുള്ള സംഗതികളും;

(ii) ധനപരമോ മറ്റുവിധത്തിലുള്ളതോ ആയ ലഭ്യമായ വിഭവങ്ങളുടെ വ്യാപ്തിയും തരവും,

പരിഗണിക്കേണ്ടതാണ്.

(ഖ) ഗവർണ്ണർ, ഉത്തരവു വഴി, നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥാപനങ്ങളും സംഘടനകളുമായി ആലോചിക്കേണ്ടതാണ്.

(4) ഓരോ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും ചെയർപേഴ്സൺ, അങ്ങനെയുള്ള കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമുള്ള വികസന പദ്ധതി സംസ്ഥാന സർക്കാരിന് അയയ്ക്കേണ്ടതാണ്.

*__243യ ങ. മഹാനഗര ആസൂത്രണത്തിനുള്ള കമ്മിറ്റി.__— (1) ഓരോ മഹാനഗര പ്രദേശത്തും ആ മഹാനഗര പ്രദേശത്തിന് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിന് ഒരു മഹാനഗര ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം, നിയമം വഴി—

(ക) മഹാനഗര ആസൂത്രണ കമ്മിറ്റികളുടെ ഘടന;

(ഖ) അങ്ങനെയുള്ള കമ്മിറ്റികളിലെ സ്ഥാനങ്ങൾ നികത്തേണ്ട രീതി:

* 2001 നവംബർ 12-ാം തീയതിയിലെ എസ്. ഒ. 1125 (ങ) പ്രകാരം 243യ ങ അനുച്ഛേദത്തിലെ വ്യവസ്ഥകൾ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിക്ക് ബാധകമാകുന്നതല്ല.

Provided that not less than two-thirds of the members of such Committee shall be elected by, and from amongst, the elected members of the Municipalities and Chairpersons of the Panchayats in the Metropolitan area in proportion to the ratio between the population of the Municipalities and of the Panchayats in that area;

(c) the representation in such Committees of the Government of India and the Government of the State and of such organisations and institutions as may be deemed necessary for carrying out the functions assigned to such Committees;

(d) the functions relating to planning and co-ordination for the Metropolitan area which may be assigned to such Committees;

(e) the manner in which the Chairpersons of such Committees shall be chosen.

(3) Every Metropolitan Planning Committee shall, in preparing the draft development plan,—

(a) have regard to—

(i) the plans prepared by the Muncipalities and the Panchayats in the Metropolitan area;

(ii) matters of common interest between the Muncipalities and the Panchayats, including co-ordinated spatial planning of the area, sharing of water and other physical and natural resources, the integrated development of infrastructure and environmental conservation;

(iii) the over all objectives and priorities set by the Government of India and the Government of the State;

(iv) the extent and nature of investments likely to be made in the metropolitan area by agencies of the Government of India and of the Government of the State and other available resources whether financial or otherwise;

(b) Consult such institutions and organisations as the Governor may, by order, specify.

(4) The Chairperson of every Metropolitan Planning Committee shall forward the development plan, as recommended by such Committee, to the Government of the State.

243ZF. Continuance of existing laws and Municipalities.— Notwithstanding anything in this Part, any provision of any law relating to Municipalities in force in a State immediately before the commencement of the Constitution (Seventy-fourth Amendment) Act, 1992, which is inconsistent with the provisions of this Part, shall continue to be in force until amended or repealed by a competent Legislature or other competent authority or until the expiration of one year from such commencement, whichever is earlier:

എന്നാൽ, അങ്ങനെയുള്ള കമ്മിറ്റിയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത അംഗങ്ങൾ മഹാനഗരപ്രദേശത്തെ മുനിസിപ്പാലിറ്റികളുടെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാലും അവരുടെയിടയിൽനിന്നും, മഹാനഗര പ്രദേശത്തെ പഞ്ചായത്തുകളുടെ ചെയർപേഴ്സൺമാരാലും അവരുടെയിടയിൽ നിന്നും ആ പ്രദേശത്തെ മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ജനസംഖ്യകൾ തമ്മിലുള്ള അംശബന്ധത്തിന് ആനുപാതികമായി തെരഞ്ഞെടുക്കപ്പെടേണ്ടതാണ്;

(ഗ) അങ്ങനെയുള്ള കമ്മിറ്റികളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതപ്പെടാവുന്ന അങ്ങനെയുള്ള കമ്മിറ്റികളിൽ ഭാരത സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അങ്ങനെയുള്ള സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രാതിനിധ്യം;

(ഘ) അങ്ങനെയുള്ള കമ്മിറ്റികളെ ഏൽപ്പിക്കാവുന്ന, മഹാനഗരപ്രദേശത്തിനുവേണ്ടിയുള്ള ആസൂത്രണവും ഏകോപനവും സംബന്ധിച്ച ചുമതലകൾ;

(ങ) അങ്ങനെയുള്ള കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുക്കേണ്ട രീതി,

എന്നിവ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കാവുന്നതാണ്.

(3) ഓരോ മഹാനഗര ആസൂത്രണ കമ്മിറ്റിയും കരട് വികസന പദ്ധതി തയ്യാറാക്കുന്നതിൽ,—

(ക) (i) മഹാനഗര പ്രദേശത്തെ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തയ്യാറാക്കിയിട്ടുള്ള പദ്ധതികളും;

(ii) ഏകോപിത സ്ഥലസൗകര്യാസൂത്രണം, ജലവും മറ്റ് ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങൾ പങ്കിടുന്നത്, അടിസ്ഥാന സൗകര്യങ്ങളുടെ ഏകോപിത വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവയുൾപ്പെടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും പൊതുതാത്പര്യമുള്ള സംഗതികളും;

(iii) ഭാരത സർക്കാരും സംസ്ഥാന സർക്കാരും നിജപ്പെടുത്തിയിട്ടുള്ള, സർവോപരിയായുള്ള ലക്ഷ്യങ്ങളും മുൻഗണനാക്രമങ്ങളും;

(iv) ഭാരത സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഏജൻസികൾ മഹാനഗര പ്രദേശത്ത് നടത്താൻ സാദ്ധ്യതയുള്ള നിക്ഷേപങ്ങളുടെ വ്യാപ്തിയും സ്വഭാവവും ധനപരമായോ മറ്റുവിധത്തിലോ ഉള്ള മറ്റു ലഭ്യമായ വിഭവങ്ങളും,

പരിഗണിക്കേണ്ടതാണ്;

(ഖ) ഗവർണ്ണർ, ഉത്തരവു വഴി, നിർദ്ദേശിക്കാവുന്ന, സ്ഥാപനങ്ങളും സംഘടനകളുമായി കൂടിയാലോചിക്കേണ്ടതാണ്.

(4) ഓരോ മഹാനഗര ആസൂത്രണ കമ്മിറ്റിയുടെയും ചെയർപേഴ്സൺ, അങ്ങനെയുള്ള കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള വികസന പദ്ധതി സംസ്ഥാന സർക്കാരിന് അയച്ചു കൊടുക്കേണ്ടതാണ്.

243യ ച. നിലവിലുള്ള നിയമങ്ങളും മുനിസിപ്പാലിറ്റികളും തുടരുമെന്ന്.— ഈ ഭാഗത്തിൽ എന്തുതന്നെയായിരുന്നാലും 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ്, മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായതുമായ, ഏതെങ്കിലും നിയമത്തിന്റെ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെയോ അങ്ങനെയുള്ള പ്രാരംഭം മുതൽ

Provided that all the Municipalities existing immediately before such commencement shall continue till the expiration of their duration, unless sooner dissolved by a resolution passed to that effect by the Legislative Assembly of that State or, in the case of a State having a Legislative Council, by each House of the Legislature of that State.

243ZG. Bar to interference by courts in electoral matters.— Notwithstanding anything in this Constitution—

(a) the validity of any law relating to the delimitation of constituencies or the allotment of seats to such constituencies, made or purporting to be made under article 243ZA shall not be called in question in any court;

(b) no election to any Municipality shall be called in question except by an election petition presented to such authority and in such manner as is provided for by or under any law made by the Legislature of a State.]

[1][PART IXB

THE CO-OPERATIVE SOCIETIES

243ZH. Definitions.—In this Part, unless the context otherwise requires—

(a) "authorised person" means a person referred to as such in Article 243ZQ;

(b) "board" means the board of directors or the governing body of a co-operative society, by whatever name called, to which the direction and control of the management of the affairs of a society is entrusted to;

(c) "co-operative society" means a society registered or deemed to be registered under any law relating to co-operative societies for the time being in force in any State;

(d) "multi-State co-operative society" means a society with objects not confined to one State and registered or deemed to be registered under any law for the time being in force relating to such co-operatives;

(e) "office bearer" means a President, Vice-President, Chairperson, Vice-Chairperson, Secretary or Treasurer of a co-operative society and includes any other person to be elected by the board of any co-operative society;

(f) "Registrar" means the Central Registrar appointed by the Central Government in relation to the multi-State co-operative societies and the Registrar for co-operative societies appointed by the State Government under the law made by the Legislature of a State in relation to co-operative societies;

(g) "State Act" means any law made by the Legislature of a State;

(h) "State level co-operative society" means a co-operative society having its area of operation extending to the whole of a State and defined as such in any law made by the Legislature of a State.

1. Ins. by the Constitution (Ninety-seventh Amendment) Act, 2011, s.4.

ഒരു വർഷം അവസാനിക്കുന്നതുവരെയോ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്:

എന്നാൽ അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് നിലവിലുള്ള എല്ലാ മുനിസിപ്പാലിറ്റികളും, ആ സംസ്ഥാനത്തെ നിയമസഭയോ, നിയമസമിതിയുള്ള സംസ്ഥാനത്തിന്റെ സംഗതിയിൽ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഓരോ സഭയും, ആ അർത്ഥത്തിൽ പാസ്സാക്കിയ പ്രമേയപ്രകാരം നേരത്തെതന്നെ പിരിച്ചുവിടപ്പെടാത്തപക്ഷം, അവയുടെ കാലദൈർഘ്യം അവസാനിക്കുന്നതുവരെ തുടരുന്നതാണ്.

243യ ഛ. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്.— ഈ ഭരണഘടനയിൽ എന്തുതന്നെയായിരുന്നാലും,—

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങൾക്ക് സ്ഥാനങ്ങൾ തിരിച്ചുവയ്ക്കലോ സംബന്ധിച്ച്, 243യ ക അനുച്ഛേദത്തിൻ കീഴിലുണ്ടാക്കിയതോ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും, സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല;

(ഖ) ഏതെങ്കിലും മുനിസിപ്പാലിറ്റിയിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമുണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.]

[1][ഭാഗം IXഖ
സഹകരണ സംഘങ്ങൾ

243യ ജ. നിർവ്വചനങ്ങൾ.—ഈ ഭാഗത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''അധികാരപ്പെടുത്തിയിട്ടുള്ള ആൾ'' എന്നാൽ 243യ ഥ അനുച്ഛേദത്തിൽ അപ്രകാരം പരാമർശിച്ചിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ഖ)''ബോർഡ്'' എന്നാൽ ഒരു സംഘത്തിന്റെ കാര്യങ്ങളുടെ നിർവ്വഹണത്തിന്റെ നടത്തിപ്പും നിയന്ത്രണവും ഭരമേൽപ്പിച്ചിരിക്കുന്ന ഒരു സഹകരണ സംഘത്തിന്റെ ഡയറക്ടർ ബോർഡ് അല്ലെങ്കിൽ ഭരണസമിതി, അത് എന്ത് പേരിൽ വിളിക്കപ്പെട്ടാലും, എന്നർത്ഥമാകുന്നു;

(ഗ) ''സഹകരണ സംഘം'' എന്നാൽ ഏതെങ്കിലും സംസ്ഥാനത്ത് തൽസമയം പ്രാബല്യത്തിലുള്ള സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു;

(ഘ) ''ബഹുസംസ്ഥാന സഹകരണ സംഘം'' എന്നാൽ ഒരു സംസ്ഥാനത്ത് മാത്രം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഒതുങ്ങിനിൽക്കുന്നതല്ലാത്തതും അങ്ങനെയുള്ള സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതുമായ ഒരു സംഘം എന്നർത്ഥമാകുന്നു;

(ങ) ''ഔദ്യോഗിക ഭാരവാഹി'' എന്നാൽ ഒരു സഹകരണ സംഘത്തിന്റെ ഒരു പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി അല്ലെങ്കിൽ ട്രഷറർ എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും സഹകരണ സംഘത്തിന്റെ ബോർഡ് തെരഞ്ഞെടുക്കുന്നതായ മറ്റേതെങ്കിലും ആളും ഉൾപ്പെടുന്നതുമാകുന്നു;

(ച) ''രജിസ്ട്രാർ'' എന്നാൽ ബഹുസംസ്ഥാന സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നിയമിച്ചിട്ടുള്ള കേന്ദ്ര രജിസ്ട്രാർ എന്നും സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള നിയമപ്രകാരം, സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ എന്നും അർത്ഥമാകുന്നു;

(ഛ) ''സംസ്ഥാന ആക്റ്റ്'' എന്നാൽ ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം എന്നർത്ഥമാകുന്നു;

(ജ) ''സംസ്ഥാനതല സഹകരണ സംഘം'' എന്നാൽ ഒരു സംസ്ഥാനത്തിന്റെ മുഴുവൻ

1. 2011-ലെ ഭരണഘടന (തൊണ്ണൂറ്റിയേഴാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

243ZI. Incorporation of co-operative societies.—Subject to the provisions of this Part, the Legislature of a State may, by law, make provisions with respect to the incorporation, regulation and winding up of co-operative societies based on the principles of voluntary formation, democratic member-control, member-economic participation and autonomous functioning.

243ZJ. Number and term of members of board and its office bearers.—(1) The board shall consist of such number of directors as may be provided by the Legislature of a State, by law:

Provided that the maximum number of directors of a co-operative society shall not exceed twenty-one:

Provided further that the Legislature of a State shall, by law, provide for the reservation of one seat for the Scheduled Castes or the Scheduled Tribes and two seats for women on board of every co-operative society consisting of individuals as members and having members from such class or category of persons.

(2) The term of office of elected members of the board and its office bearers shall be five years from the date of election and the term of office bearers shall be coterminous with the term of the board:

Provided that the board may fill a casual vacancy on the board by nomination out of the same class of members in respect of which the casual vacancy has arisen, if the term of office of the board is less than half of its original term.

(3) The Legislature of a State shall, by law, make provisions for co-option of persons to be members of the board having experience in the field of banking, management, finance or specialisation in any other field relating to the objects and activities undertaken by the co-operative society, as members of the board of such society:

Provided that the number of such co-opted members shall not exceed two in addition to twenty one directors specified in the first proviso to clause (1):

Provided further that such co-opted members shall not have the right to vote in any election of the co-operative society in their capacity as such member or to be eligible to be elected as office bearers of the board:

Provided also that the functional directors of a co-operative society shall also be the members of the board and such members shall be excluded for the purpose of counting the total number of directors specified in the first proviso to clause (1).

243ZK. Election of members of board.—(1) Notwithstanding anything contained in any law made by the Legislature of a State, the election of a board shall be conducted before the expiry of the term of the board so as to ensure that the newly elected members of the board assume office immediately on the expiry of the office of members of the outgoing board.

പ്രദേശങ്ങളിലും അതിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുള്ളതും ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിൽ അപ്രകാരം നിർവ്വചിച്ചിട്ടുള്ളതുമായ ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു.

243യ ഝ. സഹകരണ സംഘങ്ങളുടെ ഏകാംഗീകരണം.—ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, സ്വമേധയായുള്ള രൂപീകരണം, ജനാധിപത്യപരമായ അംഗങ്ങളുടെ നിയന്ത്രണം, അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം, സ്വയംഭരണാവകാശത്തോടുകൂടിയുള്ള പ്രവർത്തനം എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഏകാംഗീകരണവും ക്രമീകരണവും സമാപനവും സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

243യ ഞ. ബോർഡിലെ അംഗങ്ങളുടെയും അതിന്റെ ഔദ്യോഗിക ഭാരവാഹികളുടെയും എണ്ണവും കാലാവധിയും.—(1) ബോർഡ്, ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്നതായ അങ്ങനെയുള്ള എണ്ണം ഡയറക്ടർമാർ അടങ്ങിയതായിരിക്കേണ്ടതാണ്:

എന്നാൽ ഒരു സഹകരണ സംഘത്തിലെ ഡയറക്ടർമാരുടെ പരമാവധി എണ്ണം ഇരുപത്തിയൊന്നിൽ കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, പട്ടികജാതിക്കാർക്കോ പട്ടികഗോത്രവർഗ്ഗക്കാർക്കോ ആയി ഒരു സീറ്റും സ്ത്രീകൾക്കായി രണ്ട് സീറ്റുകളും, വ്യക്തികൾ അംഗങ്ങളായുള്ളതും ആളുകളുടെ അങ്ങനെയുള്ള തരത്തിലോ വിഭാഗത്തിലോ നിന്നും അംഗങ്ങളുള്ളതുമായ ഓരോ സഹകരണ സംഘത്തിന്റെയും ബോർഡിൽ, സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

(2) ബോർഡിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും അതിന്റെ ഔദ്യോഗിക ഭാരവാഹികളുടെയും ഔദ്യോഗിക കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ അഞ്ച് വർഷക്കാലം ആയിരിക്കേണ്ടതും ഔദ്യോഗിക ഭാരവാഹികളുടെ കാലാവധിയും ബോർഡിന്റെ കാലാവധിയും ഒരേ സമയം അവസാനിക്കേണ്ടതുമാണ്:

എന്നാൽ ബോർഡിന്റെ ഔദ്യോഗിക കാലാവധി അതിന്റെ യഥാർത്ഥ കാലാവധിയുടെ പകുതിയിൽ താഴെയാണെങ്കിൽ, ബോർഡിലെ ഒരു ആകസ്മിക ഒഴിവ് ഏത് വിഭാഗം അംഗങ്ങൾക്കിടയിൽ നിന്നാണോ ഉണ്ടായിട്ടുള്ളത് ആ ആകസ്മിക ഒഴിവ് അവരിൽ നിന്നും നാമനിർദ്ദേശം വഴി നികത്താവുന്നതാണ്.

(3) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, ബാങ്കിംഗ്, മാനേജ്മെന്റ്, ധനകാര്യം എന്നീ രംഗത്ത് പരിചയമുള്ള ആളുകളെ അല്ലെങ്കിൽ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റേതെങ്കിലും മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെ അങ്ങനെയുള്ള സംഘത്തിന്റെ ബോർഡിലെ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്:

എന്നാൽ കോ-ഓപ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള അങ്ങനെയുള്ള അംഗങ്ങളുടെ എണ്ണം, (1)-ാം ഖണ്ഡത്തിന്റെ ഒന്നാം പരിമിതി വ്യവസ്ഥയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഇരുപത്തിയൊന്ന് ഡയറക്ടർമാർക്ക് പുറമെ, രണ്ടിൽ കൂടാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല കോ-ഓപ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള അങ്ങനെയുള്ള അംഗങ്ങൾക്ക് സഹകരണ സംഘത്തിന്റെ ഏതെങ്കിലും തെരഞ്ഞെടുപ്പിൽ അംഗമെന്ന നിലയിൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശമോ ബോർഡിന്റെ ഔദ്യോഗിക ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള അർഹതയോ ഉണ്ടായിരിക്കുന്നതല്ല:

എന്നിരുന്നാലും ഒരു സഹകരണ സംഘത്തിന്റെ ഫംങ്ക്ഷണൽ ഡയറക്ടർമാർ ഡയറക്ടർ ബോർഡിലെ അംഗങ്ങൾ കൂടിയായിരിക്കേണ്ടതും അങ്ങനെയുള്ള അംഗങ്ങളെ(1)-ാം ഖണ്ഡത്തിന്റെ ഒന്നാം പരിമിതി വ്യവസ്ഥയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അംഗങ്ങളുടെ ആകെ എണ്ണം കണക്കാക്കുന്നതിന്റെ ആവശ്യത്തിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

243യ ട. ബോർഡ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്.— (1) ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ഥാനമൊഴിയുന്ന ബോർഡ് അംഗങ്ങളുടെ ഉദ്യോഗം അവസാനിച്ചാലുടൻ തന്നെ പുതിയതായി

(2) The superintendence, direction and control of the preparation of electoral rolls for, and the conduct of, all elections to a co-operative society shall vest in such an authority or body, as may be provided by the Legislature of a State, by law:

Provided that the Legislature of a State may, by law, provide for the procedure and guidelines for the conduct of such elections.

243ZL. Supersession and suspension of board and interim management.—(1) Notwithstanding anything contained in any law for the time being in force, no board shall be superseded or kept under suspension for a period exceeding six months:

Provided that the board may be superseded or kept under suspension in case—

(i) of its persistent default; or

(ii) of negligence in the performance of its duties; or

(iii) the board has committed any act prejudicial to the interests of the co-operative society or its members; or

(iv) there is stalemate in the constitution or functions of the board; or

(v) the authority or body as provided by the Legislature of a State, by law, under clause (2) of Article 243ZK, has failed to conduct elections in accordance with the provisions of the State Act:

Provided further that the board of any such co-operative society shall not be superseded or kept under suspension where there is no Government shareholding or loan or financial assistance or any guarantee by the Government:

Provided also that in case of a co-operative society carrying on the business of banking, the provisions of the Banking Regulation Act, 1949 (10 of 1949) shall also apply:

Provided also that in case of a co-operative society, other than a multi-State co-operative society, carrying on the business of banking, the provisions of this clause shall have the effect as if for the words “six months”, the words “one year” had been substituted.

(2) In case of supersession of a board, the administrator appointed to manage the affairs of such co-operative society shall arrange for conduct of elections within the period specified in clause (1) and handover the management to the elected board.

(3) The Legislature of a State may, by law, make provisions for the conditions of service of the administrator.

243ZM. Audit of accounts of co-operative societies.—(1) The Legislature of a State may, by law, make provisions with respect to the maintenance of accounts by the co-operative societies and the auditing of such accounts at least once in each financial year.

തെരഞ്ഞെടുക്കപ്പെട്ട ബോർഡ് അംഗങ്ങൾ ഉദ്യോഗം ഏറ്റെടുക്കുന്നത് ഉറപ്പാക്കുന്ന വിധത്തിൽ ബോർഡിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപായി ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

(2) ഒരു സഹകരണ സംഘത്തിന്റെ എല്ലാ തെരഞ്ഞെടുപ്പുകളുടെയും തെരഞ്ഞെടുപ്പ് പട്ടിക തയ്യാറാക്കുന്നതിന്റെ മേൽനോട്ടവും നിർദ്ദേശങ്ങളും നിയന്ത്രണവും എല്ലാ തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പും ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ഒരു അധികാരസ്ഥാനത്തിലോ നികായത്തിലോ നിക്ഷിപ്തമായിരിക്കുന്നതാണ്:

എന്നാൽ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, അങ്ങനെയുള്ള തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനുള്ള നടപടിക്രമവും മാർഗ്ഗനിർദ്ദേശങ്ങളും, നിയമം വഴി, വ്യവസ്ഥ ചെയ്യാവുന്നതാണ്.

243യ ഠ. ബോർഡിന്റെ പിരിച്ചുവിടലും സസ്പെൻഷനും ഇടക്കാല നടത്തിപ്പും.— (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെയടങ്ങിയിരുന്നാലും, യാതൊരു ബോർഡിനെയും ആറ് മാസത്തിൽ കവിയുന്ന ഒരു കാലയളവിലേയ്ക്ക് പിരിച്ചുവിടുന്നതിനോ സസ്പെൻഷനിൽ നിർത്തുന്നതിനോ പാടുള്ളതല്ല:

എന്നാൽ ബോർഡിനെ—

(i) അതിന്റെ നിരന്തരമായ വീഴ്ചയുടെ; അല്ലെങ്കിൽ

(ii) അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉപേക്ഷയുടെ; അല്ലെങ്കിൽ

(iii) സഹകരണ സംഘത്തിന്റെയോ അതിന്റെ അംഗങ്ങളുടെയോ താൽപര്യങ്ങൾക്ക് ഹാനികരമാകുന്ന, ബോർഡ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയുടെ; അല്ലെങ്കിൽ

(iv) ബോർഡിന്റെ രൂപീകരണത്തിലോ പ്രവർത്തനങ്ങളിലോ ഉള്ള സ്തംഭനത്തിന്റെ; അല്ലെങ്കിൽ

(v) 243യ ട. അനുച്ഛേദം(2)-ാം ഖണ്ഡം പ്രകാരം, നിയമം വഴി, ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം വ്യവസ്ഥ ചെയ്തിട്ടുള്ളതായ അധികാരസ്ഥാനമോ നികായമോ സംസ്ഥാന ആക്റ്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി തെരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നതിന്റെയോ,

സംഗതിയിൽ പിരിച്ചുവിടുകയോ സസ്പെൻഷനിൽ നിർത്തുകയോ ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല സർക്കാരിന്റെ ഓഹരിപങ്കാളിത്തമോ വായ്പയോ സാമ്പത്തികസഹായമോ ഏതെങ്കിലും സർക്കാർ ഗ്യാരന്റിയോ ഇല്ലാത്തിടത്ത് അങ്ങനെയുള്ള സഹകരണസംഘത്തിന്റെ ബോർഡിനെ പിരിച്ചുവിടുന്നതിനോ സസ്പെൻഷനിൽ നിറുത്തുന്നതിനോ പാടുള്ളതല്ല:

എന്നിരുന്നാലും ഒരു സഹകരണ സംഘം ബാങ്കിംഗ് ബിസിനസ് നടത്തുന്ന സംഗതിയിൽ, 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിലെ (1949-ലെ 10) വ്യവസ്ഥകൾ കൂടി ബാധകമാകുന്നതാണ്:

എന്നിരുന്നാലും ബാങ്കിംഗ് ബിസിനസ് നടത്തുന്ന, ഒരു ബഹുസംസ്ഥാന സഹകരണ സംഘം അല്ലാതെയുള്ള, ഒരു സഹകരണ സംഘത്തിന്റെ സംഗതിയിൽ, ഈ ഖണ്ഡത്തിലെ വ്യവസ്ഥകളിൽ "ആറ് മാസം" എന്ന വാക്കുകൾക്ക് പകരം "ഒരു വർഷം" എന്ന വാക്കുകൾ ചേർത്തു എന്നതുപോലെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(2) ഒരു ബോർഡിന്റെ പിരിച്ചുവിടലിന്റെ സംഗതിയിൽ, അങ്ങനെയുള്ള സഹകരണ സംഘത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിനായി നിയമിച്ച അഡ്മിനിസ്ട്രേറ്റർ (1)-ാം ഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലയളവിനുള്ളിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും തെരഞ്ഞെടുക്കപ്പെട്ട ബോർഡിന് നടത്തിപ്പ് കൈമാറേണ്ടതുമാണ്.

(3) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, അഡ്മിനിസ്ട്രേറ്ററുടെ സേവനോപാധികൾക്കുള്ള വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

(2) The Legislature of a State shall, by law, lay down the minimum qualifications and experience of auditors and auditing firms that shall be eligible for auditing accounts of the co-operative societies.

(3) Every co-operative society shall cause to be audited by an auditor or auditing firms referred to in clause (2) appointed by the general body of the co-operative society:

Provided that such auditors or auditing firms shall be appointed from a panel approved by a State Government or an authority authorised by the State Government in this behalf.

(4) The accounts of every co-operative society shall be audited within six months of the close of the financial year to which such accounts relate.

(5) The audit report of the accounts of an apex co-operative society, as may be defined by the State Act, shall be laid before the State Legislature in the manner, as may be provided by the State Legislature, by law.

243ZN. Convening of general body meetings.—The Legislature of a State may, by law, make provisions that the annual general body meeting of every co-operative society shall be convened within a period of six months of close of the financial year to transact the business as may be provided in such law.

243ZO. Right of a member to get information.—(1) The Legislature of a State may, by law, provide for access to every member of a co-operative society to the books, information and accounts of the co-operative society kept in regular transaction of its business with such member.

(2) The Legislature of a State may, by law, make provisions to ensure the participation of members in the management of the co-operative society providing minimum requirement of attending meetings by the members and utilising the minimum level of services as may be provided in such law.

(3) The Legislature of a State may, by law, provide for co-operative education and training for its members.

243ZP. Returns.—Every co-operative society shall file returns, within six months of the close of every financial year, to the authority designated by the State Government including the following matters, namely:—

(a) annual report of its activities;

(b) its audited statement of accounts;

(c) plan for surplus disposal as approved by the general body of the co-operative society;

(d) list of amendments to the bye-laws of the co-operative society, if any;

(e) declaration regarding date of holding of its general body meeting and conduct of elections when due; and

(f) any other information required by the Registrar in pursuance of any of the provisions of the State Act.

243യ ഡ. സഹകരണ സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റ്.— (1) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, ഒരു സഹകരണസംഘം കണക്കുകൾ വച്ചുപോരുന്നതിനെയും ഒരു സാമ്പത്തിക വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും അങ്ങനെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനെയും സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി അർഹതയുള്ള ആഡിറ്റർമാരുടെയും ആഡിറ്റിംഗ് ഫേമുകളുടെയും ഏറ്റവും കുറഞ്ഞ യോഗ്യതകളും പരിചയവും നിശ്ചയിക്കേണ്ടതാണ്.

(3) സഹകരണ സംഘത്തിന്റെ പൊതുയോഗം നിയമിച്ച, (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതായ ഒരു ആഡിറ്ററാലോ ആഡിറ്റിംഗ് ഫേമിനാലോ ഓരോ സഹകരണ സംഘവും ആഡിറ്റ് ചെയ്യപ്പെടുന്നതിനിടയാക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ആഡിറ്റർമാരെയോ ആഡിറ്റിംഗ് ഫേമുകളെയോ ഒരു സംസ്ഥാന സർക്കാരോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഇതിനായി പ്രാധികാരപ്പെടുത്തിയ ഒരു അധികാരസ്ഥാനമോ അംഗീകരിച്ച ഒരു പാനലിൽ നിന്നും നിയമിക്കേണ്ടതാണ്.

(4) ഓരോ സഹകരണസംഘത്തിന്റെയും കണക്കുകൾ അങ്ങനെയുള്ള കണക്കുകളുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷം അവസാനിച്ച് ആറു മാസങ്ങൾക്കുള്ളിൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

(5) സംസ്ഥാന ആക്റ്റിൽ നിർവ്വചിച്ചിരിക്കുന്നതുപോലെയുള്ള ഒരു അപ്പെക്സ് സഹകരണ സംഘത്തിന്റെ കണക്കുകളുടെ ആഡിറ്റ് റിപ്പോർട്ട്, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ മുൻപാകെ സംസ്ഥാന നിയമനിർമ്മാണമണ്ഡലം, നിയമം വഴി, വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ വയ്ക്കേണ്ടതാണ്.

243യ ഢ. പൊതുയോഗങ്ങൾ വിളിച്ചു ചേർക്കൽ.— ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, ഓരോ സഹകരണ സംഘത്തിന്റെയും വാർഷിക പൊതുയോഗം സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസങ്ങൾക്കകമുള്ള ഒരു കാലയളവിനുള്ളിൽ, അങ്ങനെയുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതായ ബിസിനസ് നടത്തുന്നതിനായി വിളിച്ചുചേർക്കേണ്ടതാണെന്നുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

243യ ണ. വിവരം ലഭിക്കുന്നതിന് ഒരു അംഗത്തിനുള്ള അവകാശം.—(1) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, ഒരു സഹകരണ സംഘത്തിലെ ഓരോ അംഗത്തിനും, അങ്ങനെയുള്ള അംഗവുമായുള്ള അതിന്റെ പതിവായുള്ള ബിസിനസ് നടത്തിപ്പിൽ സൂക്ഷിക്കുന്നതായ സഹകരണ സംഘത്തിന്റെ ബുക്കുകളുടെയും വിവരത്തിന്റെയും കണക്കുകളുടെയും പ്രാപ്യതയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, അങ്ങനെയുള്ള നിയമത്തിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരം അംഗങ്ങൾ പങ്കെടുക്കേണ്ടത് ആവശ്യകമായ ഏറ്റവും കുറഞ്ഞ യോഗങ്ങളും ഏറ്റവും കുറഞ്ഞ നിലയിൽ ഉപയോഗപ്പെടുത്തുന്ന സേവനങ്ങളും നിശ്ചയിച്ചുകൊണ്ട് സഹകരണ സംഘത്തിന്റെ നടത്തിപ്പിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(3) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, സംഘത്തിലെ അംഗങ്ങൾക്ക് സഹകരണ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും വ്യവസ്ഥ ചെയ്യാവുന്നതാണ്.

243യ ത. റിട്ടേണുകൾ.— ഓരോ സഹകരണ സംഘവും ഓരോ സാമ്പത്തികവർഷം അവസാനിച്ച് ആറു മാസങ്ങൾക്കകം സംസ്ഥാന സർക്കാർ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള അധികാരസ്ഥാനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതാണ്, അതായത്:—

(ക) അതിന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട്;

(ഖ) അതിന്റെ കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ്;

(ഗ) സഹകരണ സംഘത്തിന്റെ പൊതുയോഗം അംഗീകരിച്ചതായ മിച്ചവിനിയോഗപദ്ധതി;

(ഘ) സഹകരണ സംഘത്തിന്റെ ബൈലോകളുടെ ഭേദഗതികൾ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിന്റെ ലിസ്റ്റ്;

243ZQ. Offences and penalties.—(1) The Legislature of a State may, by law, make provisions for the offences relating to the co-operative societies and penalties for such offences.

(2) A law made by the Legislature of a State under clause (1) shall include the commission of the following act or omission as offences, namely:—

(a) a co-operative society or an officer or member thereof wilfully makes a false return or furnishes false information, or any person wilfully not furnishes any information required from him by a person authorised in this behalf under the provisions of the State Act;

(b) any person wilfully or without any reasonable excuse disobeys any summons, requisition or lawful written order issued under the provisions of the State Act;

(c) any employer who, without sufficient cause, fails to pay to a co-operative society amount deducted by him from its employee within a period of fourteen days from the date on which such deduction is made;

(d) any officer or custodian who wilfully fails to handover custody of books, accounts, documents, records, cash, security and other property belonging to a co-operative society of which he is an officer or custodian, to an authorised person; and

(e) whoever, before, during or after the election of members of the board or office bearers, adopts any corrupt practice.

243ZR. Application to multi-State co-operative societies.—The provisions of this Part shall apply to the multi-State co-operative societies subject to the modification that any reference to "Legislature of a State", "State Act" or "State Government" shall be construed as a reference to "Parliament", "Central Act" or "the Central Government" respectively.

243ZS. Application to Union territories.—The provisions of this Part shall apply to the Union territories and shall, in their application to a Union territory, having no Legislative Assembly as if the references to the Legislature of a State were a reference to the administrator thereof appointed under article 239 and, in relation to a Union territory having a Legislative Assembly, to that Legislative Assembly:

Provided that the President may, by notification in the Official Gazette, direct that the provisions of this Part shall not apply to any Union territory or Part thereof as he may specify in the notification.

243ZT. Continuance of existing laws.—Notwithstanding anything in this Part, any provision of any law relating to co-operative societies in force in a State immediately before the commencement of the Constitution (Ninety-seventh Amendment) Act, 2011, which is inconsistent with the provisions of this Part, shall continue to be in force until amended or repealed by a competent Legislature or other competent authority or until the expiration of one year from such commencement, whichever is less.]

(ങ) അതിന്റെ പൊതുയോഗം നടത്തുന്ന തീയതിയും നിശ്ചിതസമയത്ത് തെരഞ്ഞെടുപ്പുകൾ നടത്തുന്നതും സംബന്ധിച്ചുള്ള പ്രഖ്യാപനം; കൂടാതെ

(ച) സംസ്ഥാന ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി രജിസ്ട്രാർ ആവശ്യപ്പെടുന്നതായ മറ്റേതെങ്കിലും വിവരം.

243യ ഥ. കുറ്റങ്ങളും പിഴശിക്ഷകളും.— (1) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി, സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്കും അങ്ങനെയുള്ള കുറ്റങ്ങൾക്കുള്ള പിഴശിക്ഷകൾക്കും വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്.

(2) ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ഒരു നിയമത്തിൽ താഴെപ്പറയുന്ന പ്രവൃത്തി ചെയ്യുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നത് കുറ്റങ്ങളായി ഉൾപ്പെടുത്തേണ്ടതാണ്, അതായത്: —

(ക) ഒരു സഹകരണ സംഘമോ അതിന്റെ ഒരു ഉദ്യോഗസ്ഥനോ അംഗമോ മനഃപൂർവ്വം ഒരു തെറ്റായ റിട്ടേൺ ഉണ്ടാക്കുന്നത് അല്ലെങ്കിൽ തെറ്റായ വിവരം നൽകുന്നത് അല്ലെങ്കിൽ ഏതെങ്കിലും ആളിൽ നിന്നും സംസ്ഥാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഇതിലേയ്ക്കായി അധികാരപ്പെടുത്തിയ ഒരാൾ, ആവശ്യപ്പെട്ടതായ വിവരം, അയാൾ മനഃപൂർവ്വം നൽകാതിരിക്കുന്നത്;

(ഖ) ഏതെങ്കിലും ആൾ, സംസ്ഥാന ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും സമൻസോ അർത്ഥനയോ നിയമാനുസൃത ലിഖിത ഉത്തരവോ മനഃപൂർവ്വമായോ അല്ലെങ്കിൽ ഏതെങ്കിലും ന്യായമായ കാരണമില്ലാതെയോ അനുസരിക്കാതിരിക്കുന്നത്;

(ഗ) ഏതെങ്കിലും തൊഴിൽദായകൻ, മതിയായ കാരണമില്ലാതെ, അതിന്റെ ജീവനക്കാരനിൽ നിന്നും കിഴിവ് ചെയ്ത തുക അങ്ങനെ കിഴിവ് ചെയ്ത തീയതി മുതൽ പതിനാല് ദിവസക്കാലയളവിനുള്ളിൽ അയാൾ ഒരു സഹകരണ സംഘത്തിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത്;

(ഘ) ഏതെങ്കിലും ഉദ്യോഗസ്ഥനോ സൂക്ഷിപ്പുകാരനോ അയാൾ ഒരു ഉദ്യോഗസ്ഥനോ സൂക്ഷിപ്പുകാരനോ ആയിരിക്കുന്ന ഒരു സഹകരണ സംഘത്തിന്റെ പുസ്തകങ്ങൾ, കണക്കുകൾ, പ്രമാണങ്ങൾ, രേഖകൾ, പണം, ഈട് അല്ലെങ്കിൽ മറ്റ് സ്വത്തുക്കൾ എന്നിവയുടെ സൂക്ഷിപ്പ് അധികാരപ്പെടുത്തിയ ആളിന് കൈമാറുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നത്; കൂടാതെ

(ങ) ഏതൊരാളും, ബോർഡിന്റെ അംഗങ്ങളുടെയോ ഔദ്യോഗിക ഭാരവാഹികളുടെയോ തെരഞ്ഞെടുപ്പിന് മുൻപോ തെരഞ്ഞെടുപ്പ് വേളയിലോ തെരഞ്ഞെടുപ്പിന് ശേഷമോ ഏതെങ്കിലും അഴിമതി പ്രവൃത്തികൾ ചെയ്യുന്നത്.

243യ ദ. ബഹുസംസ്ഥാന സഹകരണ സംഘങ്ങൾക്ക് ബാധകമാക്കൽ.—ഈ ഭാഗത്തിലെ വ്യവസ്ഥകൾ, ഒരു "സംസ്ഥാന നിയമനിർമ്മാണമണ്ഡലം", "സംസ്ഥാന ആക്റ്റ്", "സംസ്ഥാന സർക്കാർ" എന്ന ഏത് പരാമർശത്തിനും യഥാക്രമം "പാർലമെന്റ്", "കേന്ദ്ര ആക്റ്റ്", "കേന്ദ്ര സർക്കാർ" എന്ന് അർത്ഥം കൽപ്പിക്കേണ്ടതാണെന്ന രൂപഭേദപ്പെടുത്തലിന് വിധേയമായി ബഹുസംസ്ഥാന സഹകരണ സംഘങ്ങൾക്ക് ബാധകമാകുന്നതാണ്.

243യ ധ. യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമാകുമെന്ന്.— ഈ ഭാഗത്തിലെ വ്യവസ്ഥകൾ, യൂണിയൻ പ്രദേശങ്ങൾക്ക് ബാധകമായിരിക്കുന്നതും, നിയമനിർമ്മാണ മണ്ഡലമില്ലാത്ത ഒരു യൂണിയൻ പ്രദേശത്തിന് അവ ബാധകമാകുന്നതിൽ, ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലം എന്ന പരാമർശങ്ങൾക്ക് 239-ാം അനുച്ഛേദപ്രകാരം നിയമിച്ച അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്ന ഒരു പരാമർശം ആയിരുന്നാൽ എന്നപോലെയും, ഒരു നിയമനിർമ്മാണ മണ്ഡലമുള്ള ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിയമനിർമ്മാണ മണ്ഡലം ആയിരിക്കുന്നതുമാണ്:

എന്നാൽ രാഷ്ട്രപതിക്ക്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ഭാഗത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും യൂണിയൻ പ്രദേശത്തിനോ അദ്ദേഹം വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്നതോ ആയ അതിന്റെ ഭാഗത്തിനോ ബാധകമാകുന്നതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

243യ ന. നിലവിലുള്ള നിയമങ്ങളുടെ തുടർച്ച.—ഈ ഭാഗത്തിൽ എന്തുതന്നെയായിരുന്നാലും, 2011-ലെ ഭരണഘടന (തൊണ്ണൂറ്റിയേഴാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ്

PART X

THE SCHEDULED AND TRIBAL AREAS

244. Administration of Scheduled Areas and Tribal Areas.—(1) The provisions of the Fifth Schedule shall apply to the administration and control of the Scheduled Areas and Scheduled Tribes in any State [1][***] other than [2][the States of Assam, [3][[4][Meghalaya, Tripura and Mizoram]]].

(2) The provisions of the Sixth Schedule shall apply to the administration of the tribal areas in [2][the States of Assam, [3][[5][Meghalaya, Tripura and Mizoram]]].

[6][244A. Formation of an autonomous State comprising certain tribal areas in Assam and creation of local Legislature or Council of Ministers or both therefor.—(1) Notwithstanding anything in this Constitution, Parliament may, by law, form within the State of Assam an autonomous State comprising (whether wholly or in part) all or any of the tribal areas specified in [7][Part I] of the table appended to paragraph 20 of the Sixth Schedule and create therefor—

(a) a body, whether elected or partly nominated and partly elected, to function as a Legislature for the autonomous State, or

(b) a Council of Ministers,

or both with such constitution, powers and functions, in each case, as may be specified in the law.

(2) Any such law as is referred to in clause (1) may, in particular,—

---

1. The words and letters "specified in Part A or B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.
2. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s.71 for "the State of Assam" (w.e.f. 21-1-1972).
3. Subs. by the Constitution (Forty-ninth Amendment) Act, 1984, s. 2, for "and Meghalaya'' (w.e.f. 1-4-1985).
4. Subs. by the State of Mizoram Act, 1986 (34 of 1986), s.39, for "Meghalaya and Tripura" (w.e.f. 20-2-1987).
5. Subs. by s. 39, ibid., for "Meghalaya and Tripura and the Union Territory of Mizoram" (w.e.f. 20-2-1987).
6. Ins. by the Constitution (Twenty-second Amendment) Act, 1969, s. 2.
7. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71, for "Part A" (w.e.f. 21-1-1972).

നിലവിലുണ്ടായിരുന്ന, സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ, ഏതെങ്കിലും വ്യവസ്ഥ ഒരു ക്ഷമതയുള്ള നിയമ നിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതിയോ റദ്ദാക്കലോ ചെയ്യുന്നതുവരെ അല്ലെങ്കിൽ അങ്ങനെയുള്ള ഭേദഗതിയുടെ പ്രാരംഭം മുതൽ ഒരു വർഷം അവസാനിക്കുന്നതുവരെയോ, ഏതാണോ കുറഞ്ഞ കാലയളവ്, അതുവരെ പ്രാബല്യത്തിൽ തുടരുന്നതാണ്.]

ഭാഗം X

പട്ടിക-ഗോത്രവർഗ്ഗപ്രദേശങ്ങൾ

244. പട്ടിക പ്രദേശങ്ങളുടെയും ഗോത്രവർഗ്ഗപ്രദേശങ്ങളുടെയും ഭരണം.— (1) അഞ്ചാം പട്ടികയിലെ വ്യവസ്ഥകൾ [1][ആസ്സാം, [2][[3][മേഘാലയ, ത്രിപുര, മിസ്സോറാം]] എന്നീ സംസ്ഥാനങ്ങൾ] അല്ലാതെയുള്ള [4][***] ഏതൊരു സംസ്ഥാനത്തിലെയും പട്ടികപ്രദേശങ്ങളുടെയും പട്ടികഗോത്രവർഗ്ഗപ്രദേശങ്ങളുടെയും ഭരണത്തിനും നിയന്ത്രണത്തിനും ബാധകമാകുന്നതാണ്.

(2) ആറാം പട്ടികയിലെ വ്യവസ്ഥകൾ, [1][ആസ്സാം, [2][[5][മേഘാലയ, ത്രിപുര, മിസ്സോറാം]] എന്നീ സംസ്ഥാനങ്ങളിലെ] ഗോത്രവർഗ്ഗപ്രദേശങ്ങളുടെ ഭരണത്തിന് ബാധകമാകുന്നതാണ്.

[6][**244ക. ആസ്സാമിലെ ചില ഗോത്രവർഗ്ഗപ്രദേശങ്ങൾ അടങ്ങിയ ഒരു സ്വയംഭരണ സംസ്ഥാനത്തിന്റെ രൂപീകരണവും അതിനുവേണ്ടി തദ്ദേശ നിയമനിർമ്മാണമണ്ഡലത്തിന്റെയോ, മന്ത്രിസഭയുടെയോ രണ്ടിന്റെയുമോ സൃഷ്ടിയും.**— (1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും പാർലമെന്റിന് നിയമം വഴി ആസ്സാം സംസ്ഥാനത്തിനുള്ളിൽ, ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോടൊപ്പം കൊടുത്തിട്ടുള്ള പട്ടികയുടെ [7][I-ാം ഭാഗത്ത്] നിർദ്ദേശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ അടങ്ങുന്ന ഒരു സ്വയംഭരണ സംസ്ഥാനം (അങ്ങനെയുള്ള പ്രദേശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതോ അല്ലാതെയോ) രൂപീകരിക്കാവുന്നതും അതിനായി അങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും സംഗതിയിലും ആ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിധത്തിലുള്ള സംവിധാനത്തോടും അധികാരങ്ങളോടും ചുമതലകളോടും കൂടി—

(ക) ആ സ്വയംഭരണ സംസ്ഥാനത്തിനു വേണ്ടിയുള്ള നിയമനിർമ്മാണമണ്ഡലമായി പ്രവർത്തിക്കുന്നതിന് തെരഞ്ഞെടുത്തതോ അല്ലെങ്കിൽ ഭാഗികമായി നാമനിർദ്ദേശം

---

1. 1971-ലെ വടക്ക്-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം "ആസ്സാം സംസ്ഥാനം"എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
2. 1984-ലെ ഭരണഘടന (നാൽപത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "മേഘാലയയും" എന്നതിനു പകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
3. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പുപ്രകാരം "മേഘാലയയും ത്രിപുരയും" എന്നതിനു പകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
4. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
5. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പുപ്രകാരം "മേഘാലയ, ത്രിപുര യൂണിയൻ പ്രദേശമായ മിസ്സോറാം"എന്നതിനു പകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
6. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
7. 1971-ലെ വടക്ക്-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന ആക്റ്റ്, 71-ാം വകുപ്പുപ്രകാരം "ക ഭാഗം"എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

(a) specify the matters enumerated in the State List or the Concurrent List with respect to which the Legislature of the autonomous State shall have power to make laws for the whole or any part thereof, whether to the exclusion of the Legislature of the State of Assam or otherwise;

(b) define the matters with respect to which the executive power of the autonomous State shall extend;

(c) provide that any tax levied by the State of Assam shall be assigned to the autonomous State in so far as proceeds thereof are attributable to the autonomous State;

(d) provide that any reference to a State in any article of this Constitution shall be construed as including a reference to the autonomous State; and

(e) make such supplemental, incidental and consequential provisions as may be deemed necessary.

(3) An amendement of any such law as aforesaid in so far as such amendement relates to any of the matters specified in sub-clause (a) or sub-clause (b) of clause (2) shall have no effect unless the amendement is passed in each House of Parliament by not less than two-thirds of the members present and voting.

(4) Any such law as is referred to in this article shall not be deemed to be an amendement of this Constitution for the purposes of article 368 notwithstanding that it contains any provision which amends or has the effect of amending this Constitution.]

ചെയ്തതും ഭാഗികമായി തെരഞ്ഞെടുത്തതും ആയതോ ആയ ഒരു നികായമോ;

(ഖ) ഒരു മന്ത്രിസഭയോ,

അല്ലെങ്കിൽ രണ്ടുമോ സൃഷ്ടിക്കാവുന്നതും ആകുന്നു.

(2) പ്രത്യേകിച്ച് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏത് നിയമത്തിലും,—

(ക) ആ സ്വയംഭരണ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് സംസ്ഥാന ലിസ്റ്റിലോ സമവർത്തി ലിസ്റ്റിലോ പറഞ്ഞിട്ടുള്ള ഏതു വിഷയങ്ങൾ സംബന്ധിച്ച് ആ സംസ്ഥാനത്തിന് മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആയി, ആസ്സാം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെ ഒഴിവാക്കിക്കൊണ്ടോ അല്ലാതെയോ, നിയമങ്ങൾ നിർമ്മിക്കുവാൻ അധികാരം ഉണ്ടെന്നു നിർദ്ദേശിക്കാവുന്നതും;

(ഖ) ആ സ്വയംഭരണ സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തിക്കുള്ളിൽ വരുന്ന വിഷയങ്ങൾ നിർവ്വചിക്കാവുന്നതും;

(ഗ) ആസ്സാം സംസ്ഥാനം പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ നിന്നുള്ള വരവ് ആ സ്വയംഭരണ സംസ്ഥാനത്തിന്റേതായി കണക്കാക്കാവുന്നിടത്തോളം, അത് ആ സംസ്ഥാനത്തിനു തിരിച്ചുവയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും;

(ഘ) ഈ ഭരണഘടനയിലെ അനുച്ഛേദങ്ങളിലെ ഒരു സംസ്ഥാനത്തെക്കുറിച്ചുള്ള ഏതൊരു പരാമർശത്തിലും ആ സ്വയംഭരണ സംസ്ഥാനത്തെക്കുറിച്ചുള്ള പരാമർശം കൂടി ഉൾപ്പെടുന്നതായി കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും;

(ങ) ആവശ്യമെന്നു തോന്നുന്ന അങ്ങനെയുള്ള അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും,

ആകുന്നു.

(3) മേൽപ്പറഞ്ഞ വിധമുള്ള ഏതെങ്കിലും നിയമത്തിന്റെ ഒരു ഭേദഗതിക്ക്, ആ ഭേദഗതി (2)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലോ (ഖ) ഉപഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ചതായിരിക്കുന്നിടത്തോളം, പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിലും ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാതെയുള്ളവർ അനുകൂലിച്ച് അതു പാസ്സാക്കാത്തപക്ഷം പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(4) ഈ അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള യാതൊരു നിയമവും, അതിൽ ഈ ഭരണഘടന ഭേദഗതി ചെയ്യുന്നതോ ഭേദഗതി ചെയ്യുന്ന ഫലം ഉളവാക്കുന്നതോ ആയ ഏതെങ്കിലും വ്യവസ്ഥ അടങ്ങിയിരുന്നാൽത്തന്നെയും, 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുവാൻ പാടുള്ളതല്ല.]

PART XI

RELATIONS BETWEEN THE UNION AND THE STATES

CHAPTER I—LEGISLATIVE RELATIONS

Distribution of Legislative Powers

245. Extent of laws made by Parliament and by the Legislatures of States.—(1) Subject to the provisions of this Constitution, Parliament may make laws for the whole or any part of the territory of India, and the Legislature of a State may make laws for the whole or any part of the State.

(2) No law made by Parliament shall be deemed to be invalid on the ground that it would have extra-territorial operation.

246. Subject-matter of laws made by Parliament and by the Legislatures of States.—(1) Notwithstanding anything in clauses (2) and (3), Parliament has exclusive power to make laws with respect to any of the matters enumerated in List I in the Seventh Schedule (in this Constitution referred to as the "Union List").

(2) Notwithstanding anything in clause (3), Parliament, and, subject to clause (1), the Legislature of any State [1][***] also, have power to make laws with respect to any of the matters enumerated in List III in the Seventh Schedule (in this Constitution referred to as the "Concurrent List").

(3) Subject to clauses (1) and (2), the Legislature of any State [1][***] has exclusive power to make laws for such State or any part thereof with respect to any of the matters enumerated in List II in the Seventh Schedule (in this Constitution referred to as the "State List").

(4) Parliament has power to make laws with respect to any matter for any part of the territory of India not included [2][in a State] notwithstanding that such matter is a matter enumerated in the State List.

[3][**246A. Special provision with respect to goods and services tax**.—(1) Notwithstanding anything contained in articles 246 and 254, Parliament, and, subject to clause (2), the Legislature of every State, have power to make laws with respect to goods and services tax imposed by the Union or by such State.

(2) Parliament has exclusive power to make laws with respect to goods and services tax where the supply of goods, or of services, or both takes place in the course of inter-State trade or commerce.

Explanation.—The provisions of this article, shall, in respect of goods and services tax referred to in clause (5), of article 279A, take effect from the date recommended by the Goods and Services Tax Council.]

1. The words and letters "specified in Part A or Part B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. Subs. by s. 29 and Sch. ibid., for "in Part A or Part B of the First Schedule".

3. Ins. by the Constitution (One Hundred and First Amendment) Act, 2016, s.2 (w.e.f. 16-9-2016).

ഭാഗം XI

യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ

അദ്ധ്യായം I—നിയമനിർമ്മാണപരമായ ബന്ധങ്ങൾ

നിയമനിർമ്മാണപരമായ അധികാരങ്ങളുടെ വിഭജനം

245. പാർലമെന്റും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വ്യാപ്തി.— (1) ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെന്റിന്, ഭാരതത്തിന്റെ ഭൂപ്രദേശത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കാവുന്നതും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് ആ സംസ്ഥാനത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കാവുന്നതും ആകുന്നു.

(2) പാർലമെന്റ് ഉണ്ടാക്കുന്ന യാതൊരു നിയമവും, അതിന് ദേശാതിർത്തിയ്ക്കപ്പുറം പ്രാബല്യം ഉണ്ടാകുമെന്ന കാരണത്തിൻമേൽ, അസാധുവാണെന്നു കരുതപ്പെടുന്നതല്ല.

246. പാർലമെന്റും സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളും ഉണ്ടാക്കുന്ന നിയമങ്ങളുടെ വിഷയം.— (1) (2)-ഉം (3)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ഏഴാംപട്ടികയിലെ (ഈ ഭരണഘടനയിൽ "യൂണിയൻ ലിസ്റ്റ്"എന്ന് പരാമർശിച്ചിട്ടുള്ള) ലിസ്റ്റ് I-ൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് നിയമം ഉണ്ടാക്കുവാൻ പാർലമെന്റിന് അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (3)-ാം ഖണ്ഡത്തിൽ എന്തുതന്നെയായിരുന്നാലും പാർലമെന്റിനും, കൂടാതെ (1)-ാം ഖണ്ഡത്തിന് വിധേയമായി, [1][***] ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡത്തിലും ഏഴാം പട്ടികയിലെ, (ഈ ഭരണഘടനയിൽ "സമവർത്തി ലിസ്റ്റ്" എന്ന് പരാമർശിച്ചിട്ടുള്ള) ലിസ്റ്റ് III-ൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏത് സംബന്ധിച്ചും നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങൾക്ക് വിധേയമായി, [1][***] ഏതെങ്കിലും സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്, ഏഴാം പട്ടികയിലെ, (ഈ ഭരണഘടനയിൽ "സംസ്ഥാന ലിസ്റ്റ്" എന്ന് പരാമർശിച്ചിട്ടുള്ള) ലിസ്റ്റ് II-ൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച്, അങ്ങനെയുള്ള സംസ്ഥാനത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) പാർലമെന്റിന് ഭാരതത്തിന്റെ ഭൂപ്രദേശത്ത് [2][ഒരു സംസ്ഥാനത്തിൽ] ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഭാഗത്തിനുവേണ്ടി ഏതെങ്കിലും വിഷയം സംബന്ധിച്ച്, അങ്ങനെയുള്ള വിഷയം സംസ്ഥാന ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയമായിരുന്നാലും, നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

[3][**246ക. ചരക്ക്-സേവന നികുതി സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**— (1) 246-ഉം 254-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെയടങ്ങിയിരുന്നാലും, പാർലമെന്റിനും, (2)-ാം ഖണ്ഡത്തിന് വിധേയമായി ഓരോ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിനും, യൂണിയനോ അങ്ങനെയുള്ള സംസ്ഥാനമോ ചുമത്തുന്ന ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം നടക്കുന്നിടത്ത് ചരക്ക്-സേവന നികുതിയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അനന്യാധികാരം പാർലമെന്റിന് ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം.— ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക്, 279ക അനുച്ഛേദത്തിന്റെ (5)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ചരക്ക്-സേവന നികുതിയെ സംബന്ധിച്ച്, ചരക്ക്-സേവന നികുതി കൗൺസിൽ ശിപാർശ ചെയ്ത തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ"എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ"എന്നതിനു പകരം ചേർത്തത്.
3. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

247. Power of Parliament to provide for the establishment of certain additional courts.—Notwithstanding anything in this Chapter, Parliament may by law provide for the establishment of any additional courts for the better administration of laws made by Parliament or of any existing laws with respect to a matter enumerated in the Union List.

248. Residuary powers of legislation.—(1) [1][Subject to article 246A, Parliament] has exclusive power to make any law with respect to any matter not enumerated in the Concurrent List or State List.

(2) Such power shall include the power of making any law imposing a tax not mentioned in either of those Lists.

249. Power of Parliament to legislate with respect to a matter in the State List in the national interest.—(1) Notwithstanding anything in the foregoing provisions of this Chapter, if the Council of States has declared by resolution supported by not less than two-thirds of the members present and voting that it is necessary or expedient in the national interest that Parliament should make laws with respect to [2][goods and services tax provided under article 246A or] any matter enumerated in the State List specified in the resolution, it shall be lawful for Parliament to make laws for the whole or any part of the territory of India with respect to that matter while the resolution remains in force.

(2) A resolution passed under clause (1) shall remain in force for such period not exceeding one year as may be specified therein:

Provided that, if and so often as a resolution approving the continuance in force of any such resolution is passed in the manner provided in clause (1), such resolution shall continue in force for a further period of one year from the date on which under this clause it would otherwise have ceased to be in force.

(3) A law made by Parliament which Parliament would not but for the passing of a resolution under clause (1) have been competent to make shall, to the extent of the incompetency, cease to have effect on the expiration of a period of six months after the resolution has ceased to be in force, except as respects things done or omitted to be done before the expiration of the said period.

250. Power of Parliament to legislate with respect to any matter in the State List if a Proclamation of Emergency is in operation.—(1) Notwithstanding anything in this Chapter, Parliament shall, while a Proclamation of Emergency is in operation, have power to make laws for the whole or any part of the territory of India with respect to [3][goods and services tax provided under article 246A or] any of the matters enumerated in the State List.

(2) A law made by Parliament which Parliament would not but for the issue of a Proclamation of Emergency have been competent to make shall, to the extent of the incompetency, cease to have effect on the expiration of a period of six months after the Proclamation has ceased to operate, except as respects things done or omitted to be done before the expiration of the said period.

1. Subs. by the Constitution (One Hundred and First Amendment) Act, 2016, s. 3, for "Parliament" (w.e.f. 16-9-2016).

2. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 4 (w.e.f. 16-9-2016).

3. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 5 (w.e.f. 16-9-2016).

247. ചില അഡീഷണൽ കോടതികളുടെ സ്ഥാപനത്തിന് വ്യവസ്ഥ ചെയ്യുവാൻ പാർലമെന്റിനുള്ള അധികാരം.—ഈ അദ്ധ്യായത്തിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങളുടെയോ യൂണിയൻ ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഒരു വിഷയം സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമങ്ങളുടെയോ മെച്ചപ്പെട്ട നിർവ്വഹണത്തിനുവേണ്ടി അഡീഷണൽ കോടതികൾ സ്ഥാപിക്കുവാൻ പാർലമെന്റിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

248. നിയമനിർമ്മാണത്തിനുള്ള അവശേഷിക്കുന്ന അധികാരങ്ങൾ.—(1) സമവർത്തി ലിസ്റ്റിലോ സംസ്ഥാന ലിസ്റ്റിലോ എണ്ണിപ്പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നിയമം നിർമ്മിക്കുവാൻ [1][246കു അനുച്ഛേദത്തിന് വിധേയമായി, പാർലമെന്റിന്], അനന്യാധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള അധികാരം, ആ രണ്ടു ലിസ്റ്റുകളിൽ ഒന്നിലും എണ്ണിപ്പറഞ്ഞിട്ടില്ലാത്ത ഒരു നികുതി ചുമത്തുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരവും ഉൾപ്പെടുന്നതാണ്.

249. സംസ്ഥാന ലിസ്റ്റിലെ ഒരു വിഷയം സംബന്ധിച്ച് ദേശീയ താൽപ്പര്യത്തിനുവേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെയായിരുന്നാലും, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാതെയുള്ളവർ പിൻതാങ്ങിയ പ്രമേയം വഴി, [2][246ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതിയോ] ആ പ്രമേയത്തിൽ നിർദ്ദേശിച്ചിട്ടുള്ളതും സംസ്ഥാന ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ളതുമായ ഏതെങ്കിലും വിഷയമോ സംബന്ധിച്ച് പാർലമെന്റ് നിയമങ്ങൾ ഉണ്ടാക്കേണ്ടത് ദേശീയ താത്പര്യത്തിന് ആവശ്യമോ യുക്തമോ ആണെന്ന് രാജ്യസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, ആ പ്രമേയം പ്രാബല്യത്തിലിരിക്കുമ്പോൾ ആ വിഷയം സംബന്ധിച്ച് ഭാരതത്തിന്റെ ഭൂപ്രദേശത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി പാർലമെന്റ് നിയമം ഉണ്ടാക്കുന്നത് നിയമാനുസൃതം ആയിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പാസ്സാക്കിയ ഒരു പ്രമേയം, അതിൽ നിർദ്ദേശിക്കാവുന്ന ഒരു വർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലത്തേക്ക് പ്രാബല്യത്തിലിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും പ്രമേയം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം, (1)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പാസ്സാക്കുന്ന പക്ഷം, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെ ആ പ്രമേയം ഈ ഖണ്ഡപ്രകാരം മറ്റുവിധത്തിൽ പ്രാബല്യത്തിലില്ലാതാകുമായിരുന്ന തീയതി മുതൽ ഒരു വർഷക്കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതാണ്.

(3) (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു പ്രമേയം, പാസ്സാക്കിയില്ലായിരുന്നുവെങ്കിൽ നിയമം ഉണ്ടാക്കുവാൻ പാർലമെന്റിന് ക്ഷമത ഇല്ലാതാകുമായിരുന്നിടത്ത്, പാർലമെന്റ് ഉണ്ടാക്കിയ ഒരു നിയമത്തിന്, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം ആ പ്രമേയം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ, മേൽപ്പറഞ്ഞ കാലം അവസാനിക്കുംമുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, പ്രാബല്യം ഇല്ലാതാകുന്നതാണ്.

250. ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലുണ്ടെങ്കിൽ സംസ്ഥാന ലിസ്റ്റിലെ ഏത് വിഷയം സംബന്ധിച്ചും നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിൽ എന്തുതന്നെയായിരുന്നാലും, ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ പാർലമെന്റിന്, [3][246ക അനുച്ഛേദപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചരക്ക്-സേവന നികുതിയോ] സംസ്ഥാന ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏത് വിഷയമോ സംബന്ധിച്ചും, ഭാരതത്തിന്റെ ഭൂപ്രദേശത്തിന് മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമം ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു അടിയന്തരാവസ്ഥാ വിളംബരം പുറപ്പെടുവിച്ചിട്ടില്ലായിരുന്നുവെങ്കിൽ നിയമം ഉണ്ടാക്കുവാൻ പാർലമെന്റിന് ക്ഷമതയില്ലാതാകുമായിരുന്നിടത്ത്, പാർലമെന്റ് ഉണ്ടാക്കിയ ഒരു നിയമത്തിന്, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ വിളംബരം പ്രാബല്യത്തിലില്ലാതായതിനുശേഷം ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ, മേൽപ്പറഞ്ഞ കാലം അവസാനിക്കുന്നതിനുമുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, പ്രാബല്യം ഇല്ലാതാകുന്നതാണ്.

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ''പാർലമെന്റ്'' എന്നതിന് പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
2. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
3. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

251. Inconsistency between laws made by Parliament under articles 249 and 250 and laws made by the Legislatures of States.—Nothing in articles 249 and 250 shall restrict the power of the Legislature of a State to make any law which under this Constitution it has power to make, but if any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament has under either of the said articles power to make, the law made by Parliament, whether passed before or after the law made by the Legislature of the State, shall prevail, and the law made by the Legislature of the State shall to the extent of the repugnancy, but so long only as the law made by Parliament continues to have effect, be inoperative.

252. Power of Parliament to legislate for two or more States by consent and adoption of such legislation by any other State.—(1) If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards by resolution passed in that behalf by the House or, where there are two Houses, by each of the Houses of the Legislature of that State.

(2) Any Act so passed by Parliament may be amended or repealed by an Act of Parliament passed or adopted in like manner but shall not, as respects any State to which it applies, be amended or repealed by an Act of the Legislature of that State.

253. Legislation for giving effect to international agreements.—Notwithstanding anything in the foregoing provisions of this Chapter, Parliament has power to make any law for the whole or any part of the territory of India for implementing any treaty, agreement or convention with any other country or countries or any decision made at any international conference, association or other body.

254. Inconsistency between laws made by Parliament and laws made by the Legislatures of States.—(1) If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to any provision of an existing law with respect to one of the matters

251. 249-ഉം 250-ഉം അനുച്ഛേദങ്ങൾ പ്രകാരം പാർലമെന്റ് ഉണ്ടാക്കിയ നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങൾ ഉണ്ടാക്കിയ നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ.— 249-ഉം 250-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്, ഈ ഭരണഘടനപ്രകാരം ഉണ്ടാക്കുവാൻ അധികാരമുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കുവാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കുന്ന ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ പാർലമെന്റിന്, മേൽപ്പറഞ്ഞ രണ്ട് അനുച്ഛേദങ്ങളിൽ ഏതെങ്കിലും പ്രകാരം ഉണ്ടാക്കുവാൻ അധികാരമുള്ളതും പാർലമെന്റ് ഉണ്ടാക്കിയതുമായ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിന് അത് പാസ്സാക്കിയത് സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതും സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് ആ പൊരുത്തക്കേടിന്റെ വ്യാപ്തിയോളം, എന്നാൽ പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിന് പ്രഭാവം ഉണ്ടായിരിക്കുന്നത് തുടരുന്ന കാലത്തോളം മാത്രം പ്രാബല്യം ഇല്ലാതിരിക്കുന്നതും ആകുന്നു.

252. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കുവേണ്ടി സമ്മതത്തോടുകൂടി നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരവും അങ്ങനെയുള്ള നിയമം മറ്റേതെങ്കിലും സംസ്ഥാനം സ്വീകരിക്കുന്നതും.— (1) രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങൾക്ക് 249-ഉം 250-ഉം അനുച്ഛേദങ്ങളിൽ വ്യവസ്ഥപ്പെടുത്തിയവിധം ഒഴികെ പാർലമെന്റിന് സംസ്ഥാനങ്ങൾക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഇല്ലാത്ത വിഷയങ്ങളിലേതെങ്കിലും അങ്ങനെയുള്ള സംസ്ഥാനങ്ങളിൽ പാർലമെന്റ് നിയമം വഴി ക്രമപ്പെടുത്തേണ്ടത് അഭിലഷണീയമാണെന്ന് തോന്നുകയും ആ അർത്ഥത്തിൽ പ്രമേയങ്ങൾ ആ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങളുടെ എല്ലാ സഭകളും പാസ്സാക്കുകയും ചെയ്യുന്നുവെങ്കിൽ, അതനുസരിച്ച് ആ വിഷയം ക്രമപ്പെടുത്തുന്നതിലേക്ക് പാർലമെന്റ് ഒരു ആക്റ്റ് പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, അപ്രകാരം പാസ്സാക്കുന്ന ഏതെങ്കിലും ആക്റ്റ് അങ്ങനെയുള്ള സംസ്ഥാനങ്ങൾക്കും, മറ്റ് ഏതെങ്കിലും സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയോ രണ്ടു സഭകൾ ഉള്ളിടത്ത് സഭകളിൽ ഓരോന്നുമോ, അതിലേക്കു പാസ്സാക്കുന്ന പ്രമേയം വഴി ആക്റ്റ് പിന്നീട് അത് സ്വീകരിക്കുന്നതായാൽ, ആ സംസ്ഥാനത്തിനും ബാധകമായിരിക്കുന്നതും ആകുന്നു.

(2) പാർലമെന്റ് അപ്രകാരം പാസ്സാക്കുന്ന ഏതെങ്കിലും ആക്റ്റ്, അതുപോലെയുള്ള രീതിയിൽ പാസ്സാക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന പാർലമെന്റിന്റെ ഒരു ആക്റ്റുകൊണ്ട് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും, എന്നാൽ അത് ബാധകമാകുന്ന ഏതെങ്കിലും സംസ്ഥാനത്തെ സംബന്ധിച്ച് ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റുവഴി ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

253. അന്താരാഷ്ട്ര കരാറുകൾക്ക് പ്രഭാവം നൽകുന്നതിനുള്ള നിയമനിർമ്മാണം.— ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന് മറ്റേതെങ്കിലും രാജ്യവുമായോ രാജ്യങ്ങളുമായോ ഉള്ള ഒരു സന്ധിയോ കരാറോ ഉടമ്പടിയോ, അല്ലെങ്കിൽ ഏതെങ്കിലും അന്താരാഷ്ട്ര സമ്മേളനത്തിലോ സംഘത്തിലോ മറ്റു നികായത്തിലോ വച്ച് എടുത്ത ഏതെങ്കിലും തീരുമാനമോ നടപ്പാക്കുന്നതിന് ഭാരതത്തിന്റെ മുഴുവൻ ഭൂപ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി നിയമം ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

254. പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങളും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളും തമ്മിലുള്ള പൊരുത്തമില്ലായ്മ.— (1) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥ, നിയമം ഉണ്ടാക്കുവാൻ പാർലമെന്റിന് ക്ഷമതയുള്ളതും പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ളതുമായ ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ

enumerated in the Concurrent List, then, subject to the provisions of clause (2), the law made by Parliament, whether passed before or after the law made by the Legislature of such State, or, as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void.

(2) Where a law made by the Legislature of a State [1][***] with respect to one of the matters enumerated in the Concurrent List contains any provision repugnant to the provisions of an earlier law made by Parliament or an existing law with respect to that matter, then, the law so made by the Legislature of such State shall, if it has been reserved for the consideration of the President and has received his assent, prevail in that State:

Provided that nothing in this clause shall prevent Parliament from enacting at any time any law with respect to the same matter including a law adding to, amending, varying or repealing the law so made by the Legislature of the State.

255. Requirements as to recommendations and previous sanctions to be regarded as matters of procedure only.—No Act of Parliament or of the Legislature of a State [1][***] and no provision in any such Act, shall be invalid by reason only that some recommendation or previous sanction required by this Constitution was not given, if assent to that Act was given—

(a) where the recommendation required was that of the Governor, either by the Governor or by the President;

(b) where the recommendation required was that of the Rajpramukh, either by the Rajpramukh or by the President;

(c) where the recommendation or previous sanction required was that of the President, by the President.

1. The words and letters ''specified in Part A or Part B of the First Schedule'' omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

വിരുദ്ധമാണെങ്കിൽ, അപ്പോൾ, (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, പാർലമെന്റ് ഉണ്ടാക്കിയ നിയമത്തിന്, അത് പാസ്സാക്കിയത് അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം ഉണ്ടാക്കിയ നിയമത്തിന് മുമ്പായാലും പിമ്പായാലും, അല്ലെങ്കിൽ നിലവിലുള്ള നിയമത്തിന്, അതതുസംഗതിപോലെ, അധിപ്രഭാവം ഉണ്ടായിരിക്കുന്നതും, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമം ആ വൈരുദ്ധ്യത്തിന്റെ വ്യാപ്തിയോളം അസാധുവായിരിക്കുന്നതും ആകുന്നു.

(2) സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച്, [1][***] ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഒരു നിയമം, പാർലമെന്റ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും വ്യവസ്ഥ ഉൾക്കൊള്ളുന്നതായാൽ, അപ്പോൾ, അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്രകാരം ഉണ്ടാക്കിയ നിയമത്തിന്, അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും, അതിന് അദ്ദേഹത്തിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ആ സംസ്ഥാനത്ത് അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും, അതേ വിഷയം സംബന്ധിച്ച്, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്രകാരം ഉണ്ടാക്കിയ നിയമത്തിൽ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ അല്ലെങ്കിൽ നിയമം റദ്ദാക്കുകയോ ചെയ്യുന്ന ഒരു നിയമം ഉൾപ്പെടെ ഏതെങ്കിലും നിയമം ഏത് സമയത്തും ഉണ്ടാക്കുന്നതിൽ നിന്നും പാർലമെന്റിനെ തടയുന്നതല്ല.

255. ശിപാർശകളും മുൻകൂട്ടിയുള്ള അനുമതികളും സംബന്ധിച്ച ആവശ്യകതകൾ നടപടിക്രമം സംബന്ധിച്ചവ മാത്രമായി കരുതണമെന്ന്.—പാർലമെന്റിന്റെയോ [1][***] ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെയോ യാതൊരു ആക്റ്റും, അങ്ങനെയുള്ള ഏതെങ്കിലും ആക്റ്റിലെ യാതൊരു വ്യവസ്ഥയും, ഈ ഭരണഘടനയാൽ ആവശ്യമായ ഏതെങ്കിലും ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ ലഭിച്ചിട്ടില്ലെന്ന കാരണത്താൽ മാത്രം,—

(ക) ആവശ്യമായ ആ ശിപാർശ ഗവർണ്ണറുടേതായിരിക്കുന്നിടത്ത്, ഗവർണ്ണറോ, അല്ലെങ്കിൽ രാഷ്ട്രപതിയോ;

(ഖ) ആവശ്യമായ ആ ശിപാർശ രാജപ്രമുഖന്റേതായിരിക്കുന്നിടത്ത് രാജപ്രമുഖനോ, അല്ലെങ്കിൽ രാഷ്ട്രപതിയോ;

(ഗ) ആവശ്യമായ ആ ശിപാർശയോ മുൻകൂട്ടിയുള്ള അനുമതിയോ രാഷ്ട്രപതിയുടേതായിരിക്കുന്നിടത്ത്, രാഷ്ട്രപതിയോ,

ആ ആക്റ്റിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ, അസാധുവാകുന്നതല്ല.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

CHAPTER II—ADMINISTRATIVE RELATIONS

General

256. Obligation of States and the Union.—The executive power of every State shall be so exercised as to ensure compliance with the laws made by Parliament and any existing laws which apply in that State, and the executive power of the Union shall extend to the giving of such directions to a State as may appear to the Government of India to be necessary for that purpose.

257. Control of the Union over States in certain cases.—(1) The executive power of every State shall be so exercised as not to impede or prejudice the exercise of the executive power of the Union, and the executive power of the Union shall extend to the giving of such directions to a State as may appear to the Government of India to be necessary for that purpose.

(2) The executive power of the Union shall also extend to the giving of directions to a State as to the construction and maintenance of means of communication declared in the direction to be of national or military importance:

Provided that nothing in this clause shall be taken as restricting the power of Parliament to declare highways or waterways to be national highways or national waterways or the power of the Union with respect to the highways or waterways so declared or the power of the Union to construct and maintain means of communication as part of its functions with respect to naval, military and air force works.

(3) The executive power of the Union shall also extend to the giving of directions to a State as to the measures to be taken for the protection of the railways within the State.

(4) Where in carrying out any direction given to a State under clause (2) as to the construction or maintenance of any means of communication or under clause (3) as to the measures to be taken for the protection of any railway, costs have been incurred in excess of those which would have been incurred in the discharge of the normal duties of the State if such direction had not been given, there shall be paid by Government of India to the State such sum as may be agreed, or, in default of agreement, as may be determined by an arbitrator appointed by the Chief Justice of India, in respect of the extra costs so incurred by the State.

അദ്ധ്യായം II—ഭരണപരമായ ബന്ധങ്ങൾ

സാമാന്യം

256. സംസ്ഥാനങ്ങളുടെയും യൂണിയന്റെയും കടപ്പാട്.— ഓരോ സംസ്ഥാനത്തിന്റെയും നിർവ്വാഹകാധികാരം, ആ സംസ്ഥാനത്തിന് ബാധകമായ, പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളും നിലവിലുള്ള ഏതെങ്കിലും നിയമങ്ങളും അനുസരിക്കുന്നത് സുനിശ്ചിതമാകത്തക്കവിധം പ്രയോഗിക്കേണ്ടതും, ആ ആവശ്യത്തിന് വേണ്ടതാണെന്ന് ഭാരത സർക്കാരിന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഒരു സംസ്ഥാനത്തിന് നൽകുന്നതിലേക്ക് യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതും ആകുന്നു.

257. ചില സംഗതികളിൽ സംസ്ഥാനങ്ങളുടെ മേൽ യൂണിയന്റെ നിയന്ത്രണം.—(1) ഓരോ സംസ്ഥാനത്തിന്റെയും നിർവ്വാഹകാധികാരം, യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ പ്രയോഗത്തിന് വിഘാതമുണ്ടാക്കുകയോ ഭംഗം വരുത്തുകയോ ചെയ്യാത്തവിധം പ്രയോഗിക്കേണ്ടതും ആ ആവശ്യത്തിന് വേണ്ടതാണെന്ന് ഭാരത സർക്കാരിന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഒരു സംസ്ഥാനത്തിന് നൽകുന്നതിലേക്ക് യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതും ആകുന്നു.

(2) ദേശീയമോ, സൈനികമോ ആയ പ്രാധാന്യം ഉള്ളവ എന്ന് നിർദ്ദേശത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഗതാഗതമാർഗ്ഗങ്ങളുടെ നിർമ്മാണത്തെയും സംരക്ഷണത്തെയും പറ്റി ഒരു സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് കൂടി യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാകുന്നു:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും രാജപാതകളെയോ ജലമാർഗ്ഗങ്ങളെയോ ദേശീയ രാജപാതകളോ ദേശീയ ജലമാർഗ്ഗങ്ങളോ ആയി പ്രഖ്യാപിക്കുവാൻ പാർലമെന്റിനുള്ള അധികാരത്തെയോ, അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള രാജപാതകളെയോ, ജലമാർഗ്ഗങ്ങളെയോ സംബന്ധിച്ച് യൂണിയനുള്ള അധികാരത്തെയോ നാവിക-കര-വൈമാനിക സേനകളുടെ വകയായുള്ള നിർമ്മാണങ്ങളെ സംബന്ധിച്ച അതിന്റെ ചുമതലകളുടെ ഭാഗമെന്ന നിലയിൽ ഗതാഗതമാർഗ്ഗങ്ങൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ യൂണിയനുള്ള അധികാരത്തെയോ നിയന്ത്രിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

(3) യൂണിയന്റെ നിർവ്വാഹകാധികാരം, ഒരു സംസ്ഥാനത്തിന് ആ സംസ്ഥാനത്തിനുള്ളിലുള്ള റെയിൽവേയുടെ രക്ഷയ്ക്കുവേണ്ടി എടുക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിലേക്കുകൂടി വ്യാപിക്കുന്നതാകുന്നു.

(4) ഏതെങ്കിലും ഗതാഗതമാർഗ്ഗത്തിന്റെ നിർമ്മാണമോ സംരക്ഷണമോ സംബന്ധിച്ച് (2)-ാം ഖണ്ഡപ്രകാരമോ, അല്ലെങ്കിൽ ഏതെങ്കിലും റെയിൽവേയുടെ രക്ഷയ്ക്കുവേണ്ടി എടുക്കേണ്ട നടപടികൾ സംബന്ധിച്ച് (3)-ാം ഖണ്ഡപ്രകാരമോ, ഒരു സംസ്ഥാനത്തിന് നല്കിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശം നിറവേറ്റുന്നതിൽ, അങ്ങനെയുള്ള നിർദ്ദേശം നൽകപ്പെട്ടിരുന്നില്ലെങ്കിൽ ആ സംസ്ഥാനത്തിന്റെ സാധാരണഗതിയിലുള്ള കൃത്യങ്ങളുടെ നിർവ്വഹണത്തിൽ ചെലവിടേണ്ടിവരുമായിരുന്നതിൽ അധികമായ ചെലവുകൾ നേരിടേണ്ടിവന്നിട്ടുള്ളിടത്ത്, ആ സംസ്ഥാനത്തിന് അപ്രകാരം നേരിടേണ്ടിവന്ന അധികച്ചെലവുകൾ സംബന്ധിച്ച് അന്യോന്യം സമ്മതിക്കുന്നതോ, സമ്മതത്തിന്റെ അഭാവത്തിൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റീസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കുന്നതോ ആയതുക ഭാരത സർക്കാർ ആ സംസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

[1]**257A.** *[Assistance to States by deployment of armed forces or other forces of the Union.] Omitted by the Constitution (Forty-fourth Amendment) Act, 1978, s. 33 (w.e.f. 20-6-1979).*

258. Power of the Union to confer powers, etc., on States in certain cases.—(1) Nothwithstanding anything in this Constitution, the President may, with the consent of the Government of a State, entrust either conditionally or unconditionally to that Government or to its officers functions in relation to any matter to which the executive power of the Union extends.

(2) A law made by Parliament which applies in any State may, notwithstanding that it relates to a matter with respect to which the Legislature of the State has no power to make laws, confer powers and impose duties, or authorise the conferring of powers and the imposition of duties, upon the State or officers and authorities thereof.

(3) Where by virtue of this article powers and duties have been conferred or imposed upon a State or officers or authorities thereof, there shall be paid by the Government of India to the State such sum as may be agreed, or, in default of agreement, as may be determined by an arbitrator appointed by the Chief Justice of India, in respect of any extra costs of administration incurred by the State in connection with the exercise of those powers and duties.

[2][**258A. Power of the States to entrust functions to the Union.—** Nothwithstanding anything in this Constitution, the Governor of a State may, with the consent of the Government of India, entrust either conditionally or unconditionally to that Government or to its officers functions in relation to any matter to which the executive power of the State extends.]

259. *[Armed Forces in States in Part B of the First Schedule.] Omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.*

260. Jurisdiction of the Union in relation to territories outside India.—The Government of India may by agreement with the Government of any territory not being part of the territory of India undertake any executive, legislative or judicial functions vested in the Government of such territory, but every such agreement shall be subject to, and governed by, any law relating to the exercise of foreign jurisdiction for the time being in force.

261. Public acts, records and judicial proceedings.—(1) Full faith and credit shall be given throughout the territory of India to public acts, records and judicial proceedings of the Union and of every State.

1. Ins. by the Constitution (Forty-second Amendment) Act, 1976, s. 43 (w.e.f. 3-1-1977).

2. Ins. by the Constitution (Seventh Amendment) Act, 1956, s. 18.

[1] **257 ക.** [*യൂണിയന്റെ സായുധസേനകളെയും മറ്റു സേനകളെയും വിട്ടുകൊടുത്ത് സംസ്ഥാനങ്ങളെ സഹായിക്കുന്നത്.*] *1978-ലെ ഭരണഘടന (നാൽപത്തിനാലാം ഭേദഗതി) ആക്റ്റ് 33-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).*

258. ചില സംഗതികളിൽ സംസ്ഥാനങ്ങൾക്ക് അധികാരങ്ങളും മറ്റും നൽകുവാൻ യൂണിയനുള്ള അധികാരം.—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ഒരു സംസ്ഥാനത്തെ സർക്കാരിന്റെ സമ്മതത്തോടുകൂടി ആ സർക്കാരിനെയോ അതിന്റെ ഉദ്യോഗസ്ഥൻമാരെയോ, യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് ചുമതലകൾ സോപാധികമായോ നിരുപാധികമായോ ഏൽപ്പിക്കാവുന്നതാണ്.

(2) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ളതും ഏതെങ്കിലും സംസ്ഥാനത്തിന് ബാധകമാകുന്നതും ആയ ഒരു നിയമത്തിന്, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം ഉണ്ടാക്കുവാൻ അധികാരമില്ലാത്ത ഒരു വിഷയം സംബന്ധിച്ചതാണ് ആ നിയമം എന്നിരുന്നാലും, ആ സംസ്ഥാനത്തിനോ അതിന്റെ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ അധികാരങ്ങൾ നൽകുകയോ അതിന്റെയോ അവരുടെയോ മേൽ കർത്തവ്യങ്ങൾ ചുമത്തുകയോ, അല്ലെങ്കിൽ അധികാരങ്ങൾ നൽകുന്നതിനും കർത്തവ്യങ്ങൾ ചുമത്തുന്നതിനും അതിനെ അല്ലെങ്കിൽ അവരെ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിന്റെ ബലത്തിൽ, അധികാരങ്ങളും കർത്തവ്യങ്ങളും ഒരു സംസ്ഥാനത്തിനോ അതിന്റെ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ നൽകുകയോ, അല്ലെങ്കിൽ അതിന്റെയോ അവരുടെയോ മേൽ ചുമത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തോട് ബന്ധപ്പെട്ട് ആ സംസ്ഥാനത്തിന് നേരിടേണ്ടി വന്നിട്ടുള്ള ഭരണസംബന്ധമായ അധികച്ചെലവുകൾ സംബന്ധിച്ച് സമ്മതിക്കാവുന്നതോ സമ്മതത്തിന്റെ അഭാവത്തിൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കാവുന്നതോ ആയ അങ്ങനെയുള്ള തുക ഭാരത സർക്കാർ ആ സംസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

[2] [**258ക. യൂണിയനെ ചുമതലകൾ ഏൽപ്പിക്കുവാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം.**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്ക് ഭാരത സർക്കാരിന്റെ സമ്മതത്തോടുകൂടി ആ സർക്കാരിനെയോ അതിന്റെ ഉദ്യോഗസ്ഥൻമാരെയോ ആ സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള ചുമതലകൾ, സോപാധികമായോ, നിരുപാധികമായോ, ഏൽപ്പിക്കാവുന്നതാണ്.]

259. [*ഒന്നാം പട്ടിക ഖ ഭാഗത്തിലെ സംസ്ഥാനങ്ങളിലെ സായുധസേനകൾ.*] *1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ് 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.*

260. ഭാരതത്തിന് പുറത്തുള്ള ഭൂപ്രദേശങ്ങളെ സംബന്ധിച്ച് യൂണിയനുള്ള അധികാരിത.—ഭാരത സർക്കാരിന് ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഭാഗമല്ലാത്ത ഏതെങ്കിലും ഭൂപ്രദേശത്തെ സർക്കാരുമായുള്ള ഉടമ്പടി വഴി അങ്ങനെയുള്ള ഭൂപ്രദേശത്തെ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള നിർവ്വാഹകമോ നിയമനിർമ്മാണപരമോ നീതിന്യായപരമോ ആയ ഏതെങ്കിലും ചുമതലകൾ ഏറ്റെടുക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള ഓരോ ഉടമ്പടിയും വിദേശീയ അധികാരിതയുടെ പ്രയോഗം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതു നിയമത്തിനും വിധേയവും അവയാൽ നിയന്ത്രിതവും ആയിരിക്കുന്നതാണ്.

261. പൊതു കൃത്യങ്ങളും രേഖകളും നീതിന്യായ നടപടികളും.— (1) യൂണിയന്റെയും ഓരോ സംസ്ഥാനത്തിന്റെയും പൊതു കൃത്യങ്ങൾക്കും രേഖകൾക്കും നീതിന്യായ നടപടികൾക്കും ഭാരതത്തിന്റെ ഭൂപ്രദേശത്ത് എല്ലായിടത്തും പൂർണ്ണമായ വിശ്വാസ്യതയും മാന്യതയും കൽപ്പിക്കേണ്ടതാണ്.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 43-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 18-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) The manner in which and the conditions under which the acts, records and proceedings referred to in clause (1) shall be proved and the effect thereof determined shall be as provided by law made by Parliament.

(3) Final judgments or orders delivered or passed by civil courts in any part of the territory of India shall be capable of execution anywhere within that territory according to law.

Disputes relating to Waters

262. Adjudication of disputes relating to waters of inter-State rivers or river valleys.—(1) Parliament may by law provide for the adjudication of any dispute or complaint with respect to the use, distribution or control of the waters of, or in, any inter-State river or river valley.

(2) Notwithstanding anything in this Constitution, Parliament may by law provide that neither the Supreme Court nor any other court shall exercise jurisdiction in respect of any such dispute or complaint as is referred to in clause (1).

Co-ordination between States

263. Provisions with respect to an inter-State Council.—If at any time it appears to the President that the public interests would be served by the establishment of a Council charged with the duty of—

(a) inquiring into and advising upon disputes which may have arisen between States;

(b) investigating and discussing subjects in which some or all of the States, or the Union and one or more of the States, have a common interest; or

(c) making recommendations upon any such subject and, in particular, recommendations for the better co-ordination of policy and action with respect to that subject,

it shall be lawful for the President by order to establish such a Council, and to define the nature of the duties to be performed by it and its organisation and procedure.

(2) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കൃത്യങ്ങളും രേഖകളും നടപടികളും തെളിയിക്കുന്നതിനും അവയുടെ പ്രഭാവം നിശ്ചയിക്കുന്നതിനും ഉള്ള രീതിയും അതിനുള്ള ഉപാധികളും പാർലമെന്റ് ഉണ്ടാക്കുന്ന നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(3) ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏത് ഭാഗത്തും ഉള്ള സിവിൽ കോടതികൾ പ്രസ്താവിച്ചതോ പുറപ്പെടുവിച്ചതോ ആയ അന്തിമ വിധിന്യായങ്ങൾ അല്ലെങ്കിൽ ഉത്തരവുകൾ ആ ഭൂപ്രദേശത്തിനകത്ത് എവിടെയും നിയമാനുസൃതം നടത്താവുന്നത് ആയിരിക്കുന്നതാണ്.

ജലം സംബന്ധിച്ച തർക്കങ്ങൾ

262. അന്തർ-സംസ്ഥാന നദികളിലെയോ അന്തർ-സംസ്ഥാന നദീതടങ്ങളിലെയോ ജലം സംബന്ധിച്ച തർക്കങ്ങളുടെ ന്യായനിർണ്ണയം.— (1) പാർലമെന്റിന്, ഏതെങ്കിലും അന്തർ-സംസ്ഥാന നദിയുടെയോ, നദീതടത്തിന്റെയോ ജലത്തിന്റെ ഉപയോഗമോ, വിതരണമോ അല്ലെങ്കിൽ അവയിലെ ജലത്തിന്റെ നിയന്ത്രണമോ സംബന്ധിച്ച ഏതെങ്കിലും തർക്കത്തിന്റെയോ പരാതിയുടെയോ ന്യായനിർണ്ണയത്തിന്, നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റിന്, (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും തർക്കമോ പരാതിയോ സംബന്ധിച്ച് സുപ്രീംകോടതിയോ മറ്റേതെങ്കിലും കോടതിയോ അധികാരിത പ്രയോഗിച്ചുകൂടെന്ന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

സംസ്ഥാനങ്ങൾക്കിടയിൽ ഏകോപനം

263. ഒരു അന്തർ-സംസ്ഥാന സമിതിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.— രാഷ്ട്രപതിക്ക് ഏതെങ്കിലും സമയത്ത്—

(ക) സംസ്ഥാനങ്ങൾക്കിടയിൽ ഉത്ഭവിച്ചിട്ടുള്ള തർക്കങ്ങളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുവാനും ഉപദേശിക്കുവാനും;

(ഖ) സംസ്ഥാനങ്ങളിൽ ചിലതിനോ എല്ലാറ്റിലുമോ, അല്ലെങ്കിൽ യൂണിയനും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾക്കോ പൊതുവിൽ താത്പര്യമുള്ള വിഷയങ്ങൾ അന്വേഷിക്കുവാനും ചർച്ചചെയ്യുവാനും;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും വിഷയത്തിൻമേൽ ശിപാർശകളും, പ്രത്യേകിച്ച് ആ വിഷയം സംബന്ധിച്ചുള്ള നയത്തിന്റെയും പ്രവൃത്തിയുടെയും മെച്ചപ്പെട്ട ഏകോപനത്തിനു വേണ്ടിയുള്ള ശിപാർശകളും, സമർപ്പിക്കുവാനും,

ഉള്ള കർത്തവ്യം ഭരമേൽപ്പിച്ചിട്ടുള്ള ഒരു സമിതിയുടെ സ്ഥാപനം വഴി പൊതുതാത്പര്യങ്ങൾക്ക് പ്രയോജനപ്പെടുമെന്ന് തോന്നുന്നുവെങ്കിൽ, രാഷ്ട്രപതി ഉത്തരവു വഴി അങ്ങനെയുള്ള ഒരു സമിതി രൂപീകരിക്കുകയും അത് നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളുടെ സ്വഭാവവും അതിന്റെ ഘടനയും നടപടിക്രമവും നിർവ്വചിക്കുകയും ചെയ്യുന്നത് നിയമാനുസൃതം ആയിരിക്കുന്നതാണ്.

PART XII

FINANCE, PROPERTY, CONTRACTS AND SUITS

CHAPTER I—FINANCE

General

[1][**264. Interpretation.—**In this Part, "Finance Commission" means a Finance Commission constituted under article 280.]

265. Taxes not to be imposed save by authority of law.—No tax shall be levied or collected except by authority of law.

266. Consolidated Funds and public accounts of India and of the States.—(1) Subject to the provisions of article 267 and to the provisions of this Chapter with respect to the assignment of the whole or part of the net proceeds of certain taxes and duties to States, all revenues received by the Government of India, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loans shall form one consolidated fund to be entitled "the Consolidated Fund of India", and all revenues received by the Government of a State, all loans raised by that Government by the issue of treasury bills, loans or ways and means advances and all moneys received by that Government in repayment of loans shall form one consolidated fund to be entitled "the Consolidated Fund of the State".

(2) All other public moneys received by or on behalf of the Government of India or the Government of a State shall be credited to the public account of India or the public account of the State, as the case may be.

(3) No moneys out of the Consolidated Fund of India or the Consolidated Fund of a State shall be appropriated except in accordance with law and for the purposes and in the manner provided in this Constitution.

267. Contingency Fund.—(1) Parliament may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of India" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the President to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by Parliament by law under article 115 or article 116.

1. Subs. by the Constitution (Seventh Amendment) Act, 1956, s. 29 and Sch., for art. 264.

ഭാഗം XII

ധനകാര്യവും വസ്തുവും കരാറുകളും വ്യവഹാരങ്ങളും

അദ്ധ്യായം I—ധനകാര്യം

സാമാന്യം

[1][**264. വ്യാഖ്യാനം.**—ഈ ഭാഗത്തിൽ ''ധനകാര്യക്കമ്മീഷൻ'' എന്നാൽ 280-ാം അനുച്ഛേദ പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ധനകാര്യക്കമ്മീഷൻ എന്ന് അർത്ഥമാകുന്നു.]

265. നിയമത്തിന്റെ അധികാരം മുഖേനയല്ലാതെ നികുതികൾ ചുമത്തരുതെന്ന്.— നിയമത്തിന്റെ അധികാരം മുഖേനയല്ലാതെ യാതൊരു നികുതിയും ചുമത്തുകയോ പിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

266. ഭാരതത്തിന്റെയും സംസ്ഥാനങ്ങളുടെയും സഞ്ചിതനിധികളും പൊതുക്കണക്കുകളും.— (1) 267-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കും സംസ്ഥാനങ്ങൾക്ക് ചില നികുതികളുടെയും തീരുവകളുടെയും അറ്റവരവ് മുഴുവനുമോ അതിന്റെ ഭാഗമോ തിരിച്ചുവയ്ക്കുന്നത് സംബന്ധിച്ച് ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ഭാരത സർക്കാരിന് ലഭിക്കുന്ന എല്ലാ റവന്യൂകളും ആ സർക്കാർ ട്രഷറി ബില്ലുകൾ പുറപ്പെടുവിച്ചോ കടമെടുപ്പുകളാലോ അർത്ഥോപായ മുൻകൂറുകളാലോ എടുക്കുന്ന എല്ലാ കടങ്ങളും, കടങ്ങളുടെ തിരിച്ചടയ്ക്കലിൽ ആ സർക്കാരിന് ലഭിക്കുന്ന എല്ലാ പണവും ''ഭാരതത്തിന്റെ സഞ്ചിതനിധി'' എന്നു പേര് പറയാവുന്ന ഒരു സഞ്ചിതനിധിയായിത്തീരുന്നതും, ഒരു സംസ്ഥാന സർക്കാരിന് ലഭിക്കുന്ന എല്ലാ റവന്യൂകളും, ആ സർക്കാർ ട്രഷറി ബില്ലുകൾ പുറപ്പെടുവിച്ചോ കടമെടുപ്പുകളാലോ അർത്ഥോപായ മുൻകൂറുകളാലോ എടുക്കുന്ന എല്ലാ കടങ്ങളും, കടങ്ങളുടെ തിരിച്ചടയ്ക്കലിൽ ആ സർക്കാരിന് ലഭിക്കുന്ന എല്ലാ പണവും ''സംസ്ഥാനത്തിന്റെ സഞ്ചിതനിധി'' എന്നു പേര് പറയാവുന്ന ഒരു സഞ്ചിതനിധിയായിത്തീരുന്നതും ആകുന്നു.

(2) ഭാരത സർക്കാരോ ഭാരത സർക്കാരിനുവേണ്ടിയോ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ സർക്കാരോ സംസ്ഥാനത്തിന്റെ സർക്കാരിനുവേണ്ടിയോ ലഭിക്കുന്ന മറ്റെല്ലാ പൊതുപ്പണവും ഭാരതത്തിന്റെ പൊതുക്കണക്കിലോ ആ സംസ്ഥാനത്തിന്റെ പൊതുക്കണക്കിലോ, അതതുസംഗതി പോലെ വരവുവയ്ക്കേണ്ടതാണ്.

(3) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ യാതൊരു പണവും നിയമം അനുസരിച്ചും ഈ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കും രീതിയിലും ഒഴികെ വിനിയോഗിക്കുവാൻ പാടുള്ളതല്ല.

267. ആകസ്മികനിധി.—(1) പാർലമെന്റിന് നിയമം വഴി ''ഭാരതത്തിന്റെ ആകസ്മികനിധി'' എന്നു പേര് പറയാവുന്ന ഒരു മുൻകൂർ തുകയുടെ സ്വഭാവത്തോടുകൂടിയ ഒരു ആകസ്മികനിധി സ്ഥാപിക്കാവുന്നതും അതിൽ അങ്ങനെയുള്ള നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകകൾ അപ്പോഴപ്പോൾ അടയ്ക്കേണ്ടതും, അപ്രതീക്ഷിതമായ ചെലവു നേരിടേണ്ട ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ചെലവ് 115-ാം അനുച്ഛേദമോ 116-ാം അനുച്ഛേദമോ പ്രകാരം പാർലമെന്റ് നിയമം വഴി അധികാരപ്പെടുത്തുന്നതുവരെ അങ്ങനെയുള്ള നിധിയിൽ നിന്ന് മുൻകൂറുകൾ നൽകുന്നതിന് രാഷ്ട്രപതിക്ക് കഴിയത്തക്കവിധം ആ നിധി അദ്ദേഹത്തിന്റെ അധീനതയിൽ വയ്ക്കേണ്ടതും, ആകുന്നു.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം 264-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(2) The Legislature of a State may by law establish a Contingency Fund in the nature of an imprest to be entitled "the Contingency Fund of the State" into which shall be paid from time to time such sums as may be determined by such law, and the said Fund shall be placed at the disposal of the Governor [1] [***] of the State to enable advances to be made by him out of such Fund for the purposes of meeting unforeseen expenditure pending authorisation of such expenditure by the Legislature of the State by law under article 205 or article 206.

Distribution of Revenues between the Union and the States

268. Duties levied by the Union but collected and appropriated by the States.—(1) Such stamp duties [2] [***] as are mentioned in the Union List shall be levied by the Government of India but shall be collected—

(a) in the case where such duties are leviable within any [3][Union territory], by the Government of India, and

(b) in other cases, by the States within which such duties are respectively leviable.

(2) The proceeds in any financial year of any such duty leviable within any State shall not form part of the Consolidated Fund of India, but shall be assigned to that State.

268A. [4] [*****]

269. Taxes levied and collected by the Union but assigned to the States.—[5][(1) Taxes on the sale or purchase of goods and taxes on the consignment of goods [6][except as provided in article 269A] shall be levied and collected by the Government of India but shall be assigned and shall be deemed to have been assigned to the States on or after the 1st day of April, 1996 in the manner provided in clause (2).

Explanation.—For the purposes of this clause,—

(a) the expression "taxes on the sale or purchase of goods'' shall mean taxes on sale or purchase of goods other than newspapers, where such sale or purchase takes place in the course of inter-State trade or commerce;

(b) the expression "taxes on the consignment of goods" shall mean taxes on the consignment of goods (whether the consignment is to the person making it or to any other person), where such consignment takes place in the course of inter-State trade or commerce.

---

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. The words "and such duties of excise on medicinal and toilet preparations" omitted by the Constitution (One Hundred and First Amendment) Act, 2016, s. 6 (w.e.f. 16-9-2016).
3. Subs. by the Constitution (Seventh Amendment) Act, 1956, s. 29 and Sch., for "State specified in Part C of the First Schedule".
4. Art. 268A inserted by s. 2 of the Constitution (Eighty eighth Amendment) Act, 2003 omitted by the Constitution (One Hundred and First Amendment) Act, 2016, s. 7 (w.e.f. 16-9-2016).
5. Subs. by the Constitution (Eightieth Amendment) Act, 2000, s. 2 (w.e.f. 9-6-2000).
6. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 8 (w.e.f. 16-9-2016).

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം വഴി ഒരു മുൻകൂർ തുക യുടെ സ്വഭാവത്തോടുകൂടിയ ''സംസ്ഥാനത്തിന്റെ ആകസ്മികനിധി'' എന്ന് പേര് പറയാവുന്ന ഒരു ആകസ്മികനിധി സ്ഥാപിക്കാവുന്നതും, അതിൽ അങ്ങനെയുള്ള നിയമം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തുകകൾ അപ്പോഴപ്പോൾ അടയ്ക്കേണ്ടതും, അപ്രതീക്ഷിതമായ ചെലവ് നേരിടേണ്ട ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ചെലവ് 205-ാം അനുച്ഛേദമോ 206-ാം അനുച്ഛേദമോ പ്രകാരം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം നിയമം വഴി അധികാരപ്പെടുത്തുന്നതുവരെ അങ്ങനെയുള്ള നിധിയിൽ നിന്ന് മുൻകൂറുകൾ നൽകുന്നതിന് ഗവർണ്ണർക്ക് [1][***] കഴിയത്തക്കവിധം ആ നിധി അദ്ദേഹത്തിന്റെ അധീനതയിൽ വയ്ക്കേണ്ടതും ആകുന്നു.

യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ റവന്യൂകളുടെ വിതരണം

268. യൂണിയൻ ചുമത്തുന്നതും എന്നാൽ സംസ്ഥാനങ്ങൾ പിരിക്കുന്നതും വിനിയോഗിക്കുന്നതുമായ തീരുവകൾ.— (1) യൂണിയൻ ലിസ്റ്റിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള സ്റ്റാമ്പ് തീരുവകൾ [2][***] ഭാരത സർക്കാർ ചുമത്തേണ്ടതും, എന്നാൽ—

(ക) ഏതെങ്കിലും [3][യൂണിയൻ പ്രദേശത്തിനുള്ളിൽ] അങ്ങനെയുള്ള തീരുവകൾ ചുമത്താവുന്ന സംഗതിയിൽ, ഭാരത സർക്കാരും;

(ഖ) മറ്റു സംഗതികളിൽ, അങ്ങനെയുള്ള തീരുവകൾ ഏത് സംസ്ഥാനങ്ങൾക്കുള്ളിലാണോ ചുമത്താവുന്നത്, യഥാക്രമം ആ സംസ്ഥാനങ്ങളും,

പിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും സംസ്ഥാനത്തിനുള്ളിൽ ചുമത്താവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീരുവയിൽ നിന്ന് ഏതെങ്കിലും സാമ്പത്തിക വർഷത്തിലെ വരവുകൾ ഭാരതത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ ആ സംസ്ഥാനത്തിന് ഏൽപ്പിച്ചുകൊടുക്കേണ്ടതും ആകുന്നു.

268ക. [4][***]

269. യൂണിയൻ ചുമത്തുന്നതും പിരിക്കുന്നതും എന്നാൽ സംസ്ഥാനങ്ങൾക്ക് തിരിച്ചു വയ്ക്കുന്നതുമായ നികുതികൾ.— [5][(1) സാധനങ്ങൾ വിൽക്കുന്നതിൻമേലോ വാങ്ങുന്നതിൻമേലോ ഉള്ള നികുതികളും ചരക്ക് കയറ്റി അയയ്ക്കുന്നതിൻമേലുള്ള [6][269ക അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെയുള്ള,] നികുതികളും ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും എന്നാൽ (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ 1996 ഏപ്രിൽ 1-ാം തീയതിയിലോ അതിനു ശേഷമോ സംസ്ഥാനങ്ങൾക്ക് ഏൽപ്പിച്ചുകൊടുക്കേണ്ടതും ഏൽപ്പിച്ചുകൊടുത്തതായി കരുതപ്പെടേണ്ടതും ആകുന്നു.

വിശദീകരണം.— ഈ ഖണ്ഡത്തിലെ ആവശ്യങ്ങൾക്കായി,—

(ക) ''സാധനങ്ങൾ വാങ്ങുന്നതിൻമേലോ വിൽക്കുന്നതിൻമേലോ ഉള്ള നികുതികൾ'' എന്ന പദപ്രയോഗത്തിന് വർത്തമാനപത്രങ്ങൾ അല്ലാതെയുള്ള സാധനങ്ങൾ വിൽക്കുന്നതിന്മേലോ, വാങ്ങുന്നതിന്മേലോ അങ്ങനെയുള്ള വിൽപ്പനയോ വാങ്ങലോ അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്നിടത്ത് ഉള്ള നികുതികൾ എന്നർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഖ) ''ചരക്കുകൾ കയറ്റി അയയ്ക്കുന്നതിന്മേലുള്ള നികുതികൾ'' എന്ന പദപ്രയോഗത്തിന് ചരക്കുകൾ കയറ്റി അയയ്ക്കുന്നതിന്മേൽ (അങ്ങനെ കയറ്റി അയച്ചത് കയറ്റി അയയ്ക്കുന്ന ആൾക്കായാലും വേറെ ഏതെങ്കിലും ആൾക്കായാലും) അങ്ങനെയുള്ള കയറ്റി അയയ്ക്കൽ അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്നിടത്ത്, ഉള്ള നികുതികൾ എന്നർത്ഥം ഉണ്ടായിരിക്കുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം ''ഔഷധീയവും ചമയസംബന്ധവുമായ തയ്യാറിപ്പുകളിന്മേലുള്ള അങ്ങനെയുള്ള എക്സൈസ് തീരുവകളും'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയുടെ ഗ ഭാഗത്ത് പറഞ്ഞിട്ടുള്ള സംസ്ഥാനം'' എന്നതിനു പകരം ചേർത്തത്.
4. 2003-ലെ ഭരണഘടന (എൺപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്ത 268ക അനുച്ഛേദം 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).
5. 2000-ലെ ഭരണഘടന (എൺപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം പകരം ചേർത്തത് (9-6-2000 മുതൽ പ്രാബല്യം).
6. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

(2) The net proceeds in any financial year of any such tax, except in so far as those proceeds represent proceeds attributable to Union Territories, shall not form part of the Consolidated Fund of India, but shall be assigned to the States within which that tax is leviable in that year, and shall be distributed among those States in accordance with such principles of distribution as may be formulated by Parliament by law.]

[1][(3) Parliament may by law formulate principles for determining when a [2][sale or purchase of, or consignment of goods] takes place in the course of inter-State trade or commerce.]

[3][**269A. Levy and collection of goods and services tax in course of inter-State trade or commerce**.—(1) Goods and services tax on supplies in the course of inter-State trade or commerce shall be levied and collected by the Government of India and such tax shall be apportioned between the Union and the States in the manner as may be provided by Parliament by law on the recommendations of the Goods and Services Tax Council.

Explanation.—For the purposes of this clause, supply of goods, or of services, or both in the course of import into the territory of India shall be deemed to be supply of goods, or of services, or both in the course of inter-State trade or commerce.

(2) The amount apportioned to a State under clause (1) shall not form part of the Consolidated Fund of India.

(3) Where an amount collected as tax levied under clause (1) has been used for payment of the tax levied by a State under article 246A, such amount shall not form part of the Consolidated Fund of India.

(4) Where an amount collected as tax levied by a State under article 246A has been used for payment of the tax levied under clause (1), such amount shall not form part of the Consolidated Fund of the State.

(5) Parliament may, by law, formulate the principles for determining the place of supply, and when a supply of goods, or of services, or both takes place in the course of inter-State trade or commerce.]

[4][**270. Taxes levied and distributed between the Union and the States**.—(1) All taxes and duties referred to in the Union List, except the duties and taxes referred to in [5][articles 268, 269 and article 269A], respectively, surcharge on taxes and duties referred to in article 271 and any cess levied for specific purposes under any law made by Parliament shall be levied and collected by the Government of India and shall be distributed between the Union and the States in the manner provided in clause (2).

[6][(1A) The tax collected by the Union under clause (1) of article 246A shall also be distributed between the Union and the States in the manner provided in clause (2).

(1B) The tax levied and collected by the Union under clause (2) of article 246A and article 269A, which has been used for payment of the tax levied by the Union under clause (1) of article 246A, and the amount apportioned to the Union under clause (1) of article 269A, shall also be distributed between the Union and the States in the manner provided in clause (2).]

1. Ins. by the Constitution (Sixth Amendment) Act, 1956, s. 3.
2. Subs. by the Constitution (Forty-sixth Amendment) Act, 1982, s. 2, for "sale or purchase of goods."
3. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 9 (w.e.f. 16-9-2016).
4. Subs. by the Constitution (Eightieth Amendment) Act, 2000, s. 3, for art.270.
5. Subs. by the Constitution (One Hundred and First Amendment) Act, 2016, s.10 for "articles 268, 268A and 269" (w.e.f. 16-9-2016).
6. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 10 (w.e.f. 16-9-2016).

(2) അങ്ങനെയുള്ള ഏതെങ്കിലും നികുതിയിൽ നിന്ന് ഏതെങ്കിലും സാമ്പത്തികവർഷത്തിലെ അറ്റവരവുകൾ ആ വരവുകൾ യൂണിയൻ പ്രദേശങ്ങളുടേതായി കൽപ്പിക്കപ്പെടാവുന്ന വരവുകളെ കുറിക്കുന്നിടത്തോളം ഒഴികെ, ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ ആ വർഷം ഏതെല്ലാം സംസ്ഥാനങ്ങൾക്കകത്താണോ ആ നികുതി ചുമത്താവുന്നത് ആ സംസ്ഥാനങ്ങൾക്ക് തിരിച്ചു വയ്ക്കേണ്ടതും, പാർലമെന്റ് നിയമം വഴി രൂപീകരിക്കുന്ന വിതരണ തത്വങ്ങൾ അനുസരിച്ച് ആ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.]

[1][(3)[2] [ചരക്കുകളുടെ വിൽപ്പനയോ വാങ്ങലോ കയറ്റി അയയ്ക്കലോ] എപ്പോഴാണ് അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയ്ക്ക് ഉണ്ടാകുന്നത് എന്ന് നിശ്ചയിക്കുന്നതിനുള്ള തത്ത്വങ്ങൾ പാർലമെന്റിന് നിയമം വഴി രൂപീകരിക്കാവുന്നതാണ്.]

[3][**269ക. അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ചരക്ക്-സേവന നികുതി ചുമത്തലും പിരിക്കലും.**—(1) അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ വിതരണത്തിന്മേലുള്ള ചരക്ക്-സേവന നികുതി ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും അങ്ങനെയുള്ള നികുതി, ചരക്ക്-സേവന നികുതി കൗൺസിലിന്റെ ശിപാർശകളിൻമേൽ പാർലമെന്റ്, നിയമം വഴി വ്യവസ്ഥ ചെയ്താവുന്ന രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കുമിടയിൽ വീതിക്കേണ്ടതുമാണ്.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി, ഭാരതത്തിന്റെ ഭൂപ്രദേശത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനിടയിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണമായി കരുതപ്പെടേണ്ടതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഒരു സംസ്ഥാനത്തിന് വീതിച്ചുകൊടുത്ത തുക ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല.

(3) (1)-ാം ഖണ്ഡപ്രകാരം നികുതിയായി ചുമത്തി പിരിച്ചെടുത്ത തുക 246ക അനുച്ഛേദ പ്രകാരം ഒരു സംസ്ഥാനം ചുമത്തിയ നികുതി നൽകുന്നതിനായി ഉപയോഗിക്കുന്നിടത്ത്, അങ്ങനെയുള്ള തുക ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല.

(4) 246ക അനുച്ഛേദപ്രകാരം ഒരു സംസ്ഥാനം നികുതിയായി ചുമത്തി പിരിച്ചെടുത്ത തുക (1)-ാം ഖണ്ഡപ്രകാരം ചുമത്തപ്പെട്ട നികുതി നൽകുന്നതിനായി ഉപയോഗിക്കുന്നിടത്ത്, അങ്ങനെയുള്ള തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല.

(5) പാർലമെന്റിന്, നിയമം വഴി, അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിൽ ഉണ്ടാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണസ്ഥലവും, വിതരണം എപ്പോഴാണ് നടക്കുന്നത് എന്നും നിശ്ചയിക്കുന്നതിനുള്ള തത്വങ്ങൾ രൂപീകരിക്കാവുന്നതാണ്.]

[4][**270. യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ ചുമത്തുന്നതും വിതരണം ചെയ്യുന്നതുമായ നികുതികൾ.**— (1) [5][268-ഉം 269-ഉം 269ക-യും അനുച്ഛേദങ്ങളിൽ] യഥാക്രമം പരാമർശിച്ചിട്ടുള്ള തീരുവകളും നികുതികളും ഒഴികെ, യൂണിയൻ ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള എല്ലാ നികുതികളും തീരുവകളും 271-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നികുതികളിലും തീരുവകളിലും മേലുള്ള സർചാർജ്ജും പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമപ്രകാരം പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ചുമത്തുന്ന ഏതെങ്കിലും സെസ്സും ഭാരത സർക്കാർ ചുമത്തുകയും പിരിക്കുകയും ചെയ്യേണ്ടതും യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.

[6][(1ക) 246ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം യൂണിയൻ പിരിച്ച നികുതി കൂടി (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്.

(1ഖ) 246ക അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡപ്രകാരവും 269ക അനുച്ഛേദപ്രകാരവും യൂണിയൻ ചുമത്തിയതും പിരിച്ചതുമായ നികുതിയിൽ 246ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം യൂണിയൻ ചുമത്തിയ നികുതി നൽകുന്നതിനായി ഉപയോഗിച്ചതും 269ക അനുച്ഛേദത്തിന്റെ (1)-ാം ഖണ്ഡപ്രകാരം യൂണിയന് വീതിച്ചുകൊടുത്തതുമായ തുകയും കൂടി (2)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ യൂണിയനും സംസ്ഥാനങ്ങൾക്കും ഇടയിൽ വിതരണം ചെയ്യപ്പെടേണ്ടതാണ്.]

---

1. 1956-ലെ ഭരണഘടന (ആറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1982-ലെ ഭരണഘടന (നാൽപ്പത്തിയാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ചരക്കുകളുടെ വിൽപ്പനയോ വാങ്ങലോ" എന്നതിനു പകരം ചേർത്തത്.
3. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
4. 2000-ലെ ഭരണഘടന (എൺപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം 270-ാം അനുച്ഛേദത്തിനു പകരം ചേർത്തത് .
5. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി ആക്റ്റ്) 10-ാം വകുപ്പുപ്രകാരം "268-ഉം 268ക-യും 269-ഉം അനുച്ഛേദങ്ങളിൽ" എന്നതിന് പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
6. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

(2) Such percentage, as may be prescribed, of the net proceeds of any such tax or duty in any financial year shall not form part of the Consolidated Fund of India, but shall be assigned to the States within which that tax or duty is leviable in that year, and shall be distributed among those States in such manner and from such time as may be prescribed in the manner provided in clause (3).

(3) In this article, ''prescribed'' means,—

(i) until a Finance Commission has been constituted, prescribed by the President by order; and

(ii) after a Finance Commission has been constituted, prescribed by the President by order after considering the recommendations of the Finance Commission.]

271. Surcharge on certain duties and taxes for purposes of the Union.— Notwithstanding anything in articles 269 and 270, Parliament may at any time increase any of the duties or taxes referred to in those articles [1][except the goods and services tax under article 246A] by a surcharge for purposes of the Union and the whole proceeds of any such surcharge shall form part of the Consolidated Fund of India.

272. [2][* * *]

273. Grants in lieu of export duty on jute and jute products.—(1) There shall be charged on the Consolidated Fund of India in each year as grants-in-aid of the revenues of the States of Assam, Bihar, [3][Odisha] and West Bengal, in lieu of assignment of any share of the net proceeds in each year of export duty on jute and jute products to those States, such sums as may be prescribed.

(2) The sums so prescribed shall continue to be charged on the Consolidated Fund of India so long as any export duty on jute or jute products continues to be levied by the Government of India or until the expiration of ten years from the commencement of this Constitution, whichever is earlier.

(3) In this article, the expression "prescribed" has the same meaning as in article 270.

274. Prior recommendation of President required to Bills affecting taxation in which States are interested.—(1) No Bill or amendment which imposes or varies any tax or duty in which States are interested, or which varies the meaning of the expression ''agricultural income'' as defined for the purposes of the enactments relating to Indian income tax, or which affects the principles on which under any of the foregoing provisions of this Chapter moneys are or may be distributable to States, or which imposes any such surcharge for the purposes of the Union as is mentioned in the foregoing provisions of this Chapter, shall be introduced or moved in either House of Parliament except on the recommendation of the President.

1. Ins. by the Constitution (One Hundred and First Amendment) Act, 2016, s.11 (w.e.f. 16-9-2016).

2. Omitted by the Constitution (Eightieth Amendment) Act, 2000, s.4 (w.e.f. 9-6-2000).

3. Subs. by the Orissa (Alteration of Name) Act, 2011 (15 of 2011), s. 5 for "Orissa".

(2) ഏതെങ്കിലും സാമ്പത്തിക വർഷത്തെ അങ്ങനെയുള്ള ഏതെങ്കിലും നികുതിയുടെയോ തീരുവയുടെയോ അറ്റവരവുകളുടെ നിർണ്ണയിക്കപ്പെടാവുന്നത്ര ശതമാനം ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ലാത്തതും എന്നാൽ ആ നികുതിയോ തീരുവയോ ആ വർഷം ഏത് സംസ്ഥാനങ്ങൾക്കകത്താണോ ചുമത്തുന്നത് ആ സംസ്ഥാനങ്ങൾക്ക് തിരിച്ചുവയ്ക്കേണ്ടതും (3)-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയം മുതൽക്കും ആ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടേണ്ടതും ആകുന്നു.

(3) ഈ അനുച്ഛേദത്തിൽ ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ—

(i) ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിക്കപ്പെടുന്നതുവരെ, ഉത്തരവു വഴി രാഷ്ട്രപതിയാൽ നിർണ്ണയിക്കപ്പെട്ട എന്നും;

(ii) ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിക്കപ്പെട്ടതിനുശേഷം, ധനകാര്യക്കമ്മീഷന്റെ ശിപാർശകൾ കണക്കിലെടുത്തതിനുശേഷം ഉത്തരവു വഴി രാഷ്ട്രപതിയാൽ നിർണ്ണയിക്കപ്പെട്ട എന്നും,

അർത്ഥമാകുന്നതാണ്.

271. യൂണിയന്റെ ആവശ്യങ്ങൾക്കായി ചില തീരുവകളിൻമേലും നികുതികളിൻമേലും ഉള്ള സർചാർജ്ജ്.—269-ഉം 270-ഉം അനുച്ഛേദങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, യൂണിയന്റെ ആവശ്യങ്ങൾക്കായി പാർലമെന്റിന് ഏതുസമയത്തും [1][246ക അനുച്ഛേദപ്രകാരമുള്ള ചരക്ക്-സേവന നികുതി ഒഴികെ] ആ അനുച്ഛേദങ്ങളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും തീരുവകളോ നികുതികളോ ഒരു സർച്ചാർജ്ജായി വർദ്ധിപ്പിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും സർച്ചാർജ്ജിൽ നിന്നുള്ള മുഴുവൻ വരവുകളും ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഭാഗം ആയിരിക്കുന്നതും ആകുന്നു.

272. [2][***]

273. ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലും ഉള്ള കയറ്റുമതി തീരുവയ്ക്ക് പകരമുള്ള സഹായധനം.—(1) ആസ്സാം, ബീഹാർ, [3][ഒഡീഷ], പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലുമുള്ള കയറ്റുമതി തീരുവയുടെ അറ്റവരവുകളുടെ ഏതെങ്കിലും ഭാഗം ഓരോ വർഷവും തിരിച്ചുവയ്ക്കുന്നതിന് പകരം, ആ സംസ്ഥാനങ്ങളിലെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനമായി ഓരോ വർഷവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തുകകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൻമേൽ ചുമത്തേണ്ടതാണ്.

(2) അപ്രകാരം നിർണ്ണയിച്ചിട്ടുള്ള തുകകൾ, ഭാരത സർക്കാർ ചണത്തിൻമേലും ചണോൽപ്പന്നങ്ങളിൻമേലുമുള്ള കയറ്റുമതി തീരുവ ചുമത്തുന്നത് തുടരുന്ന കാലം, അല്ലെങ്കിൽ ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തുവർഷം, ഇവയിൽ ഏതാണ് ആദ്യം അവസാനിക്കുന്നത് അതുവരെ, ഭാരതത്തിന്റെ സഞ്ചിതനിധിയിൻമേൽ ചുമത്തുന്നത് തുടരേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിൽ ''നിർണ്ണയിച്ചിട്ടുള്ള'' എന്ന പ്രയോഗത്തിന് 270-ാം അനുച്ഛേദത്തിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

274. സംസ്ഥാനങ്ങൾക്ക് താൽപ്പര്യമുള്ള നികുതി ചുമത്തലിനെ ബാധിക്കുന്ന ബില്ലുകൾക്ക് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള ശിപാർശ വേണമെന്ന്.—(1) സംസ്ഥാനങ്ങൾക്ക് താൽപ്പര്യമുള്ള ഏതെങ്കിലും നികുതിയോ തീരുവയോ ചുമത്തുന്നതോ, വ്യത്യാസപ്പെടുത്തുന്നതോ അല്ലെങ്കിൽ ഭാരതത്തിലെ ആദായനികുതി സംബന്ധിച്ചുള്ള നിയമങ്ങളുടെ ആവശ്യങ്ങൾക്കായി നിർവ്വചിച്ചിട്ടുള്ള ''കാർഷികാദായം'' എന്ന പ്രയോഗത്തിന്റെ അർത്ഥം വ്യത്യാസപ്പെടുത്തുന്നതോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾ ഏതെങ്കിലും പ്രകാരം സംസ്ഥാനങ്ങൾക്ക് പണം വിതരണം ചെയ്യുന്നതിന്റെയോ ചെയ്യാവുന്നതിന്റെയോ തത്ത്വങ്ങളെ ബാധിക്കുന്നതോ, അല്ലെങ്കിൽ ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകൾ അനുസരിച്ച് യൂണിയന്റെ ആവശ്യങ്ങൾക്കായി ഏതെങ്കിലും സർച്ചാർജ്ജ് ചുമത്തുന്നതോ ആയ യാതൊരു ബില്ലും ഭേദഗതിയും രാഷ്ട്രപതിയുടെ ശിപാർശയിൻമേൽ ഒഴികെ പാർലമെന്റിന്റെ ഇരുസഭകളിൽ ഒന്നിലും അവതരിപ്പിക്കുവാനോ ഉന്നയിക്കുവാനോ പാടുള്ളതല്ല.

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ചേർത്തത്, (16-9-2016 മുതൽ പ്രാബല്യം).
2. 2000-ലെ ഭരണഘടന (എൺപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (9-6-2000 മുതൽ പ്രാബല്യം).
3. 2011-ലെ ഒറീസ്സ (പേരുമാറ്റൽ) ആക്റ്റ് (2011-ലെ 15) 5-ാം വകുപ്പ് പ്രകാരം ''ഒറീസ്സ'' എന്നതിനു പകരം ചേർത്തത്.

(2) In this article, the expression "tax or duty in which States are interested" means—

(a) a tax or duty the whole or part of the net proceeds whereof are assigned to any State; or

(b) a tax or duty by reference to the net proceeds whereof sums are for the time being payable out of the Consolidated Fund of India to any State.

275. Grants from the Union to certain States.—(1) Such sums as Parliament may by law provide shall be charged on the Consolidated Fund of India in each year as grants-in-aid of the revenues of such States as Parliament may determine to be in need of assistance, and different sums may be fixed for different States:

Provided that there shall be paid out of the Consolidated Fund of India as grants-in-aid of the revenues of a State such capital and recurring sums as may be necessary to enable that State to meet the costs of such schemes of development as may be undertaken by the State with the approval of the Government of India for the purpose of promoting the welfare of the Scheduled Tribes in that State or raising the level of administration of the Scheduled Areas therein to that of the administration of the rest of the areas of that State:

Provided further that there shall be paid out of the Consolidated Fund of India as grants-in-aid of the revenues of the State of Assam sums, capital and recurring, equivalent to—

(a) the average excess of expenditure over the revenues during the two years immediately preceding the commencement of this Constitution in respect of the administration of the tribal areas specified in [1][Part I] of the Table appended to paragraph 20 of the Sixth Schedule; and

(b) the costs of such schemes of development as may be undertaken by that State with the approval of the Government of India for the purpose of raising the level of administration of the said areas to that of the administration of the rest of the areas of that State.

[2][(1A) On and from the formation of the autonomous State under article 244A,—

(i) any sums payable under clause (a) of the second proviso to clause (1) shall, if the autonomous State comprises all the tribal areas referred to therein, be paid to the autonomous State, and, if the autonomous State comprises only some of those tribal areas, be apportioned between the State of Assam and the autonomous State as the President may, by order, specify;

1. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s.71, for "Part A" (w.e.f. 21-1-1972).

2. Ins. by the Constitution (Twenty-second Amendment) Act, 1969.

(2) ഈ അനുച്ഛേദത്തിൽ ''സംസ്ഥാനങ്ങൾക്ക് താത്പര്യമുള്ള നികുതിയോ തീരുവയോ'' എന്ന പ്രയോഗത്തിന്—

(ക) ഏത് നികുതിയുടെയോ തീരുവയുടെയോ മുഴുവൻ അറ്റവരവോ അതിന്റെ ഭാഗമോ ആണ് ഏതെങ്കിലും സംസ്ഥാനത്തിന് തിരിച്ചുവച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു നികുതിയോ തീരുവയോ; അല്ലെങ്കിൽ

(ഖ) ഏതു നികുതിയുടെയോ തീരുവയുടെയോ അറ്റവരവിനെ പരാമർശിച്ചാണ് ഏതെങ്കിലും സംസ്ഥാനത്തിന് ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് തത്സമയം തുകകൾ നൽകേണ്ടതായുള്ളത്, അങ്ങനെയുള്ള ഒരു നികുതിയോ തീരുവയോ,

എന്ന് അർത്ഥമാകുന്നു.

275. യൂണിയനിൽനിന്ന് ചില സംസ്ഥാനങ്ങൾക്കുള്ള സഹായധനങ്ങൾ.—(1) പാർലമെന്റ് നിയമം വഴി വ്യവസ്ഥചെയ്യാവുന്ന അങ്ങനെയുള്ള തുകകൾ, സഹായം ആവശ്യമാണെന്ന് പാർലമെന്റ് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള സംസ്ഥാനങ്ങളുടെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി, ഓരോ വർഷവും ഭാരതത്തിന്റെ സഞ്ചിതനിധിയിൽമേൽ ചുമത്തേണ്ടതും വിഭിന്ന സംസ്ഥാനങ്ങൾക്ക് വിഭിന്ന തുകകൾ നിജപ്പെടുത്താവുന്നതും ആകുന്നു:

എന്നാൽ, ഒരു സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന ആവശ്യത്തിലേക്കോ, അല്ലെങ്കിൽ അതിലെ പട്ടികപ്രദേശങ്ങളുടെ ഭരണനിലവാരം ആ സംസ്ഥാനത്തെ ശേഷമുള്ള പ്രദേശങ്ങളുടെ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാനോ വേണ്ടി, ഭാരത സർക്കാരിന്റെ അംഗീകാരത്തോടുകൂടി ആ സംസ്ഥാനം ഏറ്റെടുക്കുന്ന വികസന പദ്ധതികളുടെ ചെലവുകൾ നേരിടുവാൻ ആ സംസ്ഥാനത്തെ ശക്തമാക്കുന്നതിന് ആവശ്യമായ അങ്ങനെയുള്ള മൂലധനവും ആവർത്തകത്തുകകളും ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്ന് ആ സംസ്ഥാനത്തിന്റെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി നൽകേണ്ടതാണ്:

എന്നുമാത്രമല്ല, ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്ന് ആസ്സാം സംസ്ഥാനത്തിന്റെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനങ്ങളായി—

(ക) ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോട് അനുബന്ധിച്ചുള്ള പട്ടികയുടെ [1][1-ാം ഭാഗത്ത്] പറഞ്ഞിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പുള്ള രണ്ടു വർഷക്കാലത്തെ റവന്യൂകളിൽ കവിഞ്ഞുള്ള ശരാശരി അധികച്ചെലവിനു തുല്യവും;

(ഖ) മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ഭരണനിലവാരം ആ സംസ്ഥാനത്തെ ശേഷമുള്ള പ്രദേശങ്ങളുടെ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ടി ഭാരത സർക്കാരിന്റെ അംഗീകാരത്തോടുകൂടി ആ സംസ്ഥാനം ഏറ്റെടുക്കുന്ന വികസന പദ്ധതികളുടെ ചെലവുകൾക്ക് തുല്യവും,

ആയ മൂലധനവും ആവർത്തകവുമായ തുകകൾ നൽകേണ്ടതാണ്.

[2][(1ക) 244ക അനുച്ഛേദപ്രകാരം സ്വയംഭരണ സംസ്ഥാനം രൂപീകരിക്കുന്നതോടെയും അതു മുതൽക്കും,—

(i) (1)-ാം ഖണ്ഡത്തിലെ രണ്ടാം പരിമിതി വ്യവസ്ഥയിലെ (ക) ഖണ്ഡപ്രകാരം നൽകേണ്ട ഏതെങ്കിലും തുകകൾ, അതിൽ പരാമർശിച്ചിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളെയെല്ലാം ആ സ്വയംഭരണ സംസ്ഥാനം ഉൾക്കൊള്ളുന്നുവെങ്കിൽ, ആ സ്വയംഭരണ സംസ്ഥാനത്തിന് നൽകേണ്ടതും, ആ സ്വയംഭരണ സംസ്ഥാനം ആ ഗോത്രവർഗ്ഗപ്രദേശങ്ങളിൽ ചിലതിനെ മാത്രം ഉൾക്കൊള്ളുന്നുവെങ്കിൽ രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കാവുന്നവിധം ആസ്സാം സംസ്ഥാനത്തിനും ആ സ്വയംഭരണ സംസ്ഥാനത്തിനും ആയി വീതിക്കേണ്ടതും ആകുന്നു;

---

1. 1971-ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം ''ക ഭാഗം'' എന്നതിനുപകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

2. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്റ്റ് പ്രകാരം ചേർത്തത്.

(ii) there shall be paid out of the Consolidated Fund of India as grants-in-aid of the revenues of the autonomous State sums, capital and recurring, equivalent to the costs of such schemes of development as may be undertaken by the autonomous State with the approval of the Government of India for the purpose of raising the level of administration of that State to that of the administration of the rest of the State of Assam.]

(2) Until provision is made by Parliament under clause (1), the powers conferred on Parliament under that clause shall be exercisable by the President by order and any order made by the President under this clause shall have effect subject to any provision so made by Parliament:

Provided that after a Finance Commission has been constituted no order shall be made under this clause by the President except after considering the recommendations of the Finance Commission.

276. Taxes on professions, trades, callings and employments.—(1) Notwithstanding anything in article 246, no law of the Legislature of a State relating to taxes for the benefit of the State or of a municipality, district board, local board or other local authority therein in respect of professions, trades, callings or employments shall be invalid on the ground that it relates to a tax on income.

(2) The total amount payable in respect of any one person to the State or to any one municipality, district board, local board or other local authority in the State by way of taxes on professions, trades, callings and employments shall not exceed [1][two thousand and five hundred rupees] per annum.

[2][***]

(3) The power of the Legislature of a State to make laws as aforesaid with respect to taxes on professions, trades, callings and employments shall not be construed as limiting in any way the power of Parliament to make laws with respect to taxes on income accruing from or arising out of professions, trades, callings and employments.

277. Savings.—Any taxes, duties, cesses or fees which, immediately before the commencement of this Constitution, were being lawfully levied by the Government of any State or by any municipality or other local authority or body for the purposes of the State, municipality, district or other local area may, notwithstanding that those taxes, duties, cesses or fees are mentioned in the Union List, continue to be levied and to be applied to the same purposes until provision to the contrary is made by Parliament by law.

1. Subs. by the Constitution (Sixtieth Amendment) Act, 1988, s. 2, for "two hundred and fifty rupees."
2. Proviso omitted by s. 2, ibid.

(ii) ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്ന്, ആ സ്വയംഭരണ സംസ്ഥാനത്തിന്റെ റവന്യൂകൾക്ക് ഔദ്യോഗിക സഹായധനമായി ആ സംസ്ഥാനത്തിന്റെ ഭരണ നിലവാരം ആസ്സാം സംസ്ഥാനത്തെ ശേഷമുള്ള ഭാഗത്തിന്റെ ഭരണനിലവാരത്തിലേക്ക് ഉയർത്തുവാനുള്ള ആവശ്യത്തിന് ഭാരതസർക്കാരിന്റെ അംഗീകാരത്തോടുകൂടി ആ സ്വയംഭരണ സംസ്ഥാനം ഏറ്റെടുക്കുന്ന വികസന പദ്ധതികളുടെ ചെലവുകൾക്ക് തുല്യമായ മൂലധനവും ആവർത്തകവുമായ തുകകൾ നൽകേണ്ടതാണ്.]

(2) (1)-ാം ഖണ്ഡപ്രകാരം പാർലമെന്റ് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, ആ ഖണ്ഡപ്രകാരം പാർലമെന്റിന് നൽകിയിട്ടുള്ള അധികാരങ്ങൾ രാഷ്ട്രപതിക്ക് ഉത്തരവു വഴി പ്രയോഗിക്കാവുന്നതും, ഈ ഖണ്ഡപ്രകാരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്, പാർലമെന്റ് അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു:

എന്നാൽ, ഒരു ധനകാര്യക്കമ്മീഷൻ രൂപീകരിച്ചതിനുശേഷം, ആ ധനകാര്യക്കമ്മീഷന്റെ ശിപാർശകൾ പരിഗണിച്ചതിനുശേഷമല്ലാതെ രാഷ്ട്രപതി ഈ ഖണ്ഡപ്രകാരം യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

276. വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ.—(1) 246-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, വൃത്തികളോ വ്യാപാരങ്ങളോ പ്രവൃത്തികളോ ജീവനങ്ങളോ സംബന്ധിച്ച് ഒരു സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ അതിനുള്ളിലുള്ള ഒരു മുനിസിപ്പാലിറ്റിയുടെയോ ജില്ലാബോർഡിന്റെയോ തദ്ദേശബോർഡിന്റെയോ അല്ലെങ്കിൽ മറ്റ് തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഗുണത്തിനായുള്ള നികുതികൾ സംബന്ധിച്ച് ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ യാതൊരു നിയമവും അത് ആദായത്തിൻമേലുള്ള ഒരു നികുതി സംബന്ധിച്ചാണ് എന്ന കാരണത്തിൻമേൽ അസാധുവാകുന്നതല്ല.

(2) ഏതെങ്കിലും ഒരാളെ സംബന്ധിച്ച്, സംസ്ഥാനത്തിനോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റിക്കോ ജില്ലാബോർഡിനോ തദ്ദേശബോർഡിനോ അല്ലെങ്കിൽ മറ്റ് തദ്ദേശാധികാരസ്ഥാനത്തിനോ വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേൽ നികുതിയായി കൊടുക്കേണ്ട മൊത്ത സംഖ്യ പ്രതിവർഷം [1][രണ്ടായിരത്തി അഞ്ഞൂറുരൂപ]യിൽ കവിയുവാൻ പാടുള്ളതല്ല.

[2][***]

(3) വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ സംബന്ധിച്ച് മുൻപറഞ്ഞ വിധം നിയമങ്ങൾ ഉണ്ടാക്കുവാൻ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിനുള്ള അധികാരം, വൃത്തികൾ, വ്യാപാരങ്ങൾ, പ്രവൃത്തികൾ, ജീവനങ്ങൾ എന്നിവയിൽനിന്ന് ഉത്ഭവിക്കുന്നതോ ലഭിക്കുന്നതോ ആയ ആദായത്തിൻമേലുള്ള നികുതികളെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരത്തെ ഏതെങ്കിലും വിധം പരിമിതപ്പെടുത്തുന്നതായി കരുതുവാൻ പാടുള്ളതല്ല.

277. ഒഴിവാക്കലുകൾ.—ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും മുനിസിപ്പാലിറ്റിയോ മറ്റ് തദ്ദേശാധികാരസ്ഥാനമോ നികായമോ, ആ സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെയോ ജില്ലയുടെയോ മറ്റു തദ്ദേശപ്രദേശത്തിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുൻപ് നിയമാനുസരണം ചുമത്തി വന്നിരുന്ന ഏതെങ്കിലും നികുതികളോ, തീരുവകളോ സെസ്സുകളോ, അല്ലെങ്കിൽ ഫീസുകളോ ആ നികുതികളോ തീരുവകളോ സെസ്സുകളോ അല്ലെങ്കിൽ ഫീസുകളോ യൂണിയൻ ലിസ്റ്റിൽ പറഞ്ഞിട്ടുള്ളവയാണെന്നിരുന്നാലും, പാർലമെന്റ് നിയമം വഴി മറിച്ച് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, തുടർന്നും ചുമത്താവുന്നതും അതേ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതും ആകുന്നു.

1. 1988-ലെ ഭരണഘടന (അറുപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "ഇരുന്നൂറ്റി അൻപതു രൂപ" എന്നതിന് പകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു.

278. [1][****]

279. Calculation of "net proceeds", etc.—(1) In the foregoing provisions of this Chapter, "net proceeds" means in relation to any tax or duty the proceeds thereof reduced by the cost of collection, and for the purposes of those provisions the net proceeds of any tax or duty, or of any part of any tax or duty, in or attributable to any area shall be ascertained and certified by the Comptroller and Auditor-General of India, whose certificate shall be final.

(2) Subject as aforesaid, and to any other express provision of this Chapter, a law made by Parliament or an order of the President may, in any case where under this Part the proceeds of any duty or tax are, or may be, assigned to any State, provide for the manner in which the proceeds are to be calculated, for the time from or at which and the manner in which any payments are to be made, for the making of adjustments between one financial year and another, and for any other incidental or ancillary matters.

[2]**[279A. Goods and Services Tax Council**.—(1) The President shall, within sixty days from the date of commencement of the Constitution (One Hundred and First Amendment) Act, 2016, by order, constitute a Council to be called the Goods and Services Tax Council.

(2) The Goods and Services Tax Council shall consist of the following members, namely:—

(a) the Union Finance Minister……. Chairperson;

(b) the Union Minister of State in charge of Revenue or Finance… … Member;

(c) the Minister in charge of Finance or Taxation or any other Minister nominated by each State Government…….. Members.

(3) The Members of the Goods and Services Tax Council referred to in sub-clause (c) of clause (2) shall, as soon as may be, choose one amongst themselves to be the Vice-Chairperson of the Council for such period as they may decide.

(4) The Goods and Services Tax Council shall make recommendations to the Union and the States on—

(a) the taxes, cesses and surcharges levied by the Union, the States and the local bodies which may be subsumed in the goods and services tax;

(b) the goods and services that may be subjected to, or exempted from the goods and services tax;

(c) model Goods and Services Tax Laws, principles of levy, apportionment of Goods and Services Tax levied on supplies in the course of inter-State trade or commerce under article 269A and the principles that govern the place of supply;

1. Omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.

2. Ins. by the Constitution (One Hundred and First Amendment) Act, 2016, s.12 (w.e.f. 12-9-2016).

278. [1][****]

279. "അറ്റവരവുകളു"ടെ കണക്കുകൂട്ടൽ മുതലായവ.—(1) ഈ അദ്ധ്യായത്തിലെ മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ "അറ്റവരവുകൾ" എന്നതിന് ഏതെങ്കിലും നികുതിയോ തീരുവയോ സംബന്ധിച്ച് അവയിൽ നിന്നുള്ള വരവുകളിൽ പിരിക്കുവാനുള്ള ചെലവ് കഴിച്ചുള്ളത് എന്നർത്ഥമായിരിക്കുന്നതും, ആ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്ക് ഏതെങ്കിലും പ്രദേശത്തുള്ളതോ ഉള്ളതായി കൽപ്പിക്കാവുന്നതോ ആയ ഏതെങ്കിലും നികുതിയിൽ നിന്നോ തീരുവയിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും നികുതിയുടെയോ തീരുവയുടെയോ ഏതെങ്കിലും ഭാഗത്തിൽ നിന്നോ ഉള്ള അറ്റവരവുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ തിട്ടപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതും അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് അന്തിമമായിരിക്കുന്നതും ആകുന്നു.

(2) മുൻപറഞ്ഞതിനും ഈ അദ്ധ്യായത്തിലെ പ്രകടമായ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും പാർലമെന്റ് ഉണ്ടാക്കുന്ന ഒരു നിയമത്തിലോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ ഒരു ഉത്തരവിലോ, ഈ ഭാഗപ്രകാരം ഏതെങ്കിലും സംസ്ഥാനത്തിന് ഏതെങ്കിലും തീരുവയിൽ നിന്നോ നികുതിയിൽ നിന്നോ ഉള്ള വരവുകൾ തിരിച്ച് വയ്ക്കുന്നതോ തിരിച്ച് വയ്ക്കാവുന്നതോ ആയ ഏതെങ്കിലും സംഗതിയിൽ, വരവുകൾ കണക്കുകൂട്ടേണ്ട രീതിയെപ്പറ്റിയും, ഏത് സമയം മുതൽക്കും ഏത് സമയത്ത് ഏത് രീതിയിലും ആണ് ഏതെങ്കിലും പണം കൊടുക്കേണ്ടത് എന്നതിനെപ്പറ്റിയും ഒരു സാമ്പത്തിക വർഷത്തിനും മറ്റൊരു സാമ്പത്തിക വർഷത്തിനും ഇടയ്ക്ക് ക്രമപ്പെടുത്തുന്നതിനുവേണ്ടിയും സാന്ദർഭികമോ സഹായകമോ ആയ മറ്റേതെങ്കിലും വിഷയങ്ങൾക്ക് വേണ്ടിയും വ്യവസ്ഥ ചെയ്യാവുന്നതാണ്.

[2][**279ക. ചരക്ക്-സേവന നികുതി കൗൺസിൽ.**—(1) ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 2016-ന്റെ പ്രാരംഭ തീയതി മുതൽ അറുപത് ദിവസത്തിനകം രാഷ്ട്രപതി, ഉത്തരവിനാൽ, ചരക്ക്-സേവന നികുതി കൗൺസിൽ എന്ന് വിളിക്കപ്പെടുന്ന ഒരു കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ചരക്ക്-സേവന നികുതി കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) കേന്ദ്ര ധനകാര്യമന്ത്രി ..... ചെയർപേഴ്സൺ;

(ഖ) റവന്യൂവിന്റെയോ ധനകാര്യത്തിന്റെയോ ചുമതലയുള്ള കേന്ദ്ര സഹമന്ത്രി ..... അംഗം;

(ഗ) ധനകാര്യത്തിന്റെയോ നികുതിചുമത്തലിന്റെയോ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ ഓരോ സംസ്ഥാന സർക്കാരും നാമനിർദ്ദേശം ചെയ്ത മറ്റേതെങ്കിലും മന്ത്രി ..... അംഗങ്ങൾ.

(3) (2)-ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ചരക്ക്-സേവന നികുതി കൗൺസിലിലെ അംഗങ്ങൾ, കഴിയുന്ത്രവേഗം, അവർക്കിടയിൽ നിന്നും ഒരാളെ കൗൺസിലിന്റെ വൈസ്-ചെയർപേഴ്സണായി അവർ തീരുമാനിക്കാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

(4) ചരക്ക്-സേവന നികുതി കൗൺസിൽ—

(ക) ചരക്ക്-സേവനനികുതിയിൽ അന്തർഗണിക്കാവുന്ന, കേന്ദ്രവും സംസ്ഥാനങ്ങളും തദ്ദേശ നികായങ്ങളും ചുമത്തുന്ന നികുതികളും സെസ്സുകളും സർചാർജ്ജുകളും;

(ഖ) ചരക്ക്-സേവന നികുതിക്ക് വിധേയമാക്കാവുന്നതോ അതിൽനിന്നും ഒഴിവാക്കാവുന്നതോ ആയ സാധനങ്ങളും സേവനങ്ങളും;

(ഗ) മാതൃകാ ചരക്ക്-സേവന നികുതി നിയമങ്ങളും, ചുമത്തുന്നതിന്റെ തത്ത്വങ്ങളും 269ക അനുച്ഛേദപ്രകാരം അന്തർ-സംസ്ഥാന വ്യാപാരത്തിനോ വാണിജ്യത്തിനോ ഇടയിൽ വിതരണത്തിന്മേൽ ചുമത്തുന്ന ചരക്ക്-സേവന നികുതിയുടെ വീതംവെയ്ക്കലും വിതരണസ്ഥലത്തെ നിയന്ത്രിക്കുന്ന തത്ത്വങ്ങളും;

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.

2. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം ചേർത്തത് (12-9-2016 മുതൽ പ്രാബല്യം).

(d) the threshold limit of turnover below which goods and services may be exempted from goods and services tax;

(e) the rates including floor rates with bands of goods and services tax;

(f) any special rate or rates for a specified period, to raise additional resources during any natural calamity or disaster;

(g) special provision with respect to the States of Arunachal Pradesh, Assam, Jammu and Kashmir, Manipur, Meghalaya, Mizoram, Nagaland, Sikkim, Tripura, Himachal Pradesh and Uttarakhand; and

(h) any other matter relating to the goods and services tax, as the Council may decide.

(5) The Goods and Services Tax Council shall recommend the date on which the goods and services tax be levied on petroleum crude, high speed diesel, motor spirit (commonly known as petrol), natural gas and aviation turbine fuel.

(6) While discharging the functions conferred by this article, the Goods and Services Tax Council shall be guided by the need for a harmonised structure of goods and services tax and for the development of a harmonised national market for goods and services.

(7) One half of the total number of Members of the Goods and Services Tax Council shall constitute the quorum at its meetings.

(8) The Goods and Services Tax Council shall determine the procedure in the performance of its functions.

(9) Every decision of the Goods and Services Tax Council shall be taken at a meeting, by a majority of not less than three-fourths of the weighted votes of the members present and voting, in accordance with the following principles, namely:—

(a) the vote of the Central Government shall have a weightage of one-third of the total votes cast; and

(b) the votes of all the State Governments taken together shall have a weightage of two-thirds of the total votes cast,

in that meeting.

(10) No act or proceedings of the Goods and Services Tax Council shall be invalid merely by reason of—

(a) any vacancy in, or any defect in, the constitution of the Council; or

(b) any defect in the appointment of a person as a member of the Council; or

(c) any procedural irregularity of the Council not affecting the merits of the case.

(ഘ) വിറ്റുവരവിന്റെ ഏത് പ്രാരംഭ പരിധിക്ക് താഴെയാണ് സാധനങ്ങളും സേവനങ്ങളും ചരക്ക്-സേവന നികുതിയിൽ നിന്നും ഒഴിവാക്കപ്പെടാവുന്നതെന്നതും;

(ങ) ചരക്ക്-സേവന നികുതിശൃംഖലയോടുകൂടിയ ഏറ്റവും കുറഞ്ഞ നിരക്കുകൾ ഉൾപ്പടെയുള്ള നിരക്കുകളും;

(ച) ഏതെങ്കിലും പ്രകൃതിക്ഷോഭത്തിന്റെയോ ദുരന്തത്തിന്റെയോ കാലത്ത് കൂടുതൽ വിഭവങ്ങൾ ശേഖരിക്കുന്നതിന് ഒരു നിർദ്ദിഷ്ട കാലയളവിലേക്ക് ഏതെങ്കിലും പ്രത്യേക നിരക്കും അല്ലെങ്കിൽ നിരക്കുകളും;

(ഛ) അരുണാചൽപ്രദേശ്, ആസ്സാം, ജമ്മു-കാശ്മീർ, മണിപ്പൂർ, മേഘാലയ, മിസ്സോറാം, നാഗാലാന്റ്, സിക്കിം, ത്രിപുര, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥയും;

(ജ) ചരക്ക്-സേവന നികുതി സംബന്ധിച്ച് കൗൺസിലിന് തീരുമാനിക്കാവുന്ന മറ്റേതെങ്കിലും കാര്യവും,

സംബന്ധിച്ച് യൂണിയനും സംസ്ഥാനങ്ങൾക്കും ശിപാർശകൾ നൽകേണ്ടതാണ്.

(5) പെട്രോളിയം ക്രൂഡ്, ഹൈസ്പീഡ് ഡീസൽ, മോട്ടാർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു), പ്രകൃതി വാതകം, ഏവിയേഷൻ ടർബൈൻ ഇന്ധനം എന്നിവയിന്മേൽ ഏത് തീയതി മുതൽക്കാണ് ചരക്ക്-സേവന നികുതി ചുമത്തേണ്ടതെന്ന് ചരക്ക്-സേവന നികുതി കൗൺസിൽ ശിപാർശ ചെയ്യേണ്ടതാണ്.

(6) ഈ അനുച്ഛേദപ്രകാരം നൽകപ്പെട്ടിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ ചരക്ക്-സേവന നികുതി കൗൺസിൽ, ചരക്ക്-സേവന നികുതിക്ക് അനുരൂപമായ ഒരു ഘടനയ്ക്കും സാധനങ്ങൾക്കും സേവനങ്ങൾക്കും അനുരൂപമായ ഒരു ദേശീയ കമ്പോളത്തിന്റെ വികാസത്തിനുള്ള ആവശ്യകതയാൽ നയിക്കപ്പെടേണ്ടതാണ്.

(7) ചരക്ക്-സേവന നികുതി കൗൺസിലിലെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതി അതിന്റെ യോഗങ്ങളിലെ കോറം ആയിരിക്കുന്നതാണ്.

(8) ചരക്ക്-സേവന നികുതി കൗൺസിൽ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ നടപടിക്രമം തീരുമാനിക്കേണ്ടതാണ്.

(9) ചരക്ക്-സേവന നികുതി കൗൺസിലിന്റെ ഓരോ തീരുമാനവും, ഒരു യോഗത്തിൽ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വെയിറ്റഡ് വോട്ടുകളുടെ നാലിൽമൂന്ന്-ൽ കുറയാത്ത ഭൂരിപക്ഷത്തോടെ താഴെപ്പറയുന്ന തത്ത്വങ്ങൾക്കനുസൃതമായി എടുക്കേണ്ടതാണ്, അതായത്:—

ആ യോഗത്തിൽ—

(ക) കേന്ദ്ര സർക്കാരിന്റെ വോട്ടിന് ആകെ ചെയ്ത വോട്ടുകളുടെ മൂന്നിൽ ഒന്ന് വെയിറ്റേജ് ഉണ്ടായിരിക്കേണ്ടതും; കൂടാതെ

(ഖ) എല്ലാ സംസ്ഥാന സർക്കാരുകളുടെയും ഒന്നിച്ച് ചേർത്ത വോട്ടുകൾക്ക് ആകെ ചെയ്ത വോട്ടുകളുടെ മൂന്നിൽ രണ്ട് വെയിറ്റേജ് ഉണ്ടായിരിക്കേണ്ടതുമാണ്.

(10) ചരക്ക്-സേവന നികുതി കൗൺസിലിന്റെ യാതൊരു പ്രവൃത്തിയോ നടപടികളോ—

(ക) കൗൺസിലിലെ ഏതെങ്കിലും ഒഴിവിന്റെയോ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഖ) കൗൺസിലിലെ ഒരംഗമായി ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഗ) ഒരു സംഗതിയുടെ ഗുണദോഷങ്ങളെ ബാധിക്കാത്ത, കൗൺസിലിന്റെ ഏതെങ്കിലും നടപടി സംബന്ധമായ ക്രമക്കേടിന്റെയോ,

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

(11) The Goods and Services Tax Council shall establish a mechanism to adjudicate any dispute —

(a) between the Government of India and one or more States; or

(b) between the Government of India and any State or States on one side and one or more other States on the other side; or

(c) between two or more States,

arising out of the recommendations of the Council or implementation thereof.]

280. Finance Commission.—(1) The President shall, within two years from the commencement of this Constitution and thereafter at the expiration of every fifth year or at such earlier time as the President considers necessary, by order constitute a Finance Commission which shall consist of a Chairman and four other members to be appointed by the President.

(2) Parliament may by law determine the qualifications which shall be requisite for appointment as members of the Commission and the manner in which they shall be selected.

(3) It shall be the duty of the Commission to make recommendations to the President as to—

(a) the distribution between the Union and the States of the net proceeds of taxes which are to be, or may be, divided between them under this Chapter and the allocation between the States of the respective shares of such proceeds;

(b) the principles which should govern the grants-in-aid of the revenues of the States out of the Consolidated Fund of India;

[1][(bb) the measures needed to augment the Consolidated Fund of a State to supplement the resources of the Panchayats in the State on the basis of the recommendations made by the Finance Commission of the State;]

[2][(c) the measures needed to augment the Consolidated Fund of a State to supplement the resources of the Municipalities in the State on the basis of the recommendations made by the Finance Commission of the State;]

[3][(d)] any other matter referred to the Commission by the President in the interests of sound finance.

1. Ins. by the Constitution (Seventy-third Amendment) Act, 1992, s. 3 (w.e.f. 24-4-1993).

2. Ins. by the Constitution (Seventy-fourth Amendment) Act, 1992, s. 3 (w.e.f. 1-6-1993).

3. Sub-clause (c) re-lettered as sub-clause (d) by s. 3 ibid (w.e.f. 1-6-1993).

(11) ചരക്ക്-സേവന നികുതി കൗൺസിൽ—

(ക) ഭാരത സർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുമോ;

(ഖ) ഭാരത സർക്കാരും ഏതെങ്കിലും സംസ്ഥാനമോ സംസ്ഥാനങ്ങളോ ഒരു ഭാഗത്തും ഒന്നോ അതിലധികമോ മറ്റ് സംസ്ഥാനങ്ങൾ തമ്മിൽ മറുഭാഗത്തും ആയോ;

(ഗ) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുമോ,

ആ കൗൺസിലിന്റെ ശിപാർശകളിൽ നിന്നോ അവയുടെ നടപ്പാക്കലിൽ നിന്നോ ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കം ന്യായനിർണ്ണയം ചെയ്യുന്നതിന്, ഒരു സംവിധാനം ഉണ്ടാക്കേണ്ടതാണ്.]

280. ധനകാര്യക്കമ്മീഷൻ.—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ രണ്ടുവർഷത്തിനകവും അതിനുശേഷം ഓരോ അഞ്ചാം വർഷത്തിന്റെയും അവസാനവും, അല്ലെങ്കിൽ അതിനുമുൻപ് ആവശ്യമാണെന്ന് രാഷ്ട്രപതി കരുതുന്ന സമയത്ത് രാഷ്ട്രപതി നിയമിക്കുന്ന ഒരു അദ്ധ്യക്ഷനും മറ്റ് നാല് അംഗങ്ങളും അടങ്ങുന്ന ഒരു ധനകാര്യക്കമ്മീഷൻ രാഷ്ട്രപതി ഉത്തരവ് വഴി രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് ആവശ്യമായ യോഗ്യതകളും അവരെ തിരഞ്ഞെടുക്കേണ്ട രീതിയും പാർലമെന്റിന് നിയമം വഴി നിശ്ചയിക്കാവുന്നതാണ്.

(3) രാഷ്ട്രപതിക്ക്—

(ക) ഈ അദ്ധ്യായപ്രകാരം യൂണിയനും സംസ്ഥാനങ്ങൾക്കുമിടയിൽ ഭാഗിക്കേണ്ടതോ, ഭാഗിക്കാവുന്നതോ ആയ നികുതികളുടെ അറ്റവരവുകൾ അവയ്ക്കിടയിൽ വീതിക്കുന്നതിനെയും, സംസ്ഥാനങ്ങൾക്കിടയിൽ അങ്ങനെയുള്ള വരവുകളുടെ യഥാക്രമമായ ഓഹരികൾ വിഭജിച്ചുകൊടുക്കുന്നതിനെയും;

(ഖ) ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് സംസ്ഥാനങ്ങളുടെ റവന്യൂകൾക്കുള്ള ഔദ്യോഗിക സഹായധനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള തത്ത്വങ്ങളെയും;

[1][(ഖഖ) സംസ്ഥാനത്തിന്റെ ധനകാര്യക്കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വിഭവങ്ങളിലെ കുറവ് പരിഹരിക്കാൻ ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ;]

[2][(ഗ) സംസ്ഥാനത്തിന്റെ ധനകാര്യക്കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ വിഭവങ്ങളിലെ കുറവ് പരിഹരിക്കാൻ ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ;]

[3][(ഘ)] രാഷ്ട്രപതി ധനകാര്യ ഭദ്രതയുടെ താത്പര്യങ്ങൾക്കായി കമ്മീഷന്റെ അഭിപ്രായത്തിന് അയയ്ക്കുന്ന മറ്റേതെങ്കിലും വിഷയത്തെയും,

കുറിച്ച് ശിപാർശകൾ സമർപ്പിക്കുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

---

1. 1992-ലെ ഭരണഘടന (എഴുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (24-4-1993 മുതൽ പ്രാബല്യം).
2. 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (1-6-1993 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (ഗ) ഉപഖണ്ഡം (ഘ) ഉപഖണ്ഡമായി അക്ഷരംമാറ്റി (1-6-1993 മുതൽ പ്രാബല്യം).

(4) The Commission shall determine their procedure and shall have such powers in the performance of their functions as Parliament may by law confer on them.

281. Recommendations of the Finance Commission.—The President shall cause every recommendation made by the Finance Commission under the provisions of this Constitution together with an explanatory memorandum as to the action taken thereon to be laid before each House of Parliament.

Miscellaneous Financial Provisions

282. Expenditure defrayable by the Union or a State out of its revenues.—The Union or a State may make any grants for any public purpose, notwithstanding that the purpose is not one with respect to which Parliament or the Legislature of the State, as the case may be, may make laws.

283. Custody, etc., of Consolidated Funds, Contingency Funds and moneys credited to the public accounts.—(1) The custody of the Consolidated Fund of India and the Contingency Fund of India, the payment of moneys into such Funds, the withdrawal of moneys therefrom, the custody of public moneys other than those credited to such Funds received by or on behalf of the Government of India, their payment into the public account of India and the withdrawal of moneys from such account and all other matters connected with or ancillary to matters aforesaid shall be regulated by law made by Parliament, and, until provision in that behalf is so made, shall be regulated by rules made by the President.

(2) The custody of the Consolidated Fund of a State and the Contingency Fund of a State, the payment of moneys into such Funds, the withdrawal of moneys therefrom, the custody of public moneys other than those credited to such Funds received by or on behalf of the Government of the State, their payment into the public account of the State and the withdrawal of moneys from such account and all other matters connected with or ancillary to matters aforesaid shall be regulated by law made by the Legislature of the State, and, until provision in that behalf is so made, shall be regulated by rules made by the Governor [1][***] of the State.

284. Custody of suitors' deposits and other moneys received by public servants and courts.—All moneys received by or deposited with—

(a) any officer employed in connection with the affairs of the Union or of a State in his capacity as such, other than revenues or public moneys raised or received by the Government of India or the Government of the State, as the case may be, or

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

(4) കമ്മീഷൻ അതിന്റെ നടപടിക്രമം നിശ്ചയിക്കേണ്ടതും അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ പാർലമെന്റ് നിയമം വഴി അവർക്ക് നൽകുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു.

281. ധനകാര്യക്കമ്മീഷന്റെ ശിപാർശകൾ.—രാഷ്ട്രപതി, ഈ ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യക്കമ്മിഷൻ ചെയ്ത ഏതൊരു ശിപാർശയും അതിൻമേൽ എടുത്തിട്ടുള്ള നടപടിയെക്കുറിച്ച് വിശദീകരണ രൂപത്തിലുള്ള ഒരു വിവരക്കുറിപ്പോടുകൂടി, പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്പിക്കേണ്ടതാണ്.

പലവക ധനകാര്യവ്യവസ്ഥകൾ

282. യൂണിയനോ ഒരു സംസ്ഥാനത്തിനോ അതിന്റെ റവന്യൂകളിൽ നിന്ന് നടത്താവുന്ന ചെലവ്.—യൂണിയനോ ഒരു സംസ്ഥാനത്തിനോ ഏതെങ്കിലും പൊതു ആവശ്യത്തിനുവേണ്ടി, ആ ആവശ്യം സംബന്ധിച്ച് പാർലമെന്റിനോ ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിനോ, അതതുസംഗതിപോലെ, നിയമങ്ങൾ ഉണ്ടാക്കാവുന്നതല്ല, എന്നിരുന്നാലും, ഏതെങ്കിലും സഹായധനങ്ങൾ നൽകാവുന്നതാണ്.

283. സഞ്ചിതനിധികളുടെയും ആകസ്മികനിധികളുടെയും പൊതുക്കണക്കിൽ വരവുവയ്ക്കുന്ന പണത്തിന്റെയും സൂക്ഷിപ്പ് മുതലായവ.—(1) ഭാരതത്തിന്റെ സഞ്ചിതനിധിയുടെയും ഭാരതത്തിന്റെ ആകസ്മികനിധിയുടെയും സൂക്ഷിപ്പും, ആ നിധികളിൽ പണം അടയ്ക്കുന്നതും അവയിൽനിന്ന് പണം പിൻവലിക്കുന്നതും. ഭാരതത്തിന്റെ സർക്കാരോ സർക്കാരിനുവേണ്ടിയോ സ്വീകരിക്കുന്ന പൊതുപ്പണത്തിൽ അങ്ങനെയുള്ള നിധികളിൽ വരവ് വച്ചിട്ടില്ലാത്തവയുടെ സൂക്ഷിപ്പും, ഭാരതത്തിന്റെ പൊതുക്കണക്കിൽ അവ അടയ്ക്കുന്നതും അങ്ങനെയുള്ള കണക്കിൽനിന്ന് പണം പിൻവലിക്കുന്നതും, മുൻപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സഹായകമോ ആയ മറ്റെല്ലാ വിഷയങ്ങളും പാർലമെന്റ് ഉണ്ടാക്കുന്ന നിയമം വഴി ക്രമപ്പെടുത്തേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ രാഷ്ട്രപതി ഉണ്ടാക്കുന്ന ചട്ടങ്ങൾ വഴി ക്രമപ്പെടുത്തേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെയും ഒരു സംസ്ഥാനത്തിന്റെ ആകസ്മിക നിധിയുടെയും സൂക്ഷിപ്പും, ആ നിധികളിൽ പണം അടയ്ക്കുന്നതും അവയിൽനിന്ന് പണം പിൻവലിക്കുന്നതും, ആ സംസ്ഥാനത്തിന്റെ സർക്കാരോ സർക്കാരിനുവേണ്ടിയോ സ്വീകരിക്കുന്ന പൊതുപ്പണത്തിൽ അങ്ങനെയുള്ള നിധികളിൽ വരവ് വച്ചിട്ടില്ലാത്തവയുടെ സൂക്ഷിപ്പും, ആ സംസ്ഥാനത്തിന്റെ പൊതുക്കണക്കിൽ അവ അടയ്ക്കുന്നതും അങ്ങനെയുള്ള കണക്കിൽനിന്ന് പണം പിൻവലിക്കുന്നതും, മുൻപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സഹായകമോ ആയ മറ്റെല്ലാ വിഷയങ്ങളും ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കുന്ന നിയമം വഴി ക്രമപ്പെടുത്തേണ്ടതും അതിലേക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്നതുവരെ ആ സംസ്ഥാനത്തെ ഗവർണ്ണർ [1][***] ഉണ്ടാക്കുന്ന ചട്ടങ്ങൾ വഴി ക്രമപ്പെടുത്തേണ്ടതും ആകുന്നു.

284. വ്യവഹാര കക്ഷികളുടെ നിക്ഷേപങ്ങളുടെയും പൊതുജീവനക്കാരോ കോടതികളോ സ്വീകരിക്കുന്ന മറ്റ് പണത്തിന്റെയും സൂക്ഷിപ്പ്.—

(ക) ഭാരതത്തിന്റെ സർക്കാരോ ഒരു സംസ്ഥാനത്തിന്റെ സർക്കാരോ, അതത് സംഗതിപോലെ, സംഭരിക്കുന്നതോ സ്വീകരിക്കുന്നതോ ആയ റവന്യൂകളോ പൊതുപ്പണമോ അല്ലാതെ, യൂണിയന്റെയോ ആ സംസ്ഥാനത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനാലോ ഉദ്യോഗസ്ഥന്റെ പക്കലോ അദ്ദേഹത്തിന്റെ അങ്ങനെയുള്ള നിലയിൽ, അല്ലെങ്കിൽ

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(b) any court within the territory of India to the credit of any cause, matter, account or persons,

shall be paid into the public account of India or the public account of State, as the case may be.

285. Exemption of property of the Union from State taxation.—(1) The property of the Union shall, save in so far as Parliament may by law otherwise provide, be exempt from all taxes imposed by a State or by any authority within a State.

(2) Nothing in clause (1) shall, until Parliament by law otherwise provides, prevent any authority within a State from levying any tax on any property of the Union to which such property was immediately before the commencement of this Constitution liable or treated as liable, so long as that tax continues to be levied in that State.

286. Restrictions as to imposition of tax on the sale or purchase of goods.—(1) No law of a State shall impose, or authorise the imposition of, a tax on [1][the supply of goods or of services or both, where such supply takes place]—

(a) outside the State; or

(b) in the course of the import of the [2][goods or services or both] into, or export of the [2][goods or services or both] out of, the territory of India.

[3][*****]

[4][(2) Parliament may by law formulate principles for determining when a [5][supply of goods or of services or both] in any of the ways mentioned in clause (1).

[6][* * *]]

1. Subs. by the Constitution (One Hundred and First Amendment) Act, 2016, s.13 (w.e.f. 16-9-2016).
2. Subs. by s. 13(i) (B), ibid, for "goods" (w.e.f. 16-9-2016).
3. Explanation to cl. (1) omitted by the Constitution (Sixth Amendment) Act, 1956, s. 4.
4. Subs. by s. 4, ibid., for cls. (2) and (3).
5. Subs. by the Constitution (One Hundred and First Amendment) Act, 2016, s.13(ii), for "sale or purchase of goods takes place" (w.e.f. 16-9-2016).
6. Cl. (3) omitted by s. 13(iii), ibid (w.e.f. 16-9-2016).

(ഖ) ഏതെങ്കിലും കാരണത്തിന്റെയോ വിഷയത്തിന്റെയോ കണക്കിന്റെയോ ആളുകളുടെയോ പേരിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള ഏതെങ്കിലും കോടതിയാലോ കോടതിയിലോ,

സ്വീകരിക്കപ്പെട്ടിട്ടുള്ളതോ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതോ ആയ എല്ലാ പണവും ഭാരതത്തിന്റെ പൊതുകണക്കിലോ ആ സംസ്ഥാനത്തിന്റെ പൊതുകണക്കിലോ, അതതുസംഗതിപോലെ, അടയ്ക്കേണ്ടതാണ്.

285. സംസ്ഥാന നികുതി ചുമത്തലിൽ നിന്ന് യൂണിയന്റെ വസ്തുവകകളെ ഒഴിവാക്കൽ.—(1) യൂണിയന്റെ വസ്തുവകകൾ, പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഒരു സംസ്ഥാനമോ ഒരു സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചുമത്തുന്ന എല്ലാ നികുതികളിൽനിന്നും ഒഴിവായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, യൂണിയന്റെ ഏതെങ്കിലും വസ്തുവകകളിൻമേൽ, ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് അങ്ങനെയുള്ള വസ്തുവകകൾ ഏതെങ്കിലും നികുതിക്ക് വിധേയമായിരിക്കുകയോ അഥവാ വിധേയമാണെന്ന നിലയിൽ പെരുമാറിപ്പോന്നിരിക്കുകയോ ചെയ്തിരുന്നാൽ സംസ്ഥാനത്ത് ആ നികുതി ചുമത്തുന്നത് തുടരുന്നിടത്തോളംകാലം ആ നികുതി ചുമത്തുന്നതിൽ നിന്ന് ഒരു സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ തടയുന്നതല്ല.

286. സാധനങ്ങൾ വാങ്ങുന്നതിൻമേലോ വിൽക്കുന്നതിൻമേലോ നികുതി ചുമത്തുന്നത് സംബന്ധിച്ച നിയന്ത്രണം.—(1) ഒരു സംസ്ഥാനത്തെ യാതൊരു നിയമവും, [1][സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം, അങ്ങനെയുള്ള വിതരണം]—

(ക) ആ സംസ്ഥാനത്തിന് പുറത്തോ; അല്ലെങ്കിൽ

(ഖ) ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിലേക്ക് [2][സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ] ഇറക്കുമതിയുടെയോ പുറത്തേക്ക് [2][സാധനങ്ങളുടെയോ സേവനങ്ങളുടേയോ അല്ലെങ്കിൽ രണ്ടിന്റെയുമോ] കയറ്റുമതിയുടെയോ ഇടയിലോ,

നടക്കുന്നിടത്ത് ഒരു നികുതി ചുമത്തുകയോ ചുമത്തുന്നതിന് അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[3][******]

[4][(2) [5][സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണം] (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിധം നടക്കുന്നത് എപ്പോഴാണ് എന്ന് നിശ്ചയിക്കുന്നതിനുള്ള തത്ത്വങ്ങൾ പാർലമെന്റിന് നിയമം വഴി രൂപീകരിക്കാവുന്നതാണ്.

[6][* * *]]

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പ് പ്രകാരം പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 13(i) (ഖ)-ാം വകുപ്പ്പ്രകാരം പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ആറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം (1)-ാം ഖണ്ഡത്തിന്റെ വിശദീകരണം വിട്ടുകളഞ്ഞു.
4. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം (2)-ം (3)-ം ഖണ്ഡങ്ങൾക്ക് പകരം ചേർത്തത്.
5. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 13(ii)-ാം വകുപ്പ് പ്രകാരം "സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും..... നടക്കുന്നത്" എന്നതിന് പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
6. മേൽപ്പറഞ്ഞ ആക്റ്റ്, 13(iii)-ാം വകുപ്പ് പ്രകാരം വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).

287. Exemption from taxes on electricity.—Save in so far as Parliament may by law otherwise provide, no law of a State shall impose, or authorise the imposition of, a tax on the consumption or sale of electricity (whether produced by a Government or other persons) which is—

(a) consumed by the Government of India, or sold to the Government of India for consumption by that Government; or

(b) consumed in the construction, maintenance or operation of any railway by the Government of India or a railway company operating that railway, or sold to that Government or any such railway company for consumption in the construction, maintenance or operation of any railway,

and any such law imposing, or authorising the imposition of, a tax on the sale of electricity shall secure that the price of electricity sold to the Government of India for consumption by that Government, or to any such railway company as aforesaid for consumption in the construction, maintenance or operation of any railway, shall be less by the amount of the tax than the price charged to other consumers of a substantial quantity of electricity.

288. Exemption from taxation by States in respect of water or electricity in certain cases.—(1) Save in so far as the President may by order otherwise provide, no law of a State in force immediately before the commencement of this Constitution shall impose, or authorise the imposition of, a tax in respect of any water or electricity stored, generated, consumed, distributed or sold by any authority established by any existing law or any law made by Parliament for regulating or developing any inter-State river or river-valley.

Explanation.—The expression ''law of a State in force'' in this clause shall include a law of a State passed or made before the commencement of this Constitution and not previously repealed, notwithstanding that it or parts of it may not be then in operation either at all or in particular areas.

(2) The Legislature of a State may by law impose, or authorise the imposition of, any such tax as is mentioned in clause (1), but no such law shall have any effect unless it has, after having been reserved for the consideration of the President, received his assent, and if any such law provides for the fixation of the rates and other incidents of such tax by means of rules or orders to be made under the law by any authority, the law shall provide for the previous consent of the President being obtained to the making of any such rule or order.

287. വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളിൽ നിന്ന് ഒഴിവാക്കൽ.—പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ ഒരു സംസ്ഥാനത്തെ യാതൊരു നിയമവും,—

(ക) ഭാരത സർക്കാർ ഉപയോഗിക്കുന്നതോ ഭാരത സർക്കാരിന്റെ ഉപഭോഗത്തിനായി ആ സർക്കാരിന് വിൽക്കുന്നതോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഭാരത സർക്കാരോ ആ റെയിൽവേ പ്രവർത്തിപ്പിക്കുന്ന ഒരു റെയിൽവേ കമ്പനിയോ ഉപയോഗിക്കുന്നതോ, ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഉള്ള ഉപയോഗത്തിനായി ആ സർക്കാരിനോ അങ്ങനെയുള്ള ഏതെങ്കിലും റെയിൽവേ കമ്പനിക്കോ വിൽക്കുന്നതോ,

ആയ വിദ്യുച്ഛക്തിയുടെ (അത് ഒരു സർക്കാർ ഉൽപ്പാദിപ്പിച്ചതായാലും മറ്റ് ആളുകൾ ഉൽപ്പാദിപ്പിച്ചതായാലും) ഉപയോഗത്തിൻമേലോ വിൽപ്പനയിൻമേലോ ഉള്ള ഒരു നികുതി ചുമത്താനോ ചുമത്താൻ അധികാരപ്പെടുത്താനോ പാടുള്ളതല്ലാത്തതും, വിദ്യുച്ഛക്തിയുടെ വിൽപ്പനയിൻമേൽ ഒരു നികുതി ചുമത്തുന്നതോ ചുമത്തുവാൻ അധികാരപ്പെടുത്തുന്നതോ ആയ ഏതെങ്കിലും നിയമം, ഭാരത സർക്കാരിന്റെ ഉപയോഗത്തിനുവേണ്ടി ആ സർക്കാരിനോ അല്ലെങ്കിൽ ഏതെങ്കിലും റെയിൽവേയുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ പ്രവർത്തനത്തിലോ ഉള്ള ഉപയോഗത്തിനുവേണ്ടി മുൻപറഞ്ഞ വിധമുള്ള ഏതെങ്കിലും റെയിൽവേ കമ്പനിക്കോ വിൽക്കുന്ന വിദ്യുച്ഛക്തിയുടെ വില, വിദ്യുച്ഛക്തിയുടെ ഒരു ഗണ്യഭാഗത്തിന്റെ മറ്റ് ഉപഭോക്താക്കളിൽ നിന്ന് വസൂലാക്കുന്ന വിലയെ അപേക്ഷിച്ച് നികുതിയുടെ തുകയോളം കുറവായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതും ആകുന്നു.

288. ചില സംഗതികളിൽ വെള്ളമോ വിദ്യുച്ഛക്തിയോ സംബന്ധിച്ച് സംസ്ഥാനങ്ങൾ, നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കൽ.—(1) രാഷ്ട്രപതി ഉത്തരവുവഴി, മറ്റുവിധത്തിൽ വ്യവസ്ഥചെയ്യുന്നിടത്തോളം ഒഴികെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് നിലവിലിരിക്കുന്ന ഒരു സംസ്ഥാനത്തിന്റെ യാതൊരു നിയമവും ഏതെങ്കിലും അന്തർ-സംസ്ഥാന നദിയെയോ നദീതടത്തെയോ നിയന്ത്രിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ വേണ്ടി നിലവിലുള്ള ഏതെങ്കിലും നിയമമോ പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമമോ വഴി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനം സംഭരിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ഉപയോഗിക്കുകയോ വിതരണം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്ന ഏതെങ്കിലും വെള്ളമോ വിദ്യുച്ഛക്തിയോ സംബന്ധിച്ച് ഒരു നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഖണ്ഡത്തിൽ "ഒരു സംസ്ഥാനത്തിന്റെ നിലവിലുള്ള നിയമം" എന്ന പ്രയോഗത്തിൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുമ്പ് റദ്ദാക്കിയിട്ടില്ലാത്തതും ആയ ഒരു സംസ്ഥാനത്തിന്റെ നിയമം, അത് അല്ലെങ്കിൽ അതിന്റെ ഭാഗങ്ങൾ ഒട്ടുംതന്നെ അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിൽ അപ്പോൾ പ്രാബല്യത്തിലില്ല എന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്, (1)-ാം ഖണ്ഡത്തിൽ പറഞ്ഞതരത്തിലുള്ള ഏതെങ്കിലും നികുതി, നിയമം വഴി ചുമത്തുകയോ ചുമത്താൻ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതും, എന്നാൽ അങ്ങനെയുള്ള യാതൊരു നിയമത്തിനും അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവച്ചതിനുശേഷം അദ്ദേഹത്തിന്റെ അനുമതി ലഭിക്കാത്തപക്ഷം, യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും നിയമം ആ നിയമപ്രകാരം ഏതെങ്കിലും അധികാരസ്ഥാനം ഉണ്ടാക്കുന്ന ചട്ടങ്ങളാലോ ഉത്തരവുകളാലോ അങ്ങനെയുള്ള നികുതിയുടെ നിരക്കും മറ്റ് സാന്ദർഭിക സംഗതികളും നിജപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ചട്ടമോ ഉത്തരവോ ഉണ്ടാക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതം ലഭിക്കണമെന്ന് ആ നിയമം വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

289. Exemption of property and income of a State from Union taxation.—(1) The property and income of a State shall be exempt from Union taxation.

(2) Nothing in clause (1) shall prevent the Union from imposing, or authorising the imposition of, any tax to such extent, if any, as Parliament may by law provide in respect of a trade or business of any kind carried on by, or on behalf of, the Government of a State, or any operations connected therewith, or any property used or occupied for the purposes of such trade or business, or any income accruing or arising in connection therewith.

(3) Nothing in clause (2) shall apply to any trade or business, or to any class of trade or business, which Parliament may by law declare to be incidental to the ordinary functions of Government.

290. Adjustment in respect of certain expenses and pensions.—Where under the provisions of this Constitution the expenses of any court or Commission, or the pension payable to or in respect of a person who has served before the commencement of this Constitution under the Crown in India or after such commencement in connection with the affairs of the Union or of a State, are charged on the Consolidated Fund of India or the Consolidated Fund of a State, then, if—

(*a*) in the case of a charge on the Consolidated Fund of India, the court or Commission serves any of the separate needs of a State, or the person has served wholly or in part in connection with the affairs of a State; or

(*b*) in the case of a charge on the Consolidated Fund of a State, the court or Commission serves any of the separate needs of the Union or another State, or the person has served wholly or in part in connection with the affairs of the Union or another State,

there shall be charged on and paid out of the Consolidated Fund of the State or, as the case may be, the Consolidated Fund of India or the Consolidated Fund of the other State, such contribution in respect of the expenses or pension as may be agreed, or as may in default of agreement be determined by an arbitrator to be appointed by the Chief Justice of India.

[1][**290A. Annual payment to certain Devaswom Funds.—**A sum of forty- six lakhs and fifty thousand rupees shall be charged on, and paid out of, the Consolidated Fund of the State of Kerala every year to the Travancore Devaswom Fund; and a sum of thirteen lakhs and fifty thousand rupees shall be charged on, and paid out of, the Consolidated Fund of the State of [2][Tamil Nadu] every year to the Devaswom Fund established in that State for the maintenance of Hindu temples and shrines in the territories transferred to that State on the 1st day of November, 1956, from the State of Travancore-Cochin.]

1. Ins. by the Constitution (Seventh Amendment) Act, 1956, s. 19.

2. Subs. by the Madras State (Alteration of Name) Act, 1968 (53 of 1968), s. 4, for ''Madras'' (w.e.f. 14-1-1969).

289. യൂണിയന്റെ നികുതി ചുമത്തലിൽ നിന്ന് ഒരു സംസ്ഥാനത്തിന്റെ വസ്തുവകകളെയും ആദായത്തെയും ഒഴിവാക്കൽ.—(1) ഒരു സംസ്ഥാനത്തിന്റെ വസ്തുവകകളും ആദായവും യൂണിയന്റെ നികുതി ചുമത്തലിൽ നിന്ന് ഒഴിവായിരിക്കുന്നതാണ്.

(2) ഒരു സംസ്ഥാനത്തിന്റെ സർക്കാരോ സർക്കാരിനുവേണ്ടിയോ നടത്തുന്ന ഏതെങ്കിലും തരം വ്യാപാരമോ ബിസിനസ്സോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യാപാരത്തിന്റെയോ ബിസിനസ്സിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയോ കൈവശംവയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും വസ്തുവകകളോ അതുമായി ബന്ധപ്പെട്ടു ലഭിക്കുന്നതോ ഉണ്ടാവിക്കുന്നതോ ആയ ഏതെങ്കിലും ആദായമോ സംബന്ധിച്ച് പാർലമെന്റ്, നിയമം വഴി, എന്തെങ്കിലും വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അങ്ങനെ ചെയ്യുന്നിടത്തോളം ഏതെങ്കിലും നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിൽനിന്ന് (1)-ാം ഖണ്ഡത്തിലെ യാതൊന്നും യൂണിയനെ തടയുന്നതല്ല.

(3) (2)-ാം ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റ്, നിയമം വഴി, സർക്കാരിന്റെ സാധാരണ ചുമതലകൾക്ക് സാന്ദർഭികമാണെന്ന് പ്രഖ്യാപിക്കുന്ന ഏതെങ്കിലും വ്യാപാരത്തിനോ ബിസിനസ്സിനോ അല്ലെങ്കിൽ ഏതെങ്കിലും തരം വ്യാപാരത്തിനോ ബിസിനസ്സിനോ ബാധകമാകുന്നതല്ല.

290. ചില ചെലവുകളും പെൻഷനും സംബന്ധിച്ച ക്രമപ്പെടുത്തൽ.— ഈ ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും കോടതിയുടെയോ കമ്മീഷന്റെയോ ചെലവുകളും, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് ഭാരതത്തിൽ ബ്രീട്ടീഷ് രാജാധികാരത്തിന് കീഴിലോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം, യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട് സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾക്കോ, ആ ആളെ സംബന്ധിച്ചോ കൊടുക്കേണ്ട പെൻഷനും ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ നടത്തേണ്ട ചെലവായിരിക്കുന്നിടത്ത്—

(ക) ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നു ചെലവു നടത്തേണ്ട സംഗതിയിൽ, ആ കോടതിയോ കമ്മീഷനോ ഒരു സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങളിലേതെങ്കിലും നിറവേറ്റുന്നുണ്ടെങ്കിലോ അല്ലെങ്കിൽ ആ ആൾ ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് പൂർണ്ണമായോ ഭാഗികമായോ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ഖ) ഒരു സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നു ചെലവു നടത്തേണ്ട സംഗതിയിൽ, ആ കോടതിയോ കമ്മീഷനോ യൂണിയന്റെയോ മറ്റൊരു സംസ്ഥാനത്തിന്റെയോ പ്രത്യേക ആവശ്യങ്ങളിൽ ഏതെങ്കിലും നിറവേറ്റുന്നുണ്ടെങ്കിലോ അല്ലെങ്കിൽ ആ ആൾ യൂണിയന്റെയോ മറ്റൊരു സംസ്ഥാനത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ച് പൂർണ്ണമായോ ഭാഗികമായോ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിലോ,

ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേലോ അല്ലെങ്കിൽ ഭാരതത്തിന്റെ സഞ്ചിതനിധിയിൻമേലോ, അല്ലെങ്കിൽ മറ്റേ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേലോ, അതതുസംഗതിപോലെ, ആ ചെലവുകളും പെൻഷനും സംബന്ധിച്ച് അന്യോന്യം സമ്മതിക്കുന്നതോ സമ്മതത്തിന്റെ അഭാവത്തിൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റീസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥൻ നിശ്ചയിക്കുന്നതോ ആയ അങ്ങനെയുള്ള അംശദായം ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അങ്ങനെയുള്ള സഞ്ചിതനിധിയിൽനിന്ന് നൽകപ്പെടേണ്ടതും ആകുന്നു.

[1][**290ക. ചില ദേവസ്വം നിധികളിലേക്ക് വർഷംതോറും പണം കൊടുക്കുന്നത്.**— ഓരോ വർഷവും നാല്പത്താറുലക്ഷത്തി അൻപതിനായിരം രൂപ കേരള സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൻമേൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അതിൽ നിന്നും തിരുവിതാംകൂർ ദേവസ്വം നിധിയിലേക്ക് നൽകപ്പെടേണ്ടതും, ഓരോ വർഷവും പതിമൂന്നുലക്ഷത്തി അൻപതിനായിരം രൂപ [2][തമിഴ്നാട്] സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൻമേൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അതിൽനിന്ന് 1956 നവംബർ ഒന്നാം ദിവസം ആ സംസ്ഥാനത്തേക്ക് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുനിന്ന് കൈമാറ്റം ചെയ്ത ഭൂപ്രദേശങ്ങളിലെ ഹിന്ദുക്ഷേത്രങ്ങളുടെയും ആരാധനാസ്ഥലങ്ങളുടെയും സംരക്ഷണത്തിന് ആ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുള്ള ദേവസ്വം നിധിയിലേക്ക് നൽകപ്പെടേണ്ടതും ആകുന്നു.]

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 19-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1968-ലെ മദ്രാസ് സംസ്ഥാനം (പേരുമാറ്റൽ) ആക്റ്റ് (1968-ലെ 53), 4-ാം വകുപ്പുപ്രകാരം "മദ്രാസ്"എന്നതിനു പകരം ചേർത്തത് (14-1-1969 മുതൽ പ്രാബല്യം).

291. [1][***]

CHAPTER II-BORROWING

292. Borrowing by the Government of India.—The executive power of the Union extends to borrowing upon the security of the Consolidated Fund of India within such limits, if any, as may from time to time be fixed by Parliament by law and to the giving of guarantees within such limits, if any, as may be so fixed.

293. Borrowing by States.—(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.

(2) The Government of India may, subject to such conditions as may be laid down by or under any law made by Parliament, make loans to any State or, so long as any limits fixed under article 292 are not exceeded, give guarantees in respect of loans raised by any State, and any sums required for the purpose of making such loans shall be charged on the Consolidated Fund of India.

(3) A State may not without the consent of the Government of India raise any loan if there is still outstanding any part of a loan which has been made to the State by the Government of India or by its predecessor Government, or in respect of which a guarantee has been given by the Government of India or by its predecessor Government.

(4) A consent under clause (3) may be granted subject to such conditions, if any, as the Government of India may think fit to impose.

1. Omitted by the Constitution (Twenty-sixth Amendment) Act,1971, s.2.

291. [1] [***]

അദ്ധ്യായം II—കടമെടുപ്പ്

292. ഭാരത സർക്കാരിന്റെ കടമെടുപ്പ്.—പാർലമെന്റ് അപ്പോഴപ്പോൾ നിയമം വഴി നിജപ്പെടുത്താവുന്ന പരിധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധികൾക്കുള്ളിൽ ഭാരതത്തിന്റെ സഞ്ചിതനിധിയുടെ ഈടിൻമേൽ കടമെടുക്കുന്നതിലേക്കും അപ്രകാരം നിജപ്പെടുത്തിയ അങ്ങനെയുള്ള ഏതെങ്കിലും പരിധികളുണ്ടെങ്കിൽ, അതിനുള്ളിൽ ഉറപ്പുകൾ നൽകുന്നതിലേക്കും യൂണിയന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാണ്.

293. സംസ്ഥാനങ്ങളുടെ കടമെടുപ്പ്.—(1) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം അപ്പോഴപ്പോൾ നിയമം വഴി നിജപ്പെടുത്താവുന്ന പരിധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധികൾക്കുള്ളിൽ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഈടിൻമേൽ, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ കടമെടുക്കുന്നതിലേക്കും അപ്രകാരം നിജപ്പെടുത്തിയ അങ്ങനെയുള്ള ഏതെങ്കിലും പരിധികളുണ്ടെങ്കിൽ, അതിനുള്ളിൽ ഉറപ്പുകൾ നൽകുന്നതിലേക്കും ഒരു സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്നതാണ്.

(2) ഭാരത സർക്കാരിന്, പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലോ നിയമ പ്രകാരമോ വ്യവസ്ഥ ചെയ്യുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി ഏതെങ്കിലും സംസ്ഥാനത്തിന് കടം കൊടുക്കുകയോ, അല്ലെങ്കിൽ 292-ാം അനുച്ഛേദപ്രകാരം നിജപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പരിധികൾ കവിയാത്തിടത്തോളം, ഏതെങ്കിലും സംസ്ഥാനം എടുത്തിട്ടുള്ള കടങ്ങൾ സംബന്ധിച്ച് ഉറപ്പുകൾ നൽകുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള കടങ്ങൾ കൊടുക്കുന്നതിന് ആവശ്യമുള്ള ഏതെങ്കിലും തുകകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും ആകുന്നു.

(3) ഒരു സംസ്ഥാനത്തിന്, ഭാരത സർക്കാരോ അതിന്റെ മുൻഗാമി സർക്കാരോ, ആ സംസ്ഥാനത്തിന് നൽകിയിട്ടുള്ള ഒരു കടത്തിന്റെയോ അല്ലെങ്കിൽ ഭാരത സർക്കാരോ അതിന്റെ മുൻഗാമി സർക്കാരോ ഉറപ്പ് നൽകിയിട്ടുള്ള ഒരു കടത്തിന്റെയോ ഏതെങ്കിലും ഭാഗം അപ്പോഴും കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടെങ്കിൽ ഭാരത സർക്കാരിന്റെ സമ്മതം കൂടാതെ ഏതെങ്കിലും കടം എടുക്കാവുന്നതല്ല.

(4) ചുമത്തുന്നത് യുക്തമെന്ന് ഭാരത സർക്കാർ കരുതാവുന്ന അങ്ങനെയുള്ള ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി (3)-ാം ഖണ്ഡപ്രകാരമുള്ള ഒരു സമ്മതം നൽകാവുന്നതാണ്.

---

1. 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം വിട്ടുകളഞ്ഞു.

CHAPTER III-PROPERTY, CONTRACTS, RIGHTS, LIABILITIES, OBLIGATIONS AND SUITS

294. Succession to property, assets, rights, liabilities and obligations in certain cases.—As from the commencement of this Constitution—

(*a*) all property and assets which immediately before such commencement were vested in His Majesty for the purposes of the Government of the Dominion of India and all property and assets which immediately before such commencement were vested in His Majesty for the purposes of the Government of each Governor's Province shall vest respectively in the Union and the corresponding State, and

(*b*) all rights, liabilities and obligations of the Government of the Dominion of India and of the Government of each Governor's Province, whether arising out of any contract or otherwise, shall be the rights, liabilities and obligations respectively of the Government of India and the Government of each corresponding State,

subject to any adjustment made or to be made by reason of the creation before the commencement of this Constitution of the Dominion of Pakistan or of the Provinces of West Bengal, East Bengal, West Punjab and East Punjab.

295. Succession to property, assets, rights, liabilities and obligations in other cases.—(1) As from the commencement of this Constitution—

(*a*) all property and assets which immediately before such commencement were vested in any Indian State corresponding to a State specified in Part B of the First Schedule shall vest in the Union, if the purposes for which such property and assets were held immediately before such commencement will thereafter be purposes of the Union relating to any of the matters enumerated in the Union List, and

(*b*) all rights, liabilities and obligations of the Government of any Indian State corresponding to a State specified in Part B of the First Schedule, whether arising out of any contract or otherwise, shall be the rights, liabilities and obligations of the Government of India, if the purposes for which such rights were acquired or liabilities or obligations were incurred before such commencement will thereafter be purposes of the Government of India relating to any of the matters enumerated in the Union List,

subject to any agreement entered into in that behalf by the Government of India with the Government of that State.

അദ്ധ്യായം III—സ്വത്ത്, കരാറുകൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ,വ്യവഹാരങ്ങൾ

294. ചില സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം.—ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക്, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ്, പാകിസ്ഥാൻ ഡൊമിനിയനോ പശ്ചിമ ബംഗാൾ, പൂർവ്വ ബംഗാൾ, പശ്ചിമ പഞ്ചാബ്, പൂർവ്വ പഞ്ചാബ് എന്നീ പ്രവിശ്യകളോ സൃഷ്ടിച്ചതുകാരണം ഉണ്ടാക്കിയിട്ടുള്ളതോ ഉണ്ടാക്കേണ്ടതോ ആയ ഏതെങ്കിലും ക്രമപ്പെടുത്തലിന് വിധേയമായി—

(ക) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഇൻഡ്യാ ഡൊമിനിയൻ സർക്കാരിന്റെ ആവശ്യങ്ങൾക്ക് വേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുകളും, ആസ്തികളും അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഓരോ ഗവർണ്ണർ-പ്രവിശ്യയിലേയും സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുകളും, ആസ്തികളും യഥാക്രമം യൂണിയനിലും തൽസ്ഥാനത്തുള്ള സംസ്ഥാനത്തിലും നിക്ഷിപ്തമാകുന്നതും,

(ഖ) ഇൻഡ്യാ ഡൊമിനിയൻ സർക്കാരിന്റെയും ഓരോ ഗവർണ്ണർ-പ്രവിശ്യയിലെ സർക്കാരിന്റെയും എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും അവ ഏതെങ്കിലും കരാറിൽ നിന്നോ മറ്റുവിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും യഥാക്രമം ഭാരത സർക്കാരിന്റെയും തൽസ്ഥാനത്തുള്ള ഓരോ സംസ്ഥാനത്തിന്റെയും അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും ആയിരിക്കുന്നതും,

ആകുന്നു.

295. മറ്റു സംഗതികളിൽ സ്വത്ത്, ആസ്തികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ, കടപ്പാടുകൾ എന്നിവയ്ക്കുള്ള പിൻതുടർച്ചാവകാശം.—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക്—

(ക) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ തൽസ്ഥാനീയമായ ഏതെങ്കിലും നാട്ടുരാജ്യത്തിൽ നിക്ഷിപ്തമായിരുന്ന എല്ലാ സ്വത്തുക്കളും, ആസ്തികളും, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് അങ്ങനെയുള്ള സ്വത്തുക്കളും, ആസ്തികളും കൈവശംവച്ചുകൊണ്ടിരുന്നത് ഏതാവശ്യങ്ങൾക്കുവേണ്ടിയാണോ, ആ ആവശ്യങ്ങൾ അതിനുശേഷം യൂണിയൻ ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് യൂണിയന്റെ ആവശ്യങ്ങളാകുന്നതാണെങ്കിൽ, യൂണിയനിൽ നിക്ഷിപ്തമാകുന്നതും;

(ഖ) ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ തൽസ്ഥാനീയമായ ഏതെങ്കിലും നാട്ടുരാജ്യത്തിലെ സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും, അവ ഏതെങ്കിലും കരാറിൽ നിന്നോ മറ്റുവിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും, അങ്ങനെയുള്ള പ്രാരംഭത്തിന് മുമ്പ് അങ്ങനെയുള്ള അവകാശങ്ങൾ ആർജ്ജിക്കുകയും അങ്ങനെയുള്ള ബാദ്ധ്യതകൾക്കോ കടപ്പാടുകൾക്കോ പാത്രമാവുകയും ചെയ്തിട്ടുള്ളത്, ഏതാവശ്യങ്ങൾക്കുവേണ്ടിയാണോ ആ ആവശ്യങ്ങൾ അതിനുശേഷം യൂണിയൻ ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഭാരതസർക്കാരിന്റെ ആവശ്യങ്ങളാകുന്നതാണെങ്കിൽ ഭാരതസർക്കാരിന്റെ അവകാശങ്ങളും, ബാദ്ധ്യതകളും കടപ്പാടുകളും ആയിരിക്കുന്നതും,

അത് ഭാരത സർക്കാർ ആ സംസ്ഥാനത്തെ സർക്കാരുമായി അതു സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള ഉടമ്പടികൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) Subject as aforesaid, the Government of each State specified in Part B of the First Schedule shall, as from the commencement of this Constitution, be the successor of the Government of the corresponding Indian State as regards all property and assets and all rights, liabilities and obligations, whether arising out of any contract or otherwise, other than those referred to in clause (1).

296. Property accruing by escheat or lapse or as *bona vacantia*.— Subject as hereinafter provided, any property in the territory of India which, if this Constitution had not come into operation, would have accrued to His Majesty or, as the case may be, to the Ruler of an Indian State by escheat or lapse, or as *bona vacantia* for want of a rightful owner, shall, if it is property situate in a State, vest in such State, and shall, in any other case, vest in the Union:

Provided that any property which at the date when it would have so accrued to His Majesty or to the Ruler of an Indian State was in the possession or under the control of the Government of India or the Government of a State shall, according as the purposes for which it was then used or held were purposes of the Union or of a State, vest in the Union or in that State.

Explanation.-In this article, the expressions "Ruler" and "Indian State" have the same meanings as in article 363.

[1][**297. Things of value within territorial waters or continental shelf and resources of the exclusive economic zone to vest in the Union.—**](1) All lands, minerals and other things of value underlying the ocean within the territorial waters, or the continental shelf, or the exclusive economic zone, of India shall vest in the Union and be held for the purposes of the Union.

(2) All other resources of the exclusive economic zone of India shall also vest in the Union and be held for the purposes of the Union.

(3) The limits of the territorial waters, the continental shelf, the exclusive economic zone, and other maritime zones, of India shall be such as may be specified, from time to time, by or under any law made by Parliament.]

[2][**298. Power to carry on trade, etc.—**]The executive power of the Union and of each State shall extend to the carrying on of any trade or business and to the acquisition, holding and disposal of property and the making of contracts for any purpose:

Provided that—

1. Subs. by the Constitution (Fortieth Amendment) Act, 1976, s. 2, for art. 297 (w.e.f. 27-5-1976).

2. Subs. by the Constitution (Seventh Amendment) Act, 1956, s. 20, for art. 298.

(2) മുൻപറഞ്ഞതിന് വിധേയമായി ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഓരോ സംസ്ഥാനത്തിന്റെയും സർക്കാർ, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽക്ക് (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതല്ലാതെയുള്ള എല്ലാ സ്വത്തുക്കളും, ആസ്തികളും എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും സംബന്ധിച്ച്, അവ ഏതെങ്കിലും കരാറിൽനിന്നോ മറ്റുവിധത്തിലോ ഉത്ഭവിച്ചിട്ടുള്ളവയായാലും, തൽസ്ഥാനത്തുള്ള നാട്ടുരാജ്യസർക്കാരിന്റെ പിൻതുടർച്ചാവകാശി ആയിരിക്കുന്നതാണ്.

296. അന്യം നിന്നോ കാലഹരണംകൊണ്ടോ ഉടമയില്ലാത്ത നിലയിലോ ലഭിക്കുന്ന വസ്തു.—ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതിന് വിധേയമായി, ഈ ഭരണഘടന പ്രവർത്തനത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഏതെങ്കിലും വസ്തു ചക്രവർത്തിക്കോ ഒരു നാട്ടുരാജ്യത്തിന്റെ ഭരണാധികാരിക്കോ, അതതുസംഗതിപോലെ, അന്യം നിന്നതുകൊണ്ടോ കാലഹരണംകൊണ്ടോ അവകാശമുള്ള ഉടമസ്ഥന്റെ അഭാവം മൂലം ഉടമയില്ലാത്ത വസ്തു എന്ന നിലയിലോ ലഭിക്കുമായിരുന്നുവെങ്കിൽ, അത് ഒരു സംസ്ഥാനത്തിനകത്ത് സ്ഥിതിചെയ്യുന്ന വസ്തുവാണെങ്കിൽ ആ സംസ്ഥാനത്തിലും മറ്റേതെങ്കിലും സംഗതിയിൽ യൂണിയനിലും നിക്ഷിപ്തമാകുന്നതാണ്:

എന്നാൽ, ഏതെങ്കിലും വസ്തു ചക്രവർത്തിക്കോ ഒരു നാട്ടുരാജ്യത്തിന്റെ ഭരണാധികാരിക്കോ അപ്രകാരം ലഭിക്കുമായിരുന്ന തീയതിക്ക് അത് ഭാരതസർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ കൈവശത്തിലോ നിയന്ത്രണത്തിലോ ആയിരുന്നുവെങ്കിൽ, അത് അപ്പോൾ ഏത് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരികയോ കൈവശംവയ്ക്കുകയോ ചെയ്തിരുന്നുവോ, ആ ആവശ്യങ്ങൾ യൂണിയന്റെതോ ഒരു സംസ്ഥാനത്തിന്റെതോ ആയിരുന്നത് എന്നതനുസരിച്ച്, യൂണിയനിലോ ആ സംസ്ഥാനത്തിലോ നിക്ഷിപ്തമാകുന്നതാണ്.

വിശദീകരണം.—ഈ അനുച്ഛേദത്തിൽ ''ഭരണാധികാരി'' എന്നും ''നാട്ടുരാജ്യം'' എന്നും ഉള്ള പ്രയോഗങ്ങൾക്ക് 363-ാം അനുച്ഛേദത്തിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

[1][**297. പ്രാദേശിക ജലാതിർത്തിയിലോ കോണ്ടിനെന്റൽ ഷെൽഫിനോ ഉള്ളിൽ സ്ഥിതിചെയ്യുന്ന മൂല്യമുള്ള സാധനങ്ങളും അനന്യ സാമ്പത്തികമേഖലയുടെ വിഭവങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുമെന്ന്.**—(1) ഭാരതത്തിന്റെ പ്രാദേശിക ജലാതിർത്തിയുടെയോ കോണ്ടിനെന്റൽ ഷെൽഫിന്റെയോ അനന്യ സാമ്പത്തികമേഖലയുടെയോ ഉള്ളിലായി സമുദ്രത്തിനടിയിൽ കിടക്കുന്ന എല്ലാ ഭൂമികളും ഖനിജങ്ങളും മൂല്യമുള്ള മറ്റ് സാധനങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുന്നതും, യൂണിയന്റെ ആവശ്യങ്ങൾക്കായി കൈവശംവയ്ക്കേണ്ടതും ആകുന്നു.

(2) ഭാരതത്തിന്റെ അനന്യ സാമ്പത്തികമേഖലയിലെ മറ്റെല്ലാ വിഭവങ്ങളും യൂണിയനിൽ നിക്ഷിപ്തമാകുന്നതും, യൂണിയന്റെ ആവശ്യങ്ങൾക്കായി കൈവശംവയ്ക്കേണ്ടതും ആകുന്നു.

(3) ഭാരതത്തിന്റെ പ്രാദേശിക ജലാതിർത്തിയുടെയും കോണ്ടിനെന്റൽ ഷെൽഫിന്റെയും, അനന്യ സാമ്പത്തികമേഖലയുടെയും മറ്റ് സമുദ്ര മേഖലയുടെയും അതിർത്തികൾ പാർലമെന്റ്, ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അപ്പോഴപ്പോൾ നിർദ്ദേശിക്കാവുന്ന വിധം ആയിരിക്കുന്നതാണ്.]

[2][**298. വ്യാപാരം മുതലായവ നടത്തുന്നതിനുള്ള അധികാരം.**—യൂണിയന്റെയും ഓരോ സംസ്ഥാനത്തിന്റെയും നിർവ്വാഹകാധികാരം, ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ നടത്തുന്നതിലേക്കും, വസ്തുവിന്റെ ആർജ്ജനം, കൈവശംവയ്ക്കൽ, കൈയൊഴിയൽ, എന്നിവയിലേക്കും ഏതെങ്കിലും ആവശ്യത്തിന് കരാറുകൾ ഉണ്ടാക്കുന്നതിലേക്കും, വ്യാപിക്കുന്നതാണ്:

എന്നാൽ—

---

1. 1976-ലെ ഭരണഘടന (നാൽപ്പതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം 297-ാം അനുച്ഛേദത്തിനു പകരം ചേർത്തത് (27-5-1976 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 20-ാം വകുപ്പു പ്രകാരം 298-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

(a) the said executive power of the Union shall, in so far as such trade or business or such purpose is not one with respect to which Parliament may make laws, be subject in each State to legislation by the State; and

(b) the said executive power of each State shall, in so far as such trade or business or such purpose is not one with respect to which the State Legislature may make laws, be subject to legislation by Parliament.]

299. Contracts.—(1) All contracts made in the exercise of the executive power of the Union or of a State shall be expressed to be made by the President, or by the Governor [1] [***] of the State, as the case may be, and all such contracts and all assurances of property made in the exercise of that power shall be executed on behalf of the President or the Governor [1] [***] by such persons and in such manner as he may direct or authorise.

(2) Neither the President nor the Governor [2] [***] shall be personally liable in respect of any contract or assurance made or executed for the purposes of this Constitution, or for the purposes of any enactment relating to the Government of India heretofore in force, nor shall any person making or executing any such contract or assurance on behalf of any of them be personally liable in respect thereof.

300. Suits and proceedings.—(1) The Government of India may sue or be sued by the name of the Union of India and the Government of a State may sue or be sued by the name of the State and may, subject to any provisions which may be made by Act of Parliament or of the Legislature of such State enacted by virtue of powers conferred by this Constitution, sue or be sued in relation to their respective affairs in the like cases as the Dominion of India and the corresponding Provinces or the corresponding Indian States might have sued or been sued if this Constitution had not been enacted.

(2) If at the commencement of this Constitution—

(*a*) any legal proceedings are pending to which the Dominion of India is a party, the Union of India shall be deemed to be substituted for the Dominion in those proceedings; and

(*b*) any legal proceedings are pending to which a Province or an India State is a party, the corresponding State shall be deemed to be substituted for the Province or the Indian State in those proceedings.

---

1. The words "or the Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. The words "nor the Rajpramukh" omitted by s. 29 and Sch., ibid.

(ക) യൂണിയന്റെ മേൽപ്പറഞ്ഞ നിർവ്വാഹകാധികാരം അങ്ങനെയുള്ള വ്യാപാരമോ ബിസിനസ്സോ അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യമോ അതു സംബന്ധിച്ച് പാർലമെന്റിനു നിയമങ്ങൾ ഉണ്ടാക്കാവുന്ന ഒന്നല്ലാത്തിടത്തോളം ഓരോ സംസ്ഥാനത്തും ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണത്തിന് വിധേയമായിരിക്കുന്നതാണ്; കൂടാതെ

(ഖ) ഓരോ സംസ്ഥാനത്തിന്റെയും മേൽപ്പറഞ്ഞ നിർവ്വാഹകാധികാരം അങ്ങനെയുള്ള വ്യാപാരമോ ബിസിനസ്സോ അല്ലെങ്കിൽ അങ്ങനെയുള്ള ആവശ്യമോ അതു സംബന്ധിച്ച് സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന് നിയമങ്ങൾ ഉണ്ടാക്കാവുന്ന ഒന്നല്ലാത്തിടത്തോളം പാർലമെന്റിന്റെ നിയമനിർമ്മാണത്തിന് വിധേയമായിരിക്കുന്നതാണ്.]

299. കരാറുകൾ.—(1) യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ നിർവ്വാഹകാധികാരം പ്രയോഗിച്ച് ഉണ്ടാക്കുന്ന എല്ലാ കരാറുകളും രാഷ്ട്രപതിയോ ആ സംസ്ഥാനത്തിന്റെ ഗവർണ്ണറോ, [1][***] അതതുസംഗതിപോലെ, ഉണ്ടാക്കിയതാണെന്ന് പറഞ്ഞിരിക്കേണ്ടതും, അധികാരം പ്രയോഗിച്ച് ഉണ്ടാക്കിയ അങ്ങനെയുള്ള എല്ലാ കരാറുകളും വസ്തുവിന്റെ എല്ലാ കൈമാറ്റക്കരണങ്ങളും രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ [1][***] വേണ്ടി അദ്ദേഹം നിർദ്ദേശിക്കുകയോ അധികാരപ്പെടുത്തുകയോ ചെയ്യുന്ന അങ്ങനെയുള്ള ആളുകളാലും അങ്ങനെയുള്ള വിധത്തിലും ഒപ്പിട്ട് പൂർത്തീകരിക്കേണ്ടതും ആകുന്നു.

(2) രാഷ്ട്രപതിയോ ഗവർണ്ണറോ, [2][***]ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്കു വേണ്ടിയോ ഭാരത സർക്കാരിനെ സംബന്ധിച്ച് ഇതുവരെ പ്രാബല്യത്തിലിരുന്ന ഏതെങ്കിലും നിയമത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടിയോ ഉണ്ടാക്കുന്നതോ ഒപ്പിട്ട് പൂർത്തീകരിക്കുന്നതോ ആയ ഏതെങ്കിലും കരാറോ, കൈമാറ്റക്കരണമോ സംബന്ധിച്ച്, വ്യക്തിപരമായി ബാദ്ധ്യസ്ഥനാകുന്നല്ലാത്തതും, അവരിൽ ആർക്കെങ്കിലും വേണ്ടി അങ്ങനെ ഒരു കരാറോ കൈമാറക്കരണമോ ഉണ്ടാക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്യുന്ന യാതൊരാളും അത് സംബന്ധിച്ച് വ്യക്തിപരമായി ബാദ്ധ്യസ്ഥനാകുന്നതല്ലാത്തതും ആകുന്നു.

300. വ്യവഹാരങ്ങളും നടപടികളും.—(1) ഇൻഡ്യാ യൂണിയൻ എന്ന പേരിൽ ഭാരത സർക്കാരിന് വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും, ഒരു സംസ്ഥാനത്തിന്റെ സർക്കാരിന് ആ സംസ്ഥാനത്തിന്റെ പേരിൽ വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും, ഈ ഭരണഘടന നൽകുന്ന അധികാരങ്ങളുടെ ബലത്തിൽ പാർലമെന്റോ അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കാവുന്ന നിയമങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി, ഈ ഭരണഘടന ഉണ്ടാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇൻഡ്യാ ഡൊമിനിയനും സംസ്ഥാനങ്ങളിലെ തൽസ്ഥാനീയ പ്രവിശ്യകളോ തൽസ്ഥാനീയ നാട്ടുരാജ്യങ്ങളോ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുമായിരുന്ന സംഗതികളിൽ, അവയുടെ യഥാക്രമമായ കാര്യങ്ങൾ സംബന്ധിച്ച് വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ—

(ക) ഇൻഡ്യാ ഡൊമിനിയൻ കക്ഷിയായുള്ള ഏതെങ്കിലും നിയമനടപടികൾ നിലവിലുണ്ടെങ്കിൽ ആ നടപടികളിൽ, ഡൊമിനിയന് പകരം ഇൻഡ്യാ യൂണിയനെ ചേർത്തതായി കരുതേണ്ടതും;

(ഖ) ഒരു പ്രവിശ്യയോ ഒരു നാട്ടുരാജ്യമോ കക്ഷിയായുള്ള ഏതെങ്കിലും നിയമനടപടികൾ നിലവിലുണ്ടെങ്കിൽ ആ നടപടികളിൽ ആ പ്രവിശ്യയ്ക്കോ ആ നാട്ടുരാജ്യത്തിനോ പകരം തൽസ്ഥാനത്തുള്ള സംസ്ഥാനത്തെ ചേർത്തതായി കരുതേണ്ടതും,

ആകുന്നു.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "രാജപ്രമുഖനോ" എന്ന വാക്ക് വിട്ടുകളഞ്ഞു.

[1][CHAPTER IV—RIGHT TO PROPERTY

300A. Persons not to be deprived of property save by authority of law.—No person shall be deprived of his property save by authority of law.]

1. Ins. by the Constitution (Forty-fourth Amendment) Act, 1978, s.34 (w.e.f. 20-6-1979).

[1][**അദ്ധ്യായം** IV—**സ്വത്തിനുള്ള അവകാശം**

300ക. നിയമം അധികാരപ്പെടുത്തിയാലല്ലാതെ ആളുകളുടെ സ്വത്തവകാശം ഏടുത്തു കളയരുതെന്ന്.— നിയമം അധികാരപ്പെടുത്തിയാലല്ലാതെ യാതൊരാളുടെയും സ്വത്തവകാശം എടുത്തുകളയാവുന്നതല്ല.]

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 34-ാം വകുപ്പു പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

PART XIII

TRADE, COMMERCE AND INTERCOURSE WITHIN THE TERRITORY OF INDIA

301. Freedom of trade, commerce and intercourse.—Subject to the other provisions of this Part, trade, commerce and intercourse throughout the territory of India shall be free.

302. Power of Parliament to impose restrictions on trade, commerce and intercourse.—Parliament may by law impose such restrictions on the freedom of trade, commerce or intercourse between one State and another or within any part of the territory of India as may be required in the public interest.

303. Restrictions on the legislative powers of the Union and of the States with regard to trade and commerce.—(1) Notwithstanding anything in article 302, neither Parliament nor the Legislature of a State shall have power to make any law giving, or authorising the giving of, any preference to one State over another, or making, or authorising the making of, any discrimination between one State and another, by virtue of any entry relating to trade and commerce in any of the Lists in the Seventh Schedule.

(2) Nothing in clause (1) shall prevent Parliament from making any law giving, or authorising the giving of, any preference or making, or authorising the making of, any discrimination if it is declared by such law that it is necessary to do so for the purpose of dealing with a situation arising from scarcity of goods in any part of the territory of India.

304. Restrictions on trade, commerce and intercourse among States.— Notwithstanding anything in article 301 or article 303, the Legislature of a State may by law—

(a) impose on goods imported from other States [1][or the Union territories] any tax to which similar goods manufactured or produced in that State are subject, so, however, as not to discriminate between goods so imported and goods so manufactured or produced; and

1. Ins. by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

ഭാഗം XIII

ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തെ വ്യാപാരവും വാണിജ്യവും പരസ്പരസമ്പർക്കവും

301. വ്യാപാരത്തിനും വാണിജ്യത്തിനും പരസ്പരസമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യം.—ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, ഭാരതത്തിന്റെ ഭൂപ്രദേശത്ത് എവിടെയും വ്യാപാരവും വാണിജ്യവും പരസ്പരസമ്പർക്കവും സ്വതന്ത്രമായിരിക്കുന്നതാണ്.

302. വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പരസമ്പർക്കത്തിൻമേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പാർലമെന്റിനുള്ള അധികാരം.—പാർലമെന്റിന്, ഒരു സംസ്ഥാനവും മറ്റൊരു സംസ്ഥാനവും തമ്മിലോ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് ഏതെങ്കിലും ഭാഗത്തോ വ്യാപാരത്തിനോ വാണിജ്യത്തിനോ പരസ്പരസമ്പർക്കത്തിനോ ഉള്ള സ്വാതന്ത്ര്യത്തിൻമേൽ പൊതുതാൽപര്യത്തിന് ആവശ്യമായ അങ്ങനെയുള്ള നിയന്ത്രണങ്ങൾ, നിയമം വഴി ഏർപ്പെടുത്താവുന്നതാണ്.

303. വ്യാപാരവും വാണിജ്യവും സംബന്ധിച്ച് യൂണിയന്റെയും സംസ്ഥാനങ്ങളുടെയും നിയമനിർമ്മാണാധികാരത്തിൻമേൽ നിയന്ത്രണങ്ങൾ.—(1) 302-ാം അനുച്ഛേദത്തിൽ എന്തു തന്നെ ആയിരുന്നാലും, പാർലമെന്റിനോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിനോ ഏഴാം പട്ടികയിലുള്ള ഏതെങ്കിലും ലിസ്റ്റുകളിലെ വ്യാപാരത്തെയും വാണിജ്യത്തെയും സംബന്ധിക്കുന്ന ഏതെങ്കിലും ഉൾക്കുറിപ്പിന്റെ ബലത്തിൽ, ഒരു സംസ്ഥാനത്തിന് മറ്റൊന്നിനെ അപേക്ഷിച്ച് എന്തെങ്കിലും മുൻഗണന നൽകുകയോ നൽകുവാൻ അധികാരപ്പെടുത്തുകയോ, അല്ലെങ്കിൽ ഒരു സംസ്ഥാനത്തിനും മറ്റൊന്നിനും ഇടയ്ക്ക് എന്തെങ്കിലും വിവേചനം കാണിക്കുകയോ കാണിക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല.

(2) ഏതെങ്കിലും മുൻഗണന നൽകുകയോ, നൽകുവാൻ അധികാരപ്പെടുത്തുകയോ ഏതെങ്കിലും വിവേചനം കാണിക്കുകയോ കാണിക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന്, ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഏതെങ്കിലും ഭാഗത്ത് സാധനങ്ങളുടെ ദൗർലഭ്യത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു സ്ഥിതിവിശേഷം നേരിടുന്നതിന് അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് അങ്ങനെയുള്ള നിയമം വഴി പ്രഖ്യാപിക്കുന്ന പക്ഷം, (1)-ാം ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിനെ തടയുന്നതല്ല.

304. സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യാപാരത്തിൻമേലും വാണിജ്യത്തിൻമേലും പരസ്പരസമ്പർക്കത്തിൻമേലും ഉള്ള നിയന്ത്രണങ്ങൾ.—301-ാം അനുച്ഛേദത്തിലും 303-ാം അനുച്ഛേദത്തിലും എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് നിയമം വഴി—

(ക) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് [1][അല്ലെങ്കിൽ യൂണിയൻ പ്രദേശങ്ങളിൽ നിന്ന്] ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൻമേൽ ആ സംസ്ഥാനത്ത് നിർമ്മിച്ചതോ ഉൽപാദിപ്പിച്ചതോ ആയ അതുപോലെയുള്ള സാധനങ്ങൾ ഏതെങ്കിലും നികുതിക്ക് വിധേയമാണെങ്കിൽ ആയത് അങ്ങനെ ഇറക്കുമതി ചെയ്ത സാധനങ്ങൾക്കും അങ്ങനെ നിർമ്മിച്ചതോ ഉൽപാദിപ്പിച്ചതോ ആയ സാധനങ്ങൾക്കും തമ്മിൽ വിവേചനം കാണിക്കാത്തവിധം, ചുമത്താവുന്നതും;

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.

(b) impose such reasonable restrictions on the freedom of trade, commerce or intercourse with or within that State as may be required in the public interests:

Provided that no Bill or amendment for the purposes of clause (b) shall be introduced or moved in the Legislature of a State without the previous sanction of the President.

[1][**305. Saving of existing laws and laws providing for State monopolies.—** Nothing in articles 301 and 303 shall affect the provisions of any existing law except in so far as the President may by order otherwise direct; and nothing in article 301 shall affect the operation of any law made before the commencement of the Constitution (Fourth Amendment) Act, 1955, in so far as it relates to, or prevent Parliament or the Legislature of a State from making any law relating to, any such matter as is referred to in sub-clause (ii) of clause (6) of article 19.]

306. [2][***]

307. Appointment of authority for carrying out the purposes of articles 301 to 304.—Parliament may by law appoint such authority as it considers appropriate for carrying out the purposes of articles 301, 302, 303 and 304, and confer on the authority so appointed such powers and such duties as it thinks necessary.

1 . Subs. by the Constitution (Fourth Amendment) Act, 1955, s. 4, for art. 305.

2. Omitted by the Constitution (Seventh Amendment)Act,1956, s.29 and Sch.

(ഖ) ആ സംസ്ഥാനവുമായോ ആ സംസ്ഥാനത്തിനുള്ളിലോ ഉള്ള വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ പരസ്പര സമ്പർക്കത്തിന്റെയോ സ്വാതന്ത്ര്യത്തിൻമേൽ പൊതുതാത്പര്യത്തിന് ആവശ്യമായ അങ്ങനെയുള്ള ന്യായമായ നിയന്ത്രണങ്ങൾ ചുമത്താവുന്നതും,

ആകുന്നു:

എന്നാൽ, (ഖ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള യാതൊരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുകയോ ഉന്നയിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1][**305. നിലവിലുള്ള നിയമങ്ങളെയും സംസ്ഥാന കുത്തകകൾക്ക് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളെയും ഒഴിവാക്കൽ.**—301-ഉം 303-ഉം അനുച്ഛേദങ്ങളിലെ യാതൊന്നും രാഷ്ട്രപതി ഉത്തരവു വഴി മറ്റുവിധത്തിൽ നിർദ്ദേശിക്കുന്നിടത്തോളം ഒഴികെ, നിലവിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ലാത്തതും; കൂടാതെ 301-ാം അനുച്ഛേദത്തിലെ യാതൊന്നും 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ, അത് 19-ാം അനുച്ഛേദം(6)-ാം ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തെ സംബന്ധിക്കുന്നിടത്തോളം, ബാധിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിൽ നിന്ന്, പാർലമെന്റിനെയോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തെയോ തടയുന്നതോ അല്ലാത്തതും ആകുന്നു.]

306. [2][***]

307. 301 മുതൽ 304 വരെയുള്ള അനുച്ഛേദങ്ങളുടെ ലക്ഷ്യങ്ങൾ നേടുന്നതിന് അധികാരസ്ഥാനത്തിന്റെ നിയമനം.—പാർലമെന്റിന് 301-ഉം 302-ഉം 303-ഉം 304-ഉം അനുച്ഛേദങ്ങളുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന്, സമുചിതമെന്ന് അത് കരുതുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തെ നിയമം വഴി നിയമിക്കാവുന്നതും, ആവശ്യമെന്ന് അതു കരുതുന്ന അങ്ങനെയുള്ള അധികാരങ്ങളും അങ്ങനെയുള്ള കർത്തവ്യങ്ങളും അപ്രകാരം നിയമിക്കുന്ന അധികാരസ്ഥാനത്തിന് നൽകാവുന്നതും ആകുന്നു.

1. 1955-ലെ ഭരണഘടന (നാലാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം 305-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.

PART XIV

SERVICES UNDER THE UNION AND THE STATES

CHAPTER I - SERVICES

308. Interpretation.—In this Part, unless the context otherwise requires, the expression "State" [1][does not include the State of Jammu and Kashmir.]

309. Recruitment and conditions of service of persons serving the Union or a State.—Subject to the provisions of this Constitution, Acts of the appropriate Legislature may regulate the recruitment, and conditions of service of persons appointed, to public seivices and posts in connection with the affairs of the Union or of any State:

Provided that it shall be competent for the President or such person as he may direct in the case of services and posts in connection with the affairs of the Union, and for the Governor [2] [***] of a State or such person as he may direct in the case of services and posts in connection with the affairs of the State, to make rules regulating the recruitment, and the conditions of service of persons appointed, to such services and posts until provision in that behalf is made by or under an Act of the appropriate Legislature under this article, and any rules so made shall have effect subject to the provisions of any such Act.

310. Tenure of office of persons serving the Union or a State.—(1) Except as expressly provided by this Constitution every person who is a member of a defence service or of a civil service of the Union or of an all-India service or holds any post connected with defence or any civil post under the Union holds office during the pleasure of the President, and every person who is a member of a civil service of a State or holds any civil post under a State holds office during the pleasure of the Governor [3] [***] of the State.

(2) Notwithstanding that a person holding a civil post under the Union or a State holds office during the pleasure of the President or, as the case may be,

1. Subs. by the Constitution (Seventh Amendment) Act, 1956, s. 29 and Sch., for "means a State specified in Part A or Part B of the First Schedule''.
2. The words "or Rajpramukh" omitted by s.29 and Sch., ibid.
3. The words "or, as the case may be, the Rajpramukh" omitted by s. 29 and Sch., ibid.

ഭാഗം XIV

യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കീഴിലുള്ള സർവ്വീസുകൾ

അദ്ധ്യായം I—സർവ്വീസുകൾ

308. വ്യാഖ്യാനം.— ഈ ഭാഗത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, ''സംസ്ഥാനം'' എന്ന പ്രയോഗത്തിൽ [1][ജമ്മു-കാശ്മീർ സംസ്ഥാനം ഉൾപ്പെടുന്നതല്ല.]

309. യൂണിയനെയോ ഒരു സംസ്ഥാനത്തെയോ സേവിക്കുന്ന ആളുകളുടെ ചേർക്കലും സേവനവ്യവസ്ഥകളും.— ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, സമുചിത നിയമനിർമ്മാണമണ്ഡലങ്ങളുടെ ആക്റ്റുകൾക്ക് യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ചുള്ള പൊതുസേവനങ്ങളിലേക്കും തസ്തികകളിലേക്കും ആളുകളെ ചേർക്കുന്നതും അവയിൽ നിയമിക്കപ്പെടുന്ന ആളുകളുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്താവുന്നതാണ്:

എന്നാൽ, യൂണിയന്റെ കാര്യങ്ങൾ സംബന്ധിച്ചുള്ള സേവനങ്ങളുടെയും തസ്തികകളുടെയും സംഗതിയിൽ രാഷ്ട്രപതിക്കോ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആൾക്കോ, ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ചുള്ള സർവ്വീസുകളുടെയും തസ്തികകളുടെയും സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണർക്കോ [2][***] അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആൾക്കോ, അങ്ങനെയുള്ള സേവനങ്ങളിലേക്കും തസ്തികകളിലേക്കും ഉള്ള ആളെ ചേർക്കലും നിയമിക്കപ്പെടുന്ന ആളുകളുടെ സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കുവാൻ, ഈ അനുച്ഛേദപ്രകാരം സമുചിത നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ അതിലേക്ക് വ്യവസ്ഥയുണ്ടാക്കുന്നതുവരെ, ക്ഷമതയുണ്ടായിരിക്കുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് അങ്ങനെയുള്ള ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രഭാവമുണ്ടായിരിക്കുന്നതും ആകുന്നു.

310. യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സർവ്വീസിലുള്ളവരുടെ ഉദ്യോഗകാലാവധി.— (1) ഈ ഭരണഘടന പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഒരു പ്രതിരോധ സർവ്വീസിലെയോ യൂണിയന്റെ ഒരു സിവിൽ സർവ്വീസിലെയോ അല്ലെങ്കിൽ ഒരു അഖിലേന്ത്യാ സർവ്വീസിലെയോ അംഗമായിരിക്കുന്നതോ, അല്ലെങ്കിൽ പ്രതിരോധത്തോടു ബന്ധപ്പെട്ട ഏതെങ്കിലും തസ്തികയിലോ യൂണിയന്റെ കീഴിലുള്ള ഏതെങ്കിലും തസ്തികയിലോ ഇരിക്കുന്ന ഓരോ ആളും രാഷ്ട്രപതിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും, ഒരു സംസ്ഥാനത്തിന്റെ സിവിൽ സർവ്വീസിലെ അംഗമായിരിക്കുന്നതോ ഒരു സംസ്ഥാനത്തിന്റെ കീഴിൽ ഏതെങ്കിലും സിവിൽ തസ്തിക വഹിക്കുന്നതോ ആയ ഓരോ ആളും ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [3][***] ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും ആകുന്നു.

(2) യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ ഏതെങ്കിലും സിവിൽ തസ്തിക വഹിക്കുന്ന ഒരാൾ രാഷ്ട്രപതിക്കോ ആ സംസ്ഥാനത്തെ ഗവർണ്ണർക്കോ, അതതുസംഗതിപോലെ,

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനം എന്നർത്ഥമാകുന്നു'' എന്നിവയ്ക്ക് പകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

3. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ അതതുസംഗതിപോലെ, രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

of the Governor [1] [***] of the State, any contract under which a person, not being a member of a defence service or of an all-India service or of a civil service of the Union or a State, is appointed under this Constitution to hold such a post may, if the President or the Governor [1][***] as the case may be, deems it necessary in order to secure the services of a person having special qualifications, provide for the payment to him of compensation, if before the expiration of an agreed period that post is abolished or he is, for reasons not connected with any misconduct on his part, required to vacate that post.

311. Dismissal, removal or reduction in rank of persons employed in civil capacities under the Union or a State.—(1) No person who is a member of a civil service of the Union or an all-India service or a civil service of a State or holds a civil post under the Union or a State shall be dismissed or removed by an authority subordinate to that by which he was appointed.

[2][(2) No such person as aforesaid shall be dismissed or removed or reduced in rank except after an inquiry in which he has been informed of the charges against him and given a reasonable opportunity of being heard in respect of those charges [3][***.]

[4][Provided that where it is proposed after such inquiry, to impose upon him any such penalty, such penalty may be imposed on the basis of the evidence adduced during such inquiry and it shall not be necessary to give such person any opportunity of making representation on the penalty proposed:

Provided further that this clause shall not apply—]

(a) where a person is dismissed or removed or reduced in rank on the ground of conduct which has led to his conviction on a criminal charge; or

(b) where the authority empowered to dismiss or remove a person or to reduce him in rank is satisfied that for some reason, to be recorded by that authority in writing, it is not reasonably practicable to hold such inquiry; or

(c) where the President or the Governor, as the case may be, is satisfied that in the interest of the security of the State it is not expedient to hold such inquiry.

---

1. The words "or the Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. Subs. by the Constitution (Fifteenth Amendment) Act, 1963, s. 10, for cls. (2) and (3).

3. Certain words omitted by the Constitution (Forty-second Amendment) Act ,1976, s. 44 (w.e.f. 3-1-1977).

4. Subs. by s. 44, ibid., for certain words (w.e.f. 3-1-1977).

[1][***] ഇഷ്ടമുള്ളിടത്തോളം കാലത്തേക്ക് ഉദ്യോഗം വഹിക്കുകയുള്ളു എന്നിരുന്നാലും, പ്രതിരോധ സർവ്വീസിലെയോ അഖിലേന്ത്യാ സർവ്വീസിലെയോ അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സിവിൽ സർവ്വീസിലെയോ അംഗമല്ലാത്ത ഒരാളെ ഈ ഭരണഘടനപ്രകാരം അങ്ങനെയുള്ള ഒരു തസ്തികയിൽ നിയമിക്കുന്ന ഏതെങ്കിലും കരാറിൽ, പ്രത്യേക യോഗ്യതകളുള്ള ഒരാളുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമെന്ന് രാഷ്ട്രപതിയോ ഗവർണ്ണറോ, അതതു സംഗതിപോലെ, [1][***] കരുതുന്നപക്ഷം, സമ്മതിക്കുന്ന ഒരു കാലാവധിയുടെ അവസാനത്തിനു മുമ്പ് ആ തസ്തിക നിറുത്തലാക്കുകയോ അയാളുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും നടപടി ദൂഷ്യവുമായി ബന്ധപ്പെട്ട കാരണങ്ങൾക്കല്ലാതെ ആ തസ്തിക ഒഴിയുവാൻ അയാളോട് ആവശ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അയാൾക്ക് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

311. യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിൽ സിവിൽ പദവികളിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെ പിരിച്ചുവിടലും നീക്കംചെയ്യലും തരംതാഴ്ത്തലും.— (1) യൂണിയന്റെ സിവിൽ സർവ്വീസിലെയോ അഖിലേന്ത്യാ സർവ്വീസിലെയോ ഒരു സംസ്ഥാനത്തിന്റെ സിവിൽ സർവ്വീസിലെയോ ഒരംഗമായിരിക്കുകയോ, അല്ലെങ്കിൽ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിലുള്ള ഒരു സിവിൽ തസ്തിക വഹിക്കുകയോ ചെയ്യുന്ന യാതൊരാളെയും, അയാളെ നിയമിച്ച അധികാരസ്ഥാനത്തിന് കീഴിലുള്ള ഒരു അധികാരസ്ഥാനം പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[2][(2)മുൻപറഞ്ഞ വിധത്തിലുള്ള അങ്ങനെയുള്ള യാതൊരാളെയും അയാൾക്കെതിരായുള്ള കുറ്റാരോപണങ്ങൾ അയാളെ അറിയിക്കുകയും ആ കുറ്റാരോപണങ്ങൾ സംബന്ധിച്ച് അയാൾക്ക് കേൾക്കപ്പെടുവാൻ ന്യായമായ ഒരു അവസരം നൽകുകയും ചെയ്യുന്ന ഒരു അന്വേഷണ വിചാരണയ്ക്കുശേഷമല്ലാതെ [3][***] പിരിച്ചുവിടുകയോ നീക്കംചെയ്യുകയോ തരംതാഴ്ത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല:

[4][എന്നാൽ, അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്കുശേഷം അയാളുടെമേൽ അങ്ങനെയുള്ള ഏതെങ്കിലും ശിക്ഷ ചുമത്തുവാൻ ഉദ്ദേശിക്കുന്നിടത്ത് ആ ശിക്ഷ, അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ നൽകിയിട്ടുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്നതും, ചുമത്താൻ ഉദ്ദേശിക്കുന്ന ശിക്ഷയെപ്പറ്റി കേൾക്കപ്പെടുവാൻ ആ ആൾക്ക് അവസരം നൽകേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു:

എന്നുമാത്രമല്ല, ഈ ഖണ്ഡം—]

(ക) ഒരു ക്രിമിനൽ കുറ്റാരോപണത്തിന്റെ അടിസ്ഥാനത്തിൽ, കുറ്റസ്ഥാപനം നടത്താൻ ഇടയാക്കിയ പെരുമാറ്റത്തിന് ഒരാളെ പിരിച്ചു വിട്ടിരിക്കുകയോ നീക്കംചെയ്തിരിക്കുകയോ തരംതാഴ്ത്തിയിരിക്കുകയോ ചെയ്തിരിക്കുന്നിടത്ത്; അല്ലെങ്കിൽ

(ഖ) ഒരാളെ പിരിച്ചുവിടുന്നതിനോ നീക്കംചെയ്യുന്നതിനോ തരംതാഴ്ത്തുന്നതിനോ അധികാരമുള്ള അധികാരസ്ഥാനത്തിന്, ആ അധികാരസ്ഥാനം എഴുതി രേഖപ്പെടുത്തുന്ന ഏതെങ്കിലും കാരണത്താൽ, അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുന്നത് പ്രായോഗികമല്ലെന്ന് ന്യായമായും ബോദ്ധ്യംവന്നിരിക്കുന്നിടത്ത്; അല്ലെങ്കിൽ

(ഗ) രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിന് അങ്ങനെയുള്ള അന്വേഷണവിചാരണ നടത്തുന്നത് യുക്തമല്ലെന്നും, രാഷ്ട്രപതിയ്ക്കോ ഗവർണ്ണക്കോ, അതതുസംഗതിപോലെ, ബോദ്ധ്യം വന്നിരിക്കുന്നിടത്ത്,

ബാധകമാകുന്നതല്ല.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം (2)-ം (3)-ം ഖണ്ഡങ്ങൾക്കു പകരം ചേർത്തത്.
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 44-ാംവകുപ്പുപ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (3-1-1977 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ് 44-ാം വകുപ്പ് പ്രകാരം ചില വാക്കുകൾക്കു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(3) If in respect of any such person as aforesaid, a question arises whether it is reasonably practicable to hold such inquiry as is referred to in clause (2), the decision thereon of the authority empowered to dismiss or remove such person or to reduce him in rank shall be final.]

312. All-India services.—(1) Notwithstanding anything in [1][Chapter VI of Part VI or Part XI], if the Council of States has declared by resolution supported by not less than two-thirds of the members present and voting that it is necessary or expedient in the national interest so to do, Parliament may by law provide for the creation of one or more all India services [2][(including an all-India judicial service)] common to the Union and the States, and, subiect to the other provisions of this Chapter, regulate the recruitment, and the conditions of service of persons appointed, to any such service.

(2) The services known at the commencement of this Constitution as the Indian Administrative Service and the Indian Police Service shall be deemed to be services created by Parliament under this article.

[2][(3) The all-India Judicial service referred to in clause (1) shall not include any post inferior to that of a district judge as defined in article 236.

(4)The law providing for the creation of the all-India judicial service aforesaid may contain such provisions for the amendment of Chapter VI of Part VI as may be necessary for giving effect to the provisions of that law and no such law shall be deemed to be an amendment of this Constitution for the purposes of article 368.]

[3][**312A. Power of Parliament to vary or revoke conditions of service of officers of certain services**.—(1) Parliament may by law—

(a) vary or revoke, whether prospectively or retrospectively, the conditions of service as respects remuneration, leave and pension and the rights as respects disciplinary matters of persons who, having been appointed by the Secretary of State or Secretary of State in Council to a civil service of the Crown in India before the commencement of this Constitution, continue on and after the commencement of the Constitution (Twenty-eighth Amendment) Act, 1972, to serve under the Government of India or of a State in any service or post;

1. Subs. by the Constitution (Forty-second Amendment) Act, 1976, s. 45, for "Part XI" (w.e.f. 3-1-1977).
2. Ins. by s. 45, ibid., (w.e.f. 3-1-1977).
3. Ins. by the Constitution (Twenty-eighth Amendment) Act, 1972, s. 2 (w.e.f. 29-8-1972).

(3) മുൻപറഞ്ഞ വിധത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ആളെ സംബന്ധിച്ച് (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന വിധത്തിലുള്ള അന്വേഷണവിചാരണ നടത്തുന്നത് ന്യായമായും പ്രയോഗികമാണോ എന്ന പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, അതിൻമേൽ, അങ്ങനെയുള്ള ആളെ പിരിച്ചുവിടുന്നതിനോ നീക്കംചെയ്യുന്നതിനോ, അല്ലെങ്കിൽ അയാളെ തരംതാഴ്ത്തുന്നതിനോ അധികാരമുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.]

312. അഖിലേന്ത്യാ സർവ്വീസുകൾ.—(1) [1][VI-ാം ഭാഗത്തിന്റെ VI-ാം അദ്ധ്യായത്തിലോ XI-ാം ഭാഗത്തിലോ] എന്തുതന്നെ ആയിരുന്നാലും, രാജ്യസഭ, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭാഗം പിൻതാങ്ങുന്ന പ്രമേയം വഴി, യൂണിയനും സംസ്ഥാനങ്ങൾക്കും പൊതുവായുള്ള ഒന്നോ അതിലധികമോ അഖിലേന്ത്യാ സർവ്വീസുകൾ [2][(ഒരു അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസുൾപ്പെടെ)] സൃഷ്ടിക്കുന്നത് ദേശീയതാൽപര്യങ്ങൾക്ക് ആവശ്യമാണെന്നോ യുക്തമാണെന്നോ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, പാർലമെന്റിന് നിയമം വഴി അപ്രകാരം സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും, ഈ അദ്ധ്യായത്തിലെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി, അങ്ങനെയുള്ള ഏതെങ്കിലും സർവ്വീസിലേക്ക് ആൾ ചേർക്കുന്നതും അതിൽ നിയമിക്കപ്പെടുന്ന ആളുകളുടെ സേവനവ്യവസ്ഥകളും ക്രമപ്പെടുത്താവുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നും ഇൻഡ്യൻ പോലീസ് സർവ്വീസ് എന്നും അറിയപ്പെട്ടിരുന്ന സർവ്വീസുകൾ ഈ അനുച്ഛേദപ്രകാരം പാർലമെന്റ് സൃഷ്ടിച്ച സർവ്വീസുകളായി കരുതപ്പെടേണ്ടതാണ്.

[2][(3) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസിൽ 236-ാം അനുച്ഛേദത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്ക് താഴെയുള്ള ഒരു തസ്തിക ഉൾപ്പെടുന്നതല്ല.

(4) മുൻപറഞ്ഞ അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന നിയമത്തിൽ, ആ നിയമത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് VI-ാം ഭാഗത്തിന്റെ VI-ാം അദ്ധ്യായം ഭേദഗതി ചെയ്യുന്നതിനാവശ്യമായ, അങ്ങനെയുള്ള വ്യവസ്ഥകളും അടങ്ങിയിരിക്കേണ്ടതും, അങ്ങനെയുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.]

[3][**312ക. ചില സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകൾ വ്യത്യാസപ്പെടുത്തുന്നതിനും റദ്ദാക്കുന്നതിനും പാർലമെന്റിനുള്ള അധികാരം.**—(1) പാർലമെന്റിന് നിയമം വഴി—

(ക) ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റ്റേറ്റോ സെക്രട്ടറി ഓഫ് സ്റ്റേറ്റ്-ഇൻ-കൗൺസിലോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിയമിച്ചതും, 1972-ലെ ഭരണഘടന (ഇരുപത്തിയെട്ടാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിലും അതിനുശേഷം ഭാരതത്തിന്റെയോ ഒരു സംസ്ഥാനത്തിന്റെയോ സർക്കാരിന്റെ കീഴിൽ ഏതെങ്കിലും സർവ്വീസിലോ തസ്തികയിലോ സേവനം തുടരുന്ന ആളുകളുടെ വേതനവും അവധിയും പെൻഷനും സംബന്ധിച്ചുള്ള സേവന വ്യവസ്ഥകളും അച്ചടക്ക സംബന്ധമായ വിഷയങ്ങൾ സംബന്ധിച്ചുള്ള അവകാശങ്ങളും പിൽക്കാല പ്രാബല്യത്തോടുകൂടിയോ പൂർവ്വകാല പ്രാബല്യത്തോടുകൂടിയോ വ്യത്യാസപ്പെടുത്തുകയും റദ്ദാക്കുകയും ചെയ്യാവുന്നതാണ്;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 45-ാം വകുപ്പുപ്രകാരം "ഭാഗം XI" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 45-ാം വകുപ്പ് പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 1972-ലെ ഭരണഘടന (ഇരുപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (29-8-1972 മുതൽ പ്രാബല്യം).

(b) vary or revoke, whether prospectively or retrospectively, the conditions of sevice as respects pension of persons who, having been appointed by the Secretary of State or Secretary of State in Council to a civil service of the Crown in India before the commencement of this Constitution, retired or otherwise ceased to be in service at any time before the commencement of the Constitution (Twenty-eighth Amendment) Act, 1972:

Provided that in the case of any such person who is holding or has held the office of the Chief Justice or other Judge of the Supreme Court or a High Court, the Comptroller and Auditor-General of India, the Chairman or other member of the Union or a State Public Service Commission or the Chief Election Commissioner, nothing in sub- clause *(a)* or sub-clause (b) shall be construed as empowering Parliament to vary or revoke, after his appointment to such post, the conditions of his service to his disadvantage except in so far as such conditions of service are applicable to him by reason of his being a person appointed by the Secretary of State or Secretary of State in Council to a civil service of the Crown in India.

(2) Except to the extent provided for by Parliament by law under this article, nothing in this article shall affect the power of any Legislature or other authority under any other provision of this Constitution to regulate the conditions of service of persons referred to in clause (1).

(3) Neither the Supreme Court nor any other court shall have jurisdiction in—

(a) any dispute arising out of any provision of, or any endorsement on, any covenant,agreement or other similar instrument which was entered into or executed by any person referred to in clause (1), or arising out of any letter issued to such person, in relation to his appointment to any civil service of the Crown in India or his continuance in service under the Government of the Dominion of India or a Province thereof;

(b) any dispute in respect of any right, liability or obligation under article 314 as originally enacted.

(4) The provisions of this article shall have effect notwithstanding anything in article 314 as originally enacted or in any other provision of this Constitution.]

(ഖ) ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റ്റേറ്റോ സെക്രട്ടറി ഓഫ് സ്റ്റേറ്റ്-ഇൻ-കൗൺസിലോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് നിയമിച്ചതും 1972-ലെ ഭരണഘടന (ഇരുപത്തിയെട്ടാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനും മുമ്പ് ഏതെങ്കിലും സമയം ഉദ്യോഗത്തിൽ നിന്ന് വിരമിച്ചതോ മറ്റ് വിധത്തിൽ സർവ്വീസിൽ ഇല്ലാതായിത്തീർന്നതോ ആയ ആളുകളുടെ പെൻഷൻ സംബന്ധിച്ചുള്ള സേവന വ്യവസ്ഥകൾ പിൽക്കാല പ്രാബല്യത്തോടുകൂടിയോ പൂർവ്വകാല പ്രാബല്യത്തോടുകൂടിയോ വ്യത്യാസപ്പെടുത്തുകയും റദ്ദാക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, സുപ്രീംകോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ചീഫ് ജസ്റ്റിസിന്റെയോ മറ്റ് ജഡ്ജിയുടെയോ, ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെയോ, യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാന്റെയോ മറ്റ് അംഗത്തിന്റെയോ, ചീഫ് ഇലക്ഷൻ കമ്മീഷണറുടെയോ ഉദ്യോഗം വഹിക്കുന്നതോ, വഹിച്ചിട്ടുള്ളതോ ആയ അങ്ങനെയുള്ള ഏതെങ്കിലും ആളുടെ സംഗതിയിൽ, (ക) ഉപഖണ്ഡത്തിലും (ഖ) ഉപഖണ്ഡത്തിലും ഉള്ള യാതൊന്നും, അങ്ങനെയുള്ള തസ്തികയിലേക്കുള്ള അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ സേവന വ്യവസ്ഥകൾ, അങ്ങനെയുള്ള വ്യവസ്ഥകൾ ഇൻഡ്യാ ചക്രവർത്തിയുടെ ഒരു സിവിൽ സർവ്വീസിലേക്ക് സെക്രട്ടറി ഓഫ് സ്റ്റേറ്റോ സെക്രട്ടറി ഓഫ് സ്റ്റേറ്റ്-ഇൻ-കൗൺസിലോ നിയമിച്ച ഒരാളാണ് എന്ന കാരണത്താൽ അദ്ദേഹത്തിന് ബാധകമായിരിക്കുന്നിടത്തോളം ഒഴികെ, അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുകയോ പിൻവലിക്കുകയോ ചെയ്യുവാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) ഈ അനുച്ഛേദപ്രകാരം പാർലമെന്റ് നിയമം വഴി വ്യവസ്ഥ ചെയ്യുന്നിടത്തോളം ഒഴികെ, ഈ അനുച്ഛേദത്തിലെ യാതൊന്നും (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആളുകളുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുവാൻ ഈ ഭരണഘടനയിലെ മറ്റ് ഏതെങ്കിലും വ്യവസ്ഥപ്രകാരം ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തിനോ മറ്റ് അധികാരസ്ഥാനത്തിനോ ഉള്ള അധികാരത്തെ ബാധിക്കുന്നതല്ല.

(3) സുപ്രീംകോടതിക്കോ മറ്റ് ഏതെങ്കിലും കോടതിക്കോ—

(ക) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആൾ ഏർപ്പെട്ടിട്ടുള്ളതോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സന്ധിനിയമത്തിലെയോ ഉടമ്പടിയിലെയോ അതുപോലെയുള്ള മറ്റു പ്രമാണത്തിലെയോ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നോ അവയിൻമേലുള്ള ഏതെങ്കിലും ദൃഢീകരണത്തിൽ നിന്നോ ഉത്ഭവിക്കുന്നതോ, അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്ക് ഇൻഡ്യാ ചക്രവർത്തിയുടെ ഏതെങ്കിലും സിവിൽ സർവ്വീസിലേക്കുള്ള അദ്ദേഹത്തിന്റെ നിയമനത്തെയോ ഇൻഡ്യാ ഡൊമിനിയന്റെയോ അതിലെ ഒരു പ്രവിശ്യയുടെയോ കീഴിലുള്ള സർവ്വീസിൽ അദ്ദേഹം തുടരുന്നതിനെയോ സംബന്ധിച്ച് നൽകിയിട്ടുള്ള ഏതെങ്കിലും എഴുത്തിൽ നിന്ന് ഉത്ഭവിക്കുന്നതോ ആയ ഏതെങ്കിലും തർക്കത്തിലോ;

(ഖ) ആദ്യം നിയമമാക്കിയിരുന്ന രൂപത്തിലുള്ള 314-ാം അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ ബാദ്ധ്യതയെയോ കടപ്പാടിനെയോ സംബന്ധിച്ചുള്ള ഏതെങ്കിലും തർക്കത്തിലോ,

അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(4) ആദ്യം നിയമമാക്കിയിരുന്ന രൂപത്തിലുള്ള 314-ാം അനുച്ഛേദത്തിലോ ഈ ഭരണഘടനയുടെ മറ്റ് ഏതെങ്കിലും വ്യവസ്ഥയിലോ എന്തുതന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നാണ്.]

313. Transitional provisions.—Until other provision is made in this behalf under this Constitution, all the laws in force immediately before the commencement of this Constitution and applicable to any public service or any post which continues to exist after the commencement of this Constitution, as an all-India service or as service or post under the Union or a State shall continue in force so far as consistent with the provisions of this Constitution.

314. [1]**[***]**.

CHAPTER II—PUBLIC SERVICE COMMISSIONS

315. Public Service Commissions for the Union and for the States.—(1) Subject to the provisions of this article, there shall be a Public Service Commission for the Union and a Public Service Commission for each State.

(2) Two or more States may agree that there shall be one Public Service Commission for that group of States, and if a resolution to that effect is passed by the House or, where there are two Houses, by each House of the Legislature of each of those States, Parliament may by law provide for the appointment of a Joint State Public Service Commission (referred to in this Chapter as Joint Commission) to serve the needs of those States.

(3) Any such law as aforesaid may contain such incidental and consequential provisions as may be necessary or desirable for giving effect to the purposes of the law.

(4) The Public Service Commission for the Union, if requested so to do by the Governor [2] [***] of a State, may, with the approval of the President, agree to serve all or any of the needs of the State.

(5) References in this Constitution to the Union Public Service Commission or a State Public Service Commission shall, unless the context otherwise requires, be construed as references to the Commission serving the needs of the Union or, as the case may be, the State as respects the particular matter in question.

316. Appointment and term of office of members.—(1) The Chairman and other members of a Public Service Commission shall be appointed, in the case of the Union Commission or a Joint Commission, by the President, and in the case of a State Commission, by the Governor [2][***] of the State:

1. Omitted by the Constitution (Twenty-eighth Amendment), Act, 1972, s. 3 (w.e.f. 29-8-1972).
2. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

313. പരിവർത്തന വ്യവസ്ഥകൾ.—ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്നവയും ഈ ഭരണഘടനയുടെ പ്രാരംഭശേഷം അഖിലേന്ത്യാ സർവ്വീസായോ യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കീഴിലുള്ള സർവ്വീസായോ തസ്തികയായോ തുടർന്ന് നിലവിലിരിക്കുന്ന ഏതെങ്കിലും പബ്ളിക് സർവ്വീസിനോ ഏതെങ്കിലും തസ്തികയ്ക്കോ ബാധകമായിരുന്നവയും ആയ എല്ലാ നിയമങ്ങളും, ഈ ഭരണഘടന പ്രകാരം അതിനുവേണ്ടി മറ്റ് വ്യവസ്ഥ ഉണ്ടാക്കുന്നതുവരെ ഈ ഭരണഘടനയുടെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നിടത്തോളം പ്രാബല്യത്തിൽ തുടരുന്നതാണ്.

314. [1][***]

അദ്ധ്യായം II—പബ്ളിക് സർവ്വീസ് കമ്മീഷനുകൾ

315. യൂണിയനുവേണ്ടിയും സംസ്ഥാനങ്ങൾക്കുവേണ്ടിയും ഉള്ള പബ്ളിക് സർവ്വീസ് കമ്മീഷനുകൾ.—(1) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, യൂണിയന് ഒരു പബ്ളിക് സർവ്വീസ് കമ്മീഷനും ഓരോ സംസ്ഥാനത്തിനും ഓരോ പബ്ളിക് സർവ്വീസ് കമ്മീഷനും ഉണ്ടായിരിക്കേണ്ടതാണ്.

(2) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക്, ആ സംസ്ഥാനങ്ങളുടെ സമൂഹത്തിന് ഒരു പബ്ളിക് സർവ്വീസ് കമ്മീഷൻ ഉണ്ടായിരിക്കണമെന്ന് സമ്മതിക്കാവുന്നതും, ആ സംസ്ഥാനങ്ങളിൽ ഓരോന്നിന്റെയും നിയമനിർമ്മാണമണ്ഡലത്തിന്റെ സഭ, അല്ലെങ്കിൽ രണ്ടു സഭകൾ ഉള്ളിടത്ത് ഓരോ സഭയും, ആ അർത്ഥത്തിൽ ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ, പാർലമെന്റിന് നിയമം വഴി ആ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ (ഈ അദ്ധ്യായത്തിൽ സംയുക്തകമ്മീഷൻ എന്ന് പരാമർശിച്ചിരിക്കുന്ന) ഒരു സംയുക്ത സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമനത്തിന് വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

(3) മുൻപറഞ്ഞതുപോലുള്ള ഏതെങ്കിലും നിയമത്തിൽ, ആ നിയമത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമോ അഭിലഷണീയമോ ആയ അങ്ങനെയുള്ള സാന്ദർഭികവും അനന്തരഫലമായുണ്ടാകുന്നതും ആയ വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതാണ്.

(4) യൂണിയനുവേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷന്, ഒരു സംസ്ഥാനത്തെ മുഴുവനുമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുവാൻ ആ സംസ്ഥാനത്തെ ഗവർണ്ണർ [2][***] അപ്രകാരം ചെയ്യണമെന്ന് അപേക്ഷിക്കുന്നതായാൽ, രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി സമ്മതിക്കാവുന്നതാണ്.

(5) ഈ ഭരണഘടനയിൽ യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനെയോ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനെയോ കുറിച്ചുള്ള, പരാമർശങ്ങളെ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, യൂണിയന്റെയോ ആ സംസ്ഥാനത്തിന്റെയോ, അതതുസംഗതിപോലെ, പ്രത്യേക പ്രശ്നവിഷയം സംബന്ധിച്ചുള്ള ആവശ്യങ്ങൾ നിറവേറ്റുന്ന കമ്മീഷനെക്കുറിച്ചുള്ള പരാമർശങ്ങളായി കരുതേണ്ടതാണ്.

316. അംഗങ്ങളുടെ നിയമനവും ഉദ്യോഗ കാലാവധിയും.—(1) ഒരു പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനെയും മറ്റംഗങ്ങളെയും യൂണിയൻ കമ്മീഷന്റെയോ സംയുക്ത കമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിയും ഒരു സംസ്ഥാനകമ്മീഷന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണറും [2][***] നിയമിക്കേണ്ടതാണ്:

---

1. 1972-ലെ ഭരണഘടന (ഇരുപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം വിട്ടുകളഞ്ഞു (29-8-1972 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

Provided that as nearly as may be one-half of the members of every Public Service Commission shall be persons who at the dates of their respective appointments have held office for at least ten years either under the Government of India or under the Government of a State, and in computing the said period of ten years any period before the commencement of this Constitution during which a person has held office under the Crown in India or under the Government of an Indian State shall be included.

[1][(1A) If the office of the Chairman of the Commission becomes vacant or if any such Chairman is by reason of absence or for any other reason unable to perform the duties of his office, those duties shall, until some person appointed under clause (1) to the vacant office has entered on the duties thereof or, as the case may be, until the Chairman has resumed his duties, be performed by such one of the other members of the Commission as the President, in the case of the Union Commission or a Joint Commission, and the Governor of the State in the case of a State Commission, may appoint for the purpose.]

(2) A member of a Public Service Commission shall hold office for a term of six years from the date on which he enters upon his office or until he attains, in the case of the Union Commission, the age of sixty-five years, and in the case of a State Commission or a Joint Commission, the age of [2] [sixty-two years], whichever is earlier:

Provided that—

(a) a member of a Public Service Commission may, by writing under his hand addressed, in the case of the Union Commission or a Joint Commission, to the President, and in the case of a State Commission, to the Governor [3][***] of the State, resign his office;

(b) a member of a Public Service Commission may be removed from his office in the manner provided in clause (1) or clause (3) of article 317.

(3) A person who holds office as a member of a Public Service Commission shall, on the expiration of his term of office, be ineligible for reappointment to that office.

317. Removal and suspension of a member of a Public Service Commission.—(1) Subject to the provisions of clause (3), the Chairman or any other member of a Public Service Commission shall only be removed from his office by order of the President on the ground of misbehaviour after the Supreme Court, on reference being made to it by the President, has, on inquiry held in accordance with the procedure prescribed in that behalf under article 145, reported that the Chairman or such other member, as the case may be, ought on any such ground to be removed.

1. Ins. by the Constitution (Fifteenth Amendment) Act, 1963, s. 11.

2. Subs. by the Constitution (Forty-first Amendment) Act, 1976, s. 2, for "sixty years".

3. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

എന്നാൽ, ഓരോ പബ്ളിക് സർവ്വീസ് കമ്മീഷന്റെയും അംഗങ്ങളിൽ കഴിയുന്നിടത്തോളം പകുതിക്ക് അടുത്തുവരുന്നത്ര അംഗങ്ങൾ, അവരുടെ യഥാക്രമമായ നിയമനത്തീയതികളിൽ, കുറഞ്ഞത് പത്തുവർഷമെങ്കിലും ഭാരത സർക്കാരിന്റെ കീഴിലോ ഒരു സംസ്ഥാന സർക്കാരിന്റെ കീഴിലോ ഉദ്യോഗം വഹിച്ചിട്ടുള്ള ആളുകൾ ആയിരിക്കേണ്ടതും, മുൻപറഞ്ഞ പത്തുവർഷക്കാലം കണക്കാക്കുന്നതിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ഒരാൾ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തെ സർക്കാരിന്റെ കീഴിലോ ഉദ്യോഗം വഹിച്ചിട്ടുള്ള കാലാവധി ഉൾപ്പെടുത്തേണ്ടതും ആകുന്നു.

[1][(1ക) കമ്മീഷന്റെ ചെയർമാന്റെ ഉദ്യോഗം ഒഴിവാകുന്നുവെങ്കിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ചെയർമാന്, അസാന്നിദ്ധ്യത്താലോ മറ്റേതെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുന്നില്ലെങ്കിലോ, ആ കർത്തവ്യങ്ങൾ, ഒഴിവായ ആ ഉദ്യോഗത്തിൽ (1)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഏതെങ്കിലും ആൾ ആ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതുവരെയോ, ചെയർമാൻ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ വീണ്ടും ഏറ്റെടുക്കുന്നതുവരെയോ, അതതുസംഗതിപോലെ, ആ കമ്മീഷനിലെ മറ്റ് അംഗങ്ങളിൽ, യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തകമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിയും ഒരു സംസ്ഥാന കമ്മീഷന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണറും, അതിനു വേണ്ടി നിയമിക്കുന്ന അങ്ങനെയുള്ള ഒരാൾ നിർവ്വഹിക്കേണ്ടതാണ്.]

(2) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗം തന്റെ ഉദ്യോഗത്തിൽ അദ്ദേഹം പ്രവേശിക്കുന്ന തീയതി മുതൽ ആറു വർഷക്കാലത്തേക്കോ, അല്ലെങ്കിൽ അദ്ദേഹത്തിന്, യൂണിയൻ കമ്മീഷന്റെ സംഗതിയിൽ അറുപത്തി അഞ്ചു വയസ്സും ഒരു സംസ്ഥാന കമ്മീഷന്റെയോ സംയുക്ത കമ്മീഷന്റെയോ സംഗതിയിൽ [2][അറുപത്തിരണ്ട് വയസ്സും] തികയുകയോ ഇവയിൽ ഏതാണോ ആദ്യത്തേത്, അതുവരെ ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ—

(ക) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിന്, യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തക്കമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാന കമ്മീഷന്റെ സംഗതിയിൽ ആ സംസ്ഥാനത്തെ ഗവർണ്ണർക്കും [3][***] സ്വന്തം കൈപ്പടയിൽ എഴുതി അയച്ച് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്;

(ഖ) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെ 317-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലോ (3)-ാം ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ളവിധം അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കംചെയ്യാവുന്നതാണ്.

(3) ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരു അംഗമായി ഉദ്യോഗം വഹിക്കുന്ന ഒരാൾ തന്റെ ഉദ്യോഗ കാലാവധിയുടെ അവസാനം ആ ഉദ്യോഗത്തിലേക്ക് വീണ്ടും നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.

317. ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെ നീക്കംചെയ്യലും സസ്പെൻഡ് ചെയ്യലും.— (1) (3)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ചെയർമാനെയോ മറ്റേതെങ്കിലും അംഗത്തെയോ, ദുർവ്യത്തി കാരണമാക്കി, രാഷ്ട്രപതി സുപ്രീംകോടതിയുടെ അഭിപ്രായം ആരായുന്നതിൻമേൽ 145-ാം അനുച്ഛേദപ്രകാരം അതിലേക്ക് നിർണ്ണയിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഒരു അന്വേഷണവിചാരണ നടത്തി, ചെയർമാനെയോ അങ്ങനെയുള്ള മറ്റ് അംഗത്തെയോ, അതത് സംഗതിപോലെ, ആ കാരണത്തിൻമേൽ നീക്കംചെയ്യേണ്ടതാണ് എന്ന് റിപ്പോർട്ട് ചെയ്തതിന് ശേഷം, രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഉത്തരവ് വഴി മാത്രമേ ഉദ്യോഗത്തിൽ നിന്ന് നീക്കംചെയ്യാൻ പാടുള്ളു.

---

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1976-ലെ ഭരണഘടന (നാൽപത്തിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "അറുപതുവയസ്സും" എന്നതിനു പകരം ചേർത്തത്.
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(2) The President, in the case of the Union Commission or a Joint Commission, and the Governor [1] [***] in the case of a State Commission, may suspend from office the Chairman or any other member of the Commission in respect of whom a reference has been made to the Supreme Court under clause (1) until the President has passed orders on receipt of the report of the Supreme Court on such reference.

(3) Notwithstanding anything in clause (1), the President may by order remove from office the Chairman or any other member of a Public Service Commission if the Chairman or such other member, as the case may be,—

(*a*) is adjudged an insolvent; or

(*b*) engages during his term of office in any paid employment outside the duties of his office; or

(*c*) is, in the opinion of the President, unfit to continue in office by reason of infirmity of mind or body.

(4) If the Chairman or any other member of a Public Service Commission is or becomes in any way concerned or interested in any contract or agreement made by or on behalf of the Government of India or the Government of a State or participates in any way in the profit thereof or in any benefit or emolument arising therefrom otherwise than as a member and in common with the other members of an incorporated company, he shall, for the purposes of clause (1), be deemed to be guilty of misbehaviour.

318. Power to make regulations as to conditions of service of members and staff of the Commission.—In the case of the Union Commission or a Joint Commission, the President and, in the case of a State Commission, the Governor [1] [***] of the State may by regulations—

(*a*) determine the number of members of the Commission and their conditions of service; and

(*b*) make provision with respect to the number of members of the staff of the Commission and their conditions of service:

Provided that the conditions of service of a member of a Public Service Commission shall not be varied to his disadvantage after his appointment.

319. Prohibition as to the holding of offices by members of Commission on ceasing to be such members.—On ceasing to hold office—

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

(2) യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തകമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാനകമ്മീഷന്റെ സംഗതിയിൽ ഗവർണ്ണർക്കും [1][***] കമ്മീഷന്റെ ചെയർമാനെയോ മറ്റേതെങ്കിലും അംഗത്തെയോ, അവരിൽ ആരെ സംബന്ധിച്ചാണോ (1)-ാം ഖണ്ഡപ്രകാരം സുപ്രീംകോടതിയിലേക്ക് അഭിപ്രായം ആരാഞ്ഞിട്ടുള്ളത് അങ്ങനെയുള്ള അഭിപ്രായം ആരായലിൻമേൽ സുപ്രീംകോടതിയുടെ റിപ്പോർട്ട് ലഭിച്ച് രാഷ്ട്രപതി ഉത്തരവ് പാസ്സാക്കുന്നതുവരെ, ഉദ്യോഗത്തിൽ നിന്ന് സസ്പെൻഡ് ചെയ്യാവുന്നതാണ്.

(3)(1)-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് ഒരു പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനെയോ മറ്റ് ഏതെങ്കിലും അംഗത്തെയോ, അതതുസംഗതി പോലെ, ആ ചെയർമാനോ അങ്ങനെയുള്ള മറ്റ് അംഗമോ—

(ക) നിർദ്ധനനെന്നു വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഖ) തന്റെ ഉദ്യോഗ കാലാവധിക്കിടയിൽ, തന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾക്ക് പുറമെ വേതനം പറ്റുന്ന ഏതെങ്കിലും ജീവനത്തിൽ ഏർപ്പെടുകയോ; അല്ലെങ്കിൽ

(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ മാനസികമോ ശാരീരികമോ ആയ ദൗർബല്യം നിമിത്തം ഉദ്യോഗത്തിൽ തുടരുവാൻ പറ്റാത്ത ആളായിരിക്കുകയോ,

ചെയ്യുന്നെങ്കിൽ, ഉത്തരവുവഴി ഉദ്യോഗത്തിൽ നിന്ന് നീക്കംചെയ്യാവുന്നതാണ്.

(4) ഒരു പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനോ മറ്റേതെങ്കിലും അംഗമോ, ഭാരത സർക്കാരോ ഭാരത സർക്കാരിനു വേണ്ടിയോ, അല്ലെങ്കിൽ ഒരു സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാരിന് വേണ്ടിയോ, ഉണ്ടാക്കുന്ന ഏതെങ്കിലും കരാറുമായോ, ഉടമ്പടിയുമായോ ഒരു ഏകാംഗീകൃത കമ്പനിയിലെ അംഗമെന്ന നിലയിലും മറ്റ് അംഗങ്ങളോടൊപ്പവും അല്ലാതെ, ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവനോ അതിൽ താൽപര്യമുള്ളവനോ ആയിരിക്കുകയോ ആയിത്തീരുകയോ ചെയ്യുന്നുവെങ്കിൽ, അല്ലെങ്കിൽ അതിന്റെ ലാഭത്തിലോ അതിൽ നിന്നും ഉൽഭവിക്കുന്ന ഏതെങ്കിലും ഗുണത്തിലോ വേതനത്തിലോ ഏതെങ്കിലും വിധത്തിൽ ഭാഗഭാക്കാകുന്നുവെങ്കിൽ, അദ്ദേഹം (1)-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, ദുർവ്യത്തിക്ക് അപരാധിയായി കരുതപ്പെടേണ്ടതാണ്.

318. കമ്മീഷന്റെ അംഗങ്ങളുടെയും ഉദ്യോഗസ്ഥൻമാരുടെയും സേവന വ്യവസ്ഥകളെക്കുറിച്ച് റെഗുലേഷനുകളുണ്ടാക്കുവാനുള്ള അധികാരം.— യൂണിയൻ കമ്മീഷന്റെയോ ഒരു സംയുക്തകമ്മീഷന്റെയോ സംഗതിയിൽ രാഷ്ട്രപതിക്കും, ഒരു സംസ്ഥാനകമ്മീഷന്റെ സംഗതിയിൽ സംസ്ഥാനത്തെ ഗവർണ്ണർക്കും [1][***] റെഗുലേഷനുകൾ വഴി—

(ക) കമ്മീഷനിലെ അംഗങ്ങളുടെ എണ്ണവും അവരുടെ സേവനവ്യവസ്ഥകളും നിശ്ചയിക്കുകയും;

(ഖ) കമ്മീഷന്റെ ഉദ്യോഗസ്ഥൻമാരുടെ എണ്ണവും അവരുടെ സേവനവ്യവസ്ഥകളും സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുകയും,

ചെയ്യാവുന്നതാണ്:

എന്നാൽ, ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തിന്റെ സേവനവ്യവസ്ഥകൾ അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

319. കമ്മീഷന്റെ അംഗങ്ങൾ അങ്ങനെയുള്ള അംഗങ്ങൾ അല്ലാതായിത്തീരുമ്പോൾ ഉദ്യോഗങ്ങൾ വഹിക്കുന്നതിനെക്കുറിച്ചുള്ള നിരോധനം.—ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുമ്പോൾ—

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(*a*) the Chairman of the Union Public Service Commission shall be ineligible for further employment either under the Government of India or under the Government of a State;

(*b*) the Chairman of a State Public Service Commission shall be eligible for appointment as the Chairman or any other member of the Union Public Service Commission or as the Chairman of any other State Public Service Commission, but not for any other employment either under the Government of India or under the Government of a State;

(*c*) a member other than the Chairman of the Union Public Service Commission shall be eligible for appointment as the Chairman of the Union Public Service Commission or as the Chairman of a State Public Service Commission, but not for any other employment either under the Government of India or under the Government of a State;

(*d*) a member other than the Chairman of a State Public Service Commission shall be eligible for appointment as the Chairman or any other member of the Union Public Service Commission or as the Chairman of that or any other State Public Service Commission, but not for any other employment either under the Government of India or under the Government of a State.

320. Functions of Public Service Commissions.—(1) It shall be the duty of the Union and the State Public Service Commissions to conduct examinations for appointments to the services of the Union and the services of the State respectively.

(2) It shall also be the duty of the Union Public Service Commission, if requested by any two or more States so to do, to assist those States in framing and operating schemes of joint recruitment for any services for which candidates possessing special qualifications are required.

(3) The Union Public Service Commission or the State Public Service Commission, as the case may be, shall be consulted—

(*a*) on all matters relating to methods of recruitment to civil services and for civil posts;

(*b*) on the principles to be followed in making appointments to civil services and posts and in making promotions and transfers from one service to another and on the suitability of candidates for such appointments, promotions or transfers;

(*c*) on all disciplinary matters affecting a person serving under the Government of India or the Government of a State in a civil capacity, including memorials or petitions relating to such matters;

(*d*) on any claim by or in respect of a person who is serving or has served under the Government of India or the Government of a State or under the Crown in India

(ക) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ ഭാരത സർക്കാരിന്റെ കീഴിലോ ഒരു സംസ്ഥാന സർക്കാരിന്റെ കീഴിലോ വീണ്ടും ജീവനത്തിന് അർഹനായിരിക്കുന്നതല്ല;

(ഖ) ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ അംഗമായോ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതും, എന്നാൽ ഭാരത സർക്കാരിന്റെ കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ കീഴിലോ മറ്റേതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു;

(ഗ) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ അല്ലാത്ത ഒരംഗം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ അല്ലെങ്കിൽ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതും, എന്നാൽ ഭാരത സർക്കാരിന്റെ കീഴിലോ സംസ്ഥാന സർക്കാരിന്റെ കീഴിലോ മറ്റേതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു;

(ഘ) ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ അല്ലാത്ത ഒരംഗം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായോ മറ്റേതെങ്കിലും അംഗമായോ, അല്ലെങ്കിൽ ആ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെയോ മറ്റേതെങ്കിലും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെയോ ചെയർമാനായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതും, എന്നാൽ ഭാരത സർക്കാരിന്റെ കീഴിലോ ഒരു സംസ്ഥാന സർക്കാരിന്റെ കീഴിലോ മറ്റേതെങ്കിലും ജീവനത്തിന് അർഹനായിരിക്കുന്നതല്ലാത്തതും ആകുന്നു.

320. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചുമതലകൾ.— (1) യൂണിയന്റെ സർവ്വീസുകളിലേക്കും സംസ്ഥാനത്തിന്റെ സർവ്വീസുകളിലേക്കുമുള്ള നിയമനങ്ങൾക്കുവേണ്ടി പരീക്ഷകൾ നടത്തുന്നത് യഥാക്രമം യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെയും സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

(2) വിശേഷാൽ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ ആവശ്യമുള്ള ഏതെങ്കിലും സർവ്വീസുകളിലേക്ക് സംയുക്തമായി ആൾ ചേർക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഏതെങ്കിലും രണ്ടോ അതിലധികമോ സംസ്ഥാനങ്ങളെ സഹായിക്കുന്നതും, അപ്രകാരം ചെയ്യണമെന്ന് ആ സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ, യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനുമായോ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനുമായോ, അതതുസംഗതിപോലെ,—

(ക) സിവിൽ സർവ്വീസുകളിലേയും സിവിൽ തസ്തികകൾക്കുവേണ്ടിയും ഉള്ള ആൾ ചേർക്കലിന്റെ രീതികൾ സംബന്ധിച്ച എല്ലാ വിഷയങ്ങളിൻമേലും;

(ഖ) സിവിൽ സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിലും, ഉദ്യോഗക്കയറ്റം നൽകുന്നതിലും ഒരു സർവ്വീസിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റുന്നതിലും അനുവർത്തിക്കേണ്ട തത്ത്വങ്ങളിൻമേലും അങ്ങനെയുള്ള നിയമനങ്ങൾക്കോ ഉദ്യോഗക്കയറ്റങ്ങൾക്കോ, മാറ്റങ്ങൾക്കോ ഉള്ള സ്ഥാനാർത്ഥികളുടെ അനുയോജ്യതയിൻമേലും;

(ഗ) ഭാരത സർക്കാരിന്റെയോ ഒരു സംസ്ഥാനത്തിന്റെ സർക്കാരിന്റെയോ കീഴിൽ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുന്ന ഒരാളെ ബാധിക്കുന്ന, എല്ലാ അച്ചടക്ക വിഷയങ്ങളിൻമേലും, അങ്ങനെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിവേദനങ്ങളും ഹർജികളും ഉൾപ്പെടെ;

(ഘ) ഭാരത സർക്കാരിന്റെയോ ഒരു സംസ്ഥാനത്തിന്റെ സർക്കാരിന്റെയോ കീഴിലോ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തിലെ സർക്കാരിന്റെ കീഴിലോ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുന്നതോ, സേവനം

or under the Government of an Indian State, in a civil capacity, that any costs incurred by him in defending legal proceedings instituted against him in respect of acts done or purporting to be done in the execution of his duty should be paid out of the Consolidated Fund of India, or, as the case may be, out of the Consolidated Fund of the State;

(*e*) on any claim for the award of a pension in respect of injuries sustained by a person while serving under the Government of India or the Government of a State or under the Crown in India or under the Government of an Indian State, in a civil capacity, and any question as to the amount of any such award,

and it shall be the duty of a Public Service Commission to advise on any matter so referred to them and on any other matter which the President, or, as the case may be, the Governor [1] [***] of the State, may refer to them:

Provided that the President as respects the all-India services and also as respects other services and posts in connection with the affairs of the Union, and the Governor [2] [***], as respects other services and posts in connection with the affairs of a State, may make regulations specifying the matters in which either generally, or in any particular class of case or in any particular circumstances, it shall not be necessary for a Public Service Commission to be consulted.

(4) Nothing in clause (3) shall require a Public Service Commission to be consulted as respects the manner in which any provision referred to in clause (4) of article 16 may be made or as respects the manner in which effect may be given to the provisions of article 335.

(5) All regulations made under the proviso to clause (3) by the President or the Governor [1] [***] of a State shall be laid for not less than fourteen days before each House of Parliament or the House or each House of the Legislature of the State, as the case may be, as soon as possible after they are made, and shall be subject to such modifications, whether by way of repeal or amendment, as both Houses of Parliament or the House or both Houses of the Legislature of the State may make during the session in which they are so laid.

321. Power to extend functions of Public Service Commissions.—An Act made by Parliament or, as the case may be, the Legislature of a State may provide for the exercise of additional functions by the Union Public Service Commission or the State Public Service Commission as respects the services of the Union or the State and also as respects the services of any local authority or other body corporate constituted by law or of any public institution.

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. The words "or Rajpramukh, as the case may be" omitted by s. 29 and Sch., ibid.

അനുഷ്ഠിച്ചിട്ടുള്ളതോ ആയ ഒരാളെ സംബന്ധിച്ചോ അയാളുടെ കർത്തവ്യനിർവ്വഹണത്തിൽ ചെയ്തിട്ടുള്ളതോ അങ്ങനെ ചെയ്തതാണെന്ന് കരുതാവുന്നതോ ആയ കൃത്യങ്ങൾ സംബന്ധിച്ച്, അയാൾക്കെതിരായി ആരംഭിച്ചിട്ടുള്ള നിയമനടപടികളിൽ എതിർവാദം നടത്തുന്നതിന് അയാൾക്ക് വഹിക്കേണ്ടതായി വന്ന ഏതെങ്കിലും ചെലവുകൾ ഭാരതത്തിന്റെയോ ആ സംസ്ഥാനത്തിന്റെയോ, അതതുസംഗതിപോലെ, സഞ്ചിതനിധിയിൽ നിന്ന് നൽകണമെന്നുള്ള ഏതെങ്കിലും അവകാശത്തിൻമേലും;

(ങ) ഭാരത സർക്കാരിന്റെയോ ഒരു സംസ്ഥാനത്തിന്റെ സർക്കാരിന്റെയോ കീഴിലോ ഇൻഡ്യാ ചക്രവർത്തിയുടെ കീഴിലോ ഒരു നാട്ടുരാജ്യത്തെ സർക്കാരിന്റെ കീഴിലോ ഒരു സിവിൽ പദവിയിൽ സേവനം അനുഷ്ഠിക്കുമ്പോൾ ഒരാൾക്കുണ്ടായ ക്ഷതങ്ങളെ സംബന്ധിച്ച് ഒരു പെൻഷൻ അനുവദിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും അവകാശത്തിന്മേലും അങ്ങനെ അനുവദിക്കുന്ന തുകയെക്കുറിച്ചുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലും,

ആലോചിക്കേണ്ടതും, അങ്ങനെ അവർക്ക് പരിഗണനയ്ക്ക് അയച്ചിട്ടുള്ള ഏതെങ്കിലും വിഷയത്തിൻമേലും, കൂടാതെ, രാഷ്ട്രപതിയോ സംസ്ഥാന ഗവർണ്ണറോ, [1][***] അതതുസംഗതിപോലെ, അവർക്ക് പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റേതെങ്കിലും വിഷയത്തിൻമേലും, ഉപദേശം നൽകുന്നത് പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതും ആകുന്നു:

എന്നാൽ, അഖിലേന്ത്യാ സർവ്വീസുകളെ സംബന്ധിച്ചും യൂണിയന്റെ കാര്യങ്ങളോട് ബന്ധപ്പെട്ട മറ്റു സർവ്വീസുകളേയും തസ്തികകളേയും സംബന്ധിച്ചും രാഷ്ട്രപതിക്കും ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങളോടു ബന്ധപ്പെട്ട മറ്റ് സർവ്വീസുകളേയും തസ്തികകളേയും സംബന്ധിച്ച് ഗവർണ്ണർക്കും [2][***]സാമാന്യമായോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ ഏതെങ്കിലും പ്രത്യേക പരിതഃസ്ഥിതികളിലോ ഒരു പബ്ളിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ട ആവശ്യമില്ലാത്ത വിഷയങ്ങൾ നിർദ്ദേശിച്ചുകൊണ്ട് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(4) (3)-ാം ഖണ്ഡത്തിലെ യാതൊന്നും 16-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ 335-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നവിധം സംബന്ധിച്ചോ, ഒരു പബ്ളിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നത് ആവശ്യമാക്കിത്തീർക്കുന്നതല്ല.

(5) (3)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥപ്രകാരം രാഷ്ട്രപതിയോ അല്ലെങ്കിൽ ഒരു സംസ്ഥാന ഗവർണ്ണറോ [1][***] ഉണ്ടാക്കിയ എല്ലാ റെഗുലേഷനുകളും, പാർലമെന്റിന്റെ ഓരോ സഭയുടെയുമോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയുടെയോ ഓരോ സഭയുടെയുമോ മുൻപിൽ, അതതുസംഗതിപോലെ, അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗം പതിന്നാലു ദിവസത്തിൽ കുറയാത്ത കാലത്തേക്ക് വച്ചിരിക്കേണ്ടതും, അപ്രകാരം അവ വച്ചിട്ടുള്ള സമ്മേളനത്തിൽ പാർലമെന്റിന്റെ ഇരു സഭകളുമോ, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയോ ഇരു സഭകളുമോ റദ്ദാക്കലോ, ഭേദഗതിയോ വഴി വരുത്താവുന്ന അങ്ങനെയുള്ള രൂപഭേദങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

321. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരം.—പാർലമെന്റോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ, അതതു സംഗതിപോലെ, ഉണ്ടാക്കിയ ഒരു ആക്റ്റിന്, യൂണിയനിലെയോ സംസ്ഥാനത്തിലെയോ സർവ്വീസുകളെ സംബന്ധിച്ചും കൂടാതെ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ അല്ലെങ്കിൽ നിയമം വഴി രൂപീകരിച്ചിട്ടുള്ള മറ്റ് ഏകാംഗീകൃത നികായത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും പൊതു സ്ഥാപനത്തിന്റെയോ സർവ്വീസുകളെ സംബന്ധിച്ചും യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷനോ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനോ കൂടുതലായ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതതുസംഗതിപോലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

322. Expenses of Public Service Commissions.—The expenses of the Union or a State Public Service Commission, including any salaries, allowances and pensions payable to or in respect of the members or staff of the Commission, shall be charged on the Consolidated Fund of India or, as the case may be the Consolidated Fund of the State.

323. Reports of Public Service Commissions.—(1) It shall be the duty of the Union Commission to present annually to the President a report as to the work done by the Commission and on receipt of such report the President shall cause a copy thereof together with a memorandum explaining, as respects the cases, if any, where the advice of the Commission was not accepted, the reasons for such non-acceptance to be laid before each House of Parliament.

(2) It shall be the duty of a State Commission to present annually to the Governor [1] [***] of the State a report as to the work done by the Commission, and it shall be the duty of a Joint Commission to present annually to the Governor [1] [***] of each of the States the needs of which are served by the Joint Commission a report as to the work done by the Commission in relation to that State, and in either case the Governor [2][***], shall, on receipt of such report, cause a copy thereof together with a memorandum explaining, as respects the cases, if any, where the advice of the Commission was not accepted, the reasons for such non-acceptance to be laid before the Legislature of the State.

[3][PART XIV A

TRIBUNALS

323A. Administrative tribunals.—(1) Parliament may, by law, provide for the adjudication or trial by administrative tribunals of disputes and complaints with respect to recruitment and conditons of service of persons appointed to public services and posts in connection with the affairs of the Union or of any State or of any local or other authority within the territory of India or under the control of the Government of India or of any corporation owned or controlled by the Government.

(2) A law made under clause (1) may—

(a) provide for the establishment of an administrative tribunal for the Union and a separate administrative tribunal for each State or for two or more States;

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. The words "or Rajpramukh, as the case may be" omitted by s. 29 and Sch., ibid.
3. Ins. by the Constitution (Forty-second Amendment) Act, 1976, s. 46 (w.e.f. 3-1-1977).

322. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ ചെലവുകൾ.—യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷന്റെയോ ഒരു സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെയോ, കമ്മീഷന്റെ അംഗങ്ങൾക്കോ ഉദ്യോഗസ്ഥൻമാർക്കോ അവരെ സംബന്ധിച്ചോ കൊടുക്കേണ്ട ഏതൊരു ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ചെലവുകൾ, ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ, അതതുസംഗതിപോലെ, നടത്തേണ്ടതാണ്.

323. പബ്ളിക് സർവ്വീസ് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ.—(1) യൂണിയൻ കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ച് വർഷംതോറും രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് ആ കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതും അങ്ങനെയുള്ള റിപ്പോർട്ട് കിട്ടിയാൽ രാഷ്ട്രപതി അതിന്റെ ഒരു പകർപ്പ്, കമ്മീഷന്റെ ഉപദേശം സ്വീകരിക്കാത്ത സംഗതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ സംബന്ധിച്ച് അങ്ങനെ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

(2) ഒരു സംസ്ഥാന കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ച് വർഷംതോറും ആ സംസ്ഥാനത്തെ ഗവർണ്ണർക്ക് [1][***] ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് ആ കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതും ഒരു സംയുക്തകമ്മീഷൻ ഏതെല്ലാം സംസ്ഥാനങ്ങളുടെ ആവശ്യങ്ങളാണോ നിർവ്വഹിക്കുന്നത് ആ സംസ്ഥാനങ്ങളിൽ ഓരോന്നിന്റെയും ഗവർണ്ണർക്ക് [1][***] ആ സംസ്ഥാനം സംബന്ധിച്ച് കമ്മീഷൻ ചെയ്ത ജോലിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് വർഷംതോറും സമർപ്പിക്കുന്നത് ആ സംയുക്തകമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതും ഈ രണ്ട് സംഗതികളിൽ ഏതിലായാലും ഗവർണ്ണർ [2][***]അങ്ങനെയുള്ള റിപ്പോർട്ട് കിട്ടിയാൽ അതിന്റെ ഒരു പകർപ്പ് കമ്മീഷന്റെ ഉപദേശം സ്വീകരിക്കാത്ത സംഗതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ സംബന്ധിച്ച് അങ്ങനെ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.

[3][ഭാഗം XIVക]
ട്രിബ്യൂണലുകൾ

323ക. ഭരണ ട്രിബ്യൂണലുകൾ.—(1) പാർലമെന്റിന്, യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ളതോ ഭാരത സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ, മറ്റധികാരസ്ഥാനത്തിന്റെയോ, അല്ലെങ്കിൽ സർക്കാരിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും ഏകാംഗയോഗത്തിന്റെയോ കാര്യങ്ങൾ സംബന്ധിച്ച് പബ്ളിക് സർവ്വീസുകളിലും തസ്തികകളിലും നിയമിക്കപ്പെടുന്ന ആളുകളുടെ ആൾ ചേർക്കലും സേവനവ്യവസ്ഥകളും സംബന്ധിച്ച തർക്കങ്ങളും പരാതികളും ഭരണ ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ഒരു നിയമത്തിന്—

(ക) യൂണിയന് ഒരു ഭരണ ട്രിബ്യൂണലും, ഓരോ സംസ്ഥാനത്തിനും അല്ലെങ്കിൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കും വെവ്വേറെ ഭരണ ട്രിബ്യൂണലും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുകയും;

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതത് സംഗതി പോലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 46-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(b) specify the jurisdiction, powers (including the power to punish for contempt) and authority which may be exercised by each of the said tribunals;

(c) provide for the procedure (including provisons as to limitation and rules of evidence) to be followed by the said tribunals;

(d) exclude the jurisdiction of all courts, except the jurisdiction of the Supreme Court under article 136, with respect to the disputes or complaints referred to in clause (1);

(e) provide for the transfer to each such administrative tribunal of any cases pending before any court or other authority immediately before the establishment of such tribunal as would have been within the jurisdiction of such tribunal if the causes of action on which such suits or proceedings are based had arisen after such establishment;

(f) repeal or amend any order made by the President under clause (3) of article 371D;

(g) contain such supplemental, incidental and consequential provisions (including provisions as to fees) as Parliament may deem necessary for the effective functioning of, and for the speedy disposal of cases by, and the enforcement of the orders of, such tribunals.

(3) The provisions of this article shall have effect notwithstanding anything in any other provision of this Constitution or in any other law for the time being in force.

323B. Tribunals for other matters.—(1) The appropriate Legislature may, by law, provide for the adjudication or trial by tribunals of any disputes, complaints, or offences with respect to all or any of the matters specified in clause (2) with respect to which such Legislature has power to make laws.

(2) The matters referred to in clause (1) are the following, namely:—

(a) levy, assessment, collection and enforcement of any tax;

(b) foreign exchange, import and export across customs frontiers;

(c) industrial and labour disputes;

(d) land reforms by way of acquisition by the State of any estate as defined in article 31A or of any rights therein or the extinguishment or modification of any such rights or by way of ceiling on agricultural land or in any other way;

(ഖ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും അധികാരങ്ങളും (അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) അധികാര ശക്തിയും വ്യക്തമാക്കുകയും;

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തെയും തെളിവു ചട്ടങ്ങളെയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും;

(ഘ) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തർക്കങ്ങളോ പരാതികളോ സംബന്ധിച്ച്, 136-ാം അനുച്ഛേദപ്രകാരമുള്ള സുപ്രീംകോടതിയുടെ അധികാരിത ഒഴികെ എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചുനിറുത്തുകയും;

(ങ) അങ്ങനെയുള്ള വ്യവഹാരത്തിനും നടപടികൾക്കും അടിസ്ഥാനമായ വ്യവഹാര കാരണങ്ങൾ അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിച്ചതിനുശേഷം ഉത്ഭവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള ട്രിബ്യൂണലിന്റെ അധികാരിതയ്ക്കുള്ളിൽ ആകുമായിരുന്നവയും അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരുന്നവയുമായ കേസ്സുകൾ അങ്ങനെയുള്ള ഓരോ ഭരണ ട്രിബ്യൂണലിലേക്ക് മാറ്റുന്നതിന് വ്യവസ്ഥ ചെയ്യുകയും;

(ച) 371 ഘ അനുച്ഛേദം (3)-ാം ഖണ്ഡപ്രകാരം രാഷ്ട്രപതി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുകയും;

(ഛ) അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനും അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യമാണെന്ന് പാർലമെന്റ് കരുതുന്ന അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) അടങ്ങിയിരിക്കുകയും,

ചെയ്യാവുന്നതാണ്.

(3) ഈ ഭരണഘടനയിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

323ഖ. മറ്റു വിഷയങ്ങൾക്കുള്ള ട്രിബ്യൂണലുകൾ.—(1) സമുചിത നിയമനിർമ്മാണമണ്ഡലത്തിന്, (2)-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ളതും അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിന് നിയമം ഉണ്ടാക്കാൻ അധികാരമുള്ളതും ആയ എല്ലാ വിഷയങ്ങൾ സംബന്ധിച്ചുമുള്ള, അല്ലെങ്കിൽ അവയിലേതെങ്കിലും സംബന്ധിച്ച ഏതെങ്കിലും തർക്കങ്ങളോ, പരാതികളോ, കുറ്റങ്ങളോ, ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ താഴെപ്പറയുന്നവയാണ്, അതായത്:—

(ക) ഏതെങ്കിലും നികുതിയുടെ ചുമത്തലും നിർണ്ണയിക്കലും പിരിക്കലും നടപ്പിലാക്കലും;

(ഖ) വിദേശ വിനിമയവും കസ്റ്റംസ് അതിർത്തികൾക്ക് ഇപ്പുറവും അപ്പുറവും ഉള്ള ഇറക്കുമതിയും കയറ്റുമതിയും;

(ഗ) വ്യാവസായിക തർക്കങ്ങളും തൊഴിൽ തർക്കങ്ങളും;

(ഘ) 31ക അനുച്ഛേദത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സ്വത്തോ അതിലെ ഏതെങ്കിലും അവകാശങ്ങളോ, രാഷ്ട്രത്തിന്റെ ആർജ്ജനത്താലോ അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങളുടെ ഇല്ലാതാക്കലോ രൂപഭേദപ്പെടുത്തലോ വഴിയോ അല്ലെങ്കിൽ കൃഷിഭൂമിയിൻമേൽ ഉള്ള പരിധി വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ഉള്ള ഭൂപരിഷ്ക്കാരങ്ങൾ;

(e) ceiling on urban property;

(f) elections to either House of Parliament or the House or either House of the Legislature of a State, but excluding the matters referred to in article 329 and article 329A;

(g) production, procurement, supply and distribution of food-stuffs (including edible oilseeds and oils) and such other goods as the President may, by public notification, declare to be essential goods for the purpose of this article and control of prices of such goods;

[1][*(h)* rent, its regulation and control and tenancy issues including the right, title and interest of landlords and tenants;]

[2][*(i)*] offences against laws with respect to any of the matters specified in sub-clauses (a) to [3][(h)] and fees in respect of any of those matters;

[2][*(j)*] any matter incidental to any of the matters specified in sub-clauses (a) to [4][(i)].

(3) A law made under clause (1) may—

(a) provide for the establishment of a hierarchy of tribunals;

(b) specify the jurisdiction, powers (including the power to punish for contempt) and authority which may be exercised by each of the said tribunals;

(c) provide for the procedure (including provisions as to limitation and rules of evidence) to be followed by the said tribunals;

(d) exclude the jurisdiction of all courts, except the jurisdiction of the Supreme Court under article 136, with respect to all or any of the matters falling within the jurisdiction of the said tribunals;

(e) provide for the transfer to each such tribunal of any cases pending before any court or any other authority immediately before the establishment of such tribunal as would have been within the jurisdiction of such tribunal if the causes of action on which such suits or proceedings are based had arisen after such establishment;

1. Ins. by the Constitution (Seventy-fifth Amendment) Act, 1993, s. 2 (w.e.f. 15-5-1994).

2. Sub-clauses (h) and (i) shall be re-lettered as sub-clauses (i) and (j) by s. 2, ibid., (w.e.f. 15-5-1994).

3. Subs. by s. 2, ibid., for cl."g" (w.e.f. 15-5-1994).

4. Subs. by s. 2, ibid., for cl."h" (w.e.f. 15-5-1994).

(ങ) നഗരവസ്തുക്കൾക്ക് പരിധി;

(ച) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ, ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകൾ, എന്നാൽ 329-ാം അനുച്ഛേദത്തിലും 329ക അനുച്ഛേദത്തിലും പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ഒഴിച്ചുനിറുത്തിക്കൊണ്ട്;

(ഛ) ഭക്ഷ്യപദാർത്ഥങ്ങളുടെയും (ഭക്ഷ്യ എണ്ണക്കുരുക്കളും എണ്ണകളും ഉൾപ്പെടെ) രാഷ്ട്രപതി, പൊതുവിജ്ഞാപനം വഴി, ഈ അനുച്ഛേദത്തിന്റെ ആവശ്യത്തിന് അവശ്യസാധനങ്ങളായി പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റു സാധനങ്ങളുടെയും ഉൽപ്പാദനം, സമ്പാദനം, സംഭരണം, വിതരണം എന്നിവയും, അങ്ങനെയുള്ള സാധനങ്ങളുടെ വിലകളുടെ നിയന്ത്രണവും;

[1][(ജ) വാടകയും അതിന്റെ ക്രമീകരണവും നിയന്ത്രണവും ഭൂവുടമകളുടെയും കുടിയാൻമാരുടെയും അവകാശവും ഉടമാവകാശവും അവകാശബന്ധവുമുൾപ്പെടെ കുടിയായ്മ സംബന്ധിച്ച നിയമഹേതുക്കളും;]

[2][(ഝ)] (ക) മുതൽ [3][(ജ)] വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച നിയമങ്ങൾക്കെതിരായുള്ള കുറ്റങ്ങളും ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച ഫീസും;

[2][(ഞ)] (ക) മുതൽ [4][(ഝ)] വരെയുള്ള ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതൊരു വിഷയത്തിനും സാന്ദർഭികമായ വിഷയം.

(3) (1)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന ഒരു നിയമത്തിന്,—

(ക) ട്രിബ്യൂണലുകളുടെ ആരോഹണക്രമത്തിലുള്ള ഒരു പരമ്പര സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുകയും;

(ഖ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും, അധികാരങ്ങളും (അലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) അധികാരശക്തി വ്യക്തമാക്കുകയും;

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തെയും തെളിവുചട്ടങ്ങളെയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും;

(ഘ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളുടെ അധികാരിതയ്ക്കുള്ളിൽപ്പെടുന്ന എല്ലാ വിഷയങ്ങളുമോ, അവയിലേതെങ്കിലുമോ സംബന്ധിച്ച് 136-ാം അനുച്ഛേദപ്രകാരമുള്ള സുപ്രീം കോടതിയുടെ അധികാരിത ഒഴികെ എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചുനിറുത്തുകയും;

(ങ) അങ്ങനെയുള്ള വ്യവഹാരത്തിനും നടപടികൾക്കും അടിസ്ഥാനമായ വ്യവഹാരകാരണങ്ങൾ അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിച്ചതിനുശേഷം ഉത്ഭവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള ട്രിബ്യൂണലിന്റെ അധികാരിതയ്ക്കുള്ളിൽ ആകുമായിരുന്നവയും അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനു തൊട്ടു മുമ്പ് ഏതെങ്കിലും കോടതിയുടെയോ മറ്റു അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരുന്നവയുമായ കേസ്സുകൾ അങ്ങനെയുള്ള ഓരോ ട്രിബ്യൂണലിലേക്കും മാറ്റുന്നതിന് വ്യവസ്ഥ ചെയ്യുകയും;

---

1. 1993-ലെ ഭരണഘടന (ഏഴുപത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം (ജ)യും (ഝ)യും ഉപഖണ്ഡങ്ങൾ (ഝ)യും (ഞ)യും ഉപഖണ്ഡങ്ങളായി അക്ഷരം മാറ്റി (15-5-1994 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "(ഛ)" ഖണ്ഡത്തിനു പകരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "(ജ)" ഖണ്ഡത്തിനു പകരം ചേർത്തത് (15-5-1994 മുതൽ പ്രാബല്യം).

(f) contain such supplemental, incidental and consequential provisions (including provisions as to fees) as the appropriate Legislature may deem necessary for the effective functioning of, and for the speedy disposal of cases by, and the enforcement of the orders of, such tribunals.

(4) The provisions of this article shall have effect notwithstanding anything in any other provision of this Constitution or in any other law for the time being in force.

Explanation.—In this article "appropriate Legislature", in relation to any matter, means Parliament or, as the case may be, a State Legislature competent to make laws with respect to such matter in accordance with the provisions of Part XI.]

(ച) അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവ കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനും അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യമാണെന്ന് സമുചിത നിയമനിർമ്മാണമണ്ഡലം കരുതുന്ന അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ്സുകൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) ആ നിയമത്തിൽ അടങ്ങിയിരിക്കുകയും,

ചെയ്യാവുന്നതാണ്.

(4) ഈ ഭരണഘടനയിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും, ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഈ അനുച്ഛേദത്തിൽ, ഏതെങ്കിലും വിഷയം സംബന്ധിച്ച്, "സമുചിത നിയമനിർമ്മാണമണ്ഡലം" എന്നാൽ XI-ാം ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള വിഷയം സംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കാൻ ക്ഷമതയുള്ള പാർലമെന്റോ ഒരു സംസ്ഥാന നിയമനിർമ്മാണമണ്ഡലമോ എന്ന്, അതതുസംഗതിപോലെ, അർത്ഥമാകുന്നു.]

PART XV

ELECTIONS

324. Superintendence, direction and control of elections to be vested in an Election Commission.—(1) The superintendence, direction and control of the preparation of the electoral rolls for, and the conduct of, all elections to Parliament and to the Legislature of every State and of elections to the offices of President and Vice-President held under this Constitution [1][***] shall be vested in a Commission (referred to in this Constitution as the Election Commission).

(2) The Election Commission shall consist of the Chief Election Commissioner and such number of other Election Commissioners, if any, as the President may from time to time fix and the appointment of the Chief Election Commissioner and other Election Commissioners shall, subject to the provisions of any law made in that behalf by Parliament, be made by the President.

(3) When any other Election Commissioner is so appointed the Chief Election Commissioner shall act as the Chairman of the Election Commission.

(4) Before each general election to the House of the People and to the Legislative Assembly of each State, and before the first general election and thereafter before each biennial election to the Legislative Council of each State having such Council, the President may also appoint after consultation with the Election Commission such Regional Commissioners as he may consider necessary to assist the Election Commission in the performance of the functions conferred on the Commission by clause (1).

(5) Subject to the provisions of any law made by Parliament, the conditions of service and tenure of office of the Election Commissioners and the Regional Commissioners shall be such as the President may by rule determine:

Provided that the Chief Election Commissioner shall not be removed from his office except in like manner and on the like grounds as a Judge of the Supreme Court and the conditions of service of the Chief Election Commissioner shall not be varied to his disadvantage after his appointment:

1. The words "including the appointment of election tribunals for the decision of doubts and disputes arising out of or in connection with elections to Parliament and to the Legislatures of States"omitted by Constitution (Nineteenth Amendment) Act, 1966, s. 2.

ഭാഗം XV
തെരഞ്ഞെടുപ്പുകൾ

324. തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തെരഞ്ഞെടുപ്പു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്ന്.— (1) ഈ ഭരണഘടനപ്രകാരം, പാർലമെന്റിലേക്കും ഓരോ സംസ്ഥാനത്തിന്റെയും നിയമനിർമ്മാണമണ്ഡലത്തിലേക്കും നടത്തുന്ന എല്ലാ തെരഞ്ഞെടുപ്പുകൾക്കും വേണ്ട സമ്മതിദായക പട്ടികകൾ തയ്യാറാക്കുന്നതിന്റെയും, അവയിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും നടത്തുന്നതിന്റെയും, രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും ഉദ്യോഗങ്ങളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പുകളുടെയും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും [1][***](ഈ ഭരണഘടനയിൽ തെരഞ്ഞെടുപ്പു കമ്മീഷൻ എന്ന് പരാമർശിക്കുന്ന) ഒരു കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) തെരഞ്ഞെടുപ്പു കമ്മീഷൻ, മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറും, രാഷ്ട്രപതി അപ്പോഴപ്പോൾ നിജപ്പെടുത്താവുന്നത്ര എണ്ണം മറ്റു തെരഞ്ഞെടുപ്പു കമ്മീഷണർമാരും അങ്ങനെയുണ്ടെങ്കിൽ, അടങ്ങിയതായിരിക്കേണ്ടതും മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറുടെയും മറ്റു തെരെഞ്ഞെടുപ്പു കമ്മീഷണർമാരുടെയും നിയമനം, അതിലേക്ക് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, രാഷ്ട്രപതി നടത്തേണ്ടതും ആകുന്നു.

(3) മറ്റേതെങ്കിലും തെരഞ്ഞെടുപ്പു കമ്മീഷണറെ അപ്രകാരം നിയമിക്കുമ്പോൾ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ തെരഞ്ഞെടുപ്പു കമ്മീഷന്റെ ചെയർമാനായി പ്രവർത്തിക്കേണ്ടതാണ്.

(4) ലോകസഭയിലേക്കും ഓരോ സംസ്ഥാനത്തിന്റെയും നിയമസഭയിലേക്കും ഉള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനുമുമ്പും നിയമസമിതിയുള്ള ഓരോ സംസ്ഥാനത്തെയും അങ്ങനെയുള്ള സമിതിയിലേക്കുള്ള ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിന് മുമ്പും അതിനുശേഷം ഓരോ ദൈവാർഷിക തെരഞ്ഞെടുപ്പിനുമുമ്പും തെരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ചശേഷം രാഷ്ട്രപതിക്ക് (1)-ാം ഖണ്ഡപ്രകാരം തെരഞ്ഞെടുപ്പു കമ്മീഷന് നൽകിയിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിൽ കമ്മീഷനെ സഹായിക്കുന്നതിന്, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന പ്രാദേശിക കമ്മീഷണർമാരെക്കൂടി നിയമിക്കാവുന്നതാണ്.

(5) പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും പ്രാദേശിക കമ്മീഷണർമാരുടെയും സേവനവ്യവസ്ഥകളും ഉദ്യോഗ കാലാവധിയും രാഷ്ട്രപതി ചട്ടം വഴി നിശ്ചയിക്കുന്നവിധം ആയിരിക്കുന്നതാണ്:

എന്നാൽ, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ മാറ്റാവുന്ന രീതിയിലും അതേ കാരണങ്ങൾക്കും അല്ലാതെ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കംചെയ്യാവുന്നതല്ലാത്തതും, മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറുടെ സേവന വ്യവസ്ഥകൾ അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു:

---

1. 1966-ലെ ഭരണഘടന (പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പാർലമെന്റിലേക്കും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണമണ്ഡലങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ടതോ അതിൽ നിന്ന് ഉത്ഭവിക്കുന്നതോ ആയ സംശയങ്ങളുടെയും തർക്കങ്ങളുടെയും തീരുമാനത്തിനുള്ള തെരഞ്ഞെടുപ്പ് ട്രിബ്യൂണലുകളുടെ നിയമനം ഉൾപ്പെടെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

Provided further that any other Election Commissioner or a Regional Commissioner shall not be removed from office except on the recommendation of the Chief Election Commissioner.

(6) The President, or the Governor [1] [***] of a State, shall, when so requested by the Election Commission, make available to the Election Commission or to a Regional Commissioner such staff as may be necessary for the discharge of the functions conferred on the Election Commission by clause (1).

325. No person to be ineligible for inclusion in, or to claim to be included in a special electoral roll on grounds of religion, race, caste or sex.—There shall be one general electoral roll for every territorial constituency for election to either House of Parliament or to the House or either House of the Legislature of a State and no person shall be ineligible for inclusion in any such roll or claim to be included in any special electoral roll for any such constituency on grounds only of religion, race, caste, sex or any of them.

326. Elections to the House of the People and to the Legislative Assemblies of States to be on the basis of adult suffrage.—The elections to the House of the People and to the Legislative Assembly of every State shall be on the basis of adult suffrage; that is to say, every person who is a citizen of India and who is not less than [2][eighteen years] of age on such date as may be fixed in that behalf by or under any law made by the appropriate Legislature and is not otherwise disqualified under this Constitution or any law made by the appropriate Legislature on the ground of non-residence, unsoundness of mind, crime or corrupt or illegal practice, shall be entitled to be registered as a voter at any such election.

327. Power of Parliament to make provision with respect to elections to Legislatures.—Subject to the provisions of this Constitution, Parliament may from time to time by law make provision with respect to all matters relating to, or in connection with, elections to either House of Parliament or to the House or either House of the Legislature of a State including the preparation of electoral rolls, the delimitation of constituencies and all other matters necessary for securing the due constitution of such House or Houses.

328. Power of Legislature of a State to make provision with respect to elections to such Legislature.—Subject to the provisions of this Constitution and in so far as provision in that behalf is not made by Parliament, the Legislature of a State may

---

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. Subs. by the Constitution (Sixty-first Amendment) Act, 1988, s. 2, for "twenty-one years".

എന്നുമാത്രമല്ല, മറ്റേതെങ്കിലും തെരഞ്ഞെടുപ്പു കമ്മീഷണറെയോ ഒരു പ്രാദേശിക കമ്മീഷണറെയോ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണറുടെ ശിപാർശയിൻമേലല്ലാതെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതല്ല.

(6) രാഷ്ട്രപതി അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ [1][***] (1)-ാം ഖണ്ഡത്തിൽ തെരഞ്ഞെടുപ്പു കമ്മീഷന് നൽകിയിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുപ്പു കമ്മീഷൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ, തെരഞ്ഞെടുപ്പു കമ്മീഷനോ ഒരു പ്രാദേശിക കമ്മീഷണർക്കോ, ലഭ്യമാക്കേണ്ടതാണ്.

325. മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ കാരണമാക്കി യാതൊരാളും തെരഞ്ഞെടുപ്പു പട്ടികയിൽ ഉൾപ്പെടുത്തപ്പെടുന്നതിന് അനർഹനായിരിക്കുന്നതോ, ഒരു വിശേഷാൽ തെരഞ്ഞെടുപ്പു പട്ടികയിൽ അയാളെ ഉൾപ്പെടുത്തണമെന്ന് അവകാശപ്പെടാവുന്നതോ അല്ലെന്ന്.— പാർലമെന്റിന്റെ ഇരു സഭകളിൽ ഓരോന്നിലേക്കുമോ അല്ലെങ്കിൽ ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ സഭയിലേക്കോ ഇരു സഭകളിൽ ഓരോന്നിലേക്കുമോ ഉള്ള തെരഞ്ഞെടുപ്പിനു വേണ്ടി ഓരോ പ്രാദേശിക നിയോജകമണ്ഡലത്തിലേക്കും ഓരോ തെരഞ്ഞെടുപ്പു പട്ടിക ഉണ്ടായിരിക്കേണ്ടതും, മതം, വർഗ്ഗം, ജാതി, ലിംഗം എന്നിവയെയോ അവയിൽ ഏതിനെയെങ്കിലുമോ മാത്രം കാരണമാക്കി യാതൊരാളും, അങ്ങനെയുള്ള ഏതെങ്കിലും പട്ടികയിൽ ഉൾപ്പെടുത്തപ്പെടുവാൻ അനർഹനാകുന്നതോ, യാതൊരാൾക്കും അങ്ങനെയുള്ള ഏതെങ്കിലും നിയോജകമണ്ഡലത്തിലെ ഏതെങ്കിലും വിശേഷാൽ തെരഞ്ഞെടുപ്പു പട്ടികയിൽ അയാളെ ഉൾപ്പെടുത്തണമെന്ന് അവകാശപ്പെടുവാൻ പാടുള്ളതോ അല്ലാത്തതും ആകുന്നു.

326. ലോകസഭയിലേയ്ക്കും സംസ്ഥാനങ്ങളിലെ നിയമസഭകളിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന്.— ലോകസഭയിലേക്കും ഓരോ സംസ്ഥാനത്തെയും നിയമസഭയിലേക്കും ഉള്ള തെരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്; അതായത്, ഭാരത ത്തിലെ ഒരു പൗരനും, സമുചിതമായ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം വഴിയോ നിയമപ്രകാരമോ അതിലേക്ക് നിജപ്പെടുത്തിയിട്ടുള്ള തീയതിയിൽ [2][പതിനെട്ട് വയസ്സിൽ] കുറയാത്ത പ്രായമുള്ള ആളും, ഈ ഭരണഘടനയോ സമുചിതമായ നിയമനിർമ്മണമ ണ്ഡലം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമമോ പ്രകാരം നിവാസം ഇല്ലായ്മയോ, ചിത്തഭ്രമമോ കുറ്റമോ അല്ലെങ്കിൽ അഴിമതി പ്രവൃത്തിയോ നിയമവിരുദ്ധ പ്രവൃത്തിയോ കാരണമാക്കി മറ്റു വിധത്തിൽ അയോഗ്യനല്ലാത്ത ആളും ആയ ഏതൊരാൾക്കും അങ്ങനെയുള്ള ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഒരു സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

327. നിയമനിർമ്മാണമണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം.—ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയ മായി, പാർലമെന്റിന്, അപ്പോഴപ്പോൾ നിയമം വഴി പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലേക്കെങ്കി ലുമോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയ തെരഞ്ഞെടുപ്പ് പട്ടികകൾ തയ്യാറാക്കൽ, നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കൽ ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളേയും, അങ്ങനെയുള്ള സഭയുടെയോ സഭകളു ടെയോ യഥാവിധിയുള്ള രൂപീകരണം ഉറപ്പുവരുത്താൻ ആവശ്യമായ മറ്റ് എല്ലാ വിഷയങ്ങളെയും സംബന്ധിച്ച്, വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

328. ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന് അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കുവാനുള്ള അധികാരം.— ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായും, പാർലമെന്റ് അതിലേക്ക് വ്യവസ്ഥ ഉണ്ടാക്കാത്തിടത്തോളവും, ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. 1988-ലെ ഭരണഘടന (അറുപത്തിയൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "ഇരുപത്തൊന്നു വയസ്സിൽ" എന്നതിനു പകരം ചേർത്തത്.

from time to time by law make provision with respect to all matters relating to, or in connection with, the elections to the House or either House of the Legislature of the State including the preparation of electoral rolls and all other matters necessary for securing the due constitution of such House or Houses.

329. Bar to interference by courts in electoral matters.—[1][Notwithstanding any thing in this Constitution[2][***]—]

(a) the validity of any law relating to the delimitation of constituencies or the allotment of seats to such constituencies, made or purporting to be made under article 327 or article 328, shall not be called in question in any court;

(b) no election to either House of Parliament or to the House or either House of the Legislature of a State shall be called in question except by an election petition presented to such authority and in such manner as may be provided for by or under any law made by the appropriate Legislature.

329A. [3] [***]

1. Subs. by the Constitution (Thirty-ninth Amendment) Act, 1975, s. 3, for certain words.
2. The words, figures and letter "but subject to the provisions of article 329 A" omitted by the Constitution (Forty-fourth Amendment) Act, 1978, s. 35 (w.e.f. 20-6-1979).
3. Omitted by the Constitution (Forty-fourth Amendment) Act, 1978, s.36 (w.e.f. 20-6-1979)

അപ്പോഴപ്പോൾ നിയമം വഴി ആ സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള തെരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്നതോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയ തെരഞ്ഞെടുപ്പ് പട്ടികകൾ തയ്യാറാക്കൽ ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളെയും, അങ്ങനെയുള്ള സഭയുടെയോ സഭകളുടെയോ യഥാവിധിയുള്ള രൂപീകരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ മറ്റ് വിഷയങ്ങളെയും സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

329. തെരഞ്ഞെടുപ്പു വിഷയങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്.—[1] [ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും [2] [***]—]

(ക) നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജകമണ്ഡലങ്ങളിലേക്കുള്ള സ്ഥാനങ്ങളുടെ തിരിച്ചുവയ്ക്കലോ സംബന്ധിച്ച് 327-ാം അനുച്ഛേദമോ 328-ാം അനുച്ഛേദമോ പ്രകാരം ഉണ്ടാക്കിയതോ ഉണ്ടാക്കിയതാണെന്നു കരുതാവുന്നതോ ആയ ഒരു നിയമത്തിന്റെ സാധുത ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല;

(ഖ) പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലേക്കെങ്കിലുമോ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലേക്കോ ഇരു സഭകളിൽ ഏതിലേക്കെങ്കിലുമോ ഉള്ള യാതൊരു തെരഞ്ഞെടുപ്പും സമുചിതമായ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ നിയമ പ്രകാരമോ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിച്ചിട്ടുള്ള ഒരു തെരഞ്ഞെടുപ്പു ഹർജി വഴിയല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

329ക. [3] **[***]**

1. 1975-ലെ ഭരണഘടന (മുപ്പത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 35-ാം വകുപ്പുപ്രകാരം "എന്നാൽ 329 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നീ വാക്കുകളും അക്കങ്ങളും അക്ഷരവും വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).
3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 36-ാം വകുപ്പ് പ്രകാരം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).

PART XVI

SPECIAL PROVISIONS RELATING TO CERTAIN CLASSES

330. Reservation of seats for Scheduled Castes and Scheduled Tribes in the House of the People.—(1) Seats shall be reserved in the House of the People for—

(a) the Scheduled Castes;

[1][(b) the Scheduled Tribes except the Scheduled Tribes in the autonomous districts of Assam; and]

(c) the Scheduled Tribes in the autonomous districts of Assam.

(2) The number of seats reserved in any State [2][or Union territory] for the Scheduled Castes or the Scheduled Tribes under clause (1) shall bear, as nearly as may be, the same proportion to the total number of seats allotted to that State [2][or Union territory] in the House of the People as the population of the Scheduled Castes in the State [2][or Union territory] or of the Scheduled Tribes in the State [2][or Union territory] or part of the State [2][or Union territory], as the case may be, in respect of which seats are so reserved, bears to the total population of the State [2][or Union territory].

[3][(3) Notwithstanding anything contained in clause (2), the number of seats reserved in the House of the People for the Scheduled Tribes in the autonomous districts of Assam shall bear to the total number of seats allotted to that State a proportion not less than the population of the Scheduled Tribes in the said autonomous districts bears to the total population of the State.]

[4][*Explanation.*—In this article and in article 332, the expression "population" means the population as ascertained at the last preceding census of which the relevant figures have been published:

Provided that the reference in this *Explanation* to the last preceding census of which the relevant figures have been published shall, until the relevant figures for the first census taken after the year [5][2026] have been published, be construed as a reference to the [6][2001] census.]

[7]**[330A. Reservation of seats for women in the House of the People.-**(1) Seats shall be reserved for women in the House of the People.

(2) As nearly as may be, one-third of the total number of seats reserved under clause (2) of article 330 shall be reserved for women belonging to the Scheduled Castes or the Scheduled Tribes.

(3) As nearly as may be, one-third (including the number of seats reserved for women belonging to the Scheduled Castes and the Scheduled Tribes) of the total number of seats to be filled by direct election to the House of the People shall be reserved for women.]

---

1. Subs. by the Constitution (Fifty-first Amendment) Act, 1984, s. 2, for sub-clause (b) (w.e.f. 16-6-1986).
2. Ins. by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
3. Ins. by the Constitution (Thirty-first Amendment) Act, 1973, s. 3.
4. Ins. by the Constitution (Forty-second Amendment) Act, 1976, s. 47 (w.e.f. 3-1-1977).
5. Subs. by the Constitution (Eighty-fourth Amendment) Act, 2001, s. 6, for "2000".
6. Subs. by the Constitution (Eighty-seventh Amendment) Act. 2003, s. 5, for "1991".
7. Ins. by the Constitution (One Hundred and sixth Amendment) Act, 2023, s. 3.

ഭാഗം XVI

ചില വിഭാഗങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

330. ലോകസഭയിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ.—(1) ലോകസഭയിൽ—

(ക) പട്ടികജാതികൾക്കും;

[1][(ഖ) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്രവർഗ്ഗങ്ങളൊഴികെയുള്ള പട്ടികഗോത്രവർഗ്ഗങ്ങൾക്കും;]

(ഗ) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്രവർഗ്ഗങ്ങൾക്കും,

സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സംസ്ഥാനത്തോ, [2][യൂണിയൻ പ്രദേശത്തോ] പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സംസ്ഥാനത്തിനോ [2][യൂണിയൻ പ്രദേശത്തിനോ] ലോകസഭയിൽ തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം, അപ്രകാരം സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള സംസ്ഥാനത്തെയോ [2][യൂണിയൻ പ്രദേശത്തെയോ] പട്ടികജാതികളുടെയോ ആ സംസ്ഥാനത്തിലോ [2][യൂണിയൻ പ്രദേശത്തിലോ] ഉള്ള, അല്ലെങ്കിൽ ആ സംസ്ഥാനത്തിന്റെയോ [2][യൂണിയൻ പ്രദേശത്തിന്റെയോ] ഭാഗത്തുള്ള, അതതുസംഗതിപോലെ, പട്ടികഗോത്രവർഗ്ഗങ്ങളുടെയോ ജനസംഖ്യ ആ സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതവും കഴിയുന്നതും ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

[3][(3) (2)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്രവർഗ്ഗങ്ങൾക്ക് ലോകസഭയിൽ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സംസ്ഥാനത്തിനു തിരിച്ചുവച്ചിട്ടുള്ള സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം മുൻപറഞ്ഞ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്രവർഗ്ഗക്കാരുടെ ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെയുള്ള ജനസംഖ്യയും തമ്മിലുള്ള അനുപാതത്തെക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ല.]

[4][*വിശദീകരണം.*—ഈ അനുച്ഛേദത്തിലും 332-ാം അനുച്ഛേദത്തിലും "ജനസംഖ്യ" എന്ന പ്രയോഗത്തിന് പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയിട്ടുള്ള ജനസംഖ്യ എന്ന് അർത്ഥമാകുന്നു:

എന്നാൽ, പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തൊട്ടടുത്തു കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശം [5][2026]-ാം ആണ്ടിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തമായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ [6][2001]-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി കണക്കാക്കേണ്ടതാണ്.]

[7][**330ക. ലോകസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യൽ.**—(1) ലോകസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) 330-ാം അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡപ്രകാരം സംവരണം ചെയ്തിട്ടുള്ള ആകെ എണ്ണം സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ലോകസഭയിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പ് വഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലുംപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണം ഉൾപ്പെടെ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.]

---

1 1984-ലെ ഭരണഘടന (അമ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം (ഖ) ഉപഖണ്ഡത്തിനു പകരം ചേർത്തത് (16-6-1986 മുതൽ പ്രാബല്യം).

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.

3. 1973-ലെ ഭരണഘടന (മുപ്പത്തൊന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

4. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 47-ാം വകുപ്പു പ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

5. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം "2000" എന്നതിനു പകരം ചേർത്തത്.

6. 2003-ലെ ഭരണഘടന (എൺപത്തിയേഴാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം "1991" എന്നതിനു പകരം ചേർത്തത്.

7. 2023-ലെ ഭരണഘടന (നൂറ്റി ആറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പു പ്രകാരം ചേർത്തത്.

331. Representation of the Anglo-Indian Community in the House of the People.—Notwithstanding anything in article 81, the President may, if he is of opinion that the Anglo-Indian community is not adequately represented in the House of the People, nominate not more than two members of that community to the House of the People.

332. Reservation of seats for Scheduled Castes and Scheduled Tribes in the Legislative Assemblies of the States.—(1) Seats shall be reserved for the Scheduled Castes and the Scheduled Tribes, [1][except the Scheduled Tribes in the autonomous districts of Assam], in the Legislative Assembly of every State [2] [***].

(2) Seats shall be reserved also for the autonomous districts in the Legislative Assembly of the State of Assam.

(3) The number of seats reserved for the Scheduled Castes or the Scheduled Tribes in the Legislative Assembly of any State under clause (1) shall bear, as nearly as may be, the same proportion to the total number of seats in the Assembly as the population of the Scheduled Castes in the State or of the Scheduled Tribes in the State or part of the State, as the case may be, in respect of which seats are so reserved, bears to the total population of the State.

[3][(3A) Notwithstanding anything contained in clause (3), until the taking effect, under article 170, of the re-adjustment, on the basis of the first census after the year [4][2026], of the number of seats in the Legislative Assemblies of the States of Arunachal Pradesh, Meghalaya, Mizoram and Nagaland, the seats which shall be reserved for the Scheduled Tribes in the Legislative Assembly of any such State shall be,—

(a) if all the seats in the Legislative Assembly of such State in existence on the date of coming into force of the Constitution (Fifty-seventh Amendment) Act, 1987 (hereafter in this clause referred to as the existing Assembly) are held by members of the Scheduled Tribes, all the seats except one;

(b) in any other case, such number of seats as bears to the total number of seats, a proportion not less than the number (as on the said date) of members belonging to the Scheduled Tribes in the existing Assembly bears to the total number of seats in the existing Assembly.]

[5][(3B) Notwithstanding anything contained in clause (3), until the re-adjustment, under article 170, takes effect on the basis of the first census after the year [4][2026], of the number of seats in the Legislative Assembly of the State of Tripura, the seats which shall be reserved for the Scheduled Tribes in the Legislative Assembly shall be, such number of seats as bears to the total number of seats, a proportion not less than the number, as on the date of coming into force of the Constitution (Seventy-second Amendment) Act, 1992,

1. Subs. by the Constitution (Fifty-first Amendment) Act, 1984, s. 3, for certain words (w.e.f. 16-6-1986).
2. The words and letters "specified in Part A or B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
3. Ins. by the Constitution (Fifty-seventh Amendment) Act, 1987, s. 2 (w.e.f. 21-9-1987).
4. Subs. by the Constitution (Eighty- fourth Amendment) Act, 2001, s. 7 (w.e.f. 21-2-2002).
5. Ins. by the Constitution (Seventy-second Amendment) Act, 1992, s.2 (w.e.f. 5-12-1992).

331. ലോകസഭയിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിധ്യം.— 81-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ലോകസഭയിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് അഭിപ്രായമുണ്ടെങ്കിൽ, ആ സമുദായത്തിലെ രണ്ടിൽ കവിയാതെയുള്ള അംഗങ്ങളെ ലോകസഭയിലേക്ക് നാമനിർദേശം ചെയ്യാവുന്നതാണ്.

332. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യൽ.—(1) [1][***] ഓരോ സംസ്ഥാനത്തെയും നിയമസഭയിൽ പട്ടിക ജാതികൾക്കും [2][ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ജില്ലകളിലെ പട്ടികഗോത്രവർഗ്ഗങ്ങളൊഴികെയുള്ള] പട്ടികഗോത്രവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) ആസ്സാം സംസ്ഥാനത്തെ നിയമസഭയിൽ സ്വയംഭരണാധികാരമുള്ള ജില്ലകൾക്കുകൂടി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(3) (1)-ാം ഖണ്ഡപ്രകാരം ഏതെങ്കിലും സംസ്ഥാന നിയമസഭയിൽ പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ നിയമസഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതവും, അപ്രകാരം സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിലെ പട്ടികജാതികളുടെയോ അല്ലെങ്കിൽ ആ സംസ്ഥാനത്തോ ആ സംസ്ഥാനത്തിന്റെ ഭാഗത്തിലോ ഉള്ള പട്ടികഗോത്രവർഗ്ഗങ്ങളുടെയോ, അതതുസംഗതിപോലെ, ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതവും കഴിയുന്നതും ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

[3][(3ക) (3)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [4][2026]-ാം ആണ്ടിനുശേഷമുള്ള ആദ്യ കാനേഷുമാരിയെ അടിസ്ഥാനമാക്കി 170-ാം അനുച്ഛേദപ്രകാരം അരുണാചൽ പ്രദേശ്, മേഘാലയ, മിസ്സോറാം, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളുടെ നിയമസഭകളിലെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ പുനഃക്രമീകരണം പ്രഭാവത്തിൽ വരുന്നതുവരെ, അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാന നിയമസഭയിൽ പട്ടികഗോത്രവർഗ്ഗങ്ങൾക്ക്,—

(ക) 1987-ലെ ഭരണഘടന (അൻപത്തിയേഴാം ഭേദഗതി) ആക്റ്റ്, പ്രാബല്യത്തിൽ വരുന്ന തീയതി നിലവിലുള്ള (ഈ ഖണ്ഡത്തിൽ ഇതിനുശേഷം നിലവിലുള്ള സഭ എന്നു പറയുന്ന) അങ്ങനെയുള്ള സംസ്ഥാനത്തിന്റെ നിയമസഭയിലെ എല്ലാ സ്ഥാനങ്ങളും പട്ടികഗോത്രവർഗ്ഗങ്ങളിലുള്ള അംഗങ്ങൾ വഹിക്കുന്നപക്ഷം, ഒന്നൊഴികെ എല്ലാ സ്ഥാനങ്ങളും;

(ഖ) മറ്റേതു സംഗതിയിലും അങ്ങനെയുള്ള സ്ഥാനങ്ങളുടെ എണ്ണവും മൊത്തം സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം (മേൽപ്പറഞ്ഞ തീയതിക്ക്) നിലവിലുള്ള സഭയിലെ പട്ടികഗോത്രവർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന അംഗങ്ങളുടെ എണ്ണവും നിലവിലുള്ള സഭയിലെ മൊത്തം സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതത്തെക്കാൾ കുറയാത്ത സ്ഥാനങ്ങളും,

സംവരണം ചെയ്യേണ്ടതാകുന്നു.]

[5][(3ഖ)(3)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [4][2026]-ാം ആണ്ടിനുശേഷമുള്ള ആദ്യത്തെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ത്രിപുര സംസ്ഥാനത്തിന്റെ നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണത്തിന്റെ, 170-ാം അനുച്ഛേദപ്രകാരം പുനഃക്രമീകരണം ഫലത്തിൽ വരുന്നതുവരെ, നിയമസഭയിൽ പട്ടികഗോത്രവർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങൾ, അങ്ങനെയുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതം, 1992-ലെ ഭരണഘടന (എഴുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
2. 1984-ലെ ഭരണഘടന (അൻപത്തിയൊന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചിലവാക്കുകൾക്ക് പകരം ചേർത്തത് (16-6-1986 മുതൽ പ്രാബല്യം).
3. 1987-ലെ ഭരണഘടന (അൻപത്തിയേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (21-9-1987 മുതൽ പ്രാബല്യം).
4. 2001-ലെ ഭരണഘടന (എൺപത്തിനാലാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം ചേർത്തത് (21-2-2002 മുതൽ പ്രാബല്യം).
5. 1992-ലെ ഭരണഘടന (എഴുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (5-12-1992 മുതൽ പ്രാബല്യം).

of members belonging to the Scheduled Tribes in the Legislative Assembly in existence on the said date bears to the total number of seats in that Assembly.]

(4) The number of seats reserved for an autonomous district in the Legislative Assembly of the State of Assam shall bear to the total number of seats in that Assembly a proportion not less than the population of the district bears to the total population of the State.

(5) The constituencies for the seats reserved for any autonomous district of Assam shall not comprise any area outside that district. [1][*****]

(6) No person who is not a member of a Scheduled Tribe of any autonomous district of the State of Assam shall be eligible for election to the Legislative Assembly of the State from any constituency of that district: [1][*****]

[2][Provided that for election to the Legislative Assembly of the State of Assam, the representation of the Scheduled Tribes and non-Scheduled Tribes in the constituencies included in the Bodoland Territorial Areas District, so notified, and existing prior to the constitution of the Bodoland Territorial Areas District, shall be maintained.]

***[332A. Reservation of seats for women in the Legislative Assemblies of the States.—** (1) Seats shall be reserved for women in the Legislative Assembly of every State.

(2) As nearly as may be, one-third of the total number of seats reserved under clause (3) of article 332 shall be reserved for women belonging to the Scheduled Castes or the Scheduled Tribes.

(3) As nearly as may be, one-third (including the number of seats reserved for women belonging to the Scheduled Castes and the Scheduled Tribes) of the total number of seats to be filled by direct election in the Legislative Assembly of every State shall be reserved for women.]

333. Representation of the Anglo-Indian community in the Legislative Assemblies of the States.—Notwithstanding anything in article 170, the Governor [3][****] of a State may, if he is of opinion that the Anglo-Indian community needs representation in the Legislative Assembly of the State and is not adequately represented therein, [4][nominate one member of that community to the Assembly.]

334. Reservation of seats and special representation to cease after [5][certain period].—Notwithstanding anything in the foregoing provisions of this Part, the provisions of this Constitution relating to—

(a) the reservation of seats for the Scheduled Castes and the Scheduled Tribes in the House of the People and in the Legislative Assemblies of the States; and

(b) the representation of the Anglo-Indian community in the House of the People and in the Legislative Assemblies of the States by nomination,

shall cease to have effect on the expiration of a period of [5][eighty years in respect of clause (a) and seventy years in respect of clause (b)] from the commencement of this Constitution:

Provided that nothing in this article shall affect any representation in the House of the People or in the Legislative Assembly of a State until the dissolution of the then existing House or Assembly, as the case may be.

---

1. Certain words omitted by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (w.e.f. 21-1-1972).
2. Ins. by the Constitution (Ninetieth Amendment) Act, 2003, s. 2 (w.e.f. 28-9-2003).
3. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
4. Subs. by the Constitution (Twenty-third Amendment) Act, 1969, s. 4 for "nominate such number of members of the community to the Assembly as he considers appropriate".
5. Subs. by the Constitution (One Hundred and Fourth Amendment) Act, 2019, s.2, for "seventy years" (w.e.f. 25-1-2020).

* Ins. by the Constitution (One Hundred and Sixth Amendment) Act, 2023, s. 4.

പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള നിയമസഭയിലെ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗങ്ങളുടെ എണ്ണവും, ആ സഭയിലെ സ്ഥാനങ്ങളുടെ എണ്ണവും, ആ സഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും തമ്മിലുള്ള അനുപാതത്തെക്കാൾ കുറവായിരിക്കാൻ പാടില്ലാത്തതാകുന്നു.]

(4) ആസ്സാം സംസ്ഥാനത്തെ നിയമസഭയിൽ സ്വയംഭരണാധികാരമുള്ള ഒരു ജില്ലയ്ക്ക് സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണവും ആ സഭയിലെ സ്ഥാനങ്ങളുടെ ആകെ എണ്ണവും, ആ ജില്ലയിലെ ജനസംഖ്യയും ആ സംസ്ഥാനത്തെ ആകെ ജനസംഖ്യയും തമ്മിലുള്ള ഒരു അനുപാതത്തേക്കാൾ കുറവായിരിക്കാൻ പാടുള്ളതല്ല.

(5) ആസ്സാമിലെ സ്വയംഭരണാധികാരമുള്ള ഏതെങ്കിലും ജില്ലയ്ക്ക് സംവരണം ചെയ്ത സ്ഥാനങ്ങൾക്കുവേണ്ടിയുള്ള നിയോജകമണ്ഡലങ്ങളിൽ, [1][****] ആ ജില്ലയ്ക്ക് പുറത്തുള്ള യാതൊരു പ്രദേശവും ഉൾപ്പെട്ടിരിക്കുവാൻ പാടുള്ളതല്ല.

(6) ആസ്സാം സംസ്ഥാനത്തെ സ്വയംഭരണാധികാരമുള്ള ഒരു ജില്ലയിലെ ഒരു പട്ടികഗോത്രവർഗ്ഗത്തിലെ അംഗമല്ലാത്ത യാതൊരാളും [1][****] ആ ജില്ലയിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിൽനിന്ന് ആ സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹനായിരിക്കുന്നതല്ല:

[2][എന്നാൽ ആസ്സാം സംസ്ഥാനത്തെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്ക് ബോഡോലാന്റ് ഭൂപ്രദേശ ജില്ലയിൽ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിലെ പട്ടികഗോത്രവർഗ്ഗങ്ങളുടെയും പട്ടികേതര ഗോത്രവർഗ്ഗങ്ങളുടെയും പ്രാതിനിധ്യം, അപ്രകാരം വിജ്ഞാപനം ചെയ്ത പ്രകാരമുള്ളതും ബോഡോലാന്റ് ഭൂപ്രദേശ ജില്ലയുടെ രൂപീകരണത്തിന് മുൻപ് നിലവിലുണ്ടായിരുന്നതുപോലെയും നിലനിറുത്തേണ്ടതാണ്.]

***[332ക. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യൽ.**—(1) ഓരോ സംസ്ഥാനത്തെയും നിയമസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) 332-ാം അനുച്ഛേദത്തിന്റെ (3)-ാം ഖണ്ഡപ്രകാരം സംവരണം ചെയ്തിട്ടുള്ള ആകെ എണ്ണം സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ സംസ്ഥാനത്തെയും നിയമസഭയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പ് വഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലുംപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ ഉൾപ്പെടെ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.]

333. സംസ്ഥാനങ്ങളിലെ നിയമസഭകളിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിനുള്ള പ്രാതിനിധ്യം.—170-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തെ ഗവർണ്ണർക്ക്, [3][****] ആ സംസ്ഥാനത്തിലെ നിയമസഭയിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് പ്രാതിനിധ്യം ആവശ്യമാണെന്നും ആ സമുദായത്തിന് അതിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ [4][ആ സമുദായത്തിലെ ഒരംഗത്തെ ആ സഭയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.]

334. സ്ഥാനങ്ങളുടെ സംവരണവും പ്രത്യേക പ്രാതിനിധ്യവും [5][നിശ്ചിത കാലയളവിന്] ശേഷം ഇല്ലാതാകുമെന്ന്.— ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെയായിരുന്നാലും—

(ക) ലോകസഭയിലും സംസ്ഥാനങ്ങളിലെ നിയമസഭകളിലും പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഉള്ള സ്ഥാനങ്ങളുടെ സംവരണവും;

(ഖ) ലോകസഭയിലും സംസ്ഥാനങ്ങളിലെ നിയമസഭകളിലും നാമനിർദ്ദേശം വഴിയുള്ള ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന്റെ പ്രാതിനിധ്യവും,

സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള വ്യവസ്ഥകൾക്ക് ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ [5][(ക) ഖണ്ഡം സംബന്ധിച്ച് എൺപത് വർഷത്തെയും (ഖ) ഖണ്ഡം സംബന്ധിച്ച് എഴുപത് വർഷത്തെയും] ഒരു കാലയളവ് അവസാനിക്കുന്നതിൻമേൽ പ്രഭാവം ഇല്ലാതായിത്തീരുന്നതാണ്:

എന്നാൽ ഈ അനുച്ഛേദത്തിലെ യാതൊന്നും, അപ്പോൾ നിലവിലിരിക്കുന്ന ലോകസഭയുടെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെയോ, അതതുസംഗതിപോലെ, പിരിച്ചുവിടൽവരെ ലോകസഭയിലോ ആ നിയമസഭയിലോ ഉള്ള ഏതെങ്കിലും പ്രാതിനിധ്യത്തെ ബാധിക്കുന്നില്ല.

1. 1971-ലെ വടക്ക്-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന ആക്റ്റ്) (1971-ലെ 81), 71-ാം വകുപ്പുപ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).
2. 2003-ലെ ഭരണഘടന (തൊണ്ണൂറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്, (28-9-2003 മുതൽ പ്രാബല്യം).
3. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
4. 1969-ലെ ഭരണഘടന (ഇരുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "അദ്ദേഹം സമുചിതമെന്നു കരുതുന്ന അങ്ങനെയുള്ള എണ്ണം ആ സമുദായത്തിലെ അംഗങ്ങളെ നിയമസഭയിലേക്ക് നാമനിർദ്ദേശം" എന്നതിനു പകരം ചേർത്തത്.
5. 2019-ലെ ഭരണഘടന (നൂറ്റിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം "എഴുപത് വർഷങ്ങൾ" എന്നതിനുപകരം ചേർത്തത് (25-1-2020 മുതൽ പ്രാബല്യം).

* 2023-ലെ ഭരണഘടന (നൂറ്റിആറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

*[**334A. Reservation of seats for women take effect.—**(1) Notwithstanding anything in the foregoing provision of this Part or Part VIII, the provisions of the Constitution relating to the reservation of seats for women in the House of the People, the Legislative Assembly of a State and the Legislative Assembly of the National Capital Territory of Delhi shall come into effect after an exercise of delimitation is undertaken for this purpose after the relevant figures for the first census taken after commencement of the Constitution (One Hundred and Sixth Amendment) Act, 2023 have been published and shall cease to have effect on the expiration of a period of fifteen years from such commencement.

(2)Subject to the provisions of articles 239AA,330A and 332A, seats reserved for women in the House of the People, the Legislative Assembly of a State and the Legislative Assembly of the National Capital Territory of Delhi shall continue till such date as the Parliament may by law determine.

(3) Rotation of seats reserved for women in the House of the People, the Legislative Assembly of a State and the Legislative Assembly of the National Capital Territory of Delhi shall take effect after each subsequent exercise of delimitation as the Parliament may by law determine.

(4)Nothing in this article shall affect any representation in the House of the People, the Legislative Assembly of a State or the Legislative Assembly of the National Capital Territory of Delhi until the dissolution of the then existing House of the People, Legislative Assembly of a State or the Legislative Assembly of the National Capital Territory of Delhi.]

335. Claims of Scheduled Castes and Scheduled Tribes to services and posts.— The claims of the members of the Scheduled Castes and Scheduled Tribes shall be taken into consideration, consistently with the maintenance of efficiency of administration, in the making of appointments to services and posts in connection with the affairs of the Union or of a State:

[1][Provided that nothing in this article shall prevent in making of any provision in favour of the members of the Scheduled Castes and the Scheduled Tribes for relaxation in qualifying marks in any examination or lowering the standards of evaluation, for reservation in matters of promotion to any class or classes of services or posts in connection with the affairs of the Union or of a State.]

336. Special provision for Anglo-Indian community in certain services.—(1) During the first two years after the commencement of this Constitution, appointments of members of the Anglo-Indian community to posts in the railway, customs, postal and telegraph services of the Union shall be made on the same basis as immediately before the fifteenth day of August, 1947.

During every succeeding period of two years, the number of posts reserved for the members of the said community in the said services shall, as nearly as possible, be less by ten per cent. than the numbers so reserved during the immediately preceding period of two years:

Provided that at the end of ten years from the commencement of this Constitution all such reservations shall cease.

(2) Nothing in clause (1) shall bar the appointment of members of the Anglo-Indian community to posts other than, or in addition to, those reserved for the community under that clause if such members are found qualified for appointment on merit as compared with the members of other communities.

337. Special provision with respect to educational grants for the benefit of Anglo-Indian community.—During the first three financial years after the commencement of this Constitution, the same grants, if any, shall be made by the Union and by each State [2] [***] for the benefit of the Anglo-Indian community in respect of education as were made in the financial year ending on the thirty-first day of March, 1948.

During every succeeding period of three years the grants may be less by ten per cent. than those for the immediately preceding period of three years:

Provided that at the end of ten years from the commencement of this Constitution such grants, to the extent to which they are a special concession to the Anglo-Indian community, shall cease:

Provided further that no educational institution shall be entitled to receive any grant under this article unless at least forty per cent. of the annual admissions therein are made available to members of communities other than the Anglo-Indian community.

1. Ins. by the Constitution (Eighty-second Amendment) Act, 2000, s. 2 (w.e.f. 8-9-2000).
2. The words and letters "specified in Part A or Part B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.

* Ins. by the Constitution (One Hundred and Sixth Amendment) Act, 2023, s. 5.

*[**334ക. വനിതകൾക്കായി സംവരണം ചെയ്ത സ്ഥാനങ്ങൾ പ്രഭാവത്തിൽ വരുന്നത്.**—(1) ഈ ഭാഗത്തിലെയോ VIII-ാം ഭാഗത്തിലെയോ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെയായിരുന്നാലും, ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്തത് സംബന്ധിച്ച ഭരണഘടനയുടെ വ്യവസ്ഥകൾ, ഭരണഘടന (നൂറ്റിആറാം ഭേദഗതി) ആക്റ്റ്, 2023-ന്റെ പ്രാരംഭത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം ആദ്യ കാനേഷുമാരിയുടെ പ്രസക്തമായ കണക്കുകൾ എടുത്തതിനുശേഷവും ഈ ആവശ്യത്തിനായി അതിർത്തി നിർണ്ണയിക്കൽ പ്രവൃത്തി ഏറ്റെടുത്തതിനുശേഷവും പ്രഭാവത്തിൽ വരുന്നതും അങ്ങനെയുള്ള പ്രാരംഭത്തിന്റെ പതിനഞ്ച് വർഷക്കാലയളവ് അവസാനിക്കുമ്പോൾ പ്രഭാവം ഇല്ലാതായിത്തീരുന്നതുമാണ്.

(2) 239ക ക, 330ക, 332ക എന്നീ അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള തീയതി വരെ തുടരേണ്ടതാണ്.

(3) ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി സംവരണം ചെയ്ത സ്ഥാനങ്ങളുടെ റൊട്ടേഷൻ, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന, തുടർന്നുള്ള ഓരോ അതിർത്തിനിർണ്ണയത്തിന്റെ നിർവ്വഹണത്തിന് ശേഷവും പ്രഭാവത്തിൽ വരുന്നതാണ്.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും, അപ്പോൾ നിലവിലുള്ള ലോകസഭയുടെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെയോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയുടെയോ പിരിച്ചുവിടൽ വരെ, ലോകസഭയിലെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലെയോ ഏതെങ്കിലും പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല.]

335. സർവ്വീസുകളിലേക്കും തസ്തികകളിലേക്കും പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങൾ.—ഭരണത്തിന്റെ കാര്യക്ഷമതയുടെ സംരക്ഷണവുമായി പൊരുത്തപ്പെടുന്ന വിധം യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നിയമനങ്ങൾ നടത്തുന്നതിൽ പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലുംപെട്ട അംഗങ്ങളുടെ അവകാശങ്ങൾ പരിഗണിക്കേണ്ടതാണ്:

[1][എന്നാൽ, ഈ അനുച്ഛേദത്തിലെ യാതൊന്നും യൂണിയന്റെയോ ഒരു സംസ്ഥാനത്തിന്റെയോ കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളുടെ ഏതെങ്കിലും തരത്തിലേക്കോ തരങ്ങളിലേക്കോ അല്ലെങ്കിൽ തസ്തികകളിലേക്കോ ഉള്ള ഉദ്യോഗക്കയറ്റത്തിന്റെ സംഗതിയിലുള്ള സംവരണത്തിന് പട്ടികജാതികളിലെയും പട്ടികവർഗ്ഗങ്ങളിലേയും അംഗങ്ങൾക്കുവേണ്ടി ഏതെങ്കിലും പരീക്ഷയിലെ യോഗ്യതാമാർക്കിൽ ഇളവിനോ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ കുറവുചെയ്യലിനോ എന്തെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിന് തടയുന്നതല്ല.]

336. ചില സർവ്വീസുകളിൽ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിനുവേണ്ടി പ്രത്യേക വ്യവസ്ഥ.—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു ശേഷമുള്ള ആദ്യത്തെ രണ്ടു വർഷങ്ങളിൽ യൂണിയന്റെ റെയിൽവേ, കസ്റ്റംസ്, തപാൽ, കമ്പി എന്നീ സർവ്വീസുകളിലെ തസ്തികകളിലേക്ക് ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിലെ അംഗങ്ങളുടെ നിയമനങ്ങൾ 1947 ആഗസ്റ്റ് പതിനഞ്ചാം തീയതിക്ക് തൊട്ടുമുമ്പുണ്ടായിരുന്ന അതേ അടിസ്ഥാനത്തിൽതന്നെ നടത്തേണ്ടതാണ്.

തുടർന്നു വരുന്ന ഓരോ രണ്ടു വർഷക്കാലത്തും മേൽപ്പറഞ്ഞ സമുദായത്തിലെ അംഗങ്ങൾക്ക് മേൽപ്പറഞ്ഞ സർവ്വീസുകളിൽ സംവരണം ചെയ്യുന്ന തസ്തികകളുടെ എണ്ണം അതിനു തൊട്ടു മുമ്പുള്ള രണ്ടുവർഷക്കാലത്ത് അപ്രകാരം സംവരണം ചെയ്തിരുന്ന എണ്ണത്തിൽ പത്ത് ശതമാനത്തോട് കഴിയുന്നതും അടുത്തുവരുന്നിടത്തോളം കുറവായിരിക്കേണ്ടതാണ്:

എന്നാൽ, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തു വർഷത്തിന്റെ അവസാനത്തിൽ അപ്രകാരമുള്ള എല്ലാ സംവരണങ്ങളും ഇല്ലാതാകുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും, ആ ഖണ്ഡപ്രകാരം ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് സംവരണം ചെയ്തിട്ടുള്ളതല്ലാതെയുള്ളതോ, സംവരണം ചെയ്തിട്ടുള്ളതിൽ കൂടുതലായുള്ളതോ ആയ തസ്തികകളിലേക്കുള്ള ആ സമുദായത്തിലെ അംഗങ്ങളുടെ നിയമനത്തെ, അങ്ങനെയുള്ള അംഗങ്ങൾ മറ്റു സമുദായങ്ങളിലെ അംഗങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ സാമർത്ഥ്യം കൊണ്ട് നിയമനത്തിന് യോഗ്യരാണെന്ന് കാണപ്പെടുകയാണെങ്കിൽ തടയുന്നതല്ല.

337. ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന്റെ ഗുണത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ സഹായധനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—യൂണിയനും [2][***] ഓരോ സംസ്ഥാനവും ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന്റെ ഗുണത്തിനുവേണ്ടി വിദ്യാഭ്യാസം സംബന്ധിച്ച് 1948 മാർച്ച് മുപ്പത്താന്നാം തീയതി അവസാനിക്കുന്ന സാമ്പത്തികവർഷം ഏതെങ്കിലും സഹായധനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആ സഹായധനങ്ങൾ തന്നെ ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷമുള്ള ആദ്യത്തെ മൂന്നു സാമ്പത്തിക വർഷവും നൽകേണ്ടതാണ്.

തുടർന്നുവരുന്ന ഓരോ മൂന്നു വർഷക്കാലത്തും ആ സഹായധനങ്ങൾ അതിന് തൊട്ടു മുമ്പുള്ള മൂന്നു വർഷക്കാലത്ത് ഉണ്ടായിരുന്നവയിൽ നിന്ന് പത്തുശതമാനം കുറഞ്ഞിരിക്കാവുന്നതാണ്:

എന്നാൽ, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തു വർഷത്തിന്റെ അവസാനത്തിൽ അങ്ങനെയുള്ള സഹായധനങ്ങൾ, അവ ആംഗ്ലോ-ഇൻഡ്യൻ സമുദായത്തിന് ഒരു പ്രത്യേക ആനുകൂല്യമായിരിക്കുന്നിടത്തോളം, ഇല്ലാതാകുന്നതാണ്:

എന്നുമാത്രമല്ല, യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും അതിലേക്ക് വർഷംതോറുമുള്ള പ്രവേശനങ്ങളിൽ കുറഞ്ഞത് നാൽപ്പതു ശതമാനം ആംഗ്ലോ-ഇൻഡ്യൻ സമുദായമല്ലാത്ത സമുദായങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ലാത്തപക്ഷം, ഈ അനുച്ഛേദപ്രകാരമുള്ള ഏതെങ്കിലും സഹായധനം ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

1. 2000-ലെ ഭരണഘടന (എൺപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്. (8-9-2000 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയിലെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

* 2023-ലെ ഭരണഘടന (നൂറ്റിആറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.

338. [1]**[National Commission for Scheduled Castes].—** [2][(1) There shall be a Commission for the Scheduled Castes to be known as the National Commission for the Scheduled Castes.

(2) Subject to the provisions of any law made in this behalf by Parliament, the Commission shall consist of a Chairperson, Vice-Chairperson and three other Members and the conditions of service and tenure of office of the Chairperson, Vice-Chairperson and other Members so appointed shall be such as the President may by rule determine.]

(3) The Chairperson, Vice-Chairperson and other Members of the Commission shall be appointed by the President by warrant under his hand and seal.

(4) The Commission shall have the power to regulate its own procedure.

(5) It shall be the duty of the Commission—

(a) to investigate and monitor all matters relating to the safeguards provided for the Scheduled Castes [3][***] under this Constitution or under any other law for the time being in force or under any order of the Government and to evaluate the working of such safeguards;

(b) to inquire into specific complaints with respect to the deprivation of rights and safeguards of the Scheduled Castes [3][***];

(c) to participate and advise on the planning process of socio-economic development of the Scheduled Castes [3][***] and to evaluate the progress of their development under the Union and any State;

(d) to present to the President, annually and at such other times as the Commission may deem fit, reports upon the working of those safeguards;

(e) to make in such reports recommendations as to the measures that should be taken by the Union or any State for the effective implementation of those safeguards and other measures for the protection, welfare and socio-economic development of the Scheduled Castes [3][***]; and

(f) to discharge such other functions in relation to the protection, welfare and development and advancement of the Scheduled Castes [3][***] as the President may, subject to the provisions of any law made by Parliament, by rule specify.

(6) The President shall cause all such reports to be laid before each House of Parliament along with a memorandum explaining the action taken or proposed to be taken on the recommendations relating to the Union and the reasons for the non-acceptance, if any, of any of such recommendations.

---

1. Subs. by the Constitution (Eighty-ninth Amendment) Act, 2003, s. 2 (w.e.f. 19-2-2004).
2. Subs. by s. 2, ibid., for cls. (1) and (2) (w.e.f. 19-2-2004).
3. The words “and Scheduled Tribes” omitted by s. 2, ibid. (w.e.f. 19-2-2004).

338. [1][**ദേശീയ പട്ടികജാതി കമ്മീഷൻ**].—[2][(1) പട്ടികജാതിക്കുവേണ്ടി ദേശീയ പട്ടികജാതി കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേക്ക് പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സണും വൈസ്-ചെയർപേഴ്സണും മറ്റു മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സന്റെയും വൈസ്-ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗ കാലാവധിയും ചട്ടം വഴി രാഷ്ട്രപതി തീരുമാനിക്കാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.]

(3) കമ്മീഷന്റെ ചെയർപേഴ്സണെയും വൈസ്-ചെയർപേഴ്സണെയും, മറ്റംഗങ്ങളെയും തന്റെ കൈയൊപ്പും മുദ്രയും വച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിന്റെതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) (ക) പട്ടികജാതികൾക്ക് [3][***] ഈ ഭരണഘടനപ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവു പ്രകാരമോ വ്യവസ്ഥചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും;

(ഖ) പട്ടികജാതികൾക്കുള്ള [3][***] അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയും;

(ഗ) പട്ടികജാതികളുടെ [3][***] സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും, യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കീഴിലുള്ള അവരുടെ വികസനത്തിന്റെ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിൻമേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റു സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും;

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും പട്ടികജാതികളുടെ [3][***] സംരക്ഷണത്തിനും, ക്ഷേമത്തിനും, സാമൂഹിക-സാമ്പത്തിക വികസനത്തിനുമുള്ള മറ്റു നടപടികളും സംബന്ധിച്ച ശിപാർശകൾ ചെയ്യുകയും;

(ച) പട്ടികജാതികളുടെ [3][***] സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രാഷ്ട്രപതി ചട്ടം വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും, യൂണിയനെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

---

1. 2003-ലെ ഭരണഘടന (എൺപത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം പകരം ചേർത്തത് (19-2-2004 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം (1)-ം (2)-ം ഖണ്ഡങ്ങൾക്കു പകരം ചേർത്തത് (19-2-2004 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം, "യും പട്ടികഗോത്രവർഗ്ഗങ്ങളേയും" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (19-2-2004 മുതൽ പ്രാബല്യം).

(7) Where any such report, or any part thereof, relates to any matter with which any State Government is concerned, a copy of such report shall be forwarded to the Governor of the State who shall cause it to be laid before the Legislature of the State along with a memorandum explaining the action taken or proposed to be taken, on the recommendations relating to the State and the reasons for the non-acceptance, if any, of any of such recommendations.

(8) The Commission shall, while investigating any matter referred to in sub-clause (a) or inquiring into any complaint referred to in sub-clause (b) of clause (5), have all the powers of a civil court trying a suit and in particular in respect of the following matters, namely:—

(a) summoning and enforcing the attendance of any person from any part of India and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavits;

(d) requisitioning any public record or copy thereof from any court or office;

(e) issuing commissions for the examination of witnesses and documents;

(f) any other matter which the President may, by rule, determine.

(9) The Union and every State Government shall consult the Commission on all major policy matters affecting Scheduled Castes [1][***].

[2][(10)] In this article, references to the Scheduled Castes [1] [***] shall be construed as including references [3] [***] to the Anglo-Indian community.

[4][338A. National Commission for Scheduled Tribes.—(1) There shall be a Commission for the Scheduled Tribes to be known as the National Commission for the Scheduled Tribes.

(2) Subject to the provisions of any law made in this behalf by Parliament, the Commission shall consist of a Chairperson, Vice-Chairperson and three other Members and the conditions of service and tenure of office of the Chairperson, Vice-Chairperson and other Members so appointed shall be such as the President may by rule determine.

1. The words "and Schedule Tribes" omitted by the Constitution (Eighty-ninth Amendment) Act, 2003, s. 2 (w.e.f. 19-2-2004).
2. Clause (3) renumbered as clause (10) by the Constitution (Sixty-fifth Amendment) Act, 1990, s. 2 (w.e.f. 12-3-1992).
3. The words, brackets and figures "to such other backward classes as the President may, on receipt of the report of a Commission appointed under clause (1) of article 340, by order specify and also" omitted by the Constitution (One Hundred and Second Amendment) Act, 2018, s.2 (w.e.f. 15-8-2018).
4. Ins. by the Constitution (Eighty-ninth Amendment) Act, 2003, s.3 (w.e.f 19-2-2004).

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത് അങ്ങനെയുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാനത്തിന്റെ ഗവർണ്ണർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അത് സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതാണ്.

(8) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ, (5)-ാം ഖണ്ഡം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത്;

(ച) രാഷ്ട്രപതി ചട്ടം വഴി നിർണ്ണയിക്കാവുന്ന മറ്റേതൊരു സംഗതിയും.

(9) പട്ടികജാതികളെ [1][****] ബാധിക്കുന്ന നയപരമായ എല്ലാ പ്രധാനകാര്യങ്ങളിൻമേലും യൂണിയനും ഓരോ സംസ്ഥാന സർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.

[2][(10)] ഈ അനുച്ഛേദത്തിൽ പട്ടികജാതികളെ [1][****] പറ്റിയുള്ള പരാമർശങ്ങൾക്ക് [3][***] ആംഗ്ലോ-ഇൻഡ്യൻ സമുദായത്തെപ്പറ്റിയും ഉള്ള പരാമർശങ്ങളും ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

[4][**338ക. ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷൻ.**—(1) പട്ടികഗോത്രവർഗ്ഗങ്ങൾക്കുവേണ്ടി ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേക്ക് പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സണും വൈസ്-ചെയർപേഴ്സണും മറ്റ് മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സന്റെയും വൈസ്-ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും ചട്ടം വഴി രാഷ്ട്രപതി തീരുമാനിക്കാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

---

1. 2003-ലെ ഭരണഘടന (എൺപത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "യും പട്ടികഗോത്രവർഗ്ഗങ്ങളെയും" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (19-2-2004 മുതൽ പ്രാബല്യം).
2. 1990-ലെ ഭരണഘടന (അറുപത്തിയഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം (3)-ാം ഖണ്ഡം (10)-ാം ഖണ്ഡമായി വീണ്ടും അക്കമിട്ടു (12-3-1992 മുതൽ പ്രാബല്യം).
3. 2018-ലെ ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "340-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷന്റെ റിപ്പോർട്ട് കിട്ടുന്നതിന്മേൽ രാഷ്ട്രപതി ഉത്തരവ് മുഖേന നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റ് പിന്നാക്ക വിഭാഗങ്ങളെപ്പറ്റിയും, കൂടാതെ" എന്നീ വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും വിട്ടുകളഞ്ഞു (15-8-2018 മുതൽ പ്രാബല്യം).
4. 2003-ലെ ഭരണഘടന (എൺപത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (19-2-2004 മുതൽ പ്രാബല്യം).

(3) The Chairperson, Vice-Chairperson and other Members of the Commission shall be appointed by the President by warrant under his hand and seal.

(4) The Commission shall have the power to regulate its own procedure.

(5) It shall be the duty of the Commission—

(a) to investigate and monitor all matters relating to the safeguards provided for the Scheduled Tribes under this Constitution or under any other law for the time being in force or under any order of the Government and to evaluate the working of such safeguards;

(b) to enquire into specific complaints with respect to the deprivation of rights and safeguards of the Scheduled Tribes;

(c) to participate and advise on the planning process of socio-economic development of the Scheduled Tribes and to evaluate the progress of their development under the Union and any State;

(d) to present to the President, annually and at such other times as the Commission may deem fit, reports upon the working of those safeguards;

(e) to make in such reports recommendations as to the measures that should be taken by the Union or any State for the effective implementation of those safeguards and other measures for the protection, welfare and socio-economic development of the Scheduled Tribes; and

(f) to discharge such other functions in relation to the protection, welfare and development and advancement of the Scheduled Tribes as the President may, subject to the provisions of any law made by Parliament, by rule specify.

(6) The President shall cause all such reports to be laid before each House of Parliament along with a memorandum explaining the action taken or proposed to be taken on the recommendations relating to the Union and the reasons for the non-acceptance, if any, of any of such recommendations.

(7) Where any such report, or any part thereof, relates to any matter with which any State Government is concerned, a copy of such report shall be forwarded to the Governor of the State who shall cause it to be laid before the Legislature of the State along with a memorandum explaining the action taken or proposed to be taken on the recommendations relating to the State and the reasons for the non-acceptance, if any, of any of such recommendations.

(3) കമ്മീഷന്റെ ചെയർപേഴ്സനെയും വൈസ്-ചെയർപേഴ്സനെയും, മറ്റംഗങ്ങളെയും തന്റെ കൈയൊപ്പും മുദ്രയുംവച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിന്റെതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) (ക) പട്ടികഗോത്രവർഗ്ഗങ്ങൾക്ക് ഈ ഭരണഘടനപ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവുപ്രകാരമോ വ്യവസ്ഥചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും;

(ഖ) പട്ടികഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയും;

(ഗ) പട്ടികഗോത്രവർഗ്ഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും, യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കീഴിലുള്ള അവരുടെ വികസനത്തിന്റെ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിൻമേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റു സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും;

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും പട്ടികഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണത്തിനും, ക്ഷേമത്തിനും, സാമൂഹിക-സാമ്പത്തിക വികസനത്തിനുമുള്ള മറ്റു നടപടികളും സംബന്ധിച്ച ശിപാർശകൾ ചെയ്യുകയും;

(ച) പട്ടികഗോത്രവർഗ്ഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രാഷ്ട്രപതി ചട്ടം വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും, യൂണിയനെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത്, അങ്ങനെയുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാനത്തിന്റെ ഗവർണ്ണർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അത് സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, വല്ലതുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതാണ്.

(8) The Commission shall, while investigating any matter referred to in sub-clause (a) or inquiring into any complaint referred to in sub-clause (b) of clause (5), have all the powers of a civil court trying a suit and in particular in respect of the following matters, namely:—

(a) summoning and enforcing the attendance of any person from any part of India and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavits;

(d) requisitioning any public record or copy thereof from any court or office;

(e) issuing commissions for the examination of witnesses and documents;

(f) any other matter which the President may, by rule, determine.

(9) The Union and every State Government shall consult the Commission on all major policy matters affecting Scheduled Tribes.]

[1][**338B. National Commission for Backward Classes.—**(1) There shall be a Commission for the socially and educationally backward classes to be known as the National Commission for Backward Classes.

(2) Subject to the provisions of any law made in this behalf by Parliament the Commission shall consist of a Chairperson, Vice-Chairperson and three other Members and the conditions of service and tenure of office of the Chairperson, Vice-Chairperson and other Members so appointed shall be such as the President may by rule determine.

(3) The Chairperson, Vice-Chairperson and other Members of the Commission shall be appointed by the President by warrant under his hand and seal.

(4) The Commission shall have the power to regulate its own procedure.

(5) It shall be the duty of the Commssion—

(a) to investigate and monitor all matters relating to the safeguards provided for the socially and educationally backward classes under this Constitution or under any other law for the time being in force or under any order of the Government and to evaluate the working of such safeguards;

(b) to inquire into specific complaints with respect to the deprivation of rights and safeguards of the socially and educationally backward classes;

(c) to participate and advise on the socio-economic development of the socially and educationally backward classes and to evaluate the progress of their development under the Union and any State;

(d) to present to the President, annually and at such other times as the Commission may deem fit, reports upon the working of those safeguards;

1. Ins. by the Constitution (One Hundred and Second Amendment) Act, 2018, s.3 (w.e.f. 15-8-2018).

(8) ഖണ്ഡം (5)-ലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത്;

(ച) രാഷ്ട്രപതി ചട്ടം വഴി നിർണ്ണയിക്കാവുന്ന മറ്റേതൊരു സംഗതിയും.

(9) പട്ടികഗോത്രവർഗ്ഗങ്ങളെ ബാധിക്കുന്ന നയപരമായ എല്ലാ പ്രധാനകാര്യങ്ങളിൻമേലും യൂണിയനും ഓരോ സംസ്ഥാന സർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.]

[1][**338ഖ. ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ.**—(1) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾക്കായി ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേയ്ക്ക് പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സനും വൈസ്-ചെയർപേഴ്സനും മറ്റ് മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സന്റേയും വൈസ്-ചെയർപേഴ്സന്റേയും മറ്റംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും ചട്ടം മുഖേന രാഷ്ട്രപതി തീരുമാനിക്കാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതുമാണ്.

(3) കമ്മീഷന്റെ ചെയർപേഴ്സനെയും വൈസ്-ചെയർപേഴ്സനെയും, മറ്റംഗങ്ങളെയും തന്റെ കൈയ്യൊപ്പും മുദ്രയുംവച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിന്റെതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) (ക) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾക്ക് ഈ ഭരണഘടന പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവ് പ്രകാരമോ വ്യവസ്ഥ ചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും;

(ഖ) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾക്കുള്ള അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയും;

(ഗ) സാമൂഹ്യമായും വിദ്യാഭ്യസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും യൂണിയന്റെയും ഏതെങ്കിലും സംസ്ഥാനത്തിന്റെയും കീഴിലുള്ള അവരുടെ വികസനത്തിന്റെ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും;

1. 2018-ലെ ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (15-8-2018 മുതൽ പ്രാബല്യം).

(e) to make in such reports the recommendations as to the measures that should be taken by the Union or any State for the effective implementation of those safequards and other measures for the protection,welfare and socio-economic development of the socially and educationally backward classes; and

(f) to discharge such other functions in relation to the protection, welfare and development and advancement of the socially and educationally backward classes as the President may; subject to the provisions of any law made by Parliament, by rule specify.

(6) The President shall cause all such reports to be laid before each House of Parliament along with a memorandum explaining the action taken or proposed to be taken on the recommendations relating to the Union and the reasons for the non-acceptance, if any, of any of such recommendations.

(7) Where any such report, or any part thereof, relates to any matter with which any State Government is concerned, a copy of such report shall be forwarded to the State Government which shall cause it to be laid before the legislature of the State along with a memorandum explaining the action taken or proposed to be taken on the recommendations relating to the State and the reasons for the non-acceptance, if any, of any of such recommendations.

(8) The Commission shall, while investigating any matter refered to in sub-clause *(a)* or inquring into any complaint referred to in sub-clause (b) of clause (5), have all the powers of a civil court trying a suit and in particular in respect of the following matters, namely:—

(a) summoning and enforcing the attendance of any person from any part of India and examining him on oath;

(b) requiring the discovery and production of any document;

(c) receiving evidence on affidavits;

(d) requisitioning any public record or copy thereof from any court or office;

(e) issuing commissions for the examination of witnesses and documents;

(f) any other matter which the President may, by rule, determine.

(9) The Union and every State Government shall consult the Commission on all major policy matters affecting the socially and educationally backward classes:

[1][Provided that nothing in this clause shall apply for the purposes of clause (3) of article 342A.]

339. Control of the Union over the administration of Scheduled Areas and the welfare of Scheduled Tribes.—(1) The President may at any time and shall, at the expiration of ten years from the commencement of this Constitution by order appoint a Commission to report on the administration of the Scheduled Areas and the welfare of the Scheduled Tribes in the States [2][***].

The order may define the composition, powers and procedure of the Commission and may contain such incidental or ancillary provisions as the President may consider necessary or desirable.

(2) The executive power of the Union shall extend to the giving of directions to [3][a State] as to the drawing up and execution of schemes specified in the direction to be essential for the welfare of the Scheduled Tribes in the State.

1. Ins. by Constitution (One Hundred and Fifth Amendment) Act, 2021, s.2 (w.e.f. 15-9-2021).

2. The words and letters ''specified ín Part A or Part B of the First Schedule'' omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

3. Subs. by s.29 and Sch., ibid., for "any such State".

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും സാമൂഹ്യ-സാമ്പത്തിക വികസനത്തിനുമുള്ള മറ്റ് നടപടികളും സംബന്ധിച്ച് ശിപാർശകൾ ചെയ്യുകയും;

(ച) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി രാഷ്ട്രപതി ചട്ടം വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കേണ്ടതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും യൂണിയനെ സംബന്ധിച്ച ശിപാർശകളിന്മേൽ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത് അങ്ങനെയുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സംസ്ഥാന സർക്കാർ അത് സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിന്മേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും, എന്തെങ്കിലുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

(8) ഖണ്ഡം (5)-ലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിന്മേൽ വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലങ്ങളിന്മേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത്;

(ച) രാഷ്ട്രപതി ചട്ടം വഴി നിർണ്ണയിക്കാവുന്ന മറ്റേതൊരു സംഗതിയും.

(9) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളെ ബാധിക്കുന്ന നയപരമായ എല്ലാ പ്രധാന കാര്യങ്ങളിന്മേലും യൂണിയനും ഓരോ സംസ്ഥാന സർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്:]

[1][എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും 342 ക അനുച്ഛേദം (3)-ാം ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക് ബാധകമാകുന്നതല്ല.]

339. പട്ടിക പ്രദേശങ്ങളുടെ ഭരണത്തിൻമേലും പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിൻമേലും യൂണിയനുള്ള നിയന്ത്രണം.—(1) [2][****] സംസ്ഥാനങ്ങളിലെ പട്ടിക പ്രദേശങ്ങളുടെ ഭരണത്തെപ്പറ്റിയും പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തെപ്പറ്റിയും റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവു വഴി ഒരു കമ്മീഷനെ രാഷ്ട്രപതിക്ക് ഏത് സമയത്തും നിയമിക്കാവുന്നതും, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തുവർഷത്തിന്റെ അവസാനത്തിൽ, രാഷ്ട്രപതി നിയമിക്കേണ്ടതും ആകുന്നു.

ആ കമ്മീഷന്റെ ഘടനയും അധികാരങ്ങളും നടപടിക്രമങ്ങളും ആ ഉത്തരവ് നിർവ്വചിക്കാവുന്നതും, ആവശ്യമോ അഭിലഷണീയമോ ആയി രാഷ്ട്രപതിക്ക് തോന്നുന്ന യുക്തമോ സഹായകമോ ആയ വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതും ആകുന്നു.

(2) യൂണിയന്റെ നിർവ്വാഹകാധികാരം, ഒരു സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിന് അത്യാവശ്യമാണെന്ന് നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച് [3][ആ സംസ്ഥാന]ത്തിന്, നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് വ്യാപിക്കുന്നതാണ്.

1. 2021-ലെ ഭരണഘടന (നൂറ്റിഅഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത് (15-9-2021 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള'' എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
3. മേൽപ്പറഞ്ഞ ആകറ്റ്, 29—ാം വകുപ്പും പട്ടികയും പ്രകാരം ''അങ്ങനെയുള്ള ഏതെങ്കിലും സംസ്ഥാനം'' എന്നതിന് പകരം ചേർത്തത്.

340. Appointment of a Commission to investigate the conditions of backward classes.—(1) The President may by order appoint a Commission consisting of such persons as he thinks fit to investigate the conditions of socially and educationally backward classes within the territory of India and the difficulties under which they labour and to make recommendations as to the steps that should be taken by the Union or any State to remove such difficulties and to improve their condition and as to the grants that should be made for the purpose by the Union or any State and the conditions subject to which such grants should be made, and the order appointing such Commission shall define the procedure to be followed by the Commission.

(2) A Commission so appointed shall investigate the matters referred to them and present to the President a report setting out the facts as found by them and making such recommendations as they think proper.

(3) The President shall cause a copy of the report so presented together with a memorandum explaining the action taken thereon to be laid before each House of Parliament.

341. Scheduled Castes.—(1) The President [1][may with respect to any State [2][or Union territory,] and where it is a State [3][***], after consultation with the Governor [4][***] thereof] by public notification,* specify the castes, races or tribes or parts of or groups within castes, races or tribes which shall for the purposes of this Constitution be deemed to be Scheduled Castes in relation to that State [2][or Union territory, as the case may be.]

(2) Parliament may by law include in or exclude from the list of Scheduled Castes specified in a notification issued under clause (1) any caste, race or tribe or part of or group within any caste, race or tribe, but save as aforesaid a notification issued under the said clause shall not be varied by any subsequent notification.

---

1. Subs.by the Constitution (First Amendment) Act, 1951, s.10 for "may, after consultation with the Governor or Rajpramukh of a State".
2. Ins. by the Constitution (Seventh Amendment) Act, 1956, s.29 and Sch.
3. The words and letters "specified in Part A or Part B of the First Schedule" omitted by s. 29 and Sch., ibid.
4. The words "or Rajpramukh" omitted by s. 29 and Sch., ibid.

*. See the Constitution (Scheduled Castes) Order, 1950 (C.O. 19), the Constitution (Scheduled Castes) (Union Territories) Order, 1951, (C.O. 32), the Constitution (Jammu and Kashmir) Scheduled Castes Order, 1956 (C. O. 52), the Constitution (Dadra and Nagar Haveli) Scheduled Castes Order, 1962, (C. O. 64), the Constitution (Pondicherry) Schedule Castes Order, 1964 (C. O. 68), the Constitution (Goa, Daman and Diu) Scheduled Castes Order, 1968 (C. O. 81) and the Constitution (Sikkim) Scheduled Castes Order, 1978 (C. O. 110).

340. പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥകളെപ്പറ്റി അന്വേഷിക്കുന്നതിനുള്ള ഒരു കമ്മീഷന്റെ നിയമനം.—(1) രാഷ്ട്രപതിക്ക്, ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ അവസ്ഥകളെയും അവർ അനുഭവിക്കുന്ന വിഷമതകളെയുംപറ്റി അന്വേഷിക്കുവാനും, അങ്ങനെയുള്ള വിഷമതകൾ നീക്കം ചെയ്യുവാനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുവാനും യൂണിയനോ, ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളെക്കുറിച്ചും, ആ ആവശ്യത്തിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ നൽകേണ്ട സഹായധനങ്ങളെക്കുറിച്ചും അങ്ങനെയുള്ള സഹായധനങ്ങൾ നൽകേണ്ടത് ഏത് ഉപാധികൾക്ക് വിധേയമായാണോ ആ ഉപാധികളെക്കുറിച്ചും ശിപാർശകൾ ചെയ്യുവാനുമായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ആളുകൾ അടങ്ങുന്ന ഒരു കമ്മീഷനെ ഉത്തരവു വഴി നിയമിക്കാവുന്നതും, അങ്ങനെയുള്ള കമ്മീഷനെ നിയമിക്കുന്ന ഉത്തരവ് ആ കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർവ്വചിച്ചിരിക്കേണ്ടതും ആകുന്നു.

(2) അപ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷൻ, അവർക്ക് അയച്ചുകൊടുത്തിട്ടുള്ള വിഷയങ്ങളെപ്പറ്റി അന്വേഷിക്കുകയും, അവർ കാണുന്നതുപോലെ വസ്തുതകൾ വിവരിച്ചുകൊണ്ടും അവർക്ക് ഉചിതമെന്ന് തോന്നുന്ന ശിപാർശകൾ ചെയ്തുകൊണ്ടും രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(3) അങ്ങനെ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ ഒരു പകർപ്പ്, അതിൻമേൽ എടുത്തിട്ടുള്ള നടപടി വിശദീകരിക്കുന്ന ഒരു വിവരക്കുറിപ്പോടുകൂടി, രാഷ്ട്രപതി പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

341. പട്ടികജാതികൾ.—(1) രാഷ്ട്രപതിക്ക് [1][ഏതെങ്കിലും സംസ്ഥാനത്തെയോ, [2][യൂണിയൻ പ്രദേശത്തെയോ] സംബന്ധിച്ച് [3][***]അത് ഒരു സംസ്ഥാനമാണെങ്കിൽ അതിലെ ഗവർണ്ണറോട് [4][***] ആലോചിച്ചതിനുശേഷം] പൊതുവിജ്ഞാപനം വഴി* ആ സംസ്ഥാനത്തെയോ [2][യൂണിയൻ പ്രദേശത്തെയോ, അതതുസംഗതിപോലെ,] സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് പട്ടികജാതികളായി കരുതേണ്ട ജാതികളെയും വർഗ്ഗങ്ങളെയും ഗോത്രവർഗ്ഗങ്ങളെയും അല്ലെങ്കിൽ ജാതികളുടെയോ വർഗ്ഗങ്ങളുടെയോ ഗോത്രങ്ങളുടെയോ ഭാഗങ്ങളെയും, അല്ലെങ്കിൽ അവയിലെ അവാന്തര വിഭാഗങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടികജാതികളുടെ ലിസ്റ്റിൽ പാർലമെന്റിന്, നിയമം വഴി ഏതെങ്കിലും ജാതിയെയോ വർഗ്ഗത്തെയോ ഗോത്രവർഗ്ഗത്തെയോ അല്ലെങ്കിൽ ഏതെങ്കിലും ജാതിയുടെയോ വർഗ്ഗത്തിന്റെയോ ഗോത്രവർഗ്ഗത്തിന്റെയോ ഭാഗത്തെയോ, അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗത്തെയോ ഉൾപ്പെടുത്തുകയോ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞ രീതിയിലൊഴികെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനം വഴി വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു.

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പുപ്രകാരം "ഒരു സംസ്ഥാനത്തെ ഗവർണ്ണറുമായോ രാജപ്രമുഖനുമായോ കൂടി ആലോചിച്ചതിനുശേഷം" എന്നതിനു പകരം ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
4. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

* 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവ് (സി. ഒ. 19), 1951-ലെ ഭരണഘടന (പട്ടികജാതികൾ) (യൂണിയൻ പ്രദേശങ്ങൾ) ഉത്തരവ് (സി. ഒ. 32),1956-ലെ ഭരണഘടന(ജമ്മു-കാശ്മീർ) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 52), 1962-ലെ ഭരണഘടന (ദാദ്രയും നഗർ ഹവേലിയും) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 64), 1964-ലെ (പോണ്ടിച്ചേരി) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 68). 1968-ലെ ഭരണഘടന (ഗോവ, ദാമൻ, ദിയു) പട്ടികജാതികൾ ഉത്തരവ് (സി. ഒ. 81), 1978-ലെ ഭരണഘടന (സിക്കിം) പട്ടിക ജാതികൾ ഉത്തരവ് (സി. ഒ. 110) എന്നിവ കാണുക.

342. Scheduled Tribes.—(1) The President [1][may with respect to any State [2][or Union Territory], and where it is a State [3][****], after consultation with the Governor [4][****] thereof,] by public notification*, specify the tribes or tribal communities or parts of or groups within tribes or tribal communities which shall for the purposes of this Constitution be deemed to be Scheduled Tribes in relation to that State [2][or Union territory, as the case may be.]

(2) Parliament may by law include in or exclude from the list of Scheduled Tribes specified in a notification issued under clause (1) any tribe or tribal community or part of or group within any tribe or tribal community, but save as aforesaid a notification issued under the said clause shall not be varied by any subsequent notification.

[5]**[342A. Socially and educationally backward classes.—**(1) The President may with respect to any State or Union Territory, and where it is a State, after consultation with the Governor thereof, by public notification, specify [6][the socially and educationally backward classes in the Central List which shall for the purposes of the Central Government] be deemed to be socially and educationally backward classes in relation to that State or Union Territory, as the case may be.

(2) Parliament may by law include in or exclude from the Central List of socially and educationally backward classes specified in a notification issued under clause (1) any socially and educationally backward class, but save as aforesaid a notification issued under the said clause shall not be varied by any subsequent notification.]

[7][*Explanation*.— For the purposes of clauses (1) and (2), the expression "Central List" means the list of socially and educationally backward classes prepared and maintained by and for the Central Government.

(3) Notwithstanding anything contained in clauses (1) and (2), every State or Union territory may, by law, prepare and maintain, for its own purposes, a list of socially and educationally backward classes, entries in which may be different from the Central List.]

---

1. Subs. by the Constitution (First Amendment) Act, 1951, s. 11, for "may, after consultation with the Governor or Rajpramukh of a State".
2. Ins. by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
3. The words and letters "specified in Part A or Part B of the First Schedule" omitted by s. 29 and Sch., ibid.
4. The words "or Rajpramukh" omitted by s. 29 and Sch., ibid.

* See the Constitution (Scheduled Tribes) Order, 1950 (C. O. 22), the Constitution (Scheduled Tribes) (Union Territories) Order, 1951 (C. O. 33), the Constitution (Andaman and Nicobar Islands) (Scheduled Tribes) Order, 1959 (C. O. 58), the Constitution (Dadra and Nagar Haveli) (Scheduled Tribes) Order, 1962 (C. O. 65), the Constitution (Scheduled Tribes) (Uttar Pradesh) Order, 1967 (C. O. 78), the Constitution (Goa, Daman and Diu) Scheduled Tribes Order, 1968 (C. O. 82), the Constitution (Nagaland) Scheduled Tribes Order, 1970 (C. O. 88) and the Constitution (Sikkim) Scheduled Tribes Order, 1978 (C. O. 111).

5. Ins. by the Constitution (One Hundred and Second Amendment) Act, 2018, s.4 (w.e.f. 15-8-2018).
6. Subs. by the Constitution (One Hundred and Fifth Amendment) Act, 2021, s.3 for "the socially and educationally backward classes which shall for the purposes of this Constitution" (w.e.f. 15-9-2021).
7. Ins. by the Constitution (One Hundred and Fifth Amendment) Act, 2021, s.3 (w.e.f. 15-9-2021).

342. പട്ടികഗോത്രവർഗ്ഗങ്ങൾ.—(1) രാഷ്ട്രപതിക്ക് [1][ഏതെങ്കിലും സംസ്ഥാനത്തെയോ, [2][യൂണിയൻ പ്രദേശത്തെയോ] സംബന്ധിച്ച് [3][****]അത് ഒരു സംസ്ഥാനമാണെങ്കിൽ അതിലെ ഗവർണ്ണറോട് [4][****] ആലോചിച്ചതിനുശേഷം] പൊതുവിജ്ഞാപനം വഴി,* ആ സംസ്ഥാനത്തെയോ, [2][യൂണിയൻ പ്രദേശത്തെയോ, അതതുസംഗതിപോലെ,] സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് പട്ടികഗോത്രവർഗ്ഗങ്ങളായി കരുതേണ്ട ഗോത്രവർഗ്ഗങ്ങളെയും ഗോത്രവർഗ്ഗസമുദായങ്ങളെയും അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗസമുദായങ്ങളുടെയോ ഭാഗങ്ങളെയും അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗങ്ങളെയും നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടികഗോത്രവർഗ്ഗങ്ങളുടെ ലിസ്റ്റിൽ, പാർലമെന്റിന്, നിയമം വഴി ഏതെങ്കിലും ഗോത്രവർഗ്ഗത്തെയോ ഗോത്രവർഗ്ഗസമുദായത്തെയോ അല്ലെങ്കിൽ ഏതെങ്കിലും ഗോത്രവർഗ്ഗത്തിന്റെയോ ഗോത്രവർഗ്ഗസമുദായത്തിന്റെയോ ഭാഗത്തെയോ അല്ലെങ്കിൽ അവയിലെ അവാന്തരവിഭാഗത്തെയോ ഉൾപ്പെടുത്തുകയോ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞ രീതിയിലൊഴികെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനത്താൽ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു.

[5][**342ക. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾ.**—(1) രാഷ്ട്രപതിക്ക് ഏതെങ്കിലും സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ സംബന്ധിച്ച്, അത് ഒരു സംസ്ഥാനമാകുന്നിടത്ത്, അതിന്റെ ഗവർണ്ണറുമായുള്ള കൂടിയാലോചനയ്ക്ക് ശേഷവും, പൊതുവിജ്ഞാപനം വഴി, [6][കേന്ദ്ര ലിസ്റ്റിലെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങളെ നിർദ്ദേശിക്കാവുന്നതും അവ കേന്ദ്ര സർക്കാരിന്റെ ആവശ്യങ്ങൾക്കായി] ആ സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തെയോ, അതതു സംഗതിപോലെ, സംബന്ധിച്ചിടത്തോളം സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗങ്ങളായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ കേന്ദ്ര ലിസ്റ്റിൽ, പാർലമെന്റിന്, നിയമം വഴി സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞ രീതിയിലൊഴികെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനത്താൽ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു.]

[7][*വിശദീകരണം.*—(1)-ഉം (2)-ഉം ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കായി, ''കേന്ദ്ര ലിസ്റ്റ്'' എന്ന പദപ്രയോഗം എന്നാൽ കേന്ദ്ര സർക്കാർ തയ്യാറാക്കുന്നതും വച്ചുപോരുന്നതും കേന്ദ്ര സർക്കാരിനുവേണ്ടിയുമുള്ള, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു.

(3) (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംസ്ഥാനത്തിനും അല്ലെങ്കിൽ യൂണിയൻ പ്രദേശത്തിനും നിയമം വഴി, അതിന്റെ സ്വന്തം ആവശ്യങ്ങൾക്കായി, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കാവുന്നതും വച്ചുപോരാവുന്നതും അതിലെ ഉൾക്കുറിപ്പുകൾ കേന്ദ്ര ലിസ്റ്റിലേതിൽ നിന്നും വ്യത്യാസ്തമാകാവുന്നതുമാണ്.]

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം ''ഒരു സംസ്ഥാനത്തെ ഗവർണ്ണറുമായോ രാജപ്രമുഖനുമായോ കൂടി ആലോചിച്ചതിനുശേഷം'' എന്നതിനു പകരം ചേർത്തത്.

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ചേർത്തത്.

3. മേൽപ്പറഞ്ഞ ആകറ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തിലോ പറഞ്ഞിട്ടുള്ള'' എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

4. മേൽപ്പറഞ്ഞ ആകറ്റ്, വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

* 1950-ലെ ഭരണഘടന (പട്ടികവർഗ്ഗക്കാർ) ഉത്തരവ്, (സി. ഒ. 22), 1951-ലെ ഭരണഘടന (പട്ടികവർഗ്ഗങ്ങൾ) (യൂണിയൻ പ്രദേശങ്ങൾ) ഉത്തരവ് (സി. ഒ. 33), 1959-ലെ ഭരണഘടന (ആൻഡമാൻ, നിക്കോബാർ ദീപുകൾ) (പട്ടികവർഗ്ഗങ്ങൾ) ഉത്തരവ്, (സി. ഒ. 58), 1962-ലെ ഭരണഘടന (ദാദ്ര, നഗർ ഹവേലി) (പട്ടികവർഗ്ഗങ്ങൾ) ഉത്തരവ്, (സി. ഒ. 65), 1967-ലെ ഭരണഘടന (ഉത്തർപ്രദേശ്) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 78), 1968-ലെ ഭരണഘടന (ഗോവ, ദാമൻ, ദിയു) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 82), 1970-ലെ ഭരണഘടന (നാഗാലാൻഡ്) പട്ടികവർഗ്ഗങ്ങൾ ഉത്തരവ് (സി. ഒ. 88), 1978-ലെ ഭരണഘടന (സിക്കിം) പട്ടികവർഗ്ഗങ്ങൾ ഉത്തരവ്, (സി. ഒ. 111), എന്നിവ കാണുക.

5. 2018-ലെ ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (15-8-2018 മുതൽ പ്രാബല്യം).

6. 2021-ലെ ഭരണഘടന (നൂറ്റിഅഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ''സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കവിഭാഗങ്ങളെ നിർദ്ദേശിക്കാവുന്നതും അവ, ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്കായി,'' എന്നതിന് പകരം ചേർത്തത് (15-9-2021 മുതൽ പ്രാബല്യം).

7. 2021-ലെ ഭരണഘടന (നൂറ്റിഅഞ്ചാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (15-9-2021 മുതൽ പ്രാബല്യം).

PART XVII

OFFICIAL LANGUAGE

CHAPTER I—LANGUAGE OF THE UNION

343. Official language of the Union.—(1) The official language of the Union shall be Hindi in Devanagari script.

The form of numerals to be used for the official purposes of the Union shall be the international form of Indian numerals.

(2) Notwithstanding anything in clause (1), for a period of fifteen years from the commencement of this Constitution, the English language shall continue to be used for all the official purposes of the Union for which it was being used immediately before such commencement:

Provided that the President may, during the said period, by order, authorise the use of the Hindi language in addition to the English language and of the Devanagari form of numerals in addition to the international form of Indian numerals for any of the official purposes of the Union.

(3) Notwithstanding anything in this article, Parliament may by law provide for the use, after the said period of fifteen years, of—

(a) the English language, or

(b) the Devanagari form of numerals,

for such purposes as may be specified in the law.

344. Commission and Committee of Parliament on official language.—(1) The President shall, at the expiration of five years from the commencement of this Constitution and thereafter at the expiration of ten years from such commencement, by order constitute a Commission which shall consist of a Chairman and such other members representing the different languages specified in the Eighth Schedule as the President may appoint, and the order shall define the procedure to be followed by the Commission.

(2) It shall be the duty of the Commission to make recommendations to the President as to—

(a) the progressive use of the Hindi language for the official purposes of the Union;

(b) restrictions on the use of the English language for all or any of the official purposes of the Union;

ഭാഗം XVII

ഔദ്യോഗിക ഭാഷ

അദ്ധ്യായം I—യൂണിയന്റെ ഭാഷ

343. യൂണിയന്റെ ഔദ്യോഗിക ഭാഷ.—(1) യൂണിയന്റെ ഔദ്യോഗിക ഭാഷ ദേവനാഗരി ലിപിയിലുള്ള ഹിന്ദി ആയിരിക്കുന്നതാണ്.

യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട അക്കങ്ങളുടെ രൂപം ഭാരതീയ അക്കങ്ങളുടെ അന്താരാഷ്ട്ര രൂപമായിരിക്കുന്നതാണ്.

(2) (1)-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പതിനഞ്ച് വർഷക്കാലത്തേക്ക്, ഇംഗ്ലീഷ് ഭാഷ അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അത് ഉപയോഗിച്ചുവന്നിരുന്ന യൂണിയന്റെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും തുടർന്നും ഉപയോഗിക്കേണ്ടതാണ്:

എന്നാൽ, രാഷ്ട്രപതിക്ക്, യൂണിയന്റെ ഏതെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി, മേൽപ്പറഞ്ഞ കാലയളവിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പുറമെ ഹിന്ദി ഭാഷയുടെയും, ഭാരതീയ അക്കങ്ങളുടെ അന്താരാഷ്ട്ര രൂപത്തിന് പുറമെ അക്കങ്ങളുടെ ദേവനാഗരി രൂപത്തിന്റെയും ഉപയോഗം, ഉത്തരവു വഴി അധികാരപ്പെടുത്താവുന്നതാണ്.

(3) ഈ അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, മേൽപ്പറഞ്ഞ പതിനഞ്ച് വർഷക്കാലത്തിനുശേഷം, പാർലമെന്റിന്, നിയമം വഴി ആ നിയമത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആവശ്യങ്ങൾക്ക്—

(ക) ഇംഗ്ലീഷ് ഭാഷയുടെയോ, അല്ലെങ്കിൽ

(ഖ) അക്കങ്ങളുടെ ദേവനാഗരി രൂപത്തിന്റെയോ ഉപയോഗത്തിന്,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

344. ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മീഷനും പാർലമെന്റിന്റെ കമ്മിറ്റിയും.—(1) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ അഞ്ചുവർഷത്തിന്റെ അവസാനത്തിലും അതിനുശേഷം അങ്ങനെയുള്ള പ്രാരംഭം മുതൽ പത്തുവർഷത്തിന്റെ അവസാനത്തിലും രാഷ്ട്രപതി നിയമിക്കുന്ന ഒരു ചെയർമാനും, എട്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വ്യത്യസ്ത ഭാഷകളെ പ്രതിനിധാനം ചെയ്യുന്ന അങ്ങനെയുള്ള മറ്റംഗങ്ങളും അടങ്ങിയ ഒരു കമ്മീഷൻ, രാഷ്ട്രപതി ഉത്തരവു വഴി രൂപീകരിക്കേണ്ടതും, ആ ഉത്തരവ്, കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർവ്വഹിക്കേണ്ടതും ആകുന്നു.

(2) രാഷ്ട്രപതിക്ക്—

(ക) യൂണിയന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടി ഹിന്ദി ഭാഷയുടെ പുരോഗമനോൻമുഖമായ ഉപയോഗം;

(ഖ) യൂണിയന്റെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗത്തിൻമേലുള്ള നിയന്ത്രണങ്ങൾ;

(c) the language to be used for all or any of the purposes mentioned in article 348;

(d) the form of numerals to be used for any one or more specified purposes of the Union;

(e) any other matter referred to the Commission by the President as regards the official language of the Union and the language for communication between the Union and a State or between one State and another and their use.

(3) In making their recommendations under clause (2), the Commission shall have due regard to the industrial, cultural and scientific advancement of India, and the just claims and the interests of persons belonging to the non-Hindi speaking areas in regard to the public services.

(4) There shall be constituted a Committee consisting of thirty members, of whom twenty shall be members of the House of the People and ten shall be members of the Council of States to be elected respectively by the members of the House of the People and the members of the Council of States in accordance with the system of proportional representation by means of the single transferable vote.

(5) It shall be the duty of the Committee to examine the recommendations of the Commission constituted under clause (1) and to report to the President their opinion thereon.

(6) Notwithstanding anything in article 343, the President may, after consideration of the report referred to in clause (5), issue directions in accordance with the whole or any part of that report.

CHAPTER II—REGIONAL LANGUAGES

345. Official language or languages of a State.—Subject to the provisions of articles 346 and 347, the Legislature of a State may by law adopt any one or more of the languages in use in the State or Hindi as the language or languages to be used for all or any of the official purposes of that State:

Provided that, until the Legislature of the State otherwise provides by law, the English language shall continue to be used for those official purposes within the State for which it was being used immediately before the commencement of this Constitution.

346. Official language for communication between one State and another or between a State and the Union.—The language for the time being authorised for use in the Union for official purposes shall be the official language for communication between one State and another State and between a State and the Union:

(ഗ) 348-ാം അനുച്ഛേദത്തിൽ പറഞ്ഞിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട ഭാഷ;

(ഘ) യൂണിയന്റെ ഏതെങ്കിലും ഒന്നോ അതിലധികമോ നിർദ്ദിഷ്ട ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട അക്കങ്ങളുടെ രൂപം;

(ങ) യൂണിയന്റെ ഔദ്യോഗിക ഭാഷയും യൂണിയനും ഒരു സംസ്ഥാനവും തമ്മിലോ ഒരു സംസ്ഥാനവും മറ്റൊന്നും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഭാഷയും അവയുടെ ഉപയോഗവും സംബന്ധിച്ച് രാഷ്ട്രപതി കമ്മീഷന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റേതെങ്കിലും വിഷയം,

എന്നിവയെക്കുറിച്ച് ശിപാർശകൾ ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(3) കമ്മീഷൻ, (2)-ാം ഖണ്ഡപ്രകാരം അവരുടെ ശിപാർശകൾ ചെയ്യുന്നതിൽ ഭാരതത്തിന്റെ വ്യാവസായികവും സാംസ്ക്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്കും, പൊതുസേവനങ്ങൾ സംബന്ധിച്ച് ഹിന്ദി സംസാരിക്കാത്ത പ്രദേശങ്ങളിലുള്ള ആളുകളുടെ ന്യായമായ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും അർഹമായ പരിഗണന ഉണ്ടായിരിക്കേണ്ടതാണ്.

(4) മുപ്പത് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും, അവരിൽ, കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ടു വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് യഥാക്രമം ലോകസഭയിലെ അംഗങ്ങളും രാജ്യസഭയിലെ അംഗങ്ങളും തെരഞ്ഞെടുക്കേണ്ട ഇരുപത് അംഗങ്ങൾ ലോകസഭാംഗങ്ങളായിരിക്കേണ്ടതും പത്ത് അംഗങ്ങൾ രാജ്യസഭാംഗങ്ങളായിരിക്കേണ്ടതും ആണ്.

(5) (1)-ാം ഖണ്ഡപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ ശിപാർശകൾ പരിശോധിക്കുന്നതും അവയിൻമേലുള്ള അവരുടെ അഭിപ്രായം രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുന്നതും കമ്മിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

(6) 343-ാം അനുച്ഛേദത്തിൽ എന്തുതന്നെ ആയിരുന്നാലും, (5)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പരിഗണനയ്ക്കുശേഷം, ആ റിപ്പോർട്ട് മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ അനുസരിച്ച് രാഷ്ട്രപതിക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

അദ്ധ്യായം II—പ്രാദേശിക ഭാഷകൾ

345. ഒരു സംസ്ഥാനത്തെ ഔദ്യോഗിക ഭാഷ അല്ലെങ്കിൽ ഭാഷകൾ.—346-ഉം 347-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്, നിയമം വഴി ആ സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ അല്ലെങ്കിൽ ഹിന്ദിയോ ആ സംസ്ഥാനത്തിലെ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി സ്വീകരിക്കാവുന്നതാണ്:

എന്നാൽ, സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലം നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ആ സംസ്ഥാനത്ത് ഏതെല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചിരുന്നുവോ അവയ്ക്ക് ആ ഭാഷ തുടർന്നും ഉപയോഗിക്കേണ്ടതാണ്.

346. ഒരു സംസ്ഥാനവും മറ്റൊന്നും തമ്മിലോ, ഒരു സംസ്ഥാനവും യൂണിയനും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഔദ്യോഗിക ഭാഷ.—ഒരു സംസ്ഥാനവും മറ്റൊരു സംസ്ഥാനവും തമ്മിലോ ഒരു സംസ്ഥാനവും യൂണിയനും തമ്മിലോ ഉള്ള ആശയവിനിമയത്തിനുള്ള ഔദ്യോഗിക ഭാഷ യൂണിയനിൽ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് തൽസമയം അധികൃതപ്പെടുത്തിയിട്ടുള്ള ഭാഷ ആയിരിക്കേണ്ടതാണ്:

Provided that if two or more States agree that the Hindi language should be the official language for communication between such States, that language may be used for such communication.

347. Special provision relating to language spoken by a section of the population of a State.—On a demand being made in that behalf the President may, if he is satisfied that a substantial proportion of the population of a State desire the use of any language spoken by them to be recognised by that State, direct that such language shall also be officially recognised throughout that State or any part thereof for such purpose as he may specify.

CHAPTER III—LANGUAGE OF THE SUPREME COURT, HIGH COURTS, ETC.

348. Language to be used in the Supreme Court and in the High Courts and for Acts, Bills, etc.—(1) Notwithstanding anything in the foregoing provisions of this Part, until Parliament by law otherwise provides—

(a) all proceedings in the Supreme Court and in every High Court,

(b) the authoritative texts—

(i) of all Bills to be introduced or amendments thereto to be moved in either House of Parliament or in the House or either House of the Legislature of a State,

(ii) of all Acts passed by Parliament or the Legislature of a State and of all Ordinances promulgated by the President or the Governor [1] [***] of a State, and

(iii) of all orders, rules, regulations and bye-laws issued under this Constitution or under any law made by Parliament or the Legislature of a State,

shall be in the English language.

(2) Notwithstanding anything in sub-clause *(a)* of clause (1), the Governor [1] [***] of a State may, with the previous consent of the President, authorise the use of the Hindi language, or any other language used for any official purposes of the State, in proceedings in the High Court having its principal seat in that State:

Provided that nothing in this clause shall apply to any judgment, decree or order passed or made by such High Court.

(3) Notwithstanding anything in sub-clause *(b)* of clause (1), where the Legislature of a State has prescribed any language other than the English language for use in Bills introduced in, or Acts passed by, the Legislature of the State or in Ordinances promulgated by the Governor [1][***] of the State or in any order, rule, regulation or bye-law referred to in paragraph *(iii)* of that sub-clause, a translation of the same in the

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

എന്നാൽ, രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ, അങ്ങനെയുള്ള സംസ്ഥാനങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിന് ഔദ്യോഗിക ഭാഷ ഹിന്ദി ഭാഷ ആയിരിക്കേണ്ടതാണെന്ന് സമ്മതിക്കുകയാണെങ്കിൽ അങ്ങനെയുള്ള ആശയവിനിമയത്തിന് ആ ഭാഷ ഉപയോഗിക്കാവുന്നതാണ്.

347. ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഒരു വിഭാഗം സംസാരിക്കുന്ന ഭാഷ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഒരു സംസ്ഥാനത്തെ ജനസംഖ്യയിൽ ഗണ്യമായ ഒരു വിഭാഗം അവർ സംസാരിക്കുന്ന ഏതെങ്കിലും ഭാഷയുടെ ഉപയോഗം ആ സംസ്ഥാനത്താൽ അംഗീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു എന്ന്, അതിലേക്ക് ഒരു അഭ്യർത്ഥന നടത്തുന്നതിൻമേൽ, രാഷ്ട്രപതിക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് ആ സംസ്ഥാനം ഒട്ടാകെയോ അതിന്റെ ഏതെങ്കിലും ഭാഗത്തോ അങ്ങനെയുള്ള ഭാഷ കൂടി അദ്ദേഹം നിർദ്ദേശിക്കാവുന്ന ആവശ്യങ്ങൾക്ക് ഔദ്യോഗിക മായി അംഗീകരിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

അദ്ധ്യായം III—സുപ്രീംകോടതി, ഹൈക്കോടതികൾ മുതലായവയിലെ ഭാഷ

348. സുപ്രീംകോടതിയിലും, ഹൈക്കോടതികളിലും ആക്റ്റുകൾ, ബില്ലുകൾ മുതലായവയ്ക്കും ഉപയോഗിക്കേണ്ട ഭാഷ.—(1) ഈ ഭാഗത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, പാർലമെന്റ് നിയമം വഴി മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ—

(ക) സുപ്രീംകോടതിയിലെയും ഓരോ ഹൈക്കോടതിയിലെയും എല്ലാ നടപടികളും,

(ഖ) (i) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിലെങ്കിലുമോ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ സഭയിലോ ഇരു സഭകളിൽ ഏതിലെങ്കിലുമോ അവതരിപ്പിക്കേണ്ട എല്ലാ ബില്ലുകളുടെയും അല്ലെങ്കിൽ അവയെപ്പറ്റി ഉന്നയിക്കുന്ന ഭേദഗതികളുടെയും,

(ii) പാർലമെന്റോ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലമോ പാസ്സാക്കുന്ന എല്ലാ ആക്റ്റുകളുടെയും, രാഷ്ട്രപതിയോ ഒരു സംസ്ഥാന ഗവർണ്ണറോ [1][***] പുറപ്പെടുവിക്കുന്ന എല്ലാ ഓർഡിനൻസുകളുടെയും,

(iii) ഈ ഭരണഘടനപ്രകാരം അല്ലെങ്കിൽ പാർലമെന്റോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കുന്ന ഏതെങ്കിലും നിയമപ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും ബൈലാകളുടെയും ആധികാരികപാഠങ്ങളും,

ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഖണ്ഡം (ക) ഉപഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്ക് [1][***] രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി ആ സംസ്ഥാനത്ത് മുഖ്യ ആസ്ഥാനമുള്ള ഹൈക്കോടതിയിലെ നടപടികളിൽ ഹിന്ദി ഭാഷയുടെയോ ആ സംസ്ഥാനത്ത് ഏതെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്കു ഉപയോഗിക്കുന്ന മറ്റേതെങ്കിലും ഭാഷയുടെയോ ഉപയോഗം അധികൃതം ആക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും അങ്ങനെയുള്ള ഹൈക്കോടതി പ്രസ്താവിച്ച ഏതെങ്കിലും വിധിന്യായത്തിനോ ഡിക്രിക്കോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ ബാധകമാകുന്നതല്ല.

(3) (1)-ാം ഖണ്ഡം (ഖ) ഉപഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഇംഗ്ലീഷ് ഭാഷ അല്ലാതെ ഏതെങ്കിലും ഭാഷ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിൽ അവതരിപ്പിക്കുന്ന ബില്ലുകളിലോ, അത് പാസ്സാക്കുന്ന ആക്റ്റുകളിലോ, അല്ലെങ്കിൽ ആ സംസ്ഥാനത്തെ ഗവർണ്ണർ [1][***] പുറപ്പെടുവിക്കുന്ന ഓർഡിനൻസുകളിലോ, അല്ലെങ്കിൽ ആ ഉപഖണ്ഡത്തിന്റെ (iii)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിലോ ചട്ടത്തിലോ റെഗുലേഷനിലോ

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

English language published under the authority of the Governor [1] [***] of the State in the Official Gazette of that State shall be deemed to be the authoritative text thereof in the English language under this article.

349. Special procedure for enactment of certain laws relating to language.—During the period of fifteen years from the commencement of this Constitution, no Bill or amendment making provision for the language to be used for any of the purposes mentioned in clause (1) of article 348 shall be introduced or moved in either House of Parliament without the previous sanction of the President, and the President shall not give his sanction to the introduction of any such Bill or the moving of any such amendment except after he has taken into consideration the recommendations of the Commission constituted under clause (1) of article 344 and the report of the Committee constituted under clause (4) of that article.

CHAPTER IV—SPECIAL DIRECTIVES

350. Language to be used in representations for redress of grievances.—Every person shall be entitled to submit a representation for the redress of any grievance to any officer or authority of the Union or a State in any of the languages used in the Union or in the State, as the case may be.

[2]**[350A. Facilities for instruction in mother-tongue at primary stage.—**It shall be the endeavour of every State and of every local authority within the State to provide adequate facilities for instruction in the mother-tongue at the primary stage of education to children belonging to linguistic minority groups; and the President may issue such directions to any State as he considers necessary or proper for securing the provision of such facilities.

350B. Special Officer for linguistic minorities.—(1) There shall be a Special Officer for linguistic minorities to be appointed by the President.

(2) It shall be the duty of the Special Officer to investigate all matters relating to the safeguards provided for linguistic minorities under this Constitution and report to the President upon those matters at such intervals as the President may direct, and the President shall cause all such reports to be laid before each House of Parliament, and sent to the Governments of the States concerned.]

351. Directive for development of the Hindi language.—It shall be the duty of the Union to promote the spread of the Hindi language, to develop it so that it may serve as a medium of expression for all the elements of the composite culture of India and to secure its enrichment by assimilating without interfering with its genius, the forms, style and expressions used in Hindustani and in the other languages of India specified in the Eighth Schedule, and by drawing, wherever necessary or desirable, for its vocabulary, primarily on Sanskrit and secondarily on other languages.

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. Ins. by s. 21, ibid.

ബെലായിലോ ഉപയോഗിക്കുന്നതിന് നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആ സംസ്ഥാനത്തെ ഔദ്യോഗിക ഗസറ്റിൽ ആ സംസ്ഥാനത്തെ ഗവർണ്ണറുടെ [1][***] അധികാരത്തിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അതിന്റെ ഇംഗ്ലീഷ് ഭാഷയിലുള്ള ഒരു തർജ്ജമ ഈ അനുച്ഛേദപ്രകാരം അതിന്റെ ഇംഗ്ലീഷ് ഭാഷയിലെ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.

349. ഭാഷയെ സംബന്ധിച്ച ചില നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക നടപടിക്രമം.—ഈ ഭരണഘടനയുടെ പ്രാരംഭം മുതലുള്ള പതിനഞ്ച് വർഷക്കാലത്തേക്ക് 348-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടി ഉപയോഗിക്കേണ്ട ഭാഷയെപ്പറ്റി വ്യവസ്ഥയുണ്ടാക്കുന്ന യാതൊരു ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും അവതരിപ്പിക്കുകയോ ഉന്നയിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, രാഷ്ട്രപതി 344-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന കമ്മീഷന്റെ ശിപാർശകളും ആ അനുച്ഛേദം (4)-ാം ഖണ്ഡപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ടുകളും പരിഗണിച്ചതിന് ശേഷമല്ലാതെ അങ്ങനെയുള്ള ഏതെങ്കിലും ബില്ലിന്റെ അവതരണത്തിനോ ഏതെങ്കിലും ഭേദഗതിയുടെ ഉന്നയിക്കലിനോ അനുമതി നൽകുവാൻ പാടില്ലാത്തതും ആകുന്നു.

അദ്ധ്യായം IV—പ്രത്യേക നിർദ്ദേശങ്ങൾ

350. സങ്കടപരിഹാരത്തിനുള്ള നിവേദനങ്ങളിൽ ഉപയോഗിക്കേണ്ട ഭാഷ.—ഏതൊരാൾക്കും ഏതെങ്കിലും സങ്കടത്തിന്റെ പരിഹാരത്തിനുള്ള ഒരു നിവേദനം, യൂണിയനിലെയോ ഒരു സംസ്ഥാനത്തെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ, യൂണിയനിലോ അല്ലെങ്കിൽ ആ സംസ്ഥാനത്തോ, അതതുസംഗതിപോലെ, ഉപയോഗിക്കുന്ന ഭാഷകളിൽ ഏതിലെങ്കിലും സമർപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

[2][**350ക. പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിനുള്ള സൗകര്യങ്ങൾ.**—ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിന് പര്യാപ്തമായ സൗകര്യങ്ങൾ നൽകുവാൻ ഓരോ സംസ്ഥാനവും സംസ്ഥാനത്തെ ഓരോ തദ്ദേശാധികാരസ്ഥാനവും യത്നിക്കേണ്ടതും കൂടാതെ രാഷ്ട്രപതിയ്ക്ക് അങ്ങനെയുള്ള സൗകര്യങ്ങളുടെ വ്യവസ്ഥ സംപ്രാപ്തമാക്കുന്നതിന് ആവശ്യമോ ഉചിതമോ ആണെന്ന് അദ്ദേഹം കരുതുന്ന നിർദ്ദേശങ്ങൾ ഏതു സംസ്ഥാനത്തിനും നൽകാവുന്നതും ആകുന്നു.

350ഖ. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക ഉദ്യോഗസ്ഥൻ.—(1) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് രാഷ്ട്രപതി നിയമിക്കുന്ന ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ഭരണഘടന പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള പരിരക്ഷ സംബന്ധിച്ച് എല്ലാ വിഷയങ്ങളും അന്വേഷിക്കുന്നതും രാഷ്ട്രപതി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഇടവേളകളിൽ ആ വിഷയങ്ങളിൻമേൽ രാഷ്ട്രപതിക്ക് റിപ്പോർട്ട് ചെയ്യുന്നതും, ആ പ്രത്യേക ഉദ്യോഗസ്ഥന്റെ കർത്തവ്യമായിരിക്കുന്നതും, രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതും ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് അയപ്പിക്കേണ്ടതും ആകുന്നു.]

351. ഹിന്ദി ഭാഷയുടെ വികസനത്തിനുള്ള നിർദ്ദേശം.—ഹിന്ദി ഭാഷയുടെ പ്രചാരം അഭിവൃദ്ധിപ്പെടുത്തുന്നതും അതിനെ ഭാരതത്തിന്റെ സമ്മിശ്ര സംസ്ക്കാരത്തിന്റെ എല്ലാ ഘടകങ്ങൾക്കും, ആശയപ്രകടനത്തിനുള്ള ഒരു മാദ്ധ്യമമായി പ്രയോജനപ്പെടത്തക്കവണ്ണം വികസിപ്പിക്കുന്നതും അതിന്റെ സവിശേഷ സ്വഭാവത്തിന് കോട്ടം തട്ടാതെ ഹിന്ദുസ്ഥാനിയിലും, എട്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഭാരതത്തിലെ മറ്റുഭാഷകളിലും ഉപയോഗിക്കുന്ന രൂപങ്ങളും ശൈലിയും പദപ്രയോഗങ്ങളും സ്വാംശീകരിച്ചും അതിന്റെ ശബ്ദാവലിക്കുവേണ്ടി ഒന്നാമതായി സംസ്കൃതത്തിൽ നിന്നും രണ്ടാമതായി മറ്റു ഭാഷകളിൽ നിന്നും ആവശ്യമോ അഭിലഷണീയമോ ആയിരിക്കുന്നിടത്തെല്ലാം ശബ്ദങ്ങൾ സ്വീകരിച്ചും അതിന്റെ പരിപോഷണം സുനിശ്ചിതമാക്കുന്നതും യൂണിയന്റെ കർത്തവ്യമായിരിക്കുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ്, 21-ാം വകുപ്പുപ്രകാരം ചേർത്തത്.

PART XVIII

EMERGENCY PROVISIONS

352. Proclamation of Emergency.—(1) If the President is satisfied that a grave emergency exists whereby the security of India or of any part of the territory thereof is threatened, whether by war or external aggression or [1][armed rebellion], he may, by Proclamation, make a declaration to that effect [2][in respect of the whole of India or of such part of the territory thereof as may be specified in the Proclamation].

[3][*Explanation.*—A Proclamation of Emergency declaring that the security of India or any part of the territory thereof is threatened by war or by external aggression or by armed rebellion may be made before the actual occurrence of war or of any such aggression or rebellion, if the President is satisfied that there is imminent danger thereof.]

[4][(2) A Proclamation issued under clause (1) may be varied or revoked by a subsequent Proclamation.

(3) The President shall not issue a Proclamation under clause (1) or a Proclamation varying such Proclamation unless the decision of the Union Cabinet (that is to say, the Council consisting of the Prime Minister and other Ministers of Cabinet rank appointed under article 75) that such a Proclamation may be issued has been communicated to him in writing.

(4) Every Proclamation issued under this article shall be laid before each House of Parliament and shall, except where it is a Proclamation revoking a previous Proclamation, cease to operate at the expiration of one month unless before the expiration of that period it has been approved by resolutions of both Houses of Parliament:

Provided that if any such Proclamation (not being a Proclamation revoking a previous Proclamation) is issued at a time when the House of the People has been dissolved, or the dissolution of the House of the People takes place during the period of one month referred to in this clause, and if a resolution approving the Proclamation has been passed by the Council of States, but no resolution with respect to such Proclamation has been passed by the House of the People before the expiration of that

1. Subs. by the Constitution (Forty-fourth Amendment) Act,1978,s. 37, for "internal disturbance" (w.e.f. 20-6-1979).
2. Ins. by the Constitution (Forty-second Amendment) Act, 1976, s. 48 (w.e.f. 3-1-1977).
3. Ins. by the Constitution (Forty-fourth Amendment) Act, 1978, s. 37 (w.e.f. 20-6-1979).
4. Subs. by s. 37, ibid., for cls (2), (2A) and (3) (w.e.f. 20-6-1979).

ഭാഗം XVIII

അടിയന്തരാവസ്ഥാ വ്യവസ്ഥകൾ

352. അടിയന്തരാവസ്ഥാ വിളംബരം.—(1) രാഷ്ട്രപതിക്ക് ഭാരതത്തിന്റെയോ അതിലെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം, യുദ്ധത്താലോ ബാഹ്യാക്രമണത്താലോ [1][സായുധവിപ്ലവത്താലോ] ആയാലും ഭീഷണിയിലാകുന്ന ഗുരുതരമായ ഒരു അടിയന്തരാവസ്ഥ നിലവിലിരിക്കുന്നതായി ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹത്തിന് വിളംബരം വഴി ആ അർത്ഥത്തിൽ [2][ഭാരതത്തിന്റെ മുഴുവൻ അല്ലെങ്കിൽ വിളംബരത്തിൽ പറഞ്ഞിട്ടുള്ള അതിലെ ഭൂപ്രദേശത്തിന്റെ അങ്ങനെയുള്ള ഭാഗം സംബന്ധിച്ച്] പ്രഖ്യാപനം നടത്താവുന്നതാണ്.

[3][*വിശദീകരണം.*— ഭാരതത്തിന്റെയോ അതിലെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം യുദ്ധത്താലോ, ബാഹ്യാക്രമണത്താലോ, സായുധ വിപ്ലവത്താലോ, ഭീഷണിയിലായിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു അടിയന്തരാവസ്ഥാ വിളംബരം, യുദ്ധത്തിന്റെയോ അങ്ങനെയുള്ള ഏതെങ്കിലും ആക്രമണത്തിന്റെയോ, വിപ്ലവത്തിന്റെയോ, യഥാർത്ഥ സംഭവിക്കലിനു മുമ്പുതന്നെ, അതു സംബന്ധിച്ച വിപത്ത് ആസന്നമാണെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, പുറപ്പെടുവിക്കാവുന്നതാണ്.]

[4][(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം അതിനുശേഷമുള്ള ഒരു വിളംബരം വഴി വ്യത്യാസപ്പെടുത്തുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതി (1)-ാം ഖണ്ഡപ്രകാരമുള്ള ഒരു വിളംബരമോ അല്ലെങ്കിൽ അങ്ങനെയുള്ള വിളംബരത്തെ വ്യത്യാസപ്പെടുത്തിക്കൊണ്ടുള്ള ഒരു വിളംബരമോ, പുറപ്പെടുവിക്കണമെന്ന യൂണിയൻ മന്ത്രിസഭയുടെ (അതായത് 75-ാം അനുച്ഛേദപ്രകാരം നിയമിച്ചിട്ടുള്ള പ്രധാനമന്ത്രിയും ക്യാബിനറ്റ് പദവിയിലുള്ള മറ്റു മന്ത്രിമാരും അടങ്ങിയ സഭ) അങ്ങനെയുള്ള വിളംബരം പുറപ്പെടുവിക്കാമെന്ന തീരുമാനം അദ്ദേഹത്തെ എഴുതി അറിയിച്ചാലല്ലാതെ പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

(4) ഈ അനുച്ഛേദപ്രകാരം പുറപ്പെടുവിച്ച ഓരോ വിളംബരവും പാർലമെന്റിന്റെ ഓരോ സഭ മുമ്പാകെയും വയ്ക്കേണ്ടതും അത് ഒരു മുൻവിളംബരത്തെ പിൻവലിക്കുന്ന വിളംബരമാകുന്നിടത്ത് ഒഴികെ, ഒരു മാസത്തിന്റെ അവസാനത്തിൽ, ആ കാലയളവ് അവസാനിക്കുന്നതിനു മുമ്പ് പാർലമെന്റിന്റെ ഇരുസഭകളും പ്രമേയം വഴി അത് അംഗീകരിക്കുന്നില്ലെങ്കിൽ, അതിനു പ്രാബല്യം ഇല്ലാതായിത്തീരുന്നതും ആകുന്നു:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം (ഒരു മുൻവിളംബരത്തെ പിൻവലിക്കുന്നതല്ലാത്ത ഒരു വിളംബരം) ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ ഈ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു മാസക്കാലത്തിനിടയ്ക്ക് ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയോ ആണെങ്കിൽ, ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും, എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധി

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 37-ാം വകുപ്പുപ്രകാരം "ആഭ്യന്തരകലാപം" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 48-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 37-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 37-ാം വകുപ്പ് പ്രകാരം (2)-ഉം (2ക)-ഉം (3)-ഉം ഖണ്ഡങ്ങൾക്ക് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

period, the Proclamation shall cease to operate at the expiration of thirty days from the date on which the House of the People first sits after its reconstitution, unless before the expiration of the said period of thirty days a resolution approving the Proclamation has been also passed by the House of the People.

(5) A Proclamation so approved shall, unless revoked, cease to operate on the expiration of a period of six months from the date of the passing of the second of the resolutions approving the Proclamation under clause (4):

Provided that if and so often as a resolution approving the continuance in force of such a Proclamation is passed by both Houses of Parliament the Proclamation shall, unless revoked, continue in force for a further period of six months from the date on which it would otherwise have ceased to operate under this clause:

Provided further that if the dissolution of the House of the People takes place during any such period of six months and a resolution approving the continuance in force of such Proclamation has been passed by the Council of States but no resolution with respect to the continuance in force of such Proclamation has been passed by the House of the People during the said period, the Proclamation shall cease to operate at the expiration of thirty days from the date on which the House of the People first sits after its reconstitution unless before the expiration of the said period of thirty days, a resolution approving the continuance in force of the Proclamation has been also passed by the House of the People.

(6) For the purposes of clauses (4) and (5), a resolution may be passed by either House of Parliament only by a majority of the total membership of that House and by a majority of not less than two-thirds of the Members of that House present and voting.

(7) Notwithstanding anything contained in the foregoing clauses, the President shall revoke a Proclamation issued under clause (1) or a Proclamation varying such Proclamation if the House of the People passes a resolution disapproving, or, as the case may be, disapproving the continuance in force of, such Proclamation.

(8) Where a notice in writing signed by not less than one-tenth of the total number of members of the House of the People has been given, of their intention to move a resolution for disapproving, or, as the case may be, for disapproving the continuance in force of, a Proclamation issued under clause (1) or a Proclamation varying such Proclamation,—

(a) to the Speaker, if the House is in session; or

(b) to the President, if the House is not in session,

a special sitting of the House shall be held within fourteen days from the date on which such notice is received by the Speaker, or, as the case may be, by the President, for the purpose of considering such resolution.]

അവസാനിക്കുന്നതിനു മുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിന്റെ പുനഃസംഘടനയ്ക്ക്ശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതു ദിവസക്കാലത്തിന്റെ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിനു പ്രാബല്യമില്ലാതായിത്തീരുന്നതാണ്.

(5) അപ്രകാരം അംഗീകരിച്ച ഒരു വിളംബരം പിൻവലിക്കാത്തപക്ഷം, (4)-ാം ഖണ്ഡപ്രകാരം അത് അംഗീകരിച്ചുകൊണ്ടുള്ള പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കുന്ന തീയതി മുതൽ ആറുമാസക്കാലം അവസാനിക്കുന്നതിൻമേൽ ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു വിളംബരം പ്രാബല്യത്തിൽ തുടരുന്നതിനെ അംഗീകരിക്കുന്ന ഒരു പ്രമേയം പാർലമെന്റിന്റെ ഇരു സഭകളും പാസ്സാക്കുകയാണെങ്കിൽ, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെയും, ആ വിളംബരം, പിൻവലിക്കാത്തപക്ഷം, ഈ ഖണ്ഡപ്രകാരം അതിനു മറ്റുവിധത്തിൽ പ്രാബല്യം ഇല്ലാതാകുമായിരുന്ന തീയതി മുതൽ ഒരു ആറുമാസക്കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും ആറുമാസക്കാലത്തിനിടയിൽ ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും രാജ്യസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയും ലോകസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് സംബന്ധിച്ച പ്രമേയം മേൽപ്പറഞ്ഞ കാലാവധിയിൽ പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിന്റെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതുദിവസക്കാലത്തിന്റെ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിനു പ്രാബല്യമില്ലാതാകുന്നതാണ്.

(6) (4)-ഉം (5)-ഉം ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രമേയം പാർലമെന്റിന്റെ ഓരോ സഭയും, ആ സഭയിലെ ആകെ അംഗങ്ങളുടെ ഭൂരിപക്ഷത്തോടുകൂടിയും ആ സഭയിൽ ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടുകൂടിയും മാത്രം പാസ്സാക്കേണ്ടതാണ്.

(7) മുൻപറഞ്ഞ ഖണ്ഡങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രാഷ്ട്രപതി, (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം അല്ലെങ്കിൽ അങ്ങനെയുള്ള ഒരു വിളംബരം വ്യത്യാസപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഒരു വിളംബരം, അതതുസംഗതിപോലെ, അങ്ങനെയുള്ള വിളംബരം അംഗീകരിക്കാതെയോ പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിക്കാതെയോ ലോകസഭ ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ, പിൻവലിക്കേണ്ടതാണ്.

(8) ലോകസഭയിലെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ പത്തിലൊന്നിൽ കുറയാത്ത അംഗങ്ങൾ, (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം അല്ലെങ്കിൽ അങ്ങനെയുള്ള വിളംബരം വ്യത്യാസപ്പെടുത്തിക്കൊണ്ടുള്ള ഒരു വിളംബരം, അതതുസംഗതിപോലെ, അംഗീകരിക്കാതിരിക്കാനുള്ള അല്ലെങ്കിൽ പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിക്കാതിരിക്കാനുള്ള ഒരു പ്രമേയം അവതരിപ്പിക്കാനുള്ള അവരുടെ ഉദ്ദേശ്യത്തിന്റെ ഒപ്പിട്ട ലിഖിതമായ ഒരു നോട്ടീസ്,—

(ക) സഭ സമ്മേളനത്തിലാണെങ്കിൽ സ്പീക്കർക്ക്; അല്ലെങ്കിൽ

(ഖ) സഭ സമ്മേളനത്തിലല്ലെങ്കിൽ രാഷ്ട്രപതിക്ക്,

കൊടുത്തിട്ടുള്ളപ്പോൾ, സ്പീക്കർക്കോ രാഷ്ട്രപതിക്കോ, അതതുസംഗതിപോലെ, നോട്ടീസ് കിട്ടിയ തീയതി മുതൽ പതിന്നാലു ദിവസത്തിനകം അങ്ങനെയുള്ള പ്രമേയം പരിഗണിക്കുന്ന ആവശ്യത്തിലേക്ക് സഭയുടെ ഒരു പ്രത്യേക സമ്മേളനം നടത്തേണ്ടതാണ്.]

[1][[2][(9)] The power conferred on the President by this article shall include the power to issue different Proclamations on different grounds, being war or external aggression or [3][armed rebellion] or imminent danger of war or external aggression or [3][armed rebellion], whether or not there is a Proclamation already issued by the President under clause (1) and such Proclamation is in operation.

[4] [***]]

353. Effect of Proclamation of Emergency.—While a Proclamation of Emergency is in operation, then—

(a) notwithstanding anything in this Constitution, the executive power of the Union shall extend to the giving of directions to any State as to the manner in which the executive power thereof is to be exercised;

(b) the power of Parliament to make laws with respect to any matter shall include power to make laws conferring powers and imposing duties, or authorising the conferring of powers and the imposition of duties, upon the Union or officers and authorities of the Union as respects that matter, notwithstanding that it is one which is not enumerated in the Union List:

[5][Provided that where a Proclamation of Emergency is in operation only in any part of the territory of India,—

(i) the executive power of the Union to give directions under clause (a), and

(ii) the power of Parliament to make laws under clause (b),

shall also extend to any State other than a State in which or in any part of which the Proclamation of Emergency is in operation if and in so far as the security of India or any part of the territory thereof is threatened by activities in or in relation to the part of the territory of India in which the Proclamation of Emergency is in operation.]

354. Application of provisions relating to distribution of revenues while a Proclamation of Emergency is in operation.—(1) The President may, while a Proclamation of Emergency is in operation, by order direct that all or any of the provisions of articles 268 to 279 shall for such period, not extending in any case beyond the expiration of the financial year in which such Proclamation ceases to operate, as may be specified in the order, have effect subject to such exceptions or modifications as he thinks fit.

1. Ins. by the Constitution (Thirty-eighth Amendment) Act, 1975, s. 5 (retrospectively).
2. Cl. (4) renumbered as Cl. (9) by the Constitution (Forty-fourth Amendment) Act, 1978, s. 37 (w.e.f. 20-6-1979).
3. Subs. by s. 37, ibid., for "internal disturbance" (w.e.f. 20-6-1979).
4. Cl. (5) omitted by s. 37, ibid., (w.e.f. 20-6-1979).
5. Ins. by the Constitution (Forty-second Amendment) Act, 1976, s. 49 (w.e.f. 3-1-1977).

[1][[2][(9)] (1)-ാം ഖണ്ഡപ്രകാരം ഒരു വിളംബരം രാഷ്ട്രപതി നേരത്തെ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈ അനുച്ഛേദം രാഷ്ട്രപതിക്ക് നൽകിയിട്ടുള്ള അധികാരത്തിൽ, യുദ്ധമോ ബാഹ്യാക്രമണമോ, [3][സായുധവിപ്ലവമോ] അല്ലെങ്കിൽ യുദ്ധത്തിന്റെയോ ബാഹ്യാക്രമണത്തിന്റെയോ [3][സായുധവിപ്ലവത്തിന്റെയോ] വിപത്തോമൂലമുള്ള വ്യത്യസ്ത കാരണങ്ങളിൻമേൽ വ്യത്യസ്ത വിളംബരങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരവും ഉൾപ്പെടുന്നതാണ്.

[4][***]]

353. അടിയന്തരാവസ്ഥാ വിളംബരത്തിന്റെ അനന്തരഫലം.—ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ—

(ക) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, യൂണിയന്റെ നിർവ്വാഹകാധികാരം, ഏതെങ്കിലും സംസ്ഥാനത്തിന് അതിന്റെ നിർവ്വാഹകാധികാരം ഏതു വിധത്തിലാണ് പ്രയോഗിക്കേണ്ടതെന്ന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് വ്യാപിക്കുന്നതാണ്;

(ഖ) ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരത്തിൽ, ആ വിഷയം സംബന്ധിച്ച്, അത് യൂണിയൻ ലിസ്റ്റിൽ എണ്ണി പറഞ്ഞിട്ടില്ലാത്ത ഒന്നാണെന്നിരുന്നാലും, യൂണിയന്റെ അല്ലെങ്കിൽ യൂണിയനിലെ ഉദ്യോഗസ്ഥൻമാരുടെയും അധികാരസ്ഥാനങ്ങളുടെയുംമേൽ അധികാരങ്ങൾ നൽകുന്നതും കർത്തവ്യങ്ങൾ ചുമത്തുന്നതും അല്ലെങ്കിൽ, അധികാരങ്ങൾ നൽകുന്നതും കർത്തവ്യങ്ങൾ ചുമത്തുന്നതും അധികാരപ്പെടുത്തുന്നതുമായ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരവും ഉൾപ്പെടുന്നതാണ്:

[5][എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത്,—

(i) (ക) ഖണ്ഡപ്രകാരം നിർദ്ദേശങ്ങൾ നൽകാനുള്ള യൂണിയന്റെ നിർവ്വാഹകാധികാരവും,

(ii) (ഖ) ഖണ്ഡപ്രകാരം നിയമങ്ങൾ ഉണ്ടാക്കുവാനുള്ള പാർലമെന്റിന്റെ അധികാരവും,

ഭാരതത്തിന്റെ ഭൂപ്രദേശത്ത് അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ആ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിന്റെയോ അതിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ ഭീഷണിയിലായിരിക്കുന്നിടത്തോളവും അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഒരു സംസ്ഥാനമോ ഭാഗമോ അല്ലാത്ത ഏതെങ്കിലും സംസ്ഥാനത്തിലേക്ക് കൂടി വ്യാപിക്കുന്നതാണ്.]

354. ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ റവന്യൂവിന്റെ വിതരണം സംബന്ധിച്ച വ്യവസ്ഥകളുടെ ബാധകത.—(1) ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ രാഷ്ട്രപതിക്ക്, 268 മുതൽ 279 വരെയുള്ള അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് മുഴുവനുമോ അവയിൽ ഏതിനെങ്കിലുമോ, യാതൊരു സംഗതിയിലും, അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിലില്ലാതായിത്തീരുന്ന സാമ്പത്തികവർഷത്തിന്റെ അവസാനത്തിന് അപ്പുറം പോകാതെ ഉത്തരവിൽ പറയാവുന്ന അങ്ങനെയുള്ള കാലത്തേക്ക് അദ്ദേഹം യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രാബല്യമുണ്ടായിരിക്കുമെന്ന് ഉത്തരവ് വഴി നിർദ്ദേശിക്കാവുന്നതാണ്.

---

1. 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം (മുൻകാലപ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 37-ാം വകുപ്പുപ്രകാരം (4)-ാം ഖണ്ഡം (9)-ാം ഖണ്ഡമായി പുനരക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 37-ാം വകുപ്പുപ്രകാരം "ആഭ്യന്തരകലാപം" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 37-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡം വിട്ടുകളഞ്ഞു (20-6-1979 മുതൽ പ്രാബല്യം).
5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 49-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

(2) Every order made under clause (1) shall, as soon as may be after it is made, be laid before each House of Parliament.

355. Duty of the Union to protect States against external aggression and internal disturbance.—It shall be the duty of the Union to protect every State against external aggression and internal disturbance and to ensure that the government of every State is carried on in accordance with the provisions of this Constitution.

356. Provisions in case of failure of constitutional machinery in States.—(1) If the President, on receipt of a report from the Governor of [1][***] a State or otherwise, is satisfied that a situation has arisen in which the Government of the State cannot be carried on in accordance with the provisions of this Constitution, the President may by Proclamation—

(a) assume to himself all or any of the functions of the Government of the State and all or any of the powers vested in or exercisable by the Governor [2][***] or any body or authority in the State other than the Legislature of the State;

(b) declare that the powers of the Legislature of the State shall be exercisable by or under the authority of Parliament;

(c) make such incidental and consequential provisions as appear to the President to be necessary or desirable for giving effect to the objects of the Proclamation, including provisions for suspending in whole or in part the operation of any provisions of this Constitution relating to any body or authority in the State:

Provided that nothing in this clause shall authorise the President to assume to himself any of the powers vested in or exercisable by a High Court, or to suspend in whole or in part the operation of any provision of this Constitution relating to High Courts.

(2) Any such Proclamation may be revoked or varied by a subsequent Proclamation.

(3) Every Proclamation under this article shall be laid before each House of Parliament and shall, except where it is a Proclamation revoking a previous Proclamation, cease to operate at the expiration of two months unless before the expiration of that period it has been approved by resolutions of both Houses of Parliament:

Provided that if any such Proclamation (not being a Proclamation revoking a previous Proclamation) is issued at a time when the House of the People is dissolved or the dissolution of the House of the People takes place during the period of two months referred to in this clause, and if a resolution approving the Proclamation has been passed by the Council of States, but no resolution with respect to such Proclamation

1. The words “or Rajpramukh” omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. The words “or Rajpramukh, as the case may be” omitted by s. 29 and Sch., ibid.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ചതിനു ശേഷം, കഴിയുന്നതും വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

355. ബാഹ്യാക്രമണത്തിനും ആഭ്യന്തരകലാപത്തിനും എതിരായി സംസ്ഥാനങ്ങളെ സംരക്ഷിക്കുവാനുള്ള യൂണിയന്റെ കർത്തവ്യം.—ഓരോ സംസ്ഥാനത്തെയും ബാഹ്യാക്രമണത്തിനും ആഭ്യന്തരകലാപത്തിനും എതിരായി സംരക്ഷിക്കുന്നതും ഓരോ സംസ്ഥാനത്തിന്റെയും സർക്കാർ പ്രവർത്തിക്കുന്നത് ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് എന്നു ഉറപ്പുവരുത്തുന്നതും യൂണിയന്റെ കർത്തവ്യമായിരിക്കുന്നതാണ്.

356. സംസ്ഥാനങ്ങളിൽ ഭരണഘടനായന്ത്രം പരാജയപ്പെട്ടാലുള്ള വ്യവസ്ഥകൾ.—(1) ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറിൽ [1][***] നിന്ന് ഒരു റിപ്പോർട്ട് കിട്ടിയതിന്മേൽ അല്ലെങ്കിൽ മറ്റുവിധത്തിൽ രാഷ്ട്രപതിക്ക്, ആ സംസ്ഥാനത്ത് ഭരണം ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിരിക്കുന്നതായി ബോദ്ധ്യമാകുകയാണെങ്കിൽ, രാഷ്ട്രപതിക്ക് വിളംബരം വഴി—

(ക) ആ സംസ്ഥാനത്തെ സർക്കാരിന്റെ ചുമതലകൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ, അല്ലെങ്കിൽ ഗവർണ്ണറിൽ [2][***] നിക്ഷിപ്തമായതോ ഗവർണ്ണർക്ക് പ്രയോഗിക്കാവുന്നതോ, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഒഴികെയുള്ള ഏതെങ്കിലും നികായത്തിലോ അധികാരസ്ഥാനത്തിലോ നിക്ഷിപ്തമായതോ അതിനു പ്രയോഗിക്കാവുന്നതോ ആയ അധികാരങ്ങൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ സ്വയം ഏറ്റെടുക്കാവുന്നതാണ്;

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ അധികാരങ്ങൾ പാർലമെന്റോ പാർലമെന്റ് അധികാരപ്പെടുത്തുന്നത് അനുസരിച്ചോ പ്രയോഗിക്കേണ്ടതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്;

(ഗ) ആ സംസ്ഥാനത്തെ ഏതെങ്കിലും നികായത്തെയോ അധികാരസ്ഥാനത്തെയോ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ നിറുത്തിവയ്ക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടെ ആ വിളംബരത്തിന്റെ ലക്ഷ്യങ്ങൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമെന്നോ അഭിലഷണീയമെന്നോ രാഷ്ട്രപതിക്ക് തോന്നുന്ന സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും ഒരു ഹൈക്കോടതിയിൽ നിക്ഷിപ്തമോ അതിനു പ്രയോഗിക്കാവുന്നതോ ആയ ഏതെങ്കിലും അധികാരം സ്വയം ഏറ്റെടുക്കുവാനോ, ഹൈക്കോടതികൾ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥ പ്രാവർത്തികമാക്കുന്നതു പൂർണ്ണമായോ ഭാഗികമായോ നിറുത്തിവയ്ക്കുവാനോ രാഷ്ട്രപതിയെ അധികൃതപ്പെടുത്തുന്നതല്ല.

(2) അങ്ങനെയുള്ള യാതൊരു വിളംബരവും പിന്നീടുള്ള ഒരു വിളംബരം വഴി പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ അനുച്ഛേദപ്രകാരമുള്ള ഏതൊരു വിളംബരവും പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതും, അത് ഒരു മുൻവിളംബരത്തെ പിൻവലിക്കുന്ന വിളംബരമായിരിക്കുമ്പോളൊഴികെ രണ്ടുമാസം അവസാനിക്കുന്നതിൻമേൽ ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് പാർലമെന്റിന്റെ ഇരുസഭകളും പ്രമേയങ്ങൾ വഴി അത് അംഗീകരിക്കാത്തപക്ഷം, അതിനു പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം (ഒരു മുൻ വിളംബരത്തെ പിൻവലിക്കുന്നതല്ലാത്ത ഒരു വിളംബരം) ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് പുറപ്പെടുവിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ഈ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള രണ്ടുമാസക്കാലത്തിനിടയ്ക്ക് ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും, ആ വിളംബരം

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.
2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ, അതതു സംഗതിപോലെ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

has been passed by the House of the People before the expiration of that period, the Proclamation shall cease to operate at the expiration of thirty days from the date on which the House of the People first sits after its reconstitution unless before the expiration of the said period of thirty days a resolution approving the Proclamation has been also passed by the House of the People.

(4) A Proclamation so approved shall, unless revoked, cease to operate on the expiration of a period of [1][six months from the date of issue of the Proclamation]:

Provided that if and so often as a resolution approving the continuance in force of such a Proclamation is passed by both Houses of Parliament, the Proclamation shall, unless revoked, continue in force for a further period of [2][six months] from the date on which under this clause it would otherwise have ceased to operate, but no such Proclamation shall in any case remain in force for more than three years:

Provided further that if the dissolution of the House of the People takes place during any such period of [2][six months] and a resolution approving the continuance in force of such Proclamation has been passed by the Council of States, but no resolution with respect to "the continuance in force of such Proclamation has been passed by the House of the People during the said period, the Proclamation shall cease to operate at the expiration of thirty days from the date on which the House of the People first sits after its reconstitution unless before the expiration of the said period of thirty days a resolution approving the continuance in force of the Proclamation has been also passed by the House of the People:

[3][Provided also that in the case of the Proclamation issued under clause (1) on the 11th day of May, 1987 with respect to the State of Punjab, the reference in the first proviso to this clause to "three years" shall be construed as a reference to [4][five years].]

[5][(5) Notwithstanding anything contained in clause (4), a resolution with respect to the continuance in force of a Proclamation approved under clause (3) for any period beyond the expiration of one year from the date of issue of such Proclamation shall not be passed by either House of Parliament unless—

1. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 38, for "one year from the date of the passing of the second of the resolutions approving the Proclamation under clause (3)" (w.e.f. 20-6-1979). The words "one year" were subs. for the original words "six months" by the Constitution (Forty-second Amendment) Act, 1976, s. 50 (w.e.f. 3-1-1977).
2. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 38, for "one year" (w.e.f. 20-6-1979) the words "one year" were subs. for the orginal words "six months" by the Constitution (Forty-second Amendment) Act, 1976 (w.e.f. 3-1-1977).
3. Ins. by the Constitution (Sixty-fourth Amendment) Act, 1990, s. 2.
4. Successively subs. by the Constitution (Sixty-seventh Amendment) Act, 1990, s. 2 and the Constitution (Sixty- eighth Amendment) Act, 1991, s. 2.
5. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 38, for cl. (5) (w.e.f. 20-6-1979). Cl. (5) was ins. by the Constitution (Thirty-eighth Amendment) Act, 1975, s. 6 (retrospectively).

അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധിയുടെ അവസാനത്തിനു മുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭയുടെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതു ദിവസം അവസാനിക്കുന്നതിനു മുമ്പ് ലോകസഭ ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിന് പ്രാബല്യമില്ലാതാകുന്നതാണ്.

(4) അപ്രകാരം അംഗീകരിച്ച ഒരു വിളംബരം പിൻവലിക്കാത്തപക്ഷം, [1][വിളംബരം പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസക്കാലത്തിന്റെ അവസാനത്തിൻമേൽ] ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു വിളംബരം പ്രാബല്യത്തിൽ തുടരുന്നതിനെ അംഗീകരിക്കുന്ന ഒരു പ്രമേയം പാർലമെന്റിന്റെ ഇരു സഭകളും പാസ്സാക്കുകയാണെങ്കിൽ, അങ്ങനെ പാസ്സാക്കുമ്പോഴൊക്കെയും ആ വിളംബരം പിൻവലിച്ചിട്ടില്ലെങ്കിൽ ഈ ഖണ്ഡപ്രകാരം മറ്റുവിധത്തിൽ അതിനു പ്രാബല്യം ഇല്ലാതാകുമായിരുന്ന തീയതി മുതൽ [2][ആറുമാസ]ക്കാലത്തേക്കുകൂടി അത് പ്രാബല്യത്തിൽ തുടരുന്നതും, എന്നാൽ അങ്ങനെയുള്ള യാതൊരു വിളംബരവും യാതൊരു സംഗതിയിലും മൂന്നുവർഷത്തിലധികം പ്രാബല്യത്തിലിരിക്കുന്നതല്ലാത്തതും ആകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും [2][ആറുമാസ]ക്കാലത്തിനിടയിൽ ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയും രാജ്യസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയും, എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം പ്രാബല്യത്തിൽ തുടരുന്നത് സംബന്ധിച്ച പ്രമേയം മേൽപ്പറഞ്ഞ കാലാവധിയിൽ പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിന്റെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതുദിവസത്തിന്റെ അവസാനത്തിൽ മേൽപ്പറഞ്ഞ മുപ്പതുദിവസത്തിന്റെ അവസാനത്തിനു മുമ്പ് ലോകസഭയും ആ വിളംബരം പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരത്തിന് പ്രാബല്യം ഇല്ലാതാകുന്നതാണ്:

[3][എന്നിരുന്നാലും, പഞ്ചാബ് സംസ്ഥാനം സംബന്ധിച്ച് (1)-ാം ഖണ്ഡപ്രകാരം 1987 മേയ് 11-ാം തീയതി പുറപ്പെടുവിച്ച വിളംബരത്തിന്റെ സംഗതിയിൽ, ഈ ഖണ്ഡത്തിന്റെ ഒന്നാം പരിമിതി വ്യവസ്ഥയിലെ ''മൂന്നു വർഷം'' എന്ന പരാമർശത്തിന് [4][അഞ്ചു വർഷം] എന്ന പരാമർശം ആയി അർത്ഥം കൽപ്പിക്കേണ്ടതാണ്.]

[5][(5) (4)-ാം ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (3)-ാം ഖണ്ഡപ്രകാരം അംഗീകരിച്ച ഒരു വിളംബരം അങ്ങനെയുള്ള വിളംബരം പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തിന്റെ അവസാനത്തിനുശേഷമുള്ള ഏതെങ്കിലും കാലത്തേക്കുകൂടി പ്രാബല്യത്തിൽ തുടരുന്നതു സംബന്ധിച്ച ഒരു പ്രമേയം പാർലമെന്റിന്റെ ഇരു സഭകളിൽ ഒന്നും—

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 38-ാം വകുപ്പുപ്രകാരം ''(3)-ാം ഖണ്ഡപ്രകാരമുള്ള പ്രഖ്യാപനം അംഗീകരിക്കുന്ന പ്രമേയങ്ങളിൽ രണ്ടാമത്തേത് പാസ്സാക്കിയ തീയതി മുതൽ ഒരു വർഷം'' എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം), 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 50-ാം വകുപ്പ് പ്രകാരം ''ആറുമാസങ്ങൾ'' എന്ന് ആദ്യമുണ്ടായിരുന്ന വാക്കുകൾക്ക് പകരം ''ഒരു വർഷം'' എന്നീ വാക്കുകൾ പകരം ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 38-ാം വകുപ്പുപ്രകാരം ''ഒരു വർഷം'' എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം), 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 50-ാം വകുപ്പ് പ്രകാരം ''ആറുമാസങ്ങൾ'' എന്ന് ആദ്യമുണ്ടായിരുന്ന വാക്കുകൾക്ക് പകരം ''ഒരു വർഷം'' എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

3. 1990-ലെ ഭരണഘടന (അറുപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

4. 1990-ലെ ഭരണഘടന (അറുപത്തിയേഴാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരവും 1991-ലെ ഭരണഘടന (അറുപത്തെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരവും അനുക്രമമായി പകരം ചേർത്തത്.

5. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 38-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡത്തിനുപകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം), 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പുപ്രകാരം (5)-ാം ഖണ്ഡം (പൂർവ്വകാല പ്രാബല്യത്തോടെ) ചേർത്തിരുന്നു.

(a) a Proclamation of Emergency is in operation, in the whole of India or, as the case may be, in the whole or any part of the State, at the time of the passing of such resolution, and

(b) the Election Commission certifies that the continuance in force of the Proclamation approved under clause (3) during the period specified in such resolution is necessary on account of difficulties in holding general elections to the Legislative Assembly of the State concerned:]

[1][Provided that nothing in this clause shall apply to the Proclamation issued under clause (1) on the 11th day of May, 1987 with respect to the State of Punjab.]

357. Exercise of legislative powers under Proclamation issued under article 356.—(1) Where by a Proclamation issued under clause (1) of article 356, it has been declared that the powers of the Legislature of the State shall be exercisable by or under the authority of Parliament, it shall be competent—

(a) for Parliament to confer on the President the power of the Legislature of the State to make laws, and to authorise the President to delegate, subject to such conditions as he may think fit to impose, the power so conferred to any other authority to be specified by him in that behalf;

(b) for Parliament, or for the President or other authority in whom such power to make laws is vested under sub-clause (a), to make laws conferring powers and imposing duties, or authorising the conferring of powers and the imposition of duties, upon the Union or officers and authorities thereof;

(c) for the President to authorise when the House of the People is not in session expenditure from the Consolidated Fund of the State pending the sanction of such expenditure by Parliament.

[2][(2) Any law made in exercise of the power of the Legislature of the State by Parliament or the President or other authority referred to in sub-clause (a) of clause (1) which Parliament or the President or such other authority would not, but for the issue of a Proclamation under article 356, have been competent to make shall, after the Proclamation has ceased to operate, continue in force until altered or repealed or amended by a competent Legislature or other authority.]

---

1. Omitted by the Constitution (Sixty-third Amendment) Act, 1989, s. 2 (w.e.f. 6-1-1990) and again ins. by the Constitution (Sixty-fourth Amendment) Act, 1990, s. 2.
2. Subs. by the Constitution (Forty-second Amendment) Act, 1976, s. 51, for cl. (2) (w.e.f. 3-1-1977).

(ക) അങ്ങനെയുള്ള ഒരു പ്രമേയം പാസ്സാക്കുന്ന സമയം ഭാരതം ഒട്ടാകെയോ ഒരു സംസ്ഥാനത്തിന്റെ മുഴുവനോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ, അതതുസംഗതിപോലെ, അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുകയും;

(ഖ) അങ്ങനെയുള്ള പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുള്ള കാലത്ത് ബന്ധപ്പെട്ട സംസ്ഥാനത്തെ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ള ബുദ്ധിമുട്ടുകൾ കാരണം (3)-ാം ഖണ്ഡപ്രകാരം അംഗീകരിച്ച ഒരു വിളംബരം തുടരുന്നത് ആവശ്യമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ സാക്ഷ്യപ്പെടുത്തുകയും,

ചെയ്താലല്ലാതെ പാസ്സാക്കുവാൻ പാടുള്ളതല്ല:]

[1][എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും പഞ്ചാബ് സംസ്ഥാനത്തെ സംബന്ധിച്ച് (1)-ാം ഖണ്ഡപ്രകാരം 1987 മേയ് 11-ാം തീയതി പുറപ്പെടുവിച്ച വിളംബരത്തെ ബാധിക്കുന്നതല്ല.]

357. 356-ാം അനുച്ഛേദപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിളംബരം അനുസരിച്ചുള്ള നിയമനിർമ്മാണാധികാരങ്ങളുടെ പ്രയോഗം.—(1) 356-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം വഴി സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ അധികാരങ്ങൾ പാർലമെന്റോ പാർലമെന്റിന്റെ അധികാരത്തിൻ കീഴിലോ പ്രയോഗിക്കേണ്ടതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ—

(ക) പാർലമെന്റിന്, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം രാഷ്ട്രപതിക്കു നൽകുവാനും, അപ്രകാരം നൽകിയിട്ടുള്ള അധികാരം, ചുമത്തുന്നത് ഉചിതമെന്ന് അദ്ദേഹത്തിന് തോന്നുന്ന അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി, അദ്ദേഹം അതിലേക്ക് നിശ്ചയിക്കുന്ന മറ്റേതെങ്കിലും അധികാരസ്ഥാനത്തെ ഏൽപ്പിക്കുന്നതിന് രാഷ്ട്രപതിയെ അധികൃതപ്പെടുത്തുവാനും;

(ഖ) പാർലമെന്റിനോ അല്ലെങ്കിൽ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം (ക) ഉപഖണ്ഡ പ്രകാരം രാഷ്ട്രപതിക്കോ മറ്റധികാരസ്ഥാനത്തിനോ ഇതിലാരിലാണോ നിക്ഷിപ്തമായിരിക്കുന്നത് അവർക്ക് യൂണിയനോ അതിന്റെ ഉദ്യോഗസ്ഥൻമാർക്കോ അധികാരസ്ഥാനങ്ങൾക്കോ അധികാരങ്ങൾ നൽകുന്നതിനും അവരുടെ മേൽ കർത്തവ്യങ്ങൾ ചുമത്തുന്നതിനും, അല്ലെങ്കിൽ അധികാരം നൽകുന്നതിനും കർത്തവ്യങ്ങൾ ചുമത്തുന്നതിനും അവരെ അധികൃതപ്പെടുത്തുന്നതിനും, നിയമങ്ങൾ ഉണ്ടാക്കുവാനും;

(ഗ) രാഷ്ട്രപതിക്ക്, ലോകസഭ സമ്മേളനത്തിലല്ലാതിരിക്കുമ്പോൾ ആ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ചെലവ് നടത്തുന്നതിന് പാർലമെന്റിന്റെ അനുമതി ലഭിക്കുന്നതുവരെ, അങ്ങനെ ചെയ്യുന്നതിനു അധികൃതപ്പെടുത്തുവാനും,

ക്ഷമതയുണ്ടായിരിക്കുന്നതാണ്.

[2][(2) പാർലമെന്റോ രാഷ്ട്രപതിയോ (1)-ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള മറ്റ് അധികാരസ്ഥാനമോ ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ അധികാരം പ്രയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമം 356-ാം അനുച്ഛേദപ്രകാരം ഒരു വിളംബരം പുറപ്പെടുവിച്ചിരുന്നില്ലെങ്കിൽ, പാർലമെന്റിനോ രാഷ്ട്രപതിക്കോ അങ്ങനെയുള്ള മറ്റ് അധികാരസ്ഥാനത്തിനോ ആ നിയമം ഉണ്ടാക്കുവാൻ ക്ഷമതയുണ്ടാകുമായിരുന്നില്ലെങ്കിൽ, വിളംബരം പ്രാബല്യത്തിൽ ഇല്ലാതായതിനുശേഷം, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ മറ്റ് അധികാരസ്ഥാനമോ വ്യത്യാസപ്പെടുത്തുകയോ, റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്.]

---

1. 1989-ലെ ഭരണഘടന (അറുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും (6-1-1990 മുതൽ പ്രാബല്യം) 1990-ലെ ഭരണഘടന (അറുപത്തിനാലാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം വീണ്ടും ചേർക്കുകയും ചെയ്തു.
2. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 51-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

358. Suspension of provisions of article 19 during emergencies.— [1][(1)] [2][While a Proclamation of Emergency declaring that the security of India or any part of the territory thereof is threatened by war or by external aggression is in operation], nothing in article 19 shall restrict the power of the State as defined in Part III to make any law or to take any executive action which the State would but for the provisions contained in that Part be competent to make or to take, but any law so made shall, to the extent of the incompetency, cease to have effect as soon as the Proclamation ceases to operate, except as respects things done or omitted to be done before the law so ceases to have effect:

[3][Provided, [4][that where such Proclamation of Emergency] is in operation only in any part of the territory of India, any such law may be made, or any such executive action may be taken, under this article in relation to or in any State or Union territory in which or in any part of which the Proclamation of Emergency is not in operation, if and in so far as the security of India or any part of the territory thereof is threatened by activities in or in relation to the part of the territory of India in which the Proclamation of Emergency is in operation.]

[5][(2) Nothing in clause (1) shall apply—

(a) to any law which does not contain a recital to the effect that such law is in relation to the Proclamation of Emergency in operation when it is made; or

(b) to any executive action taken otherwise than under a law containing such a recital.]

359. Suspension of the enforcement of the rights conferred by Part III during emergencies.—(1) Where a Proclamation of Emergency is in operation, the President may by order delcare that the right to move any court for the enforcement of such of [6][the rights conferred by Part III (except articles 20 and 21)] as may be mentioned in the order and all proceedings pending in any court for the enforcement of the rights so mentioned shall remain suspended for the period during which the Proclamation is in force or for such shorter period as may be specified in the order.

---

1. Art. 358 re-numbered as cl. (1) thereof by the Constitution (Forty-fourth Amendment) Act, 1978, s. 39 (w.e.f. 20-6-1979).
2. Subs. by s. 39, ibid., for "While a Proclamation of Emergency is in operation" (w.e.f. 20-6-1979).
3. Ins. by the Constitution (Forty-second Amendment) Act, 1976, s. 52 (w. e. f. 3-1-1977).
4. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 39, for "where a Proclamation of Emergency" (w. e. f. 20-6-1979).
5. Ins. by s. 39, ibid. (w. e. f. 20-6-1979).
6. Subs. by s. 40, ibid., for "the rights conferred by Part III" (w. e. f. 20-6-1979).

358. അടിയന്തരാവസ്ഥാക്കാലങ്ങളിൽ 19-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളുടെ നിറുത്തിവയ്ക്കൽ.—[1][(1)] [2][ഭാരതത്തിന്റെയോ അതിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം യുദ്ധത്താലോ ബാഹ്യാക്രമണത്താലോ ഭീഷണിയിലായിരിക്കുന്നു എന്നു പ്രഖ്യാപിക്കുന്ന ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ], 19-ാം അനുച്ഛേദത്തിലുള്ള യാതൊന്നും III-ാം ഭാഗത്തിൽ നിർവ്വചിച്ച പ്രകാരമുള്ള രാഷ്ട്രത്തിന്റെ, ആ ഭാഗത്തിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നില്ലെങ്കിൽ രാഷ്ട്രത്തിന് ഉണ്ടാക്കുവാനോ എടുക്കുവാനോ ക്ഷമതയുണ്ടാകുമായിരുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കുവാനോ ഉള്ള അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ, അങ്ങനെ ഉണ്ടാക്കുന്ന ഏതൊരു നിയമവും ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ നിയമത്തിന് പ്രഭാവം ഇല്ലാതാകുന്നതിന് മുമ്പ് ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, ആ വിളംബരം പ്രാബല്യത്തിൽ ഇല്ലാതായിത്തീരുന്ന ഉടൻ, പ്രഭാവം ഇല്ലാതായിത്തീരുന്നതും ആകുന്നു:

[3][എന്നാൽ, [4][അങ്ങനെയുള്ള ഒരു അടിയന്തരാവസ്ഥ വിളംബരം] ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിരിക്കുന്നിടത്ത്, ഭാരതത്തിന്റെ ഭൂപ്രദേശത്ത് അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിന്റെയോ ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ, സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ, ഭീഷണിയിലായിരിക്കുന്നിടത്തോളവും, അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ അനുച്ഛേദപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കാവുന്നതോ ആണ്.]

[5][(2) (1)-ാം ഖണ്ഡത്തിലെ യാതൊന്നും—

(ക) നിയമം ഉണ്ടാക്കുമ്പോൾ പ്രാബല്യത്തിലിരിക്കുന്ന അടിയന്തരാവസ്ഥാ വിളംബരത്തെ സംബന്ധിച്ചുള്ളതാണ് അങ്ങനെയുള്ള നിയമം എന്ന അർത്ഥത്തിൽ ഒരു പ്രസ്താവന അടങ്ങിയിട്ടില്ലാത്ത ഏതെങ്കിലും നിയമത്തിനോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഒരു പ്രസ്താവന അടങ്ങിയിട്ടുള്ള ഒരു നിയമപ്രകാരം അല്ലാതെ എടുത്ത ഏതെങ്കിലും നിർവ്വാഹക നടപടിക്കോ,

ബാധകമാകുന്നതല്ല.]

359. അടിയന്തരാവസ്ഥാക്കാലങ്ങളിൽ III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങളുടെ നടപ്പാക്കൽ നിറുത്തിവയ്ക്കൽ.—(1) ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ, രാഷ്ട്രപതിക്ക് ഉത്തരവു വഴി, ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള, [6][III-ാം ഭാഗത്താൽ നൽകിയിട്ടുള്ള, അവകാശങ്ങളുടെ (20-ഉം 21-ഉം അനുച്ഛേദങ്ങളൊഴികെ)] നടപ്പാക്കലിന് വേണ്ടി ഏതെങ്കിലും കോടതിയെ സമീപിക്കുന്നതിനുള്ള അവകാശവും അപ്രകാരം പറഞ്ഞിട്ടുള്ള അവകാശങ്ങളുടെ നടപ്പാക്കലിന് വേണ്ടി ഏതെങ്കിലും കോടതിയിൽ നിലവിലിരിക്കുന്ന എല്ലാ നടപടികളും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലയളവിലേയ്ക്കോ അല്ലെങ്കിൽ ഉത്തരവിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള കുറഞ്ഞ കാലയളവിലേയ്ക്കോ നിറുത്തിവച്ചിരിക്കുന്നതായി, പ്രഖ്യാപിക്കാവുന്നതാണ്.

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 39-ാം വകുപ്പുപ്രകാരം 358-ാം അനുച്ഛേദം അതിന്റെ(1)-ാം ഖണ്ഡമായി പുനരക്കമിട്ടു (20-6-1979 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 39-ാം വകുപ്പ് പ്രകാരം "ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുമ്പോൾ" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 52-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 39-ാം വകുപ്പു പ്രകാരം "ഒരു അടിയന്തരാവസ്ഥാ വിളംബരം" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റ്, 39-ാം വകുപ്പ് പ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
6. മേൽപ്പറഞ്ഞ ആക്റ്റ്, 40-ാം വകുപ്പുപ്രകാരം "III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

[1][(1A) While an order made under clause (1) mentioning any of [2][the rights conferred by Part III (except articles 20 and 21)] is in operation, nothing in that Part conferring those rights shall restrict the power of the State as defined in the said Part to make any law or to take any executive action which the State would but for the provisions contained in that Part be competent to make or to take, but any law so made shall, to the extent of the incompetency, cease to have effect as soon as the order aforesaid ceases to operate, except as respects things done or omitted to be done before the law so ceases to have effect:

[3][Provided that where a Proclamation of Emergency is in operation only in any part of the territory of India, any such law may be made, or any such executive action may be taken, under this article in relation to or in any State or Union territory in which or in any part of which the Proclamation of Emergency is not in operation, if and in so far as the security of India or any part of the territory thereof is threatened by activities in or in relation to the part of the territory of India in which the Proclamation of Emergency is in operation.]

[4][(1B) Nothing in clause (1A) shall apply—

(a) to any law which does not contain a recital to the effect that such law is in relation to the Proclamation of Emergency in operation when it is made; or

(b) to any executive action taken otherwise than under a law containing such a recital.]

(2) An order made as aforesaid may extend to the whole or any part of the territory of India:

[5][Provided that where a Proclamation of Emergency is in operation only in a part of the territory of India, any such order shall not extend to any other part of the territory of India unless the President, being satisfied that the security of India or any part of the territory thereof is threatened by activities in or in relation to the part of the territory of India in which the Proclamation of Emergency is in operation, considers such extension to be necessary.]

(3) Every order made under clause (1) shall, as soon as may be after it is made, be laid before each House of Parliament.

---

1. Ins. by the Constitution (Thirty-eighth Amendment) Act, 1975, s. 7 (retrospectively).
2. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 40, for "the rights conferred by Part III" (w. e. f. 20-6-1979).
3. Ins. by the Constitution (Forty-second Amendment) Act, 1976, s. 53 (w. e. f. 3-1-1977).
4. Ins. by the Constitution (Forty-fourth Amendment) Act, 1978, s. 40 (w. e. f. 20-6-1979).
5. Ins. by the Constitution (Forty-second Amendment) Act, 1976, s. 53 (w. e. f. 3-1-1977).

[1][(1ക) [2][III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ (20-ഉം 21-ഉം അനുച്ഛേദങ്ങൾ ഒഴികെ)] ഏതെങ്കിലും സൂചിപ്പിച്ചുകൊണ്ട് (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച, ഒരു ഉത്തരവ് പ്രാബല്യത്തിലിരിക്കുമ്പോൾ, ആ അവകാശങ്ങൾ നൽകുന്ന ഭാഗത്തുള്ള യാതൊന്നും മേൽപ്പറഞ്ഞ ഭാഗത്തു നിർവ്വചിച്ച പ്രകാരമുള്ള രാഷ്ട്രത്തിന്റെ, ആ ഭാഗത്തിലടങ്ങിയിട്ടുള്ള വ്യവസ്ഥകളുണ്ടായിരുന്നില്ലെങ്കിൽ ആ രാഷ്ട്രത്തിന് ഉണ്ടാക്കുവാനോ എടുക്കുവാനോ ക്ഷമത ഉണ്ടാകുമായിരുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കുവാനോ ഉള്ള, അധികാരത്തെ നിയന്ത്രിക്കുന്നതല്ലാത്തതും, എന്നാൽ, അങ്ങനെ ഉണ്ടാക്കുന്ന ഏതൊരു നിയമവും, ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, ആ നിയമത്തിന് പ്രഭാവം ഇല്ലാതാകുന്നതിനുമുമ്പ്, ചെയ്തതോ ചെയ്യാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ, മുൻപറഞ്ഞ ഉത്തരവ് പ്രാബല്യത്തിലില്ലാതായിത്തീരുന്ന ഉടൻ, പ്രഭാവം ഇല്ലാതായിത്തീരുന്നതും ആകുന്നു:

[3][എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത് ഭാരതത്തിന്റെ ഭൂപ്രദേശത്ത് അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾവഴി ഭാരതത്തിന്റെയോ ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലാണെങ്കിൽ ഭീഷണിയിലായിരിക്കുന്നിടത്തോളം, അടിയന്തരാവസ്ഥാ വിളംബരം പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും ഒരു സംസ്ഥാനത്തോ യൂണിയൻ ഭൂപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഈ അനുച്ഛേദപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കാവുന്നതോ അങ്ങനെയുള്ള ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കാവുന്നതോ ആണ്.]

[4][(1ഖ) (1ക) ഖണ്ഡത്തിലുള്ള യാതൊന്നും—

(ക) നിയമം ഉണ്ടാക്കുമ്പോൾ പ്രാബല്യത്തിലിരിക്കുന്ന അടിയന്തരാവസ്ഥാ വിളംബരത്തെ സംബന്ധിച്ചുള്ളതാണ് അങ്ങനെയുള്ള നിയമം എന്ന അർത്ഥത്തിൽ ഒരു പ്രസ്താവന അടങ്ങിയിട്ടില്ലാത്ത ഏതെങ്കിലും നിയമത്തിനോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഒരു പ്രസ്താവന അടങ്ങിയിട്ടുള്ള ഒരു നിയമപ്രകാരം അല്ലാതെ എടുത്ത ഏതെങ്കിലും നിർവ്വാഹക നടപടിക്കോ,

ബാധകമാകുന്നതല്ല.]

(2) മേൽപ്പറഞ്ഞ രീതിയിൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഒട്ടാകെയോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ വ്യാപിക്കാവുന്നതാണ്:

[5][എന്നാൽ, ഒരു അടിയന്തരാവസ്ഥാ വിളംബരം ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഒരു ഭാഗത്തുമാത്രം പ്രാബല്യത്തിലിരിക്കുന്നിടത്ത് അടിയന്തരാവസ്ഥാവിളംബരം പ്രാബല്യത്തിലിരിക്കുന്ന ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഭാഗത്തോ ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങൾ വഴി ഭാരതത്തിന്റെയോ അതിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിയിലായിരിക്കുന്നു എന്ന് രാഷ്ട്രപതിക്കു ബോദ്ധ്യപ്പെടുകയും, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേക്ക്, വ്യാപിപ്പിക്കൽ ആവശ്യമാണെന്ന് രാഷ്ട്രപതി കരുതുകയും ചെയ്യാത്തപക്ഷം അങ്ങനെ വ്യാപിപ്പിക്കാൻ പാടുള്ളതല്ല.]

(3) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അതു പുറപ്പെടുവിച്ചതിനു ശേഷം, കഴിയുന്നതും വേഗം, പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

---

1. 1975-ലെ ഭരണഘടന (മുപ്പത്തെട്ടാം ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം (പൂർവ്വകാലപ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പുപ്രകാരം "III-ാം ഭാഗത്താൽ നൽകിയിട്ടുള്ള അവകാശങ്ങൾ" എന്നതിനു പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 53-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
4. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 40-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
5. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 53-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

[1]**359A.** [*Application of this Part to the State of Punjab. Omitted by the Constitution (Sixty-third Amendment) Act, 1989, s. 3 (w.e.f. 6-1-1990)*.]

360. Provisions as to financial emergency.—(1) If the President is satisfied that a situation has arisen whereby, the financial stability or credit of India or of any part of the territory thereof is threatened, he may by a Proclamation make a declaration to that effect.

[2][(2) A Proclamation issued under clause (1)—

(a) may be revoked or varied by a subsequent Proclamation;

(b) shall be laid before each House of Parliament;

(c) shall cease to operate at the expiration of two months, unless before the expiration of that period it has been approved by resolutions of both Houses of Parliament:

Provided that if any such Proclamation is issued at a time when the House of the People has been dissolved or the dissolution of the House of the People takes place during the period of two months referred to in sub-clause (c), and if a resolution approving the Proclamation has been passed by the Council of States, but no resolution with respect to such Proclamation has been passed by the House of the People before the expiration of that period, the Proclamation shall cease to operate at the expiration of thirty days from the date on which the House of the People first sits after its reconstitution unless before the expiration of the said period of thirty days a resolution approving the Proclamation has been also passed by the House of the People.]

(3) During the period any such Proclamation as is mentioned in clause (1) is in operation, the executive authority of the Union shall extend to the giving of directions to any State to observe such canons of financial propriety as may be specified in the directions, and to the giving of such other directions as the President may deem necessary and adequate for the purpose.

(4) Notwithstanding anything in this Constitution—

(a) any such direction may include—

(i) a provision requiring the reduction of salaries and allowances of all or any class of persons serving in connection with the affairs of a State;

1. Ins. by the Constitution (Fifty-ninth Amendment) Act, 1988, s. 3, and ceased to operate on the expiry of a period of two years from the commencement of that Act ie., thirtieth day of March, 1988.

2. Subs. by the Constitution (Forty-fourth Amendment) Act, 1978, s. 41, for cl. (2) (w. e. f. 20-6-1979).

[1]**359ക.** *[പഞ്ചാബ് സംസ്ഥാനത്തിന് ഈ ഭാഗത്തിന്റെ ബാധകത] 1989-ലെ ഭരണഘടന (അറുപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു (6-1-1990 മുതൽ പ്രാബല്യം).*

360. സാമ്പത്തിക അടിയന്തരാവസ്ഥ സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഭാരതത്തിന്റെയോ ഭാരതത്തിന്റെ ഭൂപ്രദേശത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സാമ്പത്തികഭദ്രത അല്ലെങ്കിൽ വിശ്വാസ്യത ഭീഷണിയിലാക്കുന്ന ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിട്ടുണ്ട് എന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ, ഒരു വിളംബരം വഴി ആ അർത്ഥത്തിൽ അദ്ദേഹത്തിന് ഒരു പ്രഖ്യാപനം നടത്താവുന്നതാണ്.

[2][(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു വിളംബരം—

(ക) അതിനുശേഷമുള്ള ഒരു വിളംബരം വഴി പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്;

(ഖ) പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്;

(ഗ) രണ്ടുമാസത്തിന്റെ അവസാനത്തിൽ, ആ കാലാവധിയുടെ അവസാനത്തിനുമുമ്പ് പാർലമെന്റിന്റെ ഇരുസഭകളും പ്രമേയങ്ങൾ വഴി അംഗീകരിക്കാത്തപക്ഷം, പ്രാബല്യമില്ലാത്തതായിത്തീരുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വിളംബരം ലോകസഭ പിരിച്ചുവിട്ടിരിക്കുന്ന സമയം പുറപ്പെടുവിക്കുകയോ, (ഗ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള രണ്ടുമാസക്കാലത്തിനിടയ്ക്കു ലോകസഭയുടെ പിരിച്ചുവിടൽ സംഭവിക്കുകയോ ആണെങ്കിൽ, ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം രാജ്യസഭ പാസ്സാക്കുകയും എന്നാൽ ലോകസഭ അങ്ങനെയുള്ള വിളംബരം സംബന്ധിച്ച പ്രമേയം ആ കാലാവധി അവസാനിക്കുന്നതിനുമുമ്പ് പാസ്സാക്കാതിരിക്കുകയും ചെയ്യുന്നതായാൽ, ലോകസഭ അതിന്റെ പുനഃസംഘടനയ്ക്കുശേഷം ആദ്യമായി ഉപവേശിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, മുൻപറഞ്ഞ മുപ്പതു ദിവസക്കാലത്തിന്റെ അവസാനത്തിന് മുമ്പ് ലോകസഭയും ആ വിളംബരം അംഗീകരിക്കുന്ന ഒരു പ്രമേയം പാസ്സാക്കാത്തപക്ഷം, ആ വിളംബരം പ്രാബല്യമില്ലാത്തതായിതീരുന്നതാണ്.]

(3) (1)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള രീതിയിലുള്ള ഏതെങ്കിലും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലത്ത്, യൂണിയന്റെ നിർവ്വാഹകാധികാരം, ഏതെങ്കിലും സംസ്ഥാനത്തിന് നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള സാമ്പത്തിക മര്യാദ സംബന്ധിച്ച അങ്ങനെയുള്ള ചട്ടങ്ങൾ പാലിക്കണമെന്ന് നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും, ആ കാര്യത്തിന് ആവശ്യവും പര്യാപ്തവുമാണെന്ന് രാഷ്ട്രപതി കരുതാവുന്ന അങ്ങനെയുള്ള മറ്റു നിർദ്ദേശങ്ങൾ നൽകുന്നതിലേക്കും വ്യാപിക്കുന്നതാണ്.

(4) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും—

(ക) അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശത്തിൽ—

(i) ഒരു സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് സേവനം നടത്തുന്ന എല്ലാവരുടെയുമോ ഏതെങ്കിലും വിഭാഗം ആളുകളുടെയോ ശമ്പളങ്ങളും ബത്തകളും കുറവു ചെയ്യണമെന്നാവശ്യപ്പെടുന്ന ഒരു വ്യവസ്ഥയും;

---

1. 1988-ലെ ഭരണഘടന (അൻപത്തൊൻപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്, ആ ആക്റ്റിന്റെ പ്രാരംഭം, അതായത് 1988 മാർച്ച് 30-ാം തീയതി മുതൽ രണ്ടുവർഷക്കാലം കഴിഞ്ഞതിൻമേൽ അത് പ്രവർത്തനരഹിതമായിത്തീർന്നു.
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 41-ാം വകുപ്പുപ്രകാരം (2)-ാം ഖണ്ഡത്തിന് പകരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).

(ii) a provision requiring all Money Bills or other Bills to which the provisions of article 207 apply to be reserved for the consideration of the President after they are passed by the Legislature of the State;

(b) It shall be competent for the President during the period any Proclamation issued under this article is in operation to issue directions for the reduction of salaries and allowances of all or any class of persons serving in connection with the affairs of the Union including the Judges of the Supreme Court and the High Courts.

[1][***]

1. Cl. (5) was ins. by the Constitution (Thirty-eighth Amendment) Act, 1975, s. 8 (retrospectively) and omitted by the Constitution (Forty-fourth Amendment) Act, 1978, s. 41 (w. e.f. 20-6-1979).

(ii) 207-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ ബാധകമായ ധനകാര്യ ബില്ലുകളോ മറ്റു ബില്ലുകളോ ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം പാസ്സാക്കിയതിനുശേഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവയ്ക്കണമെന്നാവശ്യപ്പെടുന്ന ഒരു വ്യവസ്ഥയും,

ഉൾപ്പെടാവുന്നതാണ്.

(ഖ) ഈ അനുച്ഛേദപ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും വിളംബരം പ്രാബല്യത്തിലിരിക്കുന്ന കാലത്ത് സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരുൾപ്പെടെയുണിയന്റെ കാര്യങ്ങൾ സംബന്ധിച്ച് സേവനം നടത്തുന്ന എല്ലാവരുടെയുമോ ഏതെങ്കിലും വിഭാഗം ആളുകളുടെയോ ശമ്പളങ്ങളും ബത്തകളും കുറവു ചെയ്യുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ രാഷ്ട്രപതിക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

[1][***]

1. 1975-ലെ ഭരണഘടന (മുപ്പത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 8-ാം വകുപ്പുപ്രകാരം(5)-ാംഖണ്ഡം (മുൻകാല പ്രാബല്യത്തോടെ) ചേർക്കുകയും,1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 41-ാം വകുപ്പു പ്രകാരം വിട്ടുകളയുകയും ചെയ്തു(20-6-1979 മുതൽ പ്രാബല്യം).

PART XIX

MISCELLANEOUS

361. Protection of President and Governors and Rajpramukhs.—(1) The President, or the Governor or Rajpramukh of a State, shall not be answerable to any court for the exercise and performance of the powers and duties of his office or for any act done or purporting to be done by him in the exercise and performance of those powers and duties:

Provided that the conduct of the President may be brought under review by any court, tribunal or body appointed or designated by either House of Parliament for the investigation of a charge under article 61:

Provided further that nothing in this clause shall be construed as restricting the right of any person to bring appropriate proceedings against the Government of India or the Government of a State.

(2) No criminal proceedings whatsoever shall be instituted or continued against the President, or the Governor [1][***] of a State, in any court during his term of office.

(3) No process for the arrest or imprisonment of the President, or the Governor [1][***] of a State, shall issue from any court during his term of office.

(4) No civil proceedings in which relief is claimed against the President, or the Governor [1][***] of a State, shall be instituted during his term of office in any court in respect of any act done or purporting to be done by him in his personal capacity, whether before or after he entered upon his office as President, or as Governor [1][***] of such State, until the expiration of two months next after notice in writing has been delivered to the President or the Governor [1][***], as the case may be, or left at his office stating the nature of the proceedings, the cause of action therefor, the name, description and place of residence of the party by whom such proceedings are to be instituted and the relief which he claims.

---

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

ഭാഗം XIX

പലവക

361. രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും രാജപ്രമുഖൻമാർക്കും സംരക്ഷണം.—(1) രാഷ്ട്രപതിയോ ഒരു സംസ്ഥാന ഗവർണ്ണറോ രാജപ്രമുഖനോ അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ അധികാരങ്ങളുടെയും കർത്തവ്യങ്ങളുടെയും പ്രയോഗത്തിനും നിർവ്വഹണത്തിനും, അല്ലെങ്കിൽ അങ്ങനെയുള്ള അധികാരങ്ങളുടെ പ്രയോഗത്തിലും കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലും ചെയ്തതോ ചെയ്തതായി കരുതേണ്ടതോ ആയ ഏതെങ്കിലും കൃത്യത്തിനും ഏതെങ്കിലും കോടതിയോട് ഉത്തരം പറയുവാൻ ബാധ്യസ്ഥനാകുന്നതല്ല:

എന്നാൽ, 61-ാം അനുച്ഛേദപ്രകാരമുള്ള ഒരു ആരോപണത്തെപ്പറ്റി അന്വേഷണം നടത്തുവാൻ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതെങ്കിലും ഒന്ന് നിയമിച്ചിട്ടുള്ളതോ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളതോ ആയ ഏതെങ്കിലും കോടതിയ്ക്കോ ട്രിബ്യൂണലിനോ നികായത്തിനോ രാഷ്ട്രപതിയുടെ നടപടി പുനഃപരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഈ ഖണ്ഡത്തിലെ യാതൊന്നിനും ഭാരത സർക്കാരിനോ ഒരു സംസ്ഥാനത്തിന്റെ സർക്കാരിനോ എതിരായി സമുചിത നടപടികൾ കൊണ്ടുവരുന്നതിന് ഏതെങ്കിലും ആൾക്കുള്ള അവകാശത്തെ നിയന്ത്രിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) രാഷ്ട്രപതിക്കോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്കോ [1][***] എതിരായി അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ഏതെങ്കിലും കോടതിയിൽ യാതൊരു വിധത്തിലുള്ള ക്രിമിനൽ നടപടികൾ ആരംഭിക്കുകയോ തുടരുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) രാഷ്ട്രപതിയുടെയോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറുടെയോ [1][***] അറസ്റ്റിനോ തടവിനോ ഉള്ള യാതൊരു കല്പനയും അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ഏതെങ്കിലും കോടതിയിൽ നിന്നും പുറപ്പെടുവിക്കാവുന്നതല്ല.

(4) രാഷ്ട്രപതിക്കോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർക്കോ [1][***] എതിരായി വ്യക്തിപരമായ നിലയിൽ അദ്ദേഹം ചെയ്തതോ ചെയ്തതായി കരുതാവുന്നതോ ആയ ഏതെങ്കിലും കൃത്യം സംബന്ധിച്ച് അത് അദ്ദേഹം രാഷ്ട്രപതിയായോ ആ സംസ്ഥാനത്ത് ഗവർണ്ണറായോ [1][***] ഉദ്യോഗത്തിൽ പ്രവേശിച്ചതിനുമുമ്പോ പിമ്പോ ആയിരുന്നാലും നിവൃത്തി അവകാശപ്പെടുന്ന യാതൊരു സിവിൽ നടപടിയും രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ, [1][***] അതത് സംഗതിപോലെ, നടപടികളുടെ സ്വഭാവം, വ്യവഹാര കാരണം, അങ്ങനെയുള്ള നടപടികൾ ആരംഭിക്കുവാൻ പോകുന്ന കക്ഷിയുടെ പേർ, വിവരണം, വാസസ്ഥലം, അയാൾ അവകാശപ്പെടുന്ന നിവൃത്തി എന്നിവ പ്രസ്താവിച്ചുകൊണ്ട് രേഖാമൂലമായ നോട്ടീസ് നൽകുകയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആഫീസിൽ ഏൽപ്പിക്കുകയോ ചെയ്തതിനുശേഷം രണ്ടുമാസം അവസാനിക്കുന്നതുവരെ യാതൊരു കോടതിയിലും അദ്ദേഹത്തിന്റെ ഉദ്യോഗകാലത്ത് ആരംഭിക്കുവാൻ പാടുള്ളതല്ല.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

[1][**361A. Protection of publication of proceedings of Parliament and State Legislatures.—**](1) No person shall be liable to any proceedings, civil or criminal, in any court in respect of the publication in a newspaper of a substantially true report of any proceedings of either House of Parliament or the Legislative Assembly, or, as the case may be, either House of the Legislature, of a State, unless the publication is proved to have been made with malice:

Provided that nothing in this clause shall apply to the publication of any report of the proceedings of a secret sitting of either House of Parliament or the Legislative Assembly, or, as the case may be, either House of the Legislature, of a State.

(2) Clause (1) shall apply in relation to reports or matters broadcast by means of wireless telegraphy as part of any programme or service provided by means of a broadcasting station as it applies in relation to reports or matters published in a newspaper.

Explanation.—In this article, "newspaper'' includes a news agency report containing material for publication in a newspaper.]

[2][**361B. Disqualification for appointment on remunerative political post.—**] A member of a House belonging to any political party who is disqualified for being a member of the House under paragraph 2 of the Tenth Schedule shall also be disqualified to hold any remunerative political post for duration of the period commencing from the date of his disqualification till the date on which the term of his office as such member would expire or till the date on which he contests an election to a House and is declared elected, whichever is earlier.

Explanation.—For the purpose of this article,—

(a) the expression "House" has the meaning assigned to it in clause (a) of paragraph 1 of the Tenth Schedule;

(b) The expression "remunerative political post" means any office—

(i) under the Government of India or the Government of a State where the salary or remuneration for such office is paid out of the public revenue of the Government of India or the Government of the State, as the case may be; or

(ii) under a body, whether incorporated or not which is wholly or partly owned by the Government of India or the Government of a State and the salary or remuneration for such office is paid by such body,

except where such salary or remuneration paid is compensatory in nature.]

1. Ins. by the Constitution (Forty-fourth Amendment) Act, 1978, s. 42 (w. e. f. 20-6-1979).
2. Ins. by the Constitution (Ninety-first Amendment) Act, 2003, s. 4.

[1] **[361ക. പാർലമെന്റിന്റെയും സംസ്ഥാന നിയമനിർമ്മാണമണ്ഡലങ്ങളുടെയും നടപടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സംരക്ഷണം.**—(1) പാർലമെന്റിന്റെ ഇരു സഭകളിൽ ഏതിന്റെയെങ്കിലുമോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ നിയമസഭയുടെയോ അല്ലെങ്കിൽ, അതത് സംഗതിപോലെ, നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരുസഭകളിൽ ഏതിന്റെയെങ്കിലുമോ ഏതെങ്കിലും നടപടികളുടെ സാരാംശത്തിൽ ശരിയായ ഒരു വിവരണം ഒരു വർത്തമാനപ്പത്രത്തിലെ പ്രസിദ്ധീകരണം സംബന്ധിച്ച് ആ പ്രസിദ്ധീകരണം നടത്തിയത് ദുരുദ്ദേശത്തോടുകൂടിയാണ് എന്നു തെളിയിക്കാത്ത പക്ഷം യാതൊരു വ്യക്തിയും ഏതെങ്കിലും കോടതിയിൽ സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും നടപടികൾക്കു വിധേയനാകുന്നതല്ല:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിന്റെയെങ്കിലുമോ, അല്ലെങ്കിൽ, അതതുസംഗതിപോലെ, സംസ്ഥാന നിയമസഭയുടെയോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരുസഭകളിൽ ഏതിന്റെയെങ്കിലുമോ, രഹസ്യ ഉപവേശനത്തിലെ നടപടികളുടെ ഏതെങ്കിലും വിവരണത്തിന്റെ പ്രസിദ്ധീകരണത്തെ ബാധിക്കുന്നതല്ല.

(2) (1)-ാം ഖണ്ഡം ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച വിവരണങ്ങളോ കാര്യങ്ങളോ സംബന്ധിച്ച് ബാധമാകുന്നതുപോലെ ഒരു പ്രക്ഷേപണകേന്ദ്രത്തിൽ നിന്ന് നൽകുന്ന പരിപാടിയുടെയോ സർവ്വീസിന്റെയോ ഭാഗമായി വയർലസ്സ് ടെലിഗ്രാഫ് വഴി പ്രക്ഷേപണം ചെയ്ത വിവരണങ്ങളോ കാര്യങ്ങളോ സംബന്ധിച്ച് ബാധകമാകുന്നതാണ്.

വിശദീകരണം.— ഈ അനുച്ഛേദത്തിൽ "വർത്തമാനപ്പത്രം" എന്നതിൽ ഒരു വർത്തമാന പ്പത്രത്തിൽ പ്രസിദ്ധീകരിക്കുവാനുള്ള വിവരങ്ങൾ അടങ്ങിയ ഒരു വാർത്താ ഏജൻസി റിപ്പോർട്ടും ഉൾപ്പെടുന്നതാണ്.

[2] **[361ഖ. പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനത്ത് നിയമനത്തിനുള്ള അയോഗ്യത.**— പത്താം പട്ടികയിൽ 2-ാം ഖണ്ഡികയിൻകീഴിൽ സഭയിലെ ഒരംഗമായിരിക്കുന്നതിന് അയോഗ്യനാക്കപ്പെട്ട ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽപ്പെടുന്ന ഒരു സഭയിലെ ഒരംഗം, അദ്ദേഹം അയോഗ്യനായ തീയതിയുടെ പ്രാരംഭം മുതൽ അങ്ങനെയുള്ള അംഗമായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗ കാലാവധി അവസാനിക്കുമായിരുന്ന തീയതിവരെയോ അല്ലെങ്കിൽ അദ്ദേഹം ഒരു സഭയിലേക്കുള്ള ഒരു തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യുന്ന തീയതിവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ കാലയളവുവരെ പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനം വഹിക്കുന്നതിനുംകൂടി അയോഗ്യനായിരിക്കുന്നതാണ്.

വിശദീകരണം.— ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്കായി,—

(ക) "സഭ" എന്ന പദപ്രയോഗത്തിന് പത്താം പട്ടിക, 1-ാം ഖണ്ഡികയിലെ (ക) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അർത്ഥമായിരിക്കുന്നതാണ്;

(ഖ) "പ്രതിഫലദായകമായ രാഷ്ട്രീയ സ്ഥാനം" എന്ന പദപ്രയോഗത്തിന്—

(i) കേന്ദ്രസർക്കാരിൻ കീഴിലോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിൻ കീഴിലോ ഏതെങ്കിലും ഉദ്യോഗത്തിനുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ ഭാരത സർക്കാരിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ, അതതുസംഗതിപോലെ, പൊതുറവന്യുവിൽ നിന്നും നൽകുന്നിടത്ത്, അല്ലെങ്കിൽ

(ii) ഭാരത സർക്കാരിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ പൂർണ്ണമായ അല്ലെങ്കിൽ ഭാഗികമായ ഉടമസ്ഥതയിലുള്ള ഏകാംഗീകൃതമായാലും അല്ലെങ്കിലും, ഒരു നികായം ഏതെങ്കിലും ഉദ്യോഗത്തിനുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ നൽകുന്നിടത്ത്, അങ്ങനെയുള്ള നികായത്തിൻ കീഴിലോ,

അങ്ങനെയുള്ള ശമ്പളമോ അല്ലെങ്കിൽ പ്രതിഫലമോ നഷ്ടപരിഹാരമെന്ന നിലയിൽ നൽകുന്നിടത്ത് ഒഴികെയുള്ള അങ്ങനെയുള്ള ഉദ്യോഗം എന്നർത്ഥമാകുന്നു.]

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 42-ാം വകുപ്പുപ്രകാരം ചേർത്തത് (20-6-1979 മുതൽ പ്രാബല്യം).
2. 2003-ലെ ഭരണഘടന (തൊണ്ണൂറ്റിഒന്നാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

362.[1]**[***]**

363. Bar to interference by courts in disputes arising out of certain treaties, agreements, etc.—(1) Notwithstanding anything in this Constitution but subject to the provisions of article 143, neither the Supreme Court nor any other court shall have jurisdiction in any dispute arising out of any provision of a treaty, agreement, covenant, engagement, *sanad* or other similar instrument which was entered into or executed before the commencement of this Constitution by any Ruler of an Indian State and to which the Government of the Dominion of India or any of its predecessor Governments was a party and which has or has been continued in operation after such commencement, or in any dispute in respect of any right accruing under or any liability or obligation arising out of any of the provisions of this Constitution relating to any such treaty, agreement, covenant, engagement, *sanad* or other similar instrument.

(2) In this article—

(a) "Indian State" means any territory recognised before the commencement of this Constitution by His Majesty or the Government of the Dominion of India as being such a State; and

(b) "Ruler" includes the Prince, Chief or other person recognised before such commencement by His Majesty or the Government of the Dominion of India as the Ruler of any Indian State.

[2][363A. Recognition granted to Rulers of Indian States to cease and privy purses to be abolished.—Notwithstanding anything in this Constitution or in any law for the time being in force—

(a) the Prince, Chief or other person who, at any time before the commencement of the Constitution (Twenty-sixth Amendment) Act, 1971, was recognised by the President as the Ruler of an Indian State or any person who, at any time before such commencement, was recognised by the President as the successor of such ruler shall, on and from such commencement, cease to be recognised as such Ruler or the successor of such Ruler;

(b) on and from the commencement of the Constitution (Twenty-sixth Amendment) Act, 1971, privy purse is abolished and all rights, liabilities and obligations in respect of privy purse are extinguished and accordingly the Ruler or, as the case may be, the successor of such Ruler, referred to in clause (a) or any other person shall not be paid any sum as privy purse.]

1. Omitted by the Constitution (Twenty-sixth Amendment) Act, 1971, s. 2.
2. Ins. by the Constitution (Twenty-sixth Amendment) Act, 1971, s. 3.

362. [1][***]

363. ചില സന്ധികൾ, കരാറുകൾ മുതലായവയിൽ നിന്ന് ഉത്ഭവിക്കുന്ന തർക്കങ്ങളിൽ കോടതികളുടെ ഇടപെടലിന് വിലക്ക്.—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, എന്നാൽ 143-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഒരു നാട്ടുരാജ്യത്തിലെ ഏതെങ്കിലും ഭരണാധികാരി ഏർപ്പെട്ടിട്ടുള്ളതോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളതോ ആയതും, ഇൻഡ്യാ ഡൊമിനിയൻ സർക്കാരോ അതിന്റെ ഏതെങ്കിലും മുൻഗാമി സർക്കാരുകളോ കക്ഷിയായിരുന്നതും അങ്ങനെ പ്രാരംഭത്തിനുശേഷം പ്രവർത്തനത്തിൽ തുടരുന്നതോ തുടർന്നിട്ടുള്ളതോ ആയതും ആയ ഏതെങ്കിലും സന്ധിയിലോ കരാറിലോ സന്ധിനിയമത്തിലോ ഉടമ്പടിയിലോ *സന്ദിലോ* അതുപോലെയുള്ള മറ്റ് രേഖയിലോ ഉള്ള ഏതെങ്കിലും വ്യവസ്ഥയിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും തർക്കത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള സന്ധിയോ കരാറോ സന്ധിനിയമമോ ഉടമ്പടിയോ *സന്നദോ* അതുപോലെയുള്ള മറ്റു രേഖയോ സംബന്ധിച്ച് ഈ ഭരണഘടനയിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ലഭിക്കുന്ന ഏതെങ്കിലും അവകാശമോ, അവയിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും ബാദ്ധ്യതയോ കടപ്പാടോ സംബന്ധിച്ച ഏതെങ്കിലും തർക്കത്തിലോ, സുപ്രീംകോടതിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും കോടതിക്കോ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(2) ഈ അനുച്ഛേദത്തിൽ—

(ക) "നാട്ടുരാജ്യം" എന്നാൽ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ചക്രവർത്തിയോ ഇൻഡ്യാ ഡൊമിനിയന്റെ സർക്കാരോ അങ്ങനെയുള്ള ഒരു രാജ്യമായി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭൂപ്രദേശം എന്ന് അർത്ഥമാകുന്നതും;

(ഖ) "ഭരണാധികാരി" എന്നതിൽ അങ്ങനെയുള്ള പ്രാരംഭത്തിന് മുമ്പ് ചക്രവർത്തിയോ ഇൻഡ്യാ ഡൊമിനിയന്റെ സർക്കാരോ ഏതെങ്കിലും നാട്ടുരാജ്യത്തിന്റെ ഭരണാധികാരിയായി അംഗീകരിച്ചിട്ടുള്ള രാജാവും പ്രധാനിയും മറ്റ് ആളും ഉൾപ്പെടുന്നതും;

ആകുന്നു.

[2][**363ക. നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികൾക്ക് നൽകിയിട്ടുള്ള അംഗീകാരം അവസാനിക്കുന്നതും പ്രിവിപഴ്സുകൾ നിറുത്തലാക്കുന്നതും.**— ഈ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും—

(ക) 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം ഒരു നാട്ടുരാജ്യത്തിന്റെ ഭരണാധികാരിയായി രാഷ്ട്രപതി അംഗീകരിച്ച രാജാവോ പ്രധാനിയോ മറ്റ് ആളോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായി രാഷ്ട്രപതി അംഗീകരിച്ച ഏതെങ്കിലും ആളോ അങ്ങനെയുള്ള പ്രാരംഭത്തിലും അതു മുതൽക്കും, അങ്ങനെയുള്ള ഭരണാധികാരിയായോ അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായോ അംഗീകരിക്കപ്പെട്ടതും അവസാനിക്കുന്നതും;

(ഖ) 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിലും അതു മുതൽക്കും പ്രിവിപഴ്സ് നിറുത്തലാക്കിയിരിക്കുന്നതും, പ്രിവിപഴ്സ് സംബന്ധിച്ച എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും കടപ്പാടുകളും ഇല്ലാതാക്കിയിരിക്കുന്നതും, അത് അനുസരിച്ച്, (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഭരണാധികാരിക്കോ അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിക്കോ മറ്റു ഏതെങ്കിലും ആൾക്കോ, അതതുസംഗതിപോലെ, പ്രിവിപഴ്സായി യാതൊരു തുകയും നൽകുവാൻ പാടില്ലാത്തതും,

ആകുന്നു.

---

1. 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞു.

2. 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത്.

364. Special provisions as to major ports and aerodromes.—(1) Notwithstanding anything in this Constitution, the President may by public notification direct that as from such date as may be specified in the notification—

(a) any law made by Parliament or by the Legislature of a State shall not apply to any major port or aerodrome or shall apply thereto subject to such exceptions or modifications as may be specified in the notification, or

(b) any existing law shall cease to have effect in any major port or aerodrome except as respects things done or omitted to be done before the said date, or shall in its application to such port or aerodrome have effect subject to such exceptions or modifications as may be specified in the notification.

(2) In this article—

(a) "major port" means a port declared to be a major port by or under any law made by Parliament or any existing law and includes all areas for the time being included within the limits of such port;

(b) "aerodrome" means aerodrome as defined for the purposes of the enactments relating to airways, aircraft and air navigation.

365. Effect of failure to comply with, or to give effect to, directions given by the Union.—Where any State has failed to comply with, or to give effect to, any directions given in the exercise of the executive power of the Union under any of the provisions of this Constitution, it shall be lawful for the President to hold that a situation has arisen in which the Government of the State cannot be carried on in accordance with the provisions of this Constitution.

366. Definitions.—In this Constitution, unless the context otherwise requires, the following expressions have the meanings hereby respectively assigned to them, that is to say—

(1) "agricultural income" means agricultural income as defined for the purposes of the enactments relating to Indian income-tax;

(2) "an Anglo-Indian" means a person whose father or any of whose other male progenitors in the male line is or was of European descent but who is domiciled within the territory of India and is or was born within such territory of parents habitually resident therein and not established there for temporary purposes only;

364. വൻകിട തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് പൊതു വിജ്ഞാപനം വഴി ആ വിജ്ഞാപനത്തിൽ പറയാവുന്ന തീയതി മുതൽ—

(ക) പാർലമെന്റോ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ ഏതെങ്കിലും നിയമം ഏതെങ്കിലും വൻകിട തുറമുഖത്തിനോ വിമാനത്താവളത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ വിജ്ഞാപനത്തിൽ പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ബാധകമാകുന്നതാണെന്നോ; അല്ലെങ്കിൽ

(ഖ) നിലവിലുള്ള ഏതെങ്കിലും നിയമത്തിന്, മേൽ പറഞ്ഞ തീയതിക്ക് മുമ്പ് ചെയ്തതോ ചെയ്യുവാൻ വിട്ടുപോയതോ ആയ കാര്യങ്ങളെ സംബന്ധിച്ചൊഴികെ, ഏതെങ്കിലും വൻകിട തുറമുഖത്തിലോ വിമാനത്താവളത്തിലോ പ്രഭാവം ഇല്ലാതായിത്തീരുമെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള തുറമുഖത്തിനോ വിമാനത്താവളത്തിനോ അതു ബാധകമാകുന്നതിൽ ആ വിജ്ഞാപനത്തിൽ പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്നോ,

നിർദ്ദേശിക്കാവുന്നതാണ്.

(2) ഈ അനുച്ഛേദത്തിൽ—

(ക) "വൻകിട തുറമുഖം" എന്നാൽ പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ അല്ലെങ്കിൽ നിലവിലുള്ള ഏതെങ്കിലും നിയമത്താലോ നിയമപ്രകാരമോ ഒരു വൻകിട തുറമുഖമായി പ്രഖ്യാപിച്ചിട്ടുള്ള ഒരു തുറമുഖം എന്ന് അർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള തുറമുഖത്തിന്റെ പരിധിയിൽ തത്സമയം ഉൾപ്പെടുന്ന എല്ലാ പ്രദേശങ്ങളും ഉൾപ്പെടുന്നതും ആകുന്നു;

(ഖ) "വിമാനത്താവളം" എന്നാൽ വ്യോമമാർഗ്ഗങ്ങൾ, വ്യോമയാനങ്ങൾ, വ്യോമഗതാഗതം എന്നിവ സംബന്ധിച്ച നിയമങ്ങളുടെ അവശ്യങ്ങൾക്ക് നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള വിമാനത്താവളം എന്നർത്ഥമാകുന്നു.

365. യൂണിയൻ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലോ അവയ്ക്കു പ്രഭാവം നൽകുന്നതിലോ വീഴ്ചവരുത്തുന്നതിന്റെ ഫലം.— ഈ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥ പ്രകാരം യൂണിയൻ അതിന്റെ നിർവ്വാഹകാധികാരത്തിന്റെ പ്രയോഗത്തിൽ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലോ അവയ്ക്ക് പ്രഭാവം നൽകുന്നതിലോ അത് ഏതെങ്കിലും സംസ്ഥാനം വീഴ്ച വരുത്തുമ്പോൾ, ആ സംസ്ഥാനത്തിന്റെ ഭരണം ഈ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് നടത്തിക്കൊണ്ടുപോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിരിക്കുന്നതായി രാഷ്ട്രപതി കരുതുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

366. നിർവ്വചനങ്ങൾ.— ഈ ഭരണഘടനയിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, താഴെപ്പറയുന്ന പ്രയോഗങ്ങൾക്ക് യഥാക്രമം ഈ അനുച്ഛേദത്തിൽ നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്, അതായത്—

(1) "കാർഷികാദായം" എന്നാൽ ഭാരതത്തിലെ ആദായനികുതി സംബന്ധിച്ച നിയമങ്ങളുടെ ആവശ്യങ്ങൾക്ക് നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള കാർഷികാദായം എന്നർത്ഥമാകുന്നു;

(2) "ഒരു ആംഗ്ലോ-ഇൻഡ്യൻ" എന്നാൽ ഒരാളുടെ പിതാവോ അല്ലെങ്കിൽ അയാളുടെ പുരുഷവംശാവലിയിലുള്ള മറ്റ് പുരുഷ പൂർവ്വികരിൽ ആരെങ്കിലുമോ യൂറോപ്യൻ ഉൽപ്പത്തിയിൽപ്പെടുന്നതോ, പെട്ടിരുന്നതോ, എന്നാൽ അയാൾ ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് സ്ഥിരവാസമുള്ളതും അങ്ങനെയുള്ള ഭൂപ്രദേശത്തിനകത്ത്, താൽക്കാലിക ആവശ്യങ്ങൾക്കുമാത്രം അവിടെ വാസം ഉറപ്പിക്കാതെ പതിവായി അതിനുള്ളിൽ താമസിക്കുന്ന മാതാപിതാക്കൻമാർക്ക് ജനിക്കുന്നതോ ജനിച്ചിരിക്കുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;

(3) "article" means an article of this Constitution;

(4) "borrow" includes the raising of money by the grant of annuities, and "loan" shall be construed accordingly;

(4A) [1][***]

(5) "clause" means a clause of the article in which the expression occurs;

(6) "corporation tax'' means any tax on income, so far as that tax is payable by companies and is a tax in the case of which the following conditions are fulfilled:—

(a) that it is not chargeable in respect of agricultural income;

(b) that no deduction in respect of the tax paid by the companies is, by any enactments which may apply to the tax, authorised to be made from dividends payable by the companies to individuals;

(c) that no provision exists for taking the tax so paid into account in computing for the purposes of Indian income-tax the total income of individuals receiving such dividends, or in computing the Indian income-tax payable by, or refundable to, such individuals;

(7) "corresponding Province", "corresponding Indian State" or "corresponding State" means in cases of doubt such Province, Indian State or State as may be determined by the President to be the corresponding Province, the corresponding Indian State or the corresponding State, as the case may be, for the particular purpose in question;

(8) "debt" includes any liability in respect of any obligation to repay capital sums by way of annuities and any liability under any guarantee, and "debt charges" shall be construed accordingly;

(9) "estate duty" means a duty to be assessed on or by reference to the principal value, ascertained in accordance with such rules as may be prescribed by or under laws made by Parliament or the Legislature of a State relating to the duty, of all property passing upon death or deemed, under the provisions of the said laws, so to pass;

(10) "existing law" means any law, Ordinance, order, bye-law, rule or regulation passed or made before the commencement of this Constitution by any Legislature, authority or person having power to make such a law, Ordinance, order, bye-law, rule or regulation;

(11) "Federal Court" means the Federal Court constituted under the Government of India Act, 1935;

1. Ins. by the Constitution (Forty-second Amendment) Act, 1976, s. 54 (w. e. f. 1-2-1977), and omitted by the Constitution (Forty-third Amendment) Act, 1977, s. 11. (w.e.f. 13-4-1978).

(3) ''അനുച്ഛേദം'' എന്നാൽ ഈ ഭരണഘടനയിലെ ഒരു അനുച്ഛേദം എന്നർത്ഥമാകുന്നു;

(4) ''കടം എടുക്കുക'' എന്നതിൽ വർഷാശനങ്ങളുടെ നൽകൽ വഴി പണം സമാഹരിക്കുന്നത് ഉൾപ്പെടുന്നതും ''വായ്പ'' എന്നതിന് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു;

(4ക) [1] [***]

(5) ''ഖണ്ഡം'' എന്നാൽ ആ പ്രയോഗം വരുന്ന അനുച്ഛേദത്തിലെ ഒരു ഖണ്ഡം എന്നർത്ഥമാകുന്നു;

(6) ''കോർപ്പറേഷൻ നികുതി'' എന്നാൽ ആദായത്തിൻമേലുള്ള ഏതെങ്കിലും നികുതിയും ആ നികുതി കമ്പനികൾ കൊടുക്കേണ്ടിടത്തോളം താഴെപ്പറയുന്ന ഉപാധികൾ നിറവേറ്റപ്പെട്ടിരിക്കുന്ന ഒരു നികുതിയുടെ സംഗതിയിൽ ആ നികുതിയും എന്നർത്ഥമാകുന്നു:—

(ക) അത് കാർഷികാദായം സംബന്ധിച്ച് ചുമത്താവുന്നതല്ല;

(ഖ) കമ്പനികൾ കൊടുക്കുന്ന ആ നികുതി സംബന്ധിച്ച് ആ നികുതിക്ക് ബാധകമാകാവുന്ന ഏതെങ്കിലും നിയമം വഴി ആ കമ്പനികൾ വ്യക്തികൾക്ക് കൊടുക്കുന്ന ലാഭവീതങ്ങളിൽ നിന്ന് യാതൊരു കിഴിവും ചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടില്ല;

(ഗ) അങ്ങനെ കൊടുക്കുന്ന നികുതി ഭാരതത്തിലെ ആദായ നികുതിയുടെ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള ലാഭവീതം ലഭിക്കുന്ന വ്യക്തികളുടെ മൊത്തത്തിലുള്ള ആദായം തിട്ടപ്പെടുത്തുന്നതിലോ, അങ്ങനെയുള്ള വ്യക്തികൾ കൊടുക്കുവാനുള്ളതോ അവർക്ക് മടക്കി കൊടുക്കുവാനുള്ളതോ ആയ ഭാരതത്തിലെ ആദായ നികുതി തിട്ടപ്പെടുത്തുന്നതിലോ കണക്കിലെടുക്കുവാൻ യാതൊരു വ്യവസ്ഥയും നിലവിലില്ല;

(7) ''തൽസ്ഥാനീയ പ്രവിശ്യ'', ''തൽസ്ഥാനത്തുള്ളനാട്ടുരാജ്യം'' അല്ലെങ്കിൽ ''തൽസ്ഥാനീയ സംസ്ഥാനം'' എന്നാൽ സംശയമുള്ള സംഗതികളിൽ, പ്രശ്നവിഷയമായ പ്രത്യേക ആവശ്യത്തിന്, തൽസ്ഥാനത്തുള്ള പ്രവിശ്യയെന്നോ തൽസ്ഥാനത്തുള്ള നാട്ടുരാജ്യമെന്നോ തൽസ്ഥാനത്തുള്ള സംസ്ഥാനമെന്നോ, അതതുസംഗതിപോലെ, രാഷ്ട്രപതി നിശ്ചയിക്കുന്ന പ്രവിശ്യയെന്നോ നാട്ടുരാജ്യമെന്നോ സംസ്ഥാനമെന്നോ അർത്ഥമാകുന്നു;

(8) ''കടം'' എന്നതിൽ വർഷാശനങ്ങൾ വഴി മൂലധനത്തുകകൾ തിരിച്ചുകൊടുക്കുവാനുള്ള ഏതെങ്കിലും കടപ്പാട് സംബന്ധിച്ച ഏതെങ്കിലും ബാദ്ധ്യതയും ഏതെങ്കിലും ഉറപ്പുപ്രകാരമുള്ള ഏതെങ്കിലും ബാദ്ധ്യതയും ഉൾപ്പെടുന്നതും, ''കടം സംബന്ധിച്ച ചെലവ്'' എന്നതിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതും ആകുന്നു;

(9) ''എസ്റ്റേറ്റ് തീരുവ'' എന്നാൽ ആ തീരുവയെ സംബന്ധിച്ച് പാർലമെന്റോ ഒരു സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലമോ ഉണ്ടാക്കിയ നിയമങ്ങളാലോ നിയമങ്ങൾ പ്രകാരമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്കനുസൃതമായി, മരണത്തോടെ സംക്രമിക്കുന്നതോ അല്ലെങ്കിൽ മുൻപറഞ്ഞ നിയമങ്ങളുടെ വ്യവസ്ഥകൾ പ്രകാരം അങ്ങനെ സംക്രമിക്കുന്നതോ ആയി കരുതപ്പെടാവുന്നതോ ആയ എല്ലാ വസ്തുവിന്റേയും, തിട്ടപ്പെടുത്തിയ മുഖ്യവിലയിൻമേലോ അതിനെ പരാമർശിച്ചുകൊണ്ടോ ചുമത്തപ്പെടേണ്ട ഒരു തീരുവ എന്നർത്ഥമാകുന്നു;

(10) ''നിലവിലുള്ള നിയമം'' എന്നാൽ അങ്ങനെയുള്ള ഒരു നിയമമോ ഓർഡിനൻസോ ഉത്തരവോ ബൈലായോ ചട്ടമോ റഗുലേഷനോ ഉണ്ടാക്കുന്നതിന് അധികാരമുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലമോ അധികാരസ്ഥാനമോ ആളോ ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് പാസ്സാക്കുകയോ ഉണ്ടാക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നിയമം, ഓർഡിനൻസ്, ഉത്തരവ്, ബൈലാ, ചട്ടം അഥവാ റഗുലേഷൻ എന്നർത്ഥമാകുന്നു;

(11) ''ഫെഡറൽ കോടതി'' എന്നാൽ 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫെഡറൽ കോടതി എന്നർത്ഥമാകുന്നു;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 54-ാം വകുപ്പുപ്രകാരം ചേർക്കുകയും (1-2-1977 മുതൽ പ്രാബല്യം), 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (13-4-1978 മുതൽ പ്രാബല്യം).

(12) "goods" includes all materials, commodities, and articles;

[1][(12A) "goods and services tax'' means any tax on supply of goods, or services or both except taxes on the supply of the alcoholic liquor for human consumption;]

(13) "guarantee" includes any obligation undertaken before the commencement of this Constitution to make payments in the event of the profits of an undertaking falling short of a specified amount;

(14) "High Court" means any Court which is deemed for the purposes of this Constitution to be a High Court for any State and includes—

(a) any Court in the territory of India constituted or reconstituted under this Constitution as a High Court, and

(b) any other Court in the territory of India which may be declared by Parliament by law to be a High Court for all or any of the purposes of this Constitution;

(15) "Indian State" means any territory which the Government of the Dominion of India recognised as such a State;

(16) "Part" means a Part of this Constitution;

(17) "pension" means a pension, whether contributory or not, of any kind whatsoever payable to or in respect of any person, and includes retired pay so payable; a gratuity so payable and any sum or sums so payable by way of the return, with or without interest thereon or any other addition thereto, of subscriptions to a provident fund;

(18) "Proclamation of Emergency" means a Proclamation issued under clause (1) of article 352;

(19) "public notification" means a notification in the Gazette of India, or, as the case may be, the Official Gazette of a State;

(20) "railway" does not include—

(a) a tramway wholly within a municipal area; or

(b) any other line of communication wholly situate in one State and declared by Parliament by law not to be a railway;

(21) [2][****]

[3][(22) "Ruler" means the Prince, Chief or other person who, at any time before the commencement of the Constitution (Twenty-sixth Amendment) Act, 1971, was recognised by the President as the Ruler of an Indian State or any person who, at any time before such commencement, was recognised by the President as the successor of such Ruler;]

1. Ins. by the Constitution (One Hundred and First Amendment) Act, 2016, s. 14 (w. e. f. 16-9-2016).

2. Omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

3. Subs. by the Constitution (Twenty-sixth Amendment) Act, 1971, s. 4, for cl. (22).

(12) ''സാധനങ്ങൾ'' എന്നതിൽ എല്ലാ പദാർത്ഥങ്ങളും ചരക്കുകളും വസ്തുക്കളും ഉൾപ്പെടുന്നതാകുന്നു;

[1][(12ക) ''ചരക്ക്-സേവന നികുതി'' എന്നാൽ മനുഷ്യരുടെ ഉപഭോഗത്തിനുള്ള മദ്യത്തിന്റെ വിതരണത്തിന്മേലുള്ള നികുതികൾ ഒഴികെ സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ വിതരണത്തിന്മേലുള്ള ഏതെങ്കിലും നികുതി എന്നർത്ഥമാകുന്നു;]

(13) ''ഉറപ്പ്'' എന്നതിൽ ഒരു സംരംഭത്തിലെ ലാഭം ഒരു നിശ്ചിത തുകയിൽ കുറവായി വരുന്ന സംഗതിയിൽ പണം നൽകുന്നതിന് ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുമ്പ് ഏറ്റെടുത്തിട്ടുള്ള ഏതൊരു ബാദ്ധ്യതയും ഉൾപ്പെടുന്നതാകുന്നു;

(14) ''ഹൈക്കോടതി'' എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് ഏതെങ്കിലും സംസ്ഥാനത്തെ ഹൈക്കോടതിയായി കരുതപ്പെടുന്ന ഒരു കോടതി എന്നർത്ഥമാകുന്നതും, അതിൽ—

(ക) ഈ ഭരണഘടന പ്രകാരം ഹൈക്കോടതിയായി രൂപീകരിച്ചിട്ടുള്ളതോ പുനഃസംഘടിപ്പിച്ചിട്ടുള്ളതോ ആയ ഭാരതത്തിന്റെ ഭൂപ്രദേശത്തുള്ള ഏതെങ്കിലും കോടതിയും,

(ഖ) ഈ ഭരണഘടനയുടെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് പാർലമെന്റ് നിയമം വഴി ഒരു ഹൈക്കോടതിയായി പ്രഖ്യാപിക്കുന്ന ഭാരതത്തിന്റെ ഭൂപ്രദേശത്തെ മറ്റ് ഏതെങ്കിലും കോടതിയും,

ഉൾപ്പെടുന്നതുമാകുന്നു;

(15) ''നാട്ടുരാജ്യം'' എന്നാൽ ഇന്ത്യാ ഡൊമിനിയന്റെ സർക്കാർ, അങ്ങനെയുള്ള ഒരു രാജ്യമായി അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭൂപ്രദേശം എന്നർത്ഥമാകുന്നു;

(16) ''ഭാഗം'' എന്നാൽ ഈ ഭരണഘടനയുടെ ഒരു ഭാഗം എന്നർത്ഥമാകുന്നു;

(17) ''പെൻഷൻ'' എന്നാൽ ഏതെങ്കിലും ആൾക്കോ ആളെ സംബന്ധിച്ചോ കൊടുക്കേണ്ട, അംശദായകമോ അല്ലാത്തതോ ആയ എന്തായാലും ഏതെങ്കിലും തരത്തിലുള്ള ഒരു പെൻഷൻ എന്ന് അർത്ഥമാകുന്നതും അതിൽ അപ്രകാരം കൊടുക്കേണ്ട ഉദ്യോഗവിരാമ ശമ്പളവും അപ്രകാരം കൊടുക്കേണ്ട ഗ്രാറ്റുവിറ്റിയും ഒരു പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വരിസംഖ്യകളിൻമേൽ പലിശയോടുകൂടിയോ അല്ലാതെയോ അല്ലെങ്കിൽ അതിനോട് മറ്റെന്തെങ്കിലും കൂട്ടിച്ചേർത്തോ മടക്കി നൽകുന്ന തുകയായി കൊടുക്കേണ്ട ഏതെങ്കിലും തുകയോ, തുകകളോ ഉൾപ്പെടുന്നതുമാകുന്നു;

(18) ''അടിയന്തരാവസ്ഥാ വിളംബരം'' എന്നാൽ 352-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിളംബരം എന്നർത്ഥമാകുന്നു;

(19) ''പൊതു വിജ്ഞാപനം'' എന്നാൽ ഭാരതത്തിന്റെ ഗസറ്റിലോ ഒരു സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റിലോ, അതതുസംഗതിപോലെ, ഉള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(20) ''റെയിൽവേ'' എന്നതിൽ—

(ക) പൂർണ്ണമായും ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഒരു ട്രാംവേയോ;

(ഖ) പൂർണ്ണമായും ഒരു സംസ്ഥാനത്തിനകത്ത് സ്ഥിതി ചെയ്യുന്നതും പാർലമെന്റ് നിയമം വഴി റെയിൽവേ അല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും ആയ മറ്റേതെങ്കിലും സഞ്ചാരപഥമോ,

ഉൾപ്പെടുന്നതല്ല;

(21) [2][****]

[3][(22) ''ഭരണാധികാരി'' എന്നാൽ 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് ഏതെങ്കിലും സമയം ഒരു നാട്ടുരാജ്യത്തിന്റെ ഭരണാധികാരിയായി രാഷ്ട്രപതി അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനുമുമ്പ് ഏതെങ്കിലും സമയം അങ്ങനെയുള്ള ഭരണാധികാരിയുടെ പിൻഗാമിയായി രാഷ്ട്രപതി അംഗീകരിച്ചിട്ടുള്ളതോ ആയ രാജാവോ പ്രധാനിയോ മറ്റ് ആളോ എന്നർത്ഥമാകുന്നു;]

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.
3. 1971-ലെ ഭരണഘടന (ഇരുപത്തിയാറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (22)-ാം ഖണ്ഡത്തിനുപകരം ചേർത്തത്.

(23) "Schedule" means a Schedule to this Constitution;

(24) "Scheduled Castes" means such castes, races or tribes or parts of or groups within such castes, races or tribes as are deemed under article 341 to be Scheduled Castes for the purposes of this Constitution;

(25) "Scheduled Tribes" means such tribes or tribal communities or parts of or groups within such tribes, or tribal communities as are deemed under article 342 to be Scheduled Tribes for the purposes of this Constitution;

(26) "Securities" includes stock;

[1][****]

[2][(26 A) "Services" means anything other than goods;

(26 B) "State" with reference to articles 246A, 268, 269, 269A and article 279A includes a Union territory with Legislature;]

[3][(26 C) "Socially and educationally backward classes" means such backward classes as are so deemed under article 342 A for the purposes of the Central Government or the State or Union territory, as the case may be;]

(27) "sub-clause" means a sub-clause of the clause in which expression occurs;

(28) "taxation'' includes the imposition of any tax or impost, whether general or local or special, and "tax'' shall be construed accordingly;

(29) "tax on income'' includes a tax in the nature of an excess profits tax;

[4][(29 A) "tax on the sale or purchase of goods" includes—

(a) a tax on the transfer, otherwise than in pursuance of a contract, of property in any goods for cash, deferred payment or other valuable consideration;

(b) a tax on the transfer of property in goods (whether as goods or in some other form) involved in the execution of a works contract;

(c) a tax on the delivery of goods on hire-purchase or any system of payment by instalments;

(d) a tax on the transfer of the right to use any goods for any purpose (whether or not for a specified period) for cash, deferred payment or other valuable consideration;

(e) a tax on the supply of goods by any unincorporated association or body of persons to a member thereof for cash, deferred payment or other valuable consideration;

1. Cl. (26A) was ins. by the Constitution (Forty-second Amendment) Act, 1976, s. 54 (w.e.f. 1-2-1977) and omitted by the Constitution (Forty-third Amendment) Act, 1977, s. 11. (w.e.f. 13-4-1978).

2. Ins. by the Constitution (One Hundred and First Amendment) Act, 2016, s.14. (w.e.f. 16-9-2016).

3. Subs. by the Constitution (One Hundred and Fifth Amendment) Act, 2021, s. 4 for cl. (26C), (w.e.f. 15-9-2021).

4. Ins. by the Constitution (Forty-sixth Amendment) Act, 1982. s. 4.

(23) ''പട്ടിക'' എന്നാൽ ഈ ഭരണഘടനയിലെ ഒരു പട്ടിക എന്നർത്ഥമാകുന്നു;

(24) ''പട്ടികജാതികൾ'' എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 341-ാം അനുച്ഛേദ പ്രകാരം പട്ടികജാതികളായി കരുതപ്പെടുന്ന ജാതികളോ വർഗ്ഗങ്ങളോ ഗോത്രവർഗ്ഗങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള ജാതികളുടെയോ വർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗങ്ങളുടെയോ ഭാഗങ്ങളോ അവാന്തരവിഭാഗങ്ങളോ എന്നർത്ഥമാകുന്നു;

(25) ''പട്ടികഗോത്രവർഗ്ഗങ്ങൾ'' എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 342-ാം അനുച്ഛേദപ്രകാരം പട്ടികഗോത്രവർഗ്ഗങ്ങളായി കരുതപ്പെടുന്ന ഗോത്രവർഗ്ഗങ്ങളോ ഗോത്രവർഗ്ഗസമുദായങ്ങളോ അല്ലെങ്കിൽ ഗോത്രവർഗ്ഗങ്ങളുടെയോ ഗോത്രവർഗ്ഗസമുദായങ്ങളുടെയോ ഭാഗങ്ങളോ അവാന്തരവിഭാഗങ്ങളോ എന്നർത്ഥമാകുന്നു;

(26) ''ഈടുപത്രങ്ങൾ'' എന്നതിൽ സർക്കാർ നൽകുന്ന കടപ്പത്രവും ഉൾപ്പെടുന്നതാകുന്നു;

[1][****]

[2][(26ക) ''സേവനങ്ങൾ'' എന്നാൽ സാധനങ്ങൾ അല്ലാത്തതെന്തും എന്നർത്ഥമാകുന്നു;

(26ഖ) ''സംസ്ഥാനം'' എന്നതിൽ 246ക, 268, 269, 269ക എന്നീ അനുച്ഛേദങ്ങളെയും 279ക അനുച്ഛേദത്തെയും സംബന്ധിച്ച് നിയമനിർമ്മാണമണ്ഡലത്തോടുകൂടിയ ഒരു യൂണിയൻ പ്രദേശം ഉൾപ്പെടുന്നതാകുന്നു;]

[3][(26ഗ) ''സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമായുള്ള വിഭാഗങ്ങൾ'' എന്നാൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ ആവശ്യങ്ങൾക്ക്, അതതുസംഗതിപോലെ, 342ക അനുച്ഛേദ പ്രകാരം അപ്രകാരം കരുതപ്പെടുന്ന അങ്ങനെയുള്ള പിന്നാക്ക വിഭാഗങ്ങൾ എന്നർത്ഥമാകുന്നു;]

(27) ''ഉപഖണ്ഡം'' എന്നാൽ ആ പ്രയോഗം വരുന്ന ഖണ്ഡത്തിലെ ഒരു ഉപഖണ്ഡം എന്നർത്ഥമാകുന്നു;

(28) ''നികുതി ചുമത്തൽ'' എന്നതിൽ പൊതുവായതോ തദ്ദേശ്യമായതോ പ്രത്യേകമായതോ ആയ ഏതെങ്കിലും നികുതിയോ തീരുവയോ ചുമത്തുന്നത് ഉൾപ്പെടുന്നതും ''നികുതി'' എന്നതിന് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ആകുന്നു;

(29) ''ആദായത്തിൻമേലുള്ള നികുതി'' എന്നതിൽ ഒരു അധിക ലാഭ നികുതിയുടെ സ്വഭാവത്തിലുള്ള ഒരു നികുതി ഉൾപ്പെടുന്നതാകുന്നു;

[4][(29ക) ''സാധനങ്ങളുടെ വിൽപ്പനയിന്മേലോ വാങ്ങലിന്മേലോ ഉള്ള നികുതി'' എന്നതിൽ—

(ക) ഒരു കരാറനുസരിച്ചല്ലാതെ പണം രൊക്കം കൊടുത്തോ പിന്നീട് കൊടുത്തോ അല്ലെങ്കിൽ മൂല്യമുള്ള മറ്റ് പ്രതിഫലത്തിനോ ഏതെങ്കിലും സാധനങ്ങളുടെ ഉടമാവകാശം കൈമാറുന്നതിൻമേലുള്ള നികുതിയും;

(ഖ) ഒരു പണികരാറിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട (വസ്തു രൂപത്തിലോ അല്ലാതെയോ ഉള്ള) സാധനങ്ങളുടെ ഉടമാവകാശം കൈമാറുന്നതിൻമേലുള്ള നികുതിയും;

(ഗ) ഹയർ-പർച്ചേസിലോ തവണകളായി വില നൽകാമെന്നുള്ള വ്യവസ്ഥയിലോ സാധനങ്ങൾ നൽകുന്നതിൻമേലുള്ള നികുതിയും;

(ഘ) ഏതെങ്കിലും ആവശ്യത്തിനുവേണ്ടി പണം രൊക്കം കൊടുത്തോ പിന്നീട് കൊടുത്തോ മൂല്യമുള്ള മറ്റ് പ്രതിഫലത്തിനോ ഏതെങ്കിലും സാധനങ്ങൾ ഉപയോഗിക്കാനുള്ള അവകാശം (ഒരു നിശ്ചിത കാലത്തേക്കായാലും അല്ലെങ്കിലും) കൈമാറുന്നതിൻമേലുള്ള നികുതിയും;

(ങ) ഏതെങ്കിലും ഏകാംഗീകൃതമല്ലാത്ത സംഘമോ വ്യക്തികളുടെ നികായമോ പണം രൊക്കം പറ്റിക്കൊണ്ടോ പിന്നീട് പറ്റിക്കൊണ്ടോ അല്ലെങ്കിൽ മൂല്യമുള്ള മറ്റ് പ്രതിഫലത്തിനോ ഒരംഗത്തിന് സാധനങ്ങൾ നൽകുന്നതിൻമേലുള്ള നികുതിയും;

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 54-ാം വകുപ്പുപ്രകാരം (26ക) ഖണ്ഡം ചേർക്കുകയും (1-2-1977 മുതൽ പ്രാബല്യം) 1977-ലെ ഭരണഘടന (നാൽപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പുപ്രകാരം വിട്ടുകളയുകയും ചെയ്തു (13-4-1978 മുതൽ പ്രാബല്യം).
2. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
3. 2021-ലെ ഭരണഘടന (നൂറ്റിഅഞ്ചാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (26ഗ) ഖണ്ഡത്തിന് പകരം ചേർത്തത് (15-9-2021 മുതൽ പ്രാബല്യം).
4. 1982-ലെ ഭരണഘടന (നാൽപ്പത്തി ആറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.

(f) a tax on the supply, by way of or as part of any service or in any other manner whatsoever, of goods, being food or any other article for human consumption or any drink (whether or not intoxicating), where such supply or service, is for cash, deferred payment or other valuable consideration,

and such transfer, delivery or supply of any goods shall be deemed to be a sale of those goods by the person making the transfer, delivery or supply and a purchase of those goods by the person to whom such transfer, delivery or supply is made;]

[1][(30) "Union territory" means any Union territory specified in the First Schedule and includes any other territory comprised within the territory of India but not specified in that Schedule.]

367. Interpretation.—(1) Unless the context otherwise requires, the General Clauses Act, 1897, shall, subject to any adaptations and modifications that may be made therein under article 372, apply for the interpretation of this Constitution as it applies for the interpretation of an Act of the Legislature of the Dominion of India.

(2) Any reference in this Constitution to Acts or laws of, or made by, Parliament, or to Acts or laws of, or made by, the Legislature of a State [2] [***], shall be construed as including a reference to an Ordinance made by the President or, to an Ordinance made by a Governor [3] [***], as the case may be.

(3) For the purposes of this Constitution "foreign State" means any State other than India:

Provided that subject to the provisions of any law made by Parliament, the President may by order* declare any State not to be a foreign State for such purposes as may be specified in the order.

1 Subs. by the Constitution (Seventh Amendment) Act, 1956, s. 29 and Sch. for cl. (30).

2· The words and letters "specified in Part A or Part B of the First Schedule" omitted by s. 29 and Sch., ibid.

3. The words "or Rajpramukh" omitted by s. 29 and Sch. ibid.

* See the Constitution (Declaration as to foreign States) Order, 1950 (C.O. 2).

(ച) ഏതെങ്കിലും സേവനമായോ സേവനത്തിന്റെ ഭാഗമായോ മറ്റേതെങ്കിലും രീതിയിലോ എന്തായാലും, ആഹാരപദാർത്ഥങ്ങളോ മനുഷ്യരുടെ ഉപഭോഗത്തിനുള്ള മറ്റേതെങ്കിലും പദാർത്ഥമോ (ലഹരിവരുത്തുന്നതോ അല്ലാത്തതോ ആയ) ഏതെങ്കിലും പാനീയമോ നല്കുന്നതിൻമേൽ, അങ്ങനെയുള്ള നൽകലോ സേവനമോ പണം രൊക്കം പറ്റിക്കൊണ്ടോ പിന്നീട് പറ്റിക്കൊണ്ടോ കൊടുക്കാമെന്ന വ്യവസ്ഥയിൽ അല്ലെങ്കിൽ മൂല്യമുള്ള മറ്റ് പ്രതിഫലത്തിനോ ആണെങ്കിൽ, ഉള്ള നികുതി, ഉൾപ്പെടുന്നതും,

ഏതെങ്കിലും സാധനങ്ങളുടെ അങ്ങനെയുള്ള കൈമാറ്റമോ, ഏല്പിച്ചുകൊടുക്കലോ, നൽകലോ, ആ കൈമാറ്റമോ ഏല്പിച്ചുകൊടുക്കലോ നൽകലോ, ചെയ്യുന്ന വ്യക്തി നടത്തുന്ന ആ സാധനങ്ങളുടെ ഒരു വില്പനയായും ആർക്കാണോ അങ്ങനെയുള്ള കൈമാറ്റമോ ഏല്പിച്ചുകൊടുക്കലോ നൽകലോ ചെയ്യുന്നത് ആ വ്യക്തി നടത്തുന്ന ആ സാധനങ്ങളുടെ ഒരു വാങ്ങലായും കരുതപ്പെടേണ്ടതാണ്;]

[1][(30) "യൂണിയൻ പ്രദേശം" എന്നാൽ ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും യൂണിയൻ പ്രദേശം എന്ന് അർത്ഥമാകുന്നതും, അതിൽ ഭാരതത്തിന്റെ ഭൂപ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ പട്ടികയിൽ പറഞ്ഞിട്ടില്ലാത്തതും ആയ മറ്റ് ഏതെങ്കിലും ഭൂപ്രദേശവും ഉൾപ്പെടുന്നതും ആകുന്നു.]

367. വ്യാഖ്യാനം.—(1) സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, 1897-ലെ സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 372-ാം അനുച്ഛേദപ്രകാരം അതിൽ വരുത്താവുന്ന ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ഇൻഡ്യാ ഡൊമിനിയന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്റ്റിന്റെ വ്യാഖ്യാനത്തിന് ബാധകമാകുന്നതുപോലെ, ഈ ഭരണഘടനയുടെ വ്യാഖ്യാനത്തിനും ബാധകമാകുന്നതാണ്.

(2) പാർലമെന്റിന്റെ ആക്റ്റുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ പാർലമെന്റ് ഉണ്ടാക്കിയ ആക്റ്റുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ [2][***] ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ആക്റ്റുകളെയോ നിയമങ്ങളെയോ, അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ ആക്റ്റുകളെയോ നിയമങ്ങളെയോ കുറിച്ചുള്ള ഈ ഭരണഘടനയിലെ ഏതെങ്കിലും പരാമർശത്തിൽ, അതതുസംഗതിപോലെ, രാഷ്ട്രപതി പുറപ്പെടുവിച്ച ഒരു ഓർഡിനൻസിനെയും, ഒരു ഗവർണ്ണർ [3][***] പുറപ്പെടുവിച്ച ഒരു ഓർഡിനൻസിനെയും കുറിച്ചുള്ള, ഒരു പരാമർശം ഉൾപ്പെടുന്നതായി കരുതേണ്ടതാണ്.

(3) ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് "വിദേശ രാഷ്ട്രം" എന്നാൽ ഭാരതം അല്ലാതെയുള്ള ഏതെങ്കിലും രാഷ്ട്രം എന്നർത്ഥമാകുന്നു:

എന്നാൽ, പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി രാഷ്ട്രപതിക്ക് ഉത്തരവ്* വഴി ആ ഉത്തരവിൽ പറയാവുന്ന ആവശ്യങ്ങൾക്ക്, ഏതെങ്കിലും രാഷ്ട്രം ഒരു വിദേശ രാഷ്ട്രമല്ലെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം (30)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "(1)-ാം പട്ടികയുടെ ക ഭാഗത്തോ ഖ ഭാഗത്തോ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

3. മേൽപ്പറഞ്ഞ ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

*. 1950-ലെ ഭരണഘടന (വിദേശ രാഷ്ട്രങ്ങളെ സംബന്ധിച്ച പ്രഖ്യാപനം) ഉത്തരവു കാണുക (സി. ഒ. 2).

PART XX

AMENDMENT OF THE CONSTITUTION

368. [1][Power of Parliament to amend the Constitution and procedure therefor].—[2][(1) Notwithstanding anything in this Constitution, Parliament may in exercise of its constituent power amend by way of addition, variation or repeal any provision of this Constitution in accordance with the procedure laid down in this article.]

[3][(2)] An amendment of this Constitution may be initiated only by the introduction of a Bill for the purpose in either House of Parliament, and when the Bill is passed in each House by a majority of the total membership of that House and by a majority of not less than two-thirds of the members of that House present and voting, [4][it, shall be presented to the President who shall give his assent to the Bill and thereupon] the Constitution shall stand amended in accordance with the terms of the Bill:

Provided that if such amendment seeks to make any change in—

(a) article 54, article 55, article 73, [5][article 162, article 241 or article 279A]; or

(b) Chapter IV of Part V, Chapter V of Part VI, or Chapter I of Part XI; or

(c) any of the Lists in the Seventh Schedule; or

(d) the representation of States in Parliament; or

(e) the provisions of this article,

the amendment shall also require to be ratified by the Legislatures of not less than one-half of the States [6][****] by resolutions to that effect passed by those Legislatures before the Bill making provision for such amendment is presented to the President for assent.

[2][(3) Nothing in article 13 shall apply to any amendment made under this article.]

1. Subs. by the Constitution (Twenty-fourth Amendment) Act, 1971, s. 3 for "Procedure for amendment of the Constitution".
2. Ins. by s. 3, ibid.
3. Art. 368 re-numbered as cl. (2) by s.3, ibid.
4. Subs. by s. 3, ibid., for "it shall be presented to the President for his assent and upon such assent being given to the Bill".
5. Ins. by the Constitution (One Hundred and First Amendment) Act, 2016, s.15., (w.e.f. 16-9-2016).
6. The words and letters "specified In Part A and B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

ഭാഗം XX

ഭരണഘടനയുടെ ഭേദഗതി

368. [1][ഭരണഘടന ഭേദഗതി ചെയ്യുന്നതിന് പാർലമെന്റിനുള്ള അധികാരവും അതിനുള്ള നടപടിക്രമവും].—[2][(1) ഈ ഭരണഘടനയിൽ എന്തുതന്നെയായിരുന്നാലും, പാർലമെന്റിന് അതിന്റെ ഭരണഘടനാ നിർമ്മാണാധികാരം പ്രയോഗിച്ച് ഈ അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് ഈ ഭരണഘടനയുടെ ഏത് വ്യവസ്ഥയും കൂട്ടിച്ചേർക്കലോ വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി, ഭേദഗതി ചെയ്യാവുന്നതാണ്.]

[3][(2)] ഈ ഭരണഘടനയുടെ ഒരു ഭേദഗതി പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും, അതിനുവേണ്ടിയുള്ള ഒരു ബിൽ അവതരിപ്പിച്ച് മാത്രം ആരംഭിക്കാവുന്നതും, ആ ബില്ല് ഓരോ സഭയിലും ആ സഭയിലെ ആകെയുള്ള അംഗസംഖ്യയുടെ ഭൂരിപക്ഷത്തോടും ഹാജരാവുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന ആ സഭയിലെ അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാതെയുള്ള ഒരു ഭൂരിപക്ഷത്തോടും പാസ്സാക്കുമ്പോൾ [4][അത് രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം ആ ബില്ലിന് തന്റെ അനുമതി നൽകേണ്ടതും അപ്പോൾ] ആ ബില്ലിലെ നിബന്ധനകൾ അനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്തതായിത്തീരുന്നതും ആകുന്നു:

എന്നാൽ അങ്ങനെയുള്ള ഭേദഗതി—

(ക) 54-ാം അനുച്ഛേദത്തിലോ 55-ാം അനുച്ഛേദത്തിലോ 73-ാം അനുച്ഛേദത്തിലോ [5][162-ാം അനുച്ഛേദത്തിലോ 241-ാം അനുച്ഛേദത്തിലോ 279ക അനുച്ഛേദത്തിലോ]; അല്ലെങ്കിൽ

(ഖ) V-ാം ഭാഗം IV-ാം അദ്ധ്യായത്തിലോ VI-ാം ഭാഗം V-ാം അദ്ധ്യായത്തിലോ XI-ാം ഭാഗം I-ാം അദ്ധ്യായത്തിലോ; അല്ലെങ്കിൽ

(ഗ) ഏഴാം പട്ടികയിലെ ലിസ്റ്റുകളിൽ ഏതിലെങ്കിലുമോ; അല്ലെങ്കിൽ

(ഘ) പാർലമെന്റിന്റെ സംസ്ഥാനങ്ങൾക്കുള്ള പ്രാതിനിധ്യത്തിലോ; അല്ലെങ്കിൽ

(ങ) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകളിലോ,

ഏതെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള ഭേദഗതിക്ക് വ്യവസ്ഥചെയ്യുന്ന ബിൽ രാഷ്ട്രപതിക്ക് അനുമതിക്കായി സമർപ്പിക്കുന്നതിന് മുമ്പ് ആ ഭേദഗതി [6][****] സംസ്ഥാനങ്ങളിൽ ഒന്നുപകുതിയിൽ കുറയാതെയുള്ളവയുടെ നിയമനിർമ്മാണമണ്ഡലങ്ങൾ അതിനുവേണ്ടി ആ നിയമനിർമ്മാണമണ്ഡലങ്ങൾ പാസ്സാക്കുന്ന പ്രമേയങ്ങൾ വഴി സ്ഥിരീകരിക്കുന്നത് ആവശ്യമായിരിക്കുന്നതാണ്.

[2][(3) 13-ാം അനുച്ഛേദത്തിലെ യാതൊന്നും ഈ അനുച്ഛേദപ്രകാരം വരുത്തിയ ഭേദഗതിക്ക് ബാധകമാകുന്നതല്ല.]

---

1. 1971-ലെ ഭരണഘടന (ഇരുപത്തിനാലാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ഭരണഘടനയുടെ ''ഭേദഗതിക്കുള്ള നടപടിക്രമം'' എന്നതിന് പകരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം 368-ാം അനുച്ഛേദം (2)-ാം ഖണ്ഡമായി പുനരക്കമിട്ടത്.
4. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ''അത് രാഷ്ട്രപതിക്ക് അദ്ദേഹത്തിന്റെ അനുമതിക്ക് സമർപ്പിക്കേണ്ടതും ആ ബില്ലിന് അപ്രകാരമുള്ള അനുമതി നൽകിയതിൻമേൽ'' എന്നതിന് പകരം ചേർത്തത്.
5. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 15-ാം വകുപ്പുപ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
6. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയുടെ ക-യും ഖ-യും ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ള'' എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

*[(4) No amendment of this Constitution (including the provisions of Part III) made or purporting to have been made under this article [whether before or after the commencement of section 55 of the Constitution (Forty-second Amendment) Act, 1976] shall be called in question in any court on any ground.

(5) For the removal of doubts, it is hereby declared that there shall be no limitation whatever on the constituent power of Parliament to amend by way of addition, variation or repeal the provisions of this Constitution under this article.]

* Cls.(4) and (5) were inserted in article 368 by s. 55 of the Constitution (Forty-second Amendment) Act, 1976. This section has been declared invalid by the Supreme Court in *Minerva Mills Ltd. and Others Vs. Union of India and Others* (1980) 2 SCC 591.

*[(4) ഈ അനുച്ഛേദപ്രകാരം ഈ ഭരണഘടനയ്ക്ക് (III-ാം ഭാഗത്തെ വ്യവസ്ഥകൾ ഉൾപ്പടെ) വരുത്തിയതോ വരുത്തിയതായി കരുതാവുന്നതോ ആയ യാതൊരു ഭേദഗതിയേയും ആ ഭേദഗതി വരുത്തിയത് [1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 55-ാം വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പായാലും പിമ്പായാലും] ഏതെങ്കിലും കാരണത്തിന് ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(5) ഈ അനുച്ഛേദപ്രകാരം ഈ ഭരണഘടനയുടെ വ്യവസ്ഥകൾ, കൂട്ടിച്ചേർക്കലോ വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി ഭേദഗതി ചെയ്യാനുള്ള പാർലമെന്റിന്റെ ഭരണഘടനാ നിർമ്മാണാധികാരത്തിനു യാതൊരു പരിമിതിയും ഉണ്ടായിരിക്കുന്നതല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.]

---

* 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 55-ാം വകുപ്പുപ്രകാരം 368-ാം അനുച്ഛേദത്തിൽ (4)-ഉം (5)-ഉം ഖണ്ഡങ്ങൾ ചേർത്തിരുന്നു. സുപ്രീംകോടതി ഈ വകുപ്പ് *മിനർവ മിൽസ് ലിമിറ്റഡ് ആന്റ് അദേഴ്സ് Vs. യൂണിയൻ ഓഫ് ഇൻഡ്യാ ആൻഡ് അദേഴ്സ്* (1980) 2 എസ്. സി. സി. 591-ൽ അസാധുവായി പ്രഖ്യാപിച്ചിരുന്നു.

PART XXI

[1] [TEMPORARY, TRANSITIONAL AND SPECIAL PROVISIONS]

369. Temporary power to Parliament to make laws with respect to certain matters in the State List as if they were matters in the Concurrent List.—Not withstanding anything in this Constitution, Parliament shall, during a period of five years from the commencement of this Constitution, have power to make laws with respect to the following matters as if they were enumerated in the Concurrent List, namely:—

(a) trade and commerce within a State in, and the production, supply and distribution of, cotton and woollen textiles, raw cotton (including ginned cotton and unginned cotton or kapas), cotton seed, paper (including newsprint), food-stuffs (including edible oilseeds and oil), cattle fodder (including oil-cakes and other concentrates), coal (including coke and derivatives of coal), iron, steel and mica;

(b) offences against laws with respect to any of the matters mentioned in clause (a), jurisdiction and powers of all courts except the Supreme Court with respect to any of those matters, and fees in respect of any of those matters but not including fees taken in any court,

but any law made by Parliament, which Parliament would not but for the provisions of this article have been competent to make, shall, to the extent of the incompetency, cease to have effect on the expiration of the said period, except as respects things done or omitted to be done before the expiration thereof.

[2]*[370. Temporary provisions with respect to the State of Jammu and Kashmir.—(1) Notwithstanding anything in this Constitution,—

---

1. Subs. by the Constitution (Thirteenth Amendment) Act, 1962, s. 2, for "TEMPORARY AND TRANSITIONAL PROVISIONS" (w.e.f. 1-12-1963).

2. In exercise of the powers conferred by clause (3) of article 370 read with clause (1) of article 370 of the Constitution of India, the President, on the recommendation of the Parliament, is pleased to declare that, as from the 6th August, 2019, all clauses of the said article 370 shall cease to be operative except the following which shall read as under, namely:—

"370. All provisions of this Constitution, as amended from time to time, without any modifications or exceptions, shall apply to the State of Jammu and Kashmir notwithstanding anything contrary contained in article 152 or article 308 or any other article of this Constitution or any other provision of the Constitution of Jammu and Kashmir or any law, document, judgment, ordinance, order, bye-law, rule, regulation, notification, custom or usage having the force of law in the territory of India, or any other instrument, treaty or agreement as envisaged under article 363 or otherwise." (Published with the Ministry of Law and Justice (Legislative Department) notification No. G.S.R. 562(E), dated the 6th August, 2019, Gazette of India, (Extraordinary) Part II section 3, sub-section (i)).

* See Ministry of Law Order No. C.O. 44, dated 15th November, 1952.

ഭാഗം XXI

[1][താൽക്കാലികവും പരിവർത്തനവും പ്രത്യേകവുമായ വ്യവസ്ഥകൾ]

369. സംസ്ഥാന ലിസ്റ്റിലുള്ള ചില വിഷയങ്ങൾ സംബന്ധിച്ച് അവ സമവർത്തിലിസ്റ്റിലുള്ള വിഷയങ്ങളായിരുന്നാലെന്നപോലെ നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള താൽക്കാലികാധികാരം.—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ അഞ്ചുവർഷക്കാലത്തേക്ക് താഴെ ചേർത്തിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച്, പാർലമെന്റിന് അവ സമവർത്തിലിസ്റ്റിൽ എണ്ണിപ്പറഞ്ഞിരുന്നാലെന്നപോലെ നിയമം ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) പരുത്തിത്തുണിത്തരങ്ങളും കമ്പിളിത്തുണിത്തരങ്ങളും അസംസ്കൃതമായ പരുത്തി (കുരുകളഞ്ഞ പരുത്തിയും കുരുകളയാത്ത പരുത്തിയും അല്ലെങ്കിൽ കപ്പാസും ഉൾപ്പെടെ), പരുത്തിക്കുരു, കടലാസ് (പത്രക്കടലാസ് ഉൾപ്പെടെ), ഭക്ഷണസാധനങ്ങൾ (ഭക്ഷ്യയോഗ്യമായ എണ്ണക്കുരുക്കളും എണ്ണയും ഉൾപ്പെടെ), കാലിത്തീറ്റ (പിണ്ണാക്കും മറ്റു സാന്ദ്രീകൃത വസ്തുക്കളും ഉൾപ്പെടെ), കൽക്കരി (കരിച്ച കൽക്കരിയും കൽക്കരിയിൽ നിന്നു ലഭിക്കുന്ന സാധനങ്ങളും ഉൾപ്പെടെ), ഇരുമ്പ്, ഉരുക്ക്, അഭ്രം എന്നിവയുടെ ഒരു സംസ്ഥാനത്തിനകത്തുള്ള വ്യാപാരവും വാണിജ്യവും അവയുടെ ഉൽപ്പാദനവും സംഭരണവും വിതരണവും;

(ഖ) (ക) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ച നിയമങ്ങൾക്കെതിരായുള്ള കുറ്റങ്ങൾ, ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച സുപ്രീം കോടതിയൊഴികെ മറ്റെല്ലാ കോടതികളുടെയും അധികാരിതയും അധികാരങ്ങളും, ആ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ചുള്ളതും എന്നാൽ ഏതെങ്കിലും കോടതിയിൽ വാങ്ങുന്ന, ഫീസ് ഒഴികെയുള്ളതുമായ ഫീസ് എന്നിവ,

എന്നാൽ, പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിന് ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾ ഉണ്ടായിരുന്നില്ലെങ്കിൽ അത് ഉണ്ടാക്കുവാൻ പാർലമെന്റിന് ക്ഷമതയുണ്ടാകുമായിരുന്നില്ലെങ്കിൽ, ആ ക്ഷമതയില്ലായ്മയുടെ വ്യാപ്തിയോളം, മേൽപ്പറഞ്ഞ കാലാവധി അവസാനിക്കുന്നതിൻമേൽ, അങ്ങനെ അവസാനിക്കുന്നതിനു മുമ്പ് ചെയ്തതോ ചെയ്യുവാൻ വിട്ടുപോയതോ ആയ സംഗതികൾ സംബന്ധിച്ചൊഴികെ പ്രഭാവം ഇല്ലാതായിത്തീരുന്നതാണ്.

[2]*[**370. ജമ്മു-കാശ്മീർ സംസ്ഥാനം സംബന്ധിച്ചുള്ള താൽക്കാലിക വ്യവസ്ഥകൾ.**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

---

1. 1962-ലെ ഭരണഘടന (പതിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം **"താൽക്കാലികവും പരിവർത്തനവുമായ വ്യവസ്ഥകൾ"** എന്നതിനു പകരം ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).

2. ഭാരതത്തിന്റെ ഭരണഘടനയുടെ 370-ാം അനുച്ഛേദത്തിന്റെ (3)-ാം ഖണ്ഡത്താൽ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 370-ാം അനുച്ഛേദം (1)-ാം ഖണ്ഡം കൂട്ടിവായിച്ച പ്രകാരവും രാഷ്ട്രപതി, പാർലമെന്റിന്റെ ശിപാർശയിന്മേൽ, 2019 ആഗസ്റ്റ് 6-ാം തീയതി മുതൽ, താഴെ വായിക്കുന്ന പ്രകാരവും ഇനി പറയുന്നതൊഴികെയും, പ്രസ്തുത 370-ാം അനുച്ഛേദത്തിന്റെ എല്ലാ ഖണ്ഡങ്ങളും പ്രവർത്തനരഹിതമായിത്തീരുന്നതാണെന്ന് പ്രഖ്യാപിക്കുന്നു, അതായത്:—

"370. ഈ ഭരണഘടനയുടെ എല്ലാ വ്യവസ്ഥകളും, അതതു സമയം ഭേദഗതി ചെയ്ത പ്രകാരവും എന്തെങ്കിലും രൂപഭേദങ്ങളോ ഒഴിവാക്കലുകളോ കൂടാതെയും, ഈ ഭരണഘടനയുടെ 152-ാം അനുച്ഛേദത്തിലോ 308-ാം അനുച്ഛേദത്തിലോ മറ്റേതെങ്കിലും അനുച്ഛേദത്തിലോ ജമ്മു-കാശ്മീരിന്റെ ഭരണഘടനയിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ ഏതെങ്കിലും നിയമത്തിലോ രേഖയിലോ വിധിന്യായത്തിലോ ഓർഡിനൻസിലോ ഉത്തരവിലോ ബൈലായിലോ ചട്ടത്തിലോ റെഗുലേഷനിലോ വിജ്ഞാപനത്തിലോ ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ നിയമത്തിന്റെ പ്രഭാവമുള്ള ഏതെങ്കിലും ആചാരത്തിലോ വഴക്കത്തിലോ 363-ാം അനുച്ഛേദത്തിൻ കീഴിലോ മറ്റുവിധത്തിലോ വിഭാവനം ചെയ്ത പ്രകാരമുള്ള ഏതെങ്കിലും കരണത്തിലോ സന്ധിയിലോ കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ജമ്മു-കാശ്മീർ സംസ്ഥാനത്തിന് ബാധകമാകുന്നതാണ്." (നിയമ-നീതിന്യായ മന്ത്രാലയത്തിന്റെ (നിയമനിർമ്മാണ വകുപ്പ്) 2019 ആഗസ്റ്റ് 6-ാം തീയതിയിലെ ഭാരത (അസാധാരണ) ഗസറ്റ് II-ാം ഭാഗം 3-ാം വകുപ്പ് (i)-ാം ഉപവകുപ്പിൽ ജി.എസ്.ആർ. 562 (ഇ) നമ്പർ വിജ്ഞാപനത്താൽ പ്രസിദ്ധീകരിച്ചത്.)

*നിയമ മന്ത്രാലയത്തിന്റെ 1952 നവംബർ 15-ാം തീയതിയിലെ സി. ഒ. 44-ാം നമ്പർ ഉത്തരവ് കാണുക.

(a) the provisions of article 238 shall not apply in relation to the State of Jammu and Kashmir;

(b) the power of Parliament to make laws for the said State shall be limited to—

(i) those matters in the Union List and the Concurrent List which, in consultation with the Government of the State, are declared by the President to correspond to matters specified in the Instrument of Accession governing the accession of the State to the Dominion of India as the matters with respect to which the Dominion Legislature may make laws for that State; and

(ii) such other matters in the said Lists as, with the concurrence of the Government of the State, the President may by order specify.

Explanation.—For the purposes of this article, the Government of the State means the person for the time being recognised by the President as the Maharaja of Jammu and Kashmir acting on the advice of the Council of Ministers for the time being in office under the Maharaja's Proclamation dated the fifth day of March, 1948;

(c) the provisions of article 1 and of this article shall apply in relation to that State;

(d) such of the other provisions of this Constitution shall apply in relation to that State subject to such exceptions and modifications as the President may by order * specify:

Provided that no such order which relates to the matters specified in the Instrument of Accession of the State referred to in paragraph (i) of sub-clause (b) shall be issued except in consultation with the Government of the State:

Provided further that no such order which relates to matters other than those referred to in the last preceding proviso shall be issued except with the concurrence of that Government.

(2) If the concurrence of the Government of the State referred to in paragraph (ii) of sub-clause (b) of clause (1) or in the second proviso to sub-clause (d) of that clause be given before the Constituent Assembly for the purpose of framing the Constitution of the State is convened, it shall be placed before such Assembly for such decision as it may take thereon.

(3) Notwithstanding anything in the foregoing provisions of this article, the President may, by public notification, declare that this article shall cease to be operative or shall be operative only with such exceptions and modifications and from such date as he may specify:

* See the Constitution (Application to Jammu and Kashmir) Order, 2019 (C. O. 272), in Appendix II.

(ക) 238-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ ജമ്മു-കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ച് ബാധകമാകുന്നതല്ല;

(ഖ) മേൽപ്പറഞ്ഞ സംസ്ഥാനത്തിനുവേണ്ടി നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം—

(i) ആ സംസ്ഥാനത്തെ സർക്കാരിനോട് ആലോചിച്ച്, ഇൻഡ്യാ ഡൊമിനിയനിൽ ആ സംസ്ഥാനം ചേരുന്നതു സംബന്ധിച്ചുള്ള പ്രവേശന പ്രമാണത്തിൽ ആ സംസ്ഥാനത്തിനു വേണ്ടി ഡൊമിനിയൻ നിയമനിർമ്മാണമണ്ഡലത്തിന് നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളാണെന്ന് നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾക്ക് സമാനമാണെന്ന് രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടുള്ള യൂണിയൻ ലിസ്റ്റിലും സമവർത്തി ലിസ്റ്റിലുമുള്ള വിഷയങ്ങൾക്കും;

(ii) ആ സംസ്ഥാനത്തെ സർക്കാരിന്റെ സമ്മതത്തോടുകൂടി, രാഷ്ട്രപതി ഉത്തരവു വഴി നിർദ്ദേശിക്കാവുന്ന, മേൽപ്പറഞ്ഞ ലിസ്റ്റുകളിലെ, അങ്ങനെയുള്ള മറ്റു വിഷയങ്ങൾക്കും,

പരിമിതപ്പെട്ടിരിക്കേണ്ടതാണ്.

വിശദീകരണം.—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ എന്നതിന് 1948 മാർച്ച് അഞ്ചാം ദിവസം തീയതി വച്ച മഹാരാജാവിന്റെ വിളംബരപ്രകാരം തത്സമയം ഉദ്യോഗത്തിലിരുന്ന മന്ത്രിസഭയുടെ ഉപദേശത്തിൻമേൽ പ്രവർത്തിക്കുകയും, ജമ്മു-കാശ്മീരിലെ മഹാരാജാവായി രാഷ്ട്രപതി തത്സമയം അംഗീകരിക്കുകയും ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(ഗ) 1-ാം അനുച്ഛേദത്തിലെയും ഈ അനുച്ഛേദത്തിലെയും വ്യവസ്ഥകൾ ആ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്നതാണ്;

(ഘ) ഈ ഭരണഘടനയിലെ മറ്റ് വ്യവസ്ഥകളിൽ അങ്ങനെയുള്ളവ, രാഷ്ട്രപതി ഉത്തരവു* വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ആ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്നതാണ്:

എന്നാൽ, (ഖ) ഉപഖണ്ഡത്തിലെ (i)-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള, സംസ്ഥാനത്തിന്റെ പ്രവേശന പ്രമാണത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച്, അങ്ങനെയുള്ള യാതൊരു ഉത്തരവും സംസ്ഥാന സർക്കാരിനോട് ആലോചിക്കാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, തൊട്ടുമുമ്പിലുള്ള പരിമിതി വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ളതല്ലാത്ത വിഷയങ്ങൾ സംബന്ധിച്ച് അങ്ങനെയുള്ള യാതൊരു ഉത്തരവും ആ സർക്കാരിന്റെ സമ്മതത്തോടുകൂടി അല്ലാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2)(1)-ാം ഖണ്ഡം (ഖ) ഉപഖണ്ഡം (ii)-ാം ഖണ്ഡികയിലോ, അല്ലെങ്കിൽ ആ ഖണ്ഡത്തിലുള്ള (ഘ) ഉപഖണ്ഡത്തിലെ രണ്ടാം പരിമിതി വ്യവസ്ഥയിലോ പരാമർശിച്ചിട്ടുള്ള സംസ്ഥാന സർക്കാരിന്റെ സമ്മതം, ആ സംസ്ഥാനത്തിന്റെ ഭരണഘടന തയ്യാറാക്കുന്നതിനുള്ള കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളി വിളിച്ചുകൂട്ടുന്നതിനു മുമ്പ് നൽകിയിട്ടുള്ളതാണെങ്കിൽ, അത് അങ്ങനെയുള്ള അസംബ്ളിയുടെ മുമ്പാകെ അത് അതിൻമേൽ എടുക്കാവുന്ന അങ്ങനെയുള്ള തീരുമാനത്തിനായി വയ്ക്കേണ്ടതാണ്.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് പൊതുവിജ്ഞാപനം വഴി, ഈ അനുച്ഛേദം പ്രവർത്തനരഹിതമായിത്തീരുമെന്നോ, അദ്ദേഹം നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകളോടും രൂപഭേദങ്ങളോടും കൂടിയും, അങ്ങനെയുള്ള തീയതി മുതൽക്കും മാത്രം പ്രവർത്തനത്തിലിരിക്കുമെന്നോ പ്രഖ്യാപിക്കാവുന്നതാണ്:

---

*. ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവ്, 2019 (സി. ഒ. 272) II-ാം അനുബന്ധത്തിൽ കാണുക.

Provided that the recommendation of the *[Constituent Assembly of the State referred to in clause (2)] shall be necessary before the President issues such a notification.]

[1][371. Special provision with respect to the States of [2][***] Maharashtra and Gujarat.—(1) [3][***]

(2) Notwithstanding anything in this Constitution, the President may by order made with respect to [4][the State of Maharashtra or Gujarat], provide for any special responsibility of the Governor for—

(a) the establishment of separate development boards for Vidarbha, Marathwada, [5][and the rest of Maharashtra or, as the case may be,] Saurashtra, Kutch and the rest of Gujarat with the provision that a report on the working of each of these boards will be placed each year before the State Legislative Assembly;

(b) the equitable allocation of funds for developmental expenditure over the said areas, subject to the requirements of the State as a whole; and

(c) an equitable arrangement providing adequate facilities for technical education and vocational training, and adequate opportunities for employment in services under the control of the State Government, in respect of all the said areas, subject to the requirements of the State as a whole.]

[6][**371A. Special provision with respect to the State of Nagaland**.—(1) Notwithstanding anything in this Constitution,—

(a) no Act of Parliament in respect of—

(i) religious or social practices of the Nagas,

(ii) Naga customary law and procedure,

(iii) administration of civil and criminal justice involving decisions according to Naga customary law,

(iv) ownership and transfer of land and its resources,

shall apply to the State of Nagaland unless the Legislative Assembly of Nagaland by a resolution so decides;

(b) The Governor of Nagaland shall have special responsibility with respect

* See the Constitution (Application to Jammu and Kashmir) Order, 2019 (C. O. 272) in Appendix II.

1. Subs. by the Constitution (Seventh Amendment) Act, 1956, s. 22, for art. 371.
2. The words "Andhra Pradesh", omitted by the Constitution (Thirty-second Amendment) Act, 1973, s. 2 Cl. (1) (w. e. f. 1-7-1974).
3. Cl. (1) omitted by s. 2, ibid. (w. e. f. 1-7-1974).
4. Subs. by the Bombay Reorganisation Act, 1960 (11 of 1960), s. 85, for "the State of Bombay", (w. e. f. 1-5-1960).
5. Subs. by s. 85, ibid., for "the rest of Maharashtra." (w. e. f. 1-5-1960).
6. Ins. by the Constitution (Thirteenth Amendment) Act, 1962, s. 2. (w. e. f. 1-12-1963).

എന്നാൽ, *[(2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളിയുടെ] ശിപാർശ അങ്ങനെയുള്ള ഒരു വിജ്ഞാപനം രാഷ്ട്രപതി പുറപ്പെടുവിക്കുന്നതിനു മുമ്പ് ആവശ്യമായിരിക്കുന്നതാണ്.]

[1][**371.** [2][***] **മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**— (1) [3][***]

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക് [4][മഹാരാഷ്ട്ര സംസ്ഥാനമോ ഗുജറാത്ത് സംസ്ഥാനമോ] സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവു വഴി—

(ക) വിദർഭയ്ക്കും മറാത്താവാഡയ്ക്കും [5][മഹാരാഷ്ട്രത്തിന്റെ ശേഷം ഭാഗത്തിനും അല്ലെങ്കിൽ, അതതുസംഗതിപോലെ,] സൗരാഷ്ട്രത്തിനും കച്ചിനും ഗുജറാത്തിന്റെ ശേഷം ഭാഗത്തിനും, വെവ്വേറെ വികസനബോർഡുകൾ, ഈ ബോർഡുകളിൽ ഓരോന്നിന്റെയും പ്രവർത്തനത്തെപ്പറ്റി ഒരു റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന വ്യവസ്ഥയോടുകൂടി സ്ഥാപിക്കുന്നതിനും;

(ഖ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ആവശ്യങ്ങൾക്ക് വിധേയമായി, മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ വികസനച്ചെലവിനുള്ള പണം നീതിപൂർവ്വം വിഭജിച്ചു കൊടുക്കുന്നതിനും;

(ഗ) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ആവശ്യങ്ങൾക്ക് വിധേയമായി, മേൽപ്പറഞ്ഞ എല്ലാ പ്രദേശങ്ങളെ സംബന്ധിച്ചും സാങ്കേതിക വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും മതിയായ സൗകര്യങ്ങളും, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സർവ്വീസുകളിൽ ജോലിക്ക് മതിയായ അവസരങ്ങളും നൽകുന്നതിന് നീതിപൂർവ്വം ഒരു ഏർപ്പാട് ഉണ്ടാക്കുന്നതിനും,

ഗവർണ്ണർക്കു പ്രത്യേക ഉത്തരവാദിത്വം നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്യാവുന്നതാണ്.]

[6][**371ക. നാഗാലാൻഡ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും—

(ക) പാർലമെന്റിന്റെ—

(i) നാഗൻമാരുടെ മതപരമോ സാമൂഹ്യമോ ആയ അനുഷ്ഠാനങ്ങൾ;

(ii) നാഗൻമാരുടെ ആചാരാധിഷ്ഠിത നിയമവും നടപടിക്രമവും;

(iii) നാഗൻമാരുടെ ആചാരാധിഷ്ഠിത നിയമം അനുസരിച്ചുള്ള തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന സിവിലും ക്രിമിനലും ആയ നീതിന്യായ ഭരണം;

(iv) ഭൂമിയുടെയും അതിലെ വിഭവങ്ങളുടെയും ഉടമസ്ഥതയും കൈമാറ്റവും,

എന്നിവ സംബന്ധിച്ചുള്ള യാതൊരു ആക്റ്റും നാഗാലാൻഡിലെ നിയമസഭ ഒരു പ്രമേയം വഴി നാഗാലാൻഡ് സംസ്ഥാനത്തിനു ബാധകമാകുമെന്ന് തീരുമാനിക്കാത്തപക്ഷം ആ സംസ്ഥാനത്തിന് ബാധകമാകുന്നതല്ല;

---

* 2019-ലെ ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവ്, 2019 (സി.ഒ. 272) II-ാം അനുബന്ധത്തിൽ കാണുക.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 22-ാം വകുപ്പുപ്രകാരം 371-ാം അനുച്ഛേദത്തിനു പകരം ചേർത്തത്.
2. 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ''ആന്ധ്രാപ്രദേശ്'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (1-7-1974 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ്, 1-ാം ഖണ്ഡപ്രകാരം വിട്ടുകളഞ്ഞു (1-7-1974 മുതൽ പ്രാബല്യം).
4. 1960-ലെ ബോംബെ പുനഃസംഘടനാ ആക്റ്റ് (1960-ലെ 11), 85-ാം വകുപ്പുപ്രകാരം ''ബോംബെ സംസ്ഥാനം'' എന്നതിനു പകരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റ്, 85-ാം വകുപ്പ് പ്രകാരം ''മഹാരാഷ്ട്രത്തിന്റെ ബാക്കിഭാഗം'' എന്നതിന് പകരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).
6. 1962-ലെ ഭരണഘടന (പതിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).

to law and order in the State of Nagaland for so long as in his opinion internal disturbances occurring in the Naga Hills-Tuensang Area immediately before the formation of that State continue therein or in any part thereof and in the discharge of his functions in relation thereto the Governor shall, after consulting the Council of Ministers, exercise his individual judgment as to the action to be taken:

Provided that if any question arises whether any matter is or is not a matter as respects which the Governor is under this sub-clause required to act in the exercise of his individual judgment, the decision of the Governor in his discretion shall be final, and the validity of anything done by the Governor shall not be called in question on the ground that he ought or ought not to have acted in the exercise of his individual judgment:

Provided further that if the President on receipt of a report from the Governor or otherwise is satisfied that it is no longer necessary for the Governor to have special responsibility with respect to law and order in the State of Nagaland, he may by order direct that the Governor shall cease to have such responsibility with effect from such date as may be specified in the order;

(c) in making his recommendation with respect to any demand for a grant, the Governor of Nagaland shall ensure that any money provided by the Government of India out of the Consolidated Fund of India for any specific service or purpose is included in the demand for a grant relating to that service or purpose and not in any other demand;

(d) as from such date as the Governor of Nagaland may by public notification in this behalf specify, there shall be established a regional council for the Tuensang district consisting of thirty-five members and the Governor shall in his discretion make rules providing for—

(i) the composition of the regional council and the manner in which the members of the regional council shall be chosen:

Provided that the Deputy Commissioner of the Tuensang district shall be the Chairman *exofficio* of the regional council and the Vice-Chairman of the regional council shall be elected by the members thereof from amongst themselves;

(ii) the qualifications for being chosen as, and for being, members of the regional council;

(iii) the term of office of, and the salaries and allowances, if any, to be paid to members of, the regional council;

(iv) the procedure and conduct of business of the regional council;

(v) the appointment of officers and staff of the regional council and their conditions of services; and

(vi) any other matter in respect of which it is necessary to make rules for the constitution and proper functioing of the regional council.

(2) Notwithstanding anything in this Constitution, for a period of ten years from the

(ഖ) നാഗാലാൻഡ് സംസ്ഥാനം രൂപീകരിക്കുന്നതിന് തൊട്ടുമുമ്പ് നാഗാഹിൽസ്-റ്റ്യൂൻസാങ് പ്രദേശത്ത് ഉണ്ടായിക്കൊണ്ടിരുന്ന ആഭ്യന്തര കലാപങ്ങൾ അതിനുള്ളിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ തുടരുന്നതായി നാഗാലാൻഡിലെ ഗവർണ്ണർക്ക് അഭിപ്രായമുള്ളിടത്തോളം കാലം അദ്ദേഹത്തിന് ആ സംസ്ഥാനത്തെ നിയമസമാധാനം സംബന്ധിച്ച് പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും, അതു സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് എടുക്കേണ്ട നടപടിയെക്കുറിച്ച്, ഗവർണ്ണർ മന്ത്രിസഭയുമായി ആലോചിച്ചതിനുശേഷം അദ്ദേഹത്തിന്റെ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിക്കേണ്ടതും ആകുന്നു:

എന്നാൽ, ഏതെങ്കിലും വിഷയം അതിനെ സംബന്ധിച്ച് ഈ ഉപഖണ്ഡപ്രകാരം ഗവർണ്ണർ അദ്ദേഹത്തിന്റെ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിച്ച് പ്രവർത്തിക്കേണ്ടത് ആവശ്യമായിട്ടുള്ള ഒരു വിഷയം ആണോ അല്ലയോ എന്ന പ്രശ്നം ഉൽഭവിക്കുന്നു എങ്കിൽ, സ്വവിവേകം അനുസരിച്ചുള്ള ഗവർണ്ണറുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുത, അദ്ദേഹത്തിന്റെ വ്യക്തിപരമായ നിർണ്ണയശക്തി പ്രയോഗിച്ച് പ്രവർത്തിക്കേണ്ടതായിരുന്നുവെന്നോ അല്ലായിരുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, ഗവർണ്ണറിൽനിന്ന് ഒരു റിപ്പോർട്ട് കിട്ടുന്നതിൻമേലോ മറ്റുവിധത്തിലോ നാഗാലാൻഡ് സംസ്ഥാനത്തെ നിയമസമാധാനം സംബന്ധിച്ച് ഗവർണ്ണർക്ക് പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നത് മേലാൽ ആവശ്യമില്ല എന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ, അദ്ദേഹത്തിന്, ഉത്തരവു വഴി ആ ഉത്തരവിൽ പറയാവുന്ന അങ്ങനെയുള്ള തീയതി മുതൽ ഗവർണ്ണർക്ക് അങ്ങനെയുള്ള ഉത്തരവാദിത്വം ഇല്ലാതായിത്തീരുമെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഗ) ഒരു സഹായധനത്തിനുവേണ്ടിയുള്ള ഏതെങ്കിലും ധനാഭ്യർത്ഥന സംബന്ധിച്ച് ശിപാർശ ചെയ്യുമ്പോൾ നാഗാലാൻഡിലെ ഗവർണ്ണർ, ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്ന് ഏതെങ്കിലും നിർദ്ദിഷ്ട സേവനത്തിനോ ആവശ്യത്തിനോ നൽകിയിട്ടുള്ള ഏതെങ്കിലും തുക, ആ സേവനമോ ആവശ്യമോ സംബന്ധിച്ച ഒരു സഹായധനത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അല്ലാതെ മറ്റേതെങ്കിലും ധനാഭ്യർത്ഥനയിലല്ല ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, ഉറപ്പു വരുത്തേണ്ടതാണ്;

(ഘ) നാഗാലാൻഡിലെ ഗവർണ്ണർ പൊതുവിജ്ഞാപനം വഴി ഇതിലേക്ക് നിർദ്ദേശിക്കാവുന്ന തീയതി മുതൽ റ്റ്യൂൻസാങ് ജില്ലയ്ക്ക് മുപ്പത്തിയഞ്ച് അംഗങ്ങളടങ്ങിയ ഒരു പ്രാദേശിക സമിതി സ്ഥാപിക്കുന്നതും ഗവർണ്ണർ, സ്വവിവേകം ഉപയോഗിച്ച് താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നതും ആകുന്നു—

(i) പ്രാദേശിക സമിതിയുടെ ഘടനയും പ്രാദേശിക സമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട രീതിയും:

എന്നാൽ, റ്റ്യൂൻസാങ് ജില്ലയുടെ ഡെപ്യൂട്ടി കമ്മീഷണർ ഔദ്യോഗിക നിലയിൽ ആ പ്രാദേശിക സമിതിയുടെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും ആ പ്രാദേശിക സമിതിയുടെ ഉപാദ്ധ്യക്ഷനെ അതിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് അവർ തെരഞ്ഞെടുക്കേണ്ടതും ആകുന്നു;

(ii) പ്രാദേശിക സമിതിയിലെ അംഗങ്ങളായി തെരഞ്ഞെടുക്കുന്നതിനും അതിൽ അംഗങ്ങളായിരിക്കുന്നതിനും വേണ്ട യോഗ്യതകൾ;

(iii) പ്രാദേശിക സമിതിയിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും അവർക്ക് ഏതെങ്കിലും ശമ്പളങ്ങളും ബത്തകളും കൊടുക്കേണ്ടതുണ്ടെങ്കിൽ അവയും;

(iv) പ്രാദേശിക സമിതിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും;

(v) പ്രാദേശിക സമിതിയുടെ ഉദ്യോഗസ്ഥൻമാരുടേയും, ജീവനക്കാരുടേയും നിയമനവും അവരുടെ സേവന വ്യവസ്ഥകളും;

(vi) പ്രാദേശിക സമിതിയുടെ രൂപീകരണത്തിനും ശരിയായ പ്രവർത്തനത്തിനും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നത് ആവശ്യമായി വരുന്ന മറ്റു വിഷയങ്ങൾ.

date of the formation of the State of Nagaland or for such further period as the Governor may, on the recommendation of the regional council, by public notification specify in this behalf,—

(a) the administration of the Tuensang district shall be carried on by the Governor;

(b) where any money is provided by the Government of India to the Government of Nagaland to meet the requirements of the State of Nagaland as a whole, the Governor shall in his discretion arrange for an equitable allocation of that money between the Tuensang district and the rest of the State;

(c) no Act of the Legislature of Nagaland shall apply to Tuensang district unless the Governor, on the recommendation of the regional council, by public notification so directs and the Governor in giving such direction with respect to any such Act may direct that the Act shall in its application to the Tuensang district or any part thereof have effect subject to such exceptions or modifications as the Governor may specify on the recommendation of the regional council:

Provided that any direction given under this sub-clause may be given so as to have retrospective effect;

(d) the Governor may make regulations for the peace, progress and good government of the Tuensang district and any regulations so made may repeal or amend with retrospective effect, if necessary, any Act of Parliament or any other law which is for the time being applicable to that district;

(e) (i) one of the members representing the Tuensang district in the Legislative Assembly of Nagaland shall be appointed Minister for Tuensang affairs by the Governor on the advice of the Chief Minister and the Chief Minister in tendering his advice shall act on the recommendation of the majority of the members as aforesaid[1] ;

(ii) the Minister for Tuensang affairs shall deal with, and have direct access to the Governor on, all matters relating to the Tuensang district but he shall keep the Chief Minister informed about the same;

(f) notwithstanding anything in the foregoing provisions of this clause, the

1. Paragraph 2 of the Constitution (Removal of Difficulties) Order No. X provides (w.e.f. 1-12-1963) that article 371A of the Constitution of India shall have effect as if the following proviso were added to paragraph (i) of sub-clause (e) of clause (2) thereof, namely:—

"Provided that the Governor may, on the advice of the Chief Minister, appoint any person as Minister for Tuensang affairs to act as such until such time as persons are chosen in accordance with law to fill the seats allocated to the Tuensang district in the Legislative Assembly of Nagaland.".

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ച തീയതിമുതൽ പത്തുവർഷക്കാലത്തേക്കോ അല്ലെങ്കിൽ പ്രാദേശിക സമിതിയുടെ ശിപാർശയിൻമേൽ ഗവർണ്ണർ പൊതുവിജ്ഞാപനം വഴി ഇതിലേക്ക് നിർദ്ദേശിക്കുന്ന കൂടുതൽ കാല ത്തേക്കോ—

(ക) റ്റ്യൂൻസാങ് ജില്ലയുടെ ഭരണം ഗവർണ്ണർ നടത്തുന്നതാകുന്നു;

(ഖ) നാഗാലാൻഡ് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റുവാൻ ഭാര തസർക്കാർ ഏതെങ്കിലും തുക നാഗാലാൻഡ് സർക്കാരിന് നൽകിയിട്ടുള്ളിടത്ത് ആ തുക റ്റ്യൂൻസാങ് ജില്ലയ്ക്കും ആ സംസ്ഥാനത്തിന്റെ ശേഷം ഭാഗത്തിനും ആയി നീതിപൂർവ്വം വിഭ ജിച്ചുകൊടുക്കുന്നതിന് ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് ഏർപ്പാട് ചെയ്യേണ്ടതാകുന്നു;

(ഗ) നാഗാലാൻഡ് നിയമനിർമ്മാണമണ്ഡലത്തിന്റെ യാതൊരു ആക്റ്റും ഗവർണ്ണർ, പ്രാദേ ശികസമിതിയുടെ ശിപാർശയിൻമേൽ, പൊതുവിജ്ഞാപനം വഴി റ്റ്യൂൻസാങ് ജില്ലയ്ക്ക് ബാധ കമാകുമെന്നു നിർദ്ദേശിക്കാത്തപക്ഷം, ബാധകമാകുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെ ങ്കിലും ആക്റ്റ്, സംബന്ധിച്ച് അങ്ങനെയുള്ള നിർദ്ദേശം നൽകുമ്പോൾ ആ ആക്റ്റ് അതിന്റെ ബാധകതയ്ക്ക്, റ്റ്യൂൻസാങ് ജില്ലയ്ക്കോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ, ഗവർണ്ണർ പ്രാദേശികസമിതിയുടെ ശിപാർശയിൻമേൽ, നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഒഴിവാക്കലു കൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി പ്രഭാവം ഉണ്ടായിരിക്കുമെന്ന് നിർദ്ദേശിക്കാ വുന്നതുമാകുന്നു:

എന്നാൽ, ഈ ഉപഖണ്ഡപ്രകാരം നൽകുന്ന ഏത് നിർദ്ദേശവും പൂർവ്വകാലപ്രാബല്യം ഉണ്ടായി രിക്കത്തക്കവിധം നൽകാവുന്നതാണ്;

(ഘ) ഗവർണ്ണർക്ക് റ്റ്യൂൻസാങ് ജില്ലയുടെ സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനുംവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും, അങ്ങനെ ഉണ്ടാക്കുന്ന ഏതെങ്കിലും റെഗുലേഷനുകൾക്ക് പാർലമെന്റിന്റെ ഏതെങ്കിലും ആക്റ്റോ അല്ലെങ്കിൽ ആ സമയം ആ ജില്ലയ്ക്ക് ബാധകമായ മറ്റ് ഏതെങ്കിലും നിയമമോ, ആവശ്യമാണെങ്കിൽ, റദ്ദാക്കുകയോ അല്ലെങ്കിൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും ആകുന്നു;

(ങ) (i) നാഗാലാൻഡ് നിയമസഭയിൽ റ്റ്യൂൻസാങ് ജില്ലയെ പ്രതിനിധാനം ചെയ്യുന്ന അംഗ ങ്ങളിൽ ഒരാളെ ഗവർണ്ണർ മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ, റ്റ്യൂൻസാങ് കാര്യങ്ങൾക്കായുള്ള മന്ത്രിയായി നിയമിക്കേണ്ടതും, മുഖ്യമന്ത്രി ഉപദേശം നൽകുന്നതിൽ, മേൽപ്പറഞ്ഞ[1] അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ ശിപാർശയിൻമേൽ പ്രവർത്തിക്കേണ്ടതും ആകുന്നു;

(ii) റ്റ്യൂൻസാങ് ജില്ല സംബന്ധിച്ചുള്ള എല്ലാ വിഷയങ്ങളും റ്റ്യൂൻസാങ് കാര്യങ്ങൾക്കായുള്ള മന്ത്രി കൈകാര്യം ചെയ്യേണ്ടതും അദ്ദേഹത്തിന് അങ്ങനെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഗവർണ്ണറെ നേരിട്ട് സമീപിക്കാവുന്നതും എന്നാൽ അതി

1. ഭരണഘടന (വിഷമതകൾ നീക്കം ചെയ്യൽ) ഉത്തരവ് നമ്പർ X-ന്റെ 2-ാം ഖണ്ഡിക, ഭാരതത്തിന്റെ ഭരണഘടന യുടെ 371ക അനുച്ഛേദത്തിന്, 2-ാം ഖണ്ഡം (ങ) ഉപഖണ്ഡത്തിലെ (i)-ാം ഖണ്ഡികയിൽ താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ (1-12-1963 മുതൽ പ്രാബല്യത്തോടുകൂടി) കൂട്ടിചേർത്തിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു, അതായത്: —

"എന്നാൽ, ഗവർണ്ണർ, മുഖ്യമന്ത്രിയുടെ ഉപദേശത്തിൻമേൽ, ഏതെങ്കിലും ആളെ റ്റ്യൂൻസാങ് കാര്യമന്ത്രിയായി അങ്ങനെ പ്രവർത്തിക്കുന്നതിന്, നാഗാലാൻഡ് നിയമസഭയിൽ റ്റ്യൂൻസാങ് ജില്ലയ്ക്ക് നീക്കിവച്ചിരിക്കുന്ന സ്ഥാനങ്ങൾ നികത്തുന്നതിന് നിയമാനുസൃതം ആളുകളെ തെരഞ്ഞെടുക്കുന്ന അങ്ങനെയുള്ള സമയംവരെ, നിയമിക്കാവുന്നതാണ്.".

final decision on all matters relating to the Tuensang district shall be made by the Governor in his discretion;

(g) in articles 54 and 55 and clause (4) of article 80, references to the elected members of the Legislative Assembly of a State or to each such member shall include references to the members or member of the Legislative Assembly of Nagaland elected by the regional council established under this article;

(h) in article 170—

(i) clause (1) shall, in relation to the Legislative Assembly of Nagaland, have effect as if for the word "sixty", the words "forty-six" had been substituted;

(ii) in the said clause, the reference to direct election from territorial constituencies in the State shall include election by the members of the regional council established under this article;

(iii) in clauses (2) and (3), references to territorial constituencies shall mean references to territorial constituencies in the Kohima and Mokokchung districts.

(3) If any difficulty arises in giving effect to any of the foregoing provisions of this article, the President may by order do anything (including any adaptation or modification of any other article) which appears to him to be necessary for the purpose of removing that difficulty:

Provided that no such order shall be made after the expiration of three years from the date of the formation of the State of Nagaland.

Explanation.—In this article, the Kohima, Mokokchung and Tuensang districts shall have the same meanings as in the State of Nagaland Act, 1962.]

[1][**371B. Special provision with respect to the State of Assam.—** Notwithstanding anything in this Constitution, the President may, by order made with respect to the State of Assam, provide for the constitution and functions of a committee of the Legislative Assembly of the State consisting of members of that Assembly elected from the tribal areas specified in [2][Part I] of the table appended to paragraph 20 of the Sixth Schedule and such number of other members of that Assembly as may be specified in the order and for the modifications to be made in the rules of procedure of that Assembly for the constitution and proper functioning of such committee.]

[3][**371C. Special provision with respect to the State of Manipur.—**(1) Notwithstanding anything in this Constitution, the President may, by order made with respect to the State of Manipur, provide for the constitution and functions of a committee

1. Ins. by the Constitution (Twenty-second Amendment) Act, 1969. s. 4..
2. Subs. by the North-Eastern Areas (Reorganisation) Act. 1971, (81 of 1971), s. 71, for "Part A" (w. e. f. 21-1-1972).
3. Ins. by the Constitution (Twenty-seventh Amendment) Act, 1971, s.5 (w. e. f. 15-2-1972).

നെപ്പറ്റി മുഖ്യമന്ത്രിക്ക് അറിവു നൽകിക്കൊണ്ടിരിക്കേണ്ടതും ആകുന്നു;

(ച) ഈ ഖണ്ഡത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ ആയിരുന്നാലും, റ്റ്യൂൻസാങ് ജില്ലയെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളിലും അന്തിമ തീരുമാനം ഗവർണ്ണർ, സ്വവിവേകം ഉപയോഗിച്ച്, എടുക്കേണ്ടതാകുന്നു;

(ഛ) 54-ഉം 55-ഉം അനുച്ഛേദങ്ങളിലും 80-ാം അനുച്ഛേദം (4)-ാം ഖണ്ഡത്തിലും ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെക്കുറിച്ചോ അങ്ങനെയുള്ള ഓരോ അംഗത്തെയും കുറിച്ചോ ഉള്ള പരാമർശങ്ങളിൽ നാഗാലാൻഡ് നിയമസഭയിലേക്ക് ഈ അനുച്ഛേദപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്രാദേശിക സമിതി തെരഞ്ഞെടുക്കുന്ന അംഗങ്ങളെയോ അംഗത്തെയോ കുറിച്ചുള്ള പരാമർശങ്ങളും ഉൾപ്പെടുന്നതാണ്;

(ജ) 170-ാം അനുച്ഛേദത്തിൽ—

(i) നാഗാലാൻഡ് നിയമസഭയെ സംബന്ധിച്ചിടത്തോളം (1)-ാം ഖണ്ഡത്തിന്, അതിൽ ''അറുപത്'' എന്ന വാക്കിനു പകരം ''നാല്പത്തിയാറ്'' എന്ന വാക്ക് ചേർത്തിരുന്നാലെന്ന പോലെ പ്രഭാവമുണ്ടായിരിക്കുന്നതാണ്;

(ii) മേൽപ്പറഞ്ഞ ഖണ്ഡത്തിൽ സംസ്ഥാനത്തെ പ്രാദേശിക അടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളിൽ നിന്ന് നേരിട്ട് നടത്തുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പരാമർശത്തിൽ ഈ അനുച്ഛേദപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്രാദേശിക സമിതിയിലെ അംഗങ്ങൾ നടത്തുന്ന തെരഞ്ഞെടുപ്പ് ഉൾപ്പെടുന്നതാണ്;

(iii) 2-ഉം 3-ഉം ഖണ്ഡങ്ങളിൽ, പ്രാദേശിക നിയോജകമണ്ഡലങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക്, കൊഹിമയും മൊക്കൊക്ചുങ്ങും ജില്ലകളിലെ പ്രാദേശിക നിയോജകമണ്ഡലങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ എന്ന് അർത്ഥമാകുന്നു.

(3) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാകുന്നു എങ്കിൽ, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്ന് രാഷ്ട്രപതിക്ക് തോന്നുന്ന (മറ്റേതെങ്കിലും അനുച്ഛേദത്തിന്റെ അനുയോജനവും രൂപഭേദപ്പെടുത്തലും ഉൾപ്പെടെ) എന്തും അദ്ദേഹത്തിന് ഉത്തരവു വഴി ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും നാഗാലാൻഡ് സംസ്ഥാനം രൂപീകരിച്ച് മൂന്നു വർഷം അവസാനിച്ചതിനുശേഷം പുറപ്പെടുവിക്കാവുന്നതല്ല.

വിശദീകരണം.— ഈ അനുച്ഛേദത്തിൽ കൊഹിമ, മൊക്കൊക്ചുങ്, റ്റ്യൂൻസാങ് എന്നീ ജില്ലകൾക്ക് 1962-ലെ നാഗാലാൻഡ് സംസ്ഥാന ആക്റ്റിലെ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.]

[1][**371ഖ. ആസ്സാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, ആസ്സാം സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവു വഴി, ആറാം പട്ടികയിലെ 20-ാം ഖണ്ഡികയോട് അനുബന്ധിച്ചുള്ള അനുസൂചികയുടെ [2][I-ാം ഭാഗത്ത്] പറഞ്ഞിട്ടുള്ള ഗോത്രവർഗ്ഗപ്രദേശങ്ങളിൽ നിന്ന് ആ സംസ്ഥാനത്തെ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങളും, ആ സഭയിലെ, ആ ഉത്തരവിൽ പറയാവുന്ന മറ്റ് അംഗങ്ങളുടെ അങ്ങനെയുള്ള സംഖ്യയും അടങ്ങുന്ന ആ സംസ്ഥാനത്തെ നിയമസഭയുടെ ഒരു കമ്മിറ്റിയുടെ രൂപീകരണത്തിനും അതിന്റെ ചുമതലകൾക്കും, അങ്ങനെയുള്ള കമ്മിറ്റിയുടെ രൂപീകരണത്തിനും, ഉചിതമായ പ്രവർത്തനത്തിനും വേണ്ടി ആ സഭയുടെ നടപടിക്രമത്തിന്റെ ചട്ടങ്ങളിൽ വരുത്തേണ്ട രൂപഭേദങ്ങൾക്കും, വ്യവസ്ഥ ചെയ്യാവുന്നതാണ്.]

[3][**371ഗ. മണിപ്പൂർ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**—(1) ഈ ഭരണഘടനയിൽ

1. 1969-ലെ ഭരണഘടന (ഇരുപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത്.
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71-ാം വകുപ്പുപ്രകാരം ''ക ഭാഗം'' എന്നതിന് പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. 1971-ലെ ഭരണഘടന (ഇരുപത്തേഴാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (15-2-1972 മുതൽ പ്രാബല്യം).

of the Legislative Assembly of the State consisting of members of that Assembly elected from the Hill Areas of that State, for the modifications to be made in the rules of business of the Government and in the rules of procedure of the Legislative Assembly of the State and for any special responsibility of the Governor in order to secure the proper functioning of such committee.

(2) The Governor shall annually, or whenever so required by the President, make a report to the President regarding the administration of the Hill Areas in the State of Manipur and the executive power of the Union shall extend to the giving of directions to the State as to the administration of the said areas.

Explanation.—In this article, the expression "Hill Areas" means such areas as the President may, by order, declare to be Hill areas.]

[1][**371D. Special provisions with respect to** [2][**the State of Andhra Pradesh or the State of Telangana**].—[3][(1) The President may by order made with respect to the State of Andhra Pradesh or the State of Telangana provide, having regard to the requirement of each State, for equitable opportunities and facilities for the people belonging to different parts of such State, in the matter of public employment and in the matter of education, and different provisions may be made for various parts of the States].

(2) An order made under clause (1) may, in particular,—

(a) require the State Government to organise any class or classes of posts in a civil service of, or any class or classes of civil posts under, the State into different local cadres for different parts of the State and allot in accordance with such principles and procedure as may be specified in the order the persons holding such posts to the local cadres so organised;

(b) specify any part or parts of the State which shall be regarded as the local area—

(i) for direct recruitment to posts in any local cadre (whether organised in pursuance of an order under this article or constituted otherwise) under the State Government;

(ii) for direct recruitment to posts in any cadre under any local authority within the State; and

(iii) for the purposes of admission to any University within the State or to any other educational institution which is subject to the control of the State Government;

(c) specify the extent to which, the manner in which and the conditions subject

1. Ins. by the Constitution (Thirty-second Amendment) Act, 1973, *s*.3 (w.e.f. 1-7-1974).
2. Subs. by the Andhra Pradesh Reorganisation Act, 2014 (6 of 2014), s. 97, for "the State of Andhra Pradesh".
3. Subs. by s.97, ibid. for cl. (1).

എന്തുതന്നെ ആയിരുന്നാലും, രാഷ്ട്രപതിക്ക്, മണിപ്പൂർ സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവു വഴി, സംസ്ഥാനത്തിന്റെ കുന്നിൻപ്രദേശത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ അടങ്ങുന്ന ആ സംസ്ഥാനത്തെ നിയമസഭയുടെ, ഒരു കമ്മിറ്റിയുടെ രൂപീകരണത്തിനും ചുമതലകൾക്കും, സംസ്ഥാനത്തെ സർക്കാരിന്റെ ബിസിനസ്സ് ചട്ടങ്ങളിലും നിയമസഭയുടെ നടപടിക്രമത്തിന്റെ ചട്ടങ്ങളിലും വരുത്തേണ്ട രൂപഭേദങ്ങൾക്കും, അങ്ങനെയുള്ള കമ്മിറ്റിയുടെ ശരിയായ പ്രവർത്തനം സംപ്രാപ്തമാക്കുന്നതിന് ഗവർണ്ണറുടെ ഏതെങ്കിലും പ്രത്യേക ഉത്തരവാദിത്വത്തിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ഗവർണ്ണർ, പ്രതിവർഷം അല്ലെങ്കിൽ രാഷ്ട്രപതി ആവശ്യപ്പെടുമ്പോഴൊക്കെ, മണിപ്പൂർ സംസ്ഥാനത്തിലെ കുന്നിൻപ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതും, മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ഭരണത്തെക്കുറിച്ച് ആ സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ നൽകുന്നത് യൂണിയന്റെ നിർവ്വാഹകാധികാരത്തിന്റെ വ്യാപ്തിക്കുള്ളിൽ വരുന്നതും ആകുന്നു.

വിശദീകരണം.—ഈ അനുച്ഛേദത്തിൽ, "കുന്നിൻപ്രദേശങ്ങൾ" എന്ന പ്രയോഗത്തിന് രാഷ്ട്രപതി ഉത്തരവു വഴി കുന്നിൻപ്രദേശങ്ങളായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾ എന്ന് അർത്ഥമാകുന്നു.]

[1][**371ഘ. [2][ആന്ധ്രാപ്രദേശ് സംസ്ഥാനത്തെയോ തെലങ്കാന സംസ്ഥാനത്തെയോ] സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.**—[3][(1) രാഷ്ട്രപതിക്ക് ആന്ധ്രാപ്രദേശ് സംസ്ഥാനത്തെയോ തെലങ്കാന സംസ്ഥാനത്തെയോ] സംബന്ധിച്ച് ഉണ്ടാക്കുന്ന ഉത്തരവു വഴി, അങ്ങനെയുള്ള സംസ്ഥാനങ്ങളുടെ വ്യത്യസ്ത ഭാഗങ്ങളിൽ ഉള്ള ജനങ്ങൾക്ക് സർക്കാർ ഉദ്യോഗത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നീതിപൂർവ്വകമായി അവസരങ്ങൾക്കും സൗകര്യങ്ങൾക്കും, ഓരോ സംസ്ഥാനത്തിന്റെയും മൊത്തത്തിലുള്ള ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, വ്യവസ്ഥ ചെയ്യാവുന്നതും, സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങൾക്ക് വ്യത്യസ്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ആകുന്നു.]

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ്, പ്രത്യേകിച്ചും,—

(ക) സംസ്ഥാനത്തിന്റെ സിവിൽ സർവ്വീസിലുള്ള തസ്തികകളിൽ ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളിൽ ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ സംസ്ഥാനത്തിന്റെ വ്യത്യസ്ത പ്രാദേശിക കേഡറുകളായി സംഘടിപ്പിക്കുന്നതിനും ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തത്വങ്ങൾക്കും നടപടിക്രമത്തിനും അനുസൃതമായി അങ്ങനെയുള്ള തസ്തികകളിലിരിക്കുന്ന ആളുകളെ അപ്രകാരം സംഘടിപ്പിച്ച പ്രാദേശിക കേഡറുകളിൽപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും;

(ഖ) (i) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള (ഈ അനുച്ഛേദപ്രകാരമുള്ള ഒരു ഉത്തരവ് അനുസരിച്ച് സംഘടിപ്പിച്ചതോ മറ്റുവിധത്തിൽ രൂപീകരിച്ചതോ ആയ) ഏതെങ്കിലും പ്രാദേശിക കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്നതിനും;

(ii) സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്നതിനും;

(iii) സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായ മറ്റേതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലേക്കോ ഉള്ള പ്രവേശനത്തിന്റെ ആവശ്യങ്ങൾക്കും;

---

1. 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (1-7-1974 മുതൽ പ്രാബല്യം).
2. 2014-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ആക്റ്റ് (2014-ലെ 6), 97-ാം വകുപ്പ് പ്രകാരം "ആന്ധ്രാപ്രദേശ് സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 97-ാം വകുപ്പ് പ്രകാരം (1)-ാം ഖണ്ഡത്തിനു പകരം ചേർത്തത്.

to which, preference or reservation shall be given or made—

(i) in the matter of direct recruitment to posts in any such cadre referred to in sub-clause (b) as may be specified in this behalf in the order;

(ii) in the matter of admission to any such University or other educational institution referred to in sub-clause (b) as may be specified in this behalf in the order,

to or in favour of candidates who have resided or studied for any period specified in the order in the local area in respect of such cadre, University or other educational institution, as the case may be.

(3) The President may, by order, provide for the constitution of an Administrative Tribunal for [1][the State of Andhra Pradesh and for the State of Telengana] to exercise such jurisdiction, powers and authority [including any jurisdiction, power and authority which immediately before the commencement of the Constitution (Thirty-second Amendment) Act, 1973, was exercisable by any court (other than the Supreme Court) or by any tribunal or other authority] as may be specified in the order with respect to the following matters, namely:—

(a) appointment, allotment or promotion to such class or classes of posts in any civil service of the State, or to such class or classes of civil posts under the State, or to such class or classes of posts under the control of any local authority within the State, as may be specified in the order;

(b) seniority of persons appointed, allotted or promoted to such class or classes of posts in any civil service of the State, or to such class or classes of civil posts under the State, or to such class or classes of posts under the control of any local authority within the State, as may be specified in the order;

(c) such other conditions of service of persons appointed, allotted or promoted to such class or classes of posts in any civil service of the State or to such class or classes of civil posts under the State or to such class or classes of posts under the control of any local authority within the State, as may be specified in the order.

(4) An order made under clause (3) may—

(a) authorise the Administrative Tribunal to receive representations for the redress of grievances relating to any matter within its jurisdiction as the President may specify in the order and to make such orders thereon as the Administrative

1. Subs. by the Andhra Pradesh Reorganisation Act, 2014 (6 of 2014), s. 97, for "the State of Andhra Pradesh" .

പ്രത്യേക പ്രദേശമായി പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തെയോ ഭാഗങ്ങളെയോ നിശ്ചയിക്കുകയും;

(ഗ) (i) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കേഡറിലെ തസ്തികകളിലേക്ക് നേരിട്ട് ആളെ ചേർക്കുന്ന കാര്യത്തിലും;

(ii) ഇതിലേക്ക് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും സർവ്വകലാശാലയിലേക്കോ, മറ്റു വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്കോ ഉള്ള പ്രവേശനത്തിന്റെ കാര്യത്തിലും, അങ്ങനെയുള്ള കേഡറോ സർവ്വകലാശാലയോ മറ്റു വിദ്യാഭ്യാസ സ്ഥാപനമോ സംബന്ധിച്ച്, അതതു സംഗതിപോലെ, പ്രത്യേക പ്രദേശത്ത് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാലയളവിലേക്ക് താമസിക്കുകയോ പഠിക്കുകയോ ചെയ്തിട്ടുള്ള അപേക്ഷകർക്ക്,

മുൻഗണന നൽകുകയോ സംവരണം ചെയ്യുകയോ ചെയ്യേണ്ടത് എത്രത്തോളവും ഏത് രീതിയിലും ഏത് ഉപാധികൾക്ക് വിധേയമായുമാണെന്ന് നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(3) രാഷ്ട്രപതിക്ക് ഉത്തരവു വഴി [1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിക്കോ (സുപ്രീംകോടതി അല്ലാത്ത) ഏതെങ്കിലും ട്രിബ്യൂണലിനോ, മറ്റ് അധികാരസ്ഥാനത്തിനോ പ്രയോഗിക്കാമായിരുന്ന അധികാരിതയും അധികാരശക്തിയും അധികാരവും ഉൾപ്പെടെ] താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരിതയും അധികാരശക്തിയും അധികാരവും പ്രയോഗിക്കുന്നതിന് [1][ആന്ധ്രാപ്രദേശ് സംസ്ഥാനത്തിനു വേണ്ടിയും തെലങ്കാന സംസ്ഥാനത്തിനു വേണ്ടിയും] ഒരു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രൂപീകരിക്കുന്നതിന്, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ ഉള്ള നിയമനം ഉൾപ്പെടുത്തൽ, അല്ലെങ്കിൽ ഉദ്യോഗക്കയറ്റം;

(ഖ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ അല്ലെങ്കിൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ അവയിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ സീനിയോറിറ്റി;

(ഗ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഏതെങ്കിലും സിവിൽ സർവ്വീസിലെ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ കീഴിലുള്ള സിവിൽ തസ്തികകളുടെ അങ്ങനെയുള്ള വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള തസ്തികകളുടെ വിഭാഗത്തിലേക്കോ വിഭാഗങ്ങളിലേക്കോ നിയമിക്കുകയോ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്യുന്ന ആളുകളുടെ മറ്റു സേവനവ്യവസ്ഥകൾ.

(4) (3)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിന്—

1. 2014-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ആക്റ്റ് (2014-ലെ 6), 97-ാം വകുപ്പ് പ്രകാരം "ആന്ധ്രാപ്രദേശ് സംസ്ഥാനം" എന്നതിനു പകരം ചേർത്തത്.

Tribunal deems fit;

(b) contain such provisions with respect to the powers and authorities and procedure of the Administrative Tribunal (including provisions with respect to the powers of the Administrative Tribunal to punish for contempt of itself) as the President may deem necessary;

(c) provide for the transfer to the Administrative Tribunal of such classes of proceedings, being proceedings relating to matters within its jurisdiction and pending before any court (other than the Supreme Court) or tribunal or other authority immediately before the commencement of such order, as may be specified in the order;

(d) contain such supplemental, incidental and consequential provisions (including provisions as to fees and as to limitation, evidence or for the application of any law for the time being in force subject to any exceptions or modifications) as the President may deem necessary.

*(5) the order of the Administrative Tribunal finally disposing of any case shall become effective upon its confirmation by the State Government or on the expiry of three months from the date on which the order is made, whichever is earlier:

Provided that the State Government may, by special order made in writing and for reasons to be specified therein, modify or annul any order of the Administrative Tribunal before it becomes effective and in such a case, the order of the Administrative Tribunal shall have effect only in such modified form or be of no effect, as the case may be.

(6) Every special order made by the State Government under the proviso to clause (5) shall be laid, as soon as may be after it is made, before both Houses of the State Legislature.

(7) The High Court for the State shall not have any powers of superintendence over the Administrative Tribunal and no court (other than the Supreme Court) or tribunal shall exercise any jurisdiction, power or authority in respect of any matter subject to the jurisdiction, power or authority of, or in relation to, the Administrative Tribunal.

(8) If the President is satisfied that the continued existence of the Administrative

* In P. Sambamurthy and others Vs. State of A. P. and others 1987 (1) S.C.C. P. 362, the Supreme Court declared cl. (5) of art. 371D along with the proviso to be unconstitutional and void.

(ക) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്, രാഷ്ട്രപതി ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അതിന്റെ അധികാരിതയ്ക്കുള്ളിലെ ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള സങ്കടം പരിഹരിക്കുന്നതിന് നിവേദനങ്ങൾ സ്വീകരിക്കുന്നതിനും, അതിൻമേൽ, യുക്തമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് തോന്നുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും, അധികാരം നൽകുകയും;

(ഖ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധികാരങ്ങളും അധികാരിതയും നടപടിക്രമവും സംബന്ധിച്ച് രാഷ്ട്രപതി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള അങ്ങനെയുള്ള വ്യവസ്ഥകൾ (അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് അതിന്റെ തന്നെ അലക്ഷ്യത്തിന് ശിക്ഷിക്കാനുള്ള അധികാരങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) ഉൾക്കൊള്ളുകയും;

(ഗ) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക്, അതിന്റെ അധികാരിതയ്ക്കുള്ളിലുള്ള വിഷയങ്ങൾ സംബന്ധിച്ചതും, അങ്ങനെയുള്ള ഉത്തരവിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടെയോ (സുപ്രീംകോടതി അല്ലാത്ത) ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ മറ്റധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരിക്കുന്നതുമായ, ഉത്തരവിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നടപടികളുടെ അങ്ങനെയുള്ള വിഭാഗങ്ങൾ മാറ്റുന്നതിന് വ്യവസ്ഥ ചെയ്യുകയും;

(ഘ) രാഷ്ട്രപതി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള, (ഫീസ് സംബന്ധിച്ചതും കാലഹരണമോ തെളിവോ സംബന്ധിച്ചതും, അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം, ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി ബാധകമാക്കുന്നതിനോ ഉള്ളതും ആയ വ്യവസ്ഥകൾ ഉൾപ്പെടെ) അനുപൂരകവും സാന്ദർഭികവും അനന്തരഫലമായുണ്ടാകുന്നതുമായ വ്യവസ്ഥകൾ ഉൾക്കൊള്ളുകയും,

ചെയ്യാവുന്നതാണ്.

*(5) ഏതെങ്കിലും കേസ്സ് അന്തിമമായി തീർച്ച ചെയ്യുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്, സംസ്ഥാന സർക്കാർ, അത് സ്ഥിരീകരിക്കുന്നതിൻമേലോ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മൂന്നുമാസം അവസാനിക്കുന്നതിൻമേലോ ഏതാണോ ആദ്യം, ആ തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ, സംസ്ഥാന സർക്കാരിന് എഴുതി പുറപ്പെടുവിക്കുന്ന പ്രത്യേക ഉത്തരവു വഴി അതിൽ വ്യക്തമാക്കിയിട്ടുള്ള കാരണങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒരു ഉത്തരവ്, അത് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് രൂപഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഒരു സംഗതിയിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന് അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ പ്രാബല്യം ഇല്ലാതിരിക്കുകയോ, അതതുസംഗതിപോലെ, ചെയ്യുന്നതും ആകുന്നു.

(6) (5)-ാം ഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഓരോ പ്രത്യേക ഉത്തരവും, അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ ഇരു സഭകളുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

(7) സംസ്ഥാനത്തിനുള്ള ഹൈക്കോടതിക്ക്, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കാര്യങ്ങളിൽ മേൽനോട്ടത്തിനുള്ള യാതൊരു അധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ലാത്തതും, യാതൊരു കോടതിയും (സുപ്രീംകോടതി അല്ലാത്ത) അല്ലെങ്കിൽ ട്രിബ്യൂണലും, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അധികാരിതയ്ക്കോ അധികാരശക്തിക്കോ അധികാരത്തിനോ വിധേയമായ ഏതെങ്കിലും വിഷയം സംബന്ധിച്ചോ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സംബന്ധിച്ചോ, ഏതെങ്കിലും അധികാരിതയോ അധികാരശക്തിയോ അധികാരമോ പ്രയോഗിക്കാൻ പാടില്ലാത്തതും ആകുന്നു.

*. പി. സാംബമൂർത്തിയും മറ്റുള്ളവരും Vs ആന്ധ്രാപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും 1987 (1) എസ്. സി. സി. പേജ് 362, എന്ന കേസിൽ 371ഘ അനുച്ഛേദത്തിന്റെ (5)-ാം ഖണ്ഡം പരിമിതി വ്യവസ്ഥ ഉൾപ്പെടെ, ഭരണഘടനാവിരുദ്ധവും അസാധുവുമാണെന്ന് സുപീംകോടതി പ്രഖ്യാപിച്ചു.

Tribunal is not necessary, the President may by order abolish the Administrative Tribunal and make such provisions in such order as he may deem fit for the transfer and disposal of cases pending before the Tribunal immediately before such abolition.

(9) Notwithstanding any judgment, decree or order of any court, tribunal or other authority,—

(a) no appointment, posting, promotion or transfer of any person—

(i) made before the 1st day of November, 1956, to any post under the Government of, or any local authority within, the State of Hyderabad as it existed before that date; or

(ii) made before the commencement of the Constitution (Thirty-second Amendment) Act, 1973, to any post under the Government of, or any local or other authority within, the State of Andhra Pradesh; and

(b) no action taken or thing done by or before any person referred to in sub-clause (a),

shall be deemed to be illegal or void or ever to have become illegal or void merely on the ground that the appointment, posting, promotion or transfer of such person was not made in accordance with any law, then in force, providing for any requirement as to residence within the State of Hyderabad or, as the case may be, within any part of the State of Andhra Pradesh, in respect of such appointment, posting, promotion or transfer.

(10) The provisions of this article and of any order made by the President thereunder shall have effect notwithstanding anything in any other provision of this Constitution or in any other law for the time being in force.

371E. Establishment of Central University in Andhra Pradesh.—Parliament may by law provide for the establishment of a University in the State of Andhra Pradesh.]

[1][**371F. Special provisions with respect to the State of Sikkim.—**Notwithstanding anything in this Constitution,—

(a) the Legislative Assembly of the State of Sikkim shall consist of not less than thirty members;

1. Ins. by the Constitution (Thirty-sixth Amendment) Act, 1975, s.3 (w.e.f. 26-4-1975).

(8) അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ തുടർന്നുള്ള നിലനില്പ് ആവശ്യമല്ലെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ, രാഷ്ട്രപതിക്ക്, ഉത്തരവു വഴി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിറുത്തലാക്കുകയും അങ്ങനെ നിറുത്തലാക്കുന്നതിന് തൊട്ടുമുമ്പ് ട്രിബ്യൂണലിന്റെ മുമ്പാകെ നിലവിലിരുന്ന കേസ്സുകൾ മാറ്റുകയും തീർപ്പാക്കുകയും ചെയ്യുന്നതിന്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾ അങ്ങനെയുള്ള ഉത്തരവിൽ ഉൾപ്പെടുത്താവുന്നതും ആകുന്നു.

(9) ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ മറ്റു അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ ഉണ്ടെന്നിരുന്നാലും,—

(ക) ഏതെങ്കിലും ആളുടെ യാതൊരു നിയമനമോ, പോസ്റ്റുചെയ്യലോ, ഉദ്യോഗക്കയറ്റമോ, സ്ഥലംമാറ്റമോ—

(i) 1956 നവംബർ 1-ാം തീയതിക്കുമുമ്പ് ആ തീയതിക്കുമുമ്പ് നിലവിലുണ്ടായിരുന്നതു പോലെയുള്ള ഹൈദരാബാദ് നാട്ടുരാജ്യത്തിന്റെ സർക്കാരിന്റെയോ അല്ലെങ്കിൽ ഹൈദരാബാദ് നാട്ടുരാജ്യത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്തിട്ടുള്ളതും; അല്ലെങ്കിൽ

(ii) 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ആന്ധ്രാപ്രദേശ് സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ആന്ധ്രാപ്രദേശ് സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിന്റെയോ അല്ലെങ്കിൽ മറ്റധികാരസ്ഥാനത്തിന്റെയോ കീഴിലുള്ള ഏതെങ്കിലും തസ്തികയിലേക്ക് ചെയ്തിട്ടുള്ളതും;

(ഖ) (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളോ അയാളുടെ മുമ്പാകെയോ എടുത്ത യാതൊരു നടപടിയും, ചെയ്ത യാതൊരുകാര്യവും,

അങ്ങനെയുള്ള ആളുടെ നിയമനമോ പോസ്റ്റു ചെയ്യലോ ഉദ്യോഗക്കയറ്റമോ, സ്ഥലം മാറ്റമോ, അങ്ങനെയുള്ള നിയമനമോ പോസ്റ്റു ചെയ്യലോ ഉദ്യോഗക്കയറ്റമോ സ്ഥലം മാറ്റമോ സംബന്ധിച്ച്, അതതുസംഗതിപോലെ, ഹൈദരാബാദ് നാട്ടുരാജ്യത്തിനകത്തോ ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തിനുള്ളിലോ ഉള്ള താമസം സംബന്ധിച്ച ഏതെങ്കിലും ആവശ്യകതയ്ക്ക് വ്യവസ്ഥ ചെയ്യുന്ന അപ്പോൾ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് അനുസൃതമായി ചെയ്തതല്ലെന്നുള്ള കാരണത്താൽ മാത്രം നിയമവിരുദ്ധമോ അസാധുവോ ആണെന്നോ എപ്പോഴെങ്കിലും നിയമവിരുദ്ധമോ അസാധുവോ ആയിരുന്നുവെന്നോ കരുതപ്പെടുന്നതല്ല.

(10) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കും അതുപ്രകാരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിലെ വ്യവസ്ഥകൾക്കും ഈ ഭരണഘടനയിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ ആയിരുന്നാലും, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

371ങ. ആന്ധ്രാപ്രദേശിൽ കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കൽ.— ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന് പാർലമെന്റിന് നിയമം വഴി വ്യവസ്ഥ ചെയ്യാവുന്നതാണ്.]

[1][**371ച. സിക്കിം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) സിക്കിം സംസ്ഥാനത്തിന്റെ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതും;

1. 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (26-4-1975 മുതൽ പ്രാബല്യം).

(b) as from the date of commencement of the Constitution (Thirty-sixth Amendment) Act, 1975 (hereafter in this article referred to as the appointed day)—

(i) the Assembly for Sikkim formed as a result of the elections held in Sikkim in April, 1974 with thirty-two members elected in the said elections (hereinafter referred to as the sitting members) shall be deemed to be the Legislative Assembly of the State of Sikkim duly constituted under this Constitution;

(ii) the sitting members shall be deemed to be the members of the Legislative Assembly of the State of Sikkim duly elected under this Constitution; and

(iii) the said Legislative Assembly of the State of Sikkim shall exercise the powers and perform the functions of the Legislative Assembly of a State under this Constitution;

(c) in the case of the Assembly deemed to be the Legislative Assembly of the State of Sikkim under clause *(b)*, the references to the period of [1][five years], in clause (1) of article 172 shall be construed as references to a period of [2][four years] and the said period of [2][four years] shall be deemed to commence from the appointed day;

(d) until other provisions are made by Parliament by law, there shall be allotted to the State of Sikkim one seat in the House of the People and the State of Sikkim shall form one parliamentary constituency to be called the parliamentary constituency for Sikkim;

(e) the representative of the State of Sikkim in the House of the People in existence on the appointed day shall be elected by the members of the Legislative Assembly of the State of Sikkim;

(f) Parliament may, for the purpose of protecting the rights and interests of the different sections of the population of Sikkim make provision for the number of seats in the Legislative Assembly of the State of Sikkim which may be filled by candidates belonging to such sections and for the delimitation of the assembly constituencies from which candidates belonging to such sections alone may stand for election to the Legislative Assembly of the State of Sikkim;

(g) the Governor of Sikkim shall have special responsibility for peace and for an equitable arrangement for ensuring the social and economic advancement of different sections of the population of Sikkim and in the discharge of his special responsibility under this clause, the Governor of Sikkim shall, subject to such directions as the President may, from time to time, deem fit to issue, act in his discretion;

---

1 Subs, by the Constitution (Forty-fourth Amendment) Act, 1978, s.43, for "six years", (w. e. f. 6-9-1979). The words "six years" were subs. for the original words "five years" by the Constitution (Forty-second Amendment) Act, 1976, s. 56 (w. e. f. 3-1-1977).

2 Subs. by the Constitution (Forty-fourth Amendment) Act, 1978, s. 43, for "five years", (w. e. f. 6-9-1979). The words "five years" were subs. for the original words "four years" by the Constitution (Forty-second Amendment) Act, 1976, s. 56 (w. e. f. 3-1-1977).

(ഖ) 1975-ലെ ഭരണഘടന (മുപ്പത്തിയാറാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ (ഇതിനുശേഷം ഈ അനുച്ഛേദത്തിൽ നിശ്ചിത ദിവസം എന്ന് പരാമർശിച്ചിരിക്കുന്നു)—

(i) 1974 ഏപ്രിലിൽ സിക്കിമിൽ നടത്തിയ തെരഞ്ഞെടുപ്പുകളുടെ ഫലമായി മുൻപറഞ്ഞ തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുക്കപ്പെട്ട മുപ്പത്തിരണ്ട് അംഗങ്ങളോടു കൂടി (ഇതിൽ ഇതിനുശേഷം നിലവിലുള്ള അംഗങ്ങൾ എന്നു പരാമർശിക്കുന്നു) രൂപീകരിച്ചിട്ടുള്ള സിക്കിമിനുവേണ്ടിയുള്ള നിയമസഭ, സിക്കിം സംസ്ഥാനത്തിന്റെ ഈ ഭരണഘടനപ്രകാരം യഥാവിധി സംഘടിപ്പിച്ച നിയമസഭയായി കരുതപ്പെടുകയും;

(ii) നിലവിലുള്ള അംഗങ്ങൾ, സിക്കിം സംസ്ഥാന നിയമസഭയുടെ ഈ ഭരണഘടന പ്രകാരം യഥാവിധി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി കരുതപ്പെടുകയും;

(iii) സിക്കിം സംസ്ഥാനത്തിലെ മുൻപറഞ്ഞ നിയമസഭ ഈ ഭരണഘടന പ്രകാരം ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും;

ചെയ്യുന്നതും;

(ഗ) (ഖ) ഖണ്ഡപ്രകാരം സിക്കിം സംസ്ഥാന നിയമസഭയായി കരുതപ്പെടുന്ന നിയമസഭയുടെ സംഗതിയിൽ 172-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ [1][അഞ്ചുവർഷ]ക്കാലത്തെപ്പറ്റിയുള്ള പരാമർശങ്ങൾ, [2][നാലുവർഷ]ക്കാലത്തെപ്പറ്റിയുള്ള പരാമർശങ്ങളായി കരുതേണ്ടതും മുൻപറഞ്ഞ [2][നാലുവർഷ]ക്കാലം നിശ്ചിതദിവസം മുതൽ ആരംഭിക്കുന്നതായി കരുതപ്പെടുന്നതും;

(ഘ) പാർലമെന്റ് നിയമം വഴി മറ്റുവ്യവസ്ഥകൾ ഉണ്ടാക്കുന്നതുവരെ, സിക്കിം സംസ്ഥാനത്തിനു ലോകസഭയിൽ ഒരു സ്ഥാനം തിരിച്ചുവയ്ക്കേണ്ടതും സിക്കിം സംസ്ഥാനം സിക്കിമിനുള്ള പാർലമെന്റ് നിയോജകമണ്ഡലം എന്നു പേരുപറയേണ്ട ഒരൊറ്റ പാർലമെന്റ് നിയോജകമണ്ഡലമാകുന്നതും;

(ങ) നിശ്ചിത ദിവസം നിലവിലുള്ള ലോകസഭയിലെ സിക്കിം സംസ്ഥാനത്തിന്റെ പ്രതിനിധിയെ സിക്കിം സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതും;

(ച) പാർലമെന്റിന് സിക്കിമിലെ ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ അവകാശങ്ങളും, താത്പര്യങ്ങളും സംരക്ഷിക്കുന്ന ആവശ്യത്തിന് അങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെട്ട സ്ഥാനാർത്ഥികളാൽ നികത്തേണ്ട സിക്കിം സംസ്ഥാന നിയമസഭയിലെ സ്ഥാനങ്ങളുടെ എണ്ണത്തിനും അങ്ങനെയുള്ള വിഭാഗങ്ങളിൽപ്പെടുന്ന സ്ഥാനാർത്ഥികൾക്ക് മാത്രം നിൽക്കാവുന്ന നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനും വ്യവസ്ഥ ചെയ്യാവുന്നതും;

(ഛ) സിക്കിമിലെ ഗവർണ്ണർക്ക്, സമാധാനത്തിനും സിക്കിമിലെ ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ഉറപ്പുവരുത്തുന്നതിനുള്ള നീതിപൂർവ്വകമായ ഏർപ്പാടിനും പ്രത്യേക ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും, ഈ ഖണ്ഡപ്രകാരം അദ്ദേഹത്തിന്റെ പ്രത്യേക ഉത്തരവാദിത്വം നിറവേറ്റുന്നതിൽ, സിക്കിമിലെ ഗവർണ്ണർ, രാഷ്ട്രപതിക്ക് അപ്പോഴപ്പോൾ പുറപ്പെടുവിക്കുന്നത് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി, സ്വവിവേകം ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതും;

---

1. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 43-ാം വകുപ്പുപ്രകാരം "ആറുവർഷ" എന്നതിനു പകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 56-ാം വകുപ്പുപ്രകാരം "അഞ്ചുവർഷം" എന്ന ആദ്യമുണ്ടായിരുന്ന വാക്കുകൾക്കുപകരം "ആറുവർഷ" എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).
2. 1978-ലെ ഭരണഘടന (നാൽപ്പത്തിനാലാം ഭേദഗതി) ആക്റ്റ്, 43-ാം വകുപ്പുപ്രകാരം "അഞ്ചുവർഷ" എന്നതിനു പകരം ചേർത്തത് (6-9-1979 മുതൽ പ്രാബല്യം). 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 56-ാം വകുപ്പുപ്രകാരം "നാലുവർഷം" എന്ന ആദ്യമുണ്ടായിരുന്ന വാക്കുകൾക്കുപകരം "അഞ്ചുവർഷ" എന്നീ വാക്കുകൾ ചേർത്തിരുന്നു (3-1-1977 മുതൽ പ്രാബല്യം).

(h) all property and assets (whether within or outside the territories comprised in the State of Sikkim) which immediately before the appointed day were vested in the Government of Sikkim or in any other authority or in any person for the purposes of the Government of Sikkim shall, as from the appointed day, vest in the Government of the State of Sikkim;

(i) the High Court functioning as such immediately before the appointed day in the territories comprised in the State of Sikkim shall, on and from the appointed day, be deemed to be the High Court for the State of Sikkim;

(j) all courts of civil, criminal and revenue jurisdiction, all authorities and all officers, judicial, executive and ministerial, throughout the territory of the State of Sikkim shall continue on and from the appointed day to exercise their respective functions subject to the provisions of this Constitution;

(k) all laws in force immediately before the appointed day in the territories comprised in the State of Sikkim or any part thereof shall continue to be in force therein until amended or repealed by a competent Legislature or other competent authority;

(l) for the purpose of facilitating the application of any such law as is referred to in clause (k) in relation to the administration of the State of Sikkim and for the purpose of bringing the provisions of any such law into accord with the provisions of this Constitution, the President may, within two years from the appointed day, by order, make such adaptations and modifications of the law, whether by way of repeal or amendment, as may be necessary or expedient, and thereupon, every such law shall have effect subject to the adaptations and modifications so made, and any such adaptation or modification shall not be questioned in any court of law;

(m) neither the Supreme Court nor any other court shall have jurisdiction in respect of any dispute or other matter arising out of any treaty, agreement, engagement or other similar instrument relating to Sikkim which was entered into or executed before the appointed day and to which the Government of India or any of its predecessor Governments was a party, but nothing in this clause shall be construed to derogate from the provisions of article 143;

(n) the President may, by public notification, extend with such restrictions or modifications as he thinks fit to the State of Sikkim any enactment which is in force in a State in India at the date of the notification;

(o) if any difficulty arises in giving effect to any of the foregoing provisions of this article, the President may, by order*, do anything (including

* See the Constitution (Removal of Difficulties) Order No. XI (C. O. 99)

(ജ) നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് സിക്കിം സർക്കാരിലോ സിക്കിം സർക്കാരിന്റെ ആവശ്യങ്ങളിലേക്കായി മറ്റേതെങ്കിലും അധികാരസ്ഥാനത്തിലോ ഏതെങ്കിലും ആളിലോ നിക്ഷിപ്തമായിരുന്ന, (സിക്കിം സംസ്ഥാനത്തിൽ ഉൾപ്പെട്ട ഭൂപ്രദേശങ്ങളുടെ അകത്തോ പുറത്തോ ഉള്ള) എല്ലാ വസ്തുവും ആസ്തികളും നിശ്ചിത ദിവസം മുതൽ സിക്കിം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാകുന്നതും;

(ഝ) സിക്കിം സംസ്ഥാനത്തിൽപ്പെട്ട ഭൂപ്രദേശങ്ങളിൽ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ്, ഹൈക്കോടതി എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഹൈക്കോടതി നിശ്ചിത ദിവസത്തിലും അതുമുതൽക്കും സിക്കിം സംസ്ഥാനത്തിനുള്ള ഹൈക്കോടതിയായി കരുതപ്പെടുന്നതും;

(ഞ) നിശ്ചിത ദിവസത്തിലും അതുമുതൽക്കും സിക്കിം സംസ്ഥാനത്തിന്റെ ഭൂപ്രദേശത്ത് എവിടെയുമുള്ള സിവിലും ക്രിമിനലും റവന്യൂവും ആയ അധികാരിതയുള്ള എല്ലാ കോടതികളും ജുഡിഷ്യലും എക്സിക്യൂട്ടീവും മിനിസ്റ്റീരിയലും ആയ എല്ലാ അധികാരസ്ഥാനങ്ങളും എല്ലാ ഉദ്യോഗസ്ഥൻമാരും ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി, അവർ അവരവരുടെ ചുമതലകൾ തുടർന്നും നിർവ്വഹിക്കേണ്ടതും;

(ട) സിക്കിം സംസ്ഥാനത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിലോ അവയുടെ ഏതെങ്കിലും ഭാഗത്തോ നിശ്ചിത ദിവസത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യുന്നതുവരെ, അവിടെ പ്രാബല്യത്തിൽ തുടരുന്നതും;

(ഠ) (ട) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള ഏതെങ്കിലും നിയമം സിക്കിം സംസ്ഥാനത്തിന്റെ ഭരണം സംബന്ധിച്ച് ബാധകമാക്കുന്നത് സൗകര്യപ്പെടുത്തുന്നതിനും അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ ഈ ഭരണഘടനയിലെ വ്യവസ്ഥകളോടു പൊരുത്തപ്പെടുന്നതിനും വേണ്ടി രാഷ്ട്രപതിക്ക്, നിശ്ചിത ദിവസം മുതൽ രണ്ടു വർഷത്തിനകം, ഉത്തരവു വഴി, റദ്ദാക്കലോ ഭേദഗതിയോ വഴി ആ നിയമത്തിന് ആവശ്യമോ യുക്തമോ ആയ അനുയോജനങ്ങളും രൂപഭേദങ്ങളും വരുത്താവുന്നതും, അതോടെ, അങ്ങനെയുള്ള ഏതൊരു നിയമത്തിനും, അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രാബല്യം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ യാതൊരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും;

(ഡ) സുപ്രീംകോടതിക്കോ മറ്റേതെങ്കിലും കോടതിക്കോ സിക്കിമിനെ സംബന്ധിക്കുന്നതും നിശ്ചിത ദിവസത്തിനുമുമ്പ് ഉണ്ടാക്കുകയോ ഒപ്പിട്ട് പൂർത്തീകരിക്കുകയോ ചെയ്തിട്ടുള്ളതും ഭാരത സർക്കാരോ അതിന്റെ ഏതെങ്കിലും മുൻഗാമി സർക്കാരോ കക്ഷിയായിരുന്നതും ആയ ഏതെങ്കിലും സന്ധിയിലോ കരാറിലോ ഉടമ്പടിയിലോ അതുപോലുള്ള മറ്റ് പ്രമാണങ്ങളിലോ നിന്നുത്ഭവിക്കുന്ന ഏതെങ്കിലും തർക്കമോ മറ്റ് വിഷയമോ സംബന്ധിച്ച് അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ ഈ ഖണ്ഡത്തിലെ യാതൊന്നും 143-ാം അനുച്ഛേദത്തിലെ വ്യവസ്ഥകളിൽ നൽകിയിട്ടുള്ള അധികാരത്തിന് ഭംഗം വരുത്തുന്നതായി കരുതാൻ പാടില്ലാത്തതും;

(ഢ) രാഷ്ട്രപതിക്ക്, പൊതുവിജ്ഞാപനം വഴി, വിജ്ഞാപനത്തീയതിയിൽ ഭാരതത്തിലെ ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതു നിയമവും, യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള പരിമിതികളോടും രൂപഭേദങ്ങളോടുംകൂടി, സിക്കിം സംസ്ഥാനത്തേക്ക് വ്യാപിപ്പിക്കാവുന്നതും;

(ണ) ഈ അനുച്ഛേദത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ ഏതിനെങ്കിലും പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാകുന്നുവെങ്കിൽ, രാഷ്ട്രപതിക്ക് *ഉത്തരവു വഴി

*. ഭരണഘടന (വിഷമതകൾ നീക്കംചെയ്യൽ) ഉത്തരവ് XI (സി. ഒ. 99) കാണുക.

any adaptation or modification of any other article) which appears to him to be necessary for the purpose of removing that difficulty:

Provided that no such order shall be made after the expiry of two years from the appointed day;

(p) all things done and all actions taken in or in relation to the State of Sikkim or the territories comprised therein during the period commencing on the appointed day and ending immediately before the date on which the Constitution (Thirty-sixth Amendment) Act, 1975, receives the assent of the President shall, in so far as they are in conformity with the provisions of this Constitution as amended by the Constitution (Thirty-sixth Amendment) Act, 1975, be deemed for all purposes to have been validly done or taken under this Constitution as so amended.]

[1][**371G. Special provision with respect to the State of Mizoram.—** Notwithstanding anything in this Constitution,-—

(a) no Act of Parliament in respect of—

(i) religious or social practices of the Mizos,

(ii) Mizo customary law and procedure,

(iii) administration of civil and criminal justice involving decisions according to Mizo customary law,

(iv) ownership and transfer of land,

shall apply to the State of Mizoram unless the Legislative Assembly of the State of Mizoram by a resolution so decides:

Provided that nothing in this clause shall apply to any Central Act in force in the Union territory of Mizoram immediately before the commencement of the Constitution (Fifty-third Amendment) Act, 1986;

(b) the Legislative Assembly of the State of Mizoram shall consist of not less than forty members.]

[2][**371H. Special provision with respect to the State of Arunachal Pradesh.**—Notwithstanding anything in this Constitution,—

(a) the Governor of Arunachal Pradesh shall have special responsibility with respect to law and order in the State of Arunachal Pradesh and in the discharge of his functions in relation thereto, the Governor shall, after consulting the Council of Ministers, exercise his individual judgment as to the action to be taken:

---

1. Ins. by the Constitution (Fifty-third Amendment) Act. 1986, s.2 (w. e. f. 20-2-1987).
2. Ins. by the Constitution (Fifty-fifth Amendment) Act, 1986, s.2 (w. e. f. 20-2-1987).

ആ വിഷമത നീക്കംചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന (മറ്റേതെങ്കിലും അനുച്ഛേദത്തിന്റെ ഏതെങ്കിലും അനുയോജനമോ രൂപഭേദപ്പെടുത്തലോ ഉൾപ്പടെ) എന്തും ചെയ്യാവുന്നതും:

എന്നാൽ, നിശ്ചിത ദിവസം മുതൽ രണ്ടുവർഷം അവസാനിച്ചതിനുശേഷം അങ്ങനെയുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതും;

(ത) നിശ്ചിത ദിവസം ആരംഭിക്കുന്നതും 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന തീയതിക്കു തൊട്ടുമുമ്പ് അവസാനിക്കുന്നതും ആയ കാലത്ത്, സിക്കിം സംസ്ഥാനത്തിലോ അതിൽ ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിലോ, അവ സംബന്ധിച്ചോ, ചെയ്യുന്ന എല്ലാ കാര്യങ്ങളും, എടുക്കുന്ന എല്ലാ നടപടികളും, അവ 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ് വഴി ഭേദഗതി ചെയ്ത ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുരൂപമായിരിക്കുന്നിടത്തോളം, എല്ലാ ആവശ്യങ്ങൾക്കും, അപ്രകാരം ഭേദഗതി ചെയ്ത ഈ ഭരണഘടന പ്രകാരം സാധുവായി ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും, ആകുന്നു.]

[1][**371ഛ. മിസ്സോറാം സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും.—

(ക) (i) മിസ്സോകളുടെ മതപരമോ സാമൂഹികമോ ആയ അനുഷ്ഠാനങ്ങൾ;

(ii) മിസ്സോ ആചാരാധിഷ്ഠിത നിയമവും നടപടിക്രമവും;

(iii) മിസ്സോ ആചാരാധിഷ്ഠിത നിയമം അനുസരിച്ചുള്ള തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന സിവിലും ക്രിമിനലുമായ നീതിന്യായ ഭരണം;

(iv) ഭൂമിയുടെ ഉടമസ്ഥതയും കൈമാറ്റവും,

ഇവ സംബന്ധിച്ച പാർലമെന്റിന്റെ യാതൊരു ആക്റ്റും മിസ്സോറാമിലെ നിയമസഭ ഒരു പ്രമേയം വഴി ആ സംസ്ഥാനത്തിന് ബാധകമാകുമെന്ന് തീരുമാനിക്കാത്തപക്ഷം, മിസ്സോറാം സംസ്ഥാനത്തിന് ബാധകമാകുന്നതല്ല:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും 1986-ലെ ഭരണഘടന (അൻപത്തിമൂന്നാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് മിസ്സോറാം യൂണിയൻ പ്രദേശത്ത് പ്രാബല്യത്തിൽ ഇരുന്നിരുന്ന ഏതെങ്കിലും കേന്ദ്ര ആക്റ്റിനെ ബാധിക്കുന്നതല്ല.

(ഖ) മിസ്സോറാം സംസ്ഥാനത്തിന്റെ നിയമസഭ നാൽപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.]

[2][**371ജ. അരുണാചൽപ്രദേശ് സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും.—

(ക) അരുണാചൽപ്രദേശത്തെ ഗവർണ്ണർക്ക് അരുണാചൽപ്രദേശ് സംസ്ഥാനത്തിലെ നിയമസമാധാനം സംബന്ധിച്ച് പ്രത്യേകമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും അത് സംബന്ധിച്ചുള്ള ചുമതലകൾ നിർവ്വഹിക്കാൻ എടുക്കേണ്ട നടപടിയെപ്പറ്റി ഗവർണ്ണർ മന്ത്രിസഭയുമായി ആലോചിച്ചതിനുശേഷം തന്റെ വ്യക്തിപരമായ വിവേചനം പ്രയോഗിക്കേണ്ടതും ആകുന്നു:

1. 1986-ലെ ഭരണഘടന (അൻപത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
2. 1986-ലെ ഭരണഘടന (അൻപത്തിഅഞ്ചാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

Provided that if any question arises whether any matter is or is not a matter as respects which the Governor is under this clause required to act in the exercise of his individual judgment, the decision of the Governor in his discretion shall be final, and the validity of anything done by the Governor shall not be called in question on the ground that he ought or ought not to have acted in the exercise of his individual judgment:

Provided further that if the President on receipt of a report from the Governor or otherwise is satisfied that it is no longer necessary for the Governor to have special responsibility with respect to law and order in the State of Arunachal Pradesh, he may by order direct that the Governor shall cease to have such responsibility with effect from such date as may be specified in the order;

(b) the Legislative Assembly of the State of Arunachal Pradesh shall consist of not less than thirty members.]

[1][**371-I. Special provision with respect to the State of Goa.—** Notwithstanding anything in this Constitution, the Legislative Assembly of the State of Goa shall consist of not less than thirty members.]

[2][**371-J. Special provisions with respect to the State of Karnataka.—**(1) The President may, by order made with respect to the State of Karnataka, provide for any special responsibility of the Governor for—

(a) establishment of a separate development board for Hyderabad-Karnataka region with the provision that a report on the working of the board will be placed each year before the State Legislative Assembly;

(b) equitable allocation of funds for developmental expenditure over the said region, subject to the requirements of the State as a whole; and

(c) equitable opportunities and facilities for the people belonging to the said region, in matters of public employment, education and vocational training, subject to the requirements of the State as a whole.

1. Ins. by the Constitution (Fifty-sixth Amendment) Act, 1987, s. 2 (w. e. f. 30-5-1987),
2. Ins. by the Constitution (Ninety-eighth Amendment) Act, 2012, s. 2.

എന്നാൽ ഏതെങ്കിലും സംഗതി ഈ ഖണ്ഡപ്രകാരം ഗവർണ്ണർ തന്റെ വ്യക്തിപരമായ തീരുമാനം പ്രയോഗിച്ച് നടത്തേണ്ട സംഗതിയാണോ അല്ലയോ എന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം ഗവർണ്ണറുടെ വിവേകം അനുസരിച്ചുള്ള തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണ്ണർ ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുത, അത് ഗവർണ്ണർ അദ്ദേഹത്തിന്റെ വ്യക്തിപരമായ തീരുമാനം പ്രയോഗിച്ച് ചെയ്യേണ്ടത് ആയിരുന്നുവെന്നോ അല്ലായിരുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, ഗവർണ്ണറുടെ ഒരു റിപ്പോർട്ട് ലഭിക്കുന്നതിൻമേലോ മറ്റുവിധത്തിലോ അരുണാചൽപ്രദേശ് സംസ്ഥാനത്തിലെ നിയമസമാധാനം സംബന്ധിച്ച് ഗവർണ്ണർക്ക് പ്രത്യേക ഉത്തരവാദിത്വം മേലിൽ ഉണ്ടായിരിക്കേണ്ട ആവശ്യമില്ലെന്ന് രാഷ്ട്രപതിക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് ഉത്തരവ് വഴി, ആ ഉത്തരവിൽ പറയാവുന്ന തീയതി മുതൽ ഗവർണ്ണർക്ക് അങ്ങനെയുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്;

(ഖ) അരുണാചൽപ്രദേശ് സംസ്ഥാനത്തെ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.]

[1][**371ഝ. ഗോവ സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.**—ഈ ഭരണഘടനയിൽ എന്തുതന്നെയായിരുന്നാലും, ഗോവ സംസ്ഥാനത്തെ നിയമസഭ മുപ്പതിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്.]

[2][**371ഞ. കർണ്ണാടക സംസ്ഥാനം സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.**—(1) രാഷ്ട്രപതിക്ക്, കർണ്ണാടക സംസ്ഥാനം സംബന്ധിച്ച് ഉണ്ടാക്കാവുന്ന ഉത്തരവ് വഴി—

(ക) ഹൈദരാബാദ്-കർണ്ണാടക മേഖലയ്ക്കുവേണ്ടി ഒരു പ്രത്യേക വികസന ബോർഡ്, ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന നിയമനിർമ്മാണസഭയുടെ മുമ്പാകെ വയ്ക്കണമെന്ന വ്യവസ്ഥയോടുകൂടി, സ്ഥാപിക്കുന്നതിനും;

(ഖ) സംസ്ഥാനത്തിന്റെ മുഴുവനുമായ ആവശ്യങ്ങൾക്ക് അനുസൃതമായി വികസന ചെലവിനുള്ള നിധി പ്രസ്തുത മേഖലയ്ക്കായി നീതിപൂർവ്വകമായി വിഭജിച്ച് നൽകുന്നതിനും; കൂടാതെ

(ഗ) സംസ്ഥാനത്തിന്റെ മുഴുവനുമായുള്ള ആവശ്യങ്ങൾക്ക് അനുസൃതമായി പ്രസ്തുത മേഖലയിൽപ്പെടുന്ന ജനങ്ങൾക്കുവേണ്ടി പൊതുജീവനം, വിദ്യാഭ്യാസം, തൊഴിൽപരമായ പരിശീലനം എന്നീ കാര്യങ്ങളിൽ നീതിപൂർവ്വകമായ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിനും,

ഉള്ള ഏതെങ്കിലും പ്രത്യേകമായ ഉത്തരവാദിത്വം ഗവർണ്ണർക്ക് നൽകാവുന്നതാണ്.

---

1. 1987-ലെ ഭരണഘടന (അമ്പത്തിയാറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
2. 2012-ലെ ഭരണഘടന (തൊണ്ണൂറ്റിയെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.

(2) An order made under sub-clause (c) of clause (1) may provide for—

(a) reservation of a proportion of seats in educational and vocational training institutions in the Hyderabad-Karnataka region for students who belong to that region by birth or by domicile; and

(b) identification of posts or classes of posts under the State Government and in any body or organisation under the control of the State Government in the Hyderabad-Karnataka region and reservation of a proportion of such posts for persons who belong to that region by birth or by domicile and for appointment thereto by direct recruitment or by promotion or in any other manner as may be specified in the order.]

372. Continuance in force of existing laws and their adaptation.—(1) Notwithstanding the repeal by this Constitution of the enactments referred to in article 395 but subject to the other provisions of this Constitution, all the laws in force in the territory of India immediately before the commencement of this Constitution shall continue in force therein until altered or repealed or amended by a competent Legislature or other competent authority.

(2) For the purpose of bringing the provisions of any law in force in the territory of India into accord with the provisions of this Constitution, the President may by order *make such adaptations and modifications of such law, whether by way of repeal or amendment, as may be necessary or expedient, and provide that the law shall, as from such date as may be specified in the order, have effect subject to the adaptations and modifications so made, and any such adaptation or modification shall not be questioned in any court of law.

(3) Nothing in clause (2) shall be deemed—

* See the Adaptation of Laws Order, 1950, dated the 26th January, 1950, Gazette of India. Extraordinary, P.449, as amended by Notification No. S.R.O. 115, dated the 5th June, 1950 Gazette of India, Extraordinary Part ll, section 3, P.51, Notification No. S.R.O. 870. dated the 4th November, 1950, Gazette of India, Extraordinary, Part II section 3, P.903, Notification No. S.R.O. 508, dated the 4th April, 1951, Gazette of India,Extraordinary,Part ll, Section 3, P. 287. Notification No. S.R.O. 1140 B, dated the 2nd July, 1952, Gazette of India, Extraordinary Part II, Section 3, P. 616/1, and the Adaptation of the Travancore-Cochin Land Acquisition Laws Order, 1952, dated the 20th November, 1952, Gazette of India, Extraordinary, Part II Section 3, P.923.

(2) (1)-ാം ഖണ്ഡം (ഗ) ഉപഖണ്ഡപ്രകാരമുള്ള ഒരു ഉത്തരവിൽ—

(ക) ഹൈദരാബാദ്-കർണ്ണാടക മേഖലയിലെ വിദ്യാഭ്യാസ-തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ, ജനനം കൊണ്ടോ സ്ഥിരവാസം കൊണ്ടോ ആ മേഖലയിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി സീറ്റുകളുടെ ആനുപാതികമായ സംവരണവും; കൂടാതെ

(ഖ) ഹൈദരാബാദ്-കർണ്ണാടക മേഖലയിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ളതും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഏതെങ്കിലും നികായത്തിലെയോ സംഘടനയിലെയോ തസ്തികകളെയോ തസ്തികകളുടെ വിഭാഗങ്ങളെയോ കണ്ടെത്തുന്നതിനും, ജനനം കൊണ്ടോ സ്ഥിരവാസം കൊണ്ടോ ആ മേഖലയിൽപ്പെടുന്ന ആളുകൾക്കായി അങ്ങനെയുള്ള തസ്തികകളുടെ ആനുപാതികമായ സംവരണത്തിനും അതിലേക്ക് നേരിട്ടുള്ള നിയമനം വഴിയോ ഉദ്യോഗക്കയറ്റം വഴിയോ ഉത്തരവിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന മറ്റ് ഏതെങ്കിലും രീതിയിലോ നിയമിക്കുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.]

372. നിലവിലുള്ള നിയമങ്ങൾ പ്രാബല്യത്തിൽ തുടരുന്നതും അവയുടെ അനുയോജനവും.— (1) 395-ാം അനുച്ഛേദത്തിൽ പരാമർശിച്ചിട്ടുള്ള നിയമങ്ങൾ ഈ ഭരണഘടനവഴി റദ്ദാക്കിയിട്ടുണ്ട് എന്നിരുന്നാലും, ഈ ഭരണഘടനയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ അതിനുള്ളിൽ പ്രാബല്യത്തിൽ തുടരുന്നതാകുന്നു.

(2) ഭാരതത്തിന്റെ ഭൂപ്രദേശത്ത് പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ഈ ഭരണഘടനയിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടുന്നതിന് രാഷ്ട്രപതിക്ക് ഉത്തരവു*വഴി റദ്ദാക്കലോ ഭേദഗതിയോ വഴി അങ്ങനെയുള്ള നിയമത്തിന് ആവശ്യകമോ യുക്തമോ ആയ അങ്ങനെയുള്ള അനുയോജനങ്ങളും രൂപഭേദങ്ങളും ഉണ്ടാക്കാവുന്നതും ആ നിയമത്തിന് ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി പ്രഭാവമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

(3) (2)-ാം ഖണ്ഡത്തിലെ യാതൊന്നും—

---

* 1950 ജൂൺ 5-ാം തീയതിയിലെ ഭാരത ഗസറ്റ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 51-ാം പേജിലെ എസ്. ആർ. ഒ. 115-ാം നമ്പർ വിജ്ഞാപനവും 1950 നവംബർ 4-ാം തീയതിയിലെ ഭാരത സർക്കാർ ഗസറ്റ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 903-ാം പേജിലെ എസ്. ആർ. ഒ. 870-ാം നമ്പർ വിജ്ഞാപനവും, 1951 ഏപ്രിൽ 4-ാം തീയതിയിലെ ഭാരത ഗസറ്റ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 287-ാം പേജിലെ എസ്. ആർ. ഒ. 508-ാം നമ്പർ വിജ്ഞാപനവും, 1952 ജൂലൈ 2-ാം തീയതിയിലെ ഭാരത ഗസറ്റ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 616/1-ാം പേജിലെ എസ്. ആർ. ഒ. 1140 ബി. നമ്പർ വിജ്ഞാപനവും, 1952 നവംബർ 20-ാം തീയതിയിലെ ഭാരത ഗസറ്റ് അസാധാരണം II-ാം ഭാഗം 3-ാം വകുപ്പ് 923-ാം പേജിലെ, 1952-ലെ തിരുവിതാംകൂർ-കൊച്ചി വസ്തു ആർജന നിയമങ്ങളുടെ അനുവർത്തന ഉത്തരവുംവഴി ഭേദഗതി ചെയ്ത 1950 ജനുവരി 26-ാം തീയതിയിലെ ഭാരത ഗസറ്റ്, അസാധാരണം, 449-ാം പേജിലെ 1950-ലെ അനുവർത്തന നിയമങ്ങൾ ഉത്തരവ് കാണുക.

(a) to empower the President to make any adaptation or modification of any law after the expiration of [1][three years] from the commencement of this Constitution; or

(b) to prevent any competent Legislature or other competent authority from repealing or amending any law adapted or modified by the President under the said clause.

Explanation I—The expression "law in force" in this article shall include a law passed or made by a Legislature or other competent authority in the territory of India before the commencement of this Constitution and not previously repealed, notwithstanding that it or parts of it may not be then in operation either at all or in particular areas.

Explanation II—Any law passed or made by a Legislature or other competent authority in the territory of India which immediately before the commencement of this Constitution had extra-territorial effect as well as effect in the territory of India shall, subject to any such adaptations and modifications as aforesaid, continue to have such extra- territorial effect.

Explanation III—Nothing in this article shall be construed as continuing any temporary law in force beyond the date fixed for its expiration or the date on which it would have expired if this Constitution had not come into force.

Explanation IV—An Ordinance promulgated by the Governor of a Province under section 88 of the Government of India Act, 1935, and in force immediately before the commencement of this Constitution shall, unless withdrawn by the Governor of the corresponding State earlier, cease to operate at the expiration of six weeks from the first meeting after such commencement of the Legislative Assembly of that State functioning under clause (1) of article 382, and nothing in this article shall be construed as continuing any such Ordinance in force beyond the said period.

[2][**372 A. Power of the President to adapt laws.—**](1) For the purposes of bringing the provisions of any law in force in India or in any part thereof, immediately before the commencement of the Constitution (Seventh Amendment) Act, 1956, into accord with the provisions of this Constitution as amended by that Act, the President may by order* made before the first day of November, 1957, make such adaptations and modifications of the law, whether by way of repeal or amendment, as may be necessary or expedient, and provide that the law shall, as from such date as may be specified in the order, have effect subject to the adaptations and modifications so made, and any such adaptation or modification shall not be questioned in any court of law.

1. Subs. by the Constitution (First Amendment) Act, 1951, s. 12 for ''two years''.
2. Ins. by the Constitution (Seventh Amendment) Act, 1956, s. 23.

* See the Adaption of Laws Order of 1956 and 1957.

(ക) ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ [1][മൂന്നുവർഷം] കഴിഞ്ഞതിനുശേഷം ഏതെങ്കിലും നിയമത്തിന്റെ ഏതെങ്കിലും അനുയോജനമോ രൂപഭേദമോ ഉണ്ടാക്കുവാൻ രാഷ്ട്രപതിയെ അധികാരപ്പെടുത്തുന്നതായോ; അല്ലെങ്കിൽ

(ഖ) മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം രാഷ്ട്രപതി അനുയോജനം ചെയ്തതോ രൂപഭേദം വരുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമം റദ്ദാക്കുന്നതിൽ നിന്നോ ഭേദഗതി ചെയ്യുന്നതിൽ നിന്നോ ക്ഷമതയുള്ള ഏതെങ്കിലും നിയമനിർമ്മാണമണ്ഡലത്തെയോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനത്തെയോ തടയുന്നതായോ,

കരുതപ്പെടുന്നതല്ല.

വിശദീകരണം I—ഈ അനുച്ഛേദത്തിൽ "പ്രാബല്യത്തിലിരിക്കുന്ന നിയമം" എന്ന പ്രയോഗത്തിൽ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും മുമ്പ് റദ്ദാക്കിയിട്ടില്ലാത്തതും ആയ ഒരു നിയമം, അതോ അതിന്റെ ഭാഗങ്ങളോ ഒട്ടുംതന്നെയോ അല്ലെങ്കിൽ പ്രത്യേക പ്രദേശങ്ങളിലോ, അപ്പോൾ പ്രവർത്തനത്തിൽ അല്ല എന്നിരുന്നാലും, ഉൾപ്പെടുന്നതാണ്.

വിശദീകരണം II—ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ ആയതും ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തും കൂടാതെ ആ പ്രദേശത്തിനപ്പുറത്തും പ്രഭാവം ഉണ്ടായിരുന്നതും ആയ ഏതെങ്കിലും നിയമത്തിനും, മുൻപറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഏതെങ്കിലും അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, ഭാരതത്തിന്റെ ഭൂപ്രദേശത്തിനപ്പുറത്ത് തുടർന്നും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം III—ഈ അനുച്ഛേദത്തിലെ യാതൊന്നും, ഏതെങ്കിലും താൽക്കാലിക നിയമത്തെ, അതിന്റെ കാലാവധി അവസാനിക്കുന്നതിന് നിജപ്പെടുത്തിയിട്ടുള്ള തീയതിക്കോ ഈ ഭരണഘടന പ്രാബല്യത്തിൽ വന്നിരുന്നില്ലെങ്കിൽ കാലാവധി അവസാനിക്കുമായിരുന്ന തീയതിക്കോ അപ്പുറം പ്രാബല്യത്തിൽ തുടരുന്നതായി, കരുതാവുന്നതല്ല.

വിശദീകരണം IV—ഒരു പ്രവിശ്യയുടെ ഗവർണ്ണർ 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റ്, 88-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രവർത്തനത്തിലിരുന്നതും ആയ ഒരു ഓർഡിനൻസ്, തൽസ്ഥാനീയ സംസ്ഥാനത്തെ ഗവർണ്ണർ അതിനു മുമ്പ് പിൻവലിച്ചിട്ടില്ലാത്തപക്ഷം, ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം 382-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം പ്രവർത്തിക്കുന്ന, ആ സംസ്ഥാനത്തെ നിയമസഭയുടെ ഒന്നാമത്തെ യോഗം ചേർന്ന് ആറ് ആഴ്ച കഴിയുമ്പോൾ പ്രവർത്തനരഹിതമായിത്തീരുന്നതും ഈ അനുച്ഛേദത്തിലെ യാതൊന്നും മേൽപ്പറഞ്ഞ കാലാവധിക്കപ്പുറം അങ്ങനെയുള്ള ഏതെങ്കിലും ഓർഡിനൻസ് പ്രാബല്യത്തിൽ തുടരുന്നതായി കരുതുവാൻ പാടില്ലാത്തതും ആകുന്നു.

[2][**372ക. നിയമങ്ങൾ അനുയോജനം ചെയ്യുന്നതിന് രാഷ്ട്രപതിക്കുള്ള അധികാരം.**— (1)1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ പ്രാബല്യത്തിലിരുന്ന, ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ ആ ആക്റ്റു വഴി, ഭേദഗതി ചെയ്ത ഈ ഭരണഘടനയിലെ വ്യവസ്ഥകളോട് പൊരുത്തപ്പെടുന്നതിന് രാഷ്ട്രപതിക്ക്, 1957 നവംബർ ഒന്നാം തീയതിക്കുമുമ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിനാൽ* റദ്ദാക്കലോ ഭേദഗതിയോ വഴി നിയമത്തിന് ആവശ്യവും യുക്തവും ആയ അങ്ങനെയുള്ള അനുയോജനങ്ങളും രൂപഭേദങ്ങളും ഉണ്ടാക്കാവുന്നതും, ആ നിയമത്തിന് ആ ഉത്തരവിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ, അപ്രകാരം ഉണ്ടാക്കിയ അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അനുയോജനമോ രൂപഭേദമോ, യാതൊരു നിയമക്കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു.

---

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം "രണ്ടുവർഷം" എന്നതിന് പകരം ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 23-ാം വകുപ്പുപ്രകാരം ചേർത്തത്.

* 1956-ലെയും 1957-ലെയും അനുവർത്തന നിയമങ്ങളുടെ ഉത്തരവ് കാണുക.

(2) Nothing in clause (1) shall be deemed to prevent a competent Legislature or other competent authority from repealing or amending any law adapted or modified by the President under the said clause.]

373. Power of President to make order in respect of persons under preventive detention in certain cases.—Until provision is made by Parliament under clause (7) of article 22, or until the expiration of one year from the commencement of this Constitution, whichever is earlier, the said article shall have effect as if for any reference to Parliament in clauses (4) and (7) thereof there were substituted a reference to the President and for any reference to any law made by Parliament in those clauses there were substituted a reference to an order made by the President.

374. Provisions as to Judges of the Federal Court and proceedings pending in the Federal Court or before His Majesty in Council.—(1) The Judges of the Federal Court holding office immediately before the commencement of this Constitution shall, unless they have elected otherwise, become on such commencement the Judges of the Supreme Court and shall thereupon be entitled to such salaries and allowances and to such rights in respect of leave of absence and pension as are provided for under article 125 in respect of the Judges of the Supreme Court.

(2) All suits, appeals and proceedings, civil or criminal, pending in the Federal Court at the commencement of this Constitution shall stand removed to the Supreme Court, and the Supreme Court shall have jurisdiction to hear and determine the same, and the judgments and orders of the Federal Court delivered or made before the commencement of this Constitution shall have the same force and effect as if they had been delivered or made by the Supreme Court.

(3) Nothing in this Constitution shall operate to invalidate the exercise of jurisdiction by His Majesty in Council to dispose of appeals and petitions from, or in respect of, any judgment, decree or order of any court within the territory of India in so far as the exercise of such jurisdiction is authorised by law, and any order of His Majesty in Council made on any such appeal or petition after the commencement of this Constitution shall for all purposes have effect as if it were an order or decree made by the Supreme Court in the exercise of the jurisdiction conferred on such Court by this Constitution.

(4) On and from the commencement of this Constitution the jurisdiction of the authority functioning as the Privy Council in a State specified in Part B of the First Schedule to entertain and dispose of appeals and petitions from or in respect of any judgment, decree or order of any court within that State shall cease, and all appeals and other proceedings pending before the said authority at such commencement shall be transferred to, and disposed of by, the Supreme Court.

(2) (1)-ാം ഖണ്ഡത്തിലുള്ള യാതൊന്നും മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം രാഷ്ട്രപതി അനുയോജനം ചെയ്തതോ രൂപഭേദം വരുത്തിയതോ ആയ ഏതെങ്കിലും നിയമം റദ്ദാക്കുന്നതിൽ നിന്നോ ഭേദഗതി ചെയ്യുന്നതിൽ നിന്നോ ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലത്തെയോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനത്തെയോ തടയുന്നതായി കരുതുവാൻ പാടുള്ളതല്ല.]

373. ചില സംഗതികളിൽ നിവാരണത്തടങ്കലിലുള്ള ആളുകളെ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം.—22-ാം അനുച്ഛേദം (7)-ാം ഖണ്ഡപ്രകാരം പാർലമെന്റ് വ്യവസ്ഥ ചെയ്യുകയോ അല്ലെങ്കിൽ ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ ഒരു വർഷം കഴിയുകയോ, ഇവയിൽ ഏത് ആദ്യം സംഭവിക്കുന്നുവോ അതുവരെ, മേൽപ്പറഞ്ഞ അനുച്ഛേദത്തിന്, അതിന്റെ (4)-ഉം (7)-ഉം ഖണ്ഡങ്ങളിൽ പാർലമെന്റിനെപ്പറ്റിയുള്ള ഏതെങ്കിലും പരാമർശങ്ങൾക്കുപകരം രാഷ്ട്രപതിയെപ്പറ്റിയുള്ള പരാമർശം ചേർത്തിരുന്നാൽ എന്നപോലെയും ആ ഖണ്ഡങ്ങളിൽ പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തെപ്പറ്റിയുള്ള പരാമർശത്തിന് പകരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിനെപ്പറ്റിയുള്ള പരാമർശം ചേർത്തിരുന്നാൽ എന്നപോലെയും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

374. ഫെഡറൽ കോടതിയിലെ ജഡ്ജിമാരെയും ഫെഡറൽ കോടതിയിലോ ഹിസ് മജസ്റ്റി-ഇൻ-കൗൺസിൽ മുമ്പാകെയോ നിലവിലിരിക്കുന്ന നടപടികളെയും സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ഭരണഘടയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന ഫെഡറൽ കോടതിയിലെ ജഡ്ജിമാർ, അവർ മറ്റു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, അപ്പോൾ 125-ാം അനുച്ഛേദത്തിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും, അവകാശമുള്ളവരായിത്തീരുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഫെഡറൽ കോടതിയിൽ നിലവിലിരുന്ന സിവിലോ ക്രിമിനലോ ആയ എല്ലാ വ്യവഹാരങ്ങളും അപ്പീലുകളും നടപടികളും സുപ്രീംകോടതിയിലേക്ക് നീക്കിയിരിക്കുന്നതും, സുപ്രീംകോടതിക്ക് അവ കേൾക്കുവാനും തീർച്ച ചെയ്യുവാനും അധികാരിത ഉണ്ടായിരിക്കുന്നതും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഫെഡറൽ കോടതി പ്രസ്താവിച്ചിട്ടുള്ളതോ പുറപ്പെടുവിച്ചിട്ടുള്ളതോ ആയ വിധിന്യായങ്ങൾക്കും ഉത്തരവുകൾക്കും അവ സുപ്രീംകോടതി പ്രസ്താവിച്ചതോ പുറപ്പെടുവിച്ചതോ ആയിരുന്നാൽ എന്നപോലെ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) ഈ ഭരണഘടനയിലെ യാതൊന്നും, ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ സംബന്ധിച്ചോ അവയിൽ നിന്നോ ഉള്ള അപ്പീലുകളും ഹർജികളും തീർച്ചചെയ്യുവാൻ ഹിസ് മജസ്റ്റി-ഇൻ-കൗൺസിലിനുള്ള അധികാരിതയുടെ പ്രയോഗത്തെ, അങ്ങനെയുള്ള അധികാരിതയുടെ പ്രയോഗം നിയമം വഴി അധികൃതമാക്കിയിട്ടുള്ളത്ര, അസാധുവാക്കിത്തീർക്കുന്നതല്ലാത്തതും, ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം അങ്ങനെയുള്ള ഏതെങ്കിലും അപ്പീലിലോ ഹർജ്ജിയിലോ ഹിസ് മജസ്റ്റി-ഇൻ-കൗൺസിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന് ഈ ഭരണഘടന വഴി, സുപ്രീംകോടതിക്ക് നൽകിയിട്ടുള്ള അധികാരിതയുടെ പ്രയോഗത്തിൽ ആ കോടതി പുറപ്പെടുവിച്ച ഉത്തരവോ ഡിക്രിയോ ആയിരുന്നാൽ എന്നപോലെ, എല്ലാ ആവശ്യങ്ങൾക്കും, പ്രഭാവം ഉണ്ടായിരിക്കുന്നതും, ആകുന്നു.

(4) ഈ ഭരണഘടനയുടെ പ്രാരംഭത്തിലും അതുമുതൽക്കും, ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തെ പ്രിവി കൗൺസിലായി പ്രവർത്തിക്കുന്ന അധികാരസ്ഥാനത്തിന് ആ സംസ്ഥാനത്തെ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായമോ ഡിക്രിയോ ഉത്തരവോ സംബന്ധിച്ചോ അവയിൽനിന്നോ ഉള്ള അപ്പീലുകളും ഹർജികളും, സ്വീകരിക്കുന്നതിനും തീർച്ചചെയ്യുന്നതിനും ഉള്ള അധികാരിത ഇല്ലാതായിത്തീരുന്നതും മേൽപ്പറഞ്ഞ അധികാരസ്ഥാനത്തിന്റെ മുമ്പാകെ അങ്ങനെയുള്ള പ്രാരംഭത്തിൽ നിലവിലിരിക്കുന്ന എല്ലാ അപ്പീലുകളും മറ്റു നടപടികളും സുപ്രീംകോടതിയിലേക്ക് മാറ്റേണ്ടതും സുപ്രീംകോടതി തീർച്ച ചെയ്യേണ്ടതും ആകുന്നു.

(5) Further provision may be made by Parliament by law to give effect to the provisons of this article.

375. Courts, authorities and officers to continue to function subject to the provisions of the Constitution.—All courts of civil, criminal and revenue jurisdiction, all authorities and all officers, judicial, executive and ministerial, throughout the territory of India, shall continue to exercise their respective functions subject to the provisions of this Constitution.

376. Provisions as to Judges of High Courts.—(1) Notwithstanding anything in clause (2) of article 217, the Judges of a High Court in any Province holding office immediately before the commencement of this Constitution shall, unless they have elected otherwise, become on such commencement the Judges of the High Court in the corresponding State, and shall thereupon be entitled to such salaries and allowances and to such rights in respect of leave of absence and pension as are provided for under article 221 in respect of the Judges of such High Court. [1][Any such Judge shall, notwithstanding that he is not a citizen of India, be eligible for appointment as Chief Justice of such High Court, or as Chief Justice or other Judge of any other High Court.]

(2) The Judges of a High Court in any Indian State corresponding to any State specified in Part B of the First Schedule holding office immediately before the commencement of this Constitution shall, unless they have elected otherwise, become on such commencement the Judges of the High Court in the State so specified and shall, notwithstanding anything in clauses (1) and (2) of article 217 but subject to the proviso to clause (1) of that article, continue to hold office until the expiration of such period as the President may by order determine.

(3) In this article, the expression "Judge" does not include an acting Judge or an additional Judge.

377. Provisions as to Comptroller and Auditor-General of India.—The Auditor-General of India holding office immediately before the commencement of this Constitution shall, unless he has elected otherwise, become on such commencement the Comptroller and Auditor-General of India and shall thereupon be entitled to such salaries and to such rights in respect of leave of absence and pension as are provided for under clause (3) of article 148 in respect of the Comptroller and Auditor-General of India and be entitled to continue to hold office until the expiration of his term of office as determined under the provisions which were applicable to him immediately before such commencement.

378. Provisions as to Public Service Commissions.—(1) The members of the Public Service Commission for the Dominion of India holding office immediately before the commencement of this Constitution shall, unless

1. Added by the Constitution (First Amendment) Act, 1951, s. 13.

(5) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് പാർലമെന്റിന് നിയമം വഴി കൂടുതൽ വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്.

375. ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി കോടതികളും അധികാരസ്ഥാനങ്ങളും ഉദ്യോഗസ്ഥൻമാരും പ്രവർത്തിക്കുന്നത് തുടരണമെന്ന്.—ഭാരതത്തിന്റെ ഭൂപ്രദേശത്ത് എവിടെയുമുള്ള സിവിലും ക്രിമിനലും റവന്യൂവും അധികാരിതയുള്ള എല്ലാ കോടതികളും, ജുഡീഷ്യലും എക്സിക്യൂട്ടീവും മിനിസ്റ്റീരിയലും ആയ എല്ലാ അധികാരസ്ഥാനങ്ങളും എല്ലാ ഉദ്യോഗസ്ഥൻമാരും ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ യഥാക്രമമുള്ള ചുമതലകൾ നിർവ്വഹിക്കുന്നത് തുടരേണ്ടതാണ്.

376. ഹൈക്കോടതികളിലെ ജഡ്ജിമാരെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.—(1) 217-ാം അനുച്ഛേദം (2)-ാം ഖണ്ഡത്തിൽ എന്തുതന്നെ ആയിരുന്നാലും, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന ഏതെങ്കിലും പ്രവിശ്യയുടെ ഒരു ഹൈക്കോടതിയിലെ ജഡ്ജിമാർ, അവർ മറ്റു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ തൽസ്ഥാനീയ സംസ്ഥാനത്തിന്റെ ഹൈക്കോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, അപ്പോൾ 221-ാം അനുച്ഛേദത്തിൽ അങ്ങനെയുള്ള ഹൈക്കോടതിയിലെ ജഡ്ജിമാരെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും ബത്തകൾക്കും, അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും, അവകാശമുള്ളവരായിത്തീരുന്നതും ആകുന്നു. [1][അങ്ങനെയുള്ള ഏതെങ്കിലും ജഡ്ജി, അദ്ദേഹം ഭാരതത്തിലെ ഒരു പൗരനല്ലെന്നിരുന്നാൽത്തന്നെയും, അങ്ങനെയുള്ള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായോ അല്ലെങ്കിൽ വേറെ ഏതെങ്കിലും ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായോ മറ്റു ജഡ്ജിയായോ നിയമിക്കപ്പെടുവാൻ അർഹനായിരിക്കുന്നതാണ്.]

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെ സ്ഥാനത്തുള്ള ഒരു നാട്ടുരാജ്യത്തിലെ ഹൈക്കോടതിയിലെ ജഡ്ജിമാർ, അവർ മറ്റു വിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ അങ്ങനെ പറഞ്ഞിട്ടുള്ള സംസ്ഥാനത്തെ ഹൈക്കോടതിയിലെ ജഡ്ജിമാരായിത്തീരുന്നതും, 217-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദം (1)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി രാഷ്ട്രപതി ഉത്തരവു വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള കാലാവധി അവസാനിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നത് തുടരുന്നതും ആകുന്നു.

(3) ഈ അനുച്ഛേദത്തിൽ "ജഡ്ജി" എന്ന പ്രയോഗത്തിൽ, പകരം ജോലിനോക്കുന്ന ഒരു ജഡ്ജിയോ ഒരു അഡീഷണൽ ജഡ്ജിയോ ഉൾപ്പെടുന്നതല്ല.

377. ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനെ സംബന്ധിച്ച വ്യവസ്ഥകൾ.—ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടു മുമ്പ് ഉദ്യോഗത്തിലിരുന്ന ഭാരതത്തിന്റെ ആഡിറ്റർ-ജനറൽ, അദ്ദേഹം മറ്റുവിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലായിത്തീരുന്നതും, അപ്പോൾ 148-ാം അനുച്ഛേദം (3)-ാം ഖണ്ഡത്തിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള ശമ്പളങ്ങൾക്കും അവധിയും പെൻഷനും സംബന്ധിച്ച അങ്ങനെയുള്ള അവകാശങ്ങൾക്കും അവകാശിയായിത്തീരുന്നതും, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അദ്ദേഹത്തിനു ബാധകമായിരുന്ന വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി അവസാനിക്കുന്നതുവരെ, ഉദ്യോഗം വഹിക്കുന്നതു തുടരുവാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

378. പബ്ളിക് സർവ്വീസ് കമ്മീഷനുകളെ സംബന്ധിച്ച വ്യവസ്ഥകൾ.—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന, ഇൻഡ്യാ ഡൊമിനിയന് വേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ, അവർ മറ്റുവിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത

1. 1951-ലെ ഭരണഘടന (ഒന്നാം ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

they have elected otherwise, become on such commencement the members of the Public Service Commission for the Union and shall, notwithstanding anything in clauses (1) and (2) of article 316 but subject to the proviso to clause (2) of that article, continue to hold office until the expiration of their term of office as determined under the rules which were applicable immediately before such commencement to such members.

(2) The Members of a Public Service Commission of a Province or of a Public Service Commission serving the needs of a group of Provinces holding office immediately before the commencement of this Constitution shall, unless they have elected otherwise, become on such commencement the members of the Public Service Commission for the corresponding State or the members of the Joint State Public Service Commission serving the needs of the corresponding States, as the case may be, and shall, notwithstanding anything in clauses (1) and (2) of article 316 but subject to the proviso to clause (2) of that article, continue to hold office until the expiration of their term of office as determined under the rules which were applicable immediately before such commencement to such members.

[1][**378A. Special provisions as to duration of Andhra Pradesh Legislative Assembly**.—Notwithstanding anything contained in article 172, the Legislative Assembly of the State of Andhra Pradesh as constituted under the provisions of sections 28 and 29 of the States Reorganisation Act, 1956, shall, unless sooner dissolved, continue for a period of five years from the date referred to in the said section 29 and no longer and the expiration of the said period shall operate as a dissolution of that Legislative Assembly.]

379—391. *Omitted by the Constitution (Seventh Amendment) Act, 1956,* s. *29 and Sch.*

392. Power of the President to remove difficulties.—(1) The President may, for the purpose of removing any difficulties, particularly in relation to the transition from the provisions of the Government of India Act, 1935, to the provisions of this Constitution, by order direct that this Constitution shall, during such period as may be specified in the order, have effect subject to such adaptations, whether by way of modification, addition or omission, as he may deem to be necessary or expedient:

Provided that no such order shall be made after the first meeting of Parliament duly constituted under Chapter II of Part V.

(2) Every order made under clause (1) shall be laid before Parliament.

(3) The powers conferred on the President by this article, by article 324, by clause (3) of article 367 and by article 391 shall, before the commencement of this Constitution, be exercisable by the Governor-General of the Dominion of India.

1. Ins. by the Constitution (Seventh Amendment) Act, 1956, s. 24.

പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ യൂണിയനുവേണ്ടിയുള്ള പബ്ളിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങൾ ആയിത്തീരുന്നതും, 316-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അങ്ങനെയുള്ള അംഗങ്ങൾക്ക് ബാധകമായിരുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഉദ്യോഗ കാലാവധി അവസാനിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നതു തുടരുന്നതും ആകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഉദ്യോഗത്തിലിരുന്ന, ഒരു പ്രവിശ്യയിലെ പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ പ്രവിശ്യകളുടെ ഒരു ഗ്രൂപ്പിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്ന ഒരു പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ അംഗങ്ങൾ, അവർ മറ്റുവിധത്തിൽ ഹിതം പ്രകടിപ്പിച്ചിട്ടില്ലാത്ത പക്ഷം, അങ്ങനെയുള്ള പ്രാരംഭത്തിൽ തൽസ്ഥാനീയ സംസ്ഥാനത്തിന്റെ പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ തൽസ്ഥാനീയ സംസ്ഥാനങ്ങളുടെ, അതതുസംഗതിപോലെ, ആവശ്യങ്ങൾ നിർവ്വഹിക്കുന്ന സംയുക്ത സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനിലെയോ അംഗങ്ങൾ ആയിത്തീരുന്നതും, 316-ാം അനുച്ഛേദം (1)-ഉം (2)-ഉം ഖണ്ഡങ്ങളിൽ എന്തുതന്നെ ആയിരുന്നാലും, ആ അനുച്ഛേദം (2)-ാം ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് അങ്ങനെയുള്ള അംഗങ്ങൾക്ക് ബാധകമായിരുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള അവരുടെ ഉദ്യോഗ കാലാവധി അവസാനിക്കുന്നതുവരെ, ഉദ്യോഗം വഹിക്കുന്നതു തുടരുന്നതും ആകുന്നു.

[1][**378കെ. ആന്ധ്രാപ്രദേശ് നിയമസഭയുടെ കാലാവധി സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.**—172-ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1956-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടന ആക്റ്റ് 28-ഉം 29-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച വിധമുള്ള ആന്ധ്രാപ്രദേശ് സംസ്ഥാനത്തിലെ നിയമസഭ മുമ്പേ തന്നെ പിരിച്ചുവിടാത്തപക്ഷം മേൽപ്പറഞ്ഞ 29-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തീയതി മുതൽ അഞ്ചുവർഷക്കാലത്തേക്ക്, എന്നാൽ ഒരിക്കലും അതിൽ കവിയാതെ, തുടരുന്നതും, മേൽപ്പറഞ്ഞ കാലാവധിയുടെ അവസാനം ആ നിയമസഭയുടെ ഒരു പിരിച്ചുവിടൽ ആയിത്തീരുന്നതും ആകുന്നു.]

379-391. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം വിട്ടുകളഞ്ഞു.

392. വിഷമതകൾ നീക്കുവാൻ രാഷ്ട്രപതിക്കുള്ള അധികാരം.—(1) രാഷ്ട്രപതിക്ക്, ഏതെങ്കിലും വിഷമതകൾ, പ്രത്യേകിച്ചും 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റിലെ വ്യവസ്ഥകളിൽനിന്ന് ഈ ഭരണഘടനയിലെ വ്യവസ്ഥകളിലേക്കുള്ള മാറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും വിഷമതകൾ, നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക്, ഉത്തരവു വഴി, ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാലത്തേക്ക് ഈ ഭരണഘടനയ്ക്ക് ആവശ്യമെന്നും യുക്തമെന്നും അദ്ദേഹം കരുതാവുന്ന, രൂപഭേദപ്പെടുത്തലോ കൂട്ടിച്ചേർക്കലോ വിട്ടുകളയലോ വഴി അങ്ങനെയുള്ള അനുയോജനങ്ങൾക്ക് വിധേയമായി പ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ, V-ാം ഭാഗത്തിലെ II-ാം അദ്ധ്യായ പ്രകാരം യഥാവിധി രൂപീകരിച്ചിട്ടുള്ള പാർലമെന്റിന്റെ ആദ്യ യോഗത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതല്ല.

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരുത്തരവും പാർലമെന്റിന്റെ മുമ്പാകെവയ്ക്കേണ്ടതാണ്.

(3) ഈ അനുച്ഛേദത്താലും 324-ാം അനുച്ഛേദത്താലും 367-ാം അനുച്ഛേദം (3)-ാം ഖണ്ഡത്താലും 391-ാം അനുച്ഛേദത്താലും രാഷ്ട്രപതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് മുമ്പ് ഇൻഡ്യാ ഡൊമിനിയന്റെ ഗവർണ്ണർ-ജനറലിന് പ്രയോഗിക്കാവുന്നതാണ്.

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 24-ാം വകുപ്പുപ്രകാരം ചേർത്തത്.

PART XXII

SHORT TITLE, COMMENCEMENT [1][AUTHORITATIVE TEXT IN HINDI] AND REPEALS

393. Short title.—This Constitution may be called the Constitution of India.

394. Commencement.—This article and articles 5, 6, 7, 8, 9, 60, 324, 366, 367,379, 380, 388, 391, 392 and 393 shall come into force at once, and the remaining provisions of this Constitution shall come into force on the twenty-sixth day of January, 1950, which day is referred to in this Constitution as the commencement of this Constitution.

[2][**394A. Authoritative text in the Hindi language**.—(1) The President shall cause to be published under his authority,—

(a) the translation of this Constitution in the Hindi langauge, signed by the members of the Constituent Assembly, with such modifications as may be necessary to bring it in conformity with the language, style and terminology adopted in the authoritative texts of Central Acts in the Hindi language, and incorporating therein all the amendments of this Constitution made before such publication; and

(b) the translation in the Hindi language of every amendment of this Constitution made in the English language.

(2) The translation of this Constitution and of every amendment thereof published under clause (1) shall be construed to have the same meaning as the original thereof and if any difficulty arises in so construing any part of such translation, the President shall cause the same to be revised suitably.

(3) The translation of this Constitution and of every amendment thereof published under this article shall be deemed to be, for all purposes, the authoritative text thereof in the Hindi language.]

395. Repeals.—The Indian Independence Act, 1947, and the Government of India Act, 1935, together with all enactments amending or supplementing the latter Act, but not including the Abolition of Privy Council Jurisdiction Act, 1949, are hereby repealed.

1. Ins. by the Constitution (Fifty-eighth Amendment) Act, 1987, s.2.

2. Ins. by s. 3, ibid. (w.e.f. 9-12-1987)

ഭാഗം XXII

ചുരുക്കപ്പേരും പ്രാരംഭവും [1][ഹിന്ദിയിലുള്ള ആധികാരിക പാഠവും] റദ്ദാക്കലുകളും

393. ചുരുക്കപ്പേര്.—ഈ ഭരണഘടനയ്ക്ക് ഭാരതത്തിന്റെ ഭരണഘടന എന്ന് പേര് പറയാവുന്നതാണ്.

394. പ്രാരംഭം.—ഈ അനുച്ഛേദവും 5,6,7,8,9,60,324,366,367,379,380,388,391,392,393 എന്നീ അനുച്ഛേദങ്ങളും ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതും, ഈ ഭരണഘടനയിലെ ശേഷമുള്ള വ്യവസ്ഥകൾ 1950 ജനുവരി ഇരുപത്തിയാറാം തീയതി പ്രാബല്യത്തിൽ വരുന്നതും, ആ ദിവസം ഈ ഭരണഘടനയിൽ ഈ ഭരണഘടനയുടെ പ്രാരംഭം എന്ന് പരാമർശിച്ചിട്ടുള്ളതും ആകുന്നു.

[2][**394ക. ഹിന്ദി ഭാഷയിലുള്ള ആധികാരികപാഠം.**—(1) രാഷ്ട്രപതി തന്റെ അധികാരത്തിൻ കീഴിൽ, താഴെപ്പറയുന്നവ പ്രസിദ്ധീകരിക്കാൻ ഇടയാക്കേണ്ടതാണ്,—

(ക) ഹിന്ദി ഭാഷയിലുള്ള കേന്ദ്ര നിയമങ്ങളുടെ ആധികാരികപാഠങ്ങളിൽ സ്വീകരിച്ച ഭാഷയ്ക്കും, ശൈലിക്കും, പദാവലിക്കും അനുസൃതമാക്കാൻ ആവശ്യമായ അങ്ങനെയുള്ള രൂപഭേദങ്ങളോടുകൂടിയതും അങ്ങനെ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഭരണഘടനയിൽ വരുത്തിയ എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചതും ആയ ഭരണഘടനാ നിർമ്മാണസഭയിലെ അംഗങ്ങൾ ഒപ്പിട്ട ഈ ഭരണഘടനയുടെ ഹിന്ദി ഭാഷയിലുള്ള തർജ്ജമ;

(ഖ) ഈ ഭരണഘടനയ്ക്ക് ഇംഗ്ലീഷ് ഭാഷയിൽ വരുത്തിയ എല്ലാ ഭേദഗതികളുടെയും ഹിന്ദി ഭാഷയിലുള്ള തർജ്ജമ.

(2) (1)-ാം ഖണ്ഡപ്രകാരം പ്രസിദ്ധീകരിച്ച ഈ ഭരണഘടനയുടെയും അതിന്റെ ഓരോ ഭേദഗതിയുടെയും തർജ്ജമയ്ക്ക് അതിന്റെ മൂലഭാഷയിലുള്ള അതേ അർത്ഥം ഉള്ളതായി കരുതേണ്ടതും, ആ തർജ്ജമയിലെ ഏതെങ്കിലും ഭാഗത്തിന് അപ്രകാരം അർത്ഥം കല്പിക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നുവെങ്കിൽ, അത് അനുയോജ്യമായി പരിഷ്ക്കരിക്കാൻ രാഷ്ട്രപതി ഇടയാക്കേണ്ടതും ആകുന്നു.

(3) ഈ അനുച്ഛേദപ്രകാരം പ്രസിദ്ധീകരിക്കുന്ന ഈ ഭരണഘടനയുടെയും അതിന്റെ ഓരോ ഭേദഗതിയുടെയും തർജ്ജമ, എല്ലാ ആവശ്യങ്ങൾക്കും ഹിന്ദി ഭാഷയിലുള്ള അതിന്റെ ആധികാരിക പാഠമായി കരുതേണ്ടതാണ്.]

395. റദ്ദാക്കലുകൾ.—1947-ലെ ഇൻഡ്യൻ ഇൻഡിപ്പെൻഡൻസ് ആക്റ്റും, 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ആക്റ്റും, അതോടുകൂടി, രണ്ടാമതുപറഞ്ഞ ആക്റ്റ് ഭേദഗതി ചെയ്യുന്നതോ അതിന് അനുപൂരകമോ ആയ, എന്നാൽ 1949-ലെ അബോളിഷൻ ഓഫ് പ്രിവി കൗൺസിൽ ജൂറിസ്ഡിക്ഷൻ ആക്റ്റ് ഒഴികെയുള്ള, എല്ലാ നിയമങ്ങളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

1. 1987-ലെ ഭരണഘടന (അൻപത്തിയെട്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (9-12-1987 മുതൽ പ്രാബല്യം).

[1][FIRST SCHEDULE

[Articles 1 and 4]

I. THE STATES

2. Vide the High Court and Supreme Court Judges (Conditions of Service) Amendment Act, 1998 (18 of 1998), s.4 (w.r.e.f. 1-1-1996). *Now two lakh fifty thousand rupees, vide the High Court and Supreme Court Judges (Salaries and Conditions of Service) Amendment Act, 2018 (10 of 2018), s.2 (w.r.e.f. 1-1-2016).
3. Vide s.4, ibid. (w.r.e.f. 1-1-1996). **Now two lakh twenty-five thousand rupees, vide the High Court and Supreme Court Judges (Salaries and Conditions of Service) Amendment Act, 2018 (10 of 2018) s.2 (w.r.e.f. 1-1-2016).

(ഗ) അദ്ദേഹം അങ്ങനെയുള്ള നിയമനത്തിന് മുമ്പ് അങ്ങനെയുള്ള മുൻ സേവനം സംബന്ധിച്ച് ഒരു സേവന വിരാമ ഗ്രാറ്റുവിറ്റി പറ്റിയിട്ടുണ്ടെങ്കിൽ, ആ ഗ്രാറ്റുവിറ്റിക്ക് സമാനമായ പെൻഷനും,

കുറവ് ചെയ്യേണ്ടതാണ്.]

(2) സുപ്രീംകോടതിയിലെ ഓരോ ജഡ്ജിയ്ക്കും, വാടക കൊടുക്കാതെ, ഒരു ഔദ്യോഗിക വസതി ഉപയോഗിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഈ ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിലെ യാതൊന്നും ഈ ഭരണഘടനയുടെ പ്രാരംഭത്തിനു തൊട്ടുമുമ്പ്,—

(ക) ഫെഡറൽ കോടതിയിലെ ചീഫ് ജസ്റ്റിസ് ആയി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ 374-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസായിത്തീരുകയും, അല്ലെങ്കിൽ,

(ഖ) ഫെഡറൽ കോടതിയിലെ മറ്റേതെങ്കിലും ജഡ്ജിയായി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം സുപ്രീംകോടതിയിലെ (ചീഫ് ജസ്റ്റിസല്ലാതെയുള്ള) ഒരു ജഡ്ജിയായിത്തീരുകയും,

ചെയ്ത ഒരു ജഡ്ജിക്ക്, അദ്ദേഹം ചീഫ് ജസ്റ്റിസായോ മറ്റ് ജഡ്ജിയായോ ഉദ്യോഗം വഹിക്കുന്ന കാലത്ത് ബാധകമല്ലാത്തതും, അപ്രകാരം സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസോ മറ്റ് ജഡ്ജിയോ ആയിത്തീരുന്ന ഓരോ ജഡ്ജിക്കും, ചീഫ്ജസ്റ്റിസായോ മറ്റു ജഡ്ജിയായോ, അതതു സംഗതിപോലെ, യഥാർത്ഥ സേവനത്തിന് ചെലവഴിച്ച കാലം സംബന്ധിച്ച്, ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ശമ്പളത്തിനുപുറമേ, ആ ശമ്പളവും അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് അദ്ദേഹം വാങ്ങിക്കൊണ്ടിരുന്ന ശമ്പളവും തമ്മിലുള്ള വ്യത്യാസത്തിന് തുല്യമായ ഒരു തുക പ്രത്യേക ശമ്പളമായി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4) സുപ്രീംകോടതിയിലെ ഓരോ ജഡ്ജിയ്ക്കും ഭാരതത്തിന്റെ ഭൂപ്രദേശത്തിനകത്ത് കർത്തവ്യനിർവ്വഹണം സംബന്ധിച്ച് യാത്രചെയ്യുമ്പോൾ നേരിടേണ്ടിവരുന്ന ചെലവിന്റെ തുക മടക്കിക്കൊടുക്കുന്നതിന് രാഷ്ട്രപതി അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ന്യായമായ ബത്തകൾ ലഭിക്കുന്നതും, യാത്ര സംബന്ധിച്ച് രാഷ്ട്രപതി അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ന്യായമായ സൗകര്യങ്ങൾ നൽകുന്നതും ആകുന്നു.

(5) സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ (അവധിബത്തകൾ ഉൾപ്പെടെ) അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങൾ, ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഫെഡറൽ കോടതിയിലെ ജഡ്ജിമാർക്ക് ബാധകമായിരുന്ന വ്യവസ്ഥകൾ അനുസരിച്ചായിരിക്കുന്നതാണ്.

10. [1][(1) ഹൈക്കോടതികളിലെ ജഡ്ജിമാർക്ക് യഥാർത്ഥത്തിൽ സേവനത്തിന് ചെലവഴിച്ചിട്ടുള്ള കാലം സംബന്ധിച്ച് താഴെപ്പറയുന്ന പ്രതിമാസ നിരക്കുകളിൽ ശമ്പളം നൽകേണ്ടതാകുന്നു.

അതായത്,—

ചീഫ് ജസ്റ്റിസ്	—	[2][30,000 രൂപ]*
മറ്റേതെങ്കിലും ജഡ്ജി	—	[3][26,000 രൂപ]**

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പുപ്രകാരം ഒന്നാം ഉപഖണ്ഡികയ്ക്കു പകരം ചേർത്തത്.
2. 1998-ലെ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരുടെ (സേവന വ്യവസ്ഥകൾ) ഭേദഗതി ആക്റ്റ് (1998-ലെ 18), 4-ാം വകുപ്പുപ്രകാരം (1-1-1996 മുതൽ മുൻകാല പ്രാബല്യം). *2018-ലെ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരുടെ (ശമ്പളവും സേവന വ്യവസ്ഥകളും) ഭേദഗതി ആക്റ്റ് (2018-ലെ 10), 2-ാം വകുപ്പ് പ്രകാരം, ഇപ്പോൾ രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ (1-1-2016 മുതൽ മുൻകാല പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ് 4-ാം വകുപ്പ് പ്രകാരം (1-1-1996 മുതൽ മുൻകാല പ്രാബല്യം). **2018-ലെ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരുടെ (ശമ്പളവും സേവന വ്യവസ്ഥകളും) ഭേദഗതി ആക്റ്റ് (2018-ലെ 10), 2-ാം വകുപ്പ് പ്രകാരം ഇപ്പോൾ രണ്ടു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ (1-1-2016 മുതൽ മുൻകാല പ്രാബല്യം).

Provided that if a Judge of a High Court at the time of his appointment is in receipt of a pension (other than a disability or wound pension) in respect of any previous service under the Government of India or any of its predecessor Governments or under the Government of a State or any of its predecessor Governments, his salary in respect of service in the High Court shall be reduced—

(a) by the amount of that pension, and

(b) if he has, before such appointment, received in lieu of a portion of the pension due to him in respect of such previous service the commuted value thereof, by the amount of that portion of the pension, and

(c) if he has, before such appointment, received a retirement gratuity in respect of such previous service, by the pension equivalent of that gratuity.]

(2)Every person who immediately before the commencement of this Constitution—

(a) was holding office as the Chief Justice of a High Court in any Province and has on such commencement become the Chief Justice of the High Court in the corresponding State under clause (1) of article 376, or

(b) was holding office as any other Judge of a High Court in any Province and has on such commencement become a Judge (other than the Chief Justice) of the High Court in the corresponding State under the said clause,

shall, if he was immediately before such commencement drawing a salary at a rate higher than that specified in sub-paragraph (1) of this paragraph, be entitled to receive in respect of time spent on actual service as such Chief Justice or other Judge, as the case may be, in addition to the salary specified in the said sub-paragraph as special pay an amount equivalent to the difference between the salary so specified and the salary which he was drawing immediately before such commencement.

[1][(3) Any person who, immediately before the commencement of the Constitution (Seventh Amendment) Act, 1956, was holding office as the Chief Justice of the High Court of a State specified in Part B of the First Schedule and has on such commencement become the Chief Justice of the High Court of a State specified in the said Schedule as amended by the said Act, shall, if he was immediately before such commencement drawing any amount as allowance in addition to his salary, be entitled to receive in respect of time spent on actual service as such Chief Justice, the same amount as allowance in addition to the salary specified in sub-paragraph (1) of this paragraph.]

1. Subs. by the Constitution (Seventh Amendment) Act, 1956, s. 25, for sub-paragraphs (3) and (4).

എന്നാൽ, ഒരു ഹൈക്കോടതിയിലെ ജഡ്ജി, അദ്ദേഹത്തിന്റെ നിയമനാവസരത്തിൽ ഭാരത സർക്കാരിന്റെയോ അതിന്റെ ഏതെങ്കിലും മുൻഗാമി സർക്കാരിന്റെയോ അല്ലെങ്കിൽ ഒരു സംസ്ഥാന സർക്കാരിന്റെയോ അതിന്റെ ഏതെങ്കിലും മുൻഗാമി സർക്കാരിന്റെയോ കീഴിലുള്ള ഏതെങ്കിലും മുൻ സേവനം സംബന്ധിച്ച് (അവശതാ പെൻഷനോ ക്ഷത-പെൻഷനോ അല്ലാതെയുള്ള) ഒരു പെൻഷൻ പറ്റുന്നുണ്ടെങ്കിൽ ആ ഹൈക്കോടതിയിലെ സേവനം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്ന്—

(ക) ആ പെൻഷന്റെ തുകയും,

(ഖ) അദ്ദേഹം അങ്ങനെയുള്ള നിയമനത്തിന് മുമ്പ് അങ്ങനെയുള്ള മുൻ സേവനം സംബന്ധിച്ച് അദ്ദേഹത്തിന് കിട്ടേണ്ട പെൻഷന്റെ ഒരു ഭാഗത്തിന് പകരം അതിന് സമാനമായ മൂല്യം പറ്റിയിട്ടുണ്ടെങ്കിൽ, പെൻഷന്റെ ആ ഭാഗത്തിന്റെ തുകയും,

(ഗ) അദ്ദേഹം അങ്ങനെയുള്ള നിയമനത്തിന് മുമ്പ് അങ്ങനെയുള്ള മുൻ സേവനം സംബന്ധിച്ച് ഒരു സേവന വിരാമ ഗ്രാറ്റുവിറ്റി പറ്റിയിട്ടുണ്ടെങ്കിൽ, ആ ഗ്രാറ്റുവിറ്റിക്ക് സമാനമായ പെൻഷനും,

കുറവു ചെയ്യേണ്ടതാകുന്നു.]

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ്—

(ക) ഏതെങ്കിലും പ്രവിശ്യയുടെ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് ആയി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ 376-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം തൽസ്ഥാനീയ സംസ്ഥാനത്തെ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായിത്തീരുകയും, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും പ്രവിശ്യയുടെ ഒരു ഹൈക്കോടതിയിലെ മറ്റേതെങ്കിലും ജഡ്ജിയായി ഉദ്യോഗം വഹിച്ചു കൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം തൽസ്ഥാനീയ സംസ്ഥാനത്തെ ഹൈക്കോടതിയിലെ (ചീഫ് ജസ്റ്റിസല്ലാതെയുള്ള) ഒരു ജഡ്ജിയായിത്തീരുകയും,

ചെയ്ത ഓരോ ആൾക്കും അദ്ദേഹം അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ് ഈ ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതിൽ കൂടിയ നിരക്കിലുള്ള ഒരു ശമ്പളമാണ് വാങ്ങിക്കൊണ്ടിരുന്നതെങ്കിൽ, അങ്ങനെയുള്ള ചീഫ് ജസ്റ്റിസായോ മറ്റു ജഡ്ജിയായോ, അതതു സംഗതിപോലെ, യഥാർത്ഥ സേവനത്തിന് ചെലവഴിച്ച കാലം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഒരു ശമ്പളത്തിന് പുറമേ, അങ്ങനെ പറഞ്ഞിട്ടുള്ള ശമ്പളവും അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് അദ്ദേഹം വാങ്ങിക്കൊണ്ടിരുന്ന ശമ്പളവും തമ്മിലുള്ള വ്യത്യാസത്തിന് തുല്യമായ ഒരു തുക, പ്രത്യേക ശമ്പളമായി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

[1][(3) 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഒന്നാം പട്ടികയിലെ ഖ ഭാഗത്ത് പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ മേൽപ്പറഞ്ഞ ആക്റ്റു വഴി ഭേദഗതി ചെയ്തവിധത്തിലുള്ള മേൽപ്പറഞ്ഞ പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായിത്തീരുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള പ്രാരംഭത്തിനു തൊട്ടുമുമ്പ്, അദ്ദേഹത്തിന്റെ ശമ്പളത്തിന് പുറമേ ബത്തയായി ഏതെങ്കിലും തുക അദ്ദേഹം വാങ്ങിച്ചുകൊണ്ടിരുന്നു എങ്കിൽ, ചീഫ് ജസ്റ്റിസായി യഥാർത്ഥ സേവനത്തിന് ചെലവഴിച്ചിട്ടുള്ള കാലം സംബന്ധിച്ച് അതേ തുക തന്നെ ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ശമ്പളത്തിന് പുറമേ ബത്തയായി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.]

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 25-ാം വകുപ്പുപ്രകാരം 3-ഉം 4-ഉം ഉപഖണ്ഡികകൾക്ക് പകരം ചേർത്തത്.

11. In this Part, unless the context otherwise requires,—

(a) the expression "Chief Justice" includes an acting Chief Justice, and a "Judge" includes an *ad hoc* Judge;

(b) "actual service" includes—

(i) time spent by a Judge on duty as a Judge or in the performance of such other functions as he may at the request of the President under take to discharge;

(ii) vacations, excluding any time during which the Judge is absent on leave; and

(iii) joining time on transfer from a High Court to the Supreme Court or from one High Court to another.

PART E

PROVISIONS AS TO THE COMPTROLLER AND AUDITOR-GENERAL OF INDIA

12. (1) There shall be paid to the Comptroller and Auditor-General of India a salary at the rate of thirty thousand* rupees per mensem.

(2) The person who was holding office immediately before the commencement of this Constitution as Auditor-General of India and has become on such commencement the Comptroller and Auditor-General of India under article 377 shall in addition to the salary specified in sub-paragraph (1) of this paragraph be entitled to receive as special pay an amount equivalent to the difference between the salary so specified and the salary which he was drawing as Auditor-General of India immediately before such commencement.

(3) The rights in respect of leave of absence and pension and the other conditions of service of the Comptroller and Auditor-General of India shall be governed or shall continue to be governed, as the case may be, by the provisions which were applicable to the Auditor-General of India immediately before the commencement of this Constitution and all references in those provisions to the Governor-General shall be construed as references to the President.

---

* The Comptroller and Auditor- General of India shall be paid a salary equal to the salary of the Judges of the Supreme Court vide s. 3 of Act 56 of 1971. The salary of Judges of the Supreme Court has been raised to Rs. 2,50,000 per mensem by the High Court and Supreme Court Judges (Salaries and Conditions of Service) Amendment, Act, 2018 (10 of 2018), s.6 (w.r.e.f. 1-1-2016).

11. ഈ ഭാഗത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ചീഫ് ജസ്റ്റിസ്'' എന്ന പ്രയോഗത്തിൽ, പകരം ജോലി നോക്കുന്ന ഒരു ചീഫ് ജസ്റ്റിസ് ഉൾപ്പെടുന്നതും ഒരു ''ജഡ്ജി'' എന്നതിൽ ഒരു അഡ്ഹോക്ക് ജഡ്ജി ഉൾപ്പെടുന്നതും ആകുന്നു;

(ഖ) ''യഥാർത്ഥ സേവനം'' എന്നതിൽ—

(i) ഒരു ജഡ്ജി, ജഡ്ജി എന്ന നിലയിൽ കർത്തവ്യം നിർവ്വഹിക്കുന്നതിലോ രാഷ്ട്രപതി ആവശ്യപ്പെടുന്നതനുസരിച്ച് നിറവേറ്റാമെന്ന് ഏൽക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിലോ ചെലവഴിച്ചിട്ടുള്ള കാലവും;

(ii) ജഡ്ജി അവധി എടുത്ത് ഹാജരാകാത്ത സമയം ഒഴികെയുള്ള ഒഴിവുകാലങ്ങളും;

(iii) ഒരു ഹൈക്കോടതിയിൽ നിന്ന് സുപ്രീംകോടതിയിലേക്കോ ഒരു ഹൈക്കോടതിയിൽ നിന്ന് മറ്റൊരു ഹൈക്കോടതിയിലേക്കോ സ്ഥലം മാറുമ്പോൾ ജോലിയ്ക്ക് ചേരുന്നതിനുള്ള കാലവും,

ഉൾപ്പെടുന്നതാകുന്നു.

ഭാഗം ങ

ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ

12. (1) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് പ്രതിമാസം മുപ്പതിനായിരം* രൂപ നിരക്കിൽ ശമ്പളം നൽകേണ്ടതാകുന്നു.

(2) ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ആഡിറ്റർ ജനറലായി ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുകയും അങ്ങനെയുള്ള പ്രാരംഭത്തിൽ 377-ാം അനുച്ഛേദപ്രകാരം ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലായിത്തീരുകയും ചെയ്തിട്ടുള്ള ആൾക്ക് ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ശമ്പളത്തിന് പുറമെ, അങ്ങനെ പറഞ്ഞിട്ടുള്ള ശമ്പളവും അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ആഡിറ്റർ-ജനറൽ എന്ന നിലയിൽ അദ്ദേഹം വാങ്ങിക്കൊണ്ടിരുന്ന ശമ്പളവും തമ്മിലുള്ള വ്യത്യാസത്തിന് തുല്യമായ ഒരു തുക, പ്രത്യേക ശമ്പളമായി ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന്റെ അവധിയും പെൻഷനും സംബന്ധിച്ച അവകാശങ്ങളും മറ്റു സേവനവ്യവസ്ഥകളും ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഭാരതത്തിന്റെ ആഡിറ്റർ-ജനറലിന് ബാധകമായിരുന്ന വ്യവസ്ഥകൾ, അതതുസംഗതിപോലെ, അനുസരിച്ചായിരിക്കേണ്ടതും അല്ലെങ്കിൽ അതനുസരിച്ചായിരിക്കേണ്ടത് തുടരുന്നതും, ആ വ്യവസ്ഥകളിൽ ഗവർണ്ണർ ജനറലിനെപ്പറ്റിയുള്ള എല്ലാ പരാമർശങ്ങളും രാഷ്ട്രപതിയെപ്പറ്റിയുള്ള പരാമർശങ്ങളായി കരുതേണ്ടതും ആകുന്നു.

* 1971-ലെ 56-ാം ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് സുപ്രീംകോടതി ജഡ്ജിമാരുടെ ശമ്പളത്തിനു തുല്യമായ ഒരു ശമ്പളം നൽകേണ്ടതാകുന്നു. 2018-ലെ ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും ജഡ്ജിമാരുടെ (ശമ്പളവും സേവന വ്യവസ്ഥകളും) ഭേദഗതി ആക്റ്റ് (2018-ലെ 10) 6-ാം വകുപ്പു പ്രകാരം സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ പ്രതിമാസ ശമ്പളം 2,50,000 രൂപയായി വർദ്ധിപ്പിച്ചു (1-1-2016 മുതൽ മുൻകാല പ്രാബല്യം).

THIRD SCHEDULE

[Articles 75(4), 99, 124(6), 148(2), 164(3), 188 and 219]*

Forms of Oaths or Affirmations

I

Form of oath of office for a Minister for the Union:—

"I, A.B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established, [1][that I will uphold the sovereignty and integrity of India,] that I will faithfully and conscientiously discharge my duties as a Minister for the Union and that I will do right to all manner of people in accordance with the Consitution and the law, without fear or favour, affection or ill-will."

II

Form of oath of secrecy for a Minister for the Union:—

"I, A.B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will not directly or indirectly communicate or reveal to any person or persons any matter which shall be brought under my consideration or shall become known to me as a Minister for the Union except as may be required for the due discharge of my duties as such Minister."

[2] [III

A

Form of oath or affirmation to be made by a candidate for election to Parliament:—

"I, A.B., having been nominated as a candidate to fill a seat in the Council of States (or the House of the People) do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established and that I will uphold the sovereignty and integrity of India."

---

* See also articles 84 (a) and 173 (a).

[1] Ins. by the Constitution (Sixteenth Amendment) Act, 1963, s. 5.

[2] Subs. by s. 5, ibid., for Form III.

മൂന്നാം പട്ടിക

[75(4), 99, 124(6), 148(2), 164(3), 188, 219 എന്നീ അനുച്ഛേദങ്ങൾ]*

ശപഥങ്ങളുടെ അഥവാ പ്രതിജ്ഞകളുടെ ഫാറങ്ങൾ

I

യൂണിയനിലെ ഒരു മന്ത്രിയുടെ ഉദ്യോഗം സംബന്ധിച്ച ശപഥത്തിന്റെ ഫാറം:—

"ക. ഖ. എന്ന ഞാൻ, നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും [1][ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും] ഞാൻ യൂണിയനിലെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനഃസാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും ഞാൻ ഭരണഘടനയും നിയമവും അനുസരിച്ച്, ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാതരത്തിലുള്ള ജനങ്ങൾക്കും നീതി ചെയ്യുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

II

യൂണിയനിലെ ഒരു മന്ത്രിയുടെ രഹസ്യപാലന ശപഥത്തിന്റെ ഫാറം:—

"ക. ഖ. എന്ന ഞാൻ, യൂണിയനിലെ ഒരു മന്ത്രി എന്ന നിലയിൽ എന്റെ പരിഗണനയിൽ കൊണ്ടുവരുന്നതോ എന്റെ അറിവിൽ വരുന്നതോ ആയ ഏതെങ്കിലും വിഷയം, അങ്ങനെയുള്ള മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങളുടെ മുറപ്രകാരമുള്ള നിർവ്വഹണത്തിന് ആവശ്യമാകുന്നതൊഴികെ, ഞാൻ ഏതെങ്കിലും ആൾക്കോ ആളുകൾക്കോ നേരിട്ടോ നേരിട്ടല്ലാതെയോ അറിയിച്ചുകൊടുക്കുകയോ വെളിപ്പെടുത്തിക്കൊടുക്കുകയോ ചെയ്യുകയില്ലെന്ന് ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

[2][III

ക

പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പിലെ ഒരു സ്ഥാനാർത്ഥി ചെയ്യേണ്ട ശപഥത്തിന്റെ അഥവാ പ്രതിജ്ഞയുടെ ഫാറം:—

"ക. ഖ. എന്ന ഞാൻ, രാജ്യസഭയിലെ (അല്ലെങ്കിൽ ലോകസഭയിലെ) ഒരു സ്ഥാനം നികത്തുന്നതിൽ ഒരു സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

---

*. 84 (ക)-യും 173 (ക)-യും അനുച്ഛേദങ്ങൾ കൂടി കാണുക.

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 5-ാം വകുപ്പുപ്രകാരം III-ാം ഫാറത്തിനുപകരം ചേർത്തത്.

B

Form of oath or affirmation to be made by a member of Parliament:—

"I, A.B., having been elected (or nominated) a member of the Council of States (or the House of the People) do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established, that I will uphold the sovereignty and integrity of India and that I will faithfully discharge the duty upon which I am about to enter.

IV

Form of oath or affirmation to be made by the Judges of the Supreme Court and the Comptroller and Auditor-General of India:—

"I, A.B., having been appointed Chief Justice (or a Judge) of the Supreme Court of India (or Comptroller and Auditor-General of India) do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established, [1][that I will uphold the sovereignty and integrity of India,] that I will duly and faithfully and to the best of my ability, knowledge and judgment perform the duties of my office without fear or favour, affection or ill-will and that I will uphold the Constitution and the laws."

V

Form of oath of office for a Minister for a State:—

"I, A.B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will bear true faith and allegiance to the Constitution of India as by law established, [1][that I will uphold the sovereignty and integrity of India,] that I will faithfully and conscientiously discharge my duties as a Minister for the State of..... and that I will do right to all manner of people in accordance with the Constitution and the law without fear or favour, affection or ill-will."

VI

Form of oath of secrecy for a Minister for a State:—

"I, A.B., do $\frac{\text{swear in the name of God}}{\text{solemnly affirm}}$ that I will not directly or indirectly communicate or reveal to any person or persons any matter which shall be brought under my consideration or shall become known to me as a Minister for the State of.....except as may be required for the due discharge of my duties as such Minister."

1. Ins. by the Constitution (Sixteenth Amendment) Act, 1963, s. 5.

ഖ

പാർലമെന്റിലെ ഒരംഗം ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടേയോ ഫാറം:—

"ക. ഖ. എന്ന ഞാൻ, രാജ്യസഭയിലെ (അല്ലെങ്കിൽ ലോകസഭയിലെ) ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ (അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ) നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട്, ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."]

IV

സുപ്രീംകോടതിയിലെ ജഡ്ജിമാരും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലും ചെയ്യേണ്ട ശപഥത്തിന്റെ അഥവാ പ്രതിജ്ഞയുടെ ഫാറം:—

"ക. ഖ. എന്ന ഞാൻ, ഭാരതത്തിന്റെ സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസായി (അല്ലെങ്കിൽ ഒരു ജഡ്ജിയായി) (അല്ലെങ്കിൽ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലായി) നിയമിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും [1][ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും] ഞാൻ എന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ മുറപ്രകാരവും വിശ്വസ്തതയോടുകൂടിയും എന്റെ കഴിവിന്റെയും അറിവിന്റെയും നിർണ്ണയശക്തിയുടെയും പരമാവധി, ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ നിർവ്വഹിക്കുമെന്നും ഞാൻ ഭരണഘടനയും നിയമങ്ങളും നിലനിറുത്തുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

V

ഒരു സംസ്ഥാനത്തിലെ ഒരു മന്ത്രിയുടെ ഉദ്യോഗം സംബന്ധിച്ച ശപഥത്തിന്റെ ഫാറം:—

"ക. ഖ. എന്ന ഞാൻ, നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും [1][ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും] ഞാൻ..... സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനസാക്ഷിയെ മുൻനിറുത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാ തരത്തിലുള്ള ജനങ്ങൾക്കും നീതി ചെയ്യുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

VI

ഒരു സംസ്ഥാനത്തിലെ ഒരു മന്ത്രിയുടെ രഹസ്യപാലന ശപഥത്തിന്റെ ഫാറം:—

"ക. ഖ. എന്ന ഞാൻ,..... സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിൽ എന്റെ പരിഗണനയിൽ കൊണ്ടുവരുന്നതോ എന്റെ അറിവിൽ വരുന്നതോ ആയ ഏതെങ്കിലും വിഷയം അങ്ങനെയുള്ള മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങളുടെ മുറപ്രകാരമുള്ള നിർവ്വഹണത്തിന് ആവശ്യമാകുന്നതൊഴികെ, ഞാൻ ഏതെങ്കിലും ആൾക്കോ ആളുകൾക്കോ നേരിട്ടോ നേരിട്ടല്ലാതെയോ അറിയിച്ചുകൊടുക്കുകയോ വെളിപ്പെടുത്തിക്കൊടുക്കുകയോ ചെയ്യുകയില്ലെന്ന് ദൈവത്തിന്റെ നാമത്തിൽ സത്യം / സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത്.

[1][VII

A

Form of oath or affirmation to be made by a candidate for election to the Legislature of a State:—

"I, A.B., having been nominated as a candidate to fill a seat in the Legislative Assembly (or Legislative Council), do swear in the name of God / solemnly affirm that I will bear true faith and allegiance to the Constitution of India as by law established and that I will uphold the sovereignty and integrity of India."

B

Form of oath or affirmation to be made by a member of the Legislature of a State:—

"I, A.B., having been elected (or nominated) a member of the Legislative Assembly (or Legislative Council), do swear in the name of God / solemnly affirm that I will bear true faith and allegiance to the Constitution of India as by law established, that I will uphold the sovereignty and integrity of India and that I will faithfully discharge the duty upon which I am about to enter."]

VIII

Form of oath or affirmation to be made by the Judges of a High Court:—

"I, A.B., having been appointed Chief Justice (or a Judge) of the High Court at (or of)..... do swear in the name of God / solemnly affirm that I will bear true faith and allegiance to the Constitution of India as by law established, [2][that I will uphold the sovereignty and integrity of India,] that I will duly and faithfully and to the best of my ability, knowledge and judgment perform the duties of my office without fear or favour, affection or ill-will and that I will uphold the Constitution and the laws."

1. Subs. by the Constitution (Sixteenth Amendment) Act, 1963, s. 5, for Form VII.

2. Subs. by s. 5, ibid.

[1][VII

ക

ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പിലെ ഒരു സ്ഥാനാർത്ഥി ചെയ്യേണ്ട ശപഥത്തിന്റെ അഥവാ പ്രതിജ്ഞയുടെ ഫാറം.—

"ക. ഖ. എന്ന ഞാൻ, നിയമസഭയിലെ (അല്ലെങ്കിൽ നിയമസമിതിയിലെ) ഒരു സ്ഥാനം നികത്തുന്നതിൽ ഒരു സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു." / സഗൗരവം പ്രതിജ്ഞ

ഖ

ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിലെ ഒരംഗം ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടേയോ ഫാറം.—

"ക. ഖ. എന്ന ഞാൻ, നിയമസഭയിലെ (അല്ലെങ്കിൽ നിയമസമിതിയിലെ) ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ (അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ) നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട്, ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിറുത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു."] / സഗൗരവം പ്രതിജ്ഞ

VIII

ഒരു ഹൈക്കോടതിയിലെ ജഡ്ജിമാർ ചെയ്യേണ്ട ശപഥത്തിന്റെയോ പ്രതിജ്ഞയുടേയോ ഫാറം.—

"ക. ഖ. എന്ന ഞാൻ,.....ലെ (ന്റെ) ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായി (അല്ലെങ്കിൽ ഒരു ജഡ്ജിയായി) നിയമിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി നിലവിൽ വന്ന ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും [2][ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും] ഞാൻ എന്റെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ മുറപ്രകാരവും വിശ്വസ്തതയോടും കൂടി എന്റെ കഴിവിന്റെയും അറിവിന്റെയും നിർണ്ണയശക്തിയുടെയും പരമാവധി, ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ അനുഷ്ഠിക്കുമെന്നും, ഞാൻ ഭരണഘടനയും നിയമങ്ങളും നിലനിറുത്തുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു." / സഗൗരവം പ്രതിജ്ഞ

---

1. 1963-ലെ ഭരണഘടന (പതിനാറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം VII-ാം ഫാറത്തിനുപകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ആക്റ്റ്, 5-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

[1] **[FOURTH SCHEDULE**

[Articles 4(1) and 80 (2)]

Allocation of Seats in the Council of States

To each State or Union territory specified in the first column of the following table, there shall be allotted the number of seats specified in the second column thereof opposite to that State or that Union Territory as the case may be:

TABLE

1.	Andra Pradesh	[2][11]
[3][2.	Telangana	7]
[4][3.]	Assam	7
[4][4.]	Bihar	[5][16]
[6][[4][5.]	Jharkhand	6]
[7][[8][[4][6.]	Goa	1]]
[9][[8][[4][7.]	Gujarat	11]]
[10][[8][[4][8.]	Haryana	5]]
[8][[4][9.]	Kerala	9]
[8][[4][10.]]	Madhya Pradesh	[11][11]
[12][[8][[4][11.]	Chhattisgarh	5]]
[13][[8][[4][12.]	Tamil Nadu	[14][18]]
[15][[8][[4][13.]	Maharashtra	19]]

1. Subs. by the Constitution (Seventh Amendment) Act, 1956, s. 3, for Fourth Sch.
2. Subs. by the Andhra Pradesh Reorganisation Act, 2014, (6 of 2014), s.12, for "18".
3. Ins. by s.12, ibid.
4. Entries 2 to 30 renumbered as entries 3 to 31 respectively by s.12, ibid.
5. Subs. by Bihar Reorganisation Act, 2000, s. 7, for "22".
6. Ins. by s. 7, ibid.
7. Ins. by Goa, Daman and Diu Reorganisation Act, 1987 (18 of 1987), s.6 (w. e. f. 30-5-1987).
8. Entries 4 to 29 re-numbered as entries 5 to 30 by the Bihar Reorganisation Act, 2000, s.7.
9. Subs. by the Bombay Reorganisation Act, 1960 (11 of 1960) s.6, for entry "4" (w. e.f. 1-5-1960).
10. Ins. by the Punjab Reorganisation Act, 1966 (31 of 1966), s. 9 (w. e.f. 1-11-1966).
11. Subs. by the Madhya Pradesh Reorganisation Act, 2000 (28 of 2000), s. 7, for "16".
12. Ins. by s. 7, ibid.
13. Subs. by the Madras State (Alteration of Name) Act, 1968 (53 of 1968), s.5, for "8. Madras" (w. e. f. 14-1-1969).
14. Subs. by the Andhra Pradesh and Madras (Alteration of Boundaries) Act, 1959 (56 of 1959), s.8 for "17" (w. e. f. 1-4-1960).
15. Ins. by the Bombay Reorganisation Act, 1960 (11 of 1960), s.6 (w. e. f. 1-5-1960).

[1][നാലാം പട്ടിക

[4 (1)-ഉം 80 (2)-ഉം അനുച്ഛേദങ്ങൾ]

രാജ്യസഭാസ്ഥാനങ്ങളുടെ വിഭജനം

താഴെ ചേർത്തിരിക്കുന്ന അനുസൂചികയിലെ ഒന്നാം കോളത്തിൽ കൊടുത്തിട്ടുള്ള ഓരോ സംസ്ഥാനത്തിനും ഓരോ യൂണിയൻ പ്രദേശത്തിനും, അതതുസംഗതിപോലെ, ആ സംസ്ഥാനത്തിനോ യൂണിയൻ പ്രദേശത്തിനോ എതിരെ അതിലെ രണ്ടാം കോളത്തിൽ കൊടുത്തിട്ടുള്ളത്ര സ്ഥാനങ്ങൾ തിരിച്ചുവയ്ക്കേണ്ടതാകുന്നു:

അനുസൂചിക

1.	ആന്ധ്രാപ്രദേശ്	[2][11]
[3][2.	തെലങ്കാന	7]
[4][3.]	ആസ്സാം	7
[4][4.]	ബീഹാർ	[5][16]
[6][4][5.]	ജാർഖണ്ഡ്	6]
[7][8][4][6.]	ഗോവ	1]]
[9][8][4][7.]	ഗുജറാത്ത്	11]]
[10][8][4][8.]	ഹരിയാന	5]]
[8][4][9.]	കേരളം	9]
[8][4][10.]]	മദ്ധ്യപ്രദേശ്	[11][11]
[12][8][4][11.]	ഛത്തീസ്ഗഡ്	5]]
[13][8][4][12.]	തമിഴ്നാട്	[14][18]]
[15][8][4][13.]	മഹാരാഷ്ട്ര	19]]

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം നാലാം പട്ടികയ്ക്ക് പകരം ചേർത്തത്.
2. 2014-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ആക്റ്റ്, 12-ാം വകുപ്പ് പ്രകാരം, "18" എന്നതിനു പകരം ചേർത്തത്.
3. മേൽപ്പറഞ്ഞ ആക്റ്റ്, 12-ാം വകുപ്പ് പ്രകാരം, ചേർത്തത്.
4. മേൽപ്പറഞ്ഞ ആക്റ്റ്, 12-ാം വകുപ്പ് പ്രകാരം, 2 മുതൽ 30 വരെയുള്ള ഉൾക്കുറിപ്പുകൾ 3 മുതൽ 31 വരെയുള്ള ഉൾക്കുറിപ്പുകളായി പുനരക്കമിട്ടു.
5. ബീഹാർ പുനഃസംഘടന ആക്റ്റ്, 2000, 7-ാം വകുപ്പുപ്രകാരം "22" എന്നതിനു പകരം ചേർത്തത്.
6. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പ് പ്രകാരം ചേർത്തത്.
7. 1987-ലെ ഗോവ, ദാമൻ-ദിയു പുനഃസംഘടന ആക്റ്റ് (1987-ലെ 18), 6-ാം വകുപ്പുപ്രകാരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).
8. ബീഹാർ പുനഃസംഘടന ആക്റ്റ്, 2000, 7-ാം വകുപ്പുപ്രകാരം 4 മുതൽ 29 വരെയുള്ള ഉൾക്കുറിപ്പുകൾ 5 മുതൽ 30 വരെയുള്ള ഉൾക്കുറിപ്പുകളായി പുനരക്കമിട്ടു.
9. 1960-ലെ ബോംബെ പുനഃസംഘടന ആക്റ്റ് (1960-ലെ 11), 6-ാം വകുപ്പുപ്രകാരം "4"-ാം ഉൾക്കുറിപ്പിനുപകരം ചേർത്തത്. (1-5-1960 മുതൽ പ്രാബല്യം).
10. 1966-ലെ പഞ്ചാബ് പുനഃസംഘടന ആക്റ്റ് (1966-ലെ 31), 9-ാം വകുപ്പുപ്രകാരം ചേർത്തത് (1-11-1966 മുതൽ പ്രാബല്യം).
11. മദ്ധ്യപ്രദേശ് പുനഃസംഘടന ആക്റ്റ്, 2000, (2000-ലെ 28) 7-ാം വകുപ്പുപ്രകാരം "16" എന്നതിനു പകരം ചേർത്തത്.
12. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പ് പ്രകാരം ചേർത്തത്.
13. 1968-ലെ മദ്രാസ് സംസ്ഥാനം (പേരുമാറ്റൽ) ആക്റ്റ് (1968-ലെ 53), 5-ാം വകുപ്പുപ്രകാരം "8. മദ്രാസ്" എന്നതിനു പകരം ചേർത്തത് (14-1-1969 മുതൽ പ്രാബല്യം).
14. 1959-ലെ ആന്ധ്രാപ്രദേശ്-മദ്രാസ് (അതിർത്തി വ്യത്യാസപ്പെടുത്തൽ) ആക്റ്റ് (1959-ലെ 56), 8-ാം വകുപ്പുപ്രകാരം "17" എന്നതിനു പകരം ചേർത്തത് (1-4-1960 മുതൽ പ്രാബല്യം).
15. 1960-ലെ ബോംബെ പുനഃസംഘടന ആക്റ്റ്, (1960-ലെ 11), 6-ാം വകുപ്പുപ്രകാരം ചേർത്തത് (1-5-1960 മുതൽ പ്രാബല്യം).

[3][1][2][14.]	Karnataka	12]]
[1][2][15.]	[4][Odisha]	10]
[1][2][16.]	Punjab	[5][7]
[1][2][17.]	Rajasthan	10]
[1][2][18.]	Uttar Pradesh	[6][31]
[7][1][2][19.]	[8][Uttarakhand]	3]]
[1][2][20.]	West Bengal	16]
[9][1][2][***]		
[10][11][1][2][21.]	Nagaland	1]]
[12][1][2][10][22.]	Himachal Pradesh	3]]]
[2][1][10][23.]	Manipur	1]
[2][1][10][24.]	Tripura	1]]
[2][1][10][25.]	Meghalaya	1]]
[13][2][1][10][26.]	Sikkim	1]]
[14][2][1][10][27.]	Mizoram	1]]
[15][2][1][10][28.]	Arunachal Pradesh	1]]
[2][1][10][29.]	Delhi	3]
[2][1][10][30.]	[16][Puducherry]	1]]
[17][2][1][10][31.	Jammu and Kashmir	4]
	Total	[18][233]

1. Entries 4 to 29 re-numbered as entries 5 to 30 by the Bihar Reorganisation Act, 2000 (30 of 2000), s. 7.
2. Entries 2 to 30 renumbered as entries 3 to 31 respectively by the Andhra Pradesh Reorganisation Act, 2014 (6 of 2014), s.12.
3. Subs. by the Mysore State (Alteration of Name) Act, 1973 (31 of 1973), s.5, for "10. Mysore" (w.e.f. 1-11-1973).
4. Subs. by the Orissa (Alteration of Name) Act, 2011 (15 of 2011), s.7, for "Orissa".
5. Subs. by the Punjab Reorganisation Act, 1966 (31 of 1966), s.9, for "11'' (w.e.f. 1-11-1966).
6. Subs. by the Uttar Pradesh Reorganisation Act, 2000 (29 of 2000), s. 7, for "34".
7. Ins. by s. 7, ibid.
8. Subs. by the Uttaranchal (Alteration of Name) Act, 2006 (52 of 2006), s.5, for "Uttaranchal".
9. Entry 21 relating to Jammu and Kashmir deleted by the Jammu and Kashmir Reorganisation Act, 2019 (34 of 2019), s.8.
10. Entries 22 to 31 renumbered as entries 21 to 30, respectively by the Jammu and Kashmir Reorganisation Act, 2019 (34 of 2019), s.8.
11. Ins. by the State of Nagaland Act, 1962 (27 of 1962), s. 6 (w.e.f. 1-12-1963).
12. Ins. by the State of Himachal Pradesh Act, 1970 (53 of 1970), s. 5 (w.e.f. 25-1-1971).
13. Ins. by the Constitution (Thirty-sixth Amendment) Act, 1975, s. 4 (w.e.f. 26-4-1975).
14. Ins. by the State of Mizoram Act, 1986 (34 of 1986), s. 5 (w.e.f. 20-2-1987).
15. Ins. by the State of Arunachal Pradesh Act, 1986 (69 of 1986), s. 5 (w.e.f. 20-2-1987).
16. Subs. by the Pondicherry (Alteration of Name) Act, 2006 (44 of 2006), s. 6, for "Pondicherry" (w.e.f. 1-10-2006).
17. Ins. by the Jammu and Kashmir Reorganisation Act, 2019 (34 of 2019), s.8.
18. Subs. by the Goa, Daman and Diu Reorganisation Act, 1987, s. 6, for "232" (w.e.f. 30-5-1987).

[3][[1][[2][14.]	കർണ്ണാടക	12]]
[1][[2][15.]	[ഒഡീഷ]	10]
[1][[2][16.]	പഞ്ചാബ്	[5][7]
[1][[2][17.]	രാജസ്ഥാൻ	10]
[1][[2][18.]	ഉത്തർപ്രദേശ്	[6][31]
[7][[1][[2][19.]	[8][ഉത്തരാഖണ്ഡ്]	3]]
[1][[2][20.]	പശ്ചിമബംഗാൾ	16]
[9][[1][[2][***]		
[10][[11][[1][[2][21.]	നാഗാലാന്റ്	1]]
[12][[1][2][[10][22.]	ഹിമാചൽപ്രദേശ്	3]]]
[2][[1][[10][23.]	മണിപ്പൂർ	1]
[2][[1][[10][24.]	ത്രിപുര	1]]
[2][[1][[10][25.]	മേഘാലയ	1]]
[13][[2][[1][[10][26.]	സിക്കിം	1]]
[14][[2][[1][[10][27.]	മിസ്സോറാം	1]]
[15][[2][[1][[10][28.]	അരുണാചൽപ്രദേശ്	1]]
[2][[1][[10][29.]	ഡൽഹി	3]
[2][[1][[10][30.]	[16][പുതുച്ചേരി]	1]]
[17][[2][[1][[10][31.	ജമ്മു-കാശ്മീർ	4]
	ആകെ	**[18][233]**

1. 2000-ലെ ബീഹാർ പുനഃസംഘടന ആക്റ്റ്, (2000-ലെ 30) 7-ാം വകുപ്പുപ്രകാരം 4 മുതൽ 29 വരെയുള്ള ഉൾക്കുറിപ്പുകൾ 5 മുതൽ 30 വരെയുള്ള ഉൾക്കുറിപ്പുകളായി പുനരക്കമിട്ടു.
2. 2014-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ആക്റ്റ്, (2014-ലെ 6) 12-ാം വകുപ്പ് പ്രകാരം 2 മുതൽ 30 വരെയുള്ള ഉൾക്കുറിപ്പുകൾ 3 മുതൽ 31 വരെയുള്ള ഉൾക്കുറിപ്പുകളായി പുനരക്കമിട്ടു.
3. 1973-ലെ മൈസൂർ സംസ്ഥാന (പേരുമാറ്റൽ) ആക്റ്റ് (1973-ലെ 31), 5-ാം വകുപ്പുപ്രകാരം ''10. മൈസൂർ'' എന്നതിനുപകരം ചേർത്തത് (1-11-1973 മുതൽ പ്രാബല്യം).
4. 2011-ലെ ഒറീസ്സ (പേരുമാറ്റൽ) ആക്റ്റ് (2011-ലെ 15), 7-ാം വകുപ്പ് ''ഒറീസ്സ'' എന്നതിനു പകരം ചേർത്തത്.
5. 1966-ലെ പഞ്ചാബ് പുനഃസംഘടന ആക്റ്റ് (1966-ലെ 31), 9-ാം വകുപ്പുപ്രകാരം ''11''എന്നതിനു പകരം ചേർത്തത് (1-11-1966 മുതൽ പ്രാബല്യം).
6. 2000-ലെ ഉത്തർപ്രദേശ് പുനഃസംഘടന ആക്റ്റ്, (2000-ലെ 29), 7-ാം വകുപ്പുപ്രകാരം '34' എന്നതിനു പകരം ചേർത്തത്.
7. മേൽപ്പറഞ്ഞ ആക്റ്റ്, 7-ാം വകുപ്പ് പ്രകാരം ചേർത്തത്.
8. 2006-ലെ ഉത്തരാഞ്ചൽ (പേരുമാറ്റൽ) ആക്റ്റ് (2006-ലെ 52), 5-ാം വകുപ്പുപ്രകാരം ''ഉത്തരാഞ്ചൽ'' എന്നതിനു പകരം ചേർത്തത്.
9. 2019-ലെ ജമ്മു-കാശ്മീർ പുനഃസംഘടന ആക്റ്റ് (2019-ലെ 34) 8-ാം വകുപ്പുപ്രകാരം, ജമ്മു-കാശ്മീരിനെ സംബന്ധിച്ച 21-ാം ഉൾക്കുറിപ്പ് ഒഴിവാക്കി.
10. 2019-ലെ ജമ്മു-കാശ്മീർ പുനഃസംഘടന ആക്റ്റ് (2019-ലെ 34), 8-ാം വകുപ്പുപ്രകാരം 22 മുതൽ 31 വരെയുള്ള ഉൾക്കുറിപ്പുകൾ യഥാക്രമം 21 മുതൽ 30 വരെയുള്ള ഉൾക്കുറിപ്പുകളായി പുനരക്കമിട്ടു.
11. 1962-ലെ നാഗാലാൻഡ് സംസ്ഥാനം ആക്റ്റ്, (1962-ലെ 27), 6-ാം വകുപ്പുപ്രകാരം ചേർത്തത് (1-12-1963 മുതൽ പ്രാബല്യം).
12. 1970-ലെ ഹിമാചൽപ്രദേശ് സംസ്ഥാനം ആക്റ്റ് (1970-ലെ 53), 5-ാം വകുപ്പുപ്രകാരം ചേർത്തത് (25-1-1971 മുതൽ പ്രാബല്യം).
13. 1975-ലെ ഭരണഘടന (മുപ്പത്താറാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (26-4-1975 മുതൽ പ്രാബല്യം).
14. 1986-ലെ മിസ്സോറാം സംസ്ഥാനം ആക്റ്റ്, (1986-ലെ 34), 5-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
15. 1986-ലെ അരുണാചൽപ്രദേശ് സംസ്ഥാനം ആക്റ്റ് (1986-ലെ 69), 5-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
16. 2006-ലെ പോണ്ടിച്ചേരി (പേരുമാറ്റൽ) ആക്റ്റ്, (2006-ലെ 44) 6-ാം വകുപ്പുപ്രകാരം ''പോണ്ടിച്ചേരി'' എന്നതിനു പകരം ചേർത്തത് (1-10-2006 മുതൽ പ്രാബല്യം).
17. 2019-ലെ ജമ്മു-കാശ്മീർ പുനഃസംഘടന ആക്റ്റ് (2019-ലെ 34) 8-ാം വകുപ്പുപ്രകാരം ചേർത്തത്.
18. 1987-ലെ ഗോവ, ദാമൻ, ദിയു പുനഃസംഘടന ആക്റ്റ് (1987-ലെ 18), 6-ാം വകുപ്പുപ്രകാരം ''232'' എന്നതിനു പകരം ചേർത്തത് (30-5-1987 മുതൽ പ്രാബല്യം).

FIFTH SCHEDULE

[Article 244(1)]

Provisions as to the Administration and Control of Scheduled Areas and Scheduled Tribes

PART A

GENERAL

1. Interpretation.—In this Schedule, unless the context otherwise requires, the expression "State" [1][***] does not include the [2][States of Assam [3][,[4][Meghalaya, Tripura and Mizoram.]]]

2. Executive power of a State in Scheduled Areas.—Subject to the provisions of this Schedule, the executive power of a State extends to the Scheduled Areas therein.

3. Report by the Governor [5][***] to the President regarding the administration of Scheduled Areas.—The Governor [5][***]of each State having Scheduled Areas therein shall annually, or whenever so required by the President, make a report to the President regarding the administration of the Scheduled Areas in that State and the executive power of the Union shall extend to the giving of directions to the State as to the administration of the said areas.

PART B

ADMINISTRATION AND CONTROL OF SCHEDULED AREAS AND SCHEDULED TRIBES

4. Tribes Advisory Council.—(1) There shall be established in each State having Scheduled Areas therein and, if the President so directs, also in any State having Scheduled Tribes but not Scheduled Areas therein, a Tribes Advisory Council consisting of not more than twenty members of whom, as nearly as may be, three-fourths shall be the representatives of the Scheduled Tribes in the Legislative Assembly of the State:

---

1. The words and letters "means a State specified in Part A or Part B of the First Schedule but" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.
2. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71, for "State of Assam" (w.e.f. 21-1-1972).
3. Subs. by the Constitution (Forty-ninth Amendment) Act, 1984, s.3, for "and Meghalaya" (w.e.f. 1-4-1985).
4. Subs. by the State of Mizoram Act, 1986 (34 of 1986), s. 39, for "Meghalaya and Tripura" (w.e.f. 20-2-1987).
5. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.,

അഞ്ചാം പട്ടിക

[അനുച്ഛേദം 244(1)]

പട്ടിക പ്രദേശങ്ങളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ

ഭാഗം ക

സാമാന്യം

1. വ്യാഖ്യാനം.— ഈ പട്ടികയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം ''സംസ്ഥാനം'' എന്ന പ്രയോഗത്തിൽ [1][***] [2][ആസ്സാം [3][[4][മേഘാലയ, ത്രിപുര, മിസ്സോറാം]]] എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതല്ല.

2. പട്ടിക പ്രദേശങ്ങളിൽ ഒരു സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം.— ഈ പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം അതിന്റെ പട്ടിക പ്രദേശങ്ങളിലേക്കും വ്യാപിക്കുന്നതാകുന്നു.

3. പട്ടിക പ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് രാഷ്ട്രപതിക്ക് ഗവർണ്ണറുടെ [5][***] റിപ്പോർട്ട്.— പട്ടിക പ്രദേശങ്ങൾ ഉള്ള ഓരോ സംസ്ഥാനത്തെയും ഗവർണ്ണർ [5][***] പ്രതിവർഷമോ അല്ലെങ്കിൽ രാഷ്ട്രപതി ആവശ്യപ്പെടുമ്പോഴൊക്കെയുമോ ആ സംസ്ഥാനത്തെ പട്ടിക പ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച് രാഷ്ട്രപതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതും, യൂണിയന്റെ നിർവ്വാഹകാധികാരം മേൽപ്പറഞ്ഞ പ്രദേശങ്ങളുടെ ഭരണത്തെക്കുറിച്ച് ആ സംസ്ഥാനത്തിനു നിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് വ്യാപിക്കുന്നതുമാകുന്നു.

ഭാഗം ഖ

പട്ടിക പ്രദേശങ്ങളുടെയും പട്ടികഗോത്രവർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും

4. ഗോത്രവർഗ്ഗ ഉപദേശകസമിതി.— (1) പട്ടിക പ്രദേശങ്ങളുള്ള ഓരോ സംസ്ഥാനത്തും രാഷ്ട്രപതി അങ്ങനെ നിർദ്ദേശിക്കുന്നുവെങ്കിൽ പട്ടികഗോത്രവർഗ്ഗങ്ങൾ ഉള്ളതും എന്നാൽ പട്ടിക പ്രദേശങ്ങൾ ഇല്ലാത്തതുമായ ഏതു സംസ്ഥാനത്തും ഇരുപതിൽ കവിയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ഗോത്രവർഗ്ഗ ഉപദേശകസമിതി സ്ഥാപിക്കേണ്ടതും അവരിൽ നാലിൽ മൂന്ന് ഭാഗത്തിന് കഴിയുന്നിടത്തോളം അടുത്തുവരുന്ന്ത്ര അംഗങ്ങൾ ആ സംസ്ഥാനത്തെ നിയമസഭയിലെ പട്ടികഗോത്രവർഗ്ഗങ്ങളുടെ പ്രതിനിധികൾ ആയിരിക്കേണ്ടതും ആകുന്നു:

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയുടെ ക ഭാഗത്തിലോ ഖ ഭാഗത്തോ പറഞ്ഞിട്ടുള്ള ഒരു സംസ്ഥാനം എന്നർത്ഥമാകുന്നതും, എന്നാൽ,'' എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71-ാം വകുപ്പുപ്രകാരം ''ആസ്സാം സംസ്ഥാനം'' എന്നതിനുപകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. 1984-ലെ ഭരണഘടന (നാൽപ്പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ''മേഘാലയവും'' എന്നതിനുപകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
4. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പുപ്രകാരം ''മേഘാലയവും ത്രിപുരയും'' എന്നതിനുപകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
5. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

Provided that if the number of representatives of the Scheduled Tribes in the Legislative Assembly of the State is less than the number of seats in the Tribes Advisory Council to be filled by such representatives, the remaining seats shall be filled by other members of those tribes.

(2) It shall be the duty of the Tribes Advisory Council to advise on such matters pertaining to the welfare and advancement of the Scheduled Tribes in the State as may be referred to them by the Governor [1][***]

(3) The Governor [2] [***] may make rules prescribing or regulating, as the case may be,—

(a) the number of members of the Council, the mode of their appointment and the appointment of the Chairman of the Council and of the officers and servants thereof;

(b) the conduct of its meetings and its procedure in general; and

(c) all other incidental matters.

5. Law applicable to Scheduled Areas.—(1) Notwithstanding anything in this Constitution, the Governor [1][***] may by public notification direct that any particular Act of Parliament or of the Legislature of the State shall not apply to a Scheduled Area or any part thereof in the State or shall apply to a Scheduled Area or any part thereof in the State subject to such exceptions and modifications as he may specify in the notification and any direction given under this sub-paragraph may be given so as to have retrospective effect.

(2) The Governor [1][***] may make regulations for the peace and good government of any area in a State which is for the time being a Scheduled Area.

In particular and without prejudice to the generality of the foregoing power, such regulations may—

(a) prohibit or restrict the transfer of land by or among members of the Scheduled Tribes in such area;

(b) regulate the allotment of land to members of the Scheduled Tribes in such area;

(c) regulate the carrying on of business as money-lender by persons who lend money to members of the Scheduled Tribes in such area.

---

1. The words "or Rajpramukh, as the case may be" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

2. The words "or Rajpramukh" omitted by s. 29 and Sch., ibid.

എന്നാൽ, ആ സംസ്ഥാന നിയമസഭയിലെ പട്ടികഗോത്രവർഗ്ഗങ്ങളുടെ പ്രതിനിധികളുടെ സംഖ്യ ഗോത്രവർഗ്ഗ ഉപദേശകസമിതിയിൽ അങ്ങനെയുള്ള പ്രതിനിധികളാൽ നികത്തേണ്ട സ്ഥാനങ്ങളുടെ സംഖ്യയിൽ കുറവാണെങ്കിൽ ശേഷമുള്ള സ്ഥാനങ്ങൾ ആ ഗോത്രവർഗ്ഗങ്ങളിലെ മറ്റ് അംഗങ്ങളാൽ നികത്തേണ്ടതാകുന്നു.

(2) ഗവർണ്ണർ [1][***] ആ സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമവും ഉന്നമനവും സംബന്ധിച്ച് ഗോത്രവർഗ്ഗ ഉപദേശകസമിതിക്ക് അയച്ചുകൊടുക്കുന്ന അങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി ഉപദേശം നൽകുന്നത് ആ സമിതിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

(3) ഗവർണ്ണർക്ക് [2][***]

(ക) ആ സമിതിയിലെ അംഗങ്ങളുടെ എണ്ണവും, അവരുടെ നിയമനത്തിന്റെ രീതിയും സമിതിയുടെ ചെയർമാന്റെയും അതിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനവും;

(ഖ) അതിന്റെ സമ്മേളനങ്ങളുടെ നടത്തിപ്പും അതിന്റെ സാമാന്യമായ നടപടിക്രമവും;

(ഗ) സാന്ദർഭികമായ മറ്റെല്ലാ വിഷയങ്ങളും, അതതുസംഗതിപോലെ, നിർണ്ണയിച്ചുകൊണ്ടോ, ക്രമപ്പെടുത്തിക്കൊണ്ടോ,

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

5. പട്ടിക പ്രദേശങ്ങൾക്ക് ബാധകമാകുന്ന നിയമം.—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഗവർണ്ണർക്ക് [1][***] പൊതുവിജ്ഞാപനം വഴി, പാർലമെന്റിന്റെയോ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെയോ ഏതെങ്കിലും പ്രത്യേക ആക്റ്റ് ആ സംസ്ഥാനത്തെ ഒരു പട്ടിക പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുകയില്ലെന്നോ, അല്ലെങ്കിൽ ആ വിജ്ഞാപനത്തിൽ അദ്ദേഹം പറയുന്ന ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ആ സംസ്ഥാനത്തെ ഏതെങ്കിലും പട്ടിക പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുമെന്നോ നിർദ്ദേശിക്കാവുന്നതും ഈ ഉപഖണ്ഡികപ്രകാരം നൽകുന്ന ഏതെങ്കിലും നിർദ്ദേശം പൂർവ്വകാല പ്രാബല്യമുണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതും ആകുന്നു.

(2) ഗവർണ്ണർക്ക് [1][***] ഒരു സംസ്ഥാനത്തിൽ ആ സമയം പട്ടിക പ്രദേശമായിരിക്കുന്ന ഏതെങ്കിലും പ്രദേശത്തിന്റെ സമാധാനത്തിനും സൽഭരണത്തിനും വേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും അങ്ങനെയുള്ള റെഗുലേഷനുകൾക്ക്—

(ക) അങ്ങനെയുള്ള പ്രദേശത്ത് പട്ടികഗോത്രവർഗ്ഗങ്ങളിലെ അംഗങ്ങളോ അവർക്കിടയിലോ ഭൂമി കൈമാറുന്നതു നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതും;

(ഖ) അങ്ങനെയുള്ള പ്രദേശത്ത് പട്ടികഗോത്രവർഗ്ഗങ്ങളിലെ അംഗങ്ങൾക്ക് ഭൂമി തിരിച്ചുവയ്ക്കുന്നത് ക്രമീകരിക്കാവുന്നതും;

(ഗ) അങ്ങനെയുള്ള പ്രദേശത്ത് പട്ടികഗോത്രവർഗ്ഗങ്ങളിലെ അംഗങ്ങൾക്ക് പണം കടം കൊടുക്കുന്ന ആളുകളുടെ, പണം കടം കൊടുപ്പുകാരെന്ന നിലയിലുള്ള ബിസിനസ് ക്രമീകരിക്കാവുന്നതും,

ആണ്.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ അതതുസംഗതിപോലെ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പട്ടികയും പ്രകാരം ''അല്ലെങ്കിൽ രാജപ്രമുഖൻ'' എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

(3) In making any such regulation as is referred to in sub-paragraph (2) of this paragraph, the Governor [1][***] may repeal or amend any Act of Parliament or of the Legislature of the State or any existing law which is for the time being applicable to the area in question.

(4) All regulations made under this paragraph shall be submitted forthwith to the President and, until assented to by him, shall have no effect.

(5) No regulation shall be made under this paragraph unless the Governor [1][***] making the regulation has, in the case where there is a Tribes Advisory Council for the State, consulted such Council.

PART C

SCHEDULED AREAS

6. Scheduled Areas.—(1) In this Constitution, the expression "Scheduled Areas" means such areas as the President may by order* declare to be Scheduled Areas.

(2) The President may at any time by order**

(a) direct that the whole or any specified part of a Scheduled Area shall cease to be a Scheduled Area or a part of such an area;

[2][(aa) increase the area of any Scheduled Area in a State after consultation with the Governor of that State;]

(b) alter, but only by way of rectification of boundaries, any Scheduled Area;

(c) on any alteration of the boundaries of a State or on the admission into the Union or the establishment of a new State, declare any territory not previously included in any State to be, or to form part of, a Scheduled Area;

[2][*(d)* rescind, in relation to any State or States, any order or orders made under this paragraph, and in consultation with the Governor of the State concerned, make fresh orders redefining the areas which are to be Scheduled Areas;]

and any such order may contain such incidental and consequential provisions as appear to the President to be necessary and proper, but save as aforesaid, the order made under sub-paragraph (1) of this paragraph shall not be varied by any subsequent order.

PART D

AMENDMENT OF THE SCHEDULE

7. Amendment of the Schedule.—(1) Parliament may from time to time by law amend by way of addition, variation or repeal any of the provisions of this Schedule and, when the Schedule is so amended, any reference to this Schedule in this Constitution shall be construed as a reference to such Schedule as so amended.

(2) No such law as is mentioned in sub-paragraph (1) of this paragraph shall be deemed to be an amendment of this Constitution for the purposes of article 368.

---

1. The words "or Rajpramukh" omitted by the Constitution (Seventh Amendment) Act, 1956, s. 29 and Sch.

* See the Scheduled Areas (Part A States) Order, 1950 (C.O.9), the Scheduled Areas (Part B States) Order,1950 (C.O. 26), the Scheduled Areas (Himachal Pradesh) Order, 1975 (C.O. 102) and the Scheduled Areas (States of Bihar, Gujarat, Madhya Pradesh and Orissa) Order, 1977(C.O. 109).

** See the Madras Scheduled Areas (Cessor) Order, 1950 (C.O. 30) and the Andhra Scheduled Areas (Cessor) Order,1955 (C.O. 50).

2. Ins. by the Fifth Schedule to the Constitution (Amendment) Act, 1976 (101 of 1976), s. 2.

(3) ഈ ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും റെഗുലേഷൻ ഉണ്ടാക്കുന്നതിൽ ഗവർണ്ണർക്ക് [1][***] പ്രശ്നവിഷയമായ പ്രദേശത്തിന് തത്സമയം ബാധകമായിരിക്കുന്ന, പാർലമെന്റിന്റെയോ ആ സംസ്ഥാനത്തിലെ നിയമനിർമ്മാണമണ്ഡലത്തിന്റെയോ ഏതെങ്കിലും ആക്റ്റോ നിലവിലുള്ള ഏതെങ്കിലും നിയമമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) ഈ ഖണ്ഡികപ്രകാരം ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകളും ഉടനടി രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അനുമതി നൽകുന്നതുവരെ അവയ്ക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(5) ഈ ഖണ്ഡികപ്രകാരം യാതൊരു റെഗുലേഷനും, ആ റെഗുലേഷൻ ഉണ്ടാക്കുന്ന ഗവർണ്ണർ, [1][***] സംസ്ഥാനത്തിന് ഒരു ഗോത്രവർഗ്ഗ ഉപദേശകസമിതി ഉള്ള സംഗതിയിൽ, അങ്ങനെയുള്ള സമിതിയോട് ആലോചിച്ചിട്ടല്ലാതെ, ഉണ്ടാക്കുവാൻ പാടുള്ളതല്ല.

ഭാഗം ഗ

പട്ടിക പ്രദേശങ്ങൾ

6. പട്ടിക പ്രദേശങ്ങൾ.— (1) ഈ ഭരണഘടനയിൽ "പട്ടിക പ്രദേശങ്ങൾ" എന്ന പ്രയോഗത്തിന് രാഷ്ട്രപതി ഉത്തരവു* വഴി പട്ടിക പ്രദേശങ്ങൾ ആണെന്ന് പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

(2) രാഷ്ട്രപതിക്ക് ഏത് സമയത്തും ഉത്തരവു വഴി **

(ക) ഒരു പട്ടിക പ്രദേശം മുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നിർദ്ദിഷ്ട ഭാഗമോ ഒരു പട്ടിക പ്രദേശമോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു പ്രദേശത്തിന്റെ ഒരു ഭാഗമോ അല്ലാതാവുമെന്ന് പ്രഖ്യാപിക്കാവുന്നതും;

[2][(കക) ആ സംസ്ഥാനത്തെ ഗവർണ്ണറുമായി ആലോചിച്ചശേഷം സംസ്ഥാനത്തെ ഒരു പട്ടിക പ്രദേശത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കാവുന്നതും;]

(ഖ) ഏതൊരു പട്ടിക പ്രദേശവും, അതിരു തിരുത്തൽ വഴിയായി മാത്രം, വ്യത്യാസപ്പെടുത്താവുന്നതും;

(ഗ) ഒരു സംസ്ഥാനത്തിന്റെ അതിരുകളിൽ ഏതെങ്കിലും വ്യത്യാസം വരുത്തുമ്പോഴോ, യൂണിയനകത്ത് ഒരു പുതിയ സംസ്ഥാനത്തെ പ്രവേശിപ്പിക്കുമ്പോഴോ, പുതിയ സംസ്ഥാനം സ്ഥാപിക്കുമ്പോഴോ, ഏതെങ്കിലും സംസ്ഥാനത്ത് മുമ്പ് ഉൾപ്പെടാതിരുന്ന ഏതെങ്കിലും പ്രദേശം ഒരു പട്ടിക പ്രദേശമാണെന്നോ അതിന്റെ ഭാഗമാണെന്നോ പ്രഖ്യാപിക്കാവുന്നതും;

[2][(ഘ) ഏതെങ്കിലും സംസ്ഥാനത്തെയോ സംസ്ഥാനങ്ങളെയോ സംബന്ധിച്ച് ഈ ഖണ്ഡികപ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവോ ഉത്തരവുകളോ റദ്ദാക്കുകയോ ബന്ധപ്പെട്ട സംസ്ഥാന ഗവർണ്ണറുമായി ആലോചിച്ച് ഏതെല്ലാം പ്രദേശങ്ങൾ പട്ടിക പ്രദേശങ്ങളായിരിക്കുമെന്ന് പുനർനിശ്ചയിച്ചുകൊണ്ട് പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതും,]

അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിൽ രാഷ്ട്രപതിക്ക് ആവശ്യമെന്നും ഉചിതമെന്നും തോന്നുന്ന സാന്ദർഭികവും അനന്തരഫലമായുള്ളതും ആയ വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതും എന്നാൽ മുൻപറഞ്ഞ പ്രകാരത്തിലൊഴികെ ഈ ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് പിന്നീടുള്ള ഏതെങ്കിലും ഉത്തരവു വഴി വ്യത്യാസപ്പെടുത്താവുന്നതല്ലാത്തതും ആകുന്നു.

ഭാഗം ഘ

പട്ടികയുടെ ഭേദഗതി

7. പട്ടികയുടെ ഭേദഗതി.— (1) പാർലമെന്റിന് അപ്പോഴപ്പോൾ നിയമം വഴി, കൂട്ടിച്ചേർക്കലിലൂടെയോ, വ്യത്യാസപ്പെടുത്തലിലൂടെയോ റദ്ദാക്കലിലൂടെയോ ഈ പട്ടികയിലെ വ്യവസ്ഥകളിൽ ഏതിനെയും ഭേദഗതി ചെയ്യാവുന്നതും പട്ടിക അങ്ങനെ ഭേദഗതി ചെയ്യപ്പെടുമ്പോൾ ഈ ഭരണഘടനയിൽ ഈ പട്ടികയെപ്പറ്റിയുള്ള ഏതെങ്കിലും പരാമർശം അങ്ങനെ ഭേദഗതി ചെയ്ത പട്ടികയെക്കുറിച്ചുള്ള ഒരു പരാമർശമായി കരുതേണ്ടതും ആകുന്നു.

(2) ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞപ്രകാരമുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ല.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം "അല്ലെങ്കിൽ രാജപ്രമുഖൻ " എന്നീ വാക്കുകൾ വിട്ടുകളഞ്ഞു.

*. 1950-ലെ പട്ടിക പ്രദേശങ്ങൾ (ക ഭാഗം സംസ്ഥാനങ്ങൾ) ഉത്തരവ് (സി. ഒ. 9), 1950-ലെ പട്ടിക പ്രദേശങ്ങൾ (ഖ ഭാഗം സംസ്ഥാനങ്ങൾ) ഉത്തരവ് (സി. ഒ. 26), 1975-ലെ പട്ടിക പ്രദേശങ്ങൾ (ഹിമാചൽപ്രദേശ്) ഉത്തരവ് (സി. ഒ. 102), 1977-ലെ പട്ടിക പ്രദേശങ്ങൾ (ബീഹാർ, ഗുജറാത്ത്, മദ്ധ്യപ്രദേശ്, ഒറീസ്സ സംസ്ഥാനങ്ങൾ) ഉത്തരവ് (സി. ഒ. 109) എന്നിവ കാണുക.

**. 1950-ലെ മദ്രാസ് പട്ടിക പ്രദേശങ്ങൾ (സമാപ്തി) ഉത്തരവ് (സി. ഒ. 30), 1955-ലെ ആന്ധ്രാ പട്ടിക പ്രദേശങ്ങൾ (സമാപ്തി) ഉത്തരവ് (സി. ഒ. 50) എന്നിവ കാണുക.

2. 1976-ലെ ഭരണഘടന അഞ്ചാം പട്ടിക (ഭേദഗതി) ആക്റ്റ്, (1976-ലെ 101), 2-ാം വകുപ്പുപ്രകാരം ചേർത്തത്.

SIXTH SCHEDULE

[Articles 244(2) and 275(1)]

Provisions as to the Administration of Tribal Areas in [1][the States of Assam, [2][Meghalaya, Tripura] and Mizoram]

[3]**1. Autonomous districts and autonomous regions.—**(1) Subject to the provisions of this paragraph, the tribal areas in each item of [4][[5][Parts I, II and IIA] and in Part III] of the table appended to paragraph 20 of this Schedule shall be an autonomous district.

(2) If there are different Scheduled Tribes in an autonomous district, the Governor may, by public notification, divide the area or areas inhabited by them into autonomous regions.

(3) The Governor may, by public notification,—

(a) include any area in [4][any of the Parts] of the said table,

(b) exclude any area from [4][any of the Parts] of the said table,

---

1. Subs. by the State of Mizoram Act, 1986 (34 of 1986), s. 39, for certain words (w.e.f. 20-2-1987).
2. Subs. by the Constitution (Forty-ninth Amendment) Act, 1984, s.4, for "and Meghalaya" (w.e.f. 1-4-1985).
3. Paragraph 1 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2, so as to insert the following proviso after sub-paragraph (2), namely:—

   "Provided that nothing in this sub-paragraph shall apply to the Bodoland Territorial Areas District".
4. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch., for "Part A" (w.e.f. 21-1-1972).
5. Subs. by the Constitution (Forty-ninth Amendment) Act, 1984, s. 4, for "Parts I and II" (w.e.f. 1-4-1985).

ആറാം പട്ടിക

[244 (2)-ഉം 275 (1)-ഉം അനുച്ഛേദങ്ങൾ]

[1][ആസ്സാം, [2][മേഘാലയ, ത്രിപുര], മിസ്സോറാം എന്നീ സംസ്ഥാനങ്ങളിലെ] ഗോത്രവർഗ്ഗപ്രദേശങ്ങളുടെ ഭരണം സംബന്ധിച്ച വ്യവസ്ഥകൾ

[3]**1. സ്വയംഭരണ ജില്ലകളും സ്വയംഭരണ പ്രദേശങ്ങളും.**— (1) ഈ ഖണ്ഡികയിലെ വ്യവസ്ഥകൾക്കുവിധേയമായി, ഈ പട്ടികയിലെ 20-ാം ഖണ്ഡികയോട് അനുബന്ധിച്ചിട്ടുള്ള അനുസൂചികയുടെ [4][[5][I-ഉം II-ഉം II ക ഭാഗങ്ങളിലെയും] III-ാം ഭാഗത്തിലെയും] ഓരോ ഇനത്തിലുമുള്ള പട്ടികപ്രദേശങ്ങൾ ഒരു സ്വയംഭരണ ജില്ല ആയിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ ജില്ലയിൽ വിഭിന്നങ്ങളായ പട്ടികഗോത്രവർഗ്ഗങ്ങളുണ്ടെങ്കിൽ ഗവർണ്ണർക്ക്, പൊതുവിജ്ഞാപനം വഴി, അവർ നിവസിക്കുന്ന പ്രദേശമോ പ്രദേശങ്ങളോ സ്വയംഭരണ പ്രദേശങ്ങളായി വിഭജിക്കാവുന്നതാണ്.

(3) ഗവർണ്ണർക്ക്, പൊതുവിജ്ഞാപനം വഴി,—

(ക) മേൽപ്പറഞ്ഞ അനുസൂചികയിലെ [4][ഭാഗങ്ങളിൽ ഏതിലും] ഏതുപ്രദേശവും ഉൾപ്പെടുത്താവുന്നതാണ്,

(ഖ) മേൽപ്പറഞ്ഞ അനുസൂചികയിലെ [4][ഭാഗങ്ങളിൽ ഏതിൽ] നിന്നും ഏതു പ്രദേശവും ഒഴിവാക്കാവുന്നതാണ്,

---

1. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ്, (1986-ലെ 34), 39-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

2. 1984-ലെ ഭരണഘടന (നാൽപ്പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ''മേഘാലയയും'' എന്നതിനുപകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).

3. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44), 2-ാം വകുപ്പുപ്രകാരം 1-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ (2)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ ഉൾക്കൊള്ളിക്കത്തക്കവിധം ഭേദഗതി ചെയ്തിരിക്കുന്നു, അതായത്:—

''എന്നാൽ ഈ ഉപഖണ്ഡികയിലുള്ള യാതൊന്നും തന്നെ ബോഡോലാന്റ് ഭൂപ്രദേശ ജില്ലയ്ക്ക് ബാധകമായിരിക്കുന്നതല്ല.''.

4. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ''ക ഭാഗത്തിന്'' പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

5. 1984-ലെ ഭരണഘടന (നാൽപ്പത്തൊൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ''I-ഉം II-ഉം ഭാഗങ്ങൾ'' എന്നതിനു പകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).

(c) create a new autonomous district,

(d) increase the area of any autonomous district,

(e) diminish the area of any autonomous district,

(f) unite two or more autonomous districts or parts thereof so as to form one autonomous district,

[1][*(ff)* alter the name of any autonomous district,]

(g) define the boundaries of any autonomous district:

Provided that no order shall be made by the Governor under clauses (c), (d), (e) and (f) of this sub-paragraph except after consideration of the report of a Commission appointed under sub-paragraph (1) of paragraph 14 of this Schedule:

[2][Provided further that any order made by the Governor under this sub-paragraph may contain such incidental and consequential provisions (including any amendment of paragraph 20 and of any item in any of the Parts of the said table) as appear to the Governor to be necessary for giving effect to the provisions of the order.]

[3][*[4]*[5]]**2. Constitution of District Councils and Regional Councils.—**(1) [6][There shall be a District Council for each autonomous district consisting of not more than thirty members, of whom not more than four persons shall be nominated by the Governor and the rest shall be elected on the basis of adult suffrage.]

---

1. Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. (w.e.f. 2-4-1970).
2. Ins. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch. (w.e.f. 21-1-1972).
3. Paragraph 2 has been amended in its application to the State of Assam by the sixth Schedule to the Constitution (Amendment) Act, 1995 (42 of 1995), s. 2 so as to insert the following proviso after sub-paragraph (3), namely:—

   "Provided that the District Council constituted for the North Cachar Hills District shall be called as the North Cachar Hills Autonomous Council and the District Council constituted for the Karbi Anglong District shall be called as the Karbi Anglong Autonomous Council."
4. Paragraph 2 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2 so as to insert the following proviso after sub-paragraph (1), namely:—

   "Provided that the Bodoland Territorial Council shall consist of not more than forty-six members of whom forty shall be elected on the basis of adult suffrage, of whom thirty shall be reserved for the Scheduled Tribes, five for non-tribal communities, five open for all communities and the remaining six shall be nominated by the Governor having same rights and privileges as other members, including voting rights, from amongst the un-represented communities of the Bodoland Territorial Areas District, of which at least two shall be women.".
5. Paragraph 2 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2 so as to insert the following proviso after sub-paragraph (3), namely:—

   "Provided further that the District Council constituted for the Bodoland Territorial Areas District shall be called the Bodoland Territorial Council."
6. Subs. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch., for sub-paragraph (1) (w.e.f. 2-4-1970).

(ഗ) ഒരു പുതിയ സ്വയംഭരണ ജില്ല സൃഷ്ടിക്കാവുന്നതാണ്,

(ഘ) ഏതു സ്വയംഭരണ ജില്ലയുടെ വിസ്തീർണ്ണവും വർദ്ധിപ്പിക്കാവുന്നതാണ്,

(ങ) ഏതു സ്വയംഭരണ ജില്ലയുടെ വിസ്തീർണ്ണവും കുറവു ചെയ്യാവുന്നതാണ്,

(ച) രണ്ടോ അതിലധികമോ ജില്ലകളെയോ അല്ലെങ്കിൽ അവയുടെ ഭാഗങ്ങളെയോ ഒരു സ്വയംഭരണ ജില്ലയാകത്തക്കവിധം യോജിപ്പിക്കാവുന്നതാണ്,

[1][(ചച) ഏതു സ്വയംഭരണ ജില്ലയുടെയും പേര് മാറ്റാവുന്നതാണ്,]

(ഛ) ഏതു സ്വയംഭരണ ജില്ലയുടെയും അതിരുകൾ നിർവ്വചിക്കാവുന്നതാണ്:

എന്നാൽ, ഈ ഉപഖണ്ഡികയുടെ (ഗ), (ഘ), (ങ), (ച) എന്നീ ഖണ്ഡങ്ങൾ പ്രകാരം യാതൊരു ഉത്തരവും, ഗവർണ്ണർ ഈ പട്ടികയുടെ 14-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷന്റെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷമല്ലാതെ, പുറപ്പെടുവിക്കാവുന്നതല്ല:

[2][എന്നുമാത്രമല്ല, ഈ ഉപഖണ്ഡികപ്രകാരം ഗവർണ്ണർ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിൽ, ആ ഉത്തരവിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് ആവശ്യമാണെന്ന് ഗവർണ്ണർക്ക് തോന്നുന്ന സാന്ദർഭികവും അനന്തരഫലമായുള്ളതുമായ വ്യവസ്ഥകൾ (20-ാം ഖണ്ഡികയുടെയും, മേൽപ്പറഞ്ഞ അനുസൂചികയിലെ ഭാഗങ്ങളിൽ ഏതിലെങ്കിലുമുള്ള ഏതെങ്കിലും ഇനത്തിന്റെ ഏതെങ്കിലും ഭേദഗതിയും ഉൾപ്പെടെ) അടങ്ങിയിരിക്കാവുന്നതാണ്.]

[3][*[4]*[5]*]**2. ജില്ലാ സമിതികളുടെയും പ്രാദേശിക സമിതികളുടെയും രൂപീകരണം.**—[6][(1) ഓരോ സ്വയംഭരണ ജില്ലയ്ക്കും മുപ്പതിൽ കവിയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ജില്ലാസമിതിയുണ്ടായിരിക്കേണ്ടതും, അവരിൽ നാലിൽ കവിയാതെയുള്ളവരെ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യേണ്ടതും ബാക്കിയുള്ളവരെ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കേണ്ടതുമാകുന്നു.]

---

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. 1995-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1995-ലെ 42), 2-ാം വകുപ്പുപ്രകാരം, 2-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ (3)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കത്തക്കവിധം ഭേദഗതി ചെയ്തു, അതായത്:—

   "എന്നാൽ, ഉത്തരകച്ചാർ മലയോര ജില്ലയ്ക്കുവേണ്ടി രൂപീകരിച്ച ജില്ലാ സമിതിയ്ക്ക് ഉത്തരകച്ചാർ മലയോര സ്വയംഭരണ സമിതി എന്ന് പേർ പറയേണ്ടതും കാർബി ആംഗ്ലോങ് ജില്ലയ്ക്ക് വേണ്ടി രൂപീകരിച്ച ജില്ലാ സമിതിക്ക് കാർബി ആംഗ്ലോങ് സ്വയംഭരണ സമിതി എന്നുപേർ പറയേണ്ടതുമാണ്".
4. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ്, (2003-ലെ 44), 2-ാം വകുപ്പുപ്രകാരം, 1-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ (1)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ ഉൾക്കൊള്ളിക്കത്തക്കവിധം ഭേദഗതി ചെയ്തിരിക്കുന്നു, അതായത്:—

   "എന്നാൽ ബോഡോലാന്റ് ഭൂപ്രദേശ സമിതിയിൽ നാൽപ്പത്തിയാറിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽ നാൽപ്പതു പേരെ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കേണ്ടതും അതിൽ മുപ്പതെണ്ണം പട്ടികഗോത്രവർഗ്ഗങ്ങൾക്കും, അഞ്ചെണ്ണം ഗോത്രേതര സമുദായങ്ങൾക്കും അഞ്ചെണ്ണം എല്ലാ സമുദായങ്ങൾക്കും പൊതുവായും സംവരണം ചെയ്യേണ്ടതും ബാക്കിയുള്ള ആറുപേരെ ബോഡോലാന്റ് ഭൂപ്രദേശ ജില്ലയിലെ പ്രതിനിധീകരിക്കപ്പെടാത്ത സമുദായത്തിൽനിന്നും സമ്മതിദാനാവകാശം ഉൾപ്പെടെ മറ്റ് അംഗങ്ങൾക്കുള്ള അതേ അവകാശങ്ങളോടും വിശേഷാധികാരങ്ങളോടും കൂടി ഗവർണ്ണർ നാമനിർദ്ദേശം ചെയ്യേണ്ടതും അതിൽ കുറഞ്ഞത് രണ്ട് പേർ വനിതകൾ ആയിരിക്കേണ്ടതും ആണ്.".
5. 2-ാം ഖണ്ഡികയിൽ (3)-ാം ഉപഖണ്ഡികയിലുള്ള പരിമിതി വ്യവസ്ഥയ്ക്കുശേഷം താഴെപ്പറയുന്ന പരിമിതി വ്യവസ്ഥ മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം, ആസ്സാം സംസ്ഥാനത്തിന് അതിന്റെ ബാധകതയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, അതായത്:—

   "എന്നുമാത്രമല്ല, ബോഡോലാന്റ് ഭൂപ്രദേശ ജില്ലയായി രൂപീകരിക്കപ്പെടുന്ന ജില്ലാ സമിതിക്ക് ബോഡോലാന്റ് ഭൂപ്രദേശ സമിതി എന്ന പേര് പറയേണ്ടതാണ്".
6. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം (1)-ാം ഉപഖണ്ഡികയ്ക്കു പകരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).

(2) There shall be a separate Regional Council for each area constituted an autonomous region under sub-paragraph (2) of paragraph 1 of this Schedule.

(3) Each District Council and each Regional Council shall be a body corporate by the name respectively of "the District Council of (*name of district*)" and "the Regional Council of (*name of region*)", shall have perpetual succession and a common seal and shall by the said name sue and be sued.

(4) Subject to the provisions of this Schedule, the administration of an autonomous district shall, in so far as it is not vested under this Schedule in any Regional Council within such district, be vested in the District Council for such district and the administration of an autonomous region shall be vested in the Regional Council for such region.

(5) In an autonomous district with Regional Councils, the District Council shall have only such powers with respect to the areas under the authority of the Regional Council as may be delegated to it by the Regional Council in addition to the powers conferred on it by this Schedule with respect to such areas.

(6) The Governor shall make rules for the first constitution of District Councils and Regional Councils in consultation with the existing tribal Councils or other representative tribal organisations within the autonomous districts or regions concerned, and such rules shall provide for—

(a) the composition of the District Councils and Regional Councils and the allocation of seats therein;

(b) the delimitation of territorial constituencies for the purpose of elections to those Councils;

(c) the qualifications for voting at such elections and the preparation of electoral rolls therefor;

(d) the qualifications for being elected at such elections as members of such Councils;

(e) the term of office of members of [1][Regional Councils];

(f) any other matter relating to or connected with elections or nominations to such Councils;

(g) the procedure and the conduct of business [2][(including the power to act notwithstanding any vacancy)] in the District and Regional Councils;

(h) the appointment of officers and staff of the District and Regional Councils.

---

1. Subs. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. for "such Councils" (w.e.f. 2-4-1970).

2. Ins. by s. 74 and Fourth Sch. ibid. (w.e.f. 2-4-1970).

(2) ഈ പട്ടികയിലെ (1)-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികപ്രകാരം സ്വയംഭരണ പ്രദേശമായി രൂപീകരിച്ചിട്ടുള്ള ഓരോ പ്രദേശത്തിനും ഒരു പ്രത്യേക പ്രാദേശിക സമിതിയുണ്ടായിരിക്കേണ്ടതാണ്.

(3) ഓരോ ജില്ലാ സമിതിയും ഓരോ പ്രാദേശിക സമിതിയും യഥാക്രമം ''(*ജില്ലയുടെ പേര്*).....ജില്ലാ സമിതി'' എന്നും ''(*പ്രദേശത്തിന്റെ പേര്*).....പ്രാദേശിക സമിതി'' എന്നും ഉള്ള പേരിൽ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും അതിന് ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കേണ്ടതും അത് വ്യവഹരിക്കുന്നതും അതിനെതിരായി വ്യവഹാരം നടത്തുന്നതും മേൽപ്പറഞ്ഞ പേരിൽ ആയിരിക്കേണ്ടതും ആകുന്നു.

(4) ഈ പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു സ്വയംഭരണ ജില്ലയുടെ ഭരണം അത് ഈ പട്ടിക പ്രകാരം അങ്ങനെയുള്ള ജില്ലയ്ക്കുള്ളിലുള്ള ഏതെങ്കിലും പ്രാദേശിക സമിതിയിൽ നിക്ഷിപ്തമായിട്ടില്ലാത്തിടത്തോളം, അങ്ങനെയുള്ള ജില്ലയ്ക്ക് വേണ്ടിയുള്ള ജില്ലാസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും, ഒരു സ്വയംഭരണ പ്രദേശത്തിന്റെ ഭരണം ആ പ്രദേശത്തേക്കു വേണ്ടിയുള്ള പ്രാദേശിക സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു.

(5) പ്രാദേശിക സമിതികളുള്ള ഒരു സ്വയംഭരണ ജില്ലയിൽ ജില്ലാ സമിതിക്ക് പ്രാദേശിക സമിതിയുടെ അധികാരത്തിൻകീഴിലുള്ള പ്രദേശങ്ങൾ സംബന്ധിച്ചിടത്തോളം, ഈ പട്ടിക വഴി അങ്ങനെയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് അതിന് നൽകിയിട്ടുള്ള അധികാരങ്ങൾക്കു പുറമെ, പ്രാദേശിക സമിതി അതിന് ഏല്പിച്ചുകൊടുത്ത അധികാരങ്ങൾ മാത്രം ഉണ്ടായിരിക്കുന്നതാണ്.

(6) ഗവർണ്ണർ, ബന്ധപ്പെട്ട സ്വയംഭരണ ജില്ലകൾക്കോ പ്രദേശങ്ങൾക്കോ ഉള്ളിലെ നിലവിലുള്ള ഗോത്രവർഗ്ഗ സമിതികളോടോ മറ്റു പ്രതിനിധി ഗോത്രവർഗ്ഗ സംഘടനകളോടോ ആലോചിച്ച്, ജില്ലാ സമിതികളുടെയും പ്രാദേശിക സമിതികളുടെയും ആദ്യരൂപീകരണത്തിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ—

(ക) ജില്ലാ സമിതികളുടെയും പ്രാദേശിക സമിതികളുടെയും ഘടനയും അവയിലുള്ള സ്ഥാനങ്ങളുടെ വിഭജനവും;

(ഖ) ആ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ ആവശ്യത്തിന് പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം;

(ഗ) അങ്ങനെയുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്നതിനുള്ള യോഗ്യതകളും അവയിലേക്കുള്ള തെരഞ്ഞെടുപ്പു പട്ടികകൾ തയ്യാറാക്കലും;

(ഘ) അങ്ങനെയുള്ള സമിതികളിലെ അംഗങ്ങളായി അങ്ങനെയുള്ള തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ;

(ങ) [1][പ്രാദേശിക സമിതികളിലെ] അംഗങ്ങളുടെ ഉദ്യോഗ കാലാവധി;

(ച) അങ്ങനെയുള്ള സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകളെയോ നാമനിർദ്ദേശങ്ങളെയോ സംബന്ധിച്ചുള്ളതോ അവയോട് ബന്ധപ്പെട്ടതോ ആയ മറ്റേതെങ്കിലും വിഷയം;

(ഛ) ജില്ലാ സമിതികളിലെയും പ്രാദേശിക സമിതികളിലെയും നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും [2][(ഏതെങ്കിലും ഒഴിവുണ്ടായിരുന്നാലും പ്രവർത്തിക്കുവാനുള്ള അധികാരം ഉൾപ്പടെ)];

(ജ) ജില്ലാ സമിതികളിലെയും പ്രാദേശിക സമിതികളിലെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം,

എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യേണ്ടതും ആകുന്നു.

---

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ''അങ്ങനെയുള്ള സമിതികൾ'' എന്നതിനു പകരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).

[1][(6A) The elected members of the District Council shall hold office for a term of five years from the date appointed for the first meeting of the Council after the general elections to the Council, unless the District Council is sooner dissolved under paragraph 16 and a nominated member shall hold office at the pleasure of the Governor:

Provided that the said period of five years may, while a Proclamation of Emergency is in operation or if circumstances exist which, in the opinion of the Governor, render the holding of elections impracticable, be extended by the Governor for a period not exceeding one year at a time and in any case where a Proclamation of Emergency is in operation not extending beyond a period of six months after the Proclamation has ceased to operate:

Provided further that a member elected to fill a casual vacancy shall hold office only for the remainder of the term of office of the member whom he replaces.]

(7) The District or the Regional Council may after its first constitution make rules [1][with the approval of the Governor] with regard to the matters specified in sub-paragraph (6) of this paragraph and may also make rules [1][with like approval] regulating—

(a) the formation of subordinate local Councils or Boards and their procedure and the conduct of their business; and

(b) generally all matters relating to the transaction of business pertaining to the administration of the district or region, as the case may be:

Provided that until rules are made by the District or the Regional Council under this sub-paragraph the rules made by the Governor under sub-paragraph (6) of this paragraph shall have effect in respect of elections to, the officers and staff of, and the procedure and the conduct of business in, each such Council.

[2][****]

1. Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. (w.e.f. 2-4-1970).
2. Second proviso omitted by s. 74 and Fourth Sch., ibid. (w.e.f. 2-4-1970).

[1][(6കെ) ജില്ലാ സമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, സമിതിയിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പുകൾക്ക് ശേഷമുള്ള സമിതിയുടെ ആദ്യ യോഗത്തിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക്, ജില്ലാ സമിതി അതിന് മുമ്പ് 16-ാം ഖണ്ഡിക പ്രകാരം പിരിച്ചു വിട്ടിട്ടില്ലാത്തപക്ഷം, ഉദ്യോഗം വഹിക്കുന്നതും നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം ഗവർണ്ണർക്ക് ഇഷ്ട മുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും ആകുന്നു:

എന്നാൽ, മേൽപ്പറഞ്ഞ അഞ്ചുവർഷക്കാലം, ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രവർത്തന ത്തിലിരിക്കുമ്പോഴോ അല്ലെങ്കിൽ ഗവർണ്ണറുടെ അഭിപ്രായത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് അപ്രായോഗികമാക്കുന്ന പരിതഃസ്ഥിതികൾ നിലവിലുണ്ടെങ്കിലോ ഗവർണ്ണർക്ക് ഒരു തവണ ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക്, എന്നാൽ ഒരു അടിയന്തരാവസ്ഥാ വിളംബരം പ്രവർത്തനത്തി ലിരിക്കുമ്പോൾ യാതൊരു സംഗതിയിലും ആ വിളംബരം പ്രവർത്തനരഹിതമായതിനുശേഷം ആറുമാ സത്തിനപ്പുറം പോകാതെ, ദീർഘിപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഒരു യാദൃശ്ചിക ഒഴിവ് നികത്താൻ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം, അയാൾ ഏതംഗത്തിന്റെ സ്ഥാനത്താണോ വരുന്നത്, ആ അംഗത്തിന്റെ ഉദ്യോഗ കാലാവധിയുടെ ബാക്കി കാലം മാത്രം ഉദ്യോഗം വഹിക്കുന്നതാകുന്നു.]

(7) ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ അതിന്റെ ആദ്യ രൂപീകരണത്തിനുശേഷം ഈ ഖണ്ഡികയുടെ (6)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് [1][ഗവർണ്ണറുടെ അംഗീകാരത്തോടുകൂടി] ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും കൂടാതെ [1][അങ്ങനെയുള്ള അംഗീകാരത്തോടുകൂടി]—

(ക) കീഴ്തദ്ദേശ സമിതികളുടെയോ അല്ലെങ്കിൽ ബോർഡുകളുടെയോ രൂപീകരണവും അവയുടെ നടപടിക്രമവും അവയുടെ കാര്യങ്ങളുടെ നടത്തിപ്പും;

(ഖ) ആ ജില്ലയുടെയോ പ്രദേശത്തിന്റെയോ, അതതുസംഗതിപോലെ, ഭരണം സംബന്ധിച്ചുള്ള കാര്യങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച സാമാന്യമായുള്ള എല്ലാ വിഷയങ്ങളും,

ക്രമപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും ആകുന്നു:

എന്നാൽ, ഈ ഉപഖണ്ഡികപ്രകാരം ജില്ലാ സമിതിയോ പ്രാദേശിക സമിതിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, ഈ ഖണ്ഡികയിലെ (6)-ാം ഉപഖണ്ഡിക പ്രകാരം ഗവർണ്ണർ ഉണ്ടാക്കുന്ന ചട്ട ങ്ങൾക്ക്, അങ്ങനെയുള്ള ഓരോ സമിതിയിലേക്കും ഉള്ള തെരഞ്ഞെടുപ്പുകളും അതിന്റെ ഉദ്യോഗ സ്ഥൻമാരെയും ജീവനക്കാരെയും അതിന്റെ നടപടിക്രമവും കാര്യങ്ങളുടെ നടത്തിപ്പും സംബന്ധിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

[2][***]

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം രണ്ടാം പരിമിതി വ്യവസ്ഥ വിട്ടുകളഞ്ഞു. (2-4-1970 മുതൽ പ്രാബല്യം).

[1*2*3]**3. Powers of the District Councils and Regional Councils to make laws.—**(1) The Regional Council for an autonomous region in respect of all areas within such region and the District Council for an autonomous District in respect of all areas within the District except those which are under the authority of Regional Councils, if any, within the District shall have power to make laws with respect to—

---

1. Paragraph 3 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2 so as to substitute sub-paragraph (3) as under,—

"(3) Save as otherwise provided in sub-paragraph (2) of paragraph 3A or sub-paragraph (2) of Paragraph 3B, all laws made under this paragraph or sub-paragraph (1) of paragraph 3A or sub-paragraph (1) of paragraph 3B shall be submitted forthwith to the Governor and, until assented to by him, shall have no effect."

2. After paragraph 3, the following paragraph has been inserted by the Sixth Schedule to the Constitution (Amendment) Act, 1995 (42 of 1995), s. 2, namely:—

"3A. Additional powers of the North Cachar Hills Autonomous Council and the Karbi Anglong Autonomous Council to make Law.—(1) Without prejudice to the provision of paragraph 3, the North Cachar Hills Autonomous Council and Karbi Anglong Autonomous Council within their respective districts, shall have power to make laws with respect to—

(a) industries, subject to the provisions of entries 7 and 52 of List I of the Seventh Schedule;

(b) communications, that is to say, roads, bridges, ferries and other means of communication not specified in List I of the Seventh Schedule; municipal tramways, ropeways, inland waterways and traffic thereon subject to the provisions of List I and List III of the Seventh Schedule with regard to such waterways; vehicles other than mechanically propelled vehicles;

(c) preservation, protection and improvement of stock and prevention of animal diseases; veterinary training and practice; cattle pounds;

(d) primary and secondary education;

(e) agriculture, including agricultural education and research, protection against pests and prevention of plant diseases;

(f) fisheries;

(g) water, that is to say, water supplies, irrigation and canals, drainage and embankments, water storage and water power subject to the provisions of entry 56 of List I of the Seventh Schedule;

(h) social security and social insurance; employment and unemployment;

(i) flood control schemes for protection of villages, paddy fields, markets, towns, etc. (not of technical nature);

(j) theatre and dramatic performances, cinemas subject to the provisions of entry 60 of List I of the Seventh Schedule; sports entertainments and amusements;

(k) public health and sanitation, hospitals and dispensaries;

(l) minor irrigation;

(m) trade and commerce in, and the production, supply and distribution of, food stuffs, cattle fodder, raw cotton and raw jute;

(n) libraries, museums and other similar institutions controlled or financed by the State; ancient and historical monuments and records other than those declared by or under any law made by Parliament to be of national importance; and

(o) alienation of land.

(2) All laws made by the North Cachar Hills Autonomous Council and the Karbi Anglong Autonomous Council under paragraph 3 or under this paragraph shall, in so far as they relate to matters specified in List III of the Seventh Schedule, be submitted forthwith to the Governer who shall reserve the same for the consideration of the President.

(3) When a law is reserved for the consideration of the President, the President shall declare either that he assents to the said law or that he withholds assent therefrom:

Provided that the President may direct the Governor to return the law to the North Cachar Hills Autonomous Council or the Karbi Anglong Autonomous Council, as the case may be, together with a message requesting that the said Council will reconsider the law or any specified provisions thereof and, in particular, will, consider the desirability of introducing any such amendments as he may recommend in his message and, when the law is so returned, the said Council shall consider the law accordingly within a period of six months from the date of receipt of such message and, if the law is again passed by the said Council with or without amendment it shall be presented again to the President for his consideration.".

[1]*[2]*[3]**3. ജില്ലാ സമിതികൾക്കും പ്രാദേശിക സമിതികൾക്കും നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരങ്ങൾ.**— (1) ഒരു സ്വയംഭരണ പ്രദേശത്തെ പ്രാദേശിക സമിതിക്ക് അങ്ങനെയുള്ള പ്രദേശത്തിനകത്തുള്ള എല്ലാ പ്രദേശങ്ങളെയും സംബന്ധിച്ചും, ഒരു സ്വയംഭരണ ജില്ലയിലെ ജില്ലാസമിതിക്ക് ആ ജില്ലയ്ക്കകത്തുള്ള പ്രാദേശിക സമിതിയുടെ അധികാരത്തിൻ കീഴിലുള്ള പ്രദേശങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ ഒഴികെയുള്ള എല്ലാ പ്രദേശങ്ങളെയും സംബന്ധിച്ചും, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് നിയമം ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്—

1. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44), 2-ാം വകുപ്പുപ്രകാരം 3-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ (3)-ാം ഉപഖണ്ഡിക താഴെപ്പറയും പ്രകാരം പകരം ചേർക്കത്തക്കവിധം ഭേദഗതി ചെയ്തിരിക്കുന്നു:—

   "(3) 3 ക ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിലോ ഖണ്ഡിക 3 ഖ യുടെ 2-ാം ഉപഖണ്ഡികയിലോ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ഖണ്ഡികയുടെയോ, ഖണ്ഡിക 3 ക യുടെ (1)-ാം ഉപഖണ്ഡികയുടെയോ ഖണ്ഡിക 3 ഖ യുടെ (1)-ാം ഉപഖണ്ഡികയുടെയോ കീഴിൽ ഉണ്ടാക്കിയ എല്ലാ നിയമങ്ങളും ഉടൻതന്നെ ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹത്തിന്റെ അനുമതി കിട്ടുംവരെ യാതൊരു പ്രഭാവവും ഉണ്ടാകുന്നതല്ലാത്തതും ആകുന്നു."

2. 3-ാം ഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഖണ്ഡിക 1995-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1995-ലെ 42), 2-ാം വകുപ്പു പ്രകാരം ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, അതായത്:—

   "3 ക നിയമമുണ്ടാക്കുന്നതിന് ഉത്തരകച്ചാർ മലയോര സ്വയംഭരണ സമിതിയുടെയും കാർബി ആംഗ്ലോങ് സ്വയംഭരണ സമിതിയുടെയും കൂടുതൽ അധികാരങ്ങൾ—(1) 3-ാം ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ഉത്തരകച്ചാർ മലയോര സ്വയംഭരണസമിതിയ്ക്കും കാർബി ആംഗ്ലോങ് സ്വയംഭരണ സമിതിയ്ക്കും അവരവരുടെ ജില്ലകൾക്കുള്ളിൽ—

   (ക) ഏഴാം പട്ടികയുടെ I-ാം ലിസ്റ്റിലെ 7-ഉം 52-ഉം ഉൾക്കുറിപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി വ്യവസായങ്ങൾ;

   (ഖ) ഗതാഗതങ്ങൾ, അതായത് ഏഴാം പട്ടികയുടെ I-ാം ലിസ്റ്റിൽ പറഞ്ഞിട്ടില്ലാത്ത റോഡുകളും പാലങ്ങളും കടത്തുകളും മറ്റ് ഗതാഗതമാർഗ്ഗങ്ങളും; മുനിസിപ്പൽ ട്രാംവേകൾ, കമ്പിപ്പാലങ്ങൾ, ഉൾപ്രദേശ ജലമാർഗ്ഗങ്ങൾ, അങ്ങനെയുള്ള ജലമാർഗ്ഗങ്ങൾ സംബന്ധിച്ച, ഏഴാം പട്ടികയുടെ I-ാം ലിസ്റ്റിലേയും III-ാം ലിസ്റ്റിലേയും വ്യവസ്ഥകൾക്കു വിധേയമായി അവയിലുള്ള ഗതാഗതം, യന്ത്രചാലിത വാഹനങ്ങൾ അല്ലാതെയുള്ള വാഹനങ്ങൾ;

   (ഗ) മൃഗങ്ങളുടെ വംശം നിലനിർത്തലും, കാത്തുസൂക്ഷിക്കലും മെച്ചപ്പെടുത്തലും; മൃഗരോഗങ്ങളുടെ നിവാരണവും; മൃഗചികിത്സയിൽ പരിശീലനവും പ്രയോഗവും; കന്നുകാലി പൗണ്ടുകളും;

   (ഘ) പ്രൈമറി വിദ്യാഭ്യാസവും സെക്കൻഡറി വിദ്യാഭ്യാസവും;

   (ങ) കൃഷി, കാർഷിക വിദ്യാഭ്യാസവും ഗവേഷണവും ഉൾപ്പെടെ കീടങ്ങളിൽ നിന്ന് സംരക്ഷണവും, സസ്യരോഗങ്ങളുടെ നിവാരണവും;

   (ച) മത്സ്യ ബന്ധനം;

   (ഛ) ജലം, അതായത്, ഏഴാം പട്ടികയുടെ I-ാം ലിസ്റ്റിലെ 56-ാം ഉൾക്കുറിപ്പിലുള്ള വ്യവസ്ഥകൾക്കു വിധേയമായി ജല സംഭരണങ്ങളും ജലസേചനവും തോടുകളും ഡ്രെയിനേജും ചിറകളും, ജലശേഖരവും, ജലശക്തിയും;

   (ജ) സാമൂഹ്യസുരക്ഷിതത്വവും സാമൂഹ്യ ഇൻഷ്വറൻസും; തൊഴിലും തൊഴിലില്ലായ്മയും;

   (ഝ) ഗ്രാമങ്ങൾ, നെൽപ്പാടങ്ങൾ, ചന്തകൾ, പട്ടണങ്ങൾ മുതലായവയെ സംരക്ഷിക്കുന്നതിനുള്ള വെള്ളപൊക്കനിയന്ത്രണ പദ്ധതികൾ (സാങ്കേതിക സ്വഭാവത്തിലുള്ളവ അല്ലാത്തവ);

   (ഞ) നാടകശാലകളും നാടകാഭിനയങ്ങളും, ഏഴാം പട്ടികയുടെ ഒന്നാം ലിസ്റ്റിലെ 60-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ചലച്ചിത്രങ്ങളും; കായികാഭ്യാസങ്ങളും കലാപരിപാടികളും വിനോദങ്ങളും;

   (ട) പൊതുജനാരോഗ്യവും ശുചിത്വവും, ആശുപത്രികളും വൈദ്യശാലകളും;

   (ഠ) ചെറുകിട ജലസേചനം;

   (ഡ) ഭക്ഷണപദാർത്ഥങ്ങൾ, കാലിത്തീറ്റ, അസംസ്കൃത പരുത്തി, അസംസ്കൃത ചണം എന്നിവയുടെ വ്യവസായവും വാണിജ്യവും അവയുടെ ഉത്പാദനവും സംഭരണവും വിതരണവും;

   (ഢ) സംസ്ഥാനം നിയന്ത്രിക്കുന്നതോ, ചെലവു വഹിക്കുന്നതോ ആയ ഗ്രന്ഥശാലകളും കാഴ്ചബംഗ്ലാവുകളും അതുപോലുള്ള മറ്റ് സ്ഥാപനങ്ങളും; പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമം വഴിയോ നിയമപ്രകാരമോ ദേശീയ പ്രധാന്യമുള്ളവയെന്ന് പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രാചീനവും ചരിത്രസംബന്ധവുമായ സ്മാരകങ്ങളും രേഖകളും;

   (ണ) വസ്തുകൈമാറ്റം;

   എന്നിവ സംബന്ധിച്ച് നിയമമുണ്ടാക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഉത്തരകച്ചാർ മലയോര സ്വയംഭരണ സമിതിയും കാർബി ആംഗ്ലോങ് സ്വയംഭരണ സമിതിയും 3-ാം ഖണ്ഡിക പ്രകാരമോ, അല്ലെങ്കിൽ ഈ ഖണ്ഡിക പ്രകാരമോ ഉണ്ടാക്കിയ എല്ലാ നിയമങ്ങളും ഏഴാം പട്ടികയുടെ III-ാം ലിസ്റ്റിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം ഉടനെ ഗവർണ്ണർ മുമ്പാകെ സമർപ്പിക്കേണ്ടതും അദ്ദേഹം അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി മാറ്റിവയ്ക്കേണ്ടതും ആകുന്നു.

(3) ഒരു നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി മാറ്റിവയ്ക്കുമ്പോൾ, പ്രസ്തുത നിയമത്തിന് അനുമതി നൽകുന്നതായോ അല്ലെങ്കിൽ അനുമതി നൽകാതിരിക്കുന്നതായോ രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതാണ്:

എന്നാൽ, രാഷ്ട്രപതിക്ക് ആ നിയമം ഉത്തരകച്ചാർ മലയോര സ്വയംഭരണ സമിതിയിലേക്കോ കാർബി ആംഗ്ലോങ് സ്വയംഭരണ സമിതിയിലേക്കോ, അതതുസംഗതിപോലെ, ആ നിയമമോ അല്ലെങ്കിൽ എടുത്തുപറഞ്ഞിട്ടുള്ള അതിലെ ഏതെങ്കിലും വ്യവസ്ഥകളോ പ്രസ്തുത സമിതി പുനഃപരിശോധിക്കണമെന്നും പ്രത്യേകിച്ചും അദ്ദേഹത്തിന്റെ സന്ദേശത്തിൽ അദ്ദേഹം ശിപാർശ ചെയ്യാവുന്ന അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതി അവതരിപ്പിക്കുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു സന്ദേശത്തോടുകൂടി മടക്കി അയയ്ക്കണമെന്ന് ഗവർണ്ണറോട് നിർദ്ദേശിക്കാവുന്നതും ആ നിയമം അപ്രകാരം മടക്കി അയക്കുമ്പോൾ പ്രസ്തുത സമിതി, അങ്ങനെയുള്ള സന്ദേശം ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനകം ആ നിയമം അതനുസരിച്ച് പരിഗണിക്കേണ്ടതും പ്രസ്തുത സമിതി ആ നിയമം ഭേദഗതിയോടുകൂടിയോ അല്ലാതെയോ വീണ്ടും പാസ്സാക്കുകയാണെങ്കിൽ രാഷ്ട്രപതിക്ക് അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി അത് വീണ്ടും സമർപ്പിക്കേണ്ടതുമാകുന്നു.".

3. After paragraph 3A, the following paragraph has been inserted in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2 namely:—

"3B Additional powers of the Bodoland Territorial Council to make laws.—(1) Without prejudice to the provisions of paragraph 3, the Bodoland Territorial Council within its areas shall have power to make laws with respect to:—(i) Agriculture, including agricultural education and research, protection against pests and prevention of plant diseases; (ii) Animal husbandry and veterinary, that is to say, preservation, protection and improvement of stock and prevention of animal diseases, veterinary training and practice, cattle pounds; (iii) Co- operation; (iv) Cultural affairs; (v) Education, that is to say, primary education, higher secondary including vocational training, adult education, college education (general); (vi) Fisheries; (vii) Flood control for protection of village, paddy fields, markets and towns (not of technical nature); (viii) Food and civil supply; (ix) Forests (other than reserved forests); (x) Handloom and textile; (xi) Health and family welfare; (xii) Intoxicating liquors, opium and derivatives, subject to the provisions of entry 84 of List I of the Seventh Schedule; (xiii) Irrigation; (xiv) Labour and employment; (xv) Land and Revenue; (xvi) Library services (financed and controlled by the State Government); (xvii) Lotteries (subject to the provisions of entry 40 of List I of the Seventh Schedule), theatres, dramatic performances and cinemas (subject to the provisions of entry 60 of List I of the Seventh Schedule); (xviii) Markets and fairs; (xix) Municipal corporation, improvement trust, district boards and other local authorities; (xx) Museum and archaeology institutions controlled or financed by the State, ancient and historical monuments and records other than those declared by or under any law made by Parliament to be of national importance; (xxi) Panchayat and rural development; (xxii) Planning and development; (xxiii) Printing and stationery; (xxiv) Public health engineering; (xxv) Public works department; (xxvi) Publicity and public relations; (xxvii) Registration of births and deaths; (xxviii) Relief and rehabilitation; (xxix) Sericulture; (xxx) Small, cottage and rural industry subject to the provisions of entries 7 and 52 of List I of the Seventh Schedule; (xxxi) Social welfare; (xxxii) Soil conservation; (xxxiii) Sports and youth welfare; (xxxiv) Statistics; (xxxv) Tourism; (xxxvi) Transport (roads, bridges, ferries and other means of communications not specified in List I of the Seventh Schedule, municipal tramways, ropeways, inland waterways and traffic thereon subject to the provision of List I and List Ill of the Seventh Schedule with regard to such waterways, vehicles other than mechanically propelled vehicles); (xxxvii) Tribal research institute controlled and financed by the State Government; (xxxviii) Urban Development— town and country planning; (xxxix) Weights and measures subject to the provisions of entry 50 of List I of the Seventh Schedule; and (XL) Welfare of plain tribes and backward classes:

Provided that nothing in such laws sha!l—

(a) extinguish or modify the existing rights and privileges of any citizen in respect of his land at the date of commencement of this Act;

(b) disallow any citizen from acquiring land either by way of inheritance, allotment, settlement or by any other way of transfer if such citizen is otherwise eligible for such acquisition of land within the Bodoland Territorial Areas District.

(2) All laws made under paragraph 3 or under this paragraph shall in so far as they relate to matters specified in List Ill of the Seventh Schedule, be submitted forthwith to the Governor who shall reserve the same for the consideration of the President.

(3) When a law is reserved for the consideration of the President, the President shall declare either that he assents to the said law or that he withholds assent therefrom:

Provided that the President may direct the Governor to return the law to the Bodoland Territorial Council, together with the message requesting that the said Council will reconsider the law or any specified provisions thereof and, in particular, will consider the desirability of introducing any such amendments as he may recommend in his message and, when the law is so returned, the said Council shall consider the law accordingly within a period of six months from the date of receipt of such message and, if the law is again passed by the said Council with or without amendments it shall be presented again to the President for his consideration.".

3. 3കക ഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഖണ്ഡിക, 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44) 2-ാം വകുപ്പുപ്രകാരം ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, അതായത്:—

"**3ഖ. നിയമങ്ങൾ ഉണ്ടാക്കുന്നതിന് ബോഡോലാന്റ് ഭൂപ്രദേശ സമിതിക്കുള്ള കൂടുതൽ അധികാരങ്ങൾ:**— (1) 3-ാം ഖണ്ഡികയിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ബോഡോലാന്റ് ഭൂപ്രദേശ സമിതിക്ക് അതിന്റെ പ്രദേശങ്ങൾക്കുള്ളിൽ താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്:— (i)കൃഷി, കാർഷിക വിദ്യാഭ്യാസവും ഗവേഷണവും, കീടങ്ങളിൽ നിന്നു സംരക്ഷണവും സസ്യരോഗങ്ങളുടെ നിവാരണവും ഉൾപ്പെടെ; (ii) മൃഗസംരക്ഷണവും മൃഗചികിത്സയും, അതായത്; മൃഗങ്ങളുടെ വംശം നിലനിർത്തലും കാത്തുസൂക്ഷിക്കലും മെച്ചപ്പെടുത്തലും മൃഗരോഗങ്ങളുടെ നിവാരണവും, മൃഗചികിത്സയിൽ പരിശീലനവും പ്രയോഗവും, കന്നുകാലി പൗണ്ടുകളും; (iii) സഹകരണം; (iv) സാംസ്ക്കാരിക കാര്യങ്ങൾ; (v) വിദ്യാഭ്യാസം, അതായത്, പ്രാഥമിക വിദ്യാഭ്യാസം, തൊഴിൽപരമായ പരിശീലനം ഉൾപ്പെടെയുള്ള ഹയർ സെക്കൻഡറി, വായോജന വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം (പൊതുവെയുള്ളത്); (vi) മത്സ്യബന്ധനം; (vii) ഗ്രാമങ്ങൾ, നെൽപ്പാടങ്ങൾ, ചന്തകൾ, പട്ടണങ്ങൾ (സാങ്കേതിക സ്വഭാവമൊഴികെയുള്ള) എന്നിവയുടെ സംരക്ഷണത്തിനു വേണ്ടിയുള്ള വെള്ളപ്പൊക്കനിയന്ത്രണം; (viii) ഭക്ഷ്യവും പൊതുവിതരണവും; (ix) വനം (റിസർവ് വനം അല്ലാത്തത്); (x) കൈത്തറിയും ടെക്സ്റ്റയിലും; (xi) ആരോഗ്യവും കുടുംബക്ഷേമവും; (xii) ലഹരി പിടിപ്പിക്കുന്ന ദ്രാവകങ്ങൾ, കറുപ്പും അതിൽ നിന്ന് ലഭിക്കുന്ന സാധനങ്ങളും, ഏഴാം പട്ടികയുടെ ലിസ്റ്റ് I-ൽ 84-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി; (xiii) ജലസേചനം; (xiv) തൊഴിലും ജീവനവും; (xv) ഭൂമിയും കരവും; (xvi) ഗ്രന്ഥശാലാ സേവനങ്ങൾ (സംസ്ഥാന സർക്കാരിനാൽ ചെലവ് വഹിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നത്); (xvii) ഭാഗ്യക്കുറികൾ (ഏഴാം പട്ടികയുടെ ലിസ്റ്റ് I-ലെ 40-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി), നാടകശാലകൾ, നാടകാഭിനയങ്ങൾ, ചലച്ചിത്രങ്ങൾ (ഏഴാം പട്ടികയുടെ ലിസ്റ്റ് I-ലെ 60-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി), എന്നിവ, (xviii) ചന്തകളും മേളകളും; (xix) മുനിസിപ്പൽ കോർപ്പറേഷനും വികസന ട്രസ്റ്റും, ജില്ലാ ബോർഡുകളും മറ്റു തദ്ദേശാധികാരസ്ഥാനങ്ങളും; (xx) സംസ്ഥാനം നിയന്ത്രിക്കുന്നതോ ചെലവ് വഹിക്കുന്നതോ ആയ കാഴ്ചബംഗ്ലാവും പുരാവസ്തു സ്ഥാപനങ്ങളും പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമം വഴിയോ നിയമപ്രകാരമോ ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രാചീനവും ചരിത്രസംബന്ധവുമായ സ്മാരകങ്ങളും രേഖകളും; (xxi) പഞ്ചായത്തും ഗ്രാമവികസനവും; (xxii) ആസൂത്രണവും വികസനവും; (xxiii) അച്ചടിയും സ്റ്റേഷനറിയും; (xxiv) പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്; (xxv) പൊതുമരാമത്തു വകുപ്പ്; (xxvi) പ്രചരണവും പൊതുജനസമ്പർക്കവും; (xxvii) ജനന-മരണ രജിസ്ട്രേഷൻ; (xxviii) ആശ്വാസവും പുനരധിവാസവും; (xxix) പട്ടുനൂൽപ്പുഴു വളർത്തൽ; (xxx) ചെറുകിട, കുടിൽ-ഗ്രാമ വ്യവസായം, ഏഴാം പട്ടിക ലിസ്റ്റ് I-ൽ 7-ഉം 52-ഉം ഉൾക്കുറിപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി; (xxxi) സാമൂഹ്യക്ഷേമം; (xxxii) മണ്ണുസംരക്ഷണം (xxxiii) സ്പോർട്സും യുവജനക്ഷേമവും; (xxxiv) സ്ഥിതിവിവരക്കണക്കുകൾ; (xxxv) വിനോദസഞ്ചാരം; (xxxvi) ഗതാഗതം (ഏഴാം പട്ടികയുടെ ലിസ്റ്റ് I-ൽ പറഞ്ഞിട്ടില്ലാത്ത റോഡുകളും പാലങ്ങളും കടത്തുകളും മറ്റു ഗതാഗത മാർഗ്ഗങ്ങളും, മുനിസിപ്പൽ ട്രാംവേകൾ, കമ്പിപ്പാലങ്ങൾ, ഉൾപ്രദേശ ജലമാർഗ്ഗങ്ങളും അവയിലുള്ള ഗതാഗതവും, അങ്ങനെയുള്ള ജലമാർഗ്ഗങ്ങൾ സംബന്ധിച്ച് ഏഴാം പട്ടികയിലെ ലിസ്റ്റ് I-ലെയും ലിസ്റ്റ് III-ലെയും വ്യവസ്ഥകൾക്കു വിധേയമായി യന്ത്രചാലിത വാഹനങ്ങൾ അല്ലാതെയുള്ള വാഹനങ്ങൾ); (xxxvii) സംസ്ഥാന സർക്കാർ നിയന്ത്രിക്കുകയും ചെലവു വഹിക്കുകയും ചെയ്യുന്ന ഗോത്രവർഗ്ഗ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്; (xxxviii) നഗരവികസനം-പട്ടണത്തിന്റെയും നാട്ടിൻപുറത്തിന്റേയും ആസൂത്രണം; (xxxix) തൂക്കങ്ങളും അളവുകളും, ഏഴാം പട്ടികയിൽ, ലിസ്റ്റ് I-ൽ 50-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി; (XL) സാധാരണ ഗോത്രവർഗ്ഗങ്ങളുടെയും പിന്നാക്കവിഭാഗങ്ങളുടെയും ക്ഷേമം:

എന്നാൽ, അങ്ങനെയുള്ള നിയമങ്ങളിലുള്ള യാതൊന്നുംതന്നെ—

(ക) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, ഏതെങ്കിലും പൗരന് അയാളുടെ ഭൂമി സംബന്ധിച്ച് നിലവിലുള്ള അവകാശങ്ങളേയും വിശേഷാവകാശങ്ങളേയും ഇല്ലാതാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്നതല്ലാത്തതും;

(ഖ) പിൻതുടർച്ചാവകാശമോ, തിരിച്ചുവയ്ക്കലോ, ഒത്തുതീർപ്പോ വഴി അല്ലെങ്കിൽ മറ്റേതെങ്കിലും കൈമാറ്റം വഴി ഏതെങ്കിലും പൗരനെ ഭൂമി ആർജ്ജിക്കുന്നതിന്, ബോഡോലാന്റ് ഭൂപ്രദേശ ജില്ലയ്ക്കകത്തുള്ള ഭൂമി അങ്ങനെ ആർജ്ജിക്കുന്നതിൽ അങ്ങനെയുള്ള പൗരന് മറ്റു വിധത്തിൽ അർഹതയുള്ളപക്ഷം, അനുവദിക്കാതിരിക്കാൻ പാടുള്ളതല്ലാത്തതും,

ആകുന്നു.

(2) 3-ാം ഖണ്ഡികയിൻ കീഴിലോ ഈ ഖണ്ഡികയിൻ കീഴിലോ ഉണ്ടാക്കിയ എല്ലാ നിയമങ്ങളും, അവ, ഏഴാം പട്ടിക, ലിസ്റ്റ് III-ൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടതായിരിക്കുന്നിടത്തോളം, ഉടൻതന്നെ ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കേണ്ടതും ആണ്.

(3) ഒരു നിയമം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുന്നതായാൽ, രാഷ്ട്രപതി ഒന്നുകിൽ പ്രസ്തുത നിയമത്തിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ അതിന് താൻ അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണ്:

എന്നാൽ, രാഷ്ട്രപതിക്ക്, ബോഡോലാന്റ് ഭൂപ്രദേശ സമിതി ആ നിയമമോ അതിന്റെ ഏതെങ്കിലും നിർദ്ദിഷ്ട വ്യവസ്ഥകളോ വീണ്ടും പരിഗണിക്കണമെന്നും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സന്ദേശത്തിൽ അദ്ദേഹം ശിപാർശ ചെയ്തേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതികൾ വരുത്തുന്നതിന്റെ അഭിലഷണീയത പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള സന്ദേശത്തോടുകൂടി ആ നിയമം പ്രസ്തുത സമിതിക്ക് തിരിച്ചയയ്ക്കാൻ ഗവർണ്ണറോട് നിർദ്ദേശിക്കാവുന്നതും ആ നിയമം അപ്രകാരം തിരിച്ചയയ്ക്കപ്പെടുമ്പോൾ, പ്രസ്തുത സമിതി അങ്ങനെയുള്ള സന്ദേശം ലഭിച്ച തീയതി മുതൽ ആറുമാസ കാലയളവിനുള്ളിൽ, ആ നിയമം അതിൻ പ്രകാരം വീണ്ടും പരിഗണിക്കേണ്ടതും, ആ നിയമം ഭേദഗതിയോടുകൂടിയോ അല്ലാതെയോ പ്രസ്തുത സമിതി വീണ്ടും പാസ്സാക്കുന്ന പക്ഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി വീണ്ടും സമർപ്പിക്കേണ്ടതും ആകുന്നു.".

(a) the allotment, occupation or use, or the setting apart, of land, other than any land which is a reserved forest for the purposes of agriculture or grazing or for residential or other non-agricultural purposes or for any other purpose likely to promote the interests of the inhabitants of any village or town:

Provided that nothing in such laws shall prevent the compulsory acquisition of any land, whether occupied or unoccupied, for public purposes [1][by the Government of the State concerned] in accordance with the law for the time being in force authorising such acquisition;

(b) the management of any forest not being a reserved forest;

(c) the use of any canal or water-course for the purpose of agriculture;

(d) the regulation of the practice of jhum or other forms of shifting cultivation;

(e) the establishment of village or town committees or councils and their powers;

(f) any other matter relating to village or town administration, including village or town police and public health and sanitation;

(g) the appointment or succession of Chiefs or Headmen;

(h) the inheritance of property;

[2][(i) marriage and divorce;]

(j) social customs.

(2) In this paragraph, a "reserved forest'' means any area which is a reserved forest under the Assam Forest Regulation, 1891, or under any other law for the time being in force in the area in question.

(3) All laws made under this paragraph shall be submitted forthwith to the Governor and, until assented to by him, shall have no effect.

[3]**4. Administration of justice in autonomous districts and autonomous regions.—**(1) The Regional Council for an autonomous region in respect of areas within such region and the District Council for an autonomous district in respect of areas within

---

1. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Schedule; for certain words (w.e.f. 21-1-1972).

2. Subs. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. for cl.(i) (w. e. f. 2-4-1970).

3. Paragraph 4 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2 so as to insert the following sub-paragraph after sub-paragraph (5), namely:—

"(6) Nothing in this paragraph shall apply to the Bodoland Territorial Council constituted under the proviso to sub-paragraph (3) of paragraph 2 of this Schedule."

(ക) കൃഷിക്കോ മേച്ചിലിനോ അല്ലെങ്കിൽ താമസത്തിനോ അല്ലെങ്കിൽ കൃഷിക്കല്ലാതെയുള്ള മറ്റു ആവശ്യങ്ങൾക്കോ, അല്ലെങ്കിൽ ഏതെങ്കിലും ഗ്രാമത്തിലെയോ പട്ടണത്തിലെയോ നിവാസികളുടെ താത്പര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ ഇടയുള്ള മറ്റേതെങ്കിലും ആവശ്യത്തിനോ, ഒരു റിസർവ്വ് വനമല്ലാത്ത ഏതെങ്കിലും ഭൂമിയുടെ തിരിച്ചുവയ്ക്കലോ കൈവശം വയ്ക്കലോ ഉപയോഗിക്കലോ നീക്കിവയ്ക്കലോ ചെയ്യൽ:

എന്നാൽ, അങ്ങനെയുള്ള നിയമങ്ങളിലെ യാതൊന്നും, പൊതു ആവശ്യങ്ങൾക്ക് കൈവശക്കാരനുള്ളതോ കൈവശക്കാരനില്ലാത്തതോ ആയ ഏതെങ്കിലും ഭൂമി, [1][ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സർക്കാർ] അങ്ങനെയുള്ള ആർജ്ജനത്തിന് അധികാരപ്പെടുത്തുന്ന തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമം അനുസരിച്ച്, നിർബന്ധപൂർവ്വം ആർജ്ജിക്കുന്നത് തടയുന്നതല്ല;

(ഖ) ഒരു റിസർവ്വ് വനമല്ലാത്ത ഏതെങ്കിലും വനത്തിന്റെ നടത്തിപ്പ്;

(ഗ) കൃഷിയുടെ ആവശ്യത്തിന് ഏതെങ്കിലും തോടിന്റെയോ നീർച്ചാലിന്റെയോ ഉപയോഗം;

(ഘ) ഝുമിന്റെയും സ്ഥാനം മാറി കൃഷി ചെയ്യുന്ന മറ്റു കൃഷി സമ്പ്രദായങ്ങളുടെയും ക്രമപ്പെടുത്തൽ;

(ങ) ഗ്രാമക്കമ്മിറ്റിയുടെയും പട്ടണക്കമ്മിറ്റിയുടെയും ഗ്രാമസമിതിയുടെയും പട്ടണസമിതിയുടെയും സ്ഥാപനവും അവയുടെ അധികാരങ്ങളും;

(ച) ഗ്രാമത്തിന്റെയോ പട്ടണത്തിന്റെയോ പോലീസും പൊതുജനാരോഗ്യവും ശുചീകരണവും ഉൾപ്പെടെ ഗ്രാമത്തിന്റെയോ പട്ടണത്തിന്റെയോ ഭരണം സംബന്ധിച്ച മറ്റ് ഏതു വിഷയവും;

(ഛ) പ്രധാനിമാരുടെയും തലവൻമാരുടെയും നിയമനവും പിൻതുടർച്ചയും;

(ജ) സ്വത്തിന്റെ അനന്തരാവകാശം;

[2][(ഝ) വിവാഹവും വിവാഹമോചനവും;]

(ഞ) സാമൂഹ്യാചാരങ്ങൾ.

(2) ഈ ഖണ്ഡികയിൽ ഒരു "റിസർവ്വ് വനം" എന്നാൽ 1891-ലെ ആസ്സാം ഫോറസ്റ്റ് റെഗുലേഷൻ പ്രകാരമോ, ആ പ്രദേശത്ത് ആ സമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമോ ഒരു റിസർവ്വ് വനമായ ഏതെങ്കിലും പ്രദേശം എന്നർത്ഥമാകുന്നു.

(3) ഈ ഖണ്ഡികപ്രകാരം ഉണ്ടാക്കുന്ന എല്ലാ നിയമങ്ങളും ഉടനടി ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അനുമതി നൽകുന്നതുവരെ അവയ്ക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

[3]4. സ്വയംഭരണ ജില്ലകളിലെയും സ്വയംഭരണ പ്രദേശങ്ങളിലെയും നീതിന്യായ ഭരണം.— (1) ഒരു സ്വയംഭരണ പ്രദേശത്തിന്റെ പ്രാദേശിക സമിതിക്ക് അങ്ങനെയുള്ള പ്രദേശത്തിനകത്തുള്ള സ്ഥലങ്ങളെ സംബന്ധിച്ചും, ഒരു സ്വയംഭരണ ജില്ലയുടെ ജില്ലാ സമിതിക്ക് ആ ജില്ലയ്ക്കകത്തുള്ള പ്രാദേശികസമിതികളുടെ അധികാരത്തിൻകീഴിലല്ലാതെയുള്ള സ്ഥലങ്ങൾ

---

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചില വാക്കുകൾക്കു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

2. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം (i)-ാം ഖണ്ഡത്തിനു പകരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).

3. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44) 2-ാം വകുപ്പുപ്രകാരം, 4-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ, (5)-ാം ഉപഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഉപഖണ്ഡിക ചേർത്തിരിക്കുന്നു, അതായത്:—

"(6) ഈ ഖണ്ഡികയിലുള്ള യാതൊന്നുംതന്നെ ഈ പട്ടികയുടെ 2-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയുടെ പരിമിതി വ്യവസ്ഥയിൻകീഴിൽ രൂപീകരിക്കപ്പെട്ട ബോഡോലാന്റ് ഭൂപ്രദേശ സമിതിക്ക് ബാധകമാകുന്നതല്ല."

the district other than those which are under the authority of the Regional Councils, if any, within the district may constitute village councils or courts for the trial of suits and cases between the parties all of whom belong to Scheduled Tribes within such areas, other than suits and cases to which the provisions of sub-paragraph (1) of paragraph 5 of this Schedule apply, to the exclusion of any court in the State, and may appoint suitable persons to be members of such village councils or presiding officers of such courts, and may also appoint such officers as may be necessary for the administration of the laws made under paragraph 3 of this Schedule.

(2) Notwithstanding anything in this Constitution, the Regional Council for an autonomous region or any court constituted in that behalf by the Regional Council or, if in respect of any area within an autonomous district there is no Regional Council, the District Council for such district, or any court constituted in that behalf by the District Council, shall exercise the powers of a court of appeal in respect of all suits and cases triable by a village council or court constituted under sub-paragraph (1) of this paragraph within such region or area, as the case may be, other than those to which the provisions of sub-paragraph (1) of paragraph 5 of this Schedule apply, and no other court except the High Court and the Supreme Court shall have jurisdiction over such suits or cases.

(3) The High Court [1][***] shall have and exercise such jurisdiction over the suits and cases to which the provisions of sub-paragraph (2) of this paragraph apply as the Governor may from time to time by order specify.

(4) A Regional Council or District Council, as the case may be, may with the previous approval of the Governor make rules regulating—

(a) the constitution of village councils and courts and the powers to be exercised by them under this paragraph;

(b) the procedure to be followed by village councils or courts in the trial of suits and cases under sub-paragraph (1) of this paragraph;

(c) the procedure to be followed by the Regional or District Council or any court constituted by such Council in appeals and other proceedings under sub-paragraph (2) of this paragraph;

(d) the enforcement of decisions and orders of such Councils and courts;

(e) all other ancillary matters for the carrying out of the provisions of sub-paragraphs (1) and (2) of this paragraph.

1. The words "of Assam" omitted by the North-Eastern areas (Reorganisation) Act,1971 (81 of 1971) , s. 71 (i) and Eighth Sch. (w.e.f. 21-1-1972).

ഏതെങ്കിലും ഉണ്ടെങ്കിൽ അവയെ സംബന്ധിച്ചും, വ്യവഹാരങ്ങളിലെയും കേസ്സുകളിലെയും കക്ഷികൾ എല്ലാവരും അങ്ങനെയുള്ള സ്ഥലങ്ങളിലെ പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരായിരിക്കുകയും ഈ പട്ടികയിലെ 5-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾ ആ വ്യവഹാരങ്ങൾക്കും കേസ്സുകൾക്കും ബാധകമല്ലാതിരിക്കുകയും ചെയ്യുമ്പോൾ അവയുടെ വിചാരണയ്ക്ക്, ആ സംസ്ഥാനത്തെ ഏതു കോടതിയേയും ഒഴിവാക്കിക്കൊണ്ട് ഗ്രാമസമിതികളോ ഗ്രാമക്കോടതികളോ രൂപീകരിക്കാവുന്നതും അങ്ങനെയുള്ള ഗ്രാമസമിതികളിൽ അംഗങ്ങളായും അങ്ങനെയുള്ള കോടതികളിൽ അദ്ധ്യക്ഷത വഹിക്കുന്ന ഉദ്യോഗസ്ഥൻമാരായും അനുയോജ്യരായ ആളുകളെ നിയമിക്കാവുന്നതും, കൂടാതെ ഈ പട്ടികയിലെ 3-ാം ഖണ്ഡികപ്രകാരം ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളുടെ നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതും ആകുന്നു.

(2) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും, ഒരു സ്വയംഭരണ പ്രദേശത്തിനുവേണ്ടിയുള്ള പ്രാദേശിക സമിതിയോ, അല്ലെങ്കിൽ പ്രാദേശിക സമിതി അതിലേക്ക് രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയോ, അല്ലെങ്കിൽ, ഒരു സ്വയംഭരണ ജില്ലയ്ക്കകത്തെ ഏതെങ്കിലും സ്ഥലത്തിന് ഒരു പ്രാദേശിക സമിതി ഇല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കുവേണ്ടിയുള്ള ജില്ലാ സമിതിയോ, അതിലേക്ക് ജില്ലാ സമിതി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയോ, ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡിക പ്രകാരം, അങ്ങനെയുള്ള പ്രദേശത്തിന്റെയോ സ്ഥലത്തിന്റെയോ, ഉള്ളിൽ, അതതുസംഗതിപോലെ, രൂപീകരിച്ചിട്ടുള്ള ഒരു ഗ്രാമ സമിതിക്കോ അല്ലെങ്കിൽ കോടതിക്കോ വിചാരണ ചെയ്യാവുന്നതും ഈ പട്ടികയിലെ 5-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലാത്തതും ആയ എല്ലാ വ്യവഹാരങ്ങളേയും കേസ്സുകളേയും സംബന്ധിച്ച് ഒരു അപ്പീൽ കോടതിയുടെ അധികാരങ്ങൾ പ്രയോഗിക്കേണ്ടതും, ഹൈക്കോടതിയോ സുപ്രീംകോടതിയോ ഒഴികെ വേറെ യാതൊരു കോടതിക്കും അങ്ങനെയുള്ള വ്യവഹാരങ്ങളുടെയോ കേസുകളുടെയോ മേൽ അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(3) [1][***] ഹൈക്കോടതിക്ക്, ഗവർണ്ണർ അപ്പോഴപ്പോൾ ഉത്തരവു വഴി നിർദ്ദേശിക്കുന്ന പ്രകാരം, ഈ ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾ ബാധകമാകുന്ന വ്യവഹാരങ്ങളുടെയും കേസ്സുകളുടെയും മേൽ അധികാരിത ഉണ്ടായിരിക്കുന്നതും ഹൈക്കോടതി അത് പ്രയോഗിക്കേണ്ടതും ആകുന്നു.

(4) ഒരു പ്രാദേശിക സമിതിക്കോ ജില്ലാ സമിതിക്കോ, അതതുസംഗതിപോലെ, ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി—

(ക) ഗ്രാമസമിതികളുടെയും കോടതികളുടെയും രൂപീകരണവും ഈ ഖണ്ഡികപ്രകാരം അവ പ്രയോഗിക്കേണ്ട അധികാരങ്ങളും;

(ഖ) ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡികപ്രകാരമുള്ള വ്യവഹാരങ്ങളുടെയും കേസ്സുകളുടെയും വിചാരണയിൽ ഗ്രാമ സമിതികളും കോടതികളും അനുവർത്തിക്കേണ്ട നടപടിക്രമം;

(ഗ) പ്രാദേശിക സമിതിയും ജില്ലാസമിതിയും അല്ലെങ്കിൽ അങ്ങനെയുള്ള സമിതി രൂപീകരിക്കുന്ന ഏതെങ്കിലും കോടതിയും, ഈ ഖണ്ഡിക (2)-ാം ഉപഖണ്ഡികപ്രകാരമുള്ള അപ്പീലുകളിലും മറ്റു നടപടികളിലും അനുവർത്തിക്കേണ്ട നടപടിക്രമം;

(ഘ) അങ്ങനെയുള്ള സമിതികളുടെയും കോടതികളുടെയും തീരുമാനങ്ങളും ഉത്തരവുകളും നടപ്പാക്കൽ;

(ങ) ഈ ഖണ്ഡിക (1)-ഉം (2)-ഉം ഉപഖണ്ഡികകളിലെ വ്യവസ്ഥകൾ നടപ്പാക്കുവാൻ സഹായകമായ മറ്റ് എല്ലാ വിഷയങ്ങളും,

എന്നിവ ക്രമപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

---

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ''ആസ്സാമിന്റെ'' എന്ന വാക്ക് വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).

[1][(5) On and from such date as the President may, [2][after consulting the Government of the State concerned], by notification appoint in this behalf, this paragraph shall have effect in relation to such autonomous district or region as may be specified in the notification, as if—

(i) in sub-paragraph (1), for the words "between the parties all of whom belong to Scheduled Tribes within such areas, other than suits and cases to which the provisions of sub-paragraph (1) of paragraph 5 of this Schedule apply," the words "not being suits and cases of the nature referred to in sub-paragraph (1) of paragraph 5 of this Schedule, which the Governor may specify in this behalf," had been substituted;

(ii) sub-paragraphs (2) and (3) had been omitted;

(iii) in sub-paragraph (4)—

(a) for the words "A Regional Council or District Council, as the case may be, may with the previous approval of the Governor make rules regulating", the words "The Governor may make rules regulating" had been substituted; and

(b) for clause (a), the following clause had been substituted, namely:— "(a) the constitution of village councils and courts, the powers to be exercised by them under this paragraph and the courts to which appeals from the decisions of village councils and courts shall lie;'';

(c) for clause (c), the following clause had been substituted, namely:— "(c) the transfer of appeals and other proceedings pending before the Regional or District Council or any court constituted by such Council immediately before the date appointed by the President under sub-paragraph (5);"; and

(d) in clause (e), for the words, brackets and figures "sub-paragraphs (1) and (2)", the word, brackets and figure "sub-paragraph (1)" had been substituted.]

5. Conferment of powers under the Code of Civil Procedure, 1908, and the Code of Criminal Procedure, 1898*, on the Regional and District Councils and on certain courts and officers for the trial of certain suits, cases and offences.— (1) The Governor may, for the trial of suits or cases arising out of any law in force in any autonomous district or region being a law specified in that behalf by the Governor, or for the trial of offences punishable with death, transportation for life,

---

1· Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. (w.e.f. 2-4-1970).

2. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch., for certain words (w.e.f. 21-1-1972).

* See now the Code of Criminal Procedure, 1973 (2 of 1974).

[1][(5) രാഷ്ട്രപതി, [2][ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സർക്കാരിനോട് ആലോചിച്ചതിനുശേഷം] അതിനുവേണ്ടി വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിലും അതുമുതൽക്കും ഈ ഖണ്ഡികയ്ക്ക് ആ വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന സ്വയംഭരണ ജില്ലയോ പ്രദേശമോ സംബന്ധിച്ച്—

(i) (1)-ാം ഉപഖണ്ഡികയിൽ, "ഏത് വ്യവഹാരങ്ങളിലെയോ കേസ്സുകളിലെയോ കക്ഷികൾ എല്ലാവരും ആ സ്ഥലങ്ങളിലെ പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വരായിരിക്കുകയും ആ വ്യവഹാരങ്ങൾക്കും കേസ്സുകൾക്കും ഈ പട്ടികയിലെ 5-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾ ബാധകമല്ലാതിരിക്കുകയും ചെയ്യുമ്പോൾ" എന്ന വാക്കുകൾക്ക് പകരം "ഇതിനുവേണ്ടി, ഗവർണ്ണർ നിർദ്ദേശിക്കുന്നതും ഈ പട്ടിക 5-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പരാമർശിക്കുന്ന സ്വഭാവത്തോടുകൂടിയതല്ലാത്തതും ആയ വ്യവഹാരങ്ങളും കേസ്സുകളും ആയിരിക്കുമ്പോൾ" എന്ന വാക്കുകൾ ചേർക്കുകയും;

(ii) (2)-ഉം (3)-ഉം ഉപഖണ്ഡികകൾ വിട്ടുകളയുകയും;

(iii) (4)-ാം ഉപഖണ്ഡികയിൽ—

(ക) "ഒരു പ്രാദേശിക സമിതിക്കോ ജില്ലാ സമിതിക്കോ, അതതുസംഗതിപോലെ, ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ക്രമീകരിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ഗവർണ്ണർക്ക് ക്രമീകരിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർത്തിരിക്കുന്നു;

(ഖ) (ക) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർത്തിരിക്കുന്നു, അതായത്:—

"(ക) ഗ്രാമസമിതികളുടെയും കോടതികളുടെയും, രൂപീകരണവും ഈ ഖണ്ഡികപ്രകാരം അവ പ്രയോഗിക്കേണ്ട അധികാരങ്ങളും ഗ്രാമസമിതികളുടെയും കോടതികളുടെയും തീരുമാനങ്ങളിൽ നിന്നുമുള്ള അപ്പീലുകൾ ഏതു കോടതികളിലാണ് കൊടുക്കേണ്ടത്;";

(ഗ) (ഗ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർത്തിരിക്കുന്നു, അതായത്:—

"(ഗ) (5)-ാം ഉപഖണ്ഡികപ്രകാരം രാഷ്ട്രപതി നിശ്ചയിക്കുന്ന തീയതിക്കു തൊട്ടുമുമ്പ് പ്രാദേശിക സമിതിയുടെയോ ജില്ലാ സമിതിയുടെയോ അല്ലെങ്കിൽ അങ്ങനെയുള്ള സമിതി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കോടതിയുടെയോ മുമ്പാകെ നിലവിലിരിക്കുന്ന അപ്പീലുകളുടെയും മറ്റു നടപടികളുടെയും മാറ്റം;";

(ഘ) (ങ) ഖണ്ഡത്തിൽ "(1)-ഉം (2)-ഉം ഉപഖണ്ഡികകൾ" എന്നീ വലയങ്ങൾക്കും അക്കങ്ങൾക്കും വാക്കിനും പകരം (1)-ാം ഉപഖണ്ഡിക" എന്നീ വലയങ്ങളും അക്കവും വാക്കും ചേർത്തിരിക്കുന്നു.]

5. ചില വ്യവഹാരങ്ങളുടെയും കേസുകളുടെയും കുറ്റങ്ങളുടെയും വിചാരണയ്ക്ക് പ്രാദേശിക സമിതികൾക്കും ജില്ലാ സമിതികൾക്കും ചില കോടതികൾക്കും ഉദ്യോഗസ്ഥൻമാർക്കും, 1908-ലെ സിവിൽ നടപടി നിയമസംഹിതയും *1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയും പ്രകാരമുള്ള അധികാരങ്ങൾ നൽകൽ.— (1) ഗവർണ്ണർക്ക്, സ്വയംഭരണാധികാരമുള്ള ഒരു ജില്ലയിലോ പ്രദേശത്തോ പ്രാബല്യത്തിലിരിക്കുന്നതും അതിലേയ്ക്കായി ഗവർണ്ണർ നിർദ്ദേശിച്ചിട്ടുള്ളതും ആയ ഏതെങ്കിലും നിയമത്തിൽ നിന്ന് ഉൽഭവിക്കുന്ന വ്യവഹാരങ്ങളുടെയും കേസ്സുകളുടേയും

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81) 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചില വാക്കുകൾക്കു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

*. ഇപ്പോൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2) കാണുക.

or imprisonment for a term of not less than five years under the Indian Penal Code or under any other law for the time being applicable to such district or region, confer on the District Council or the Regional Council having authority over such district or region or on courts constituted by such District Council or on any officer appointed in that behalf by the Governor, such powers under the Code of Civil Procedure, 1908, or, as the case may be, the Code of Criminal Procedure, 1898*, as he deems appropriate, and thereupon the said Council, Court or officer shall try the suits, cases or offences in exercise of the powers so conferred.

(2) The Governor may withdraw or modify any of the powers conferred on a District Council, Regional Council, court or officer under sub-paragraph (1) of this paragraph.

(3) Save as expressly provided in this paragraph, the Code of Civil Procedure, 1908, and the Code of Criminal Procedure, 1898*, shall not apply to the trial of any suits, cases or offences in an autonomous district or in any autonomous region to which the provisions of this paragraph apply.

[1][(4) On and from the date appointed by the President under sub-paragraph (5) of paragraph 4 in relation to any autonomous district or autonomous region, nothing contained in this paragraph shall, in its application to that district or region, be deemed to authorise the Governor to confer on the District Council or Regional Council or on courts constituted by the District Council any of the powers referred to in sub-paragraph (1) of this paragraph.]

[2]**[6. Powers of the District Council to establish primary schools, etc.—**(1) The District Council for an autonomous district may establish, construct, or manage primary schools, dispensaries, markets, [3][cattle pounds], ferries, fisheries, roads, road transport and waterways in the district and may, with the previous approval of the Governor, make regulations for the regulation and control thereof and, in particular, may prescribe the language and the manner in which primary education shall be imparted in the primary schools in the district.

(2) The Governor may, with the consent of any District Council, entrust either conditionally or unconditionally to that Council or to its officers functions in relation to agriculture, animal husbandry, community projects, co-operative societies, social welfare, village planning or any other matter to which the executive power of the State [4] [***] extends.]

---

* See now the Code of Criminal Procedure, 1973 (2 of 1974).

1. Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s. 74 and Fourth Sch. (w.e.f. 2-4-1970).

2. Subs. by s. 74 and Fourth Sch. ibid., for "paragraph 6" (w.e.f. 2-4-1970).

3. Subs. by the Repealing and Amending Act, 1974 (56 of 1974), s. 4, for "cattle ponds".

4. The words "of Assam or Meghalaya, as the case may be'', omitted by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch. (w.e.f. 21-1-1972).

വിചാരണയ്ക്കും, ഇൻഡ്യൻ ശിക്ഷാനിയമപ്രകാരമോ അങ്ങനെയുള്ള ജില്ലയിലോ പ്രദേശത്തോ ആ സമയം ബാധകമായിരിക്കുന്ന മറ്റ് ഏതെങ്കിലും നിയമപ്രകാരമോ, മരണമോ ജീവപര്യന്തം നാടുകടത്തലോ അഞ്ചുകൊല്ലത്തിൽ കുറയാത്ത കാലത്തേക്കുള്ള തടവോ ശിക്ഷ നൽകാവുന്ന കുറ്റങ്ങളുടെ വിചാരണയ്ക്കും, അങ്ങനെയുള്ള ജില്ലയുടെയോ പ്രദേശത്തിന്റെയോ മേൽ അധികാരമുള്ള ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലാ സമിതി രൂപീകരിച്ചിട്ടുള്ള കോടതികൾക്കോ ഗവർണ്ണർ അതിലേയ്ക്ക് നിയമിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, 1908-ലെ സിവിൽ നടപടി നിയമസംഹിതയോ *1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയോ, അതത് സംഗതിപോലെ, പ്രകാരമുള്ള അധികാരങ്ങളിൽ അദ്ദേഹം സമുചിതമെന്നു കരുതുന്ന അധികാരങ്ങൾ നൽകാവുന്നതും, അപ്പോൾ മേൽപ്പറഞ്ഞ സമിതിയോ കോടതിയോ ഉദ്യോഗസ്ഥനോ അങ്ങനെ നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിച്ച് ആ വ്യവഹാരങ്ങളും കേസ്സുകളും കുറ്റങ്ങളും വിചാരണ ചെയ്യേണ്ടതും ആകുന്നു.

(2) ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡികപ്രകാരം ഒരു ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ കോടതിക്കോ ഉദ്യോഗസ്ഥനോ നൽകിയിട്ടുള്ള അധികാരങ്ങളിൽ ഏതും ഗവർണ്ണർക്ക് പിൻവലിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഈ ഖണ്ഡികയിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, 1908-ലെ സിവിൽ നടപടി നിയമസംഹിതയും *1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയും, ഒരു സ്വയംഭരണ ജില്ലയിലോ ഏതെങ്കിലും സ്വയംഭരണ പ്രദേശത്തോ ഉണ്ടാകുന്നതും ഈ ഖണ്ഡികയിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമായ വ്യവഹാരങ്ങളുടെയും കേസ്സുകളുടെയും കുറ്റങ്ങളുടെയും വിചാരണയ്ക്ക് ബാധകമാകുന്നതല്ല.

[1][(4) ഏതെങ്കിലും സ്വയംഭരണ ജില്ലയെയോ പ്രദേശത്തെയോ സംബന്ധിച്ച് 4-ാം ഖണ്ഡിക 5-ാം ഉപഖണ്ഡിക പ്രകാരം രാഷ്ട്രപതി നിശ്ചയിക്കുന്ന തീയതിയിലും തീയതി മുതൽക്കും ഈ ഖണ്ഡികയിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അത് ആ ജില്ലയ്ക്കോ പ്രദേശത്തിനോ ബാധകമാക്കുമ്പോൾ ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ ജില്ലാ സമിതി രൂപീകരിച്ചിട്ടുള്ള കോടതിക്കോ ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അധികാരങ്ങളിൽ ഏതെങ്കിലും നൽകുവാൻ ഗവർണ്ണറെ അധികാരപ്പെടുത്തുന്നതായി കരുതാവുന്നതല്ല.]

[2][**6. ജില്ലാ സമിതിക്ക് പ്രാഥമിക വിദ്യാലയങ്ങൾ മുതലായവ സ്ഥാപിക്കുവാനുള്ള അധികാരങ്ങൾ.**— (1) ഒരു സ്വയംഭരണ ജില്ലയിലെ ജില്ലാ സമിതിക്ക് ആ ജില്ലയിൽ പ്രാഥമിക വിദ്യാലയങ്ങളും വൈദ്യശാലകളും ചന്തകളും [3][കന്നുകാലി പൗണ്ടുകളും] കടത്തുകളും ഫിഷറികളും റോഡുകളും റോഡ് ട്രാൻസ്പോർട്ടും ജലമാർഗ്ഗങ്ങളും സ്ഥാപിക്കുകയോ നിർമ്മിക്കുകയോ നടത്തുകയോ ചെയ്യാവുന്നതും അവ ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുമതിയോടുംകൂടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും, പ്രത്യേകിച്ച് ആ ജില്ലയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം ഏതു ഭാഷയിലും ഏതു രീതിയിലുമാണ് നൽകേണ്ടതെന്ന് നിർണ്ണയിക്കാവുന്നതും ആകുന്നു.

(2) ഗവർണ്ണർക്ക്, ഏതെങ്കിലും ഒരു ജില്ലാ സമിതിയുടെ സമ്മതത്തോടുകൂടി ആ സമിതിക്കോ അതിന്റെ ഉദ്യോഗസ്ഥൻമാർക്കോ, സോപാധികമായോ നിരുപാധികമായോ, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യവികസനപദ്ധതികൾ, സഹകരണ സംഘങ്ങൾ, സാമൂഹ്യക്ഷേമം, ഗ്രാമാസൂത്രണം എന്നിവയോ, അല്ലെങ്കിൽ [4][***] സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന മറ്റേതെങ്കിലും വിഷയമോ സംബന്ധിച്ച് ചുമതലകൾ ഏല്പിക്കാവുന്നതാണ്.]

---

*. ഇപ്പോൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2) കാണുക.

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റും 74-ാം വകുപ്പും 4-ാം പട്ടികയും പ്രകാരം "6-ാം ഖണ്ഡിക"യ്ക്ക് പകരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
3. 1974-ലെ റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ് (1974-ലെ 56) 4-ാം വകുപ്പുപ്രകാരം "കന്നുകാലി പോണ്ടുകളും" എന്നതിന് പകരം ചേർത്തത്.
4. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81) 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "അതതുസംഗതിപോലെ, ആസ്സാം അല്ലെങ്കിൽ മേഘാലയ" എന്നീ വാക്കുകൾ വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).

7. District and Regional Funds.—(1) There shall be constituted for each autonomous district, a District Fund and for each autonomous region, a Regional Fund to which shall be credited all moneys received respectively by the District Council for that district and the Regional Council for that region in the course of the administration of such district or region as the case may be in accordance with the provisions of this Constitution.

[1][(2) The Governor may make rules for the management of the District Fund, or, as the case may be, the Regional Fund and for the procedure to be followed in respect of payment of money into the said Fund, the withdrawal of moneys therefrom, the custody of moneys therein and any other matter connected with or ancillary to the matters aforesaid.

(3) The accounts of the District Council or, as the case may be, the Regional Council shall be kept in such form as the Comptroller and Auditor-General of India may, with the approval of the President prescribe.

(4) The Comptroller and Auditor-General shall cause the accounts of the District and Regional Councils to be audited in such manner as he may think fit, and the reports of the Comptroller and Auditor-General relating to such accounts shall be submitted to the Governor who shall cause them to be laid before the Council.]

8. Powers to assess and collect land revenue and to impose taxes.—(1) The Regional Council for an autonomous region in respect of all lands within such region and the District Council for an autonomous district in respect of all lands within the district except those which are in the areas under the authority of Regional Councils, if any, within the district, shall have the power to assess and collect revenue in respect of such lands in accordance with the principles for the time being followed [2][by the Government of the State in assessing lands for the purpose of land revenue in the State generally].

(2) The Regional Council for an autonomous region in respect of areas within such region and the District Council for an autonomous district in respect of all areas in the district except those which are under the authority of Regional Councils, if any, within the district, shall have power to levy and collect taxes on lands and buildings, and tolls on persons resident within such areas.

(3) The District Council for an autonomous district shall have the power to levy and collect all or any of the following taxes within such district, that is to say—

(a) taxes on professions, trades, callings and employments;

(b) taxes on animals, vehicles and boats;

(c) taxes on the entry of goods into a market for sale therein, and tolls on passengers and goods carried in ferries; [3] [***]

1. Subs. by the Assam Reorganisation (Megha!aya) Act,1969 (55 of 1969), s. 74 and Fourth Sch. , for sub-paragraph (2) (w.e.f. 2-4-1970).

2. Subs. by the North- Eastern Areas (Reorganisation) Act, 1971 (81 of 1971), s.71 (i) and Eighth Sch., for certain words (w.e.f. 21-1-1972).

3. Word ''and'' in paragraph 8, sub paragraph (3) omitted by the Constitution (One Hundred and First Amendment) Act, 2016, s.16(i), (w.e.f. 16-9-2016).

7. ജില്ലാ നിധികളും പ്രാദേശിക നിധികളും.— (1) ഓരോ സ്വയംഭരണ ജില്ലയ്ക്കും ഒരു ജില്ലാനിധിയും ഓരോ സ്വയംഭരണ പ്രദേശത്തിനും ഒരു പ്രാദേശിക നിധിയും രൂപീകരിക്കേണ്ടതും അതിൽ ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള ജില്ലയുടെയോ പ്രദേശത്തിന്റെയോ, അതതുസംഗതിപോലെ ഭരണത്തിന്റെ ഇടയ്ക്ക് യഥാക്രമം ആ ജില്ലയ്ക്കുവേണ്ടി ജില്ലാ സമിതിയും ആ പ്രദേശത്തിനുവേണ്ടി പ്രാദേശിക സമിതിയും സ്വീകരിക്കുന്ന എല്ലാ തുകകളും വരവുവയ്ക്കേണ്ടതുമാകുന്നു.

[1][(2) ഗവർണ്ണർക്ക്, ജില്ലാ നിധിയുടെയോ പ്രാദേശിക നിധിയുടെയോ, അതതുസംഗതിപോലെ, ഭരണത്തിനും ആ നിധിയിലേക്ക് പണം അടയ്ക്കുന്നതും അതിൽ നിന്ന് തുകകൾ പിൻവലിക്കുന്നതും അതിൽ തുകകൾ സൂക്ഷിക്കുന്നതും മുൻപറഞ്ഞ വിഷയങ്ങളോട് ബന്ധപ്പെട്ടതോ അവയ്ക്ക് സഹായകമോ ആയ മറ്റ് ഏതെങ്കിലും വിഷയവും സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമത്തിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ജില്ലാ സമിതിയുടെയോ, പ്രാദേശിക സമിതിയുടെയോ, അതതുസംഗതിപോലെ, കണക്കുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി നിർണ്ണയിക്കുന്ന രൂപത്തിൽ സൂക്ഷിക്കേണ്ടതാകുന്നു.

(4) കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ, ജില്ലാ സമിതികളുടെയും പ്രാദേശിക സമിതികളുടെയും കണക്കുകൾ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ ആഡിറ്റ് ചെയ്യിക്കേണ്ടതും അങ്ങനെയുള്ള കണക്കുകൾ സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന്റെ റിപ്പോർട്ടുകൾ ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹം അവ സമിതിയുടെ മുമ്പാകെ വയ്പിക്കേണ്ടതും ആകുന്നു.]

8. ഭൂമിക്കരം നിശ്ചയിക്കുന്നതിനും പിരിക്കുന്നതിനും നികുതികൾ ചുമത്തുന്നതിനും ഉള്ള അധികാരങ്ങൾ.— (1) ഒരു സ്വയംഭരണപ്രദേശത്തെ പ്രാദേശിക സമിതിക്ക് അങ്ങനെയുള്ള പ്രദേശത്തിനകത്തുള്ള എല്ലാ ഭൂമികൾ സംബന്ധിച്ചും, സ്വയംഭരണാധികാരമുള്ള ഒരു ജില്ലയിലെ ജില്ലാ സമിതിക്ക് ആ ജില്ലക്കുള്ളിൽ പ്രാദേശിക സമിതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുടെ അധികാരത്തിൻ കീഴിലുള്ള പ്രദേശങ്ങളിലൊഴികെ, ആ ജില്ലയ്ക്കുള്ളിലുള്ള എല്ലാ ഭൂമികൾ സംബന്ധിച്ചും [2][സംസ്ഥാനത്ത് സാമാന്യമായി ആ സംസ്ഥാന സർക്കാർ ഭൂമിക്കരത്തിന്റെ ആവശ്യത്തിന് ഭൂമികളുടെ മൂല്യനിർണ്ണയിത്തിന്] ആ സമയം അനുവർത്തിച്ചുവരുന്ന തത്വങ്ങൾ അനുസരിച്ച് അങ്ങനെയുള്ള ഭൂമികൾ സംബന്ധിച്ച് കരം നിശ്ചയിക്കുന്നതിനും പിരിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഒരു സ്വയംഭരണ പ്രദേശത്തെ പ്രാദേശിക സമിതിക്ക് അങ്ങനെയുള്ള പ്രദേശത്തിനകത്തുള്ള എല്ലാ സ്ഥലങ്ങൾ സംബന്ധിച്ചും ഒരു സ്വയംഭരണ ജില്ലയിലെ ജില്ലാ സമിതിക്ക്, ആ ജില്ലക്കുള്ളിൽ പ്രാദേശിക സമിതികൾ ഏതെങ്കിലുമുണ്ടെങ്കിൽ അവയുടെ അധികാരത്തിൻകീഴിലുള്ള സ്ഥലങ്ങൾ ഒഴികെ ആ ജില്ലയിലെ എല്ലാ സ്ഥലങ്ങൾ സംബന്ധിച്ചും ഭൂമിക്കും കെട്ടിടത്തിനും നികുതി ചുമത്തുവാനും, പിരിക്കുവാനും അങ്ങനെയുള്ള സ്ഥലങ്ങൾക്കുള്ളിൽ താമസിക്കുന്ന എല്ലാ ആളുകളുടെയും മേൽ ചുങ്കങ്ങൾ ചുമത്തുവാനും അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ ജില്ലയിലെ ജില്ലാ സമിതിക്ക് അങ്ങനെയുള്ള ജില്ലയ്ക്കുള്ളിൽ താഴെപ്പറയുന്ന നികുതികൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ ചുമത്തുവാനും പിരിക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്—

(ക) വൃത്തികൾ, തൊഴിലുകൾ, ഉദ്യോഗങ്ങൾ, ജീവനങ്ങൾ ഇവയിൻമേലുള്ള നികുതികൾ;

(ഖ) മൃഗങ്ങൾ, വാഹനങ്ങൾ, ജലയാനങ്ങൾ ഇവയിൻമേലുള്ള നികുതികൾ;

(ഗ) ഒരു ചന്തയിൽ, അവിടെവച്ച് വിൽപ്പനയ്ക്ക് സാധനങ്ങൾ പ്രവേശിപ്പിക്കുന്നതിൻ മേലുള്ള നികുതികളും കടത്തുകളിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെയും സാധനങ്ങളുടെയും മേലുള്ള ചുങ്കങ്ങളും; [3][***]

---

1. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം (2)-ാം ഉപഖണ്ഡികയ്ക്കു പകരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചില വാക്കുകൾക്ക് പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 16(i)-ാം വകുപ്പ് പ്രകാരം 8-ാം ഖണ്ഡിക, (3)-ാം ഉപഖണഡികയിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).

(d) taxes for the maintenance of schools, dispensaries or roads; [1][and]

[2][(e) taxes on entertainment and amusements.]

(4) A Regional Council or District Council, as the case may be, may make regulations to provide for the levy and collection of any of the taxes specified in sub- paragraphs (2) and (3) of this paragraph [3][and every such regulation shall be submitted forthwith to the Governor and, until assented to by him, shall have no effect.]

[4] **9. Licences or leases for the purpose of prospecting for, or extraction of, minerals.—** (1) Such share of the royalties accruing each year from licences or leases for the purpose of prospecting for, or the extraction of, minerals granted by [5][the Government of the State] in respect of any area within an autonomous district as may be agreed upon between [5][the Government of the State] and the District Council of such district shall be made over to that District Council.

(2) If any dispute arises as to the share of such royalties to be made over to a District Council, it shall be referred to the Governor for determination and the amount determined by the Governor in his discretion shall be deemed to be the amount payable under sub-paragraph (1) of this paragraph to the District Council and the decision of the Governor shall be final.

[6]*[7]* **10. Power of District Council to make regulations for the Control of money-lending and trading by non-tribals.—**(1) The District Council of an autonomous district may make regulations for the regulation and control of money- lending or trading within the district by persons other than Scheduled Tribes resident in the district.

---

1. Ins. by the Constitution (One Hundred and First Amendment) Act, 2016, s.16 (ii), (w.e.f. 16-9-2016).

2. Ins. by s.16 (iii) ibid., (w.e.f. 16-9-2016).

3. Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s.74 and Fourth Sch. (w.e.f. 2-4-1970).

4. Paragraph 9 has been amended in its application to the States of Tripura and Mizoram by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s. 2, so as to insert the following sub- paragraph after sub-paragraph (2), namely:—

"(3) The Governor may, by order, direct that the share of royalties to be made over to a District Council under this paragraph shall be made over to that Council within a period of one year from the date of any agreement under sub-paragraph (1) or, as the case may be, of any determination under sub-paragraph (2).''

5. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch. "for the Government of Assam" (w.e.f. 21-1-1972).

6. Paragraph 10 has been amended in its application to the States of Tripura and Mizoram by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s. 2, as under:—

(a) in the heading, the words "by non-tribals" shall be omitted;

(b) in sub-paragraph (1), the words "other than Scheduled Tribes" shall be omitted;

(c) in sub-paragraph (2), for clause (d), the following clause shall be substituted, namely:—

"(d) prescribed that no person resident in the district shall carry on any trade, whether wholesale or retail, except under a licence issued in that behalf by the District Council".

7. Paragraph 10 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003) s. 2 as under :—

after sub-paragraph (3), the following sub-paragraph shall be inserted, namely:—

"(4) Nothing in this paragraph shall apply to the Bodoland Territorial Council constituted under the proviso to sub-paragraph (3) of paragraph 2 of this Schedule".

(ഘ) വിദ്യാലയങ്ങളുടെയും വൈദ്യശാലകളുടെയും റോഡുകളുടെയും സംരക്ഷണത്തിനുള്ള നികുതികൾ; [1][കൂടാതെ]

[2][(ങ) കലാപരിപാടിയിന്മേലും വിനോദങ്ങളിന്മേലുമുള്ള നികുതികൾ.]

(4) ഒരു പ്രാദേശിക സമിതിക്കോ, ജില്ലാ സമിതിക്കോ, അതതുസംഗതിപോലെ, ഈ ഖണ്ഡിക (2)-ഉം (3)-ഉം ഉപഖണ്ഡികകളിൽ പറഞ്ഞിട്ടുള്ള നികുതികളിൽ ഏതെങ്കിലും ചുമത്തുന്നതിനും പിരിക്കുന്നതിനും വ്യവസ്ഥ ചെയ്യുവാൻ റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും [3][അങ്ങനെയുള്ള ഓരോ റെഗുലേഷനും ഉടനടി ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അനുമതി നൽകുന്നതുവരെ അതിന് പ്രഭാവം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.]

[4]9. ഖനിജങ്ങൾ തേടുന്നതിനോ കുഴിച്ചെടുക്കുന്നതിനോ ആവശ്യമായ ലൈസൻസുകളും പാട്ടവും.— (1) ഖനിജങ്ങൾ തേടുന്നതിനും കുഴിച്ചെടുക്കുന്നതിനും[5][സംസ്ഥാന സർക്കാർ] ഒരു സ്വയംഭരണ ജില്ലയിലെ ഏതെങ്കിലും സ്ഥലം സംബന്ധിച്ച് നൽകുന്ന ലൈസൻസിലോ പാട്ടത്തിലോ നിന്ന് ഓരോ വർഷവും ലഭിക്കുന്ന റോയൽറ്റിയിൽ [5][സംസ്ഥാന സർക്കാരും] അങ്ങനെയുള്ള ജില്ലയുടെ ജില്ലാ സമിതിയും പരസ്പരം സമ്മതിക്കുന്ന ഓഹരി ആ ജില്ലാ സമിതിക്ക് നൽകേണ്ടതാണ്.

(2) ഒരു ജില്ലാ സമിതിക്ക് നൽകേണ്ട അങ്ങനെയുള്ള റോയൽറ്റികളുടെ ഓഹരിയെക്കുറിച്ച് ഏതെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ അത് തീർപ്പിനായി ഗവർണ്ണർക്ക് അയയ്ക്കേണ്ടതും, ഗവർണ്ണർ സ്വവിവേകം ഉപയോഗിച്ച് നിശ്ചയിക്കുന്ന തുക ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡിക പ്രകാരം ജില്ലാ സമിതിക്ക് കൊടുക്കേണ്ട തുകയായി കരുതപ്പെടുന്നതും ഗവർണ്ണറുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

[6]*[7]* **10. ഗോത്രവർഗ്ഗക്കാരല്ലാത്തവർ പണം കടം കൊടുക്കുന്നതും വ്യാപാരം നടത്തുന്നതും നിയന്ത്രിക്കുന്നതിന് റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ജില്ലാ സമിതിക്കുള്ള അധികാരം.**— (1) ഒരു സ്വയം ഭരണ ജില്ലയിലെ ജില്ലാസമിതിക്ക് ആ ജില്ലയിൽ താമസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാരല്ലാത്ത ആളുകൾ ആ ജില്ലക്കുള്ളിൽ പണം കടം കൊടുക്കുന്നതും വ്യാപാരം നടത്തുന്നതും ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 16(ii)-ാം വകുപ്പ് പ്രകാരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 16(iii)-ാം വകുപ്പുപ്രകാരം ചേർത്തത്, (16-9-2016 മുതൽ പ്രാബല്യം).
3. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).
4. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം 9-ാം ഖണ്ഡിക ത്രിപുരയും മിസ്സോറാമും സംസ്ഥാനങ്ങൾക്ക് അതിന്റെ ബാധകതയിൽ 2-ാം ഉപഖണ്ഡികയ്ക്കു ശേഷം താഴെ പറയുന്ന ഉപഖണ്ഡിക ചേർത്താലെന്നപോലെ ഭേദഗതി ചെയ്തു, അതായത്:—

   "(3) ഗവർണ്ണർക്ക് ഉത്തരവു വഴി, ഈ ഖണ്ഡികയിൻ കീഴിൽ ഒരു ജില്ലാ സമിതിക്ക് നൽകേണ്ട റോയൽറ്റികളുടെ ഓഹരി, അതതുസംഗതിപോലെ, (1)-ാം ഉപഖണ്ഡികയിൻ കീഴിലുള്ള ഒത്തുതീർപ്പിന്റെയോ അല്ലെങ്കിൽ (2)-ാം ഉപഖണ്ഡികയിൽ ഏതെങ്കിലും നിശ്ചയത്തിന്റെയോ തീയതി മുതൽ ഒരു വർഷക്കാലാവധിക്കുള്ളിൽ ജില്ലാ സമിതിക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്."
5. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "ആസ്സാം സർക്കാർ" എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
6. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പുപ്രകാരം 10-ാം ഖണ്ഡിക ത്രിപുരയും മിസ്സോറാമും സംസ്ഥാനങ്ങൾക്ക് അതിന്റെ ബാധകതയിൽ, താഴെയുള്ള പ്രകാരം ഭേദഗതി ചെയ്തു:—

   (ക) ശീർഷകത്തിൽ "ഗോത്രവർഗ്ഗക്കാരല്ലാത്തവർ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

   (ഖ) (1)-ാം ഉപഖണ്ഡികയിൽ "പട്ടികഗോത്രവർഗ്ഗക്കാരല്ലാത്ത" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

   (ഗ) (2)-ാം ഉപഖണ്ഡികയിൽ (ഘ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

      "(ഘ) ആ ജില്ലയിൽ താമസിക്കുന്ന യാതൊരാളും ഏതെങ്കിലും വ്യാപാരം മൊത്തമായോ ചില്ലറയായോ ജില്ലാസമിതി അതിലേക്കുവേണ്ടി നൽകിയിട്ടുള്ള ഒരു ലൈസൻസ് പ്രകാരമല്ലാതെ നടത്തുവാൻ പാടില്ലെന്ന് നിർണ്ണയിക്കാവുന്നതാണ്."
7. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44), 2-ാം വകുപ്പുപ്രകാരം, 10-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ (3)-ാം ഉപഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഉപഖണ്ഡിക ചേർത്തിരിക്കുന്നു, അതായത്:—

   "(4) ഈ ഖണ്ഡികയിലുള്ള യാതൊന്നുംതന്നെ ഈ പട്ടികയുടെ 2-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയുടെ പരിമിതി വ്യവസ്ഥയിൻകീഴിൽ രൂപീകരിക്കപ്പെട്ട ബോഡോലാന്റ് ഭൂപ്രദേശ സമിതിക്ക് ബാധകമാകുന്നതല്ല".

(2) in particular and without prejudice to the generality of the foregoing power, such regulations may—

(a) prescribe that no one except the holder of a licence issued in that behalf shall carry on the business of money-lending;

(b) prescribe the maximum rate of interest which may be charged or be recovered by a money-lender;

(c) provide for the maintenance of accounts by money-lenders and for the inspection of such accounts by officers appointed in that behalf by the District Council;

(d) prescribe that no person who is not a member of the Scheduled Tribes resident in the district shall carry on wholesale or retail business in any commodity except under a licence issued in that behalf by the District Council:

Provided that no regulations rnay be made under this paragraph unless they are passed by a majority of not less than three-fourths of the total membership of the District Council:

Provided further that it shall not be competent under any such regulations to refuse the grant of a licence to a money-lender or a trader who has been carrying on business within the district since before the time of the making of such regulations.

(3) All regulations made under this paragraph shall be submitted forthwith to the Governor and, until assented to by him, shall have no effect.

11. Publication of laws, rules and regulations made under the Schedule.— All laws, rules and regulations made under this Schedule by a District Council or a Regional Council shall be published forthwith in the Official Gazette of the State and shall on such publication have the force of law.

[1]*[2]* **12. [3][Application of Acts of Parliament and of the Legislature of the State of Assam to autonomous districts and autonomous regions in the State of Assam].—**(1) Notwithstanding anything in this Constitution—

1. Paragraph 12 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 1995 (42 of 1995), s. 2, as under:—

"In paragraph 12, in sub-paragraph (1), for the words and figure '·matters specified in paragraph 3 of this Schedule'·, the words, figures and letter "matters specified in paragraph 3 or paragraph 3A of this Schedule" shall be substituted".

2. Paragraph 12 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s. 2, as under:—

''In sub-paragraph (1), in clause (a), for the words and figure "matters specified in paragraph 3 or paragraph 3A of this Schedule", the words, figures and letters "matters specified in paragraph 3 or paragraph 3A or paragraph 3B of this Schedule" shall be substituted''.

3. Subs. by the North-Eastern Areas (Reorganisation) Act, 1971(81 of 1971), s. 71 (i) and Eighth Sch., for the heading (w.e.f. 21-1-1972).

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റെഗുലേഷനുകൾക്ക്—

(ക) പണം കടംകൊടുക്കുന്ന ബിസിനസ്സ്, അതിനുവേണ്ടി നൽകപ്പെട്ടിട്ടുള്ള ഒരു ലൈസൻസ് ഉള്ള ആളൊഴികെ യാതൊരാളും നടത്തുവാൻ പാടില്ലെന്ന് നിർണ്ണയിക്കാവുന്നതാണ്;

(ഖ) പണം കടംകൊടുപ്പുകാരന് ചുമത്താവുന്നതോ വസൂലാക്കാവുന്നതോ ആയ പലിശയുടെ പരമാവധി നിരക്ക് നിർണ്ണയിക്കാവുന്നതാണ്;

(ഗ) പണം കടംകൊടുപ്പുകാർ കണക്കുകൾ സൂക്ഷിക്കുന്നതിനും അങ്ങനെയുള്ള കണക്കുകൾ ജില്ലാ സമിതി അതിലേക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർ പരിശോധിക്കുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതാണ്;

(ഘ) ആ ജില്ലയിൽ താമസിക്കുന്ന പട്ടികഗോത്രവർഗ്ഗങ്ങളിലെ ഒരംഗമല്ലാത്ത യാതൊരാളും ഏതെങ്കിലും ചരക്കിൽ, ജില്ലാ സമിതി അതിലേക്കുവേണ്ടി നൽകിയിട്ടുള്ള ഒരു ലൈസൻസ് പ്രകാരമല്ലാതെ, മൊത്തമായോ ചില്ലറയായോ ബിസിനസ്സ് നടത്തുവാൻ പാടില്ലെന്ന് നിർണ്ണയിക്കാവുന്നതാണ്:

എന്നാൽ, ജില്ലാ സമിതിയുടെ ആകെ അംഗങ്ങളിൽ നാലിൽ മൂന്നു ഭാഗത്തിൽ കുറയാതെയുള്ള ഒരു ഭൂരിപക്ഷം പാസ്സാക്കാത്തപക്ഷം, ഈ ഖണ്ഡിക പ്രകാരം യാതൊരു റെഗുലേഷനും ഉണ്ടാക്കാവുന്നതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഏതെങ്കിലും റെഗുലേഷനുകൾ പ്രകാരം, അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് മുമ്പുമുതൽക്കുതന്നെ ആ ജില്ലയ്ക്കുള്ളിൽ ബിസിനസ്സ് നടത്തിവന്നിരുന്ന പണം കടംകൊടുപ്പുകാരനോ വ്യാപാരിക്കോ ഒരു ലൈസൻസ് നൽകുവാൻ വിസമ്മതിക്കുന്നതിന് ക്ഷമത ഉണ്ടായിരിക്കുന്നതല്ല.

(3) ഈ ഖണ്ഡിക പ്രകാരം ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകളും ഉടനടി ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അനുമതി നൽകുന്നതുവരെ അവയ്ക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

11. പട്ടികപ്രകാരം ഉണ്ടാക്കുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും പ്രസിദ്ധീകരണം.—ഈ പട്ടികയിൻപ്രകാരം ഒരു ജില്ലാ സമിതിയോ ഒരു പ്രാദേശിക സമിതിയോ ഉണ്ടാക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും റെഗുലേഷനുകളും സംസ്ഥാനത്തെ ഔദ്യോഗിക ഗസറ്റിൽ ഉടനടി പ്രസിദ്ധീകരിക്കേണ്ടതും, അങ്ങനെയുള്ള പ്രസിദ്ധീകരണത്തോടെ അവയ്ക്ക് നിയമത്തിന്റെ പ്രാബല്യം ഉണ്ടായിരിക്കുന്നതും ആകുന്നു.

[1] *[2]* **12.** [3][**പാർലമെന്റിന്റെയും ആസ്സാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെയും ആക്റ്റുകൾ ആസ്സാം സംസ്ഥാനത്തെ സ്വയംഭരണ ജില്ലകൾക്കും സ്വയംഭരണ പ്രദേശങ്ങൾക്കും ബാധകമാക്കൽ**].—(1) ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

---

1. 1995-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1995-ലെ 42), 2-ാം വകുപ്പുപ്രകാരം 12-ാം ഖണ്ഡിക, ആസ്സാം സംസ്ഥാനത്തിന് അതിന്റെ ബാധകതയിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തു:—

   12-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിലെ "ഈ പട്ടികയിലെ 3-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ" എന്നീ വാക്കുകൾക്കും അക്കത്തിനും പകരം "ഈ പട്ടികയിലെ 3-ാം ഖണ്ഡികയിലോ, 3ക ഖണ്ഡികയിലോ പറഞ്ഞിട്ടുള്ള കാര്യങ്ങൾ" എന്നീ വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

2. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ്, (2003-ലെ 44) 2-ാം വകുപ്പുപ്രകാരം, 12-ാം ഖണ്ഡിക, ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ, (1)-ാം ഉപഖണ്ഡികയിൽ (ക) ഖണ്ഡത്തിൽ,

   "ഈ പട്ടികയിലെ 3-ാം ഖണ്ഡികയിലോ, 3ക ഖണ്ഡികയിലോ പറഞ്ഞിട്ടുള്ള" എന്ന വാക്കുകൾക്കും, അക്കങ്ങൾക്കും, അക്ഷരത്തിനും പകരം, "ഈ പട്ടികയിലെ 3-ാം ഖണ്ഡികയിലോ, 3ക ഖണ്ഡികയിലോ, 3ഖ ഖണ്ഡികയിലോ പറഞ്ഞിട്ടുള്ള" എന്ന വാക്കുകളും, അക്കങ്ങളും, അക്ഷരങ്ങളും ചേർത്തിരിക്കുന്നു.

3. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, 1971, (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ശീർഷകത്തിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

(a) no Act of the [1][Legislature of the State of Assam] in respect of any of the matters specified in paragraph 3 of this Schedule as matters with respect to which a District Council or a Regional Council may make laws, and no Act of the [1][Legislature of the State of Assam] prohibiting or restricting the consumption of any non-distilled alcoholic liquor shall apply to any autonomous district or autonomous region [2][in that State] unless in either case the District Council for such district or having jurisdiction over such region by public notification so directs, and the District Council in giving such direction with respect to any Act may direct that the Act shall in its application to such district or region or any part thereof have effect subject to such exceptions or modifications as it thinks fit;

(b) the Governor may, by public notification, direct that any Act of Parliament or of the [1][Legislature of the State of Assam] to which the provisions of clause (a) of this sub-paragraph do not apply shall not apply to an autonomous district or an autonomous region [2][in that State] or shall apply to such district or region or any part thereof subject to such exceptions or modifications as he may specify in the notification.

(2) Any direction given under sub-paragraph (1) of this paragraph may be given so as to have retrospective effect.

[3][**12A. Application of Acts of Parliament and of the Legislature of the State of Meghalaya to autonomous districts and autonomous regions in the State of Meghalaya**.—Notwithstanding anything in this Constitution,—

(a) if any provision of a law made by a District or Regional Council in the State of Meghalaya with respect to any matter specified in sub-paragraph (1) of paragraph 3 of this Schedule or if any provision of any regulation made by a District Council or a Regional Council in that State under paragraph 8 or paragraph 10 of this Schedule, is repugnant to any provision of a law made by the Legislature of the State of Meghalaya with respect to that matter, then, the law or regulation made by the District Council or, as the case may be, the Regional Council

1. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch. for "Legislature of the State" (w.e.f. 21-1-1972).

2. Ins. by s. 71(i) and Eighth Sch., ibid., (w.e.f. 21-1-1972).

3. Subs. by s. 71 (i) and Eighth Sch., ibid., for paragraph 12A (w.e.f. 21-1-1972).

(ക) ഈ പട്ടികയിലെ 3-ാം ഖണ്ഡികയിൽ ഒരു ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ നിയമങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളായി പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച [1][ആസ്സാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ] യാതൊരു ആക്റ്റും, വാറ്റിയതല്ലാത്ത ഏതെങ്കിലും ഇനം മദ്യത്തിന്റെ ഉപഭോഗം നിരോധിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ [1][ആസ്സാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ] യാതൊരു ആക്റ്റും, ഓരോ സംഗതിയിലും ആ ജില്ലയ്ക്കുവേണ്ടിയുള്ളതോ ആ പ്രദേശത്തിൻമേൽ അധികാരിത ഉള്ളതോ ആയ ജില്ലാ സമിതി, [2][ആ സംസ്ഥാനത്തെ] ഏതെങ്കിലും സ്വയംഭരണ ജില്ലയ്ക്കോ സ്വയംഭരണ പ്രദേശത്തിനോ അത് ബാധകമാകുമെന്ന് പൊതുവിജ്ഞാപനം വഴി നിർദ്ദേശിക്കാത്ത പക്ഷം ബാധകമാകുന്നതല്ലാത്തതും, ഏതെങ്കിലും ആക്റ്റ് സംബന്ധിച്ച് അങ്ങനെയുള്ള നിർദ്ദേശം നൽകുമ്പോൾ ആ ആക്റ്റ് അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുമ്പോൾ ജില്ലാ സമിതിക്ക് യുക്തമെന്ന് തോന്നുന്ന ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി അതിന് പ്രഭാവം ഉണ്ടായിരിക്കുമെന്ന് ജില്ലാ സമിതിക്ക് നിർദ്ദേശിക്കാവുന്നതും ആകുന്നു;

(ഖ) ഗവർണ്ണർക്ക്, പൊതുവിജ്ഞാപനം വഴി, പാർലമെന്റിന്റെ ഏതെങ്കിലും ആക്റ്റോ ഈ ഉപഖണ്ഡിക (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾ ബാധകമാകാത്ത [1][ആസ്സാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ] ഏതെങ്കിലും ആക്റ്റോ [2][ആ സംസ്ഥാനത്തെ] ഒരു സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണ പ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം, പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി, ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതാണ്.

(2) ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡിക പ്രകാരം നൽകുന്ന ഏതെങ്കിലും നിർദ്ദേശം പൂർവ്വകാലപ്രാബല്യം ഉണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതാണ്.

[3][**12ക. പാർലമെന്റിന്റെയും മേഘാലയ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെയും ആക്റ്റുകൾ മേഘാലയ സംസ്ഥാനത്തെ സ്വയംഭരണ ജില്ലകൾക്കും സ്വയംഭരണ പ്രദേശങ്ങൾക്കും ബാധകമാക്കൽ.**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) ഈ പട്ടിക 3-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് മേഘാലയ സംസ്ഥാനത്തെ ഒരു ജില്ലാ സമിതി അല്ലെങ്കിൽ പ്രാദേശിക സമിതി ഉണ്ടാക്കുന്ന ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോ, അല്ലെങ്കിൽ ഈ പട്ടിക 8-ാം ഖണ്ഡികയോ 10-ാം ഖണ്ഡികയോ പ്രകാരം ആ സംസ്ഥാനത്തെ ഒരു ജില്ലാ സമിതിയോ ഒരു പ്രാദേശിക സമിതിയോ ഉണ്ടാക്കുന്ന ഏതെങ്കിലും ഒരു റെഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥയോ, മേഘാലയ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ആ വിഷയം സംബന്ധിച്ച് ഉണ്ടാക്കുന്ന ഒരു നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമാണെങ്കിൽ, അപ്പോൾ, ജില്ലാ സമിതിയോ പ്രാദേശിക സമിതിയോ, അതതു

---

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം" എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം 12ക ഖണ്ഡികയ്ക്കു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

whether made before or after the law made by the Legislature of the State of Meghalaya, shall, to the extent of repugnancy, be void and the law made by the Legislature of the State of Meghalaya shall prevail;

(b) the President may, with respect to any Act of Parliament, by notification, direct that it shall not apply to an autonomous district or an autonomous region in the State of Meghalaya, or shall apply to such district or region or any part thereof subject to such exceptions or modifications as he may specify in the notification and any such direction may be given so as to have retrospective effect.]

[1][**12AA. Application of Acts of Parliament and of the Legislature of the State of Tripura to the autonomous district and autonomous regions in the State of Tripura**.—Notwithstanding anything in this Constitution,—

(a) no Act of the Legislature of the State of Tripura in respect of any of the matters specified in paragraph 3 of this Schedule as matters with respect to which a District Council or a Regional Council may make laws, and no Act of the Legislature of the State of Tripura prohibiting or restricting the consumption of any non-distilled alcoholic liquor shall apply to the autonomous district or any autonomous region in that State unless, in either case, the District Council for that district or having jurisdiction over such region by public notification so directs, and the District Council in giving such direction with respect to any Act may direct that the Act shall, in its application to that district or such region or any part thereof, have effect subject to such exceptions or modifications as it thinks fit;

(b) the Governor may, by public notification, direct that any Act of the Legislature of the State of Tripura to which the provisions of clause (a) of this sub-paragraph do not apply, shall not apply to the autonomous district or an autonomous region in that State, or shall apply to that district or such region, or any part thereof, subject to such exceptions or modifications, as he may specify in the notification;

(c) the President may, with respect to any Act of Parliament, by notification, direct that it shall not apply to the autonomous district or an autonomous region in the State of Tripura, or shall apply to such district or region or any part thereof, subject to such exceptions or modifications as he may specify in the notification and any such direction may be given so as to have retrospective effect.

1. Subs. by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s.2, for paragraphs 12AA and 12B. Paragraph 12AA was ins. by the Constitution (Forty-ninth Amendment) Act, 1984, s.4 (w.e.f. 1-4-1985).

സംഗതിപോലെ ഉണ്ടാക്കുന്ന നിയമമോ റഗുലേഷനോ, അത് മേഘാലയ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് മുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും, ആ വൈരുദ്ധ്യത്തിന്റെ വ്യാപ്തിയോളം ശൂന്യമായിരിക്കുന്നതും, മേഘാലയ സംസ്ഥാനത്തെ നിയമ നിർമ്മാണമണ്ഡലം ഉണ്ടാക്കിയ നിയമത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു;

(ഖ) രാഷ്ട്രപതിക്ക്, പാർലമെന്റിന്റെ ഏതൊരു ആക്റ്റ് സംബന്ധിച്ചും, വിജ്ഞാപനം വഴി, അത് മേഘാലയ സംസ്ഥാനത്തെ ഒരു സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണ പ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശം, പൂർവ്വകാലപ്രാബല്യം ഉണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതും ആകുന്നു.]

[1] **[12ക ക. പാർലമെന്റിന്റെയും ത്രിപുര സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെയും ആക്റ്റുകൾ ത്രിപുര സംസ്ഥാനത്തെ സ്വയംഭരണ ജില്ലകൾക്കും സ്വയംഭരണ പ്രദേശങ്ങൾക്കും ബാധകമാകുന്നത്.**— ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) ഈ പട്ടികയിലെ 3-ാം ഖണ്ഡികയിൽ ഒരു ജില്ലാസമിതിക്കോ പ്രാദേശിക സമിതിക്കോ നിയമം ഉണ്ടാക്കാവുന്ന വിഷയങ്ങളായി പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച ത്രിപുര സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ യാതൊരു ആക്റ്റും, വാറ്റിയതല്ലാത്ത ഏതെങ്കിലും ഇനം മദ്യത്തിന്റെ ഉപഭോഗം നിരോധിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ ത്രിപുര സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ യാതൊരു ആക്റ്റും, ഓരോ സംഗതിയിലും ആ ജില്ലയ്ക്കുവേണ്ടിയുള്ളതോ ആ പ്രദേശത്തിൻമേൽ അധികാരിത ഉള്ളതോ ആയ ജില്ലാ സമിതി, ആ സംസ്ഥാനത്തെ സ്വയംഭരണ ജില്ലയ്ക്കോ സ്വയംഭരണ പ്രദേശത്തിനോ അത് ബാധകമാകുമെന്ന് പൊതുവിജ്ഞാപനം വഴി നിർദ്ദേശിക്കാത്ത പക്ഷം ബാധകമാകുന്നതല്ലാത്തതും, ഏതെങ്കിലും ആക്റ്റ് സംബന്ധിച്ച് അങ്ങനെയുള്ള നിർദ്ദേശം നൽകുമ്പോൾ ആ ആക്റ്റ് അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുമ്പോൾ ജില്ലാ സമിതിയ്ക്ക് യുക്തമെന്ന് തോന്നുന്ന ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി അതിന് ദോഷം ഉണ്ടായിരിക്കുമെന്ന് ജില്ലാ സമിതിക്ക് നിർദ്ദേശിക്കാവുന്നതും ആകുന്നു;

(ഖ) ഗവർണ്ണർക്ക് പൊതുവിജ്ഞാപനം വഴി, ഈ ഉപഖണ്ഡിക (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾ ബാധകമാകാത്ത ത്രിപുര സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഏതെങ്കിലും ആക്റ്റോ ആ സംസ്ഥാനത്തെ സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണ പ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം നിശ്ചയിച്ചിട്ടുള്ള ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി, ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതാണ്;

(ഗ) രാഷ്ട്രപതിക്ക്, പാർലമെന്റിന്റെ ഏതൊരു ആക്റ്റ് സംബന്ധിച്ചും, വിജ്ഞാപനം വഴി അത് ത്രിപുര സംസ്ഥാനത്തെ ഒരു സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണ പ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശം, പൂർവ്വകാല പ്രാബല്യം ഉണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതും ആകുന്നു.

1. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പുപ്രകാരം 12ക ക യും 12ഖ യും ഖണ്ഡികകൾക്ക് പകരം ചേർത്തത്. 1984-ലെ ഭരണഘടന (നാൽപ്പത്തിയൊൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം 12ക ക ഖണ്ഡിക ചേർത്തിരുന്നു (1-4-1985 മുതൽ പ്രാബല്യം).

12B. Application of Acts of Parliament and of the Legislature of the State of Mizoram to autonomous districts and autonomous regions in the State of Mizoram.—Notwithstanding anything in this Constitution,—

(a) no Act of the Legislature of the State of Mizoram in respect of any of the matters specified in paragraph 3 of this Schedule as matters with respect to which a District Council or a Regional Council may make laws, and no Act of the Legislature of the State of Mizoram prohibiting or restricting the consumption of any non-distilled alcoholic liquor shall apply to any autonomous district or autonomous region in that State unless, in either case, the District Council for such district or having jurisdiction over such region, by public notification, so directs, and the District Council, in giving such direction with respect to any Act, may direct that the Act shall, in its application to such district or region or any part thereof, have effect subject to such exceptions or modifications as it thinks fit;

(b) the Governor may, by public notification, direct that any Act of the Legislature of the State of Mizoram to which the provisions of clause (a) of this sub-paragraph do not apply, shall not apply to an autonomous district or an autonomous region in that State, or shall apply to such district or region, or any part thereof, subject to such exceptions or modifications, as he may specify in the notification;

(c) the President may, with respect to any Act of Parliament, by notification, direct that it shall not apply to an autonomous district or an autonomous region in the State of Mizoram, or shall apply to such district or region or any part thereof, subject to such exceptions or modifications as he may specify in the notification and any such direction may be given so as to have retrospective effect.]

13. Estimated receipts and expenditure pertaining to autonomous districts to be shown separately in the annual financial statement.—The estimated receipts and expenditure pertaining to an autonomous district which are to be credited to, or is to be made from, the Consolidated Fund of the State [1][***] shall be first placed before the District Council for discussion and then after such discussion be shown separately in the annual financial statement of the State to be laid before the Legislature of the State under article 202.

[2]**14. Appointment of Commission to inquire into and report on the administration of autonomous districts and autonomous regions**.—(1) The Governor may at any time appoint a Commission to examine and report on any matter specified by him relating to the administration of the autonomous districts and

1. The words "of Assam" omitted by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s, 71 (i) and Eighth Sch., (w.e.f. 21-1-1972).

2. Paragraph 14 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 1995 (42 of 1995), s.2, as under,—

In paragraph 14, in sub-paragraph (2), the words "with the recommendations of the Governor with respect thereto" shall be omitted.

12ഖ. പാർലമെന്റിന്റെയും മിസ്സോറാം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെയും ആക്റ്റുകൾ മിസ്സോറാം സംസ്ഥാനത്തിലെ സ്വയംഭരണ ജില്ലകൾക്കും സ്വയംഭരണ പ്രദേശങ്ങൾക്കും ബാധകമാക്കുന്നത്.—ഈ ഭരണഘടനയിൽ എന്തുതന്നെ ആയിരുന്നാലും,—

(ക) ഈ പട്ടികയിലെ 3-ാം ഖണ്ഡികയിൽ ഒരു ജില്ലാ സമിതിക്കോ പ്രാദേശിക സമിതിക്കോ നിയമം ഉണ്ടാക്കാവുന്ന വിഷയങ്ങളായി പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് മിസ്സോറാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ യാതൊരു ആക്റ്റും, വാറ്റിയതല്ലാത്ത ഏതെങ്കിലും ഇനം മദ്യത്തിന്റെ ഉപഭോഗം നിരോധിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ മിസ്സോറാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ യാതൊരു ആക്റ്റും, ഓരോ സംഗതിയിലും ആ ജില്ലയ്ക്കുവേണ്ടിയുള്ളതോ ആ പ്രദേശത്തിൻമേൽ അധികാരിത ഉള്ളതോ ആയ ജില്ലാ സമിതി, ആ സംസ്ഥാനത്തെ ഏതെങ്കിലും സ്വയംഭരണ ജില്ലയ്ക്കോ സ്വയംഭരണ പ്രദേശത്തിനോ അത് ബാധകമാകുമെന്ന് പൊതു വിജ്ഞാപനം വഴി നിർദ്ദേശിക്കാത്തപക്ഷം ബാധകമാകുന്നതല്ലാത്തതും, ഏതെങ്കിലും ആക്റ്റ് സംബന്ധിച്ച് അങ്ങനെയുള്ള നിർദ്ദേശം നൽകുമ്പോൾ ആ ആക്റ്റ് അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുമ്പോൾ ജില്ലാസമിതിക്ക് യുക്തമെന്ന് തോന്നുന്ന ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി അതിന് ദോഷം ഉണ്ടായിരിക്കുമെന്ന് ജില്ലാ സമിതിക്ക് നിർദ്ദേശിക്കാവുന്നതും ആകുന്നു;

(ഖ) ഗവർണ്ണർക്ക് പൊതുവിജ്ഞാപനം വഴി, ഈ ഉപഖണ്ഡിക (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾ ബാധകമാകാത്ത മിസ്സോറാം സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഏതെങ്കിലും ആക്റ്റോ ആ സംസ്ഥാനത്തെ ഒരു സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണപ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം നിശ്ചയിച്ചിട്ടുള്ള ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി, ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതാണ്;

(ഗ) രാഷ്ട്രപതിക്ക്, പാർലമെന്റിന്റെ ഏതൊരു ആക്റ്റ് സംബന്ധിച്ചും, വിജ്ഞാപനം വഴി, അത് മിസ്സോറാം സംസ്ഥാനത്തെ ഒരു സ്വയംഭരണ ജില്ലയ്ക്കോ ഒരു സ്വയംഭരണ പ്രദേശത്തിനോ ബാധകമാകുന്നതല്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ജില്ലയ്ക്കോ പ്രദേശത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ആ വിജ്ഞാപനത്തിൽ അദ്ദേഹം പറയാവുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായി ബാധകമാകുന്നതാണെന്നോ നിർദ്ദേശിക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശം, പൂർവ്വകാല പ്രാബല്യം ഉണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതും ആകുന്നു.]

13. സ്വയംഭരണ ജില്ലകളെ സംബന്ധിക്കുന്ന വരവു ചെലവുകളുടെ അടങ്കൽ, വാർഷിക ധനവിവരപത്രികയിൽ വേർതിരിച്ച് കാണിച്ചിരിക്കണമെന്ന്.—[1][***]സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതോ അതിൽ നിന്ന് കൊടുക്കേണ്ടതോ ആയതും ഒരു സ്വയംഭരണ ജില്ലയെ സംബന്ധിക്കുന്നതും ആയ വരവുചെലവുകളുടെ അടങ്കൽ, ആദ്യമായി ജില്ലാ സമിതിയുടെ മുമ്പാകെ ചർച്ചയ്ക്കുവയ്ക്കേണ്ടതും പിന്നീട് അങ്ങനെയുള്ള ചർച്ചയ്ക്കുശേഷം, 202-ാം അനുച്ഛേദപ്രകാരം ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ മുമ്പാകെ വയ്ക്കേണ്ട വാർഷിക ധനവിവരപത്രികയിൽ വേർതിരിച്ച് കാണിച്ചിരിക്കേണ്ടതും ആകുന്നു.

[2]**14. സ്വയംഭരണ ജില്ലകളുടെയും സ്വയംഭരണ പ്രദേശങ്ങളുടെയും ഭരണത്തെപ്പറ്റി അന്വേഷണ വിചാരണ നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിക്കൽ.**—(1) ഗവർണ്ണർക്ക് ഈ പട്ടികയിലെ 1-ാം ഖണ്ഡിക (3)-ാം ഉപഖണ്ഡികയിലെ (ഗ), (ഘ), (ങ), (ച) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടെ ആ സംസ്ഥാനത്തെ സ്വയംഭരണ ജില്ലകളുടെയും സ്വയംഭരണ പ്രദേശങ്ങളുടെയും

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "ആസ്സാം" എന്ന വാക്ക് വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).

2. 1995-ലെ ഭരണഘടന ആറാംപട്ടിക (ഭേദഗതി) ആക്റ്റ് (1995-ലെ 42), 2-ാം വകുപ്പുപ്രകാരം 14-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിൽ അതിന്റെ ബാധകതയിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തു: —

14-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ "അതു സംബന്ധിച്ച ഗവർണ്ണറുടെ ശിപാർശകൾ സഹിതം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

autonomous regions in the State, including matters specified in clauses (c), (d), (e) and (f) of sub-paragraph (3) of paragraph 1 of this Schedule, or may appoint a Commission to inquire into and report from time to time on the administration of autonomous districts and autonomous regions in the State generally and in particular on—

(a) the provision of educational and medical facilities and communications in such districts and regions;

(b) the need for any new or special legislation in respect of such districts and regions; and

(c) the administration of the laws, rules and regulations made by the District and Regional Councils; and define the procedure to be followed by such Commission.

(2) The report of every such Commission with the recommendations of the Governor with respect thereto shall be laid before the Legislature of the State by the Minister concerned together with an explanatory memorandum regarding the action proposed to be taken thereon by [1][the Government of the State].

(3) In allocating the business of the Government of the State among his Ministers the Governor may place one of his Ministers specially in charge of the welfare of the autonomous districts and autonomous regions in the State.

[2]**15. Annulment or suspension of acts and resolutions of District and Regional Councils.—**(1) If at any time the Governor is satisfied that an act or resolution of a District or a Regional Council is likely to endanger the safety of India [3][or is likely to be prejudicial to public order], he may annul or suspend such act or resolution and take such steps as he may consider necessary (including the suspension of the Council and the assumption to himself of all or any of the powers vested in or exercisable by the Council) to prevent the commission or continuance of such act, or the giving of effect to such resolution.

(2) Any order made by the Governor under sub-paragraph (1) of this paragraph together with the reasons therefor shall be laid before the Legislature of the State as soon as possible and the order shall, unless revoked by the Legislature of the State, continue in force for a period of twelve months from the date on which it was so made:

---

1. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s, 71(i) and Eighth Sch., for "the Government of Assam" (w.e.f. 21-1-1972).

2. Paragraph 15 has been amended in its application to the States of Tripura and Mizoram by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s.2, as under,—

"(a) in the opening paragraph, for the words "by the Legislature of the State", the words "by him" shall be substituted;

(b) the proviso shall be omitted".

3. Ins. by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s.74 and Fourth Sch. (w.e.f. 2-4-1970).

ഭരണം സംബന്ധിച്ചുള്ളതും അദ്ദേഹം നിർദ്ദേശിക്കുന്നതുമായ ഏതെങ്കിലും വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഏതു സമയത്തും ഒരു കമ്മീഷനെ നിയമിക്കാവുന്നതും അല്ലെങ്കിൽ ആ സംസ്ഥാനത്തെ സ്വയംഭരണ ജില്ലകളിലേയും സ്വയംഭരണപ്രദേശങ്ങളിലേയും ഭരണം സംബന്ധിച്ച് സാമാന്യമായും—

(ക) അങ്ങനെയുള്ള ജില്ലകളിലും പ്രദേശങ്ങളിലും വിദ്യാഭ്യാസ സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും ഗതാഗത മാർഗ്ഗങ്ങളും ഏർപ്പെടുത്തുന്നതിനെയും;

(ഖ) അങ്ങനെയുള്ള ജില്ലകളും പ്രദേശങ്ങളും സംബന്ധിച്ച്, പുതിയതോ പ്രത്യേകമോ ആയ ഏതെങ്കിലും നിയമനിർമ്മാണത്തിനുള്ള ആവശ്യകതയേയും;

(ഗ) ജില്ലാ സമിതികളും പ്രാദേശിക സമിതികളും ഉണ്ടാക്കുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും, റെഗുലേഷനുകളുടെയും നടത്തിപ്പിനെയും പറ്റി പ്രത്യേകമായും അപ്പോഴപ്പോൾ അന്വേഷണ വിചാരണ നടത്തി റിപ്പോർട്ട് ചെയ്യുവാൻ ഒരു കമ്മീഷനെ നിയമിക്കാവുന്നതും അങ്ങനെയുള്ള കമ്മീഷൻ അനുവർത്തിക്കേണ്ട നടപടിക്രമം നിർവ്വചിക്കാവുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഓരോ കമ്മീഷന്റെയും റിപ്പോർട്ട് അതു സംബന്ധിച്ച ഗവർണ്ണറുടെ ശിപാർശകൾ സഹിതം, അതിനെപ്പറ്റി [1][സംസ്ഥാനത്തെ സർക്കാർ] എടുക്കാനുദ്ദേശിക്കുന്ന നടപടി സംബന്ധിച്ച വിശദീകരണക്കുറിപ്പോടുകൂടി, ബന്ധപ്പെട്ട മന്ത്രി ആ സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിന്റെ മുമ്പാകെ വയ്ക്കേണ്ടതാണ്.

(3) സംസ്ഥാനത്തെ സർക്കാരിന്റെ കാര്യങ്ങൾ അദ്ദേഹത്തിന്റെ മന്ത്രിമാർക്കിടയിൽ വിഭജിച്ചു കൊടുക്കുമ്പോൾ ഗവർണ്ണർക്കു മന്ത്രിമാരിൽ ഒരാളെ സംസ്ഥാനത്തെ സ്വയംഭരണ ജില്ലകളുടെയും സ്വയംഭരണ പ്രദേശങ്ങളുടെയും ക്ഷേമത്തിന്റെ ചുമതല പ്രത്യേകമായി ഏൽപ്പിക്കാവുന്നതാണ്.

[2] 15. ജില്ലാ പ്രാദേശിക സമിതികളുടെ കൃത്യങ്ങളും പ്രമേയങ്ങളും അസാധുവാക്കുകയോ നിറുത്തിവയ്ക്കുകയോ ചെയ്യൽ.—(1) ഏതെങ്കിലും സമയം ഗവർണ്ണർക്ക് ഒരു ജില്ലാ സമിതിയുടെയോ പ്രാദേശിക സമിതിയുടെയോ ഒരു കൃത്യമോ പ്രമേയമോ ഭാരതത്തിന്റെ ഭദ്രത അപകടത്തിലാക്കുവാൻ ഇടയാക്കിയേക്കുമെന്ന് [3][അല്ലെങ്കിൽ പൊതുസമാധാനത്തിന് ഭംഗം വരുത്താനിടയുള്ളതാണെന്ന്] ബോദ്ധ്യമാവുകയാണെങ്കിൽ അങ്ങനെയുള്ള കൃത്യമോ പ്രമേയമോ അദ്ദേഹത്തിന്, അസാധുവാക്കുകയോ നിറുത്തിവയ്ക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള കൃത്യം ചെയ്യുന്നതും തുടരുന്നതും, അങ്ങനെയുള്ള പ്രമേയത്തിന് പ്രാബല്യം നൽകുന്നതും തടയുവാൻ, (സമിതിയെ സസ്പെൻഡ് ചെയ്യുന്നതും സമിതിയിൽ നിക്ഷിപ്തമായതോ അതിനു പ്രയോഗിക്കാവുന്നതോ ആയ അധികാരങ്ങൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ സ്വയം ഏറ്റെടുക്കുന്നതും ഉൾപ്പെടെ) ആവശ്യമെന്ന് അദ്ദേഹം കരുതുന്ന നടപടികൾ എടുക്കാവുന്നതും ആകുന്നു.

(2) ഈ ഖണ്ഡിക, (1)-ാം ഉപഖണ്ഡികപ്രകാരം ഗവർണ്ണർ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അതിനുള്ള കാരണങ്ങൾ സഹിതം കഴിയുന്നതും വേഗം ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതും ആ ഉത്തരവ്, ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്താൽ അത് പിൻവലിക്കപ്പെടാത്തപക്ഷം, പുറപ്പെടുവിച്ച തീയതി മുതൽ പന്ത്രണ്ട് മാസക്കാലത്തേക്ക് പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു:

---

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "ആസ്സാം സർക്കാർ" എന്നതിന് പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
2. 1988-ലെ ഭരണഘടന ആറാംപട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പുപ്രകാരം 15-ാം ഖണ്ഡിക, ത്രിപുര-മിസ്സോറാം സംസ്ഥാനങ്ങൾക്ക്, അതിന്റെ ബാധകതയിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തു,—
   (ക) പ്രാരംഭ ഖണ്ഡികയിൽ "സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്താൽ" എന്ന വാക്കുകൾക്കു പകരം "അദ്ദേഹത്താൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;
   (ഖ) പരിമിതി വ്യവസ്ഥ വിട്ടുകളയേണ്ടതാണ്.
3. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).

Provided that if and so often as a resolution approving the continuance in force of such order is passed by the Legislature of the State, the order shall unless cancelled by the Governor continue in force for a further period of twelve months from the date on which under this paragraph it would otherwise have ceased to operate.

[1]**16. Dissolution of a District or a Regional Council.**—[2][(1)] The Governor may on the recommendation of a Commission appointed under paragraph 14 of this Schedule by public notification order the dissolution of a District or a Regional Council, and—

(a) direct that a fresh general election shall be held immediately for the reconstitution of the Council, or

(b) subject to the previous approval of the Legislature of the State assume the administration of the area under the authority of such Council himself or place the administration of such area under the Commission appointed under the said paragraph or any other body considered suitable by him for a period not exceeding twelve months:

Provided that when an order under clause (a) of this paragraph has been made, the Governor may take the action referred to in clause (b) of this paragraph with regard to the administration of the area in question pending the reconstitution of the Council on fresh general election:

Provided further that no action shall be taken under clause (b) of this paragraph without giving the District or the Regional Council, as the case may be, an opportunity of placing its views before the Legislature of the State.

[3][(2) If at any time the Governor is satisfied that a situation has arisen in which the administration of an autonomous district or region cannot be carried on in accordance with the provisions of this Schedule, he may, by public notification, assume to himself all or any of the functions or powers vested in or exercisable by the District Council or, as the case may be, the Regional Council and declare that such functions or powers shall be exercisable by such person or authority as he may specify in this behalf, for a period not exceeding six months:

---

1. Paragraph 16 has been amended in its application to the States of Tripura and Mizoram by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s.2, as under,—

(a) in sub-paragraph (1), the words "subject to the previous approval of the Legislature of the State" occurring in clause (b), and the second proviso shall be omitted;

(b) for sub-paragraph (3), the following sub-paragraph shall be substituted, namely:—

"(3) Every order made under sub-paragraph (1) or sub-paragraph (2) of this paragraph, along with the reasons therefor shall be laid before the Legislature of the State."

2. Paragraph 16 renumbered as sub-paragraph (1) thereof by the Assam Reorganisation (Meghalaya) Act, 1969 (55 of 1969), s.74 and Fourth Sch. (w.e.f. 2-4-1970).

3. Ins. by s.74 and Fourth Sch., ibid., (w.e.f. 2-4-1970).

എന്നാൽ, അങ്ങനെയുള്ള ഉത്തരവ് പ്രാബല്യത്തിൽ തുടരുന്നത് അംഗീകരിക്കുന്ന ഒരു പ്രമേയം ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം പാസ്സാക്കുകയാണെങ്കിൽ, പാസ്സാക്കുമ്പോഴൊക്കെ, ആ ഉത്തരവ് ഗവർണ്ണർ ദുർബലമാക്കാത്തപക്ഷം ഈ ഖണ്ഡിക പ്രകാരം മറ്റുവിധത്തിൽ അത് പ്രവർത്തനരഹിതമാകുമായിരുന്ന തീയതി മുതൽ വീണ്ടും ഒരു പന്ത്രണ്ടുമാസക്കാലത്തേക്ക് പ്രാബല്യത്തിൽ തുടരുന്നതാണ്.

[1] **16. ഒരു ജില്ല അല്ലെങ്കിൽ ഒരു പ്രാദേശിക സമിതിയുടെ പിരിച്ചുവിടൽ.**—[2][(1)] ഈ പട്ടികയിലെ 14-ാം ഖണ്ഡിക പ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷന്റെ ശിപാർശയിൻമേൽ ഗവർണ്ണർക്ക് പൊതു വിജ്ഞാപനം വഴി ഒരു ജില്ല അല്ലെങ്കിൽ ഒരു പ്രാദേശിക സമിതിയെ പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും—

(ക) ആ സമിതി പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഉടനടി ഒരു പുതിയ പൊതു തെരഞ്ഞെടുപ്പു നടത്തണമെന്ന് നിർദ്ദേശിക്കുകയോ; അല്ലെങ്കിൽ

(ഖ) ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിന് വിധേയമായി, അങ്ങനെയുള്ള സമിതിയുടെ അധികാരത്തിൻകീഴിലുള്ള പ്രദേശത്തിന്റെ ഭരണം സ്വയം ഏറ്റെടുക്കുകയോ ആ പ്രദേശത്തിന്റെ ഭരണം മേൽപ്പറഞ്ഞ ഖണ്ഡിക പ്രകാരം നിയമിക്കുന്ന ഒരു കമ്മീഷന്റെയോ അദ്ദേഹം അനുയോജ്യമെന്നു കരുതുന്ന മറ്റെതെങ്കിലും നികായത്തിന്റെയോ കീഴിൽ പന്ത്രണ്ട് മാസത്തിൽ കവിയാത്ത ഒരു കാലത്തേക്കുവയ്ക്കുകയോ,

ചെയ്യാവുന്നതും ആകുന്നു:

എന്നാൽ, ഈ ഖണ്ഡികയിലെ (ക) ഖണ്ഡപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുമ്പോൾ, ഗവർണ്ണർക്ക്, പുതിയ പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് സമിതി പുനഃസംഘടിപ്പിക്കുന്നതു വരെ ആ പ്രദേശത്തിന്റെ ഭരണം സംബന്ധിച്ച് ഈ ഖണ്ഡികയിലെ (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള നടപടി എടുക്കാവുന്നതാണ്:

എന്നുമാത്രമല്ല, ജില്ല അല്ലെങ്കിൽ പ്രാദേശിക സമിതിക്ക്, അതതുസംഗതിപോലെ, അതിന്റെ അഭിപ്രായങ്ങൾ സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കുന്നതിന് അവസരം നൽകാതെ ഈ ഖണ്ഡികയിലെ (ഖ) ഖണ്ഡപ്രകാരം യാതൊരു നടപടിയും എടുക്കാവുന്നതല്ല.

[3][(2) ഒരു സ്വയംഭരണ ജില്ലയുടെ അല്ലെങ്കിൽ പ്രദേശത്തിന്റെ ഭരണം ഈ പട്ടികയിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നതായി ഗവർണ്ണർക്ക് ഏതെങ്കിലും സമയം ബോദ്ധ്യമാവുകയാണെങ്കിൽ അദ്ദേഹത്തിന്, പൊതുവിജ്ഞാപനം വഴി ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക്, ജില്ലാ സമിതിയിലോ പ്രാദേശിക സമിതിയിലോ, അതതുസംഗതിപോലെ, നിക്ഷിപ്തമായ ചുമതലകൾ അല്ലെങ്കിൽ അവ പ്രയോഗിക്കാവുന്ന അധികാരങ്ങൾ മുഴുവനുമോ അവയിലേതെങ്കിലുമോ സ്വയം ഏറ്റെടുക്കാവുന്നതും, അങ്ങനെയുള്ള ചുമതലകൾ അല്ലെങ്കിൽ അധികാരങ്ങൾ അതിലേയ്ക്ക് അദ്ദേഹം നിർദ്ദേശിക്കാവുന്ന ആളോ അധികാരസ്ഥാനമോ നിർവ്വഹിക്കേണ്ടതാണെന്ന് പ്രഖ്യാപിക്കാവുന്നതും ആകുന്നു:

---

1. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പു പ്രകാരം 16-ാം ഖണ്ഡിക, ത്രിപുര-മിസ്സോറാം സംസ്ഥാനങ്ങൾക്ക്, അതിന്റെ ബാധകതയിൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തു:—

(ക) (1)-ാം ഉപഖണ്ഡികയിലെ (ഖ) ഖണ്ഡത്തിൽ വരുന്ന "ആ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി" എന്നീ വാക്കുകളും രണ്ടാം പരിമിതി വ്യവസ്ഥയും വിട്ടുകളയേണ്ടതാണ്;

(ഖ) (3)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയോ (2)-ാം ഉപഖണ്ഡികയോ പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അതിനുള്ള കാരണങ്ങൾ സഹിതം സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതാണ്."

2. 1969-ലെ ആസ്സാം പുനഃസംഘടന (മേഘാലയ) ആക്റ്റ് (1969-ലെ 55), 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം 16-ാം ഖണ്ഡിക അതിന്റെ (1)-ാം ഉപഖണ്ഡികയായി വീണ്ടും അക്കമിട്ടു (2-4-1970 മുതൽ പ്രാബല്യം).

3. മേൽപ്പറഞ്ഞ ആക്റ്റ് 74-ാം വകുപ്പും നാലാം പട്ടികയും പ്രകാരം ചേർത്തത് (2-4-1970 മുതൽ പ്രാബല്യം).

Provided that the Governor may by a further order or orders extend the operation of the initial order by a period not exceeding six months on each occasion.

(3) Every order made under sub-paragraph (2) of this paragraph with the reasons therefore shall be laid before the Legislature of the State and shall cease to operate at the expiration of thirty days from the date on which the State Legislature first sits after the issue of the order, unless, before the expiry of that period it has been approved by the State Legislature.]

[1]**17. Exclusion of areas from autonomous districts in forming constituencies in such districts.—For** the purposes of elections to [2][the Legislative Assembly of Assam or Meghalaya] [3][or Tripura] [4][or Mizoram], the Governor may by order declare that any area within an autonomous district [5][in the State of Assam or Meghalaya] [3][or Tripura] [4][or Mizoram], as the case may be, shall not form part of any constituency to fill a seat or seats in the Assembly reserved for any such district but shall form part of a constituency to fill a seat or seats in the Assembly not so reserved to be specified in the order.

[6][***]

[7]**19. Transitional provisions.—**(1) As soon as possible after the commencement of this Constitution the Governor shall take steps for the constitution of a District Council for each autonomous district in the State under this Schedule and, until a District Council is so constituted for an autonomous district, the administration of such district shall be vested in the Governor and the following provisions shall apply to the administration of the areas within such district instead of the foregoing provisions of this Schedule, namely:—

---

1. Paragraph 17 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003, (44 of 2003) s.2, so as to insert the following proviso, namely:-

"Provided that nothing in this paragraph shall apply to the Bodoland Territorial Areas District".

2. Subs. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch., for "the Legislative Assembly of Assam" (w.e.f. 21-1-1972).

3. Ins. by the Constitution (Forty-ninth Amendment) Act, 1984, s.4 (w.e.f. 1-4-1985).

4. Ins. by the State of Mizoram Act, 1986 (34 of 1986), s. 39 (w.e.f. 20-2-1987).

5. Ins. by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s. 71 (i) and Eighth Sch., (w.e.f. 21-1-1972).

6. Paragraph 18 omitted by s.71 (i) and Eighth Sch., ibid., (w.e.f. 21-1-1972).

7. Paragraph 19 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s.2, so as to insert after sub-paragraph (3), the following sub-paragraph namely:—

"(4) As soon as possible after the commencement of this Act, an Interim Executive Council for Bodoland Territorial Areas District in Assam shall be formed by the Governor from amongst leaders of the Bodo movement, including the signatories to the Memorandum of Settlement, and shall provide adequate representation to the non-tribal communities in that area:

Provided that the Interim Council shall be for a period of six months during which endeavour to hold the election to the Council shall be made.

Explanation.–For the purposes of this sub-paragraph, the expression "Memorandum of Settlement" means the Memorandum signed on the 10th day of February. 2003 between Government of India, Government of Assam and Bodo Liberation Tigers".

എന്നാൽ, ഗവർണ്ണർക്ക്, തുടർന്നുള്ള ഉത്തരവിനാലോ ഉത്തരവുകളാലോ ആദ്യത്തെ ഉത്തരവിന്റെ പ്രവർത്തനം ഓരോ അവസരത്തിലും ആറു മാസത്തിൽ കവിയാത്ത കാലത്തേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

(3) ഈ ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡിക പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അതിനുള്ള കാരണങ്ങളോടും കൂടി സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതും, ആ ഉത്തരവു പുറപ്പെടുവിച്ചശേഷം സംസ്ഥാന നിയമനിർമ്മാണമണ്ഡലം ആദ്യം ഉപവേശനം ചെയ്യുന്ന തീയതി മുതൽ മുപ്പതു ദിവസത്തിന്റെ അവസാനത്തിൽ, ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് അത് സംസ്ഥാന നിയമനിർമ്മാണമണ്ഡലം അംഗീകരിക്കാത്ത പക്ഷം, പ്രവർത്തനരഹിതം ആകുന്നതും ആകുന്നു.]

[1]17. സ്വയംഭരണ ജില്ലകളിൽ നിന്ന്, അങ്ങനെയുള്ള ജില്ലകളിൽ നിയോജകമണ്ഡലങ്ങൾ രൂപീകരിക്കുമ്പോൾ, പ്രദേശങ്ങൾ ഒഴിവാക്കൽ.—[2][ആസ്സാമിലെയോ മേഘാലയത്തിലെയോ] [3][ത്രിപുരയിലെയോ] [4][മിസ്സോറാമിലെയോ] നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ ആവശ്യങ്ങൾക്ക് ഗവർണ്ണർക്ക്, ഉത്തരവു വഴി, [5][ആസ്സാം സംസ്ഥാനത്തെയോ മേഘാലയ സംസ്ഥാനത്തെയോ] [3][ത്രിപുര സംസ്ഥാനത്തെയോ] [4][മിസ്സോറാം സംസ്ഥാനത്തെയോ], അതതുസംഗതിപോലെ, ഒരു സ്വയംഭരണ ജില്ലയിലെ ഏതെങ്കിലും പ്രദേശം, അങ്ങനെയുള്ള ഏതെങ്കിലും ജില്ലയ്ക്ക് നിയമസഭയിൽ സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനമോ സ്ഥാനങ്ങളോ നികത്തുന്നതിലേക്കുള്ള ഏതെങ്കിലും നിയോജകമണ്ഡലത്തിന്റെ ഭാഗമാകുന്നതല്ലെന്നും, എന്നാൽ നിയമസഭയിൽ അങ്ങനെ സംവരണം ചെയ്തിട്ടില്ലാത്ത ഒരു സ്ഥാനമോ സ്ഥാനങ്ങളോ നികത്താനുള്ളതും, ഉത്തരവിൽ പറഞ്ഞിട്ടുള്ളതും ആയ ഒരു നിയോജകമണ്ഡലത്തിന്റെ ഭാഗമായിരിക്കുമെന്നും പ്രഖ്യാപിക്കാവുന്നതാണ്.

[6][***]

[7]19. പരിവർത്തന വ്യവസ്ഥകൾ.—(1) ഈ ഭരണഘടനയുടെ പ്രാരംഭത്തിനുശേഷം കഴിയുന്നതും വേഗം, ഗവർണ്ണർ ഈ പട്ടിക പ്രകാരം സംസ്ഥാനത്തിലെ ഓരോ സ്വയംഭരണ ജില്ലയ്ക്കും ഓരോ ജില്ലാ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതും, ഒരു സ്വയം ഭരണജില്ലയ്ക്ക് അപ്രകാരം ഒരു ജില്ലാ സമിതി രൂപീകരിക്കുന്നതുവരെ അങ്ങനെയുള്ള ജില്ലയുടെ ഭരണം ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നതും, ഈ പട്ടികയിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് പകരം താഴെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ അങ്ങനെയുള്ള ജില്ലയ്ക്കകത്തുള്ള പ്രദേശങ്ങളുടെ ഭരണത്തിന് ബാധകമാകുന്നതും ആണ്, അതായത്:—

---

1. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44) 2-ാം വകുപ്പുപ്രകാരം, 17-ാം ഖണ്ഡികയിൽ ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ, താഴെപ്പറയുന്ന പരിമിതി വ്യവ്സഥ ചേർത്തിരിക്കുന്നു, അതായത്:—

   " എന്നാൽ, ഈ ഖണ്ഡികയിലുള്ള യാതൊന്നും തന്നെ ബോഡോലാന്റ് ഭൂപ്രദേശ ജില്ലയ്ക്ക് ബാധകമാകുന്നതല്ല."

2. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ് (1971-ലെ 81), 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം "ആസ്സാം നിയമസഭ" എന്നതിനു പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).

3. 1984-ലെ ഭരണഘടന (നാല്പത്തിയൊമ്പതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).

4. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പുപ്രകാരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).

5. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81) 71 (i) വകുപ്പും എട്ടാം പട്ടികയും പ്രകാരം ചേർത്തത്. (21-1-1972 മുതൽ പ്രാബല്യം).

6. മേൽപ്പറഞ്ഞ ആക്റ്റ്, 71(i)-ാം വകുപ്പും എട്ടാം പട്ടികയും പ്രകാരം 18-ാം ഖണ്ഡിക വിട്ടുകളഞ്ഞു (21-1-1972 മുതൽ പ്രാബല്യം).

7. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ്, (2003-ലെ 44) 2-ാം വകുപ്പുപ്രകാരം, 19-ാം ഖണ്ഡിക ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ, (3)-ാം ഉപഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഉപഖണ്ഡിക ചേർത്തിരിക്കുന്നു, അതായത്:—

   "(4) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം കഴിവതുംവേഗം, ഗവർണ്ണർ ഒത്തുതീർപ്പ് മെമ്മോറാണ്ഡത്തിൽ ഒപ്പിട്ടവർ ഉൾപ്പെടെ ബോഡോപ്രസ്ഥാനത്തിന്റെ നേതാക്കളിൽ നിന്നും ആസ്സാമിലെ ബോഡോലാന്റ് ഭൂപ്രദേശ ജില്ലക്കായി ഒരു ഇടക്കാല നിർവ്വാഹകസമിതി രൂപീകരിക്കേണ്ടതും പ്രദേശത്തെ ഗോത്രവർഗ്ഗേതര സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകേണ്ടതുമാണ്:

   എന്നാൽ, ഈ ഇടക്കാല സമിതി ആറുമാസക്കാലത്തേക്ക് ആയിരിക്കുന്നതും ആ കാലയളവിൽ സമിതിയിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പരിശ്രമം നടത്തേണ്ടതുമാണ്.

   വിശദീകരണം:— ഈ ഉപഖണ്ഡികയുടെ ആവശ്യങ്ങൾക്കായി, "ഒത്തുതീർപ്പ് മെമ്മോറാണ്ഡം" എന്ന പദപ്രയോഗത്തിന് ഭാരത സർക്കാരും ആസ്സാം സർക്കാരും ബോഡോ വിമോചന പുലികളും തമ്മിൽ 2003 ഫെബ്രുവരി 10-ാം തീയതി ഒപ്പുവച്ച മെമ്മോറാണ്ഡം എന്നർത്ഥമാകുന്നു."

(a) no Act of Parliament or of the Legislature of the State shall apply to any such area unless the Governor by public notification so directs; and the Governor in giving such a direction with respect to any Act may direct that the Act shall, in its application to the area or to any specified part thereof, have effect subject to such exceptions or modifications as he thinks fit;

(b) the Governor may make regulations for the peace and good government of any such area and any regulations so made may repeal or amend any Act of Parliament or of the Legislature of the State or any existing law which is for the time being applicable to such area.

(2) Any direction given by the Governor under clause (a) of sub-paragraph (1) of this paragraph may be given so as to have retrospective effect.

(3)All regulations made under clause (b) of sub-paragraph (1) of this paragraph shall be submitted forthwith to the President and, until assented to by him, shall have no effect.

[1*2*]**20. Tribal areas.—**(1) The areas specified in Parts I, II, [3][IIA] and III of the table below shall respectively be the tribal areas within the State of Assam, the State of Meghalaya, [3][the State of Tripura] and the [4][State] of Mizoram.

(2)[5][Any reference in Part I, Part II or Part III of the table below] to any district shall be construed as a reference to the territories comprised within the autonomous district of that name existing immediately before the day appointed under clause (b) of section 2 of the North-Eastern Areas (Reorganisation) Act, 1971:

Provided that for the purposes of clauses *(e)* and (f) of sub-paragraph (1) of paragraph 3, paragraph 4, paragraph 5, paragraph 6, sub-paragraph (2), clauses *(a), (b)* and *(d)* of sub-paragraph (3) and sub-paragraph (4) of paragraph 8 and clause (d) of sub-paragraph (2) of paragraph 10 of this Schedule, no part of the area comprised within the municipality of Shillong shall be deemed to be within the [6][Khasi Hills District].

[3][(3) The reference in Part IIA in the table below to the "Tripura Tribal Areas District" shall be construed as a reference to the territory comprising the tribal areas specified in the First Schedule to the Tripura Tribal Areas Autonomous District Council Act, 1979.]

---

1. Subs by the North-Eastern Areas (Reorganisation) Act, 1971 (81 of 1971), s.71 (i) and Eighth Sch., for paragraphs 20 and 20A (w.e.f. 21-1-1972).

2. Paragraph 20 has been amended in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s.2 so as to insert in Part I of the Table, after entry 2, the following entry, namely:—

"3 The Bodoland Territorial Areas District."

3. Ins. by the Constitution (Forty-ninth Amendment) Act, 1984, s. 4 (w.e.f. 1-4-1985).

4. Subs. by the State of Mizoram Act, 1986 (34 of 1986), s. 39, for "Union territory" (w.e.f. 20-2-1987).

5. Subs. by the Constitution (Forty-ninth Amendment) Act, 1984, s.4 for "Any reference in the table below" (w. e. f. 1-4-1985).

6. Subs. by the Government of Meghalaya Notification No. DCA 31/72/11 dated the 14th June, 1973, Gazette of Meghalaya, Pt. VA, dated 23-6-1973, p. 200.

(ക) പാർലമെന്റിന്റെയോ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെയോ യാതൊരു ആക്റ്റും ഗവർണ്ണർ പൊതുവിജ്ഞാപനം വഴി അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്തിന് ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാത്തപക്ഷം, ബാധകമാകുന്നതല്ലാത്തതും, ഗവർണ്ണർക്ക്, ഏതെങ്കിലും ആക്റ്റ് സംബന്ധിച്ച് അങ്ങനെയുള്ള ഒരു നിർദ്ദേശം നൽകുമ്പോൾ ആ ആക്റ്റ് ആ പ്രദേശത്തിനോ അല്ലെങ്കിൽ പറഞ്ഞിട്ടുള്ള അതിന്റെ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുന്നതിൽ തനിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഒഴിവാക്കലുകൾക്കോ രൂപഭേദങ്ങൾക്കോ വിധേയമായി അതിന് പ്രഭാവമുണ്ടായിരിക്കുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതും ആകുന്നു;

(ഖ) ഗവർണ്ണർക്ക് അങ്ങനെയുള്ള ഏതെങ്കിലും പ്രദേശത്തിന്റെ സമാധാനത്തിനും സത്ഭരണത്തിനും വേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും അപ്രകാരം ഉണ്ടാക്കുന്ന ഏതൊരു റഗുലേഷനും, അങ്ങനെയുള്ള പ്രദേശത്തിന് തൽസമയം ബാധകമായ പാർലമെന്റിന്റെയോ സംസ്ഥാനത്തെ നിയമനിർമ്മാണമണ്ഡലത്തിന്റെയോ ഏതെങ്കിലും ആക്റ്റോ അല്ലെങ്കിൽ നിലവിലുള്ള ഏതെങ്കിലും നിയമമോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും ആകുന്നു.

(2) ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡികയുടെ (ക) ഖണ്ഡപ്രകാരം ഗവർണ്ണർ നൽകുന്ന ഏതെങ്കിലും നിർദ്ദേശം, പൂർവ്വകാലപ്രാബല്യം ഉണ്ടായിരിക്കത്തക്കവണ്ണം നൽകാവുന്നതാണ്.

(3) ഈ ഖണ്ഡിക (1)-ാം ഉപഖണ്ഡികയുടെ (ഖ) ഖണ്ഡപ്രകാരം ഉണ്ടാക്കുന്ന എല്ലാ റെഗുലേഷനുകളും ഉടനടി രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതും അദ്ദേഹം അനുമതി നൽകുന്നതുവരെ അവയ്ക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

[1]*[2]***20. ഗോത്രവർഗ്ഗപ്രദേശങ്ങൾ.**—(1) താഴെയുള്ള അനുസൂചികയിലെ I, II, [3][IIക], III എന്നീ ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ള പ്രദേശങ്ങൾ യഥാക്രമം ആസ്സാം സംസ്ഥാനത്തെയും മേഘാലയ സംസ്ഥാനത്തെയും, [3][ത്രിപുര സംസ്ഥാനത്തെയും], മിസ്സോറാം [4][സംസ്ഥാനത്തെയും] ഗോത്രവർഗ്ഗ പ്രദേശങ്ങളായിരിക്കുന്നതാണ്.

(2) താഴെയുള്ള അനുസൂചികയിൽ ജില്ലയെപ്പറ്റി [5][I-ാം ഭാഗത്തിലോ II-ാം ഭാഗത്തിലോ III-ാം ഭാഗത്തിലോ ഉള്ള ഏതൊരു പരാമർശവും] 1971-ലെ വടക്കു കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, 2-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് തൊട്ടുമുമ്പ് ആ പേരിൽ നിലവിലിരുന്ന സ്വയംഭരണ ജില്ലയിൽ അടങ്ങിയ ഭൂപ്രദേശത്തെപ്പറ്റിയുള്ള പരാമർശമായി കരുതേണ്ടതാണ്:

എന്നാൽ, ഈ പട്ടികയിലെ 3-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയിലെ (ങ), (ച) എന്നീ ഖണ്ഡങ്ങൾ, 4-ാം ഖണ്ഡിക, 5-ാം ഖണ്ഡിക, 6-ാം ഖണ്ഡിക, 8-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയും, (3)-ാം ഉപഖണ്ഡികയിലെ (ക), (ഖ), (ഘ) എന്നീ ഖണ്ഡങ്ങളും (4)-ാം ഉപഖണ്ഡികയും, 10-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിലെ (ഘ) ഖണ്ഡം എന്നിവയുടെ ആവശ്യങ്ങൾക്ക് ഷില്ലോംഗ് മുനിസിപ്പാലിറ്റിയിൽ അടങ്ങിയ പ്രദേശത്തിന്റെ യാതൊരു ഭാഗവും [6][ഖാസിമലയോര ജില്ല]യ്ക്കുള്ളിലാണെന്ന് കരുതപ്പെടുന്നതല്ല.

[3][(3) താഴെയുള്ള അനുസൂചികയിലെ ഭാഗം IIക യിലെ "ത്രിപുര ഗോത്രവർഗ്ഗപ്രദേശ ജില്ല" എന്ന പരാമർശത്തെ 1979-ലെ ത്രിപുര ഗോത്രവർഗ്ഗ പ്രദേശ സ്വയംഭരണ ജില്ലാ കൗൺസിൽ ആക്റ്റിലെ ഒന്നാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ഗോത്രവർഗ്ഗപ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂപ്രദേശത്തെപ്പറ്റിയുള്ള ഒരു പരാമർശമായി കരുതേണ്ടതാണ്.]

---

1. 1971-ലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) ആക്റ്റ്, (1971-ലെ 81), 71(i) വകുപ്പും എട്ടാം പട്ടികയും പ്രകാരം 20-ം, 20ക-ം ഖണ്ഡികകൾക്ക് പകരം ചേർത്തത് (21-1-1972 മുതൽ പ്രാബല്യം).
2. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44) 2-ാം വകുപ്പു പ്രകാരം 20-ാം ഖണ്ഡികയിൽ, ആസ്സാം സംസ്ഥാനത്തിനുള്ള അതിന്റെ ബാധകതയിൽ, അനുസൂചികയുടെ 1-ാം ഭാഗത്തിൽ, 2-ാം ഉൾക്കുറിപ്പിനുശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർത്തിരിക്കുന്നു, അതായത്:—
   "3. ബോഡോലാന്റ് ഭൂപ്രദേശ ജില്ല."
3. 1984-ലെ ഭരണഘടന (നാല്പത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
4. 1986-ലെ മിസ്സോറാം സംസ്ഥാന ആക്റ്റ് (1986-ലെ 34), 39-ാം വകുപ്പു പ്രകാരം "യൂണിയൻ പ്രദേശം" എന്നതിനു പകരം ചേർത്തത് (20-2-1987 മുതൽ പ്രാബല്യം).
5. 1984-ലെ ഭരണഘടന (നാല്പത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "താഴെപ്പറയുന്ന അനുസൂചികയിലെ ഏതെങ്കിലും പരാമർശം" എന്നതിനു പകരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
6. 23-6-1973-ലെ മേഘാലയ ഗസറ്റിന്റെ V ക ഭാഗം 200-ാം പേജിലെ, മേഘാലയ സർക്കാരിന്റെ 1973 ജൂൺ 14-ാം തീയതിയിലെ ഡിസിഎ 31/72/11 എന്ന നമ്പർ വിജ്ഞാപനം വഴി പകരം ചേർത്തത്.

TABLE

PART I

1. The North Cachar Hills District.

2. [1][The Karbi Anglong District]

[2][3. The Bodoland Territiorial Areas District.]

PART II

[3][1. Khasi Hills District.

2. Jaintia Hills District.]

3. The Garo Hills District.

[4][PART IIA

Tripura Tribal Areas District]

PART III

[5][***]

[6][1. The Chakma District.

[7][2. The Mara District.

3. The Lai District]]

[8]**[20A. Dissolution of the Mizo District Council**.—(1) Notwithstanding anything in this Schedule, the District Council of the Mizo District existing immediately before the prescribed date (hereinafter referred to as the Mizo District Council shall stand dissolved and cease to exist.

(2) The Administrator of the Union territory of Mizoram may, by one or more orders, provide for all or any of the following matters, namely:—

(a) the transfer, in whole or in part, of the assets, rights and liabilities of the Mizo District Council (including the rights and liabilities under any contract made by it) to the Union or to any other authority;

1. Subs. by the Goverment of Assam Notification No. TAD/R/115/74/47 dated 14-10-1976 for "The Mikir Hills Districts".

2. Ins. by the Sixth Schedule to the Constitution (Amendment) Act, 2003 (44 of 2003), s.2.

3. Subs. by the Goverment of Meghalaya Notification No. DCA 31/72/11 dated the 14th June, 1973, Gazette of Meghalaya, Pt. VA, dated 23-6-1973, p. 200.

4. Ins. by the Constitution (Forty-ninth Amendment) Act, 1984, s. 4 (w.e.f. 1-4-1985).

5. The words "The Mizo District." omitted by the Government of Union Territories (Amendment) Act, 1971 (83 of 1971), s. 13 (w.e.f. 29-4-1972).

6. Ins. by the Mizoram District Councils (Miscellaneous Provision) Order, 1972, Published in the Mizoram Gazette, 1972, dated the 5th May, 1972, Vol. I, Pt. II, P. 17 (w.e.f. 29-4-1972).

7. Subs. by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s. 2, for serial numbers 2 and 3 and the entries relating thereto.

8. Subs. by the Government of Union Territories (Amendment) Act, 1971 (83 of 1971), s.13, for paragraph 20A. (w.e.f. 29-4-1972).

അനുസൂചിക

ഭാഗം I

1. ഉത്തര കച്ചാർ മലയോര ജില്ല.
2. [1][കാർബി ആംഗ്ലോങ് ജില്ല.]

[2][3. ബോഡോലാന്റ് ഭൂപ്രദേശ ജില്ല.]

ഭാഗം II

[3][1. ഖാസി മലയോര ജില്ല.
2. ജയിന്തിയ മലയോര ജില്ല.]
3. ഗാറോ മലയോര ജില്ല.

[4][ഭാഗം IIക

ത്രിപുര ഗോത്രവർഗ്ഗ പ്രദേശ ജില്ല]

ഭാഗം III

[5][***]

[6][1. ചക്മ ജില്ല.

[7][2. മാര ജില്ല.

3. ലായി ജില്ല.]]

[8][**20 ക. മിസ്സോ ജില്ലാ സമിതി പിരിച്ചുവിടൽ.**—(1) ഈ പട്ടികയിൽ എന്തുതന്നെ ആയിരുന്നാലും, നിർണ്ണയിച്ചിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പ്, നിലവിലിരുന്ന (ഇതിനു ശേഷം മിസ്സോ ജില്ലാ സമിതി എന്നു പറയുന്ന) മിസ്സോ ജില്ലയുടെ ജില്ലാ സമിതി പിരിച്ചു വിടപ്പെട്ടതും നിലവിലില്ലാതായിത്തീരുന്നതും ആകുന്നു.

(2) മിസ്സോറാം യൂണിയൻ പ്രദേശത്തിന്റെ ഭരണാധികാരിക്ക് ഒന്നോ അതിലധികമോ ഉത്തരവു വഴി, താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാത്തിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, ആതായത്:—

(ക) മിസ്സോ ജില്ലാ സമിതിയുടെ (അതുണ്ടാക്കിയ ഏതെങ്കിലും കരാർ പ്രകാരമുള്ള അവകാശങ്ങളും ബാദ്ധ്യതകളും ഉൾപ്പെടെ) ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും പൂർണ്ണമായോ ഭാഗികമായോ യൂണിയനോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ കൈമാറ്റം ചെയ്യൽ;

---

1. 14-10-1976-ലെ ആസ്സാം സർക്കാരിന്റെ റ്റിഎഡി/ആർ/115/74/47 എന്ന വിജ്ഞാപനം പ്രകാരം "മിക്കിർ മലയോരജില്ല" എന്നതിനു പകരം ചേർത്തത്.
2. 2003-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (2003-ലെ 44), 2-ാം വകുപ്പ് പ്രകാരം ചേർത്തത്.
3. 23-6-1973-ലെ മേഘാലയ ഗസറ്റിന്റെ V ക ഭാഗം 200-ാം പേജിലെ മേഘാലയ സർക്കാരിന്റെ 1973 ജൂൺ 14-ാം തീയതിയിലെ ഡിസിഎ 31/72/11 എന്ന വിജ്ഞാപനം വഴി പകരം ചേർത്തത്.
4. 1984-ലെ ഭരണഘടന (നാല്പത്തി ഒൻപതാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (1-4-1985 മുതൽ പ്രാബല്യം).
5. 1971-ലെ യൂണിയൻ പ്രദേശങ്ങളുടെ ഭരണം (ഭേദഗതി) ആക്റ്റ് (1971-ലെ 83), 13-ാം വകുപ്പുപ്രകാരം "മിസ്സോ ജില്ല." എന്നീ വാക്കുകൾ വിട്ടുകളഞ്ഞു. (29-4-1972 മുതൽ പ്രാബല്യം).
6. 1972 മേയ് 5-ാം തീയതിയിലെ മിസ്സോറാം ഗസറ്റ് I-ാം വാല്യം II-ാം ഭാഗം 17-ാം പേജിൽ പ്രസിദ്ധീകരിച്ച 1972-ലെ മിസ്സോറാം ജില്ലാ സമിതികൾ (പലവക വ്യവസ്ഥകൾ) ഉത്തരവ് പ്രകാരം ചേർത്തത് (29-4-1972 മുതൽ പ്രാബല്യം).
7. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പുപ്രകാരം 2-ഉം 3-ഉം ക്രമനമ്പരുകൾക്കും അവയെ സംബന്ധിച്ച ഉൾക്കുറിപ്പുകൾക്കും പകരം ചേർത്തത്.
8. 1971-ലെ യൂണിയൻ പ്രദേശങ്ങളുടെ ഭരണം (ഭേദഗതി) ആക്റ്റ് (1971-ലെ 83), 13-ാം വകുപ്പുപ്രകാരം 20ക ഖണ്ഡികയ്ക്കു പകരം ചേർത്തത് (29-4-1972 മുതൽ പ്രാബല്യം).

(b) the substitution of the Union or any other authority for the Mizo District Council, or the addition of the Union or any other authority, as a party to any legal proceedings to which the Mizo District Council is a party;

(c) the transfer or re-employment of any employees of the Mizo District Council to or by the Union or any other authoriy, the terms and conditions of service applicable to such employees after such transfer or re-employment;

(d) the continuance of any laws, made by the Mizo District Council and in force immediately before its dissolution, subject to such adaptations and modifications, whether by way of repeal or amendment, as the Administrator may make in this behalf, until such laws are altered, repealed or amended by a competent Legislature or other competent authority;

(e) such incidental, consequential and supplementary matters as the Administrator considers necessary.

Explanation.—In this paragraph and in paragraph 20B of this Schedule, the expression "prescribed date" means the date on which the Legislative Assembly of the Union territory of Mizoram is duly constituted under and in accordance with the provisions of the Government of Union Territories Act, 1963.

[1]*[2]***20B. Autonomous regions in the Union territory of Mizoram to be autonomous districts and transitory provisions consequent thereto.—**(1) Notwithstanding anything in this Schedule,—

---

1. After paragraph 20B, the following paragraph has been inserted in its application to the State of Assam by the Sixth Schedule to the Constitution (Amendment) Act, 1995 (42 of 1995), s. 2 namely:-

"20BA. Exercise of discretionary powers by the Governor in the discharge of his functions.— The Governor in the discharge of his functions under sub-paragraphs (2&3) of paragraph 1, sub-paragraphs (1), (6), sub-paragraph (6A) excluding the first proviso and sub-paragraph (7) of paragraph 2, sub-paragraph (3) of paragraph 3, sub-paragraph (4) of paragraph 4, paragraph 5, sub-paragraph (1) of paragraph 6, sub-paragraph (2) of paragraph 7, sub-paragraph (4) of paragraph 8, sub-paragraph (3) of paragraph 9, sub-paragraph (3) of paragraph 10, sub-paragraph (1) of paragraph 14, sub-paragraph (1) of paragraph 15 and sub-paragraphs (1) & (2) of paragraph 16 of this schedule, shall, after consulting the Council of Ministers and the North Cachar Hills Autonomous Council or the Karbi Anglong Autonomous Council, as the case may be, take such action as he considers necessary in his discretion".

2. After paragraph 20B, the following paragraph has been inserted in its application to the States of Tripura and Mizoram, by the Sixth Schedule to the Constitution (Amendment) Act, 1988 (67 of 1988), s. 2 namely:—

"20BB. Excercise of discretionary powers by the Governor in the discharge of his functions.—The Governor, in the discharge of his functions under sub-paragraphs (2) & (3) of paragraph 1, sub- paragraphs (1) & (7) of paragraph 2, sub paragraph (3) of paragraph 3, sub-paragraph (4) of paragraph 4, paragraph 5, sub-paragraph (1) of paragraph 6, sub-paragraph (2) of paragraph 7, sub-paragraph (3) of paragraph 9, sub-paragraph (1) of paragraph 14, sub-paragraph (1) of paragraph 15 and sub-paragraphs (1) & (2) of paragraph 16 of this schedule, shall after consulting the Council of Ministers, and if he thinks necessary, the District Council or the Regional Council concerned, take such action as he considers necessary in his discretion".

(ഖ) മിസ്സോ ജില്ലാസമിതി കക്ഷിയായിട്ടുള്ള ഏതെങ്കിലും നിയമനടപടികളിൽ കക്ഷിയായി, മിസ്സോ ജില്ലാ സമിതിക്ക് പകരം യൂണിയനെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനെയോ ചേർക്കുകയോ, അല്ലെങ്കിൽ യൂണിയനെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തെയോ കൂടി ചേർക്കുകയോ ചെയ്യൽ;

(ഗ) മിസ്സോ ജില്ലാസമിതിയുടെ ഏതെങ്കിലും ജീവനക്കാരെ യൂണിയനിലേയ്ക്കോ മറ്റേതെങ്കിലും അധികാരസ്ഥാനത്തേക്കോ മാറ്റുന്നതും യൂണിയനോ മറ്റേതെങ്കിലും അധികാരസ്ഥാനമോ അവരെ വീണ്ടും നിയമിക്കുന്നതും അങ്ങനെ മാറ്റുകയോ വീണ്ടും നിയമിക്കുകയോ ചെയ്തതിനുശേഷം ആ ജീവനക്കാർക്ക് ബാധകമായ സേവന വ്യവസ്ഥകളും ഉപാധികളും;

(ഘ) മിസ്സോ ജില്ലാസമിതി ഉണ്ടാക്കിയതും അതിന്റെ പിരിച്ചുവിടലിനു മുമ്പ് പ്രാബല്യത്തിൽ ഇരുന്നതുമായ നിയമങ്ങൾ, ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ മറ്റേതെങ്കിലും അധികാരസ്ഥാനമോ അങ്ങനെയുള്ള നിയമങ്ങളെ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ, അഡ്മിനിസ്ട്രേറ്റർ ഇതിലേയ്ക്ക് റദ്ദാക്കലോ ഭേദഗതിയോ വഴി വരുത്തുന്ന അങ്ങനെയുള്ള അനുയോജനങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, പ്രാബല്യത്തിൽ തുടരുന്നത്;

(ങ) അഡ്മിനിസ്ട്രേറ്റർ ആവശ്യമെന്നു കരുതുന്ന സാന്ദർഭികവും അനന്തരഫലമായി ഉണ്ടാകുന്നതും അനുപൂരകവുമായ കാര്യങ്ങൾ.

വിശദീകരണം.— ഈ പട്ടികയിൽ ഈ ഖണ്ഡികയിലും 20ഖ ഖണ്ഡികയിലും "നിർണ്ണയിച്ചിട്ടുള്ള തീയതി" എന്നാൽ 1963-ലെ യൂണിയൻ പ്രദേശങ്ങളുടെ ഭരണം ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും അവയ്ക്ക് അനുസൃതമായും മിസ്സോറാം യൂണിയൻ പ്രദേശത്തിന്റെ നിയമസഭ യഥാവിധി രൂപീകരിക്കുന്ന തീയതി എന്ന് അർത്ഥമാകുന്നു.]

[1]*[2]***20ഖ. മിസ്സോറാം യൂണിയൻ പ്രദേശത്തിലെ സ്വയംഭരണപ്രദേശങ്ങൾ സ്വയംഭരണ ജില്ലകൾ ആയിരിക്കുമെന്നും, അതിന്റെ അനന്തരഫലമായുണ്ടാകുന്ന ഇടക്കാല വ്യവസ്ഥകളും.**—(1) ഈ പട്ടികയിൽ എന്തുതന്നെ ആയിരുന്നാലും,—

---

1. 1995-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1995-ലെ 42), 2-ാം വകുപ്പു പ്രകാരം, 20ഖ ഖണ്ഡികയ്ക്കുശേഷം ആസ്സാം സംസ്ഥാനത്തിന് അതിന്റെ ബാധകതയിൽ താഴെപ്പറയുന്ന ഖണ്ഡിക ചേർത്തു, അതായത്: —

"20ഖ ക. ഗവർണ്ണർ അദ്ദേഹത്തിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ വിവേചനാധികാരങ്ങൾ പ്രയോഗിക്കുന്നത്.— ഈ പട്ടികയിലെ 1-ാം ഖണ്ഡികയുടെ (2)-ം (3)-ം ഉപഖണ്ഡികകളും, 2-ാം ഖണ്ഡികയുടെ (1)-ം (6)-ം ഉപഖണ്ഡികകളും ഒന്നാം പരിമിതി വ്യവസ്ഥ ഒഴികെ (6കെ) (2)-ാം ഖണ്ഡികയുടെ (7)-ാം ഉപഖണ്ഡികയും, 3-ാം ഖണ്ഡികയുടെ (3)-ാം ഉപഖണ്ഡികയും, 4-ാം ഖണ്ഡികയുടെ (4)-ാം ഉപഖണ്ഡികയും, 5-ാം ഖണ്ഡികയും 6-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 7-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയും, 8-ാം ഖണ്ഡികയുടെ (4)-ാം ഉപഖണ്ഡികയും, 9-ാം ഖണ്ഡികയുടെ (3)-ാം ഉപഖണ്ഡികയും, 10-ാം ഖണ്ഡികയുടെ (3)-ാം ഉപഖണ്ഡികയും, 14-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 15-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 16-ാം ഖണ്ഡികയുടെ (1)-ം (2)-ം ഉപഖണ്ഡികകളും പ്രകാരം ഗവർണ്ണർ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ മന്ത്രിസഭയുമായും ഉത്തരകച്ചാർ മലയോര സ്വയംഭരണ സഭയുമായും അല്ലെങ്കിൽ കാർബി ആംഗ്ലോങ് സ്വയംഭരണ സമിതിയുമായും, അതതുസംഗതിപോലെ, ആലോചിച്ചതിനുശേഷം അദ്ദേഹം തന്റെ വിവേചനത്തിൽ ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള നടപടി എടുക്കുന്നതാണ്."

2. 1988-ലെ ഭരണഘടന ആറാം പട്ടിക (ഭേദഗതി) ആക്റ്റ് (1988-ലെ 67), 2-ാം വകുപ്പുപ്രകാരം 20ഖ ഖണ്ഡികയ്ക്കുശേഷം ത്രിപുരയും, മിസ്സോറാമും സംസ്ഥാനങ്ങൾക്ക് അതിന്റെ ബാധകതയിൽ താഴെപ്പറയുന്ന ഖണ്ഡിക ചേർത്തു, അതായത്:—

"20ഖ ഖ. ഗവർണ്ണർ അദ്ദേഹത്തിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ വിവേചനാധികാരങ്ങൾ പ്രയോഗിക്കുന്നത്.— ഈ പട്ടികയിലെ 1-ാം ഖണ്ഡികയുടെ (2)-ം (3)-ം ഉപഖണ്ഡികകളും, 2-ാം ഖണ്ഡികയുടെ (1)-ം (7)-ം ഉപഖണ്ഡികകളും, 3-ാം ഖണ്ഡികയുടെ (3)-ാം ഉപഖണ്ഡികയും, 4-ാം ഖണ്ഡികയുടെ (4)-ാം ഉപഖണ്ഡികയും, 5-ാം ഖണ്ഡികയും 6-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 7-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയും, 9-ാം ഖണ്ഡികയുടെ (3)-ാം ഉപഖണ്ഡികയും 14-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 15-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയും, 16-ാം ഖണ്ഡികയുടെ (1)-ം (2)-ം ഉപഖണ്ഡികകളും പ്രകാരം ഗവർണ്ണർ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ മന്ത്രിസഭയുടെയും അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്നെങ്കിൽ ബന്ധപ്പെട്ട ജില്ലാ സമിതിയുമായോ പ്രാദേശിക സമിതിയുമായോ ആലോചിച്ചതിനു ശേഷം തന്റെ വിവേചനത്തിൽ അദ്ദേഹം ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള നടപടികൾ എടുക്കുന്നതാണ്."

(a) every autonomous region existing immediately before the prescribed date in the Union territory of Mizoram shall, on and from that date, be an autonomous district in that Union territory (hereafter referred to as the corresponding new district) and the Administrator thereof may, by one or more orders, direct that such consequential amendments as are necessary to give effect to the provisions of this clause shall be made in paragraph 20 of this Schedule (including Part III of the table appended to that paragraph) and thereupon the said paragraph and the said Part III shall be deemed to have been amended accordingly;

(b) every Regional Council of an autonomous region in the Union territory of Mizoram existing immediately before the prescribed date (hereafter referred to as the existing Regional Council) shall, on and from that date and until a District Council is duly constituted for the corresponding new district, be deemed to be the District Council of that district (hereafter referred to as the corresponding new District Council).

(2) Every member whether elected or nominated of an existing Regional Council shall be deemed to have been elected or, as the case may be, nominated to the corresponding new District Council and shall hold office until a District Council is duly constituted for the corresponding new district under this Schedule.

(3) Until rules are made under sub-paragraph (7) of paragraph 2 and sub- paragraph (4) of paragraph 4 of this Schedule by the corresponding new District Council, the rules made under the said provisions by the existing Regional Council and in force immediately before the prescribed date shall have effect in relation to the corresponding new District Council subject to such adaptations and modifications as may be made therein by the Administrator of the Union territory of Mizoram.

(4) The Administrator of the Union territory of Mizoram may, by one or more orders, provide for all or any of the following matters, namely:—

(a) the transfer in whole or in part of the assets, rights and liabilities of the existing Regional Council (including the rights and liabilities under any contract made by it) to the corresponding new District Council;

(b) the substitution of the corresponding new District Council for the existing Regional Council as a party to the legal proceedings to which the existing Regional Council is a party;

(c) the transfer or re-employment of any employees of the existing Regional Council to or by the corresponding new District Council, the terms and conditions of service applicable to such employees after such transfer or re-employment;

(ക) നിർണ്ണയിച്ചിട്ടുള്ള തീയതിയ്ക്ക് തൊട്ടുമുമ്പ് മിസ്സോറാം യൂണിയൻ പ്രദേശത്തിൽ നിലവിലിരുന്ന ഓരോ സ്വയംഭരണ പ്രദേശവും, ആ തീയതിയും ആ തീയതി മുതൽക്കും ആ യൂണിയൻ പ്രദേശത്തെ ഒരു സ്വയംഭരണ ജില്ലയായി തീരുന്നതും (ഇതിനുശേഷം തൽസ്ഥാനത്തുള്ള പുതിയ ജില്ലയായി പരാമർശിച്ചിരിക്കുന്നു) അതിന്റെ അഡ്മിനിസ്ട്രേറ്റർക്ക് ഒന്നോ അതിലധികമോ ഉത്തരവു വഴി ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് ആവശ്യമായ അങ്ങനെയുള്ള അനന്തരഫല ഭേദഗതികൾ ഈ പട്ടികയിലെ 20-ാം ഖണ്ഡികയിൽ (ആ ഖണ്ഡികയോട് അനുബന്ധമായുള്ള അനുസൂചികയിലെ III-ാം ഭാഗം ഉൾപ്പെടെ) വരുത്താവുന്നതും അതിൻമേൽ മുൻപറഞ്ഞ ഖണ്ഡികയും മുൻപറഞ്ഞ III-ാം ഭാഗവും അതിനനുസൃതമായി ഭേദഗതി ചെയ്തതായി കരുതപ്പെടേണ്ടതും ആകുന്നു;

(ഖ) നിർണ്ണയിച്ചിട്ടുള്ള തീയതിയ്ക്ക് തൊട്ടുമുമ്പ് മിസ്സോറാം യൂണിയൻ പ്രദേശത്തിൽ നിലവിലിരുന്ന സ്വയംഭരണ പ്രദേശങ്ങളിലെ (ഇതിനുശേഷം നിലവിലിരുന്ന പ്രാദേശിക സമിതി എന്നു പരാമർശിച്ചിരിക്കുന്നു) ഓരോ പ്രാദേശിക സമിതിയും ആ തീയതിയും ആ തീയതി മുതൽക്കും, പുതിയ ജില്ലയ്ക്ക് തൽസ്ഥാനത്തുള്ള ജില്ലാ സമിതി യഥാവിധി രൂപീകരിക്കുന്നതുവരെയും, ആ ജില്ലയിലെ (ഇതിനുശേഷം തൽസ്ഥാനത്തുള്ള പുതിയ ജില്ലാ സമിതി എന്നു പരാമർശിച്ചിരിക്കുന്ന) ജില്ലാ സമിതിയായി കരുതപ്പെടേണ്ടതും ആകുന്നു.

(2) നിലവിലിരിക്കുന്ന പ്രാദേശിക സമിതിയിലെ തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഓരോ അംഗവും തൽസ്ഥാനത്തുള്ള പുതിയ ജില്ലാ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയി, അതതുസംഗതിപോലെ, കരുതപ്പെടേണ്ടതും, തൽസ്ഥാനത്തുള്ള പുതിയ ജില്ലയ്ക്ക് ഈ പട്ടിക പ്രകാരം യഥാവിധി ഒരു പുതിയ ജില്ലാ സമിതി രൂപീകരിക്കുന്നതുവരെ ഉദ്യോഗം വഹിക്കുന്നതും ആകുന്നു.

(3) ഈ പട്ടികയിലെ 2-ാം ഖണ്ഡിക (7)-ാം ഉപഖണ്ഡികപ്രകാരവും 4-ാം ഖണ്ഡിക (4)-ാം ഉപഖണ്ഡിക പ്രകാരവും തൽസ്ഥാനത്തുള്ള പുതിയ ജില്ലാ സമിതി ചട്ടങ്ങൾ ഉണ്ടാക്കുന്നതുവരെ, നിലവിലുള്ള പ്രാദേശിക സമിതി പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയിട്ടുള്ളതും നിർണ്ണയിച്ചിട്ടുള്ള തീയതിയ്ക്ക് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്നതുമായ ചട്ടങ്ങൾക്ക്, പുതിയ ജില്ലാ സമിതിയെ സംബന്ധിച്ചിടത്തോളം മിസ്സോറാം യൂണിയൻ പ്രദേശത്തിലെ, ഭരണാധികാരി വരുത്തുന്ന അങ്ങനെയുള്ള അനുയോജനങ്ങൾക്കും രൂപഭേദപ്പെടുത്തലിനും വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(4) മിസ്സോറാം യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർക്ക് ഒന്നോ അതിലധികമോ ഉത്തരവുകൾ വഴി, താഴെപ്പറയുന്ന കാര്യങ്ങൾക്കെല്ലാത്തിനുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) നിലവിലുള്ള പ്രാദേശിക സമിതിയുടെ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും (അതുണ്ടാക്കിയ ഏതെങ്കിലും കരാർ പ്രകാരം ഉള്ള അവകാശങ്ങളും ബാദ്ധ്യതകളും ഉൾപ്പെടെ) പൂർണ്ണമായോ ഭാഗികമായോ പുതിയ തൽസ്ഥാനീയ ജില്ലാ സമിതിക്കു കൈമാറ്റം ചെയ്യൽ;

(ഖ) നിലവിലുള്ള പ്രാദേശിക സമിതി ഒരു കക്ഷിയായിട്ടുള്ള നിയമനടപടികളിൽ നിലവിലുള്ള പ്രാദേശിക സമിതിക്കു പകരം പുതിയ തൽസ്ഥാനീയ ജില്ലാ സമിതിയെ ഒരു കക്ഷിയായി ചേർക്കൽ;

(ഗ) നിലവിലുള്ള പ്രാദേശിക സമിതിയിലെ ഏതെങ്കിലും ജീവനക്കാരെ പുതിയ തൽസ്ഥാനീയ ജില്ലാ സമിതിയിലേക്ക് മാറ്റുന്നതും പുതിയ തൽസ്ഥാനീയ ജില്ലാ സമിതി അവരെ വീണ്ടും നിയമിക്കുന്നതും, അങ്ങനെ മാറ്റുകയോ വീണ്ടും നിയമിക്കുകയോ ചെയ്തതിനുശേഷം ആ ജീവനക്കാർക്ക് ബാധകമായ സേവനവ്യവസ്ഥകളും ഉപാധികളും;

(d) the continuance of any laws made by the existing Regional Council and in force immediately before the prescribed date, subject to such adaptations and modifications, whether by way of repeal or amendment, as the Administrator may make in this behalf until such laws are altered, repealed or amended by a competent Legislature or other competent authority;

(e) such incidental, consequential and supplementary matters as the Administrator considers necessary.

20C. Interpretation.—Subject to any provision made in this behalf, the provisions of this Schedule shall, in their application to the Union territory of Mizoram, have effect—

(1) as if references to the Governor and Government of the State were references to the Administrator of the Union territory appointed under article 239, references to State (except in the expression "Government of the State") were references to the Union territory of Mizoram and references to the State Legislature were references to the Legislative Assembly of the Union territory of Mizoram;

(2) as if—

(a) in sub-paragraph (5) of paragraph 4, the provision for consultation with the Government of the State concerned had been omitted;

(b) in sub-paragraph (2) of paragraph 6, for the words "to which the executive power of the State extends", the words "with respect to which the Legislative Assembly of the Union territory of Mizoram has power to make laws" had been substituted;

(c) in paragraph 13, the words and figures "under article 202" had been omitted.]

21. Amendment of the Schedule.—(1) Parliament may from time to time by law amend by way of addition, variation or repeal any of the provisions of this Schedule and, when the Schedule is so amended, any reference to this Schedule in this Constitution shall be construed as a reference to such Schedule as so amended.

(2) No such law as is mentioned in sub-paragraph (1) of this paragraph shall be deemed to be an amendment of this Constitution for the purposes of article 368.

(ഘ) നിർണ്ണയിച്ചിട്ടുള്ള തീയതിയ്ക്ക് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്നതും നിലവിലുള്ള പ്രാദേശിക സമിതി ഉണ്ടാക്കിയിട്ടുള്ളതുമായ ഏതെങ്കിലും നിയമങ്ങൾ, ക്ഷമതയുള്ള ഒരു നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റു അധികാരസ്ഥാനമോ അങ്ങനെ നിയമങ്ങളെ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതുവരെ, അഡ്മിനിസ്ട്രേറ്റർ ഇതിലേക്ക് വരുത്തുന്ന റദ്ദാക്കലോ ഭേദഗതിയോ വഴി അങ്ങനെയുള്ള അനുയോജനങ്ങൾക്കും രൂപഭേദപ്പെടുത്തലിനും വിധേയമായി, പ്രാബല്യത്തിൽ തുടരുന്നത്;

(ങ) അഡ്മിനിസ്ട്രേറ്റർ ആവശ്യമെന്നു കരുതുന്ന സാന്ദർഭികവും അനന്തരഫലമായി ഉണ്ടാകുന്നതും അനുപൂരകവും ആയ കാര്യങ്ങൾ.

20ഗ. വ്യാഖ്യാനം.—ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിധേയമായി, ഈ പട്ടികയിലെ വ്യവസ്ഥകൾ, യൂണിയൻ പ്രദേശമായ മിസ്സോറാം യൂണിയൻ പ്രദേശത്തിന്, അവയുടെ ബാധകതയിൽ—

(1) ഗവർണ്ണറെയും സംസ്ഥാന സർക്കാരിനെയും പറ്റിയുള്ള പരാമർശങ്ങൾ 239-ാം അനുച്ഛേദപ്രകാരം നിയമിച്ചിട്ടുള്ള യൂണിയൻ പ്രദേശത്തെ ഭരണാധികാരിയെപ്പറ്റിയുള്ള പരാമർശങ്ങളായിരുന്നപോലെയും സംസ്ഥാനത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ("സംസ്ഥാനത്തിന്റെ സർക്കാർ" എന്ന പ്രയോഗത്തിൽ ഒഴികെ) മിസ്സോറാം യൂണിയൻ പ്രദേശത്തെപ്പറ്റിയുള്ള പരാമർശങ്ങളായിരുന്നാൽ എന്നപോലെയും, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തെപ്പറ്റിയുള്ള പരാമർശങ്ങൾ മിസ്സോറാം യൂണിയൻ പ്രദേശത്തിലെ നിയമനിർമ്മാണമണ്ഡലത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ആയിരുന്നാൽ എന്നപോലെയും;

(2) (ക) 4-ാം ഖണ്ഡിക (5)-ാം ഉപഖണ്ഡികയിൽ, ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സർക്കാരുമായി ആലോചിക്കണമെന്നുള്ള വ്യവസ്ഥ വിട്ടുകളഞ്ഞിരുന്നാൽ എന്നപോലെയും;

(ഖ) 6-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിൽ, "സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരം വ്യാപിക്കുന്ന" എന്ന വാക്കുകൾക്കു പകരം "മിസ്സോറാം യൂണിയൻ പ്രദേശത്തിന്റെ നിയമസഭയ്ക്ക് നിയമങ്ങൾ ഉണ്ടാക്കാൻ അധികാരം ഉള്ളതും സംബന്ധിച്ച്" എന്ന വാക്കുകൾ ചേർത്തിരുന്നാൽ എന്നപോലെയും;

(ഗ) 13-ാം ഖണ്ഡികയിൽ "202-ാം അനുച്ഛേദപ്രകാരം" എന്നീ വാക്കുകളും അക്കങ്ങളും വിട്ടുകളഞ്ഞിരുന്നാൽ എന്നപോലെയും,

ആ വ്യവസ്ഥകൾക്കു പ്രഭാവമുണ്ടായിരിക്കുന്നതാണ്.

21. പട്ടികയുടെ ഭേദഗതി.—(1) പാർലമെന്റിന് അപ്പോഴപ്പോൾ നിയമം വഴി കൂട്ടിച്ചേർക്കലിലൂടെയോ വ്യത്യാസപ്പെടുത്തലിലൂടെയോ റദ്ദാക്കലിലൂടെയോ ഈ പട്ടികയിലെ വ്യവസ്ഥകളിൽ ഏതിനെയും ഭേദഗതി ചെയ്യാവുന്നതും, പട്ടിക അങ്ങനെ ഭേദഗതി ചെയ്യപ്പെടുമ്പോൾ ഈ ഭരണഘടനയിൽ ഈ പട്ടികയെപ്പറ്റിയുള്ള ഏതെങ്കിലും പരാമർശം അങ്ങനെ ഭേദഗതി ചെയ്ത പട്ടികയെക്കുറിച്ചുള്ള ഒരു പരാമർശമായി കരുതേണ്ടതും ആകുന്നു.

(2) ഈ ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിട്ടുള്ള യാതൊരു നിയമവും 368-ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ല.

SEVENTH SCHEDULE

(Article 246)

LIST I-UNION LIST

1. Defence of India and every part thereof including preparation for defence and all such acts as may be conducive in times of war to its prosecution and after its termination to effective demobilisation.

2. Naval, military and air forces; any other armed forces of the Union.

[1][2A. Deployment of any armed force of the Union or any other force subject to the control of the Union or any contingent or unit thereof in any State in aid of the civil power; powers, jurisdiction, privileges and liabilities of the members of such forces while on such deployment.]

3. Delimitation of cantonment areas, local self-government in such areas, the constitution and powers within such areas of cantonment authorities and the regulation of house accommodation (including the control of rents) in such areas.

4. Naval, military and air force works.

5. Arms, firearms, ammunition and explosives.

6. Atomic energy and mineral resources necessary for its production.

7. Industries declared by Parliament by law to be necessary for the purpose of defence or for the prosecution of war.

8. Central Bureau of Intelligence and Investigation.

9. Preventive detention for reasons connected with Defence, Foreign Affairs, or the security of India; persons subjected to such detention.

10. Foreign affairs; all matters which bring the Union into relation with any foreign country.

11. Diplomatic, consular and trade representation.

12. United Nations Organisation.

13. Participation in international conferences, associations and other bodies and implementing of decisions made thereat.

14. Entering into treaties and agreements with foreign countries and implementing of treaties, agreements and conventions with foreign countries.

15. War and peace.

16. Foreign jurisdiction.

17. Citizenship, naturalisation and aliens.

18. Extradition.

---

1. Ins. by the Constitution (Forty-second Amendment) Act, 1976, s. 57 (w.e.f. 3-1-1977).

ഏഴാം പട്ടിക

(അനുച്ഛേദം 246)

ലിസ്റ്റ് I—യൂണിയൻ ലിസ്റ്റ്

1. പ്രതിരോധത്തിനുള്ള സജ്ജീകരണവും യുദ്ധകാലത്ത് യുദ്ധം നടത്തിക്കൊണ്ടുപോകുവാനും അത് അവസാനിച്ചതിനുശേഷം ഫലപ്രദമായി സൈന്യങ്ങളെ പിരിച്ചുവിടാനും ഉതകുന്ന അങ്ങനെയുള്ള എല്ലാ പ്രവൃത്തികളും ഉൾപ്പെടെ ഭാരതത്തിന്റെയും അതിന്റെ ഓരോ ഭാഗത്തിന്റെയും കാത്തു സൂക്ഷിക്കൽ.

2. നാവിക-കര-വ്യോമ സേനകൾ; യൂണിയന്റെ മറ്റേതെങ്കിലും സായുധസേനകൾ.

[1][2 ക. യൂണിയന്റെ ഏതെങ്കിലും സായുധസേനയെയോ യൂണിയന്റെ നിയന്ത്രണത്തിനു വിധേയമായ മറ്റേതെങ്കിലും സേനയെയോ, അതിന്റെ ഏതെങ്കിലും വിഭാഗത്തെയോ ഘടകത്തെയോ, ഏതെങ്കിലും സംസ്ഥാനത്ത് സിവിൽ അധികാരത്തിന് സഹായകമായി വിന്യസിക്കുക; അങ്ങനെ വിന്യസിച്ചിരിക്കുമ്പോൾ അങ്ങനെയുള്ള സേനകളിലെ അംഗങ്ങളുടെ അധികാരങ്ങളും അധികാരിതയും വിശേഷാവകാശങ്ങളും ബാദ്ധ്യതകളും.]

3. പട്ടാള പാളയങ്ങളുള്ള പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം, അങ്ങനെയുള്ള പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണം, അങ്ങനെയുള്ള പ്രദേശങ്ങൾക്കുള്ളിൽ പട്ടാളപാളയ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അവയുടെ അധികാരങ്ങളും, അങ്ങനെയുള്ള പ്രദേശങ്ങളിൽ (വാടക നിയന്ത്രണമുൾപ്പെടെ) പാർപ്പിട സൗകര്യം ക്രമപ്പെടുത്തൽ എന്നിവ.

4. നാവിക-കര-വ്യോമ സേനകളുടെ കോട്ട കൊത്തളങ്ങൾ.

5. ആയുധങ്ങളും തോക്കുകളും വെടിക്കോപ്പും സ്ഫോടക വസ്തുക്കളും.

6. ആണവോർജ്ജവും അതിന്റെ ഉൽപാദനത്തിനാവശ്യമായ ഖനിജവിഭവങ്ങളും.

7. പ്രതിരോധത്തിന്റെ ആവശ്യത്തിനോ യുദ്ധത്തിന്റെ നടത്തിപ്പിനോ ആവശ്യമാണെന്ന് നിയമം വഴി പാർലമെന്റ് പ്രഖ്യാപിക്കുന്ന വ്യവസായങ്ങൾ.

8. കേന്ദ്ര രഹസ്യാന്വേഷണ കാര്യാലയം.

9. പ്രതിരോധവുമായോ വിദേശ കാര്യങ്ങളുമായോ ഭാരതത്തിന്റെ സുരക്ഷിതത്വവുമായോ ബന്ധപ്പെട്ട കാരണങ്ങൾക്കുള്ള നിവാരണത്തടങ്കൽ; അങ്ങനെയുള്ള തടങ്കലിന് വിധേയരാക്കിയിട്ടുള്ള ആളുകൾ.

10. വിദേശകാര്യങ്ങൾ; യൂണിയനെ ഏതെങ്കിലും വിദേശ രാജ്യവുമായി ബന്ധത്തിൽ കൊണ്ടുവരുന്ന എല്ലാ വിഷയങ്ങളും.

11. നയതന്ത്രം, സ്ഥാനപതി, വ്യാപാരം ഇവ സംബന്ധിച്ച പ്രാതിനിധ്യം.

12. ഐക്യരാഷ്ട്ര സംഘടന.

13. അന്താരാഷ്ട്ര സമ്മേളനങ്ങളിലും സമാജങ്ങളിലും മറ്റു നികായങ്ങളിലും പങ്കെടുക്കലും അവയിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കലും.

14. വിദേശ രാജ്യങ്ങളുമായി സന്ധികളിലും ഉടമ്പടികളിലും ഏർപ്പെടുന്നതും വിദേശ രാജ്യങ്ങളുമായുള്ള സന്ധികളും ഉടമ്പടികളും കരാറുകളും നടപ്പാക്കുന്നതും.

15. യുദ്ധവും സമാധാനവും.

16. അന്യരാജ്യത്തുള്ള അധികാരിത.

17. പൗരത്വവും പൗരത്വപ്രദാനവും; അന്യരാജ്യക്കാർ,

18. കുറ്റവാളികളെ തിരിച്ചേൽപ്പിക്കൽ.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

19. Admission into, and emigration and expulsion from, India; passports and visas.

20. Pilgrimages to places outside India.

21. Piracies and crimes committed on the high seas or in the air; offences against the law of nations committed on land or the high seas or in the air.

22. Railways.

23. Highways declared by or under law made by Parliament to be national highways.

24. Shipping and navigation on inland waterways, declared by Parliament by law to be national waterways, as regards mechanically propelled vessels; the rule of the road on such waterways.

25. Maritime shipping and navigation, including shipping and navigation on tidal waters; provision of education and training for the mercantile marine and regulation of such education and training provided by States and other agencies.

26. Lighthouses, including lightships, beacons and other provision for the safety of shipping and aircraft.

27. Ports declared by or under law made by Parliament or existing law to be major ports, including their delimitation, and the constitution and powers of port authorities therein.

28. Port quarantine, including hospitals connected therewith; seamen's and marine hospitals.

29. Airways; aircraft and air navigation; provision of aerodromes; regulation and organisation of air traffic and of aerodromes; provision for aeronautical education and training and regulation of such education and training provided by States and other agencies.

30. Carriage of passengers and goods by railway, sea or air, or by national waterways in mechanically propelled vessels.

31. Posts and telegraphs; telephones, wireless, broadcasting and other like forms of communication.

32. Property of the Union and the revenue therefrom, but as regards property situated in a State [1][***] subject to legislation by the State, save in so far as Parliament by law otherwise provides.

[2][***]

34. Courts of wards for the estates of Rulers of Indian States.

35. Public debt of the Union.

---

1. The words and letters "specified in Part A or Part B of the First Schedule" omitted by the Constitution (Seventh Amendment) Act, 1956, s.29 and Sch.

2. Entry 33 omitted by s. 26, ibid.

19. ഭാരതത്തിലേക്കുള്ള പ്രവേശനവും ഭാരതത്തിൽ നിന്നുള്ള കുടിയേറ്റവും പുറത്താക്കലും; പാസ്പോർട്ടും വിസായും.

20. ഭാരതത്തിനുപുറത്തുള്ള സ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനം.

21. പുറംകടലിലോ ആകാശത്തോ വച്ച് നടത്തുന്ന കൊള്ളകളും കുറ്റങ്ങളും; കരയിലോ പുറം കടലിലോ ആകാശത്തോവച്ച് അന്താരാഷ്ട്ര നിയമത്തിന് എതിരായി ചെയ്യുന്ന കുറ്റങ്ങൾ.

22. റെയിൽവേകൾ.

23. പാർലമെന്റ് നിയമം വഴിയോ നിയമപ്രകാരമോ ദേശീയ രാജപാതകളായി പ്രഖ്യാപിച്ചിട്ടുള്ള രാജപാതകൾ.

24. പാർലമെന്റ് നിയമം വഴി ദേശീയ ജലമാർഗ്ഗങ്ങളെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഉൾപ്രദേശ ജലമാർഗ്ഗങ്ങളിൽ യന്ത്രചാലിതമായ ജലയാനങ്ങൾ ഉപയോഗിച്ചുള്ള ഷിപ്പിങ്ങും നാവിഗേഷനും അങ്ങനെയുള്ള ജലമാർഗ്ഗങ്ങളിലെ ഗതാഗത ചട്ടവും.

25. വേലാ ജലത്തിലെ ഷിപ്പിങ്ങും നാവിഗേഷനും ഉൾപ്പെടെ സമുദ്രത്തിലെ ഷിപ്പിങ്ങും നാവിഗേഷനും; കച്ചവടക്കപ്പൽ സംബന്ധിച്ച വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഉള്ള ഏർപ്പാടും, സംസ്ഥാനങ്ങളും മറ്റ് ഏജൻസികളും നൽകുന്ന അങ്ങനെയുള്ള വിദ്യാഭ്യാസവും പരിശീലനവും ക്രമപ്പെടുത്തുന്നതും.

26. ദീപക്കപ്പലുകളും അടയാളദീപങ്ങളും ഷിപ്പിങ്ങിന്റെയും വിമാനത്തിന്റെയും ഭദ്രതയ്ക്കുള്ള മറ്റ് ഏർപ്പാടുകളും ഉൾപ്പെടെ, ദീപസ്തംഭങ്ങൾ.

27. പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമം വഴിയോ നിയമപ്രകാരമോ, നിലവിലുള്ള നിയമം വഴിയോ നിയമപ്രകാരമോ വൻകിട തുറമുഖങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള തുറമുഖങ്ങൾ, അവയുടെ അതിർത്തി നിർണ്ണയവും അവയിലെ തുറമുഖാധികാരസ്ഥാനങ്ങളുടെ രൂപീകരണവും അധികാരങ്ങളും ഉൾപ്പെടെ.

28. തുറമുഖ-പകർച്ചവ്യാധി വിലക്കും, അതുമായി ബന്ധപ്പെട്ട ആശുപത്രികൾ ഉൾപ്പെടെ, സമുദ്ര സഞ്ചാരികളുടെ ആശുപത്രികളും നാവിക ആശുപത്രികളും.

29. വ്യോമമാർഗ്ഗങ്ങൾ; വ്യോമയാനങ്ങളും വ്യോമഗതാഗതവും; വിമാനത്താവളങ്ങൾ ഏർപ്പെടുത്തൽ; വ്യോമസഞ്ചാരവും വിമാനത്താവളങ്ങളും ക്രമപ്പെടുത്തുന്നതും വ്യവസ്ഥപ്പെടുത്തുന്നതും; വൈമാനിക വിദ്യാഭ്യാസത്തിനും വൈമാനിക പരിശീലനത്തിനുമുള്ള ഏർപ്പാടും, സംസ്ഥാനങ്ങളും മറ്റ് ഏജൻസികളും നൽകുന്ന അങ്ങനെയുള്ള വിദ്യാഭ്യാസവും പരിശീലനവും ക്രമപ്പെടുത്തലും.

30. റെയിൽവഴിയോ കടൽവഴിയോ ആകാശംവഴിയോ അല്ലെങ്കിൽ യന്ത്രചാലിതജല യാനങ്ങളിൽ ദേശീയ ജലമാർഗ്ഗങ്ങൾ വഴിയോ യാത്രക്കാരെയും സാധനങ്ങളും കൊണ്ടുപോകൽ.

31. കമ്പി-തപാൽ; ടെലിഫോൺ, വയർലസ്, പ്രക്ഷേപണം എന്നിവയും വാർത്താവിനിമയത്തിന്റെ അതുപോലെയുള്ള മറ്റ് രൂപങ്ങളും.

32. യൂണിയന്റെ സ്വത്തും അതിൽനിന്നുള്ള റവന്യൂവും, എന്നാൽ [1][***] ഒരു സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന സ്വത്ത് സംബന്ധിച്ച് പാർലമെന്റ് നിയമം വഴി മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളമൊഴികെ, സംസ്ഥാനം ഉണ്ടാക്കുന്ന നിയമങ്ങൾക്ക് വിധേയമായി.

[2][***]

34. നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളുടെ സ്വത്ത് സംബന്ധിച്ച് കോടതി നിശ്ചയിക്കുന്ന മേൽനോട്ടക്കാർ.

35. യൂണിയന്റെ പൊതുക്കടം.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം ''ഒന്നാം പട്ടികയിലെ ക ഭാഗത്തോ ഖ ഭാഗത്തോ പറഞ്ഞിട്ടുള്ള'' എന്നീ വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞു.

2. മേൽപ്പറഞ്ഞ ആക്റ്റ്, 26-ാം വകുപ്പുപ്രകാരം 33-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു.

36. Currency, coinage and legal tender; foreign exchange.

37. Foreign loans.

38. Reserve Bank of India.

39. Post Office Savings Bank.

40. Lotteries organised by the Government of India or the Government of a State.

41. Trade and commerce with foreign countries; import and export across customs frontiers; definition of customs frontiers.

42. Inter-State trade and commerce.

43. Incorporation, regulation and winding up of trading corporations, including banking, insurance and financial corporations but not including co-operative societies.

44. Incorporation, regulation and winding up of corporations, whether trading or not, with objects not confined to one State, but not including universities.

45. Banking.

46. Bills of exchange, cheques, promissory notes and other like instruments.

47. Insurance.

48. Stock exchanges and futures markets.

49. Patents, inventions and designs; copyright; trade-marks and merchandise marks.

50. Establishment of standards of weight and measure.

51. Establishment of standards of quality for goods to be exported out of India or transported from one State to another.

52. Industries, the control of which by the Union is declared by Parliament by law to be expedient in the public interest.

53. Regulation and development of oilfields and mineral oil resources; petroleum and petroleum products; other liquids and substances declared by Parliament by law to be dangerously inflammable.

54. Regulation of mines and mineral development to the extent to which such regulation and development under the control of the Union is declared by Parliament by law to be expedient in the public interest.

55. Regulation of labour and safety in mines and oilfields.

56. Regulation and development of inter-State rivers and river valleys to the extent to which such regulation and development under the control of the Union is declared by Parliament by law to be expedient in the public interest.

57. Fishing and fisheries beyond territorial waters.

58. Manufacture, supply and distribution of salt by Union agencies; regulation and control of manufacture, supply and distribution of salt by other agencies.

36. കറൻസി, നാണയനിർമ്മാണം, നാണയത്തിന്റെ നിയമസാധുത, വിദേശനാണ്യ വിനിമയം.

37. വിദേശ വായ്പകൾ.

38. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ.

39. പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക്.

40. ഭാരത സർക്കാരോ ഒരു സംസ്ഥാന സർക്കാരോ സംഘടിപ്പിക്കുന്ന ഭാഗ്യക്കുറികൾ.

41. വിദേശ രാജ്യങ്ങളുമായുള്ള വ്യാപാരവും വാണിജ്യവും; കസ്റ്റംസ് അതിർത്തി കടന്നുള്ള ഇറക്കുമതിയും കയറ്റുമതിയും; കസ്റ്റംസ് അതിർത്തികളുടെ ക്ളിപ്തപ്പെടുത്തൽ.

42. അന്തർ-സംസ്ഥാന വ്യാപാരവും വാണിജ്യവും.

43. ബാങ്കിംഗ് കോർപ്പറേഷൻ, ഇൻഷ്വറൻസ് കോർപ്പറേഷൻ, ധനകാര്യ കോർപ്പറേഷൻ എന്നിവ ഉൾപ്പെടെയുള്ള, എന്നാൽ സഹകരണ സംഘങ്ങൾ ഒഴികെ, വ്യാപാര കോർപ്പറേഷനുകളുടെ ഏകീകരണവും ക്രമപ്പെടുത്തലും സമാപനവും.

44. വ്യാപാരം ചെയ്യുന്നതായാലും അല്ലെങ്കിലും ഒരു സംസ്ഥാനത്തേക്കുമാത്രമായി പരിമിതിപ്പെടുത്തിയിട്ടുള്ളതല്ലാത്ത ലക്ഷ്യങ്ങളോടുകൂടിയതും എന്നാൽ സർവ്വകലാശാലകൾ ഉൾപ്പെടാതെയുള്ളതുമായ കോർപ്പറേഷനുകളുടെ ഏകീകരണവും ക്രമപ്പെടുത്തലും സമാപനവും.

45. ബാങ്കിംഗ്

46. വിനിമയ പത്രങ്ങളും ചെക്കുകളും പ്രോനോട്ടുകളും അത്തരം മറ്റു പ്രമാണങ്ങളും.

47. ഇൻഷ്വറൻസ്.

48. സ്റ്റോക്ക് എക്സ്ചേഞ്ചുകളും സാട്ടാകമ്പോളങ്ങളും.

49. പേറ്റന്റുകളും കണ്ടുപിടിത്തങ്ങളും രൂപമാതൃകകളും; പകർപ്പവകാശം; വ്യാപാരചിഹ്നങ്ങളും ചരക്കടയാളങ്ങളും.

50. തൂക്കത്തിനും അളവിനും മാനദണ്ഡങ്ങൾ ഏർപ്പെടുത്തൽ.

51. ഭാരതത്തിന്റെ പുറത്തേക്കു കയറ്റുമതി ചെയ്യുവാനുള്ളതോ ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേക്ക് കൊണ്ടുപോകുവാനുള്ളതോ ആയ സാധനങ്ങളുടെ ഗുണനിലവാരത്തിന്റെ മാനദണ്ഡങ്ങൾ ഏർപ്പെടുത്തൽ.

52. യൂണിയന്റെ നിയന്ത്രണം പൊതുതാൽപ്പര്യത്തിന് യുക്തമാണെന്ന് പാർലമെന്റ് നിയമം വഴി പ്രഖ്യാപിക്കുന്ന വ്യവസായങ്ങൾ.

53. എണ്ണപ്പാടങ്ങളുടെയും ഖനിജതൈലവിഭവങ്ങളുടെയും ക്രമപ്പെടുത്തലും വികസനവും; പെട്രോളിയവും പെട്രോളിയം ഉൽപ്പന്നങ്ങളും; അപായകരമാംവണ്ണം എളുപ്പത്തിൽ തീ പിടിക്കാവുന്നവയാണെന്ന് പാർലമെന്റ് നിയമം വഴി പ്രഖ്യാപിക്കുന്ന മറ്റ് ദ്രാവകങ്ങളും പദാർത്ഥങ്ങളും.

54. പൊതുതാൽപ്പര്യത്തിന് യുക്തമാണെന്ന് നിയമം വഴി പാർലമെന്റ് പ്രഖ്യാപിക്കുന്നത്ര, യൂണിയന്റെ നിയന്ത്രണത്തിൻകീഴിൽ ഖനികളുടെ ക്രമപ്പെടുത്തലും ഖനിജങ്ങളുടെ വികസനവും.

55. ഖനികളിലെയും എണ്ണപ്പാടങ്ങളിലെയും തൊഴിലിന്റെ ക്രമപ്പെടുത്തലും അവയിലെ സുരക്ഷിതത്വവും.

56. പൊതുതാൽപ്പര്യത്തിന് യുക്തമാണെന്ന് നിയമം വഴി പാർലമെന്റ് പ്രഖ്യാപിക്കുന്നത്ര യൂണിയന്റെ നിയന്ത്രണത്തിൻകീഴിൽ അന്തർ-സംസ്ഥാന നദികളുടെയും നദീതടങ്ങളുടെയും ക്രമപ്പെടുത്തലും വികസനവും.

57. പ്രാദേശിക ജലാതിർത്തിക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധനകേന്ദ്രങ്ങളും.

58. യൂണിയൻ ഏജൻസികൾ വഴിയുള്ള ഉപ്പിന്റെ നിർമ്മാണവും സംഭരണവും വിതരണവും; മറ്റ് ഏജൻസികൾ വഴിയുള്ള ഉപ്പിന്റെ നിർമ്മാണവും സംഭരണവും വിതരണവും ക്രമപ്പെടുത്തലും നിയന്ത്രണവും.

59. Cultivation, manufacture, and sale for export, of opium.

60. Sanctioning of cinematograph films for exhibition.

61. Industrial disputes concerning Union employees.

62. The institutions known at the commencement of this Constitution as the National Library, the Indian Museum, the Imperial War Museum, the Victoria Memorial and the Indian War Memorial, and any other like institution financed by the Government of India wholly or in part and declared by Parliament by law to be an institution of national importance.

63. The institutions known at the commencement of this Constitution as the Benares Hindu University, the Aligarh Muslim University and the [1][Delhi University; the University established in pursuance of article 371E;] any other institution declared by Parliament by law to be an institution of national importance.

64. Institutions for scientific or technical education financed by the Government of India wholly or in part and declared by Parliament by law to be institutions of national importance.

65. Union agencies and institutions for—

(a) professional, vocational or technical training, including the training of police officers; or

(b) the promotion of special studies or research; or

(c) scientific or technical assistance in the investigation or detection of crime.

66. Co-ordination and determination of standards in institutions for higher education or research and scientific and technical institutions.

67. Ancient and historical monuments and records, and archaeological sites and remains [2][declared by or under law made by Parliament] to be of national importance.

68. The Survey of India, the Geological, Botanical, Zoological and Anthropological Surveys of India; Meteorological organisations.

69. Census.

70. Union Public Service; All-India Services; Union Public Service Commission.

71. Union pensions, that is to say, pensions payable by the Government of India or out of the Consolidated Fund of India.

72. Elections to Parliament, to the Legislatures of States and to the offices of President and Vice-President; the Election Commission.

---

1. Subs. by the Constitution (Thirty-second Amendment) Act. 1973, s.4, for "Delhi University and" (w.e.f. 1-7-1974).

2. Subs. by the Constitution (Seventh Amendment) Act. 1956, s. 27, for "declared by Parliament by law".

59. കറുപ്പിന്റെ കൃഷിയും ഉൽപ്പാദനവും കയറ്റുമതിക്കുള്ള വിൽപ്പനയും.

60. ചലച്ചിത്രങ്ങൾക്ക് പ്രദർശനത്തിന് അനുമതി നൽകൽ.

61. യൂണിയൻ ജീവനക്കാരെ സംബന്ധിച്ചുള്ള വ്യവസായത്തർക്കങ്ങൾ.

62. ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ദേശീയ ഗ്രന്ഥാലയം എന്നും ഭാരതത്തിന്റെ കാഴ്ച ബംഗ്ളാവ് എന്നും സാമ്രാജ്യ യുദ്ധകാഴ്ചബംഗ്ളാവ് എന്നും വിക്ടോറിയ സ്മാരകം എന്നും ഭാരത-യുദ്ധസ്മാരകം എന്നും അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങളും ഭാരത സർക്കാർ പൂർണ്ണമായോ ഭാഗികമായോ ധനം നൽകി നടത്തി വരുന്നതും പാർലമെന്റ് നിയമം വഴി ദേശീയ പ്രാധാന്യമുള്ള സ്ഥാപനമാണെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമായ അതുപോലെയുള്ള മറ്റേതെങ്കിലും സ്ഥാപനവും.

63. ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ബനാറീസ് ഹിന്ദു സർവ്വകലാശാല എന്നും അലിഗാർ മുസ്ലീം സർവ്വകലാശാല എന്നും [1][ഡൽഹി സർവ്വകലാശാല എന്നും] അറിയപ്പെട്ടിരുന്ന സ്ഥാപനങ്ങളും; [1][371ങ അനുച്ഛേദം അനുസരിച്ച് സ്ഥാപിച്ച സർവ്വകലാശാലയും;] പാർലമെന്റ് നിയമം വഴി ദേശീയ പ്രാധാന്യമുള്ള സ്ഥാപനമാണെന്ന് പ്രഖ്യാപിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥാപനവും.

64. ഭാരത സർക്കാർ പൂർണ്ണമായോ ഭാഗികമായോ ധനം നൽകി നടത്തിവരുന്നതും പാർലമെന്റ് നിയമം വഴി ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങളാണെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമായ, ശാസ്ത്രീയമോ സാങ്കേതികമോ ആയ വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ.

65. യൂണിയന്റെ—

(ക) പോലീസ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനം ഉൾപ്പെടെ വൃത്തിപരമോ തൊഴിൽപരമോ സാങ്കേതികമോ ആയ പരിശീലനത്തിനോ; അല്ലെങ്കിൽ

(ഖ) പ്രത്യേക പഠനങ്ങളുടെയോ ഗവേഷണത്തിന്റെയോ അഭിവൃദ്ധിക്കോ; അല്ലെങ്കിൽ

(ഗ) കുറ്റാന്വേഷണത്തിലും കുറ്റങ്ങൾ തെളിയിക്കുന്നതിലും ശാസ്ത്രീയമോ സാങ്കേതികമോ ആയ സഹായം നൽകുന്നതിനോ,

ഉള്ള സ്ഥാപനങ്ങളും ഏജൻസികളും.

66. ഉന്നത വിദ്യാഭ്യാസത്തിനോ ഗവേഷണത്തിനോ വേണ്ടിയുള്ള സ്ഥാപനങ്ങളിലെയും ശാസ്ത്രീയവും സാങ്കേതികവുമായ സ്ഥാപനങ്ങളിലെയും മാനദണ്ഡങ്ങളുടെ ഏകോപനവും നിശ്ചയവും.

67. ദേശീയ പ്രാധാന്യമുള്ളതെന്ന് [2][പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമം വഴിയോ നിയമപ്രകാരമോ പ്രഖ്യാപിച്ചിട്ടുള്ള] പുരാതനവും ചരിത്രസംബന്ധവുമായ സ്മാരകങ്ങളും രേഖകളും പുരാവസ്തു സംബന്ധമായ സ്ഥലങ്ങളും അവശിഷ്ടങ്ങളും.

68. ഭാരതത്തിന്റെ സർവ്വേ, ഭൂഗർഭശാസ്ത്രപരവും സസ്യശാസ്ത്രപരവും ജന്തുശാസ്ത്രപരവും നരവംശശാസ്ത്രപരവുമായ ഭാരതത്തിന്റെ സർവ്വേകൾ; അന്തരീക്ഷശാസ്ത്രപരമായ സംഘടനകൾ.

69. കാനേഷുമാരി.

70. യൂണിയൻ പബ്ലിക് സർവ്വീസുകൾ; അഖിലേന്ത്യാ സർവ്വീസുകൾ; യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ.

71. യൂണിയൻ പെൻഷനുകൾ അതായത്, ഭാരത സർക്കാരോ ഭാരതത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ നൽകേണ്ട പെൻഷനുകൾ.

72. പാർലമെന്റ്, സംസ്ഥാനങ്ങളിലെ നിയമനിർമ്മാണമണ്ഡലങ്ങൾ, രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും ഉദ്യോഗങ്ങൾ എന്നിവയിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ; തെരഞ്ഞെടുപ്പ് കമ്മീഷൻ.

---

1. 1973-ലെ ഭരണഘടന (മുപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 4-ാം വകുപ്പുപ്രകാരം "ഡൽഹി സർവ്വകലാശാലയും" എന്നതിനു പകരം ചേർത്തത് (1-7-1974 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പുപ്രകാരം "പാർലമെന്റ് നിയമം വഴി പ്രഖ്യാപിച്ചിട്ടുള്ള" എന്നതിനു പകരം ചേർത്തത്.

73. Salaries and allowances of members of Parliament, the Chairman and Deputy Chairman of the Council of States and the Speaker and Deputy Speaker of the House of the People.

74. Powers, privileges and immunities of each House of Parliament and of the members and the Committees of each House; enforcement of attendance of persons for giving evidence or producing documents before committees of Parliament or commissions appointed by Parliament.

75. Emoluments, allowances, privileges, and rights in respect of leave of absence, of the President and Governors; salaries and allowances of the Ministers for the Union; the salaries, allowances, and rights in respect of leave of absence and other conditions of service of the Comptroller and Auditor-General.

76. Audit of the accounts of the Union and of the States.

77. Constitution, organisation, jurisdiction and powers of the Supreme Court (including contempt of such Court), and the fees taken therein; persons entitled to practise before the Supreme Court.

78. Constitution and organisation [1][(including vacations)] of the High Courts except provisions as to officers and servants of High Courts; persons entitled to practise before the High Courts.

[2][79. Extension of the jurisdiction of a High Court to, and exclusion of the jurisdiction of a High Court from, any Union territory.]

80. Extension of the powers and jurisdiction of members of a police force belonging to any State to any area outside that State, but not so as to enable the police of one State to exercise powers and jurisdiction in any area outside that State without the consent of the Government of the State in which such area is situated; extension of the powers and jurisdiction of members of a police force belonging to any State to railway areas outside that State.

81. Inter-State migration; inter-State quarantine.

82. Taxes on income other than agricultural income.

83. Duties of customs including export duties.

[3][84. Duties of excise on the following goods manufactured or produced in India, namely:—

(a) petroleum crude;

(b) high speed diesel;

(c) motor spirit (commonly known as petrol);

(d) natural gas;

(e) aviation turbine fuel; and

(f) tobacco and tobacco products.]

1. Ins. by the Constitution (Fifteenth Amendment) Act, 1963, s. 12 (with retrospective effect).

2. Subs. by the Constitution (Seventh Amendment) Act, 1956, s. 29 and Sch., for entry 79.

3. Entry 84 substituted by the Constitution (One Hundred and First Amendment) Act, 2016, s. 17 (w.e.f. 16-9-2016).

73. പാർലമെന്റിന്റെ അംഗങ്ങൾ, രാജ്യസഭയിലെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും, ലോകസഭയിലെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും, എന്നിവരുടെ ശമ്പളങ്ങളും ബത്തകളും.

74. പാർലമെന്റിന്റെ ഓരോ സഭയുടെയും ഓരോ സഭയിലേയും അംഗങ്ങളുടെയും കമ്മിറ്റികളുടെയും, അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യത ഇല്ലായ്മകളും, പാർലമെന്റിന്റെ കമ്മിറ്റികളുടെയോ പാർലമെന്റ് നിയമിച്ചിട്ടുള്ള കമ്മീഷനുകളുടെയോ മുമ്പാകെ തെളിവു നൽകുവാനോ രേഖകൾ ഹാജരാക്കുവാനോ ആളുകൾ ഹാജരാകുന്നത് നിർബന്ധമാക്കൽ.

75. രാഷ്ട്രപതിയുടെയും ഗവർണ്ണർമാരുടെയും വേതനങ്ങളും ബത്തകളും വിശേഷാവകാശങ്ങളും അവധി സംബന്ധിച്ച അവകാശങ്ങളും; യൂണിയൻ മന്ത്രിമാരുടെ ശമ്പളങ്ങളും ബത്തകളും കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന്റെ ശമ്പളങ്ങളും ബത്തകളും; അവധി സംബന്ധിച്ച അവകാശങ്ങളും മറ്റ് സേവനവ്യവസ്ഥകളും.

76. യൂണിയന്റെയും സംസ്ഥാനങ്ങളുടെയും കണക്കുകളുടെ ആഡിറ്റ്.

77. സുപ്രീംകോടതിയുടെ സംവിധാനവും വ്യവസ്ഥപ്പെടുത്തലും (ആ കോടതിയെ സംബന്ധിച്ച കോടതിയലക്ഷ്യം ഉൾപ്പെടെ), അധികാരിതയും അധികാരങ്ങളും അവിടെ വാങ്ങുന്ന ഫീസും സുപ്രീംകോടതി മുമ്പാകെ വ്യവഹരിക്കുവാൻ അവകാശമുള്ള ആളുകളും.

78. ഹൈക്കോടതികളിലെ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകളൊഴികെ ഹൈക്കോടതികളുടെ സംവിധാനവും വ്യവസ്ഥപ്പെടുത്തലും, [1][(ഒഴിവുകാലം ഉൾപ്പെടെ)]; ഹൈക്കോടതി മുമ്പാകെ വ്യവഹരിക്കുവാൻ അവകാശമുള്ള ആളുകളും.

[2][79. ഏതെങ്കിലും യൂണിയൻ പ്രദേശത്തേക്ക് ഒരു ഹൈക്കോടതിയുടെ അധികാരിത വ്യാപിപ്പിക്കലും ഏതെങ്കിലും യൂണിയൻ പ്രദേശത്തുനിന്ന് ഒരു ഹൈക്കോടതിയുടെ അധികാരിത ഒഴിവാക്കലും.]

80. ഒരു സംസ്ഥാനത്തെ പോലീസിനെ ആ സംസ്ഥാനത്തിനുപുറത്തുള്ള ഏതെങ്കിലും പ്രദേശത്ത്, ആ പ്രദേശം സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ സർക്കാരിന്റെ സമ്മതം കൂടാതെ അധികാരങ്ങളും അധികാരിതയും പ്രയോഗിക്കുവാൻ കഴിവുള്ളതാക്കിത്തീർക്കാത്തവിധത്തിൽ, ഒരു സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങളുടെ അധികാരങ്ങളും അധികാരിതയും ആ സംസ്ഥാനത്തിന് പുറത്തുള്ള ഏതെങ്കിലും പ്രദേശത്തേക്ക് വ്യാപിപ്പിക്കൽ, ഏതെങ്കിലും സംസ്ഥനത്തിന്റെ പോലീസ് സേനയിലെ അംഗങ്ങളുടെ അധികാരങ്ങളും അധികാരിതയും ആ സംസ്ഥാനത്തിന് പുറത്തുള്ള റെയിൽവേ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കൽ.

81. അന്തർ-സംസ്ഥാന കുടിയേറ്റം; അന്തർ-സംസ്ഥാന പകർച്ചവ്യാധി വിലക്ക്.

82. കാർഷികാദായം അല്ലാതെയുള്ള ആദായത്തിൻമേലുള്ള നികുതികൾ.

83. കയറ്റുമതി തീരുവകൾ ഉൾപ്പെടെയുള്ള കസ്റ്റംസ് തീരുവകൾ.

[3][84. ഭാരതത്തിൽ നിർമ്മിക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന താഴെപ്പറയുന്ന സാധനങ്ങളിന്മേലുള്ള എക്സൈസ് തീരുവകൾ, അതായത്:—

(ക) പെട്രോളിയം ക്രൂഡ്;

(ഖ) ഹൈസ്പീഡ് ഡീസൽ;

(ഗ) മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു);

(ഘ) പ്രകൃതി വാതകം;

(ങ) ഏവിയേഷൻ ടർബൈൻ ഇന്ധനം; കൂടാതെ

(ച) പുകയിലയും പുകയില ഉല്പന്നങ്ങളും.]

---

1. 1963-ലെ ഭരണഘടന (പതിനഞ്ചാം ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം (പൂർവ്വകാല പ്രാബല്യത്തോടുകൂടി) ചേർത്തത്.
2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 29-ാം വകുപ്പും പട്ടികയും പ്രകാരം 79-ാം ഉൾക്കുറിപ്പിനു പകരം ചേർത്തത്.
3. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം 84-ാം ഉൾക്കുറിപ്പിനു പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

85. Corporation tax.

86. Taxes on the capital value of the assets, exclusive of agricultural land, of individuals and companies; taxes on the capital of companies.

87. Estate duty in respect of property other than agricultural land.

88. Duties in respect of succession to property other than agricultural land.

89. Terminal taxes on goods or passengers, carried by railway, sea or air; taxes on railway fares and freights.

90. Taxes other than stamp duties on transactions in stock exchanges and futures markets.

91. Rates of stamp duty in respect of bills of exchange, cheques, promissory notes, bills of lading, letters of credit, policies of insurance, transfer of shares, debentures, proxies and receipts.

[1][***]

[2][92A. Taxes on the sale or purchase of goods other than newspapers, where such sale or purchase takes place in the course of inter-State trade or commerce.]

[3][92B. Taxes on the consignment of goods (whether the consignment is to the person making it or to any other person), where such consignment takes place in the course of inter-State trade or commerce.]

[4][***]

93. Offences against laws with respect to any of the matters in this List.

94. Inquiries, surveys and statistics for the purpose of any of the matters in this List.

95. Jurisdiction and powers of all courts, except the Supreme Court, with respect to any of the matters in this List; admiralty jurisdiction.

96. Fees in respect of any of the matters in this List, but not including fees taken in any court.

97. Any other matter not enumerated in List II or List III including any tax not mentioned in either of those Lists.

---

1. Entry 92 omitted by the Constitution (One Hundred and First Amendment) Act, 2016, s.17 (w.e.f. 16-9-2016).
2. Ins. by the Constitution (Sixth Amendment) Act, 1956, s. 2.
3. Ins. by the Constitution (Forty-sixth Amendment) Act, 1982, s. 5 (w.e.f. 2-2-1983).
4. Entry 92C omitted by the Constitution (One Hundred and First Amendment) Act, 2016, s.17 (w.e.f. 16-9-2016).

85. കോർപ്പറേഷൻ നികുതി.

86. വ്യക്തികളുടെയും കമ്പനികളുടെയും കൃഷിഭൂമി ഒഴികെയുള്ള ആസ്തികളുടെ മൂലധന മൂല്യത്തിൻമേലുള്ള നികുതികൾ; കമ്പനികളുടെ മൂലധനത്തിൻമേലുള്ള നികുതികൾ.

87. കൃഷിഭൂമി അല്ലാതെയുള്ള വസ്തു സംബന്ധിച്ച എസ്റ്റേറ്റ് തീരുവ.

88. കൃഷിഭൂമി അല്ലാതെയുള്ള സ്വത്തിന്റെ പിൻതുടർച്ചാവകാശം സംബന്ധിച്ച നികുതികൾ.

89. റെയിൽവഴിയോ കടൽവഴിയോ ആകാശം വഴിയോ കൊണ്ടുപോകുന്ന സാധനങ്ങളുടെയോ യാത്രക്കാരുടെയോ മേൽ ഉള്ള ടെർമിനൽ നികുതികൾ; റെയിൽവെ യാത്രക്കൂലികളിൻമേലും ചരക്കുകൂലികളിൻമേലും ഉള്ള നികുതികൾ.

90. സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെയും സാട്ടാകമ്പോളങ്ങളിലെയും ഇടപാടുകളിൻമേലുള്ള സ്റ്റാമ്പ് ഡ്യൂട്ടി അല്ലാതെയുള്ള നികുതികൾ.

91. വിനിമയപത്രങ്ങളും ചെക്കുകളും പ്രോനോട്ടുകളും കേവുപത്രങ്ങളും പ്രത്യയപത്രങ്ങളും ഇൻഷ്വറൻസ് പോളിസികളും ഓഹരികളുടെ കൈമാറ്റങ്ങളും ഋണപത്രങ്ങളും, പ്രോക്സികളും രസീതുകളും സംബന്ധിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്കുകൾ.

[1] [***]

[2] [92ക. വർത്തമാനപത്രങ്ങൾ ഒഴികെയുള്ള സാധനങ്ങളുടെയോ വിക്രയത്തിന്റെയോ ക്രയത്തിന്റെയോമേൽ, അങ്ങനെയുള്ള വിക്രയമോ ക്രയമോ അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഭാഗമായി നടക്കുമ്പോഴുള്ള നികുതികൾ.]

[3] [92ഖ. സാധനങ്ങൾ കയറ്റി അയയ്ക്കുന്നതിൻമേൽ (അങ്ങനെ കയറ്റി അയയ്ക്കുന്നത് അയയ്ക്കുന്ന ആൾക്കായാലും വേറെ ഏതെങ്കിലും ആൾക്കായാലും), അങ്ങനെയുള്ള കയറ്റി അയയ്ക്കൽ അന്തർ സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഭാഗമായി നടക്കുമ്പോഴുള്ള നികുതികൾ.]

[4] [***]

93. ഈ ലിസ്റ്റിലുള്ള വിഷയങ്ങൾ, ഏതെങ്കിലും സംബന്ധിച്ച നിയമങ്ങൾക്കെതിരായ കുറ്റങ്ങൾ.

94. ഈ ലിസ്റ്റിലുള്ള വിഷയങ്ങൾ ഏതിന്റെയെങ്കിലും ആവശ്യത്തിനുള്ള അന്വേഷണ വിചാരണകളും സർവ്വേകളും സ്ഥിതിവിവരകണക്കുകളും.

95. ഈ ലിസ്റ്റിലുള്ള വിഷയങ്ങൾ ഏതെങ്കിലും സംബന്ധിച്ച്, സുപ്രീംകോടതി ഒഴികെയുള്ള എല്ലാ കോടതികളുടെയും അധികാരിതയും അധികാരങ്ങളും; കടൽപ്രദേശം സംബന്ധിച്ച അധികാരിത.

96. ഈ ലിസ്റ്റിലുള്ള വിഷയങ്ങൾ ഏതെങ്കിലും സംബന്ധിച്ച ഫീസ്, എന്നാൽ ഏതെങ്കിലും കോടതിയിൽ ഒടുക്കേണ്ട ഫീസ് ഒഴികെ.

97. ലിസ്റ്റ് II-ലോ ലിസ്റ്റ് III-ലോ എണ്ണി പറഞ്ഞിട്ടില്ലാത്ത മറ്റേതെങ്കിലും വിഷയം ആ രണ്ട് ലിസ്റ്റുകളിൽ ഒന്നിലും പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും നികുതി ഉൾപ്പെടെ.

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം 92-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).
2. 1956-ലെ ഭരണഘടന (ആറാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത്.
3. 1982-ലെ ഭരണഘടന (നാൽപ്പത്തിയാറാം ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം ചേർത്തത് (2-2-1983 മുതൽ പ്രാബല്യം).
4. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പ് പ്രകാരം 92ഗ ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).

List II—State List

1. Public order (but not including [1][the use of any naval, military or air force or any other armed force of the Union or of any other force subject to the control of the Union or of any contingent or unit thereof] in aid of the civil power).

[2][2. Police (including railway and village police) subject to the provisions of entry 2A of List I.]

3. [3][***]Officers and servants of the High Court; procedure in rent and revenue courts; fees taken in all courts except the Supreme Court.

4. Prisons, reformatories, Borstal institutions and other institutions of a like nature, and persons detained therein; arrangements with other States for the use of prisons and other institutions.

5. Local government, that is to say, the constitution and powers of municipal corporations, improvement trusts, district boards, mining settlement authorities and other local authorities for the purpose of local self-government or village administration.

6. Public health and sanitation; hospitals and dispensaries.

7. Pilgrimages, other than pilgrimages to places outside India.

8. Intoxicating liquors, that is to say, the production, manufacture, possession, transport, purchase and sale of intoxicating liquors.

9. Relief of the disabled and unemployable.

10. Burials and burial grounds; cremations and cremation grounds.

[4][***]

12. Libraries, museums and other similar institutions controlled or financed by the State; ancient and historical monuments and records other than those [5][declared by or under law made by Parliament] to be of national importance.

---

1 Subs. by the Constitution (Forty-second Amendment) Act, 1976, s.57, for certain words (w.e.f. 3-1-1977).

2. Subs. by s.57, ibid., for entry 2 (w.e.f. 3-1-1977).

3. Certain words omitted by s. 57, ibid., (w.e.f. 3-1-1977).

4. Entry 11 omitted by s. 57, ibid., (w.e.f. 3-1-1977).

5. Subs. by the Constitution (Seventh Amendment) Act, 1956, s. 27, for "declared by Parliament by law".

ലിസ്റ്റ് II — സംസ്ഥാന ലിസ്റ്റ്

1. പൊതുസമാധാനം (എന്നാൽ സിവിൽ അധികാരത്തിന് സഹായകമായി [1][യൂണിയന്റെ നാവികസേനയുടെയോ കരസേനയുടെയോ വ്യോമസേനയുടെയോ മറ്റേതെങ്കിലും സായുധ സേനയുടെയോ യൂണിയന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും സേനയുടെയോ അതിന്റെ ഒരു വിഭാഗത്തിന്റെയോ ഘടകത്തിന്റെയോ] ഉപയോഗം ഒഴികെ).

[2][2. ലിസ്റ്റ് I-ലെ 2ക ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പോലീസ് (റെയിൽവേ പോലീസും ഗ്രാമപോലീസും ഉൾപ്പെടെ).]

3. [3][***] ഹൈക്കോടതിയിലെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും; പാട്ടവും റവന്യൂവും സംബന്ധിച്ച കോടതികളിലെ നടപടിക്രമം; സുപ്രീംകോടതിയൊഴികെയുള്ള മറ്റെല്ലാ കോടതികളിലും ഒടുക്കേണ്ട ഫീസ്.

4. ജയിലുകളും ദുർഗുണപരിഹാരശാലകളും ദുർഗുണപരിഹാര സ്ഥാപനങ്ങളും സദൃശ സ്വഭാവമുള്ള മറ്റു സ്ഥാപനങ്ങളും അവയിൽ തടങ്കലിൽ വച്ചിട്ടുള്ള ആളുകളും; ജയിലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും ഉപയോഗം സംബന്ധിച്ച മറ്റു സംസ്ഥാനങ്ങളുമായുള്ള ഏർപ്പാടുകൾ.

5. തദ്ദേശഭരണം, അതായത്, മുനിസിപ്പൽ കോർപ്പറേഷനുകളുടെയും വികസന ട്രസ്റ്റുകളുടെയും ജില്ലാ ബോർഡുകളുടെയും ഖനന അധിവാസ അധികാരസ്ഥാനങ്ങളുടെയും തദ്ദേശ സ്വയംഭരണത്തിനോ ഗ്രാമഭരണത്തിനോ ഉദ്ദേശിച്ചിട്ടുള്ള മറ്റു തദ്ദേശാധികാരസ്ഥാനങ്ങളുടെയും രൂപീകരണവും അധികാരങ്ങളും.

6. പൊതുജനാരോഗ്യവും ശുചീകരണവും; ആശുപത്രികളും വൈദ്യശാലകളും.

7. തീർത്ഥയാത്രകൾ, ഭാരതത്തിന് പുറത്തുള്ള സ്ഥലങ്ങളിലേയ്ക്കല്ലാത്ത തീർത്ഥയാത്രകൾ.

8. ലഹരി പിടിപ്പിക്കുന്ന ദ്രാവകങ്ങൾ, അതായത്, ലഹരിപിടിപ്പിക്കുന്ന ദ്രാവകങ്ങളുടെ ഉൽപ്പാദനവും നിർമ്മാണവും കൈവശംവയ്ക്കലും പരിവഹണവും ക്രയവും വിക്രയവും.

9. വികലാംഗരുടെയും തൊഴിലിൽ പ്രവേശിപ്പിക്കാൻ നിവൃത്തിയില്ലാത്തവരുടെയും ആശ്വാസനം.

10. ശവം അടക്കം ചെയ്യലും ശവം അടക്കം ചെയ്യുന്ന സ്ഥലങ്ങളും; ശവദാഹവും ശവദാഹത്തിനുള്ള സ്ഥലങ്ങളും.

[4][***]

12. സംസ്ഥാനം നിയന്ത്രിക്കുന്നതോ ചെലവുവഹിക്കുന്നതോ ആയ ഗ്രന്ഥശാലകളും കാഴ്ചബംഗ്ലാവുകളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളും; [5][പാർലമെന്റ് ഉണ്ടാക്കിയിട്ടുള്ള നിയമം വഴിയോ നിയമപ്രകാരമോ] ദേശീയ പ്രാധാന്യമുള്ളവയെന്ന് പ്രഖ്യാപിച്ചിട്ടില്ലാത്ത പ്രാചീനവും ചരിത്ര സംബന്ധവുമായ സ്മാരകങ്ങളും രേഖകളും.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ് 57-ാം വകുപ്പുപ്രകാരം 2-ാം ഉൾക്കുറിപ്പിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 57-ാം വകുപ്പുപ്രകാരം ചില വാക്കുകൾ വിട്ടുകളഞ്ഞു (3-1-1977 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 57-ാം വകുപ്പുപ്രകാരം 11-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു(3-1-1977 മുതൽ പ്രാബല്യം).
5. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 27-ാം വകുപ്പുപ്രകാരം ''പാർലമെന്റ് നിയമം വഴി പ്രഖ്യാപിച്ചിട്ടുള്ള'' എന്നതിനു പകരം ചേർത്തത്.

13. Communications, that is to say, roads, bridges, ferries, and other means of communication not specified in List I; municipal tram ways; ropeways; inland water-ways and traffic thereon subject to the provisions of List I and List III with regard to such waterways; vehicles other than mechanically propelled vehicles.

14. Agriculture, including agricultural education and research, protection against pests and prevention of plant diseases.

15. Preservation, protection and improvement of stock and prevention of animal diseases; veterinary training and practice.

16. Pounds and the prevention of cattle trespass.

17. Water, that is to say, water supplies, irrigation and canals, drainage and embankments, water storage and water power subject to the provisions of entry 56 of List I.

18. Land, that is to say, rights in or over land, land tenures including the relation of landlord and tenant, and the collection of rents; transfer and alienation of agricultural land; land improvement and agricultural loans; colonization.

[1][***]

21. Fisheries.

22. Courts of wards subject to the provisions of entry 34 of List I; encumbered and attached estates.

23. Regulation of mines and mineral development subject to the provisions of List I with respect to regulation and development under the control of the Union.

24. Industries subject to the provisions of [2][entries 7 and 52] of List I.

25. Gas and gas-works.

26. Trade and commerce within the State subject to the provisions of entry 33 of List III.

27. Production, supply and distribution of goods subject to the provisions of entry 33 of List III.

28. Markets and fairs.

[3][***]

30. Money-lending and money-lenders; relief of agricultural indebtedness.

31. Inns and inn-keepers.

---

1. Entries 19 and 20 omitted by the Constitution (Forty-second Amendment) Act, 1976, s. 57 (w.e.f. 3-1-1977).
2. Subs. by the Constitution (Seventh Amendment) Act, 1956, s. 28, for "entry 52".
3. Entry 29 omitted by the Constitution (Forty-second Amendment) Act, 1976, s. 57 (w.e.f. 3-1-1977).

13. ഗതാഗതങ്ങൾ അതായത് ലിസ്റ്റ് I-ൽ പറഞ്ഞിട്ടില്ലാത്ത റോഡുകളും പാലങ്ങളും കടത്തുകളും മറ്റു ഗതാഗത മാർഗ്ഗങ്ങളും; മുനിസിപ്പൽ ട്രാംവേകൾ; കമ്പിപ്പാലങ്ങൾ; ഉൾപ്രദേശ ജലമാർഗ്ഗങ്ങളും അവയിലുള്ള ഗതാഗതവും, അങ്ങനെയുള്ള ജലമാർഗ്ഗങ്ങൾ സംബന്ധിച്ച ലിസ്റ്റ് I-ലെയും ലിസ്റ്റ് III-ലെയും വ്യവസ്ഥകൾക്ക് വിധേയമായി; യന്ത്രചാലിത വാഹനങ്ങൾ അല്ലാതെയുള്ള വാഹനങ്ങൾ.

14. കൃഷി, കാർഷിക വിദ്യാഭ്യാസവും കാർഷിക ഗവേഷണവും കീടങ്ങളിൽ നിന്നു സംരക്ഷണവും സസ്യരോഗങ്ങളുടെ നിവാരണവും ഉൾപ്പെടെ.

15. മൃഗങ്ങളുടെ വംശം നിലനിറുത്തലും കാത്തുസൂക്ഷിക്കലും മെച്ചപ്പെടുത്തലും മൃഗരോഗങ്ങളുടെ നിവാരണവും; മൃഗചികിത്സയിൽ പരിശീലനവും പ്രയോഗവും.

16. പൗണ്ടുകളും കന്നുകാലികളുടെ അതിക്രമം തടയലും.

17. ലിസ്റ്റ് I-ലെ 56-ാം ഉൾക്കുറിപ്പിലുള്ള വ്യവസ്ഥകൾക്കു വിധേയമായി ജലം, അതായത്, ജല സംഭരണം, ജലസേചനവും തോടുകളും, ഡ്രെയിനേജും ചിറകളും, ജലശേഖരവും ജലശക്തിയും.

18. ഭൂമി, അതായത്, ഭൂമിയിലോ ഭൂമിയിൻമേലോ ഉള്ള അവകാശങ്ങൾ, ജൻമി-കുടിയാൻ ബന്ധമുൾപ്പെടെ ഭൂനടപ്പവകാശങ്ങളും പാട്ടം പിരിക്കലും; കൃഷിഭൂമിയുടെ കൈമാറ്റവും അന്യാധീനപ്പെടുത്തലും; ഭൂമി അഭിവൃദ്ധിപ്പെടുത്തലും കാർഷിക വായ്പകളും; കുടിയേറിപ്പാർക്കലും.

[1][***]

21. മത്സ്യബന്ധനം.

22. ലിസ്റ്റ് I-ലെ 34-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കോടതി നിശ്ചയിക്കുന്ന മേൽനോട്ടക്കാർ; കടബാദ്ധ്യതയുള്ളതും ജപ്തി ചെയ്തിട്ടുള്ളതുമായ വസ്തുവകകൾ.

23. യൂണിയന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്രമപ്പെടുത്തലും വികസനവും സംബന്ധിച്ച ലിസ്റ്റ് I-ലെ വ്യവസ്ഥകൾക്ക് വിധേയമായി, ഖനികളുടെ ക്രമപ്പെടുത്തലും ഖനിജ വികസനവും.

24. ലിസ്റ്റ് I-ലെ [2][7-ഉം 52-ഉം ഉൾക്കുറിപ്പുകളിലെ] വ്യവസ്ഥകൾക്ക് വിധേയമായി, വ്യവസായങ്ങൾ.

25. വാതകവും വാതക ഉൽപ്പാദനശാലകളും.

26. ലിസ്റ്റ് III-ലെ 33-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാനത്തിനകത്തെ വ്യാപാരവും വാണിജ്യവും.

27. ലിസ്റ്റ് III-ലെ 33-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സാധനങ്ങളുടെ ഉൽപ്പാദനവും സംഭരണവും വിതരണവും.

28. ചന്തകളും മേളകളും.

[3][***]

30. പണം കടം കൊടുക്കലും പണം കടം കൊടുപ്പുകാരും; കാർഷികഋണബാധ്യതാശ്വാസനം.

31. സത്രങ്ങളും സത്രം നടത്തിപ്പുകാരും.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം 19-ഉം 20-ഉം ഉൾക്കുറിപ്പുകൾ വിട്ടുകളഞ്ഞു (3-1-1977 മുതൽ പ്രാബല്യം).

2. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 28-ാം വകുപ്പുപ്രകാരം "52-ാം ഉൾക്കുറിപ്പ്" എന്നതിനു പകരം ചേർത്തത്.

3. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം 29-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (3-1-1977 മുതൽ പ്രാബല്യം).

32. Incorporation, regulation and winding up of corporations, other than those specified in List I, and universities; unincorporated trading, literary, scientific, religious and other societies and associations; co-operative societies.

33. Theatres and dramatic performances; cinemas subject to the provisions of entry 60 of List I; sports, entertainments and amusements.

34. Betting and gambling.

35. Works, lands and buildings vested in or in the possession of the State.

[1][***]

37. Elections to the Legislature of the State subject to the provisions of any law made by Parliament.

38. Salaries and allowances of members of the Legislature of the State, of the Speaker and Deputy Speaker of the Legislative Assembly and, if there is a Legislative Council, of the Chairman and Deputy Chairman thereof.

39. Powers, privileges and immunities of the Legislative Assembly and of the members and the committees thereof, and, if there is a Legislative Council, of that Council and of the members and the committees thereof; enforcement of attendance of persons for giving evidence or producing documents before committees of the Legislature of the State.

40. Salaries and allowances of Ministers for the State.

41. State public services; State Public Service Commission.

42. State pensions, that is to say, pensions payable by the State or out of the Consolidated Fund of the State.

43. Public debt of the State.

44. Treasure trove.

45. Land revenue, including the assessment and collection of revenue, the maintenance of land records, survey for revenue purposes and records of rights, and alienation of revenues.

46. Taxes on agricultural income.

47. Duties in respect of succession to agricultural land.

48. Estate duty in respect of agricultural land.

49. Taxes on lands and buildings.

50. Taxes on mineral rights subject to any limitations imposed by Parliament by law relating to mineral development.

---

1. Entry 36 omitted by the Constitution (Seventh Amendment) Act, 1956, s. 26.

32. ലിസ്റ്റ് I-ൽ പറഞ്ഞിട്ടില്ലാത്ത ഏകാംഗയോഗങ്ങളുടെയും സർവ്വകലാശാലകളുടെയും ഏകീകരണവും ക്രമപ്പെടുത്തലും സമാപനവും; ഏകാഗീംകൃതമല്ലാത്ത വ്യാപാരസംബന്ധവും സാഹിത്യപരവും ശാസ്ത്രപരവും മതപരവും ആയ മറ്റ് സംഘങ്ങളും സമാജങ്ങളും; സഹകരണ സംഘങ്ങൾ.

33. നാടകശാലകളും നാടകാഭിനയങ്ങളും; ലിസ്റ്റ് I-ലെ 60-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ചലച്ചിത്രങ്ങൾ; കായികാഭ്യാസങ്ങളും കലാപരിപാടികളും വിനോദങ്ങളും.

34. പന്തയവും ചൂതുകളിയും.

35. സംസ്ഥാനത്തിൽ നിക്ഷിപ്തമായതോ സംസ്ഥാനത്തിന്റെ കൈവശമുള്ളതോ ആയ നിർമ്മാണങ്ങളും ഭൂമികളും കെട്ടിടങ്ങളും.

[1][***]

37. പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ.

38. സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിലെ അംഗങ്ങൾ, നിയമസഭയുടെ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും, ഒരു നിയമസമിതിയുണ്ടെങ്കിൽ അതിന്റെ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും അവരുടെ ശമ്പളങ്ങളും ബത്തകളും.

39. നിയമസഭയുടെയും അതിലെ അംഗങ്ങളുടെയും കമ്മിറ്റികളുടെയും, ഒരു നിയമ സമിതിയുണ്ടെങ്കിൽ അതിന്റെയും അതിലെ അംഗങ്ങളുടെയും കമ്മിറ്റികളുടെയും, അധികാരങ്ങളും വിശേഷാവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും; സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ കമ്മിറ്റികളുടെ മുമ്പാകെ തെളിവ് നൽകുവാനോ രേഖകൾ ഹാജരാക്കുവാനോ വേണ്ടി ആളുകൾ ഹാജരാകുന്നത് നിർബന്ധമാക്കൽ.

40. സംസ്ഥാന മന്ത്രിമാരുടെ ശമ്പളങ്ങളും ബത്തകളും.

41. സംസ്ഥാന പബ്ലിക് സർവ്വീസുകൾ; സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ.

42. സംസ്ഥാന പെൻഷനുകൾ, അതായത്, സംസ്ഥാനമോ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ നൽകേണ്ട പെൻഷനുകൾ.

43. സംസ്ഥാനത്തിന്റെ പൊതുക്കടം.

44. നിഖാത നിധി.

45. ഭൂമിക്കരം, കരം തിട്ടപ്പെടുത്തലും പിരിക്കലും, ഭൂമി സംബന്ധിച്ച രേഖകളുടെ സംരക്ഷണം, കരത്തിന്റെ ആവശ്യങ്ങൾക്കും അവകാശരേഖകൾക്കും വേണ്ടിയുള്ള സർവ്വേ, കരം അന്യാധീനപ്പെടുത്തൽ എന്നിവ ഉൾപ്പെടെ.

46. കാർഷികാദായത്തിൻമേലുള്ള നികുതികൾ.

47. കാർഷിക ഭൂമിയുടെ പിൻതുടർച്ചാവകാശം സംബന്ധിച്ചുള്ള തീരുവകൾ.

48. കാർഷിക ഭൂമി സംബന്ധിച്ചുള്ള എസ്റ്റേറ്റ് തീരുവ.

49. ഭൂമികളിൻമേലും കെട്ടിടങ്ങളിൻമേലുള്ള നികുതികൾ.

50. ഖനിജ വികസനം സംബന്ധിച്ച നിയമം വഴി പാർലമെന്റ് ചുമത്തുന്ന ഏതെങ്കിലും പരിമിതികൾക്ക് വിധേയമായി, ഖനിജാവകാശങ്ങളിൻമേലുള്ള നികുതികൾ.

---

1. 1956-ലെ ഭരണഘടന (ഏഴാം ഭേദഗതി) ആക്റ്റ്, 26-ാം വകുപ്പുപ്രകാരം 36-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു.

51. Duties of excise on the following goods manufactured or produced in the State and countervailing duties at the same or lower rates on similar goods manufactured or produced elsewhere in India:—

(a) alcoholic liquors for human consumption;

(b) opium, Indian hemp and other narcotic drugs and narcotics, but not including medicinal and toilet preparations containing alcohol or any substance included in sub- paragraph (b) of this entry.

[1][***]

53. Taxes on the consumption or sale of electricity.

[2][54. Taxes on the sale of petroleum crude, high speed diesel, motor spirit (commonly known as petrol), natural gas, aviation turbine fuel and alcoholic liquor for human consumption, but not including sale in the course of inter-State trade or commerce or sale in the course of international trade or commerce of such goods.]

[3][***]

56. Taxes on goods and passengers carried by road or on inland waterways.

57. Taxes on vehicles, whether mechanically propelled or not, suitable for use on roads, including tramcars subject to the provisions of entry 35 of List III.

58. Taxes on animals and boats.

59. Tolls.

60. Taxes on professions, trades, callings and employments.

61. Capitation taxes.

[4][62. Taxes on entertainments and amusements to the extent levied and collected by a Panchayat or a Municipality or a Regional Council or a District Council.]

63. Rates of stamp duty in respect of documents other than those specified in the provisions of List I with regard to rates of stamp duty.

64. Offences against laws with respect to any of the matters in this List.

65. Jurisdiction and powers of all courts, except the Supreme Court, with respect to any of the matters in this List.

66. Fees in respect of any of the matters in this List, but not including fees taken in any court.

---

1. Entry 52 omitted by the Constitution (One Hundred and First Amendment) Act, 2016, s. 17 (w.e.f. 16-9-2016).
2. Entry 54 substituted by s.17 ibid (w.e.f. 16-9-2016).
3. Entry 55 omitted by s.17 ibid (w.e.f. 16-9-2016).
4. Entry 62 substituted by s.17 ibid (w.e.f. 16-9-2016).

51. സംസ്ഥാനത്ത് നിർമ്മിച്ചതോ ഉൽപ്പാദിപ്പിച്ചതോ ആയ, താഴെപ്പറയുന്നതും എന്നാൽ മദ്യസാരമോ ഈ ഉൾക്കുറിപ്പിലെ (ഖ) ഉപഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പദാർത്ഥമോ അടങ്ങിയിട്ടുള്ള ഔഷധീയവും ചമയസംബന്ധവുമായ തയ്യാറിപ്പുകൾ ഒഴികെയുള്ളതുമായ, സാധനങ്ങളുടെ മേലുള്ള എക്സൈസ് തീരുവകളും, ഭാരതത്തിൽ വേറെ എവിടെയെങ്കിലും നിർമ്മിച്ചതോ ഉൽപ്പാദിപ്പിച്ചതോ ആയ അതുപോലെയുള്ള സാധനങ്ങളിൻമേൽ തുല്യനിരക്കിലോ കുറഞ്ഞ നിരക്കിലോ ഉള്ള എതിർതീരുവകളും:—

(ക) മനുഷ്യരുടെ ഉപഭോഗത്തിനുള്ള മദ്യവും;

(ഖ) കറുപ്പും ഇൻഡ്യൻ ചണവും മറ്റ് വേദന സംഹാരികളും മയക്കുമരുന്നുകളും.

[1][***]

53. വിദ്യുച്ഛക്തിയുടെ ഉപഭോഗത്തിൻമേലോ, വിൽപ്പനയിൻമേലോ ഉള്ള നികുതികൾ.

[2][54. പെട്രോളിയം ക്രൂഡ്, ഹൈസ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നു), പ്രകൃതി വാതകം, ഏവിയേഷൻ ടർബൈൻ ഇന്ധനം, മനുഷ്യരുടെ ഉപഭോഗത്തിനുള്ള മദ്യം എന്നിവയുടെ, എന്നാൽ അങ്ങനെയുള്ള സാധനങ്ങളുടെ അന്തർ-സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള വിൽപനയോ അന്താരാഷ്ട്ര വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഇടയിലുള്ള വിൽപനയോ ഉൾപ്പെടാത്തതുമായ, വിൽപനയിന്മേലുള്ള നികുതികൾ.]

[3][***]

56. റോഡ് വഴിയോ ഉൾപ്രദേശത്തെ ജലമാർഗ്ഗങ്ങൾ വഴിയോ കൊണ്ടുപോകുന്ന സാധനങ്ങളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ.

57. ലിസ്റ്റ് III-ലെ 35-ാം ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ട്രാംകാറുകൾ ഉൾപ്പെടെ റോഡുകളിൽ ഉപയോഗത്തിന് അനുയോജ്യമായ വാഹനങ്ങൾക്ക്, അവ യന്ത്രചാലിതമായാലും അല്ലെങ്കിലുമുള്ള നികുതികൾ.

58. മൃഗങ്ങളുടെയും ബോട്ടുകളുടെയും മേലുള്ള നികുതികൾ.

59. ചുങ്കങ്ങൾ.

60. വൃത്തികൾ, വ്യാപാരങ്ങൾ, ഉദ്യോഗങ്ങൾ, ജീവനങ്ങൾ എന്നിവയിൻമേലുള്ള നികുതികൾ.

61. തലവരി നികുതികൾ.

[4][62. ഒരു പഞ്ചായത്തോ ഒരു മുനിസിപ്പാലിറ്റിയോ ഒരു പ്രാദേശിക കൗൺസിലോ ഒരു ജില്ലാ കൗൺസിലോ കലാപരിപാടികളിന്മേലും വിനോദങ്ങളിന്മേലും ചുമത്തുകയും വസൂലാക്കുകയും ചെയ്യുന്നത്രത്തോളമുള്ള നികുതികൾ.]

63. സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്കുകൾ സംബന്ധിച്ച് ലിസ്റ്റ് I-ലെ വ്യവസ്ഥകളിൽ പറഞ്ഞിട്ടില്ലാത്ത രേഖകൾ സംബന്ധിച്ച സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്കുകൾ.

64. ഈ ലിസ്റ്റിലെ ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയമങ്ങൾക്കെതിരായ കുറ്റങ്ങൾ.

65. ഈ ലിസ്റ്റിലെ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച സുപ്രീംകോടതിയൊഴികെയുള്ള എല്ലാ കോടതികളുടെയും അധികാരിതയും അധികാരങ്ങളും.

66. ഈ ലിസ്റ്റിലെ വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച ഫീസ്, എന്നാൽ ഏതെങ്കിലും കോടതിയിൽ ഒടുക്കേണ്ട ഫീസ് ഒഴികെ.

---

1. 2016-ലെ ഭരണഘടന (നൂറ്റിയൊന്നാം ഭേദഗതി) ആക്റ്റ്, 17-ാം വകുപ്പു പ്രകാരം 52-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു. (16-9-2016 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ് 17-ാം വകുപ്പുപ്രകാരം 54-ാം ഉൾക്കുറിപ്പിന് പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ് 17-ാം വകുപ്പുപ്രകാരം 55-ാം ഉൾക്കുറിപ്പ് വിട്ടുകളഞ്ഞു (16-9-2016 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ് 17-ാം വകുപ്പുപ്രകാരം 62-ാം ഉൾക്കുറിപ്പിന് പകരം ചേർത്തത് (16-9-2016 മുതൽ പ്രാബല്യം).

LIST III—CONCURRENT LIST

1. Criminal law, including all matters included in the Indian Penal Code at the commencement of this Constitution but excluding offences against laws with respect to any of the matters specified in List I or List II and excluding the use of naval, military or air forces or any other armed forces of the Union in aid of the civil power.

2. Criminal procedure, including all matters included in the Code of Criminal Procedure at the commencement of this Constitution.

3. Preventive detention for reasons connected with the security of a State, the maintenance of public order, or the maintenance of supplies and services essential to the community; persons subjected to such detention.

4. Removal from one State to another State of prisoners, accused persons and persons subjected to preventive detention for reasons specified in entry 3 of this List.

5. Marriage and divorce; infants and minors; adoption; wills, intestacy and succession; joint family and partition; all matters in respect of which parties in judicial proceedings were immediately before the commencement of this Constitution subject to their personal law.

6. Transfer of property other than agricultural land; registration of deeds and documents.

7. Contracts, including partnership, agency, contracts of carriage, and other special forms of contracts, but not including contracts relating to agricultural land.

8. Actionable wrongs.

9. Bankruptcy and insolvency.

10. Trust and Trustees.

11. Administrators-general and official trustees.

[1][11A. Administration of Justice; constitution and organisation of all courts, except the Supreme Court and the High Courts.]

12. Evidence and oaths; recognition of laws, public acts and records, and judicial proceedings.

13. Civil procedure, including all matters included in the Code of Civil Procedure at the commencement of this Constitution, limitation and arbitration.

14. Contempt of court, but not including contempt of the Supreme Court.

1· Ins. by the Constitution (Forty-second Amendment) Act, 1976, s.57 (w.e.f. 3-1-1977).

ലിസ്റ്റ് III—സമവർത്തി ലിസ്റ്റ്

1. ക്രിമിനൽ നിയമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടെയും, എന്നാൽ ലിസ്റ്റ് I-ലോ ലിസ്റ്റ് II-ലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള നിയമങ്ങൾക്ക് എതിരായ കുറ്റങ്ങൾ ഉൾപ്പെടാതെയും, സിവിൽ അധികാരത്തിന് സഹായകമായി യൂണിയന്റെ നാവികസേനകളുടെയോ കരസേനകളുടെയോ വ്യോമസേനകളുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സായുധസേനകളുടെയോ ഉപയോഗം ഉൾപ്പെടാതെയും.

2. ക്രിമിനൽ നടപടിക്രമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ക്രിമിനൽ നടപടി നിയമസംഹിതയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടെ.

3. ഒരു സംസ്ഥാനത്തിന്റെ സുരക്ഷിതത്വമോ പൊതുസമാധാനത്തിന്റെ സംരക്ഷണമോ അല്ലെങ്കിൽ സമൂഹത്തിനാവശ്യമായ സംഭരണങ്ങളുടെയും സർവ്വീസുകളുടെയും സംരക്ഷണമോ ആയി ബന്ധപ്പെട്ട കാരണങ്ങൾക്ക് നിവാരണത്തടങ്കൽ; അങ്ങനെയുള്ള തടങ്കലിന് വിധേയരാക്കപ്പെട്ട ആളുകൾ.

4. ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തിലേക്ക് തടവുകാരെയും കുറ്റം ആരോപിക്കപ്പെട്ടവരെയും, ഈ ലിസ്റ്റിലെ 3-ാം ഉൾക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾക്ക് നിവാരണത്തടങ്കലിന് വിധേയരാക്കപ്പെട്ട ആളുകളെയും നീക്കം ചെയ്യൽ.

5. വിവാഹവും വിവാഹമോചനവും; ശിശുക്കളും മൈനർമാരും; ദത്തെടുക്കൽ; മരണശാസനങ്ങളും മരണശാസനം കൂടാതെ മരിച്ചാലുള്ള സ്ഥിതിയും പിൻതുടർച്ചയും; കൂട്ടുകുടുംബവും ഭാഗം ചെയ്യലും; ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് നീതിന്യായ നടപടികളിൽ വ്യക്തി നിയമത്തിന് വിധേയരായിരുന്ന കക്ഷികളെ സംബന്ധിച്ച എല്ലാ വിഷയങ്ങളും.

6. കൃഷിഭൂമി അല്ലാതെയുള്ള വസ്തുവിന്റെ കൈമാറ്റം; കരണങ്ങളും രേഖകളും രജിസ്റ്റർ ചെയ്യൽ.

7. കരാറുകൾ, പങ്കാളിത്തവും ഏജൻസിയും വാഹനങ്ങളുടെ കരാറുകളും, പ്രത്യേക രൂപത്തിലുള്ള മറ്റു കരാറുകളും ഉൾപ്പെടെ എന്നാൽ കൃഷിഭൂമിയെ സംബന്ധിക്കുന്ന കരാറുകൾ ഒഴികെ.

8. നടപടിയെടുക്കാവുന്ന തെറ്റുകൾ.

9. ദീപാളിത്തവും നിർദ്ധനത്വവും.

10. ട്രസ്റ്റും ട്രസ്റ്റികളും.

11. അഡ്മിനിസ്ട്രേറ്റർ ജനറൽമാരും ഔദ്യോഗിക ട്രസ്റ്റികളും.

[1][11ക. നീതിന്യായ നടത്തിപ്പ്; സുപ്രീംകോടതിയും ഹൈക്കോടതികളും ഒഴികെയുള്ള എല്ലാ കോടതികളുടെയും സംവിധാനവും വ്യവസ്ഥപ്പെടുത്തലും.]

12. തെളിവും ശപഥങ്ങളും; നിയമങ്ങളുടെയും പൊതുകൃത്യങ്ങളുടെയും പൊതുരേഖകളുടെയും നീതിന്യായനടപടികളുടെയും അംഗീകരണം.

13. സിവിൽ നടപടിക്രമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ സിവിൽ നടപടി നിയമസംഹിതയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ വിഷയങ്ങളും കാലഹരണവും മാദ്ധ്യസ്ഥവും ഉൾപ്പെടെ.

14. കോടതിയലക്ഷ്യം, എന്നാൽ സുപ്രീംകോടതിയെ സംബന്ധിച്ച അലക്ഷ്യം ഒഴികെ.

---

1. 1976-ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

15. Vagrancy; nomadic and migratory tribes.

16. Lunacy and mental deficiency, including places for the reception or treatment of lunatics and mental deficients.

17. Prevention of cruelty to animals.

[1][17A. Forests.

17B. Protection of wild animals and birds.]

18. Adulteration of foodstuffs and other goods.

19. Drugs and poisons, subject to the provisions of entry 59 of List I with respect to opium.

20. Economic and social planning.

[1][20A. Population control and family planning.]

21. Commercial and industrial monopolies, combines and trusts.

22. Trade unions; industrial and labour disputes.

23. Social security and social insurance; employment and unemployment.

24. Welfare of labour including conditions of work, provident funds, employers' liability, workmen's compensation, invalidity and old age pensions and maternity benefits.

[2][25. Education, including technical education, medical education and universities, subject to the provisions of entries 63, 64, 65 and 66 of List I; vocational and technical training of labour.]

26. Legal, medical and other professions.

27. Relief and rehabilitation of persons displaced from their original place of residence by reason of the setting up of the Dominions of India and Pakistan.

28. Charities and charitable institutions, charitable and religious endowments and religious institutions.

29. Prevention of the extension from one State to another of infectious or contagious diseases or pests affecting men, animals or plants.

30. Vital statistics including registration of births and deaths.

31. Ports other than those declared by or under law made by Parliament or existing law to be major ports.

---

1. Ins. by the Constitution (Forty-second Amendment) Act. 1976. s. 57 (w.e.f. 3-1-1977).
2. Sub.by s. 57, ibid., for entry 25 (w.e.f. 3-1-1977).

15. അലഞ്ഞുതിരിയൽ; ദേശാടനക്കാരും കുടിയേറ്റക്കാരുമായ ഗോത്രവർഗ്ഗങ്ങൾ.

16. ഉൻമാദവും മനോവൈകല്യവും, ഉൻമാദമുള്ളവരെയും മനോവൈകല്യമുള്ളവരെയും പ്രവേശിപ്പിക്കുന്നതിനും ചികിത്സിക്കുന്നതിനും ഉള്ള സ്ഥലങ്ങൾ ഉൾപ്പെടെ.

17. ജന്തുക്കളോടുള്ള ക്രൂരത തടയൽ.

[1][17ക. വനങ്ങൾ.

17ഖ. വന്യമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണം.]

18. ഭക്ഷണപദാർത്ഥങ്ങളിലും മറ്റ് പദാർത്ഥങ്ങളിലും മായം ചേർക്കൽ.

19. കറുപ്പു സംബന്ധിച്ച ലിസ്റ്റ് I-ലെ 59-ാം ഉൾക്കുറിപ്പിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, മരുന്നുകളും വിഷങ്ങളും.

20. സാമ്പത്തികവും സാമൂഹികവും ആയ ആസൂത്രണം.

[1][20ക. ജനസംഖ്യാനിയന്ത്രണവും കുടുംബാസൂത്രണവും.]

21. വാണിജ്യസംബന്ധവും വ്യവസായസംബന്ധവും ആയ കുത്തകകളും സംയുക്തങ്ങളും ട്രസ്റ്റുകളും.

22. തൊഴിലാളി സംഘടനകൾ; വ്യാവസായികത്തർക്കങ്ങളും തൊഴിൽത്തർക്കങ്ങളും.

23. സാമൂഹ്യ സുരക്ഷിതത്വവും സാമൂഹ്യ ഇൻഷ്വറൻസും; തൊഴിലും തൊഴിലില്ലായ്മയും.

24. തൊഴിലാളിക്ഷേമം, പണി സംബന്ധിച്ച നിബന്ധനകളും പ്രോവിഡന്റ് ഫണ്ടുകളും തൊഴിൽദായകരുടെ ബാദ്ധ്യതയും തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും ശേഷിയില്ലായ്മ പെൻഷനുകളും വാർദ്ധക്യ പെൻഷനുകളും പ്രസവാനുകൂല്യങ്ങളും ഉൾപ്പെടെ.

[2][25. വിദ്യാഭ്യാസം, ലിസ്റ്റ് I-ലെ 63, 64, 65, 66 എന്നീ ഉൾക്കുറിപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സാങ്കേതിക വിദ്യാഭ്യാസം, വൈദ്യശാസ്ത്രപഠനം, സർവ്വകലാശാലകൾ ഇവ ഉൾപ്പെടെ; തൊഴിലാളികളുടെ തൊഴിൽപരവും സാങ്കേതികവുമായ പരിശീലനം.]

26. നിയമവൃത്തിയും വൈദ്യവൃത്തിയും മറ്റുള്ള വൃത്തികളും.

27. ഭാരതം, പാകിസ്ഥാൻ എന്നീ ഡൊമിനിയനുകൾ സ്ഥാപിച്ചതു കാരണം ആദ്യത്തെ വാസസ്ഥലത്തുനിന്നും പുറത്തായ ആളുകളെ സഹായിക്കുന്നതും പുനഃരധിവസിപ്പിക്കുന്നതും.

28. ധർമ്മവും ധർമ്മസ്ഥാപനങ്ങളും, ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മതസ്ഥാപനങ്ങളും.

29. മനുഷ്യരെയോ ജന്തുക്കളെയോ സസ്യങ്ങളെയോ ബാധിക്കുന്ന പകർച്ചവ്യാധികളുടെയോ സംസർഗ്ഗം കൊണ്ടുപകരുന്ന രോഗങ്ങളുടെയോ കീടബാധകളുടെയോ ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തേക്കുള്ള വ്യാപനം തടയൽ.

30. ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ, ജനന മരണാദി സ്ഥിതിവിവരക്കണക്കുകൾ.

31. പാർലമെന്റ് ഉണ്ടാക്കുന്ന നിയമം വഴിയോ നിയമപ്രകാരമോ, നിലവിലുള്ള നിയമം വഴിയോ നിയമപ്രകാരമോ വൻകിട തുറമുഖങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവ ഒഴികെയുള്ള തുറമുഖങ്ങൾ.

---

1. 1976-ലെ ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 57-ാം വകുപ്പുപ്രകാരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 57-ാം വകുപ്പുപ്രകാരം 25-ാം ഉൾക്കുറിപ്പിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).

32. Shipping and navigation on inland waterways as regards mechanically propelled vessels, and the rule of the road on such waterways, and the carriage of passengers and goods on inland waterways subject to the provisions of List I with respect to national waterways.

[1][33. Trade and commerce in, and the production, supply and distribution of,—

(a) the products of any industry where the control of such industry by the Union is declared by Parliament by law to be expedient in the public interest, and imported goods of the same kind as such products;

(b) foodstuffs, including edible oilseeds and oils;

(c) cattle fodder, including oilcakes and other concentrates;

(d) raw cotton, whether ginned or unginned, and cotton seed; and

(e) raw jute.]

[2][33A. Weights and measures except establishment of standards.]

34. Price control.

35. Mechanically propelled vehicles including the principles on which taxes on such vehicles are to be levied.

36. Factories.

37. Boilers.

38. Electricity.

39. Newspapers, books and printing presses.

40. Archaeological sites and remains other than those [3][declared by or under law made by Parliament] to be of national importance.

41. Custody, management and disposal of property (including agricultural land) declared by law to be evacuee property.

[4][42. Acquisition and requisitioning of property.]

43. Recovery in a State of claims in respect of taxes and other public demands, including arrears of land-revenue and sums recoverable as such arrears, arising outside that State.

---

1. Subs. by the Constitution (Third Amendment) Act, 1954, s. 2, for entry 33.
2. Ins. by the Constitution (Forty-second Amendment) Act, 1976, s. 57 (w.e.f. 3-1-1977).
* This Act of Parliament received the assent of the President on the 28th May, 2015 and published in the Gazette of India (Extraordinary) on the 29th May, 2015.

അനുബന്ധം I

*ഭരണഘടന (നൂറാം ഭേദഗതി) ആക്റ്റ്, 2015

[2015 മേയ്, 28]

ഭാരതത്തിന്റേയും ബംഗ്ലാദേശിന്റേയും സർക്കാരുകൾ തമ്മിലുണ്ടാക്കിയ ഉടമ്പടിക്കും ആയതിന്റെ പ്രോട്ടോക്കോളിനും അനുസൃതമായി ഭാരതം ഭൂപ്രദേശങ്ങൾ ആർജ്ജിക്കുന്നതിനും ചില ഭൂപ്രദേശങ്ങൾ ബംഗ്ലാദേശിന് കൈമാറ്റം ചെയ്യുന്നതിനും പ്രാബല്യം നൽകുന്നതിലേക്ക് ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

ചുരുക്കപ്പേര്.

1. ഈ ആക്റ്റിന് ഭരണഘടന (നൂറാം ഭേദഗതി) ആക്റ്റ്, 2015 എന്ന് പേര് പറയാവുന്നതാണ്.

നിർവ്വചനങ്ങൾ.

2. ഈ ആക്റ്റിൽ,—

(ക) "ആർജ്ജിത പ്രദേശം" എന്നാൽ ഭാരത-ബംഗ്ലാദേശ് ഉടമ്പടിയിലും ആയതിന്റെ പ്രോട്ടോക്കോളിലും ഉൾപ്പെട്ടിരിക്കുന്നതും (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഉടമ്പടിക്കും ആയതിന്റെ പ്രോട്ടോക്കോളിനും അനുസൃതമായി ബംഗ്ലാദേശിൽ നിന്നും ഭാരതം ആർജ്ജിക്കുന്നതിനായുള്ള ആവശ്യത്തിലേക്കായി വേർതിരിക്കപ്പെട്ടിട്ടുള്ള പ്രകാരം ഒന്നാം പട്ടികയിൽ പരാമർശിച്ചിട്ടുള്ളതുമായ അത്രത്തോളം ഭൂപ്രദേശങ്ങൾ എന്നർത്ഥമാകുന്നു;

(ഖ) "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഒന്നാം പട്ടികയിലും രണ്ടാം പട്ടികയിലും പരാമർശിച്ചിട്ടുള്ള പ്രകാരം ഭൂപ്രദേശങ്ങൾ ആർജ്ജിക്കുവാനും കൈമാറ്റം ചെയ്യുവാനും ആ ആവശ്യത്തിലേക്കായി വേർതിരിക്കുവാനും ഇടയാക്കിയശേഷം ഭാരത-ബംഗ്ലാദേശ് ഉടമ്പടിക്കും ആയതിന്റെ പ്രോട്ടോക്കോളിനും അനുസൃതമായി ബംഗ്ലാദേശിൽ നിന്നും ഭൂപ്രദേശങ്ങൾ ആർജ്ജിക്കുന്നതിനും ബംഗ്ലാദേശിന് ഭൂപ്രദേശങ്ങൾ കൈമാറ്റം ചെയ്യുന്നതിനുമായി നിശ്ചയിക്കാവുന്ന തീയതി എന്നർത്ഥമാകുന്നു;

(ഗ) "ഭാരത-ബംഗ്ലാദേശ് ഉടമ്പടി" എന്നാൽ ഭാരത റിപ്പബ്ലിക്കിന്റെ സർക്കാരും ബംഗ്ലാദേശ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ സർക്കാരും തമ്മിൽ 1974 മേയ് 16-ാം തീയതി ഭാരതവും ബംഗ്ലാദേശും തമ്മിലുള്ള ഭൂഅതിർത്തി വേർതിരിക്കലും അനുബന്ധകാര്യങ്ങളും സംബന്ധിച്ച് ഉണ്ടാക്കിയ ഉടമ്പടിയും 1974 ഡിസംബർ 26, 1974 ഡിസംബർ 30, 1982 ഒക്ടോബർ 7 1992 മാർച്ച് 26 എന്നീ തീയതികളിലുള്ള എക്സ്ചേഞ്ച് ഓഫ് ലറ്റേഴ്സും, ഭാരതത്തിന്റെയും ബംഗ്ലാദേശിന്റെയും സർക്കാരുകൾ തമ്മിൽ പ്രസ്തുത ഉടമ്പടിക്ക് 2011 സെപ്റ്റംബർ 6-ാം തീയതി ഉണ്ടാക്കിയ പ്രോട്ടോക്കോളും, ആയവയുടെ പ്രസക്ത ഭാഗങ്ങൾ മൂന്നാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു, എന്നർത്ഥമാകുന്നു;

---

* പാർലമെന്റിന്റെ ഈ ആക്റ്റിന് 2015 മേയ്, 28-ാം തീയതി രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും 2015 മേയ് 29-ാം തീയതിയിലെ ഭാരത (അസാധാരണ) ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(d) "transferred territory", means so much of the territories comprised in the India-Bangladesh agreement and its protocol and referred to in the Second Schedule as are demarcated for the purpose of being transferred by India to Bangladesh in pursuance of the agreements and its protocol referred to in clause (c).

Amendment of First Schedule to Constitution.

3. As from the appointed day, in the First Schedule to the Constitution,—

(*a*) in the paragraph relating to the territories of the State of Assam, the words, brackets and figures "and the territories referred to in Part I of the Second Schedule to the Constitution (One Hundredth Amendment) Act, 2015, notwithstanding anything contained in clause (a) of section 3 of the Constitution (Ninth Amendment) Act, 1960, so far as it relates to the territories referred to in Part I of the Second Schedule to the Constitution (One Hundredth Amendment) Act, 2015", shall be added at the end;

(*b*) in the paragraph relating to the territories of the State of West Bengal, the words, brackets and figures "and also the territories referred to in Part III of the First Schedule but excluding the territories referred to in Part III of the Second Schedule to the Constitution (One Hundredth Amendment) Act, 2015, notwithstanding anything contained in clause (c) of section 3 of the Constitution (Ninth Amendment) Act, 1960, so far as it relates to the territories referred to in Part III of the First Schedule and the territories referred to in Part III of the Second Schedule to the Constitution (One Hundredth Amendment) Act, 2015", shall be added at the end;

(*c*) in the paragraph relating to the territories of the State of Meghalaya, the words, brackets and figures "and the territories referred to in Part I of the First Schedule but excluding the territories referred to in Part II of the Second Schedule to the Constitution (One Hundredth Amendment) Act, 2015", shall be added at the end;

(ഘ) "കൈമാറ്റം ചെയ്യപ്പെട്ട ഭൂപ്രദേശം" എന്നാൽ ഭാരത-ബംഗ്ലാദേശ് ഉടമ്പടിയിലും ആയതിന്റെ പ്രോട്ടോക്കോളിലും ഉൾപ്പെട്ടിരിക്കുന്നതും (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഉടമ്പടികൾക്കും ആയവയുടെ പ്രോട്ടോക്കോളിനും അനുസൃതമായി ഭാരതം ബംഗ്ലാദേശിന് കൈമാറ്റം ചെയ്യുന്നതിനായുള്ള ആവശ്യത്തിലേക്കായി വേർതിരിക്കപ്പെട്ടിട്ടുള്ള പ്രകാരം രണ്ടാം പട്ടികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതുമായ അത്രത്തോളം ഭൂപ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

ഭരണഘടനയുടെ ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.

3. നിശ്ചയിക്കപ്പെട്ട ദിവസം മുതൽ, ഭരണഘടനയുടെ ഒന്നാം പട്ടികയിൽ,—

(ക) ആസ്സാം സംസ്ഥാനത്തിന്റെ ഭൂപ്രദേശങ്ങളെ സംബന്ധിച്ച ഖണ്ഡികയിൽ അവസാന ഭാഗത്ത്, "എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള ഭൂപ്രദേശങ്ങളും" എന്ന വാക്കുകൾക്കുശേഷം "2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്ട്റ്റിന്റെ രണ്ടാം പട്ടികയിലെ I-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളെ സംബന്ധിക്കുന്നിടത്തോളം, 1960-ലെ ഭരണഘടന (ഒൻപതാം ഭേദഗതി) ആക്ട്റ്റിന്റെ, 3-ാം വകുപ്പ്, (ക) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്ട്റ്റിന്റെ രണ്ടാം പട്ടികയിലെ I-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളും" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും കൂട്ടിച്ചേർക്കേണ്ടതാണ്;

(ഖ) പശ്ചിമബംഗാൾ സംസ്ഥാനത്തിന്റെ ഭൂപ്രദേശങ്ങളെ സംബന്ധിച്ച ഖണ്ഡികയിൽ, അവസാനഭാഗത്ത്, "2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്ട്റ്റിന്റെ ഒന്നാം പട്ടികയിലെ III-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളേയും രണ്ടാം പട്ടികയിലെ III-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളേയും സംബന്ധിക്കുന്നിടത്തോളം, 1960-ലെ ഭരണഘടന (ഒമ്പതാം ഭേദഗതി) ആക്ട്റ്റിന്റെ 3-ാം വകുപ്പ്, (ഗ) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്ട്റ്റിന്റെ, ഒന്നാം പട്ടികയിലെ III-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളും, എന്നാൽ രണ്ടാം പട്ടികയിലെ III-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങൾ ഒഴികെ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും കൂട്ടിച്ചേർക്കേണ്ടതാണ്;

(ഗ) മേഘാലയ സംസ്ഥാനത്തിന്റെ ഭൂപ്രദേശങ്ങളെ സംബന്ധിച്ച ഖണ്ഡികയിൽ അവസാനഭാഗത്ത്, "2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്ട്റ്റ്, ഒന്നാം പട്ടികയുടെ I-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളും, എന്നാൽ രണ്ടാം പട്ടികയുടെ II-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങൾ ഒഴികെ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും കൂട്ടിച്ചേർക്കേണ്ടതാണ്;

(*d*) in the paragraph relating to the territories of the State of Tripura, the words, brackets and figures "and the territories referred to in Part II of the First Schedule to the Constitution (One Hundredth Amendment) Act, 2015, notwithstanding anything contained in clause (*d*) of section 3 of the Constitution (Ninth Amendment) Act, 1960, so far as it relates to the territories referred to in Part II of the First Schedule to the Constitution (One Hundredth Amendment) Act, 2015", shall be added at the end.

(ഘ) ത്രിപുര സംസ്ഥാനത്തിന്റെ ഭൂപ്രദേശങ്ങളെ സംബന്ധിച്ച ഖണ്ഡികയിൽ അവസാനഭാഗത്ത്, "2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്റ്റിന്റെ ഒന്നാം പട്ടികയിലെ II-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളെ സംബന്ധിക്കുന്നിടത്തോളം, 1960-ലെ ഭരണഘടന (ഒൻപതാം ഭേദഗതി) ആക്റ്റിന്റെ 3-ാം വകുപ്പ്, (ഘ) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2015-ലെ ഭരണഘടന (നൂറാം ഭേദഗതി) ആക്റ്റിന്റെ ഒന്നാം പട്ടികയിലെ II-ാം ഭാഗത്തിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശങ്ങളും" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും കൂട്ടിച്ചേർക്കേണ്ടതാണ്.

THE FIRST SCHEDULE

[*See* sections 2(*a*), 2(*b*) and 3]

PART I

The acquired territory in relation to Article 2 of the agreement dated the 16th day of May, 1974 and Article 3(I) (b) (ii) (iii) (iv) (v) of the protocol dated the 6th day of September, 2011.

PART II

The acquired territory in relation to Article 2 of the agreement dated the 16th day of May, 1974 and Article 3(I) (c) (i) of the protocol dated the 6th day of September, 2011.

PART III

The acquired territory in relation to Articles 1(12) and 2 of the agreement dated the 16th day of May, 1974 and Articles 2(II), 3(I) (a) (iii) (iv) (v) (vi) of the protocol dated the 6th day of September, 2011.

ഒന്നാം പട്ടിക

[2(ക), 2(ഖ), 3-എന്നീ വകുപ്പുകൾ കാണുക]

ഭാഗം I

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 2-ാം അനുച്ഛേദവും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 3(I) (ഖ) (ii) (iii) (iv) (v) അനുച്ഛേദവുമായി ബന്ധപ്പെട്ടുള്ളതായ ആർജ്ജിത ഭൂപ്രദേശം.

ഭാഗം II

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 2-ാം അനുച്ഛേദവും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 3 (I)(ഗ)(i) അനുച്ഛേദവുമായി ബന്ധപ്പെട്ടുള്ളതായ ആർജ്ജിത ഭൂപ്രദേശം.

ഭാഗം III

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 1 (12), 2 എന്നീ അനുച്ഛേദങ്ങളും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 2(II), 3(I) (ക) (iii) (iv) (v) (vi) എന്നീ അനുച്ഛേദങ്ങളുമായി ബന്ധപ്പെട്ടുള്ളതായ ആർജ്ജിത ഭൂപ്രദേശം.

THE SECOND SCHEDULE

[*See* sections 2(*b*), 2(*d*) and 3]

PART I

The transferred territory in relation to Article 2 of the agreement dated the 16th day of May, 1974 and Article 3(I) (d) (i) (ii) of the protocol dated the 6th day of September, 2011.

PART II

The transferred territory in relation to Article 2 of the agreement dated the 16th day of May, 1974 and Article 3(I) (b) (i) of the protocol dated the 6th day of September, 2011.

PART III

The transferred territory in relation to Articles 1(12) and 2 of the agreement dated the 16th day of May, 1974 and Articles 2(II), 3(I) (a) (i) (ii) (vi) of the protocol dated the 6th day of September, 2011.

രണ്ടാം പട്ടിക

[2(ഖ), 2(ഘ), 3-എന്നീ വകുപ്പുകൾ കാണുക]

ഭാഗം I

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 2-ാം അനുച്ഛേദവും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 3(I) (ഘ) (i) (ii) എന്നീ അനുച്ഛേദവുമായി ബന്ധപ്പെട്ടുള്ളതായ കൈമാറ്റം ചെയ്യപ്പെട്ട ഭൂപ്രദേശം.

ഭാഗം II

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 2-ാം അനുച്ഛേദവും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 3(I) (ഖ) (i) അനുച്ഛേദവുമായി ബന്ധപ്പെട്ടുള്ളതായ കൈമാറ്റം ചെയ്യപ്പെട്ട ഭൂപ്രദേശം.

ഭാഗം III

1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയുടെ 1(12), 2 എന്നീ അനുച്ഛേദങ്ങളും 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിന്റെ 2(II), 3(I) (ക) (i) (ii) (vi) എന്നീ അനുച്ഛേദങ്ങളുമായി ബന്ധപ്പെട്ടുള്ളതായ കൈമാറ്റം ചെയ്യപ്പെട്ട ഭൂപ്രദേശം.

THE THIRD SCHEDULE

[*See* section 2(*c*)]

I. EXTRACTS FROM THE AGREEMENT BETWEEN GOVERNMENT OF THE REPUBLIC OF INDIA AND THE GOVERNMENT OF THE PEOPLE'S REPUBLIC OF BANGLADESH CONCERNING THE DEMARCATION OF THE LAND BOUNDARY BETWEEN INDIA AND BANGLADESH AND RELATED MATTERS DATED THE 16TH DAY OF MAY, 1974.

Article 1(12): ENCLAVES

The Indian enclaves in Bangladesh and the Bangladesh enclaves in India should be exchanged expeditiously, excepting the enclaves mentioned in paragraph 14 without claim to compensation for the additional area going to Bangladesh.

Article 2:

The Governments of India and Bangladesh agree that territories in adverse possession in areas already demarcated in respect of which boundary strip maps are already prepared, shall be exchanged within six months of the signing of the boundary strip maps by the plenipotentiaries. They may sign the relevant maps as early as possible as and in any case not later than the 31st December, 1974. Early measures may be taken to print maps in respect of other areas where demarcation has already taken place. These should be printed by the 31st May, 1975 and signed by the plenipotentiaries thereafter in order that the exchange of adversely held possessions in these areas may take place by the 31st December, 1975. In sectors still to be demarcated, transfer of territorial jurisdiction may take place within six months of the signature by plenipotentiaries on the concerned boundary strip maps.

മൂന്നാം പട്ടിക

[2(ഗ) വകുപ്പ് കാണുക]

I. **ഭാരതവും ബംഗ്ലാദേശും തമ്മിലുള്ള ഭൂഅതിർത്തി വേർതിരിക്കലും അനുബന്ധ കാര്യങ്ങളും സംബന്ധിച്ച് ഭാരത റിപ്പബ്ലിക്കിന്റെ സർക്കാരും ബംഗ്ലാദേശ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ സർക്കാരും തമ്മിലുള്ള 1974, മേയ് 16-ാം തീയതിയിലെ ഉടമ്പടിയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.**

അനുച്ഛേദം 1 (12) : എൻക്ലേവുകൾ

14-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എൻക്ലേവുകൾ ഒഴിവാക്കിക്കൊണ്ട് ബംഗ്ലാദേശിലേക്ക് പോകുന്ന അധിക പ്രദേശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെടാതെ, ബംഗ്ലാദേശിലുള്ള ഭാരത എൻക്ലേവുകളും ഭാരതത്തിലുള്ള ബംഗ്ലാദേശ് എൻക്ലേവുകളും സത്വരം പരസ്പരം കൈമാറ്റം ചെയ്യേണ്ടതാണ്.

അനുച്ഛേദം 2 :

ബൗണ്ടറി സ്ട്രിപ് ഭൂപടങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളതായ ഇതിനോടകം വേർതിരിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ, എതിർ കൈവശത്തിലിരിക്കുന്ന ഭൂപ്രദേശങ്ങൾ സംബന്ധിച്ച ബൗണ്ടറി സ്ട്രിപ് ഭൂപടങ്ങൾ പരിപൂർണ്ണാധികാരമുള്ള പ്രതിനിധികൾ ഒപ്പിട്ട് ആറു മാസങ്ങൾക്കുള്ളിൽ പരസ്പരം കൈമാറ്റം ചെയ്യേണ്ടതാണെന്ന് ഭാരതത്തിലേയും ബംഗ്ലാദേശിലേയും സർക്കാരുകൾ സമ്മതിച്ചിരിക്കുന്നു. പ്രസക്തമായ ഭൂപടങ്ങൾ എത്രയും വേഗത്തിലും ഏത് സംഗതിയിലും 1974 ഡിസംബർ 31നു മുമ്പായി അവർക്ക് ഒപ്പുവയ്ക്കാവുന്നതാണ്. ഇതിനോടകം വേർതിരിക്കപ്പെട്ടിട്ടുള്ള മറ്റു പ്രദേശങ്ങളെ സംബന്ധിച്ച ഭൂപടങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ കൈക്കൊളളാവുന്നതാണ്. 1975 ഡിസംബർ 31-ഓടെ ഈ പ്രദേശങ്ങളിലെ എതിരായിട്ടുള്ള കൈവശങ്ങൾ പരസ്പരം കൈമാറ്റം ചെയ്യപ്പെടേണ്ടതിന് 1975 മേയ് 31-ഓടെ ഇവ അച്ചടിക്കേണ്ടതും, അതിനുശേഷം പരിപൂർണ്ണ അധികാരമുള്ള പ്രതിനിധികൾ ഒപ്പു വയ്ക്കേണ്ടതുമാണ്. ഇനിയും വേർതിരിക്കാനുളള സെക്ടറുകളിൽ, പ്രാദേശിക അധികാരാതിർത്തിയുടെ കൈമാറ്റം ബന്ധപ്പെട്ട ബൗണ്ടറി സ്ട്രിപ് ഭൂപടങ്ങളിൽ പരിപൂർണ്ണാധികാരമുള്ള പ്രതിനിധികൾ ഒപ്പിട്ട് ആറുമാസങ്ങൾക്കുള്ളിൽ നടത്താവുന്നതാണ്.

II. EXTRACTS FROM THE PROTOCOL TO THE AGREEMENT BETWEEN THE GOVERNMENT OF THE REPUBLIC OF INDIA AND THE GOVERNMENT OF THE PEOPLE'S REPUBLIC OF BANGLADESH CONCERNING THE DEMARCATION OF THE LAND BOUNDARY BETWEEN INDIA AND BANGLADESH AND RELATED MATTERS, DATED THE 6TH DAY OF SEPTEMBER, 2011.

Article 2:

(II) Article 1 Clause (12) of the 1974 Agreement shall be implemented as follows:—

Enclaves

111 Indian Enclaves in Bangladesh and 51 Bangladesh Enclaves in India as per the jointly verified cadastral enclave maps and signed at the level of DGLR&S. Bangladesh and DLR&S, West Bengal (India) in April, 1997, shall be exchanged without claim to compensation for the additional areas going to Bangladesh.

Article 3:

(I) Article 2 of the 1974 Agreement shall be implemented as follows:—

The Government of India and the Government of Bangladesh agree that the boundary shall be drawn as a fixed boundary for territories held in Adverse Possession as determined through joint survey and fully depicted in the respective adversely possessed land area Index Map (APL map) finalized by the Land Records and Survey Departments of both the countries between December, 2010 and August, 2011 which are fully described in clause (a) to (d) below.

The relevant strip maps shall be printed and signed by the Plenipotentiaries and transfer of territorial jurisdiction shall be completed simultaneously with the exchange of enclaves. The demarcation of the boundary, as depicted in the above mentioned Index Maps, shall be as under:—

(a) **West Bengal Sector**

(*i*) *Bousmari – Madhugari (Kushtia-Nadia) area*

The boundary shall be drawn from the existing Boundary Pillar Nos.154/5-S to 157/1-S to follow the centre of old course of river Mathabanga, as depicted in consolidation map of 1962, as surveyed jointly and agreed in June, 2011.

(*ii*) *Andharkota (Kushtia-Nadia) area*

The boundary shall be drawn from existing Boundary Pillar No. 152/5-S to Boundary Pillar No. 153/1-S to follow the edge of existing River Mathabanga as jointly surveyed and agreed in June, 2011.

II. ഭാരതവും ബംഗ്ലാദേശും തമ്മിലുള്ള ഭൂഅതിർത്തി വേർതിരിക്കലും അനുബന്ധകാര്യങ്ങളും സംബന്ധിച്ച് ഭാരത റിപ്പബ്ലിക്കിന്റെ സർക്കാരും ബംഗ്ലാദേശ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ സർക്കാരും തമ്മിലുള്ള ഉടമ്പടിക്ക് ഉണ്ടാക്കിയ 2011 സെപ്റ്റംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ.

അനുച്ഛേദം 2 :

(II) 1974-ലെ ഉടമ്പടിയിലെ 1-ാം അനുച്ഛേദം (12)-ാം ഖണ്ഡം താഴെപ്പറയും പ്രകാരം നടപ്പിലാക്കേണ്ടതാണ്:

എൻക്ലേവുകൾ

സംയുക്ത പരിശോധന നടത്തിയ കടാസ്ട്രൽ എൻക്ലേവ് ഭൂപടങ്ങൾ പ്രകാരമുള്ളതും, ബംഗ്ലാദേശ് ഡി.ജി.എൽ.ആർ. & എസും പശ്ചിമബംഗാൾ (ഭാരതം) ഡി.എൽ.ആർ & എസും തലത്തിൽ 1997 ഏപ്രിലിൽ ഒപ്പിട്ടതുമായ ബംഗ്ലാദേശിലെ 111 ഭാരത എൻക്ലേവുകളും ഭാരതത്തിലെ 51 ബംഗ്ലാദേശ് എൻക്ലേവുകളും ബംഗ്ലാദേശിലേക്ക് പോകുന്ന അധിക പ്രദേശങ്ങൾക്ക് നഷ്ടപരിഹാരം ഇല്ലാതെ പരസ്പരം കൈമാറ്റം നടത്തേണ്ടതാണ്.

അനുച്ഛേദം 3 :

(I) 1974-ലെ ഉടമ്പടിയിലെ 2-ാം അനുച്ഛേദം താഴെപ്പറയും പ്രകാരം നടപ്പിലാക്കേണ്ടതാണ്:—

സംയുക്ത സർവ്വേയിലൂടെ നിർണ്ണയിച്ച പ്രകാരവും ഇരു രാജ്യങ്ങളിലെയും ഭൂരേഖാ സർവ്വേ വകുപ്പുകൾ 2010 ഡിസംബറിനും 2011 ആഗസ്റ്റിനുമിടയിൽ അന്തിമമാക്കിയിട്ടുള്ള ബന്ധപ്പെട്ട അഡ്വെഴ്സിലി പൊസ്സസ്ഡ് ലാന്റ് ഏരിയ ഇൻഡക്സ് ഭൂപടത്തിൽ (എ.പി.എൽ. ഭൂപടം) പൂർണ്ണമായി രേഖപ്പെടുത്തിയതുമായ എതിർ കൈവശത്തിൽ ഇരിക്കുന്ന താഴെപ്പറയുന്ന (ക) മുതൽ (ഘ) വരെയുള്ള ഖണ്ഡങ്ങളിൽ പൂർണ്ണമായി വിവരിച്ചിട്ടുള്ളതായ ഭൂപ്രദേശങ്ങളുടെ അതിർത്തി സ്ഥിരാതിർത്തിയായി നിശ്ചയിക്കാമെന്ന് ഭാരത സർക്കാരും ബംഗ്ലാദേശ് സർക്കാരും സമ്മതിച്ചിരിക്കുന്നു.

പ്രസക്തമായ സ്ട്രിപ് ഭൂപടങ്ങൾ അച്ചടിച്ച് പരിപൂർണ്ണാധികാരമുള്ള പ്രതിനിധികൾ ഒപ്പിടേണ്ടതും പ്രാദേശിക അധികാരിതയുടെ കൈമാറ്റം എൻക്ലേവുകളുടെ കൈമാറ്റത്തിനോടൊപ്പം പൂർത്തീകരിക്കേണ്ടതുമാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള ഇൻഡക്സ് ഭൂപടങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന പ്രകാരമുള്ള അതിർത്തിയുടെ വേർതിരിവ് താഴെപ്പറയും പ്രകാരം ആയിരിക്കേണ്ടതാണ്:—

(ക) പശ്ചിമബംഗാൾ സെക്ടർ

(i) ബൗസ്മാരി-മധുഗരി (കുശ്തിയ-നാഡിയ) പ്രദേശം

2011 ജൂണിൽ സംയുക്തമായി സർവ്വേ ചെയ്ത് സമ്മതിച്ച പ്രകാരം നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 154/5-എസ്-ൽ നിന്നും നമ്പർ 157/1-എസ്- ലൂടെ കടന്ന് 1962-ലെ കൺസോളിഡേഷൻ ഭൂപടത്തിൽ ചിത്രീകരിച്ച പ്രകാരം മധ്ബംഗാ നദി പണ്ട് ഒഴുകിയിരുന്നതായ ഗതിയുടെ മദ്ധ്യഭാഗംവരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(ii) അംധാർകോട്ട (കുശ്തിയ-നാഡിയ) പ്രദേശം

2011 ജൂണിൽ സംയുക്തമായി സർവ്വേ ചെയ്ത് സമ്മതിച്ച പ്രകാരം നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 152/5-എസ്-ൽ നിന്നും ബൗണ്ടറി നമ്പർ 153/1-എസ്-ലൂടെ കടന്ന് നിലവിലുള്ള മധ്ബംഗാ നദിയുടെ തീരംവരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(*iii*) *Pakuria (Kushtia-Nadia) area*

The boundary shall be drawn from existing Boundary Pillar No.151/1-S to Boundary Pillar No. 152/2-S to follow the edge of River Mathabanga as jointly surveyed and agreed in June, 2011.

(*iv*) *Char Mahishkundi (Kushtia-Nadia) area*

The boundary shall be drawn from existing Boundary Pillar No.153/1-S to Boundary Pillar No. 153/9-S to follow the edge of River Mathabanga as jointly surveyed and agreed in June, 2011.

(*v*) *Haripal/Khutadah/Battoli/Sapameri/LNpur(Patari)(Naogaon-Malda) area*

The boundary shall be drawn as line joining from existing Boundary Pillar No.242/S/13, to Boundary Pillar No.243/7-S/5 and as jointly surveyed and agreed in June, 2011.

(*vi*) *Berubari (Panchagarh-Jalpaiguri area)*

The boundary in the area Berubari (Panchagarh-Jalpaiguri) adversely held by Bangladesh, and Berubari and Singhapara-Khudipara (Panchagarh-Jalpaiguri) adversely held by India shall be drawn as jointly demarcated during 1996-1998.

(b) **Meghalaya Sector**

(i) *Lobachera-Nuncherra*

The boundary from existing Boundary Pillar No.1315/4-S to Boundary Pillar No. 1315/15-S in Lailong-Balichera, Boundary Pillar No.1316/1-S to Boundary Pillar No. 1316/11-S in Lailong - Noonchera, Boundary Pillar No. 1317 to Boundary Pillar No. 1317/13 - S in Lailong -Lahiling and Boundary Pillar No. 1318/1- S to Boundary Pillar No. 1318/2- S in Lailong–Lobhachera shall be drawn to follow the edge of tea gardens as jointly surveyed and agreed in December, 2010.

(ii) *Pyrdiwah/Padua Area*

The boundary shall be drawn from existing Boundary Pillar No.1270/1-S as per jointly surveyed and mutually agreed line till Boundary Pillar No. 1271/1-T. The Parties agree that the Indian Nationals from Pyrdiwah village shall be allowed to draw water from Piyang River near point No.6 of the agreed Map.

(iii) *Lyngkhat Area*

(aa) Lyngkhat-I/Kulumcherra and Lyngkhat-II/ Kulumcherra

The boundary shall be drawn from existing Boundary Pillar No. 1264/4-S to Boundary Pillar No.1265 and B.P. No.1265/6-S to 1265/9-S as per jointly surveyed and mutually agreed line.

(iii) പകുരിയ (കുശ്തിയ-നാഡിയ) പ്രദേശം

2011 ജൂണിൽ സംയുക്തമായി സർവ്വേ ചെയ്ത് സമ്മതിച്ച പ്രകാരം ബൗണ്ടറി പില്ലർ നമ്പർ 151/1- എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 152/2-എസ്സിലൂടെ കടന്ന് മധ്ബംഗാ നദിയുടെ തീരം വരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(iv) ചാർമഹിഷ് കുംഡി (കുശ്തിയ-നാഡിയ) പ്രദേശം

2011 ജൂണിൽ സംയുക്തമായി സർവ്വേ ചെയ്ത് സമ്മതിച്ച പ്രകാരം നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 153/1-എസ്-ൽ നിന്നും ബൗണ്ടറി പില്ലർ 153/9-എസ്സിലൂടെ കടന്ന് മധ്ബംഗാ നദിയുടെ തീരം വരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(v) ഹരിപാൽ/ഖുതാദാഹ്/ബട്ടോളി/സപാമെരി/എൽ.എൻ.പുർ (പടാരി) (നവ്ഗാവ്-മാൽദാ) പ്രദേശം

2011 ജൂണിൽ സംയുക്തമായി സർവ്വേ ചെയ്ത് സമ്മതിച്ച പ്രകാരവും നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 242/ എസ്/13-നേയും ബൗണ്ടറി പില്ലർ നമ്പർ 243/7-എസ്/ 5-നേയും യോജിപ്പിക്കുന്ന രേഖ എന്ന നിലയിൽ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(vi) ബേർബാഡി (പാഞ്ചഗഢ്-ജൽപായിഗുഡി) പ്രദേശം

ബംഗ്ലാദേശിന്റെ എതിർ കൈവശത്തിൽ ഇരിക്കുന്ന ബേർബാഡി (പാഞ്ചഗഢ്-ജൽപായിഗുഡി) പ്രദേശത്തിലും ഭാരതത്തിന്റെ എതിർ കൈവശത്തിൽ ഇരിക്കുന്ന ബേർബാഡിയും സിംഗപാറാ-ഗുഡിപാറാ (പാഞ്ചഗഢ്-ജൽപായിഗുഡി) പ്രദേശത്തിലുമുള്ള അതിർത്തി, 1996-1998 കാലയളവിൽ സംയുക്തമായി വേർതിരിച്ച പ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

(ഖ) മേഘാലയാ സെക്ടർ

(i) ലോബാചേരാ - നൂൻചേര

2010 ഡിസംബറിൽ സംയുക്തമായി സർവ്വേ നടത്തി സമ്മതിച്ച പ്രകാരം ലൈലാംഗ്- ബലിചേരായിലെ നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1315/4-എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1315/15-എസ്-ലേക്കും ലൈലാംഗ്- നൂൻചേരായിലെ ബൗണ്ടറി പില്ലർ നമ്പർ 1316/1-എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1316/ 11-എസ്-ലേക്കും ലൈലാംഗ്- ലഹിലിംഗിലെ ബൗണ്ടറി പില്ലർ നമ്പർ 1317/1-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1317/13-എസ് ലേക്കും ലൈലാംഗ്-ലുഭാചേരായിലെ ബൗണ്ടറി പില്ലർ നമ്പർ 1318/1-എസിൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1318/2-എസ് ലേക്കും തേയില തോട്ടങ്ങളുടെ അതിര് വരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(ii) പിർഡിവാഹ്-പഡുവ പ്രദേശം

സംയുക്തമായി സർവ്വേ നടത്തി പരസ്പരം സമ്മതിച്ച പ്രകാരമുള്ളതായ രേഖ നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1270/1- എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1270/1-റ്റി യിലേക്ക് അതിർത്തിയായി രേഖപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച ഭൂപടത്തിലെ 6-ാം നമ്പർ പോയിന്റിനടുത്തുള്ള പിയാംഗ് നദിയിൽ നിന്നും വെള്ളം എടുക്കുന്നതിന് പിർഡിവാഹ് ഗ്രാമത്തിലെ ഭാരതീയ പൗരന്മാരെ അനുവദിക്കുന്നതിന് കക്ഷികൾ സമ്മതിച്ചിരിക്കുന്നു.

(iii) ലിംഗ്ഖാട്ട് പ്രദേശം

(കക) ലിംഗ് ഖാട്ട് -I/കുളുംചേരായും ലിംഗ്ഖാട്ട് II/കുളും ചേരായും

സംയുക്തമായി സർവ്വേ നടത്തി പരസ്പരം സമ്മതിച്ച പ്രകാരമുള്ളതായ രേഖ നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1264/4 എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1265-ലേക്കും ബി.പി. നമ്പർ 1265/6 എസ്-ൽ നിന്നും ബി.പി. നമ്പർ 1265/9എസ്-ലേക്കും അതിർത്തിയായി രേഖപ്പെടുത്തേണ്ടതാണ്.

(ab) Lyngkhat-III/Sonarhat

The boundary shall be drawn from existing Boundary Pillar No.1266/13-S along the nallah southwards till it meets another nallah in the east-west direction, thereafter it shall run along the northern edge of the nallah in east till it meets the existing International Boundary north of Reference Pillar Nos.1267/4-R-B and 1267/3-R-I.

(iv) *Dawki/Tamabil area*

The boundary shall be drawn by a straight line joining existing Boundary Pillar Nos. 1275/1-S to Boundary Pillar Nos. 1275/7-S. The Parties agree to fencing on 'zero line' in this area.

(v) *Naljuri/Sreepur Area*

(aa) Naljuri I

The boundary shall be a line from the existing Boundary Pillar No.1277/2-S in southern direction upto three plots as depicted in the strip Map No.166 till it meets the nallah flowing from Boundary Pillar No. 1277/5-T, thereafter it will run along the western edge of the nallah in the southern direction upto 2 plots on the Bangladesh side, thereafter it shall run eastwards till it meets a line drawn in southern direction from Boundary Pillar No.1277/4-S.

(ab) Naljuri III

The boundary shall be drawn by a straight line from existing Boundary Pillar No. 1278/2-S to Boundary Pillar No. 1279/3-S.

(vi) *Muktapur/Dibir Hawor Area*

The Parties agree that the Indian Nationals shall be allowed to visit Kali Mandir and shall also be allowed to draw water and exercise fishing rights in the water body in the Muktapur/Dibir Hawor area from the bank of Muktapur side.

(c) **Tripura Sector**

(i) *Chandannagar-Champarai Tea Garden area in Tripura/Moulvi Bazar sector*

The boundary shall be drawn along Sonaraichhera river from existing Boundary Pillar No.1904 to Boundary Pillar No.1905 as surveyed jointly and agreed in July, 2011.

(d) **Assam Sector**

(i) *Kalabari (Boroibari) area in Assam sector*

The boundary shall be drawn from existing Boundary Pillar No.1066/24-T to Boundary Pillar No. 1067/16-T as surveyed jointly and agreed in August, 2011.

(ii) *Pallathal area in Assam sector*

The boundary shall be drawn from existing Boundary Pillar No.1370/3-S to 1371/6-S to follow the outer edge of the tea garden and from Boundary Pillar No. 1372 to 1373/2-S along outer edge of the pan plantation.

(കഖ) ലിംഗ്ഖാട്ട്-III/ സോണാർഹാട്ട്

നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1266/13- എസ് മുതൽ തെക്കുഭാഗത്തു കൂടെയുള്ള നീർച്ചാൽ, കിഴക്കുപടിഞ്ഞാറുള്ളതായ മറ്റേ നീർച്ചാലിൽ സന്ധിക്കുന്നതു വരെയുള്ള ദിശയിലൂടെ അതിർത്തി രേഖപ്പെടുത്തേണ്ടതും അതിനുശേഷം അത് കിഴക്കുള്ള നീർച്ചാലിന്റെ വടക്കേ തീരത്തുകൂടി 1267/4- ആർ-ബി-യും 1267/3 ആർ-ഐ-യും നമ്പർ റഫറൻസ് പില്ലറുകളുടെ വടക്കായുള്ള നിലവിലെ അന്താരാഷ്ട്ര അതിർത്തിയിൽ സന്ധിക്കുന്നതുവരെ അത് എത്തേണ്ടതുമാണ്.

(iv) ദാവ്കി/തമാബിൽ പ്രദേശം

നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1275/1-എസ്സിൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1275/7-എസ്സ് വരെ യോജിപ്പിക്കുന്ന ഒരു നേർരേഖയാൽ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രദേശത്തുള്ള 'സീറോ ലൈനി' ൽ വേലികെട്ടാൻ കക്ഷികൾ സമ്മതിച്ചിരിക്കുന്നു.

(v) നൽജൂരി/ശ്രീപുർ പ്രദേശം

(കക) *നൽജൂരി I*

അതിർത്തി, നിലവിലെ തെക്കൻ ദിശയിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1277/2-എസ് മുതൽ 166-ാം നമ്പർ സ്ട്രിപ് ഭൂപടത്തിൽ ചിത്രീകരിച്ചിട്ടുള്ളതുപോലെ മൂന്നു പ്ലോട്ടുകൾ വരെ ബൗണ്ടറി പില്ലർ നമ്പർ 1277/5-റ്റി-യിൽ നിന്നും ഒഴുകുന്ന നീർച്ചാലിൽ സന്ധിക്കുന്നതുവരെയുള്ള ഒരു രേഖയായിരിക്കേണ്ടതും അതിനുശേഷം ഇത് നീർച്ചാലിന്റെ പടിഞ്ഞാറെ തീരത്തുകൂടി തെക്കൻ ദിശയിൽ ബംഗ്ലാദേശ് ഭാഗത്ത് രണ്ടു പ്ലോട്ടുകൾ വരെയും അതിനുശേഷം ഇത് കിഴക്കോട്ട് ബൗണ്ടറി പില്ലർ നമ്പർ 1277/4 എസ്-ൽ നിന്നും തെക്കൻ ദിശയിൽ വരച്ചിട്ടുള്ള ഒരു രേഖയിൽ സന്ധിക്കുന്നതുവരെയും എത്തേണ്ടതാണ്.

(കഖ) *നൽജൂരി III*

അതിർത്തി നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1278/2-എസ്-ൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1279/3-എസ്-ലേക്ക് ഒരു നേർരേഖയായി രേഖപ്പെടുത്തേണ്ടതാണ്.

(vi) *മുക്താപൂർ/ഡിബിർ ഹാവോർ പ്രദേശം*

ഭാരതീയ പൗരന്മാരെ കാളിക്ഷേത്രം സന്ദർശിക്കാൻ അനുവദിക്കേണ്ടതാണെന്നും മുക്താപൂർ/ഡിബിർ ഹാവോർ പ്രദേശത്തുള്ള ജലാശയത്തിലെ മുക്താപൂർ ഭാഗത്തെ തീരത്തു നിന്നും വെള്ളം എടുക്കുന്നതിനും മീൻപിടിത്താവകാശം വിനിയോഗിക്കുന്നതിനുംകൂടി അനുവദിക്കേണ്ടതാണെന്നും കക്ഷികൾ സമ്മതിച്ചിരിക്കുന്നു.

(ഗ) ത്രിപുര സെക്ടർ

(i) ത്രിപുര/മൗൾവി ബസാർ സെക്ടറിലെ ചന്ദൻ നഗർ-ചമ്പാരായി തേയിലത്തോട്ട പ്രദേശം.

2011 ജൂലൈയിൽ സംയുക്തമായി സർവ്വേ നടത്തി സമ്മതിച്ച പ്രകാരം നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1904-ൽ നിന്നും സോനാർച്ചേരി നദിയിലൂടെ ബൗണ്ടറി പില്ലർ നമ്പർ 1905 വരെ അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(ഘ) ആസ്സാം സെക്ടർ

(i) *ആസ്സാം സെക്ടറിലെ കലബാഡി (ബോരോയ്ബാരി) പ്രദേശം*

2011 ആഗസ്റ്റിൽ സംയുക്തമായി സർവ്വേ നടത്തി സമ്മതിച്ച പ്രകാരം നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1066/24-റ്റി-യിൽ നിന്നും ബൗണ്ടറി പില്ലർ നമ്പർ 1067/16-റ്റി-യിലേക്ക് അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

(ii) *ആസ്സാം സെക്ടറിലെ പല്ലാഥാൽ പ്രദേശം*

നിലവിലുള്ള ബൗണ്ടറി പില്ലർ നമ്പർ 1370/3-എസ്-ൽ നിന്നും 1371/6-എസ്-ലേക്ക് തേയിലത്തോട്ടത്തിനു പുറമെയുള്ള അതിരിലൂടെയും ബൗണ്ടറി പില്ലർ നമ്പർ 1372-ൽ നിന്നും 1373/2-എസ്-ലേക്ക് വെറ്റിലത്തോട്ടത്തിന്റെ പുറമെയുള്ള അതിരിലൂടെയും അതിർത്തി രേഖപ്പെടുത്തേണ്ടതാണ്.

III. LIST OF EXCHANGE OF ENCLAVES BETWEEN INDIA AND BANGLADESH IN PURSUANT TO ARTICLE 1(12) OF THE AGREEMENT DATED 16TH MAY, 1974 AND THE PROTOCOL TO THE AGREEMENT DATED 6TH SEPTEMBER, 2011.

A. EXCHANGEABLE INDIAN ENCLAVES IN BANGLADESH WITH AREA

Sl.No.	Name of Chhits	Chhit No.	Lying within Police station Bangladesh	Lying within Police Station W. Bengal	Area in acres
(1)	(2)	(3)	(4)	(5)	(6)
		A. *Enclaves with independent chhits*			
1	Garati	75	Pochagar	Haldibari	58.23
2	Garati	76	Pochagar	Haldibari	0.79
3	Garati	77	Pochagar	Haldibari	18
4	Garati	78	Pochagar	Haldibari	958.66
5	Garati	79	Pochagar	Haldibari	1.74
6	Garati	80	Pochagar	Haldibari	73.75
7	Bingimari Part-I	73	Pochagar	Haldibari	6.07
8	Nazirganja	41	Boda	Haldibari	58.32
9	Nazirganja	42	Boda	Haldibari	434.29
10	Nazirganja	44	Boda	Haldibari	53.47
11	Nazirganja	45	Boda	Haldibari	1.07
12	Nazirganja	46	Boda	Haldibari	17.95
13	Nazirganja	47	Boda	Haldibari	3.89
14	Nazirganja	48	Boda	Haldibari	73.27
15	Nazirganja	49	Boda	Haldibari	49.05
16	Nazirganja	50	Boda	Haldibari	5.05
17	Nazirganja	51	Boda	Haldibari	0.77
18	Nazirganja	52	Boda	Haldibari	1.04
19	Nazirganja	53	Boda	Haldibari	1.02
20	Nazirganja	54	Boda	Haldibari	3.87

III. **1974 മേയ് 16-ാം തീയതിയിലെ ഉടമ്പടിയിലെ അനുച്ഛേദം 1 (12)-നും ഉടമ്പടിക്ക് 2011 സെപ്തംബർ 6-ാം തീയതിയിലെ പ്രോട്ടോക്കോളിനും അനുസൃതമായി ഭാരതവും ബംഗ്ലാദേശും തമ്മിൽ പരസ്പര കൈമാറ്റത്തിനുള്ള എൻക്ലേവുകളുടെ ലിസ്റ്റ്.**

ക. ബംഗ്ലാദേശിലുള്ള കൈമാറാവുന്ന ഭാരത എൻക്ലേവുകൾ വിസ്തീർണ്ണ സഹിതം

ക്രമ നമ്പർ	ഛിടുകളുടെ പേര്	ഛിടിന്റെ നമ്പർ	ബംഗ്ലാദേശിലെ പോലീസ്സ്റ്റേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്നവ	പശ്ചിമബംഗാളിലെ പോലീസ്സ്റ്റേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്നവ	വിസ്തീർണ്ണം ഏക്കറിൽ
(1)	(2)	(3)	(4)	(5)	(6)
	ക. സ്വതന്ത്ര ഛിടുകളോടുകൂടിയ എൻക്ലേവുകൾ				
1	ഗരാടി	75	പോച്ചാഗർ	ഹൽദിബാഡി	58.23
2	ഗരാടി	76	പോച്ചാഗർ	ഹൽദിബാഡി	0.79
3	ഗരാടി	77	പോച്ചാഗർ	ഹൽദിബാഡി	18
4	ഗരാടി	78	പോച്ചാഗർ	ഹൽദിബാഡി	958.66
5	ഗരാടി	79	പോച്ചാഗർ	ഹൽദിബാഡി	1.74
6	ഗരാടി	80	പോച്ചാഗർ	ഹൽദിബാഡി	73.75
7	ബിങ്കിമാരിഭാഗം-I	73	പോച്ചാഗർ	ഹൽദിബാഡി	6.07
8	നജീർഗഞ്ച്	41	ബോഡ	ഹൽദിബാഡി	58.32
9	നജീർഗഞ്ച്	42	ബോഡ	ഹൽദിബാഡി	434.29
10	നജീർഗഞ്ച്	44	ബോഡ	ഹൽദിബാഡി	53.47
11	നജീർഗഞ്ച്	45	ബോഡ	ഹൽദിബാഡി	1.07
12	നജീർഗഞ്ച്	46	ബോഡ	ഹൽദിബാഡി	17.95
13	നജീർഗഞ്ച്	47	ബോഡ	ഹൽദിബാഡി	3.89
14	നജീർഗഞ്ച്	48	ബോഡ	ഹൽദിബാഡി	73.27
15	നജീർഗഞ്ച്	49	ബോഡ	ഹൽദിബാഡി	49.05
16	നജീർഗഞ്ച്	50	ബോഡ	ഹൽദിബാഡി	5.05
17	നജീർഗഞ്ച്	51	ബോഡ	ഹൽദിബാഡി	0.77
18	നജീർഗഞ്ച്	52	ബോഡ	ഹൽദിബാഡി	1.04
19	നജീർഗഞ്ച്	53	ബോഡ	ഹൽദിബാഡി	1.02
20	നജീർഗഞ്ച്	54	ബോഡ	ഹൽദിബാഡി	3.87

(1)	(2)	(3)	(4)	(5)	(6)
21	Nazirganja	55	Boda	Haldibari	12.18
22	Nazirganja	56	Boda	Haldibari	54.04
23	Nazirganja	57	Boda	Haldibari	8.27
24	Nazirganja	58	Boda	Haldibari	14.22
25	Nazirganja	60	Boda	Haldibari	0.52
26	Putimari	59	Boda	Haldibari	122.8
27	Daikhata Chhat	38	Boda	Haldibari	499.21
28	Salbari	37	Boda	Haldibari	1188.93
29	Kajal Dighi	36	Boda	Haldibari	771.44
30	Nataktoka	32	Boda	Haldibari	162.26
31	Nataktoka	33	Boda	Haldibari	0.26
32	Beuladanga Chhat	35	Boda	Haldibari	0.83
33	Balapara Iagrabar	3	Debiganj	Haldibari	1752.44
34	Bara Khankikharija Citaldaha	30	Dimla	Haldibari	7.71
35	Bara Khankikharija Citaldaha	29	Dimla	Haldibari	36.83
36	Barakhangir	28	Dimla	Haldibari	30.53
37	Nagarjikobari	31	Dimla	Haldibari	33.41
38	Kuchlibari	26	Patgram	Mekliganj	5.78
39	Kuchlibari	27	Patgram	Mekliganj	2.04
40	Bara Kuchlibari	Fragment of J.L. 107 of P.S Me-kliganj	Patgram	Mekliganj	4.35
41	Jamaldaha-Balapukhari	6	Patgram	Mekliganj	5.24
42	Uponchowkikuchlibari	115/2	Patgram	Mekliganj	0.32
43	Uponchowkikuchlibari	7	Patgram	Mekliganj	44.04

(1)	(2)	(3)	(4)	(5)	(6)
21	നജീർഗഞ്ച്	55	ബോഡ	ഹൽദിബാഡി	12.18
22	നജീർഗഞ്ച്	56	ബോഡ	ഹൽദിബാഡി	54.04
23	നജീർഗഞ്ച്	57	ബോഡ	ഹൽദിബാഡി	8.27
24	നജീർഗഞ്ച്	58	ബോഡ	ഹൽദിബാഡി	14.22
25	നജീർഗഞ്ച്	60	ബോഡ	ഹൽദിബാഡി	0.52
26	പുടിമാരി	59	ബോഡ	ഹൽദിബാഡി	122.8
27	ദൈഖാതാ ഛട്	38	ബോഡ	ഹൽദിബാഡി	499.21
28	സൽബരി	37	ബോഡ	ഹൽദിബാഡി	1188.93
29	കാജൽ ദിഘി	36	ബോഡ	ഹൽദിബാഡി	771.44
30	നടക്ടോക	32	ബോഡ	ഹൽദിബാഡി	162.26
31	നടക്ടോക	33	ബോഡ	ഹൽദിബാഡി	0.26
32	ബൗലാഡാംഗ ഛട്	35	ബോഡ	ഹൽദിബാഡി	0.83
33	ബലാപാര ഇഗ്രബാർ	3	ദേബിഗഞ്ച്	ഹൽദിബാഡി	1752.44
34	ബലാ ഖാൻകി ഖരീജ സിതൾദഹ	30	ഡിംല	ഹൽദിബാഡി	7.71
35	ബലാ ഖാൻകി ഖരീജ സിതൾദഹ	29	ഡിംല	ഹൽദിബാഡി	36.83
36	ബരാഘൻഗീർ	28	ഡിംല	ഹൽദിബാഡി	30.53
37	നഗർജികോബരി	31	ഡിംല	ഹൽദിബാഡി	33.41
38	കുച്ലിബാരി	26	പട്ഗ്രാം	മേക്ലിഗൻജ്	5.78
39	കുച്ലിബാരി	27	പട്ഗ്രാം	മേക്ലിഗൻജ്	2.04
40	ബരാ കുച്ലിബാരി	പി.എസ്. മേക്ലി ഗൻജിന്റെ ജെ.എൽ.107 ന്റെ ഉപവിഭാഗം	പട്ഗ്രാം	മേക്ലിഗൻജ്	4.35
41	ജമാലോഹാ-ബേലാപുഖാരി	6	പട്ഗ്രാം	മേക്ലിഗൻജ്	5.24
42	ഉപൻ ചൗകി കുച്ലിബാരി	115/2	പട്ഗ്രാം	മേക്ലിഗൻജ്	0.32
43	ഉപൻചൗകി കുച്ലിബാരി	7	പട്ഗ്രാം	മേക്ലിഗൻജ്	44.04

(1)	(2)	(3)	(4)	(5)	(6)
44	Bhothnri	11	Patgram	Mekliganj	36.83
45	Balapukhari	5	Patgram	Mekliganj	55.91
46	Bara Khangir	4	Patgram	Mekliganj	50.51
47	Bara Khangir	9	Patgram	Mekliganj	87.42
48	Chhat Bogdokra	10	Patgram	Mekliganj	41.7
49	Ratanpur	11	Patgram	Mekliganj	58.91
50	Bogdokra	12	Patgram	Mekliganj	25.49
51	Fulker Dabri	Fragment of J.L. 107 of P.S. Mekliganj	Patgram	Mekliganj	0.88
52	Kharkharia	15	Patgram	Mekliganj	60.74
53	Kharkharia	13	Patgram	Mekliganj	51.62
54	Lotamari	14	Patgram	Mekliganj	110.92
55	Bhotbari	16	Patgram	Mekliganj	205.46
56	Komat Changrabandha	16A	Patgram	Mekliganj	42.8
57	Komat Changrabandha	17A	Patgram	Mekliganj	16.01
58	Panisala	17	Patgram	Mekliganj	137.66
59	Dwarikamari Khasbash	18	Patgram	Mekliganj	36.5
60	Panisala	153/P	Patgram	Mekliganj	0.27
61	Panisala	153/O	Patgram	Mekliganj	18.01
62	Panisala	19	Patgram	Mekliganj	64.63
63	Panisala	21	Patgram	Mekliganj	51.4
64	Lotamari	20	Patgram	Mekliganj	283.53
65	Lotamari	22	Patgram	Mekliganj	98.85
66	Dwarikamari	23	Patgram	Mekliganj	39.52
67	Dwarikamari	25	Patgram	Mekliganj	45.73
68	Chhat Bhothat	24	Patgram	Mekliganj	56.11

(1)	(2)	(3)	(4)	(5)	(6)
44	ബോധൻരി	11	പട്ഗ്രാം	മേക്ലിഗൻജ്	36.83
45	ബാലാപുഘാരി	5	പട്ഗ്രാം	മേക്ലിഗൻജ്	55.91
46	ബാരാഖാൻഗീർ	4	പട്ഗ്രാം	മേക്ലിഗൻജ്	50.51
47	ബാരാഖാൻഗീർ	9	പട്ഗ്രാം	മേക്ലിഗൻജ്	87.42
48	ഛട് ബോഗ്ഡോകര	10	പട്ഗ്രാം	മേക്ലിഗൻജ്	41.7
49	രത്തൻപൂർ	11	പട്ഗ്രാം	മേക്ലിഗൻജ്	58.91
50	ബോഗ്ഡോകര	12	പട്ഗ്രാം	മേക്ലിഗൻജ്	25.49
51	പുൽകർ ഡാബരി	പി.എസ്. മേക്ലി ഗൻജിന്റെ ജെ.എൽ.107 ന്റെ ഉപവിഭാഗം	പട്ഗ്രാം	മേക്ലിഗൻജ്	0.88
52	ഖർഖരിയ	15	പട്ഗ്രാം	മേക്ലിഗൻജ്	60.74
53	ഖർഖരിയ	13	പട്ഗ്രാം	മേക്ലിഗൻജ്	51.62
54	ലോട്ടാമാരി	14	പട്ഗ്രാം	മേക്ലിഗൻജ്	110.92
55	ഭൂത്ബാരി	16	പട്ഗ്രാം	മേക്ലിഗൻജ്	205.46
56	കോമട് ചൻഗ്രബന്ദ	16ക	പട്ഗ്രാം	മേക്ലിഗൻജ്	42.8
57	കോമട് ചൻഗ്രബന്ദ	17ക	പട്ഗ്രാം	മേക്ലിഗൻജ്	16.01
58	പനിസാല	17	പട്ഗ്രാം	മേക്ലിഗൻജ്	137.66
59	ദ്വാരികാമാരി ഖാസ്ബാശ്	18	പട്ഗ്രാം	മേക്ലിഗൻജ്	36.5
60	പനിസാല	153/ത	പട്ഗ്രാം	മേക്ലിഗൻജ്	0.27
61	പനിസാല	153/ണ	പട്ഗ്രാം	മേക്ലിഗൻജ്	18.01
62	പനിസാല	19	പട്ഗ്രാം	മേക്ലിഗൻജ്	64.63
63	പനിസാല	21	പട്ഗ്രാം	മേക്ലിഗൻജ്	51.4
64	ലോടാമാരി	20	പട്ഗ്രാം	മേക്ലിഗൻജ്	283.53
65	ലോടാമാരി	22	പട്ഗ്രാം	മേക്ലിഗൻജ്	98.85
66	ദ്വാരികാമാരി	23	പട്ഗ്രാം	മേക്ലിഗൻജ്	39.52
67	ദ്വാരികാമാരി	25	പട്ഗ്രാം	മേക്ലിഗൻജ്	45.73
68	ഛട്ബോഥാട്	24	പട്ഗ്രാം	മേക്ലിഗൻജ്	56.11

(1)	(2)	(3)	(4)	(5)	(6)
69	Baakata	131	Patgram	Hathabhanga	22.35
70	Baakata	132	Patgram	Hathabhanga	11.96
71	Baakata	130	Patgram	Hathabhanga	20.48
72	Bhogramguri	133	Patgram	Hathabhanga	1.44
73	Chenakata	134	Patgram	Mekliganj	7.81
74	Banskata	119	Patgram	Mathabanga	413.81
75	Banskata	120	Patgram	Mathabanga	30.75
76	Banskata	121	Patgram	Mathabanga	12.15
77	Banskata	113	Patgram	Mathabanga	57.86
78	Banskata	112	Patgram	Mathabanga	315.04
79	Banskata	114	Patgram	Mathabanga	0.77
80	Banskata	115	Patgram	Mathabanga	29.2
81	Banskata	122	Patgram	Mathabanga	33.22
82	Banskata	127	Patgram	Mathabanga	12.72
83	Banskata	128	Patgram	Mathabanga	2.33
84	Banskata	117	Patgram	Mathabanga	2.55
85	Banskata	118	Patgram	Mathabanga	30.98
86	Banskata	125	Patgram	Mathabanga	0.64
87	Banskata	126	Patgram	Mathabanga	1.39
88	Banskata	129	Patgram	Mathabanga	1.37
89	Banskata	116	Patgram	Mathabanga	16.96
90	Banskata	123	Patgram	Mathabanga	24.37
91	Banskata	124	Patgram	Mathabanga	0.28
92	Gotamari Chhit	135	Hatibandha	Sitalkuchi	126.59
93	Gotamari Chhit	136	Hatibandha	Sitalkuchi	20.02
94	Banapachai	151	Lalmonirhat	Dinhata	217.29
95	Banapachai Bhitarkuthi	152	Lalmonirhat	Dinhata	81.71

(1)	(2)	(3)	(4)	(5)	(6)
69	ബാക്കാട	131	പട്ഗ്രാം	ഹഥ്ബംഗ	22.35
70	ബാക്കാട	132	പട്ഗ്രാം	ഹഥ്ബംഗ	11.96
71	ബാക്കാട	130	പട്ഗ്രാം	ഹഥ്ബംഗ	20.48
72	ബോഗ്രാംഗുരി	133	പട്ഗ്രാം	ഹഥ്ബംഗ	1.44
73	ചെനാക്കാട	134	പട്ഗ്രാം	മേക്ലിഗൻജ്	7.81
74	ബാംസ്കാട	119	പട്ഗ്രാം	മധ്ബംഗ	413.81
75	ബാംസ്കാട	120	പട്ഗ്രാം	മധ്ബംഗ	30.75
76	ബാംസ്കാട	121	പട്ഗ്രാം	മധ്ബംഗ	12.15
77	ബാംസ്കാട	113	പട്ഗ്രാം	മധ്ബംഗ	57.86
78	ബാംസ്കാട	112	പട്ഗ്രാം	മധ്ബംഗ	315.04
79	ബാംസ്കാട	114	പട്ഗ്രാം	മധ്ബംഗ	0.77
80	ബാംസ്കാട	115	പട്ഗ്രാം	മധ്ബംഗ	29.2
81	ബാംസ്കാട	122	പട്ഗ്രാം	മധ്ബംഗ	33.22
82	ബാംസ്കാട	127	പട്ഗ്രാം	മധ്ബംഗ	12.72
83	ബാംസ്കാട	128	പട്ഗ്രാം	മധ്ബംഗ	2.33
84	ബാംസ്കാട	117	പട്ഗ്രാം	മധ്ബംഗ	2.55
85	ബാംസ്കാട	118	പട്ഗ്രാം	മധ്ബംഗ	30.98
86	ബാംസ്കാട	125	പട്ഗ്രാം	മധ്ബംഗ	0.64
87	ബാംസ്കാട	126	പട്ഗ്രാം	മധ്ബംഗ	1.39
88	ബാംസ്കാട	129	പട്ഗ്രാം	മധ്ബംഗ	1.37
89	ബാംസ്കാട	116	പട്ഗ്രാം	മധ്ബംഗ	16.96
90	ബാംസ്കാട	123	പട്ഗ്രാം	മധ്ബംഗ	24.37
91	ബാംസ്കാട	124	പട്ഗ്രാം	മധ്ബംഗ	0.28
92	ഗോടാമാരിഛിട്	135	ഹാതിബംധ	സിതൾകുചി	126.59
93	ഗോടാമാരിഛിട്	136	ഹാതിബംധ	സിതൾകുചി	20.02
94	ബനാപചായ്	151	ലാൽ മോനിർഹാട്	ദിൻഹാട	217.29
95	ബനാപചായ് ഭീതർകുഥി	152	ലാൽ മോനിർഹാട്	ദിൻഹാട	81.71

(1)	(2)	(3)	(4)	(5)	(6)
96	Dasiar Chhara	150	Fulbari	Dinhata	1643.44
97	Dakurhat-Dakinirkuthi	156	Kurigram	Dinhata	14.27
98	Kalamati	141	Bhurungamari	Dinhata	21.21
99	Bhahobganj	153	Bhurungamari	Dinhata	31.58
100	Baotikursa	142	Bhurungamari	Dinhata	45.63
101	Bara Coachulka	143	Bhurungamari	Dinhata	39.99
102	Gaochulka II	147	Bhurungamari	Dinhata	0.9
103	Gaochulka I	146	Bhurungamari	Dinhata	8.92
104	Dighaltari II	145	Bhurungamari	Dinhata	8.81
105	Dighaltari I	144	Bhurungamari	Dinhata	12.31
106	Chhoto Garaljhora II	149	Bhurungamari	Dinhata	17.85
107	Chhoto Garaljhora I	148	Bhurungamari	Dinhata	35.74
108	I chhit *without name & JL No. at the southern and of JL No. 38 & southern and of JL No. 39 (locally known as Ashokabari**)		Patgram	Mathabhanga	3.5

* Corrected vide 150th (54th) India-Bangladesh Boundary Conference held at Kolkata from 29th September to 2nd October, 2002.

** Corrected vide 152nd (56th) India-Bangladesh Boundary Conference held at Kochbihar, India from 18th-20th September, 2003.

(1)	(2)	(3)	(4)	(5)	(6)
96	ദസിആർ ഛാരാ	150	ഫുൽബാരി	ദിൻഹാട	1643.44
97	ദക്കുർഹാട്-ദക്കിനിർകുഥി	156	കുരിഗ്രാം	ദിൻഹാട	14.27
98	കലാമതി	141	ഭുരുംഗാമാരി	ദിൻഹാട	21.21
99	ബാഹോബഗൻജ്	153	ഭുരുംഗാമാരി	ദിൻഹാട	31.58
100	ബാദോതികുർസ	142	ഭുരുംഗാമാരി	ദിൻഹാട	45.63
101	ബരാകൊഅച്ചുൽക	143	ഭുരുംഗാമാരി	ദിൻഹാട	39.99
102	ഗാവ്ച്ചുൽക II	147	ഭുരുംഗാമാരി	ദിൻഹാട	0.9
103	ഗാവ്ച്ചുൽക I	146	ഭുരുംഗാമാരി	ദിൻഹാട	8.92
104	ദിഘാൽതരി II	145	ഭുരുംഗാമാരി	ദിൻഹാട	8.81
105	ദിഘാൽതരി I	144	ഭുരുംഗാമാരി	ദിൻഹാട	12.31
106	ഛോട്ടുഗരൾഡോര II	149	ഭുരുംഗാമാരി	ദിൻഹാട	17.85
107	ഛോട്ടുഗരൾഡോര I	148	ഭുരുംഗാമാരി	ദിൻഹാട	35.74
108	*ജെ. എൽ. നമ്പർ. 38-ന്റെ തെക്കേഅറ്റത്തും ജെ. എൽ. നമ്പർ. 39-ന്റെ തെക്കേ അറ്റത്തും പേരും ജെ. എൽ. നമ്പരും ഇല്ലാതെയുള്ള 1 ഛിദ് (പ്രാദേശികമായി അശോകബാരി എന്നറിയപ്പെടുന്നു **)		പട്ഗ്രാം	മധ്ബംഗ	3.5

* 2002 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 2 വരെ കൊൽക്കത്തയിൽ നടന്ന 150-ാമത് (54-ാമത്തെ) ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തി സമ്മേളന പ്രകാരം തിരുത്തിയത്.

** 2003 സെപ്റ്റംബർ 18 മുതൽ സെപ്റ്റംബർ 20 വരെ കുച്ച്ബിഹാർ (ഭാരത)-ൽ നടന്ന 152-ാമത് (56-ാമത്തെ) ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തി സമ്മേളന പ്രകാരം തിരുത്തിയത്.

(1)		(2)	(3)	(4)	(5)	(6)
		B. Enclaves with Fragmented Chhits				
109	(i)	Bewladanga	34	Haldibari	Boda	862.46
	(ii)	Bewladanga	Fragment	Haldibari	Debiganj	
110	(i)	Kotbhajni	2	Haldibari	Debiganj	2012.27
	(ii)	Kotbhajni	Fragment	Haldibari	Debiganj	
	(iii)	Kotbhajni	Fragment	Haldibari	Debiganj	
	(iv)	Kotbhajni	Fragment	Haldibari	Debiganj	
111	(i)	Dahala	Khagrabri	Haldibari	Debiganj	2650.35
	(ii)	Dahala	Fragment	Haldibari	Debiganj	
	(iii)	Dahala	Fragment	Haldibari	Debiganj	
	(iv)	Dahala	Fragment	Haldibari	Debiganj	
	(v)	Dahala	Fragment	Haldibari	Debiganj	
	(vi)	Dahala	Fragment	Haldibari	Debiganj	
						17160.63

The above given details of enclaves have been jointly compared and reconciled with records held by India and Bangladesh during the Indo- Bangladesh conference held at Calcutta during 9th – 12th October, 1996 as well as during joint field inspection at Jalpaiguri (West Bengal) Panchagarh (Bangladesh) sector during 21- 24 November, 1996.

Note:—Name of enclave in Sl.No. 108 above has been identified as Ashokabari by joint ground verification during field season 1996- 97.

Brig.J.R.PETER,
Director, Land Records & Survey
(*Ex officio*) West Bengal, India &
Director, Eastern Circle
Survey of India, Calcutta.

Md. SHAFI UDDIN,
Director General, Land Records
and Surveys, Bangladesh.

(1)	(2)	(3)	(4)	(5)	(6)
	ഖ. തുണ്ടുകളാക്കപ്പെട്ട ചരിടുകളോടുകൂടിയ എൻക്ലേവുകൾ				
109	(i) ബേവ്ലാഡാംഗ	34	ഹൽദിബാഡി	ബോഡ	862.46
	(ii) ബേവ്ലാഡാംഗ	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
110	(i) കോത്ബാജ്നി	2	ഹൽദിബാഡി	ദേബിഗൻജ്	2012.27
	(ii) കോത്ബാജ്നി	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(iii) കോത്ബാജ്നി	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(iv) കോത്ബാജ്നി	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
111	(i) ദഹാല	ഖാഗ്രാബാരി	ഹൽദിബാഡി	ദേബിഗൻജ്	2650.35
	(ii) ദഹാല	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(iii) ദഹാല	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(iv) ദഹാല	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(v) ദഹാല	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
	(vi) ദഹാല	തുണ്ട്	ഹൽദിബാഡി	ദേബിഗൻജ്	
					17160.63

എൻക്ലേവുകളെക്കുറിച്ച് മുകളിൽ കൊടുത്തിട്ടുള്ള വിശദാംശങ്ങൾ 1996 ഒക്ടോബർ 9-12 കാലയളവിൽ കൽക്കട്ടയിൽ നടന്ന ഇൻഡോ-ബംഗ്ലാദേശ് കോൺഫറൻസ് വേളയിലും അതുപോലെതന്നെ 1996 നവംബർ 21-24 കാലയളവിൽ ജൽപയ്ഗുഡി (പശ്ചിമബംഗാൾ) യിലും പഞ്ചാഗഢ് (ബംഗ്ലാദേശ്) സെക്ടറിലും നടത്തിയ സംയുക്ത ഫീൽഡ് പരിശോധന വേളയിലും ഭാരതവും ബംഗ്ലാദേശും കൈവശം വച്ചിരുന്ന രേഖകളുമായി കൂട്ടായി ഒത്തുനോക്കുകയും യോജിപ്പിലെത്തുകയും ചെയ്തിട്ടുണ്ട്.

കുറിപ്പ്:—മുകളിലെ ക്രമനമ്പർ 108-ലെ എൻക്ലേവിന്റെ പേര് 1996-97-ലെ ഫീൽഡ് സീസണിലെ സംയുക്ത ഗ്രൗണ്ട് പരിശോധനയിൽ അശോകബാരി എന്ന് തിരിച്ചറിഞ്ഞിട്ടുള്ളതാണ്.

ബ്രിഗേഡിയർ. ജെ. ആർ. പീറ്റർ,
ഡയറക്ടർ, ലാന്റ് റിക്കോർഡ്സ് & സർവ്വേ
(*എക്സ് ഒഫിഷ്യോ*) പശ്ചിമബംഗാൾ, ഭാരതം &
ഡയറക്ടർ, കിഴക്കൻമേഖല
ഭാരതസർവ്വേ, കൽക്കട്ട.

മൊഹ. ഷാഫി ഉദ്ദിൻ,
ഡയറക്ടർ ജനറൽ,
ലാന്റ് റിക്കോർഡ്സ് & സർവ്വേസ്
ബംഗ്ലാദേശ്.

B. EXCHANGEABLE BANGLADESH ENCLAVES IN INDIA WITH AREA

Sl.No.	*Name of Chhits*	*Lying within Police station W. Bengal*	*Lying within Police Station Bangladesh*	*J.L. No.*	*Area in acres*
(1)	(2)	(3)	(4)	(5)	(6)
	A. *Enclaves with independent chhits*				
1.	Chhit Kuchlibari	Mekliganj	Patgram	22	370.64
2.	Chhit Land of Kuchlibari	Mekliganj	Patgram	24	1.83
3.	Balapukhari	Mekliganj	Patgram	21	331.64
4.	Chhit Land of Panbari No. 2	Mekliganj	Patgram	20	1.13
5.	Chhit Panbari	Mekliganj	Patgram	18	108.59
6.	Dhabalsati Mirgipur	Mekliganj	Patgram	15	173.88
7.	Bamandal	Mekliganj	Patgram	11	2.24
8.	Chhit Dhabalsati	Mekliganj	Patgram	14	66.58
9.	Dhabalsati	Mekliganj	Patgram	13	60.45
10.	Srirampur	Mekliganj	Patgram	8	1.05
11.	Jote Nijjama	Mekliganj	Patgram	3	87.54
12.	Chhit Land of Jagatber No. 3	Mathabhanga	Patgram	37	69.84
13.	Chhit Land of Jagatber No. 1	Mathabhanga	Patgram	35	30.66
14.	Chhit Land of Jagatber No. 2	Mathabhanga	Patgram	36	27.09
15.	Chhit Kokoabari	Mathabhanga	Patgram	47	29.49
16.	Chhit Bhandardaha	Mathabhanga	Patgram	67	39.96
17.	Dhabalguri	Mathabhanga	Patgram	52	12.5
18.	Chhit Dhabalguri	Mathabhanga	Patgram	53	22.31
19.	Chhit Land of Dhabalguri No. 3	Mathabhanga	Patgram	70	1.33
20.	Chhit Land of Dhabalguri No. 4	Mathabhanga	Patgram	71	4.55
21.	Chhit Land of Dhabalguri No. 5	Mathabhanga	Patgram	72	4.12
22.	Chhit Land of Dhabalguri No. 1	Mathabhanga	Patgram	68	26.83

ഖ. ഭാരതത്തിലുള്ള കൈമാറാവുന്ന ബംഗ്ലാദേശ് എൻക്ലേവുകൾ വിസ്തീർണ്ണം സഹിതം

ക്രമ നമ്പർ	ഛിടുകളുടെ പേര്	പശ്ചിമബംഗാളിലെ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്നവ	ബംഗ്ലാദേശിലെ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്നവ	ജെ. എൽ നമ്പർ	വിസ്തീർണ്ണം ഏക്കറിൽ
(1)	(2)	(3)	(4)	(5)	(6)
	ക. സ്വതന്ത്ര ഛിടുകളോടുകൂടിയ എൻക്ലേവുകൾ				
1	ഛിട് കുച്ലിബാരി	മേക്ലിഗൻജ്	പട്ഗ്രാം	22	370.64
2	കുച്ലിബാരിയുടെ ഛിട് ഭൂമി	മേക്ലിഗൻജ്	പട്ഗ്രാം	24	1.83
3	ബാലപുഖാരി	മേക്ലിഗൻജ്	പട്ഗ്രാം	21	331.64
4	2-ാം നമ്പർ പൻബാരിയുടെ ഛിട് ഭൂമി	മേക്ലിഗൻജ്	പട്ഗ്രാം	20	1.13
5	ഛിട് പൻബാരി	മേക്ലിഗൻജ്	പട്ഗ്രാം	18	108.59
6	ധാബൽസാത്തി മിർഗിപൂർ	മേക്ലിഗൻജ്	പട്ഗ്രാം	15	173.88
7	ബാമൻദൽ	മേക്ലിഗൻജ്	പട്ഗ്രാം	11	2.24
8	ഛിട് ധാബൽസാത്തി	മേക്ലിഗൻജ്	പട്ഗ്രാം	14	66.58
9	ധാബൽസാത്തി	മേക്ലിഗൻജ്	പട്ഗ്രാം	13	60.45
10	ശ്രീറാംപൂർ	മേക്ലിഗൻജ്	പട്ഗ്രാം	8	1.05
11	ജോതേ നിജ്ജ്മ	മേക്ലിഗൻജ്	പട്ഗ്രാം	3	87.54
12	3-ാം നമ്പർ ജഗദ്ബറിന്റെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	37	69.84
13	1-ാം നമ്പർ ജഗദ്ബറിന്റെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	35	30.66
14	2-ാം നമ്പർ ജഗദ്ബറിന്റെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	36	27.09
15	ഛിട് കൊകൊഅബാരി	മധ്ബംഗ	പട്ഗ്രാം	47	29.49
16	ഛിട് ബന്ദാർദാഹ	മധ്ബംഗ	പട്ഗ്രാം	67	39.96
17	ധാബൽഗുഡി	മധ്ബംഗ	പട്ഗ്രാം	52	12.5
18	ഛിട് ധാബൽഗുഡി	മധ്ബംഗ	പട്ഗ്രാം	53	22.31
19	3-ാം നമ്പർ ധാബൽഗുഡിയുടെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	70	1.33
20	4-ാം നമ്പർ ധാബൽഗുഡിയുടെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	71	4.55
21	5-ാം നമ്പർ ധാബൽഗുഡിയുടെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	72	4.12
22	1-ാം നമ്പർ ധാബൽഗുഡിയുടെ ഛിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	68	26.83

(1)	(2)	(3)	(4)	(5)	(6)
23.	Chhit Land of Dhabalguri No.2	Mathabhanga	Patgram	69	13.95
24.	Mahishmari	Sitalkuchi	Patgram	54	122.77
25.	Bura Saradubi	Sitalkuchi	Hatibandha	13	34.96
26.	Falnapur	Sitalkuchi	Patgram	64	505.56
27.	Amjhol	Sitalkuchi	Hatibandha	57	1.25
28.	Kismat Batrigachh	Dinhata	Kaliganj	82	209.95
29.	Durgapur	Dinhata	Kaliganj	83	20.96
30.	Bansua Khamar Gitaldaha	Dinhata	Lalmonirhat	1	24.54
31.	Poaturkuthi	Dinhata	Lalmonirhat	37	589.94
32.	Paschim Bakalir Chhara	Dinhata	Bhurungamari	38	151.98
33.	Madhya Bakalir Chhara	Dinhata	Bhurungamari	39	32.72
34.	Purba Bakaliar Chhara	Dinhata	Bhurungamari	40	12.23
35.	Madhya Masaldanga	Dinhata	Bhurungamari	3	136.66
36.	Madhya Chhit Masaldanga	Dinhata	Bhurungamari	8	11.87
37.	Paschim Chhit Masaldanga	Dinhata	Bhurungamari	7	7.6
38.	Uttar Masaldanga	Dinhata	Bhurungamari	2	27.29
39.	Kachua	Dinhata	Bhurungamari	5	119.74
40.	Uttar Bansjani	Tufanganj	Bhurungamari	1	47.17
41.	Chhattilai	Tufanganj	Bhurungamari	17	81.56
	B. *Enclaves with Fragmented Chhits*				
42.	(i) Nalgram	Sitalkuchi	Patgram	65	1397.34
	(ii) Nalgram (Fragment)	Sitalkuchi	Patgram	65	
	(iii) Nalgram (Fragment)	Sitalkuchi	Patgram	65	
43.	(i) Chhit Nalgram	Sitalkuchi	Patgram	66	49.5
	(ii) Chhit Nalgram (Fragment)	Sitalkuchi	Patgram	66	

(1)	(2)	(3)	(4)	(5)	(6)
23	2-ാം നമ്പർ ധാബൽഗുഡിയുടെ ഛരിട് ഭൂമി	മധ്ബംഗ	പട്ഗ്രാം	69	13.95
24	മഹിഷ്മാരി	സിതൾകുചി	പട്ഗ്രാം	54	122.77
25	ബുരാ സരാഡുബി	സിതൾകുചി	ഹാതിബദാ	13	34.96
26	ഫൽനാപുർ	സിതൾകുചി	പട്ഗ്രാം	64	505.56
27	അംഢോൾ	സിതൾകുചി	ഹാതിബദാ	57	1.25
28	കിസ്മത് ബാദ്രിഗാഛ്	ദിൻഹാട	കാളിഗൻജ്	82	209.95
29	ദുർഗാപുർ	ദിൻഹാട	കാളിഗൻജ്	83	20.96
30	ബംസ്വാ ഖാമർഗിതാൾദാഹ	ദിൻഹാട	ലാൽമോ നിർഹാട്	1	24.54
31	പാവോതുകുഥി	ദിൻഹാട	ലാൽമോ നിർഹാട്	37	589.94
32	പശ്ചിം ബാക്കാലിർ ഛര	ദിൻഹാട	ഭുരുംഗാമാരി	38	151.98
33	മദ്ധ്യ ബക്കാലിർ ഛര	ദിൻഹാട	ഭുരുംഗാമാരി	39	32.72
34	പൂർബ ബക്കാലിർ ഛര	ദിൻഹാട	ഭുരുംഗാമാരി	40	12.23
35	മദ്ധ്യ മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	3	136.66
36	മദ്ധ്യഛരിട് മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	8	11.87
37	പശ്ചിം ഛരിട് മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	7	7.6
38	ഉത്തർ മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	2	27.29
39	കച്ചുഅ	ദിൻഹാട	ഭുരുംഗാമാരി	5	119.74
40	ഉത്തർ ബംസ്ജാനി	തൂഫാൻഗൻജ്	ഭുരുംഗാമാരി	1	47.17
41	ഛരത് തിലായി	തൂഫാൻഗൻജ്	ഭുരുംഗാമാരി	17	81.56

ഖ. തുണ്ടുകളാക്കപ്പെട്ട ഛരിടുകളോടുകൂടിയ എൻക്ലേവുകൾ

42	(i) നൽഗ്രാം	സിതൾകുചി	പട്ഗ്രാം	65	1397.34
	(ii) നൽഗ്രാം (തുണ്ട്)	സിതൾകുചി	പട്ഗ്രാം	65	
	(iii) നൽഗ്രാം (തുണ്ട്)	സിതൾകുചി	പട്ഗ്രാം	65	
43	(i) ഛരിട് നൽഗ്രാം	സിതൾകുചി	പട്ഗ്രാം	66	49.5
	(ii) ഛരിട് നൽഗ്രാം (തുണ്ട്)	സിതൾകുചി	പട്ഗ്രാം	66	

(1)		(2)	(3)	(4)	(5)	(6)
44.	(i)	Batrigachh	Dinhata	Kaliganj	81	577.37
	(ii)	Batrigachh (Fragment)	Dinhata	Kaliganj	81	
	(iii)	Batrigachh (Fragment)	Dinhata	Phulbari	9	
45.	(i)	Karala	Dinhata	Phulbari	9	269.91
	(ii)	Karala (fragment)	Dinhata	Phulbari	9	
	(iii)	Karala (fragment)	Dinhata	Phulbari	8	
46.	(i)	Sipprasad Mustati	Dinhata	Phulbari	8	373.2
	(ii)	Sipprasad Mustati (Fragment)	Dinhata	Phulbari	6	
47.	(i)	Dakshin Masaldanga	Dinhata	Bhurungamari	6	571.38
	(ii)	Dakshin Masaldanga (Fragment)	Dinhata	Bhurungamari	6	
	(iii)	Dakshin Masaldanga (Fragment)	Dinhata	Bhurungamari	6	
	(iv)	Dakshin Masaldanga (Fragment)	Dinhata	Bhurungamari	6	
	(v)	Dakshin Masaldanga (Fragment)	Dinhata	Bhurungamari	6	
	(vi)	Dakshin Masaldanga (Fragment)	Dinhata	Bhurungamari	6	
48.	(i)	Paschim Masaldanga	Dinhata	Bhurungamari	4	29.49
	(ii)	Paschim Masaldanga (Fragment)	Dinhata	Bhurungamari	4	
49.	(i)	Purba Chhit Masaldanga	Dinhata	Bhurungamari	10	35.01
	(ii)	Purba Chhit Masaldanga (Fragment)	Dinhata	Bhurungamari	10	
50.	(i)	Purba Masaldanga	Dinhata	Bhurungamari	11	153.89
	(ii)	Purba Masaldanga (Fragment)	Dinhata	Bhurungamari	11	
51.	(i)	Uttar Dhaldanga	Tufanganj	Bhurungamari	14	24.98
	(ii)	Uttar Dhaldanga (Fragment)	Tufanganj	Bhurungamari	14	
	(iii)	Uttar Dhaldanga (Fragment)	Tufanganj	Bhurungamari	14	
		Total Area				7,110.02

(1)	(2)	(3)	(4)	(5)	(6)
44	(i) ബതരിഗാചർ	ദിൻഹാട	കാളിഗൻജ്	81	577.37
	(ii) ബതരിഗാചർ (തുണ്ട്)	ദിൻഹാട	കാളിഗൻജ്	81	
	(iii) ബതരിഗാചർ (തുണ്ട്)	ദിൻഹാട	ഫുൽബാരി	9	
45	(i) കരാല	ദിൻഹാട	ഫുൽബാരി	9	269.91
	(ii) കരാല (തുണ്ട്)	ദിൻഹാട	ഫുൽബാരി	9	
	(iii) കരാല (തുണ്ട്)	ദിൻഹാട	ഫുൽബാരി	8	
46	(i) സിപ്രസാദ് മുസ്തതി	ദിൻഹാട	ഫുൽബാരി	8	373.2
	(ii) സിപ്രസാദ് മുസ്തതി (തുണ്ട്)	ദിൻഹാട	ഫുൽബാരി	6	
47	(i) ദക്ഷിൺ മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	6	571.38
	(ii) ദക്ഷിൺ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	6	
	(iii) ദക്ഷിൺ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	6	
	(iv) ദക്ഷിൺ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	6	
	(v) ദക്ഷിൺ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	6	
	(vi) ദക്ഷിൺ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	6	
48	(i) പശ്ചിമ മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	4	29.49
	(ii) പശ്ചിമ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	4	
49	(i) പൂർബ ഛിട് മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	10	35.01
	(ii) പൂർബ ഛിട് മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	10	
50	(i) പൂർബ മസാൽഡാംഗ	ദിൻഹാട	ഭുരുംഗാമാരി	11	153.89
	(ii) പൂർബ മസാൽഡാംഗ (തുണ്ട്)	ദിൻഹാട	ഭുരുംഗാമാരി	11	
51	(i) ഉത്തർ ധാൽഡാംഗ	തൂഫാൻഗൻജ്	ഭുരുംഗാമാരി	14	24.98
	(ii) ഉത്തർ ധാൽഡാംഗ (തുണ്ട്)	തൂഫാൻഗൻജ്	ഭുരുംഗാമാരി	14	
	(iii) ഉത്തർ ധാൽഡാംഗ (തുണ്ട്)	തൂഫാൻഗൻജ്	ഭുരുംഗാമാരി	14	
	ആകെ വിസ്തീർണ്ണം				7,110.02

The above given details of enclaves have been jointly compared and reconciled with records held by India and Bangladesh during the Indo- Bangladesh Conference held at Calcutta during 9th—12th October,1996 as well as during joint field inspection at Jalpaiguri (West Bengal) – Panchagarh (Bangladesh) sector during 21-24 November,1996.

Brig. J. R. PETER,
Director, Land Records & Survey (Ex officio) West Bengal, India & Director, Eastern Circle Survey of India, Calcutta.

Md. SHAFI UDDIN,
Director General, Land Records and Surveys, Bangladesh.

എൻക്ലേവുകളെക്കുറിച്ച് മുകളിൽ കൊടുത്തിട്ടുള്ള വിശദാംശങ്ങൾ 1996 ഒക്ടോബർ 9-12 കാലയളവിൽ കൽക്കട്ടയിൽ നടന്ന ഇൻഡോ-ബംഗ്ലാദേശ് കോൺഫറൻസ് വേളയിലും അതുപോലെതന്നെ 1996 നവംബർ 21-24 കാലയളവിൽ ജൽപയ്ഗുഡി (പശ്ചിമബംഗാൾ) യിലും പഞ്ചാഗഢ് (ബംഗ്ലാദേശ്) സെക്ടറിലും നടത്തിയ സംയുക്ത ഫീൽഡ് പരിശോധനാ വേളയിലും ഭാരതവും ബംഗ്ലാദേശും കൈവശം വച്ചിരുന്ന രേഖകളുമായി കൂട്ടായി ഒത്തു നോക്കുകയും യോജിപ്പിലെത്തുകയും ചെയ്തിട്ടുണ്ട്.

ബ്രിഗേഡിയർ ജെ. ആർ. പീറ്റർ,
ഡയറക്ടർ, ലാന്റ് റെക്കോർഡ്സ് ആന്റ് സർവ്വേ (എക്സ് ഒഫിഷ്യോ) പശ്ചിമബംഗാൾ, ഭാരതം &
ഡയറക്ടർ, കിഴക്കൻമേഖല
ഭാരതസർവ്വേ, കൽക്കട്ട.

മൊഹ. ഷാഫി ഉദ്ദിൻ,
ഡയറക്ടർ ജനറൽ,
ലാന്റ് റിക്കോർഡ്സ് ആന്റ് സർവ്വേസ്
ബംഗ്ലാദേശ്.

APPENDIX II

* THE CONSTITUTION (APPLICATION TO JAMMU AND KASHMIR)

ORDER, 2019

C.O. 272

In exercise of the powers conferred by clause (1) of article 370 of the Constitution, the President, with the concurrence of the Government of State of Jammu and Kashmir, is pleased to make the following Order:—

1. (1) This Order may be called the Constitution (Application to Jammu and Kashmir) Order, 2019.

(2) It shall come into force at once, and shall thereupon supersede the Constitution (Application to Jammu and Kashmir) Order, 1954 as amended from time to time.

2. All the provisions of the Constitution, as amended from time to time, shall apply in relation to the State of Jammu and Kashmir and the exceptions and modifications subject to which they shall so apply shall be as follows:—

To article 367, there shall be added the following clause, namely:—

"(4) For the purposes of this Constitution as it applies in relation to the State of Jammu and Kashmir—

(a) references to this Constitution or to the provisions thereof shall be construed as references to the Constitution or the provisions thereof as applied in relation to the said State;

(b) references to the person for the time being recognized by the President on the recommendation of the Legislative Assembly of the State as the Sadar-I-Riyasat of Jammu and Kashmir, acting on the advice of the Council of Ministers of the State for the time being in office, shall be construed as references to the Governor of Jammu and Kashmir;

(c) references to the Government of the said State shall be construed as including references to the Governor of Jammu and Kashmir acting on the advice of his Council of Ministers; and

(d) in proviso to clause (3) of article 370 of this Constitution, the expression "Constituent Assembly of the State referred to in clause (2)" shall read "Legislative Assembly of the State"."

---

* Published with the Ministry of Law and Justice, (Legislative Department) notification No. G.S.R. 551(E), dated the 5th August, 2019, Gazette of India, Extraordinary, Part II, section 3, sub-section (i).

അനുബന്ധം II

*ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവ്, 2019

സി. ഒ. 272

ഭരണഘടനയിലെ 370-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, ജമ്മു-കാശ്മീർ സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടുകൂടി, രാഷ്ട്രപതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു:—

1. (1) ഈ ഉത്തരവിന് ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവ്, 2019 എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതും, അതിൻമേൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള ഭരണഘടന (ജമ്മു-കാശ്മീരിന് ബാധകമാക്കൽ) ഉത്തരവ്, 1954-നെ അതിലംഘിക്കുന്നതുമാണ്.

2. കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത പ്രകാരമുള്ള ഭരണഘടനയിലെ എല്ലാ വ്യവസ്ഥകളും ജമ്മു-കാശ്മീർ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്നതും ഏതൊക്കെ ഒഴിവാക്കലുകൾക്കും രൂപഭേദങ്ങൾക്കും വിധേയമായാണ് അവ അപ്രകാരം ബാധകമാകുന്നത്, അവ താഴെപ്പറയും പ്രകാരമാണ്:—

367-ാം അനുച്ഛേദത്തോട് താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(4) ജമ്മു-കാശ്മീർ സംസ്ഥാനം സംബന്ധിച്ച് ബാധകമാകുന്ന പ്രകാരം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക്—

(ക) ഈ ഭരണഘടനയെയോ അതിലെ വ്യവസ്ഥകളെയോ സംബന്ധിച്ച പരാമർശങ്ങൾ പ്രസ്തുത സംസ്ഥാനം സംബന്ധിച്ച് ബാധകമായ പ്രകാരമുള്ള ഭരണഘടനയെയോ അതിലെ വ്യവസ്ഥകളെയോ സംബന്ധിച്ച പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതാണ്;

(ഖ) ജമ്മു-കാശ്മീരിന്റെ സാദർ-ഇ-റിയാസത് ആയി ആ സംസ്ഥാനത്തിന്റെ നിയമസഭയുടെ ശിപാർശയിൻമേൽ രാഷ്ട്രപതി തത്സമയം അംഗീകരിച്ച, ആ സംസ്ഥാനത്തിന്റെ തത്സമയം ഉദ്യോഗത്തിലുള്ള മന്ത്രിസഭയുടെ ഉപദേശത്തിൻമേൽ പ്രവർത്തിക്കുന്ന ആളിനെ സംബന്ധിച്ച പരാമർശങ്ങൾ ജമ്മു-കാശ്മീരിന്റെ ഗവർണ്ണറെ സംബന്ധിച്ച പരാമർശങ്ങളായി വ്യാഖ്യാനിക്കേണ്ടതാണ്;

(ഗ) പ്രസ്തുത സംസ്ഥാനത്തിന്റെ സർക്കാരിനെ സംബന്ധിച്ച പരാമർശങ്ങൾ, തന്റെ മന്ത്രിസഭയുടെ ഉപദേശത്തിൻമേൽ പ്രവർത്തിക്കുന്ന, ജമ്മു-കാശ്മീർ ഗവർണ്ണറെ സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുന്നതായി വ്യാഖ്യാനിക്കേണ്ടതാണ്; കൂടാതെ

(ഘ) ഈ ഭരണഘടനയിലെ 370-ാം അനുച്ഛേദം (3)-ാം ഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥയിൽ "(2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി" എന്ന പദപ്രയോഗം "സംസ്ഥാനത്തിന്റെ നിയമസഭ" എന്ന് വായിക്കേണ്ടതാണ്.

---

* നിയമ-നീതിന്യായ മന്ത്രാലയത്തിന്റെ (നിയമനിർമ്മാണ വകുപ്പ്) 2019 ആഗസ്റ്റ് 5-ാം തീയതിയിലെ ഭാരത അസാധാരണ ഗസറ്റ്, II -ാം ഭാഗം 3-ാം വകുപ്പ് (i)-ാം ഉപവകുപ്പിൽ ജി. എസ്. ആർ. 551(ഇ) നമ്പർ വിജ്ഞാപനത്താൽ പ്രസിദ്ധീകരിച്ചത്.

GLOSSARY

ENGLISH TO MALAYALAM

(A)

Abandonment	പരിത്യജനം	Art. 39 (f)
Abolish	നിറുത്തലാക്കുക	Art. 17
Abridge	കുറയ്ക്കുക	Art. 13 (2)
Abrogate	റദ്ദാക്കുക	Art 33
Abuse	ദുർവിനിയോഗിക്കുക	Art. 39 (e)
Academic	വിദ്യാസംബന്ധമായ	Art. 18 (1)
Access	പ്രവേശനം	Art. 15 (2) (a)
Accrue	കിട്ടുക, ലഭിക്കുക	Art. 31A (1) (e), Art. 296 Prov.
Accused of, offence	കുറ്റം ആരോപിക്കപ്പെട്ട	Art. 20 (3)
Acquisition	ആർജ്ജനം	Art. 9,11
Acquittal	കുറ്റവിമുക്തനാക്കൽ	Art. 134 (1) (a)
Acting judge	പകരം ജോലിനോക്കുന്ന ജഡ്ജി	Art. 217 (1)
Actionable wrongs	നടപടിയെടുക്കാവുന്ന തെറ്റുകൾ	Sch. VII-III-8
Activity	പ്രവർത്തനം	Art. 25 (2) (a)
Acts purporting to be done	ചെയ്തതാണെന്ന് കരുതാവുന്ന കൃത്യങ്ങൾ	Art. 320 (3) (d)
Adaptations	അനുയോജനങ്ങൾ	Art. 35 (b), 118 (2)
Address the Parliament (v)	പാർലമെന്റിനെ അഭിസംബോധനം ചെയ്യുക	Art. 86 (1), 87 (1)
Address to the President	രാഷ്ട്രപതിക്കുള്ള നിവേദനം	Art. 121
Adduce-evidence	തെളിവ് നൽകുക	Art. 311 (2) Prov.
Adequate	മതിയായ	Art 371 (2) (c)
Adherence	വിധേയത്വം	Art. 102 (1) (d)
Adjourn	നീട്ടിവയ്ക്കുക	Art. 100 (4)
Adjudge	വിധിക്കുക	Art. 317 (3) (a)
Adjudication	ന്യായനിർണ്ണയം	Art. 262(1)
Adjustment	ക്രമപ്പെടുത്തൽ	Art. 290
Administer oath	ശപഥം ചെയ്യിക്കുക	Art 75 (4), 164 (3)
Admiralty jurisdiction	കടൽപ്രദേശം സംബന്ധിച്ച അധികാരിത	Sch. VII-I-95
Adopt	സ്വീകരിക്കുക	Preamble, 252 (1)
Adoption	ദത്തെടുക്കൽ	Sch. VII-III-5
Adult suffrage	പ്രായപൂർത്തി വോട്ടവകാശം	Art. 326
Adulteration	മായംചേർക്കൽ	Sch. VlI-III-18
Advance	മുൻകൂർ	Art. 116 (I) (a), 267 (1)
Aeronautical education	വൈമാനിക വിദ്യാഭ്യാസം	Sch. VII-I-29
Affirmation	പ്രതിജ്ഞ	Art. 60
Afford	കൊടുക്കുക	Art. 22 (5)
Agreement	കരാർ	Art. 31A (1) (e)

Air navigation	വ്യോമഗതാഗതം	Art. 364 (2) b
Air-traffic	വ്യോമസഞ്ചാരം	Sch. VII-I-29
Alienate	അന്യാധീനപ്പെടുത്തുക	Sch. VII-II-18
Alleged	ആരോപിച്ചിട്ടുള്ള	Art. 122 (I)
Allegiance	കൂറ്	Art. 69
Allocation	വിഭജിച്ചുകൊടുക്കൽ	Art. 77 (3)
Allot	തിരിച്ചുവയ്ക്കുക	Art. 81 (2) (a)
Alter	വ്യത്യാസപ്പെടുത്തുക	Art. 35 (b)
Amalgamation	സംയോജിപ്പിക്കൽ	Art. 31A (1) (c)
Amend	ഭേദഗതിചെയ്യുക	Art. 35 (b), 372 (1)
Ammunition	വെടിക്കോപ്പ്	Sch. VII-I-5
Amusements	വിനോദങ്ങൾ	Sch. VII-II-33
Ancillary	സഹായകമായ	Art. 31A (2) (a) (iii), 279 (2)
Annual financial statement	വാർഷിക ധനവിവരപത്രിക	Art. 112 (1), 202 (2)
Annuity	വർഷാശനം	Art. 366 (4)
Annulment	അസാധുവാക്കൽ	Sch. Vl-15 (1)
Anthropological	നരവംശശാസ്ത്ര സംബന്ധമായ	Sch. Vll-1-68
Appended	അനുബന്ധിച്ചുള്ള	Art. 275 (1) 2nd Prov. (a)
Apply	ബാധകമാക്കുക	Art. 7 Prov.
Appropriate (v)	വകകൊള്ളിക്കുക	Art. 27
Appropriate (adj)	സമുചിതമായ	Art. 32 (1), 225
Appropriation	വിനിയോഗം	Art. 110 (1) (d)
Appurtenant to land	ഭൂമിയോടുചേർന്നുള്ള	Art. 31A (1) Prov.(2)
Arbitration	മാദ്ധ്യസ്ഥം	Art. 51(d), Sch. VII-III-13
Arbitral Tribunal	മാദ്ധ്യസ്ഥ ട്രിബ്യൂണൽ	Art. 112 (3) (f)
Arbitrator	മദ്ധ്യസ്ഥൻ	Art. 257 (4)
Archaeological sites and remains	പുരാവസ്തു സംബന്ധമായ സ്ഥലങ്ങളും അവശിഷ്ടങ്ങളും	Sch. VII-1-67, Sch. VII-III-40
Article	അനുച്ഛേദം	Art. 366 (3)
Assemble	സമ്മേളിക്കുക	Art. 19 (1) (b), 86 (1)
Assent	അനുമതി	Art. 200, 201
Assess	ചുമത്തുക, കരം നിശ്ചയിക്കുക	Art. 366 (9), Sch. V1-8 (1)
Assign	ഏൽപ്പിച്ചുകൊടുക്കുക	Art. 76 (2), 268 (2)
Assimilate	സ്വാംശീകരിക്കുക	Art. 351
Assume to himself	സ്വയം ഏറ്റെടുക്കുക	Art. 356 (1) (a)
Assurances of property	വസ്തുവിന്റെ കൈമാറ്റക്കരണങ്ങൾ	Art. 299 (1)
Attributable	കൽപ്പിക്കപ്പെടാവുന്ന	Art. 269 (2)
Audience, right of	കേൾക്കപ്പെടാനുള്ള അവകാശം	Art. 76(3)
Authenticate	പ്രമാണീകരിക്കുക	Art. 77 (2), 166 (2)
Authorisation	അധികാരപ്പെടുത്തൽ	Art. 115 (2)
Authoritative text	ആധികാരിക പാഠം	Art. 348 (1) (b) (iii)
Autonomous State	സ്വയംഭരണ സംസ്ഥാനം	Art. 244A (1) (a)
Avocations	പണികൾ	Art. 39 (e)
Award	മാദ്ധ്യസ്ഥ തീരുമാനം	Art. 112 (3) (f)

B

Bankruptcy	ദീപാളിത്തം	Sch. VII-III-9
Bar	തടസ്സം, വിലക്ക്	Art. 336(2), 363
Bathing ghats	സ്നാനഘട്ടങ്ങൾ	Art. 15(2)(b)
Beacon	അടയാളദീപം	Sch. VII-I-26
Biennial election	ദ്വൈവാർഷിക തെരഞ്ഞെടുപ്പ്	Art. 324(4)
Bill of exchange	വിനിമയപത്രം	Sch. VII-I-46
Bill of lading	കേവുപത്രം	Sch. VII-I-91
Body corporate	ഏകാംഗീകൃത നികായം	Art. 321
Bona vacantia	ഉടമയില്ലാത്ത	Art. 296
Borstal institution	ദുർഗുണപരിഹാര സ്ഥാപനം	Sch. VII-II-4
Breed	ഇനം	Art. 48
By virtue of article	അനുച്ഛേദത്തിന്റെ ബലത്തിൽ	Art. 9
By writing under his hand	സ്വന്തം കൈപ്പടയിൽ എഴുതിയ	Art. 90(b)

C

Capitation tax	തലവരി നികുതി	Sch. VII-II-61
Casting Vote	നിർണ്ണായക വോട്ട്	Art. 100 (1)
Cause of action	വ്യവഹാര കാരണം	Art. 226 (2), 361 (4)
Cease to operate	പ്രാബല്യത്തിലില്ലാതാവുക	Art. 83 (2) Prov.
Ceiling limit	പരമാവധി പരിധി	Art. 31A- 2nd Prov. (1)
Census	കാനേഷുമാരി	Art. 55 (3) Exp.
Central bureau of intelligence and investigation	കേന്ദ്ര രഹസ്യാന്വേഷണ കാര്യാലയം	Sch. VII-I-8
Charge	ആരോപണം	Art. 61 (1)
Charges	ചെലവുകൾ	Art. 202 (3) (c)
Charge as offender	കുറ്റമായി ആരോപിക്കപ്പെടുന്ന	Art. 20 (1)
Chargeable tax	ചുമത്താവുന്ന നികുതി	Art. 366 (6) (a)
Claim	അവകാശം	Art. 335
Class	തരം, വിഭാഗം	Art. 16 (3), Art. 23 (2)
Coinage	നാണയ നിർമ്മാണം	Sch. VII-I-36
Colonisation	കുടിയേറിപ്പാർക്കൽ	Sch. VII-II-18
Commencement	പ്രാരംഭം	Art. 5
Commodity	ചരക്ക്	Art. 366 (12) Sch. VI-10-(2) (d)
Communication	ആശയവിനിമയം, ഗതാഗതം	Art. 118 (3), Art. 257 (2)
Commute sentence	ശിക്ഷാവിധി ലഘൂകരിക്കുക	Art. 72 (1)
Commuted value	സമാനമായ മൂല്യം	Sch. II-9 (1) (b)
Compensatary Allowance	നഷ്ടപരിഹാര ബത്ത	Art. 222 (2)
Competent	ക്ഷമതയുള്ള	Art. 13 (3) (b)
Composite culture	സമ്മിശ്ര സംസ്കാരം	Art. 351
Concurrent list	സമവർത്തി ലിസ്റ്റ്	Art. 213 (3) Prov.

Conducive	ഉതകുന്ന	Sch. VII-I-1
Conscience, freedom of	മനഃസാക്ഷി സ്വാതന്ത്ര്യം	Art. 25 (1)
Conscientiously	മനഃസാക്ഷിയെ മുൻനിർത്തി	Sch. III Form I
Consecutive	തുടർച്ചയായ	Art. 75 (5), 101 (4) Prov.
Conserve	സംരക്ഷിക്കുക	Art. 29 (1)
Consistant	പൊരുത്തപ്പെടുന്ന	Art. 313
Consisting of	അടങ്ങുന്ന	Art. 22 (4) (a)
Consolidated Fund	സഞ്ചിതനിധി	Art. 110 (1) (c)
Construe	അർത്ഥം കല്പിക്കുക, കരുതുക	Art. 25 (2) Exp. II, 366 (8), 361 (1) 2nd Prov.
Consume	ഉപഭോഗം	Art. 287 (a)
Contagious	സംസർഗ്ഗംകൊണ്ടു പകരുന്ന	Sch. VII-III-29
Contiguous area	സമീപപ്രദേശം	Art. 243 P(c)
Contempt of court	കോടതിയലക്ഷ്യം	Art. 19 (2)
Contingency Fund	ആകസ്മികനിധി	Art. 110 (1) (c)
Contravention of, in	ലംഘിച്ചുകൊണ്ട്	Art. 13 (2)
Contributory	അംശദായകമായ	Art. 366 (17)
Convene	വിളിച്ചുകൂട്ടുക	Art. 370 (2)
Convenient	സുകരമായ	Art. 77 (3)
Convention	ഉടമ്പടി	Art. 253
Convict	കുറ്റം സ്ഥാപിക്കുക	Art. 20 (1)
Co-ordination	ഏകോപനം	Art. 263 (c)
Corporation tax	കോർപ്പറേഷൻ നികുതി	Art. 366(6), Sch. VII-I-85
Corresponding	തൽസ്ഥാനത്തുള്ള	Art. 294 (a)
Corrupt Practice	അഴിമതി പ്രവൃത്തി	Art. 326
Costs in court	കോടതിയിലെ ചെലവ്	Art. 145 (1) (f)
Cottage industry	കുടിൽ വ്യവസായം	Art. 43
Cotton seed	പരുത്തിക്കുരു	Art. 369 (a)
Cotton textiles	പരുത്തി തുണിത്തരങ്ങൾ	Art. 369 (a)
Council of Ministers	മന്ത്രിസഭ	Art. 74 (1)
Council of States	രാജ്യസഭ	Art. 64, 79
Countervailing duties	എതിർതീരുവകൾ	Sch. VII-II-51
Court Martial	പട്ടാളക്കോടതി	Art. 72 (1) (a)
Court of record	റിക്കാർഡുകോടതി	Art. 129
Covenant	സന്ധിനിയമം	Art. 131 Prov.
Crime	കുറ്റം	Art. 326
Criminal charge	ക്രിമിനൽ കുറ്റാരോപണം	Art. 311(2) Prov. (a)
Culverts	കലുങ്കുകൾ	Sch. XI item-13
Custody	സൂക്ഷിപ്പ്, തടങ്കൽ	Art. 110 (c), Art. 22 (1)
Custom	ആചാരം	Art. 13 (3) (a)
Customary law	ആചാരാധിഷ്ഠിത നിയമം	Art. 371A (1) (a) (ii)
Customs frontiers	കസ്റ്റംസ് അതിർത്തികൾ	Sch. VII-I-41

D

Deal with	കൈകാര്യം ചെയ്യുക	Art. 235
Dealings	ഇടപാടുകൾ	Art. 51 (c)
Debt, redemption of	കടം വീട്ടുക	Art. 112 (3) (c)
Decency	സഭ്യത	Art. 19 (2)
Decent standard of life	മാന്യമായ ജീവിതനിലവാരം	Art. 43
Declaration	പ്രഖ്യാപനം	Art. 352 (1)
Dedicate	സമർപ്പിക്കുക	Art. 15 (2) (b)
Deduction	കിഴിവ്	Art. 366 (6) (b)
Deed	കരണം	Sch. VII-III-6
Deemed to have vacated seat, shall be	സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതാകുന്നു	Art. 158(1)
Defamation	അപകീർത്തി	Art. 19 (2)
Default of, agreement in	സമ്മതത്തിന്റെ അഭാവത്തിൽ	Art. 257 (4), 258 (3)
Defence Service	പ്രതിരോധ സർവ്വീസ്	Art. 310 (1)
Defend by legal Practitioner	അഭിഭാഷകൻ മുഖേന പ്രതിവാദിക്കുക	Art. 22 (1)
Define	നിർവ്വചിക്കുക	Art. 6 (a)
Defrayable	നടത്താവുന്ന ചെലവ്	Art. 282 heading
Delay	കാലവിളംബം, താമസം	Art. 145(1)(i), 108 (4), Prov. (a)
Delegate power	അധികാരം ഏല്പിക്കുക	Art. 357 (1) (a)
Deliberate	പര്യാലോചിക്കുക	Art. 108 (1)
Delimitation	അതിർത്തി നിർണ്ണയം	Art. 327
Demand for grant	സഹായധനത്തിനുള്ള അഭ്യർത്ഥന	Art. 113 (2)
Demobilisation (of army)	സൈന്യങ്ങളെ പിരിച്ചുവിടൽ	Sch. VII-I-I
Democratic Republic	ജനാധിപത്യ റിപ്പബ്ലിക്ക്	Preamble
Denominational	മതവിഭാഗം	Art. 16 (5)
Denominational institution	മതവിഭാഗപരമായ സ്ഥാപനം	Art. 16 (5)
Deny	നിഷേധിക്കുക	Art. 22 (1)
Deposit	നിക്ഷേപിക്കുക	Art. 284
Deprive	ഇല്ലാതാക്കുക	Art. 21
Derivatives of coal	കൽക്കരിയിൽനിന്ന് ലഭിക്കുന്ന സാധനങ്ങൾ	Art. 369 (a)
Derogate	ന്യൂനത വരുത്തുക	Art. 11
Descent	വംശം	Art. 16 (2)
Description	വിവരണം	Art. 361 (4)
Design	രൂപപ്പെടുത്തുക	Art. 200 2nd Prov.
Design	രൂപമാതൃക	Sch. VII-I-49
Desirability	അഭിലഷണീയത	Art. 200 Prov. I
Despatch, with all Convenient	സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ	Art. 86 (2)
Destination	ലക്ഷ്യം	Art. 114 (2)
Destruction	നശിപ്പിക്കൽ	Art. 49
Details	വിശദാംശങ്ങൾ	Art. 116 (1) (b)
Detain in custody	തടങ്കലിൽ സൂക്ഷിക്കുക	Art. 22 (1)
Detection of crime	കുറ്റം തെളിയിക്കുന്ന	Sch. VII-I-65 (c)

Determination (by court)	തീരുമാനം	Art. 136 (1)
Determination	തീർച്ച	Art. 228
Detrimental	ഹാനികരമായ	Art. 39 (c)
Develop	വികസിപ്പിക്കുക	Art. 351
Development	വികസനം	Art. 41
Devolution	വിട്ടുകൊടുക്കൽ	Art. 243W (a)
Dignity	അന്തസ്സ്	Preamble
Diminish	ചുരുങ്ങുക, കുറവു ചെയ്യുക	Art. 3 (c), Art. 59 (4)
Diplomatic	നയതന്ത്ര സംബന്ധമായ	Sch. VII-I-11
Diplomatic Representative	നയതന്ത്രപ്രതിനിധി	Art. 8
Direct	ലക്ഷ്യമാക്കുക, നിർദ്ദേശിക്കുക	Art. 39, Art. 201 Prov.
Directive principles	നിർദ്ദേശക തത്ത്വങ്ങൾ	Heading above Art. 36
Disability	അവശത	Art. 15 (2)
Disabled, the	വികലാംഗർ	Sch. VII-II-9
Disablement	അംഗവൈകല്യം	Art. 41
Disadvantage, to the	പ്രതികൂലമായി	Art. 125 Prov.
Discharge	നിർവ്വഹിക്കുക	Art. 33, Art. 64 Prov.
Discipline	അച്ചടക്കം	Art. 33
Disclose	വെളിപ്പെടുത്തുക	Art. 22 (6)
Discover	വെളിപ്പെടുക	Art. 100 (2)
Discovery of document	രേഖവെളിപ്പെടുത്തൽ	Art. 142 (2)
Discretion	വിവേകം	Art. 136 (1)
Discriminate	വിവേചനം കാണിക്കുക	Art. 15 (1)
Discrimination	വിവേചനം	Art. 23 (2)
Disfigurement	വിരൂപപ്പെടുത്തൽ	Art. 49
Dispose	തീർപ്പാക്കുക	Art. 139A (1)
Disregard	വിഗണിക്കുക	Art. 55 (2) (c)
Dissenting Judgment	വിസമ്മതിച്ചുകൊണ്ടുള്ള വിധിന്യായം	Art. 145 (5)
Dissolution	പിരിച്ചുവിടൽ	Art. 82(1) Prov. Art. 107 (4)
Distinct	ഭിന്നമായ	Art. 29 (1)
Distinction, Academic	വിദ്യാസംബന്ധമായ പ്രാഗല്ഭ്യം	Art. 18 (1)
Distinguish	വേർതിരിച്ചുകാണിക്കുക	Art. 112 (2)
Distinguished Jurist	വിശിഷ്ടനായ നിയമജ്ഞൻ	Art. 124 (3) (c)
Distribution	വിതരണം	Art. 262 (1)
Divide	ഹരിക്കുക	Art. 55 (2) (a)
Divide	വിഭജിക്കുക	Art. 81 (2) (b)
Dividend	ലാഭവീതം	Art. 366 (6) (b)
Domicile	സ്ഥിരവാസം	Art. 5
Dramatic performance	നാടകാഭിനയം	Sch. VII-II-33
Draught cattle	ഭാരം വലിക്കുന്ന കന്നുകാലികൾ	Art. 48
Draw salary	ശമ്പളം വാങ്ങുക	Sch. II Part D 10 (2)
Draw up	തയ്യാറാക്കുക	Art. 339 (2)

Due constitution of house	സഭയുടെ യഥാവിധിയുള്ള രൂപീകരണം	Art. 327
Due discharge of duties	കർത്തവ്യങ്ങളുടെ മുറപ്രകാരമുള്ള നിർവ്വഹണം	Sch. III-Form VI
Due regard	അർഹമായ പരിഗണന	Art. 344 (3)
Duration	കാലദൈർഘ്യം	Art. 243U (2)
During the pleasure	ഇഷ്ടമുള്ളിടത്തോളം കാലം	Art. 75 (2)
Duty	ചുമതല, തീരുവ	Art. 33, Art. 268

(E)

Economic Activity	സാമ്പത്തിക പ്രവർത്തനം	Art. 25 (2) (a)
Economic Justice	സാമ്പത്തികമായ നീതി	Preamble
Economic necessity	സാമ്പത്തികാവശ്യം	Art. 39 (e)
Economic organisation	സാമ്പത്തിക സംവിധാനം	Art. 43
Economic system	സാമ്പത്തിക വ്യവസ്ഥ	Art. 39 (c)
Edible oilseeds	ഭക്ഷ്യയോഗ്യമായ എണ്ണക്കുരുക്കൾ	Art. 369 (a)
Effect	പ്രഭാവം	Art. 4 (1), 98 (3), 123 (2)
Effective	ഫലപ്രദമായ	Art. 41
Efficiency	കാര്യക്ഷമത	Art. 335
Elapse	കഴിഞ്ഞുപോവുക	Art. 108 (1) (c), 197 (1) (b)
Elect otherwise	മറ്റുവിധത്തിൽ ഹിതം പ്രകടിപ്പിക്കുക	Art. 374 (1)
Election petition	തെരഞ്ഞെടുപ്പ് ഹർജി	Art. 329 (b)
Electoral college	സമ്മതിദായക ഗണം	Art. 54
Electoral roll	സമ്മതിദായക പട്ടിക	Art. 324 (1)
Electorate	സമ്മതിദായക സംഘം	Art. 171 (3) (b)
Elements of culture	സംസ്ക്കാരത്തിന്റെ ഘടകങ്ങൾ	Art. 351
Eligible	അർഹതയുള്ള	Art. 57
Embankment	ചിറ	Sch. VII-II-17
Embody in statement	പത്രികയിൽ കൊള്ളിക്കുക	Art. 112 (2)
Emergency	അടിയന്തരാവസ്ഥ	Art. 83 (2) Prov.
Emigration	കുടിയേറ്റം	Sch. VII-I-19
Emolument	ശമ്പളം	Art. 18 (4)
Employer	തൊഴിൽദായകൻ	Sch. VII-III-24
Employment	ജീവനം	Art. 16 (1)
Enact	നിയമം ആക്കുക	Preamble
Encumbered estate	കടബാദ്ധ്യതയുള്ള വസ്തുവകകൾ	Sch. VII-II-22
Encourage	പ്രോത്സാഹിപ്പിക്കുക	Art. 51 (d)
Endanger	അപകടത്തിലാക്കുക	Art. 200 Prov. 2
Endeavour	യത്നിക്കുക	Art. 43
Endow with power	അധികാരം നൽകുക	Art. 40
Enemy alien	അന്യദേശീയ ശത്രു	Art. 22 (3) (a)
Enforce	പ്രാവർത്തികമാക്കുക	Art. 32 (1)
Enforcing attendence	ഹാജരാക്കിക്കുക	Art. 338 (8) (a)
Engage in	ഏർപ്പെടുത്തുക	Art. 24

Engagement	ഉടമ്പടി	Art. 131 Prov.
Enjoyment	അനുഭവം	Art. 43
Enrichment	പരിപോഷണം	Art. 351
Ensure	ഉറപ്പുവരുത്തുക	Art. 33, 355
Enter appeal	അപ്പീൽ ബോധിപ്പിക്കുക	Art. 145 (1) (b)
Enter upon	പ്രവേശിക്കുക	Art. 56 (1)
Entertain appeal	അപ്പീൽ സ്വീകരിക്കുക	Art. 134 (2), 374 (4)
Entertainment	വിനോദം	Art. 15 (2) (a), Sch. VII-II-33, Sch. VII-II-62
Entitle to	അവകാശമുണ്ടായിരിക്കുക	Art. 25 (1)
Entry	ഉൾക്കുറിപ്പ്	Art. 227 (2) (c), Sch. VII-III-19
Entrust	ഏൽപ്പിക്കുക	Art. 258 (1)
Enumerate	എണ്ണിപ്പറയുക	Art. 213 (3) Prov.
Equal protection of the laws	നിയമങ്ങളുടെ സമമായ സംരക്ഷണം	Art. 14
Equal work	തുല്യജോലി	Art. 39 (d)
Equality	സമത്വം	Preamble, Art. 14
Equality before law	നിയമത്തിനു മുൻപിൽ സമത്വം	Art. 14
Equality of opportunity	അവസരസമത്വം	Art. 16 (1)
Equitable allocation	നീതിപൂർവ്വം വിഭജിച്ചു കൊടുക്കൽ	Art. 371 (2) (b)
Equivalent	തുല്യമായ	Art. 171 (3) (b)
Escheat	അന്യം നിൽക്കുക	Art. 296
Estimate of expenditure	ചെലവിന്റെ അടങ്കൽ	Art. 112 (2)
European descent	യൂറോപ്യൻ ഉൽപ്പത്തി	Art. 366 (2)
Evacuee	അഭയാർത്ഥി	Sch. VII-III-41
Except according to	അനുസരിച്ചല്ലാതെ	Art. 21
Except as otherwise provided for	മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ	Art. 32 (4)
Exception	ഒഴിവാക്കൽ	Art. 237
Exceptional grant	വിശേഷാൽ സഹായധനം	Art. 116 (1) (c), 206 (1) (c)
Excess profits tax	അധികലാഭ നികുതി	Art. 366 (29)
Exclusive power	അനന്യാധികാരം	Art. 246 (3)
Excecutive Jurisdiction	നിർവ്വാഹകാധികാരിത	Art. 131A
Execute instrument	പ്രമാണം ഒപ്പിട്ടു പൂർത്തീകരിക്കുക	Art. 77 (2)
Execute scheme	പദ്ധതി നടപ്പാക്കുക	Art. 339 (2)
Executive, the	നിർവ്വാഹകമണ്ഡലം	Art. 50
Executive action	നിർവ്വാഹക നടപടി	Art. 358
Executive authority of the Union	യൂണിയന്റെ നിർവ്വാഹകാധികാരം	Art. 360 (3)
Executive power	നിർവ്വാഹകാധികാരം	Art. 53 (1)
Exempt	ഒഴിവായിരിക്കുക	Art. 285 (1)
Exercisable	പ്രയോഗിക്കാവുന്ന	Art. 32 (3)
Exercise (n)	പ്രയോഗം	Art 19 (3)
Exercise functions	ചുമതലകൾ നിർവ്വഹിക്കുക	Art. 74 (1)
Existence	അസ്തിത്വം	Art. 131 (c)
Existing law	നിലവിലുള്ള നിയമം	Art. 19 (2)
Ex officio	ഔദ്യോഗിക നിലയിൽ	Art. 64

Expedient	യുക്തമായ	Art. 143 (1)
Expend	ചെലവ് ചെയ്യുക	Art. 115 (1) (a)
Expire	അവസാനിക്കുക	Art. 3 Prov.
Explanatory memorandum	വിശദീകരണ രൂപത്തിലുള്ള വിവരക്കുറിപ്പ്	Art. 281
Exploitation	ചൂഷണം	Heading above Art. 23
Explosives	സ്ഫോടക വസ്തുക്കൾ	Sch. VII-I-5
Express provision	പ്രകടമായ വ്യവസ്ഥ	Art. 279 (2)
Expression	ആശയ പ്രകടനം	Preamble, Art. 19 (1) (a)
Expression	പദം	Art. 31A (2) (a)
Expulsion	പുറത്താക്കൽ	Sch. VII-I-19
Extension	വ്യാപിപ്പിക്കൽ	Sch. VII-I-79
Extent	വ്യാപ്തി	Art. 131
External aggression	ബാഹ്യാക്രമണം	Art. 352 (1)
Extinguishment	ഇല്ലാതാക്കൽ	Art. 31A (1) (a)
Extra cost	അധികമായ ചെലവ്	Art. 257 (4)
Extra-territorial	ഭൂപ്രദേശത്തിനപ്പുറം	Art. 372 (3) Exp.2
Extra-territorial operation	ദേശാതിർത്തിക്കപ്പുറം പ്രാബല്യം	Art. 245 (2)
Extraction of minerals	ഖനിജങ്ങൾ തേടുന്നതിനും കുഴിച്ചെടുക്കുന്നതിനും	Sch. VI-9 (1)
Extradition	കുറ്റവാളികളെ തിരിച്ചേൽപ്പിക്കൽ	Sch. VII-1-18

(F)

Fair	മേള	Sch. VII-II-28
Faith, full and credit	പൂർണ്ണമായ വിശ്വാസ്യതയും മാന്യതയും	Art. 261 (1)
Faith	മതനിഷ്ഠ	Preamble
Fare	യാത്രക്കൂലി	Sch. VII-I-89
Fear or favour	ഭീതിയോ പക്ഷപാതമോ	Sch. III-I
Ferry	കടത്ത്	Sch. VII-II-13
Figures of census	കാനേഷുമാരി കണക്കുകൾ	Art. 55 (3) Exp.
Final disposal	അവസാന തീർപ്പ്	Art. 132 Exp.
Finance Commission	ധനകാര്യ കമ്മീഷൻ	Art. 264
Financial Bill	ധനകാര്യ ബിൽ	Art. 107 (1)
Financial obligation	ധനപരമായ ബാദ്ധ്യത	Art. 110 (1) (b)
Financial propriety	സാമ്പത്തിക മര്യാദ	Art. 360 (3)
Financial stability	സാമ്പത്തികഭദ്രത	Art. 360 (1)
Fire arms	തോക്കുകൾ	Sch. VII-I-5
For the time being in force	ആ സമയത്ത് പ്രാബല്യത്തിലിരിക്കുന്ന	Art. 31A (1) Prov. 2
Forbid	വിലക്കുക	Art. 17
Forced labour	നിർബന്ധിച്ച് പണി ചെയ്യിക്കൽ	Art. 23 (1)
Foreign exchange	വിദേശനാണ്യ വിനിമയം	Sch. VII-I-36
Forfeiture	കണ്ടുകെട്ടൽ	Art. 34
Formulate	രൂപീകരിക്കുക	Art. 269 (2)
Foster	പുലർത്തുക	Art. 51 (c)
Fraternity	സാഹോദര്യം	Preamble
Freedom of conscience	മനഃസാക്ഷി സ്വാതന്ത്ര്യം	Art. 25 (1)

Freedom of expression	ആശയപ്രകടന സ്വാതന്ത്ര്യം	Art. 19 (1) (a)
Freight	ചരക്കുകൂലി	Sch. VII-I-89
Frivolous	നിസ്സാരമായ	Art. 145 (1) (i)
Futures market	സാട്ടാക്കമ്പോളം	Sch. VII-I-48, 90

G

General	സാമാന്യം	Heading above Art. 12
General	പൊതുവായ	Art. 366 (28)
General Clauses Act	സാമാന്യഖണ്ഡങ്ങൾ ആക്റ്റ്	Art. 367 (1)
General importance	പൊതുപ്രാധാന്യം	Art. 133 (1) (a)
General Public	പൊതുജനം	Art. 15 (2) (b)
Generality	സാമാന്യത	Art. 31B, 53 (2)
Genius of culture	സംസ്കാരത്തിന്റെ സവിശേഷ സ്വഭാവം	Art. 351
Ginned cotton	കുരുകളഞ്ഞ പരുത്തി	Art. 369 (a)
Give to ourselves	നമുക്കുതന്നെ പ്രദാനം ചെയ്യുക	Preamble
Good, common	പൊതുനൻമ	Art. 39 (b)
Govern, Principles which	നിയന്ത്രിക്കുന്ന തത്ത്വങ്ങൾ	Art. 280 (3) (b)
Governing body	ഭരണസമിതി	Art. 16 (5)
Grand-parents	പിതാമഹർ, മാതാമഹർ	Art. 8
Grant	നൽകുക	Art. 30 (2)
Grants-in-aid	ഔദ്യോഗിക സഹായധനം	Art. 243 I (a) (iii)
Grievance	സങ്കടം	Art. 350
Guilty	അപരാധിയാവുക	Art. 317 (4)

H

Habitually	പതിവായി	Art. 366 (2)
Hand and seal	കൈയൊപ്പും മുദ്രയും	Art. 124 (2)
Hazardous	അപായസാദ്ധ്യതയുള്ള	Art. 24
Heretofore in force	ഇതുവരെ പ്രാബല്യത്തിലിരുന്ന	Art. 299 (2)
High seas	പുറംകടൽ	Sch. VII-I-21
Highway	രാജപാത	Art. 257 (2) Prov. Sch. VII-1-23.
Historic interest, of	ചരിത്രപരമായ താൽപ്പര്യം ഉളവാക്കുന്ന	Art. 49
Historical monuments	ചരിത്രസംബന്ധമായ സ്മാരകങ്ങൾ	Sch. VII-I-67
Honourable relations	ബഹുമാന്യമായ ബന്ധങ്ങൾ	Art. 51 (b)
House of parliament	പാർലമെന്റിന്റെ സഭ	Art. 3 Prov.
House of the people	ലോകസഭ	Art. 56 (2)
Human consumption	മനുഷ്യരുടെ ഉപഭോഗം	Sch. VII-II-51 (a)
Humane	മനുഷ്യോചിതമായ	Art. 42

I

Illegal practice	നിയമവിരുദ്ധ പ്രവൃത്തി	Art. 326
Immediately preceding	തൊട്ടുമുൻപുള്ള	Art. 5 (c)
Immovable property	സ്ഥാവരവസ്തു	Art. 26 (c)
Immunity	ബാദ്ധ്യതയില്ലായ്മ	Art. 65 (3)
Impart instruction	ബോധനം നൽകുക	Art. 28 (2)
Impeachment	ആക്ഷേപവിചാരണ	Art. 56 (1) (b)
Impeachment of President	രാഷ്ട്രപതിയുടെ ആക്ഷേപവിചാരണ	Art. 61 heading
Impede	വിഘാതമുണ്ടാക്കുക	Art. 257 (1)
Imperial War Museum	സാമ്രാജ്യ യുദ്ധക്കാഴ്ചബംഗ്ലാവ്	Sch. VII-I-62
Impose	ചുമത്തുക	Art. 19 (2)
Impose service	സേവനം അനുഷ്ഠിപ്പിക്കുക	Art. 23 (2)
lmpost	തീരുവ	Art. 366 (28)
lmprest	മുൻകൂർ തുക	Art. 267 (1)
Improvement trust	വികസന ട്രസ്റ്റ്	Sch. VII-II-5
In accordance with	അനുസൃതമായ	Art. 22 (4) (b)
In accordance with law	നിയമപ്രകാരം	Art. 17
In conformity with	അനുരൂപമായി	Art. 145 (3) Prov.
In default of agreement	സമ്മതത്തിന്റെ അഭാവത്തിൽ	Art. 258 (3)
In lieu of	പകരം	Art. 273 (1)
In pursuance of	അനുസൃതമായി	Art. 22 (5)
In question	പ്രശ്നവിഷയമായ	Sch. V-5-(3)
In succession	തുടർച്ചയായി	Art. 124 (3) (b)
In that behalf	അതിലേക്ക്	Art. 6 (b) (ii)
In the case of	സംഗതിയിൽ	Art. 84 (b)
In the event of	സന്ദർഭത്തിൽ	Art. 65 (i)
In writing	രേഖാമൂലമായ	Art. 61 (2) (a)
Inam	ഇനാം	Art. 31A (2) (a) (1)
Incapacity	അപ്രാപ്തി	Art. 124 (4)
Incidental	സാന്ദർഭികമായ	Art. 4 (1)
Incitement	പ്രേരണ	Art. 19 (2)
Incompetency	ക്ഷമതയില്ലായ്മ	Art. 249 (3)
Inconsistency	സാംഗത്യമില്ലായ്മ	Art. 13 (1)
Inconsistent	സംഗതമല്ലാത്ത	Art. 13 (1)
incorporated company	ഏകാംഗീകൃതകമ്പനി	Art. 317 (4)
Incorporation	ഏകീകരണം	Sch. VII-I-43
Incumbent of office	ഉദ്യോഗം വഹിക്കുന്ന ആൾ	Art. 16 (5)
Indebtedness	ഋണബാധ്യത	Sch. VII-II-30
Indefinite character	അനിശ്ചിത സ്വഭാവം	Art. 116 (I) (b)
Indemnify	ബാദ്ധ്യതയിൽ നിന്ന് വിമുക്തനാക്കുക	Art. 34
Independently of	ആശ്രയിക്കാതെ	Art. 239 (2)

Indian hemp	ഇന്ത്യൻ ചണം	Sch. VII-II-51 (b)
Indian States	നാട്ടുരാജ്യങ്ങൾ	Art. 296
Indian War Memorial	ഭാരത യുദ്ധസ്മാരകം	Sch. VII-I-62
Infirmity	ദൗർബല്യം	Art. 317 (3) (c)
Inflict penalty	ശിക്ഷ ചുമത്തുക	Art. 20 (1)
Inflict punishment	ശിക്ഷ ഏൽപ്പിക്കുക	Art. 34
Inhabit	നിവസിക്കുക	Sch. VI-I-(2)
Inheritance of property	സ്വത്തിന്റെ അനന്തരാവകാശം	Sch. VI-3B (3) (h)
Injurious	ഹാനികരമായ	Art. 47
Inland waterways	ഉൾപ്രദേശ ജലമാർഗ്ഗങ്ങൾ	Sch. VII-I-24
Insolvency	നിർദ്ധനത്വം	Sch. VII-III-9
Institute proceeding	നടപടി ആരംഭിക്കുക	Art. 361 (2)
Instruction	നിർദ്ദേശം	Art. 213 (1) Prov.
Instrument of Accession	പ്രവേശന പ്രമാണം	Art. 370 (1) (b) (i)
Integrity	അഖണ്ഡത	Art. 19 (2)
Inter se	തമ്മിൽ	Art. 55 (2)
Intercourse	സമ്പർക്കം	Art. 301
Intermediary	മദ്ധ്യവർത്തി	Art. 31 A (2) (b)
Interpretation	വ്യാഖ്യാനം	Art. 132 (i)
Intestacy	മരണശാസനം കൂടാതെ മരിച്ചാലുള്ള സ്ഥിതി	Sch. VII-III-5
Intoxicating	ലഹരിപിടിപ്പിക്കുന്ന	Art. 47
Introduce	അവതരിപ്പിക്കുക	Art. 3 Prov.
Invalid	അസാധുവായ	Art. 255
Invalidity Pension	ശേഷിയില്ലായ്മ പെൻഷൻ	Sch. VII-III-24
Involve	ഉൾക്കൊള്ളുക	Art. 131
Irregularity	ക്രമക്കേട്	Art. 122 (i)

(J)

Janmam right	ജൻമാവകാശം	Art. 31A(2) (a) (i)
Joint sitting	സംയുക്ത ഉപവേശനം	Art. 88
Judgment	വിധിന്യായം	Art. 31B
Judgment, to the best of	നിർണ്ണയശക്തിയുടെ പരമാവധി	Sch. III-Form IV
Judicial proceeding	നീതിന്യായ നടപടി	Art. 261 (i)
Jurisdiction	അധികാരിത	Art. 32 (3)
Jurist	നിയമജ്ഞൻ	Art. 124 (3) (c)
Justice	നീതി	Preamble

L

Labour under difficulty	വിഷമത അനുഭവിക്കുക	Art. 340(1)
Labour dispute	തൊഴിൽ തർക്കം	Sch. VII-III-22
Laccadive	ലക്ഷദ്വീപ്	Art. 240(1)(b)
Laid down	പ്രതിപാദിച്ചിട്ടുള്ള	Art. 37
Landlord and tenant, relation of	ജന്മി-കുടിയാൻ ബന്ധം	Sch. VII-II-18
Land tenure	ഭൂനടപ്പവകാശം	Art. 31A(2)(a)
Lapse, property accruing by	കാലഹരണംകൊണ്ട് ലഭിക്കുന്ന വസ്തു	Art. 296
Last preceeding	ഒടുവിൽ കഴിഞ്ഞ	Art. 55(3) Exp. 1
Law of nations	അന്താരാഷ്ട്ര നിയമം	Sch. VII-I-21
Laws in force	പ്രാബല്യത്തിലുള്ള നിയമങ്ങൾ	Art. 13(3)(b)
Lay before Parliament	പാർലമെന്റ് മുൻപാകെ വയ്ക്കുക	Art. 112(1)
Lease	പാട്ടം	Art. 31A(1)(e)
Legal Character	നിയമസ്വഭാവം	Art. 76(2)
Legal matter	നിയമപരമായ വിഷയം	Art. 76(2)
Legal tender	നാണയത്തിന്റെ നിയമസാധുത	Sch. VII-I-36
Legislative Council	നിയമസമിതി	Art. 168(2)
Legislative power	നിയമനിർമ്മാണാധികാരം	Part V-Chapter III (Article 123) above
Legislature	നിയമനിർമ്മാണമണ്ഡലം	Art. 3 Prov.
Letters of credit	വിനിമയ പത്രങ്ങൾ	Sch. VII-I-91
Level of administration	ഭരണനിലവാരം	Art. 275(1) Prov. 1
Lighthouse	ദീപസ്തംഭം	Sch. VII-I-26
Lightship	ദീപക്കപ്പൽ	Sch. VII-I-26
Limited	ക്ലിപ്തമായ	Art. 162 Prov.
Limited period	ക്ലിപ്തകാലം	Art. 31A(1)(b)
Limitation	പരിമിതി, കാലഹരണം	Art. 134(2) Sch. VII-III-13
Line of communication	സഞ്ചാരപഥം	Art. 366(20)(b)
Living wage	ഉപജീവനക്ഷമമായ വേതനം	Art. 43
Local	തദ്ദേശ്യം	Art. 12
Local area	തദ്ദേശപ്രദേശം	Art. 31A(2)(a), Sch. VII-II-52
Local authority	തദ്ദേശാധികാരസ്ഥാനം	Art. 12

M

Magnitude	വലിപ്പം	Art. 116(1)(b)
Maintain order	ക്രമസമാധാനം പാലിക്കുക	Art. 122(2)
Maintenance	സംരക്ഷണം	Art. 27
Male line	പുരുഷവംശാവലി	Art. 366(2)
Male progenitor	പുരുഷ പൂർവ്വികൻ	Art. 366(2)
Marine hospital	നാവിക ആശുപത്രി	Sch. VII-I-28

Maritime shipping	സമുദ്രത്തിലെ ഷിപ്പിംഗ്	Sch. VII-I-25
Martial Law	പട്ടാളനിയമം	Art. 34
Material abandonment	ഭൗതിക പരിത്യജനം	Art. 39(f)
Material resources	ഭൗതിക വിഭവങ്ങൾ	Art. 39(b)
Means of communication	ഗതാഗതമാർഗ്ഗങ്ങൾ	Art. 257(2)
Means of livelihood	ഉപജീവനോപായം	Art. 39(a)
Means of production	ഉൽപ്പാദനോപാധി	Art. 39(c)
Measure	നടപടി	Art. 257(3)
Measure	അളവ്	Sch. VII-I-50
Mechanically propelled vessels	യന്ത്രചാലിത ജലയാനങ്ങൾ	Sch. VII-I-24
Medicinal preparation	ഔഷധീയ തയ്യാറിപ്പുകൾ	Sch. VIII-II-51(b)
Members present and voting	ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങൾ	Art. 124(4)
Memorandum	വിവരക്കുറിപ്പ്	Art. 281
Memorial	സ്മാരകം	Sch. VII-I-62
Memorial	നിവേദനം	Art. 320(3)(c)
Mental deficiency	മനോവൈകല്യം	Sch. VII-III-16
Mercantile marine	കച്ചവടക്കപ്പൽ	Sch. VII-I-25
Merchandise mark	ചരക്കടയാളം	Sch. VII-I-49
Meteorological	അന്തരീക്ഷശാസ്ത്രപരമായ	Sch. VII-I-68
Metropolitan Area	മഹാനഗരപ്രദേശം	Art. 243P(c)
Mica	അഭ്രം	Art. 369(a)
Migrate	കുടിയേറിപ്പാർക്കുക	Art. 6
Migratory	കുടിയേറ്റക്കാരായ	Sch. VII-III-15
Milch	കറക്കുന്ന	Art. 48
Military force	കരസേന	Art. 257(2) Prov.
Mineral	ഖനിജം	Art. 31A(1)(e), 297
Minorities	ന്യൂനപക്ഷങ്ങൾ	Art. 30(1)
Misbehaviour	ദുർവ്യത്തി	Art. 124(4), 317(1)
Misconduct	നടപടിദൂഷ്യം	Art. 310(2)
Mode	രീതി	Sch.V-Part B-4(3)(a)
Modification	രൂപഭേദപ്പെടുത്തൽ	Art. 31 A(1)(a)
Modification	രൂപഭേദം	Art. 320(5)
Money	പണം	Art. 110(1)(b)
Money bill	പണബിൽ	Art. 110(1)
Money lender	പണം കടംകൊടുപ്പുകാരൻ	Sch. V-Part B.5(2)(c)
Monitor	നിരീക്ഷിക്കുക	Art. 338(5)(a)
Monopoly	കുത്തക	Sch. VII-III-21
Monument	സ്മാരകം	Art. 49
Moral abandonment	സാൻമാർഗ്ഗിക പരിത്യജനം	Art. 39(f)
Morality	സാൻമാർഗ്ഗികത	Art. 19(2)

Motion	ഉപക്ഷേപം	Art. 121
Movable property	ജംഗമവസ്തു	Art. 26(c)
Move resolution	പ്രമേയം അവതരിപ്പിക്കുക	Art. 61(2)(a)
Move the court	കോടതിയിൽ അപേക്ഷിക്കുക	Art. 32(1)
Municipal Services	മുനിസിപ്പൽ സേവനങ്ങൾ	Art. 243Q(1) Prov.

(N)

Narcotic drug	വേദനസംഹാരി	Sch. VII-II-51(b)
Narcotics	മയക്കുമരുന്ന്	Sch. VII-II-51(b)
National importance	ദേശീയ പ്രാധാന്യം	Art. 49
National interest	ദേശീയ താൽപ്പര്യം	Art. 312(1)
National waterways	ദേശീയ ജലമാർഗ്ഗങ്ങൾ	Sch. VII-1-24
Naturalisation	പൗരത്വ പ്രദാനം	Sch. VII-1-17
Net proceeds	അറ്റവരവ്	Art. 266(1)
Newsprint	പത്രക്കടലാസ്	Art. 369(a)
Nevertheless	എന്നിരുന്നാലും	Art. 37
Nomadic	ദേശാടനക്കാരായ	Sch. VII-III-15
Non-distilled	വാറ്റിയതല്ലാത്ത	Sch. VI-12(1)(a)
Notification	വിജ്ഞാപനം	Art. 13(3)(a)
Numeral	അക്കം	Art. 343(1)
Nutrition	പോഷകാഹാരം	Art. 47

(O)

Oath	ശപഥം	Art. 60 heading
Oath of secrecy	രഹസ്യപാലന ശപഥം	Sch. III-Form II
Observe	പാലിക്കുക	Art. 360(3)
Obtain	നേടുക	Art. 22(7)(a)
Occupied land	കൈവശക്കാരനുള്ള ഭൂമി	Sch. VI-3(1)(a) Prov.
Occupy	കൈവശം വയ്ക്കുക	Art. 289(2)
Occupation	തൊഴിൽ	Art 19(1)(g)
Occurrence	സംഭവിക്കൽ	Art. 352(1) Exp.
Offence	കുറ്റം	Art. 20(1)
Office of profit	ആദായകരമായ ഉദ്യോഗം	Art. 18(3)
Office of trust	വിശ്വാസാധിഷ്ഠിതമായ ഉദ്യോഗം	Art. 18(3)
Oilcake	പിണ്ണാക്ക്	Art. 369(a)
Oilfield	എണ്ണപ്പാടം	Sch. VII-I-53
Oil resources	തൈലവിഭവങ്ങൾ	Sch. VII-1-53
Oilseed	എണ്ണക്കുരു	Art. 369(a)
Omit	വിട്ടുകളയുക	Art. 120(2)
Omit	വിട്ടുപോവുക	Art. 358(1)
On or after the date	തീയതിയോ അതിനുശേഷമോ	Art. 6(b)(ii)
On the exercise of	പ്രയോഗിക്കുന്നതിൽ	Art. 19(2)

One-half	പകുതി	Art. 316(1) Prov.
Open court	തുറന്ന കോടതി	Art. 145(4)
Operation	പ്രവർത്തനം	Art. 19(2)
Opium	കറുപ്പ്	Sch. VII-1-59
Opportunity	അവസരം	Preamble, Art. 43
Order	ഉത്തരവ്	Art. 13(3)(a), 22(5)
Order	സമാധാനം	Art. 19(3), 34
Order	ക്രമസമാധാനം	Art. 122(2)
Ordinarily	സാധാരണമായി	Art. 5(c)
Organised people	സംഘടിത ജനത	Art. 51(c)
Original jurisdiction	ആദ്യാധികാരിത	Art. 131
Originally enacted	ആദ്യം നിയമമാക്കിയ	Art. 6(a)
Otherwise than	അല്ലാതെ	Art. 317(4)
Outstanding loan	കൊടുത്തു തീർക്കേണ്ടതായ കടം	Art. 293(3)
Own property	വസ്തു ഉടമയിൽ വയ്ക്കുക	Art. 26(c)

P

Paid employment	വേതനം പറ്റുന്ന ജീവനം	Art. 317(3)(b)
Pardon	മാപ്പ്	Art. 72(1)
Parity	തുല്യത	Art. 55(2)
Pass resolution	പ്രമേയം പാസ്സാക്കുക	Art. 61(2)(b)
Passage of bill	ബില്ലിന്റെ പാസ്സാക്കൽ	Art. 108(4) Prov.
Pasture, land for	മേച്ചിലിനുള്ള ഭൂമി	Art. 31A(2)(a)(iii)
Pay for work	ജോലിക്കുള്ള വേതനം	Art. 39(d)
Payment into fund	നിധിയിൽ അടയ്ക്കൽ	Art. 110(1)(c), 283(1)
Payment, make	പണം കൊടുക്കുക	Art. 279(2)
Peace	സമാധാനം	Art. 51(a), 371A(2)(d)
Pending	നിലവിലിരിക്കുന്ന	Art. 86(2)
Perform duty	കർത്തവ്യം നിർവ്വഹിക്കുക	Art. 64 Prov., 71(2)
Permit	അനുവാദപത്രം	Art. 7 Prov.
Perpetual succession	ശാശ്വതമായ പിൻതുടർച്ചാവകാശം	Sch. VI-2(3)
Personal capacity	വ്യക്തിപരമായ നില	Art. 361(4)
Personal cultivation	നേരിട്ടുള്ള കൃഷി	Art. 31A(1) 2nd Prov.
Personal law	വ്യക്തി നിയമം	Sch. VII-III-5
Personally	വ്യക്തിപരമായി	Art. 299(2)
Pertaining to	സംബന്ധിച്ചുള്ള	Art. 145(1)(b)
Pest	കീടം	Sch. VII-II-14
Pilgrimage	തീർത്ഥാടനം	Sch. VII-1-20
Piracy	കടൽകൊള്ള	Sch. VII-1-21
Place of public entertainment	പൊതുവിനോദസ്ഥലം	Art. 15(2)(a)
Place of public resort	പൊതുവിശ്രമസ്ഥലം	Art. 15(2)(b)
Planning	ആസൂത്രണം	Sch. VII-III-20
Plant	സസ്യം	Sch. VII-III-29

Plead in court	കോടതിയിൽ വാദിക്കുക	Art. 124(7)
Plead or act	വാദിക്കുകയോ പ്രതിനിധാനം ചെയ്യുകയോ	Art. 220
Policy	നയം	Art. 263(c)
Port quarantine	തുറമുഖ പകർച്ചവ്യാധി വിലക്ക്	Sch. VII-I-28
Practicable	പ്രായോഗികമായ	Art. 311(2) Prov.(b)
Practice of court	കോടതിയുടെ പ്രവർത്തനരീതി	Art. 145(1)
Practice of cultivation	കൃഷിയുടെ സമ്പ്രദായം	Sch. VI-3-(1)(d)
Practice religion	മതം ആചരിക്കുക	Art. 25(1)
Practice any profession	ഏതെങ്കിലും വൃത്തിയിൽ ഏർപ്പെടുക	Art. 19(1)(g)
Pray for removal	നീക്കം ചെയ്യുവാൻ അപേക്ഷിക്കുക	Art. 121
Preamble	ആമുഖം	Preamble
Prejudice, without	ഭംഗം വരാത്തവിധം	Art. 31B, 32(3)
Premature	കാലംകഴിയുന്നതിനുമുമ്പുള്ള	Art. 31A(1)(e)
Premises	പരിസരങ്ങൾ	Art. 28(3)
Present and voting members	ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങൾ	Art. 124(4)
Presentation	സമർപ്പിക്കൽ	Art. 111 Prov.
Preservation of stock	വംശം നിലനിറുത്തൽ	Sch. VII-II-15
Prevail	അധിപ്രഭാവം ഉണ്ടായിരിക്കുക	Art. 119
Preventive detention	നിവാരണത്തടങ്കൽ	Art. 22(3)(b)
Previous approval	മുൻകൂട്ടിയുള്ള അംഗീകാരം	Art. 227(3) Prov.
Primary duty	പ്രാഥമിക കർത്തവ്യം	Art. 47
Principal Seat of court	കോടതിയുടെ മുഖ്യ ആസ്ഥാനം	Art. 231(2)(c)
Principal value	മുഖ്യവില	Art. 366(9)
Privilege	വിശേഷാവകാശം	Art. 31A(2)(b)
Procedure	നടപടിക്രമം	Art. 21
Proceedings	നടപടികൾ	Art. 32(1)
Proceed	വരവ്	Art. 27, 268(2)
Process of court	കോടതിയുടെ കൽപ്പന	Art. 361(3)
Proclamation of Emergency	അടിയന്തരാവസ്ഥാ വിളംബരം	Art. 83(2) Prov. Art. 172(1) Prov.
Produce	ഹാജരാക്കുക, ഉൽപ്പാദിപ്പിക്കുക	Art. 22(2), Art. 287
Profess religion	മതത്തിൽ വിശ്വസിക്കുക	Art. 16(5)
Progressive use	പുരോഗമനോന്മുഖമായ ഉപയോഗം	Art. 344(2)(a)
Promissory note	പ്രോനോട്ട്	Sch. VII-1-46
Promote	പുലർത്തുക	Preamble
Promote	അഭിവൃത്തിപ്പെടുത്തുക	Art. 38
Promulgate	പ്രഖ്യാപിക്കുക	Art. 123(1)
Prorogation	അവസാനിപ്പിക്കൽ	Art. 107(3)
Progenitor	പൂർവ്വികർ	Art. 366(2)
Pronounce	പ്രസ്താവിക്കുക	Art. 137

Propagate	പ്രചരിപ്പിക്കുക	Art. 25(1)
Property, inheritence of	സ്വത്തിന്റെ അനന്തരാവകാശം	Sch. VI-3(1)(h)
Property passing upon death	മരണത്തോടെ സംക്രമിക്കുന്ന വസ്തു	Art. 366(9)
Proportion	അനുപാതം	Art. 330(2)
Proportional representation	ആനുപാതിക പ്രാതിനിധ്യം	Art. 55(3)
Propriety	മര്യാദ	Art. 360(3)
Prorogue the house	സഭയുടെ സമ്മേളനം അവസാനിപ്പിക്കുക	Art. 85(2)(a)
Prosecution of war	യുദ്ധത്തിന്റെ നടത്തിപ്പ്	Sch. VII-1-7
Protection	സംരക്ഷണം	Art. 14, 19(5)
Provided further	എന്നുമാത്രമല്ല	Art. 31A(1) 2nd Prov.
Province	പ്രവിശ്യ	Art. 112(3) (d) (iii)
Provision	വ്യവസ്ഥ	Art. 4(1)
Proviso	പരിമിതി വ്യവസ്ഥ	Art. 3 Exp.1, 56(2), Art. 376(2)
Public account	പൊതുക്കണക്ക്	Art. 110(1)(f)
Public acts	പൊതു കൃത്യങ്ങൾ	Sch. VII-III-12
Public order	പൊതു സമാധാനം	Art. 19(2)
Purpose	ലക്ഷ്യം	Art. 307
Publish	പ്രസിദ്ധപ്പെടുത്തുക	Art. 81(3)
Public servants	പൊതുജീവനക്കാർ	Art. 284
Purporting to be done, acts	ചെയ്തതാണെന്നു കരുതാവുന്ന കൃത്യങ്ങൾ	Art. 320(3)(d)
Pursuance of, in	അനുസൃതമായി	Art. 22(5)

Q

Quantity, Substantial	ഗണ്യഭാഗം	Art. 287
Quarantine	പകർച്ചവ്യാധിവിലക്ക്	Sch. VII-I-28
Question	കാര്യം	Art. 74(2)
Question of law	നിയമപ്രശ്നം	Art. 132(1)
Quotient	ഹരണഫലം	Art. 55(2)(a)

R

Race	വർഗ്ഗം	Art. 15(1)
Ratification	സ്ഥിരീകരിക്കൽ	Art. 368 Prov.(e)
Ratio	അംശബന്ധം	Art. 81(2)(a)
Readjust	പുനഃക്രമീകരണം ചെയ്യുക	Art. 82
Reason of, by	നിമിത്തമായി	Art. 62(2)
Reasonable opportunity	ന്യായമായ അവസരം	Art. 311(2)
Reasonable restriction	ന്യായമായ നിയന്ത്രണം	Art. 19(2)
Reception of lunatics	ഉൻമാദമുള്ളവരുടെ പ്രവേശനം	Sch. VII-III-16
Reckon	കണക്കാക്കുക	Art. 108(2)
Recognise	അംഗീകരിക്കുക	Art. 28(3)

Reconsider	വീണ്ടും പരിഗണിക്കുക	Art. 111 Prov.
Reconstitute court	കോടതി പുനഃസംഘടിപ്പിക്കുക	Art. 366(14)(a)
Record	രേഖപ്പെടുത്തുക	Art. 311(2)(b)
Records of rights	അവകാശരേഖകൾ	Sch. VII-II-45
Recover	വസൂലാക്കുക	Sch. VII-III-43
Recurring sums	ആവർത്തകത്തുകകൾ	Art. 275(1) Prov.
Redemption charges	കടം വീട്ടുന്നതു സംബന്ധിച്ച ചെലവുകൾ	Art. 112(3)(c)
Redress	പരിഹാരം	Art. 350
Refer	പരാമർശിക്കുക, അയച്ചുകൊടുക്കുക	Art. 4(1), Art. 76(2)
Reference	റഫറൻസ്, പരാമർശം	Art. 3 Prov., Art 25, Exp.(2)
Reform	പരിഷ്ക്കരണം	Art. 25(2)(b)
Reformatory	ദുർഗുണപരിഹാര പാഠശാല	Sch. VII-II-4
Refundable	മടക്കികൊടുക്കുവാനുള്ള	Art. 366(6)(c)
Refuse to assent	അനുമതി നിഷേധിക്കുക	Art. 113(2)
Regional Council	പ്രാദേശിക സമിതി	Sch. VI-8(4)
Regional Fund	പ്രാദേശിക നിധി	Sch. VI-7
Regional Language	പ്രാദേശിക ഭാഷ	Part XVII CHAPTER-II
Regulate	ക്രമപ്പെടുത്തുക	Art. 25(2)(a), 71(3)
Rehabilitation	പുനരധിവാസം	Sch. VII-III-27
Reimbursement	മടക്കിക്കൊടുക്കുക	Sch. II-9(4)
Relating to	സംബന്ധിച്ച	Art. 11
Relevant	പ്രസക്തമായ	Art. 55 Exp.
Relief	നിവൃത്തി, ആശ്വാസനം	Art. 361(4), Sch. VII-III-27
Relief of Agricultural	കാർഷിക ഋണബാദ്ധ്യതാശ്വാസനം	Sch. VII-II-30
Religious denomination	മതവിഭാഗം	Art. 27
Religious practice	മതാചരണം	Art. 25(2)(a)
Remains	അവശിഷ്ടം	Sch. VII-III-40
Remedy	മാർഗ്ഗം	Art. 32 heading
Remission	ഇളവുചെയ്യൽ	Art. 72(1)
Removal	നീക്കംചെയ്യൽ	Art. 49, 62(2)
Repeal	റദ്ദാക്കുക	Art. 395
Representative organisation	പ്രതിനിധി സംഘടന	Sch. VI-2-(6)
Reprieve, grant	താൽക്കാലികമായി നിർത്തിവയ്ക്കുക	Art. 72(1)
Repugnancy	പൊരുത്തപ്പെടായ്മ	Art. 251
Repugnant	വിരുദ്ധമായ	Art. 213(3) Prov.
Requisite	ആവശ്യമായ	Art. 280(2)
Reserve Forest	റിസർവ്വ് വനം	Sch. VI-3(1)(a)
Resettlement	പുനരധിവാസം	Art. 7 Prov.
Resolution	പ്രമേയം	Art. 61(4)
Resolve	തീരുമാനിക്കുക	Preamble
Resources	വിഭവങ്ങൾ	Art. 116(l)(b), 39(b)
Respectively	യഥാക്രമം	Art. 79

Respite	വിളംബപ്പെടുത്തുക	Art. 72(1)
Rest of the areas	ശേഷമുള്ള പ്രദേശങ്ങൾ	Art. 275(1) Prov.
Restoration	പുനഃസ്ഥാപനം	Art. 34
Retired pay	ഉദ്യോഗവിരാമ ശമ്പളം	Art. 366(17)
Resume	വീണ്ടും ഏറ്റെടുക്കുക	Art. 65(2)
Retrospective effect	പൂർവ്വകാല പ്രാബല്യം	Art. 371 A(2)(c) Prov.
Returns	വിവരപത്രികകൾ	Art. 227(2)(a)
Reveal	വെളിപ്പെടുത്തുക	Sch. III Form VI
Reverse order	ഉത്തരവു മറിച്ചു വിധിക്കുക	Art. 134(1)(a)
Right, do	നീതിചെയ്യുക	Sch. III-I
Right of audience	കേൾക്കപ്പെടാനുള്ള അവകാശം	Art. 76(3)
Ropeway	കമ്പിപ്പാലം	Sch. VII-II-13
Rule of the road	ഗതാഗതചട്ടം	Sch. VII-I-24

(S)

Salary	ശമ്പളം	Art. 64 Prov.
Sanction	അനുമതി	Art. 213(1) Prov.(a), 349
Sanitation	ശുചീകരണം	Sch. VII-II-6
Satisfy	ബോദ്ധ്യമാകുക	Art. 123(1)
Save as otherwise provided	മറ്റുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ ഒഴികെ	Art. 100(1)
Scarcity	ദൗർലഭ്യം	Art. 303(2)
Scheduled area	പട്ടികപ്രദേശം	Sch. V—Part A-2
Scheme of development	വികസന പദ്ധതി	Art. 275(1) 2nd Prov.
Scientific line	ശാസ്ത്രീയമായ രീതി	Art. 48
Seat	സ്ഥാനം	Art. 84
Secular	മതേതരമായ	Art. 25(2)(a)
Secure	ലഭ്യമാക്കുക	Art. 310(2)
Secure	സംപ്രാപ്തമാക്കുക	Preamble, Art. 39
Secure the attendance of a person	ആളെ ഹാജരാക്കുക	Art. 142(2)
Sentence	ശിക്ഷാവിധി	Art. 34
Separate	വേർതിരിക്കുക	Art. 50
Separately	വെവ്വേറേ	Art. 112(2)
Serve	പ്രയോജനപ്പെടുക	Art. 263
Serve needs	ആവശ്യങ്ങൾ നിറവേറ്റുക	Art. 315(2)
Session	സമ്മേളനം	Art. 85(1), 123(1)
Session of Court	കോടതിയുടെ ഉപവേശം	Art. 127(1)
Set apart	നീക്കിവയ്ക്കുക	Sch. VI-3B(3)(a)
Set out in schedule	പട്ടികയിൽ കൊടുത്തിട്ടുള്ള	Art. 75(4)
Set out for the purpose	അതിനുവേണ്ടി ചേർത്തിട്ടുള്ള	Art. 148(2)
Settle	സ്ഥിരവാസമാക്കുക	Art. 19(1)(e)

Settled	നിശ്ചയിക്കപ്പെട്ട	Art. 227(3) Prov.
Settlement	ഒത്തുതീർപ്പ്	Art. 51(d)
Sex	ലിംഗം	Art. 15(1)
Shall lie	കൊടുക്കാവുന്നതാണ്	Art. 132(1)
Shifting cultivation, form of	സ്ഥാനംമാറ്റി കൃഷിചെയ്യുന്ന സമ്പ്രദായം	Sch. VI-3B(3)(d)
Shrine	ആരാധനാസ്ഥലം	Art. 290A
Single transferable vote	കൈമാറ്റം ചെയ്യാവുന്ന ഒറ്റവോട്ട്	Art. 55(3)
Sinking fund	നിക്ഷേപനിധി	Art. 112(3)(c)
Sit judges to	ഉപവിഷ്ടരാകേണ്ട ജഡ്ജിമാർ	Art. 145(2)
Sitting of House	സഭയുടെ ഉപവേശനം	Art. 95(2)
Size of the area	പ്രദേശത്തിന്റെ വ്യാപ്തി	Art. 243Q(1) Prov.
So far as practicable	പ്രായോഗികമാകുന്നിടത്തോളം	Art. 81(2)(a)
Social order	സാമൂഹ്യ വ്യവസ്ഥിതി	Art. 38
Social practices	സാമൂഹ്യമായ അനുഷ്ഠാനങ്ങൾ	Art. 371A(1)(a)(i)
Social reform	സാമൂഹ്യ പരിഷ്ക്കരണം	Art. 25(2)(b)
Social security	സാമൂഹ്യ സുരക്ഷിതത്വം	Sch. VII-III-23
Solemnly	സഗൗരവം	Preamble
Solemnly affirm	സഗൗരവം പ്രതിജ്ഞ ചെയ്യുക	Art. 69
Solemnly resolved having	സഗൗരവം തീരുമാനിച്ചിരിക്കയാൽ	Preamble
Sound finance	ധനകാര്യ ഭദ്രത	Art. 280(3)(d)
Soverign Democratic Republic	പരമാധികാര ജനാധിപത്യ റിപ്പബ്ലിക്	Preamble
Sovereignty	പരമാധികാരം	Art. 19(2)
Specified	പറഞ്ഞിട്ടുള്ള	Art. 1(2) 3rd Prov.
Specify	നിർദ്ദേശിക്കുക	Art. 239(1)
Spoliation	കൊള്ള	Art. 49
Stability	ഭദ്രത	Art. 360(1)
Standards of weight	തൂക്കത്തിന്റെ മാനദണ്ഡങ്ങൾ	Sch. VII-I-50
Standing order	നിലവിലിരിക്കുന്ന ഉത്തരവ്	Art. 118(2)
State	രാഷ്ട്രം	Art. 16(4)
State	വിവരിക്കുക	Art. 116(1)(b)
State list	സംസ്ഥാന ലിസ്റ്റ്	Art. 246(3),(4)
State policy	രാഷ്ട്രനയം	Heading above Art. 36
Statement of the estimated receipts and expenditure	വരവുചെലവു അടങ്കൽ പത്രിക	Art. 112(1)
Statistics	സ്ഥിതിവിവരക്കണക്കുകൾ	Sch. VII-I-94
Status	പദവി	Preamble
Stock	മൃഗങ്ങൾ	Sch. VII-II-15
Strive	യത്നിക്കുക	Art. 38(1)
Structure	പണിപ്പാട്	Art. 31A(1) 2nd Prov.
Subject to	വിധേയമായി	Art. 10
Subscribe	ഒപ്പുവയ്ക്കുക	Art. 60
Subsequently	പിന്നീട്	Art. 189(2)
Subserve	ഉതകുക	Art. 39(b)
Substantial proportion	ഗണ്യമായ വിഭാഗം	Art. 347

Substantial quantity	ഗണ്യമായ ഭാഗം	Art. 287
Substantial question of law	സാരവത്തായ നിയമപ്രശ്നം	Art. 132(1)
Substitute	പകരം ചേർക്കുക	Art. 300(2)(a)
Succeeding	തുടർന്നുവരുന്ന	Art. 337
Succession	തുടർച്ച	Art. 124(3)(b)
Succession	പിൻതുടർച്ചാവകാശം	Art. 294
Sue	വ്യവഹരിക്കുക	Art. 300(1)
Sue and be sued, council to	സമിതി വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം നടത്തുകയും ചെയ്യുക	Sch. VI-2(3)
Sufficient cause	മതിയായ കാരണം	Art. 22(4)(a)
Suit	വ്യവഹാരം	Art. 374(2)
Suitability	അനുയോജ്യത	Art. 320(3)(b)
Summary determination	സമ്മറിത്തീർപ്പ്	Art. 145(1)(i)
Summon	വിളിച്ചുകൂട്ടുക	Art. 85(1)
Supplemental	അനുപൂരകമായ	Art. 4(1)
Supply	സംഭരണം	Art. 369(a) Sch.VII-I-58
Supreme Command	പരമാധിപത്യം	Art. 53(2)
Sustain	നിലനിർത്തുക	Art. 61(4)
Swear	സത്യം ചെയ്യുക	Art. 60
System	സമ്പ്രദായം	Art. 33(d)
System	പദ്ധതി	Art. 33(d)

(T)

Take action	നടപടി എടുക്കുക	Art. 123(1)
Take away	എടുത്തുകളയുക	Art. 13(2)
Take over	ഏറ്റെടുക്കുക	Art. 31A(1)(b)
Taxation	നികുതി ചുമത്തൽ	Art. 289(1), 366(28)
Tenant	കുടിയാൻ	Sch. VII-II-18
Tender	നൽകുക	Art. 74(2)
Tender age	ഇളംപ്രായം	Art. 39(e)
Tenure holder	നടപ്പവകാശക്കാരൻ	Art. 31A(2)(b)
Tenure of office	ഉദ്യോഗ കാലാവധി	Art. 324(5)
Term	നിബന്ധന	Art. 2
Term	കാലം	Art. 56(i)
Termination	പര്യവസാനം	Art. 11
Territorial Constituency	പ്രാദേശികാടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലം	Art. 81(1)(a)
Territorial Waters	പ്രാദേശിക ജലാതിർത്തി	Art. 297
Territory	ഭൂപ്രദേശം	Art. 1(2)
Theatre	നാടകശാല	Sch. VII-II-33
Threat	ഭീഷണി	Art. 352(1)
Throughout the territory	ഭൂപ്രദേശം ഒട്ടാകെ	Art. 44
Throw open	തുറന്നുകൊടുക്കുക	Art. 25(2)(b)
Tidal waters	വേലാജലം	Sch. VII-I-25
Timely	യഥാസമയം	Art. 119

Title	സ്ഥാനപ്പേര്	Art. 18(1)
To that effect	ആ അർത്ഥത്തിൽ	Art. 169(1)
To the contrary	വിപരീതമായി	Art. 31B
To the exclusion of	ഒഴിവാക്കിക്കൊണ്ട്	Art. 19(6)(ii)
To the extent	വ്യാപ്തിയോളം	Art. 13(1)
Toilet preparation	ചമയ സംബന്ധമായ തയ്യാറിപ്പ്	Sch. VII-II-51(b)
Toll	ചുങ്കം	Sch. VII-II-59
Traffic in human beings	മനുഷ്യക്കച്ചവടം	Art. 23(1)
Transact	നടത്തുക	Art. 120(1)
Transition	മാറ്റം	Art. 392(1)
Transition	പരിവർത്തനം	Heading to Part XXI
Transmit	അയച്ചുകൊടുക്കുക	Art. 108(1)
Transportation for life	ജീവപര്യന്തം നാടുകടത്തൽ	Sch. VI-5(1)
Treasure trove	നിഖാതനിധി	Sch. VII-II-44
Treaty	സന്ധി	Art. 73(1)(b)
Triable	വിചാരണ ചെയ്യാവുന്ന	Sch. Vl-4(2)
Trial	വിചാരണ	Art. 134(1)(b)
	U	
Unconditionally	നിരുപാധികമായി	Art. 258(l)
Under his hand	സ്വന്തം കൈപ്പടയിൽ	Art. 56(1) Prov.(a)
Under such law	അങ്ങനെയുള്ള നിയമപ്രകാരം	Art. 235
Under the law	നിയമപ്രകാരം	Art. 20(1)
Undertake	ഏറ്റെടുക്കുക	Art. 110(1)(b)
Undertaking	സംരംഭം	Art. 366(13)
Undeserved want	അനർഹമായ ദാരിദ്ര്യം	Art. 41
Undischarged insolvent	അവിമുക്ത നിർദ്ധനൻ	Art. 102(1)(c)
Unginned cotton	കുരുകളയാത്ത പരുത്തി	Art. 369(a)
Union territory	യൂണിയൻ പ്രദേശം	Art. 239(l)
Unless sooner dissolved	നേരത്തെ പിരിച്ചുവിടാത്ത പക്ഷം	Art. 172(1)
Unless the context otherwise requires	സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം	Art. 12
Unsoundness of mind	ചിത്തഭ്രമം	Art. 326
Until otherwise provided	മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ	Art. 73(2)
Untouchability	തൊട്ടുകൂടായ്മ	Art. 17
Uphold	നിലനിറുത്തുക	Sch. III—Form I
Urge	ഉന്നയിക്കുക	Art. 133(2)
Usage	വഴക്കം	Art. 13(3)(a)
	V	
Vagrancy	അലഞ്ഞുതിരിയൽ	Sch. VII-III-15
Valid	സാധുവായിരിക്കുക	Art. 100(2), 189(2)
Validate	സാധൂകരിക്കുക	Art. 34
Validity	സാധുത	Art. 77(2)
Vessel	ജലയാനം	Sch. VII-I-30

Vested	നിക്ഷിപ്തമായ	Art. 53(1)
Vexatious	ശല്യമുണ്ടാക്കുന്ന	Art. 145(1)(i)
Violation	ലംഘനം	Art. 20(1)
Vital Statistics	ജനന മരണാദി സ്ഥിതിവിവരക്കണക്കുകൾ	Sch. VII-III-30
Vocabulary	ശബ്ദാവലി	Art. 351
Vocational	തൊഴിൽപരമായ	Sch. VII-I-65(a)
Void	അസാധു	Art. 13(1)
Voluntarily	സ്വേച്ഛയാ	Art. 9
Vote on account	കണക്കിൻമേലുള്ള വോട്ട്	Art. 116 heading
Votes of credit	ക്രെഡിറ്റ് വോട്ടുകൾ	Art. 116 heading

W

Waste land	തരിശുഭൂമി	Art. 31A(2)(a)(iii)
Water-course	നീർച്ചാൽ	Sch. VI-3B(3)(c)
Water supply	ജലസംഭരണം	Sch. VII-II-17
Water ways	ജലമാർഗ്ഗങ്ങൾ	Art. 257(2) Prov.
Ways and means advance	അർത്ഥോപായ മുൻകൂർ	Art. 266(1)
Well-being	ക്ഷേമം	Art. 60
Whether before or after	മുമ്പായാലും പിമ്പായാലും	Art. 8
Wholly or partly	പൂർണ്ണമായോ ഭാഗികമായോ	Art. 15(2)(b)
Win mineral	ഖനിജം ഖനനംചെയ്തെടുക്കുക	Art. 31A(1)(e)
Winding up	സമാപനം	Sch. VII-I-43
With all convenient despatch	സൗകര്യപ്പെടുന്നിടത്തോളം വേഗത്തിൽ	Art. 86(2)
With regard to	സംബന്ധിച്ച്	Art. 15(2)
Withhold assent	അനുമതി നൽകാതിരിക്കുക	Art. 111
Without being informed of	അറിയിക്കാതെ	Art. 22(1)
Without prejudice to the generality of the provision	വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ	Art. 31B
Workmen's compensation	തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം	Sch. VII-III-24
Works	നിർമ്മാണങ്ങൾ	Art. 257(2) Prov.

Y

Youth	യൗവ്വനം	Art. 39(f)

Z

Zoological Survey	ജന്തുശാസ്ത്രസംബന്ധമായ സർവ്വേ	Sch. VII-I-68

LIST OF ABREVIATIONS USED

Art., arts	*for*	Article, articles.
Cl., cls.	,,	Clause, clauses.
C.O.	,,	Constitution Order.
Exp.	,,	Explanation
Ins.	,,	Inserted.
P., pp.	,,	Page, Pages
Pt.	,,	Part.
Prov.	,,	Proviso
Rep.	,,	Repealed.
s., ss.	,,	Section, sections
Sch.	,,	Schedule.
Subs.	,,	Substituted.
w.e.f.	,,	with effect from.
w.r.e.f.	,,	with retrospective effect from.

ഭരണഘടന ദ്വിഭാഷാ പതിപ്പിൽ ഇംഗ്ലീഷ് അക്ഷരമാലയിലെ അക്ഷരങ്ങൾക്കുപകരം ഉപയോഗിച്ചിരിക്കുന്ന മലയാള അക്ഷരമാലയിലെ അക്ഷരങ്ങൾ ചുവടെ ചേർക്കുന്നു

A — ക	a — ക
B — ഖ	b — ഖ
C — ഗ	c — ഗ
D — ഘ	d — ഘ
E — ങ	e — ങ
F — ച	f — ച
G — ഛ	g — ഛ
H — ജ	h — ജ
I — ഝ	i — ഝ
J — ഞ	j — ഞ
K — ട	k — ട
L — ഠ	l — ഠ
M — ഡ	m — ഡ
N — ഢ	n— ഢ
O — ണ	o — ണ
P — ത	p — ത
Q — ഥ	q — ഥ
R — ദ	r — ദ
S — ധ	s — ധ
T — ന	t — ന
U — പ	u — പ
V — ഫ	v — ഫ
W — ബ	w — ബ
X — ഭ	x— ഭ
Y — മ	y — മ
Z — യ	z — യ
ZA — യ ക	za — യക
ZB — യ ഖ	zb — യഖ
ZC — യ ഗ	zc — യഗ
ZD — യ ഘ	zd — യഘ
ZE — യ ങ	ze — യങ
ZF — യ ച	zf — യച
ZG — യ ഛ	zg — യഛ